# മുഖവുര

ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ ഭാഗമായി രൂപംകൊണ്ടിരിക്കുന്ന പ്രാദേശിക പദ്ധതികൾ രണ്ട് തൂണുകളിലായാണ് പണിതുയർത്തിയിരിക്കുന്നത്. ഒന്നാമത്തേത് ഓരോ പ്രദേശത്തേയും ജനങ്ങളുടെ ആഗ്രഹാഭിലാഷങ്ങളും രണ്ടാമത്തേത് ഓരോ പ്രദേശത്തേയും പ്രകൃതി മനുഷ്യ വിഭവ സാധ്യതകളും ആണ്. പ്രാദേശിക പ്രശ്നങ്ങളിലും വിഭവ പ്രത്യേകതകളിലുമുള്ള വൈവിധ്യത്തെ കണക്കിലെടുക്കാൻ കഴിയുന്നില്ല എന്നതാണ് കേന്ദ്രീകൃതാസൂത്രണത്തിൻെറ ഒരു പ്രധാന ദൗർബല്യം. കേരളത്തിലെ ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ 40 ശതമാനത്തോളം അടങ്കൽ ഓരോ പ്രദേശത്തും തീരുമാനിക്കപ്പെടുന്ന പ്രോജക്ടുകൾക്കായി നീക്കിവച്ചതു വഴി ഇതുവരെ തുടർന്നു വന്ന ആസൂത്രണ പ്രക്രിയയുടെ ഒരു പ്രധാന ദൗർബല്യത്തിന് നാം പരിഹാരം കണ്ടെത്തിയിരിക്കുകയാണ്.

ഓരോ പഞ്ചായത്തിൻെറ ഗ്രാമസഭകളും മുനിസിപ്പാലിറ്റിയുടെ വാർഡ്സഭകളും വിളിച്ചു ചേർത്താണ് അടിയന്തിര വികസന പ്രശ്നങ്ങളെക്കുറിച്ചും ജനങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ചുമുള്ള വിവരങ്ങൾ ശേഖരിച്ചത്. ഏതാണ്ട് 30 ലക്ഷത്തോളം പൗരന്മാരാണ് ഈ സമ്മേളനങ്ങളിൽ തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചത്. ഏതാനും പേർക്കുമാത്രം പ്രസംഗിക്കാൻ കഴിയുന്ന പൊതുസമ്മേളനത്തിൻെറ രൂപത്തിലല്ല, വികസനമേഖലകളെ അടിസ്ഥാനപ്പെടുത്തിയുള്ള ചെറുഗ്രൂപ്പുകളായാണ് ഈ സമ്മേളനങ്ങൾ നടന്നത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

പ്രകൃതി മനുഷ്യ വിഭവ പ്രത്യേകതകളെക്കുറിച്ച് മനസ്സിലാക്കുന്നതിന് ഒട്ടേറെ പഠനങ്ങൾ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നടത്തി. വിവിധ സർക്കാർ ഓഫീസുകളിൽ ലഭ്യമായ മുഴുവൻ ദ്വിതീയ വിവരങ്ങളും ചിട്ടയായി ശേഖരിച്ചു. ചില തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ പ്രാഥമിക സർവ്വേകൾ തന്നെ നടത്തി. ദ്രുതപഠന സങ്കേതങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ഭൂപ്രകൃതി പഠനം ശ്രദ്ധേയമായ ഒരു നടപടിയായിരുന്നു. കാരണവർ ചർച്ചകൾ പ്രാദേശിക ചരിത്ര നിർമ്മിതിക്ക് മാത്രമല്ല വിവിധ മേഖലകളിലെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനും സഹായകരമായിരുന്നു. പലയിടത്തും വിവിധ ഡിപ്പാർട്ട്മെൻറ് ഉദ്യോഗസ്ഥന്മാർ നടപ്പ് പദ്ധതികളെക്കുറിച്ചുള്ള അവലോകനക്കുറിപ്പുകൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകി. ഈ അന്വേഷണങ്ങളും പഠനങ്ങളുമെല്ലാം ഏതാണ്ട് ഒന്ന് ഒന്നരമാസം കൊണ്ട് നടത്തിത്തീർത്തു എന്നത് അത്യന്തം വിസ്മയകരമായ ഒരനുഭവമാണ്.

ഗ്രാമസഭകളിലെ ചർച്ചകളുടെ ക്രോഡീകരിച്ച റിപ്പോർട്ടുകളും മുകളിൽ സൂചിപ്പിച്ച അന്വേഷണ പഠനഫലങ്ങളും സംയോജിപ്പിച്ചുകൊണ്ടാണ് ഓരോ പഞ്ചായത്തും മുനിസിപ്പാലിറ്റിയും കോർപ്പറേഷനും ഈ വാല്യത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന അവരുടെ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

ഞാനീ റിപ്പോർട്ടുകളുടെ ഉള്ളടക്കത്തിലേക്ക് കടന്ന് ഒരു പരിശോധന നടത്തുന്നില്ല. ജനങ്ങളുടെ ആഗ്രഹങ്ങളും പ്രതീക്ഷകളും സഫലീകരിക്കുന്നതിനുള്ള വസ്തുനിഷ്ഠ സാധ്യതകളെയാണ് ഓരോ റിപ്പോർട്ടും പരിശോധിക്കുന്നത്. റിപ്പോർട്ടിൻെറ ഒന്നാം ഭാഗത്തിൽ പ്രാദേശിക മനുഷ്യ പ്രകൃതി വിഭവങ്ങളുടെ ഇന്നത്തെ നിലയെ സമഗ്രമായി വിലയിരുത്തിയതിനു ശേഷം ഈ വിഭവങ്ങളുടെ വിനിയോഗത്തിൻെറ സാമൂഹ്യ-രാഷ്ട്രീയ വികസന ചരിത്രം പരിശോധിക്കുന്നു. ഒട്ടനവധി ജനകീയ മുന്നേറ്റങ്ങളുടെയും ഇടപെടലുകളുടെയും ചരിത്രമാണ് നമ്മുടെ ഓരോ ഗ്രാമത്തിൻേറതും. ഈ ജനകീയ പൈതൃകത്തിൽ നിന്ന് ഊർജ്ജം സംഭരിച്ചുകൊണ്ടാണ് സമകാലീന വെല്ലുവിളികളെ നേരിടാൻ നാം തയ്യാറെടുക്കുന്നത്.

റിപ്പോർട്ടിൻെറ രണ്ടാംഭാഗത്ത് ഓരോ വികസനമേഖലയുമെടുത്ത് പ്രത്യേക അദ്ധ്യായങ്ങളിലായി പ്രതിപാദിക്കുന്നു. ഓരോ വികസനമേഖലയുടെയും ഇന്നത്തെ ദുരവസ്ഥയുടെ ചിത്രം

വരച്ചുകാണിച്ച ശേഷം ഈ സ്ഥിതിയുടെ കാരണങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഓരോ അദ്ധ്യായത്തിൻെറയും മുഖ്യ ഉള്ളടക്കം. നടപ്പ് പദ്ധതികളുടെ അവലോകനവും ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന നിർദ്ദേശങ്ങളുമെല്ലാം ഇവിടെ പ്രതിപാദിക്കുന്നു. ഇതിൻെറയെല്ലാം അവസാനം ഓരോ മേഖലയുടെ വികസന സാധ്യതകളും ഓരോ തുറയിലും ഏറ്റെടുക്കേണ്ട വികസനപ്രവർത്തനങ്ങളും നിർദ്ദേശിച്ചുകൊണ്ടാണ് വിശകലനം അവസാനിക്കുന്നത്. അങ്ങിനെ ഈ റിപ്പോർട്ടുകളോരോന്നും പ്രാദേശിക വികസനത്തിനായുള്ള ഒരു ദീർഘകാല പരിപ്രേക്ഷ്യ രേഖയാണ്.

ഈ വികസനറിപ്പോർട്ടുകൾ ഓരോന്നും നമ്മുടെ നാട്ടിലെ ജനങ്ങളുടെ സർഗ്ഗാത്മകതയുടെയും നാട്ടറിവിൻെറയും ഉത്തമ നിദർശനങ്ങളാണ്. ഇത്രയും വിപുലമായ വിവരശേഖരണവും പഠനങ്ങളും റിപ്പോർട്ട് തയ്യാറാക്കലും ഒരു ഔപചാരിക സംവിധാനത്തിൽ ചെയ്യുകയായിരുന്നെങ്കിൽ അതിനു വേണ്ടിവരുമായി രുന്ന ചെലവിൻെറ വലിപ്പമോർത്ത് ചിലപ്പോഴെങ്കിലും ഞാൻ അത്ഭുതപ്പെടാറുണ്ട്. കേവലം 10,000 രൂപ മാത്രമാണ് അച്ചടിച്ചെലവ് ഉൾപ്പെടെ ഈ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിന് ധനസഹായമായി നൽകിയത്. ബാക്കി ചെലവുകളും ബുദ്ധിപരമായ പ്രയത്നവുമെല്ലാം സന്നദ്ധാടിസ്ഥാനത്തിൽ ഓരോ പ്രദേശത്തും സമാഹരിച്ചു. പ്രാദേശികാസൂത്രണത്തിൻെറ അതിവിപുലമായ സാധ്യതകളിലേക്ക് ഈ അനുഭവം വിരൽചൂണ്ടുന്നു.

ഈ വികസന റിപ്പോർട്ടുകൾ പ്രാദേശിക വികസന സെമിനാറുകളിൽ വിശദമായി ചർച്ച ചെയ്തു. ഈ ചർച്ചകളിലൂടെയാണ് പഞ്ചവത്സര പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രോജക്ടുകളുടെ പ്രാഥമിക നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞു വന്നത്. ഈ അടിസ്ഥാനത്തിൽ വികസന റിപ്പോർട്ടുകൾക്ക് ജനകീയാസൂത്രണ പരിപാടിയിൽ സുപ്രധാനമായ ഒരു സ്ഥാനമുണ്ട്. ഇന്നിപ്പോൾ പദ്ധതിരേഖ പൂർത്തിയായതിനാൽ ഈ രേഖകളുടെ പ്രസക്തി ഇല്ലാതാവുന്നില്ല. നേരത്തെ ഞാൻ സൂചിപ്പിച്ചതു പോലെ ഓരോ പ്രദേശത്തിൻെറയും ദീർഘകാല വികസന പരിപ്രേക്ഷ്യത്തെ ഇവ പ്രതിഫലിപ്പിക്കും. ഒരു അക്കാദമിക് ഗവേഷകൻ എന്ന രീതിയിൽ മറ്റൊരു കാര്യവും കൂടി ഞാൻ ഇവിടെ സൂചിപ്പിക്കട്ടെ. കേരളത്തെക്കുറിച്ച് ഏതൊരു വൈജ്ഞാനിക ഗവേഷണ പരിപാടിക്കും ഈ റിപ്പോർട്ടുകൾ അക്ഷയ ഖനിയായിരിക്കും. ഇവയിൽ പലതും ഉയർന്ന അക്കാദമിക് നിലവാരം തന്നെ പുലർത്തുന്നുണ്ട് എന്നും സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് സംസ്ഥാന ആസൂത്രണ ബോർഡ് തന്നെ മുൻകൈയെടുത്ത് ഈ റിപ്പോർട്ടുകളുടെ വാല്യങ്ങൾ പ്രധാനപ്പെട്ട ചില ലൈബ്രറികൾക്ക് ലഭ്യമാക്കാൻ തീരുമാനിച്ചത്.

ഈ റിപ്പോർട്ടുകളിലൂടെ കേരളത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ അമൂല്യമായ സംഭാവന നൽകുന്നതിന് നേതൃത്വം നൽകിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ജനകീയാസൂത്രണ പ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. കേരളത്തിൽ നടന്ന ഈ ധീര നൂതന ആസൂത്രണ പരീക്ഷണത്തോടുള്ള ഐക്യദാർഢ്യത്തിൻെറ സൂചകമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും ഈ റിപ്പോർട്ട് തയ്യാറാക്കുന്നതിന് പതിനായിരം രൂപ വീതം പ്രത്യേക ധനസഹായം അനുവദിച്ച കേന്ദ്ര പ്ലാനിംഗ് കമ്മീഷനോടും പ്രത്യേകിച്ച് പ്രൊഫ:മധുദന്തവതെയോടും നന്ദി പറയുന്നതിനും ഞാൻ ഈ സന്ദർഭം ഉപയോഗപ്പെടുത്തുന്നു. കേരളത്തിൻെറ ഗവേഷകർക്ക് നല്ലൊരു റഫറൻസ് സ്രോതസായി ഈ വാല്യങ്ങൾ പ്രയോജനപ്പെടും.

തിരുവനന്തപുരം
ചിങ്ങം 1, 1173
ആഗസ്റ്റ് 17, 1997

പ്രൊഫ: ഐ.എസ്. ഗുലാത്തി.
വൈസ് ചെയർമാൻ
സംസ്ഥാന ആസൂത്രണബോർഡ്

കേരളത്തിലെ 990 ഗ്രാമപഞ്ചായത്തുകളും 55 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ജനകീയാസൂത്രണപ്രസ്ഥാനത്തിൻെറ ഭാഗമായി പ്രസിദ്ധീകരിച്ച വികസനറിപ്പോർട്ടുകൾ 166 വാല്യങ്ങളായി സമാഹരിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തുകളുടെ റിപ്പോർട്ടുകൾ ബ്ലോക്കടിസ്ഥാനത്തിലും മുനിസിപ്പാലിറ്റികളുടേത് ജില്ലാടിസ്ഥാനത്തിലുമാണ് സമാഹരിച്ചിട്ടുള്ളത്. 1 മുതൽ 152 വരെ വാല്യങ്ങൾ ഗ്രാമപഞ്ചായത്തുകളുടേതും 153 മുതൽ 166 വരെയുള്ള വാല്യങ്ങൾ നഗരസഭകളുടെതുമാണ്. ഓരോ വാല്യത്തിലും ഉൾപ്പെടുന്ന റിപ്പോർട്ടുകളുടെ സൂചിക ചുവടെ ചേർക്കുന്നു.


### വാല്യം 1

**പാറശ്ശാല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പാറശ്ശാല
2. കാരോട്
3. കുളത്തൂർ
4. ചെങ്കൽ
5. തിരുപുറം
6. പൂവാർ

### വാല്യം 2

**പെരുങ്കടവിള ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെള്ളറട
2. കുന്നത്തുകാൽ
3. കൊല്ലയിൽ
4. പെരുങ്കടവിള
5. ആര്യങ്കോട്
6. ഒറ്റശേഖരമംഗലം
7. പെരുമ്പഴുതൂർ
8. കള്ളിക്കാട്
9. അമ്പൂരി

### വാല്യം 3

**അതിയന്നൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അതിയന്നൂർ
2. കാഞ്ഞിരംകുളം
3. കരുംകുളം
4. കോട്ടുകാൽ
5. വിഴിഞ്ഞം
6. വെങ്ങാനൂർ
7. തിരുവല്ലം

### വാല്യം 4

**നേമം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. മാറനല്ലൂർ
2. ബാലരാമപുരം
3. പള്ളിച്ചൽ
4. മലയിൻകീഴ്
5. വിളപ്പിൽ
6. വിളവൂർക്കൽ
7. കല്ലിയൂർ
8. നേമം

### വാല്യം 5

**തിരുവനന്തപുരം റൂറൽ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വട്ടിയൂർക്കാവ്
2. കുടപ്പനക്കുന്ന്
3. ഉള്ളൂർ
4. കടകംപള്ളി

### വാല്യം 6

**കഴക്കൂട്ടം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. ശ്രീകാര്യം
2. പോത്തൻകോട്
3. മംഗലാപുരം
4. അണ്ടൂർകോണം
5. കഠിനംകുളം
6. കഴക്കൂട്ടം
7. ആറ്റിപ്ര

### വാല്യം 7

**വെള്ളനാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കാട്ടാക്കട
2. വെള്ളനാട്
3. പൂവച്ചൽ
4. ആര്യനാട്
5. വിതുര
6. കുറ്റിച്ചൽ
7. ഉഴമലയ്ക്കൽ
8. തൊളിക്കോട്

### വാല്യം 8

**നെടുമങ്ങാട് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. കരകുളം
2. അരുവിക്കര
3. വെമ്പായം
4. ആനാട്
5. പനവൂർ

### വാല്യം 9

**വാമനപുരം ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വാമനപുരം
2. മാണിക്കൽ
3. നെല്ലനാട്
4. പുല്ലമ്പാറ
5. നന്ദിയോട്
6. പെരിങ്ങമ്മല
7. കല്ലറ
8. പാങ്ങോട്

### വാല്യം 10

**കിളിമാനൂർ ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. പുളിമാത്ത്
2. കരവാരം
3. നഗരൂർ
4. കിളിമാനൂർ
5. പഴയകുന്നുമ്മേൽ
6. നാവായിക്കുളം
7. മടവൂർ
8. പള്ളിക്കൽ

### വാല്യം 11

**ചിറയിൻകീഴ് ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. അഴൂർ
2. ചിറയിൻകീഴ്
3. കടയ്ക്കാവൂർ
4. വക്കം
5. അഞ്ചുതെങ്ങ്
6. കിഴുവിലം
7. മുദാക്കൽ

### വാല്യം 12

**വർക്കല ബ്ലോക്ക്**
*(തിരുവനന്തപുരം ജില്ല)*

1. വെട്ടൂർ
2. ചെറുന്നിയൂർ
3. ഇടവ
4. ഇലകമൺ
5. ചെമ്മരുതി
6. മണമ്പൂർ
7. ഒറ്റൂർ

**വാല്യം 13**

## ഓച്ചിറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഓച്ചിറ
2. കുലശേഖരപുരം
3. തഴവ
4. ക്ലാപ്പന

**വാല്യം 14**

## കരുനാഗപ്പള്ളി ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മൈനാഗപ്പള്ളി
2. ആലപ്പാട്
3. കരുനാഗപ്പള്ളി
4. തൊടിയൂർ

**വാല്യം 15**

## ശാസ്താംകോട്ട ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ശാസ്താംകോട്ട
2. വെസ്റ്റ് കല്ലട
3. ശൂരനാട് സൗത്ത്
4. പോരുവഴി
5. കുന്നത്തൂർ
6. ശൂരനാട് നോർത്ത്

**വാല്യം 16**

## വെട്ടിക്കവല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ഉമ്മന്നൂർ
2. വെട്ടിക്കവല
3. മേലില
4. മൈലം
5. കുളക്കട
6. പവിത്രേശ്വരം

**വാല്യം 17**

## പത്തനാപുരം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വിളക്കുടി
2. തലവൂർ
3. പിറവന്തൂർ
4. പട്ടാഴിവടക്കേക്കര
5. പട്ടാഴി
6. പത്തനാപുരം

**വാല്യം 18**

## അഞ്ചൽ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കുളത്തൂപ്പുഴ
2. ഏരൂർ
3. അലയമൺ
4. അഞ്ചൽ
5. ഇടമുളയ്ക്കൽ
6. കരവാളൂർ
7. തെന്മല
8. ആര്യങ്കാവ്

**വാല്യം 19**

## കൊട്ടാരക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. വെളിയം
2. പൂയപ്പള്ളി
3. കരീപ്ര
4. എഴുകോൺ
5. നെടുവത്തൂർ
6. കൊട്ടാരക്കര

**വാല്യം 20**

## ചിറ്റുമല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പെരിനാട്
2. കുണ്ടറ
3. ഈസ്റ്റ് കല്ലട
4. പേരയം
5. മൺട്രോത്തുരുത്ത്

**വാല്യം 21**

## ചവറ ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. തെക്കുംഭാഗം
2. ചവറ
3. തേവലക്കര
4. പന്മന
5. നീണ്ടകര

**വാല്യം 22**

## അഞ്ചാലുംമൂട് ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. കിളികൊല്ലൂർ
2. തൃക്കടവൂർ
3. തൃക്കരുവ
4. ശക്തികുളങ്ങര

**വാല്യം 23**

## മുഖത്തല ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. മയ്യനാട്
2. ഇരവിപുരം
3. വടക്കേവിള
4. തൃക്കോവിൽവട്ടം
5. കൊറ്റംകര

**വാല്യം 24**

## ഇത്തിക്കര ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. പൂതക്കുളം
2. കല്ലുവാതുക്കൽ
3. ചാത്തന്നൂർ
4. ആദിച്ചനല്ലൂർ
5. നെടുംപന

**വാല്യം 25**

## ചടയമംഗലം ബ്ലോക്ക്

*(കൊല്ലം ജില്ല)*

1. ചിതറ
2. കടയ്ക്കൽ
3. ചടയമംഗലം
4. ഇട്ടിവ
5. വെളിനല്ലൂർ
6. ഇളമാട്
7. നിലമേൽ

**വാല്യം 26**

## മല്ലപ്പള്ളി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ആനിക്കാട്
2. കവിയൂർ
3. കൊറ്റനാട്
4. കല്ലൂപ്പാറ
5. കോട്ടാങ്ങൽ
6. കുന്നന്താനം
7. മല്ലപ്പള്ളി

**വാല്യം 27**

## പുളിക്കീഴ് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കടപ്ര
2. കുറ്റൂർ
3. നിരണം
4. നെടുമ്പ്രം
5. പെരിങ്ങര

## വാല്യം 28

### കോയിപ്രം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. അയിരൂർ
2. ഇരവിപേരൂർ
3. കോയിപ്രം
4. തോട്ടപ്പുഴശ്ശേരി
5. എഴുമറ്റൂർ
6. പുറമറ്റം

## വാല്യം 29

### ഇലന്തൂർ ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഓമല്ലൂർ
2. ചെന്നീർക്കര
3. ഇലന്തൂർ
4. ചെറുകോൽ
5. കോഴഞ്ചേരി
6. മല്ലപ്പുഴശ്ശേരി
7. നാരങ്ങാനം

## വാല്യം 30

### റാന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. റാന്നി-പഴവങ്ങാടി
2. റാന്നി
3. റാന്നി-അങ്ങാടി
4. റാന്നി-പെരിനാട്
5. വടശ്ശേരിക്കര
6. ചിറ്റാർ
7. സീതത്തോട്
8. നാറാണംമുഴി
9. വെച്ചൂച്ചിറ

## വാല്യം 31

### കോന്നി ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കോന്നി
2. അരുവാപ്പുലം
3. പ്രമാടം
4. മൈലപ്ര
5. വള്ളിക്കോട്
6. തണ്ണിത്തോട്
7. മലയാലപ്പുഴ

## വാല്യം 32

### പന്തളം ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. പന്തളംതെക്കേക്കര
2. പന്തളം
3. തുമ്പമൺ

## വാല്യം 33

### പറക്കോട് ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. ഏനാദി മംഗലം
2. ഏറത്ത്
3. ഏഴംകുളം
4. കടമ്പനാട്
5. കലഞ്ഞൂർ
6. കൊടുമൺ
7. പള്ളിക്കൽ

## വാല്യം 34

### കുളനട ബ്ലോക്ക്

*(പത്തനംതിട്ട ജില്ല)*

1. കുളനട
2. ആറന്മുള
3. മെഴുവേലി

## വാല്യം 35

### തൈക്കാട്ടുശ്ശേരി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അരൂക്കുറ്റി
2. ചേന്ദംപള്ളിപ്പുറം
3. പാണാവള്ളി
4. പെരുംപളം
5. തൈക്കാട്ടുശ്ശേരി

## വാല്യം 36

### പട്ടണക്കാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. കടക്കരപ്പള്ളി
2. വയലാർ
3. പട്ടണക്കാട്
4. തുറവൂർ
5. കുത്തിയതോട്
6. കോടംതുരുത്ത്
7. എഴുപുന്ന

## വാല്യം 37

### കഞ്ഞിക്കുഴി ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മാരാരിക്കുളം നോർത്ത്
2. കഞ്ഞിക്കുഴി
3. തണ്ണീർമുക്കം
4. മുഹമ്മ
5. ചേർത്തലസൗത്ത്
6. അരൂർ

## വാല്യം 38

### ആര്യാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ആര്യാട്
2. മണ്ണൻചേരി
3. മാരാരിക്കുളം സൗത്ത്

## വാല്യം 39

### അമ്പലപ്പുഴ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. അമ്പലപ്പുഴ
2. പുന്നപ്ര
3. പുറക്കാട്

## വാല്യം 40

### ചമ്പക്കുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. തലവടി
2. എടത്വാ
3. തകഴി
4. നെടുമുടി
5. ചമ്പക്കുളം
6. കൈനകരി

## വാല്യം 41

### വെളിയനാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുട്ടാർ
2. വെളിയനാട്
3. നീലംപേരൂർ
4. കാവാലം
5. പുളിങ്കുന്ന്
6. രാമൻകരി

## വാല്യം 42

### ചെങ്ങന്നൂർ ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. മുളക്കുഴ
2. വെണ്മണി
3. ചെറിയനാട്
4. ആലാ
5. പുലിയൂർ
6. ബുധനൂർ
7. മാന്നാർ
8. പാണ്ടനാട്
9. തിരുവൻവണ്ടൂർ

## വാല്യം 43

### ഹരിപ്പാട് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചിങ്ങോലി
2. കാർത്തികപ്പള്ളി
3. തൃക്കുന്നപ്പുഴ
4. കുമാരപുരം
5. കരുവാറ്റ
6. ഹരിപ്പാട്
7. പള്ളിപാട്
8. ചെറുതന
9. വീയപുരം

## വാല്യം 44

### മാവേലിക്കര ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. ചെട്ടികുളങ്ങര
2. ചെന്നിത്തല-തൃപ്പെരുംതുറ
3. മാവേലിക്കര-തെക്കേക്കര
4. തഴക്കര

## വാല്യം 45

### ഭരണിക്കാവ് ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. നൂറനാട്
2. വള്ളിക്കുന്നം
3. ഭരണിക്കാവ്
4. മാവേലിക്കര-താമരക്കുളം
5. ചുനക്കര
6. പാലമേൽ

## വാല്യം 46

### മുതുകുളം ബ്ലോക്ക്

*(ആലപ്പുഴ ജില്ല)*

1. പത്തിയൂർ
2. കണ്ടല്ലൂർ
3. ചേപ്പാട്
4. മുതുകുളം
5. ആറാട്ടുപുഴ
6. കൃഷ്ണപുരം
7. ദേവികുളങ്ങര

## വാല്യം 47

### വൈക്കം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. തലയാഴം
2. ചെമ്പ്
3. മറവൻതുരുത്ത്
4. ടി.വി.പുരം
5. വെച്ചൂർ
6. ഉദയനാപുരം

## വാല്യം 48

### കടുത്തുരുത്തി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടുത്തുരുത്തി
2. കല്ലറ
3. മാഞ്ഞൂർ
4. മുളക്കുളം
5. ഞീഴൂർ
6. തലയോലപറമ്പ്
7. വെള്ളൂർ

## വാല്യം 49

### ഏറ്റുമാനൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഏറ്റുമാനൂർ
2. അയ്മനം
3. അതിരംപുഴ
4. ആർപ്പൂക്കര
5. കുമാരനല്ലൂർ
6. നീണ്ടൂർ

## വാല്യം 50

### ഉഴവൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കടപ്ലാമറ്റം
2. മരങ്ങാട്ടുപള്ളി
3. കാണക്കാരി
4. വെളിയന്നൂർ
5. കിടങ്ങൂർ
6. കുറവിലങ്ങാട്
7. ഉഴവൂർ
8. രാമപുരം

## വാല്യം 51

### ളാലം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ഭരണങ്ങാനം
2. കരൂർ
3. കൊഴുവനാൽ
4. കടനാട്
5. മീനച്ചിൽ
6. മുത്തോലി

## വാല്യം 52

### ഈരാറ്റുപേട്ട ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. മേലുകാവ്
2. മൂന്നിലവ്
3. പൂഞ്ഞാർ
4. ഈരാറ്റുപേട്ട
5. പൂഞ്ഞാർ-തെക്കേക്കര
6. തലപ്പലം
7. തീക്കോയി
8. തലനാട്
9. തിടനാട്

## വാല്യം 53

### പാമ്പാടി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അകലകുന്നം
2. എലിക്കുളം
3. കൂരോപ്പട
4. പാമ്പാടി
5. പള്ളിക്കത്തോട്
6. മീനടം

## വാല്യം 54

### പള്ളം ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. അയർകുന്നം
2. കുമരകം
3. നാട്ടകം
4. പുതുപ്പള്ളി
5. പനച്ചിക്കാട്
6. തിരുവാർപ്പ്
7. വിജയപുരം

## വാല്യം 55

### മാടപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. കറുകച്ചാൽ
2. കുറിച്ചി
3. മാടപ്പള്ളി
4. പായിപ്പാട്
5. തൃക്കൊടിത്താനം
6. വാഴപ്പള്ളി
7. വാകത്താനം

## വാല്യം 56

### വാഴൂർ ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. ചിറക്കടവ്
2. കങ്ങഴ
3. നെടുംകുന്നം
4. വെള്ളാവൂർ
5. വാഴൂർ

വാല്യം 57

## കാഞ്ഞിരപ്പള്ളി ബ്ലോക്ക്

*(കോട്ടയം ജില്ല)*

1. എരുമേലി
2. കാഞ്ഞിരപ്പള്ളി
3. കൂട്ടിക്കൽ
4. മണിമല
5. മുണ്ടക്കയം
6. പാറത്തോട്

വാല്യം 58

## അടിമാലി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. അടിമാലി
2. കൊന്നത്തടി
3. കുട്ടംപുഴ
4. ബൈസൺവാലി
5. വെള്ളത്തൂവൽ
6. പള്ളിവാസൽ

വാല്യം 59

## ദേവികുളം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. മറയൂർ
2. മൂന്നാർ
3. കാന്തല്ലൂർ
4. വട്ടവട
5. ശാന്തൻപാറ
6. ചിന്നക്കനാൽ

വാല്യം 60

## നെടുംകണ്ടം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

വാല്യം 61

## ഇളംദേശം ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. വണ്ണപ്പുറം
2. ഉടുമ്പന്നൂർ
3. കോടിക്കുളം
4. ആലക്കോട്
5. വെള്ളിയാമറ്റം
6. കരിമണ്ണൂർ
7. കുടയത്തൂർ

വാല്യം 62

## ഇടുക്കി ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. ഇടുക്കി - കഞ്ഞിക്കുഴി
2. വാത്തിക്കുടി
3. അറക്കുളം
4. കാമാക്ഷി
5. വാഴത്തോപ്പ്
6. മരിയാപുരം

വാല്യം 63

## കട്ടപ്പന ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കട്ടപ്പന
2. ഉപ്പുതറ
3. വണ്ടൻമേട്
4. കാഞ്ചിയാർ
5. ഇരട്ടയാർ
6. അയ്യപ്പൻകോവിൽ
7. ചക്കുപള്ളം

വാല്യം 64

## തൊടുപുഴ ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. കുമാരമംഗലം
2. മുട്ടം
3. ഇടവെട്ടി
4. കരിങ്കുന്നം
5. മണക്കാട്
6. പുറപ്പുഴ

വാല്യം 65

## അഴുത ബ്ലോക്ക്

*(ഇടുക്കി ജില്ല)*

1. പെരുവന്താനം
2. കുമിളി
3. കൊക്കയാർ
4. പീരുമേട്
5. ഏലപ്പാറ
6. വണ്ടിപെരിയാർ

വാല്യം 66

## പറവൂർ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചേന്ദമംഗലം
2. കോട്ടുവള്ളി
3. ഏഴിക്കര
4. വടക്കേക്കര
5. ചിറ്റാറ്റുകര

വാല്യം 67

## ആലങ്ങാട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കരുമാല്ലൂർ
2. വരാപ്പുഴ
3. ആലങ്ങാട്
4. ഏലൂർ
5. കടുങ്ങല്ലൂർ

വാല്യം 68

## അങ്കമാലി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മൂക്കന്നൂർ
2. തുറവൂർ
3. മഞ്ഞപ്ര
4. കറുകുറ്റി
5. അയ്യമ്പുഴ
6. ശ്രീമൂലനഗരം
7. കാഞ്ഞൂർ
8. കാലടി
9. മലയാറ്റൂർ നീലേശ്വരം

വാല്യം 69

## കൂവപ്പടി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. അശമന്നൂർ
2. മുടക്കുഴ
3. വേങ്ങൂർ
4. രായമംഗലം
5. കുറപ്പടി

വാല്യം 70

## വാഴക്കുളം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. വെങ്ങോല
2. വാഴക്കുളം
3. കിഴക്കമ്പലം
4. ചൂർണ്ണിക്കര
5. എടത്തല
6. കീഴ്മാട്

വാല്യം 71

## ഇടപ്പള്ളി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. കടമക്കുടി
2. ചേരാനല്ലൂർ
3. തൃക്കാക്കര

വാല്യം 72

## വൈപ്പിൻ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മുളവുകാട്
2. ഞാറയ്ക്കൽ
3. നായരമ്പലം
4. എടവനക്കാട്
5. എളംകുന്നപ്പുഴ
6. പള്ളിപ്പുറം
7. കുഴുപ്പിള്ളി

വാല്യം 73

## പള്ളുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ചെല്ലാനം
2. കുമ്പളങ്ങി

വാല്യം 74

## വൈറ്റില ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. മരട്
2. കുമ്പളം

വാല്യം 75

## മുളന്തുരുത്തി ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഉദയംപേരൂർ
2. മുളന്തുരുത്തി
3. തിരുവാങ്കുളം
4. ചോറ്റാനിക്കര
5. എടക്കാട്ടുവയൽ
6. ആമ്പല്ലൂർ

വാല്യം 76

## വടവുകോട് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൂതൃക്ക
2. തിരുവാണിയൂർ
3. വടവുകോട് പുത്തൻകുരിശ്
4. മഴുവന്നൂർ
5. ഐക്കരനാട്
6. കുന്നത്തുനാട്

വാല്യം 77

## കോതമംഗലം ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പൈങ്ങോട്ടൂർ
2. നെല്ലിക്കുഴി
3. പിണ്ടിമന
4. കോട്ടപ്പടി
5. കവളങ്ങാട്
6. വാരപ്പെട്ടി
7. കീരമ്പാറ
8. പോത്താനിക്കാട്
9. പല്ലാരിമംഗലം

വാല്യം 78

## പാമ്പാക്കുട ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ഇലഞ്ഞി
2. പിറവം
3. തിരുമാറാടി
4. കൂത്താട്ടുകുളം
5. പാലക്കുഴ
6. മണീട്
7. പാമ്പാക്കുട
8. രാമമംഗലം

വാല്യം 79

## പാറക്കടവ് ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. പുത്തൻവേലിക്കര
2. ചെങ്ങമനാട്
3. നെടുമ്പാശ്ശേരി
4. പാറക്കടവ്
5. കുന്നുകര

വാല്യം 80

## മൂവാറ്റുപുഴ ബ്ലോക്ക്

*(എറണാകുളം ജില്ല)*

1. ആവോലി
2. ആരക്കുഴ
3. വാളകം
4. പായിപ്ര
5. കല്ലൂർക്കാട്
6. അയവന
7. മഞ്ഞള്ളൂർ
8. മാറാടി

വാല്യം 81

## ചാവക്കാട് ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. കടപ്പുറം
2. ഒരുമനയൂർ
3. പൂക്കോട്
4. പുന്നയൂർ
5. പുന്നയൂർകുളം
6. തൈക്കാട്
7. വടക്കേക്കാട്

വാല്യം 82

## ചൊവ്വന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ആർത്താറ്റ്
2. ചൂണ്ടൽ
3. ചൊവ്വന്നൂർ
4. കടവല്ലൂർ
5. കണ്ടാണശ്ശേരി
6. കട്ടകാമ്പൽ
7. പോർക്കുളം

വാല്യം 83

## വടക്കാഞ്ചേരി ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ദേശമംഗലം
2. എരുമപ്പെട്ടി
3. കടങ്ങോട്
4. മുണ്ടത്തിക്കോട്
5. മുള്ളൂർക്കര
6. തെക്കുംകര
7. വരവൂർ
8. വേലൂർ
9. വടക്കാഞ്ചേരി

വാല്യം 84

## പഴയന്നൂർ ബ്ലോക്ക്

*(തൃശ്ശൂർ ജില്ല)*

1. ചേലക്കര
2. വള്ളത്തോൾനഗർ
3. കൊണ്ടാഴി
4. പാഞ്ഞാൾ
5. പഴയന്നൂർ
6. തിരുവില്വാമല

## വാല്യം 85

### ഒല്ലൂക്കര ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കോലഴി
2. മാടക്കത്തറ
3. നടത്തറ
4. ഒല്ലൂക്കര
5. പാണഞ്ചേരി
6. പുത്തൂർ
7. വിൽവട്ടം

## വാല്യം 86

### പുഴക്കൽ ബ്ലോക്ക്
*തൃശ്ശൂർ ജില്ല*

1. അടാട്ട്
2. അരിമ്പൂർ
3. അവണ്ണൂർ
4. അയ്യന്തോൾ
5. കൈപ്പറമ്പ്
6. മുളങ്കുന്നത്തുകാവ്(കിള്ളന്നൂർ)
7. തോളൂർ

## വാല്യം 87

### മുല്ലശ്ശേരി ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. എളവള്ളി
2. മുല്ലശ്ശേരി
3. പാവറട്ടി
4. വെങ്കിടങ്ങ്

## വാല്യം 88

### തളിക്കുളം ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ഏങ്ങണ്ടിയൂർ
2. വാടാനാപ്പിള്ളി
3. തളിക്കുളം
4. നാട്ടിക
5. വലപ്പാട്

## വാല്യം 89

### അന്തിക്കാട് ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. അന്തിക്കാട്
2. താന്ന്യം
3. ചാഴൂർ
4. [illegible]

## വാല്യം 90

### ചേർപ്പ് ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ആവിണിശ്ശേരി
2. ചേർപ്പ്
3. കൂർക്കഞ്ചേരി
4. ഒല്ലൂർ
5. പാറളം
6. വല്ലച്ചിറ

## വാല്യം 91

### കൊടകര ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. അളഗപ്പാനഗർ
2. കൊടകര
3. മറ്റത്തൂർ
4. നെന്മണിക്കര
5. പുതുക്കാട്
6. ത്രിക്കൂർ
7. വരന്തരപ്പിള്ളി

## വാല്യം 92

### ഇരിങ്ങാലക്കുട ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കാറളം
2. കാട്ടൂർ
3. മുരിയാട്
4. പറപ്പൂക്കര
5. പൊറത്തിശ്ശേരി

## വാല്യം 93

### വെള്ളാങ്ങല്ലൂർ ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. പടിയൂർ
2. പൂമംഗലം
3. പുത്തൻചിറ
4. വെള്ളാങ്ങല്ലൂർ
5. വേളൂക്കര

## വാല്യം 94

### മതിലകം ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. എടത്തിരുത്തി
2. കൈപ്പമംഗലം
3. മതിലകം
4. പെരിഞ്ഞനം
5. [illegible]

## വാല്യം 95

### കൊടുങ്ങല്ലൂർ ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. എടവിലങ്ങ്
2. എറിയാട്
3. മേത്തല

## വാല്യം 96

### മാള ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. ആളൂർ
2. അന്നമനട
3. കുഴൂർ
4. മാള
5. പൊയ്യ

## വാല്യം 97

### ചാലക്കുടി ബ്ലോക്ക്
*(തൃശ്ശൂർ ജില്ല)*

1. കാടുകുറ്റി
2. കോടശ്ശേരി
3. കൊരട്ടി
4. മേലൂർ
5. പരിയാരം
6. അതിരപ്പിള്ളി

## വാല്യം 98

### തൃത്താല ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. ആനക്കര
2. ചാലിശ്ശേരി
3. കപ്പൂർ
4. നാഗലശ്ശേരി
5. പട്ടിത്തറ
6. തിരുമിറ്റക്കോട്
7. തൃത്താല

## വാല്യം 99

### പട്ടാമ്പി ബ്ലോക്ക്
*(പാലക്കാട് ജില്ല)*

1. കൊപ്പം
2. കുലുക്കല്ലൂർ
3. മുതുതല
4. നെല്ലായ
5. ഓങ്ങല്ലൂർ
6. പട്ടാമ്പി
7. പരുതൂർ
8. തിരുവേഗപുറ
9. വല്ലപ്പുഴ
10. [illegible]

വാല്യം 100

## ഒറ്റപ്പാലം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അമ്പലപ്പാറ
2. അനങ്ങനടി
3. ചളവറ
4. ലക്കിടിപേരൂർ
5. വാണിയംകുളം

വാല്യം 101

## ശ്രീകൃഷ്ണപുരം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ചെർപ്പുളശ്ശേരി
2. കടമ്പഴിപ്പുറം
3. കരിമ്പുഴ
4. പൂക്കോട്ടുകാവ്
5. ശ്രീകൃഷ്ണപുരം
6. തൃക്കടീരി
7. വെള്ളിനേഴി

വാല്യം 102

## മണ്ണാർക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അലനല്ലൂർ
2. കാരാക്കുറിശ്ശി
3. കരിമ്പ
4. കോട്ടോപ്പാടം
5. കുമരംപുത്തൂർ
6. കാഞ്ഞിരപ്പുഴ
7. മണ്ണാർക്കാട്
8. തച്ചനാട്ടുകര
9. തച്ചമ്പാറ

വാല്യം 103

## അട്ടപ്പാടി ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അഗളി
2. പുതൂർ
3. ഷോളയാർ

വാല്യം 104

## പാലക്കാട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊടുമ്പ്
2. കേരളശ്ശേരി
3. കോങ്ങാട്
4. മങ്കര
5. മണ്ണൂർ
6. മുണ്ടൂർ
7. പറളി
8. പിരായിരി

വാല്യം 105

## കുഴൽമന്ദം ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കോട്ടായി
2. കുത്തന്നൂർ
3. കുഴൽമന്ദം
4. മാത്തൂർ
5. പെരിങ്ങോട്ടുകുറിശ്ശി
6. തേങ്കുറിശ്ശി
7. കണ്ണാടി

വാല്യം 106

## ചിറ്റൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. എരുത്തേംപതി
2. കൊഴിഞ്ഞാമ്പാറ
3. നല്ലേപ്പിള്ളി
4. പട്ടഞ്ചേരി
5. പെരുമാട്ടി
6. വടകരപതി

വാല്യം 107

## കൊല്ലങ്കോട് ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. കൊല്ലങ്കോട്
2. കൊടുവായൂർ
3. മുതലമട
4. പുതുനഗരം
5. വടവന്നൂർ

വാല്യം 108

## നെന്മാറ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. അയിലൂർ
2. മേലാർകോട്
3. നെല്ലിയാംപതി
4. എലവഞ്ചേരി
5. നെന്മാറ
6. പല്ലശ്ശന

വാല്യം 109

## ആലത്തൂർ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. ആലത്തൂർ
2. എരിമയൂർ
3. കാവശ്ശേരി
4. കിഴക്കഞ്ചേരി
5. പുതുക്കോട്
6. തരൂർ
7. വണ്ടാഴി
8. വടക്കഞ്ചേരി
9. കണ്ണമ്പ്ര

വാല്യം 110

## മലമ്പുഴ ബ്ലോക്ക്

*(പാലക്കാട് ജില്ല)*

1. മലമ്പുഴ
2. അകത്തേത്തറ
3. പുതുപ്പരിയാരം
4. മരുതറോഡ്
5. എലപ്പുള്ളി
6. പൊൽപുള്ളി
7. പുതുശ്ശേരി
8. പെരുവെമ്പ്

വാല്യം 111

## നിലമ്പൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. നിലമ്പൂർ
2. അമരമ്പലം
3. ചാലിയാർ
4. ചുങ്കത്തറ
5. കരുളായി
6. മൂത്തേടം
7. വഴിക്കടവ്
8. എടക്കര
9. കാളിക്കാവ്

വാല്യം 112

## കൊണ്ടോട്ടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചേലേമ്പ്ര
2. ചെറുകാവ്
3. കൊണ്ടോട്ടി
4. പള്ളിക്കൽ
5. വാഴയൂർ
6. വാഴക്കാട്
7. പുളിക്കൽ
8. നെടിയിരുപ്പ്

വാല്യം 113

## വണ്ടൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. മമ്പാട്
2. കരുവാരക്കുണ്ട്
3. പാണ്ടിക്കാട്
4. എടവണ്ണ
5. പോരൂർ
6. തൃക്കലങ്ങോട്
7. തിരുവാലി
8. തുവ്വൂർ
9. വണ്ടൂർ

വാല്യം 114

## അരീക്കോട് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഊർങ്ങാട്ടിരി
2. കാവന്നൂർ
3. കീഴ്പറമ്പ്
4. പുൽപ്പറ്റ
5. ചീക്കോട്
6. അരീക്കോട്
7. കുഴിമണ്ണ

വാല്യം 115

## മലപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കോട്ടക്കൽ
2. ആനക്കയം
3. മൊറയൂർ
4. ഊരകം
5. പൊന്മള
6. പൂക്കോട്ടൂർ

വാല്യം 116

## പെരിന്തൽമണ്ണ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലിപ്പറമ്പ്
2. എടപ്പറ്റ
3. ഏലംകുളം
4. മേലാറ്റൂർ
5. കീഴാറ്റൂർ
6. താഴേക്കോട്
7. വെട്ടത്തൂർ

വാല്യം 117

## മങ്കട ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. കുറുവ
2. മങ്കട
3. മക്കരപ്പറമ്പ്
4. പുലാമന്തോൾ
5. മൂർക്കനാട്
6. കൂട്ടിലങ്ങാടി
7. പുഴക്കാട്ടിരി
8. കൊഡൂർ
9. അങ്ങാടിപ്പുറം

വാല്യം 118

## കുറ്റിപ്പുറം ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആതവനാട്
2. എടയൂർ
3. ഇരിമ്പിളിയം
4. മാറാക്കര
5. കുറ്റിപ്പുറം
6. വളാഞ്ചേരി

വാല്യം 119

## വേങ്ങര ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. എ.ആർ.നഗർ
2. എടരിക്കോട്
3. ഒതുക്കുങ്ങൽ
4. പറപ്പൂർ
5. തെന്നല
6. വേങ്ങര

വാല്യം 120

## തിരൂരങ്ങാടി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. തിരൂരങ്ങാടി
2. തേഞ്ഞിപ്പലം
3. പരപ്പനങ്ങാടി
4. വള്ളിക്കുന്ന്
5. മൂന്നിയൂർ
6. നന്നമ്പ്ര

വാല്യം 121

## താനൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ചെറിയമുണ്ടം
2. കൽപകഞ്ചേരി
3. ഒഴൂർ
4. താനാളൂർ
5. വളവന്നൂർ
6. താനൂർ
7. പൊന്മുണ്ടം

വാല്യം 122

## തിരൂർ ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. പുറത്തൂർ
2. തലക്കാട്
3. തൃപ്രങ്ങോട്
4. വെട്ടം
5. തിരുനാവായ

വാല്യം 123

## പൊന്നാനി ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ഈഴുവത്തിരുത്തി
2. തവന്നൂർ
3. വട്ടംകുളം
4. എടപ്പാൾ

വാല്യം 124

## പെരുമ്പടപ്പ് ബ്ലോക്ക്

*(മലപ്പുറം ജില്ല)*

1. ആലങ്കോട്
2. മാറഞ്ചേരി
3. നന്നമുക്ക്
4. പെരുമ്പടപ്പ്
5. വെളിയംകോട്

വാല്യം 125

## വടകര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. അഴിയൂർ
2. ചോറോട്
3. ഏറാമല
4. ഒഞ്ചിയം

വാല്യം 126

## തൂണേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെക്യാട്
2. എടച്ചേരി
3. പുറമേരി
4. തൂണേരി
5. വളയം
6. വാണിമേൽ

വാല്യം 127

## കുന്നുമ്മൽബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കുന്നുമ്മൽ
2. നാദാപുരം
3. കായക്കൊടി
4. കാവിലുമ്പാറ
5. കുറ്റ്യാടി
6. മരുതോങ്കര
7. വേളം
8. നരിപ്പറ്റ

വാല്യം 128

## തോടന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ആയഞ്ചേരി
2. വില്യാപ്പള്ളി
3. മണിയൂർ
4. തിരുവള്ളൂർ

വാല്യം 129

## മേലടി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തുറയൂർ
2. കീഴരിയൂർ
3. തിക്കോടി
4. പയ്യോളി
5. മേപ്പയൂർ

വാല്യം 130

## പേരാമ്പ്ര ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചെറുവണ്ണൂർ
2. നൊച്ചാട്
3. ചങ്ങരോത്ത്
4. കായണ്ണ
5. കൂത്താളി
6. പേരാമ്പ്ര
7. ചക്കിട്ടപ്പാറ

വാല്യം 131

## ബാലുശ്ശേരി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ബാലുശ്ശേരി
2. നടുവണ്ണൂർ
3. അത്തോളി
4. ഉള്ളിയേരി
5. കോട്ടൂർ
6. ഉണ്ണിക്കുളം
7. പ ന ങ്ങാ ട്
8. കൂരാച്ചുണ്ട്

വാല്യം 132

## പന്തലായിനി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. ചേമഞ്ചേരി
2. അരിക്കുളം
3. മൂടാടി
4. ചെങ്ങോട്ടുകാവ്

വാല്യം 133

## ചേളന്നൂർ ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കക്കോടി
2. ചേളന്നൂർ
3. കാക്കൂർ
4. നന്മിണ്ട
5. നരിക്കുനി
6. എലത്തൂർ
7. തലക്കുളത്തൂർ

വാല്യം 134

## കൊടുവള്ളി ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. തിരുവമ്പാടി
2. കൂടരഞ്ഞി
3. കിഴക്കോത്ത്
4. മടവൂർ
5. കൊടുവള്ളി
6. പുതുപ്പാടി
7. താമരശ്ശേരി
8. ഓമശ്ശേരി

വാല്യം 135

## കുന്നമംഗലം ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കൊടിയത്തൂർ
2. കുരുവട്ടൂർ
3. മാവൂർ
4. കാരശ്ശേരി
5. കുന്ദമംഗലം
6. ചാത്തമംഗലം
7. മുക്കം
8. കോടഞ്ചേരി
9. പെരുവയൽ

വാല്യം 136

## കോഴിക്കോട് ബ്ലോക്ക്

*(കോഴിക്കോട് ജില്ല)*

1. കടലുണ്ടി
2. രാമനാട്ടുകര
3. ചെറുവണ്ണൂർനല്ലളം
4. ബേപ്പൂർ
5. ഫറോക്ക്
6. ഒളവണ്ണ

വാല്യം 137

## മാനന്തവാടി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മാനന്തവാടി
2. വെള്ളമുണ്ട
3. തിരുനെല്ലി
4. തൊണ്ടർനാട്
5. എടവക
6. തവിഞ്ഞാൽ
7. പനമരം

വാല്യം 138

## സുൽത്താൻ ബത്തേരി ബ്ലോക്ക്

*(വയനാട് ജില്ല)*

1. മീനങ്ങാടി
2. നെന്മേനി
3. അമ്പലവയൽ
4. പൂതാടി
5. സുൽത്താൻബത്തേരി
6. നൂൽപുഴ
7. മുള്ളൻകൊല്ലി
8. പുൽപള്ളി

വാല്യം 139

## കൽപറ്റ ബ്ലോക്ക്

*(വയനാട് ജില്ല)*

1. കോട്ടത്തറ
2. വേങ്ങപ്പള്ളി
3. വൈത്തിരി
4. മുട്ടിൽ
5. പൊഴുതന
6. തരിയോട്
7. പടിഞ്ഞാറെത്തറ
8. മേപ്പാടി
9. കണിയാമ്പറ്റ

വാല്യം 140

## പയ്യന്നൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചെറുതാഴം
2. ഏഴോം
3. കുഞ്ഞിമംഗലം
4. മാടായി
5. മാട്ടൂൽ
6. രാമന്തളി
7. കടന്നപ്പള്ളിപാണാപുഴ
8. കരിവെള്ളൂർ പെരളം
9. കാങ്കോൽ ആലപ്പടമ്പ
10. എരമംകുറ്റൂർ
11. പെരിങ്ങോം വയക്കര

വാല്യം 141

## തളിപ്പറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. പട്ടുവം
2. ചെറുകുന്ന്
3. കല്യാശേരി
4. കണ്ണപുരം
5. പാപ്പിനിശ്ശേരി
6. ചെങ്ങളായി
7. കുറുമാത്തൂർ
8. പരിയാരം
9. ആന്തൂർ
10. നാറാത്ത്
11. ചപ്പാരപ്പടവ്
12. നടുവിൽ
13. ഉദയഗിരി
14. ആലക്കോട്

വാല്യം 142

## ഇരിക്കൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ഇരിക്കൂർ
2. ഏരുവശ്ശി
3. മലപ്പട്ടം
4. പയ്യാവൂർ
5. കൊളച്ചേരി
6. കുറ്റ്യാട്ടൂർ
7. മയ്യിൽ
8. ശ്രീകണ്ഠാപുരം
9. പടിയൂർ-കല്യാട്

വാല്യം 143

## കണ്ണൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ചിറക്കൽ
2. പള്ളിക്കുന്ന്
3. പുഴാതി
4. വളപട്ടണം
5. അഴീക്കോട്

വാല്യം 144

## എടക്കാട് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. അഞ്ചരക്കണ്ടി
2. എടക്കാട്
3. എളയാവൂർ
4. കടമ്പൂർ
5. മുഴപ്പിലങ്ങാട്
6. ചേലോറ
7. ചെമ്പിലോട്
8. മുണ്ടേരി
9. പെരളശ്ശേരി

വാല്യം 145

## തലശ്ശേരി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ധർമ്മടം
2. എരഞ്ഞോളി
3. കതിരൂർ
4. കോട്ടയം
5. പിണറായി
6. ചൊക്ലി
7. കരിയാട്
8. പെരിങ്ങളം
9. ന്യൂമാഹി
10. കോടിയേരി

വാല്യം 146

## കൂത്തുപറമ്പ് ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. മൊകേരി
2. പന്ന്യന്നൂർ
3. പാനൂർ
4. തൃപ്രങ്ങോട്ടൂർ
5. ചിറ്റാരിപ്പറമ്പ്
6. കുന്നോത്തുപറമ്പ്
7. മാങ്ങാട്ടിടം
8. പാട്യം
9. വേങ്ങാട്

വാല്യം 147

## ഇരിട്ടി ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. ആറളം
2. അയ്യൻകുന്ന്
3. കീഴല്ലൂർ
4. തില്ലങ്കേരി
5. കൂടാളി
6. പായം
7. കീഴൂർ-ചാവശ്ശേരി
8. മട്ടന്നൂർ

വാല്യം 148

## പേരാവൂർ ബ്ലോക്ക്

*(കണ്ണൂർ ജില്ല)*

1. കാണിച്ചാർ
2. കേളകം
3. കൊട്ടിയൂർ
4. മുഴക്കുന്ന്
5. കോളയാട്
6. മാലൂർ
7. പേരാവൂർ

വാല്യം 149

## മഞ്ചേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ബേളൂർ
2. കുംപഡജെ
3. മംഗൽപാടി
4. വോർക്കാടി
5. പുതിഗെ
6. മീഞ്ച
7. മഞ്ചേശ്വരം
8. കുമ്പള
9. പൈവളികെ
10. എന്മകജേ
11. ബദിയടുക്ക

വാല്യം 150

## കാസർഗോഡ് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. കരാഡ്ക്ക
2. മുളിയാർ
3. ദേലംപാടി
4. ചെങ്കള
5. ചെമ്മനാട്
6. ബേഡഡുക്ക
7. മധൂർ
8. മൊഗ്രാൽപുത്തൂർ

വാല്യം 151

## കാഞ്ഞങ്ങാട് ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ഉദുമ
2. അജാനൂർ
3. ബളാൽ
4. കോടംബേളൂർ
5. മടിക്കൈ
6. പള്ളിക്കര
7. പനത്തടി
8. പുല്ലൂർപെരിയ

വാല്യം 152

## നീലേശ്വരം ബ്ലോക്ക്

*(കാസർഗോഡ് ജില്ല)*

1. ചെറുവത്തൂർ
2. കയ്യൂർ-ചീമേനി
3. നീലേശ്വരം
4. ഈസ്റ്റ് എളേരി
5. പിലിക്കോട്
6. വെസ്റ്റ് എളേരി
7. തൃക്കരിപ്പൂർ
8. കിനാന്നൂർ കരിന്തളം
9. പടന്ന
10. വലിയപറമ്പ്

# നഗരസഭകൾ

വാല്യം 153

## തിരുവനന്തപുരം ജില്ല

1. തിരുവനന്തപുരം
2. നെയ്യാറ്റിൻകര
3. നെടുമങ്ങാട്
4. ആറ്റിങ്ങൽ
5. വർക്കല

വാല്യം 154

## കൊല്ലം ജില്ല

1. കൊല്ലം
2. പുനലൂർ
3. പരവൂർ

വാല്യം 155

## പത്തനതിട്ട ജില്ല

1. പത്തനംതിട്ട
2. തിരുവല്ല
3. അടൂർ

വാല്യം 156

## ആലപ്പുഴ ജില്ല

1. ആലപ്പുഴ
2. കായംകുളം
3. ചേർത്തല
4. മാവേലിക്കര
5. ചെങ്ങന്നൂർ

വാല്യം 157

## കോട്ടയം ജില്ല

1. കോട്ടയം
2. ചങ്ങനാശ്ശേരി
3. വൈക്കം
4. പാല

വാല്യം 158

## ഇടുക്കി ജില്ല

1. തൊടുപുഴ

വാല്യം 159

## എറണാകുളം ജില്ല

1. കൊച്ചി
2. ആലുവ
3. പെരുമ്പാവൂർ
4. നോർത്ത് പരവൂർ
5. തൃപ്പൂണിത്തുറ
6. അങ്കമാലി
7. കോതമംഗലം
8. കളമശ്ശേരി

വാല്യം 160

## തൃശ്ശൂർ ജില്ല

1. തൃശ്ശൂർ
2. കുന്നംകുളം
3. ഇരിങ്ങാലക്കുട
4. ചാലക്കുടി
5. കൊടുങ്ങല്ലൂർ
6. ചാവക്കാട്
7. ഗുരുവായൂർ

വാല്യം 161

## പാലക്കാട് ജില്ല

1. പാലക്കാട്
2. ചിറ്റൂർ തത്തമംഗലം
3. ഷൊർണ്ണൂർ
4. ഒറ്റപ്പാലം

വാല്യം 162

## മലപ്പുറം ജില്ല

1. മലപ്പുറം
2. തിരൂർ
3. മഞ്ചേരി
4. പൊന്നാനി
5. പെരിന്തൽമണ്ണ

വാല്യം 163

## കോഴിക്കോട് ജില്ല

1. കോഴിക്കോട്
2. കൊയിലാണ്ടി
3. വടകര

വാല്യം 164

## വയനാട് ജില്ല

1. കൽപ്പറ്റ

വാല്യം 165

## കണ്ണൂർ ജില്ല

1. കണ്ണൂർ
2. തലശ്ശേരി
3. പയ്യന്നൂർ
4. കൂത്തുപറമ്പ്
5. തളിപറമ്പ്
6. മട്ടന്നൂർ

വാല്യം 166

## കാസർഗോഡ് ജില്ല

1. കാസർഗോഡ്
2. കാഞ്ഞങ്ങാട്

# എളവള്ളി ഗ്രാമപഞ്ചായത്ത്

അധികാരം ജനങ്ങളിലേക്ക്



## ജനകീയാസൂത്രണം

# ഗ്രാമവികസനരേഖ

ഒമ്പതാം പദ്ധതി

ജനകീയ പദ്ധതി

# ഗ്രാമ വികസന രേഖ

# എളവള്ളി ഗ്രാമപഞ്ചായത്ത്



എം.പി.സിദ്ധാർത്ഥൻ
(പ്രസിഡണ്ട്)

"നാടിന്നാവശ്യമായ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും, ആസൂത്രണം ചെയ്തവ വിഭവങ്ങളുടെ ലഭ്യതക്കനുസരിച്ച് മുൻഗണനനാടിസ്ഥാനത്തിൽ നടപ്പാക്കാനുള്ള കൂട്ടായ ശ്രമത്തിൽ നമുക്കെല്ലാവർക്കും ഒരുമിച്ച് പങ്കുചേരാം."

## നിലവിലുള്ള പഞ്ചായത്ത് ഭരണസമിതി

ശ്രീ. എം.പി.സിദ്ധാർത്ഥൻ
(പ്രസിഡണ്ട്)

ശ്രീ. ടി.എ.ബാലകൃഷ്ണൻ
(വൈസ് പ്രസിഡണ്ട്)

ശ്രീ. ടി.കെ.ചന്ദ്രൻ
(സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ)

ശ്രീമതി. ചന്ദ്രികാകേശവൻ

ശ്രീമതി. രാധാവിജയൻ

ശ്രീ. സി.എ.ഭാസ്കരൻ

ശ്രീമതി. മാലതിഅശോകൻ

ശ്രീമതി. പ്രേമാരാജൻ

ശ്രീ. കെ.എം.ജോർജ്

ശ്രീ. ടി.കെ.ശിവരാമൻ

# എളവള്ളി ഗ്രാമപഞ്ചായത്ത്

# പൊതു വിവരണം

| | |
|---|---|
| പഞ്ചായത്തിന്റ പേര് | : എളവള്ളി ഗ്രാമപഞ്ചായത്ത് |
| വിലാസം | : ചിറ്റാട്ടുകര – പി.ഒ.<br>തൃശൂർ – ജില്ല<br>കേരള – 680 511 |
| ഉൾപ്പെടുന്ന വില്ലേജുകൾ | : എളവള്ളി, ബ്രഹ്മകുളം |
| ബ്ലോക്ക് പഞ്ചായത്ത് | : മുല്ലശ്ശേരി |
| താലൂക്ക് | : ചാവക്കാട് |
| അസംബ്ലി മണ്ഡലം | : മണലൂർ |
| പാർലിമെന്റ് മണ്ഡലം | : തൃശൂർ |
| വിസ്തീർണ്ണം | : 16.478 ച.കി.മീ. |
| ജനസംഖ്യ | : 21,672 (91 ലെ സെൻസസ്പ്രകാരം) |
| വാഡുകൾ | : 10 |
| അതിരുകൾ | : തെക്ക്: മുല്ലശ്ശേരി പഞ്ചായത്ത്<br>വടക്ക്: കണ്ടാണശ്ശേരി, തൈക്കാട് പഞ്ചായത്തുകൾ<br>കിഴക്ക്: തോളൂർ പഞ്ചായത്ത്<br>പടിഞ്ഞാറ്: പാവറട്ടി, തൈക്കാട് പഞ്ചായത്തുകൾ |

## എളവള്ളി ഗ്രാമപഞ്ചായത്ത്
## ജനകീയാസൂത്രണ സമിതി
## എക്സിക്യൂട്ടീവ് കമ്മറ്റി

എം.പി.സിദ്ധാർത്ഥൻ (ചെയർമാൻ)
കെ.എം.ജോർജ് (വൈസ് ചെയർമാൻ)
പി.ആർ.രാമചന്ദ്രൻ (സെക്രട്ടറി)
നൗഷാദ് എളവള്ളി (കൺവീനർ)
പി.പി.ബാലൻ (ജോ. കൺവീനർ)
ടി.എ.ബാലകൃഷ്ണൻ (ഖജാൻജി)

| | |
|---|---|
| ടി.കെ.ചന്ദ്രൻ | കെ.കെ.സുധാകരൻമാസ്റ്റർ |
| സി.എ.ഭാസ്കരൻ | ടി.കെ.ശിവരാമൻ |
| ടി.വി.ലോഹിതാക്ഷൻ | പത്മിനിസിദ്ധാർത്ഥൻ |
| കെ.എം.പരമേശ്വരൻ | ചന്ദ്രികാകേശവൻ |
| ബി.ആർ.കേശവൻ | എം.എൻ.മാലതി |
| ജനാർദ്ദനൻ നായ്ക്കത്ത് | പ്രേമാരാജൻ |
| പി.എസ്.മോഹനൻ | രാധാവിജയൻ |
| ഐ.എ.മോഹനൻ | പി.എസ്.രാഘവൻ |
| പി.പി.ദേവസ്സി | സി.സി.തോമസ്മാസ്റ്റർ |
| എൻ.ആർ.ബേബി | സി.എഫ്.രാജൻ |
| കെ.ഐ.രാജേന്ദ്രൻ | ചന്ദ്രശേഖരൻനായർ |
| എ.സി.ജോയ് | വി.എം.ഗംഗാധരൻ |

"അധികാരം ജനതയ്ക്ക്
അതുമാത്രം പരിഹാരം
അറിയുന്നു നാമീസത്യം"

അധികാര വികേന്ദ്രീകരണം വഴി
ജനകീയവും ശാസ്ത്രീയവുമായ
ഗ്രാമതല ആസൂത്രണം

വികസന പ്രക്രിയ അഴിമതി രഹിതമാകുന്നു

## ഉള്ളടക്കം


| | |
|---|---|
| ആമുഖം | 5 |
| ചരിത്ര പശ്ചാത്തലം | 7 |
| ഭൂ-ജല-ജനപ്രകൃതികൾ | 12 |
| വികസന മേഖലകൾ | |
| 1. കൃഷി - ജലസേചനം | 14 |
| 2. മൃഗസംരക്ഷണം - മത്സ്യബന്ധനം | 24 |
| 3. വ്യവസായം | 30 |
| 4. ഗതാഗതം - ഊർജ്ജം - മാർക്കറ്റ് | 38 |
| 5. കുടിവെള്ളം പൊതുജനാരോഗ്യം | 46 |
| 6. വിദ്യാഭ്യാസം | 55 |
| 7. പട്ടികജാതിക്ഷേമം | 63 |
| 8. പാർപ്പിടം - സാമൂഹ്യക്ഷേമം | 69 |
| 9. സഹകരണം | 77 |
| 10. സംസ്കാരം | 80 |
| 11. വനിത | 83 |
| 12. വിഭവസമാഹരണം | 85 |
| ഉപസംഹാരം | 88 |


19

*"അധികാരത്തെ സൂക്ഷിക്കുക.*
*അധികാരം അഴിമതി വളർത്തുന്നു.*
*അതിന്റെ ആഡംബരത്തിലും പകിട്ടിലും*
*കുടുങ്ങാൻ സ്വയം അനുവദിക്കാതിരിക്കുക.*
*നിങ്ങൾ അധികാരത്തിലേറിയിട്ടുള്ളത്*
*ഇന്ത്യയിലെ ദരിദ്രമായ ഗ്രാമങ്ങളെ*
*സേവിക്കാനാണെന്ന് എപ്പോഴും ഓർക്കുക."*

*മഹാത്മാഗാന്ധി.*


**റിപ്പോർട്ടിനു പിന്നിൽ:**
**മുഖ്യശില്പി**
ബി.ആർ. കേശവൻ.
**സഹായികൾ.**
സി.സി. തോമസ് മാസ്റ്റർ.
ടി.കെ.ചന്ദ്രൻ.
കെ.ഡി.രാജേന്ദ്രൻ
ചന്ദ്രശേഖരൻനായർ
പി.എസ്. രാഘവൻ
ഐ.എ. മോഹനൻ.
കെ.കെ.സുധാകരൻ മാസ്റ്റർ
സി.എഫ്. രാജൻ.
പി.പി. ബാലൻ
പി.പി.നൗഷാദ്
ഡോ. വേണുഗോപാൽ
**എഡിറ്റിംഗ്:**
മധുസൂദനൻ.സി (കെ.ആർ.പി.)
**മുഖചിത്രം സിസൈൻ:**
നൗഷാദ് എളവള്ളി.

*ടൈപ് സെറ്റിങ്: പേജ്മേക്കർ തൃശ്ശൂർ*
*പ്രിന്റിങ് : മഡോണ റാണി പാവറട്ടി*


20

## ആമുഖം

ഒരു പുതിയ അനുഭവത്തിന് നാം ദൃക്സാക്ഷികളാവുകയാണ്. ഒപ്പം, നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പുനഃസൃഷ്ടിക്ക് – സ്ഥായിയും സമഗ്രവുമായ വികസനത്തിന് ബോധപൂർവ്വം പ്രയത്നിക്കാൻ നാം സ്വയം സമർപ്പിതരുമാകുന്നു.

സ്വാതന്ത്ര്യപുലരി മുതൽക്കേ രാഷ്ട്ര പുനർനിർമ്മാണത്തിൽ ആമഗ്നരായവരാണ് നമ്മുടെ ഗ്രാമപഞ്ചായത്തിലെ പൂർവികൻമാർ. ഗോപാലപണിക്കർ റോഡും, പഴയമണച്ചാൽ പാലവും ജനകീയടിസ്ഥാനത്തിൽ അവർ ആസൂത്രണം ചെയ്തതാണ്. പൂർണ്ണമായ ജനപങ്കാളിത്തത്തോടെ നിർമ്മിച്ചതുമാണ്. ഇന്ത്യ സ്വതന്ത്രമായിരുന്നെങ്കിലും അധികാരം നമ്മുടെ പൂർവ്വ മഹാരഥന്മാരെ സംബന്ധിച്ചിടത്തോളം അന്ന് അന്യമായിരുന്നു, കേവലം മരീചികമാത്രമായിരുന്നു.

അവർക്കന്ന് അധികാരം കൂടി ഉണ്ടായിരുന്നെങ്കിൽ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പുരോഗതി ത്വരിതഗതിയിലായേനെ. നമ്മുടെ പാടശേഖരങ്ങളിലേക്കും, കരഭൂമിയിലേക്കും തെളിനീർകനിഞ്ഞേകുന്ന വലിയൊരു ജലാശയമായി മണച്ചാൽ രൂപാന്തരപ്പെട്ടേനെ. അതിന്നരികിൽ, കാർഷികോൽപാദനവർദ്ധനവിനെ സ്ഥായിയായി ത്വരിപ്പിക്കുന്ന ഒരണക്കെട്ടും ഉയർന്നു വന്നേനെ. അധികാരമില്ലാത്ത നോക്കുകുത്തികൾ മാത്രമായിരുന്നല്ലോ സ്വാതന്ത്ര്യാനന്തര വർഷങ്ങളിലും നമ്മുടെ ഗ്രാമപഞ്ചായത്തുകൾ.

ആ ദുസ്ഥിതിക്ക് മാറ്റം വന്ന്കൊണ്ടിരിക്കുകയാണ്. ജില്ലാ – ബ്ലോക്ക് പഞ്ചായത്തുകളിലൂടെ അധികാരം ഗ്രാമപഞ്ചായത്തുകളിലേക്കും ഗ്രാമങ്ങളിലേക്കും തിരിച്ചൊഴുകാൻ തുടങ്ങിയിരിക്കുകയാണ്. ഇത്തരമൊരവസ്ഥാവിശേഷത്തിൻെറ സൃഷ്ടാക്കൾ ദേശാഭിമാനികളും ജനാധിപത്യവിശ്വസികളുമായിരുന്ന നമ്മുടെ പൂർവ്വീകന്മാരാണ്. അധികാരം ഇല്ലാതിരുന്ന കാലത്തും രാഷ്ട്രപുനർനിർമ്മാണ യജ്ഞത്തിൽ മുഴുകിയ രാജ്യസ്നേഹികളാണവർ. ദീർഘദർശികളും, ഭാവനാസമ്പന്നരും, നിസ്വാർത്ഥമതികളുമായിരുന്ന ആ മഹാരഥന്മാരെ നമുക്ക് ഇത്തരുണത്തിൽ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കാം. അവർക്ക് ആദരാഞ്ജലികളർപ്പിച്ചും, അവരെ ഹൃദയപൂർവ്വം അഭിവാദ്യം ചെയ്തും നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ ഭാവിയെകുറിക്കുന്ന പ്രത്യാശകളുമായി നമുക്കീ വികസന റിപ്പോർട്ട് ആരംഭിക്കാം.

ഭാവിയെക്കുറിക്കുന്ന പ്രശ്നവിചാരങ്ങൾ ഇന്നിൽ നിന്ന് ഇന്നലെയിലേക്ക് പിന്തിരിഞ്ഞു നോക്കി, വീണ്ടും ഇന്നിന്റെ യാഥാർത്ഥ്യങ്ങളിലേക്ക് തിരിച്ചെത്തിക്കൊണ്ടാണല്ലോ സമാരംഭിക്കേണ്ടത്. അത്തരമൊരു വിചാരധാരതന്നെയാണ് ഈ വികസന റിപ്പോർട്ട്. നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പൂർവ്വകാല സ്ഥിതിയും, ഇന്നത്തെ അവസ്ഥയും, അടുത്ത അഞ്ചുവർഷത്തിനകം സമ

സ്തരംഗങ്ങളിലും നാം കൈവരിക്കേണ്ട പുരോഗതിയെ സംബന്ധിച്ച പ്രത്യാശകളുമാണ് കഴിയുന്നത്ര യാഥാർത്ഥ്യബോധത്തോടെ ഈ വികസന റിപ്പോർട്ടിൽ കുറിച്ചിട്ടുള്ളത്.

ഗ്രാമസഭകളിൽ നടന്ന ചർച്ചകളും, അതിനുമുമ്പും പിമ്പും വിവിധതല ങ്ങളിൽ നടന്ന ചർച്ചകളും വിചിന്തനങ്ങളും ഏറ്റവുമൊടുവിൽ നടന്നപഠന പര്യടനങ്ങളുമാണ് ഈ റിപ്പോർട്ട് ആലേഖനം ചെയ്യുന്നതിനായി പ്രയോജ നപ്പെടുത്തിയ അടിയാധാരങ്ങൾ. ശേഖരിക്കാൻ കഴിയുന്ന വസ്തുസ്ഥിതി വിവരങ്ങളുടെ വെളിച്ചത്തിലാണിത് കുറിച്ചിട്ടുള്ളത്. എന്നാലും ഇതു പൂർണ്ണ മാണെന്നോ, കുറ്റമറ്റതാണെന്നോ അവകാശപ്പെടുന്നില്ല. കൂട്ടായചർച്ചകളി ലൂടെ, പ്രശ്നവിചാരങ്ങളിലൂടെ ഉയർന്നുവരുന്ന ക്രിയാത്മകവും സമൂർത്ത വുമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഈ റിപ്പോർട്ട് സമ്പുഷ്ടമാക്കുന്നതിൽ സന്തോഷം മാത്രമാണുള്ളതെന്നും സാദരം പ്രസ്താവിക്കുന്നു.

പ്രിയമുള്ളവരെ,

ഇതൊരു വെല്ലുവിളിയാണ്.
കാലഘട്ടത്തിന്റെ അനിവാര്യമായ വെല്ലുവിളി.
പുത്തൻവികസന മേഖലകൾ നമ്മെ തേടിയെത്തുമ്പോൾ
അവയെ സധൈര്യം നേരിടുവാനുള്ള ആത്മവീര്യമുൾക്കൊണ്ട്
നമ്മുടെ നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുവാനാണ്
നാം ശ്രമിക്കേണ്ടത്.
ആ ശ്രമങ്ങളിൽ നമുക്കൊന്നു ചേരാം. മണ്ണുപോലൊട്ടുന്ന
സ്നേഹവും നാട്ടറിവിന്റെ വെളിച്ചവും മണ്ണിൽ പണിയും
കരങ്ങളുമുയർത്തി നാമൊന്നാണെന്ന ആപ്ത വാക്യവും പേറി
ഈ പുത്തൻ വികസന ജനശക്തിയിൽ മെയ്യോട് മെയ്ചേർന്ന്
നമുക്ക് മുന്നേറാം.
ഈ വെല്ലുവിളി നേരിടാനുള്ള അവസരം കൈവന്നതിലുള്ള
ആഹ്ലാദത്തോടെ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ
സമഗ്രവികസന രേഖ നാളെയുടെ
ചരിത്രയാഥാർത്ഥ്യമാക്കാനുള്ള മഹായജ്ഞത്തിൽ
ഇന്ന് തന്നെ പങ്ക് ചേരാനുള്ള പ്രതിജ്ഞ
ദൃഢനിശ്ചയത്തോടെ നമുക്ക് സ്വീകരിക്കാം.

സ്നേഹപൂർവ്വം.
എളവള്ളി പഞ്ചായത്ത്
ജനകീയാസൂത്രണ സമിതിക്കുവേണ്ടി
നൗഷാദ് എളവള്ളി.
കൺവീനർ.



22

# II

# ചരിത്രം, സാമൂഹ്യപശ്ചാത്തലം

എളവള്ളി – ബ്രഹ്മക്കുളം അംശങ്ങൾ സംയോജിപ്പിച്ച് എളവള്ളി വില്ലേജായതും, എളവള്ളി ചിറ്റാട്ടുകര പഞ്ചായത്തുകൾ സംയോജിപ്പിച്ച് എളവള്ളി ഗ്രാമപഞ്ചായത്തായതും 1962ലാണ്. ഐക്യകേരള പിറവിക്കുശേഷം ജില്ലാ – താലൂക്ക് – റവന്യൂ വില്ലേജുകളുടെ പുനഃ സംഘടനയും പുനഃസംവിധാനവും സംബന്ധിച്ച നടപടികളുടെ കൂട്ടത്തിലാണ് ഈ പുനഃ സംഘടനയും സംഭവിച്ചത്.

നിലവിലുണ്ടായിരുന്ന രണ്ടു പഞ്ചായത്തു ഭരണ സമിതികളും 1962ൽ പിരിച്ചുവിട്ടു. ഒരു സ്പെഷൽ ഓഫിസറെ നിയമിച്ചു. 1963 ഡിസംബറിൽ പുതിയ പഞ്ചായത്തു ഭരണസമിതിയിലേക്ക് തെരഞ്ഞെടുപ്പും നടത്തി. ശ്രീ.കെ. ശങ്കുണ്ണിയുടെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണസമിതി 1964 ജനുവരി ഒന്നിന് സ്പെഷൽ ഓഫീസറിൽ നിന്ന് അധികാരമേറ്റെടുക്കുകയും ചെയ്തു.

സർവ്വശ്രീ.കെ.ശങ്കുണ്ണി (പ്രസിഡണ്ട്), പി.സി. ജോസഫ് (വൈസ് പ്രസിഡണ്ട്), കെ.വി.കുഞ്ഞിമാമ, വി.എസ്. രാമചന്ദ്രൻ, കെ.വി.അയ്യപ്പൻമാസ്റ്റർ, കെ.ഭാരതി, ഇ.വി. കൃഷ്ണൻകുട്ടി, പി.പി. ദേവസ്സി, കെ.കെ സുബ്രഹ്മണ്യൻ എന്നിവരായിരുന്നു പ്രഥമ ഭരണസമിതി അംഗങ്ങൾ.

എളവള്ളി അംശം മാത്രം പ്രവർത്തനപരിധിയായിരുന്ന പിരിച്ചുവിടപ്പെട്ട എളവള്ളി പഞ്ചായത്ത് ഭരണസമിതിയുടെ അദ്ധ്യക്ഷൻ കെ.ശങ്കുണ്ണിയായിരുന്നു. സർവ്വശ്രീ. എം.മാക്കൻ വൈസ്പ്രസിഡണ്ട്, ആർ.പി.മാമു, കുന്നത്തുള്ളികുട്ടൻ എന്നപാറൻ, കെ.വി.കുട്ടൻ, വി.ആർ. ശങ്കരൻ, കെ.ടി.ചാക്കപ്പൻ, കെ.വി. ശങ്കരൻ (കുഞ്ഞുണ്ണി) എന്നിവരായിരുന്നു മറ്റ് അംഗങ്ങൾ. അതിനുമുമ്പ് യു.ഗോപാലപണിക്കരും, ടി.ചാപ്പൻകൈമളും പ്രസിഡണ്ടുമാരായിരുന്ന രണ്ട് ഭരണസമിതികൾ രണ്ടര ദശകകാലം എളവള്ളി പഞ്ചായത്തിന്റെ കൈകാര്യകർത്തൃത്വം വഹിച്ചിട്ടുണ്ട്.

ബ്രഹ്മക്കുളം അംശം മാത്രം പ്രവർത്തനപരിധിയായിരുന്ന ചിറ്റാട്ടുകര പഞ്ചായത്തിന്റെ കഥയും വ്യത്യാസമല്ല.യശശ്ശരീരനായ വി.ഡി. ദേവസ്യയായിരുന്നു ചിറ്റാട്ടുകര പഞ്ചായത്തിന്റെ ഏറ്റവും ഒടുക്കത്തെ അദ്ധ്യക്ഷൻ. സർവ്വശ്രീ. ബി.ആർ ബാലൻവൈദ്യർ (വൈസ്പ്രസിഡണ്ട്) ജോസഫ് .പി.പുലിക്കോടൻ, കരിപ്പാടത്ത് കൃഷ്ണൻ, ആനേടത്ത് അപ്പുകുട്ടൻ, സി.ഐ.ദേവസ്സികുട്ടി, കാണഞ്ഞോട്ട് ശങ്കുണ്ണി, കോളേങ്ങാട്ട് വേലായി എന്നിവരായിരുന്നു ഭരണസമിതി അംഗങ്ങൾ. യശ: ശ്ശരീരരായ കുറ്റിച്ചിറ കുഞ്ഞുണ്ണിനായർ, ആലപ്പാട്ട് മേച്ചേരി പൊറിഞ്ചു എന്നിവരായിരുന്നു തൊട്ടുമുമ്പത്തെ ഭരണസമിതി അദ്ധ്യക്ഷൻമാർ.

പരിമിതമായ വരുമാനവും, അതിലേറെ പരിമിതമായ അധികാരവുമായിരുന്നു ഈ പഞ്ചായത്തുകൾക്കുണ്ടായിരുന്നതെന്ന് പറയേണ്ടതില്ല. അതുകൊണ്ട് ഉള്ളതു കൊണ്ട് ഓണം കൊണ്ടാടുന്ന അവസ്ഥയിലായിരുന്നു ഈ പഞ്ചായത്തിലെ ഭരണസമിതികളുടെ അരങ്ങാങ്കം.



23

1964ൽ അധികാരമേറ്റ എളവള്ളി ഗ്രാമപഞ്ചായത്തിന്റെ പ്രഥമാദ്ധ്യക്ഷൻ ശ്രീ.കെ.ശങ്കുണ്ണിയാണെന്ന് നേരത്തെ പ്രസ്താവിച്ചുവല്ലോ. ദീർഘദർശിയും, ഭാവനാസമ്പന്നനുമായിരുന്ന ഒരു ഉല്പതിഷ്ണുവായിരുന്നു അദ്ദേഹം. പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെ ക്ഷേമവും ഐശ്വര്യവും പഞ്ചായത്തിന്റെ സമഗ്രവികസനവും സംബന്ധിച്ച വ്യഗ്രതയായിരുന്നു അദ്ദേഹത്തിന്റെ ജീവിതകർമ്മങ്ങളെ നയിച്ചിരുന്നത്. പഞ്ചായത്തിന് ചിറ്റാട്ടുകരയിൽ ആസ്ഥാനമന്ദിരം പണികഴിപ്പിച്ചതും അതോടനുബന്ധിച്ച് ഒരു കമ്മ്യൂണിറ്റിഹാൾ നിർമിച്ചതും അദ്ദേഹത്തിന്റെ ഭരണകാലത്താണ്. അദ്ദേഹത്തിന്റെ ആകസ്മികാന്ത്യം ഇന്നും എളവള്ളി ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം ഒരു തീരാനഷ്ടമായി ശേഷിക്കുന്നു. ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ ഈ പഞ്ചായത്തിലേയും സമീപപ്രദേശങ്ങളിലേയും മുഖ്യസംഘാടകരിലൊരാളായ ശ്രീ.പി.സി. ജോസഫാണ് ശ്രീമാൻ കെ.ശങ്കുണ്ണിയുടെ വിയോഗത്തെ തുടർന്ന് പഞ്ചായത്ത് പ്രസിഡണ്ടായത്. ഇക്കഴിഞ്ഞ സപ്തംബറിൽ ശ്രീ.എം.പി.സിദ്ധാർത്ഥൻ പുതിയ ഭരണസമിതി അദ്ധ്യക്ഷനായി ചാർജ്ജെടുക്കുന്നതുവരെ ഏകദേശം മൂന്നു ദശകകാലം എളവള്ളി പഞ്ചായത്തിന്റെ അദ്ധ്യക്ഷപദം അലങ്കരിച്ചതും ശ്രീ.പി.സി. ജോസഫ്തന്നെയാണ്.

അതിനിടക്ക് 1979ലും 88ലും പഞ്ചായത്ത് ഭരണസമിതിയിലേക്ക് രണ്ടുതെരഞ്ഞടുപ്പുകൾ കൂടി നടക്കുകയുണ്ടായി . ശ്രീ.പി.സി.ജോസഫിനെ കൂടാതെ സർവ്വശ്രീ.കെ.എം. സഹദേവൻ, എ,പി. മൊയ്തിൻകുട്ടി, കെ.ടി. ജേക്കബ് മാസ്റ്റർ, പി.എസ്. കുമാരൻ, ബി.കെ. കേശവൻ, വി.രാധ, പി.പി.ദേവസ്സി, കെ.കെ.സുബ്രഹ്മണ്യൻ എന്നിവരായിരുന്നു ഭരണസമിതി അംഗങ്ങൾ.

1988 ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്നധികാരത്തിൽ വന്ന പഞ്ചായത്ത് ഭരണസമിതിയിൽ താഴെ പറയുന്നവരായിരുന്നു അംഗങ്ങൾ. ശ്രീ.പി.സി. ജോസഫ്, ടി.എ.ഗോപി, കെ.പി.ബാലകൃഷ്ണൻ, എം.എൻ ജയപ്രകാശ്, സത്യഭാമ കൃഷ്ണൻ, പ്രേമ വാസു, പി.എസ്. കുമാരൻ, ടി.കെ. അബ്ദുൾറഹിമാൻ, പി.പി.ദേവസ്സി, കെ.കെ.സുബ്രഹ്മണ്യൻ.

പ്രസ്തുത ഭരണസമിതിയുടെ വൈസ് പ്രസിഡണ്ട് ആദ്യം ശ്രീ.ടി.എ. ഗോപിയും പിന്നീട് കെ.പി.ബാലകൃഷ്ണനുമായിരുന്നു. എം.എൻ.ജയപ്രകാശും. കെ.കെ സുബ്രഹ്മണ്യനും പഞ്ചായത്തുമെമ്പർമാരായിരിക്കെ അന്തരിച്ചു. അവരിരുവരും അവരുടെ വാർഡുകളെ മാത്രം പ്രതിനിധീകരിക്കുന്നവരായിരുന്നില്ല. പഞ്ചായത്തിനെ ഒട്ടാകെ ഒന്നായി അഭിവീക്ഷിച്ചവരായിരുന്നു.

## നിലവിലുള്ള ഭരണസമിതി

പുതിയ പഞ്ചായത്തീരാജ് നിയമത്തിന്റെ അടിസ്ഥാനത്തിൽ 1995ൽ നടന്ന തെരഞ്ഞെടുപ്പിൽ വിജയം വരിച്ച് അധികാരത്തിൽ വന്ന നിലവിലുള്ള ഭരണസമിതി അംഗങ്ങൾ താഴെ പറയുന്നവരാണ്.

1. ശ്രീ.എം.പി. സിദ്ധാർത്ഥൻ (പ്രസിഡണ്ട്)
2. ശ്രീ. ടി.കെ. ബാലകൃഷ്ണൻ (വൈസ്പ്രസിഡണ്ട്)
3. ശ്രീ. ടി.കെ. ചന്ദ്രൻ (സ്റ്റാന്റിങ്ങ് കമ്മറ്റി ചെയർമാൻ)
4. ശ്രീ.ടി.കെ. ശിവരാമൻ
5. ശ്രീ.പി. ഭാസ്കരൻ
6. കെ.എം. ജോർജ്ജ്
7. ശ്രീമതി. ചന്ദ്രികാ കേശവൻ
8. ശ്രീമതി. രാധാവിജയൻ
9. എം.എൻ മാലതി
10. പ്രേമാരാജൻ.

എളവള്ളി ഗ്രാമപഞ്ചായത്തിന്റെ ചരിത്രത്തിലിന്നോളം ഇടതുപക്ഷ ജനാധിപത്യമുന്നിസ്ഥാനാർത്ഥികളാണ് വൻഭൂരിപക്ഷം നേടി പഞ്ചായത്തിന്റെ ഭരണസാരഥ്യം വഹിച്ചു പോന്നിട്ടുള്ളത്. ഇപ്പോഴത്തെ പത്തംഗഭരണസമിതിയിലെ എട്ടുപേരും ഇടതുപക്ഷ മുന്നണി സാരഥികളാണ്.

മതങ്ങളും, ദേവാലയങ്ങളും ഹിന്ദുക്കളും, മുസ്ലീമുകളും, ക്രൈസ്തവരും ഇടകലർന്ന് പരസ്പരം സഹകരിച്ചും സഹായിച്ചും സൗമനസ്യത്തോടെ പുലരുന്ന ഒരു ഗ്രാമപഞ്ചായത്താണിത്. മതവിദ്വേഷമോ, ഛിദ്രമോ, കലഹമോ, ഈ പഞ്ചായത്തിലെ ജനങ്ങളുടെ സ്വൈരജീവിതത്തെ അലോസരപ്പെടുത്തിയ ചരിത്രമില്ല. രണ്ടാം വാർഡിൽ 1500ൽ പരം വർഷത്തെ

പഴക്കമുള്ള ശ്രീ.ദുർഗ്ഗാഭഗവതി ക്ഷേത്രമാണ് ഈ പഞ്ചായത്തിലെ മുഖ്യ ഹൈന്ദവ ക്ഷേത്രം. 6-ാം വാർഡിൽ 500ലേറെ വർഷത്തെ പഴക്കമുള്ള വലിയ പള്ളിയാണ് ഈ പഞ്ചായത്തിലെ മുഖ്യ മുസ്ലീം ദേവാലയം. 7-ാം വാർഡിൽ 300ലേറെ വർഷം പഴക്കമുള്ള സെന്റ് സെബാസ്റ്റിൻസ് പള്ളിയാണ് ഈ പഞ്ചായത്തിലെ മുഖ്യ ക്രൈസ്തവ ദേവാലയം. പാലയൂർ മഹാഇടവകയിൽ നിന്നും വേർപിരിഞ്ഞ് മറ്റൊരു വലിയ ഇടവകയായി പരിണമിച്ചതാണിത്.

മേൽ പ്രസ്താവിച്ച പ്രധാന ദേവാലയങ്ങൾക്കു പുറമെ പഞ്ചായത്തിലെ 10 വാർഡുകളിലും ദേവാലയങ്ങൾക്കു കുറവില്ല. ഏറ്റവും കൂടുതൽ ഹൈന്ദവ ദേവാലയങ്ങളാണെന്നു മാത്രം. അക്കൂട്ടത്തിൽ തറവാട്ടു ക്ഷേത്രങ്ങൾ, കുടുംബക്ഷേത്രങ്ങൾ എന്നിങ്ങനെയുള്ളവയാണധികം. ചിലതറവാട്ടു ക്ഷേത്രങ്ങൾ നാട്ടുഭരദേവതാ ക്ഷേത്രങ്ങളായും തീർന്നിട്ടുണ്ട്.

9-ാം വാർഡിലെ സുബ്രഹ്മണ്യൻ സ്വാമി കോവിലും 10-ാം വാർഡിലെ ശക്തിഭൈരവി ക്ഷേത്രവും, 8-ാം വാർഡിലെ വൈലിക്കുളങ്ങര ഭഗവതി ക്ഷേത്രവും, 7-ാം വാർഡിലെ വാഴപ്പിലാത്ത് നാട്ടുഭരദേവതാക്ഷേത്രവും, ചിറ്റാട്ടുകര പൈങ്കണ്ണിക്കൽ ഭഗവതി ക്ഷേത്രവും രണ്ടാം വാർഡിലെ കടവല്ലൂർ ശ്രീരാമസ്വാമി ക്ഷേത്രവും, നാലാം വാർഡിലെ ശ്രീ. കളമഥുര ക്ഷേത്രവും, ചേലൂർ കുന്നത്തെ ശ്രീ.അയ്യപ്പ സ്വാമി ക്ഷേത്രവും, മൂന്നാം വാർഡിലെ ശ്രീ. കാർത്ത്യായനി ഭഗവതി ക്ഷേത്രവും 5-ാം വാർഡിലെ കോക്കൂരിലെ ശ്രീ.സുബ്രഹ്മണ്യസ്വാമി കോവിലും, 5-ാം വാർഡിൽ ആശാൻ നഗറിലെ ശ്രീനാരായണ പ്രതിഷ്ഠയും എടുത്തു പറയാവുന്നതാണ്. 6-ാം വാർഡിലെ മാങ്ങാര ശിവക്ഷേത്രം വളരെ കാലപ്പഴക്കമുള്ള മറ്റൊരു മഹാദേവക്ഷേത്രമത്രേ.

## മുസ്ലീം പള്ളികൾ

പണ്ടാറക്കാട് മഹല്ലിൽ നിന്ന് വേർപിരിഞ്ഞ് വാകയിൽ ഒരു മുസ്ലീം ദേവാലയമുണ്ടായിട്ടുണ്ട്. പണ്ടാറക്കാട് മഹല്ലിൽ നിന്നും വേർ പിരിഞ്ഞിട്ടില്ലെങ്കിലും എളവള്ളി തെക്കും മുറിയിലും നാലാം വാർഡിലും, പൂവ്വത്തൂരിലും പ്രമുഖ ജമാ അത്തുകളും പള്ളികളും ഉണ്ടായിട്ടുണ്ട്. രണ്ടാം വാർഡിലും (കടവല്ലൂർ) ഒരു ജമായത്ത് പള്ളിയും ഈയടുത്തകാലത്തുണ്ടായിട്ടുണ്ട്.

## ക്രൈസ്തവ ദേവാലയങ്ങൾ

ക്രൈസ്തവ ദേവാലയങ്ങളുടെ കൂട്ടത്തിൽ എളവള്ളി പഞ്ചായത്തിലെ പുതുതായിട്ടുള്ള രണ്ടു ദേവാലയങ്ങളിൽ ഒന്ന് എളവള്ളി സൗത്തിലാണ്. മറ്റൊന്ന് വാകയിലും. എളവള്ളി സൗത്തിലെ സെന്റ് ആന്റണീസ് പള്ളി ചിറ്റാട്ടുകര ഇടവകയിൽ നിന്ന് വേർപിരിഞ്ഞ പുതിയ ഇടവകപ്പള്ളിയാണ്. മറ്റം മഹാഇടവകപള്ളിയുടെ ഒരു പ്രാർത്ഥനാസമുദായത്തിന്റെതാണ് വാക സെന്ററിലെ ദേവാലയം.

## സാംസ്ക്കാരിക സംഗമങ്ങൾ

എടുത്തു പറയേണ്ട സവിശേഷത ഈ ദേവാലയങ്ങളിലെല്ലാം നടക്കുന്ന മഹോത്സവങ്ങളാണ്. കൊട്ടും പാട്ടും ആനയെഴുന്നള്ളിപ്പും, അമ്പെഴുന്നെള്ളിപ്പും, വളയെടുപ്പും കരിമരുന്നു പ്രയോഗങ്ങളും വിവിധ കലാപരിപാടികളും മറ്റുമായി നടത്തപ്പെടുന്ന ഈ ഉത്സവങ്ങൾ ജാതി – മതഭേദമെന്യേ എല്ലാവിഭാഗങ്ങളുടേയും സഹായസഹകരണസാന്നിദ്ധ്യങ്ങളാൽ സമാകർഷകങ്ങളാണ്. കരക്കാരുടേയും പ്രാർത്ഥനാസംഘങ്ങളുടേയും സൗഹൃദപൂർവ്വമായ മത്സരങ്ങളാൽ ഒന്നിനൊന്നു മെച്ചപ്പെട്ടവയാണ്. നിസ്സാരമായ ചില അലോസരങ്ങൾ സാമൂഹ്യവിരുദ്ധർ ഉണ്ടാക്കാറുണ്ടെങ്കിലും, ഈ ഉത്സവങ്ങളെല്ലാം ഒരു വിധത്തിൽ ദേശീയോത്സവങ്ങളും സാംസ്ക്കാരിക സംഗമങ്ങളുമാണ്.

കുംഭമാസത്തിലെ ഭരണിനാളിൽ ഈ പഞ്ചായത്തിലെ പണ്ടാറക്കാട്, താമരപ്പിള്ളി, പൂവ്വത്തൂർ വാർഡുകളിൽ നിന്ന് തൊട്ടടുത്ത മുല്ലശ്ശേരി പഞ്ചായത്തിലെ കോട്ടുകുറുമ്പ ഭഗവതി ക്ഷേത്രത്തിലേക്ക് സംഘടിപ്പിക്കുന്ന ആന എഴുന്നള്ളിപ്പുകളും ഈ പഞ്ചായത്തിലെ ദേശീയോത്സവങ്ങളുടെ ഗണത്തിൽ പെട്ടതാണ്. രാത്രികാലങ്ങളിൽ ഈ വാർഡുകളിൽ അതോടനുബന്ധിച്ചു സംഘടിപ്പിക്കുന്ന സാംസ്ക്കാരിക പരിപാടികളും ശ്രദ്ധേയങ്ങളാണ്.



25

മതപരവും സാംസ്ക്കാരികവുമായ ഈ സൗഹൃദം ഇനിയും വികസിച്ചുവരേണ്ടതാവശ്യമാണ്. അതോടൊപ്പം ഹൈന്ദവസമുദായത്തിലിന്നും നില നിന്നുവരുന്ന ഉച്ചനീചത്വങ്ങളും അസമത്വങ്ങളും അപ്രത്യക്ഷങ്ങളാകേണ്ടതാണ്. ഒരു കാര്യം വ്യക്ത മാണ്. എത്രയോ പരിവർത്തനങ്ങൾ നമ്മുടെ രാജ്യത്ത് ഉണ്ടായിക്കഴിഞ്ഞിരിക്കുന്നു. അയിത്താ ചാരം പഴംകഥയായി മാറിയിരിക്കുന്നു. ഹൈന്ദവ സമൂഹത്തിലെ വിവിധ ജാതിക്കാർ തമ്മിൽതമ്മിൽ വിവിധമതസ്ഥർ തമ്മിൽത്തമ്മിലും വിവാഹാഘോ ഷങ്ങളിലും മറ്റവസരങ്ങളിലും ഒത്തുചേരാനും ഒന്നി ച്ചിരുന്ന് ഭക്ഷണം കഴിക്കാനും തുടങ്ങിയിരിക്കുന്നു. അമ്പതു കൊല്ലം മുമ്പ് നമ്മുടെ നാട്ടിലുണ്ടായിരുന്ന അനാചാരം കുറഞ്ഞുവരുന്നു എന്ന് കാണി ക്കുന്നു. നവോത്ഥാന പ്രസ്ഥാനങ്ങളാണവക്ക് തുടക്കം കുറിച്ചത്. ദേശീയ പ്രസ്ഥാനവും അതിന്റെ തുടർച്ചയായി പിന്നീട് നമ്മുടെ സംസ്ഥാനത്ത് ഉയർന്നു വന്ന ജനാധിപത്യ പ്രസ്ഥാനങ്ങളും സാമൂ ഹ്യമായ അസമത്വത്തിനും അനാചാരങ്ങൾക്കുമെതി രായ പ്രചാരവേള മാത്രമല്ല സമരങ്ങളുമായി മുന്നോ ട്ടുപോയതിന്റെ പരിണതഫലം കൂടിയാണിത്. കേരള ഗാന്ധിയായിരുന്ന കേളപ്പജിയുടെ നേതൃത്വത്തിൽ 1931ൽ ഗുരുവായൂരിൽ നടന്ന ക്ഷേത്രപ്രവേശന സത്യാഗ്രഹമാണ് ഗുരുവായൂർപുരത്തിന് തൊട്ടുകി ടക്കുന്ന നമ്മുടേതുൾപ്പടെയുള്ള ഗ്രാമപ്രദേശങ്ങളിലെ അധ:സ്ഥിതജനവിഭാഗങ്ങളിൽ പൗരാവകാശബോ ധവും സ്വാതന്ത്ര്യാഭിനിവേശവും അങ്കുരിപ്പിച്ചത്. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനും ദേശീയ പ്രസ്ഥാനത്തിനും നമ്മുടെ പഞ്ചായത്തിൽ വേരോട്ട മുണ്ടായതും അവിടന്നങ്ങോട്ടാണ്. സവർണ്ണസമൂഹ ങ്ങളിലെ ഉല്പതിഷ്ണുക്കളും അധ: സ്ഥിതജനവി ഭാഗങ്ങളും തമ്മിലുള്ള ഹൃദയഐക്യമാണ് അതേ തുടർന്നുണ്ടായത്. ഗുരുവായൂർ ക്ഷേത്ര പ്രവേശന സത്യാഗ്രഹത്തിന്റെ മഹത്തായ സംഭാവനയാണത്.

സാമൂഹ്യ അസമത്വങ്ങൾക്കെതിരായ പ്രക്ഷോഭ സമരങ്ങൾക്കും സത്യഗ്രഹങ്ങൾക്കുമൊപ്പം അസമ ത്വങ്ങൾക്കെതിരായ സമരങ്ങളും ശക്തിപ്പെടുത്തി യാലെ സാമൂഹ്യസാമ്പത്തിക വ്യവസ്ഥായാകെ പൊളിച്ചെഴുതാനും പുതിയൊരു ഇന്ത്യകെട്ടിപ്പടു ക്കാനും കഴിയു എന്ന ആശയഗതിക്ക് നമ്മുടെ നാട്ടിൽ മുളപ്പൊട്ടിയത് ഗുരുവായൂർ ക്ഷേത്രപ്രവേശന സത്യാഗ്രഹത്തെ തുടർന്നാണ് കോൺഗ്രസ്സ് കമ്മറ്റി കളും കോൺഗ്രസ്സ്പരിപാടികൾക്കനുസൃതമായി ഹരിജനോദ്ധാരണം, നൂൽനൂൽപ്പ്, രാഷ്ട്രഭാമപ്രചാ രണം, തുടങ്ങിയവ ഈ പഞ്ചായത്തിൽ ആരംഭിച്ചതും അതേതുടർന്നാണ്.

അസമത്വ ജഡിലമായ വർണ്ണവ്യവസ്ഥക്കെതിരെ ശ്രീചട്ടമ്പിസ്വാമികളും, വർണ്ണവ്യവസ്ഥയുടെ ദുർഭഗ വികസനമായ ജാതിവ്യവസ്ഥക്കെതിരെ ശ്രീനാരായ ണസ്വാമികളും നയിച്ച മഹാപ്രസ്ഥാനങ്ങൾ കേരള ത്തിലെ ജനമനസ്സുകളിൽ സൃഷ്ടിച്ച കൊടുങ്കാറ്റ് ചരിത്ര പ്രസിദ്ധമാണ്. അവരുടെ തീർത്ഥനായിരുന്ന അയ്യങ്കാളിയാകട്ടെ അധ:സ്ഥിത ജനവിഭാഗങ്ങളിൽ ആത്മാഭിമാനത്തിന്റെ തിരികൊളുത്തി അദ്ദേഹം സ്വയം ഒരു തീപ്പന്തമായി അയിത്തത്തിന്റെ ആവിർഭാ വകേന്ദ്രങ്ങളിലും സാമൂഹ്യസമത്വത്തിന്റെ ആവാസ കേന്ദ്രങ്ങളിലും ജൈത്രയാത്ര നടത്തി. പൊതുവഴി കളിലൂടെ സഞ്ചരിക്കാനും, പൊതുവിദ്യാലയങ്ങളിൽ ചേർന്നുപഠിക്കാനും അധ:സ്ഥിത ജനവിഭാഗങ്ങൾക്ക് സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടതിനെതിരെ ഈ നൂറ്റാ ണ്ടിന്റെ ആരംഭത്തിൽ അയ്യങ്കാളിയും സംഘവും അട രാടിയത് നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ പോലും ശ്രദ്ധപിടിച്ചുപറ്റുന്നതായിരുന്നു. ഇതൊക്കെ യാണ് കേരളത്തിൽ ദേശീയപ്രസ്ഥാനം ആദ്യകാല ങ്ങളിൽ അനുഭവങ്ങളുടെ വെളിച്ചത്തിൽ സ്വാംശീക രിച്ചത്.

ദേശീയപ്രസ്ഥാനം സ്വയം സാമൂഹ്യവിപ്ലവ ത്തിന്റെ പടനായകന്മാരായി രംഗത്തിറങ്ങിയത് അതേ തുടർന്നാണ്. അതിലാദ്യത്തെ അങ്കംകുറിക്കാലായി രുന്നു 1921ലെ വൈക്കം സത്യാഗ്രഹം.

ഈ സമരങ്ങളിലെല്ലാം ദേശീയ പ്രസ്ഥാനത്തോ ടൊപ്പം നീങ്ങിയിരുന്നവരിൽ വലിയൊരു വിഭാഗമാണ് കേരളത്തിൽ ഇടതിപക്ഷ പ്രസ്ഥാനങ്ങളിലായി പിന്നീട് രൂപാന്തരപ്പെട്ടത്.

എളവള്ളി പഞ്ചായത്തിലെ ദേശീയപ്രസ്ഥാന ത്തിന്റെ പിന്തുടർച്ചക്കാർക്ക് സംഭവിച്ചത് ആ രൂപപ രിണാമമാണ്. പിന്നീട് കാണകുടിയാർ നിയമത്തിനു വേണ്ടിയുള്ള പ്രക്ഷോഭത്തോടും (1935 – 36) മല ബാർകുടിയായ്മ നിയമം കുടികിടപ്പുക്കാർക്കും പാട്ട



26

കൃഷിക്കാർക്കും ദോഷകരമായ രീതിയിൽ ഭേദഗതി ചെയ്യരുതെന്ന പ്രക്ഷോഭത്തോടുംകൂടി (1958) ആ രൂപ പരിണാമം നമ്മുടെ പഞ്ചായത്തിൽ പൂർത്തിയാക്കു കയും ചെയ്തു. സാമൂഹ്യമായ അസമത്വങ്ങൾക്കും സാമ്പത്തിക അസമത്വങ്ങൾക്കുമെതിരായ സമരങ്ങ ളിലൂടെ സമീപപ്രദേശങ്ങളിലെന്ന പോലെ നമ്മുടെ പഞ്ചായത്തിലും ഇടതുപക്ഷ ജനാധിപത്യപ്രസ്ഥാനം ദൃഢസമ്പമായി. എളവള്ളി പഞ്ചായത്തിന്റെ ഭരണസാ രഥ്യം ഇടതുപക്ഷജനാധിപത്യ മുന്നണി വൻ ഭൂരി പക്ഷം നേടി തുടർന്നുവരുന്നതിനെ അന്തസ്സാരവും അന്തരാർത്ഥവും അതാണ്.

ജാതി – മതവിഭാഗീയതകൾക്കെതിരെ, സാമൂ ഹ്യവും സാമ്പത്തികവുമായ അസമത്വങ്ങൾക്കെ തിരെ, ദേശീയ പ്രസ്ഥാനം മുന്നോട്ടുവെച്ച പ്രസക്ത മായ മുദ്രാവാക്യങ്ങൾ അക്ഷരാർത്ഥത്തിൽ പ്രായോ ഗികമാക്കുക എന്നലക്ഷ്യബോധത്താലാണ് ഇടതു പക്ഷ ജനാധിപത്യപ്രസ്ഥാനം ഇന്നും ചലിച്ചുകൊ ണ്ടിരിക്കുന്നത്. ജാതി – ജന്മി – നാടുവാഴി വ്യവസ്ഥ യാണ്. അസമത്വങ്ങളുടെ പ്രഭവകേന്ദ്രങ്ങളും അടി സ്ഥാനകാരണങ്ങളും. കേരളത്തിൽ കാർഷിക പരി ഷ്ക്കാര നടപടികളുടെ ഫലമായി ജന്മിത്വവ്യവ സ്ഥയും അതിന്റെ സംരക്ഷണവ്യപമായിരുന്ന നാടു വാഴിത്തവും അസ്ഥപ്രഭമായി. സാമൂഹ്യവ്യവസ്ഥയി ലിന്നും അവശേഷിക്കുന്ന ജാതി വ്യവസ്ഥയാകട്ടെ അസ്തവീര്യവുമായിരിക്കുന്നു. കേരളത്തിൽ ഇതൊക്കെ സംജാതമായതിന്റെ മുൻപ്രേരകശക്തി മാത്രമല്ല, സംജാതമാക്കിയ മുഖ്യപ്രഹരശേഷിയും ഇടതുപക്ഷജനാധിപത്യപ്രസ്ഥാനമാണെന്ന വസ്തു തകൾ നിഷേധിക്കാനാവില്ല.

എളവള്ളി പഞ്ചായത്തിലെ സാമൂഹ്യ – സാമ്പ ത്തിക മണ്ഡലങ്ങളിലുണ്ടായിട്ടുള്ള ഈ പരിവർത്ത നങ്ങൾക്കെല്ലാം നേതൃത്വം നൽകുകയും ഈ പരി വർത്തനങ്ങൾക്ക് എല്ലാതടസ്സങ്ങളും തട്ടിനീക്കി വഴി യൊരുക്കുകയും ചെയ്തവരാണ് നമ്മുടെ മഹാരഥ ന്മാരായ പൂർവ്വീകരും, അവരുടെ അനന്തരതലമുറ ക്കാരും. ജനകീയാസൂത്രണത്തിന്റെയും, ജനപങ്കാളി ത്തത്തോടുകൂടിയ പദ്ധതി നിർവ്വഹണത്തിന്റേയും പ്രയോക്താക്കളാണ് നമ്മുടെ പൂർവ്വീകരെന്ന് ഈ റിപ്പോർട്ടിന്റെ ആമുഖത്തിൽ പ്രസ്താവിച്ചത്. ആല ങ്കാരികമായിട്ടല്ല, അതൊരു സത്യാന്മകമായ വസ്തു തയായതു കൊണ്ടു മാത്രമാണ്.

ജനാധിപത്യ പ്രസ്ഥാനം ഒറ്റക്കുനിർവ്വഹിക്കേ ണ്ടൊരു ദൗത്യമല്ല ജനകീയാസൂത്രണവും ജനപങ്കാ ളിത്തത്തോടുകൂടിയ പദ്ധതി നിർവ്വാഹണവും. ഈ പ്രക്രിയയിലൂടെ നമ്മുടെ ജാധിപത്യഭരണസ്ഥാപന ങ്ങൾ കൂടുതൽ ജനാധിപത്യവൽക്കരിക്കപ്പെടുന്നു എന്നത് നിസ്സാരകാര്യമായിട്ടെടുത്തുകൂടാ അതോ ടൊപ്പം ഇപ്പോൾ കാലം കൂടാൻ പോകുന്ന എട്ടാം പഞ്ചവത്സരപദ്ധതിവരെ രൂപം കൊണ്ടതും രൂപപ്പെ ടുത്തിയതുമായ ബ്യൂറോക്രാറ്റിക്ക് കമ്മട്ടത്തിലെ കേര ളത്തിലങ്കിലും ഒമ്പതാം പഞ്ചവത്സരപദ്ധതി രൂപപ്പെ ടുന്നതും ജനങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതി നട പ്പിലാക്കുന്നതിലാകട്ടെ സുതാര്യത. സവിശേഷഘട കമാകുന്നു. പദ്ധതി മേലെനിന്ന് അടിച്ചേൽപ്പിക്കലല്ല അടിത്തട്ടിലുള്ളവർ സ്വയം ആവിഷ്ക്കരിച്ച ഏറ്റെ ടുത്ത് നടപ്പാക്കുന്നു. ഈ പ്രക്രിയ വിജയകരമായി ഏറ്റെടുക്കാനുള്ള രാഷ്ട്രീയവിവേകവും പരിപക്വ തയും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ഉണ്ടാ യിരിക്കുന്നു എന്നാണ് പഞ്ചായത്തിന്റെ ചരിത്രവും സാമൂഹ്യ പശ്ചാത്തലവും വ്യക്തമാക്കുന്നത്.

# III

# ഭൂപ്രകൃതി

**സാക്ഷര** കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനമായ തൃശൂരിന്റെ തലകുറിയായ ഗുരുവായൂരിനോട് സമീപം ചേർന്നുള്ള പഞ്ചായത്തുകളിലൊന്നാണ് എളവള്ളി ഗ്രാമപഞ്ചായത്ത്. പാശ്ചാത്യ സംസ്കാരത്തിന്റെ കടന്നു കയറ്റത്തിലും ഗ്രാമീണത കൈവിടാതെ ഒരു നവോഢയെപ്പോലെ നാണം കുണുങ്ങി ഒതുങ്ങി കഴിയുന്ന പ്രദേശമാണ് നമ്മുടേത്. ഒരു പുഴയെന്നവകാശപ്പെടാൻ കഴിയില്ലെങ്കിലും എളവള്ളിയുടെ മാറിലൂടെ കുലംകുത്തി ഒഴുകാറുള്ളവളാണ് മണച്ചാൽ. മണച്ചാലിനോടനുബന്ധിച്ച് കിഴക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്ന കണിയാം തിരുത്തും, വാക പ്രദേശത്തുള്ള കാക്കാതിരുത്തിയും പഞ്ചായത്തിലെ ദ്വീപുകളാണെന്നു പറയാം. ഇതിൽ കാക്കത്തിരുത്തി പുരോഗമനത്തിന്റെ പാതയിലാണെങ്കിലും കണിയാം തിരുത്ത് ഇന്നും ഒരു ദ്വീപിന്റെ മട്ടിൽ വികസനവും പ്രതീക്ഷിച്ച് കിടക്കുന്നു.

പഞ്ചായത്തിന്റെ മൂന്നതിരുകളും തോടിനാലും, പുഴയാലും വേർതിരിക്കപ്പെട്ടിരിക്കുന്നു. കിഴക്ക് ഭാഗം മുക്കോല പുഴയാലും, തെക്ക് ഭാഗം പെരുവല്ലൂർ – ചിറ്റാട്ടുകര തോടിനാലും, പടിഞ്ഞാറ് ഭാഗം പാവറട്ടി കോഴിത്തോടിനാലും വേർതിരിക്കപ്പെട്ടിരിക്കുന്നു. വടക്ക് ഭാഗമാണേൽ കണ്ടാണശ്ശേരി പഞ്ചായത്തിന്റെ അതിരായ കുന്നിൻ പ്രദേശവുമാകുന്നു. ഈ നാല തിരുകൾക്കുള്ളിലായി 16.478 ച.കി.മീ. വ്യാപിച്ചു കിടക്കുന്ന ഭൂപ്രകൃതിയാണ് നമ്മുടെ പഞ്ചായത്തിന്റേത്.

ഭൂപ്രകൃതി അനുസരിച്ച് പ്രകൃതിരമണീയത കനിഞ്ഞനുഗ്രഹിച്ചിരിക്കുന്ന പ്രദേശങ്ങളാണ് 4ാം വാർഡിലെ ചേലൂർകുന്നും, മൂന്നാം വാർഡിലെ എ.കെ.ജി.നഗറും. സന്ധ്യാസമയങ്ങളിൽ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന ഈ പ്രദേശങ്ങളിൽ നിന്നുള്ള കാഴ്ച ചേതോമനോഹരമാണ്. ചേലൂർ കുന്നിൽ നിലവിലുള്ള മിനിപാർക്ക് ഈ മനോഹാരിതയുടെ മാറ്റ് കൂട്ടുന്നു. വയലേലകൾ പച്ചപ്പണിഞ്ഞു നിൽക്കുന്ന കാലങ്ങളിലെ കാഴ്ചആരേയും ആസൂയപ്പെടുത്തുന്നതാണ്.

ഉയർന്ന കുന്നുകളും, ചെറുചെരിവും, സമതലവും, തീര സമതലവും, ചെറുപുഴയും എന്ന മേഖലകളിലായി എളവള്ളിയുടെ ഭൂപ്രകൃതിയെ തരം തിരിക്കാം. ഇതിൽ നല്ലൊരു ഭാഗം കാർഷിക ജോലിക്കായി ഉപയോഗിക്കുന്നു. തന്നെയുല്ല 1/4 ഭാഗം ഉയർന്ന കുന്നിൻ പ്രദേശവും, 1/8 ഭാഗം ചെറു ചെരിവും, 1/8 ഭാഗം ജലാശയവും, 1/2 സമതലപ്രദേശവും ആകുന്നു. ഈ സ്ഥലങ്ങളിൽ അധികവും തെങ്ങ്, കവുങ്ങ്, കശുമാവ്, വാഴ, നെൽകൃഷി എന്നിവ ചെയ്തുവരുന്നു.

കൃഷി അദ്ധ്യായത്തിലെ ഒന്നും രണ്ടും പട്ടികകളിൽനിന്ന് എളവള്ളി ഗ്രാമപഞ്ചായത്തിലെ വിവിധ വിളകളുടെ വിവരം ലഭിക്കും. അതിനു പുറമെ കടപ്ലാവ്, അയിനി, പൂള, തേക്ക്, പ്ലാശ്, പൂമരം, പുളി, മുരുക്ക്, ആര്യവേപ്പ്, ഞാവൽ, കരിമ്പ, നാരകം, ആഞ്ഞ, വെട്ടി, മുള്ളൻ കൈനി, നെല്ലി, കുടംപുളി, ബദാം, പൊടി അയിനി, ഏഴിലംപാല, അലറി, മഞ്ചാടി, കര, ഉങ്ങ്, കാഞ്ഞിരം എന്നിങ്ങനെ വിവിധ തരം ഫലവൃക്ഷങ്ങളും, വള്ളിപ്പാല, നീലമരി, തോമ

രായം, കുറുന്തോട്ടി, കൂവളം, അരിനെല്ലി, കുരുനെച്ചി, എരുക്ക്, പെരു, തുളസി, കറിവേപ്പ്, ഉങ്ങ്, വയൽപുളി, മലന്തകര, ബ്ലത്തിക്കപ്പ, വെളുത്തതും ചുവന്നതുമായ അമൽപ്പൊരി, കമ്പിപ്പാല, കുന്ന, നായ്കൊരണ, ആട ലോടകം, വാതക്കൊല്ലി, ഇടിഞ്ഞൽ, കറ്റുവാഴ, നായ്ക രിമ്പ്, കടലാടി, കരിങ്കറുത്തി, ചെറുനാരകം, ഗ്രാമ്പൂ, ജാതി തുടങ്ങിയ ഔഷധച്ചെടികളും ഇഞ്ചി, മഞ്ഞൾ, കപ്പ, കയ്പക്ക, വെണ്ടക്ക, ഇരുമ്പൻപുളി, കറിവേപ്പ്, സുക്രുമാണി, ചേമ്പ്, ചൊറിയൻചേമ്പ്, മധുരചേമ്പ്, പച്ചമുളക്, കുമ്പളം, മത്തൻ, തുവരപ്പയർ തുടങ്ങിയ പച്ചക്കറികളും, നേന്ത്രവാഴ ഉൾപ്പെടെ വിവിധ തര ത്തിലുള്ള വാഴകളും, ആഞ്ഞ, ലൂവിക്ക, വെണ്ണപ്പഴം, സീതാപ്പഴം, ചെറി, സബ്ബൂസ്, ചമ്പകം, കൊന്ന, മന്ദാരം, മഞ്ഞ അരളി, പിച്ചകം, വള്ളിമുല്ല, ഗന്ധർവ്വ രാജൻ, പാരിജാതം, കനകാമ്പരം, മാങ്ങാനാറി, സൂര്യ കാന്തി, കോഴിവാലൻ, ചെത്തി, ചെമ്പരത്തി, രാജമല്ലി തുടങ്ങിയ അലങ്കാര പുഷ്പചെടികളും, പലതരം കാട്ടുചെടികളും, വള്ളികളും, ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി വളരുന്നുണ്ട്. പഞ്ചായത്തിന്റെ തെക്കുവടക്കും, കിഴക്കുപടിഞ്ഞാറും ജനകീയാസൂ ത്രണസമിതി പ്രവർത്തകർ നടന്നപ്പോൾ കണ്ട കാഴ്ച കളാണ് ഇതിന്നവലംബം.

## ജന പ്രകൃതി

1991 ലെ സെൻസസ് കണക്കുകൾ പ്രകാരം എള വള്ളിയിലെ ജനസംഖ്യ 24757 ആയിരുന്നു. ഇതിൽ 12199 പുരുഷന്മാരും 12558 സ്ത്രീകളുമാണ്. പുരുഷ ന്മാരെ അപേക്ഷിച്ച് 359 സ്ത്രീകൾ കൂടുതലാണ്. പട്ടി കജാതി അംഗസംഖ്യ 2108 ആണ്. വിദ്യാഭ്യാസരം ഗത്ത് പൊതുവെ നല്ല നിലവാരം പുലർത്തുന്നു. വിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ പുരോഗമനം ഉണ്ടെങ്കിലും പഠനനിലവാരം ഇനിയും ഉയർത്തിക്കൊ ണ്ടുവരേണ്ടതായുണ്ട്. ജനസംഖ്യയിൽ പകുതിയിലേ റെപേർ കാർഷിക രംഗത്താണെങ്കിലും ഈയിടെ ആ രംഗത്ത് മുരടിപ്പ് കാണുന്നു. കാർഷിക മേഖലയിൽ നിന്നും മറ്റ് തൊഴിൽ മേഖലകളിലേക്കുള്ള കടന്നു കയറ്റം പ്രകടമായി കാണുവാൻ കഴിയുന്നു. ജീവിത നിലവാരത്തിന്റെ കാര്യത്തിൽ സമീപ പഞ്ചായത്തു കളെ അപേക്ഷിച്ച് ഉയർന്ന അവസ്ഥയാണ്. ഗ്രാമീ ണരാണെങ്കിൽ പോലും അനിവാര്യമായ മാറ്റം ഈ വിഭാഗങ്ങളിൽ പ്രത്യക്ഷമാകുന്നുണ്ട്. പുത്തൻ മേച്ചിൽ പുറങ്ങൾ തേടിയുള്ള നെട്ടോട്ടത്തിനിടയിൽ ഇനിയെന്തെല്ലാം നഷ്ടപ്പെടാനുണ്ടെന്ന് നമുക്ക് ഊഹിക്കുവാൻ പോലും കഴിഞ്ഞില്ല. എന്നിരുന്നാലും ഒരു നാൾ, കാലംതന്നെ, നമ്മെ ഒരിക്കൽകൂടി എല്ലാം ഓർമ്മിപ്പിക്കുമെന്ന കാര്യത്തിൽ തർക്കമില്ല.

## ജലപ്രകൃതി

ഈ പഞ്ചായത്തിന്റെ മൂന്ന് അതിരുകളും ജല സ്രോതസ്സുകളാൽ അനുഗ്രഹീതമാണെങ്കിലും വേനൽ കാലങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവ പ്പെടാറുണ്ട്. ജൂൺ, ജൂലായ് മാസങ്ങളിൽ പഞ്ചായ ത്തിലെ വയലേലകളും പുഴകളുമെല്ലാം നിറഞ്ഞു കവിയാറുണ്ടെങ്കിലും ജനുവരി, ഫെബ്രവരി മാസങ്ങ ളിൽ ഒട്ടുമിക്ക വാർഡുകളിലും വെള്ളം വിതരണം ചെയ്യേണ്ട അവസ്ഥയാണ് നിലനിൽക്കുന്നത്. പഞ്ചാ യത്ത് വകകുളങ്ങളും, ക്ഷേത്രകുളങ്ങളും വെള്ളം കെട്ടിനിൽക്കുന്ന ചിറകളും ഒരളവുവരെ നമ്മുടെ പഞ്ചായത്തിന് ഗുണകരമാണ്. എന്നിരുന്നാലും ഏപ്രിൽ, മെയ് മാസങ്ങളിലെ അതിരൂക്ഷമായ ജല ക്ഷാമം എങ്ങിനെ ശാശ്വതമായി പരിഹരിക്കാൻ കഴി യുമെന്നത് ഇന്നും ചോദ്യ ചിഹ്നമായി അവശേഷിക്കുന്നു.



# IV.1

# കൃഷി - ജലസേചനം

പ്രകൃതിദത്തമായൊരു കാർഷികമേഖലയാണ് എളവള്ളി ഗ്രാമപഞ്ചായത്ത്. സഹ്യ പർവ്വത നിരകൾക്കും, അറബിക്കടലിനുമിടക്കുള്ള ഇട നാട്ടിലാണ് ഇതിന്റെ കിടപ്പ്. കിഴക്ക് വടക്കാഞ്ചേരി പുഴയെന്നും, പ്രദേശികമായി തോളൂർ പുഴയെന്നും വിളിച്ചു വരുന്ന ജല സമൃദ്ധമായ പുഴയോരം വരെയാണ് എളവള്ളി പഞ്ചായത്തിന്റെ വ്യാപ്തി. പഴയ കേരളീയ ഗ്രാമങ്ങളുടെ തനിമയും വിശുദ്ധിയും അകൃത്രിമ സൗന്ദര്യവും ഇന്ന് ഈ കാർഷിക ഗ്രാമപഞ്ചായത്ത് കാത്തു സൂക്ഷിക്കുന്നു.

## നാളികേരവും നെല്ലും

കേരകൃഷിക്കും നെൽകൃഷിക്കും തുല്യ പ്രധാന്യവും നിലനിർത്തിപോരുന്ന ഒരു ഗ്രാമപഞ്ചായത്തുകളിലൊന്നാണിത്. ഒട്ടാകെ ഭൂ വിസ്തൃതി 1549 ഹെക്ടർ വരും. അതിൽ 914 ഹെക്ടർ പാടശേഖരങ്ങളാണ്. 536 ഹെക്ടർ തെങ്ങ്, കവുങ്ങ്, മാവ്, കശുമാവ്, പ്ലാവ് തുടങ്ങിയ വിവിധ സസ്യജാലങ്ങളടങ്ങിയ കര പ്രദേശങ്ങളാണ്. 99 ഹെക്ടർ തിരിശു ഭൂമിയും.

കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടക്ക് നാളികേരമുൾപ്പെടെ നാണ്യവിളകൾ കൃഷിചെയ്യുന്ന ഭൂവിസ്തൃതി ക്രമേണ വർദ്ധിക്കുകയും, പാടശേഖരങ്ങളുടെ വ്യാപ്തി കുറഞ്ഞുവരികയും ചെയ്യുന്ന പ്രവണതയാണല്ലോ കേരളത്തിൽ പൊതുവെ കണ്ടു വരുന്നത്. എളവള്ളി ഗ്രാമപഞ്ചായത്തിലും ആ പ്രവണത പ്രകടമാണ്. പഞ്ചായത്തിലെ കോട്ടപ്പാടം, കളാരപ്പാടം, വായക്കാടി പാടം, പൂതാളിപ്പാടം എന്നീ പഴയ പാടശേഖരങ്ങളും. പാവറട്ടി - എളവള്ളി ഗ്രാമ പഞ്ചായത്തുകളിൽ വ്യാപിച്ചു കിടന്നിരുന്ന അതി വിസ്തൃത വിളക്കാട്ടുപാടവും ഇതിനകം തെങ്ങിൻ തോപ്പുകളും പുരയിടങ്ങളുമായി രൂപാന്തരപ്പെട്ടു കഴിഞ്ഞു. എളവള്ളി ഗ്രാമപഞ്ചായത്തിലെ നെല്ലറകളെന്ന് വിളിച്ചിരുന്ന കിഴക്കൻ പാടശേഖരങ്ങളിലേക്കുപോലും ആ പ്രവണത സാവകാശം വ്യാപിച്ചുകൊണ്ടിരിക്കുകയാണ്.

* മേൽചേർത്ത 9 പാടശേഖരങ്ങളിൽ 8 ഉം എളവള്ളി ഗ്രാമപഞ്ചായത്തിലെ നെല്ലറയെന്നു വിളിക്കുന്ന പറക്കാട്, വാക, എളവള്ളി എന്നീ മൂന്നു വാർഡുകളിൽ പെടുന്നവയാണ്. ഒമ്പതാമത്തേതും ഏറ്റവും ചെറുതുമായ കാക്കശ്ശേരി പാടശേഖരം പണ്ടാറക്കാട്, താമരപ്പിള്ളി എന്നീ വാർഡുകളിൽ ചിറ്റാട്ടുകര തോടിന് ഇരുപുറത്തായി അവശേഷിക്കുന്നു.

ഈ 9 പാടശേഖരങ്ങളിലും തെങ്ങിൻ തോപ്പുകളും പുരയിടങ്ങളുമായി പരിണമിച്ച പഴയ പാടശേഖരങ്ങളിൽ ഒറ്റപ്പെട്ടവ ശേഷിക്കുന്ന നെൽപാടങ്ങളിലും ഉൾപ്പെടെ മൊത്തം 705 ഹെക്ടർ സ്ഥലത്താണ് ഇപ്പോൾ യഥാർത്ഥത്തിൽ നെൽകൃഷി നടത്തുന്നത്. അതിൽതന്നെ 250 ഹെക്ടറിലേ ഒന്നാം വിള അഥവാ വിരിപ്പുകൃഷി നടത്തുന്നുള്ളു. വിരിപ്പ്, മുണ്ടകൻ, പുഞ്ച എന്നീ വിളകളിലായി എളവള്ളി ഗ്രാമപഞ്ചായത്തിലെ ഒരു വർഷത്തെ നെല്ലുൽപാദനം 3770 ടണ്ണാണ്.



30

പട്ടിക 1

* വിള വിസ്തീർണ്ണവും ഉൽപാദനവും

| | വിസ്തീർണ്ണം ഹെക്ടർ | ഉല്പാദനം ടൺ | ഉല്പാദനക്ഷമത ടൺ |
|---|---|---|---|
| നെല്ല് ഒന്നാം വിള | 250 | 950 | 3.8 |
| രണ്ടാം വിള | 600 | 2400 | 4 |
| മൂന്നാം വിള | 105 | 420 | 4 |
| വാഴ | 28 | 406 | 4.5 |
| മാവ് | 6 | 27 | 4.5 |
| പ്ലാവ് | 1.5 | 5 | 3.2 |
| തെങ്ങ് | 560 | 44 ലക്ഷം നാളികേരം | 45 തെങ്ങൊന്നിന് |
| പയർ | 8 | 5.8 | 7.20 കി. ഗ്രാം. |
| എള്ള് | 3.5 | 900 | 260 ,, |
| പച്ചക്കറി | 7 | 13 | 175 ,, |
| മരച്ചീനി | 14 | 216 | 15.4 ,, |
| കശുമാവ് | 14 | 6.4 | 455 ,, |
| കുരുമുളക് | 13 | 2050 കി. ഗ്രാം. | 154 ,, |
| കവുങ്ങ് | 70 | 15 ലക്ഷം അടക്ക | 21300 ഹെക്ടറിന് |

പട്ടിക 2

| നിലവിലുള്ള പാടശേഖരങ്ങൾ | നെൽകൃഷി (വിസ്തീർണ്ണം) |
|---|---|
| 1. കണിയാം തുരുത്ത് | 60 ഹെക്ടർ |
| 2. കുറ്റിക്കാട് | 40 ,, |
| 3. ചുണ്ടാറായി | 40 ,, |
| 4. കോക്കൂർ | 50 ,, |
| 5. കുണ്ടുപാടം | 100 ,, |
| 6. ചെമ്മങ്ങാട് | 80 ,, |
| 7. കാക്കതിരുത്തി | 140 ,, |
| 8. ബാരാലായി | 26 ,, |
| 9. കാക്കശ്ശേരി | 17.5 ,, |

## തെങ്ങ് കൃഷി

പഞ്ചായത്തിലെ 10 വാർഡുകളിലും തെങ്ങ് കൃഷി നടത്തുന്നുണ്ട്. മൊത്തം 560 ഹെക്ടറാണ് ഭൂവിസ്തൃതി. 44 ലക്ഷം നാളികേരമാണ് വാർഷികോൽപാദനം. കുമ്പുചീയൽ, കൊമ്പൻചെല്ലികുത്ത്, ചെന്നീരൊലിപ്പ് തുടങ്ങിയ രോഗങ്ങൾ ചെറിയ തോതിൽ തെങ്ങുകളെ ബാധിക്കുന്നുണ്ട്. എന്നാൽ തെക്കൻ കേരളത്തിൽ അനുഭവപ്പെടുന്ന കാറ്റുവീഴ്ച ഈ പ്രദേശത്തെ തെങ്ങുകളെ അലട്ടുന്നില്ല. ശരാശരി 45 നാളികേരമാണ് വർഷത്തിൽ തെങ്ങൊന്നിന് ലഭിക്കുന്നത്. സംസ്ഥാന ശരാശരിയേക്കാൾ 5 % ഇത് അധികമാണെങ്കിലും എളവള്ളി ഗ്രാമപഞ്ചായത്തിലെ കാർഷികോൽപാദനത്തിന്റെ മേനി അഥവാ ഉൽപാ

പട്ടിക 3

തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വിസ്തീർണ്ണം | തെങ്ങ് എണ്ണം | | | രോഗം ബാധിച്ച തെങ്ങ് | | |
|---|---|---|---|---|---|---|---|
| | | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | ലീഫ്റോട്ട് | ബഡ്റൂട്ട് | സ്നംബ്ലീഡിങ്ങ് |
| 1 | 60 | 4307 | 12921 | 17228 | 9 | 31 | 5 |
| 2 | 42 | 2326 | 6978 | 9304 | 12 | – | – |
| 3 | 51 | 3058 | 9173 | 12238 | 11 | 12 | 2 |
| 4 | 61 | 7256 | 4314 | 12942 | – | 14 | 7 |
| 5 | 80 | 4858 | 14574 | 19472 | 8 | 9 | – |
| 6 | 62 | 4336 | 13007 | 17343 | – | 15 | - |
| 7 | 56 | 3536 | 10607 | 14143 | – | 6 | 2 |
| 8 | 58 | 3689 | 11064 | 14753 | – | 8 | 5 |
| 9 | 44 | 2743 | 8228 | 10971 | – | 7 | – |
| 10 | 46 | 3100 | 9280 | 12380 | – | 16 | 7 |

ദന ക്ഷമത വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതയുണ്ട്. പൂർണ്ണമായും ജലസേചന യോഗ്യമാക്കാൻ കഴിഞ്ഞില്ലെങ്കിലും ആണ്ടറുതിയിൽ ഒരടി നനവെങ്കിലും കരഭൂമികൾക്കുണ്ടായാൽ തെങ്ങൊന്നിന് പതിനഞ്ചോ ഇരുപതോ നാളികേരം വർഷം പ്രതി അധികോൽപാദനമുണ്ടാകും.

## ഉത്തരമർഹിക്കുന്ന ചോദ്യങ്ങൾ

മേൽ ചേർത്ത ആധികാരികവും അടിസ്ഥാനപരവുമായ വിവരങ്ങളിൽ നിന്നാണ് അടുത്ത അഞ്ചു വർഷത്തിനകം നമ്മുടെ ഗ്രാമപഞ്ചായത്തിലെ സമഗ്രകൃഷിവികസനത്തിനാവശ്യമായ കുറിമാനങ്ങൾ തികഞ്ഞ യാഥാർത്ഥ്യ ബോധത്തോടെ മിനഞ്ഞെടുക്കേണ്ടത്. അക്കാര്യത്തിൽ ആകാശക്കോട്ടകളൊന്നും നാം കെട്ടേണ്ടതില്ല.

1. നമ്മുടെ ഗ്രാമപഞ്ചായത്തിലെ നെല്ലുൽപാദനം ഇപ്പോൾ നെൽകൃഷി നടത്തുന്ന ഭൂ വിസ്തൃതിക്കകത്തു നിന്നുകൊണ്ടു തന്നെ നിലവിലുള്ള 3770 ടണ്ണിൽനിന്ന് 5000 ടണ്ണായി വർദ്ധിപ്പിക്കാൻ കഴിയുമോ?

2. തെങ്ങുകൃഷി നടത്തുന്ന ഭൂ വിസ്തൃതി വർദ്ധിപ്പിക്കാതെ നിലവിലുള്ള 108744 കായ്ക്കുന്ന തെങ്ങുകളിൽനിന്നും ലഭിക്കുന്ന 44 ലക്ഷം നാളികേരത്തിന്റെ സ്ഥാനത്ത് വർഷത്തിൽ 60 ലക്ഷമായി വർദ്ധിപ്പിക്കാൻ കഴിയുമോ?

3. നമ്മുടെ ഗ്രാമ പഞ്ചായത്തിലെ 6309 പുരയിടങ്ങളിൽ 4000 പുരയിടങ്ങളിലെങ്കിലും പച്ചക്കറികൃഷി വ്യാപിപ്പിച്ച് നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കുടുംബങ്ങൾക്കും ഒരു പരിധിവരെയെങ്കിലും പച്ചക്കറിയുടെ കാര്യത്തിൽ സ്വാശ്രയരാകാൻ സാധിക്കുമോ?

4. മുൻ കാലങ്ങളിൽ നമ്മുടെ പൂർവ്വീകന്മാർ വീഴ്ചയന്യേ തുടർന്നു വന്നിരുന്ന മദ്ധ്യവേനൽ പച്ചക്കറി കൃഷി നമ്മുടെ പഞ്ചായത്തിൽ പുനരാരംഭിക്കുവാൻ കഴിയുമോ?

5. കുരുമുളക്, കശുമാവ്, കവുങ്ങ്, മരച്ചീനി കൃഷി

കൾ ഇന്നത്തേതിലും കൂടുതൽ നമ്മുടെ പഞ്ചായത്തിൽ വികസിപ്പിക്കാൻ കഴിയുമോ?

6. നമ്മുടെ പുരയിടങ്ങളിൽ മാവ്, പ്ലാവ് തുടങ്ങിയ ഫലവൃക്ഷങ്ങൾ ഇന്നുള്ളതിൽ കൂടുതൽ നട്ടുവളർത്താൻ നാം ശ്രദ്ധിക്കുമോ?

7. വിറകിന്റേയും, പച്ചിലവളങ്ങളുടെയും ആവശ്യത്തിലേക്കായി നമ്മുടെ തുണ്ടുഭൂമികളുടെ അതിരുകളിൽ കര, മട്ടി തുടങ്ങി വിവിധതരം പാഴ് മരങ്ങൾ വച്ചുപിടിപ്പിക്കുമോ?

8. അലങ്കാര പുഷ്പകൃഷി, കൂൺകൃഷി, പട്ടുനൂൽപുഴു വളർത്തൽ കാലോചിതം നാം ശ്രദ്ധാലുക്കളാകുമോ?

മുകളിൽ പറഞ്ഞ എല്ലാറ്റിലും നാം പ്രതിബദ്ധരും പ്രതിജ്ഞാബദ്ധരുമാവുകയും അതിനനുസൃതമാം വിധം സമഗ്രമായൊരു കാർഷിക വികസന തന്ത്രം ആവിഷ്ക്കരിക്കുകയും, ഫലപ്രദമായി അത് പ്രായോഗികമാക്കുകയുമാണ് ജനകീയ ആസൂത്രണ പ്രക്രിയയിലൂടെ 9 – ാം പഞ്ചവത്സര പദ്ധതിയിൽ നാം ഏറ്റെടുക്കേണ്ട ദൗത്യം. ഇതത്ര സുഗമമോ, സുലളിതമോ അല്ല. എന്നാലും 9 ാം പഞ്ചവത്സരപദ്ധതിയുടെ സംപ്രാപ്തിവരെ ആ ദൗത്യനിർവ്വഹണവുമായി നാം ഒഴുകിയേ മതിയാകൂ.

## കൃഷിഭവൻ

1987 മുതൽ എളവള്ളി ഗ്രാമപഞ്ചായത്തിലും കൃഷിവകുപ്പിന്റെ ഗ്രാമതല കേന്ദ്രമായ കൃഷിഭവൻ പ്രവർത്തിക്കുന്നുണ്ട്. പാടശേഖര സമിതികളുമായും, കേരള സർക്കാരുമായും നമ്മുടെ പഞ്ചായത്തിലെ 10 വാർഡുകളിലെ വിവിധതരത്തിലുള്ള കൃഷിക്കാരുമായും കൃഷിഭവൻ ബന്ധപ്പെടുന്നുണ്ട്. എന്നാലും നമ്മുടെ പഞ്ചായത്തിലെ മണ്ണും മനുഷ്യരുമായി പൂർണ്ണമായും ഇഴുകിചേരുന്ന പരുവത്തിലേക്ക് കൃഷിഭവന്റെ പ്രവർത്തനം ഇനിയും സേവനസമഗ്രമാകേണ്ടിയിരിക്കുന്നു. ബ്യൂറോക്രാറ്റിക് ശൈലിയിൽനിന്ന് അത് നിസ്വാർത്ഥമായ ജനസേവന രീതിയിലേക്ക് വരേണ്ടിയിരിക്കുന്നു. കൃഷിക്കാരുടെ പരമ്പരാഗത നാട്ടറിവുകളും ആധുനിക കൃഷി ശാസ്ത്രസംബന്ധിയായ വിജ്ഞാനവും സമന്വയിപ്പിക്കുന്ന പ്രവർത്തന കേന്ദ്രമായി അത് പരിണമിക്കേണ്ടിയിരിക്കുന്നു.

നെല്ലുൽപാദനവർദ്ധനവിനായി സംഘകൃഷി അഥവാ ഗ്രൂപ്പ് ഫാമിങ്ങ് എന്ന കർഷകൂട്ടായ്മയുടെ സംഘാടനത്തിന്നാണ് എല്ലാ പഞ്ചായത്തുകളിലും കൃഷിഭവനുകൾ ആരംഭിച്ചത്. നെൽകൃഷിയുടെ അഭിവൃദ്ധി മാത്രമല്ല, മറ്റെല്ലാ കാർഷികവൃത്തിയുടെയും കൂട്ടായ്മ അക്കാലത്ത് വിഭാവനം ചെയ്തിരുന്നു. നമ്മുടെ പഞ്ചായത്തിൽ വാർഡുതലങ്ങളിൽ ഉയർന്നുവന്ന കേരകൃഷി വികസന സമിതികൾ അതിന്റെ തുടക്കം കുറിക്കലായിരുന്നു. നിർഭാഗ്യകരമെന്നു പറയട്ടെ 91 നുശേഷം വാർഡുതല കേരകർഷക വികസന സമിതികൾ നിസ്തേജസമായി. പകരം പഞ്ചായത്ത്തലത്തിൽ ഒരു സമിതി മാത്രമായി. ഈ സമിതിയും കൃഷിഭവനുമായിട്ടുള്ള ബന്ധമാകട്ടെ പണ്ടുകാലത്തിവിടെ നിലനിന്നിരുന്ന തീണ്ടാപ്പാടകലത്തിലുള്ളതുമായി. തെങ്ങുകൃഷിക്ക് പ്രാമുഖ്യമുള്ള നമ്മുടേതുപോലുള്ള പഞ്ചായത്തുകളിൽ കേരകൃഷിവികസനത്തെയും ഉൽപാദനക്ഷമതയേയും ത്വരിപ്പിക്കുന്നതിന് വാർഡിലെ കേരകൃഷി വികസന സമിതികൾ തന്നെയാണ് കർമ്മനിരതമായി പ്രവർത്തിക്കേണ്ടത്.

## ജലസേചനം

എന്തെല്ലാം സൗകര്യങ്ങളും, സാഹചര്യങ്ങളും ഒത്തിണങ്ങിയാലും ജലലഭ്യതയും, ജലനിർഗ്ഗമന – ജലസേചനസാദ്ധ്യതയുമാണ് കൃഷി അഭിവൃദ്ധിപ്പെടുന്നതിനുള്ള അടിസ്ഥാന ഘടകം. വർഷംപ്രതി ലഭിക്കുന്ന രണ്ടു കാലവർഷങ്ങളെ ആശ്രയിച്ചാണ് എളവള്ളി ഗ്രാമപഞ്ചായത്തിലെ കാർഷിക പ്രവർത്തനങ്ങൾ ചലനാത്മകമാവുന്നത്.

1960 ൽ തോളൂർപ്പുഴയിൽ പുതുക്കിപ്പണിത മുക്കോല ചീർപ്പും, കഴിഞ്ഞ രണ്ടു ദശകങ്ങൾക്കിടയിൽ മുല്ലശ്ശേരി ബ്ലോക്കിന്റെയും, ചെറുകിട ജലസേചന വകുപ്പിന്റെയും കാരുണ്യത്തിൽ ചിറ്റാട്ടുകര തോട്, മണച്ചാൽ, തോളൂർപുഴ, പുറംതറ, കോലാരി, കോരാത, കോട്ടതോട് എന്നിവിടങ്ങളിൽ കെട്ടിയ ഏതാനും ഇടത്തരവും ചെറുതുമായ ചീർപ്പുകളും ഇടക്കെട്ടുകളുമാണ് ഈ പഞ്ചായത്തിൽ നിലവിലുള്ള ജലനിർഗ്ഗമന – ജലസേചന സൗകര്യങ്ങൾ. പുതു



33

തായൊരു ചീർപ്പ് ഈ വർഷം ചെറുകിട ജലസേചന വകുപ്പ് പണിയാനുള്ള ഒരുക്കങ്ങളിലാണെന്നും അറിവായിട്ടുണ്ട്.

തോളൂർപുഴയിലെ മൂക്കോല ചീർപ്പ് (അതാണ് ഈ പഞ്ചായത്തിലെ ഏറ്റവും വലിയ കെട്ടും, ജലസേചനത്തിന്റെ നടുക്കുറ്റിയും) ശാപമോക്ഷം കാത്തിരിപ്പാണ്. ചിറ്റാട്ടുകര തോടിലെ കണ്ടപ്പൻ ചീർപ്പും പുതുക്കി പണിയേണ്ട അവസ്ഥയിലാണ്. ബ്രഹ്മക്കുളം ചീർപ്പിന്റെ പടിഞ്ഞാറുവശത്തെ കോൺക്രീറ്റ് ഭിത്തി തകർന്നിരിക്കുന്നു. ഉദ്ദേശം ഇരുപതോളം വരുന്ന ചെറുതും ഇടത്തരവുമായ ചീർപ്പുകൾക്കും ഇടക്കെട്ടുകൾക്കും അറ്റകുറ്റ പണികളാവശ്യമാണ്.

മുൻ പഞ്ചവത്സര പദ്ധതികൾ നിർമ്മിച്ച് പ്രവർത്തനക്ഷമമായ ഏതെങ്കിലും ഒരു വൻകിട ജലസേചന പദ്ധതി എളവള്ളി ഗ്രാമപഞ്ചായത്തിനെ സമാശ്ലേഷിക്കുന്നില്ല. പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ജലനിർഗ്ഗമനത്തിനും ജലസേചനത്തിനും പ്രകൃതിദത്തമായി നിലവിലുണ്ടായിരുന്ന അരുവികളും, കൈത്തോടുകളും, ചെറിയതോടുകളും, ചാലുകളും പലപല കാരണങ്ങളാൽ കാലാന്തരത്തിൽ അടഞ്ഞു പോയിരിക്കുന്നു; തൂർന്നു പോയിരിക്കുന്നു; തൂർത്തിരിക്കുന്നു. പഞ്ചായത്തിന്റെ തെക്കെ അറ്റത്തു പൂവ്വത്തൂർ വാർഡിന്റെ പടിഞ്ഞാറൻ ഭാഗങ്ങളിൽ ഉപ്പുവെള്ളത്തിന്റെ ഭീഷണിമൂലം ജനങ്ങൾ ശുദ്ധജലത്തിന് പ്രയാസപ്പെടുന്നു. വേനലിന്റെ ആദ്യ പകുതി തീരുന്നതിനു മുൻപേ പഞ്ചായത്തിലെ പത്തു വാർഡുകളിലും കുടിവെള്ളക്ഷാമം പതിവായി ആരംഭിക്കുന്നു.

ഏറെ ദുഃഖകരമായ വസ്തുത മൂന്നു ഭാഗവും വെള്ളത്താൽ ചുറ്റപ്പെട്ട എളവള്ളി പഞ്ചായത്തിൽ നെൽകൃഷിക്കും കേരകൃഷിക്കും സഹായകരമായ ജലസേചന – ജലനിർഗ്ഗമന സൗകര്യങ്ങളെ കൂട്ടിയിണക്കാൻ നാളിതുവരെ കഴിഞ്ഞില്ല എന്നതാണ്. ശുദ്ധജലക്ഷാമവും അതിന്റെ പരിണതഫലമത്രെ. മൂക്കോല ചീർപ്പിന്റെ പുനർനിർമ്മാണം, ചിറ്റാട്ടുകര തോടും, മണച്ചാലും, തോളൂർപുഴയുമായി ബന്ധപ്പെട്ട മറ്റ് തോടുകളും പരസ്പരം ബന്ധിപ്പിക്കൽ, പഴയ വിളക്കാട്ടു പാടത്തിന്റെ നടുവിലൂടെ എളവള്ളി പഞ്ചായത്തിന്റെ അതിരിലൂടെ – തെക്കോട്ടൊഴുകി പുതിയ കെ.എൽ.ഡി.സി. കനാലിൽ പതിക്കുന്ന തോടിന്റെ വികസനം എന്നീ ആവശ്യങ്ങൾ കൃഷിക്കാരും കർഷകസംഘങ്ങളും രാഷ്ട്രീയ കക്ഷികളും പലപ്പോഴും സംസ്ഥാന ഭരണാധികാരികളുടെ ശ്രദ്ധയിൽകൊണ്ടു വന്നിട്ടുള്ളതാണ്.

പഞ്ചായത്തിന്റെ കിഴക്കെ അതിരിലൂടെ ഒഴുകുന്ന വലിയ വാഹിനിയായ തോളൂർപുഴ (വടക്കാഞ്ചേരി പുഴ) നമ്മുടെ പഞ്ചായത്തിലെ രണ്ടു ചെറുതോടുകളും മണച്ചാലുമായി ബന്ധപ്പെടുന്നതാണ്.

മണച്ചാലിന്റെ തുടർച്ചയായ പരപ്പുഴയിലാണ് (പുതിയ കെ.എൽ.ഡി.സി. കനാൽ) ചിറ്റാട്ടുകര വലിയതോട് ചെന്നു ചേരുന്നത്. വിളക്കാടുപാടത്തുനിന്നാരംഭിച്ച് നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിരിലൂടെ തെക്കോട്ടൊഴുകുന്ന കോഴിത്തോട് അഥവാ കാക്കശ്ശേരി, പൂവ്വത്തൂർതോടും കെ.എൽ.ഡി.സി. കനാലിലാണ് ചെന്നു ചേരുന്നത്. ഇവ പരസ്പരബന്ധിതമാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ലല്ലോ.

തോളൂർപുഴ, മണച്ചാൽ, ചിറ്റാട്ടുകര വലിയതോട്, പൂവ്വത്തൂർതോട് എന്നിവയേയും അവയുടെ വിവിധ കൈവഴികളെയും ചാലുകളെയും പരസ്പരം ബന്ധിപ്പിച്ച് ജലക്ഷമതയുള്ള ജലസംഭരണികളായും, ജലനിർഗ്ഗമന– ജലസേചന കനാലുകളായും പുനസംവിധാനം ചെയ്യുന്ന പുതിയൊരു ജലസേചന തന്ത്രമാണ് എളവള്ളി പഞ്ചായത്തിൽ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത്. നിലവിലുള്ള തോടുകളുടെയും ചെറുതോടുകളുടെയും ചാലുകളുടെയും ആഴവും വീതിയും വർദ്ധിപ്പിച്ചും, നിലവിലുണ്ടായിരുന്നതും ഇടക്കാലത്ത് അടഞ്ഞതോ തൂർന്നുപോയതോ ആയ എല്ലാ തോടുകളും ചിലുകളും തോടുകളും ചാലുകളുമായി പുനർനിർമ്മിക്കണം. അത്യാവശ്യമായ ചില പുതിയ തോടുകളും ചാലുകളും നിർമ്മിക്കണം. നിലവിലുള്ള തോടുകൾ വീതികൂട്ടിയും ആഴംകൂട്ടിയും പുനസംവിധാനം ചെയ്യുന്നത് അവയിൽ നിന്നു ലഭിക്കുന്ന മണ്ണ് ഇരുകരകളിലും നിക്ഷേപിച്ച് തോട്ടുവരമ്പുകൾ ഉയർത്തിയും കനപ്പിച്ചും ബണ്ടുകളാക്കിക്കൊണ്ടായിരിക്കണം. സാദ്ധ്യമാകുമെങ്കിൽ ഒരു ട്രാക്ടറോ, ടെമ്പോവാനോ കടന്നുപോകാനുള്ള വീതി ഒരു വശത്തെങ്കിലും ഉള്ളതാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

പാടശേഖരങ്ങളോടു ചേർന്നു കിടക്കുന്ന കരഭാഗങ്ങൾ സ്വതവെ പ്രകൃതിദത്തമായ ബണ്ടുകളാണ്. പാടശേഖരങ്ങൾക്കിടയിലുള്ള റോഡുകളും



34

ബണ്ടാണ്. എന്നാലും ഒന്നു രണ്ടു സ്ഥലങ്ങളിൽ പുതിയ ബണ്ടുകൾ നിർമ്മിക്കേണ്ടിവരും. ഇത്രയും നിർവ്വഹിച്ചു കഴിഞ്ഞാൽ എളവള്ളി പഞ്ചായത്തിലെ പാടശേഖരങ്ങളെ ചുറ്റും ബണ്ടുകളുള്ള ജലആഗമന – ബഹിർഗമന നിയന്ത്രണത്തോടുകൂടിയ പന്ത്രണ്ടോളം പടവുകളായി പുനഃസംവിധാനം ചെയ്യാൻ കഴിയും. ഈ പുനഃസംവിധാനത്തിന്റെ പ്രത്യക്ഷ ഫലം പഞ്ചായത്തിൽ മുണ്ടകൻ കൃഷിചെയ്യുന്ന പാടശേഖരങ്ങളിൽ ബഹുഭൂരിഭാഗവും വിരിപ്പു കൃഷിക്കും യോഗ്യമാകും എന്നതാണ്. മുണ്ടകൻ കൃഷി സ്ഥല വിസ്തൃതിയും, ആനുപാതികമായി പുഞ്ചകൃഷി ഭൂവിസ്തൃതിയും വർദ്ധിക്കും.

ഈ പുനഃസംവിധാനം പഞ്ചായത്തിലെ ഭൂഗർഭ ജലവിതാനം ഉയരുന്നതിനും കരഭൂമികളിൽ സ്വാഭാവികമായി അടി നനവുണ്ടാക്കുന്നതിനും വഴി വെക്കുന്നതാണ്. കരഭൂമിയിലെ തെങ്ങ്, കവുങ്ങ് എന്നിവയുടെ മാത്രമല്ല മറ്റെല്ലാ കാർഷിക വിളകളുടെയും ഉല്പാദനത്തെയും, ഉല്പാദനക്ഷമതയെയും അത് ത്വരിതപ്പെടുത്തുകയും ചെയ്യും. ചുരുക്കമാണിത്. സ്വാഭാവിക കാർഷിക മേഖലയായ എളവള്ളി പഞ്ചായത്തിലെ കാർഷ്കോല്പാദനം ഗണ്യമായി വർദ്ധിക്കും. സ്ഥായിയായ സമ്പദ് സമൃദ്ധിയും ഐശ്വര്യവുമായിരിക്കും അതിന്റെ സാർത്ഥക ഫലം.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ 10 വാർഡുകളിലും പ്രകൃത്യാ നിലവിലുള്ളതും (ഇടക്കാലത്ത് അടഞ്ഞുപോയതും, തൂർന്നതും, തൂർത്തതും ഉൾപ്പെടെ) എല്ലാ ചെറുതും വലുതുമായ തോടുകളും അരുവികളും അവയുടെ സ്വാഭാവിക കൈവഴികളായിരുന്ന നീർച്ചാലുകളും അവയുടെ പൂർവ്വകാല റവന്യു റെക്കാർഡുകൾ പ്രകാരം വീതി കൂട്ടി താഴ്ത്തി ജലനിർഗ്ഗമന – ജലസേചന മാർഗ്ഗങ്ങളാക്കണം. അങ്ങനെ വീതികൂട്ടി താഴ്ത്തുമ്പോൾ ലഭിക്കുന്ന മണ്ണുപയോഗിച്ച് അവയുടെ ഇരു കരകളിലും ഗതാഗതയോഗ്യങ്ങളും സുരക്ഷിതങ്ങളുമായ ബണ്ടുകളായും രൂപാന്തരപ്പെടുത്തണം.

2. മുക്കോല ചീർപ്പ് (വാക) ചുരുങ്ങിയത് 20 അടി ഉയരത്തിൽ പുതുക്കി പണിയണം.

3. മുക്കോല ചീർപ്പിന് തെക്ക് എളവള്ളി – മുല്ലശ്ശേരി ഗ്രാമപഞ്ചായത്തുകളുടെ അതിർത്തിയിൽ തോളൂർപുഴയിൽ ഒരു തടയണ നിർമ്മിക്കണം.

4. മണച്ചാൽ ജല സംഭരണിയുടെ വിസ്തൃതി കൂട്ടിയും ആഴം വർദ്ധിപ്പിച്ചും വലിയൊരു ജലാശയമാക്കണം. ആ ജലാശയത്തിലെ വെള്ളം വേനൽക്കാലത്ത് KLDC കനാലിൽ ബന്ധിക്കുന്നതിനടുത്തായി ഒരു ചീർപ്പ് നിർമ്മിക്കണം. അതോടനുബന്ധിച്ച് ഒരു പമ്പിങ്ങ് സ്റ്റേഷൻ നിർമ്മിച്ച് ഡിസംബർ – ജനുവരി മാസങ്ങളിൽ കോൾ പടവുകളിൽ നിന്നടിച്ചുകളയുന്ന വെള്ളം ശേഖരിക്കുന്നതിനുള്ള സൗകര്യമുണ്ടാക്കണം.

5. മണച്ചാലിന്റെ പരിസരത്ത് എളവള്ളി ഗവ. ഹൈസ്കൂൾ ഗ്രൗണ്ടിനടുത്ത് ഒരു പമ്പ്സെറ്റ് സ്ഥാപിക്കണം.

6. ചിറ്റാട്ടുകര തോട്ടിലെ കണ്ടപ്പൻ ചീർപ്പ് പത്തടി നടപ്പാതയോടുകൂടി പുതുക്കി പണിയണം.

7. കാക്കശ്ശേരി – പൂവ്വത്തൂർ തോട്ടിൽ കാക്കശ്ശേരി പുളിഞ്ചേരി പാടത്തിനടുത്തും പൂവ്വത്തൂരിൽ KLDC കനാലിന്റെ അടുത്തും ഓരോ ചെറിയ ചീർപ്പുകൾ നിർമ്മിക്കണം.

8. എളവള്ളി ചിറയിൽനിന്നും കുണ്ടുപാടത്തിലൂടെ മണച്ചാലിൽ ചെന്നുചേരുന്ന ചാലിന്റെ കിഴക്കെ അറ്റത്തെ ചെറിയ ചീർപ്പ് അറ്റകുറ്റ പണി നടത്തി ഭദ്രമാക്കണം.

9. ബ്രഹ്മകുളം, കാക്കശ്ശേരി വാർഡുകളിലൂടെ കിഴക്കോട്ടും, കടവല്ലൂർ വാർഡിലെ പാറയുടെ താഴത്തു നിന്ന് പടിഞ്ഞാട്ടും, പണ്ടാറക്കാട് വാർഡിലെ കപ്പാറ ആണിയിൽനിന്നും തെക്കോട്ടും ഒഴുകുന്ന തോടുകൾ വീതികൂട്ടി താഴ്ത്തി കരകൾ ബലപ്പെടുത്തുന്നതോടൊപ്പം ആവശ്യമായ സ്ഥലങ്ങളിൽ വെള്ളം കെട്ടി നിർത്താനും ഒഴിച്ചു വിടാനും പാകത്തിലുള്ള സ്ലൂയിസുകൾ നിർമ്മിക്കണം.

10. എളവള്ളി വാർഡിൽ കോക്കൂർ തറയുടെ തെക്കും വടക്കും വശങ്ങളിലൂടെ മണച്ചാലിൽ സന്ധിക്കുന്ന തോടുകൾക്ക് ആവശ്യമായ സ്ഥലങ്ങളിൽ വെള്ളം ഒഴിച്ചുവിടാൻ സ്ലൂയിസുകൾ നിർമ്മിക്കണം.

11. കീഴ് മണച്ചാൽ പദ്ധതിയുടെ ഭാഗമായി



35

നിർമ്മിച്ച തോടുകളെല്ലാം താഴ്ത്തി തോട്ടു വരമ്പുകൾ ബലപ്പെടുത്തണം. മണച്ചാലിന്റെ വടക്കുഭാഗത്തുള്ള ചീർപ്പ് അറ്റകുറ്റ പണി നടത്തി ബലപ്പെടുത്തണം. പ്രസ്തുത ചീർപ്പിൽ നിന്നാരംഭിച്ച് എളവള്ളി ചിറവരെ കരയോടുചേർന്ന് ഒന്നരമീറ്റർ വീതിയിൽ ഒരു പമ്പിങ്ങ് ചാൽ നിർമ്മിക്കണം.

12. മണച്ചാലിന്റെ വടക്കെ അറ്റം മുതൽ വെറുംതല വരെ താഴ്ത്തി ചാലുണ്ടാക്കി ആ മണ്ണുപയോഗിച്ച് ചാലിന്റെ ഇരുഭാഗത്തും ബണ്ടുകളുണ്ടാക്കണം.

13. വാക വാർഡിൽ പുറംന്തര തോടിന്റെയും ചങ്കരം പരപ്പ് തോടിന്റെയും തെക്കും, പടിഞ്ഞാറും വരമ്പുകൾ ബണ്ടാക്കി മാറ്റണം. (തോട് വീതികൂട്ടി താഴ്ത്തുമ്പോൾ ലഭിക്കുന്ന മണ്ണ് ഇതിനായി ഉപയോഗിക്കാം) ചങ്കരം പരപ്പ് റോഡ് രണ്ടടി ഉയർത്തണം. ഇത്രയുമായാൽ കണ്ടാണിശ്ശേരി പഞ്ചായത്തിൽ നിന്നും കര കവിഞ്ഞുവരുന്ന പുഴവെള്ളത്തിന്റെ തള്ളിക്കയറ്റം തടയാൻ കഴിയും.

14. കോരാത തോടിന്റെ ആരംഭത്തിൽ തോട്ടിൽനിന്ന് പുഴയിലേക്കും തിരിച്ചും പമ്പ്ചെയ്യാവുന്ന പമ്പിങ്ങ് സ്റ്റേഷൻ നിർമ്മിക്കണം.

15. പുറംതറ തോട് കോലാരി തോടുമായും, കോലാരി തോട് പുല്ലാമ്പ് തോടുമായും ബന്ധിപ്പിക്കണം.

16. കോരാത തോട് മണച്ചാലുമായി ബന്ധിക്കുന്ന കോക്കൂർ കരയുടെ വടക്കു വശത്തുള്ള തോടിന് സമാന്തരമായി റെയിൽവെ ലയിനിന് ദോഷം വരാത്ത വിധത്തൽ പുതിയൊരു തോട് നിർമ്മിക്കണം.

17. കൊട്ടതോട് മണച്ചാൽ വരെ വീതികൂട്ടി കോരാത തോടിന്റെ കിഴക്കെ അറ്റവുമായി ബന്ധിപ്പിക്കണം. കൊട്ടതോടിന്മേൽനിന്നും കോക്കൂരിന് വടക്ക് വശത്ത് തണ്ടോടിന്റെ തെക്കുവശത്ത് സന്ധിക്കത്തക്ക വിധം ഒരു തോട് നിർമ്മിക്കണം.

* വിശദമായ ഒരു ജലസേചന പ്രോജക്ട് അനുബന്ധമായി ചേർത്തിരിക്കുന്നു.

നിലവിലുള്ള വലുതും ചെറുതുമായ ചീർപ്പുകളും പമ്പിങ്ങ് സ്റ്റേഷനുകളും പുതുതായി നിർമ്മിക്കുന്ന ചീർപ്പുകളും സ്ലൂയിഡുകളും പമ്പിങ്ങ് സ്റ്റേഷനുകളും സംരക്ഷിക്കുന്നതിന് വിപുലമായൊരു സംവിധാനം ഉണ്ടാകേണ്ടതുണ്ട്. ആ സംവിധാനത്തിന്റെ ചിട്ടയും കൃത്യതയാർന്ന പ്രവർത്തനത്തിലൂടെ മാത്രമേ ഈ പുനഃസംവിധാന ജലനിർഗ്ഗമന – ജലസേചന തന്ത്രം പൂർണ്ണമായും പാടശേഖരങ്ങൾക്കും കരകൃഷികൾക്കും പ്രയോജനപ്രദമാകു. അതിന്, കാട, ചെറുകിട ജലസേചന വകുപ്പ്, ബ്ലോക്ക് – ഗ്രാമ പഞ്ചായത്തുകൾ എന്നിവയുടെ സംയോജിതവും കാര്യക്ഷമവുമായ പ്രവർത്തനം ആവശ്യമാണ്. പാടശേഖരസമിതികളും കരഭൂമിയിലെ കൃഷിക്കാരും ഇക്കാര്യത്തിൽ ഒത്തൊരുമിക്കുകയും വേണം.

### ബഹുജനപങ്കാളിത്തവും വിഭവ സമാഹരണവും

എളവള്ളിഗ്രാമപഞ്ചായത്തിലെ ഈ പുതിയ ജലനിർഗ്ഗമന – ജലസേചന തന്ത്രം വിജയപ്രദമാക്കുന്നതിന് അതിന്റെ ഗുണഭോക്താക്കളായ എല്ലാവിഭാഗ കൃഷിക്കാരുടെയും പങ്കാളിത്തം അനുപേക്ഷണീയമാണ്. തോടുകൾക്കും, ബണ്ടുകൾക്കും, പമ്പിങ്ങ് സ്റ്റേഷൻകൾക്കും ആവശ്യമായ ഭൂമി ലഭ്യമാക്കേണ്ടത് ഗുണഭോക്താക്കളാണ്. ആവശ്യമായ ഭൂമി പദ്ധതിയുടെ ഗുണാംശത്തിന്ന് അനുസരിച്ച് വിട്ടുകൊടുക്കാനുള്ള സന്മനസ്സ് ഗുണഭോക്താക്കൾക്കുണ്ടാകണം. അതുതന്നെയായിരിക്കും പദ്ധതി ചെലവിലേക്കുള്ള അവരുടെ സംഭാവനയും. പദ്ധതി ചെലവിനുള്ള വിഭവസമാഹരണത്തിന്റെ തുടക്കവും. നഷ്ടപ്പെടുന്നതിലേറെ സ്ഥായിയായ നേട്ടം പദ്ധതിയുടെ സമാപ്തിയോടെ അവർക്കുണ്ടാകുകയും ചെയ്യും.

## കുളങ്ങൾ, കിണറുകൾ

പഞ്ചായത്തുവകയും സ്വകാര്യവ്യക്തികളുടെ വകയും ധാരാളം കുളങ്ങളും കിണറുകളും നമ്മുടെ പഞ്ചായത്തിലുണ്ട്. കിണറുകളിലധികവും പുഞ്ചകൃഷിക്കും, കരകൃഷിക്കും നനക്കുന്നതിന് സ്വകാര്യവ്യക്തികൾ കുഴിപ്പിച്ചവയാണ്. ചില വ്യക്തികൽ സ്വന്തം ഭൂ വിസ്തൃതിക്കനുപാതികമായി പുതിയ കുളങ്ങൾ കുഴിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. പഞ്ചായത്തുവക കിണറുകൾ വിവിധ വാർഡുകളിൽ കുടിവെള്ളത്തിനുവേണ്ടി നിർമ്മിച്ചവയാണ്.

രണ്ടാം വാർഡിലുള്ള വലിയചിറ എളവള്ളി ദേവ



36

സ്വത്തിന്റേതാണൊ അതൊ പഞ്ചായത്തിന്റേതാണൊ എന്ന തർക്കം കോടതിയുടെ പരിഗണനയിലാണ്. ആ ചിറയുടെ അനുബന്ധമായിട്ടാണ് കുണ്ടുപാടം പാടശേഖരത്തിലൂടെ മണച്ചാലിലേക്കുള്ള ചാൽ ആരംഭിക്കുന്നത്. അത്രത്തോളം അത് ഒരു പൊതു ജലസ്രോതസ്സാണെന്ന് പറയാം.

പൂവ്വത്തൂർ വാർഡിലുള്ള ആലിക്കൽ കുളം പഞ്ചായത്തിന്റേതാണ്. തൊട്ടടുത്ത കരഭൂമികളിൽ അറ്റ വേനലിൽ അതിൽനിന്നുള്ള നനവുകിനിഞ്ഞെത്തുന്നുണ്ടെങ്കിലും ജലസേചനത്തിന് ആ കുളം ഉപയോഗിക്കുന്നില്ല. അത് നമ്മുടെ പഞ്ചായത്തിൽ ഉൾനാടൻ മത്സ്യം വളർത്തലിന് ഉപയുക്തമായൊരു ജലാശയമായി പ്രയോജനപ്പെടുത്താവുന്നതാണ്. സമീപവാസികളുടെ സൗഹൃദ പൂർവ്വമായ സന്മസ്സ് കൂടി അതിനുണ്ടാകണം.

താമരപ്പിള്ളി വാർഡിന്റെ മദ്ധ്യത്തിലുള്ളതും ഒരു സ്വകാര്യവ്യക്തി സ്നേഹപൂർവ്വം പഞ്ചായത്തിന് വിട്ടുതന്നതുമായ ഇന്ദ്രാം ചിറയും അറ്റ വേനലിലും വറ്റാത്ത സാമാന്യം വലിയൊരു ജലാശയമാണ്. ആ ചിറ പഞ്ചായത്തിലെ 8, 9, 10 വാർഡുകളിലെ ശുദ്ധജലമായ വിതരണത്തിനുള്ള മുഖ്യ സ്രോതസ്സായി പ്രയോജനപ്പെടുത്താവുന്നതാണ്.

മേൽ പ്രസ്താവിച്ചതു കൂടാതെ പഞ്ചായത്തിനകത്ത് പഞ്ചായത്തു വകയായുള്ള എല്ലാ കുളങ്ങളും പഞ്ചായത്തിന്റെ അധീനത്തിൽ കൊണ്ടുവരുന്നുതിനുള്ള ശ്രമം അതാത് വാർഡുകളിലെ ഗ്രാമസഭകളുടെ അനുഗ്രഹാശിസ്സുകളോടെ ആരംഭിക്കേണ്ടതാണ്. അവ പഞ്ചായത്ത് അധീനതയിൽ വരുന്നമുറക്ക് പൊതുജനോപകാരപ്രദമായരീതിയിൽ ഉപയോഗിക്കുന്നതിനുള്ള പരിപാടികൾ പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

എളവള്ളി ഗ്രാമപഞ്ചായത്തിലെ കൃഷിക്കാരും കാലത്തിന്റെ ചോദനകൾക്കനുസരിച്ച് ചരിക്കാൻ തുടങ്ങിയിട്ടുണ്ട്. ഉഴാൻ കന്നുകാലികളെ ഉപയോഗിക്കുന്നതിനു പകരം ട്രക്ടറുകൾ സർവ്വസാധാരണമായിട്ടുണ്ട്. 10 ട്രാക്ടറുകളും രണ്ട് പവർ ടില്ലറുകളും പഞ്ചായത്തിലിപ്പോൾ ലഭ്യമാണ്. നാടൻ കലപ്പകളും ഉഴവുമാടുകളും പാടെ അപ്രത്യക്ഷമായി എന്നല്ലാ അതിന്റെ അർത്ഥം. ക്രമേണ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു എന്നേ പറഞ്ഞുകൂടു. പണ്ടുകാലത്തും കൃമി, കീട ശല്യങ്ങൾ വിളകളെ നശിപ്പിച്ചിരുന്നു. മന്ത്രവാദം കൊണ്ടും മറ്റു കുറുകൗശലങ്ങൾ കൊണ്ടുമാണ് അന്ന് ചാഴിക്കേടിനേയും കുമുൾകേടിനേയും വിലക്കിയിരുന്നത്. ഇപ്പോൾ കീടനാശിനികളും കുമിൾനാശിനികളും പ്രയോഗിക്കുന്നത് പതിവാക്കിയിരിക്കുന്നു. അതിന്നാവശ്യമായ കുറ്റികളും, തളിക്കൽ ഉപകരണങ്ങളും പ്രചാരത്തിലായിട്ടുണ്ട്. രാസവള പ്രയോഗങ്ങളും കുറവല്ല. രാസവളങ്ങളുടെയും കീട – കുമിൾ നാശിനികളുടെയും അമിതമായ ഉപയോഗവും വിനയായി അനുഭവപ്പെട്ടതിന്റെ വെളിച്ചത്തിൽ അവ ഉപയോഗിക്കുന്നതിൽ നിയന്ത്രണം പാലിക്കാനും കൃഷിക്കാർ ശീലിച്ചിരിക്കുന്നു.

## മണ്ണുപരിശോധന

അധികോല്പാദനത്തിന് ജൈവവളങ്ങളുടെ സ്ഥാനത്ത് രാസവളപ്രയോഗം അധികമാവുകയും കീടനാശിനി – കുമിൾനാശിനി പ്രയോഗത്തിന് കൂടുതൽ വീര്യമുള്ളവ ഉപയോഗിക്കുകയും ചെയ്തതിന്റെ ഫലമായി എളവള്ളി ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിൽ മാത്രമല്ല കരഭൂമികളിലും മണ്ണിന്റെ ജൈവഘടനയിൽ സാരമായ മാറ്റമുണ്ടായി. മണ്ണിലുണ്ടായിരിക്കേണ്ട ധാതു ലവണങ്ങൾക്ക് മൂല്യശോഷണവും സംഭവിച്ചിട്ടുണ്ട്. മണ്ണു പരിശോധന എല്ലാ വാർഡുകളിലെ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന മുഖ്യമായ ഒരു ആവശ്യമാണ്. അതുകൊണ്ട് നല്ലൊരു തുടക്കത്തിന്റെ ഭാഗമായി എല്ലാ വാർഡുകളിലും കരഭൂമികളിലും പാടശേഖരങ്ങളിലും മണ്ണുപരിശോധന കൃഷിഭവന്റെ സഹായത്തോടെ ഒരു വർഷത്തിനകം പൂർത്തിയാക്കാനുള്ള ഒരു പരിപാടി ആവിഷ്ക്കരിക്കണം.

## കർഷകതൊഴിലാളി പ്രശ്നം

മറ്റൊരു പ്രധാന പ്രശ്നം നമ്മുടെ പഞ്ചായത്തിലും കർഷകതൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നുവെന്നതാണ്. അവർക്കന്യം സംഭവിച്ചതുകൊണ്ടല്ലാ, അവർ മറ്റു തൊഴിലുകളിലേക്ക് തിരിയുന്നതുകൊണ്ടാണ് ഇത്തരമൊരു സ്ഥിതിവിശേഷം

സംജാതമായിട്ടുള്ളത്. അതിന്റെ ഫലമായി പാടശേഖരങ്ങളിൽ വിളഞ്ഞനെല്ല് കൊയ്യാൻ പോലും ആളെ കിട്ടാത്ത ദുസ്ഥിതിയും ഉണ്ടായിട്ടുണ്ട്.

കൃഷി വികസന പ്രക്രിയയിൽ ദൃശ്യമായ ഈ വിപരീത പ്രതിഭാസം നമ്മുടെ ഗ്രാമപഞ്ചായത്തിൽ മാത്രമുള്ളതല്ല. അതുകൊണ്ടുതന്നെ ഇതിനുള്ള പ്രതിവിധി നമ്മുടെ ഗ്രാമപഞ്ചായത്തിന്ന് നിർദ്ദേശിക്കാനും കഴിയില്ല. പഴയകാലത്തെ അടിമകളെപ്പോലെ കാർഷികതൊഴിലാളികൾ പണിയെടുക്കണമെന്ന് പറയുന്നത് പൗരാവകാശ ലംഘനമാകും. കൃഷിക്കാരും കർഷകതൊഴിലാളികളും തികഞ്ഞ ആത്മാർത്ഥതയോടെ പരസ്പരം സഹകരിച്ചിരുന്ന പൂർവകാല സ്മൃതികൾ അയവിറക്കിയിട്ടു പ്രയോജനമില്ല. ഇന്നത്തെ കാലഘട്ടത്തിന് അനുയോജ്യവും ഭാവിയിലേക്ക്കൂടി പ്രയോജനകരമാകുന്ന ഒരു സമവായം ഇക്കാര്യത്തിലുണ്ടാവണം.

## നിർദ്ദേശങ്ങൾ

1. മത്സ്യകൃഷിക്ക് യോജിച്ച കുളങ്ങളിൽ മത്സ്യകൃഷി തുടങ്ങാൻ നടപടി സ്വീകരിക്കണം.
2. കോഴികൃഷിക്ക് പ്രോത്സാഹനം നൽകണം.
3. കാർഷിക ഉല്പന്നങ്ങൾ സംഭരിച്ച് വിറ്റഴിക്കാനുള്ള സഹകരണസംഘം ഉണ്ടാക്കണം.
4. കൃഷിക്കാവശ്യമായ വൈദ്യുതി ലഭ്യമാക്കണം.
5. അടക്കാ സംഭരണ യുണിറ്റ് ആരംഭിക്കണം.
6. പുഞ്ചകൃഷിയുൾപ്പെടെ മൂന്ന് പൂവൽ കൃഷിക്ക് സൗകര്യമുണ്ടാക്കണം.
7. പമ്പ്സെറ്റുകൾ കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യണം.
8. വാക തെക്കുംമുറിയിൽനിന്ന് മൂക്കോലകെട്ടുവരെ ഒരു റോഡ് നിർമ്മിക്കണം.
9. കൃഷിക്കാർക്ക് പെൻഷൻ ഏർപ്പെടുത്തണം.
10. ജലവാഹിനി പദ്ധതി പ്രകാരമുള്ള എല്ലാ പണികളും നടത്തണം.
11. കർഷകറോഡിൽ വൈദ്യുതി ലൈൻ വലിക്കണം.
12. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന കൊപ്ര സഹകരണസംഘങ്ങൾ വാങ്ങണം.
13. കൃഷിനാശം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം അതതു കാലങ്ങളിൽ നൽകണം.
14. കൃഷിഭവൻ ഓഫീസ് സൗകര്യപ്രദമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കണം.
15. കൂമ്പിള്ളി പാലത്തിന്റെ കിഴക്കുഭാഗത്തുനിന്ന് 8ാം വാർഡിനെ ബന്ധിപ്പിക്കുന്ന ഒരു കനാൽ നിർമ്മിക്കണം.
16. എല്ലാ വീടുകളിലും പച്ചക്കറികൃഷിയും പുഷ്പകൃഷിയും നടത്തുന്നതിന് സഹായങ്ങൾ ലഭിക്കണം.
17. മിതമായ വിലക്ക് വളങ്ങൾ ലഭ്യമാക്കണം.



എളവള്ളി ഗ്രാമ പഞ്ചായത്ത്
നിർദ്ദിഷ്ട ജലസേചന പ്രോജക്റ്റ്.
N
W
E
S
കണ്ടാണശ്ശേരി പഞ്ചായത്ത്.
തൈക്കാട് പഞ്ചായത്ത്
പാവറട്ടി പഞ്ചായത്ത്.
— NO SCALE —
KLDC കനാൽ
മുല്ലശ്ശേരി പഞ്ചായത്ത്.
നിർദ്ദിഷ്ട പമ്പിങ് സ്റ്റേഷൻ.
നിർദ്ദിഷ്ട കനാൽ.
നിർദ്ദിഷ്ട സ്ലൂയിസ്.
നിർദ്ദിഷ്ട ബണ്ട്.

# IV. 2

# മൃഗസംരക്ഷണം, മത്സ്യബന്ധനം

മനുഷ്യരും മൃഗങ്ങളുമായുള്ള ജൈവബന്ധവും, കൃഷിയും മൃഗങ്ങളുമായുള്ള അവിഭാജ്യബന്ധവും ചിരകാലമായിവിടെ നിലനിന്നു വരുന്നതാണ്. പണ്ടു കാലത്ത് ഇന്ത്യയിലെ സമ്പദ്‌വ്യവസ്ഥതന്നെ വളർത്തു മൃഗങ്ങളുടെ, പ്രത്യേകിച്ചും ഗോക്കളുടെ എണ്ണത്തിന്റെയും വംശഗുണമേന്മയുടെയും അടിസ്ഥാനത്തിലാണ് കണക്കാക്കിയിരുന്നത്.

നെല്ല്, നാളികേരം, അടക്ക എന്നിവയുടെ ഉല്പാദനത്തിന് പ്രമുഖ്യം നൽകിയിരുന്ന എളവള്ളിഗ്രാമ പഞ്ചായത്തിലും മൃഗസംരക്ഷണം കൃഷിയുടെ നിലനില്പിനും അഭിവൃദ്ധിക്കും അവിഭാജ്യമായൊരു ഘടകമായാണ് പരിഗണിച്ചിരുന്നത്. നിലവും പറമ്പുകളും ഉഴുന്നതിനും കാളത്തേക്ക് തുടങ്ങിയ ജലസേചന പ്രവർത്തനങ്ങൾക്കും വണ്ടി വലിക്കുന്നതിനും ഈ അടുത്തകാലം വരെ കാളകളെയും പോത്തുകളെയും എളവള്ളി പഞ്ചായത്തിൽ പ്രയോജനപ്പെടുത്തിയിരുന്നു. ഇന്നും ആ കുറ്റി അറ്റുപോയിട്ടില്ല.

മൃഗപരിപാലനം മുഖ്യതൊഴിലാക്കിയവർ, മറ്റു തൊഴിലുകളുടെ കൂട്ടത്തിൽ പ്രധാന തൊഴിലാക്കിയവർ നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ടായിരുന്നു. പശുക്കളെ, പശുക്കുട്ടികളെ, ആടുകളെ പോറ്റി വളർത്താൻ ഏറ്റെടുത്തിരുന്ന പാവപ്പെട്ട കൃഷിക്കാരും കർഷകതൊഴിലാളികളും നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ടായിരുന്നു. വണ്ടിക്കാളകളെയും ഉഴവുമാടുകളെയും സ്വന്തം കുടുംബത്തിന്റെ അന്നദാതാക്കളായി കരുതി സ്നേഹിച്ചിരുന്നവരും അക്കൂട്ടത്തിൽ പെടുന്നു. നമ്മുടെ പഞ്ചായത്തിലെ മിക്കവാറും എല്ലാ ഭവനങ്ങളിലും, കുടിലുകളും കരകളിലുമുൾപ്പെടെ കോഴിവളർത്തൽ സർവ്വ സാധാരണമായിരുന്നു. ചുരുക്കം ചിലർ അപൂർവ്വമായി വ്യാപകമായ തോതിലല്ലെങ്കിലും താറാവുകൃഷിയിലും താല്പര്യം കാട്ടിയിരുന്നു. ചിറ്റാട്ടുകര അങ്ങാടി നിവാസികളിൽ പലരും, പ്രാന്തവാസികളും നാടൻ പന്നികളെ – പോർക്കുകളെ – വളർത്തിയിരുന്നു. ഭക്ഷ്യാവശ്യത്തിനുള്ള ഒരു മൃഗമെന്നതോടൊപ്പം പരിസര ശുചീകരണം കൂടിയും നാടൻ പന്നികൾ നിർവഹിച്ചിരുന്നു.

മൃഗങ്ങൾക്ക് രോഗം വന്നാൽ ചികിത്സിച്ചിരുന്ന ചില നാട്ടുവൈദ്യന്മാരും നമ്മുടെ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഉഴവ് കാളകൾക്ക് പോത്തുകൾക്കും പുറമെ പശുക്കളെ ആയിരുന്നു സാമാന്യേന ഭൂരിഭാഗം കുടുംബക്കാർ വളർത്തിയിരുന്നത്. ആടുകളുടെ എണ്ണവും കുറവല്ലായിരുന്നു. എരുമകളും പല കർഷക ഭവനങ്ങളോടനുബന്ധിച്ച തൊഴുത്തുകളിൽ കുടിപാർത്തിരുന്നു. പാലുല്പാദനത്തിന് നാടൻ പശുക്കളെയായിരുന്നു നമ്മുടെ പഞ്ചായത്തിൽ ധാരാളമായി വളർത്തിയിരുന്നത്. പശുക്കളേയും എരുമകളേയും കറന്നും പാൽ സംഭരിച്ചും വെണ്ണ, നെയ്യ്, തൈര്, മോര് എന്നീ ഉല്പന്നങ്ങളാക്കിയും അവ ഗുരുവായൂരിലും ചാവക്കാടും മറ്റും കൊണ്ടുപോയി വിപണനം ചെയ്തും ഉപജീവനം നടത്തിയിരുന്നവർ

നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ടായിരുന്നു. അക്കൂട്ടത്തിൽ അധികവും സ്ത്രീകളായിരുന്നു എന്നതും എടുത്തു പറയേണ്ട ഒരു സവിശേഷത യാണ്.

ഇപ്പോൾ മേൽ പ്രസ്താവിച്ചതെല്ലാം നമ്മുടെ പഞ്ചായത്തിൽ ചരിത്രത്തിന്റെ ഭാഗമായ കഥകൾ മാത്രമാണ്. നാടൻ പശുക്കൾക്കു പകരം സങ്കരയിനം പശുക്കളെയാണ് പലരും വളർത്തുന്നത്. കാളക ളേയും പോത്തുകളേയും വളർത്തൽ ഗണ്യമായി കുറഞ്ഞു. എരുമകളുടെ എണ്ണവും പണ്ടത്തേതിലും കുറവാണ്. മൂരിക്കുട്ടികളേയും പഴയപോലെ ആരും ശ്രദ്ധിച്ചു വളർത്തുന്നില്ല. എന്നാൽ മുയൽ, കാടപ്പക്ഷി കൾ, ഗിനി പ്രാവ്, ലവ് ബേഡ്സ് എന്നിവയെ വളർത്തുന്നതിൽ താല്പര്യം ഏറിവരുന്നുണ്ട്.

പശുക്കളുടെ വന്ധ്യത, അകിടുവീക്കം, കുളമ്പു രോഗം എന്നിവ കൃഷിക്കാരെ സംബന്ധിച്ചേട ത്തോളം ഒരു പേടിസ്വപ്നമാണ്. മൃഗസംരക്ഷണ വകുപ്പ് ഇവിടെ കന്നുകുട്ടിപരിപാലന പദ്ധതി, പേവിഷ നിർമാർജ്ജന പദ്ധതി, വീട്ടുവളപ്പിലെ കോഴി വളർത്തൽ പദ്ധതി എന്നിവ നടപ്പാക്കി വരുന്നുണ്ട്. കൃത്രിമ ബീജസങ്കലനം, ചികിത്സ, പ്രതിരോധ കുത്തിവെപ്പ് തുടങ്ങിയവ മൃഗാസ്പത്രി മുഖേന നട ത്തുന്നുണ്ട്. ഈ പഞ്ചായത്തിലെ മൃഗങ്ങളുടേയും പക്ഷികളുടേയും എണ്ണവും അവയെ സംബന്ധിച്ച വിവരങ്ങളും അന്യത്ര ചേർക്കുന്നു. പഞ്ചായത്തിലെ ഇപ്പോഴത്തെ മൃഗ - പക്ഷി സമ്പത്തിനെക്കുറിച്ച് ഒരു ഏകദേശരൂപം അതിൽനിന്നു ലഭിക്കും. പേവിഷ ബാധക്കെതിരെ 50 പട്ടികൾക്ക് പ്രതിരോധ കുത്തി വെയ്പ് നടത്തി

പട്ടിക 1

**വളർത്തുമൃഗ സംഖ്യ**

| പശു | | | | എരുമ | | കാള | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|
| നാടൻ | | സങ്കരം | | | | | | | | |
| കറവുള്ളത് | കറവില്ലാത്തത് | കറവുള്ളത് | കറവില്ലാത്തത് | കറവുള്ളത് | കറവില്ലാത്തത് | | | | | |
| 152 | 193 | 825 | 940 | 145 | 120 | 174 | 60 | 950 | 1100 | 1 |

പട്ടിക 2

**വളർത്തു പക്ഷി**

| പൂവൻകോഴി | പിടക്കോഴി | | താറാവ് | | കാട | ഗിനി |
|---|---|---|---|---|---|---|
| | മുട്ടയിടുന്നത് | മുട്ടയിടാത്തത് | ആൺ | പെൺ | | |
| 8350 | 4500 | 8050 | 25 | 180 | 60 | 50 |

പട്ടിക 3

**കൃത്രിമ ബീജസങ്കലന വിവരങ്ങൾ**

| വളർത്തുമൃഗങ്ങൾ | എണ്ണം | കൃത്രിമ ബീജസങ്കലനം നടത്തിയവ | രണ്ടിലധികം പ്രാവശ്യം വേണ്ടിവന്നവ |
|---|---|---|---|
| പശു | 977 | 346 | 110 |
| കിടാരി | 740 | 61[illegible] | 76 |
| എരുമ | 185 | 70 | 5 |

## മൃഗാസ്പത്രി

എളവള്ളി ഗ്രാമപഞ്ചായത്തിൽ 1960ൽ ഒരു സബ് സെന്ററായി പ്രവർത്തനമാരംഭിച്ച മൃഗസംരക്ഷണ കേന്ദ്രം പിന്നീട് മൃഗാസ്പത്രിയായി. ഇവിടെ, ഡോക്ടർ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻഡർ, പാർട്ട് ടൈം സ്വീപ്പർ എന്നീ തസ്തികയുള്ളതിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടറുടെ തസ്തിക കഴിഞ്ഞ ഏതാനും വർഷമായി ഒഴിഞ്ഞു കിടക്കുകയാണ്. തൽഫലമായി ഡോക്ടർ അവധിയെടുക്കുകയോ ഔദ്യോഗിക ആവശ്യങ്ങൾക്ക് സ്ഥലം വിടുകയോ ചെയ്യുമ്പോൾ ഈ സ്ഥാപനത്തിൽ നാഥനില്ലാത്ത അവസ്ഥ ഉണ്ടാകുന്നു. ഒരു വാടക കെട്ടിടത്തിലാണ് ആ മൃഗാസ്പത്രി പ്രവർത്തിക്കുന്നത്. ആസ്പത്രിക്കു വേണ്ടി വാങ്ങിയ സ്ഥലത്ത് ഇതുവരെ കെട്ടിടം പണിതിട്ടില്ല. എളവള്ളി അഞ്ചാം വാർഡ് മമ്മായി സെന്ററിനടുത്താണ് ഈ മൃഗാസ്പത്രി പ്രവർത്തിക്കുന്നത്.

ആസ്പത്രിയിൽ റഫ്രിജറേറ്റർ ഇല്ല. ഫോൺ സൗകര്യവും ഇല്ല. വാഹന സൗകര്യം ലഭിക്കുന്നതിന്ന് പലപ്പോഴും ബുദ്ധിമുട്ടനുഭവപ്പെടുന്നു. പ്രതിരോധകുത്തിവെപ്പ്, വന്ധ്യതാനിവാരണം, പേനായ്ക്കൾക്കുള്ള കുത്തിവെപ്പ് എന്നിവക്ക് ഇവിടെ സൗകര്യങ്ങൾ ഉണ്ട്. ഇവിടുത്തെ ഡോക്ടർ ഗസറ്റഡ് ഓഫീസറാകയാൽ മൃഗസംരക്ഷണേതര കാര്യങ്ങളിലും നാട്ടുകാർക്ക് ഒരനുഗ്രഹമാണ്. കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് ഈ ആസ്പത്രി മുഖേന SCP പദ്ധതിയിൽ കിടാരികളേയും ആട്ടിൻകുട്ടികളേയും വിതരണം ചെയ്യുകയുണ്ടായി. പട്ടിക ജാതിക്കാർ അധികമായി അധിവസിക്കുന്ന രണ്ടു കേന്ദ്രങ്ങളിൽ സൗജന്യമായി പട്ടികജാതിക്കാർക്ക് കോഴികളെയും കൊടുത്തിരുന്നു. MLPP പദ്ധതിപ്രകാരം പലർക്കും 45 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളേയും വിതരണം ചെയ്തിരുന്നു. പേവിഷബാധ നിർമാർജ്ജനത്തിന് ധാരാളം നായ്ക്കളെ കുത്തിവെ

പട്ടിക 3
രോഗവിവരങ്ങൾ

| രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | മറ്റുള്ളവ |
|---|---|---|---|---|---|---|---|
| ദഹനസംബന്ധം | 250 | 11 | 68 | 4 | 15 | 70 | |
| ശ്വാസകോശ സംബന്ധമായ | 50 | 3 | 7 | — | — | 55 | |
| ഉപാപചയ സംബന്ധം | 6 | 2 | — | — | — | — | |
| ത്വക്ക് രോഗങ്ങൾ | 71 | 3 | 12 | — | 14 | — | 15 |
| ധാതുലവണ അഭാവം | 9 | — | — | — | — | — | |
| പരാദ രോഗങ്ങൾ | 509 | 12 | 23 | — | 21 | — | |
| പ്രത്യുല്പാദന സംബന്ധം | 106 | 4 | 8 | — | — | — | |
| വന്ധ്യത | 38 | — | — | — | — | — | |
| അകിടുവീക്കം | 26 | — | — | — | — | — | |
| മുടന്തൻ പനി | 27 | — | — | — | — | — | |
| കുളമ്പുരോഗം | 4 | — | — | — | — | — | |

ച്ചിട്ടുണ്ട്. കുളമ്പുരോഗ പ്രതിരോധ കുത്തിവെപ്പും വ്യാപകമായി നടത്തിയിട്ടുണ്ട്.

## പാൽ ഉൽപാദനവും വിപണനവും

നമ്മുടെ പഞ്ചായത്തിൽ 5000 ലിറ്റർ പാൽ പ്രതിദിനം ഉൽപാദിപ്പിക്കുന്നുണ്ട്. ഇതിൽ 600 ലിറ്റർ പാലാണ് എളവള്ളി പഞ്ചായത്ത് ക്ഷീരവ്യവസായ സഹകരണസംഘം എടുക്കുന്നത്. അവർ അതിൽ ശരാശരി 180 ലിറ്റർ പാൽ മിൽമക്ക് കൊടുക്കുന്നു. ബാക്കി പാൽ പ്രാദേശികമായി വിൽപന നടത്തുന്നു. കൃഷിക്കാർ ഉൽപാദിപ്പിക്കുന്ന പാലിൽ ഭൂരിഭാഗവും ഗുരുവായൂരിലും മറ്റും കൊണ്ടുപോയി വില്ക്കുകയാണ്. പാവർട്ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു സ്വകാര്യ ഡയറിയിലും കൃഷിക്കാർ പാൽ കൊണ്ടുപോയി കൊടുക്കുന്നു. കൃഷിക്കാർ ഉല്പാദിപ്പിക്കുന്ന പാൽ മുഴുവനും എല്ലാകാലങ്ങളിലും സംഘം എടുക്കുകയും ന്യായമായ വില ക്ഷീര കൃഷിക്കാർക്ക് ലഭ്യമാക്കുകയും ചെയ്താലെ ഈ മേഖലയിൽ പിടിച്ചു നിൽക്കാനും കൂടുതൽ പേരെ ഈ മേഖലയിലേക്ക് ആകർഷിക്കാനും സാധ്യമാവൂ.

## മറ്റ് പ്രശ്നങ്ങൾ

കറവമാടുകൾക്ക് അകിടുവീക്കം തുടങ്ങിയ രോഗങ്ങൾ വരുമ്പോഴും വന്ധ്യത തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകുമ്പോഴും നികത്താനാവാത്ത നഷ്ടമാണ് ക്ഷീര കർഷകർ നേരിടുന്നത്. അതിന് P.T.D. പോലുള്ള ഇൻഷൂറൻസ് പുനരുജ്ജീവിപ്പിച്ച് ആശ്വാസം നൽകണം. പ്രാദേശികമായി ലഭിക്കാൻ സാദ്ധ്യതയുള്ള കരിക്കിൻ വെള്ളവും കശുമാങ്ങാനീരും പാലിൽചേർത്ത് വിവിധ തരത്തിലുള്ള പുതിയ ഉല്പന്നങ്ങളും നിർമിക്കാനും അവക്ക് കമ്പോളം കണ്ടെത്താനും പരിശ്രമിക്കേണ്ടിയിരിക്കുന്നു. ബേക്കറി ഉല്പന്നങ്ങളോട് വർദ്ധിച്ചുവരുന്ന താല്പര്യം ഇതിലേക്ക് തിരിക്കണം.

## അറവുശാല

എളവള്ളി പഞ്ചായത്തിൽ നവീന രീതിയിലുള്ള അറവുശാലയില്ല. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ മാംസവില്പന നടത്തപ്പെടുന്നുണ്ടുതാനും. ആഴ്ചയിൽ 7 ആടിനേയും 15 മാടുകളേയും ഇവിടെ അറക്കപ്പെടുന്നു. 100 കിലോ ആട്ടിറച്ചിയും 1550 കിലോ മാട്ടിറച്ചിയും ഇവിടെ പ്രതിവാരം ചിലവാകുന്നുണ്ട്. ഇതിന്റെ മൂല്യം യഥാക്രമം 10,000 രൂപയും 60,000 രൂപയുമാണ്. ഇവിടെ വില്പന നടക്കുന്ന ആട്ടിറച്ചിക്കും മാട്ടിറച്ചിക്കും ആവശ്യമായ മാടുകളിൽ 70 ശതമാനവും പുറത്തുനിന്നു വരുന്നവയാണ്. അറവുശാലകൾ ബ്ലോക്ക് തലത്തിൽ സ്ഥാപിച്ച് സ്റ്റോറേജ് സൗകര്യമേർപ്പെടുത്തിയാൽ പഞ്ചായത്തിൽ ഇറച്ചിക്ക് കൂടുതൽ ചിലവുണ്ടാകും.നമ്മുടെ പഞ്ചായത്തിൽതന്നെ ആടുമാടുകളുടെ ഉല്പാദനവും അതനുസരിച്ച് വർദ്ധിക്കാനിടയുണ്ട്.

## ആടുവളർത്തൽ

ആടു വളർത്തൽ നമ്മുടെ പഞ്ചായത്തിൽ ക്രമാനുഗതം കുറഞ്ഞുവരുന്നു എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. മേച്ചിൽസ്ഥലങ്ങളുടെ അഭാവം തീറ്റസാധനങ്ങളുടെ അലഭ്യതയും അതിനു കാരണമാണ്. ആട്ടിൻകുട്ടികൾക്ക് വിര മരുന്നു കൊടുക്കുന്ന സമ്പ്രദായം ആടിനെ വളർത്തുന്നവർ പതിവാക്കിയിട്ടുമില്ല. ആടുകൾക്ക് തീറ്റക്കുള്ള സുബാബുൾ എന്നിവയും നാം വളർത്തിയാൽ മതി.

## പന്നി വളർത്തൽ

നാടൻ പന്നികളെ വളർത്തൽ നമ്മുടെ പഞ്ചായത്തിലെ ചില സ്ഥലങ്ങളിൽ ഉണ്ടായിരുന്നു. ഗുരുവായൂർ തുടങ്ങിയ കേന്ദ്രങ്ങളിൽനിന്നും നമ്മുടെ പഞ്ചായത്തിലെതന്നെ ഹോട്ടലുകളിൽനിന്നും വെയ്സ്റ്റുകൾ സംഭരിച്ചാൽ ഇനിയും പന്നി വളർത്തലിനു സാധ്യതയുണ്ട്. പന്നിക്കുഞ്ഞുങ്ങളെ കിട്ടാത്ത അവസ്ഥക്കും പരിഹാരം കാണണം.

## മുരിക്കുട്ടന്മാർ

മൂരിക്കുട്ടികൾ പലതും നഷ്ടപെടുകയാണ് അവയുടെ പരിപാലത്തിന് ഒരു പദ്ധതി തന്നെ അനുപേക്ഷണീയമാണ്. മൂരിക്കുട്ടന്മാരെ വളർത്തുന്നത് നഷ്ടക്കച്ചവടമല്ലെന്ന അവസ്ഥ ഇവിടെ സംജാതമാക്കണം. കാട മുയൽ എന്നിവയെ വളർത്തുന്നതിലും പ്രോത്സാഹനം നൽകണം. സ്കൂൾകുട്ടികൾക്ക് ഇക്കാര്യത്തിൽ താല്പര്യമുണ്ടാക്കുന്ന പദ്ധതികളും കൂട്ടത്തിൽ ആവിഷ്ക്കരിക്കണം.

## കാലിത്തീറ്റ

നെൽകൃഷി ചെയ്യുന്ന ഭൂ വിസ്തൃതി കുറഞ്ഞു വരുന്നതിനാൽ വൈക്കോലിന്റെ കാര്യത്തിൽ ക്രമാതീതമായ കുറവ് വന്നിട്ടുണ്ട്. ഇന്ന് വൈക്കോൽ പൂർണ്ണമായും അരിഞ്ഞെടുക്കുന്നുമില്ല. വർഷത്തിൽ 500 ടൺ വൈക്കോലെങ്കിലും നമ്മുടെ നാട്ടിൽ ആഭ്യന്തര ഉപയോഗത്തിന് ആവശ്യമാണ്. ഇതിൽ ഇപ്പോൾ 60 ശതമാനം ലഭ്യമാണ്. വൈക്കോൽ സംഭരിച്ച് സംപുഷ്ടമാക്കുന്ന ഒരു പരിപാടി നമ്മുടെ പാടശേഖരങ്ങളുമായി ബന്ധപ്പെട്ട് ആവിഷ്ക്കരിക്കണം. തീറ്റ പുൽകൃഷിയും വ്യാപകമാക്കണം. കൊപ്ര ആട്ടുന്ന മില്ലുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. റാഗി പൊടിക്കുന്ന ഒരു യൂണിറ്റും പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിൽ സംഭരിക്കുന്ന ഉല്പന്നങ്ങളും ഉപോല്പന്നങ്ങളും ചേർത്ത് പഞ്ചായത്ത് തലത്തിൽ സഹകരണാടിസ്ഥാനത്തിൽ കാലിത്തീറ്റ നിർമ്മാണസംരംഭത്തിനും നാം മുൻകൈയെടുക്കണം. ഉദ്ദേശം 2000 ടൺ കാലിത്തീറ്റ ഇവിടെ ചെലവാകുന്നുണ്ട്. അത് വർദ്ധിക്കാനാണ് സാധ്യത. കൂട്ടായ്മയിലൂടെ പുൽകൃഷിയും വ്യാപിപ്പിക്കാൻ കഴിയും. ബ്ലോക്കടിസ്ഥാനത്തിൽ ഒരു ക്വാളിറ്റി കൺട്രോൾ ലേബും, പച്ചപുൽ കേടുവരാതെ സൂക്ഷിക്കുന്നതിനുള്ള സൈലേജ് പദ്ധതിയും ആരംഭിക്കേണ്ടതാണ്.

## ബ്രോയ്‌ലർ കോഴികൾ

പഞ്ചായത്തിൽ ഒരിടത്തു മാത്രമേ ബ്രോയ്‌ലർ കോഴിവളർത്തൽ കേന്ദ്രം പ്രവർത്തിക്കുന്നുള്ളു. അത് എല്ലാ സമയവും പ്രവർത്തിക്കുന്നുമില്ല. ബ്രോയ്‌ലർ കോഴികളുടെ ദൗർലഭ്യത്തിന് അത് ഇടയാക്കുന്നു. വർഷത്തിൽ 50 ടൺ കോഴിയിറച്ചിയെങ്കിലും നമ്മുടെ പഞ്ചായത്തിലെ ആഭ്യന്തര ഉപയോഗത്തിന് ആവശ്യമാണ്. അതിന് ചുരുങ്ങിയത് 20000 ബ്രോയ്‌ലർ കോഴികളെയെങ്കിലും വളർത്തേണ്ടതുണ്ട്.

## മുട്ട ഉല്പാദനം

ദിവസേന 5000 കോഴിമുട്ടകൾ നമ്മുടെ പഞ്ചായത്തിലെ കടകളിൽ വിറ്റഴിക്കപ്പെടുന്നു. നമ്മുടെ ഉല്പാദനമാകട്ടെ അതിൽ പകുതി മാത്രമാണ്. മുട്ടയുടെ ഉല്പാദനം ഇരട്ടിക്കണം. ഈ രംഗത്ത് ബേക്ക് യാർഡ് സിസ്റ്റത്തിൽ കോഴി വളർത്തൽ വികസിപ്പിക്കണം. വനിതാ സഹകരണ സംഘങ്ങൾക്ക് മുൻതൂക്കം നൽകുന്ന ഒരു കർമ്മ പദ്ധതിയും നമുക്കാവശ്യമാണ്. കോഴിക്കുഞ്ഞുങ്ങൾക്ക് പ്രതിരോധ കുത്തിവെപ്പ് നടത്തുന്നതിന് വാർഡ് അടിസ്ഥാനത്തിൽ വനിതകൾക്ക് പരിശീലനവും നൽകണം. കോഴി ഇറച്ചിയുടെയും മുട്ടയുടെയും കാര്യത്തിൽ ഒരു സഹകരണ സംഘം തന്നെയാണ് അഭികാമ്യം. മുട്ടയിടൽ അവസാനിപ്പിച്ച ലഗോൺ കോഴികളെ ഭക്ഷ്യ ആവശ്യത്തിന് ഉപയോഗിക്കുന്ന ജനങ്ങളെ അവയുടെ പോഷകമൂല്യക്കുറവിനെക്കുറിച്ച് ബോധവൽക്കരിക്കാനുള്ള സംഘടിത ശ്രമം ആവശ്യമാണ്.

## ബയോഗ്യാസ് പ്ലാന്റുകൾ

ഊർജ്ജ ദൗർബല്യത്തിനൊരു പരിഹാരമായ ബയോഗ്യാസ് പ്ലാന്റുകൾ നമ്മുടെ പഞ്ചായത്തിൽ പ്രചാരത്തിൽ വന്നു തുടങ്ങിയിട്ടുണ്ട്. ഈ പഞ്ചവത്സരപദ്ധതിയിൽ ചുരുങ്ങിയത് 400 പുതിയ ബയോഗ്യാസ് പ്ലാന്റുകൾ ആരംഭിക്കാനുള്ള സാധ്യതകൾ നാം പ്രയോജനപ്പെടുത്തണം. മൂന്നോ അതിലധികമോ പശുക്കളെ വളർത്തുന്ന കുടുംബക്കാർക്ക് മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതിയായി ഇത് ഏറ്റെടുക്കാവുന്നതാണ്. ഊർജ്ജ പ്രതിസന്ധി ലഘൂകരിക്കാനുള്ള ഒരു പരിപാടിയെന്ന നിലയിൽ ഇതിന് പ്രത്യേകിച്ചും പ്രാധാന്യമുണ്ട്.

## പരിശീലനം

മൃഗപരിപാലനം സംബന്ധിച്ച നൂതന ശാസ്ത്രീയ രീതികൾ കൃഷിക്കാരെ പരിശീലിപ്പിക്കേണ്ടതാണ്. പരമ്പരാഗത നാട്ടറിവും ശാസ്ത്രീയ വിജ്ഞാനവും സമന്വയിപ്പിക്കുന്ന കളരികളായി ഈ പരിശീലനത്തെ പ്രയോജനപ്പെടുത്തണം. മുയൽ, കാട, ടർക്കി എന്നിവയുടെ പരിപാലനത്തിൽ കൃഷിക്കാർ ഇന്നും വേണ്ടത്ര പ്രായോഗികജ്ഞാനമുള്ളവരല്ല.

കറവുപശുക്കളിൽ കണ്ടുവരുന്ന വന്ധ്യതാ നിവാരണത്തിന് ബ്ലോക്കടിസ്ഥാനത്തിൽ ഒരു കർമ്മ പരിപാടി ഉണ്ടാക്കേണ്ടതാണ്.

## പേവിഷബാധ

അലഞ്ഞുനടക്കുന്ന നായ്ക്കളുടെ കടിയേറ്റ് മനുഷ്യർക്കും കുത്തിവെപ്പിന് വിധേയരാകേണ്ട ദുസ്ഥിതി

നമ്മുടെ പഞ്ചായത്തിലും അപൂർവ്വമല്ല. ആടുകളെയും കോഴികളെയും കൂട്ടത്തോടെ നായ്ക്കൾ ഉപദ്രവിക്കാറുണ്ട്. ഇതിനുള്ള ഏക പ്രതിവിധി അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കലാണ്. നായ്ക്കളെ വളർത്തുന്നതിന് ലൈസൻസ് സമ്പ്രദായം കർശനമാക്കണം.

അറവുശാലകളിലെ മാംസ പരിശോധനയും, അറക്കുന്ന മൃഗങ്ങളെ മുൻകൂട്ടി പരിശോധനക്ക് വിധേയമാക്കലും മനുഷ്യരുടെ ആരോഗ്യ പ്രശ്നം മാത്രമല്ല ജീവൽപ്രശ്നവുമായി പരിഗണിക്കണം. ഭക്ഷ്യവിഷബാധ, എൻസഫലൈറ്റിസ്, വിരബാധ, ബ്രൂസമോസിസ് തുടങ്ങി 200 രോഗങ്ങൾ മനുഷ്യരിലേക്ക് സംക്രമിപ്പിക്കുന്നതിനെ തടയാൻ ഇത് അത്യന്താപേക്ഷിതമാണ്. സമഗ്രമായൊരു ഇൻഷൂറൻസ് പദ്ധതിയും നടപ്പിലാക്കേണ്ടതാണ്. ഇപ്പോഴത്തെ പദ്ധതിക്ക് പ്രീമിയം വളരെ കൂടുതലാണ്. മൃഗങ്ങളുടെ മരണം മാത്രമല്ല, വന്ധ്യത, അകിടുവീക്കം എന്നിവക്കും ഇൻഷൂറൻ പഴയപോലെ ബാധകമാക്കണം.

## കർഷകർക്ക് അംഗീകാരം

ഇതര തുറകളിലെ പ്രഗത്ഭരെ ആദരിച്ചംഗീകരിക്കുന്നതു പോലെ മൃഗസംരക്ഷണവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരെയും പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ തലങ്ങളിലെങ്കിലും ആദരിക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. എളവള്ളി മൃഗാസ്പത്രിക്കായി വാങ്ങിയ സ്ഥലത്ത് കെട്ടിടം പണിയുക.

2. ആസ്പത്രിയിലെ ഒഴിഞ്ഞ തസ്തികയിലേക്ക് നിയമനം നടത്തുക.

3. ആസ്പത്രിക്ക് ഫ്രിഡ്ജ്, ഫോൺ, വാഹനം എന്നിവ ലഭ്യമാക്കുക.

4. 500 പശുക്കൾക്ക് ഒരു എ.ഐ. സെന്റർ വീതമെങ്കിലും അനുവദിക്കുക.

5. മൃഗാസ്പത്രി വികസന സമിതി രൂപീകരിക്കുക.

6. ചികിത്സാരംഗം റജിസ്ട്രേഷനുള്ളവർക്ക് മാത്രമായി നിജപ്പെടുത്തുക.

7. വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് മൃഗസംരക്ഷണ മേഖലയിലുള്ള വനിതാ പങ്കാളിത്തം വർദ്ധിപ്പിക്കുക.

8. ബാലവാടികളിലും, അംഗൻവാടികളിലും കുട്ടികൾക്ക് പാൽ, മുട്ട എന്നിവ സൗജന്യമായി കൊടുക്കുന്നതിനുള്ള പദ്ധതി ആരംഭിക്കുക.

9. സഹകരണാടിസ്ഥാനത്തിൽ മിനിഇൻക്യുബേറ്റർ പ്രവർത്തിക്കുന്ന ഇടത്തരം കോഴി ഫാമുകൾ വാർഡുകൾ തോറും ആരംഭിക്കുക, അവയിൽ മുട്ടക്കോഴികളെ വളർത്തുക.

## മത്സ്യക്കൃഷി

കടലോരത്തുനിന്നു മാത്രമല്ല, പടിഞ്ഞാറൻ കായലോരത്തിൽ നിന്നും അകന്നു നിൽക്കുന്ന പ്രദേശമാണ് എളവള്ളി പഞ്ചായത്ത്. എന്നാലും ഉൾനാടൻ മത്സ്യകൃഷിക്ക് പഞ്ചായത്തിൽ ധാരാളം സാധ്യതയുണ്ട്. അതു മാത്രമേ നമുക്കു സാധ്യതയായുള്ളുതാനും.

അറ്റവേനലിൽ പോലും വറ്റാത്ത ഏതാനും കിണറുകളും, കുളങ്ങളും, അപൂർവ്വം ജലാശയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. കൃഷി – ജലസേചന പദ്ധതികളിൽ നാം വിഭാവനം ചെയ്യുന്ന പരിപാടികൾ പ്രവർത്തികമാക്കുന്നതോടെ ആണ്ടറുതിയിൽ പോലും വെള്ളം കെട്ടിനിൽക്കുന്ന തോടുകളും ചാലുകളും ഉണ്ടാകാനുള്ള സാധ്യത വർദ്ധിച്ചു വരും. അതോടെ ചെറു പുരയിടങ്ങളുടെ ഭാഗമായ ചെറു കുളങ്ങളിലും കൊക്കറണികളിലും വെള്ളം ഒരളവോളം കെട്ടിനിൽക്കാനിടയുണ്ട്. അതൊക്കെ ചെറിയ തോതിലുള്ള മീൻ വളർത്തൽ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്താം. അതുപോലെ ഇഷ്ടികകൾക്കും മറ്റും വളരെ ആഴത്തിൽനിന്ന് താഴ്ത്തി മണ്ണെടുത്തുപോയ ചില പ്ലോട്ടുകൾ നമ്മുടെ കിഴക്കൻ പാടശേഖരങ്ങളിലുണ്ട്. പശിമരാശിയുള്ള മേൽമണ്ണ് നഷ്ടപ്പെട്ടതിന്റെ ഫലമായി നെൽകൃഷിക്ക് യോഗ്യമല്ലാതായിതീർന്ന അത്തരത്തിലുള്ള പ്ലോട്ടുകളും മത്സ്യം വളർത്തൽ കേന്ദ്രങ്ങളാക്കാൻ സാധിക്കുമോ എന്ന് ആരായാവുന്നതാണ്.

പച്ചക്കറി കൃഷി മിക്കവാറും എല്ലാ പുരയിടങ്ങളിലേക്കും വ്യാപിപ്പിക്കാൻ കഴിയുന്നതുപോലെ മത്സ്യ

കൃഷിയും വ്യാപിപ്പിക്കാൻ കഴിഞ്ഞെന്നു വരില്ല. എന്നാലും താല്പര്യമുള്ള വ്യക്തികൾക്ക് സ്വന്തം വീടുകളിൽ സ്വർണ്ണ മത്സ്യം തുടങ്ങിയ കാഴ്ചക്കായി പ്രദർശിപ്പിക്കുന്ന കാര്യത്തിലെടുക്കുന്ന താല്പര്യം പോലെ ഉൾനാടൻ മത്സ്യ കൃഷിയിലും താല്പര്യമെടുക്കുമെങ്കിൽ ആ രംഗത്തും നമ്മുടെ പഞ്ചായത്തിൽ വികസന സാധ്യത വിരളമല്ല.

മത്സ്യം വളർത്തുന്നതിലല്ല മത്സ്യം പിടിക്കുന്നതിലാണ് നമ്മുടെ പഞ്ചായത്തിലുള്ളവർ പരമ്പരാഗതമായി ശ്രദ്ധിച്ചിരുന്നത്. കടലും കായലും അത്രവിദൂരത്തല്ലാത്തതുകൊണ്ട് വേലിയേറ്റത്തിന്റെ കൂട്ടത്തിൽ സ്വഭാവികമായി മത്സ്യക്കുഞ്ഞുങ്ങൾ നമ്മുടെ പഞ്ചായത്തിലെ ജലാശയങ്ങളിലും, തോടുകളിലും, ചാലുകളിലും, വയലേലകളിലും, കുളങ്ങളിലും മറ്റും എത്തിപ്പെടാറുണ്ട്. അവയുടെ പ്രജനനവും പെറ്റു രുകലുമാണ് ഉൾനാടൻ മത്സ്യ ലഭ്യതക്ക് വഴിയൊരുക്കുന്നത്. അവയിൽ കുറെ വേലിയിറക്കിലൂടെ കടലിലേക്കും കായലുകളിലേക്കും ഒഴുകിപോകും. എന്നാലും കുറെ അവശേഷിക്കുക പതിവാണ്. യാതൊരുവിധത്തിലുള്ള പ്രത്യേക സംരക്ഷണവും മനുഷ്യ അദ്ധ്വാനവും കൂടാതെ വളരുന്ന ഈ മത്സ്യ സമ്പത്താണ്, ഒറ്റിയും കുരുത്തിയും ഉപയോഗിച്ചും ചെറിയ വലകളും വീശൽ വലകളും മറ്റും ഉപയോഗിച്ചും, തോടുകളിലും ചാലുകളിലും കാടകളിട്ടും നാം പിടിച്ച് ഉപയോഗിക്കുന്നത്. ഇക്കാര്യത്തിൽ ഒന്നു കൂടി ശ്രദ്ധിച്ചാൽ വളർത്തിയെടുക്കാവുന്ന ഉൾനാടൻ മത്സ്യസമ്പത്ത് നമുക്ക് പ്രയോജനപ്പെടുത്താൻ കഴിയും.

# IV.3

# വ്യവസായം

വ്യവസായ മേഖലയിൽ വർഷങ്ങൾക്കുമുന്നെ എളവള്ളി പഞ്ചായത്തിൽ തുടക്കമിടാൻ കഴിഞ്ഞുവെങ്കിലും ഈ മേഖലയിൽ പ്രതീക്ഷക്കൊത്ത ഒരു വിജയം നേടാൻ കഴിഞ്ഞിട്ടില്ല. 1960 കളിൽ ഒമ്പതാം വാർഡിലെ പൂച്ചക്കുന്ന് മേഖലയിൽ അന്നത്തെ ഗവർണ്ണർ ശ്രീ. V.V.ഗിരി, ഗാന്ധിസ്മാരക നിധിയുടെ കീഴിൽ എല്ലുപൊടിക്കുന്ന വ്യവസായ യൂണിറ്റ്, കൈത്തറി യൂണിറ്റ്, സോപ്പ് നിർമ്മാണയൂണിറ്റ് എന്നിവ ഉൽഘാടനം ചെയ്ത് പ്രവർത്തനം ആരംഭിച്ചിരുന്നു എങ്കിലും ഇന്ന് കൈത്തറി യൂണിറ്റ് മാത്രമാണ് ഖാദിബോർഡിൻ കീഴിൽ നാമമാത്രമായി പ്രവർത്തിക്കുന്നത്. പഴമയുടെ പ്രതാപവും പേറി നിൽക്കുന്ന ഏക യൂണിറ്റായ കൈത്തറി യൂണിറ്റ് ഇന്ന് പരാജയത്തിന്റെ വക്കിലാണ് പ്രവർത്തിക്കുന്നത്.

എളവള്ളി പഞ്ചായത്തിൽ പൊതുമേഖലായിലോ, സ്വകാര്യമേഖലയിലോ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെയില്ല. ചെറുകിട മേഖലയിലെ സ്വകാര്യയൂണിറ്റുകൾ മാത്രമാണ് പഞ്ചായത്തിലെ പ്രധാന വ്യവസായയൂണിറ്റുകൾ. ഈ വ്യവസായ യൂണിറ്റുകളിലായി ആകെ 885 പേർ ജോലി ചെയ്യുന്നു. പുരുഷൻമാർ 160 സ്ത്രീകൾ 725.

നിലവിലുള്ള സ്ഥപനങ്ങളും, തൊഴിലാളികളുടെ എണ്ണവും പട്ടിക 1 ൽ. ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക IIൽ

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം മുള കൊണ്ടുള്ള കുട്ടനെയ്ത്തും മരത്തിലെ കൊത്തുപണിയും മറ്റുമാണ്. പക്ഷെ ഈ വിഭാഗക്കാർ വളരെയധികം ഈ മേഖല വിട്ട് പുത്തൻ മേച്ചിൽ പുറങ്ങൾ തേടി പോയിരിക്കയാണ്.

നല്ലനിലയിൽ പ്രവർത്തിച്ച് വന്നിരുന്ന പൂവ്വത്തൂരിലുള്ള ശ്രീനാരായണ ഓയിൽമിൽ, ചിറ്റാട്ടുകരയിലുള്ള മത്തായി &സൺസ് ഓയിൽമിൽ, എന്നിവ ഇന്ന് പ്രവർത്തനരഹിതമായാണ് നിലനിൽക്കുന്നത്. അഞ്ചാം വാർഡിൽ സ്വകാര്യഉടമസ്ഥതയിൽ 1985കളിൽ പ്രവർത്തിച്ച് വന്നിരുന്ന പ്ലാസ്റ്റിക്ക് നിർമ്മാണയൂണിറ്റ്, മൂന്നാം വർഡിലും ഏഴാം വാർഡിലുമുണ്ടായിരുന്ന ചെരുപ്പ് നിർമ്മാണ യൂണിറ്റ് എന്നിവ പരാജയപ്പെടുകയാണുണ്ടായത്.

## വ്യവസായമേഖലയിലെ സ്ത്രീജന പങ്കാളിത്തം

വ്യവസായ മേഖല എന്ന് അവകാശപ്പെടുവാൻ കഴിയില്ല എങ്കിലും തൊഴിൽ രംഗത്ത് പുരുഷ മേധാവിത്തമാണ് പ്രകടമാകുന്നത്. സ്ത്രീകളും പുറകിലല്ല. ബീഡി രംഗത്താണ് അധികമായി കാണാൻ കഴിയുന്നത്. എന്നിരുന്നാലും ചെറുകിട വ്യവസായ മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്ന് പറയാനും കഴിയില്ല.

## പട്ടിക I

| വിഭാഗം | തൊഴിലാളികളുടെ എണ്ണം. | | |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | ആകെ |
| 01. പരമ്പരാഗത വ്യവസായം: | | | |
| കുട്ടനെയ്ത്ത് വ്യവസായം | – | 03 | 03 |
| കൊത്തുപണി വ്യവസായം | 10 | – | 10 |
| 02. ചെറുകിട വ്യവസായം | 160 | 725 | 885 |
| 03. ഖാദി യൂണിറ്റ് | 5 | 20 | 25 |

## പട്ടിക II

### ചെറുകിട വ്യവസായ യൂണിറ്റുകൾ

| ഇനം | ആകെ വ്യവസായങ്ങൾ | തൊഴിലാളികളുടെ എണ്ണം. | | |
|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | ആകെ |
| 01. നാളികേരം | 01 | 5 | 1 | 6 |
| 02. തടിവ്യവസായം | 07 | 23 | – | 23 |
| 03. ഐസ് ഫാക്ടറി | 01 | 01 | – | 01 |
| 04. അച്ചടി | 03 | 06 | 08 | 14 |
| 05. ഖാദി മേഖല | 01 | 02 | 18 | 20 |
| 06. കല്ലാര വ്യവസായം | 06 | 61 | 34 | 95 |
| 07. റെഡിമെയ്ഡ് ഫാബ്രിക്സ് | 01 | 03 | 04 | 07 |
| 08. ബീഡി വ്യവസായം | 05 | 16 | 635 | 651 |
| 09. കൊത്തു പണി | 04 | 19 | – | 19 |
| 10. എഞ്ചിനിയറിങ്ങ് | 05 | 19 | – | 19 |
| 11 ഫുഡ് പ്രൊഡക്ഷൻ | 03 | 02 | 16 | 18 |
| 12 ഹോളോ ബ്രിക്സ് | 01 | 03 | 09 | 12 |
| | | 160 | 725 | 885 |

## പ്രശ്നങ്ങൾ

16.478 ച.കി.മീ. വിസ്തീർണ്ണവും 24,757 ഓളം വരുന്ന ജനസംഖ്യും 5600 വീടുകളും ഉള്ള ഈ പഞ്ചായത്തിൽ ഒരു വ്യവസായ യൂണിറ്റ്പോലുമില്ലാത്തത് പഞ്ചായത്തിന്റെ വികസനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. തികച്ചും ഗ്രാമീണതിയിൽ മയങ്ങുന്ന ഈ പഞ്ചായത്തിലൂടെ തൃശൂർ – ഗുരുവായൂർ റെയിൽ പാത കടന്നു പോകുന്നു.

ഒരു പ്രദേശത്തിന്റെ വികസനത്തിനാവശ്യമായ മനുഷ്യവിഭവവും ഉയർന്ന സാക്ഷരത, ആരോഗ്യ രംഗത്തെ മുന്നേറ്റം, പൊതുജനസഹകരണത്തോടെയുള്ള ജനക്ഷേമ പ്രവർത്തനം, നിരവധി യുവജന – സന്നദ്ധസംഘടനകൾ എന്നിവയെല്ലാം ഉണ്ടെങ്കിലും വ്യവസായ വളർച്ചയുടെ ഒരു ശതമാനം പോലും ഉയരാതിരിക്കുവാനുള്ള കാരണം പ്രധാനമായും താഴെ പറയുന്നവയാണ്.

1. പ്രധാന കാർഷികോൽപ്പന്നമായ നാളികേരം വേണ്ടത്ര രീതിയിൽ വ്യാവസായിക രംഗത്ത് പ്രയോജനപ്പെടുന്നില്ല.

2. ഖാദി, അച്ചടി, തുടങ്ങിയ മേഖലകളിലെ വളരെ കുറഞ്ഞ കൂലി നിരക്ക്.

3. സഹകരണ മേഖലയിൽ യാതൊരു വിധ വ്യവസായ യൂണിറ്റുകളുമില്ല.

4. വൈദ്യുതി കണക്ഷൻ ലഭിച്ച് നാളുകളേറെയായെങ്കിലും, വ്യവസായ യൂണിറ്റുകൾക്ക് വൈദ്യുതി ലഭിക്കാനുള്ള ബുദ്ധിമുട്ടും വോൾട്ടേജ് ക്ഷാമവും.

5. വ്യാവസായിക രംഗത്തെ പരിജ്ഞാനകുറവ്.

### പട്ടിക III

### വിവിധ മേഖലകളിലെ കൂലി നിരക്ക്

| ഇനം | കൂലി നിരക്ക് | |
|---|---|---|
| | പുരുഷൻ | സ്ത്രീ |
| 1. നാളികേരം | 80 | 45 |
| 2. തടിവ്യവസായം | 90 | – |
| 3. ഐസ് ഫാക്ടറി | 75 | – |
| 4. അച്ചടി | 80 | 25 |
| 5. ഖാദി മേഖല | – | 30 |
| 6. കല്ലൊര | 60 | 40 |
| 7 എഞ്ചിനീയറിങ്ങ് | 90 | – |
| 8. ബീഡി തെറുപ്പ് | – | 40 |
| 9. കൊത്തുപണി | 125 | – |
| 10 ഫുഡ് പ്രൊഡക്ഷൻ | 90 | 60 |
| 11. ഹോളോ ബ്രിക്സ് | 90 | 50 |

6. ധനസഹായത്തിനുള്ള സാങ്കേതിക ബുദ്ധിമുട്ടും പരിജ്ഞാനകുറവും.

7. വനിതകൾക്ക് തൊഴിൽ അവസരം ലഭിക്കുന്നില്ല. കൂലി കുറവ്.

8. വ്യവസായിക മേഖലയുമായുള്ള സമ്പർക്ക കുറവ്.

9. തൊഴിൽ ചെയ്യാൻ സന്നദ്ധത പ്രകടിപ്പിക്കുന്നവർക്ക് തൊഴിൽ നൽകാനുള്ള ശേഷിയില്ലായ്മ.

## സാധ്യതകൾ

തൃശൂർ ജില്ലയിലെ മുല്ലശ്ശേരി ബ്ലോക്ക് പ്രദേശത്ത് കലാ - സാംസ്കാരിക രംഗത്തും, വിദ്യാഭ്യാസ രംഗത്തും മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ നല്ലൊരു ശതമാനം ആളുകളും മറ്റു പഞ്ചായത്തുകളിലാണ് തൊഴിൽ ചെയ്യുന്നത്. മിനി ഗൾഫ് മേഖലയായ ചാവക്കാടിനു സമീപം കിടക്കുന്ന നമ്മുടെ പഞ്ചായത്തിലെ ഒട്ടനവധി പേർ കേരളത്തിന് പുറത്തും ഗൾഫ് മേഖലകളിലും ജോലി ചെയ്യുന്നു. വിദേശത്ത് ജോലി ചെയ്യുന്നവരിൽ താത്പര്യം വളർത്തി നല്ല വ്യവസായ യൂണിറ്റുകൾ ആരംഭിക്കാനുള്ള സാധ്യത കാണുന്നു.

പരമ്പരാഗത മേഖലയിൽ ജോലി ചെയ്യുന്നവരുടെ എണ്ണം കുറവാണ്. മരത്തടിയിലുള്ള കൊത്തുപണിക്ക് പേര് കേട്ട സ്ഥലമാണ് നമ്മുടെ പഞ്ചായത്തിലെ കടവല്ലൂർ പ്രദേശം. പക്ഷെ ചില വ്യക്തികളിൽ മാത്രം കേന്ദ്രീകരിച്ച് മുന്നേറുന്ന ഈ മേഖല ഇനിയും വികസിപിക്കേണ്ടതായിട്ടുണ്ട്. അതേസമയം മറ്റൊരു പരമ്പരാഗത തൊഴിൽ മേഖലയായ കുട്ട നെയ്ത്ത് തകർച്ചയുടെ വക്കിലാണ്. പഴമക്കാരായ ചിലർ മാത്രമാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. അസംസ്കൃത വസ്തുവിന്റെ ദൗർലഭ്യം, വില കൂടുതൽ, പുത്തൻ തലമുറയുടെ നിഷേധാത്മകമായ നിലപാട് എന്നിവ കാരണം ഈ മേഖലയിൽ പുത്തനുണർവ്വ് ദർശിക്കാനാവുന്നില്ല.

നമ്മുടെ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരവും, നെല്ലുമാണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്. തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ചുള്ള വിവിധ വ്യവസായങ്ങളുടെ സാധ്യതകളെ പറ്റി ഗ്രാമീണരെ ബോധവത്ക്കരിച്ച് ഈ മേഖലയിലെ വികസനത്തിൽ പങ്കാളിയാക്കുന്നതിന് കഴിയും.

## ഖാദി മേഖല

ഗാന്ധി സ്മാരക നിധിയുടെ കീഴിൽ നിലവിൽ വന്നതും ഇപ്പോൾ കേരള ഖാദി ബോർഡിന്റെ ആഭിമുഖ്യത്തിൽ 9-ാം വാർഡിൽ ചെറിയ തോതിൽ പ്രവർത്തിക്കുന്നതുമായ ഏക കൈത്തറി യൂണിറ്റ് മാത്രമാണുള്ളത്. ഇതിൽ മൊത്തം 20 സ്ത്രീകൾ ജോലി ചെയ്യുന്നു. വളരെ കുറഞ്ഞ വേതന നിരക്കായിട്ടും മറ്റു മാർഗ്ഗമില്ലാത്തതിനാലും, ഖാദിയോടുള്ള സ്നേഹം കൊണ്ടും മാത്രമാണ് ഇന്നും ഇതിൽ തൊഴിലെടുക്കുവാൻ തൊഴിലാളികളെ പ്രേരിപ്പിക്കുന്നത്.

അതേസമയം വളർന്നു വരുന്ന പുത്തൻ വ്യവസ്ഥിതിയിൽ ഖാദിക്കുള്ള പ്രാധാന്യവും മറ്റും വിപുലമായ തോതിൽ ബോധവത്ക്കരിച്ച് നിലവിലുള്ള ഖാദി മേഖലയെ നൂറിൽപരം സ്ത്രീകൾ തൊഴിലെടുക്കുന്ന ഒരു മാതൃകാ യൂണിറ്റാക്കി മാറ്റുവാൻ കഴിയുമെന്നതിൽ തർക്കമില്ല. ഈ സാധ്യത ഉപയോഗിച്ച് ഖാദി മേഖലയെ ശക്തിപ്പെടുത്തുവാനും, പുത്തൻ തൊഴിൽ സാധ്യത ഉണ്ടാക്കുവാനും നമുക്ക് കഴിയണം.

## തടിവ്യവസായ മേഖല

മരത്തടിയിൽ കൊത്തു പണി ചെയ്യുന്ന അനുഗ്രഹീതരായ തൊഴിലാളികളാൽ സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. കേരളത്തിനകത്തും പുറത്തും പുകൾപെറ്റ കടവല്ലൂർ ആചാരിമാർ നമ്മുടെ അഭിമാന പാത്രമാണ്. പക്ഷെ പുത്തൻ അവസ്ഥയിൽ മരത്തിന്റെ ലഭ്യത ഒരു ചോദ്യചിഹ്നമായി മാറുന്നു. ഭീമമായ തുക ചിലവഴിക്കാതെ മരമോ, മരത്തടികളാലുള്ള ഫർണിച്ചറുകളോ ഇന്ന് ലഭ്യമല്ല.

ആയതുകൊണ്ട് ഈ അവസ്ഥാവിശേഷത്തെ മുറിച്ച് കടക്കുന്നതിന് വേണ്ടി വ്യവസായികാടിസ്ഥാനത്തിൽ സിമന്റ് പ്രൊഡക്ഷൻ യൂണിറ്റും, ഹോളോ ബ്രിക്സ് യൂണിറ്റും സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കണം.

## നിർദ്ദേശങ്ങൾ

* വ്യവസായം തുടങ്ങുന്നതിന് താത്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുകയും, അതിൽ നിന്ന് സംരംഭകരെ തെരഞ്ഞെടുത്ത് നല്ല രീതിയിൽ പരിശീലനം നൽകുക.

* സീസൺ തൊഴിലാളികളുടെ രജിസ്ട്രേഷൻ പഞ്ചായത്ത് തലത്തിൽ നടത്തി, തൊഴിലുടമകൾക്ക് ആവശ്യമായ തൊഴിലാളികളെ നൽകുവാനുള്ള അവസരം ഉണ്ടാക്കുക.

* റെഡിമെയ്ഡ് വ്യവസായം വിജയിപ്പിക്കുവാനുള്ള സാധ്യത ഉള്ളതിനാൽ പ്രസ്തുത രംഗത്തെ നവീന രീതികൾ പഠിപ്പിച്ച് വ്യവസായം വികസിപ്പിക്കുവാനും, പുതിയവ തുടങ്ങുവാനും ശ്രമിക്കുക.

* വ്യവസായ രംഗത്തെ നല്ല പ്രസിദ്ധീകരണങ്ങൾ ലഭ്യമാക്കുക.

* വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിച്ച് നല്ല നിലയിൽ പ്രാവർത്തികമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കുവാൻ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുക.

## മിനി വ്യവസായ എസ്റ്റേറ്റ്

ഗ്രാമസഭകളിൽ നിന്നും ശക്തമായി ഉയർന്നുവന്ന പുതിയ വ്യവസായ യൂണിറ്റുകളായ കൊപ്രസംഭരണ - സംസ്കരണ യൂണിറ്റും, അതിന്റെ ഉപോത്പന്നമായ പിണ്ണാക്ക് ഉപയോഗിച്ച് നിർമ്മിക്കാവുന്ന കാലിത്തീറ്റ ഫാക്ടറിയും ഉൾപ്പെടുന്ന ഒരു മേജർ എസ്റ്റേറ്റും, പൂച്ചക്കുന്ന് മേഖലയിൽ നിലവിലുണ്ടായിരുന്ന എല്ലുപൊടി നിർമ്മാണ യൂണിറ്റ് പുനരുജ്ജീവിപ്പിച്ച് അതിനടുത്ത് തന്നെ ഉള്ള ശ്മശാനത്തിലെ അസ്ഥികളും, പുതുതായി നിർദ്ദേശം വന്ന ആധുനിക അറവുശാലയിലെ എല്ലുകളും ഉപയോഗിച്ച് എല്ല് പൊടി നിർമ്മാണ യൂണിറ്റും രൂപീകരിക്കുക.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാ

പട്ടിക IV

**സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ**

അവലംബം – സെക്കന്ററി ഡാറ്റ കളക്ഷൻ

| വാർഡ് | ചെറുകിട വ്യവസായം | വൻകിടവ്യവസായം | കച്ചവട സ്ഥാപനം | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| I | 16 | ഇല്ല | 13 | 5 | 34 |
| II | 12 | ഇല്ല | 15 | 3 | 30 |
| III | 05 | ഇല്ല | 13 | 5 | 23 |
| IV | 05 | ഇല്ല | 15 | 3 | 23 |
| V | 04 | ഇല്ല | 14 | 4 | 22 |
| VI | 05 | ഇല്ല | 11 | 2 | 18 |
| VII | 20 | ഇല്ല | 70 | 6 | 96 |
| VIII | 04 | ഇല്ല | 06 | 5 | 15 |
| IX | 18 | ഇല്ല | 62 | 10 | 90 |
| X | 06 | ഇല്ല | 06 | 2 | 14 |



5

ക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും.

**ഗ്രാമസഭകളിൽ ഉയർന്നു വന്ന വ്യവസായ നിർദ്ദേശങ്ങൾ**

1. ഫർണീച്ചർ യൂണിറ്റ്
2. ചകിരിനാര് ഉത്പാദനം
3. ബിസ്ക്കറ്റ് ഫാക്ടറി
4. കാലിത്തീറ്റ നിർമ്മാണ യൂണിറ്റ്
5. കൊപ്ര സംഭരണം –സംസ്കരണം
6. കയറുത്പ്പന്ന നിർമ്മാണ യൂണിറ്റ്
7. ബാക്കറി ഫുഡ്നിർമ്മാണ യൂണിറ്റ്
8. ബുക്ക് ബൈന്റിങ്ങ് – കുടനിർമ്മാണം
9. വാഷിങ്ങ് സോപ്പ് & പൗഡർ നിർമ്മാണം
10. ചെരുപ്പ് നിർമ്മാണയൂണിറ്റ്
11. എല്ലുപൊടി നിർമ്മാണം.
12. മെഴുകുതിരി കുടിൽ വ്യവസായം
13. ലീവിംങ്ങ് പവ്വർലൂം വ്യവസായം
14. പ്ലാസ്റ്റിക്ക് വ്യവസായം
15. ബീഡി സഹകരണ സംഘം
16. കറിപൗഡർ നിർമ്മാണം
17. റെഡിമെയ്ഡ് നിർമ്മാണ യൂണിറ്റ്
18. തേങ്ങാ വെള്ളം സംസ്കരിച്ച് ശീതളപാനീയ നിർമ്മാണ യൂണിറ്റ്
19. അടയ്ക്കാ പ്രോസസ്സിംങ്ങ് യൂണിറ്റ്.
20 പപ്പട നിർമ്മാണ യൂണിറ്റ്
21. ഇലക്ട്രോണിക്ക് യൂണിറ്റ്
22.പൾപ്പ് നിർമ്മാണം
23. കല്ലൊര വ്യവസായ യൂണിറ്റ്
24. തുന്നൽ വ്യവസയ കേന്ദ്രം
25. ഇത്തിൾ വ്യവസായ യൂണിറ്റ്.

# ടൂറിസം

ഈ മേഖലയിൽ യാതൊരുവിധ പുരോഗതിയും ഇല്ലാത്ത പഞ്ചായത്താണ് നമ്മുടെ പഞ്ചായത്ത്. എങ്കിൽകൂടി ഈ മേഖലയെ അപ്പാടെ എഴുതിത്തള്ളാവുന്ന ഒരു അവസ്ഥയുമല്ല നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളത്. അങ്ങേയറ്റത്തെ പ്രകൃതി രമണീയത കനിഞ്ഞനുഗ്രഹിച്ച ചേലൂർക്കുന്ന് ഈ മേഖലയിൽ നമുക്ക് പ്രതീക്ഷ നൽകുന്ന ഒരു ഘടകമാണ്. എളവള്ളി പഞ്ചായത്തിലെ നാലാം വാർഡിന്റെ നെറുകയിൽ ചേലൂർക്കുന്ന് അയ്യപ്പസ്വാമി ക്ഷേത്രത്തിനു സമീപം എട്ടു വർഷത്തോളമായി സോഷ്യൽ ഫോറസ്ട്രിയുടെ കീഴിൽ ഒരു മിനിപാർക്ക് നിലവിൽ വന്നിട്ടുണ്ട്. എന്നിരുന്നാലും ഇന്നും ഈ മിനി പാർക്കിന് ശാപമോക്ഷം ലഭിച്ചിട്ടില്ല. ഒരു പ്രേതാലയത്തിന്റെ രൂപഭാവമാണ് ഇതിനുള്ളത്. ഈ അവസ്ഥ മുറിച്ച് കടക്കുവാൻ നമുക്ക് കഴിഞ്ഞാൽ സ്കൂൾ കുട്ടികൾക്കും, സാധാരണക്കാരനും മററും വിശ്രമസമയങ്ങളെ ഉല്ലാസ സന്ധ്യയാക്കി മാറ്റുവാൻ കഴിയുമെന്ന കാര്യത്തിൽ തർക്കമില്ല.

നിലവിലുള്ള പരിമിതമായ സൗകര്യത്തെ കൂടുതൽ വികസിപ്പിക്കുവാൻ കഴിയണം. ഇപ്പോൾ പാർക്കിൽ സ്ഥാരമായുള്ള ബഞ്ചുകളും കുടകളും മറ്റും കൂടുതൽ പ്രദേശത്ത് വ്യാപിപ്പിച്ച് ഒരു പൂന്തോട്ടവും തണൽ മരങ്ങളും സൃഷ്ടിക്കുവാൻ കഴിഞ്ഞാൽ എളവള്ളിയുടെയും മറ്റു സ്ഥലങ്ങളുടേയും പ്രകൃതി രമണീയത കൺകുളിർക്കേ കാണുവാനുള്ള സന്ദർഭമാണ് നമുക്ക് കൈവരാൻ പോകുന്നത്.

നിർദ്ദേശവും സാദ്ധ്യതയും

1. 50 സെന്റ് ഭൂമിയുള്ള മിനിപാർക്കിൽ ആറ് കോൺക്രീറ്റ് ബഞ്ചുകളും ഒരു കോൺക്രീറ്റ് കുടയും ഒരു ചെറിയ താമരക്കുളവുമാണ് ആകെയുള്ളത്. ഈ സൗകര്യങ്ങൾ 25 കോൺക്രീറ്റ് ബഞ്ച്, 10 കോൺക്രീറ്റ് കുട, നല്ല പൂന്തോട്ടം എന്ന നിലയിലേക്ക് ഉയർത്തുക.

2. പരിസരം മനോഹരമാക്കി നിർമിച്ച് സൂക്ഷിക്കുക.

3. ഒരു കാവൽക്കാരനെ ചുമതലപ്പെടുത്തുക.

4. സുരക്ഷിതത്വം ഉറപ്പുവരുത്തുക.

മിനിപാർക്കിന് സമീപം തെക്ക് പടിഞ്ഞാറ് ഭാഗത്ത് ഒരു ഏക്രയോളം സ്ഥലത്ത് പുതിയ ആയുർവേദാശുപത്രിക്ക് കെട്ടിടം പണി ആരംഭിക്കുവാൻ ഉള്ള പ്രാരംഭജോലി തുടങ്ങിയിട്ടുണ്ട്. ആയുർവേദാശുപത്രി നിലവിൽ വരിക കൂടി ചെയ്താൽ ഈ പാർക്കിന്റെ ആവശ്യകതയും പ്രാധാന്യവും വർദ്ധിക്കും. ആയതുകൊണ്ട്തന്നെ വികസനരംഗത്ത് ഒന്നാംസ്ഥാനത്ത് നിൽക്കുന്ന മിനിപാർക്ക് പുനർനിർമിച്ച് ഈ രംഗത്ത് ഒരു മുന്നേറ്റം നടത്തുവാൻ നമുക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

# IV.4

# ഗതാഗതം
# ഊർജ്ജം, മാർക്കറ്റ്

എളവള്ളി പഞ്ചായത്തിൽ, ഒരു ഗ്രാമീണ മേഖല എന്ന അവസ്ഥയിൽ പരിശോധിക്കുകയാണെങ്കിൽ സാമാന്യം ഭേദപ്പെട്ട ഒരു റോഡ് ശൃംഖലയാണെന്ന് പറയാം. പഞ്ചായത്തിലെ മൊത്തം റോഡുകളുടെ നീളം 111.100 കി.മീ. ആണ്. പഴയ കാലഘട്ടവുമായി താരതമ്യപ്പെടുത്തുകയാണെങ്കിൽ ഇന്നത്തെ റോഡുകളുടെ ദൈർഘ്യവും, സൗകര്യവും മെച്ചപ്പെട്ടതാണ്. ഇവിടത്തെ റോഡ് ശൃംഖല മെച്ചപ്പെട്ടതാണെങ്കിലും റോഡിന്റെ സ്ഥിതി വളരെ മോശമാണ്. മിക്ക റോഡുകളും കുണ്ടും കുഴിയുമായാണ് നിലനിൽക്കുന്നത്. നല്ലരീതിയിലുള്ള നടപ്പാതയോ, കൾവർട്ടുകളോ, ഓവുചാലുകളോ ഇല്ല എന്നു തന്നെ പറയാം.

വെള്ളം ഒഴുകി പോകുന്നതിനാവശ്യമായ കൾവർട്ടുകളോ കാനകളോ ഇല്ല എന്നതു തന്നെയാണ് റോഡിന്റെ ശോചനീയവസ്ഥക്ക് പ്രധാനകാരണവും. സാമ്പത്തിക പരാധീനതമൂലം റോഡുകളുടെ അറ്റകുറ്റപണി നടത്തുക എന്നതുതന്നെ പഞ്ചായത്തിന് വളരെ പ്രയാസമുള്ള കാര്യമാണ്. ശരിയായ രീതിയിൽ ഓവുചാലുകൾ മെച്ചപ്പെടുത്തി കൊണ്ട് റോഡുകളുടെ നില മെച്ചപ്പെടുത്താവുന്നതാണ്.

റെയിൽവെ കടന്നു പോകുന്ന കേരളത്തിലെ ചില പഞ്ചായത്തികളിലൊന്നാകുവാൻ എളവള്ളി പഞ്ചായത്തിന് ഭാഗ്യം സിദ്ധിച്ചിട്ടുണ്ടെങ്കിലും റെയിൽവെ ലൈൻ ഉണ്ട് എന്നതിനാൽ ഒരു നേട്ടവും ഈ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. തൃശൂർ - ഗുരുവായൂർ ലൈനാണ് പഞ്ചായത്തിലൂടെ കടന്നു പോകുന്നത്. തൈക്കാട്, കണ്ടാണശ്ശേരി പാവറട്ടി, മുല്ലശ്ശേരി, വെങ്കിടങ്ങ്, തോളൂർ തുടങ്ങിയ പഞ്ചായത്തുകളുടെ സമഗ്രവികസനത്തിനും കോൾപാടങ്ങളുടെ കലവറയായ ഈ പഞ്ചായത്തുകളിൽ നിന്നുള്ള നെല്ലിന്റെ സുഗമമായ കൈമാറ്റത്തിനും, ക്രിസ്ത്യാനികളുടെ ആരാധനാലയമായ പാലയൂർ പള്ളി, പാവറട്ടി പള്ളി എന്നിവിടങ്ങളിലേക്കുള്ള തീർത്ഥാടകരുടെ യാത്രാ സൗകര്യത്തിനുമായി എളവള്ളി പഞ്ചായത്തിലെ 2-ാം വാർഡിൽ റെയിൽവേയുടെ ഒരു ഹാൾട്ട് - സ്റ്റേഷൻ വേണമെന്ന ആവശ്യം ഉയർന്നിട്ട് നാളുകളേറെയായെങ്കിലും റെയിൽവേസ്റ്റേഷനു വേണ്ടിയുള്ള കാത്തിരിപ്പ് ഇന്നും തുടരുകയാണ്.

നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള റോഡുകളിൽ ഭൂരിഭാഗവും ചരൽ, മണൽ റോഡുകളാണ്. പഞ്ചായത്തിൽ നിന്നും ലഭിച്ച കണക്കനുസരിച്ച് മൊത്തം 122 റോഡുകളാണ് ഉള്ളത്. ടാർ ചെയ്തിട്ടുള്ള റോഡുകളുടെ വിവരം പട്ടിക Iൽ വിശദീകരിച്ചിട്ടുണ്ട്. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന റോഡുകളുടെ പ്രശ്ന പരിഹാരം പട്ടിക IIൽ സൂചിപ്പിക്കുന്നു.

### റോഡുനിർമ്മാണം

(a) ടാർറോഡുകൾ

റോഡുകൾ നിലവാരം കുറഞ്ഞതും, വേണ്ടത്ര

കാനകളില്ല എന്നതും ടാർ റോഡുകളുടെ മുഖ്യ പ്രശ്നമാണ്. മികച്ച .യാത്രാ സൗകര്യത്തിനനുയോജ്യമാം വണ്ണം റോഡുകൾ മെച്ചപ്പെടുത്തുക. അപകരമായ വളവുകൾ, വീതി കുറവ്, കാനകളുടെ കുറവ് എന്നിവ പരിഹാരം കാണേണ്ടപ്രശ്നങ്ങളാണ്. ടാർ റോഡുകളിൽ ചെറിയ കുണ്ടോ, കുഴിയോ മറ്റോ ഉണ്ടായാൽ ഉടൻ റിപ്പയർ ചെയ്തില്ലെങ്കിൽ അവ ടാർ റോഡിന്റെ അവസ്ഥ വളരെ ശോചനീയമാക്കുകയാണ് പതിവ്. ഇത് പരിഹരിക്കാണം.

(b) മെറ്റൽ റോഡുകളുടേയും മൺറോഡുകളുടേയും ശോചനീയാവസ്ഥ

പഞ്ചായത്തിലെ വിവധ ഗ്രാമസഭകളിൽ, നിലവിലുള്ള ചെമ്മൺ റോഡുകളുടേയും, മെറ്റൽ റോഡുകളുടേയും ശോചനീയ സ്ഥിതിയെ സംബന്ധിച്ച് വളരെയധികം ചർച്ചകൾ ഉയർന്നു വരികയുണ്ടായി. വളരെ പെട്ടെന്ന് പൊട്ടിപൊളിയുന്ന റോഡുകളും ഗതാഗതയോഗ്യമല്ലാതായി കിടക്കുന്ന മൺ റോഡുകളും റിപ്പയറിങ്ങ് നടത്തുകയെന്ന പരാതിയാണ് മുഖ്യമായും ഉയർന്നു വന്നത്. ചെമ്മൺ റോഡുകൾ മെറ്റലിങ്ങ് ചെയ്യാനും നിലവിലുള്ള മെറ്റൽ റോഡുകൾ ടാറിങ്ങ് ചെയ്യാനുമുള്ള നിർദ്ദേശങ്ങൾ അനവധിയാണ്. പട്ടിക I ടാർ ചെയ്യേണ്ട റോഡുകളുടെ വിവരം കാണിക്കുന്നു. പ്രസ്തുത പട്ടിക അനുസരിച്ചുള്ള റോഡുകളുടെ നിർമ്മാണ പ്രവർത്തനം നടത്തിതീർക്കുവാൻ ശ്രമിക്കേണ്ടതാണ്.

(c) പുതിയ മൺറോഡുകൾ

പഞ്ചായത്തിന് സറണ്ടർ ചെയ്ത് കൊടുത്തിരിക്കുന്ന മുഴുവൻ റോഡുകളിലും പ്രവർത്തനം നടത്തുവാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. പുതിയ റോഡുകൾ രൂപപ്പെടുന്നതിനും നിലവിൽ വരുന്നതിനും സ്ഥലം സറണ്ടർ ചെയ്യുവാൻ തയ്യാറും സന്നദ്ധതയും ഗ്രാമീണർ പ്രകടിപ്പിക്കുന്നുണ്ടെങ്കിൽ കൂടി അവ മുഴുവൻ ഏറ്റെടുക്കുവാൻ സാമ്പത്തീക പരാധീനത മൂലം പഞ്ചായത്തുകൾക്ക് കഴിയാറില്ല. ആയതിനാൽ റോഡ് വികസനത്തിനും, പുതിയ മൺറോഡുകൾ നിർമ്മിക്കുന്നതിനും പഞ്ചായത്തുകൾക്ക് സാമ്പത്തിക സഹായം നൽകണം.

സാർവ്വത്രികമായ റോഡ് വികസനം മൂലം സമീപ പ്രദേശങ്ങളിലെ ഭൂമിയുടെ വിലനിലവാരം ഉയർന്നു കൊണ്ടിരിക്കുന്നു. അതിലെല്ലാമുപരിയായി റോഡ് വികസനം മൂലം നേരിയ തോതിൽ പാരിസ്ഥിതിക പ്രശ്നം ഉടലെടുക്കാറുണ്ട്. ഉദാഹരണമായി വെള്ളം കെട്ടിനിൽക്കുക, മരങ്ങൾ മുറിച്ചു മാറ്റുക എന്നിവ. എന്നിരുന്നാലും പുതിയ റോഡുകൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തിൽ നിന്നും നമുക്ക് പിറകോട്ട് പോകുവാൻ കഴിയില്ല.

## സാധ്യതകൾ

### റെയിൽവെ സംബന്ധിച്ച്

മുൻ സൂചിപ്പിച്ച പോലെ സമീപത്തുള്ള എട്ട് പഞ്ചായത്തുകൾ ഒന്നായി ആവശ്യപ്പെടുകയും, ഇതുവരെയും അനുവദിച്ച് കിട്ടാത്തതുമായ എളവള്ളി റെയിൽവെ സ്റ്റേഷനാണ് പഞ്ചായത്തിന്റെ ഏറ്റവും പ്രധാന ആവശ്യം. ആയതിന് വേണ്ടി വിവിധ രീതിയിൽ അധികൃതരോട് പലപ്പോഴായി ആവശ്യപ്പെട്ടിരുന്നെങ്കിലും ഇന്നും റെയിൽവെ സ്റ്റേഷൻ യാഥാർത്ഥ്യമാകാതെ നിൽക്കുകയാണ്. അതിനാൽ എത്രയും വേഗം സൗജന്യമായി ലഭിച്ച സ്ഥലത്ത് റെയിൽവെ സ്റ്റേഷൻ നിർമ്മിക്കുക. റെയിൽവെ സ്റ്റേഷൻ യാഥാർത്ഥ്യമാകുകയാണേൽ എളവള്ളി പഞ്ചായത്തിന്റെ മാത്രമല്ല മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിന്റെ തന്നെ വികസനത്തിൽ അതൊരു നാഴികക്കല്ലാവുമെന്നതിൽ തർക്കമില്ല. ആയതിന്റെ പ്രാധാന്യം കണക്കിലെടുത്ത് എളവള്ളി പഞ്ചായത്തിൽ II-ാം വാർഡിൽ റെയിൽവെ സ്റ്റേഷൻ ഉടൻ നിർമ്മിക്കണം.

### റോഡ് ഗതാഗതം സംബന്ധിച്ച്

ഗ്രാമസഭകളിൽ നിന്നുയർന്നുവന്ന വിവിധ നിർദ്ദേശങ്ങൾ പരിഗണിച്ചാൽ, റോഡിന്റെ വികസനം വ്യക്തമായ ധാരണയോടെയായിരിക്കണം എന്നാണ് ചൂണ്ടിക്കാണിക്കുന്നത്.

## നിലവിലുള്ള പ്രശ്നങ്ങൾ

* റോഡുകൾക്ക് വീതി കുറവ്. ഇത് കൂട്ടുവാൻ റോഡിന്റെ പാർശ്വങ്ങൾക്ക് വീതി കൂട്ടുക.

* ടാർചെയ്ത റോഡുകളിൽ അശാസ്ത്രീയമായി

ടെലഫോൺ കേബിൾ സ്ഥാപിക്കൽ, വാട്ടർ അതോറിറ്റി പൈപ്പ് ഇടൽ എന്നിവ ഏകീകരിക്കുക.

* 5–ാം വാർഡിലെ കണിയാം തുരുത്തിൽ നിന്ന് എളവള്ളി കോടനാഴി റോഡിലേക്ക് സ്ലൂയിസ് – കം ബ്രിഡ്ജ് നിർമ്മിക്കുക.

* 3–ാം വാർഡിലെ വാക കാക്കതിരുത്തി വഴി തോളൂർ പഞ്ചായത്തിലെ എടക്കളത്തൂരിലേക്ക് സ്ലൂയിസ് – കം – ബ്രിഡ്ജ് സ്ഥാപിക്കുക.

* 6–ാം വാർഡിലെ പള്ളിത്താഴം റോഡിന്റെ കിഴക്കുഭാഗത്ത് കൂടെ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിലെ പൂച്ചക്കുന്ന് റോഡിലേക്ക് സ്ലൂയിസ് – കം – ബ്രിഡ്ജ് വഴി ഗതാഗതം ഉറപ്പ് വരുത്തുക.

ഈ മുന്ന് സ്ലൂയിസ് – കം – ബ്രിഡ്ജുകൾ നിർമ്മിക്കുവാൻ സാധിച്ചാൽ ഗതാഗതം സുഗമമാക്കുകയും, ഒട്ടേറെ പണവും സമയവും ലാഭിക്കുവാൻ കഴിയുകയും ചെയ്യും എന്നു മാത്രമല്ല ഈ ബ്രിഡ്ജുകൾ കൃഷിയിടങ്ങളിലേക്കും മറ്റും വെള്ളം എത്തിക്കുവാൻ സഹായകമാവുകയും ചെയ്യും.

**പുതിയ ബസ്സ് റൂട്ടുകളുടെ നിർദ്ദേശം**

പുതുക്കി പണിത മണച്ചാൽ പാലം വഴി പുതിയ ബസ്സ്റൂട്ട് അനുവദിക്കുകയാണെങ്കിൽ പഞ്ചായത്ത് വികസനം ത്വരിതപ്പെടുത്തുവാൻ കഴിയുമെന്നതിൽ തർക്കമില്ല. ഗ്രാമസഭകളിൽ ഉയർന്ന വന്ന നിർദ്ദേശങ്ങൾ താഴെ.

1. തൃശൂർ – പറപ്പൂർ – എളവള്ളി – വാക വഴി ഗുരുവായൂർ / കുന്ദംകുളം.

2. കാഞ്ഞാണി – പാങ്ങ് – എളവള്ളി – വാക വഴി വടക്കാഞ്ചേരി

3. കാഞ്ഞാണി – പാവറട്ടി – എളവള്ളി വഴി കുന്ദംകുളം / ഗുരുവായൂർ

4. തൃശൂർ – പറപ്പൂർ – എളവള്ളി – കുനമൂച്ചി വഴി ഗുരുവായൂർ

5. തൃശൂർ – പറപ്പൂർ – എളവള്ളി – ചിറ്റാട്ടുകര വഴി ഗുരുവായൂർ

6. മറ്റം – എളവള്ളിവഴി ഏനാമാവിലേക്ക് ബസ്സ് റൂട്ട്

7. കോക്കൂരിലും, വാകയിലും എത്തുന്ന ബസ്സുകൾ എളവള്ളിയിലേക്കോ എളവള്ളി വഴി പെരുവല്ലൂർ / പാവറട്ടിയിലേക്കോ നീട്ടുക.

* നിർദ്ദിഷ്ട മണ്ണുത്തി – തിരുവത്ര രാജപാത നിലവിൽ വരികയാണെങ്കിൽ കേരളത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളായ ഗുരുവായൂർ ക്ഷേത്രം, പാവറട്ടി - പാലയൂർ ക്രിസ്ത്യൻ പള്ളി, മണത്തല മുസ്ലീം പള്ളി എന്നിവയുമായി ബന്ധപ്പെട്ട് പോകുമെന്ന് മാത്രമല്ല ഏഴെട്ട് പഞ്ചായത്തുകളുടെ വികസനം ത്വരിതപ്പെടുത്തുകയും ചെയ്യും. ആയതിനാൽ നിർദ്ദിഷ്ട രാജപാത പ്രാബല്യത്തിൽ കൊണ്ടുവരണം.

പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകളുടെ വിവരം

I 1.കർഷക റോഡ്

2. ചിറ്റാട്ടുകര – ഗുരുവായൂർ റോഡ് – PWD

II 3. ഗോപാലപണിക്കർ റോഡ്

4 വടുതല - മണ്ണാമ്പാറ റോഡ്

5 ചേലൂർ – പെരുവല്ലൂർ MLA റോഡ് – PWD

6. ചേലൂർ – വാക റോഡ്

7. കൊച്ചിൻ ഫ്രോണ്ടിയോ റോഡ് – PWD (കടവല്ലൂർ ബസ് സ്റ്റോപ്പ് മുതൽ താമരപ്പിള്ളി വരെ)

III 8. വട്ടാരക്ക് റോഡ്

9. വാക – കാക്കതിരുത്ത് റോഡ്

10. വാക – മറ്റം റോഡ് – PWD

IV 11.ചേലൂർ – പെരുവല്ലൂർ MLA റോഡ് – PWD

12. എളവള്ളി ഹൈസ്കൂൾ റോഡ് (പണിപൂർത്തിയായിട്ടില്ല)

13. മുതിരപറമ്പൻ റോഡ്

V.14. ചേലൂർ – പെരുവല്ലൂർ MLA റോഡ് – PWD

15. എളവള്ളി മണച്ചാൽ – വാക റോഡ് – PWD

VI.16. തിങ്ങി - പണ്ടാരക്കാട് റോഡ്

17. ചിറ്റാട്ടുകര - പാറ റോഡ്

VII.18. ചിറ്റാട്ടുകര - ജനശക്തി റോഡ്

19. ചിറ്റാട്ടുകര - പാവറട്ടി റോഡ് - PWD

20. ചിറ്റാട്ടുകര - ജനശക്തി പള്ളി റോഡ്

VIII 21 കാക്കശ്ശേരി - പുവ്വത്തൂർ റോഡ്

22. ജനശക്തി - പുളിഞ്ചേരി റോഡ്

23. കാക്കശ്ശേരി സ്കൂൾ റോഡ്

IX 24. കാഞ്ഞിരകുറ്റി റോഡ്

25. പുവ്വത്തൂർ - തിരുനെല്ലൂർ റോഡ്

26. പുവ്വത്തൂർ - പറപ്പൂർ റോഡ് - PWD

X പുവ്വത്തൂർ - വൈക്കാട് റോഡ്

പ്രശ്നങ്ങൾ - നിർദ്ദേശങ്ങൾ

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന റോഡുകളുടെ പ്രശ്നപരിഹാരം വാർഡ്തലത്തിൽ

1. ചിറ്റാട്ടുകര - ഗുരുവായൂർ റോഡിൽ നിന്ന് 1/2കി.മീ. വടക്കുഭാഗത്ത് നിന്ന് പടിഞ്ഞാറ് ഭാഗത്തേക്ക് റോഡ് നിർമ്മിക്കുക.

അയോദ്ധ്യാനഗറിൽ നിന്ന് വൈങ്കണ്ണിക്കൽ ക്ഷേത്രത്തിലേക്കുള്ള റോഡ്, പുതിയപാടം റോഡ്, പോസ്റ്റാഫീസ് റോഡ്, നടപ്പന്തി റോഡിൽ ബന്ധിപ്പിക്കുക.

മുസ്ലീം പള്ളി- തലാപ്പിള്ളി ആൽറോഡ്, നടുപ്പന്തി - ബ്രഹ്മകുളം റോഡ്, കുണ്ടുമാവ് കുളിയാട്ട് റോഡ് ടാർചെയ്യണം.

II കൊച്ചിക്കാരൻ റോഡ് (ചേലൂർ പാടം ബണ്ട് റോഡ്), പഞ്ചായത്ത് റോഡ് എന്നിവ വക സൊസൈറ്റിയുടെ ഭാഗത്തേക്ക് നീട്ടുക.

മേനോൻ പടി റോഡ് ടാർ ചെയ്യുക.

മേനോൻ പടി റോഡ് കിഴക്ക് ഭാഗത്തുകൂടെ അമ്പലനടയിലേക്ക് പോകത്തക്കരീതിയിൽ നിർമ്മിക്കുക.

III അന്നകര - കോക്കൂർ റോഡ്പണി പൂർത്തീകരിക്കുക.

വാക - കാക്കതുരുത്ത് വഴി തോളൂർ പഞ്ചായത്തിലെ എടക്കളത്തൂരിലേക്ക് റോഡ് - കം - ബ്രിഡ്ജ് നിർമ്മിക്കുക.

കൂണുപാടം റോഡ് ടാർ ചെയ്യുക

IV ശാസ്താ റോഡിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുക.

പറക്കാട് - കുണ്ടുപാടം - വാക റോഡ് ടാർ ചെയ്യുക

ഹൈസ്കൂൾ റോഡ് ടാർ ചെയ്യുക

അപ്രോച്ച് റോഡ് (സ്കൂൾ വഴി) വീതി കൂട്ടുക

അന്നകര - കോക്കൂർ റോഡ് പണിപൂർത്തീകരിച്ച് കണിയാം തുരുത്തിലേക്ക് ഉപറോഡ് നിർമ്മിക്കുക.

കണിയാം തുരുത്ത് - എളവള്ളി - ലക്ഷം വീട് കോളനി റോഡ് , ജയപ്രകാശ് റോഡ്, കപ്പാറ, നെടുംപുറം, അമ്പലംറോഡ്, കൊടനാഴി റോഡ്, വൈദകുളം റോഡ, ആളൂർപ്പട്ട റോഡ് എന്നിവ ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

VI തെക്കേകുളം റോഡിൽ നിന്ന് അച്ചുതമേനോൻ റോഡിലേക്ക് ഉപറോഡ് നിർമ്മിക്കുക.

തിങ്ങി - പണ്ടാറക്കാട് റോഡിന്റെ കിഴക്ക് ഭാഗത്ത് നിന്നാരംഭിച്ച് ഉല്ലാസ് നഗർ റോഡിന്റെ പടിഞ്ഞാറു ഭാഗത്ത് സമാപിക്കുന്ന കർഷക റോഡ് ഉയർത്തി സഞ്ചാരയോഗ്യമാക്കുക.

പണ്ടാറക്കാട് മുസ്ലീം പള്ളി റോഡിൽ നിന്ന് തെക്കോട്ടുള്ള റോഡ് മുല്ലശ്ശേരി പഞ്ചായത്തിലെ പൂച്ചക്കുന്ന് റോഡിലേക്ക് സ്ലൂയിസ് കം ബ്രിഡ്ജ് വഴി ബന്ധിപ്പിക്കുക.

മാങ്ങാരേ ക്ഷേത്രത്തിന്റെ കിഴക്ക് നിന്ന് റോഡ് ആരംഭിച്ച് കർഷക റോഡ് വഴി തോട്ടുവരമ്പിലേക്ക് റോഡ് നിർമ്മിക്കുക.

കണ്ടപ്പൻ ചീപ്പിലെ അറ്റകുറ്റപണികൾ തീർത്ത് സഞ്ചാരയോഗ്യമാക്കുക.

VII പണ്ടാറക്കാട് പാലം മുതൽ വടക്കോട്ടുള്ള തോട്ടുവരമ്പ് പൊതുവഴിയാക്കി ഗതാഗതയോഗ്യമാക്കുക.

VIII ചിറ്റാട്ടുകര - പാവറട്ടി ബസ്സ റൂട്ട് വൺവേ ലൈനാക്കുക.

IX പുളിഞ്ചേരി റോഡ് സഞ്ചാരയോഗ്യമാക്കുക.

മിച്ചഭൂമി, ലക്ഷം വീട് കോളനികളിലേക്ക് റോഡ് നിർമ്മിക്കുക.

കാക്കശ്ശേരി ഗവർമെന്റ് എൽ.പി.സ്കൂൾ റോഡ്, ചിറ്റാട്ടുകര, ജനശക്തി റോഡുവരെ വീതി കൂട്ടി ടാർ ചെയ്യുക.

ശക്തി ഭൈരവി റോഡ് കൊച്ചിൻ ഫ്രോണ്ടിയർ റോഡ് വരെ വീതികൂട്ടി ടാർ ചെയ്യുക.

ജനശക്തി പുവ്വത്തൂർ റോഡിൽ മാനത്തിൽ റോഡ് ഏറ്റെടുത്ത് വീതി കൂട്ടി സഞ്ചാരയോഗ്യമാക്കുക.

X. ആലിക്കൽ ലിങ്ക് റോഡ് വീതി കൂട്ടി ടാർ ചെയ്യുക.

കാഞ്ഞിരകുറ്റി റോഡ് കാന നിർമ്മിച്ച് ടാർ ചെയ്യുക.

പുവ്വത്തൂർ മിച്ചഭൂമി കോളനി റോഡുകൽ ടാർ ചെയ്ത് മറ്റുറോഡുകളുമായി ബന്ധിപ്പിക്കുക.

പുവ്വത്തൂർ കോട്ടപ്പാടം റോഡ്, വായനശാല റോഡ് സത്താർ റോഡ് എന്നിവ ടാർചെയ്യുക

XI ഇന്ദ്രാംചിറയുടെ പടിഞ്ഞാറുവശത്തുള്ള തോടുവഴി ശക്തിഭൈരവി ക്ഷേത്ര റോഡിലേക്ക് ഒരു റോഡ് നിർമ്മിക്കുക.

കൊച്ചിൻ ഫ്രോണ്ടിയർ റോഡും, ശക്തിഭൈരവി റോഡും ബന്ധിപ്പിക്കുക. കൊച്ചിൻ ഫ്രോണ്ടിയർ റോഡിൽ കൂടെ ഉണ്ടായിരുന്ന ബസ്സ്റൂട്ട് പുനസ്ഥാപിക്കുക.

കണ്ടപ്പൻ ചീപ്പ് വാഹനഗതാഗതയോഗ്യമാക്കുക.

## ഊർജ്ജം

എളവള്ളി പഞ്ചായത്തിൽ മുഴുവൻ പ്രദേശത്തും വൈദ്യുതി ലഭ്യാമാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ വൈദ്യുതിയുടെ വിതരണം നടത്തുന്നത് പാവറട്ടി, കൂനംമൂച്ചി, പറപ്പൂർ സബ് ഡിവിഷനുകൾ വഴിയാണ്. പഞ്ചായത്തിന്റെ പ്രദേശത്ത് വളരെ അധികം ഉപഭോക്താക്കൾ ഉണ്ടായിട്ടും, വൈദ്യുതി ബോർഡിന്റെ ഓഫീസുകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല എന്നത് വളരെ ശോചനീയമായ അവസ്ഥയാണ്.

നമ്മുടെ പഞ്ചായത്തിലേക്ക് വൈദ്യുതി ലഭിക്കുന്നത് ഗുരുവായൂർ സബ്സ്റ്റേഷൻ, മുണ്ടൂർ ഫീഡർ എന്നീ തുറകളിൽ നിന്നാണ് പഞ്ചായത്തിലെ ഉപഭോക്താക്കൾ കറന്റ് ചാർജ് അടക്കുന്നതിനുവേണ്ടി പാവറട്ടി, കൂനംമൂച്ചി, പറപ്പൂർ എന്നീ ഓഫീസുകളിലേക്ക് മൈലുകൾ താണ്ടിയാണ് എത്തുന്നത്. 5,000 ത്തിൽപരം ഉപഭോക്താക്കൾ ഉള്ളതിൽ സിംഹഭാഗവും ഗാർഹീക ഉപഭോക്താക്കളാണ്. കാർഷിക ഉപഭോക്താക്കൾ, വ്യവസായ ഉപഭോക്താക്കൾ, വ്യാപാര ഉപഭോക്താക്കൾ നാമമാത്രമായ ശതമാനം മാത്രമാണ്.

അധികൃതരുടെ കണക്കുകൾ അനുസരിച്ച് പഞ്ചായത്തിൽ നിലവിലുള്ള 35 ട്രാൻസ്ഫോർമറുകളിൽ ഒന്നു മാത്രമാണ് അധികഭാരം വഹിക്കുന്നത്.

പക്ഷേ, ഗാർഹിക ഉപഭോക്താക്കളിൽ ഭൂരിഭാഗവും വോൾട്ടേജ് കുറവിനെസംബന്ധിച്ച് പരാതിയുള്ളവരാണ്. അതുകൊണ്ടുതന്നെ മിക്ക ഗ്രാമസഭകളിലും പുതിയ ട്രാൻസ്ഫോർമറുകൾ വേണമെന്ന ആവശ്യം ഉന്നയിച്ചിട്ടുണ്ട്. നിലവിലുള്ള മീറ്ററുകളിൽ 50 ശതമാനം കേടായവയാണെന്ന് അധികൃതർ തന്നെ സമ്മതിക്കുന്നുണ്ട്.പഞ്ചായത്ത് പ്രദേശത്ത് ആകെ 5

കി.മീ. 110 കെ.വി. ലൈനുകളും 150 കി.മീ. 3 ഫേസ് ലൈനുകളും 11 കെ.വി. 40 കി.മീ. ലൈനുകളും 20 കി.മീ. സിംഗിൾ ഫേസ് ലൈനുകളും ഉണ്ട്. പഞ്ചായത്തിൽ 24 ട്യൂബുകൾ അടക്കം 635 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്.

### പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ഒരു വാർഡിലും മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിയിട്ടില്ല.

2. വൈദ്യുതിബോർഡിന്റെ പല ഓഫീസുകളുടെ പരിധിയിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് ആയതിനാൽ ഉപഭോക്താക്കൾക്ക് ഉണ്ടാകുന്ന വിഷമങ്ങൾക്ക് പുറമേ ജനപ്രതിനിധികൾക്കും സാമൂഹ്യപ്രവർത്തകർക്കും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ വിഷമം അനുഭവപ്പെടുന്നു.

3. നിലവിലുള്ള സ്ലാബ് സമ്പ്രദായം മാറ്റി ബില്ലിങ് സമ്പ്രദായം ഏർപ്പെടുത്തണമെന്നാണ് ഗ്രാമസഭകളിൽ ഉയർന്നുവന്ന നിർദ്ദേശം.

4. പ്രേഷണ വിതരണ രംഗങ്ങളിലെ ബോർഡിന്റെ ശ്രദ്ധക്കുറവ് – പ്രത്യേകിച്ചും മരച്ചില്ലകളും മറ്റും മുറിക്കാതിരിക്കുന്നത് ഒരു സ്ഥിരം പ്രശ്നമായിരിക്കുന്നു.

5. പഞ്ചായത്തിൽ 8 ഹരിജൻ കോളനികളിൽ ഭൂരിഭാഗവും വൈദ്യുതീകരിക്കാൻ ബാക്കിയുണ്ട്.

6. ഒരു വാർഡിന് ശരാശരി 50 എന്ന നിലയിൽ സ്ട്രീറ്റ് ലൈറ്റുകൾ ഉണ്ട്. വാർഡുകളിൽ ഇനിയും സ്ട്രീറ്റ് ലൈറ്റുകൾ എത്താത്ത മേഖലകൾ അനവധിയാണ്.

7. KSEB രജിസ്റ്ററുകളിൽ കാണുന്നതിനേക്കാൾ അധികം വൈദ്യുതി ഉപയോഗിക്കുന്നു.

8. സമ്പന്ന കുടുംബങ്ങളിലെ സ്റ്റെപ്പ് – അപ് ഉപയോഗം മറ്റുള്ളവർക്ക് ദോഷം ചെയ്യുന്നു.

9. ബോർഡ് ജീവനക്കാരുടെ അനാസ്ഥ, ജനങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള വിമുഖത, അഴിമതി എന്നിവയും വിഷമതകൾ ഉണ്ടാക്കുന്നു.

### സാദ്ധ്യതകൾ

വൈദ്യുതി ഓഫീസുകളിലെ രജിസ്റ്ററിൽ ഉള്ളതിനേക്കാൾ എത്രയോ അധികമാണ് യഥാർത്ഥ വൈദ്യുതി ഉപയോഗം . സമ്പന്ന കുടുംബങ്ങളിൽ സ്റ്റെപ്പ് – അപ്പുകൾ നിയന്ത്രണമില്ലാതെ ഉപയോഗിക്കുന്നതു കാരണം മറ്റു വീടുകളിൽ വോൾട്ടേജ് കുറയുന്നുണ്ട്. പ്രേഷണ – വിതരണ രംഗങ്ങളിൽ വരുന്ന തകരാറുകളും വൈദ്യുതി നഷ്ടത്തിന് കാരണമാകുന്നുണ്ട്. മരച്ചില്ലകളും മറ്റും ലൈനുകളിൽ തട്ടി ഉണ്ടാകുന്ന തടസ്സങ്ങളും ഇവിടെ വൈദ്യുത വിതരണ രംഗത്തെ സ്ഥിരം സംഭവങ്ങളാണ്. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കുവാൻ മാത്രമായി പ്രത്യേക സംവിധാനം പ്രാദേശിക തലങ്ങളിൽ ഉണ്ടാകേണ്ടതാണ്.

ഇന്ന് പാവപ്പെട്ടവന് വൈദ്യുതിക്കായി വളരെ അധികം കാത്തിരിക്കേണ്ടതായി വരുന്നു. നേരെ മറിച്ച് മറ്റുള്ളവർ സ്വാധീനം ഉപയോഗിച്ച് കാര്യങ്ങൾ നടത്തുന്നു.

പഞ്ചായത്തിന്റെ മുഴുവൻ പ്രദേശത്തും വൈദ്യുതി എത്തിക്കാൻ ഏകദേശം 50 കി.മീ. 11 കെ.വി. ലൈനുകളും 90 കി.മീ. ത്രീ ഫേസ് ലൈനുകളും 20 കി.മീ. സിംഗൾ ഫേസ് ലൈനുകളും വലിക്കേണ്ടതാണ്.

മിക്ക ഗ്രാമസഭകളിലും വഴിവിളകൾക്കുവേണ്ടി നീണ്ട പട്ടികകൾ തന്നെ സമർപ്പിച്ചിരിക്കുന്നു. ഉള്ള വഴിവിളക്കുകൾ ഭൂരിഭാഗവും കത്തുന്നില്ല എന്നതും എടുത്തുപറയേണ്ടത് അത്യാവശ്യമാണ്. ആവശ്യങ്ങളുടെ തീവ്രത ഉൾക്കൊണ്ട് പഞ്ചായത്തിന് ആവശ്യമുള്ള വഴിവിളക്കുകളുടെ എണ്ണം താഴെ കൊടുക്കുന്നു. മൊത്തം 293 വഴിവിളക്ക് ഇനിയും ആവശ്യമാണ്.

വൈദ്യുതിമേഖലയിലെ ഉദ്യോഗസ്ഥ മേൽക്കോയ്മക്ക് അറുതി വരുത്തുവാൻ സാധാരണ ജനങ്ങൾക്ക് നിയമാനുസൃതമായി വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുവേണ്ടി ജന പങ്കാളിത്തത്തോടുകൂടി ഇലക്ട്രിസിറ്റി ബോർഡിനെ രൂപകൽപന ചെയ്യുന്നതിനുവേണ്ട നിയമ നിർമ്മാണം സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടായാൽ ഏറെക്കുറെ അഴിമതി രഹിത ഭരണം ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്തുനിന്നും ലഭ്യമാക്കാൻ സാധിക്കുമെന്നതും എടുത്തു പറയേണ്ടതാണ്.



5

## ഗ്രാമസഭാനിർദ്ദേശങ്ങൾ

1. ആറാം വാർഡിൽ മാങ്ങാര ക്ഷേത്രത്തിന്റെ പടിഞ്ഞാറു ഭാഗത്തേക്കും, അച്യുതമേനോൻ സ്മാരക റോഡിന്റെ വടക്കു ഭാഗത്തേക്കും വൈദ്യുതി എത്തിക്കുക.

തെക്കേക്കുളം റോഡിൽ സ്ട്രീറ്റ് ലൈറ്റ് എത്തിക്കുക.

2. എട്ടാം വാർഡിൽ കാക്കശ്ശേരി ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

3. വയറിങ്ങ് കഴിഞ്ഞ വീടുകളിലേക്ക് കണക്ഷൻ ഉടൻ ലഭിക്കുവാൻ വേണ്ട നടപടി സ്വീകരിക്കുക.

4. എളവള്ളി പഞ്ചായത്തിൽ ഗ്യാസ് ഏജൻസി അനുവദിക്കുക.

5. മൂന്നാം വാർഡിൽ എ.കെ.ജി. റോഡിൽ വഴിവിളക്ക് സ്ഥാപിക്കുക.

6. രണ്ടാം വാർഡിലെ പറങ്ങനാട് റോഡ്, രാജീവ് ഗാന്ധി സ്മാരക റോഡ്, ബോംബെക്കാരൻ റോഡ്, കൊച്ചിക്കാരൻ റോഡ് എന്നിവിടങ്ങളിൽ തെരുവുവിളക്ക് സ്ഥാപിക്കുക.

7. ഒൻപതാം വാർഡിലെ പൂച്ചക്കുന്ന് വഴി പോകുന്ന റോഡിൽ സോളാർ ലൈറ്റുകൾ സ്ഥാപിക്കുക.

8. 10 ാം വാർഡിൽ കൈരളി ഓയിൽ മില്ലിന്റെ മുൻ വശത്തുകൂടെ വയ്ക്കാട് റോഡിൽ പാവറട്ടി ഇലക്ട്രിസിറ്റി ലൈൻ പോകുന്നിടത്ത് വഴിവിളക്ക് സ്ഥാപിക്കുക.

9. താമരപ്പിള്ളി പ്രദേശത്തേക്ക് വൈദ്യുതി എത്തിക്കുക. ലക്ഷം വീട് പരിധിയിൽ വഴിവിളക്ക് സ്ഥാപിക്കുക.

10. സാധാരണ കുടുംബങ്ങളിൽനിന്ന് ഈടാക്കുന്ന അമിതമായ വൈദ്യുതി ചാർജ് ഒഴിവാക്കുക.

11. പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 18 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

12. അഞ്ചാം വാർഡിൽ ആശ്രമ പരിസരത്ത് ട്രാൻസ്ഫോമർ സ്ഥാപിച്ച് ലക്ഷംവീട് ഒന്നാം ഫ്ളോട്ടിലേക്ക് ത്രീ ഫേസ് ലൈൻ എത്തിക്കുക.

13. ഒന്നാം വാർഡിൽ ഹരിജൻ കോളനി പരിസരത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ഒരു ഹൈപവർ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

14. ഒന്നാം വാർഡിലെ ജനശക്തി റോഡ് തുടങ്ങുന്ന പരിസരത്ത് (പടിഞ്ഞാറ്) ഭാഗത്ത് ഒരു ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

15. രണ്ടാം വാർഡിൽ കടവല്ലൂർ പാലത്തിന് സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

16. മൂന്നാം വാർഡിലെ ബ്രദേഴ്സ് റോഡ്, പുളിക്കൽ ഏരിയ, പി.കെ.ബി. റോഡ്, കൈപ്പക്കുളം റോഡ്, വാക മുതൽ കാക്കത്തിരുത്ത് വരെ എന്നിവിടങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

17. ഏഴാം വാർഡിലെ സ്കൂൾ ഗ്രൗണ്ടിൽ നിലവിലുള്ള ട്രാൻസ്ഫോർമർ സ്ഥലം മാറ്റി സ്ഥാപിക്കുക. പ്രധാന സെന്ററുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുക.

18. പത്താം വാർഡിലെ താമരപ്പിള്ളി പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനായി പറപ്പൂർ സെക്ഷനിൽ നിന്നും സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമർ ഇതുവരെയും ചാർജ് ചെയ്തിട്ടില്ല. ആയത് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## പ്രധാന നിർദ്ദേശങ്ങൾ

* പഞ്ചായത്തിലെ ഉപഭോക്താക്കൾ മൂന്ന് സെക്ടറിൻ കീഴിലാണ് വരുന്നത് - പറപ്പൂർ, പാവറട്ടി, കുന്നമുച്ചി - ആയതിനാൽ ഉപഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. പഞ്ചായത്തിന്റെ മുഴുവൻ ഭാഗങ്ങളും ഒരു ഓഫീസിൻ കീഴിൽ പ്രവർത്തനം നടത്തണമെന്നത് ഈ പഞ്ചായത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ ആവശ്യമാണ്. വൈദ്യുതി ബോർഡ് അടിയന്തിരമായി ഈ ആവശ്യം പരിഗണിച്ച് പഞ്ചായത്ത് കേന്ദ്രീകരിച്ച് ബിൽ കളക്ഷൻ സെന്ററും, ഒരു സബ് എൻജിനീയർ അടക്കമുള്ള ഒരു ഓഫീസ് പ്രവർത്തനവും അടിയന്തിരമായി ആരംഭിക്കണം.

* നാലഞ്ച് വർഷമായി വൈദ്യുതി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്ന അഞ്ചാം വാർഡിലെ കണിയാംതുരുത്തിലേക്ക് ഉടൻ വൈദ്യുതി എത്തിക്കുന്നതിനുള്ള സൗകര്യം ഏർപ്പെ

ടുത്തുക. പഞ്ചായത്തിൽ വൈദ്യുതി കടന്നു ചെല്ലാത്ത ഏക മേഖലകൂടിയാണ് 15 ൽപരം കുടും ബങ്ങൾ താമസിക്കുന്ന ദ്വീപ് സമാനമായ ഈ തുരുത്ത്.

പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് ഉപയോഗിക്കുന്നത് വിറകാണ്. പുകയില്ലാത്ത അടു പ്പുകളുടെ എണ്ണം കുറവാണ്. ഗ്യാസ്, മണ്ണെണ്ണ, വൈദ്യുതി എന്നിവ ഉപയോഗിച്ച് പാചകം നടത്തു ന്നവർ 5 ശതമാനത്തിൽ കുറവാണ്. പുകയില്ലാത്ത അടുപ്പുകളെ പറ്റിയും സോളാർ വിളക്കുകളെപ്പറ്റിയും അറിയുന്നവർ ഉള്ള സ്ഥലമായതുകൊണ്ട് അനർട്ടി ന്റെയും മറ്റ് ഏജൻസികളുടെയും സഹകരണ ത്തോടെ ഇവയുടെ പ്രചരണത്തിന് വേണ്ടി പഞ്ചാ യത്ത് മുൻകൈയെടുത്ത് ബോധവൽക്കരണ പരിപാ ടികളും മറ്റും സംഘടിപ്പിക്കേണ്ടതാണ്.

## മാർക്കറ്റ്

ഈ രംഗത്ത് യാതൊരു പുരോഗതിയും കൈവ രുക്കുവാൻ നമ്മുടെ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. കാരണം സുലഭമായി വിപണനം നടത്തുവാനോ പുറം ദേശത്തേക്ക് കയറ്റി അയക്കുവാനോ ഉള്ള യാതൊരു വിഭവവും നമ്മുടെ പഞ്ചായത്തിലില്ലാ എന്നതാണ് യാഥാർത്ഥ്യം. നിലവിലുള്ള പ്രകൃതി വിഭ വങ്ങളും കാർഷിക വിഭവങ്ങളും ജന ജീവിതവുമായി കോർത്തിണക്കി, ഒരു ഗ്രാമീണ മാർക്കറ്റിങ്ങ് സംസ്കാരവും, പ്രസ്തുത ചന്തയോട് കഴിയാവു ന്നത്ര ആശ്രയത്വവും വിധേയത്വവും കാണിക്കുന്ന ഗ്രാമീണ മനസ്സിൻ ഉടമകളെ വാർത്തെടുക്കുവാൻ കഴിഞ്ഞാൽ നമ്മുടെ പഞ്ചായത്തിന് സ്വാശ്രയത്തിന്റെ ചുവട് ഉറപ്പിക്കുവാനും സമ്പന്നതയുടെ തിരുമുറ്റ ത്തേക്ക് കടന്നു കയറാനും കഴിയും.

നാളികേരം, നേന്ത്രവാഴ, കശുവണ്ടി, അടക്ക, നെല്ല്, കിഴങ്ങ് വർഗ്ഗങ്ങൾ തുടങ്ങിയവയാണ് പ്രധാ നപ്പെട്ട കാർഷിക വിളകൾ. ഇവയിൽ പ്രധാന ഉൽപ്പ ന്നമായ നാളികേരത്തിനുതന്നെ ഒരു പൊതു വിപ ണിയൊ വിശ്വസിക്കാവുന്ന വിപുലമായ ഒരു സ്വകാര്യ വിപണിയൊ നമ്മുടെ പഞ്ചായത്തിലില്ല എന്നത് നമ്മുടെ പരിതാപകരമായ അവസ്ഥയെയാണ് കാണി ക്കുന്നത്.

**ഗ്രാമസഭകളിൽ നിന്നുയർന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും:**

* മുഖ്യ ഉല്പന്നമായ നാളികേരത്തിന് പഞ്ചായ ത്തിൽ പൊതു മാർക്കറ്റോ ആഴ്ചചന്തകളൊ ഇല്ലാ ത്തതിനാൽ പഞ്ചായത്ത്/ വാർഡ് അടിസ്ഥാനത്തിൽ പൊതു മാർക്കറ്റ് ഉറപ്പുവരുത്തുക – ഇവയെ കേന്ദ്രീ കൃത രൂപത്തിൽ സമാഹരിക്കുക.

* ഏഴാം വാർഡിൽ നിലവാരമുള്ള മത്സ്യ – മാംസ മാർക്കറ്റ് ആരംഭിക്കുക.

* അഞ്ചാം വാർഡിൽ മത്സ്യ – മാംസ മാർക്കറ്റ് ആരംഭിച്ച് എളവള്ളി സെന്ററിനെ സംരക്ഷിക്കുക.

വ്യവസായ മേഖലയിൽ സൂചിപ്പിച്ചതനുസരിച്ച് സഹകരണാടിസ്ഥാനത്തിൽ നാളികേരം സംഭരിച്ച് ഉൽപ്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനം നടത്തു വാനുമുള്ള സാധ്യത തള്ളിക്കളയാൻ പറ്റില്ല. തന്നെ യുമല്ല ഓണക്കാലത്തെ കാഴ്ചക്കുല കൃഷിയിൽ മുൻപന്തിയിൽ നിൽക്കുന്ന കോക്കൂർ പ്രദേശ ത്തെയും മറ്റും ഉപയോഗിച്ച് നല്ല നിലയിൽ വാഴകൃ ഷിനടത്തി ഏത്തക്ക ഉപയോഗിച്ചുള്ള വിഭവങ്ങൾ ഉണ്ടാക്കിയാൽ വിപണനത്തിനുള്ള നല്ല സാധ്യത യുണ്ട്.

### പ്രധാന നിർദ്ദേശം

എളവള്ളി ഗ്രാമപഞ്ചായത്തിൽ 35 വർഷങ്ങൾക്കു മുൻപ് തന്നെ ഒമ്പതാം വാർഡിലെ പൂവത്തൂർ പ്രദേ ശത്ത് ഒരു പൊതു മാർക്കറ്റ് നിലവിൽ വന്നിട്ടുണ്ടാ യിരുന്നു. മത്സ്യ – മാംസ വിപണനത്തിനുള്ള മാർക്ക റ്റാണെങ്കിൽ കൂടി അതിന്റെ ഇന്നത്തെ അവസ്ഥ വളരെ ശോചനീയമാണ്. 35 ൽപരം വർഷത്തെ കാല പ്പഴക്കം സ്വയം നെഞ്ചിലേറ്റി നിൽക്കുന്ന ആ നിൽപ് നമുക്കെല്ലാം അപമാനമാണ്. ആയതിനാൽ പഞ്ചായ ത്തിന്റെ അധീനതയിലുള്ള പ്രസ്തുത മാർക്കറ്റിന്റെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നിലവിലുള്ള പൊതു മാർക്കറ്റ് പൊളിച്ചു കളഞ്ഞ് നല്ലരീതിയിലുള്ള ഒരു കെട്ടിടം പണികഴിച്ച് പൊതു മാർക്കറ്റും അതി നോടൊപ്പംതന്നെ പൊതുവെ തിരക്കേറിയ പൂവത്തൂർ സെന്ററിന്റെ ചിരകാലാഭിലാഷമായ 'കംഫർട്ട് സ്റ്റേഷനും' പ്രവർത്തന ക്ഷമമാക്കുവാൻ കഴിയണം.

ഈ മേഖലയിൽ നമുക്ക് അഭിമാനിക്കാവുന്ന നേട്ട മൊന്നും ഇല്ലെങ്കിലും പുതുതായി ഉയരുന്ന പുത്തൻ പ്രതീക്ഷകൾ നെയ്തുകൊണ്ടും, നമ്മുടെ ഗ്രാമോല്പ ന്നങ്ങൾക്കുള്ള വിപണി ഗ്രാമീണർതന്നെ കണ്ടെ ത്തുന്ന ആ നല്ലനാളെ വിദൂരമല്ലെന്ന സങ്കല്പത്തിന് ജീവൻ നൽകാൻ നമുക്ക് കൈകോർക്കാം.

# IV. 5

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

'ശുദ്ധജലം, ശുദ്ധവായു, ശുചിത്വമുള്ള പാർപ്പിടം' ഒരു ജനതയുടെ ആരോഗ്യകാര്യത്തിൽ ഏറ്റവും അധികം സ്വാധീനം ചെലുത്തുന്ന ഘടകങ്ങളാണ്. കുടിവെള്ളത്തിനായി ഈ പഞ്ചായത്തിലെ ഭൂരിഭാഗവും ആശ്രയിക്കുന്നത് കിണറുകളെയാണ്.

കിണറുകൾ ഉള്ളതിൽ ഭൂരിഭാഗവും വേനൽക്കാലത്ത് വറ്റിപ്പോകുന്നവയാണ്. എളവള്ളി പഞ്ചായത്തിന്റെ കിഴക്കൻ മേഖലകൾ ജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളാണ്. അത് പരിഹരിക്കാൻ നാലുതരത്തിലുള്ള പദ്ധതികളാണ് ആവിഷ്കരിക്കേണ്ടത്.

1. വ്യക്തിഗത കിണറുകളുടെ വികസന പരിപാടി

2. സാമൂഹിക ജല സ്രോതസ്സുകളുടെ സംരക്ഷണ വികസന പദ്ധതി

3. സാമൂഹിക ജലവിതരണ പദ്ധതി

4. നടപ്പു ജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണ പരിപാടി.

ഈ നാലിനത്തിലും വിശദമായ പദ്ധതികൾ ജനകീയമായി രൂപപ്പെടുത്തണം.

1. വ്യക്തിഗത കിണറുകളുടെ സംരക്ഷണം, ശുചീകരണം, ഗുണനിലവാരം നിലനിർത്തൽ, യുക്തമായ ഉപയോഗം എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള സമയബന്ധിത പദ്ധതിയാണ് ഒന്നാമത്. പ്രേരണാജനകമായ ബോധവൽക്കരണം ഈ പദ്ധതിയുടെ ഒരു പ്രധാന പ്രവർത്തനമാകണം.

2. പൊതു കിണറുകൾ സംരക്ഷിച്ച് സമീപത്തുള്ള കുടുംബങ്ങളുടെ മേൽനോട്ടത്തിൽ ശുദ്ധജലവിതരണത്തിനുപയോഗിക്കുന്ന പദ്ധതിയാണ് രണ്ടാമത്തേത്. പൊതു കിണറിന്റെ ജലശേഷി അനുസരിച്ച് വിതരണം ചെയ്യാൻ സാധിക്കുന്ന കുടുംബങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തുക. പൊതുകിണറുകളുടെ സംരക്ഷണം സന്നദ്ധസേവനത്തിലൂടെയും, കൈപ്പമ്പ് ഘടിപ്പിക്കുക, മോട്ടോർ വച്ച് പൈപ്പ് കണക്ഷൻ കൊടുക്കുക എന്നിവയിലൂടെയും ജനകീയമായി ചെയ്യാവുന്നതാണ്. (ഉദാഹരണമായി ചിറ്റാട്ടുകരയിലെ തെക്കെ അങ്ങാടി സമുദായം മോഡൽ) ഇതിന്റെ ചിലവ് സൊസൈറ്റി രൂപീകരിച്ച് മാസംതോറും ഗഡുക്കളായി തുക ശേഖരിച്ച് പദ്ധതിക്കാവശ്യമായ സ്ഥലം വാങ്ങി, മോട്ടോർ പൈപ്പ് ലൈൻ എന്നിവ സ്ഥാപിച്ച് ഓരോരുത്തരുടേയും വീട്ടിൽ കണക്ഷൻ നൽകുന്നു. ഈ പരിപാടികൾക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം ചെയ്യുന്നില്ല. മറിച്ച് ആയതിനുവേണ്ട അനുമതി കൊടുത്ത് സംരംഭകരെ സഹായിക്കുക മാത്രമാണ് ചെയ്യുന്നത്.

എന്നാൽ ഈ പൊതുകിണറുകിലെ വെള്ളം



62

സാമ്പത്തിമായി പിന്നോക്കം നിൽക്കുന്നവർക്കായി കൈപ്പമ്പുകൾ വഴിയും മോട്ടോർ വഴിയും ലഭ്യമാക്കാൻ പഞ്ചായത്ത് ശ്രമിക്കേണ്ടതാണ്.

3. സാമൂഹിക ജലവിതരണ പദ്ധതി

ഈ പദ്ധതി പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ ഒരു ജലവിതരണപദ്ധതി ഇപ്പോൾ പാറക്കാട് ഭാഗത്ത് പ്രവർത്തിക്കുന്നുണ്ട്. കുഴൽക്കിണർ വഴി ചേലൂർകുന്നത്തുള്ള ടാങ്കിൽ ശേഖരിച്ച് പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി 60 പൊതു ടാപ്പുകൾ വഴിയായി ജലവിതരണം നടത്തുന്നുണ്ട്. ഇതു വഴിയായി പഞ്ചായത്തിന്റെ നാനാഭാഗത്തേക്കും വെള്ളം സമൃദ്ധിയായി ലഭിക്കുന്നതിനാൽ താഴെ പറയുന്ന പദ്ധതി കൂടി നടപ്പിലാക്കാവുന്നതാണ്.

a. ആളൂർ പുഴയിൽ പുറന്തറയിലും എളവള്ളി മണച്ചാലിലും കിണറുകൾ കുഴിച്ച് അവിടെനിന്നുള്ള വെള്ളം ചേലൂർ കുന്നത്തുള്ള ടാങ്കിലും, ഇന്ദ്രംചിറയിൽനിന്നും കെ.എൽ.ഡി.സി. കനാൽ പരിസരത്തിൽ നിർമിക്കുന്ന കിണറിൽനിന്നുള്ള വെള്ളം ചിറ്റാട്ടുകര പഞ്ചായത്ത് ഓഫീസ്സിൽ സ്ഥാപിച്ചിട്ടുള്ള ടാങ്കിലും നിക്ഷേപിച്ച് പട്ടികജാതിക്കാരും മറ്റ് ദുർബല വിഭാഗക്കാരും താമസിക്കുന്ന മുഴുൻ പ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കുക.

b. അധികരിച്ചു വരുന്ന ജലം സാമ്പത്തികമായി ബുദ്ധിമുട്ടില്ലാത്തവർക്ക് ഹൗസ് കണക്ഷൻ നൽകുവാൻ ഉപയോഗിക്കുക.

4. നടപ്പു ജലവിതരണ പദ്ധതികളുടെ പുനരുദ്ധാരണ പദ്ധതി:

നടപ്പു ജലവിതരണ പദ്ധതികളുടെ പോരായ്മകൾ ഗ്രാമസഭകളുമായി കൂട്ടായി ചർച്ചചെയ്ത് ജനകീയമായ് പുനരുദ്ധരിക്കുകയാണ് ചെയ്യേണ്ടത്. ഇപ്പോൾ നടത്തികൊണ്ടുപോകുന്ന പദ്ധതി പ്രകാരം വെള്ളം മതിയാകുന്നില്ലെങ്കിൽ പുതിയ സ്രോതസ്സുകളും മറ്റും കണ്ടുപിടിച്ച് പ്രാവർത്തികമാക്കുക.

ചാലിശ്ശേരി, പാവറട്ടി ശുദ്ധജലവിതരണ പദ്ധതിയിൽ നമ്മുടെ പഞ്ചായത്തിനെകൂടി ഉൾപ്പെടുത്തിയിരുന്നെങ്കിലും ജലലഭ്യത പ്രയാസമായതിനാൽ പദ്ധതി നടപ്പിൽ വരാനിടയില്ലെന്നാണ് മനസ്സിലാകുന്നത്. കടുത്ത ജലക്ഷാമം ഉണ്ടാകുന്ന സന്ദർഭങ്ങളിൽപോലും കുടിവെള്ളവിതരണത്തിനാവശ്യമായ ജലം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നു തന്നെയാണ് ശേഖരിച്ചു വരുന്നത്.

210 പട്ടികജാതിക്കാർ ഉൾപ്പെടെ 24757 ആളുകളാണ് നമ്മുടെ പഞ്ചായത്തിലുള്ളത്. പത്തുവാർഡുകളിലും കുടിവെള്ളത്തിന് പ്രയാസമുണ്ട്.

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള ജലവിതരണ പദ്ധതി പറക്കാട് കുഴൽകിണറും ചേലൂക്കുന്ന് നിർമ്മിച്ചിട്ടുള്ള ലക്ഷം ലിറ്റർ വെള്ളം സംഭരിക്കാവുന്ന വെള്ളടാങ്കുമാണ് – പ്രസ്തുത ടാങ്കിൽ നിന്നും 8000 മീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ച് 60 ടാപ്പുകളിലായി 2, 3, 4, 5, 7 വാർഡുകളിൽ ജലവിതരണം ഭാഗീകമായി നടത്തി വരുന്നുണ്ട്.

2. ചിറ്റാട്ടുകര പഞ്ചായത്ത് വളപ്പിൽ സ്ഥിതി ചെയ്യുന്ന 50000 ലിറ്റർ ശേഷിയുള്ള ടാങ്ക് ഉപയോഗിക്കാൻ കഴിയുന്നില്ല. ഇന്ദ്രാംചിറയിൽ ഒരു കുഴൽകിണർ സ്ഥാപിച്ച് പഞ്ചായത്തുവളപ്പിൽ സ്ഥാപിച്ചിട്ടുള്ള വാട്ടർ ടാങ്കിൽ വെള്ളം എത്തിച്ച് പരിസര വാർഡുകളിലെ ജലക്ഷാമമുള്ള പ്രദേശങ്ങളിൽ വെള്ളമെത്തിക്കാവുന്നതാണ്.

3. 10 ാം വാർഡിൽ KLDC കനാലിനടുത്തായി കിണർ കുഴിപ്പിച്ച് പമ്പിങ്ങ് ഷെഡ് സ്ഥാപിച്ച് പൂച്ചക്കുന്നത്ത് വാട്ടർടാങ്ക് നിർമ്മിച്ച് പരിസരത്ത് ജലവിതരണം നടത്താവുന്നതാണ്.

4. മണച്ചാൽ കിണർ കുഴിച്ച് ചേലൂർകുന്നത്ത് സ്ഥിതിചെയ്യുന്ന ടാങ്കിൽതന്നെ വെള്ളം ശേഖരിച്ച് നിലവിലുള്ള ജലവിതരണം കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

5. തോളൂർ പുഴയിൽ പുറന്തര എന്ന സ്ഥലത്ത് തരിശായി കിടക്കുന്ന സ്ഥലത്ത് കിണർ കുഴിച്ച് വാകകുന്നത്ത് വാട്ടർ ടാങ്ക് നിർമ്മിച്ച് കുടിവെള്ള വിതരണം കാര്യക്ഷമമാക്കാവുന്നതാണ്.

## ഗ്രാമസഭകളിൽനിന്നുള്ള നിർദ്ദേശങ്ങൾ

1. പൊതു കിണറുകളും കുളങ്ങളും താഴ്ത്തി വെള്ളം സംഭരിക്കുക.

2. 10 – 15 വീട്ടുകാരെ സഹകരിപ്പിച്ച് ടാങ്ക്, കിണർ, പൈപ്പ്ലൈൻ എന്നിവ വഴി ശുദ്ധജല വിതരണം കാര്യക്ഷമമാക്കുക.

3. സമുദായ പൊതുകിണർ വെള്ളംകുടിക്കുവാൻ യോഗ്യമാക്കുക.

4. ഇന്ദ്രാം ചിറയിൽ കിണർ കുഴിച്ച് പമ്പ്സെറ്റ് സ്ഥാപിച്ച് കുടിവെള്ളം വിതരണം ചെയ്യുക

5. KLDC കനാലിൽ കിണർ കുഴിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കുക.

6. രണ്ടാം വാർഡിൽ തീപ്പെട്ടിക്കമ്പനി മുതൽ മണ്ണാംപാറ വരെ പൈപ്പ്ലൈൻ ഇടണം.

7. പറക്കാട് രാജീവ് ഗാന്ധി സ്മാരക റോഡ് പരിസരത്ത് രണ്ട് ടാപ്പുകൾ സ്ഥാപിക്കുക. അതിൽ ഒരെണ്ണം പഞ്ചായത്ത് ചെലവിൽ സ്ഥാപിക്കുക.

8. ഉല്ലാസ് നഗറിലുള്ള ടാപ്പിൽനിന്നും മേനോൻപടി വഴി പൈപ്പ് ലൈൻ മഠംപടി വരെ നീട്ടുക.

എളവള്ളി പാറയിലുള്ള ടാപ്പിൽനിന്നും പൈപ്പ ലൈൻ ദുർഗ്ഗാക്ഷേത്ര പരിസരത്തേക്ക് നീട്ടുക.

9. മൂന്നാം വാർഡിൽ യു.പി.സ്കൂളിലെ കുട്ടികൾക്ക് ശുദ്ധജലം നൽകുവാനുള്ള പദ്ധതി തയ്യാറാക്കുക.

10. വാക എ.കെ.ജി.നഗറിലേക്ക് പൈപ്പ് വഴി ശുദ്ധജലം എത്തിക്കുക.

11. ശുദ്ധജലത്തിന്റെ അപര്യാപ്തതമൂലം ഉണ്ടാകുന്ന രോഗങ്ങൾ തടയുക.

12. അഞ്ചാം വാർഡിലെ പ്രാഥമികാരോഗ്യ കേന്ദ്രം വരെ എത്തിയിട്ടുള്ള പൈപ്പ് ലൈൻ ഒന്നാം ബ്ലോക്ക് ലക്ഷംവീടു കോളനിവരെ നീട്ടുക.

## ആരോഗ്യം

എളവള്ളി പഞ്ചായത്തിൽ 1984 ലാണ് ആധുനിക ചികിത്സാ സമ്പ്രദായത്തിലുള്ള ഒരു ഹെൽത്ത് സെന്റർ പ്രവർത്തനമാരംഭിച്ചത് പിന്നീടത് പഞ്ചായത്തുതലത്തിലുള്ള ജനങ്ങൾ ആധുനിക ചികിത്സക്ക് ആശ്രയിച്ചിരുന്നത് ചാവക്കാട്, കുന്ദംകുളം, ആസ്പത്രികളേയും മുല്ലശ്ശേരിയിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനേയുമായിരുന്നു. എന്നാൽ ജനങ്ങൾ പരമ്പരാഗതമായി ആയുർവേദത്തോടും പാരമ്പര്യ ചികിത്സയുമായി കൈകാര്യം ചെയ്തിരുന്ന വൈദ്യകുടുംബങ്ങളോടുമായിരുന്നു കൂടുതൽ ബന്ധപ്പെട്ടിരുന്നത്. മാത്രമല്ല മിക്കവാറും പ്രാഥമിക ചികിത്സകൾ അന്നത്തെ മുത്തശ്ശിമാർക്കു ഹൃദിസ്ഥവുമായിരുന്നു. എല്ലാ വീടുകളുടെ പറമ്പിലും തൊടിയിലും ഔഷധചെടികളും നട്ടു വളർത്തിയിരുന്നു. ഇന്നും ആയുർവേദത്തിന് ഇന്ത്യയിൽ പൊതുവെയും കേരളത്തിൽ പ്രത്യേകിച്ചും ജനങ്ങളുടെ ഇടയിലുള്ള അംഗീകാരം വർദ്ധിച്ചു വരികയാണ്.

ആധുനിക വിദ്യാഭ്യാസത്തിന്റെ അഭാവംമൂലം അന്ധവിശ്വാസവും മന്ത്രവാദവും ചരട് ജപിച്ചതുമൂലം നാട്ടിൻപുറങ്ങളിൽ നഗരങ്ങളിലും നിലനിന്നിരുന്നു. പ്രായേണ അതിന് കുറവുണ്ടായിട്ടുണ്ടെങ്കിലും ജനങ്ങൾ ഇനിയും മുക്തരായെന്നു പറഞ്ഞുകൂട. എളവള്ളി ഗ്രാമപഞ്ചായത്തും അതിൽനിന്ന് വിമുക്തമല്ലായെന്നു പറഞ്ഞുകൂട. ആധുനിക വിദ്യാഭ്യാസം സിദ്ധിച്ച സംസ്കാര സമ്പന്നരായ യുവജനങ്ങൾ പോലും അന്ധവിശ്വാസങ്ങളുടെ പിറകെ പോകുന്നു എന്നു പറയുമ്പോൾ പഴയകാലത്തെ സ്ഥിതി എന്തായിരുന്നു എന്ന് ഊഹിക്കാനാവുന്നതാണ്.

പൊതുജനങ്ങൾക്ക് സർക്കാർ ആസ്പത്രിയിൽ പോകാനായി ഇപ്പോഴും വൈമനസ്യം ഉണ്ടാകാറുണ്ട്. ഗൾഫ് പണത്തിന്റെയും മറ്റും കടന്നാക്രമണം മുഖാന്തിരം പട്ടണങ്ങളിലെ സ്വകാര്യ ആസ്പത്രിയിലേക്ക് പോകാനാണ് താല്പര്യം. അതിനുള്ള സാഹചര്യങ്ങളാണ് ആസ്പത്രിയിൽ നിലനില്ക്കുന്നത്. ആയതെല്ലാം തുടച്ചുമാറ്റുവാൻ ഈ ജനകീയ പ്രസ്ഥാനത്തിനു മാത്രമേ കഴിയുകയുള്ളു. ആസ്പത്രി കമ്മിറ്റിയും പൊതുജന സഹകരണവും കോർത്തിണക്കി പ്രശ്നം പരിഹരിക്കണം.

ആരോഗ്യത്തെ പറ്റി പറയുമ്പോൾ ശുദ്ധജലത്തിന്റെ കാര്യം പറയാതെ തരമില്ല.



64

## എളവള്ളി ആസ്പത്രിയിൽനിന്ന് ചികിത്സിച്ചവരുടെ വിവരങ്ങൾ

### രോഗങ്ങൾ സംബന്ധിച്ച വിവരങ്ങൾ - പ്രതി വർഷം (എണ്ണം)

| വർഷം | ഒ.പി.വിഭാഗം | ത്വക്ക് രോഗം | വാതരോഗം | പകർച്ചവ്യാധികൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|---|
| 92 - 93 | 14872 | 4460 | 2974 | 892 | 6566 | 14872 |
| 93 - 94 | 16531 | 4360 | 3306 | 909 | 7956 | 16531 |
| 94 - 95 | 15985 | 4796 | 3197 | 851 | 7141 | 15985 |
| 95 - 96 | 18795 | 5638 | 3759 | 839 | 8559 | 18795 |
| ആകെ | 66183 | 19254 | 13236 | 3491 | 30222 | 66183 |

## എളവള്ളി പഞ്ചായത്തിലെ ജനസംഖ്യയും കുട്ടികളുടെ വിവരങ്ങളും

| | | |
|---|---|---|
| 1 a ആകെ ജനസംഖ്യ | - | 24757 |
| b പുരുഷന്മാർ | - | 121199 |
| c സ്ത്രീകൾ | - | 12558 |
| 2 പട്ടികജാതി ജനസംഖ്യ | - | 2108 |
| 3 അംഗൻവാടികളുടെ എണ്ണം | - | 24 |
| 4 a ഒരു വയസ്സിനു താഴെ | - | 353 |
| b 1 - 2 വയസ്സ് | - | 327 |
| c 2 - 3 വയസ്സുവരെ | - | 455 |
| d 3 - 5 വയസ്സുവരെ | - | 507 |
| 5 a പഞ്ചായത്തിലെ ആകെ ഗർഭിണികൾ | - | 186 |
| b പ്രത്യേക പരിചരണം ആവശ്യമുള്ളവർ | - | 34 |
| 6 മുലയൂട്ടുന്ന അമ്മമാർ | - | 226 |
| 7 a കഴിഞ്ഞ വർഷത്തിൽ ആകെ ജനനങ്ങൾ | - | 277 |
| b ചാപിള്ള ജനനങ്ങൾ | - | 11 |
| 8 ഒരു വയസ്സിനു താഴെ പ്രായത്തിൽ മരിച്ചകുട്ടികൾ | - | 3 |
| 9 a ഗർഭസംബന്ധമായ അസുഖത്താൽ മരിച്ചവർ | - | 1 |
| b മറ്റു മരണങ്ങളുടെ എണ്ണം | - | 105 |
| 10 a അനുപൂരകപോഷകാഹാരം ലഭിക്കുന്ന കുട്ടികൾ | - | 2189 |
| b അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ | - | 282 |
| c അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ | - | 260 |

## കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| | നോർമൽ | | *ഗ്രേഡ് 1 | | *ഗ്രേഡ് 2 | | ഗ്രേഡ് 3 | |
|---|---|---|---|---|---|---|---|---|
| പ്രായം | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 നു താഴെ | 153 | 84 | 66 | 60 | 7 | 7 | 2 | 2 |
| 1 – 3 | 159 | 127 | 101 | 97 | 10 | 13 | 6 | 3 |
| 3 – 6 | 194 | 196 | 135 | 123 | 17 | 22 | 5 | 2 |

* ഗ്രേഡ് 1 – ലഘുവായ പോഷണമുള്ളവർ 23

* ഗ്രേഡ് 2 – മിതമായ പോഷണമുള്ളവർ 5

## കുട്ടികളുടെയും ഗർഭിണികളുടെയും പ്രതിരോധ കുത്തിവെയ്പ്

| | | ഡി.പി.റ്റി. | | | | പോളിയോ | | | | ഡി.റ്റി. | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| കുട്ടികൾ | ബി.സി.ജി. | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | മിസ്സിൽസ് |
| 1 ൽ താഴെ | 284 | 297 | 276 | 237 | 22 | 293 | 269 | 202 | 17 | 14 | 11 | 8 | – | 127 |
| 1 – 3 | 277 | 331 | 327 | 312 | 218 | 325 | 325 | 325 | 216 | 43 | 43 | 43 | 12 | 315 |
| 3 – 6 | 503 | 511 | 511 | 495 | 360 | 447 | 460 | 481 | 376 | 99 | 165 | 114 | 97 | 479 |

### ടെറ്റനസ്ടോക്സോയിസ് (TT)

| | 1D | 2D | BD |
|---|---|---|---|
| ഗർഭിണികൾ | 205 | 168 | 27 |

| | |
|---|---|
| ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച ഗർഭിണികളുടെ എണ്ണം | – 171 |
| ഇരുമ്പ് / ഫോളിക്കാസിഡ് ഗുളികകൾ ലഭിച്ച കുട്ടികളുടെ എണ്ണം | – 776 |
| വിറ്റാമിൻ എ തുള്ളിമരുന്ന് ലഭിച്ച കുട്ടികളുടെ എണ്ണം | – 470 |
| ആശുപത്രിയിൽ നടന്ന പ്രസവങ്ങളുടെ എണ്ണം | – 269 |

## എളവള്ളി പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾ

| വാർഡ് | ചികിത്സാസംവിധാനം | സർക്കാർ | ജീവനക്കാർ |
|---|---|---|---|
| 1 | മാതൃശിശു സംരക്ഷണകേന്ദ്രം | 1 | 1 |
| 3 | ” | 1 | 1 |
| 4 | ആയുർവേദം | 1 | 4 |
| 5 | അലോപ്പതി (PHC) | 1 | 19 |

പൊതു കിണറുകളും പൊതു ടാപ്പുകളും ചുവടെ ചേർക്കുന്നു.

| വാർഡ് | ടാപ്പ് | കിണർ | കുളിക്കടവ് | ശ്മശാനം |
|---|---|---|---|---|
| 1 | | 4 | 1 | 1 |
| 2 | 8 | 4 | | |
| 3 | 8 | 3 | | |
| 4 | 28 | | | |
| 5 | 2 | 6 | 1 | |
| 6 | | 4 | | |
| 7 | 14 | | | 1 |
| 8 | | 1 | | |
| 9 | | 2 | | 1 |
| 10 | | | | |
| ആകെ | 60 | 24 | 2 | 3 |

കൂടുതൽ പൊതുടാപ്പുകൾ കുടിവെള്ള ക്ഷാമത്തിന്റെ രൂക്ഷത അനുഭവപ്പെടുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുകയും പൊതു കിണറുകൾ കാലാകാലങ്ങളിൽ ശുദ്ധിചെയ്ത് കൂടുതൽ പേർക്ക് ഉപയോഗിക്കാൻ പറ്റുന്ന വിധത്തിൽ അതിനെ ഉപയോഗപ്രദമാക്കുകയും ചെയ്യേണ്ടാതാണ്. നമ്മുടെ പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥിതി ചെയ്യുന്ന വാട്ടർ ടാങ്ക് ഏതുവിധേനയും ഉപയോഗപ്രദമാക്കാൻ പരിശ്രമിക്കേണ്ടതാണ്. ചെറിയ ചെറിയ കുടുംബയൂണിറ്റ് ഉപയോഗിച്ച് ചിറ്റാട്ടുകര തെക്കെ അങ്ങാടി, സമുദായം സ്ഥാപിച്ചത് പോലെയുള്ള വാട്ടർ കണക്ഷൻ പരിപാടികൾ പഞ്ചായത്തിൽ മറ്റു സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്ക പ്രദേശങ്ങളിൽ ആരംഭിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്ത് അതിർത്തിയിലുള്ള നീരൊഴുക്കുള്ള കിണറുകളിൽ നിന്ന് ജനകീയാടിസ്ഥാനത്തിൽ മിച്ച ജലം ശേഖരിച്ച് ക്ഷാമം അനുഭവപ്പെടുന്നവർക്ക് കൊടുക്കാനായി സന്നദ്ധസേനയുടെ സേവനം ഉപയോഗിക്കാവുവന്നതാണ്. നെതർലന്റ് മുതലായ വിദേശ ഗവൺമെന്റ് കളുടെ സഹായം ഇതിനായി ഉപയോഗിക്കാവുന്നതാണ്.

## കക്കൂസ്

പൊതുജനാരോഗ്യത്തെകുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളത്തിന്റെ അത്രതന്നെ പ്രാധാന്യമുള്ളതാണ് ശുചിത്വം പാലിക്കാൻ പ്രഥമമായി വേണ്ടതാണ് കക്കൂസുകൾ. പഞ്ചായത്ത് തലത്തിൽ വിശദമായ കണക്കുകൾ ശേഖരിച്ച് സാമ്പത്തികമായി വളരെയധികം പിന്നിലായ എല്ലാവർക്കും പഞ്ചായത്ത് തലത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ സഹായങ്ങൾ ചെയ്ത് കക്കൂസുകൾ ഏർപ്പെടുത്തേണ്ടതാണ്. ഇതിനായി സന്നദ്ധ സംഘങ്ങളുടെയും മതസംഘടനകളുടെയും രാഷ്ട്രീയ പാർട്ടികളുടെയും എന്നല്ലാ എല്ലാവരുടെയും സഹായങ്ങൾ തേടാവുന്നതാണ്. പഞ്ചായത്ത് തലത്തിൽ പൊതുകക്കൂസ് തുടങ്ങേണ്ടതാണ്. ചെറിയൊരു ഫീസ് വാങ്ങി അത് വൃത്തിയിൽ കൊണ്ടുപോകാവുന്നതാണ്.

## പരിസരശുചിത്വം

പരിസരം വൃത്തിയായി സൂക്ഷിക്കുന്നതായാൽ ഇന്നു കാണുന്ന പല രോഗങ്ങൾക്കും മരുന്ന് തേടി പോകേണ്ട ആവശ്യമില്ല. ജനസംഖ്യ ക്രമാതീതമായി വർദ്ധിക്കലും, സയൻസിന്റെ വളർച്ചകൊണ്ട് പുതിയ പുതിയ വസ്തുക്കൾ (ഉദാ: പ്ലാസ്റ്റിക്, റബ്ബർ) മനുഷ്യാവശ്യത്തിന് ഉപയോഗിക്കുന്നതിനാലും പരിസരം വളരെ വേഗം മലിനമായികൊണ്ടിരിക്കുകയാണ്. ഗൾഫ് പണത്തിന്റെ ആധിക്യത്താൽ പുത്തൻ പുത്തൻ മണിമേടകൾ പാടത്തും മറ്റും ഉയരുന്നതിനാൽ മുൻകാലങ്ങളിൽ ഒഴുകികൊണ്ടിരുന്ന മഴവെള്ളം പലേടത്തും കെട്ടിനിന്ന് കൊതുകിന്റെ വംശം കൂടിവരികയാണ്. മലിനജലത്തിൽ കൊതുകിന് മുട്ടയിടാനും വംശവർദ്ധനവിനും സഹായകരമാണല്ലോ. തവള ഇറച്ചിയുടെ പ്രചാരത്തോടെ ഉണ്ടായ തവള പിടുത്തവും കൊതുകിന്റെ വളർച്ചക്ക് കാരണമായി. പഞ്ചായത്ത് അടിസ്ഥാനത്തിൽ തവള പിടുത്തം നിരോധിക്കുകയും കെട്ടിനിൽക്കുന്ന മലിന ജലത്തിൽ മരുന്നു തെളിക്കുകയും വേണം. പൊതു സ്ഥലങ്ങളിലെ ചപ്പു ചവറുകൾ ശേഖരിച്ച് കമ്പോസ്റ്റ് ഉണ്ടാക്കാവുന്നതാണ്.

## അറവുശാലകൾ

ആധുനികമായ അറവുശാലകൾ ഇല്ലാത്തതി

നാൽ നാട്ടിൻ പുറങ്ങളിലെ പൊതു സ്ഥലത്തുവച്ചും അറവു നടത്തി അവശിഷ്ടങ്ങൾ സംസ്കരിക്കാതെ പലേടത്തും നിക്ഷേപിക്കുന്നതിനാൽ അതിൽ നിന്ന് വരുന്ന മാലിന്യങ്ങളുടെ കാഠിന്യം ഭയാനകമാണ്. അവശിഷ്ടങ്ങളുടെ സംസ്കരണം വഴി ഒന്നാംതരം കമ്പോസ്റ്റ് ഉണ്ടാക്കാവുന്നതാണ്. രോഗബാധയുള്ള മൃഗങ്ങളെ അറക്കുന്നതും ഒഴിവാക്കേണ്ടതാണ്. പരിശോധനക്കുശേഷം പഞ്ചായത്തിന്റെ രേഖയില്ലാതെ മൃഗങ്ങളെ കശാപ്പുചെയ്യുന്നത് നിയമം വഴി നിരോധിക്കണം. നിയമം തെറ്റിക്കുന്നുണ്ടോ എന്ന് പഞ്ചായത്ത് ആരോഗ്യക്കമ്മറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പഴകിയ മത്സ്യങ്ങളും വിൽപന നിരോധിക്കേണ്ടതാണ്. ഇതിനായി ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കണം. റോഡിൽകൂടെയുള്ള വിൽപന നിരോധിക്കണം.

## കായിക - യോഗ പരിശീലനം

കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന വിധത്തിലുള്ള യോഗ പരിശീലന കേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കാവുന്നതാണ്. ശരിയായ പരിശീലനം നൽകുക വഴി ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്തുവാൻ ഇത് സഹായിക്കും.

## പൊതു ശ്മശാനം

ജന സാന്ദ്രത കൂടിയതിനാൽ 2 സെന്റിലും 3 സെന്റിലും വീട് വെക്കുന്ന ഇന്നത്തെ കാലഘട്ടത്തിൽ പൊതു ശ്മശാനത്തിന്റെ ആവശ്യകത കൂടികൊണ്ട് വരികയാണ്. ഈ ആവശ്യം മുൻ നിർത്തി എത്രയും വേഗം നമ്മുടെ പഞ്ചായത്തിൽ പൊതു ശ്മശാനത്തിനുള്ള ഒരു സ്ഥലം കണ്ടുപിടിച്ച് ഉപയോഗപ്രദമാക്കേണ്ടതാണ്.

## വയോജന ആരോഗ്യകേന്ദ്രം

ആരോഗ്യ പരിപാലനത്തിൽ നമ്മുടെ നാട് കൈവരിച്ച പുരോഗതിയെ തുടർന്ന് മരണനിരക്ക് കുറഞ്ഞതിനാൽ വൃദ്ധജനങ്ങളുടെ ആവശ്യാർത്ഥം വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.

'ഹെൽത്ത്കാർഡ്' സംവിധാനം മുഖാന്തിരം ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെ കുറിച്ചുള്ള വിവരങ്ങൾ രോഗ നിർണ്ണയം വേഗത്തിലും കുറ്റമറ്റതാക്കുവാനും സഹായിക്കും. ആരോഗ്യ പ്രവർത്തകരെയും സന്നദ്ധ പ്രവർത്തകരെയും ഒരുമിച്ച് ഇത് നടപ്പിലാക്കാവുന്നതാണ്. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ എല്ലാം ഈ കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും വേണം.

## പാരമ്പര്യ വൈദ്യമേഖല

തലമുറകളിലൂടെ പകർന്നു കിട്ടിയ അറിവുകളുടെ സംഗ്രഹമാണ് പാരമ്പര്യ വൈദ്യം. നമ്മുടെ പഞ്ചായത്തിൽ തന്നെ വളരെയധികം വൈദ്യകുടുംബങ്ങൾ ഈ രംഗത്ത് സേവനമനുഷ്ഠിക്കുന്നത്. ഇവരുടെ കൂടിച്ചേരൽ സംഘടിപ്പിക്കുക വഴി ചിതറിക്കിടക്കുന്ന വൈദ്യ വിജ്ഞാനം ഏകോപിപ്പിക്കുവാൻ കഴിയും. ആയുർവേദ രംഗത്ത് രൂക്ഷമായി വരുന്ന ഔഷധസസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുവാനായി സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്ത് തലത്തിൽ 'ഔഷധ സസ്യസൊസൈറ്റികൾ' രൂപീകരിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ അമൂല്യങ്ങളായ വിവിധതരം ഔഷധച്ചെടികളുണ്ടെന്നാണ് പഞ്ചായത്തിൽ നടത്തിയ പഠന പര്യടനത്തിൽ കണ്ടെത്തിയിട്ടുണ്ട്.

പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്താൻ പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം, ലഹരിമരുന്നുകൾ എന്നിവക്കെതിരായ പ്രചരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഒരു പരിധിവരെയെങ്കിലും ആ ദുശ്ശീലങ്ങൾ നിയന്ത്രണവിധേയമാക്കാവുന്നതാണ്. രക്തദാനം, നേത്രദാനം എന്നിവയുടെ മഹത്വം ബോധ്യമാക്കി ആ വക കാര്യങ്ങൾ ഇന്ന് നടത്തികൊണ്ടു പോകുന്ന ക്ലബുകളുമായി സഹകരിച്ച് പഞ്ചായത്ത് തലത്തിൽ വിപുലമായ സേവന സംഘടനകളെ കർമ്മനിരതാക്കണം.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളെയും സന്നദ്ധസംഘടനകളെയും കൂട്ടിയിണക്കിയാൽ 'സുചിത്വഗ്രാമം ആരോഗ്യഗ്രാമം' എന്ന



68

സ്വപ്നം സാക്ഷാൽക്കരിക്കുവാൻ നമുക്ക് കഴിയും. അതിനാകട്ടെ ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും.

ഗ്രാമസഭകളിലെ നിർദ്ദേശങ്ങളും ഈ പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതുമായ പ്രധാന പരിപാടികൾ:

1. നാലാം വാർഡിൽ പ്രവർത്തിക്കുന്ന (വാടക കെട്ടിടത്തിൽ) ആയുർവേദ ആശുപത്രി ഇപ്പോൾ ലഭിച്ച സംഖ്യകൾ ഉൾപ്പെടുത്തി പുതിയ സ്ഥലത്ത് പഞ്ചായത്ത് നേതൃത്വത്തിൽ സ്ഥിരകെട്ടിടം പണികഴിപ്പിച്ച് പ്രവർത്തനയോഗ്യമാക്കുക.

2. എളവള്ളി ഗവ: ആസ്പത്രി 12 ബഡ്ഡുള്ള ആസ്പത്രിയാക്കുക.

3. ചിറ്റാട്ടുകര അങ്ങാടി കക്കൂസുകൾ വഴി തോട്ടിലേക്ക് മാലിന്യങ്ങൾ തള്ളുന്നത് ഒഴിവാക്കുക. എല്ലാം സെപ്റ്റിക് ആക്കുക.

4. ആധുനിക സജ്ജീകരണത്തോടെ ഒരു അറവുശാല സ്ഥാപിക്കുക.

5. ഫാമിലി വെൽഫെയർ സെന്ററിൽ വൈകീട്ട് രണ്ടു മുതൽ നാലു വരെ ബോധവൽക്കരണ ക്ലാസുകൾ നടത്തണം. അഴ്ചയിൽ ഒരിക്കൽ ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

6. ചേരൂരിലുള്ള സബ്സെന്റ്ർ PHC ആയി ഉയർത്തുക.

7. രണ്ടാം വാർഡിൽ സൗജന്യമായി ലഭിച്ചിട്ടുള്ള 5 സെന്റ് സ്ഥലത്ത് സബ് സെന്ററൊ ഹോമിയോ ആശുപത്രിയൊ ആരംഭിക്കുക.

8. നിർധനരായവർക്ക് സൗജന്യ നിരക്കിൽ കക്കൂസ് നിർമ്മിച്ച് കൊടുക്കുക.

9. എളവള്ളി PHC ആശുപത്രിയിൽ ഡോക്ടർക്ക് ആശുപത്രി പരിസരത്ത് തന്നെ താമസ സൗകര്യം ഉണ്ടാക്കുക.

10. പഞ്ചായത്തിലെ ചപ്പുചവറുകളും മാലിന്യങ്ങളും നീക്കം ചെയ്യുക. മത്സ്യം മാംസം എന്നിവ വിൽക്കുന്നതിന് പൊതു മാർക്കറ്റ് വേണം.


11. കോഴിത്തോടിന് സമീപമുള്ള [illegible] കിണറും കുളവും വൃത്തിയാക്കുക.

12. കോന്നികുളം കുടുമ്പി കുളങ്ങൾ വൃത്തിയാക്കുക.

13. പത്താം വാർഡിൽ ആശുപത്രി സൗകര്യം കുറവായതിനാൽ ഡിസ്പൻസറിയൊ സബ്സെന്ററൊ ആരംഭിക്കണം.

14. മലിനജലം ഒഴുകിപോകാൻ അഴുക്കുചാൽ പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കുക.

ELAVALLY GRAMA PANCHAYATH.
PROPOSED DRINKING WATER PROJECT.




O - PROPOSED OPEN WELLS.

□ - PROPOSED HILL-TOP TANKS.

⊡ - EXISTING WATER TANKS.

• - EXISTING BOREWELL.

# IV. 6

# വിദ്യാഭ്യാസം

പഴയ മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായ മലബാറിന്റെ തെക്കെ അറ്റത്ത് കൊച്ചി സംസ്ഥാനത്തിന്റെ അരികിൽ അറബിക്കടലിന്റെ പ്രാന്തപ്രദേശങ്ങളായ ചാവക്കാടിനും ഗുരുവായൂരിനും നാലുകിലോമീറ്റർ തെക്കു കിഴക്കുമാറി സാംസ്കാരിക നഗരമായ തൃശൂരിൽനിന്ന് 28 കി.മീ. പടിഞ്ഞാറുമാറി എളവള്ളി സ്ഥിതിചെയ്യുന്നു. ഇവിടുത്തെ ആദ്യകാല സ്കൂൾ ബേസൽ മിഷ്യൻ വക BEM എൽ.പി.സ്കൂൾ ചിറ്റാട്ടുകരയാണ്. അതിനു ശേഷമാണ് ചിറ്റാട്ടുകര പള്ളി സ്കൂൾ, വാക മാലതി സ്കൂൾ, പൂവത്തൂർ സെന്റ് ആന്റണീസ് സ്കൂൾ, എളവള്ളി, കക്കശ്ശേരി ബോർഡ് സ്കൂളുകൾ, പറക്കാട് സ്കൂൾ, എളവള്ളി മാപ്പിള സ്കൂൾ എന്നിവ ഉടലെടുത്തത്.

ചില പ്രത്യേക സാഹചര്യങ്ങളിൽ എളവള്ളി മാപ്പിള എൽ.പി.സ്കൂൾ കുറച്ചു വർഷങ്ങൾക്കു മുൻപ് ഇല്ലാതായി. പഞ്ചായത്തിൽ ഹൈസ്കൂളിന്റെ കുറവ് നികത്തിയത് ചിറ്റാട്ടുകര സെന്റ് സബാസ്റ്റ്യൻസ് യു.പി. സ്കൂൾ 1976 ൽ ഹൈസ്കൂളാക്കി ഉയർത്തിയതോടെയാണ്. അതിനുശേഷം 1980 ൽ എളവള്ളി ഗവ: യു.പി. സ്കൂളും ഹൈസ്കൂളാക്കി ഉയർത്തി. അങ്ങനെ പഞ്ചായത്തിൽ രണ്ട് ഹൈസ്കൂളുകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ ഹൈസ്കൂൾ വരുന്നതുവരെ അന്നത്തെ തലമുറക്കാർ മുഖ്യമായും ഹൈസ്കൂൾ പഠനത്തിന് ആശ്രയിച്ചിരുന്നത് പാവറട്ടി സെന്റ്

പട്ടിക 1

വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| | സ്കൂളുകളുടെ എണ്ണം | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | HS | | | UP | | | LP | | |
| | സർക്കാർ | എയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | ആകെ | സർക്കാർ | എയ്ഡഡ് | ആകെ |
| വാർഡ് | | | | | | | | | |
| 3 | | | | | 1 | 1 | | | |
| 4 | 1 | | 1 | | | | | 1 | 1 |
| 7 | | 1 | 1 | | | | | 1 | 1 |
| 8 | | | | | | | 1 | | 1 |
| 9 | | | | | 1 | 1 | | | |
| ആകെ | 1 | 1 | 2 | | 2 | 2 | 1 | 2 | 3 |

## പട്ടിക 1 a

### വിദ്യാർത്ഥികൾ – അദ്ധ്യാപകർ – ഭൗതിക സാഹചര്യങ്ങൾ

| സ്കൂൾ | ഉടമസ്ഥത | കുട്ടികൾ | | | അദ്ധ്യാപകർ | | | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | | | | |
| GHS എളവള്ളി | സർക്കാർ | 389 | 347 | 736 | 5 | 22 | 27 | 8 | 2 | ഉണ്ട് | ഉണ്ട് |
| സെന്റ് സബാസ്റ്റ്യൻസ് HS ചിറ്റാട്ടുകര | എയ്ഡഡ് | 1104 | 753 | 1857 | 8 | 50 | 58 | 50 | 3 | ഉണ്ട് | ഉണ്ട്. |
| മാലതി.യു.പി.സ്കൂൾ വാക | എയിഡഡ് | 5224 | 422 | 946 | 8 | 24 | 32 | 50 | 2 | ഉണ്ട് | ഉണ്ട്. |
| ഗവ: എൽ.പി.സ്കൂൾ കാക്കശ്ശേരി | സർക്കാർ | 47 | 30 | 77 | 0 | 4 | 4 | 1 | 1 | ഇല്ല | ഇല്ല |
| സി.ഇ.എം.എൽ.പി. സ്കൂൾ | എയിഡഡ് | 68 | 49 | 117 | 0 | 5 | 5 | 10 | 1 | ഉണ്ട് | ഇല്ല |
| എ.എൽ.പി.എസ്സ് പറക്കാട് | എയിഡഡ് | 44 | 58 | 102 | 1 | 3 | 4 | – | 1 | ഉണ്ട് | ഉണ്ട് |

### S.S.L.C. വിജയം
### (ശതമാനകണക്കിൽ)

| സ്കൂൾ | 92–93 | 93–94 | 94–95 | 95–96 |
|---|---|---|---|---|
| ഗവ: ഹൈസ്കൂൾ എളവള്ളി | 44 | 47 | 38 | 32 |
| സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ ചിറ്റാട്ടുകര | 90 | 91.5 | 88.1 | 87.4 |

ജോസഫ് ഹൈസ്കൂളിനെയും ക്രൈസ്റ്റ് കിങ്ങ് കോൺവെന്റ് ഹൈസ്കൂളിനെയും സംസ്കൃത സ്കൂളിനെയും ആയിരുന്നു. അവരോടുള്ള കടപ്പാട് ഇന്നും സ്മരണീയമാണ്.

വിദ്യാഭ്യാസത്തിന്റെ അഭാവമാണ് പിന്നോക്കാവസ്ഥയുടെ പ്രധാന ഹേതു. മുൻകാലങ്ങളിൽ പഠനത്തിനുള്ള അസൗകര്യങ്ങളായിരുന്നു വിദ്യാഭ്യാസത്തിന് നമുക്ക് വിലങ്ങുതടിയായിരുന്നത്. ഇന്നത്തെ സ്ഥിതി പരിശോധിക്കാം. നമ്മുടെ പഞ്ചായത്തിലെ സ്കൂളുകളും അവയുടെ ഭൗതിക സാഹചര്യങ്ങളും പട്ടിക 1 ൽ കൊടുക്കുന്നു.

അടുത്ത കാലത്ത് ഹൈസ്കൂൾ തലത്തിലായി നമ്മുടെ പഞ്ചായത്ത് വളരെ മുന്നോട്ടാണ് പോയിട്ടുള്ളത്. പഞ്ചായത്തിലെ ആദ്യ ഹൈസ്കൂൾ (ചിറ്റാട്ടുകര സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂൾ) 1976 ലും രണ്ടാമത്തെ ഹൈസ്കൂൾ ( എളവള്ളി സർക്കാർ ഹൈസ്കൂൾ) 1980 ലും ഉടലെടുത്തു. രണ്ടു ഹൈസ്കൂളുകളിലും അവരുടെ ഭൗതിക സാഹചര്യങ്ങൾ വച്ച്നോക്കുമ്പോൾ അവരുടെ നേട്ടങ്ങൾ എടുത്ത് പറയേണ്ടതാണ്. കൂടുതൽ നേട്ടങ്ങൾക്കായുള്ള പരിശ്രമങ്ങൾക്കാണ് നാം ഊന്നൽ കൊടുക്കേണ്ടത്. (സ്ഥിതിവിവരകണക്ക് 1, 2, 3)

പ്രധാനനേട്ടങ്ങൾ ഉണ്ടാകേണ്ടത് പ്രൈമറി തലത്തിൽ നിന്നാണ്. പ്രൈമറി വിഭാഗത്തിൽ തന്നെ

### പഞ്ചായത്ത് തല ഗുണനിലവാരം

മാർക്ക് %

| ക്ലാസ്സുകൾ | ആകെ | 30% താഴെ | 30–40 | 40–50 | 50–60 | 60 നു മേലെ |
|---|---|---|---|---|---|---|
| 3 | 400 | 55 | 93 | 82 | 71 | 99 |
| 4 | 440 | 57 | 81 | 84 | 95 | 123 |
| 5 | 490 | 68 | 100 | 108 | 106 | 108 |
| 6 | 488 | 64 | 97 | 121 | 104 | 102 |
| 7 | 486 | 68 | 104 | 67 | 115 | 132 |
| 8 | 353 | 99 | 48 | 57 | 80 | 69 |
| 9 | 303 | 85 | 53 | 57 | 63 | 45 |
| 10 | 273 | 65 | 46 | 49 | 58 | 55 |

ഇംഗ്ലീഷ്മീഡിയം പ്രവണത മറ്റുസ്ഥലങ്ങളിലെന്ന പോലെ നമ്മുടെ നാട്ടിലും വലിയൊരു ശക്തിയിൽ ഉടലെടുത്തിട്ടുണ്ട്. കാരണങ്ങൾ പലതുമുണ്ടെങ്കിലും ആയതിന് ഒരു പ്രതിവിധി നാം കാണേണ്ടതാണ്. മാതൃഭാഷയായ മലയാളത്തേ കുരുന്നു മനസ്സിൽ പതിപ്പിക്കാതെ വിദേശഭാഷയായ ഇംഗ്ലീഷിനെ തല്ലി പഠിപ്പിക്കുന്ന കുട്ടികളെ വീർപ്പുമുട്ടിക്കുന്ന ഇന്നത്തെ സമ്പ്രദായത്തിന് പഞ്ചായത്ത്തലത്തിൽ നമുക്ക് ഏന്തെങ്കിലും ചെയ്യേണ്ടസമയം അതിക്രമിച്ചിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ തന്നെയുള്ള ചില എൽ.പി.സ്കൂളുകൾ കുട്ടികളുടെ കുറവുമൂലം നിലനിൽപ്പു തന്നെ ഇല്ലാതാകുന്ന പ്രവണതയിലേക്ക് വന്നു കൊണ്ടിരിക്കുകയാണ്. എന്താണ് ഇതിനൊരു പ്രതിവിധി? പ്രൈമറിതലത്തിൽ തന്നെ പഠനം ഒന്നു കുടി ജനപങ്കാളിത്തത്തോടെ കാര്യക്ഷമമാക്കിയാൽ ഒരു പരിധിവരെ ഇംഗ്ലീഷ്മീഡിയമാകുന്ന അതിപ്രസരത്തിൽ നിന്ന് നമ്മുടെ നാടിനെ രക്ഷിക്കാൻ കഴിയും. ആയതിനുള്ള കർമ്മ പരിപാടികൾ ആവിഷ്കരിക്കുന്നതിൽ നമ്മുടെ പഞ്ചായത്ത് പുറകിലായികൂട.

ഇംഗ്ലീഷ്മീഡിയം സ്കൂൾ ഇല്ലാതിരുന്ന മുൻകാലങ്ങളിലും നമ്മുടെ പൂർവ്വികൻമാർ മലയാളമീഡിയത്തിൽ പഠിച്ച് ഉന്നത ഉദ്യോഗങ്ങളിൽ ശോഭിച്ചിരുന്ന പഴയ കാലം ഓർക്കുകയാണ്. എന്താണ് ഇന്ന് സംഭവിച്ചത്? നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിൽ സമ്പ്രദായത്തിൽ കാതലായ എന്തോചില അപാകതകൾ സംഭവിച്ചു. ആയതിനുള്ള പ്രതിവിധിയായി ഈ ജനകീയാസൂത്രണത്തേ നാം കാണേണ്ടതാണ്. ഇങ്ങനെയുള്ള ഈ ജനകീയപ്രക്രിയയിൽകൂടെ വിദ്യാഭ്യാസത്തിൽ ചിലമാറ്റങ്ങളെല്ലാം വരുത്താനായി ശ്രമിക്കാം.

### സംസ്കാരം

വിദ്യാഭ്യാസത്തിന്റെ ഫലമായി നാം കൊയ്തെടുക്കുന്നതാണല്ലോ പുതിയൊരു സംസ്കാരം. ആ സംസ്കാരത്തിന്റെ ബാഹ്യലക്ഷണങ്ങളായി നാം കാണുന്നതാണ് മതങ്ങളുടെ കൂട്ടായ്മ. ഭിന്നമതക്കാർ കൂടികലർന്ന് ജീവിക്കുമ്പോൾ അവരുടെ വിശേഷങ്ങളിൽ (പെരുന്നാൾ, ഉത്സവം, മുസ്ലീം ആഘോഷങ്ങൾ) നാം സഹകരിക്കുകയും ആയത് മോടിപിടിപ്പിക്കുവാൻ വേണ്ട ഒത്താശകൾ ചെയ്യലും ഇതിന്റെ ഭാഗമാണ്. അല്ലാതെ ഓരോ മതക്കാരുടേയും വിശേഷങ്ങളിൽ അവരോട് സഹകരിക്കുന്നതിന് പകരം എതിരിടുന്നത് നമ്മുടെ സംസ്കാരത്തിന്റെ മുരടിപ്പിനെയാണ് വ്യക്തമാക്കുന്നത്. ഇവിടെയെല്ലാം നമ്മുടെ നാടിന്റെ ദേശീയ കാഴ്ച്ചപ്പാടാണ് നാം പുലർത്തേണ്ടത്.



73

ജാതിഘടനയെ കുറിച്ച് പറയുകാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ പ്രധാന കച്ചവടകേന്ദ്രമായ ചിറ്റാട്ടുകര അങ്ങാടി ക്രിസ്ത്യൻ സമുദായകാർ തിങ്ങിപാർക്കുന്ന ഒരു പ്രദേശമാണ്. മറ്റു മതവിഭാഗ കാർ പഞ്ചായത്തിന്റെ നാനാഭാഗത്തും താമസി ക്കുന്നു. കൃഷിയും കൈതൊഴിലുമാണ് അവരുടെ മുഖ്യവരുമാനം. പണ്ടുകാലത്തെല്ലാം അവരുടെ കാർഷികവിഭവങ്ങളെല്ലാം വിൽപ്പനക്കായി കൊണ്ടു വന്നിരുന്നത് ചിറ്റാട്ടുകരയിലെ പൊതുമാർക്കറ്റി (ചന്ത) ലേക്കാണ്. അന്നത്തെ ആ ചന്തസ്ഥലമാണ് ഇന്നത്തെ പഞ്ചായത്ത് ഓഫീസ്. അങ്ങിനെ കൃഷി കാരും കച്ചവടക്കാരും കൂടിയിരുന്ന ആ കൂട്ടായ്മ സംസ്കാരം നാടിന്റെ വികസനത്തിന് ഒരു മുതൽകൂട്ടായിരുന്നു. നാടിന്റെ നന്മയ്ക്ക് മതവിദ്വേഷവും സാമ്പത്തിക ചേരിതിരിവുകളും നാം ഉപേക്ഷിച്ചേ പറ്റൂ.

നിരവധി വസ്തുതകൾ വിദ്യാഭ്യാസനിലവാരം താഴുന്നതിന് കാരണമായി പറയപ്പെടുന്നു. അതിലൊന്നാണ് നിയന്ത്രണമില്ലാത്ത വിദ്യാർത്ഥി സമരങ്ങൾ. പഞ്ചായത്ത് അടിസ്ഥാനമുള്ള ജനകീയ വിദ്യാഭ്യാസ കമ്മറ്റികൾ രൂപീകരിച്ച് അതത് പി.ടി.എ.മാതൃസംഗം എന്നിവരുടെ സഹായത്തോടെ ആയതിന് ചുരുങ്ങിയ തോതിലെങ്കിലും കടിഞ്ഞാണിടുകയോ ബോധവൽക്കരണം നടത്തുകയോ ചെയ്യേണ്ടതാണ്.

വിദ്യാഭ്യാസത്തിൽതന്നെ കലാ, കായികപരിശീലനത്തിന് പ്രാമുഖ്യം കൊടുക്കുകയും അവരുടെ വാസനകളെ വികസിപ്പിക്കുന്നതിനുള്ള പോംവഴികൾ ആരായേണ്ടതുമാണ്. കളിസ്ഥലം ഇല്ലാത്ത സർക്കാർ, എയ്ഡഡ് സ്ഥാപനങ്ങളിൽ അതിനുവേണ്ട സഹായസഹകരണങ്ങൾ പഞ്ചായത്തു തലത്തിൽ ചെയ്തു കൊടുക്കണം. ആയതിന് സർക്കാരെന്നോ, സ്വകാര്യമെന്നോ വിവേചനം പാടില്ല. കലാ രംഗത്തും കായികരംഗത്തേപോലെ വിദ്യാർത്ഥികളിൽ വാസനവളർത്തുവാൻ വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കാവുന്നതാണ്. കുറച്ചുകാലങ്ങൾക്ക് മുമ്പ് നമ്മുടെ നാട്ടിൽ പല കലാസമിതികളും സ്പോർസ് ക്ലബുകളും ഉണ്ടായിരുന്നത് പിന്നീടുള്ള ദൃശ്യമാധ്യമങ്ങളുടെ അതിപ്രസരണത്തിൽ ഇല്ലാതായത്. പുനർജ്ജീവിപ്പിക്കുവാൻ നമുക്ക് പരിശ്രമിക്കാവുന്നതാണ്. ഉദാഹരണമായി ജീവൻ തിയ്യറ്റേഴ്സ് ചിറ്റാട്ടുകര, യങ്ങ്മെൻ സ്പോർട്സ് ക്ലബ് ചിറ്റാട്ടുകര എന്നിവയെല്ലാം ഒരു കാലത്ത് നാടിന്റെ അഭിമാനമായിരുന്നു.

അംഗനവാടിമുതൽ നമ്മുടെ വിദ്യാലയങ്ങളിൽ പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ ഉണ്ടാകേണ്ടതാണ്. മൂത്രപുരയും കക്കൂസും വിദ്യാർത്ഥികളുടെ എണ്ണത്തിനനുസരിച്ച് ഉണ്ടാകണം. കുടിവെള്ളത്തിന്റെ സൗകര്യവും വൈദ്യുതിയും എല്ലാ സ്കൂളിലും ഉണ്ടാകണം. ഉച്ചഭക്ഷണം പാകം ചെയ്യുന്ന അടുക്കള വൃത്തിയുള്ളതാണോ എന്ന് പഞ്ചായത്ത് കർമസമിതി പരിശോധിക്കേണ്ടതാണ്.

ക്ലാസുകളിൽ തോറ്റ് വീണ്ടും പഠനം നടത്തുന്നവരെ പ്രത്യേകം കോച്ചിങ്ങ് കൊടുക്കുവാൻ പ്രത്യേകം സന്നദ്ധസംഘങ്ങളെ കണ്ടെപിടിക്കുവാൻ ജനകീയസമിതിക്ക് ശ്രമിക്കാവുന്നതാണ്. ഇവരിൽ കൂടെ കൊഴിഞ്ഞ് പോകുന്ന കുട്ടികളെ കണ്ട്പിടിക്കുന്നതിന് സാധിക്കുന്നതാണ്. പഠനം തുടരാതെ ഇടയ്ക്ക് വച്ച കൊഴിഞ്ഞു പോകുന്ന കുട്ടികൾ നമ്മുടെ പഞ്ചായത്തിലും കുറവല്ല.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥപനങ്ങളോ ഈ എളവള്ളി പഞ്ചായത്തിലില്ല. ആയതിനെല്ലാം തൃശൂരിലേയും മറ്റുപ്രാ

**അക്കാഡമിക്ക് സൗകര്യങ്ങളുടെ ലഭ്യത**

| | ഉള്ളത് | ഇല്ലാത്തത് |
|---|---|---|
| ലൈബ്രറി | 7 | – |
| ലാബ് | 5 | 2 |
| പഠനോപകരണങ്ങൾ | 2 | 5 |
| റേഡിയോ | 4 | 3 |
| ടേപ്പ്റിക്കാഡർ | 4 | 3 |
| ടെലിവിഷൻ | – | 7 |
| സിനിമ പ്രോജക്ടർ | 1 | 6 |
| സ്ലൈഡ് പ്രോജക്ടർ | 2 | 5 |
| ബ്ലാക്ക് ബോർഡ് | 6 | 1 |
| മാതൃസംഗം | 7 | – |
| പി.ടി.എ. | 6 | 1 |

ന്തപ്രദേശങ്ങളിലേയും കോളേജുകളിലേക്കാണ് കുട്ടികളെ അയക്കുന്നത്. മുൻകാലങ്ങളിലേതിനേക്കാൾ മക്കളെ പഠിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്ന മാതാപിതാക്കൾ എവിടെയായിരുന്നാലും പഠനത്തിന് മുൻതൂക്കം കൊടുക്കുന്നതിനാൽ അങ്ങിനെയുള്ള ഐ.ടി.ഐ എങ്കിലും നമ്മുടെ പഞ്ചായത്തിൽ തുടങ്ങുന്നത് നല്ലതാണ്. നമ്മുടെ ഹൈസ്കൂളുകളിൽ പ്ലസ്ടുവോ അല്ലെങ്കിൽ പ്രീഡിഗ്രിയോ തുടങ്ങുന്നത് വലിയൊരു സഹായമായിരിക്കും. ആയിതിനുള്ള ശ്രമങ്ങൾ നമ്മുടെ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.

ഈ പഞ്ചായത്തിൽ ഒരു നഴ്സറി സ്കൂൾ ഒരു ഇംഗ്ലീഷ്മീഡിയം സ്കൂളും ഉണ്ട്. 3 വയസ്സിനും 5 വയസ്സിനും ഇടയ്ക്കുള്ള കുട്ടികൾ സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻ വാടികളിൽ പോകണമെന്ന് നിർബന്ധമായും ഈ പഞ്ചായത്തിലെ ജനങ്ങൾ ആഗ്രഹിക്കുന്നുണ്ട്. 21872 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 24 അംഗൻവാടികൾ ഉണ്ട്. ഇത്രയും സൗകര്യങ്ങൾ ഉണ്ടായിട്ടും ധാരളം പിഞ്ചുകുട്ടികളെ ഈ പ്രൈവറ്റ് നഴ്സറികളിലും ഇംഗ്ലീഷ്മീഡിയം സ്കൂളുകളിലും അയയ്ക്കുന്നു.

മിടുക്കൻമാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകാൻ നാം അമാന്തിക്കരുത്. മിടുക്കൻമാരായ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കാൻ വിവിധഅവർഡുകൾ ഏർപ്പെടുത്തണം. S.S.L.C വിജയശതമാനവും പൊതുപഠന നിലവാരവും ഉയർത്തുന്നതിന് ചേറ്റി പഞ്ചായത്തിലെ മുഴുവൻ വിദ്യാലയങ്ങളിലേക്കും അദ്ധ്യാപകരും രക്ഷിതാക്കളും അതിനോട് സഹകരിച്ച് വരുന്നു.

അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാത്ത സ്കൂളിന്റെ ചുറ്റുപാടിൽ അദ്ധ്യായനം നടത്താൻ നിർബന്ധിക്കപ്പെടുന്ന വിദ്യാർത്ഥകൾ എല്ലാ അർത്ഥത്തിലും പിൻതള്ളപ്പെടും. ഇത്തരുണത്തിൽ അദ്ധ്യാപകരും രക്ഷിതാക്കളും മാനേജരും ബഹുജനങ്ങളുമെല്ലാം അടങ്ങിയ പുതിയ കൂട്ടായ്മ വളർത്തിയെടുക്കാൻ നാം പ്രതിജ്ഞചെയ്യേണ്ടതാണ്.

**കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ**
**പഠനം തുടരാതെ കൊഴിഞ്ഞ് പോകുന്നവർ**

| | ആകെ കുട്ടികൾ | | | SC/ST കുട്ടികൾ | | | പഠനം നിർത്തിയവർ | | |
|---|---|---|---|---|---|---|---|---|---|
| ക്ലാസ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1 | 205 | 207 | 412 | 25 | 23 | 48 | 1 | 1 | 2 |
| 2 | 241 | 201 | 442 | 25 | 26 | 51 | | | |
| 3 | 228 | 169 | 397 | 24 | 13 | 37 | 1 | 1 | 2 |
| 4 | 241 | 199 | 440 | 39 | 19 | 58 | 1 | – | 1 |
| 5 | 284 | 204 | 488 | 19 | 25 | 44 | 3 | – | 3 |
| 6 | 291 | 206 | 497 | 25 | 22 | 47 | – | – | – |
| 7 | 295 | 203 | 498 | 39 | 6 | [illegible] | 1 | 1 | 2 |
| 8 | 200 | 152 | 352 | 16 | 12 | 28 | 2 | 1 | 3 |
| 9 | 180 | 125 | 305 | 15 | 12 | 27 | 2 | – | 2 |
| 10 | 156 | 115 | 271 | 14 | 13 | 27 | | | |



75

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരിച്ച പ്രാഥമിക ദ്വിതീയ വിവരങ്ങളുടേയും ഗ്രാമസഭയിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞുവന്ന നിഗമനങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. 10 ഗ്രാമസഭകളിലും വിദ്യാഭ്യാസ രംഗം സജീവചർച്ചക്ക് വിധേയമായി.

പൊതുവായി വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസത്തെ വിലയിരുത്തിയതായി കാണാം. സമരം കൊണ്ടും മറ്റുമുണ്ടാകുന്ന അദ്ധ്യയന നഷ്ടം പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക വിദ്യാർത്ഥി അനുപാതം, ഭൗതികസാഹചര്യങ്ങൾ, അദ്ധ്യാപകരക്ഷാകർതൃസമിതി, ഉച്ചക്കഞ്ഞി, പുതിയസ്കൂളുകളുടെ ആവശ്യകത, കൂട്ട ക്ലാസ്സ് കയറ്റം, മാസാന്ത്യ പരീക്ഷകൾ, മൂല്യ നിർണ്ണയം പാഠ്യേതര പ്രവർത്തനങ്ങൾ എന്നീ വിഷയങ്ങളെ കുറിച്ചെല്ലാം ഓരോ ഗ്രാമസഭയിലും ചർച്ച ചെയ്തു.

ഇത്തരമൊരു റിപ്പോർട്ട് പ്രഥമപരിഗണന അർഹിക്കുന്നതാണ് അക്കാഡമിക്ക് സൗകര്യങ്ങൾ. ക്ലാസ്സ്മുറിയിൽ ചടഞ്ഞിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരാൻ കഴിയുന്നത്ര സൗകര്യങ്ങൾ ലഭ്യമാക്കണം. ലൈബ്രറി, ലബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ ശ്രവ്യ ഉപകരണങ്ങൾ തുടങ്ങിയ ഒരു വിദ്യാലയത്തിലെ യോഗ്യതാ ചിഹ്നങ്ങളാണ് വിദ്യാലയത്തിലെ പരിമിതി വെളിപ്പെടുത്തുന്ന വസ്തുത (സ്ഥിതിവിവരകണക്ക് 4,5)ൽ കൊടുത്തിട്ടുണ്ട്.

ലൈബ്രറി, ലബോറട്ടറിസൗകര്യമില്ലാത്ത സ്കൂളുകളിൽ വിദ്യാർത്ഥികൾക്ക് പ്രത്യേകിച്ചും അപ്പർപ്രൈമറി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ന്യായമായ അവകാശമാണ് നിഷേധിക്കപ്പെടുന്നത്. വിദ്യാലയങ്ങളിലെ ഭൗതികമേഖലയുടെ ഏറ്റവും വലിയ പോരായ്മയാണ്. ഈ പഞ്ചായത്തിലെ 2 ജി.എൽ.പി.എസ്സുകൾ ഓലകെട്ടിടത്തിൽ പ്രവർത്തനം നടത്തുന്നത്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത സ്ഥിതിവിവരകണക്ക് 2 ചേർത്തിരിക്കുന്നു.

വിദ്യാർത്ഥികളുടെ പഠനനിലവാരം കഴിഞ്ഞ 4 വർഷത്തെ S.S.L.C. വിജയശതമാനവും 95 – 96 പാദ വാർഷിക പരീക്ഷക്ക് 3 മുതൽ 10 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥകളുടെ മാർക്കും പട്ടിക 4ൽ.

ദൃശ്യമാധ്യമങ്ങളുടെ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചരണം എന്നിവ അനഭിലഷണിയമായ പ്രവണതകൾ വിദ്യാർത്ഥികളിൽ ഉളവാക്കുന്നു. നല്ലൊരു ശതമാനം കുട്ടികളും ഗൈഡുകളേയും ട്യൂഷൻ ക്ലാസ്സുകളേയും ആശ്രയിക്കുന്നുണ്ട്. ഈ പദ്ധതികൾക്ക് മാറ്റം വരുത്തേണ്ടതാണ്.

ലക്ഷ്യം നേടാത്ത പ്രൈമറി വിദ്യാഭ്യാസം ഉപരി പഠനത്തെ ദുഷ്ക്കരമാക്കുന്നു. പ്രൈമറി ഘട്ടത്തിൽ ഏറ്റവും ചുരുങ്ങിയ അറിവുപോലും നേടാനാകാതെ യു.പി.ഹൈസ്കൂൾ ക്ലാസുകളിലെത്തുന്നവരെ മെച്ചപ്പെടുത്താനുള്ള പരിശ്രമം പൂർണ്ണവിജയം നേടുവാൻ ഏറെ ശ്രമം വേണ്ടിവരും. അഭ്യസ്ഥവിദ്യരുടെ കുഞ്ഞുങ്ങൾക്ക് പോലും പഠനകാര്യങ്ങളിൽ രക്ഷിതാവിന്റെ ഫലപ്രദമായ സഹായം ലഭിക്കുന്നില്ലെന്നിരിക്കെ സമൂഹത്തിലെ താഴെ കിടയിലുള്ളവരുടെ കുഞ്ഞുങ്ങളുടെ കാര്യം പറയേണ്ടതില്ലല്ലൊ?

വർഷത്തിൽ ഒമ്പതിലൊന്നോളം കാലം മാത്രമാണ് ക്ലാസ്സുമുറികളിലെ പഠനമെന്ന കാര്യം കണക്കിലെടുക്കേണ്ടതുണ്ട്. സമൂഹത്തിൽ നിന്ന് ഏറ്റവും വിമർശനമേൽക്കേണ്ടിവരുന്ന അദ്ധ്യാപകസമൂഹത്തെ ഊർജ്ജസ്വലമാക്കേണ്ടിയിരിക്കുന്ന. സംതൃപ്തനായ അദ്ധ്യാപകന്റെ അർപ്പണമനോഭാവത്തേയും പരമാവധി ചൂഷണം ചെയ്യേണ്ടതുണ്ട്. അവരുടെ അധ്വാനത്തെ സ്നേഹഭാവത്തോടെ അംഗീകരിക്കുകയും അതുമൂലമുണ്ടാകുന്ന ഗുണഫലങ്ങളിൽ അനുമോദിക്കുകയും ചെയ്യാം.

ഈ സാഹചര്യത്തിൽ കുടുംബാംഗങ്ങൾക്കും സമൂഹത്തിനൊട്ടാകെത്തന്നെയും പ്രൈമറി വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിൽ ഏറെ ചുമതലകൾ നിർവഹിക്കാനുണ്ട്. പ്രൈമറി വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം അവനെക്കാൾ പ്രായകൂടുതലുള്ളവരുടേ വാമൊഴിയിൽ നിന്നും പരപ്രേരണകൂടാതെ ഏറെകാര്യങ്ങൾ സ്വായത്തമാക്കാൻ കഴിവുണ്ട്. അതുകൊണ്ട് കുട്ടിയുടെ വിദ്യാഭ്യാസത്തിൽ രക്ഷിതാവിനുള്ള ചുമതല ഭാരിച്ചതാണെന്ന് കാണുന്നു.

കുഞ്ഞുങ്ങളെ സംബന്ധിക്കുന്ന പ്രശ്നങ്ങൾ ചർച്ചചെയ്യാനുള്ള വേദിയായ P.T.A മീറ്റിങ്ങുകൾ ഫല



76

പ്രദമായി പ്രയോജനപ്പെടുത്തേണ്ടതുണ്ട്. P.T.A യോഗങ്ങൾ ചിലയിടങ്ങളിലെങ്കിലും അദ്ധ്യാപകരെ വിമർശിക്കാനുള്ള വേദികളായിത്തീരുന്നു. തന്മൂലം അദ്ധ്യാപകനിലെ ഇടുങ്ങിയ ചിന്താഗതി കുട്ടികളുടെ പോരായ്മകൾ രക്ഷിതാക്കളിൽ നിന്ന് മറച്ചുവെക്കാനും അവരിലില്ലാത്തകഴിവുകൾ കുട്ടികൾക്കുണ്ടെന്ന് വരുത്തിതീർക്കുവാനും അവരെ പ്രേരിപ്പിക്കുന്നു.

ചുരുക്കത്തിൽ അദ്ധ്യാപകനെയും കുട്ടിയെയും രക്ഷിതാവിനെയും തങ്ങളുടെ ചുമതലകൾ ബോധ്യപ്പെടുത്തുവിധം പഠനകാരണങ്ങളുടെ മോണിറ്ററിംഗിനായി പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന സർവ്വമേഖലയിലുള്ള വിദഗ്ധരുടേയും ജനപ്രതിനിധികളുടേയും വിദഗ്ദസമിതി രൂപീകരിക്കാവുന്നതാണ്.

പഞ്ചായത്തിലെ മുഴുവൻ പ്രൈമറിവിദ്യാലയങ്ങളിലേയും ഒന്നുമുതൽ നാലുവരെയുള്ള കുട്ടികൾകക് ക്ലാസുതോറും നേടിയിരിക്കേണ്ട ചുരുങ്ങിയ അറിവ് എത്രയായിരിക്കണമെന്ന് നിശ്ചയിക്കുകയും അത്രയും അറിവ് നേടാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് കാലകാലങ്ങളിൽ പരിശോധിക്കുകയും പരിഹാര മാർഗ്ഗങ്ങൾ ചർച്ചചെയ്ത് നിർമ്മിക്കുകയും ചെയ്യേണ്ടതുണ്ട്.

ഗ്രാമസഭ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന അഞ്ചുകൊല്ലത്തേക്ക് വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

I a) 8-ാം വാർഡിലെ എൽ.പി.എസ്സ്. ഹൈസ്കൂളാക്കുക. സ്കൂളിനോടനുബന്ധിച്ച് ഒരു പ്രീപ്രൈമറി ക്ലാസ്സ് തുടങ്ങുക. സ്കൂൾ വൈദ്യുതീകരിക്കുക.

b) 9-ാം വാർഡിലെ പുവ്വത്തൂർ സ്കൂൾ ഹൈസ്കൂളായ് അപ്ഗ്രേഡ് ചെയ്യുക. പഞ്ചായത്ത്തലത്തിൽ ITI സ്ഥാപിക്കുക.

c) ഈ പഞ്ചായത്തിലെ അംഗൻവാടികൾക്ക് സൗജന്യമായി വൈദ്യുതി എത്തിക്കുക.

d) 2-ാം വാർഡിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസം നടപ്പിലാക്കുക. സാങ്കേതിക പരിജ്ഞാനം നൽകുവാൻ സ്റ്റഡി സെന്റർ തുടങ്ങുക.

e) എളവള്ളി ഗവ: ഹൈസ്കൂൾ ഗ്രൗണ്ടിന് കോമ്പൗണ്ട് ചുമർകെട്ടി കായിക പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ നിർമ്മിക്കുക.

f) എളവള്ളി ഗവ: ഹൈസ്കൂളിൽ V.H.S.C. ആരംഭിക്കുക.

g) എളവള്ളി ഗവ: ഹൈസ്കൂളിൽ സ്കൗട്ട്, ഗൈഡിന്റെ ഒരു യൂണിറ്റ് ആരംഭിക്കുക.

H) എളവള്ളി ഗവ: ഹൈസ്കൂളിലെ പഴയ കെട്ടിടവും ഓലഷെഡും പൊളിച്ച് പുതിയ കെട്ടിടം പണിയുക.

I) എളവള്ളി ഗവ:ഹൈസ്കൂളിൽ നിലവിലുണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതുമായ ക്രാഫ്റ്റ് തസ്തികയിൽ സ്ഥിര അദ്ധ്യാപകനെ നിയമിക്കുക.

II സ്കൂളുകളിൽ ടെസ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കാൻ നടപടികൾ സ്വീകരിക്കുക.

III ഉച്ചകഞ്ഞിവിതരണത്തിനുള്ള ഉത്തരവാദിത്വം പഞ്ചായത്ത് ഏറ്റെടുക്കുക.

IV സ്കൂളുകളുടെ അറ്റകുറ്റ പണികൾ നടത്തുക.

V അദ്ധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക.

V! പി.ടി.എകളും, മദർ പി.ടിഎകളും സജീമാക്കാൻ യത്നിക്കുക.

VII ചിറ്റാട്ടുകര ഹൈസ്കൂൾ ഗ്രൗണ്ട് മണ്ണിട്ട് നികത്തുന്നതിന് വേണ്ട സഹായങ്ങൾ ചെയ്യുക.

VIII വാക U.P.സ്കൂളിലെ കുട്ടികൾക്ക് ശുദ്ധജലം നൽകുവാനുള്ള പദ്ധതി തയ്യാറാക്കുക.

1. മോഡറേഷൻ മാർക്ക് നൽകി കുട്ടികളെ പാസ്സാക്കുന്ന രീതി നിർത്തലാക്കുക.

2. ഇംഗ്ലീഷ് മീഡിയം നിർത്തലാക്കുക

3. 5-ാം വാർഡിലെ രണ്ട് അംഗനവാടികൾക്കും വേണ്ട കളിപ്പാട്ടങ്ങളും പ്ലേറ്റുകളും നൽകുക. പഞ്ചായത്തിൽ നിന്ന് കൊടുക്കുന്ന 5000 രൂപ ഉടനെ കൊടുക്കുവാൻ നടപടിയെടുക്കുക.

4. അംഗനവാടികളുടെ പോരായ്മകൾ നികത്തുക

5. 7-ാം വാർഡിലെ അംഗനവാടി കെട്ടിട നിർമ്മാണ ഫണ്ട് പാസ്സാക്കുക. യാത്രാസൗകര്യം മെച്ചപ്പെടുത്തുക.

6. കാക്കശ്ശേരി ജി.എൽ.പി.എസ്സിലെ അദ്ധ്യാപക



77

രുടെ ഒഴിവുകൾ നികത്തുക. സ്ഥിരകെട്ടിടം ഉണ്ടാക്കി മതിൽ കെട്ടി സുരക്ഷിതമാക്കുക.

7. വിദ്യാഭ്യാസ നിലവാരം ഉയർത്താൻ വിദ്യാർത്ഥികളെ തരംതിരിച്ച് പഠിപ്പിക്കുവാൻ അദ്ധ്യാപകർ ശ്രദ്ധിക്കുക.

8. അംഗൻവാടികൾക്ക് കുട്ടികളുടെ കളിപാട്ടങ്ങൾ ഉടനടി നൽകുക.

9. പഞ്ചായത്ത് തലത്തിൽ സ്കൂൾ കോംപ്ലെക്സ് സ്ഥാപിക്കുക.

10. അൺഎയ്ഡഡ് വിദ്യാലയങ്ങൾ നിയന്ത്രിക്കുക.

11. കലാകായിക സാഹിത്യ മത്സരങ്ങൾ നടത്തുക.

12. മതസൗഹാർദ്ദം വളർത്തുവാനുള്ള പരിപാടികൾ തുടങ്ങുക.

13. അനാചാരങ്ങൾക്കെതിരെ ബോധവൽക്കരണം

14. ഭൗതിക സാഹചര്യങ്ങൾ കണക്കിലെടുത്ത് പഞ്ചായത്തിലെ ഏതെങ്കിലും ഒരു ഹൈസ്കൂളിൽ അടിയന്തിര പ്രാധാന്യത്തോടെ V.H.S.C. സ്ഥാപിക്കണം.

ഗ്രാമസഭകളിൽ നിർദ്ദേശിക്കപ്പെട്ട വോക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് ഊന്നൽ നൽകി ആരംഭിക്കുക. അതിനുപുറമെ പ്രാദേശിക വിഭവങ്ങൾ (മത്സ്യം, ചകിരി, ചിരട്ട, നാളികേരം, പഴവർഗ്ഗങ്ങൾ, അടക്ക) പരമാവധി ഉപോയഗപ്പെടുത്തി ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾക്ക് യുവാക്കളെ പരിശീലിപ്പിക്കുവാൻ ഹ്യസ്വകാല കോഴ്സുകൾ നടത്തുന്ന പോളിടെക്നിക്ക് ആരംഭിക്കുക. ചിലവ് കുറഞ്ഞ പഠനോപകരണങ്ങൾ വ്യാവസായികാടിസ്ഥാനത്തിൽ തുടങ്ങാനുള്ള ശ്രമം തുടരുക.

പ്രാരംഭത്തിൽ പഞ്ചായത്തിനെ മാത്രം ലാക്കാക്കി കുട, നോട്ടുബുക്കുകൾ എന്നിവ നിർമ്മിക്കുന്നതിന് ഹൈസ്കൂളിലെ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുകയും മറ്റുതൊഴിലുകൾ പരിശീലിപ്പിക്കാനാവുമോ എന്ന് പരിശോധിക്കുകയും ചെയ്യുക. പ്രീഡിഗ്രിക്ക് തുല്യമായ വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്കൂൾ സ്ഥാപിക്കണം.

അനൗപചാരിക വിദ്യാഭ്യാസം പ്രദാനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി ഒരു ദൃശ്യ- ശ്രവ്യ സാങ്കേതത്തിന് രൂപം നൽകണം. എല്ലാ സ്കൂളുകളേയും ഈ കേന്ദ്രവുമായി ബന്ധപ്പെടുത്തണം.

മുഖ്യമായി വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകതയെ ത്വരിതപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങളിലേക്ക് അവരെ നയിക്കുകയുമാണ് വേണ്ടത്. സ്കൂൾ പാർലമെന്റുകൾ, സ്വാകാഡുകൾ, ക്ലബുകൾ, സാഹിത്യസമാജങ്ങൾ, കൈയ്യെഴുത്ത്, ചിത്രമെഴുത്ത് മത്സരങ്ങൾ, പൂന്തോട്ട പച്ചക്കറിത്തോട്ടങ്ങൾ, കായിക പരിശീലന പരിപാടികൾ, ദിനാചരണങ്ങൾ പഠന വിനോദയാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ അനായാസം ഏറ്റെടുക്കാവുന്നതാണ്.

ഓരോ വിദ്യാലയത്തിനും അതിന്റെ പരിസരവാസികളുടേതായ വിദ്യാലയസമിതി- പഞ്ചായത്തിന് മൊത്തത്തിൽ ഒരു പഞ്ചായത്ത് വിദ്യാഭ്യാസസമിതി, വിദ്യാലയത്തിന്റെ ഭൗതിക സാഹചര്യങ്ങൾ ഇവർ മെച്ചപ്പെടുത്തുന്ന പഠനപ്രവർത്തനങ്ങൾ ചിട്ടയായി നടത്തുന്നു വെന്ന് ഉറപ്പുവരുത്തുന്നു. അധ്യാപകർക്ക് ആവശ്യമായ പുനഃ പരിശീലനത്തിനുവേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുന്നു. ഇത്രയും കഴിഞ്ഞാൽ പാഠ്യപദ്ധതിയേയും ഉള്ളടക്കത്തേയും കുറിച്ചുള്ള ചർച്ചകളാവാം. നമ്മുടെ കുട്ടികൾ എന്തു പഠിക്കുന്നു എങ്ങിനെ പഠിക്കുന്നു എന്ന് ശ്രദ്ധിക്കും. പഠിക്കുന്നത് അവർ മനസ്സിലാക്കുന്നുണ്ടോ എന്നന്വേഷിക്കും. കാണാപാഠം പഠിക്കുന്ന മിടുക്കൻമാർക്കുപകരം കാര്യം മനസ്സിലാക്കി പഠിക്കുന്ന മിടുക്കന്മാർ നമ്മുടെ സ്കൂളുകളിൽ ഉണ്ടാകും. ഇവർ നാട്ടിനേയും നാട്ടരേയും അറിയുന്നവരാകും. ഇവർക്ക് നാടിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ കഴിയും. നാടിന്റെ സർവ്വതോമുഖമായ പുരോഗതിക്ക് ഇവർകാരണകാരാകും. പരീക്ഷയിലെ കൂട്ടകൊല ഒരു പഴങ്കഥയാകും. ഇതിനു പറ്റിയ രീതിയിൽ വിദ്യാഭ്യാസത്തിന്റെ ഗുണപരതി വർദ്ധിപ്പിക്കാൻ സാമൂഹ്യ ഇടപ്പെടൽ ഉറപ്പാക്കേണ്ടതുണ്ട്. ഇങ്ങിനെ നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ ശോച്യാവസ്ഥ നമുക്ക് ഇല്ലായ്മ ചെയ്യാം.



78

# IV. 7

# പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 9 ശതമാനം പട്ടികജാതി വിഭാഗമാണ്. പഞ്ചായത്തിലെ 9-ാം വാർഡിൽ കാഞ്ഞിരികുറ്റി എന്ന സ്ഥലത്താണ് ഏക പട്ടികജാതി കോളനി നിലവിലുള്ളത്. പഞ്ചായത്തിലുള്ള വിവിധ ലക്ഷം വീട് കോളനികളിൽ 8 എണ്ണം അംഗീകാരത്തിനായി സമർപ്പിച്ച ഗണത്തിൽ പെടുന്നു. ഇവയിൽ എല്ലാം തന്നെ കുടുംബങ്ങൾ ഇടകലർന്നാണ് താമസിക്കുന്നത്. ആയതിന്റെ ഫലമായി പട്ടികജാതി വർഗ്ഗങ്ങളിൽ സാംസ്കാരികമായി ഉയർന്ന മൂല്യമാണ് കാണാവുന്നത്.

വിദ്യാഭ്യാസ - സാമൂഹ്യമേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിക്കുന്നതിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. സാമൂഹ്യ - സാമ്പത്തിക രംഗത്ത് നിരവധി കാലം ചൂഷണത്തിന് വിധേയമായിരുന്ന ഈ വിഭാഗത്തിന് കുടികിടപ്പാവകാശവും, മിച്ചഭൂമിലഭ്യതയും ഒരു പരിധിവരെ സാമൂഹ്യപുരോഗതി കൈവരിക്കുവാൻ സഹായകമായിട്ടുണ്ട്. മുൻകാലങ്ങളിൽ അനുഭവിച്ചിരുന്ന ഉച്ചനീചത്വങ്ങൾ പൂർണ്ണമായും ഇല്ലാതാക്കാൻ വിദ്യാഭ്യാസ സമൂഹിക പരിഷ്ക്കാരങ്ങൾ വളരെ സഹായകമായിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇല്ലാത്ത പഞ്ചായത്താണെങ്കിൽ കൂടി ജാതി വിഭാഗത്തിന്റെ ഉയർച്ചക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിവരുന്ന ബഹുമുഖങ്ങളായ പദ്ധതികളെ സംബന്ധിച്ച് വേണ്ടത്ര അറിവില്ലാത്തത് കൊണ്ടും പദ്ധതി നടത്തിപ്പിലെ നിബന്ധനകൾ കൊണ്ടും പദ്ധതി ഫലപ്രദമായി ഉപയോഗിച്ച് അതിന്റെ ഗുണഭോക്താക്കളാകുവാൻ ഈ വിഭാഗം വിമുഖത കാട്ടുന്നു. എന്നാൽ സർക്കാർ നൽകുന്ന നിരവധി സൗജന്യങ്ങൾ ഈ വിഭാഗത്തിന് ഭാഗികമായ നേട്ടങ്ങൾ കൈവരിക്കുന്നതിന് സഹായകമായിട്ടുണ്ട്. ഇതിൽ കൂടുതൽ നേട്ടം കൈവരിക്കുവാൻ ഇവരെ സജ്ജമാക്കേണ്ട ചുമതല സമൂഹം തന്നെ ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. എന്നാൽ നിരവധി പ്രശ്നങ്ങൾ ഇനിയും പൂർണ്ണമാകാതെ ബാക്കി നില്ക്കുന്നു. വെള്ളം - വെളിച്ചം - പാർപ്പിടം ആരോഗ്യസംരക്ഷണം എന്നീ മേഖലകളിൽ ഇന്നും ഈ വിഭാഗം അവഗണിക്കപ്പെട്ട കഴിയുകാണ്.

എളവള്ളി ഗ്രാമപഞ്ചായത്തിൽ ആകെ 2108 പട്ടികജാതി അംഗങ്ങളുണ്ട്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ പഴയ തലമുറകളിൽ നിന്നും വ്യത്യസ്ഥരായി പുതുതലമുറ ആശാവഹമായ മുന്നേറ്റമാണ് കാണിക്കുന്നത്.

### അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള കോളനികൾ

വാർഡ് നിർദ്ദിഷ്ട കോളനിയുടെ പേര്

1 ബ്രഹ്മകുളം ലക്ഷം വീട് കോളനി

2 കടവല്ലൂർ പഞ്ചായത്ത് കിണർ സമീപം കോളനി

3 വാക കാക്കത്തിരുത്ത് കോളനി

3 പുളിയ്ക്കൽ വീട് പരിസരം കോളനി

5 ഒന്നാം പ്ലോട്ട് ലക്ഷംവീട് കോളനി, എളവള്ളി.

6 മുക്കൂട്ടയ്ക്കൽ കോളനി, പണ്ടാറക്കാട്

8 കാക്കശ്ശേരി വായനശാല പരിസരം

2,6 പട്ടികജാതി സർവ്വീസ് സഹകരണബാങ്ക് പരിസരം

## വിദ്യാഭ്യാസം

വിദ്യാഭ്യാസരംഗത്ത് പ്രാഥമിക വിദ്യാഭ്യാസം ഒരളവോളം പൂർണ്ണമായും നൽകുവാൻ കഴിയുന്നുണ്ടെങ്കിലും തുടർ വിദ്യാഭ്യാസ രംഗത്ത് മുന്നേറുവാനുള്ള താൽപ്പര്യം പൊതുവെ ഈ വിഭാഗം കാണിക്കുന്നില്ല. സാങ്കേതിക പരിശീലന രംഗം ഈ വിഭാഗക്കാർക്ക് ഇപ്പോഴും ബാലികേറാമലയാണ്. അതേസമയം എസ്.എസ്.എൽ.സി. കഴിഞ്ഞാൽ തുടർന്ന് പഠിക്കുന്നതിനുള്ള താത്പര്യം കുട്ടികളോ രക്ഷിതാക്കളോ കാണിക്കുന്നില്ല. കുട്ടികളുടെ തുടർവിദ്യാഭ്യാസത്തെക്കാൾ, കുടുംബ ബാധ്യത പരിഹരിക്കുന്നതിന് കുട്ടികളെ തൊഴിലുകളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹിപ്പിക്കുന്ന കാഴ്ചയാണ് കാണുന്നത്. ആ കാരണം കൊണ്ടുതന്നെ പഠനം നിർത്തേണ്ടിവന്ന നിരവധി കുട്ടികൾ നമ്മുടെ പഞ്ചായത്തിലുണ്ടെന്ന് സർവ്വേ ചൂണ്ടിക്കാട്ടുന്നു. രക്ഷിതാക്കളിലും കുട്ടികളിലും വിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ വ്യക്തികളെ ഉപയോഗപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്. നമ്മുടെ പഞ്ചായത്തിൽ ഈ വിഭാഗത്തിന്റെ വിദ്യാഭ്യാസ നിലവാരത്തിന്റെ ആകെത്തുക പരിശോധിക്കുകയാണെങ്കിൽ എസ്. എസ്.എൽ.സി.ക്ക് ഉപരിയായി വിദ്യാഭ്യാസം ഉള്ളവരുടെ എണ്ണം വളരെ കുറവാണ്. ഈ അവസ്ഥയെ തരണം ചെയ്യാൻ പുതു തലമുറയിൽ വിദ്യാഭ്യാസത്തിന്റേയും സാങ്കേതിക വിദ്യാഭ്യാസത്തിന്റേയും ആവശ്യകത ബോധ്യപ്പെടുത്തേണ്ടത് അനിവാര്യമാണ്.

## തൊഴിൽ

പട്ടികജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലയിൽ പണിയെടുത്ത് ജീവിച്ച് വന്നവരാണ്. എന്നാൽ ഈയിടെ അനുഭവപ്പെടുന്ന കാർഷികമേഖലയിലെ തകർച്ചയും ജീവിതരീതിയിൽ വന്ന മാറ്റവും ഈ വിഭാഗത്തിന്റെ പൊതു കാഴ്ച്ചപ്പാടിനെ സ്വാധീനിച്ചിട്ടുണ്ട്. കുലത്തൊഴിൽ തുടരുന്നതിനുള്ള വിമുഖതയും, നിർമ്മാണരംഗത്തെ ആകർഷണീയമായ വേതനവും ഈ വിഭഗത്തെ പാരമ്പര്യ തൊഴിലിൽ നിന്നകറ്റി പുത്തൻ മേഖലകളിൽ കൊണ്ടുചെന്നെത്തിക്കുകയാണ് ചെയ്തിരിക്കുന്നത്. ഈ മേഖലകളിൽ സ്ത്രീക്ക് 90 രൂപയും പുരുഷന് 125 രൂപയും കൂലി ലഭിക്കുന്നു. ആകർഷകമായ കൂലി ലഭിക്കുന്നതിനാൽ ഈ മേഖലയിൽ തന്നെ തുടരുകയാണ്.

പക്ഷെ വളരെ ഗൗരവമായ ഒരു പ്രശ്നമെന്ന നിലയിൽ കാർഷിക മേഖലയിലെ തളർച്ചയെ കാണണം. പൊതുവെ സ്ത്രീകൾ ചെയ്തിരുന്ന നടീൽ, കൊയ്ത്ത് തുടങ്ങിയ കാർഷിക പ്രവർത്തികൾക്ക് തൊഴിൽ ചെയ്യാൻ തൊഴിലാളികളെ കിട്ടുന്നില്ല എന്നത് വിരോധാഭാസമാണ്. കർഷകരും കർഷക ത്തൊഴിലാളികളും തിങ്ങിപ്പാർത്തിരുന്ന എളവള്ളി എന്ന ഗ്രാമം ഇന്ന് കർഷകരെ ലഭിക്കാതെ തമിഴരെ ആശ്രയിക്കുന്നു. തമിഴ്നാട്ടിൽനിന്നും വരുന്ന തൊഴിലാളികളേയും മറ്റു ദേശത്തെ 'വരവു'കാരേയും ആശ്രയിച്ചാണ് എളവള്ളിയിലെ കാർഷികവൃത്തി നീങ്ങുന്നത്. കാർഷിക മേഖല വിവിധ സീസണുകളേയും കാലാവസ്ഥയേയും ആശ്രയിച്ചാണ് ഇരിക്കുന്നതെന്നതിനാൽ തന്നെ ഇന്ന് കാർഷിക മേഖലയിലെ തൊഴിൽ സാദ്ധ്യത ഉറപ്പുവരുത്താൻ കഴിയുന്നില്ലെങ്കിൽക്കൂടി ഈ മേഖലകളിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിച്ചില്ലെങ്കിൽ എളവള്ളിയുടേയും, നമ്മുടെ സംസ്ഥാനത്തിന്റെ തന്നെയും ഭക്ഷ്യധാന്യ ഉൽപ്പാദനം മന്ദീഭവിക്കുമെന്നതിൽ തർക്കമില്ല.

## പാർപ്പിടം

പട്ടിക ജാതി വിഭാഗത്തിന്റെ പാർപ്പിട പ്രശ്നം ഒരളവുവരെ നമ്മുടെ പഞ്ചായത്തിൽ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ മേഖലയിൽ ഗണ്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇന്നും സ്വന്തമായി ഒരു തുണ്ടു ഭൂമിപോലും ഇല്ലാത്ത ഒട്ടനവധി കുടുംബങ്ങൾ നമുക്കിടയിലുണ്ട്. വിവിധ സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന ഭവന നിർമാണ പദ്ധതികൾ ഒരളവോളം ഈ വിഭാഗത്തിലെത്തുന്നുണ്ടെങ്കിലും പദ്ധതികൾ പൂർണ്ണതയിലെത്തിക്കുവാൻ വിവിധ കാരണങ്ങളാൽ കഴിയുന്നില്ല എന്നത് ശ്രദ്ധേയമാണ്. എന്നിരുന്നാലും പഴമയെ

അനുസ്മരിപ്പിക്കുന്ന ചെറ്റക്കുടിലുകൾ ഒഴിവാക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

വിവിധ ഏജൻസികൾ നൽകുന്ന ഭവന നിർമ്മാണ വായ്പ യഥാർത്ഥത്തിൽ ഈ വിഭാഗക്കാർക്ക് ഗുണത്തേക്കാളേറെ ദോഷമായാണ് ഭവിക്കുന്നത്. കാരണം ഉയർന്ന പലിശയും തിരിച്ചടവു വേണ്ടുന്ന രീതിയിൽ കാലയളവിനുള്ളിൽ തിരിച്ചടക്കാൻ കഴിയാതെ ഈ വിഭാഗം വിവിധ വായ്പകളെടുത്ത് കടക്കെണിയിൽ അകപ്പെട്ടുപോയിട്ടുണ്ട്. വീടു വെക്കാൻ സ്ഥലമില്ലാത്ത കുടുംബങ്ങൾക്ക് വീടുവെക്കാനവശ്യമായ സ്ഥലവും വീടിനുള്ള ധനസഹായവും പുനരധിവാസ പദ്ധതിപ്രകാരം അനുവദിച്ച് കൊടുത്തെങ്കിൽ മാത്രമേ ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയുള്ളു.

പല കോളനികളിലും കക്കൂസ് നിലവിലില്ല. തന്നെയുമല്ല ഇവർക്കെല്ലാവർക്കും ഉപയോഗിക്കത്തക്ക രീതിയിൽ ഒരു പൊതു കക്കൂസെങ്കിലും താത്കാലിക പ്രശ്നപരിഹാരത്തിനായി നിർമിച്ചു കൊടുക്കേണ്ടതുണ്ട്. അതിലുപരിയായി ഓരോ വീടിനും ഓരോ കക്കൂസ് നിർമിച്ച് കൊടുക്കുവാൻ സാധിച്ചെങ്കിലേ ഈ വിഭാഗക്കാരുടെ ആരോഗ്യ പ്രശ്നങ്ങൾ അവസാനിപ്പിക്കുവാൻ കഴിയുകയുള്ളു.

### പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി കൈവരിച്ചിട്ടില്ല. വിദ്യാർത്ഥികൾ കൊഴിഞ്ഞുപോകുന്നു.

2. വീടു വെക്കുവാൻ സ്വന്തമായി സ്ഥലമോ പണമോ ഇല്ല.

3. വീട്, കക്കൂസ് എന്നിവ നിർമിക്കാൻ ലഭിക്കുന്ന ധനസഹായംകൊണ്ട് നിർമാണം പൂർത്തീകരിക്കുവാൻ കഴിയുന്നില്ല. ലഭിക്കുന്ന സഹായം ദുർവിനിയോഗം ചെയ്യുന്നു.

4. കോളനികളിലും ലക്ഷംവീട് പ്രദേശങ്ങളിലും പ്രഥമിക സൗകര്യങ്ങൾ അപര്യാപ്തമാണ്.

5. നിർധന കുടുംബങ്ങളിലെ അംഗങ്ങളുടെ ചികിത്സക്കും, പെൺ മക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.

6. കുടിവെള്ളവും വൈദ്യുതിയും ആവശ്യത്തിനില്ല.

7. പഞ്ചായത്തിൽ പൊതു ശ്മശാനം ഇല്ല.

8. IRDP പദ്ധതിയും മറ്റും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.

### പട്ടികജാതി പാർപ്പിട സൗകര്യത്തെ കുറിച്ചുള്ള വിവരങ്ങൾ

| വാർഡ് | പേര് | വീടിന്റെ സ്വഭാവം | | | | കക്കൂസ് | | വൈദ്യുതി | |
|---|---|---|---|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | ആകെ | ഉള്ളത് | ഇല്ലാത്തത് | ഉള്ളത് | ഇല്ലാത്തത് |
| 1 | ബ്രഹ്മകുളം | 14 | 28 | 21 | 63 | 38 | 25 | 34 | 29 |
| 2 | കടവല്ലൂർ | — | 25 | 3 | 28 | 15 | 13 | — | — |
| 3 | വാക | — | 54 | — | 56 | 50 | 4 | 43 | 11 |
| 4 | പറക്കാട് | 1 | 5 | 9 | 15 | 8 | 7 | 5 | 10 |
| 5 | എളവള്ളി | 1 | 21 | 9 | 31 | 21 | 10 | 23 | 8 |
| 6 | പണ്ടാറക്കാട് | — | 18 | 24 | 42 | 21 | 21 | 18 | 24 |
| 10 | താമരപ്പുള്ളി | — | 7 | 20 | 27 | 19 | 8 | 18 | 9 |

9. പട്ടിക ജാതി വികസനകോർപ്പറേഷൻ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൽകുന്ന വായ്പയും സഹായവും ഈ വിഭാഗത്തിലേക്ക് എത്തുന്നില്ല.

പട്ടികജാതി വർഗ്ഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിച്ച അറിവ് വേണ്ടത്രയില്ല.

## നിർദ്ദേശങ്ങളും സാദ്ധ്യതകളും

**കുടിവെള്ളം**

ലക്ഷംവീട് കോളനികളിൽ നിലവിലുള്ള കിണറുകൾ ആഴം കൂട്ടിയും കിണറില്ലാത്ത ഇടങ്ങളിൽ പുതിയ കിണർ കുഴിച്ചും അതാതു പ്രദേശത്തു ടാങ്കു പണിത് അതിലേക്ക് വെള്ളം പമ്പുചെയ്ത് വീടുകളിലേക്ക് ടാപ്പ് കണക്ഷൻ നൽകിയാൽ ഒരളവോളം ഈ പ്രശ്നം പരിഹരിക്കാം.

**കക്കൂസ്**

ഇപ്പോഴും പൂർണ്ണമായി കക്കൂസ് സംവിധാനം നിലവിലില്ല. പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ച് പണം നേരിട്ട് നൽകാതെ പഞ്ചായത്തോ, ജനകീയാസൂത്രണ സമിതിയോ നേരിട്ട് കക്കൂസ് നിർമ്മിച്ച് നൽകുക.

**ആരോഗ്യം**

2,3,4,5,6 മുല്ലശ്ശേരി പഞ്ചായത്തിലെ അതിർത്തി പ്രദേശം എന്നിവിടങ്ങളിൽ നിന്നും വരുന്ന ധാരാളം രോഗികളെ കിടത്തി ചികിത്സിക്കുന്ന ആശുപത്രിയായി എളവള്ളി പ്രഥമികാരോഗ്യ കേന്ദ്രത്തെ ഉയർത്തിയാൽ ലക്ഷം വീട് കോളനികളിലേയും മറ്റും ജനങ്ങൾക്ക് ഉപകാരപ്രദമാകും.

നിലവിലുള്ള സ്ഥലം വളരെ കുറവേ ഉള്ളൂ എന്നതിനാലും മറ്റും ശവം മറവുചെയ്യുന്നതിന് വളരെ ബുദ്ധിമുട്ടുണ്ട്. അഞ്ചാം വാർഡിൽ ശ്മശാനം പണിയുന്നതിന് സൗജന്യമായി ലഭിച്ച സ്ഥലത്ത് ശ്മശാനം പണിയുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടിക ജാതി ക്ഷേമം മുൻനിർത്തി പ്രവർത്തിക്കുന്ന ഏജൻസികളുടെ മാനദണ്ഡങ്ങളിൽ സുതാര്യതയും മാറ്റവും വരുത്തുക. ലളിതമായ വ്യവസ്ഥകളിലൂടെ മാത്രമേ ഈ വിഭാഗത്തിന് വായ്പകളും ധനസഹായവും ഉപയോഗപ്പെടുത്തി തൊഴിൽ മേഖലയിൽ മുന്നേറാൻ കഴിയൂ.

എളവള്ളി – പാവറട്ടി – മുല്ലശ്ശേരി – വെങ്കിടങ്ങ് പഞ്ചായത്തുകളിൽ ഒന്നുംതന്നെ പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് തുടർവിദ്യാഭ്യാസം നടത്താനോ, സാങ്കേതിക വിദ്യാഭ്യാസം നേടാനോ ഉള്ള സാഹചര്യം നിലവില്ല എന്നതിനാൽ എളവള്ളി ഗ്രാമപഞ്ചായത്തിൽ ഒരു സാങ്കേതിക സ്ഥാപനം ആരംഭിക്കുക.

## പൊതു നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ പട്ടികജാതി വനിതകൾക്ക് കൈത്തൊഴിൽ പരിശീലനം നൽകുകയും സഹകരണാടിസ്ഥാനത്തിൽ സംഘടിക്കാനുള്ള സാഹചര്യം ഒരുക്കുകയും ചെയ്യുക.

2. കുടിവെള്ള പ്രശ്നം ശാശ്വതമായി പരിഹരിക്കുക.

3. ഹോളോ ബ്രിക്സ് സഹകരണമേഖലയിൽ നിർമ്മിക്കുവാനുള്ള പരിജ്ഞാനവും സഹായവും നൽകുക.

4. വിവിധ ഏജൻസികളുടെ വായ്പയുടേയും മറ്റും മാനദണ്ഡം ലളിതമാക്കുക. മേൽനോട്ടം ഗ്രാമപഞ്ചായത്തിന് നൽകുക.

5. ഈ വിഭാഗക്കാർക്ക് കൃഷിഭവൻ വഴി നൽകി വരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപ്പാദനത്തിനായി വിനിയോഗിച്ച് തൊഴിൽ സാദ്ധ്യതയും പച്ചക്കറിയിൽ സ്വയംപര്യാപ്തതയും നേടുക.

6. വ്യവസായ മേഖലയിലെ മുരടിപ്പ് ഒഴിവാക്കുവാൻ വ്യവസായ പരിശാലനം നേടിയവർക്ക് വ്യവസായം ആരംഭിക്കാൻ വേണ്ട തുക പൂർണ്ണമായും പലിശ കുറഞ്ഞ നിരക്കിൽ വായ്പ നൽകുക.

7. വീട് നിർമിക്കുന്നതിനുള്ള ധനസഹായം 22,000 രൂപയിൽനിന്ന് 30,000 രൂപയായെങ്കിലുമായി വർദ്ധിപ്പിക്കുക.

8. ലക്ഷംവീട് കോളനികളിലെ മണ്ണ് ഒലിച്ചുപോയി വീടുകൾ നാശമാകുന്നതിനെതിരെ കോളനി പ്രദേശം മതിൽ കെട്ടി സംരക്ഷിക്കുക.



൬൭

9. ലക്ഷംവീട് കോളനികളിലേക്ക് ടി.വി./ റേഡിയോ അനുവദിക്കുക.

10. വീട് പുതുക്കി പണിയുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പലിശരഹിതമായ വായ്പകൾ ലളിതമായ വ്യവസ്ഥയിൽ നടപ്പിലാക്കുക.

11. ഓല വീടുകൾ മേയുന്നതിന് വർഷം തോറും സൗജന്യമായി സഹായം ലഭ്യമാക്കുക.

12. കോളനികളിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക. അഞ്ചാം വാർഡിലെ ഈ അവസ്ഥ പരിഹരിക്കുവാൻ കോളനിയുടെ തെക്കുപടിഞ്ഞാറു ഭാഗം മതിൽകെട്ടി സംരക്ഷിക്കുക.

13. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കിവരുന്ന ബാലവാടികൾ നഴ്സറികൾ എന്നിവ കോളനികളിൽ സ്ഥാപിക്കുക.

14. കോളനികളിൽ കാലഘട്ടങ്ങൾക്കനുസൃതമായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.

15. ഒന്നാം വാർഡിലെ ലക്ഷം വീടു കോളനിയിലേക്കുള്ള റോഡ് (നടുപ്പന്തി - ബ്രഹ്മകുളം) ടാർ ചെയ്യുക.

16. ടി കോളനിയിൽ നിലവിലുള്ള കിണർ ആഴം കൂട്ടി കുടിവെള്ളപ്രശ്നം പരിഹരിക്കുക.

17. മൂന്നാംവാർഡിലെ എ.കെ.ജി. നാലുസെന്റ് കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യുക.

18. അഞ്ചാം വാർഡിലെ ഒന്നാം പ്ലോട്ട് കോളനിയിലേക്കുള്ള റോഡ് ടാർ ചെയ്യുക.

19. അഞ്ചാം വാർഡിലെ ഒന്നാം പ്ലോട്ട്, രണ്ടാം പ്ലോട്ട്, ലക്ഷംവീട് കോളനികളിൽ പൊതു കക്കൂസ് നിർമിക്കുക.

20. ഏക പട്ടികജാതി സർവീസ് സഹകരണ ബാങ്കിന്റെ പ്രവർത്തനം വിപുലമാക്കുന്നതിന് സാമ്പത്തിക സഹായവും വിവിധ പദ്ധതികളും നൽകുക.



83

# IV.8
# പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

ഗൾഫ് പണത്തിന്റെ സ്വാധീനം ഈ പഞ്ചായത്തിന്റെ സാമ്പത്തിക മേഖലയിലെ നിർണ്ണായക ഘടകമാണെങ്കിലും ആ പണം മറ്റു പല പ്രദേശങ്ങളെപ്പോലെ ക്രിയാത്മകമായ രീതിയിൽ ഉപയോഗപ്പെടുത്താൻ ഇവിടേയും കഴിഞ്ഞിട്ടില്ല. കൂലിപ്പണിയെടുത്ത് ഉപജീവനം നടത്തുന്നവരാണ് പഞ്ചായത്തിൽ കൂടുതലും. അതുകൊണ്ട് കുടിലുകളും ഇടത്തരം വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. അതിൽ കൂടുതലും കർഷകതൊഴിലാളികളുടെ വീടുകളാണ്.

പഞ്ചായത്തിലെ 6309 വീടുകളിൽ 1737 വീടുകൾ ഭേദപ്പെട്ടതും, 3245 വീടുകൾ ഇടത്തരവും ബാക്കി 1327 വീടുകൾ കുടിലുകളോ ഓലമേഞ്ഞതോ ആണ്. ഇതിൽ കുറച്ച് വീടുകളുടെ തറ മൊസൈക്ക്, കടപ്പ, എന്നിവ വിരിച്ചതാണ്. ഭൂരിഭാഗം വീടുകളുടെ തറയും സിമന്റ് കൊണ്ട് ചാന്തുവെച്ചതാണ്. ചാണകംകൊണ്ട് മെഴുകിയ വീടുകളാണ് അവശേഷിക്കുന്നവ.

91 – 92 വർഷം മുതൽ ഈ കാലയളവു വരെ പഞ്ചായത്തിലെ 10 വാർഡുകളിലായി നിർമ്മിച്ച വീടുകൾ ഏറെക്കുറെ വിവിധതരം വീടുകളിൽ തുല്യത പുലർത്തുന്നുണ്ടെങ്കിലും കോൺക്രീറ്റ് വീടുകളുടെ നിർമ്മാണ ചെലവ് വളരെയധികം വർധിച്ചുകാണുന്നു. ഇവിടെ ചിലർ ആർഭാടമായ വലിയ വീടുകളും പണികഴിപ്പിച്ചിട്ടുണ്ട്.

PWD റോഡിന് സമീപമായിട്ടാണ് ലക്ഷങ്ങൾ മുടക്കി വലിയ വലിയ വീടുകൾ നിർമ്മിക്കുന്നതെങ്കിലും വയൽ നികത്തി കെട്ടിടം പണിയുന്നവരും ഈ പഞ്ചാത്തിൽ ഇല്ലാതില്ല. കാർഷിക മേഖലയെ ദോഷകരമായി ബാധിക്കുന്ന ഈ പ്രവർത്തനത്തിൽ പഞ്ചായത്തിലെ ജനങ്ങൾ ആശങ്കാകുലരാണ്.

ഭവന നിർമ്മാണരംഗത്ത് സഹായം നൽകുന്ന ചിറ്റാട്ടുകര സർവ്വീസ് സഹകരണ ബാങ്കും, എളവള്ളി സർവ്വീസ് സഹകരണ ബാങ്കും പഞ്ചായത്തിലെ വീടു നിർമ്മാണത്തിന് ഉപയോഗപ്പെടുത്തുന്നുണ്ട്. എന്നാൽ ഹൗസിങ്ങ് സൊസൈറ്റിയെ സമീപിക്കുന്നവർക്ക് അമിതമായ പലിശയും സങ്കീർണ്ണമായ ജാമ്യവ്യവസ്ഥയും മൂലം യഥാസമയം വായ്പ ലഭിക്കാതെ വരുന്നുണ്ട്.

സാധാരണക്കാരന് ലഭിക്കത്തക്ക രീതിയിൽ ഭവന വായ്പാ വ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

2. പലിശ നിരക്ക് 12 1/2 ശതമാനമായി നിജപ്പെടുത്തുക.

3. പ്ലോട്ടടിസ്ഥാനത്തിൽ തവണ വ്യവസ്ഥയോടു കൂടി വീട് നിർമ്മിച്ച് നൽകുക.

ഈ പഞ്ചായത്തിൽ ഒട്ടനവധി കുടുംബങ്ങൾ സ്വന്തമായി വീടില്ലാത്തവരാണ്. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ മോശപ്പെട്ടതാണെന്ന് കണക്കുകൾ കാണിക്കുന്നു.

## വീടുകളുടെ തരംതിരിവ്

| വാർഡ് | ഓട് | ടെറസ്സ് | ഓല | ടെറസ്സ്/ഓട് | ഇരുനില | ആകെ |
|---|---|---|---|---|---|---|
| 1 | 207 | 160 | 204 | 12 | 42 | 625 |
| 2 | 380 | 167 | 76 | 21 | 42 | 686 |
| 3 | 290 | 96 | 184 | 9 | 8 | 587 |
| 4 | 300 | 80 | 136 | – | 1 | 517 |
| 5 | 238 | 91 | 103 | 14 | 8 | 454 |
| 6 | 216 | 145 | 135 | 20 | 2 | 518 |
| 7 | 508 | 183 | 70 | 58 | 5 | 824 |
| 8 | 255 | 169 | 158 | 21 | – | 603 |
| 9 | 384 | 549 | 137 | 18 | 6 | 1094 |
| 10 | 180 | 97 | 124 | – | – | 401 |
| ആകെ | 2958 | 1737 | 1327 | 173 | 114 | 6309 |

സർക്കാർ ഭവന നിർമ്മാണ ബോർഡു വഴി നടപ്പിലാക്കികൊണ്ടിരിക്കുന്ന ഭവന വായ്പകൾ ദുർബലവിഭാഗക്കാർക്ക് മാത്രമാണെങ്കിലും വിരലിലെണ്ണാവുന്നവർക്ക് മാത്രമാണ് ലഭിക്കുന്നത്.

വീട് വയ്ക്കാനും, പുതുക്കി പണിയാനും ഉള്ള സഹായങ്ങളോ, വായ്പകളോ ലഭ്യമാവാത്തതിനാൽ ഈ വിഭാഗക്കാർക്ക് പൊതുവെ പൊതുപ്രവർത്തനത്തിൽ ഉത്സാഹക്കുറവ് കാണുന്നു. ജനകീയാവശ്യങ്ങളിൽ വലിയ സ്വാധീനം ചെലുത്തപ്പെടുന്ന പാർപ്പിട പ്രശ്നം അടിയന്തിര പ്രധാന്യത്തോടെ പരിഗണിക്കപ്പെടേണ്ടതും അതു വഴി നാടിന്റെ പ്രത്യുല്പാദന രംഗങ്ങളിൽ ആത്മാർത്ഥതയോടെയും ഉത്സാഹത്തോടെയും സമസ്തജന വിഭാഗങ്ങളുടെയും സജീവമാക്കാൻ കഴിയേണ്ടിയിരിക്കുന്നു.

വിവിധ പദ്ധതികൾ പ്രകാരം നിർമ്മിച്ച വീടുകളുടെ വിവര പട്ടിക താഴെ കൊടുക്കുന്നു.

| വർഷം | IAY | MWS | JRY | ആകെ |
|---|---|---|---|---|
| 92 – 93 | 1 | – | 2 | 3 |
| 93 – 94 | 2 | 2 | 2 | 6 |
| 94 – 95 | 6 | 2 | – | 8 |
| 95 – 96 | 15 | 11 | 1 | 27 |
| ആകെ | 24 | 15 | 5 | 44 |

വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ 1992 – 93 കാലളവു മുതൽ 95 – 96 വരെ രണ്ടു വില്ലേജുകളിലായി 10 വാർഡുകളിൽ 44 വീടുകളാണ് ലഭ്യമായതെന്ന് കണക്കുകൾ കാണിക്കുന്നു. ഭവന നിർമ്മാണ ബോർഡു വഴി ദുർബല വിഭാഗങ്ങൾക്ക് നൽകുന്ന സഹായങ്ങളും വായ്പയുടെ തോത് വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു. ഭവന നിർമ്മാണ സാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും, കൂലിനിരക്കിലെ ക്രമാതീതമായ വർദ്ധ

നവു നിമിത്തവും പാവപ്പെട്ടവന് സ്വന്തമായ ഒരു വീട് എന്ന സ്വപ്നം വെറും സ്വപ്നമായിതന്നെ അവശേഷിക്കവെ കിട്ടിയ ആനുകൂല്യങ്ങൾ കൊണ്ട് വീടു നിർമ്മിക്കാനും പണി പൂർത്തിയാക്കുവാനും കഴിയാത്ത അവസ്ഥായാണുള്ളത്.

72 – 73 വർഷങ്ങളിൽ തുടങ്ങി 95 – 96 വർഷക്കാലയളവിൽ എത്തി നിൽക്കുമ്പോൾ നിരന്തരമായ കൂലി വർദ്ധനവ് ഉണ്ടായെങ്കിലും പുരുഷ തൊഴിലാളികളുടെ കൂലി വർദ്ധനവിനെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളുടെ കൂലി വർദ്ധനവിൽ ആനുപാതികമായ വർദ്ധനവുണ്ടായിട്ടില്ല.

കെട്ടിട നിർമ്മാണ സാമഗ്രികളായ സിമന്റ് 87 – 88 കാലയളവിൽ 70 രൂപയിൽ നിന്ന് 89 ൽ 100 രൂപയും 92 – 94 ൽ 150 പുരയും 95 – 96 വർഷങ്ങളിൽ 175 രൂപയും എത്തിനിൽക്കുന്നു. 87 – 88 ൽ 100 കല്ലിന് 1200രൂപ ഉണ്ടായിരുന്നത് 94 ൽ 5000 രൂപയും 95 ൽ 5500 രൂപയും 96 ൽ 6000 രൂപയും ആയി വർദ്ധിച്ചതായി കാണാം. കല്ലിന്റെ ഗുണത്തിൽ വത്യാസം ഉണ്ടായിട്ടില്ലെന്ന് കണക്കാക്കപ്പെടുന്നു. 87 – 88 ൽ 1 കെ.ജി. കമ്പിക്ക് 13 രൂപയായിരുന്നത് 96 ൽ 16.50 രൂപയായി എത്തിനിൽക്കുന്നത് കാം. കോൺക്രീറ്റ് യൂണിറ്റിന് 87 – 88 ൽ 1800 രൂപ കൂലിയുണ്ടായിരുന്നടത്ത് ഇപ്പോൾ 2500 ൽ എത്തി നിൽക്കുന്നു. 95 ൽ ഫസ്റ്റ് ക്ലാസ് ഓടിന് 1000 ന് 5000 രൂപ ഉണ്ടായിരുന്നത് 96 ൽ എത്തിനില്ക്കുന്നു.

കൂലി നിരക്കും സാമഗ്രികളുടെ വിലക്കയറ്റവും മൂലം വീടിന് സർക്കാർ വിവിധ പഞ്ചായത്തുകളിലൂടെ നൽകുന്ന സഹായങ്ങളും വായ്പകളും ബ്ലോക്കുവഴി നൽകുന്ന RLEGP, NREP, IAY, JRY, MWS എന്നീ പദ്ധതികളുടെ വായ്പാപരിധിയും വർദ്ധിപ്പിക്കണം. വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായി ബുദ്ധിമുട്ടുകൾ ഒഴുവാക്കേണ്ടതുണ്ടതുമാണ്.

പഞ്ചായത്തിൽ 10 ാം വാർഡിലെ കാഞ്ഞിരക്കുറ്റി കോളനി, വാക കോളനി, ലക്ഷംവീട് കോളനികൾ, മിച്ച ഭൂമി കോളനികൾ എന്നിവയിലും കോളനികൾക്കു പുറത്തുമായി ആകെ 2108 പട്ടികജാതിക്കാർ താമസിക്കുന്നുണ്ട്. പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കാനും ഭവന രഹിതർക്ക് വീട് വെച്ചുകൊടുക്കാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാക്കുന്ന വായ്പങ്ങളും, സഹായങ്ങളും അപര്യാപ്തമാണ്. സന്നദ്ധ സംഘടനകളെയും ഗുണഭോക്താക്കളെയും വിളിച്ചു ചേർത്ത് ഗുണഭോക്താക്കാൾക്ക് എത്രരൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിനു പുറമെ സാധനങ്ങളും അധ്വാനവും സംഭാവനയായി സ്വരൂപിച്ച് ഇതിന് പരിഹാരം കാണാവുന്നതാണ്.

പാർപ്പിട രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിക്കാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. എഞ്ചിനീയർ മുതൽ ലേബർ വരെയുള്ളവരുടെ സേവനം സംഘത്തിലൂടെ ലഭ്യമാക്കുക. സർക്കാർ പദ്ധതികൾ പഞ്ചായത്തിലേക്കെത്തിക്കുന്ന ഏജൻസിയായി (സന്നദ്ധ സംഘടന) ഈ സംഘത്തെ പ്രവർത്തിപ്പിക്കുക.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ലൈസ് ഇടപെടുക. (സിമന്റ്, കമ്പി)

3. നിർമ്മാണ ചെലവ് 2 ലക്ഷം മുകളിൽ വരുന്ന വീടുകൾക്ക് കർശനമായ പരിധി നിയന്ത്രണം ഏർപ്പെടുത്തുക.

4. സർക്കാർ ലഭ്യമാകുന്ന വായ്പക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കുക.

a. അപേക്ഷകൾ ഗ്രാമ പഞ്ചായത്തു വഴി വിതരണം ചെയ്യുക.

b. റജിസ്ട്രാഫീസിലെ അമിതമായ ഫീസില്ലാതാക്കുക. കാലതാമസം ഒഴിവാക്കുക.

c. സ്റ്റേജ് സർട്ടിഫിക്കറ്റ് നല്കാനുള്ള അധികാരം ഗ്രാമപഞ്ചായത്ത് ഭരണ സമിതിക്ക് നൽകുക.

5. സർക്കാർ ഏജൻസികൾ വഴി വിതരണം ചെയ്യുന്ന വായ്പകളുടെ രേഖകൾ പഞ്ചായത്തുതലത്തിൽ സൂക്ഷിക്കുക.

6. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നല്കുക.



൮൬

7. a. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.

b. LAY, MWS, JRY, RLEGP എന്നിവ 15800 രൂപയിൽനിന്ന് 30000 രൂപയായി ഉയർത്തുക.

c. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 26400 രൂപയിൽനിന്ന് 50000 രൂപയായി ഉയർത്തുക.

d. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15000 രൂപയിൽനിന്ന് 25000 രൂപയായി ഉയർത്തുക.

### ഗ്രാമസഭകളിൽനിന്ന് വന്ന നിർദ്ദേശങ്ങൾ

* ദുർബല വിഭാഗങ്ങളിലെ ജനങ്ങൾക്ക് ഭവന നിർമ്മാണത്തിന് വായ്പക്കു പകരം ഗ്രാന്റ് നൽകുക.

* കുടിലുകളിൽ താമസിക്കുന്നവർക്ക് മെച്ചപ്പെട്ട വീടുകൾ നിർമ്മിച്ചു കൊടുക്കുക.

* 4 ാം വാർഡിൽ ലക്ഷം വീടുകളോ കോളനികളോ ഇല്ല. ദുർബല വിഭാഗക്കാർക്ക് വീടു വെച്ചു കൊടുക്കുന്ന നടപടി സ്വീകരിക്കണം. ഗവ: ഭൂമി വിലക്കെടുത്ത് വീട് വച്ചു കൊടുക്കുവാൻ നടപടി സ്വീകരിക്കണം.

ഭവന രഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള മിച്ച ഭൂമിയും, സർക്കാർ പുറമ്പോക്ക് ഭൂമിയും, ലീസ് ഭൂമിയും ഇതിനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഭൂ രഹിതർക്ക് 5 സെന്റ് ഭൂമിവീതം സൗജന്യമായി നൽകുകയും അവിടങ്ങളിൽ LIC തുടങ്ങിയ കേന്ദ്ര പൊതു സ്ഥാപനങ്ങളിലൂടെ ഏറ്റവും ചുരുങ്ങിയ പലിശക്കുള്ള വായ്പ ലഭ്യമാക്കുകയും വീടിന്റെ നിർമ്മാണം നിർമ്മിതി കേന്ദ്രം തുടങ്ങിയ ഏജൻസികളെകൊണ്ട് നടത്തിക്കുകയും അതിനായി ഗുണഭോക്താക്കളുടെയും സന്നദ്ധ യുവജന സംഘടനകളുടെയും പരമാവധി മനുഷ്യാധ്വാനം ഉപയോഗപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നല്കുകയും വേണം.

നമ്മുടെ ലക്ഷ്യം 5 വർഷം കൊണ്ട് പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പൂർണ്ണമായിട്ടല്ലെങ്കിലും പരമാവധി പരിഹരിക്കാനാവട്ടെ. ഈ സ്വപ്നം സാക്ഷാൽക്കരിക്കുന്നതിനു വേണ്ടി അതിനുള്ള കൂട്ടായ്മക്കായി നമുക്ക് കൈകോർത്ത് മുന്നേറാം - ഒന്നിക്കാം - ഒരുമിക്കാം.

## സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ദാരിദ്ര്യരേഖക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും സംഘടിത അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്.

പൂർണ്ണമായും കേന്ദ്ര സംസ്ഥാന സർക്കാരുകൾ വഹിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയും, തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായിതിരിക്കാം.

#### ട്രൈസം പരിശീലന ലഭ്യത

1. എളവള്ളി, ചേലൂർ വാക

2. പൂവത്തൂർ, ബ്രഹ്മകുളം - വി.ഇ.ഒ. സർക്കിൾ

| വർഷം | എണ്ണം |
|---|---|
| 92 - 93 | 3 |
| 93 - 94 | 3 |
| 94 - 95 | 10 |
| 95 - 96 | 5 |
| ആകെ | 21 |

92 - 93 വർഷം മുതൽ 95 - 96 വരെ ഈ പഞ്ചായത്തിലെ രണ്ട് വി.ഇ.ഒ. സർക്കിളിലായി 21 പേർക്ക് പരിശീലനം നൽകിയതായി കണക്കുകൾ വ്യക്തമാകുന്നു. ഓരോ ഗ്രാമത്തിനും അനുയോജ്യമായ തൊഴിൽ പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ പരിശീലനം നൽകാനും പരിശീലനം ലഭിച്ചവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽ സംരംഭം ആരംഭിക്കാനും ശ്രദ്ധിക്കണം. ഇതുവഴി പരിശീലനം ലഭി

ക്കുന്നവർക്ക് യോഗ്യത അടിസ്ഥാനത്തിൽ തൊഴിൽ ലഭിക്കുന്നില്ല എന്നത് ഈ പദ്ധതിയുടെ പോരായ്മയാണ്. പരിശീലനം ലഭിക്കുന്നവരുടെ എണ്ണം പരമാവധി വർദ്ധിപ്പിക്കുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റ്റൈപന്റ് തുക കൂട്ടുകയും വേണം. ഈ പദ്ധതിക്ക് ഗുണഭോക്താക്കളെ കണ്ടെത്തി അവരെ ബോധവാന്മാരാക്കാനും യുവജനസംഘടനകൾക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാൻ സാധിക്കും.

## ടൂൾകിറ്റ്

ഗ്രാമീണ കൈതൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിപ്രകാരം എളവള്ളി പഞ്ചായത്തിൽ സഹായം കൊടുത്തവരുടെ കണക്കാണ് ചുവടെ ചേർക്കുന്നത്.

| വർഷം | ടൂൾകിറ്റ് |
|---|---|
| 1992 – 93 | – |
| 1993 – 94 | 2 |
| 1994 – 95 | 2 |
| 1995 – 96 | 8 |
| ആകെ | 12 |

## കക്കൂസ്

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുവാൻ ധന സഹായം നൽകുന്ന പദ്ധതിയാണ് CRSP 92 – 93 മുതൽ 95 – 96 വരെ കാലയളവിൽ രണ്ട് വി.ഇ.ഒ. സർക്കിളുകളിലായി നമ്മുടെ പഞ്ചായത്തിൽ 74000 രൂപ ധനസഹായം അനുവദിച്ച് 37 കക്കൂസുകൾ മാത്രമാണ് നിർമ്മിച്ചിട്ടുള്ളത്. ഓരോ വർഷത്തിലും ചുരുങ്ങിയ ആളുകൾക്ക് മാത്രമേ ഇതിന്റെ ഗുണം ലഭിക്കുന്നുള്ളു. കൂടുതൽ ആളുകൾക്ക് കക്കൂസുകൾ ലഭ്യമാക്കുകയും സംഖ്യ വർദ്ധിപ്പിക്കുകയും വേണം.

**CRSP കക്കൂസുകൾ അനുവദിച്ചത്**

| വർഷം | എണ്ണം | തുക |
|---|---|---|
| 1992 – 93 | – | – |
| 1993 – 94 | 16 | 32000 |
| 1994 – 95 | 8 | 16000 |
| 1995 – 96 | 13 | 26000 |
| ആകെ | 37 | 74000 |

## വില്ലേജാഫീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് കാര്യമായി പെൻഷനുകളും നിർദ്ധനരായ വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായങ്ങളും പഞ്ചായത്തു മുഖാന്തിരം ലഭ്യമാക്കേണ്ടതാണ്.

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യം കിട്ടുന്നില്ലെന്നതും അനർഹരായ കുറെപേർ ആനുകൂല്യം കൈപ്പറ്റുന്നതായും ഈ ക്ഷേമപദ്ധതികളെക്കുറിച്ച് വിലയിരുത്തുമ്പോൾ ബോധ്യപ്പെടുന്നു. ജനപ്രതിനിധികളുടെയും മറ്റു സന്നദ്ധ സംഘടനകളുടെയും ഇംപ്ലിമെന്റേഷൻ കമ്മറ്റികൾ രൂപീകരിച്ച് ഈ അപാകതകൾ പരിഹരിക്കേണ്ടതാണ്.

### പെൻഷനുകളെ സംബന്ധിച്ച്

**വിധവാ പെൻഷൻ**

പ്രായപൂർത്തിയായ ആൺകുട്ടികളുണ്ടെങ്കിൽ ഈ പെൻഷൻ ലഭിക്കില്ല. ഇതിൽ മാറ്റം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

**വികലാംഗപെൻഷൻ**

വികലാംഗത്വം തെളിയിക്കാനുള്ള സർട്ടിഫിക്കറ്റിന് ബുദ്ധിമുട്ടുകയാണ്. ജില്ലാ ആശുപത്രിയായ തൃശൂരിൽ എത്തിപ്പെടാനുള്ള വിഷമവും, സർട്ടിഫിക്കറ്റ് കിട്ടാനുള്ള കാലതാമസവും വളരെയധികം പ്രയാസം ഉണ്ടാക്കുന്നുണ്ട്. വികലാംഗർ എന്നുള്ളതുകൊണ്ടുതന്നെ ദൂരയാത്രയും ഒഴിവാക്കികൊടുക്കണം. ഇതിന് വികലാഗത്വം തെളിയിക്കുവാനുള്ള സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള അധികാരം താലൂക്കാശുപത്രിയിലെ പ്രധാന മെഡിക്കൽ ആഫീസർക്ക് നൽകണം.

**കർഷകതൊഴിലാളി പെൻഷൻ**

അനർഹരായ ധാരാളം പേർക്ക് പെൻഷൻ ലഭിക്കുന്നുണ്ട്. അർഹരായ പലർക്കും പെൻഷൻ ലഭിക്കുന്നില്ല. അർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നൽകണം. അർഹരായവരുടെ ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

### തൊഴിലില്ലായ്മവേതനം

നമ്മുടെ പഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം കൈപ്പറ്റുന്നവരുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | | എണ്ണം |
|---|---|---|
| 1984 | – | 4 |
| 85 | – | 3 |
| 86 | – | 20 |
| 87 | – | 8 |
| 88 | – | 10 |
| 89 | – | 8 |
| 90 | – | 32 |
| 91 | – | 16 |
| 92 | – | – |
| 93 | – | 13 |
| ആകെ | | 114 |

അനർഹരായവരെ തെരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനായിരിക്കണം.

### വാർദ്ധക്യകാല പെൻഷൻ

ഈ പദ്ധതിമൂലമുള്ള പെൻഷൻ പഞ്ചായത്തിൽ ഇതുവരെ ആർക്കും ലഭ്യമായിട്ടില്ല. പെൻഷൻ ലഭ്യമാക്കുന്നതിന് വേണ്ടതായ നടപടികൾ സ്വീകരിച്ച് വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

തൊഴിലാളി തൊഴിലുടമ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനം കാര്യക്ഷമമായിട്ടില്ല. പഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ല.

ഈ പദ്ധതികൾക്ക് പുറമെ പട്ടികജാതി വകസനത്തിനും ഉന്നമനത്തിനായി പട്ടികജാതി പട്ടികവർഗ്ഗ കോർപറേഷൻ പ്രവർത്തിക്കുന്നുണ്ട്. ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് വലിയതോതിൽ പഞ്ചായത്തിൽ ലഭ്യമാക്കേണ്ടത്.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ അർഹതപെട്ടവർക്ക് കിട്ടായ്ക, ഉദ്യോഗത്തിലുള്ള ബോധവൽക്കരണ കുറവ് , ആവശ്യത്തിനും സമയത്തിനും കിട്ടായ്ക, ഉപയോഗപ്പെടുത്തുമ്പോളുണ്ടാകുന്ന സാങ്കേതിക നൂലാമാലകൾ എന്നിവ എടുത്തു പറയേണ്ടവയാണ്.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ച് പഞ്ചായത്തിൽ സഹായം ലഭ്യമാക്കികൊണ്ടിരുന്നത് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസിനു താഴെയുള്ള ചേലൂർ – വാക VEO സർക്കിളും, പൂവ്വത്തൂർ VEP സർക്കിളുമാണ്. രണ്ട് സർക്കിളിലൂടെ നടപ്പാക്കിയ പദ്ധതികളെ സംബന്ധിച്ച് ശരിയായി വിലയിരുത്തപ്പെടണമെങ്കിൽ ഗുണഭോക്താക്കളിൽനിന്നും ശരിയായി വിവരങ്ങൾ ശേഖരിക്കപ്പെടേണ്ടിയിരിക്കുന്നു.

രണ്ടു VEO സർക്കിളുകൾ വഴി പഞ്ചായത്തിൽ ലഭ്യമാക്കിയ പദ്ധതികളെ സംബന്ധിച്ച് വിശദമായി തന്നെ താഴെ പ്രതിപാദിക്കുന്നു.

### IRDP സർവ്വെ സഹായ ലഭ്യതകൾ

പൂവ്വത്തൂർ ബ്രഹ്മകുളം വില്ലേജ്

| വർഷം | എണ്ണം | സബ്സിഡി |
|---|---|---|
| 1992 – 93 | 1029 | 56249 |
| 1993 – 94 | 1029 | 120717 |
| 1994 – 95 | 1029 | 89465 |
| 1995 – 96 | 1084 | 57326 |
| ആകെ | 4171 | 323757 |

പൂവ്വത്തൂർ, ബ്രഹ്മകുളം VEO സർക്കിളിൽ 92 – 93 ലെ IRDP സർവ്വെയിൽ 1029 കുടുംബങ്ങളും 95 – 96 ലെ അഡീഷനൽ സർവ്വെയിൽ 55 കുടുംബങ്ങളും ഉൾപ്പെടെ 1084 കുടുംബങ്ങൾ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരായി കണ്ടെത്തി 92 – 93 മുതൽ 95 – 96 വരെയുള്ള കാലയളവിലൽ കാലയളവിൽ 113 കുടുംബങ്ങൾക്കായി സബ്സിഡിയായി 323757 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു.

**IRDP സർവ്വെ സഹായ ലഭ്യത**

വാക എളവള്ളി വില്ലേജ്

| വർഷം | എണ്ണം | സബ്സിഡി |
|---|---|---|
| 1992 – 93 | 613 | 72000 |
| 1993 – 94 | 613 | 78000 |
| 1994 – 95 | 613 | 81000 |
| 1995 – 96 | 655 | 120000 |
| ആകെ | 2494 | 351000 |

വാക, എളവള്ളി VEO സർക്കിളിൽ 92 – 93 ലെ സർവ്വെയിൽ 613 കുടുംബങ്ങളും 95 – 96 അഡീഷനൽ സർവ്വെയിൽ 42 കുടുംബങ്ങളും ഉൾപ്പെടെ 655 കുടുംബങ്ങൾ ദാരിദ്ര്യ രേഖക്ക് താഴെയുള്ളതായി കണ്ടെത്തകയുണ്ടായി. പ്രസ്തുത IRDP സർവ്വെകളിൽ കണ്ടെത്തിയ കുടുംബങ്ങളിൽ 107 കുടുംബങ്ങൾക്കായി 92 – 93 മുതൽ 95 – 96 വരെയുള്ള കാലയളവിൽ സബ്സിഡിയായി 351000 രൂപ വിതരണം ചെയ്തതായി കണക്കുകൾ വ്യക്തമാക്കുന്നു. ദാരിദ്ര്യ രേഖയുടെ പരിധി 25000 രൂപയെങ്കിലും ആക്കി ഉയർത്തണം.

ദേശസാൽകൃത ബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ഉദാസീനതയാണ് കാണിക്കുന്നത്. സഹകരണ മേഖലക്ക് പരമാവധി ഫണ്ടനുവദിച്ചുകൊണ്ട് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾ നടപടികൾ സ്വീകരിക്കണം. ദേശസാൽകൃത ബാങ്കുകളെകൊണ്ട് ഗുണഭോക്താക്കളെ സഹായിക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണം. ഗുണഭോക്താക്കളെ കണ്ടെത്താൻ വർഷംതോറും സർവ്വെ നടത്തണം.

സാമൂഹ്യക്ഷേമത്തെ കുറിച്ച് ഗ്രാമസഭകളിൽ നടന്ന ചർച്ചയിൽവന്ന കാര്യങ്ങൾ

* സാങ്കേതിക പരിജ്ഞാനം നൽകാൻ സ്റ്റഡി സെന്റർ തുടങ്ങുക.

* അർഹതയുള്ളവർക്ക് വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നതിനുള്ള മുൻകൈയെടുക്കണം.

* സാമൂഹ്യക്ഷേമ വകുപ്പിന്റെ സഹായത്തോടെ സ്ത്രീകൾക്ക് ബുക്ക് ബൈന്റിങ്ങ്, നെയ്ത്ത്, റെഡിമെയ്ഡ്, പായനെയ്ത്ത്, കരകൗശല നിർമ്മാണം, പാക്ക് നിർമ്മാണം, നെല്ലുകുത്ത് എന്നീ വ്യവസായങ്ങൾ പഞ്ചായത്ത്തലത്തിൽ തുടങ്ങുക.

* പട്ടികജാതി കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസം ലഭിക്കാനും അതനുസരിച്ച് ജോലിയും ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

* വനിതകൾക്കായി തയ്യൽകേന്ദ്രം തുടങ്ങണം.

* 8 ാം വാർഡിലെ 3 അംഗൻവാടികൾക്കും സ്വന്തമായ കെട്ടിടം അനുവദിക്കുക.

* ഗ്രാമീണ വായനശാല കെട്ടിടം പുതുക്കി പണിത് ടി.വി. ഫോൺ എന്നിവ ലഭ്യമാക്കുക.

* എല്ലാ പെൻഷനുകളും കുടിശ്ശികയും കൊടുത്തു തീർക്കുക.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമ രംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെയ്ക്കുന്ന അംഗൻവാടികൾ നമ്മുടെ പഞ്ചായത്തിൽ 10 വാർഡുകളിലായി 24 എണ്ണം പ്രവർത്തിക്കുന്നു. 1000 ജനങ്ങൾക്ക് ഒരു അംഗൻവാടി എന്നതാണ് ICDS ന്റെ ലക്ഷ്യമെങ്കിലും മുഴുവൻ ഗുണഭോക്താക്കളെയും ഉൾപെടുത്തികൊണ്ട് ഈ പരിപാടി പൂർണ്ണമായും വിജയത്തിലെത്തിക്കാൻ സാധിച്ചിട്ടില്ല. കാരണം പുത്തൻ വിദ്യാഭ്യാസ സംസ്കാരത്തിന്റെ കടന്നുകയറ്റം (ഇംഗ്ലീഷ് മീഡിയം LKG, UKG, പ്രൈവറ്റ് നഴ്സറികൾ) നമ്മുടെ പഞ്ചായത്തിലും പ്രകടമാണ്. ഇതിൽനിന്നും ഒരു മാറ്റം അനിവാര്യമായിതീർന്നിരിക്കുന്നു. ഇതിനുവേണ്ടി ജനങ്ങളെ ബോധവൽക്കരിപ്പിക്കാനാവശ്യമായ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കേണ്ടിയിരിക്കുന്നു. അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും, രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. കൂടാതെ ഇത് പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുകയും ചെയ്യുന്നു.

സ്വന്തമായി സ്ഥലമില്ലാത്തതും, കെട്ടിടമില്ലാത്തതും, കെട്ടിടങ്ങളുടെ അറ്റകുറ്റപണി നടത്താ

ത്തതും, കളിപ്പാട്ടങ്ങളില്ലാത്തതും വലിയ പ്രശ്നമായി അവശേഷിക്കുന്നു. വരും തലമുറയെ വാർത്തെടുക്കുന്ന അങ്കകളരിയായി നാം കാണുന്ന അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും ദയനീയം തന്നെയാണ്. വർക്കർ, ഹെൽപ്പർ എന്നീ രണ്ടു തസ്തികകളാണ് ഇതിലുള്ളത്. രാവിലെ 9 1/2 മുതൽ 3 1/2 വരെ ജോലിചെയ്യുന്ന ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം ഉൾപ്പെടെ നടത്തേണ്ടതായും വരുന്നുണ്ട്. ഈ പ്രയാസങ്ങൾ സഹിച്ചും നാടിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്ന പ്രസ്തുത ജീവനക്കാരുടെ വേതനം വളരെ തുച്ഛമാണ്. ഈ അവസ്ഥക്ക് പരിഹാരം കാണേണ്ടിയിരിക്കുന്നു.

### നിർദ്ദേശങ്ങൾ

1. ഏതെങ്കിലും സാമ്പത്തിക ഏജൻസികളെ കൊണ്ടോ/ ജെ.ആർ.വൈ. ഫണ്ടോ ഉപയോഗിച്ച് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുകയും ഉള്ളവയിൽ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക.

2. പഞ്ചായത്ത് ലീസ് ഭൂമിയൊ, മിച്ചഭൂമിയൊ അംഗൻ വാടികൾക്ക് കെട്ടിടം പണിയുവാൻ കൊടുക്കുക.

3. പഞ്ചായത്തിലെ ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിൽ കൂടുതൽ അംഗൻവാടികൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുക.

4. DWCRA യൂണിറ്റുകൾക്ക് നൽകുന്ന ഫണ്ടിന്റെ നിശ്ചിത ശതമാനം കളിപ്പാട്ടങ്ങൾ വാങ്ങാൻ നൽകുക.

5. അംഗൻവാടികളിലൂടെ കുട്ടികൾക്ക് പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

6. അംഗൻവാടി വർക്കർമാരെയും, ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും സേവന - വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

7. താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

## ക്ഷേമനിധികളെ സംബന്ധിച്ചവ

### 1. കർഷകതൊളഴിലാളി ക്ഷേമനിധി

കർഷകതൊഴിലാളികൾ മുഴുവനും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. തൊഴിലാളി യൂണിയനുകളും, സൊസൈറ്റികളും മുൻകൈ എടുത്താണ് തൊഴിലാളികളെ അംഗങ്ങളാകുന്നത്. ഈ പദ്ധതിക്ക് ധാരാളം അപാകതകൾ ഉണ്ട്. തൊഴിലാളി വിഹിതത്തോടൊപ്പം ഉടമാവിഹിതം പിരച്ചെടുക്കുന്നില്ല. ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് 60 വയസ്സ് പൂർത്തിയായാൽ 'മെമ്പർ പെൻഷൻ' നൽകുന്നില്ല. അംഗങ്ങളായ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നില്ല. ക്ഷേമനിധിയിൽ അംഗങ്ങളായവർ മരണപ്പെട്ടാൽ മരണാനന്തര ആനുകൂല്യം നൽകുന്നില്ല. ഇവ ഈ സ്കീമിന്റെ ഏറ്റവും വലിയ അപാകതകളാണ്.

### 2. കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധി

പഞ്ചായത്തിൽ കുറെപേർ കെട്ടിടനിർമ്മാണ രംഗത്ത് തൊഴിലെടുക്കുന്നുണ്ട്. മുഴുവൻ അംഗങ്ങളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കിയിട്ടില്ല. ഉടമാവിഹിതം പിരിക്കുന്നില്ല. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാദ്ധ്വാനം ചെയ്യുന്നവരാണ്. അതുകൊണ്ടുതന്നെ തൊഴിൽ മേഖലയിൽനിന്ന് 55 വയസ്സാവുമ്പോഴേക്കും വിട്ടുനിൽക്കാൻ നിർബന്ധിക്കപ്പെടുകയാണ്. ആയതിനാൽ ഇവരുടെ പെൻഷൻ പ്രായം 55 വയസ്സാക്കി ചുരുക്കണം. ഭവന നിർമ്മാണ പദ്ധതി കാര്യക്ഷമമായി നടത്തുന്നില്ല.

### 3. കൈതൊഴിലാളി. വിദഗ്ധതൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, കൊല്ലന്മാർ, മരംകയറ്റക്കാർ, ബീഡിതൊഴിലാളികൾ, വാച്ച്, സൈക്കിൾ റിപ്പയർമാർ, തേങ്ങവെട്ടി ഉണക്കുന്നവർ, ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് ക്ഷേമനിധി ഉണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലുള്ള തൊഴിലാളികളെ ഈ പദ്ധതിയിൽ അഗങ്ങളാക്കിയിട്ടില്ല.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ടകാര്യങ്ങൾ ജനങ്ങളിലെത്തിക്കാനും, അർഹരായവർക്ക് ലഭ്യമാക്കാനും പഞ്ചായത്ത്തലത്തിൽ ഒരു സെൽ രൂപീകരിക്കണം. അതതു ഗ്രാമസഭ അതിനു കീഴെ 50 വീടു

കൾ ഉൾക്കൊള്ളുന്ന അയൽകൂട്ട കമ്മറ്റികൾ എന്നിവ സജീവമായി പദ്ധതികളെ സംബന്ധിച്ച ബോധ വൽക്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യ ങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

## പൊതുവിതരണം

* പഞ്ചായത്തിലെ 9 റേഷൻ ഷാപ്പുകൾ പ്രവർത്തിയ്ക്കുന്നു. പൊതുവിതരണ രംഗത്ത് ഒരു മാവേലി സ്റ്റോറാണ് പഞ്ചായത്തിലുള്ളത്. അത് ബ്രഹ്മകുളം വില്ലേജിലെ 9 ാം വാർഡിൽ പ്രവർത്തി ക്കുന്നു. കഴിഞ്ഞ ഓണം കാലയളവിൽ ആവശ്യസാ ധനങ്ങളുടെ വിലക്കയറ്റം പിടിച്ചു നിർത്താനും സാധാ രണക്കാരന് സാധനങ്ങൾ നൽകാനും കഴിഞ്ഞിട്ടു ണ്ടെന്ന് പ്രവർത്തനത്തെ വിലയിരുത്തുമ്പോൾ ബോധ്യമാകുന്നു. സഹകരണ ബാങ്കുകളിലൂടെ ഓണം, വിഷു, റംസാൻ, ഈസ്റ്റർ, ക്രസ്തമസ് തുട ങ്ങിയ സമയങ്ങളിൽ നടത്തുന്ന ചന്തകളും എടുത്തു പറയത്തക്കതാണ്. പഞ്ചായത്തിലെ എളവള്ളി വില്ലേ ജിൽ പുതിയ മാവേലീ സ്റ്റോർ അനുവദിക്കണം.

## റേഷൻ ഷാപ്പ്

റേഷൻ ഷാപ്പ് പൊതുവിതരണ കേന്ദ്രമായതോ ടുകൂടി പ്രവർത്തനം അവതാളത്തിലാണ്. അനുദിനം സാധാരണക്കാരന് പരാതിയുള്ള മേഖലയായ പൊതു വിതരണ കേന്ദ്രത്തെ 1966ലെ റേഷനിങ് ആക്ട് പ്രകാ രമുള്ള 'റേഷൻഷോപ്പ്' എന്നാക്കി മാറ്റണം. പഞ്ചാ യത്തിലെ റേഷൻ ഷാപ്പുകളുടെ പൂർണ്ണമായ അധി കാരം പഞ്ചായത്ത് ഏറ്റെടുത്ത് ഈ മേഖലയിലെ ആവലാതികൾക്ക് പരിഹാരം കാണേണ്ടതുണ്ട്.

റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ സ്വീകരിച്ച് പരിഹാരം കാണാൻ ഏർപ്പാടുണ്ടാക്കണം.

ലീസ് ഭൂമിയിൽ വീട് വച്ചു താമസിക്കുന്നവർക്ക് നമ്പർ നൽകാൻ പഞ്ചായത്ത് നടപടി സ്വീകരിക്കു കയും റേഷൻ കാർഡിനുള്ള വീട്ടുനമ്പർ സർട്ടിഫി ക്കറ്റ് നൽകാനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യണം. ഉപഭോക്തൃമേഖലയെ കാര്യക്ഷമമാ ക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും പഞ്ചാ യത്തിൽ ഉപഭോക്തൃ സംരക്ഷണസമിതി രൂപീകരി ക്കണം.



98

# IV. 9

# സഹകരണമേഖല

എളവള്ളി, ബ്രഹ്മകുളം വില്ലേജുകൾ സമന്വയി ച്ചതാണ് എളവള്ളി ഗ്രാമപഞ്ചായത്ത്. ഈ സമന്വയ ത്തിന് എത്രയോ വർഷങ്ങൾക്കു മുമ്പേ രണ്ടു വില്ലേ ജുകളിലും ഓരോ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾ പ്രവർത്തനം ആരംഭിച്ചിരുന്നു. സ്വാത ന്ത്ര്യപ്രാപ്തിക്കു മുൻപേ അവ വിവിധോദ്ദേശ പര സ്പര സഹകരണസംഘങ്ങളായി. തുടർന്ന് സർവീസ് സഹകരണസംഘങ്ങളായും രൂപാന്തര പ്പെട്ടു.

സർവീസ് സഹകരണ സ്ഥാപനങ്ങളെ അവയുടെ പ്രവർത്തി പരിധിയിൽ പെടുന്ന ഗ്രാമീണ ജനവിഭാ ഗങ്ങളുടെ കാർഷികവും കാർഷികേതരവുമായ വായ്പാവശ്യങ്ങൾ നിർവഹിക്കാൻ പ്രാപ്തമാക്കണ മെന്ന് 1975ൽ സംസ്ഥാന ഗവൺമെന്റ് തീരുമാനിക്കു കയുണ്ടായി. 1976 മുതൽ സർക്കാരിന്റെ സർവ്വ വിധ പിന്തുണയോടെ നിക്ഷേപ സമാഹരണ യജ്ഞവു മാരംഭിച്ചു. ഈ പ്രവാഹത്തിലൂടെയാണ് എളവള്ളി - ചിറ്റാട്ടുകര സർവീസ് സഹകരണ സംഘങ്ങൾ സഹകരണ ബാങ്കുകളായി പരിണമിച്ചതും വളർന്നു വലുതായതും.

അംഗസംഖ്യയിലും ഓഹരി മൂലധനത്തിലും ഈ സഹകരണ ബാങ്കുകൾക്ക് ക്രമാനുഗതമായ വളർച്ച യുണ്ടായി. വർഷങ്ങൾക്കു മുമ്പേ രണ്ടു സഹകരണ സ്ഥാപനങ്ങളും ഗോഡൗണുകളോടുകൂടി സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങിയിരുന്നു. സംസ്ഥാന സർക്കാർ നൽകിയ ഗ്രാന്റും അതിനൊരു തുണയായിരുന്നു. കാർഷിക പരിഷ്കാരനിയമം നട പ്പിലാക്കിയതിനെ തുടർന്ന് കൃഷിക്കാർ മാത്രമല്ല, കുടികിടപ്പുകാരും കാർഷികത്തൊഴിലാളികളും സഹ കരണ സ്ഥാപനങ്ങളിലേക്ക് കടന്നുവന്നു. ഈ രണ്ട് ബാങ്കുകളുടേയും അംഗസംഖ്യയിൽ വലിയ കുതിച്ചു കയറ്റവും തൽഫലമായി ഉണ്ടായി. ബാങ്കിങ് ഉൾപ്പെടെ രണ്ടു സഹകരണ ബാങ്കുകളുടേയും പ്രവർത്തനം അതോടെ വിപുലമായി. അത് രണ്ട് സഹകരണ സ്ഥാപനങ്ങളുടേയും ഓരോ ബ്രാഞ്ച് തുറക്കുന്നതിലേക്ക് നയിച്ചു. എളവള്ളി ബാങ്ക് സ്വന്തം സ്ഥലത്ത് സ്വന്തമായി പണിത കെട്ടിടത്തിലാണ് ബ്രാഞ്ച് ആരംഭിച്ചത്. ചിറ്റാട്ടുകര ബാങ്കാവട്ടെ പുവ ത്തൂർ ബസാറിൽ ഒരു വാടകക്കെട്ടിടത്തിലും.

കൃഷിക്കാരുടേയും കാർഷികത്തൊഴിലാളികളു ടേയും, കൈവേലക്കാരുടേയും, ഇടത്തരക്കാരുടേയും കാർഷികവും കാർഷികേതരവും ആയ വായ്പാ ആവശ്യങ്ങൾ നിർവഹിക്കുന്നതിൽ ആ രണ്ടു ബാങ്കു കളും പരമാവധി ശ്രമിക്കുന്നുണ്ട്. രണ്ടു ബാങ്കുകളും നൽകിയതും നൽകി വരുന്നതുമായ വായ്പകളുടെ വൈപുല്യം അതിന്റെ നിദർശനമാണ്. നിക്ഷേപ സമാ ഹരണ യജ്ഞത്തിലും ഈ രണ്ടു സഹകരണ ബാങ്കു കളും വർഷം പ്രതി നിശ്ചിത ലക്ഷ്യം കവച്ചുവക്കാ റുണ്ട്. അതിന്റെ തോതനുസരിച്ച് കൃഷിക്കാർക്കും ദുർബ്ബല ജനവിഭാഗങ്ങൾക്കും വായ്പ നൽകുന്ന തിലും ഈ സഹകരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കാ റുണ്ട്. എളവള്ളി പഞ്ചായത്തിലെ കൃഷിക്കാരുടേയും, കാർഷിക തൊഴിലാളികളുടേയും, കൈവേലക്കാരു ടേയും, ഇടത്തരക്കാരുടേയും വായ്പാവശ്യങ്ങൾ

നിർവഹിക്കുന്നതിൽ ഈ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന മറ്റേതു ധനസഹായ സ്ഥാപനങ്ങളേക്കാളുമുപരി താത്പര്യമെടുക്കുന്നതും ഈ സഹകരണ സ്ഥാപനങ്ങളാണ്.

### എളവള്ളി സർവീസ് സഹകരണ ബാങ്ക്

| | |
|---|---|
| പ്രവർത്തന പരിധി | – എളവള്ളി വില്ലേജ് |
| ക്രെഡിറ്റ് / നോൺ ക്രെഡിറ്റ് | – ക്രെഡിറ്റ് |
| ആരംഭിച്ച വർഷം | – 1950 |
| ആകെ അംഗങ്ങൾ | – 6631 |
| ഒരു ഓഹരിയുടെ വില | – 10 രൂപ |
| അംഗീകൃത മൂലധനം | – 15,04,000രൂപ |
| പിരിഞ്ഞുകിട്ടിയ മൂലധനം | – 7,52,390 |
| സർക്കാർ ഓഹരി | – 44,000 |
| പരമാവധി കടം എടുക്കാവുന്ന തുക : | |
| ബാങ്കിന് | – 20 ഇരട്ടി |
| ഒരു മെമ്പർക്ക് | – 25000 |
| പൊതു ജനങ്ങളിൽനിന്ന് സ്വരൂപിച്ച | |
| നിക്ഷേപം : സ്ഥിരം | – 69,59,874 |
| ഹ്രസ്വകാലം | – 20,23,783 |
| നൽകിയിട്ടുള്ള വായ്പകൾ(95–96) : | |
| ഹ്രസ്വകാലം | – 13,27,850 |
| ദീർഘകാലം | – 40,002 |
| മറ്റു വായ്പകൾ : | |
| സ്വർണ്ണപ്പണ്ടം പണയം | – 57,17,170 |
| സാധാരണ | – 10,82,650 |
| ദിവസ വായ്പ | – 1,01,500 |
| സെക്വേർഡ് ലോൺ | – 9,93,110 |
| IRDP | – 1,10,000 |
| ജീവനക്കാരുടെ എണ്ണം | – 9 |
| മൊത്തം ക്രയവിക്രയം | – 9,50,00,000 |

കാർഷികേതര വായ്പകൾ കൂടുതൽ നൽകുന്നതോടൊപ്പം വായ്പ കുടിശ്ശികയും ഈ ബാങ്കുകൾക്ക് കൂടിവരികയാണ്. അതുകൊണ്ട് അറ്റാദായം വായ്പാ കുടിശ്ശികയുടെ റിസർവ്വിൽ വെയ്ക്കുന്നു. തന്മൂലം രണ്ട് ബാങ്കുകളും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. എളവള്ളി ബാങ്കിന്റെ നഷ്ടം 25 ലക്ഷത്തോളമാണ്. അതിൽ ഏഴര ലക്ഷം രൂപയുടെ നഷ്ടം 29.6.93ൽ ബാങ്കിലെ 16 ലക്ഷം രൂപ വില വരുന്ന സ്വർണ്ണവും 33,550 രൂപയും കളവുപോയതിനെ തുടർന്നുണ്ടായിട്ടുള്ളതാണ്. കളവുമുതൽ കണ്ടെത്താനോ കള്ളന്മാരെ പിടിക്കാനോ നാളിതുവരെ കഴിഞ്ഞിട്ടുമില്ല.

ചിറ്റാട്ടുകര ബാങ്കിന്റെ നഷ്ടം പത്തൊൻപത് ലക്ഷത്തോളമാണ്. വായ്പാ കുടിശ്ശികയുടെ ഭാഗമായിട്ട് മാത്രമല്ല സഹകരണ ബാങ്കുകൾ നഷ്ടത്തിലാകുന്നത്. വർഷം പ്രതി അവയുടെ തൻചിലവും സിൽബന്തിച്ചിലവും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉദാരവൽക്കരണത്തെ തുടർന്നുണ്ടായ വേലിയേറ്റം പൊതു മേഖലയെ മാത്രമല്ല സഹകരണ മേഖലനേയും ഞെക്കി ഞെരുക്കുന്നു. കാർഷിക വായ്പാ സംഘങ്ങളധികവും ഈ ദുർവിധി അഭിമുഖീകരിക്കുന്നു. ഇവ ഇന്നഭിമുഖീകരിക്കുന്ന പ്രതിസന്ധി മുറിച്ചുകടക്കാൻ സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ക്രിയാത്മകമായ ചില നയ നടപടികൾ അനുപേക്ഷണീയമാണ്. എന്നാൽ മാത്രമേ ഒമ്പതാം പഞ്ചവത്സര പദ്ധതി വിഭാവനം ചെയ്യുന്ന കാർഷികോൽപ്പാദന വർദ്ധനവിനെ ത്വരിതപ്പെടുത്തുന്നതിന് ക്രിയാത്മകമായ കർമ്മ പദ്ധതികളുമായി മുന്നേറാൻ സർവീസ് സഹകരണ ബാങ്കുകൾക്ക് സാദ്ധ്യമാകൂ.

പഞ്ചായത്തു മുഴുവൻ പ്രവർത്തപരിധിയായി പ്രവർത്തിക്കുന്ന രണ്ടു സഹകരണ സംഘങ്ങളാണ് എളവള്ളി ക്ഷീര വ്യവസായ സഹകരണസംഘവും പട്ടികജാതി സർവീസ് സഹകരണ സംഘവും.

### ക്ഷീര വ്യവസായ സഹകരണസംഘം

എളവള്ളി ക്ഷീര വ്യവസായ സഹകരണസംഘം 1973ലാണ് പ്രവർത്തനമാരംഭിച്ചത്. 27 സി. ക്ലാസ് മെമ്പർമാരും 808 എ.ക്ലാസ് മെമ്പർമാരും ആണ് സംഘത്തിലുള്ളത്. 25,000 രൂപയാണ് അംഗീകൃത



94

മൂലധനം. പിരഞ്ഞുകിട്ടിയ മൂലധനം 8,098 രൂപയാണ്. സർക്കാർ ഓഹരിയില്ലാത്ത ഈ സംഘത്തിന്റെ പ്രവർത്തന മൂലധനം കേവലം 8,000 രൂപ മാത്രമാണ്. 3 ജീവനക്കാരുള്ള സംഘം ലാഭകരമായി പ്രവർത്തിക്കുന്നു. കൃഷിക്കാരിൽനിന്നും സംഘം സംഭരിക്കുന്ന പാൽ മുഴുവൻ മിൽമ എടുക്കുന്നില്ല. ന്യായമായ വിലയും മിൽമ നൽകുന്നില്ല എന്നാക്ഷേപമുണ്ട്. അതുകൊണ്ട് ശേഷിക്കുന്ന പാൽ സംഘം സ്വന്തമായി വിപണനം ചെയ്യുന്നു. വിപണനം ചെയ്യാൻ കഴിയാതെ വരുന്ന പാൽ ക്ഷീരോൽപ്പന്നങ്ങളായും മാറ്റുന്നു.

## നിർദ്ദേശങ്ങൾ

സംഘത്തിന് സ്വന്തമായി ഒരു കെട്ടിടം പണിയാനും പാൽ ശീതീകരണ സംഭരണി നിർമ്മിക്കുന്നതിനും, പാൽ വിതരണത്തിനാവശ്യമായ വാഹനത്തിനും സഹായം ലഭിക്കണം.

ക്ഷീരോല്പാദകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നതിനും കൃഷിക്കാർക്ക് പശുക്കളെ വാങ്ങുന്നതിന്നും തൊഴുത്തു നിർമിക്കുന്നതിന്നും സഹായം ആവശ്യമാണ്. ക്ഷീരോൽപ്പാദകർക്ക് പെൻഷൻ പദ്ധതി ആവിഷ്കരിക്കുക, തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് സ്ഥലം അനുവദിക്കുക തുടങ്ങിയ ആവശ്യങ്ങളും സംഘം മുന്നോട്ടു വക്കുന്നു.

## പട്ടികജാതി സർവീസ് സഹകരണ സംഘം

1979ൽ ആരംഭിച്ച പട്ടികജാതി സർവീസ് സഹകരണ സംഘത്തിൽ 621 അംഗങ്ങളാണുള്ളത്. 50,000 രൂപയാണ് അംഗീകൃത ഓഹരി മൂലധനം. പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 12,099 രൂപയാണെങ്കിലും പ്രവർത്തന മൂലധനം 2,14, 452 രൂപയാണ്. സർക്കാരിൽനിന്നും ലഭിച്ച സഹായമാണ് ഇതിന്റെ നിദാനം. കൃഷിഭവൻ മുഖേന ലഭിച്ച 55,594.15രൂപ വിലയുള്ള ഒരു ട്രില്ലറും സംഘത്തിനുണ്ട്.

അംഗങ്ങൾക്ക് ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ നൽകുക, സംഘാംഗങ്ങളിൽനിന്നും മറ്റുള്ളവരിൽനിന്നും വിവിധ തരത്തിലുള്ള നിക്ഷേപങ്ങൾ സ്വീകരിക്കുക എന്നിവയാണ് സംഘത്തിന്റെ പ്രവർത്തനങ്ങൾ. ഒരു പെയ്ഡ് സെക്രട്ടറി മാത്രമാണ് സംഘത്തിലെ ജീവനക്കാരി. നഷ്ടത്തിൽ പ്രവർത്തിക്കുന്ന ഈ സംഘത്തെ വായ്പാ കുടിശ്ശികയാണ് മുഖ്യമായും അലട്ടുന്നത്.

## മറ്റു സഹകരണസംഘങ്ങൾ

ചാവക്കാട് ഫർക്കയിലെ ചാവക്കാട് ഫർക്ക സഹകരണ റൂറൽ ബാങ്കിന്റെ ഒരു ശാഖ പഞ്ചായത്തിലെ ഒമ്പതാം വാർഡിൽ - പൂവത്തൂർ - പ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്കിൽ അംഗങ്ങളായവർക്ക് കാർഷികേതര വായ്പകളും, പണ്ടം പണയത്തിന്മേലുള്ള വായ്പകളും ബ്രാഞ്ചിൽനിന്ന് നൽകുന്നുണ്ട്. കൂടാതെ എളവള്ളി ഗവ.ഹൈസ്കൂൾ, ചിറ്റാട്ടുകര ഹൈസ്കൂൾ എന്നിവ കേന്ദ്രങ്ങളായി അനുബന്ധ വിദ്യാലയങ്ങൾ ഉൾപ്പെടുന്ന രണ്ടു സ്കൂൾ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തു തലത്തിൽ പട്ടുനൂൽ പുഴു കൃഷി വികസനം ലക്ഷ്യമാക്കി രജിസ്റ്റർ ചെയ്ത ഒരു സെറികൾച്ചർ സൊസൈറ്റിയും നിലവിലുണ്ട്. 25 അംഗങ്ങളുള്ള ഈ സംഘം 2,500 രൂപ ഓഹരി മൂലധനമായി സംഭരിച്ചിട്ടുണ്ട്. പഞ്ചായത്തിലെ കാർഷികോൽപ്പാദന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ഈ സംഘങ്ങളുടെ പ്രവർത്തനം സജീവമാക്കേണ്ടതാണ്.

## നിർദ്ദേശങ്ങൾ

സംഘാംഗങ്ങളിൽ സമ്പാദ്യശീലം വളർത്തുക. അതിന്നായി ഭരണസമിതി അംഗങ്ങൾ സ്ക്വാഡ് പ്രവർത്തനം നടത്തുക.

പട്ടിക ജാതിക്കാർക്കുള്ള ആനുകൂല്യങ്ങളും സഹായങ്ങളും സംഘം മുഖേന വിതരണം ചെയ്യുക.

പത്തോ അധിലധികമോ അംഗങ്ങൾക്ക് ഉപകാരപ്രദമായ തൊഴിൽ ചെയ്യുന്നതിന് സംവിധാനമുണ്ടാക്കുക.

സംഘത്തിൽ നിന്നും വായ്പയെടുത്തവരുടെ വീടുകളിൽ പോയി വായ്പാ ഗഡുക്കൾ പരിച്ചെടുക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക.

ട്രില്ലറിന്റെ പ്രവർത്തനം കൂടുതൽ ആദായകരമാക്കുന്നതിനുള്ള പോം വഴികൾ കണ്ടെത്തുക.



95

# IV. 10

# സംസ്കാരം

കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനദശകത്തിലാണ് ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രകാശം ഔപചാരികമായി നമ്മുടെ പഞ്ചായത്തിലേക്ക് കടന്നുവന്നത്. എന്നാൽ, അതിനു മുമ്പുതന്നെ കുടിപ്പള്ളിക്കൂടങ്ങളും ഗുരുകുലങ്ങളും ഈ പഞ്ചായത്തിലെ ഏതാനും ശൂദ്രകുടുംബങ്ങളിലും, പിന്നോക്ക ജാതിവിഭാഗങ്ങളുടെ ഗേഹങ്ങളിലും, ക്രൈസ്തവഗൃഹങ്ങളിലും നിലവിലുണ്ടായിരുന്നു. മലയാളഭാഷാ പരിചയം മാത്രമല്ല സംസ്കൃത ഭാഷയിലെ മുഖ്യവും അക്കൂട്ടത്തിൽ ചില പള്ളിക്കൂടങ്ങളുടെ പ്രത്യേകതയായിരുന്നു. തൊട്ടടുത്ത പാവറട്ടി പഞ്ചായത്തിൽ പിൽക്കാലത്താരംഭിച്ച സംസ്കൃത വിദ്യാലയത്തിൽ – പിന്നീടത് സംസ്കൃത സർവ്വകലാശാലയായി – ഈ പ്രദേശത്തുള്ള വിദ്യാർത്ഥികളുടെ സംഖ്യ ഒട്ടും കുറവായിരുന്നില്ല. സംസ്കൃത കലാശാലയിലെ ജീവാത്മാവും പരമാത്മാവുമായി വർത്തിച്ചവർ ഈ പ്രദേശത്തുകാരായ വലിയള്ളതു മാസ്റ്ററും, അദ്ദേഹത്തിന്റെ മകൻ പ്രൊഫ: വാസുദേവൻ ഇളയതുമായിരുന്നു. ഉദ്ധതനായിരുന്ന ഉദ്ദണ്ഡശാസ്ത്രികളെ അടിയറവു പറയിപ്പിച്ച കാക്കശ്ശേരി ഭട്ടതിരിയും ഈ പ്രദേശത്തുകാരനായിരുന്നു എന്നാണ് ഐതിഹ്യം.

ആധുനിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവിർഭാവത്തോടെ കുടിപ്പള്ളിക്കൂടങ്ങൾ പ്രായേണ അപ്രത്യക്ഷങ്ങളായി. 1918 ൽ ചിറ്റാട്ടുകരയിലാരംഭിച്ച BEM LPS ആണ് ഈ പഞ്ചായത്തിലെ ആദ്യത്തെ പ്രഥമിക വിദ്യാലയം. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലും അത് പ്രാഥമിക വിദ്യാലയമായി തുടരുന്നു. ഏകദേശം 80 വർഷങ്ങൾക്കു മുമ്പ് ചിറ്റാട്ടുകര ക്രൈസ്തവ ദേവാലയത്തോടനുബന്ധിച്ച് ആരംഭിച്ചതാണ് രണ്ടാമത്തെ പ്രാഥമിക വിദ്യാലയം. അത് ക്രമേണ അപ്പർ പ്രൈമറിയായുയർന്നു. പിന്നീട് സെന്റ് സബാസ്റ്റ്യൻ ഹൈസ്കൂളായി വികസിക്കുകയും ചെയ്തു. വാകയിലും, പറക്കാടും, എളവള്ളിയിലും കാക്കശ്ശേരിയിലും, പൂവത്തൂരിലും ആധുനിക വിദ്യാലയങ്ങൾ തലപൊക്കി. എളവള്ളിയിൽ മുസ്ലീം മതസ്തരെ കൂടി ലക്ഷ്യമാക്കികൊണ്ട് ഒരു മാപ്പിള സ്കൂളും ആരംഭിക്കുകയുണ്ടായി. വാകയിലേത് പിന്നീട് മാലതി യു.പി.സ്കൂളായി. പൂവത്തൂരിലെ പ്രഥമിക വിദ്യാലയവും യു.പി.യായി ഉയർന്നു. എളവള്ളിയിലെ പ്രാഥമിക വിദ്യാലയമാണ് ആദ്യം യു.പി.യായും അചിരേണ ഹൈസ്കൂളായും വികസിച്ചത്. കാക്കശ്ശേരിയിലെ പ്രഥമിക വിദ്യാലയം എൽ.പി.യായി തുടരുന്നു. എളവള്ളിയിലെ മാപ്പിള എൽ.പി.യാകട്ടെ ഇടക്കാലത്ത് അസ്തമിക്കുകയാണുണ്ടായത്.

ഈ വിദ്യാലയങ്ങളിൽനിന്നെല്ലാം പഠിച്ചിറങ്ങിപോന്നവർ ജീവിതത്തിന്റെ വിവിധ തുറകളിൽ പ്രശോഭിതരായിട്ടുണ്ട്. അക്കൂട്ടത്തിൽ എന്തുകൊണ്ടും എടുത്തു പറയേണ്ട ഒരു മഹദ് വ്യക്തിയത്രെ യശഃശ്ശരീരനായ പി.കെ.കോരുമാസ്റ്റർ. ഐക്യകേരള പിറവിക്കുശേഷം 1957 മുതൽ 59 വരെ സംസ്ഥാന നിയമസഭയിൽ എളവള്ളി ഗ്രാമപഞ്ചായത്തുകൂടി ഉൾപ്പെട്ടിരുന്ന ഗുരുവായൂർ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ച ജനപ്രതിനിധിയും കോരു മാസ്റ്ററായിരുന്നു.

ആധുനിക വിദ്യാഭ്യാസത്തിന്റെ ആവിർഭാവത്തെ തുടർന്ന് വിജ്ഞാന പ്രസരണ കേന്ദ്രങ്ങളായി വർത്തിക്കുന്ന ഏതാനും ഗ്രന്ഥശാലകളും വായന ശാലകളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാത്തവർക്ക് അവ അക്ഷര ജ്യോതികളാണ്. എഴുത്തും വായനയും അറി



96

യാവുന്നവർക്ക് മനഃസംസ്കരണത്തിലൂടെ സംസ്കാരത്തിന്റെ പടവുകൾ ചവുട്ടിക്കേറാൻ അവ തുണയാണ്. സാക്ഷര കേരള സൃഷ്ടിക്ക് വഹിച്ച പങ്ക് സ്തുത്യർഹ്യമത്രെ.

വായനശാല - ഗ്രന്ഥശാല

| | പേര് | സ്ഥലം |
|---|---|---|
| 1 | ഗ്രാമീണ വായനശാല | എളവള്ളി |
| 2 | നാഷണൽ പബ്ലിക് ലൈബ്രറി | ചിറ്റാട്ടുകര |
| 3 | ഗ്രാമീണ വായനശാല | കാക്കശ്ശേരി |
| 4 | സ്വതന്ത്ര കലാപരിഷത്ത്‌വായനശാല | പൂവത്തൂർ |
| 5 | കലാദീപം വായനശാല | പാറക്കാട് |
| 6 | അയ്യപ്പൻമാസ്റ്റർ സ്മാരകവായനശാല | വാക |

സ്വതന്ത്ര കലാപരിഷത്ത് പൂവത്തൂർ, ഗ്രാമീണ വായനശാല എളവള്ളി, ഗ്രമീണ വായനശാല കാക്കശ്ശേരി എന്നിവ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുകയാണ്. എളവള്ളി പഞ്ചായത്ത് കോമ്പൗണ്ടിൽ കമ്മ്യൂണിറ്റി ഹാളിന്റെ പിന്നിലൊതുങ്ങികൂടിയിരിക്കുകയാണ് ചിറ്റാട്ടുകര പബ്ലിക് ലൈബ്രറി.

സാംസ്കാരിക നവോത്ഥാനത്തിനുവേണ്ടി സജീവമായി പ്രവർത്തിക്കുന്ന ഏതാനും കലാസമിതികളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലുണ്ട്. ചിലത് അന്ത പ്രഭമായിട്ടുണ്ടെങ്കിലും കാലത്തിനൊത്ത് ചലിച്ചുകൊണ്ടിരിക്കുകയാണ് അവയിലധികവും. ഇലക്ട്രോണിക് മാധ്യമങ്ങളും, പത്രങ്ങളും, വാരിക - ദൈ്വ വാരിക - മാസികാദികളും സൃഷ്ടിക്കുന്ന സാംസ്കാരിക ജീർണതകളെ - അധമ പ്രവണതകളെ - തിരിച്ചറിയാനും അവക്കെതിരെ യഥോചിതം പ്രതികരിക്കാനും കെല്പുള്ള ജനകീയ കലാ കേന്ദ്രങ്ങളാണവ. അതുകൊണ്ടുതന്നെ അവ പ്രത്സാഹനവും പഞ്ചായത്തിന്റെ പരിരക്ഷണയും അർഹിക്കുന്നു.

## പബ്ലിക് ലൈബ്രറി

നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള ഗ്രന്ഥശാലകളെയും കലാസമിതികളെയും വായനശാലകളെയും ചൈതന്യവത്താക്കുവാനും ഇവ നാമ്പെടുക്കാത്ത സ്ഥലങ്ങളിൽ അവ മുളപ്പിച്ചെടുക്കാനും നിലവിലുള്ളവയും ഇനി മുളപൊട്ടുന്നവയുമായ സാംസ്കാരിക കേന്ദ്രങ്ങൾക്കല്ലാം തണലും തുണയും അത്താണിയുമായി പ്രവർത്തിക്കുന്ന ഒരു പബ്ലിക് ലൈബ്രറിയുടെ അഭാവം ഈ വർഷത്തിൽ പരിഹരിക്കപ്പെടണം. അത് സാഹിത്യ കൃതികളേയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും കലവറമാത്രമായാൽ പോര. എല്ലാ വിജ്ഞാന ശാഖയിലേയും ആധികാരിക ഗ്രന്ഥങ്ങൾ റഫറൻസിനു ലഭിക്കുന്നവ കൂടി ആയിരിക്കണം. മറ്റു പല പഞ്ചായത്തുകളും പതിനൊന്നിന പരിപാടിയിലേറ്റെടുത്തു പ്രവർത്തനക്ഷമമാക്കിയ ഒരു കർമ്മ പരിപാടി കൂടിയാണിത്.

നാടൻ പാട്ടുകളുടെയും നാടൻ കലകളുടെയും പൈതൃകം കാത്തു സൂക്ഷിക്കുന്ന പഞ്ചായത്തുകളിലൊന്നാണ് നമ്മുടെത്. വടക്കൻ പാട്ടുകളുടെ ഈണവും ഇമ്പവും ലാളിത്യവും നമ്മുടെ വയലേലകളെ പണ്ട് പുളകമണിയിച്ചിരുന്നു. ഐവരുകളിയും, തട്ടിൻമേൽകളിയും, പരിചമുട്ടും കളിയും കണ്ടും കേട്ടും ആസ്വദിച്ചവയാണ് നമ്മുടെ ഗ്രമാന്തരങ്ങൾ. കാളകളിയും മൂക്കൻ ചാത്തനും പുതിയ രൂപത്തിലും ഭാവത്തിലും നമ്മുടെ ഗ്രാമാന്തരങ്ങളിൽ പുനർജനിക്കണം. തുയിലുണർത്തു പാട്ടിലെയും, നാവോറിന്റെയും സർപ്പപാട്ടിലെയും, നന്തുണി പാട്ടിലെയും ഭഗവതി പാട്ടിലെയും ശൈലിയിൽ മാറ്റം വരാത്ത വിധം അവയുടെ ഉള്ളടക്കത്തിൽ കാലോചിതമായ ഊർജം പകരുവാൻ കഴിയുന്ന കലാകാരന്മാരും നമ്മുടെ നാട്ടിൽ ജീവിച്ചിരിപ്പുണ്ട്. എന്തിന്, ഒരു കാലത്ത് സമൂഹത്തിലെ എല്ലാ വിഭാഗത്തെയും ആകർഷിച്ചിരുന്ന പൊറാട്ടുനാടകം പുതിയ രീതിയിൽ പുനരാവിഷ്ക്കരിക്കാൻ കഴിവുള്ള അഭിനയ കലാകുശലരും നമ്മുടെ നാട്ടിലുണ്ട്. വേണമെങ്കിൽ ഉത്തര കേരളത്തിൽ ഇന്നും വളരെയേറെ പ്രചാരമുള്ള പൊട്ടൻ തെയ്യം ദത്തെടുക്കാനും നമുക്ക് കഴിയും. നമ്മുടെ പ്രചീന കലാസമ്പത്തിനെ സംസ്കാരത്തിന്റെ ആദ്യാക്ഷരങ്ങളെ കാത്തു രക്ഷിക്കണം, പരിപോഷിപ്പിക്കണം, വളർത്തണം.

കവികൾ, കഥാകൃത്തുക്കൾ, നാടകകൃത്തുകൾ തുടങ്ങിയ സാഹിത്യ സപര്യകളുടെ ഒരു വലിയ നിരയും നമ്മുടെ പഞ്ചായത്തിൽ കണ്ടെത്താൻ കഴിയും. വായനശാലകളും കലാസമിതികളുമായി ബന്ധപ്പെട്ടവരാണവർ. സ്വന്തമായി നാടകങ്ങളെഴുതി അവതരിപ്പിക്കാൻ കെല്പുള്ളവരും അക്കൂട്ടത്തിൽ ഉൾപ്പെടുന്നു.

നൃത്തം പഠിക്കുന്നവരും നൃത്ത വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിലുണ്ട്. പ്രൈമറി തലം മുതൽ പരിശീലിപ്പിക്കാനുള്ള സൗകര്യങ്ങളുണ്ടായാൽ ആ കലാവിഭാഗവും പരിപുഷ്ടമാകാനുള്ള സാധ്യത നമ്മുടെ പഞ്ചായത്തിൽ കുറവല്ല.

സമൂഹത്തിലെ എല്ലാ തലങ്ങളിലും പെട്ട ചെറു



97

പ്പക്കാരെ യോജിപ്പിച്ചു നിരത്തുന്ന യുവജന സംഘടനകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അതിലൊന്നാണ് യൂത്ത്ചെയ്മ്പർ എളവള്ളി. യുവജനസംഘം, തുടങ്ങിയ സംഘടനകളും അക്കൂട്ടത്തിൽപെടുന്നു. രക്തദാനവും നേത്രദാനവും ജനശ്രദ്ധയിൽ കൊണ്ടുവരാൻ പ്രത്യേകമായി പ്രവർത്തിക്കുന്ന യുവജനവേദി ചിറ്റാട്ടുകര മർച്ചന്റ് അസോസിയേഷന്റെ യൂത്ത്വിങ്ങ് എന്ന പേരിലും പ്രവർത്തിക്കുന്നുണ്ട്. എല്ലാ വിഭാഗത്തിൽ പെട്ട യുവജനങ്ങളുടെയും സർഗ്ഗശക്തി ജനനന്മക്കു പ്രയോജനപ്പെടുത്താൻ ആത്മാർത്ഥമായി പ്രവർത്തിക്കുന്ന യുവജന സംഘടനകളുടെ ഒരു ശൃംഖല നമ്മുടെ പഞ്ചായത്തിൽ ഈ പഞ്ചവത്സര പദ്ധതിക്കാലത്തുണ്ടാകണം. പദ്ധതി നിർവ്വഹണത്തിൽ പ്രവർത്തിക്കുന്ന യുവജനങ്ങളുടെ ശ്രദ്ധ ഈ ദിശയിലേക്ക് കൂടി തിരിച്ചുവിടാൻ ബോധപൂർവ്വമായൊരു ശ്രമം പഞ്ചായത്ത് ഭരണ സമിതിയുടെ ഭഗത്തുനിന്നുണ്ടാകണം.

## കായികരംഗം

കായികരംഗത്ത് പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ വേണ്ടത്ര കോർട്ടുകളില്ലാത്തതിനാൽ പരിശീലനത്തിന് മകരകൊയ്തു കഴിയുന്നതു വരെ കാത്തിരിക്കേണ്ട ദുസ്ഥിതിയാണ്. കോർട്ടിനുപയുക്തമായിരുന്ന വയലുകൾ തെങ്ങിൻ തോപ്പുകളായി മാറുന്നതിനാൽ ആ വഴിയും പ്രായേണ അടഞ്ഞുവരികയാണ്. പഞ്ചായത്ത് ഒരു കോർട്ടിന് സ്ഥലമെടുത്തിരുന്നു. എന്നാൽ അത് ഒരു കളിസ്ഥലമായി ഉപയോഗിക്കാൻ പറ്റിയതല്ല എന്ന കാര്യത്തിൽ പക്ഷാന്തരമില്ല. ഇപ്പോൾ എടുത്ത സ്ഥലം മറ്റെന്തെങ്കിലും പ്രയോജനപ്രദമായ പദ്ധതിക്ക് ഉപയോഗപ്പെടുത്തുകയും പഞ്ചായത്ത് നല്ലൊരു കോർട്ടിന് പുതിയൊരു സ്ഥലം കണ്ടു പിടിക്കുകയും വേണം. പ്രസ്തുത സ്ഥലം കഴിയുന്നതും പഞ്ചായത്തിലെ മിക്കവാറും എല്ലാ വാഡുകളിലേയും ക്ലബ്ബുകാർക്ക് ഉപയോഗിക്കാൻ കഴിയുന്ന ദൂരപരിധിക്കകത്താവണം. ഭാവിയിലെങ്കിലും നമ്മുടെ പഞ്ചായത്തിലെ എല്ലാ വാർഡിലും ഒരു കോർട്ട് എന്ന പരിമിതമായ ലക്ഷ്യവും കൈവരിക്കാൻ നമുക്ക് കഴിയണം.

പുതിയ തലമുറയെ കായികരംഗത്തേക്കാകർഷിക്കാൻ സ്കൂൾതലത്തിൽ കായിക മത്സരങ്ങൾ സംഘടിപ്പിക്കണം. പഞ്ചായത്ത് തലത്തിലും വർഷം പ്രതി മത്സരം സംഘടിപ്പിക്കണം. അതുവഴി പഞ്ചായത്തു തലത്തിൽ കണ്ടെത്തുന്ന പ്രതിഭകളെ സമ്മാനം കൊടുത്തു പ്രോത്സാഹിപ്പിച്ചാൽ മാത്രംപോരാ അവർക്കഭിരുചിയുള്ള കളികളിലും സ്പോട്സിലും ഉയർന്ന പരിശീലനം ലഭിക്കുന്നതിനുള്ള സൗകര്യങ്ങളും ഉണ്ടാക്കണം. പഞ്ചായത്തു തലത്തിൽനടത്തുന്ന യുവജനോത്സവങ്ങളുടെ ഭാഗമായിത്തന്നെയാണ് പഞ്ചായത്തിലെ വിവിധ വിദ്യാലയങ്ങളിലെ കായിക പ്രതിഭകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഈ മത്സരങ്ങളും സംഘടിപ്പിക്കേണ്ടത്.

## കളരിപ്പയറ്റ്

കളരിപ്പയറ്റ് കേവലം ആയുധാഭ്യാസം മാത്രമല്ല, ശാരീരികവും മാനസികവുമായ ശക്തിയും ജാഗ്രതയും അച്ചടക്കവും കൃത്യനിഷ്ഠയും വികസിപ്പിക്കാൻ ഉപയുക്തമായ ഒരു ഉപാധി കൂടിയാണ്. ആയോധന കലയുടെ അനന്ത സാദ്ധ്യതയും സൗന്ദര്യവും അത് അവതരിപ്പിക്കുമ്പോൾ അനുഭവപ്പെടുന്നു. നമ്മുടെ പഞ്ചായത്തിൽ അതൊരു കലയായി അഭ്യസിച്ചവർ പലരും ജീവിച്ചിരുപ്പുണ്ട്. കടത്തനാടൻ കളരിപ്പയറ്റു മുറയുടെ പ്രചാരകരായ വി.കെ.എൻ. കളരിസംഘത്തിന്റെ ഒരു ശാഖ 1955 മുതൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ശ്രീ പി.സി.ദാമോദരനാണ് കളരിആശാൻ. പി.കെ.ബി.കളരിസംഘത്തിന്റെ പല ശാഖകളും ഇവിടെ പ്രവർത്തിച്ചുവരുന്നു.

## കരകൗശലകല

കരകൗശലകലയിൽ പ്രശസ്തനായിരുന്ന ശ്രീ പി.ആർ.നാരായണന് ജന്മം നൽകിയ പുത്തൻകുളം കുടുംബം നമ്മുടെ പഞ്ചായത്തിലാണ്. ദാരുശില്പകലയിൽ ഈ കുടുംബക്കാർക്കുള്ള വൈദഗ്ധ്യം അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ മടിച്ചു നിൽക്കുകയാണ്. നാരായണൻ അകാലത്ത് അന്തരിച്ചു എങ്കിലും അദ്ദേഹത്തന്റെ അനന്തരതലമുറ കലോപാസകരായി തുടരുകയാണ്. അവരെ പ്രോത്സാഹിപ്പിക്കുവാൻ നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ തയ്യാറാവണം. അതോടൊപ്പം ആ കലയെ പ്രോത്സാഹിപ്പിക്കാനും നമുക്ക് കഴിയണം.

# IV. 11

# വനിത

എളവള്ളി ഗ്രാപഞ്ചായത്തിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ കൂടുതലാണെങ്കിലും സ്ത്രീകൾ ഇന്നും വീടുകളിൽ കുടുംബജീവിതവുമായി ഒതുങ്ങി ക്കഴിയുന്ന പ്രവണതയാണ് കാണുന്നത്.

സാമൂഹ്യ സാംസ്കാരിക മേഖലയിൽ പഴയകാല ചരിത്രം നോക്കുമ്പോൾ വനിതകളുടെ പങ്കാളിത്തം ഇല്ല എന്ന്തന്നെ പറയാം .

ഇന്ന് പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസത്തിന് സൗകര്യം ഇല്ല എങ്കിൽപ്പോലും സാമാന്യം നല്ല വിദ്യാഭ്യാസം നേടിയ വനിതകൾ ഉണ്ട് എന്നത് എടുത്തു പറയത്തക്ക നേട്ടമാണ്. അദ്ധ്യാപന രംഗ ത്താണ് വിദ്യാഭ്യാസമുള്ള വനിതകൾ കൂടുതലും ശ്രദ്ധ കേന്ദ്രീകരിച്ചു കാണുന്നത്.

വനിതകളെ വ്യവസായത്തിലേക്ക് ആകർഷിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സർക്കാർ തലത്തിൽ തൊഴിൽ പരിശീലന ക്ലാസുകൾ ആരംഭിക്കണം.

പഞ്ചായത്ത്തോറും 'വനിതാ വ്യവസായ സമിതികൾ' ആരംഭിക്കണം. ഇതെല്ലാം സാധാരണക്കാരിലേക്ക് എത്തിക്കുകയും വേണം.

ഇന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വനിതാ വ്യവസായ സംരംഭങ്ങൾ അറിയാനുള്ള അവസരം പലപ്പോഴും ഇല്ലാത്ത അവസ്ഥയിലാണ് ഗ്രാമീണ വനിതകൾ. അതിന് ഒരു വാർഡിൽനിന്ന് ഒരു വനിതാ പ്രതിനിധി എന്ന രീതിയിൽ പഞ്ചായത്ത് തലത്തിൽ 'വനിതാ വ്യവസായ സമിതികൾ' രൂപീകരിക്കണം.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ വനിതകൾക്കുവേണ്ടി ആരംഭിക്കുന്ന പദ്ധതികൾ യഥാസമയം പഞ്ചായത്തിലെ വനിതാ വ്യവസായ സമിതികളിൽ അറിയിക്കാനുള്ള അവസരം വ്യവസായ ഓഫീസർ മുഖേന സംജാതമാക്കണം. പ്രസ്തുത സമിതി യോഗം ചേർന്ന് പഞ്ചായത്ത് തലത്തിലോ വാർഡ് തലത്തിലോ കൂട്ടായോ ഒറ്റക്കോ നടത്താവുന്ന വ്യവസായങ്ങൾ ചർച്ച ചെയ്ത് ആരംഭിക്കാൻ വേണ്ട ശ്രമങ്ങൾ ഉണ്ടാകണം. അതേ സമയം അഞ്ച് വനിതാ യൂണിറ്റുകൾ മാത്രമാണ് പഞ്ചായത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

ചെറുകിട വ്യവസായങ്ങളിൽ വനിതകൾ കൂടുതലുള്ളത് ബീഡിത്തൊഴിലാളി മേഖലയിലാണ്. കെട്ടിട നിർമ്മാണ രംഗത്തും സ്ത്രീകളുടെ പങ്ക് കൂടുതലാണ്. കാർഷികരംഗത്ത് വനിതകൾ കൂടുതൽ താൽപ്പര്യം കാണിക്കുന്നില്ല. കാരണം എന്നും തൊഴിൽ ലഭിക്കുന്ന മേഖലയല്ല ഇത് എന്നതുതന്നെ.

വിധവകളും അഗതികളുമായ സ്ത്രീകളെ സംരക്ഷിക്കേണ്ടതിലേക്ക് പഞ്ചായത്തിൽ പ്രത്യേകം സംഘം ഉണ്ടാക്കി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ അവരെ പുനരുജ്ജീവിപ്പിക്കാനും ജോലി നൽകാനും കഴിയണം. വിധവകളുടെ മക്കൾ പ്രായപൂർത്തിയായിട്ടില്ലെങ്കിൽ കുട്ടികളുടെ സംരക്ഷണയിലേക്ക് ധനസഹായം ചെയ്യാൻ പഞ്ചായത്ത്തലത്തിൽ വിധവ, അഗതി ഫണ്ട് സ്വരൂപിക്കണം. ഫണ്ടിലേക്ക് പഞ്ചായത്തിലെ ഉദാരമതികളുടെ സംഭാവനയും മറ്റും പ്രയോജനപ്പെടുത്താം. കലാപ്രദർശനങ്ങളും ഇതിനായി നടത്താം.



99

വനിതാ സംഘടനകളുടെ പ്രതിനിധികൾ പ്രസ്തുത യൂണിറ്റിൽ അംഗങ്ങളായാൽ കൂടുതൽ നന്നായിരിക്കും.

നമ്മുടെ വനിതകൾ ഇന്ന് നേരിടുന്ന സാമൂഹികമായ അടിച്ചമർത്തലുകൾ ചർച്ച ചെയ്യപ്പെടേണ്ടതാണ്. സ്ത്രീധന മരണങ്ങളും സ്ത്രീ പീഡനങ്ങളും സമൂഹത്തിൽ ഉയർന്നു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. സ്ത്രീ എല്ലാവരുടേയും കണ്ണിൽ ഉപഭോഗ വസ്തു മാത്രമാണ്. അമ്മയും ഭാര്യയും മകളും എല്ലാമായ സ്ത്രീയെ നാം കേവലം പരസ്യ വസ്തുക്കളായി മാത്രം മാറ്റിയിരിക്കുന്നു. നമ്മുടെ സമൂഹത്തിൽ സ്ത്രീകളെക്കുറിച്ച് ഇന്ന് നിലവിലുള്ള കാഴ്ചപ്പാടിൽ മാറ്റം വരുത്തണം. ഇതിന് നമ്മുടെ വീടുകളിൽതന്നെ വനിതകളുടെ കാഴ്ചപ്പാടിൽ മാറ്റം വരേണ്ടതാണ്. കൂട്ടുകുടംബങ്ങളിൽനിന്ന് ന്യൂക്ലിയർ കുടുംബങ്ങളിലേക്ക് മാറിയ നമ്മുടെ ഗാർഹിക സാഹചര്യങ്ങൾ പടിഞ്ഞാറിന്റെ വേലിയേറ്റത്തിൽ വന്ന മാറ്റങ്ങൾ സ്ത്രീകളെപ്പറ്റിയുള്ള യുവതലമുറയുടെ കാഴ്ചപ്പാടുകളെ വികലമാക്കുന്നതിൽ പങ്കു വഹിക്കുന്നുണ്ട്. അത് ചർച്ച ചെയ്യേണ്ടതും പരിഹാര നിർദ്ദേശങ്ങൾ കാണേണ്ടതുമാണ്.

അതോടൊപ്പം തന്നെ നമ്മുടെ സ്ത്രീകളിൽ കൂടിക്കൊണ്ടിരിക്കുന്ന ആഭരണ പ്രേമവും ഫാഷൻ ഭ്രമവും ഉപഭോഗ സംസ്കാരത്തിലധിഷ്ഠിതമായ ചിന്താരീതിയുടെ പ്രതിഫലനമാണ്. ഈ ചിന്താരീതിയിൽ മാറ്റം വരുത്താൻ ബോധപൂർവമായ ശ്രമങ്ങൾ വേണം. ആർഭാട പൂർണ്ണമായ നമ്മുടെ വിവാഹച്ചടങ്ങുകൾ വിമർശനത്തിനു വിധേയമാക്കേണ്ടതാണ്. അതോടൊപ്പം തന്നെ വിവാഹത്തിനു ശേഷം സ്ത്രകൾ അനുഭവിക്കേണ്ടി വരുന്ന പീഡനങ്ങൾ പരിഹരിക്കുന്നതിന് ഗ്രാമതലത്തിൽ ഗ്രാമസഭകൾക്ക് കഴിയണം. കുടുംബകോടതികളെ ഗ്രാമസഭയുമായി ബന്ധിപ്പിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്. സ്ത്രീ പീഡനങ്ങളിൽ ഉൾപ്പെടുന്നവരെ സാമൂഹികമായി ഒറ്റപ്പെടുത്താൻ ഗ്രാമസഭകളെ ശക്തപ്പെടുത്തുന്നതിലൂടെ മാത്രമേ കഴിയൂ.

നമ്മുടെ പഞ്ചായത്തിലെ കുടുംബിനികളെ കൂട്ടിച്ചേർത്തുകൊണ്ട് സ്ത്രീ വേദികൾക്ക് രൂപം കൊടുക്കുന്ന കാര്യം ആലോചിക്കണം. 50 കുടുംബങ്ങൾക്ക് ഒരു സ്ത്രീവേദി എന്നത് ആലോചിക്കാം. അവർ യോഗം ചേർന്ന് ചർച്ച ചെയ്യട്ടെ. അതിൽ കുടുംബജോലികൾ ലഘൂകരിക്കുന്നതിന്റെ കാര്യങ്ങൾ മുതൽ ചെറിയ തൊഴിൽ സംരംഭങ്ങൾ വരെ ആലോചിക്കാം. ഇത് ചിട്ടയായി നടക്കുകയാണെങ്കിൽ ഗ്രാമതലത്തിൽ ഒരു വനിതാ കൂട്ടായ്മ എന്നത് മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്ന പ്രവർത്തനമായി മാറുമെന്നതിൽ തർക്കമില്ല.



100

# IV. 12

# വിഭവസമാഹരണം

എളവള്ളി ഗ്രാമപഞ്ചായത്തിലെ വിഭവസമാഹരണ ലക്ഷ്യപ്രാപ്തികൾ പ്രധാനമായി ഊന്നൽ നൽകേണ്ടത് പുതിയ വ്യവസായശാലകളിലും ചെറുകിട വ്യവസായ സ്ഥാപനങ്ങളിലും നവീന കൃഷി സമ്പ്രദായത്തിലുമാണ്.

അഭ്യസ്തവിദ്യരായ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും വ്യവസായങ്ങൾ വഴി പഞ്ചായത്തിലെ വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ കൈവരിക്കാനും വരുമാനമാർഗ്ഗം പുഷ്ടിപ്പെടുത്താനും കഴിയുക എന്നതാണ് പരമപ്രധാനമായ ലക്ഷ്യം.

പഞ്ചായത്തിലെ മരാമത്ത് പണികൾ കാലാകാലമായി പിൻതുടരുന്ന ശൈലിമാറ്റി, ജനപങ്കാളിത്തത്തോടെ മനുഷ്യാധ്വാനം ഉപയോഗപ്പെടുത്തക്ക രീതിയിൽ നിയമ നിർമ്മാണം നടത്തി ജനകീയ സമിതികളെ ഏല്പിക്കുക വഴി ഒരു പരിധിവരെ തൊഴിലില്ലായ്മ പരിഹരിക്കാൻ സാധിക്കുമെന്നതിന് തർക്കമില്ല.

പഞ്ചായത്തിന്റെ കുന്നുകൾ, പുഴകൾ, തോടുകൾ, കൈയേറിയ മറ്റുസ്ഥലങ്ങൾ കൃത്യമായി അളന്ന് രേഖപ്പെടുത്തി പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലും കൈവശത്തിലും കൊണ്ടുവരിക.

പ്രസ്തുത ഭൂമി കൃഷിക്കോ, വ്യവസായത്തിനോ ഉതകുന്നതാണെങ്കിൽ ആ മേഖലയില അവസ്ഥ മുൻനിർത്തി മുൻഗണന കൃഷിക്കാണെങ്കിൽ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ അനുയോജ്യമായ കൃഷി മാതൃകാപരമായി നടത്തുക വഴി നമ്മുടെ പഞ്ചായത്തിന് വരുമാനത്തിനേക്കാൾ ഉപരി സ്ഥലത്തിന്റെ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്താനാകും.

പഞ്ചായത്തിൽ തുടർച്ചയായി 3 വർഷം കൃഷിയിറക്കാതെ തരിശ്ശായി കിടക്കുന്ന ഭൂമി ഏറ്റെടുത്ത്, കൃഷിയിറക്കുക വഴി, പഞ്ചായത്തിന് വരുമാനവും ജനങ്ങളുടെ തരിശിടുന്ന പ്രവണത ഇല്ലാതാകുകയും ചെയ്യും.

ഈ കാര്യത്തിൽ പഞ്ചായത്ത് ഊർജ്ജസ്വലതയോടെ പ്രവർത്തിച്ചേ മതിയാകൂ. ഭൂ ഉടമക്ക് കൃഷിയിറക്കാൻ താല്പര്യമില്ല എങ്കിൽ, അഥവാ സാഹചര്യം അനുകൂലമല്ലെങ്കിൽ പഞ്ചായത്തിനെ വിവരം ധരിപ്പിച്ചാൽ, ആ ഭൂമി പാട്ടത്തിന് ഏറ്റെടുത്ത് കൃഷിയിറക്കാൻ പഞ്ചായത്ത് സന്നദ്ധത കാട്ടുകയാണെങ്കിൽ വ്യക്തികൾക്ക് പാട്ടത്തിന് കൊടുക്കുന്നതിനേക്കാൾ കൂടുതൽ, പഞ്ചായത്തിനെ ഏല്പിക്കാൻ തല്പരരാകുമെന്നു കരുതുന്നു.

പ്രസ്തുത സംവിധാനത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിച്ച് നാടിന്റെ നാണ്യവിളയിൽ ഗണ്യമായ പുരോഗതി ആർജ്ജിക്കാൻ തരിശ് ഭൂമികൾ വിളഭൂമികളാക്കി മാറ്റാനും നമുക്ക് സാധിക്കും.

എളവള്ളി ഗ്രാമപഞ്ചായത്തിലെ വരുമാനത്തിൽ മുഖ്യസ്ഥാനം വഹിക്കുന്നത് കാർഷികമേഖലയിലെ വരുമാന മാർഗ്ഗമാണ്. പ്രകൃതിദത്തമായി നമുക്ക് കിട്ടികൊണ്ടിരിക്കുന്ന നാളികേരം, നെല്ല്, അടക്ക, കശു

വണ്ടി, കുരുമുളക്, വാഴപ്പഴം എന്നിവയിൽ നിന്ന് കിട്ടുന്ന വരുമാനം പഞ്ചായത്തിന്റെ നാനാ പുരോഗതിക്ക് എന്നും താങ്ങും തണലുമായി വർത്തിച്ചിട്ടുണ്ട്.

എന്നാൽ കാർഷികരംഗത്ത് കാർഷിക വിളകൾക്ക് ന്യായവില ലഭിക്കാത്തതുകൊണ്ട് കാർഷികരംഗം പൊതുവെ മുരടിക്കുകയും ഉല്പാദനക്ഷമത അനുദിനം കുറയുകയും കർഷകൻ കാർഷികവൃത്തിയിൽനിന്ന് അകന്നു പോകുന്ന ഒരു പ്രവണതയുമാണ് ഇന്ന് കാണുന്നത്.

ഈ ഗുരുതരമായ പ്രശ്നം പരിഹരിക്കുന്നതിന് കാർഷിക വിളകൾക്ക് കാലോചിതമായ ന്യായവില ഉറപ്പു വരുത്തുകയും, കാർഷികവിളകൾ സഹകരണാടിസ്ഥാനത്തിൽ സംഭരിക്കുവാനും സംഭരിച്ച വിളകൾ സംസ്കരിക്കാനും പഞ്ചായത്തുകൾക്ക് അധികാരം നൽകുന്ന നിയമ നിർമ്മാണം സർക്കാറിന്റെ ഭാഗത്തുനിന്ന് ഉണ്ടായാൽ കാർഷികമേഖല അഭിവൃദ്ധിപ്പെടുകയും തന്മൂലം വിഭവ സമാഹരണ രംഗത്ത് ഗണ്യമായ പുരോഗതി കൈവരിക്കാനാകുകയും ചെയ്യും.

പഞ്ചായത്തിൽ ഗ്രാമ ചന്തകൾ തുറന്ന്, ഉല്പാദിപ്പിക്കുന്ന വസ്തുക്കൾ വിറ്റഴിച്ച് കർഷകർക്ക് ന്യായവില ലഭിക്കുമെന്ന് ഉറപ്പു വരുത്തണം. അതോടൊപ്പംതന്നെ വിലവർദ്ധനവിനെ പിടിച്ചു നിർത്താൻ പൊതു വിതരണ രംഗത്ത് ഇടപെടാൻ പഞ്ചായത്തുകൾക്ക് കൂടുതൽ അധികാരം നൽകണം.

ഗൾഫ് മേഖലയിൽ ജോലിചെയ്യുന്നവരുടെ വരുമാനം സഹകരണ ബാങ്കുകൾ വഴി നമുക്ക് ലഭിക്കുകയാണെങ്കിൽ ആ സംഖ്യ കാർഷികാവശ്യത്തിനും വിനിയോഗിക്കുക വഴി പഞ്ചായത്തിന്റെ പുരോഗതിക്ക് തിളക്കമാർന്ന തുടക്കം കുറിക്കാമെന്നതിൽ സംശയമില്ല.

ആയതുകൊണ്ട് പഞ്ചായത്ത് നേരിട്ട് NRE സംവിധാനം സഹകരണ ബാങ്കുകളിലേക്ക് ആകർഷിക്കത്തക്ക രീതിയിൽ സർക്കാർ നിയമനിർമ്മാണം നടത്തണം.

പഞ്ചായത്തിലെ മറുനാടൻ മലയാളികൾ അവരുടെ പേരും അഡ്രസും ജോലിസ്ഥലവും മറ്റും പഞ്ചായത്തിൽ രജിസ്ട്രർചെയ്യുകയും പൊതു ഉടമയിലൊ സ്വകാര്യ ഉടമയിലൊ സ്ഥാപനങ്ങൾ തുടങ്ങുമ്പോൾ ഓഹരിക്കാരായി ഇവരെ സ്ഥാപനത്തിൽ പങ്കാളികളാക്കാനും നാട്ടിൽ തിരിച്ചു വന്നാൽ ജീവിതമാർഗ്ഗം ഭദ്രമാക്കാനും പഞ്ചായത്തിന്റെ വികസനത്തിൽ പങ്കാളികളാക്കുന്നതിന് അവസരങ്ങൾ ഉണ്ടാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ മുഖ്യവരുമാനമായ കെട്ടിട നികുതി, സ്ഥാപനങ്ങളുടെ ലൈസൻഫീസ് എന്നിവ കൃത്യവും സത്യസന്ധവുമായി പിരിച്ചെടുക്കുന്നതിന് ശക്തവും ലളിതവുമായ സംവിധാനം ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

വീടുകൾക്ക് നികുതി ഈടാക്കുമ്പോൾ വീടിന്റെ വിസ്തീർണ്ണം മാനദണ്ഡമാക്കുകയും ആഡംബര വസ്തുക്കൾ, വിലകൂടിയ സാമഗ്രികൾ, മതിലുകൾ എന്നിയവുടെ ഉപയോഗം കണക്കാക്കി വീടുകളെ പല തട്ടുകളാക്കി തിരിച്ച് A, B, C, D എന്നീ സീരിയലുകളിൽ സ്ലാബ് സമ്പ്രദായത്തിൽ സംഖ്യകൾ നിശ്ചയിച്ച് പ്രസ്തുത സംഖ്യക്ക് നിശ്ചയിച്ച തീയതികളിൽ നികുതി അടക്കാൻ സൗകര്യപ്പെടുത്തുകയും ചെയ്യുക വഴി പഞ്ചായത്തിന് നികുതി ഇനത്തിൽ ഗണ്യമായ പുരോഗതി ഉണ്ടാക്കാൻ സാധിക്കും.

നിലവിലുള്ള കമ്മ്യൂണിറ്റിഹാൾ, താഴത്തെ നിലയിൽ ഷോപ്പിങ്ങ് ക്ലോംപ്ലക്സും മുകളിൽ കല്യാണ ആവശ്യങ്ങൾക്കും മറ്റും ഉപയോഗിക്കാവുന്ന രീതിയിലുള്ള ഒരു ഹാളും ചേർത്ത് പണി കഴിപ്പിച്ചാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും.

പഞ്ചായത്തിന്റെ വ്യവസായ പുരോഗതിക്കും കാർഷിക വിളകളുടെ കയറ്റു ഇറക്കുമതികൾക്കും പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന ഗുരുവായൂർ തൃശൂർ റെയിൽവെയിൽ എളവള്ളി (പാറക്കടുത്ത്) യിൽ ഒരു റെയിൽവെ സ്റ്റേഷൻ സ്ഥാപിക്കുകയാണെങ്കിൽ ഉപകാരപ്രദമാകും. വ്യാവസായിക പുരോഗതിയുള്ള പാവറട്ടി, തൈക്കാട്, മുല്ലശ്ശേരി, ഏനാമാവ്, എന്നീ മേഖലകൾക്ക് സ്വാഭാവികമായും ഈ സ്റ്റേഷനെ ആശ്രയിക്കാം.

പ്രസ്തുത സ്റ്റേഷനോടനുബന്ധിച്ച് പഞ്ചായത്തിന് വിവിധ തുറകളിൽ വരുമാനത്തിന് ഗണ്യമായ പുരോഗതി അനുഭവപ്പെടും. ഗോഡൗണുകൾ, ഓഫീസുകൾ, കച്ചവട സ്ഥാപനങ്ങൾ, ചെറുതും വലുതുമായ കമ്പനികൾ എല്ലാം പഞ്ചായത്തിന്റെ വരുമാനം പതിൻമടങ്ങ് വർദ്ധിപ്പിക്കുമെന്നതിന് സംശയമില്ല.



102

പഞ്ചായത്തിൽ വീടുകൾ പണിയാൻ തുടങ്ങുമ്പോൾ മുൻകൂർ അനുമതി വാങ്ങിയിരിക്കണം എന്ന ഒരു നിയമം വന്നാൽ, വരുമാനം മാനദണ്ഡമാകുമ്പോൾ, ദീർഘവീക്ഷണമില്ലാതെ വീടുപണിയാൻ ആരംഭിക്കുന്ന വ്യക്തികളെ ഒരു പരിധിവരെ തടഞ്ഞു നിർത്താം.

ഇന്ന് അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു ശൃംഖലയാണ് ബ്ലേഡ് കമ്പനി എന്ന് ഓമനപ്പേരിൽ വിളിക്കുന്ന പണമിടപാട് സ്ഥാപനങ്ങൾ. പ്രസ്തുത സ്ഥാപനങ്ങളുടെ വേലിയേറ്റം നാൾക്കുനാൾ സഹകരണ ബാങ്കുകളുടെ അടിത്തറ പൊളിക്കുന്ന കാഴ്ചയാണ് എങ്ങും ദൃശ്യമാകുന്നത്. ഇവയെ നിയമത്തിൽ പരിധി നിശ്ചയിച്ചും സ്ഥലത്തിന്റെ പരിധിയിൽ നിയന്ത്രിച്ചും മാത്രമേ ജനങ്ങളുടെ ഭാവിയിലെ വിപത്തിനെ ഒരു പരിധിവരെയെങ്കിലും ഇന്ന് കടിഞ്ഞാണിടാൻ കഴിയു.

ബ്ലേഡ് കമ്പനികളെ ഇങ്ങനെ നിയന്ത്രിച്ചാൽ സഹകരണ ബാങ്കുകളിൽ പണ സമാഹരണം വർദ്ധിക്കുകയും അതുവഴി കർഷകർക്കും വ്യവസായികൾക്കും മിതമായ നിരക്കിന് ലോണുകൾ കൊടുത്തുകൊണ്ട് കാർഷിക മേഖലയെയും വ്യാവസായിക മേഖലയെയും പുഷ്ടിപ്പെടുത്താൻ സാധിക്കും.

പഞ്ചായത്തിലെ കുടുംബജീവിത പശ്ചാത്തലം നോക്കുമ്പോൾ എല്ലാവിധ നവീന സൗകര്യങ്ങളോടുകൂടിയ ഒരു അഗതി മന്ദിരം ആവശ്യമായി വരാൻ സാധ്യതയുണ്ട്. കാരണം കൂട്ടുകുടുംബത്തിന്റെ വേർപിരിയൽ, ആൺമക്കൾ ജോലിസംബന്ധമായി അന്യസ്ഥലങ്ങളിൽ താമസിക്കൽ, പെൺമക്കൾ വിവാഹം കഴിച്ചുകൊടുത്ത വീട്ടിൽ ഇങ്ങനെയുള്ള അവസ്ഥയിൽ രക്ഷിതാക്കൾ കൂടുതലും ഒറ്റക്കാണ് താമസിക്കുന്നത്. പിന്നെ വിവാഹം കഴിക്കാത്ത വയസ്സായവരും ഗ്രാമത്തിലുണ്ട്. അവർക്ക് ഇതൊരു അനുഗ്രഹമാണ്.

ഈ അവസ്ഥയിലാണ് പഞ്ചായത്തിൽ ഒരു അഗതി മന്ദിരം വേണമെന്നതിന്റെ പ്രസക്തി ഉയരുന്നത്. എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്ത അവസ്ഥയിൽ ജീവിക്കേണ്ടി വരുന്ന രക്ഷിതാക്കളെ സംരക്ഷിക്കാനും അവർക്കാശ്വാസം പകരാനും ഈ സംരഭത്തിന് കഴിയും. ഗൾഫ് മലയാളികളുടെ പങ്കാളിത്തത്തോടെ ഇതിനാവശ്യമായ ധനം കണ്ടെത്താവുന്നതാണ്. ഇത് പഞ്ചായത്തിന് വരുമാനവും ഒപ്പം ചാരിതാർത്ഥ്യവും നൽകും.

പഞ്ചായത്തിൽ നിലവിലുള്ള പൊതു ശ്മശാനത്തിൽ ആധുനിക രീതിയിൽ ഒരു 'ക്രിമിറ്റോറിയം' പണിതാൽ ഭാവിയുടെ ആവശ്യങ്ങൾ നിർവ്വഹിക്കാനും അതിൽനിന്നുള്ള ഫീസ് പഞ്ചായത്തിന് വരുമാനമാകും.

മനുഷ്യാധ്വാനം മനുഷ്യ വിഭവമാക്കിമാറ്റാൻ എല്ലാ തുറകളിലുള്ളവരും ഒരുമിച്ച് അധ്വാനം സംഭാവന ചെയ്താൽ മാത്രമേ ഐശ്വര്യപൂർണ്ണമായ ഒരു ഗ്രാമപഞ്ചായത്തെന്ന സ്വപ്നം സാക്ഷാത്ക്കരിക്കാൻ സാധിക്കു.

**വരുമാനത്തിലെ വ്യതിയാനം**

| ഇനം | 1991 - 92 | 1995 - 96 |
|---|---|---|
| തനത് വരുമാനം | 204987 | 120618 |
| കെട്ടിട നികുതി | 163133 | 315152 |
| വിനോദ നികുതി | 18122 | 35394 |
| തൊഴിൽ നികുതി | 70015 | 124805 |
| ഉപാധിരഹിത നികുതി | 238147 | 253994 |
| ജെ.ആർ.വൈ. | 369000 | 273600 |
| ഗ്രാന്റുകൾ, സംഭാവനകൾ | 283434 | 739411 |
| ആകെ വരവ് | 936864 | 1621738 |
| ചെലവ് എസ്റ്റാബ്ലിഷ്മെന്റ് | 285243 | 378737 |



103

# ഉപസംഹാരം

ഒരു പുതിയ അനുഭവത്തിന് നാം ദൃക്സാക്ഷികളാവുന്നു എന്ന ആമുഖ പ്രസ്താവത്തോടുകൂടിയാണ് ഈ റിപ്പോർട്ട് ആരംഭിച്ചത്. നാളിതുവരെ തുടർന്ന വികസന സമീപനത്തിൽനിന്നും, വികസന തന്ത്രത്തിൽനിന്നും വ്യത്യസ്തമായ സമീപനവും തന്ത്രവും ഒമ്പതാം പഞ്ചവത്സര പദ്ധതി കാര്യത്തിൽ നമ്മുടെ സംസ്ഥാനത്തിലെങ്കിലും സ്വീകരിച്ചുകാണുന്നതാണ് പുതിയ അനുഭവം. ആ സമീപനവും തന്ത്രവും ആ പഞ്ചവത്സര പദ്ധതിക്കാലം മുഴുവൻ ഊർജ്ജിത വീര്യത്തോടെ തുടരാൻ കഴിഞ്ഞാലേ നമ്മുടെ നാടിന്റെ സ്ഥായിയായ പുരോഗതി യാഥാർത്ഥ്യമാകൂ. നാം വിഭാവനം ചെയ്യുന്ന ക്ഷേമവും ഐശ്വര്യവും തളിരിട്ട് പൂവണിഞ്ഞ് സഫലമാകൂ.

വികസനം ഒരു നിരന്തര പ്രക്രിയയാണ്. സ്ഥായിയായ വികസനത്തിന് ആസൂത്രണം അനുപേക്ഷണീയവുമാണ്. വ്യക്തിയുടേയും സമൂഹത്തിന്റേയും ഒരു രാഷ്ട്രത്തിന്റേയും വികസനത്തിൽ ശരിയായ ആസൂത്രണം സദ്ഫലങ്ങളുളവാക്കും. സ്വാതന്ത്ര്യ സമ്പാദനത്തെ തുടർന്ന് നാളിതുവരെ നമ്മുടെ ഭരണാധിപന്മാർ കൈക്കൊണ്ട സമീപനവും തന്ത്രവും വികസനകേന്ദ്രീകൃതമായിരുന്നു. അചിരേണ ആ സമീപനവും തന്ത്രവും വികസനേതര താത്പര്യങ്ങളിൽ കുടുങ്ങുകയും ചെയ്തു. സാർവത്രികമായ അഴിമതിയിലാണ് വികസന സമീപനവും തന്ത്രവും അകപ്പെട്ടത്. സുതാര്യത നഷ്ടപ്രായമായി എന്ന് പറയേണ്ടതില്ലല്ലോ. ഗ്രാമാന്തരങ്ങളിൽ അധിവസിക്കുന്ന ജനങ്ങളുടെ ആഗ്രഹങ്ങളും അഭിലാഷങ്ങളും അവഗണിക്കപ്പെട്ടു എന്നതാണ് അതിന്റെ ആത്യന്തിക ഫലം.

ഈ പ്രക്രിയാ വിശേഷത്തിനു നേരെ വിപരീതമായ പ്രക്രിയയാണ് ജനകീയാസൂത്രണവും ജനപങ്കാളിത്തത്തോടുകൂടിയ പദ്ധതി നിർവഹണവും. എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഏറ്റവും താഴെ തട്ടിലുള്ള വാർഡുതലം തൊട്ട് എന്തെന്ത് വികസനം വേണമെന്ന ജനകീയാഭിലാഷങ്ങളും ആഗ്രഹങ്ങളും അവരുടെ പങ്കാളിത്തത്തോടെ കഴിയുന്നത്ര നിറവേറ്റുക എന്നതാണ് ജനകീയാസൂത്രണത്തിന്റെ ക്രിയാവിശേഷം. നിർവഹണത്തിലെ സുതാര്യത മുഖ്യ സവിശേഷതയും.


ഗ്രാമതലം തൊട്ടുള്ള ഈ വികസന പ്രക്രിയയിൽ കാർഷിക വ്യാവസായിക മേഖലകൾക്കാണ് പരമ പ്രാധാന്യം നൽകിയിട്ടുള്ളത്. ഈ മേഖലകളുടെ വളർച്ചയിലൂടെ പൊതുജനാരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ സേവന മേഖലകളെ ത്വരിപ്പിക്കലാണ് പുതിയ വികസന തന്ത്രം. നമ്മുടെ പഞ്ചായത്തിൽ 1950 മുതൽ വിജയകരമായി പരീക്ഷിച്ചതാണിത്. ജനപങ്കാളിത്തത്തോടെ വിജയം കൊയ്ത ആ പ്രക്രിയ ഒമ്പതാം പദ്ധതിയിൽ സംസ്ഥാനത്തൊട്ടാകെ പ്രായോഗികമാവുകയാണ്.

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം നാം നെയ്തെടുത്ത സ്വപ്നങ്ങൾ, ഗ്രാമസഭകളിൽ പ്രകടമായ വിചാര - വികാരങ്ങൾ, അടുത്ത അഞ്ചു വർഷത്തിനകം സഫലമാക്കാനുള്ള ഈ മഹാ യജ്ഞത്തിൽ ജാതി - മത - വിഭാഗീയതക്കും കക്ഷി രാഷ്ട്രീയ സങ്കുചിതങ്ങൾക്കും അതീതമായി ഒറ്റക്കെട്ടായി ഒന്നായി ഒരൊറ്റ ആത്മാവായി തികഞ്ഞ ജാഗ്രതയോടെ ഉയരാനും ഉത്തരവാദിത്തത്തോടെ വിജയം വരെ പ്രയത്നിക്കാനും നമുക്ക് ഇത്തരുണത്തിൽ പ്രതിജ്ഞയെടുക്കാം.

കാര്യക്ഷമമായ മാനദണ്ഡങ്ങളെ ആധാരമാക്കി മുൻഗണനാ ക്രമത്തിൽ ഓരോ പദ്ധതികളും നടപ്പാക്കുന്നതിന് നേതൃത്വം നൽകേണ്ടത് ഗ്രാമ പഞ്ചായത്തുകളാണ്. പഞ്ചായത്തുമായും പഞ്ചായത്ത് തല - ജനകീയാസൂത്രണ സമിതിയുമായും സർവാത്മനാ സഹകരിച്ച് നമുക്ക് ഈ പുത്തൻ വികസന പ്രക്രിയയുടെ പ്രയോക്താക്കളാകാം. നമ്മുടെ ഗ്രാമ പഞ്ചായത്തിൽ ജീവിച്ചിരിക്കുന്ന മനുഷ്യരുടേയും അനന്തര തലമുറയുടേയും അനസ്യൂതമായ പുരോഗതിക്ക് സമർപ്പിത മനസ്കരായി സഹകരിച്ചു എന്ന കൃതാർത്ഥത നമുക്കൊന്നിച്ചു പങ്കു വെയ്ക്കാം.

# എളവള്ളി ഗ്രാമ പഞ്ചായത്ത്

## ഭൂപടം



അധികാരം ജനങ്ങളിലേക്ക്

# വികസന റിപ്പോർട്ട്

OFFICE OF THE MULLASSERY GRAMA PANCHAYAT
P. O. MULLASSERY
THRISSUR DISTRICT
PIN-680 509

# മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

## മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്
## ഇപ്പോഴത്തെ ഭരണ സാരഥികൾ

| | | |
|---|---|---|
| കാതർ.എം.വി. | 1 ാം വാർഡ് | |
| ക്ലമന്റ് ഫ്രാൻസിസ് | 2 | ,, |
| വാസുദേവൻ.വി.കെ. | 3 | ,, |
| ഷീബ.ഒ.ആർ. | 4 | ,, |
| ജയൻ.കെ.കെ. | 5 | ,, |
| ബാജി.പി.ജി. | 6 | ,, |
| വള്ളിയമ്മു.വി.പി. | 7 | ,, |
| വിജയകുമാരി | 8 | ,, |
| അശോകൻ.ഒ.എ. | 9 | ,, |
| രജനിമനോഹരൻ. | 10 | ,, |

| | |
|---|---|
| അശോകൻ.ഒ.എ. | പഞ്ചായത്ത് പ്രസിഡണ്ട് |
| കാതർ.എം.വി. | വൈസ് പ്രസിഡണ്ട് |
| ജയൻ.കെ.കെ. | സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ |

# മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

# വികസന റിപ്പോർട്ട്

OFFICE OF THE MULLASSERY GRAMA PANCHAYAT
P. O. MULLASSERY
THRISSUR DISTRICT
PIN-680 509

## മുല്ലശ്ശേരി ഗ്രാമപഞ്ചായത്ത്

## മുൻകാല ഭരണ സമിതികൾ

**1964 — 79**

1. വി.കെ.കറപ്പക്കുട്ടി
2. ഇ.വി.പാപ്പച്ചൻ (പ്രസിഡണ്ട് 64–65)
3. പി.എസ്.രാഘവൻ (പ്രസിഡണ്ട് 65–79)
4. എം.വി.കൊച്ചുരാമൻ
5. കെ.എം.വേലായുധൻ
6. വി.സി.ഔസേപ്പ്
7. സി.മാധവൻ നായർ.

**1979 – 84**

1. എം.വി.കാതർ
2. കെ.കെ.പാറക്കട്ടി
3. ടി.കെ.അയ്യപ്പക്കുട്ടി
4. പി.കറപ്പൻ മാസ്റ്റർ
5. സി.എ.ചന്ദ്രൻ (പ്രസിഡണ്ട്)
6. തങ്കം ധർമപാലൻ
7. വി.എം.അന്തോണി
8. പി.ശ്രീധരൻ നായർ
9. മുരളി പെരുനെല്ലി (വൈസ് പ്രസിഡണ്ട്)

**1988 – 95**

1. പാത്തുമോൾ
2. ക്ലമന്റ്.സി.ഫ്രാൻസിസ്
3. വി.എസ്.കുമാരൻ
4. ഇ.ഡി.സണ്ണി.
5. സീമന്തിനി കറപ്പൻ
6. സി.എ.ചന്ദ്രൻ (പ്രസിഡണ്ട്)
7. എൻ.എസ്.പ്രേമൻ
8. ഒ.എ.അശോകൻ
9. മുരളി പെരുനെല്ലി (വൈസ് പ്രസിഡണ്ട്)

## ഉള്ളടക്കം


പഞ്ചായത്ത് അവലോകനം 7

ആമുഖം 8

ചരിത്ര പശ്ചാത്തലം 10

ഭൂ-ജല-ജനപ്രകൃതികൾ 12

വികസന മേഖലകൾ

1. കൃഷി - ജലസേചനം 16
2. മൃഗസംരക്ഷണം - മത്സ്യബന്ധനം 21
3. വ്യവസായം 25
4. ഗതാഗതം - ഊർജ്ജം - മാർക്കറ്റ് 29
5. വിദ്യാഭ്യാസം 40
6. കുടിവെള്ളം പൊതുജനാരോഗ്യം 44
7. സംസ്കാരം 51
8. വനിത 56
9. പട്ടികജാതിക്ഷേമം 59
10. പാർപ്പിടം - സാമൂഹ്യക്ഷേമം 62
11. സഹകരണം 71
12. വിഭവസമാഹരണം 74

## എഡിറ്റോറിയൽ ബോർഡ്

**മനോജ്.കെ.എൻ.**
**അശോകൻ.ഒ.എ.**
**ജേക്കബ്.സി.വി.**
**സന്തോഷ്.കെ.ബി.**
**അജിത്പ്രസാദ്.എൻ.ആർ.**
**സണ്ണി.ഇ.ഡി.**
**ജയൻ.വി.എം.**
**ഷീബ ഒ.ആർ.**
**വള്ളിയമ്മു.വി.പി.**
**രജനിമനോഹരൻ.**

*ഈ വികസന റിപ്പോർട്ട് സമർപ്പിക്കുമ്പോൾ ഇത് സമഗ്രമാണ് എന്നൊരു അവകാശവാദം ഞങ്ങൾക്കില്ല. തീർത്തും അപരിചിതമായൊരു മേഖല കൈകാര്യം ചെയ്തപ്പോഴുണ്ടാകാവുന്ന ഒരുപാട് പാകപ്പിഴകൾ ഈ റിപ്പോർട്ടിലും ഉണ്ടായിരിക്കാം. വേണ്ടത്ര വിവരങ്ങൾ വേണ്ട സമയത്ത് ലഭിച്ചിട്ടില്ല എന്നതിന് പുറമെ സമയക്കുറവും ഈ രേഖ തയ്യാറാക്കുന്നതിന് പ്രതിബന്ധമായിരുന്നു. കെട്ടിലും മട്ടിലും തനിമ പുലർത്താൻ കഴിഞ്ഞിട്ടില്ല എന്നു കരുതുന്നു. പഞ്ചായത്തിന്റെ ഒരു ഭൂപടം വരച്ചുചേർക്കാൻ കഴിഞ്ഞില്ല എന്നത് ഒരു പ്രധാന വീഴ്ചയായി കാണുന്നു. നമ്മുടെ ബ്ലോക്കിലെ മറ്റ് മൂന്ന് പഞ്ചായത്തുകളിലെയും വികസന സെമിനാറുകൾ അടുത്ത യാഴ്ചയിലേക്ക് മാറ്റിവച്ചപ്പോൾ നിർദ്ദേശിച്ച ദിവസം തന്നെ – നാളെ – 16 – 11 – 96 ന് നമ്മുടെ സെമിനാർ നടക്കുകയാണ്. പാകപ്പിഴകൾ പൊറുക്കുക. കുറവുകൾ ചൂണ്ടിക്കാട്ടുക. സഹകരിച്ചവർക്ക് നന്ദി. ഇനി സഹകരിക്കേണ്ടവർക്ക് സ്വാഗതം.*

*സ്നേഹത്തോടെ*
*ജനകീയാസൂത്രണസമിതിക്കുവേണ്ടി*
*എഡിറ്റോറിയൽ ബോർഡ്*

# പഞ്ചായത്ത് അവലോകനം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | മുല്ലശ്ശേരി ഗ്രമപഞ്ചായത്ത് |
| വില്ലേജുകൾ | : | മുല്ലശ്ശേരി, അന്നകര |
| ബ്ലോക്ക് പഞ്ചായത്ത് | : | മുല്ലശ്ശേരി |
| ജില്ലാ പഞ്ചായത്ത് | : | പാവറട്ടി |
| താലൂക്ക് | : | ചാവക്കാട് |
| ജില്ല | : | തൃശ്ശൂർ |
| അസംബ്ലി മണ്ഡലം | : | മണലൂർ |
| പാർലമെന്റ് മണ്ഡലം | : | തൃശ്ശൂർ |
| വിസ്തീർണ്ണം | : | 11.25 ച.കി.മീറ്റർ |
| ജനസംഖ്യ | : | 21,615 |
| പുരുഷന്മാർ | : | 10,771 |
| സ്ത്രീകൾ | : | 10,844 |
| ജനസാന്ദ്രത | : | 1,921 |
| സാക്ഷരത | : | 88 % |
| അതിർത്തി | | വടക്ക് - പാവറട്ടി - എളവള്ളി പഞ്ചായത്തുകൾ |
| | | കിഴക്ക് - തോളൂർ പഞ്ചായത്ത് |
| | | തെക്ക് - വെങ്കിടങ്ങ് പഞ്ചായത്ത് |
| | | പടിഞ്ഞാറ് - വെങ്കിടങ്ങ് പഞ്ചായത്ത്, കാനോലി കനാൽ |
| വാർഡുകൾ | : | 10 |
| പ്രസിഡന്റിന്റെ പേര് | : | ഒ.എ.അശോകൻ |
| വൈസ് പ്രസിഡന്റിന്റെ പേര് | : | എം.വി.കാതർ |
| സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർമാൻ | : | കെ.കെ.ജയൻ |

# ആമുഖം

സ്വാതന്ത്ര്യത്തിന്റെ 50 ാം വർഷം ആഘോഷി ക്കുന്ന ഈ വേളയിലും നമ്മുടെ നാടിന്റെ ആസൂത്രണ വികസന പ്രക്രിയ ജനകീയവൽക്കരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ആസൂത്രണമെന്നത് മുകളിൽനിന്ന് താഴേക്ക് കൊടുക്കുന്ന അധികാരത്തിന്റെ അപ്പകഷ്ണമായി ഇന്നും നിലനിൽക്കുകയാണ്. പ്രാദേശികമായി ജനങ്ങളുടെ ആശയാഭിലാഷങ്ങളെ സാക്ഷാൽക്കരിക്കുന്നതിനും ജനാധിപത്യ പ്രക്രിയയിൽ പൗരന്റെ ആഗ്രഹങ്ങൾക്ക് സ്ഥാനം കണ്ടെത്തുന്നതിനും ഈ കേന്ദ്രീകൃത ആസൂത്രണം സഹായിക്കുന്നില്ല. ഈ ഘട്ടത്തിലാണ് 73 ാം ഭരണഘടന ഭേദഗതിയുടെ പശ്ചാത്തലത്തിൽ പഞ്ചായത്തുകൾക്ക് വിപുലമായ അധികാരങ്ങൾ ലഭ്യമാകുന്നത്. ആസൂത്രണത്തിലും നിർവ്വഹണത്തിലും ജനാഭിലാഷത്തിന് പ്രാമുഖ്യം കൊടുക്കാനുള്ള സാധ്യത ഇതുമൂലം ഉണ്ടായിരിക്കുന്നു. ഗ്രാമസഭകൾ ജനകീയ അധികാരത്തിന്റെ പരമോന്നത സഭകളായി മാറുന്ന ഗാന്ധിയൻ സ്വപ്നത്തിന്റെ സാക്ഷാൽക്കാരമാണ് യഥാർത്ഥിൽ ജനകീയ ആസൂത്രണ പ്രസ്ഥാനം.

കേരളത്തിന്റെ ഇന്നോളമുള്ള ചരിത്രത്തിൽ വിപ്ലവകരമായ ഒരു തുടക്കമാണ് 1172 ചിങ്ങം 1 ന് ആരംഭിച്ച ഈ പ്രസ്ഥാനം മുൻ മാതൃകകളില്ലാതെ ജനങ്ങളുടെ സഹകരണത്തിന്റെ പുത്തൻ ചരിത്രം വിരചിക്കാൻ ഒരുങ്ങിയ നമ്മെ സംബന്ധിച്ചടത്തോളം ആവേശമുണർത്തുന്നതായിരുന്നു ആദ്യഘട്ടത്തിന്റെ പ്രതികരണം. സെപ്തെബർ 12 ന് പഞ്ചായത്ത്തല പരിശീലനത്തിലൂടെ ഈ പ്രവർത്തനത്തിന് നമ്മുടെ പഞ്ചായത്തിൽ തുടക്കമിട്ടു. തുടർന്ന് ഓരോ ദിവസവും ആവേശമുണർത്തികൊണ്ട് ജനങ്ങളിൽനിന്ന് ജനങ്ങളിലേക്ക് പുത്തൻ ഗ്രാമസഭകളുടെ സന്ദേശം പകർന്നുകൊടുക്കാൻ നമുക്ക് കഴിഞ്ഞു. കേവലം കോറം തികക്കുന്ന ഗ്രമസഭകൾക്കു പകരം 250 ൽ അധികം ആളുകൾ പങ്കെടുത്ത ഒരു പുതിയ ഗ്രാമസഭാ ചരിത്രത്തിന് തുടക്കം കുറിക്കാൻ കഴിഞ്ഞു. പങ്കാളിത്തത്തിൽ എടുത്തു പറയേണ്ടത് പൊതുവെ വികസന പ്രവർത്തനത്തിൽ നിന്ന് മാറ്റി നിർത്തപ്പെട്ടിരുന്ന വനിതകളുടെയും ദുർബല വിഭാഗങ്ങളുടെയും പങ്കാളിത്തമാണ്.

അധികാരവും, സമ്പത്തും താഴെക്കിടയിലേക്ക് ഇറക്കികൊണ്ടുവരിക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനംകൊണ്ട് നാം ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം സാക്ഷാൽക്കാരത്തിലേക്ക് എത്തിക്കുന്നതിന് നമുക്കാവുമെങ്കിലും, ജനങ്ങൾക്ക് അമിത പ്രതീക്ഷ കൈവന്നിട്ടുണ്ടെങ്കിൽ അത് ഉദ്ദേശിച്ചതിനും വിപരീത ഫലമേ ഉണ്ടാകൂ എന്നും നാം തിരിച്ചറിയേണ്ടത് ഈ ഘട്ടത്തിലാണ്. പരിമിതമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് ഏതുവിധത്തിൽ പരമാവധി ക്ഷേമം കൈവരിക്കാം എന്നതാണല്ലോ നമ്മുടെ ലക്ഷ്യം. ജനങ്ങളുടെ ആവശ്യങ്ങൾ പൂർണ്ണമായി നടപ്പാക്കാനാവശ്യമായ വിഭവങ്ങൾ നമ്മുടെ പക്കലില്ല. അതുകൊണ്ട്തന്നെ ഒരു മുൻഗണനാതോത് വരമ്പുവെക്കാൻ നാം തയ്യാറാവേണ്ടിയിരിക്കുന്നു.

അധികാരം ജനങ്ങളിലേക്ക് എന്ന മുദ്രാവാക്യത്തിന്റെ പ്രസക്തി ജനങ്ങളിലേക്ക് എത്തിക്കാൻ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇതുവരെ നടത്തിയ പ്രവർത്തനങ്ങളുടെ രത്നചുരുക്കം.

സെപ്തംബർ 5, 6, 7 തിയ്യതികളിൽ കാഞ്ഞാണി ഇന്ദു ഓഡിറ്റോറിയത്തിൽ നടത്തിയ ജില്ലാതല പരിശീലന ക്യാമ്പിൽ വാർഡ് മെമ്പർമാരായ

വാസുദേവൻ.വി.കെ.
ഷീബ.ഒ.ആർ.
ജയൻ.കെ.കെ.
ബാജി.പി.ജി.
വള്ളിയമ്മു.വി.പി.
വിജയകുമാരി
രജനി മനോഹരൻ.

എന്നിവരും പഞ്ചായത്ത് നാമനിർദേശം ചെയ്ത

ശിവരാമൻ.ഒ.കെ.
ജേക്കബ്.സി.വി.
വിൻസെന്റ്.സിജെ.
മനോജ്.കെ.എൻ.

എന്നിവരും പങ്കെടുത്തു. കെ.എൻ.മനോജിനെ

കൺവീനറായി തെരഞ്ഞെടുത്തു.

12 – 9 – 1996 ന് പ്രിയദർശിനി ഹാളിൽ ചേർന്ന ഏകദിന ക്യാമ്പിൽ 76 പേർ പങ്കെടുത്തു. ഗ്രാമ സഭ കളുടെ വിജയപ്രദമായ നടത്തിപ്പായിരുന്നു ഈ സെമി നാർ ലക്ഷ്യമാക്കിയത്.

16 – 9 – 96 ന് സ്കൂളുകളിലെ പ്രധാന അധ്യാപ കരുടെയോഗം വിളിച്ചു ചേർത്തു. 15 – 9 – 96 മുതൽ ആരംഭിച്ച ഗ്രാമസഭാ യോഗങ്ങൾ 2 – 10 – 96 ന് അവസാനിച്ചു. ഗ്രാമസഭകളിൽ തരക്കേടില്ലാത്ത ജന മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു.

ബ്ലോക്ക് തലത്തിൽ നടത്തിയ കലാജാഥ പെരു വല്ലൂർ, മുല്ലശ്ശേരി എന്നിവിടങ്ങളിൽ അവതരിപ്പിച്ചു.

12 – 10 – 96 ന് പഞ്ചായത്തിന്റെ കീഴിലുള്ള എല്ലാ ഉദ്യോഗസ്ഥന്മാരുടെയും യോഗം വിളിച്ചുചേർത്തു. രണ്ടാംഘട്ടത്തിന്റെ തുടക്കമെന്ന നിലക്ക് ഒക്ടോബർ 25, 26, 27 തിയ്യതികളിൽ അന്തിക്കാട് കമ്യൂണിറ്റി ഹാളിൽ ചേർന്ന ജില്ലാതല സെമിനാറിൽ

അശോകൻ.ഒ.എ.
ജേക്കബ്.സി.വി.
സന്തോഷ്.കെ.ബി.
വാസുദേവൻ.വി.കെ.
ഷീബ.ഒ.ആർ.
അജിത് പ്രസാദ്.എൻ.ആർ.
മനോജ്.കെ.എൻ.
ജയൻ.വി.എം.
കല്ലിങ്ങൽ ബാലൻ
വള്ളിയമ്മു.വി.പി.
രജനി.വി.പി.
രജനി മനോഹരൻ

എന്നിവരും ഉദ്യോഗസ്ഥന്മാരായ

ബാലൻ.പി.എസ് – പഞ്ചായത്ത് സെക്രട്ടറി
രൺജി ജോൺ – വെറ്ററിനറി ഡോക്ടർ
കൃഷ്ണകുമാർ – കൃഷിഓഫീസർ
സത്യവ്രതൻ – ഡയറി എക്സ്റ്റൻഷൻ ഓഫീസർ
ബേബി – ഹെൽത്ത് വിസിറ്റർ

എന്നിവരും പങ്കെടുത്തു.

30 – 10 – 96 ന് നടന്ന പഞ്ചായത്ത് തല ഏകദിന പരിശീലന ക്ലാസിൽ 72 പേർ പങ്കെടുക്കുകയുണ്ടായി. കേരളപിറവി ദിനമായ നവംബർ ഒന്നിന് നടത്തിയ പുനരർപ്പണ പരിപാടിയിൽ വിവിധ സംഘടനകളിൽ നിന്നും ക്ലബുകളിൽ നിന്നുമായി 70 പേർ പങ്കെടുത്തു.

3 – 11 – 96 ന് രണ്ടു വിഭാഗമായി തിരിഞ്ഞു നട ത്തിയ പഠന പര്യടനത്തിൽ പഞ്ചായത്ത് സെമിനാ റിൽനിന്ന് തെരഞ്ഞെടുത്ത 15 പേർ പങ്കെടുക്കുകയു ണ്ടായി. ഒരു ഗ്രൂപ്പ് തിരുനെല്ലൂരിൽ നിന്ന് ആരംഭിച്ച് ഊരകത്തും, അടുത്ത ഗ്രൂപ്പ് പെരുവല്ലൂരിൽ നിന്നു മാരംഭിച്ച് തോരണം കുഞ്ഞിആൽ പരിസരത്തും പര്യ ടനം അവസാനിപ്പിച്ചു.

വികസന സെമിനാറിന്റെ മുന്നോടിയായുള്ള സ്വാഗ തസംഘം 16 – 10 – 96 ന് ചേർന്നു. യോഗത്തിൽ 37 പേർ പങ്കെടുത്തു.

വരാൻ പോകുന്ന ഒരു കാലഘട്ടത്തിൽ വികസ നത്തിന്റെ പരാജയകാരണം ആരിലും അടിച്ചേൽപി ക്കാൻ നമുക്കാവില്ല എന്നതുകൊണ്ട്, എന്റെ നിന്റെ എന്നു പറഞ്ഞിരുന്ന നാം ഇനി മുതൽ നമ്മുടെതെന്ന് പറയാൻ പഠിക്കേണ്ടിയിരിക്കുന്നു.

ബഹുജന ശക്തിയുടെ, മുഴുവൻ കഴിവും ഉപയോ ഗിക്കാൻ കഴിയുന്ന വിധത്തിൽ നമ്മുടെ പഞ്ചായ ത്തിന്റെ കർമ്മമേഖലയെ മാറ്റിയെടുക്കാൻ കഴിയുന്ന ഒരവസരം നമുക്ക് കൈവന്നിരിക്കുകയാണ് എന്ന ബോധത്തോടെ മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട് ഇവിടെ തുടങ്ങുന്നു.

# ചരിത്ര പശ്ചാത്തലം

മുല്ലശ്ശേരി എന്ന നമ്മുടെ പഞ്ചായത്തിന് ഈ പേര് വന്നതിനു പിന്നിൽ ഒന്നിലേറെ ഐതിഹ്യങ്ങൾ ഉണ്ട്.

അതിലൊന്ന്

'മുല്ലെ' - ഐശ്വര്യവും 'ചേരി' ഗ്രാമത്തിന്റെ പ്രത്യേകഭാഗവും ആണ്. അഥവാ കാർഷിക പ്രാധാന്യമേറിയ ഈ ഭൂവിഭാഗത്തിന്റെ ഐശ്വര്യത്തെ സൂചിപ്പിക്കുന്നതുമാണ് ഈ നാമം.

മുല്ലെച്ചേരി എന്നത് ലോപിച്ച് മുല്ലശ്ശേരിയായി എന്നതാണ്.

ഇവിടെ കാണപ്പെടുന്ന ക്ഷേത്രങ്ങളും, നന്നങ്ങാടികളും, ഗുഹകളും ഈ വാദത്തിന് പിൻബലമേറുന്നു. ഒരു കാലത്ത് കൊച്ചി രാജ്യത്തിൽ ഉൽപ്പെട്ടതായിരുന്നു നമ്മുടെ ഗ്രാമം. സാമൂതിരിപ്പാട്, കൊച്ചി രാജാക്കന്മാർ കിരീടധാരണം നടത്തിയിരുന്ന വന്നേരി പെരുമ്പടപ്പ് ആക്രമിച്ച് കീഴടക്കി തെക്കോട്ടു നീങ്ങി കൈവശപ്പെടുത്തിയതാണ് ഈ പ്രദേശം. ടിപ്പുവിന്റെ പടയോട്ടകാലത്ത് ഈ ഗ്രാമം ആക്രമിക്കപ്പെട്ടിട്ടുണ്ട്.

നിലനിന്നിരുന്ന ഒരു ആദ്ധ്യാത്മിക പാരമ്പര്യത്തിന്റെ തെളിവായി പറമ്പന്തള്ളി ശിവക്ഷേത്രവും, ആഴ്‌വാഞ്ചേരി കൊട്ടാരത്തിന്റെ ചെറിയൊരു ഭാഗവും നമുക്കു കാണാനാകും.

പറമ്പന്തള്ളി ക്ഷേത്രത്തിൽ ഒരു ശിലാലിഖിത ശാസനം കാണാം. "ഋഷിരാമർ എന്ന ഒരു രാജാവ് ക്ഷേത്രത്തിലേക്ക് വസ്തുക്കൾ ദാനം ചെയ്തതിനെ" കുറിച്ചാണിത്. അദ്ദേഹം ഭരണം തുടങ്ങി അഞ്ചാം കൊല്ലമാണ് ഈ ശാസനം എഴുതിയത്.

കുലശേഖര ആഴ്‌വാർ എന്ന കേരള ചക്രവർത്തി കൊല്ലവർഷാരംഭത്തിനു മുൻപേ നാടുനീങ്ങിയിരുന്നു. ആ വംശ പരമ്പരയിൽപെട്ട രാമവർമ്മ കുലശേഖരൻ കൊല്ലവർഷം 265 ൽ രാജ്യഭരണമേറ്റു. ആ രാമവർമ്മനാണ് ഈ ശാസനത്തിന്റെ കർത്താവെന്നൂഹിക്കാം. ആ നിലക്ക് കൊല്ലവർഷം 270 ആയിരിക്കും ഈ ശാസനത്തിന്റെ കാലം. അത്രയും പഴക്കം ഈ ക്ഷേത്രത്തിനുണ്ടെന്നു തീർച്ച.

"തമ്പ്രാക്കൾ തമ്പ്രാക്കൾതന്നെ" യെന്ന് പാക്കനാർ വിശേഷിപ്പിച്ച ആഴ്‌വാഞ്ചേരി തമ്പ്രാക്കളുൾക്കൊള്ളുന്ന ആഴ്‌വാഞ്ചേരിമനയുടെ ആദ്യത്തെ ആസ്ഥാനം മുല്ലശ്ശേരിയാണെന്നു കരുതേണ്ടിയിരിക്കുന്നു. പറമ്പന്തള്ളി ക്ഷേത്രത്തിന്റെ ഊരാളൻ ആഴ്‌വാഞ്ചേരി തമ്പ്രാക്കളാണ്. ഊരാളനാണെങ്കിലും ആഴ്‌വാഞ്ചേരി തമ്പ്രാക്കൾ പറമ്പന്തള്ളിയിൽ വരാറില്ല. കാരണം അദ്ദേഹം വന്നാൽ നാട്ടുകാർക്കെല്ലാം സദ്യയും ഓണപ്പുടവയും നൽകണമെന്നത് ഒരലിഖിത നിയമമായിരുന്നു. മനയുടെ ആദ്യസ്ഥാനം ഇതായിരുന്നുവെന്നതിന് ഇതുതന്നെ തെളിവാണ്.

മുല്ലശ്ശേരിയിലെ ഊരകത്തും എലവത്തൂരും ഒട്ടേറെ വസ്തുക്കൾ അയിരൂർ കോവിലകത്തിന് ജന്മാവകാശമുള്ളവയാണ്. സാമൂതിരിയുടെ ഭരണകാലഘട്ടത്തിൽ മതുക്കരയിൽ ആയുധം സൂക്ഷിച്ചിരുന്നു എന്ന് പറയപ്പെടുന്നു.

സാമൂതിരിയിൽനിന്ന് ടിപ്പുവും, ടിപ്പുവുമായുള്ള സന്ധിയുടെ ഫലമായി ബ്രിട്ടീഷുകാരും ഈ പ്രദേശത്തെ കീഴടക്കി. ഐക്യ കേരളപ്പിറവിക്കു മുമ്പ് സൗത്ത് മലബാർ പ്രദേശമായിരുന്നു നമ്മുടേത്.

സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിൽ എളിയ പങ്ക് വഹിക്കാൻ നമ്മുടെ ഗ്രാമത്തിനും കഴിഞ്ഞിട്ടുണ്ട്. പ്രമുഖ സ്വാതന്ത്ര്യ സമര സേനാനിയായ മിതവാദി കൃഷ്ണൻ (കൃഷ്ണൻ വക്കീൽ) നമ്മുടെ ഗ്രാമത്തിന്റെ സംഭാവനയായിരുന്നു. കോഴിക്കോട്ടുനിന്നും അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്ന 'മിതവാദി' പത്രം അന്നു നമ്മുടെ ഗ്രാമത്തിൽ ലഭ്യമായിരുന്നു. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് കസ്തൂർബാ ഗാന്ധി, കമലാദേവി ചതോപാദ്ധ്യായ സദാശിവറാവു എന്നിവർ മുല്ലശ്ശേരി സന്ദർശിക്കുകയുണ്ടായി. ഇമ്പിച്ചി ബാവ ഈ ഗ്രാമത്തിൽ ഒളിവുജീവിതം നയിച്ചിട്ടുണ്ട്. കോഴിക്കോട് നടന്ന ഉപ്പുസത്യാഗ്രഹത്തിൽ വെണ്ണങ്കോട് കറപ്പൻ പങ്കെടുത്തിട്ടുണ്ട്.

1950ൽ പൂവന്ത്ര കേശവൻ, സി.എ.ചന്ദ്രൻ, വി.വി.ബാലൻ, വെണ്ണങ്കോട് കുഞ്ഞികുട്ടൻ എന്നിവരുടെ നേതൃത്വത്തിൽ കമ്യൂണിസ്റ്റ് സെൽ



176

പ്രവർത്തനം ആരംഭിച്ചതോടെയാണ് സംഘടിത പ്രസ്ഥാനം മുല്ലശ്ശേരിയിൽ ആരംഭിച്ചത്. ഫ്യൂഡൽ ജന്മിത്ത ശക്തികളുടെ അച്ചുതണ്ടിൽ കോൺഗ്രസ് വലിയ കക്ഷിയായിരുന്നുവെങ്കിലും സമരരംഗത്ത് ശക്തി തെളിയിക്കാൻ കഴിഞ്ഞിരുന്നില്ല. 1952നുശേഷം പാട്ടത്തിൽ കുഞ്ഞപ്പു, സി.യു.ശിവരാമൻ, സി.കെ.ഉണ്ണി, കുരിയക്കോട് കറപ്പൻ, ചീരോത്ത് കുഞ്ഞപ്പു, നടുവിൽ പുരക്കൽ കുഞ്ഞപ്പു, പി.എസ്.രാഘവൻ, കൊല്ലംകുളങ്ങര കുട്ടപ്പൻ, ചീരോത്ത് വേലുക്കുട്ടി വൈദ്യർ, പാന്തായിൽ കൃഷ്ണൻ, സി.എ.എസ്.ഉണ്ണി, മാണിക്കത്ത് ധർമപാലൻ എന്നിവർകൂടി കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തകരായി രംഗത്തെത്തി. 1957ൽ പങ്കുവാരകൃഷിക്കെതിരേയും 1960ൽ സ്ഥിരാവകാശത്തിനും വേണ്ടി നടന്ന മിച്ചഭൂമി സമരത്തിൽ പങ്കെടുത്ത് സി.എ.ചന്ദ്രൻ മൂന്ന് മാസം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്. മിച്ചഭൂമി സമരത്തിന് നേതൃത്വം നൽകിയതിന് ചീരോത്ത് വേലുക്കുട്ടി വൈദ്യർക്ക് കൊടിയ പോലീസ് മർദ്ദനം ഏൽക്കേണ്ടി വന്നിട്ടുണ്ട്. ഈ സമരവുമായി ബന്ധപ്പെട്ട് സി.എ.എസ്.ഉണ്ണി, പന്തായി കൃഷ്ണൻ, വേലുക്കുട്ടി വൈദ്യർ എന്നിവരും ജയിൽവാസമനുഭവിച്ചിട്ടുണ്ട്.

1963 ഡിസംബർ ഇരുപതാം തീയതിയാണ് തെരഞ്ഞെടുത്ത ആദ്യഭരണസമിതി അധികാരമേൽക്കുന്നത്. അംഗങ്ങൾ 1. വി.കെ.കറപ്പക്കുട്ടി 2. ഇ.വി.പാപ്പച്ചൻ 3. പി.എസ്.രാഘവൻ 4. എം.വി.കൊച്ചുരാമൻ 5. കെ.എം.വേലായുധൻ 6. വി.സി.ഔസേപ്പ് 7. സി.മാധവൻ നായർ. പ്രസിഡണ്ട് ശ്രീ ഇ.വി.പാപ്പച്ചൻ ആയിരുന്നു. 1964 ജനുവരി 18–ാം തിയ്യതി പി.പൊന്നിയെ വനിതാ മെംബറായി നോമിനേറ്റ് ചെയ്തു. 13. 7. 63 ഇ.വി. പാപ്പച്ചൻ പ്രസിഡണ്ട് സ്ഥാനവും വാർഡ് മെമ്പർ സ്ഥാനവും രാജിവച്ചു. തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ പി.എസ്.നായർ വിജയിച്ചു. 1965 നവംബർ 25ന് പി.എസ്.രാഘവനെ പ്രസിഡണ്ടായി തെരഞ്ഞെടുത്തു. 79വരെ ഭരണസമിതി നിലനിന്നു.

1979 സെപ്തംബർ 29–ാം തിയ്യതി പുതിയ ഭരണസമിതി നിലവിൽ വന്നു. 1. എം.വി.കാതർ 2. കെ.കെ.പാറക്കട്ടി 3. ടി.കെ.അയ്യപ്പക്കുട്ടി 4. പി.കറപ്പൻ മാസ്റ്റർ 5. സി.എ.ചന്ദ്രൻ 6. തങ്കം ധർമപാലൻ 7. വി.എം.അന്തോണി 8. പി.ശ്രീധരൻ നായർ 9. മുരളി പെരുനെല്ലി. സി.എ.ചന്ദ്രൻ പ്രസിഡണ്ടും മുരളി പെരുനെല്ലി വൈസ് പ്രസിഡണ്ടുമായി തെരഞ്ഞെടുക്കപ്പെട്ടു. 1984ൽ സമിതി പിരിച്ചുവിട്ടു.

198[illegible] ഫെബ്രുവരി രണ്ടാം തിയ്യതി പുതിയ ഭരണസമിതി അധികാരമേറ്റെടുത്തു. 1. പാത്തുമോൾ 2. ക്ലമന്റ്.സി.ഫ്രാൻസിസ് 3. വി.എസ്.കുമാരൻ 4.ഇ.ഡി.സണ്ണി. 5. സീമന്തിനി കറപ്പൻ 6.സി.എ.ചന്ദ്രൻ 7. എൻ.എസ്.പ്രേമൻ 8. ഒ.എ.അശോകൻ 9. മുരളി പെരുനെല്ലി.

സി.എ.ചന്ദ്രനും മുരളി പെരുനെല്ലിയും യഥാക്രമം പ്രസിഡണ്ടും വൈസ്പ്രസിഡണ്ടും ആയി തെരഞ്ഞെടുക്കപ്പെട്ടു.

നിലവിലുള്ള ഭരണസമിതി 1995 ഒക്ടോബർ 2ന് അധികാരമേറ്റു. 1. എം.വി.കാതർ 2. ക്ലമന്റ് ഫ്രാൻസിസ് 3. വി.കെ.വാസുദേവൻ 4.ഒ.ആർ.ഷീബ 5. ജയൻ.കെ.കെ. 6. പി.ജി.ബാജി. 7.വി.പി.വള്ളിയമ്മു 8. വിജയകുമാരി 9. അശോകൻ 10. രജനി മനോഹരൻ

ഒ.എ.അശോകൻ പ്രസിഡണ്ടും എം.വി.കാതർ വൈസ് പ്രസിഡണ്ടും കെ.കെ.ജയൻ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാനുമായി തെരഞ്ഞെടുക്കപ്പെട്ടു.

6. 5. 1984 മുതൽ പഞ്ചായത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനമാരംഭിച്ചു. ഷോപ്പിങ് കോംപ്ലെക്സ്, കളിസ്ഥലം, ഓപ്പൺ എയർ ഓഡിറ്റോറിയം, പഞ്ചായത്ത് ലൈബ്രററി, ആയുർവേദാശുപത്രി, പഞ്ചായത്ത് ശ്മശാനം, മുല്ലശ്ശേരി സെന്ററിൽ ബസ്റ്റോപ്പ്, പണി പൂർത്തീകരിക്കാൻ പോകുന്ന കമ്മ്യൂണിറ്റി ഹാൾ എന്നിവ 1984നു ശേഷം നടന്ന വികസന പ്രവർത്തനങ്ങളാണ്.

ഇനിയും ഒട്ടേറെ വികസന പ്രവർത്തനങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കേണ്ടതുണ്ട്. നമ്മെ നേരിടുന്ന പ്രതിബന്ധം സാമ്പത്തികമാണ്. അതിന് കൂട്ടായ പ്രവർത്തനവും നിസ്വാർത്ഥമായ ജനപങ്കാളിത്തവും സമന്വയിപ്പിച്ചുകൊണ്ട് നമുക്ക് വലിയ ഒരു മാനം സൃഷ്ടിക്കാം.

# ഭൂപ്രകൃതി

ജില്ലയിലെ മറ്റു പഞ്ചായത്തുകളിൽനിന്നും വിഭിന്നമായ ഒരു ഭൂപ്രകൃതിയാണ് മുല്ലശ്ശേരിയുടേതെന്ന് പറയാം. 9 ദേശങ്ങളും 8 കരകളും ചേർന്ന ഒരു പ്രത്യേക പരിതഃസ്ഥിതിയിലാണ് മുല്ലശ്ശേരിയുടെ കിടപ്പ്. പടിഞ്ഞാറ്റുനിന്ന് കിഴക്കോട്ടു പോകും തോറും കുന്നുകൾ പ്രത്യക്ഷപ്പെടുന്നു. അതു കൊണ്ട് തന്നെ ഭൂപ്രകൃതിയെകുറിച്ച് പറയുമ്പോൾ ഓരോ കരകളേയും പ്രത്യേകം എടുത്ത് പറയേണ്ടതുണ്ട്.

8 കരകൾ:-

1. തിരുനെല്ലൂർ.
2. മുല്ലശ്ശേരി, പറമ്പന്തള്ളി, താണവീഥി.
3. പെരുവല്ലൂർ
4. അന്നകര
5. പേനകം
6. എലവത്തൂർ
7 മതുക്കര
8. ഊരകം

**തിരുനെല്ലൂർ:** മുല്ലശ്ശേരി പഞ്ചായത്തിലെ ഒന്നാം വാർഡിലെ ഭൂരഭാഗം പ്രദേശങ്ങളും ഉൾപ്പെട്ട കരയാണിത്. പഞ്ചായത്തിൽ അപൂർവ്വമായി കാണപ്പെടുന്ന സമതല ഭൂമിയാണ് – വിശാലമായ പാടശേഖരങ്ങളെ വിസ്മരിച്ചു കൊണ്ടല്ല ഇതു പറയുന്നത്. പെരിങ്ങാട് പുഴ എന്നറിയപ്പെടുന്ന കാനോലി കനാലിനോട് തൊട്ട്കിടക്കുന്ന പ്രദേശത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ പൂഴിമണൽ കലർന്ന മണ്ണാണ് കാണപ്പെടുന്നത്. എന്നാൽ കിഴക്കോട്ട് നീങ്ങും തോറും കളിമണ്ണ് കലർന്ന പൂഴിമണലാണ്. സസ്യജാലങ്ങളിൽ മുഖ്യമായും ദൃശ്യമാകുന്നത് തെങ്ങാണ്. ജലസേചനത്തിന്റെ അപര്യപ്തതനിമിത്തം ഉൽപാദന ക്ഷമത വളരെ കുറവാണ്. ഇടവിളകൾ തീരെ ഇല്ല എന്നു തന്നെ പറയാം. മാവും, പ്ലാവും, അവിടവിടെയുണ്ട്. മുൻകാലങ്ങളിൽ നെൽകൃഷി ചെയ്തിരുന്ന വയലുകളിൽ മുൻപ് ഉണ്ടായിരുന്ന പ്രാദേശിക സാങ്കേതിക മേന്മയുള്ള ഏറ്റവും വലിയ ഉദാഹരണമായിരുന്നു. ഏറ്റത്തിന് തന്നത്താൻ അടയുകയും ഇറക്കത്തിന് തന്നത്താൻ തുറക്കുകയും ചെയ്തിരുന്ന വാതിലും അതിനു ശേഷം നിലവിൽ വന്ന ചീപ്പ് സാമ്പ്രദായം നിലനിർത്താൻ കഴിയാത്തതിന്റെ ഫലമായി ഉപ്പു വെള്ളം കയറിയതിനാൽ നെൽകൃഷി ഇന്ന് അസാദ്ധ്യമായിരിക്കുന്നു. കൂടാതെ വയലുകൾ നികത്തുന്ന പ്രവണത ഗണ്യമായ തോതിൽ നടന്നുവരുന്നു. പെരിങ്ങാട് പുഴയുമായി സന്ധിക്കുന്ന ഇടിയഞ്ചിറ റഗുലേറ്ററിന്റെ പണി പൂർത്തിയായാൽ മാത്രമേ ഇപ്പോഴുള്ള പ്രതിസന്ധിയ്ക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാനാവൂ.

2. **പറമ്പന്തള്ളി മുല്ലശ്ശേരി, താണവീഥി:** പഞ്ചായത്തിലെ ഏറ്റവും വിസ്തൃതമായ ഭൂവിഭാഗമാണിത്. ഒന്നാം വാർഡിന്റെ കുറച്ചു പ്രദേശവും രണ്ട്, മൂന്ന്, നാല്, അഞ്ച്, വാർഡുകൾ പൂർണ്ണമായും ഇതിൽ ഉൾപ്പെടുന്നു. ഈ കരയുടെ കിഴക്കുഭാഗത്തു കൂടി ചെമ്മീൻ ചാലും വടക്കുഭാഗത്തുകൂടി മുല്ലശ്ശേരി കനാലും കടന്നു പോകുന്നു. തെക്ക് പടിഞ്ഞാറു ഭാഗങ്ങൾ പൂഴിമണൽ കലർന്ന സമതല പ്രദേശമാണ്. കരവിസ്തൃതിയുടെ മൂന്നിൽ ഒന്ന് വരുമിത്. കിഴക്കോട്ടു പോകും തോറും ഉയർന്ന പ്രദേശമാണ് ഈ ഭാഗങ്ങളിൽ ചെമണ്ണും ചരലും, പാറയും കാണപ്പെടുന്നുണ്ട്. ഈ കരയിലെ മാനനകുന്ന് പ്രദേശം സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 150 ഓളം അടി ഉയരത്തിലാണ്. മുല്ലശ്ശേരി വികസന ബ്ലോക്കിലെ ഏറ്റവും ഉയർന്ന പ്രദേശമാണിത് എന്ന് കരുതരപ്പെടുന്നു. മാനന കുന്ന് പ്രദേശത്തും, പറമ്പന്തള്ളി ക്ഷേത്രപ്രദേശത്തും ധാരാളം പാറ നിറഞ്ഞ പ്രദേശങ്ങളാണ്. ഈ സ്ഥലങ്ങളിൽ മേൽ മണ്ണ് കുറവായതിനാൽ മഴ വെള്ളം ഊർന്നിറങ്ങാതെ പെട്ടെന്ന് നഷ്ടമാകുന്നതിനാൽ ധാരാളം ചാലുകൾ മഴക്കാലങ്ങളിൽ പ്രത്യക്ഷപ്പെടാറുണ്ട്.

സമതലത്തിനും, പാറനിറഞ്ഞ പ്രദേശത്തിനും ഇടയ്ക്ക് ഉയർന്ന സമതല ഭൂമിയാണ്. ചരൽമണ്ണും, ചെമണ്ണും കാണപ്പെടുന്നത് ഇവിടെയാണ്. നെൽകൃ

ഷിയുടെ ഉൽപ്പാദനവർദ്ധനവിനുവേണ്ടി 1977 – 78 വർഷങ്ങളിൽ ആരംഭിച്ച് അഞ്ച് വർഷത്തിനുള്ളിൽ പണിപൂർത്തീകരിക്കേണ്ടതും എന്നാൽ 19 വർഷമായി എങ്ങുമെത്താതെ നിൽക്കുന്ന KLDC പദ്ധതി പൂർത്തീകരിക്കാത്തതിന്റെ ഫലമായി കരയുടെ പടിഞ്ഞാറൻ മേഖലയിൽ കൃഷിചെയ്തിരുന്ന തണ്ണീർകായൽ പ്രദേശം ഇന്ന് ഒരു ചതുപ്പുനിലമായി തീർന്നിരിക്കുന്നു. ഈ കരയുടെ മധ്യത്തിലുണ്ടായിരുന്ന കോട്ടപ്പാടത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളും മണ്ണിട്ട് നികത്തി പറമ്പാക്കി മാറ്റിയതിന്റെ ഫലമായി മഴക്കാലങ്ങളിൽ വെള്ളക്കെട്ട് അനുഭവപ്പെടുന്നു. തന്മൂലം അവശേഷിക്കുന്ന പാടങ്ങളിൽ നെൽകൃഷി ലാഭകരമല്ലാത്ത ഒന്നായി മാറിയിരിക്കുന്നു. ഇതിലൂടെ കടന്നു പോകുന്ന വളാരെതോട് ഒരു പ്രധാന ജലനിർഗ്ഗമന മാർഗ്ഗമാണ്.

ഈ കരയുടെ കിഴക്കൻ പ്രദേശത്ത് ഉദ്ദേശം 275 അടിയോളം ഏക്കർ കോൾ നിലങ്ങൾ ഉണ്ട്. സമ്മിശ്ര കൃഷി സാമ്പ്രദായം ഈ കരയിൽ വ്യാപകമായി നില നിൽക്കുന്നു, തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക്, ജാതി, വാഴ, മാവ്, പ്ലാവ് എന്നിവയും മറ്റ് ഇടവിളകളും ധാരാളമായി ഉണ്ട്.

3. **പെരുവല്ലൂർ:** പഞ്ചായത്തിലെ ആറും, ഏഴും വാർഡുകൾ ഉൾപ്പെടുന്ന കരയാണിത്. തെക്ക് ഭാഗത്ത് മുല്ലശ്ശേരി കനാലും കിഴക്ക് ഭാഗത്ത് പരപ്പുഴയുമാണ്. ഉയർന് സമതലവും ചരിഞ്ഞ കുന്നിൻ പ്രദേശവുമാണ് ഈ കര. ചെമണ്ണും, ചരൽമണ്ണും, കരിങ്കല്ലും അപൂർവ്വമായി പൂഴികലർന്ന കളിമണ്ണും ഇവിടെ കണ്ട് വരുന്നു. മൂന്ന് പാടശേഖരങ്ങളിലായി ഏകദേശം 150 ഓളം ഏക്കർ നെൽകൃഷിയുണ്ട്. സമ്മിശ്രകൃഷി സമ്പ്രദായം ഇവിടേയും നിലനിൽക്കുന്നു. തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, ജാതി, മാവ്, പ്ലാവ്, എന്നിവയും മറ്റ് ഇടവിളകളും കണ്ട് വരുന്നു. പഞ്ചായത്തിലെ ഏറ്റവും ഫലഭൂയിഷ്ഠമായ പ്രദേശവും ഇത് തന്നെ എന്ന പറയാം.

4. **അന്നകര :** എട്ടാം വാർഡ് പൂർണമായും ഈ കരയിൽ ഉൾപ്പെടുന്നു. കിഴക്കുഭാഗത്ത് കടാന്തോടും മറ്റ് മൂന്ന് ഭാഗങ്ങളിലും നെൽപ്പാടങ്ങളും ആണ്. ഉദ്ദേശം 1000 ഏക്കറോളം വരും ഈ പാടശേഖരങ്ങൾ. മൂന്നാം വിള ഉൽപ്പാദനം പൂർണ്ണമായും ഈ പ്രദേശത്താണ്. പൂഴികലർന്ന ചെമ്മണ്ണ് ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. നെല്ല്, കവുങ്ങ്, കുരുമുളക്, വാഴ, ജാതി, മാവ്, പ്ലാവ്, എന്നിവയാണ് ഇവിടത്തെ പ്രധാന വിളകൾ.

5. **പേനകം:** മൂന്ന് കരകൾ ഉൾപ്പെട്ട ഒൻപതാം വാർഡിലെ ഏറ്റവും ഉയർന്ന പ്രദേശമാണ് പേനകം. നാലുഭാഗവും നെൽവയലുകളാൽ ചുറ്റപ്പെട്ടു കിടക്കുന്നു. ചരൽമണ്ണാണ് ഇവിടെ കണ്ടുവരുന്നത്. വ്യാപകമായി മണ്ണെടുത്ത് കുന്നിൻ പ്രദേശം നിരപ്പാക്കുന്ന പ്രവണത ഇവിടെ കണ്ടുവരുന്നു. കുന്നിൻ താഴ്വരകളിലാണ് ഭൂരിഭാഗം ജനങ്ങളും അധിവസിക്കുന്നത്. മണ്ണൊലിപ്പ് ഈ പ്രദേശത്തിന്റെ പ്രത്യേകതയായി കാണാം. തെങ്ങ്, കവുങ്ങ്, കശുമാവ്, കുരുമുളക്, വാഴ, മാവ്, പ്ലാവ്, എന്നിവയാണ് പ്രധാന വിളകൾ.

6. **എലവത്തൂർ:** ഒൻപതാം വാർഡിന്റെ മധ്യഭാഗത്തായി എലവത്തൂർ സ്ഥിതി ചെയ്യുന്നു. ഉയർന്ന കുന്നും, ചരിഞ്ഞ താഴ്വരയും ഈ പ്രദേശത്തിന്റെ പ്രത്യേകതാണ്. തട്ടുതട്ടായി കിടക്കുന്ന ഭൂപ്രകൃതി ഈ പ്രദേശത്ത് കാണാൻ കഴിയും. തെക്ക് ഭാഗത്ത് മുല്ലശ്ശേരി കനാലും മറ്റ് മൂന്നിടങ്ങളിൽ നെൽവയലുകളുമാണ്. ചെമ്മണ്ണും, ചരൽമണ്ണും കാണപ്പെടുന്നു. തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, മാവ്, പ്ലാവ്, മറ്റ് ഇടവിളകളും കൃഷി ചെയ്യുന്നു. താഴ്വാരം ഫലഭൂയിഷ്ഠമായ പ്രദേശമാണ്.

7. **മതുക്കര:** ഒൻപതാം വാർഡിൽ ഉൾപ്പെടുന്ന ഒരു ഭൂപ്രദേശമാണ് മതുക്കര. പഞ്ചായത്തിന്റെ ഏറ്റവും തെക്കുഭാഗത്തുള്ള കരയാണിത്. നാല് ഭാഗവും കോൾ നിലങ്ങളാൽ ചുറ്റപ്പട്ടു കിടക്കുന്നു. ഒരു പരിധിവരെ ചരിഞ്ഞ സമതല പ്രദേശമാണ്. ചെമ്മണ്ണാണ് ഇവിടെ കണ്ടുവരുന്നത്. തെങ്ങ്, കവുങ്ങ്, മാവ്, പ്ലാവ്, കുരുമുളക് എന്നിവ പ്രധാന കൃഷിയാണ്. കൂടാതെ പഞ്ചായത്തിൽ ഏറ്റവും അധികം നേന്ത്രവാഴ കൃഷിചെയ്യുന്ന പ്രദേശവും ഇതു തന്നെ എന്ന് കരുതുന്നു. കോൾ മേഖലയുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്ന പഞ്ചായത്തിലെ പ്രദേശവും ഇത് തന്നെ.

8. **ഊരകം:** പത്താം വാർഡ് പൂർണ്ണമായും ഉൾക്കോള്ളുന്ന കരയാണിത്. പഞ്ചായത്തിലെ ഏറ്റവും ചെറിയ വാർഡ് ഈ കരതന്നെ. ഉയരം

കൊണ്ട് രണ്ടാം സ്ഥാനത്തു നിൽക്കുന്ന പ്രദേശമാണിത്. സമുദ്രനിരപ്പിൽ നിന്നും 130 അടിയോളം ഉയർന്നു നിൽക്കുന്നു. ചെമ്മണ്ണും, ചരൽമണ്ണും. പാറയും ഈ പ്രദേശത്ത് കണ്ടുവരുന്നു. കുത്തനെയുള്ള ചരിവ് പ്രദേശങ്ങൾ ഈ കരയുടെ സവിശേഷതയാണ്. പടിഞ്ഞാറ് കടാന്തോടും തെക്ക് മുല്ലശ്ശേരി കനാലും കടന്ന് പോകുന്നു. തെങ്ങ്, കവുങ്ങ്, വാഴ, പ്ലാവ്, മാവ്, എന്നിവയും മറ്റ് ഇടവിളകളും കണ്ടുവരുന്നുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ റബ്ബർകൃഷി നടത്തി വിജയിപ്പിച്ച ചരിത്രം ഈ കരയിലുണ്ട്. കുത്തനെയുള്ള ചരിവ് പ്രദേശമായതുകൊണ്ട് മണ്ണൊലിപ്പ് അനുഭവപ്പെടുന്നു.

## ജലവിഭവം

പഞ്ചായത്ത് കിണറുകൾ – 33

കുഴൽ കിണറുകൾ – 7

കുളങ്ങൾ – 3

എട്ടുകരകൾ പഞ്ചായത്തിലുള്ളതിൽ എട്ടിലും വ്യത്യസ്തരീതിയിലുള്ള ജലദൗർലഭ്യം അനുഭവപ്പെടുന്നു, എന്നാൽ ഈ പ്രദേശങ്ങളിൽ എല്ലാം തന്നെ വേണ്ടരീതിയിൽ ആസൂത്രണം ചെയ്യുകയാണെങ്കിൽ ജലദൗർലഭ്യം പരിഹരിക്കാനാകും.

തിരുനെല്ലൂർ എന്ന കരയെ ബന്ധപ്പെട്ടു കൊണ്ട് മുല്ലശ്ശേരി കനാൽ കടന്നു പോകുന്നു. ഊരകം, എലവത്തൂർ, താണവീഥി, പെരുവല്ലൂർ, പറമ്പന്തള്ളി എന്നീ പ്രദേശങ്ങളെ തൊട്ടുരുമ്മിക്കൊണ്ട് പോകുന്ന മുല്ലശ്ശേരി കനാൽ ഒരു മുഖ്യജലസ്രോതസ്സുതന്നെ. ഊരകം, അന്നക്കര, എന്നീ പ്രദേശങ്ങളിലെ ജലസ്രോതസ്സായി കടാന്തോട് പുഴയെ ചൂണ്ടിക്കാട്ടാം. പേനകം, പെരുവല്ലൂർ, എന്നീ പ്രദേശങ്ങളിലെ മുഖ്യ ജലസ്രോതസ്സായി കാണപ്പെടുന്നത് പരപ്പുഴയാണ്.

ഏറ്റവുമധികം ജലദൗർലഭ്യം അനുഭവപ്പെടുന്ന പെരുവല്ലൂർ പ്രദേശങ്ങളിലെ ക്വാറിയിൽ ആവശ്യനുസരണം ജലം ലഭ്യമാണ്. ഇപ്പോൾ ഉപയോഗ ശൂന്യമായി കിടക്കുകയാണെങ്കിലും വേണ്ടരീതിയിൽ പരിരക്ഷിക്കുകയാണെങ്കിൽ പറമ്പന്തള്ളി ദേവസ്വം ചിറയിൽ ധാരാളം ജലം ലഭ്യമാകും. ഒന്നാം വാർഡിലെ പഞ്ചായത്ത് കുളം, മൂന്നാം വാർഡിലെ പുത്തൻ കുളം, നാലാം വാർഡിലെ മുളഞ്ചേരികുളം എന്നിവയിലും ജലം ആവശ്യത്തിന് ലഭ്യമാണ്. കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ള ധാരാളം കുളങ്ങളും നിലവിലുണ്ട്. പാടശേഖരങ്ങളിലും നല്ലൊരു ശതമാനം ജലം സംഭരിച്ചു വരുന്നു. നിലവിലുണ്ടായിരുന്ന തോടുകൾ പലതും മണ്ണിട്ട് നികത്തിയതിനാൽ ഒട്ടുമിക്ക പ്രദേശങ്ങളിലും വെള്ളകെട്ട് അനുഭവപ്പെടുന്നു.

## ഭൂവിനിയോഗം

| നമ്പർ | വിളകൾ | വിസ്തൃതി (ഹെക്ടറിൽ) |
|---|---|---|
| 1. | നെല്ല് | 669 |
| 2. | തെങ്ങ് | 817 |
| 3. | കശുമാവ് | 20 |
| 4. | കവുങ്ങ് | 51 |
| 5. | റബ്ബർ | 10 |
| 6. | പ്ലാവ് | 5 |
| 7. | മാവ് | 10 |
| 8. | പുറമ്പോക്ക് | 2.97 |
| 9. | കൃഷിയോഗ്യ തരിശ് | 18 |

## കാലാവസ്ഥ

കാലവർഷം ജൂൺ, ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ, എന്നീ കാലയാളവിൽ ലഭിക്കാറുണ്ടായിരുന്നുവെങ്കിലും കഴിഞ്ഞ കുറച്ച് വർഷങ്ങളിലായി ഈ സ്ഥിതിയ്ക്ക് മാറ്റം സംഭവിച്ച് വരുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വേനൽ മഴയ്ക്കും കുറവ് അനുഭവപ്പെടുന്നു. ഡിസംബർ ജനുവരി മാസങ്ങളിൽ മഞ്ഞ് പെയ്യാറുണ്ട് അടുത്തകാലത്തായി ഈക്കാലങ്ങളിൽ തണുപ്പ് വളരെ കൂടുതലായി അനുഭവപ്പെടുന്നു. ഫെബ്രുവരി, മാർച്ച്, ഏപ്രിൽ, മെയ്, മാസങ്ങളിൽ അത്യുഷ്ണവും അനുഭവപ്പെടുന്നു.

## മനുഷ്യ വിഭവം

1991ലെ സെൻസസ് റിപ്പോർട്ട് അനുസരിച്ച് ജന സംഖ്യ 19953 ആണ്. ഇതിൽ 10594 സ്ത്രീകളും 9359 പുരുഷന്മാരും ആണ്. എന്നാൽ സാമൂഹ്യക്ഷേമ വകുപ്പിന്റെ 1995 ലെ രേഖ അനുസരിച്ച് ജനസംഖ്യ 21615 ഉം സ്ത്രീപുരുഷാനുപാതം യഥാക്രമം 10844 ഉം 10771 ഉം ആണ്. ജനസാന്ദ്രത 1921 ആണ്. ഇത് സംസ്ഥാന ശരാശരിയേക്കാൾ വളരെ ഉയർന്ന് നിൽക്കുന്നു. അടുത്ത കാലത്തായി വെളി പറമ്പുകളായി കിടന്നിരുന്ന പ്രദേശങ്ങൾ ജനവാസകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. തമിഴ്നാട്ടിൽ നിന്നും വന്നെത്തുന്ന തൊഴിലാളികൾ പഞ്ചായത്തിന്റെ ചിലപ്രദേശങ്ങളിൽ ധാരാളമായി കണ്ട് വരുന്നു.

തൊഴിലില്ലായ്മ ഗണ്യമായി അനുഭവപ്പെടുന്നുവെങ്കിലും കെട്ടിടനിർമ്മാണ രംഗവുമായി ബന്ധപ്പെട്ട് ധാരാളം പുതിയ തൊഴിലാളികളും തൊഴിലവസരവും കടന്ന് വന്നിട്ടുണ്ട്. ഏകദേശം 8000 ഓളം പേർ പ്രവാസിഭാരതീയരായി ഉണ്ട്. പഞ്ചായത്തിന്റെ സമ്പദ് വ്യവസ്ഥയെ ഗണ്യമായി ഇവർ സ്വാധീനിക്കുന്നു.

## ജൈവസമ്പത്ത്

ജൈവ വൈവിധ്യമുള്ള ഒരു ഗ്രാമമാണ് നമ്മുടേത്. നെല്ല്, തെങ്ങ്, കവുങ്ങ്, കുരുമുളക്, മാവ്, പ്ലാവ്, പുളി, പേര, വാഴ, ജാതി, കടപ്പിലാവ്, കൊടംപുളി, ഇരുമ്പൻപുളി, മുരിങ്ങ, കശുമാവ്, കറിവേപ്പ്, ചേന, ചേമ്പ്, കാച്ചിൽ, മരച്ചീനി, കാഞ്ഞിരം, പന, സപ്പോട്ട, വെണ്ട, വഴുതിന, തേക്ക്, ശീമകൊന്ന, പൊടിഐനി, ഐനി, കടപ്പാവുട്ട, ഉങ്ങ്, പുന്ന, കണിക്കൊന്ന, കാട്ടുചന്ദനം, അത്തി, ഇത്തി, അരയാൽ, പേരാൽ, കാട്ടുകുടംപുളി, മട്ടി, പൂള, മുതലായവയും ഔഷധസസ്യങ്ങളായ ആര്യവേപ്പ്, കാശാവ്, ശംഖുപുഷ്പം, നീലഅമരി, ചക്കരകൊല്ലി, ശതാവരി, ചെമ്പരത്തി, പുത്തിരിചുണ്ട, നിത്യകല്യാണി, നന്ത്യാർവട്ടം, കീഴർനെല്ലി, ബ്രഹ്മി, കഞ്ഞുണ്ണി, ആടലോടകം, എരുക്ക്, മുയൽചെവിയൻ, തഴുതായ്മ, വയൽചുള്ളി, മുത്തങ്ങ, കുറുന്തോട്ടി, ചിറ്റാമൃത്, നന്നാരി, കൊടുവേരി, കച്ചോലം, ഇഞ്ചി, മഞ്ഞൾ, ഇഞ്ചിപ്പുല്ല് മുതലായ ഔഷധ സസ്യങ്ങളും നമ്മുടെ ഗ്രാമത്തിൽ കണ്ടുവരുന്നു.

# കൃഷി, ജലസേചനം

കർഷക തൊഴിലാളികളും, കർഷകരും കൂടുതൽ അധിവസിക്കുന്ന മുല്ലശ്ശേരിയെ ഒരു കാർഷിക ഗ്രാമമെന്ന് തന്നെ വിളിക്കാം. ഏകദേശം 4012 കർഷക കുടുംബങ്ങളുള്ള 1200 ഓളം കർഷകതൊളഴിലാളികളും ഉൾകൊള്ളുന്ന ഈ ഗ്രാമത്തിൽ നെല്ല്, കവുങ്ങ്, തെങ്ങ്, കശുമാവ്, വാഴ, റബ്ബർ ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങളും കൃഷി ചെയ്തുവരുന്നു.

കർഷകരിൽ ഭൂരിഭാഗവും ചെറുകിട നാമമാത്ര കർഷകരാണ്. ഇതു സംബന്ധിച്ച വിവരം താഴെ കൊടുക്കുന്നു. (പട്ടിക 1)

ആദ്യകാലഘട്ടത്തിൽ നെൽകൃഷിക്കായിരുന്നു കൂടുതൽ പ്രധാന്യം ഭൂപരിഷ്കരണത്തിനു മുൻപ് കൃഷിഭൂമിയുടെ ഉടമസ്ഥാവകാശം നിലവിലുണ്ടായിരുന്നത് ഏതാനും ജന്മികുടുംബങ്ങൽക്കും ദേവസ്വങ്ങൾക്കുമായിരുന്നു. നാടൻ വിത്തിനങ്ങളായിരുന്ന ചീര, ചിറ്റേനി, കൊടിയൻ, തവളക്കണ്ണൻ, നവര എന്നിവ. ജൈവവളം മാത്രമായിരുന്നു ഉപയോഗിച്ചിരുന്നത്.

1970 കൾക്കുശേഷം അത്യുൽപാദനശേഷിയുള്ള പുതിയ വിത്തിനങ്ങളുടെ ആവിർഭാവം, രാസവളത്തിന്റെ ഉപയോഗം നവീന കൃഷിരീതികൾ, ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം, ഭൂവുടമ ബന്ധത്തിൽ വന്ന മാറ്റം മുതലായവ ധാരാളം ചെറുകിട കർഷകരുടെ ആവിർഭാവത്തിനു വഴിതെലിച്ചു. കൂടാതെ നൂതന കൃഷി സമ്പ്രദായം, ജലസേചന സൗകര്യങ്ങളുടെ ആവിർഭാവം തുടങ്ങിയവകൊണ്ട് ഉല്പാദനത്തിൽ കാര്യമായ വർദ്ധനവ് സംഭവിച്ചിട്ടുണ്ട്.

ആദ്യകാലഘട്ടത്തിൽ നെൽവിളവെടുപ്പിനു ശേഷം ആവർത്തനകൃഷിയായി പാടശേഖരങ്ങളിൽ പച്ചക്കറി കൃഷിചെയ്തിരുന്നു. കൂടാതെ പയർ, എള്ള്, മരച്ചീനി, മുതിര, ചാമ എന്നിവയും കൃഷിചെയ്തിരുന്നു. എന്നാലിത് ഇന്ന് ഏറെക്കുറെ നിലച്ച നിലയാണ്.

നെൽവയലുകളുടെ വിസ്തൃതി കുറഞ്ഞു വരികയും തെങ്ങ് കൃഷിയുടെ വിസ്തൃതി വർദ്ധിച്ചു വരികയും ആണ്. സാർവത്രിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി യുവതലമുറയിൽ കണ്ടുവരുന്ന കാർഷിക മേഖലയോടുള്ള അവജ്ഞാ മനോഭാവവും, കർഷക കുടുംബങ്ങൾ നിലവിലുള്ള ഉപഭോഗസംസ്കാരത്തിന്റെ അടിമകളായി സ്വന്തം ഭൂമിയിൽ അധ്വാനിക്കുക എന്ന മുൻകാല ശീലം ഉപേക്ഷിച്ചതിന്റെ ഫലമായും കർഷകതൊഴിലാളികളുടെ ജീവിത നിലവാരത്തിൽ വന്ന മാറ്റത്തിന്റെ ഫലമായും കൃഷിഭൂമിയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. ഗൾഫ് സ്വാധീനത്തിന്റെ ഫലമായി ഉണ്ടായിട്ടുള്ള സാമൂഹികമാറ്റവും മറ്റു മേഖലകളിലുള്ള തൊഴിലവസരങ്ങളുടെ വർദ്ധനവും കർഷകതൊഴിലാളികളുടെ എണ്ണം കുറയാൻ കാരണമായിട്ടുണ്ട്.

നെൽ വയലുകൾ നികത്തിയതുകൊണ്ട് ഭക്ഷ്യോൽപാദനം കുറഞ്ഞു എന്നു മാത്രമല്ല നീർകെട്ടിനും കാരണമായിട്ടുണ്ട്. അശാസ്ത്രീയമായ റോഡ് നിർമ്മാണവും നീർക്കെട്ട് ഉണ്ടാക്കുന്നു. നിലവിലുണ്ടായിരുന്ന കുളങ്ങൾ നികത്തിയെടുക്കുന്നതും

തോടുകൾ വേണ്ടരീതിയിൽ സംരക്ഷിക്കാതിരിക്കുന്നതും നല്ല രീതിയിലുള്ള ജലനിർഗ്ഗമനത്തെ തടസ്സപ്പെടുത്തുന്നു.

ആധുനിക കൃഷി സമ്പ്രദായം പഞ്ചായത്തിൽ കാര്യമായി ഉപയോഗിച്ചു വരുന്നുണ്ട്. പഞ്ചായത്തിലെ പ്രധാന കൃഷിയായ നെല്ലിനെ കുറിച്ചുള്ള വിവരങ്ങൾ പട്ടിക 2ൽ കൊടുത്തിരിക്കുന്നു.

ഇപ്പോൾ ജ്യോതി, ചുവന്ന തൃവേണി, കാഞ്ചന, സുലോചന, പൂജ്യം പത്ത്, കുഞ്ഞുകുഞ്ഞ്, കൈരളി എന്നിവയാണ് പാടശേഖരങ്ങളിൽ ഉപയോഗിച്ചു വരുന്ന വിത്തിനങ്ങൾ.

ഇടവിളകളെ കുറിച്ചുള്ള കണക്കുകൾ പട്ടിക 3ൽ കൊടുത്തിരിക്കുന്നു.

**പാടശേഖര സമിതികൾ:**

നല്ലനിലയിൽ പ്രവർത്തിക്കുന്ന 15 ഓളം പാടശേഖര സമിതികൾ പഞ്ചായത്തിൽ നിലവിലുണ്ട്. പാടശേഖരം സമിതിയുടെ വിശദാംശങ്ങൾ പട്ടിക 4ൽ കൊടുത്തിരിക്കുന്നു..

പാടശേഖര സമിതികൾക്കായി കൃഷിഭവൻ മുഖേന 9 പവർടില്ലർ, ഒരു ട്രാക്ടർ, 2 മെതിയന്ത്രം, 20 ധ്യാന സംഭരണികൾ എന്നിവയും നൽകിയിട്ടുണ്ട്. 50 % സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് 75 സ്പ്രേയറുകളും 5 തെങ്ങ് കയറ്റ യന്ത്രങ്ങളും 4 റോക്കർ സ്പ്രേയറുകളും വിതരണം ചെയ്തിട്ടുണ്ട്. പ്രധാനമന്ത്രിയുടെ പ്രത്യേക പദ്ധതിയനുസരിച്ച് 24 കിണറുകളും 20 പമ്പ് സെറ്റുകളും സബ്സിഡി നിരക്കിൽ നൽകിയിട്ടുണ്ട്. സമഗ്ര നാളികേര വികസന പദ്ധതി പ്രകാരം 83 കിണറുകളും 70 പമ്പ് സെറ്റുകളും സബ്സിഡി നിരക്കിൽ വിതരണം ചെയ്തിട്ടുണ്ട്.

പ്രത്യേക ഘടക പദ്ധതി പ്രകാരം 1,26,000/- രൂപ എസ്റ്റിമേറ്റിൽ 14 കിണറുകളും 2 ബയോഗ്യാസ് പ്ലാന്റും പണിതിട്ടുണ്ട്. കൂടാതെ 15 കിണറുകളുടെ അറ്റകുറ്റ പണികളും ചെയ്തിട്ടുണ്ട്.

**കൂലിനിരക്ക് :**

കർഷകതൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾക്ക് വന്ന മാറ്റത്തിന്റെ ഫലമായി തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. കൂലി നിരക്ക് പുരുഷന് ശരാശരി 110/- രൂപയായി ഉയർന്നു. സ്ത്രീയ്ക്ക് ശരാശരി 60/- രൂപയായും ഉയർന്നു. കൂലിനിരക്ക് കാർഷിക മേഖലയെ കാര്യമായി ബാധിച്ചുവരുന്നു. മാത്രമല്ല കാർഷിക രംഗത്ത് കർഷകതൊഴിലാളികളുടെ ലഭ്യതകുറവും ഒരു പരിധിവരെയുണ്ട്.

വായ്പാരംഗത്ത് കർഷകർ തീർത്തും അവഗണന അനുഭവിക്കുകയാണ്. നിലവിലുള്ള രണ്ട് സർവ്വീസ് സഹകരണസംഘങ്ങളും രണ്ട് വാണിജ്യ ബാങ്കുകളും ഇപ്പോൾ കർഷകർക്കുവേണ്ടി വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ലാ എന്ന്തന്നെ പറയാം. അതിന് ഒരു കാരണമായി പറയുന്നത് മുൻകാലങ്ങളിൽ ഈ സ്ഥാപനങ്ങൾ നൽകിയ വായ്പകൾ യഥാസമയം കുടിശ്ശിക ഇല്ലാതെ തിരിച്ചടക്കുന്ന പ്രവണത കർഷകരിൽ ഉണ്ടായില്ല എന്നതാണ്. തന്മൂലം വമ്പിച്ച വായ്പാ കുടിശ്ശക വന്നതിനാൽ വീണ്ടും കർഷകർക്ക് ആവശ്യമായ വായ്പകൾ നൽകാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ലാ എന്നതാണ് അവരുടെ അഭിപ്രായം. കാർഷിക വായ്പ മറ്റ് മേഖലകളിൽ ഉപയോഗിക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്.

**കാർഷിക മേഖലയിൽ നിലവിലുള്ള പദ്ധതികൾ**

1. ബയോഗ്യാസ് വികസന പദ്ധതി.
2. വിള ഇൻഷൂറൻസ്.
3. പ്രത്യേക തൊഴിൽദാന പദ്ധതി.
4. കൂട്ടുകൃഷി സമ്പ്രദായം.
5. കിഴങ്ങു വർഗ്ഗ വികസന പദ്ധതി.
6. കണിക ജലസേചന പദ്ധതി.
7. സമഗ്ര നാളികേര വികസന പദ്ധതി.
8. ജൈവ വള വികസന പദ്ധതി.
9. സുഗന്ധ വിള വികസന പദ്ധതി.
10. പച്ചക്കറി വികസനം.
11. നെൽ കൃഷിക്കാർക്ക് ഉല്പാദന പ്രോത്സാഹന പദ്ധതി.
12. കുമ്മായ വിതരണ പദ്ധതി.
13. നടീൽ വസ്തു വിതരണം.

14. പ്രത്യേക ഘടക പദ്ധതി.

15. ഗുണനിലവാര പരിശോധന പരിപാടി. (രാസ വളം, കീടനാശിനി)

**നിർദ്ദേശങ്ങൾ**

1. KLDC കനാലിന്റെ നിർമ്മാണ പ്രവർത്തനം ഉടൻ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുക.
2. ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
3. പച്ചക്കറി കൃഷി വ്യാപകമാക്കണം.
4. കാർഷിക മേഖലയിൽ ആവശ്യമുള്ളിടത്ത് യന്ത്ര വൽക്കരണം ഏർപ്പെടുത്തുക.
5. മണ്ണിട്ടു തൂർത്ത തോടുകളും മറ്റും പുനഃസൃഷ്ടിക്കുക.
6. കുമ്മായം സബ്സിഡി നിരക്കിൽ എല്ലാ കൃഷികൾക്കും വിതരണം ചെയ്യുക.
7. നടീൽ വസ്തുക്കൾ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
8. പെരുവല്ലൂർ പ്രദേശത്ത് സ്ലൂയിസ് നിർമ്മിക്കുക.
9. പുഷ്പകൃഷി വ്യാപകമാക്കുക.
10. കാർഷികോല്പന്നങ്ങൾ സംഭരിക്കാൻ വേണ്ടി സഹകരണ സംഘം രൂപീകരിക്കുക.
11. ഓരോ 50 ഏക്കർ കോൾ നിലങ്ങളിലും ഫാം റോഡുകൾ നിർമ്മിക്കുക.
12. മുട്ടിക്കൽ പാലം മുതൽ കടാംതോട് പാലം വരെ ഫാം റോഡായി ഉപയോഗിക്കാവുന്ന രീതിയിൽ ബണ്ട് നിർമ്മിക്കുക.
13. കൃഷി ഭവൻ പ്രവർത്തനങ്ങൾ വ്യാപകമാക്കുക.
14. കീട നശീകരണ പദ്ധതി ആവിഷ്ക്കരിക്കുക.

**പ്രത്യേക നിർദ്ദേശങ്ങൾ**

1. കണികാ ജലസേചന പദ്ധതിയോടുകൂടി സ്പ്രിംഗ്ൾ ഇറിഗേഷൻ നടപ്പിലാക്കുക.
2. സമഗ്ര നാളികേര വികസന പദ്ധതിയുടെ സബ്സിഡി ഉയർത്തുക.
3. കൃഷിക്കാർക്കാവശ്യമുള്ള പമ്പുസെറ്റ് യഥേഷ്ടം അംഗീകൃത ഏജൻസിയിൽ നിന്നും വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തുക.
4. നെൽകൃഷിക്ക് നൽകുന്ന ഉല്പാദന പ്രോത്സാഹന തുക 500/- രൂപയാക്കി ഉയർത്തുക.
5. ജൈവവളം തയ്യാറാക്കുന്നതിന് നിർമ്മിക്കുന്ന കമ്പോസ്റ്റ് പിറ്റിന് 500/- രൂപയെങ്കിലും സബ്സിഡി നൽകുക. ഒരു വാർഡിൽ ഒരെണ്ണം എങ്കിലും നടപ്പിലാക്കുക.
6. ചുരുങ്ങിയ സഹായധനം നൂറ് രൂപയാക്കി നിശ്ചയിക്കുക.
7. കീടനശീകരണ പദ്ധതിക്ക് എല്ലാ തുറയിലും 50% സബ്സിഡി അനുവദിക്കുക. (കവുങ്ങ്, തെങ്ങ്, കശുമാവ് എന്നിവക്ക്കൂടി )
8. കുരുമുളക്, നെല്ല്, വാഴ, മുതലായവയുടെ കൃഷിക്ക് പ്രത്യേകം ഊന്നൽ നൽകുക.
9. തണ്ണീർക്കായൽ പദ്ധതി നടപ്പിലാക്കുക.
10. നടീൽ വസ്തുക്കളും വിത്തുകളും വേണ്ട സമയത്ത് വിതരണം ചെയ്യുക.
11. സ്കൂളുകളിൽ 100 % സബ്സിഡി നൽകി പച്ചക്കറി കൃഷി വ്യാപിപ്പിക്കുക.
12. വാഴകൃഷിക്ക് നടീൽ വസ്തുക്കൾക്ക് സബ്സിഡി നൽകുക.
13. പട്ടികജാതിക്കാർക്കു വേണ്ടി പ്രത്യേക പദ്ധതിയിൽ അഗ്രോ സർവ്വീസ് സെന്റർ രൂപീകരിക്കുക.
14. കഞ്ഞിക്കുഴി പഞ്ചായത്തിൽ നടപ്പാക്കിയ രീതിയിൽ പച്ചക്കറി കൃഷി നടപ്പിലാക്കുക.
15. പദ്ധതി വിഹിതം നിശ്ചയിക്കുമ്പോൾ 25 % തുകയെങ്കിലും കാർഷിക മേഖലക്ക് മാറ്റി വെയ്ക്കുക.
16. കൃഷിയോഗ്യ തരിശ് ഉപയുക്തമാക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
17. പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു നഴ്സറി ആരംഭിക്കുക.
18. കൃഷിഭവന്റേയും മറ്റും ചുമതല പഞ്ചായത്തിന്റെ നിയന്ത്രണത്തിലായതുകൊണ്ട് ഒരു പ്രത്യേക സെൽ രൂപീകരിക്കുക.

19. ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം നടപ്പിലുണ്ടെന്ന് പറയുന്നുണ്ടെങ്കിലും യഥാർത്ഥത്തിൽ ഇത് നടക്കുന്നില്ല. ജലനിർഗ്ഗമന മാർഗ്ഗങ്ങൾക്കു മാത്രമേ ഇന്ന് കൂട്ടായ്മയുള്ളു. വിള പരിപാലനത്തിലും കൂട്ടായ്മ സൃഷ്ടിച്ചെടുക്കുകയാണെങ്കിൽ ചെലവിൽ ചുരുങ്ങിയത് 10 % മെങ്കിലും കുറയ്ക്കാൻ കഴിയും.

20. ഭൂപ്രകൃതിയുടെ പ്രത്യേകതകൊണ്ട് തൃശൂർ ജില്ലയിൽ നടപ്പിലാക്കുന്ന മണ്ണ് സംരക്ഷണ പദ്ധതിയിൽ മുല്ലശ്ശേരി പഞ്ചായത്തിനെ ഉൾപ്പെടുത്തണം.

പട്ടിക 1

| നമ്പർ | ഭൂപരിധി ഹെക്ടറിൽ | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 1 ൽ താഴെ | 3524 |
| 2 | 1 മുതൽ 2 വരെ | 483 |
| 3 | 5 നു മുകളിൽ | 5 |

പട്ടിക 2

| നമ്പർ | വിള | വിസ്തീർണ്ണം | ഉൽപാദനം | ഉൽപാദനക്ഷമത |
|---|---|---|---|---|
| 1 | നെല്ല് (ഒന്നാംവിള) | 57 | 171,000 കി | 3,000 കി |
| 2 | നെല്ല് (രണ്ടാംവിള) | 357 | 2142,000 കി | 6,000 കി |
| 3 | നെല്ല് (മൂന്നാംവിള) | 419 | 2514,000 കി | 6,000 കി |

പട്ടിക 3

| വിള | വിസ്തീർണ്ണം | ഉൽപാദനം കിലോ | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| 1 വാഴ | 30 | 525000 | 17500 |
| 2 മരച്ചീനി | 5 | 110000 | 22000 |
| 3 കുരുമുളക് | 15 | 18750 | 1250 |
| 4 ഇഞ്ചി | 2 | 6000 | 3000 |
| 5 മഞ്ഞൾ | 2 | 6000 | 3000 |
| 6 ജാതി | 0.5 | 25 | 50 |
| 7 ഗ്രാമ്പൂ | 0.5 | 25 | 50 |

പട്ടിക 4

| പാടശേഖരത്തിന്റെ പേര് | വിസ്തീർണ്ണം |
|---|---|
| 1 മണൽപുഴ - കണ്ണോത്ത് | 135 |
| 2 മതുക്കര പടിഞ്ഞാറ് | 90.8 |
| 3 മതുക്കര കോൾ | 89.4 |
| 4. എലവത്തൂർ കിഴക്ക് | 52 |
| 5 പേനകം കിഴക്ക് | 55 |
| 6 പെരുവല്ലൂർ - പുല്ലൂർ | 40 |
| 7 അന്നകര പാടം | 81 |
| 8 ചിറക്കൽ താഴം | 32 |
| 9 അന്നകര കിഴക്ക് | 25 |
| 10 കാഞ്ഞിരകുളം | 5 |
| 11 പാവുടായി | 20 |
| 12 പറപ്പാടം (തെക്ക്) | 18 |
| 13 പറപ്പാടം (കിഴക്ക്) | 5.2 |
| 14 സംഘം കോൾ | 70 |
| 15 പേനകം പടിഞ്ഞാറ് | 5.2 |

**ജലസേചനം**

ആവശ്യത്തിലേറെ മഴ ലഭിക്കുന്ന പ്രദേശമാണ് ഈ ഗ്രാമമെങ്കിലും ജല ദൗർലഭ്യം കാര്യമായി അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. കോൾ നിലങ്ങളിലെ ജലസേചന സൗകര്യം ഒഴിവാക്കിയാൽ സ്വകാര്യജലസേചന പദ്ധതികൾ മാത്രമേ പഞ്ചായത്തിൽ നിലവിലുള്ളു.

ഗ്രാമസഭയിൽ ഉയർന്നുവന്ന പ്രധാന ആവശ്യം ജലസേചന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനെ കുറിച്ചായിരുന്നു. ഭൂപ്രകൃതിയിൽ ഏറെ കുന്നുകളുള്ള ഈ പഞ്ചായത്തിൽ കുടിവെള്ള പ്രശ്ന പരിഹാരത്തിനും ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തിയേ മതിയാവൂ. മുല്ലശ്ശേരി കനാലിന്റെ പണി പൂർത്തീകരിക്കുകയും ആവശ്യത്തിനുള്ള ജലം പഞ്ചായത്തിന് ഉപയോഗിക്കാനുള്ള സൗകര്യം സൃഷ്ടിച്ചെടുക്കുകയും നിലവിലുള്ള തോടുകളും, കുളങ്ങളും സംരക്ഷിക്കുകയുമാണ് ജലസേചന വികസനമെന്നതുകൊണ്ട് അർഥമാക്കുന്നത്.

ഗ്രാമസഭയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ:

1. 2, 4, 5, 7, 9, 10 വാർഡുകളിൽ ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തുക.

2. സമഗ്ര നാളികേര വികസന പദ്ധതിയിലെ ഗ്രൂപ്പ് ഇറിഗേഷൻ പദ്ധതിയിലെ സബ്സിഡി തുക 10,000/- രൂപ സഹായധനം എന്ന പരിധി എടുത്തുമാറ്റി 50 % സബ്സിഡിയാക്കിമാറ്റുക.

3. കിണർ, കുളം, പമ്പുസെറ്റ് എന്നിവയ്ക്കുള്ള സബ്സിഡി 50 % ആയി ഉയർത്തുക.

മുൻകാലങ്ങളിൽ ജലലഭ്യതയുടെ കാര്യത്തിൽ നമ്മുടെ പഞ്ചായത്ത് സ്വയംപര്യാപ്തമായിരുന്നു. എന്നാൽ ഇന്ന് അശാസ്ത്രീയമായ ജല വിഭവ വിനിയോഗത്തിലൂടെ ഒരേസമയം വെള്ളക്കെട്ടും രൂക്ഷമായ വരൾച്ചയും നേരിടേണ്ട പ്രദേശങ്ങൾ നമുക്കുണ്ട്.

# മൃഗസംരക്ഷണം, മത്സ്യബന്ധനം

ഭാരതത്തിന്റെ മൊത്തം അഭ്യന്തര ഉല്പാദനത്തിന്റെ (GDP) 10 % സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണ മേഖലയാണ്. എന്നിരുന്നാലും ഈ മേഖലക്ക് നീക്കിനെക്കുന്ന തുക തുലോം തുച്ഛമാണ്. കേരള സംസ്ഥാനത്തിൽ കഴിഞ്ഞ വർഷത്തെ പദ്ധതിവിഹിതം 2044 കോടി രൂപയായിരുന്നു. അതിൽ മൃഗസംരക്ഷണ വകുപ്പിന് നീക്കിവെച്ചത് വെറും 1.09 % മാത്രമായിരുന്നു. അതായത് 22.48 കോടിരൂപ മാത്രം. അതേസമയം കേരളത്തിൽ ഉല്പാദിപ്പിക്കുന്ന മൊത്തം പാലിന്റെ മൂല്യം ഇവിടെ ഉൽപാദിപ്പിക്കുന്ന ഏതൊരു കാർഷിക വിലയുടെ മൂല്യത്തേക്കാൾ അധികമാണ്. മൃഗസംരക്ഷണ മേഖലയിൽ കൂടുതൽ ശ്രദ്ധ അത്യാവശ്യമാണ്.

1960 കളുടെ മദ്ധ്യത്തിൽ മൊത്തം പാലുല്പാദനം ഏതാണ്ട് 2 ലക്ഷം ടൺ ആയിരുന്നത് ഇപ്പോൾ 22.46 ലക്ഷം ടൺ ആയി വർദ്ധിച്ചിരിക്കുന്നു. പാലുല്പാദന രംഗത്ത് വേണ്ടത്ര പുരോഗതി കൈവരിച്ചുണ്ടെങ്കിലും മുട്ട, മാംസം എന്നിവയുടെ രംഗത്ത് വേണ്ടത്ര പുരോഗതി ഇനിയും കൈവരിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. മുട്ട, മാംസം എന്നിവയുടെ ആവശ്യം അനുദിനം വർദ്ധിച്ചു വരികയാണ്. മാംസോല്പാദന സംസ്കരണ വിപണന രംഗമാകട്ടെ അസംഘടിതവും അശാസ്ത്രീയവുമാണ്. ദിനംപ്രതി 80 ലക്ഷം മുട്ടയാണ് കേരളത്തിലേക്ക് അയൽ സംസ്ഥാനങ്ങളിൽ നിന്ന് വരുന്നത്. സ്വയം പര്യാപ്തതക്ക് ഉതകുന്ന പദ്ധതികൾ ആസൂത്രമം ചെയ്യുന്ന പക്ഷം ഈ സമ്പത്ത് ഗ്രാമീണ ഉല്പാദകന്റെ കൈകളിൽ എത്തിച്ചേരും.

മൃഗസംരക്ഷണ മേഖലയുടെ മുട്ട, പാൽ, മാംസം മുതലായ ഉൽപന്നങ്ങളുടെ ഉല്പാദന വർദ്ധനവ് ജൈവവളങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കൽ, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, വെറ്റിനറി സർവ്വീസിന്റെ വികസനം ആധുനിക വൽക്കരണം, ആസൂത്രണം എന്നിവയെ അടിസ്ഥാനമാക്കിയിട്ടുള്ളതാണ്.

നമ്മുടെ കന്നുകാലി സമ്പത്തിനെക്കുറിച്ചറിയാൻ പട്ടിക 1 ശ്രദ്ധിക്കുക

മൃഗസംരക്ഷണ രംഗത്തെ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഗ്രാമസഭ ചർച്ചകൾ താഴെ പറയുംവിധം സമന്വയിപ്പിക്കാവുന്നതാണ്.

### പാൽ ഉല്പാദന മേഖല

ഇന്നത്തെ സാഹചര്യത്തിൽ ഉല്പാദകന് ഉല്പാദനചെലവിന് അനുസൃതമായി വരുമാനം ലഭിക്കുന്നില്ല. പ്രധാനമായും കാലിത്തീറ്റയുടെ അനിയന്ത്രിതമായ വില വർദ്ധനയും വൈക്കോൽ, തീറ്റപുല്ല് എന്നിവയുടെ ദൗർലഭ്യവും ഉല്പാദന ചെലവ് വർദ്ധിപ്പിക്കുന്നു. പിന്നെ അനുഭവപ്പെടുന്നബുദ്ധിമുട്ടുകൾ എന്തെന്നാൽ പാൽ ശേഖരണ സഹകരണ സംഘങ്ങൾ പലപ്പോഴും മാന്യമായ വില നല്കുന്നില്ല എന്നുള്ളതും, പാൽ അധികമായി ഉല്പാദിപ്പിക്കുന്ന മാസങ്ങളിൽ ഒരു പരിധിവരെ മാത്രമാണ് പാൽ സഹകരണ സംഘങ്ങൾ പാൽ ശേഖരിക്കുന്നത് എന്നതുമാണ്.

### മൃഗസംരക്ഷണ മേഖലയിലെ നിർദ്ദേശങ്ങൾ

1. ഒരു വീട്ടിൽ 3 വീതം സങ്കരയിനം കോഴികളെയെങ്കിലും ഒരു വാർഡിൽ ചുരുങ്ങിയത് 100 എണ്ണം എന്ന കണക്കിൽ 50% സബ്സിഡി നിരക്കിൽ ഓരോ വർഷവും വിതരണം ചെയ്യുക.

2. വൈക്കോൽ സുലഭമായകാലത്ത് പഞ്ചായ

ത്തിന്റെ നേതൃത്വത്തിൽ സംരംഭിച്ച് യൂറിയാ ട്രീറ്റ്മെന്റ് നടത്തി പോഷക മൂല്യമുള്ള വൈക്കോൽ വിതരണം ചെയ്യുക.

3. പഞ്ചായത്തിൽ ആധുനിക രീതിയിലുള്ള അറവുശാല സ്ഥാപിക്കുക.

4. പേവിഷ നിർമ്മാർജനം സമഗ്ര പദ്ധതിയായി ഏറ്റെടുക്കുക. നായ്ക്കളെ വളർത്താൻ ലൈസൻസ് നിർബന്ധമാക്കുക.

5. പ്രത്യേക കന്നു കുട്ടി പരിപാലന പദ്ധതി വിപുലീകരിക്കുക.

6. തീറ്റ പുൽകൃഷി വ്യാപകമാക്കുവാൻ – ഫാം ക്ലബുകൾ രൂപീകരിക്കുക.

7. പ്രീമിയം വിത്തുകാളയുടെ ബീജം വെറ്റിനറി ഡിസ്പെൻസറി മുഖാന്തിരം ഈ പഞ്ചായത്തിലും എത്തിക്കുക.

8. ആടുവളർത്തൽ പദ്ധതി

a. ഓരോ വാർഡിലും പത്തുജോടി ആട്ടിൻകുട്ടികളെ വിതരണം ചെയ്യുക.

b. തെരഞ്ഞെടുത്ത പ്രദേശങ്ങളിൽ 10 : 1 എന്ന അനുപാതത്തിൽ പെണ്ണാടുകളെയും, ആണാടുകളെയും വിതരണം ചെയ്യുക.

9. ഇറച്ചിക്കുവേണ്ടിയുള്ള പന്നി വളർത്തൽ പ്രോത്സാഹിപ്പിക്കുക.

10. എഗ്ഗർ ലെയർ നഴ്സറി പഞ്ചായത്തിൽ ഒരെണ്ണം സ്ഥാപിക്കുക.

11. താറാവു കൃഷിക്ക് അനുയോജ്യമായ സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുക.

12. സഹകരണ അടിസ്ഥാനത്തിൽ ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ സ്ഥാപിക്കുക.

13. മൃഗാശുപപത്രിയിൽ ആവശ്യമായ സ്റ്റാഫിനെ ഉടൻ നിയമിക്കുക. ആവശ്യമായ അറ്റകുറ്റപ്പണികൾ വേണ്ട സമയത്ത് ചെയ്ത് തീർക്കുക.

14. പഞ്ചായത്തിന്റെ കിഴക്കൻ മേഖലയിൽ സബ്സെന്റർ സ്ഥാപിക്കുക.

15. ഗോരക്ഷാ ക്യാമ്പുകൾ പരമാവധി സംഘടിപ്പിക്കുകയും വന്ധ്യത നിവാരണ ക്യാമ്പുകൾ നടത്തുന്നതിനാവശ്യമായ തുക വർദ്ധിപ്പിക്കുകയും ചെയ്യുക.

16. സമഗ്ര കന്നുകാലി ഇൻഷൂറൻസ് പദ്ധതി, പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുക.

17. പഞ്ചായത്ത് തല മൃഗസംരക്ഷണമേള എല്ലാ വർഷവും സംഘടിപ്പിക്കുക. മാതൃകാ കർഷകന് അവാർഡും നൽകേണ്ടതാണ്.

18. മുയൽ വളർത്തൽ പദ്ധതി പരിപോഷിപ്പിക്കുക.

19. ബയോഗ്യാസ് പ്ലാന്റ് മിനി ഡയറി യൂണിറ്റുകൾക്ക് അനുവദിക്കുക.

20. നിലവിലുള്ള ഡിസ്പെൻസറിയെ പോളിക്ലിനിക്ക് ആയി ഉയർത്തുക.

## ക്ഷീരവികസനം

ഉത്പാദന മേഖലയിൽ പാൽ ഉൽപ്പാദനത്തിന് അതിയയായ പ്രധാന്യമുണ്ട്. ക്ഷീര കർഷകർക്ക് ആദായകരമായി പാലും പാൽ ഉൽപ്പന്നങ്ങളും നിർമ്മിക്കാൻ ഡയറി ഓഫീസ് വഴി ധാരാളം പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

മുൻ വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികൾ

**1. പ്രത്യേക ഘടക പദ്ധതി:**

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട ക്ഷീരകർഷകർക്ക് തൊഴുത്ത് കറപ്പശു എന്നിവക്കായി ധനസഹായം നൽകുന്നതാണ് ഈ പദ്ധതി.

**2. കർഷക സമ്പർക്കപരിപാടി:**

ക്ഷീര ഉൽപ്പാദന മേഖലയെക്കുറിച്ച് കൂടുതൽ അറിവു നൽകുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്നു.

**3. പാലുൽപ്പന്ന നിർമ്മാണ പരിശീലനം:**

മഹിളാസമാജങ്ങളുടെ നേതൃത്വത്തിൽ നടക്കുന്നു.

**4. കന്നുകാലി പ്രദർശനം:**

ബ്ലോക്കിൽ ഏതെങ്കിലും ഒരു പഞ്ചായത്തിൽ

മാത്രം സംഘടിപ്പിക്കുന്നു.

**5. തീറ്റപ്പുൽകൃഷി വികസന പരിപാടി:**

വാണിജ്യാടിസ്ഥാനത്തിൽ ഒരു ഹെക്ടറിൽ തീറ്റ പ്പുൽകൃഷി നടത്തുന്ന പദ്ധതിക്ക് 15000 രൂപ സബ്സിഡിയുണ്ട്.

**6. ധാതു ലവണ മിശ്രിതം:**

ധാതുലവണങ്ങളുടെ കുറവ് പരിഹരിക്കാനും പ്രത്യുൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നന്നതിനുമായി സബ്സിഡി നിരക്കിൽ വിതരണം ചെയ്തുവരുന്നു.

**7. വൈറ്റമിൻ സപ്ലിമെന്റ്:**

കന്നുകുട്ടികളുടെ ശരിയായ വളർച്ചക്ക് മീനെണ്ണ വിതരണം ചെയ്യുന്ന പദ്ധതി.

**8. മാതൃകാ ക്ഷീരോൽപ്പാദക യൂണിറ്റ്:**

രണ്ടു കറവപ്പശു വളർത്തുക, തൊഴുത്തു പണിയുക, പുൽകൃഷിയും അതിനാവശ്യമായ ജലസേചനം നടത്തുക മുതലായവ. 7000 രൂപ സബ്സിഡിയായി നൽകുന്നു.

**9. മാതൃകാ കാലിത്തൊഴുത്ത് നിർമാണം:**

1250 രൂപ സബ്സിഡി നൽകുന്നു.

**10. യൂറിയ ചേർത്ത് വൈക്കോൽ സംപുഷ്ടമാക്കൽ:**

ഒരു യൂണിറ്റിന് 500 രൂപ സബ്സിഡി നൽകുന്നു.

**11. സൈലേജ് നിർമാണം:**

പച്ചപ്പുല്ല് കേടുകൂടാതെ കുറച്ചുകാലം സൂക്ഷിക്കുന്നതിനുള്ള പദ്ധതിയാണിത്. യൂണിറ്റിന് 625 രൂപ സബ്സിഡി നൽകുന്നു.

**12. ഹേ നിർമ്മാണം:**

പച്ചപ്പുല്ല് അതിന്റെ പോഷകഗുണം നഷ്ടപ്പെടാത്തവിധം ഉണക്കിസൂക്ഷിക്കുന്ന പദ്ധതി. 200 രൂപ സബ്സിഡി നൽകുന്നു.

**13. ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ കിറ്റ് വിതരണം:**

കന്നുകാലികളുടേയും തൊഴുത്തിന്റേയും ശുചിത്വം ലക്ഷ്യമിടുന്ന പദ്ധതി. 60രൂപയോളം വില വരുന്ന കിറ്റ് 10 രൂപക്ക് നൽകുന്നു.

**14. ക്ഷീരോൽപ്പദന യൂണിറ്റ്:**

പാലുല്പന്നങ്ങളുടെ നിർമാണവും വിതരണവുമായി ബന്ധപ്പെട്ട് 4 വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നു. 22,000രൂപ ധനസഹായമായി നൽകുന്നു.

**15. ക്ഷീരോൽപ്പാദക സഹകരണസംഘങ്ങൾ:**

ആധുനീകരിക്കുന്നതിന്: പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി, ബിൽഡിങ്, സബ്സിഡി തുടങ്ങിയവ നൽകി വരുന്ന പദ്ധതി.

മുകളിൽ പറഞ്ഞ വികസന പദ്ധതികളെല്ലാം നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു എങ്കിലും ഭൂരിഭാഗം ഉപഭോക്താക്കൾക്കും ഈ പദ്ധതികളെക്കുറിച്ച് യാതൊരു ധാരണയുമില്ല എന്നതാണ് സത്യം.

മുല്ലശ്ശേരിയെപ്പോലുള്ള ഒരു കാർഷിക ഗ്രാമത്തിൽ പാലുൽപ്പാദനത്തിന് വളരെ മികച്ച സാദ്ധ്യതകളാണുള്ളത്. പാലിന്റെ വിപണനം ഒരു പ്രശ്നമായി നിലനിൽക്കുന്നു. ക്ഷീരസംഘങ്ങൾ സ്ഥാപിക്കുക എന്നത് മാത്രമാണ് ഇതിന് ഒരു പോംവഴി.

**നിർദ്ദേശങ്ങൾ**

1. പ്രത്യേക ഘടക പദ്ധതി എല്ലാ പഞ്ചായത്തുകൾക്കും ലഭിക്കത്തക്ക വിധത്തിൽ ആവിഷ്കരിക്കേണ്ടതാണ്. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങൾക്കു പുറമേ മറ്റുള്ള ഗുണഭോക്താക്കൾക്കു വേണ്ടിയും പദ്ധതി തയ്യാറാക്കണം.

2. തീറ്റപ്പുൽകൃഷി വികസനപരിപാടി വാർഡുതലത്തിൽ ആസൂത്രണം ചെയ്തു നടപ്പിലാക്കേണ്ടതാണ്.

3. ധാതുലവണ മിശ്രിതം കൂടുതൽ അളവിൽ വിതരണം ചെയ്യണം.

4. മാതൃകാ ക്ഷിരോൽപ്പാദന യൂണിറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതാണ്.

5. മാതൃകാ കാലിത്തൊഴുത്തിന്റെ സബ്സിഡി ഉയർത്തേണ്ടതാണ്.

6. ക്ഷീരോൽപ്പന്ന യൂണിറ്റ് കാര്യക്ഷമമായി സംഘടിപ്പിച്ച് തൊഴിലില്ലായ്മക്ക് അറുതി വരുത്താൻ കഴിയും.

7. സൈലേജ് നിർമാണം, ഹേ നിർമാണം എന്നിവക്ക് കൂടുതൽ പ്രചരണം നൽകി, സബ്സിഡി ഉയർത്തി നടപ്പിലാക്കേണ്ടതാണ്.

## നമ്മുടെ മൃഗസമ്പത്ത്

| | കേരള സംസ്ഥാനം | തൃശ്ശൂർ ജില്ല | മുല്ലശ്ശേരി പഞ്ചായത്ത് |
|---|---|---|---|
| 1 നാടൻ പശുക്കൾ | 13.93ലക്ഷം | 61552 | 886 |
| 2 സങ്കരയിനം പശുക്കൾ | 17.02 ലക്ഷം | 65834 | 783 |
| 3 എരുമ | 3.69 ലക്ഷം | 17680 | 273 |
| 4 ആട് | 15.81 ലക്ഷം | 104786 | 699 |
| 5 പന്നി | 1.37 ലക്ഷം | 3987 | 300 |
| 6 കോഴി | 170.91 ലക്ഷം | 1683726 | 13732 |
| 7 താറാവ് | 8.46 ലക്ഷം | 41233 | 1844 |

# മത്സ്യബന്ധനം

പഞ്ചായത്തിൽ മത്സ്യബന്ധനരംഗം അത്രമാത്രം പ്രധാന്യമർഹിക്കുന്നില്ല. നിലവിലുള്ള അവസ്ഥയിൽ അൻപതോളം മത്സ്യതൊഴിലാളികളേ ഉള്ളൂ.

വളരേയേറെ സാദ്ധ്യതകളുള്ള ശുദ്ധജല മത്സ്യ കൃഷി, ഒരുജല ചെമ്മീൻകൃഷി എന്നിവ പഞ്ചായ ത്തിൽ ഒരു ചലനവും ഉണ്ടാക്കിയിട്ടില്ല. സ്വകാര്യകു ളങ്ങളിൽ മത്സ്യകൃഷി ചെയ്യുന്നവരുണ്ട്.

നിർദ്ദേശങ്ങൾ

1. വെള്ളം കെട്ടിനിൽക്കുന്ന, ഒരുപ്പുകൃഷി ചെയ്യുന്ന പാടശേഖരങ്ങളിൽ പെട്ടെന്നു വളരുന്ന മത്സ്യങ്ങളെ വളർത്തുക.

2. സ്വകാര്യ കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ സബ്സിഡി നൽകുക.

3. മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വഞ്ചിയും വലയും നൽകുക.

# വ്യവസായം

കാർഷിക രാജ്യമായ ഇന്ത്യയുടെ വികസനത്തിന് കാർഷികോല്പന്നങ്ങളെ ആധാരമാക്കിയുള്ള ഒരു വ്യവസായവത്കരണമാണ് അഭികാമ്യം.

തൃശ്ശൂർ ജില്ലയിൽ ഏറ്റവുംകൂടുതൽ നെല്ല് ഉൽപ്പാദിപ്പിക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ് മുല്ലശ്ശേരി. ഇവിടെ ഉല്പാദിപ്പിക്കുന്ന നെല്ല്, അടക്ക, നാളികേരം, കശുവണ്ടി എന്നിവയെ വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കുന്ന യാതൊരുവിധ വ്യവസായ സ്ഥാപനങ്ങളും മുല്ലശ്ശേരി പഞ്ചായത്തിലില്ല. ഈ ഉൽപ്പന്നങ്ങളെല്ലാം പഞ്ചായത്തിൽനിന്ന് കടത്തിക്കൊണ്ടുപോവുകയാണ് ചെയ്യുന്നത്.

ഈ ഗ്രാമപഞ്ചായത്തിൽ വൻകിട വ്യവസായ യൂണിറ്റുകൾ ഒന്നും തന്നെ ഇല്ല. ചെറുകിട വ്യവസായ യൂണിറ്റുകൾ എല്ലാംതന്നെ സ്വകാര്യമേഖലയിലുള്ളതാണ്. ചെറുകിട വ്യവസായ യൂണിറ്റുകൾ അധികവും റൈസ്, ഫ്ളവർ, പൗണ്ടിങ് മില്ലുകളാണ്. പരമ്പരാഗത തൊഴിൽ മേഖലയായ മുള ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഈ പഞ്ചായത്തിൽ നിർജ്ജീവാവസ്ഥയിലാണ്. (പഞ്ചായത്തിലെ ചെറുകിട വ്യവസായ യൂണിറ്റുകൾ പട്ടിക 1)

വ്യവസായ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് രണ്ടെണ്ണമാണ്.

1. അന്നകര ക്ഷീര സഹകരണ സംഘം
2. പേനകം DWCRAയുടെ ഒരു യൂണിറ്റ്

പഞ്ചായത്തിൽ ധാരാളം സാദ്ധ്യതകളുള്ള ഘടകമാണ് ഇത്തരം വ്യവസായ സഹകരണ സംഘങ്ങൾ. ഒരു കയർ സഹകരണസംഘവും പഞ്ചായത്തിലുണ്ട്. തെങ്ങ് തല്ലി നാരുകളാക്കുന്ന പ്രക്രിയ മാത്രമേ ഇവിടെ നടക്കുന്നുള്ളു. നാരാക്കി മാറ്റി ഇവിടെനിന്നും കയറ്റിപ്പോവുകയാണ് ചെയ്യുന്നത്.

(മൊത്ത വ്യാപാര സംരഭങ്ങൾ പട്ടിക 2 നോക്കുക)

**പ്രശ്നങ്ങൾ**

വ്യവസായ രംഗത്ത് മുല്ലശ്ശേരി പഞ്ചായത്ത് ഇന്നും ശൈശവാവസ്ഥയിലാണ്. ഗതാഗതം, വൈദ്യുതി മുതലായവ അടുത്ത കാലത്താണ് പഞ്ചായത്തിൽ സാർവത്രികമായത്. അനുകൂല സാഹചര്യങ്ങൾ ഇന്ന് നിലവിലുണ്ടെങ്കിലും അത് ഉപയോഗപ്പെടുത്താനോ ഒരു വ്യവസായ സംസ്കാരം കെട്ടിപ്പടുക്കാനോ ഉള്ള മനോഭാവം ജനങ്ങൾക്ക് ഇനിയും വന്നുചേരാത്തതിന് പ്രധാന കാരണങ്ങളായി താഴെ പറയുന്നവയെ ചൂണ്ടിക്കാട്ടാം.

1. വ്യവസായ രംഗത്തെക്കുറിച്ചുള്ള മിഥ്യാ സങ്കല്പങ്ങൾ
2. കാർഷികോല്പന്നമായ നെല്ല് വ്യാവസായികാടിസ്ഥാനത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.
3. സഹകരണമേഖലയുടെ പരാജയം.
4. സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്
5. തൊഴിൽ സംരഭകന് ആവശ്യമായ ധനസഹായത്തിന്റെ അപര്യാപ്തത
6. വൈദ്യുതിരംഗത്തെ വോൾട്ടേജ് ക്ഷാമം

7. ഉദ്യോഗസ്ഥ സമീപനം

8. പരമ്പരാഗത വ്യവസായത്തോടുള്ള വിമുഖത

9. അപായ സാധ്യത (RISK BEARING) ഏറ്റെടുക്കാനുള്ള യുവജന വിമുഖത

10. വിപണന സാദ്ധ്യതയെക്കുറിച്ചുള്ള ആശങ്ക

11. കൂടിയ കൂലിനിരക്ക്

**നിർദ്ദേശങ്ങൾ**

അഭ്യസ്തവിദ്യരായ ധാരാളം യുവജനങ്ങളുള്ള നമ്മുടെ ഗ്രാമത്തിൽ വികസനത്തിന് അനന്ത സാദ്ധ്യതകളുണ്ട്. അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലുമായി ധാരാളംപേർ തൊഴിലെടുത്തുവരുന്നുണ്ട്. ഇവരുടെ സഹായസഹകരണത്തിലൂടെ വ്യവസായ രംഗത്ത് നമുക്ക് മുന്നേറാൻ കഴിയും. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ ധാരാളംപേർ മുന്നോട്ടുവരുന്നുണ്ടെങ്കിലും അവർക്കുമുമ്പിൽ വ്യക്തമായ ഒരു നിർദ്ദേശമോ മാർഗ്ഗരേഖയോ നിലവില്ല. അതിനാൽ ചുരുങ്ങിയ മുതൽമുടക്കിൽ ആരംഭിക്കാൻ സാദ്ധ്യതയുള്ളതും സഹകരണ മേഖലയിൽ ആരംഭിക്കാൻ കഴിയുന്നതുമായ ചില വ്യവസായങ്ങൾ ചൂണ്ടിക്കാട്ടാം.

**ചെറുകിട വ്യവസായങ്ങൾ**

1. ഓട്ടോ ഇലക്ട്രിക് ഷോപ്പ്
2. ഇലക്ട്രിക് ജനറൽ വർക്ഷോപ്പ്
3. ഇലക്ട്രോണിക് ചോക് നിർമാണം
4. സ്വിച്ച് ബോർഡുകൾ
5. തുകൽ ഉൽപ്പന്നങ്ങൾ
6. അലാങ്കാര വസ്തു നിർമാണം
7. വിനാഗിരി നിർമാണം
8. ഫർണീച്ചർ നിർമാണം
9. ക്ലീനിങ് പൗഡർ നിർമാണം
10. വാഷിങ് സോപ്പ് നിർമാണം
11. ഫാൻ റഗുലേറ്റർ നിർമാണം
12 സ്റ്റെബിലൈസർ നിർമാണം
13. പ്ലാസ്റ്റിക് പാത്രം നിർമാണം
14. ബേക്കറി ഉല്പന്നങ്ങൾ
15. റെഡിമെയ്ഡ് വസ്ത്രനിർമാണം
16. ചന്ദനത്തിരി നിർമാണം
17. കുട നിർമാണം
18. പേപ്പർ ബാഗുകൾ
19. ചെരുപ്പ് നിർമാണം
20.എഞ്ചിനീയറിങ് വർക്ഷോപ്പ്
21. തെങ്ങുതടി ഉപയോഗിച്ചുള്ള ഫർണീച്ചറുകൾ
22. അലങ്കാര വിളക്കുകൾ
23. സിമന്റ് ക്രാസികൾ
24. പി.വി.സി. ഫിറ്റിംഗുകൾ
25. ആസ്ബസ്റ്റോസ് പൈപ്പുകൾ, ഷീറ്റുകൾ
26. ഫൈബർ ഉല്പന്നങ്ങൾ
27. സോഫാ നിർമാണം
28. അലുമിനീയം ഫാബ്രിക്കേഷൻ
29. അപ്ഹോൾസ്റ്ററി വർക്സ്
30. ഓട്ടോമൊബൈൽ വർക്ഷോപ്പ്
   a. ഇരുചക്ര വാഹനങ്ങൾ
   b. ഹെവി വെഹിക്കിൾ
31. ടയർ റീ സോളിങ്
32. യന്ത്രവൽകൃത കല്ലുവെട്ട്
33. ഓട് വ്യവസായം
34. ടെറാകോട്ട ശില്പങ്ങൾ
35 ഹോളോ ബ്രിക്സ്
36. ബുക്ക് ബൈന്റിങ്
37. പ്രസ്സ്
38. സ്വർണ്ണാഭരണ നിർമാണം
39. നെയ്ത്ത്
40. കറി പൗഡറുകൾ
41. അച്ചാർ, ജാം, സ്ക്വാഷ്
42. സോഡാ നിർമാണം
43. കശുവണ്ടി സംസ്കരണം

എല്ലാ ഗ്രാമസഭകളിൽനിന്നും വന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ ആരംഭിക്കേണ്ട വ്യവസായങ്ങളെക്കുറിച്ച് ചില സൂചനകൾ

മുഖ്യ കാർഷിക ഉൽപ്പന്നമായ നെല്ല് സംഭരിച്ച് ആധുനിക രീതികൾ അവലംബിച്ച് സംസ്കരിച്ചെടുത്ത് ഒരു കിലോഗ്രം മുതൽക്കുള്ള പാക്കറ്റുകളിലാക്കി പഞ്ചായത്തിന്റെ എല്ലാ പ്രദേശങ്ങളിലും വിറ്റഴിക്കുകയും മിച്ചമുള്ളത് മറ്റു വിപണികളിൽ എത്തിക്കുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുക.

പ്രധാന വിളകളിൽ ഒന്നായ നാളികേരം സംഭരിച്ച് ഉണക്കി കൊപ്രയാക്കി വെളിച്ചെണ്ണ നിർമ്മിക്കുകയും ഏറ്റവും നവീന രീതിയിൽ പായ്ക്കു ചെയ്ത് വിപണിയിൽ എത്തിക്കുക.

മേൽപറഞ്ഞ വ്യവസായങ്ങളുടെ ഉപോൽപന്നങ്ങൾ ഉപയോഗപ്പെടുത്തി കാലിത്തീറ്റ, കോഴിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

**ഗ്രാമസഭകളുടെ അഭിപ്രായങ്ങൾ:**

1. അടയ്ക്ക ഉപയോഗിച്ചുള്ള വ്യവസായങ്ങൾ.
2. സുഗന്ധ വിള സംസ്കരണവും വിപണനവും.
3. വാഴനാര്, കയർ, ചിരട്ട, എന്നിവ ഉപയോഗിച്ചുള്ള ഗാർഹിക, കൗതുക വസ്തുക്കളുടെ നിർമ്മാണം.
4. പ്ലാസ്റ്റിക് നിർമ്മാണം.
5. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
6. കൈത്തറി വ്യവസായ യൂണിറ്റ്.
7. പാൽ ഉല്പന്നങ്ങൾ.
8. കുമ്മായ നിർമ്മാണ യൂണിറ്റ്.
9. കയറും കയറുല്പന്നങ്ങളും.
10. പൂകൃഷി.
11. കാർഡ്ബോർഡ്പെട്ടി നിർമ്മാണം.
12. കമ്പ്യൂട്ടർ ഫ്ളോപ്പി ഡിസ്ക്കുകൾ.

ജനകീയ ആസൂത്രണ പദ്ധതിയുടെ ഫലമായി ധാരാളം പുതിയ തൊഴിൽ സംരഭകർ വ്യവസായ മേഖലയിലേക്ക് കടന്നു വരാനിടയുണ്ട്. എന്നാൽ ഇന്ന് തൊഴിൽ സംരഭകർക്ക് പുതിയ മേഖലയെക്കുറിച്ച് അറിയുവാനുള്ള സാഹചര്യങ്ങൾ തുലോം കുറവാണ്. ആധുനിക ടെക്നോളജി ഇന്നും നമ്മുടെ ഗ്രാമ പ്രദേശങ്ങളിലെ തൊഴിൽ അന്വേഷകർക്ക് അന്യമാണ്. സാമ്പത്തിക രംഗമാണ് തൊഴിൽ അന്വേഷകരെ പുറകോട്ടടിക്കുന്ന മറ്റൊരു ഘടകം. വൈദ്യുതിയുടെ അപര്യാപ്തതയും ഈ മേഖലയെ ബാധിക്കുന്ന പ്രധാന പ്രശ്നമാണ്. അതിനാൽ പഞ്ചായത്തിന്റെ നേതൃത്വത്തിൽ പുത്തൻ തൊഴിൽ മേഖലയെ കുറിച്ച് അവബോധം ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. ധനകാര്യ മേഖലയിൽ ദേശീയ ശരാശരി അനുസരിച്ച് ലഭിക്കേണ്ട വായ്പകൾ നിർബന്ധമായും ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. വൈദ്യുതി രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഒരു പഞ്ചായത്തിൽ ഒരു സബ്സ്റ്റേഷൻ നിർമ്മിക്കണം.

പഞ്ചായത്തിന്റെ മൊത്തം പ്രശ്നങ്ങൾ പരിഹരിക്കണമെന്നുണ്ടെങ്കിൽ കാർഷിക വ്യാവസായിക മേഖലകളെ കൂട്ടിയിണക്കികൊണ്ടു പുത്തൻ വികസന തന്ത്രത്തിന് മാത്രമേ കഴിയൂ എന്ന ബോധത്തോടെ നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**പട്ടിക 1**

| | ഇനം | എണ്ണം |
|---|---|---|
| 1 | റൈസ് & ഫ്ളവർ മിൽ | 24 |
| 2 | പൗണ്ടിങ്ങ് മിൽ | 10 |
| 3 | ഓയിൽമിൽ | 2 |
| 4 | കളിമൺ നിർമ്മാണം | 2 |
| 5 | എഞ്ചിനീയറിങ്ങ് | 11 |
| 6 | സോപ്പ് കമ്പനി | 1 |
| 7 | പൈപ്പ് കമ്പനി | 1 |
| 8 | പ്ലാസ്റ്റിക് കമ്പനി | 4 |
| 9 | സോ മിൽ | 3 |
| 10 | ഫർണിച്ചർ | 3 |
| 11 | ആയുർവേദം | 5 |
| 12 | ജ്വല്ലറി വർക്സ് | 5 |
| 13 | പ്രസ് | 2 |
| 14 | പന്നി വളർത്തൽ | 1 |
| | ആകെ | 73 |

പട്ടിക 2

പഞ്ചായത്തിലെ മൊത്തം വ്യാപാര വ്യവസായ യൂണിറ്റുകളുടെ എണ്ണം

| | വിഭാഗം | എണ്ണം |
|---|---|---|
| 1 | റൈസ് & ഫ്ളവർ മിൽ | 24 |
| 2 | പൗണ്ടിങ്ങ് മിൽ | 10 |
| 3 | ഓയിൽമിൽ | 2 |
| 4 | കളിമൺ നിർമ്മാണം | 2 |
| 5 | എഞ്ചിനീയറിങ്ങ് | 11 |
| 6 | സോപ്പ് കമ്പനി | 1 |
| 7 | പൈപ്പ് കമ്പനി | 1 |
| 8 | പ്ലാസ്റ്റിക് കമ്പനി | 4 |
| 9 | സോ മിൽ | 3 |
| 10 | ഫർണിച്ചർ | 3 |
| 11 | പലചരക്ക് | 42 |
| 12 | സ്റ്റേഷനറി | 35 |
| 13 | ബേക്കറി | 3 |
| 14 | പച്ചക്കറി | 16 |
| 15 | റേഷൻ കട | 10 |
| 16 | തുണിക്കട | 6 |
| 17 | അലോപ്പതി മരുന്നുകൾ | 5 |
| 18 | ആയുർവേദ മരുന്നുകൾ | 14 |
| 19 | ചായക്കട, ഹോട്ടൽ | 34 |
| 20 | ഇറച്ചിക്കട | 4 |
| 21 | ധനകാര്യ സ്ഥാപനങ്ങൾ | 12 |
| 22 | ജ്വല്ലറി വർക്സ് | 9 |
| 23 | ഇലക്ട്രിക്കൽസ് | 10 |
| 24 | മറ്റുള്ളവ (കൂൾബാർ, സ്റ്റുഡിയോ, സ്പെയർ പാർട്സ്, ബാർബർ-ഷോപ്പ്, ടൈലറിങ്ങ് കടകൾ) | 116 |
| | ആകെ | 377 |

# ടൂറിസം

ദൈവത്തിന്റെ നാട് എന്നു വിളിക്കുന്ന കേരളത്തിൽ 21 ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ഏറ്റവും വലിയ വ്യവസായം ആകാൻ പോകുന്നത് ടൂറിസം ആണെന്ന് പറയുന്നുണ്ടല്ലോ! നമ്മുടെ ഗ്രാമത്തിലും വേണ്ട പോലെ ആസൂത്രണം ചെയ്യുകയാണെങ്കിൽ ടൂറിസത്തിന് വേണ്ടത്ര സാധ്യതകളുണ്ട്.

ടൂറിസം വികസനത്തിനായി ഒന്നും തന്നെ ചെയ്തിട്ടില്ലെങ്കിലും ധാരാളം പേർ നമ്മുടെ ഗ്രാമത്തിന്റെ പ്രകൃതി സൗന്ദര്യവും ക്ഷേത്രങ്ങളും കണ്ട് ആസ്വദിക്കുന്നതിനായി എത്തി ചേരുന്നത്.

**സാധ്യതകൾ:**

**1. മാനനകുന്ന്:**

ഈ പ്രദേശത്തെ ഏറ്റവും ഉയരം കൂടിയ ഈ സ്ഥലം സന്ദർശിക്കുന്നതിന് ധാരാളം പേർ എത്തി ചേരുന്നുണ്ട്. ഈ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വിലങ്ങൻകുന്ന് മാതൃകയിൽ ഒരു വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റാം.

**2. പറമ്പന്തള്ളി ക്ഷേത്രം:**

പഴക്കം എത്രയെന്ന് വ്യക്തമായി തിട്ടപ്പെടുത്താൻ കഴിയാത്ത ഈ ക്ഷേത്രത്തിന്റെ പൗരാണിക ശില്പ ഭംഗിക്ക് അല്പം കോട്ടം സംഭവിച്ചിട്ടുണ്ടെങ്കിലും ശില്പ ചാതുരി നിറഞ്ഞ് നിൽക്കുന്ന അമ്പലവും പരിസരവും ദേവസ്വവുമായി ചേർന്ന് മോടിപിടിപ്പിക്കുകയാണെങ്കിൽ സഞ്ചാരികൾ ധാരാളമായി എത്തിച്ചേരും.

**3. മുല്ലശ്ശേരി കനാൽ:**

ഈ കനാൽ പണിതീരുമ്പോൾ കൂമ്പുള്ളി പരിസരത്ത് ഒരു ജട്ടി നിർമ്മിച്ച് ബോട്ടിങ്ങിന് സൗകര്യം ഏർപ്പെടുത്താവുന്നതാണ്.

# ഗതാഗതം, ഊർജ്ജം

ഈ പഞ്ചായത്തിൽ വാഹന ഗതാഗതയോഗ്യമായ 59.40 KM റോഡുകളാണ് ഉള്ളത്. ഒരു പതുരശ്ര KM വിസ്തീർണ്ണത്തിന് ശരാശരി 4.95 KM റോഡ് ഇന്ന് ഈ പഞ്ചായത്തിലുണ്ട്. സംസ്ഥാന ശരിയായ 3.2 KM ന് ഏറെയാണ് ഇത്.

ഏകദേശം 34 വർഷങ്ങൾക്കുമുമ്പാണ് മുല്ലശ്ശേരി പഞ്ചായത്ത് നിലവിൽ വന്നത്. ഒരുപാടു തോടുകളും ചെറിയ ചെറിയ കൈവഴികളും വിരലിണ്ണാവുന്ന റോഡുകളും മാത്രമാണ് അന്ന് നിലവിലുണ്ടായിരുന്നത്. അതിൽതന്നെ അപൂർവ്വം ചിലത് മാത്രമാണ് വാഹന സഞ്ചരയോഗ്യമായിരുന്നത്.

കുന്നുകളും, ചെരുവുകളും, പാടങ്ങളും, തീരപ്രദേശങ്ങളും അടങ്ങുന്ന ഈ പഞ്ചായത്തിൽ റോഡ് നിർമ്മാണവും, സംരക്ഷണവും വളരെ വിഷമം പിടിച്ചാതായിരുന്നു എങ്കിലും കാലാകാലങ്ങളിലെ പഞ്ചായത്ത് ഭരണ സമിതിയുടെ ശക്തമായ പ്രവർത്തനഫലമായി ഇന്ന് ഈ പഞ്ചായത്തിൽ 59.40 ച.കി.മീ. റോഡ് ഉണ്ടാക്കുവാൻ സാധിച്ചു. ഈ പഞ്ചായത്ത് രൂപീകരിക്കുമ്പോൾ കേവലം 10 റോഡുകൽ ഉണ്ടായിരുന്നത്. 95 – 96 വർഷമായപ്പോഴെക്കും 94 റോഡുകൾ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. റോഡ് ദൈർഘ്യത്തിന്റെ കാര്യത്തിൽ മുല്ലശ്ശേരി പഞ്ചായത്ത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണെങ്കിലും റോഡുകളുടെ സംരക്ഷണ പണിയിൽ വളരെ പിന്നിലാണുതാനും. കാരണം ഒട്ടുമിക്ക റോഡുകളും കുണ്ടൻ തോടുകൽ റോഡാക്കിയതിനാൽ നീർവാർച്ച സൗകര്യം ഇല്ലാത്തതിനാൽ റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്.യഥാസമയം റോഡുകൾ അറ്റകുറ്റ പണി നടത്തി സംരക്ഷിച്ച് നിലനിർത്തുന്നതിന് പഞ്ചായത്തിന്റെ സാമ്പത്തിക ശേഷി യോജിച്ചതല്ല.

**റോഡ് നിർമ്മാണം**

മുല്ലശ്ശേരി സെന്ററിൽനിന്ന് 10 ാം വാർഡായ ഊരകത്തേക്ക് ഇന്ന് റോഡുവഴി യാത്രചെയ്യാൻ 14 കി.മീ. ദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു. 1 ാം വാർഡു മുതൽ 10 ാം വാർഡു വരെ നീണ്ടുകിടക്കുന്ന മുല്ലശ്ശേരി കനാലിന്റെ തെക്കു ഭാഗത്തുള്ള ബണ്ട് റോഡ് ഗതാഗത യോഗ്യമാക്കി മാറ്റിയാൽ കേവലം 5 കി.മീ. യാത്രചെയ്താൽ ഈ പഞ്ചായത്തിലെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ എത്തിച്ചേരുന്നതിന് സാധ്യമാവും. കാർഷിക മേഖലയായ മുല്ലശ്ശേരി പഞ്ചായത്തിൽ ഈ റോഡ് പ്രാവർത്തികമായാൽ കർഷകർക്കും കർഷക തൊഴിലാളികൾക്കും ഏറ്റവും ഗുണകരമാകും. ഈ പദ്ധതി നടപ്പിലായാൽ മുല്ലശ്ശേരി പഞ്ചായത്തിന്റെ മുഖച്ഛായയിൽ വിപ്ലവകരമായ മാറ്റം ഉണ്ടാക്കാൻ കഴിയും. അതിനാൽ ബ്ലോക്ക് പഞ്ചായത്തോ, ജില്ലാ പഞ്ചായത്തോ ഈ നിർദ്ദേശം മുൻഗണനന നൽകി പരിഹരിക്കേണ്ടതാണ്.

**ടാർ റോഡുകളുടെ പ്രശ്നങ്ങൾ:**

1. ടാർ റോഡുകളുടെ ഗുണനിലവാരം മോശമായതിനാൽ വർദ്ധിച്ച യാത്രാ സൗകര്യത്തിന് അനുയോജ്യമായ വിധം റോഡുകൾ മെച്ചപ്പെടുത്തണം എന്ന പ്രശ്നങ്ങളാണ് ഉയർന്നു വന്നിരിക്കുന്നത്. അപകടകരമായ വളവുകൾ റോഡിന്റെ വീതിയില്ലായ്മ എന്നീ കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.

**പഞ്ചായത്തിലെ ടാർ റോഡുകൾ പട്ടിക 1**

1 b. മെറ്റൽ റോഡുകളുടെയും ചരൽ റോഡുകളുടെയും ശോചനീയാവസ്ഥ. ഗ്രാമസഭകളിൽ ഏറ്റവും ഉയർന്നു വന്ന നിർദ്ദേശങ്ങളിൽ വലിയൊരു ഭാഗവും നിലവിലുള്ള മെറ്റൽ, ചരൽ റോഡുകളുടെ ശോചനീയാവസ്ഥയെ ആസ്പദമാക്കിയിട്ടുള്ളതാണ്. പൊട്ടിപൊളിഞ്ഞും താറുമാറായും മനുഷ്യർക്ക് നടക്കാൻ കഴിയാത്ത അവസ്ഥയിൽ കിടക്കുന്ന റോഡുകളിൽ വളരെ അടിയന്തിരമായി സംരക്ഷണപണി നടത്തണം എന്നതാണ് പ്രധാന പരാതി. മറ്റൽ ചെയ്യാനും, ടാർചെയ്യാനുമുള്ള നിർദ്ദേശങ്ങൾ വളരെയധികം ഉയർന്നു വന്നിട്ടുണ്ട്.

**പഞ്ചായത്തിലെ മെറ്റൽ റോഡുകൾ പട്ടിക 2**

ഇന്നത്തെ കണക്കനുസരിച്ച് കിലോമീറ്ററിന് 4 ലക്ഷം രൂപ വീതം 32.04 മീറ്റർ സോളിങ്ങ്, മെറ്റലിങ്ങ്, ടാറിങ്ങ് എന്നിവ നടത്തണമെങ്കിൽ 1 കോടി 28 ലക്ഷം രൂപയോളം ചിലവുവരും എന്ന വസ്തുത പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്. കൂടാതെ ടാർ ചെയ്ത റോഡുകളുടെ റീ ടാറിങ്ങ് മുതലായവയ്ക്കും നല്ലൊരു സംഖ്യ ചിലവ് വരുന്നുണ്ട്. ഇത്രയും ഭീമമായ സംഖ്യ ചിലവൊഴിവാക്കൻ പഞ്ചായത്തിന് കഴിയുകയില്ലാ എന്നുള്ളത് പ്രത്യേകം അറിഞ്ഞിരിക്കേണ്ടതാണ്.

ഭീമമായ സംഖ്യ റോഡുകൾക്കുമാത്രം ചിലവഴിച്ചാൽ ഉൽപാദന ക്ഷമതയുള്ള മറ്റു വികസന പ്രവർത്തനങ്ങൾക്ക് തടസ്സമായിരിക്കും എന്നുള്ളതും ശ്രദ്ധേയമാണ്.

**പഞ്ചായത്തിലെ ചരൽ റോഡുകൾ പട്ടിക 3**

**3. മണൽ റോഡുകൾ:**

പുതിയ മണൽ റോഡുകൾ നിർമ്മിക്കുന്നതിന് വളരെയധികം നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. മിക്ക നിർദ്ദേശങ്ങളിലും നിലവിലുള്ള ഇടവഴികൾ റോഡാക്കി മാറ്റണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

സമതലത്തിലും താഴ്ന്ന പ്രദേശങ്ങളിലും റോഡുകളായി മാറിയ ഇടവഴികൾ വർഷക്കാലത്ത് അധികം വരുന്ന പാടശേഖരങ്ങളിലേക്ക് ഒഴുകി പോകുന്നതിൽ മാർഗ്ഗതടസ്സമായി. അതുപ്രകാരം ഇത്തരം റോഡുകളിൽ വെള്ളം കെട്ടിനിൽക്കുകയും വർഷക്കാലത്ത് സഞ്ചാരയോഗ്യമല്ലാതായി തീരുകയും ചെയ്യുന്നു.

**പഞ്ചായത്തിലെ മണൽ റോഡുകൾ പട്ടിക 4**

**പ്രശ്നങ്ങൾ:**

1. പല വാർഡുകളിലും വേണ്ടത്ര റോഡ് സൗകര്യമില്ല.
2. നിലവിലുള്ള റോഡുകളുടെ അവസ്ഥ വളരെ മോശമാണ്.
3. പല റോഡുകളിലും കാനകൾ ഇല്ല.
4. റോഡുകൾക്ക് വീതി കൂട്ടുവാൻ ആവശ്യമായ സ്ഥലം കിട്ടുവാനുള്ള വിഷമതകൾ
5. പുതിയ റോഡുകൾ നിർമ്മിക്കുവാനുള്ള സാമ്പത്തിക വിഷമം.
6. പാരിസ്ഥിതിക പ്രശ്നങ്ങൾ.

മുല്ലശ്ശേരി പഞ്ചായത്തിലെ എല്ലാ റോഡുകളും അളന്ന് തിട്ടപ്പെടുത്തി അതിർത്തി കല്ലുകൾ സ്ഥാപിക്കാനും പുറമ്പോക്കായി പ്രഖ്യാപിക്കാനും വേണ്ട സത്വര നടപടികൾ മിക്ക ഗ്രാമസഭകളും ആവശ്യപ്പെട്ടിട്ടുണ്ട്.

സാദ്ധ്യതകൾ

1. എല്ലാ റോഡുകൾക്കും വെള്ളം ഒഴുകിപോകുന്നതിന് കാനകൾ നിർമിക്കാനുള്ള സന്നദ്ധപ്രവർത്തനം നടത്തുക.

2. ബഹുജന പങ്കാളിത്തത്തോടെ റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ പരിപാടി തയ്യാറാക്കുക.

3. പ്രധാന റോഡുകൾ ടാർ ചെയ്യാൻവേണ്ട പദ്ധതി ആവിഷ്കരിക്കുക.

4. മുൻഗണനാ ക്രമത്തിൽ പുതിയ റോഡുകൾ ഉണ്ടാക്കാൻ പദ്ധതി തയ്യാറാക്കുക

5. റോഡ് സംരക്ഷണത്തിന് പ്രദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.

6. വെള്ളം ഒഴുകിപ്പോകാൻ ആവശ്യമുള്ള സ്ഥലത്ത് കൽവർട്ടുകൾ പണിയുക.

ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്നിട്ടുള്ള ഒട്ടേറെ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

ടാർ ചെയ്യേണ്ട റോഡുകൾ

1. തിരുനെല്ലൂർ അമ്പലം റോഡ്
2. തിരുനെല്ലൂർ A.M.L.P. മുതൽ കടവു വരെ
3. ഹെൽത്ത് സെന്റർ 1 ാം വാർഡ്
4. മഹാത്മാ റോഡ്
5. വെള്ളാംഗമാം ലിങ്ക് റോഡ്
6. കിസാൻ റോഡ്
7. മണൽപുഴ – മുളഞ്ചേരിക്കുളം
8. സി.അച്ചുതമേനോൻ സ്മാരക റോഡ്
9. മാനന ഹരിജൻ കോളനി റോഡ്
10. പെരുവല്ലൂർ കുത്താട് റോഡ്
11. പുല്ലൂർ റോഡ്
12. ചിറക്കൽ റോഡ്
13. എലവത്തൂർ കുന്നിൻമുകളിലെ റോഡ്
14. പേനകം റിങ് റോഡ്
15. എലവത്തൂർ കിഴക്കു ഭാഗത്തുള്ള റോഡ്
16. പേനകം റോഡ്
17. ഊരകം റിങ് റോഡ്
18. മതുക്കര തെക്കേപ്പടവ് റോഡ്

പുതുതായി നിർമിക്കേണ്ട റോഡുകൾ

1. തിരുനെല്ലൂർ ടാർ റോഡിൽനിന്നും വാലിപ്പടി തോടുകൂടി കടവത്തേക്ക്

2. ഹനുമാൻ കായൽ കോളനി റോഡ്

3. KLDC കനാൽതൊട്ട് ഹരിജൻകോളനി റോഡ്

4.മതുക്കര കിഴക്കുഭാഗത്തുള്ള സൊസൈറ്റി പടവിലേക്ക്

5. പെരുവല്ലൂർ സ്കൂളിന്റെ കിഴക്കേ അതിരിലൂടെ AKG റോഡിലേക്ക്

പ്രത്യേക നിർദ്ദേശങ്ങൾ

1. ഒന്നാം വാർഡിലെ മൂന്നടി വീതിയുള്ള വഴി സൈഡ് കെട്ടി സഞ്ചാരയോഗ്യമാക്കുക.
2. സൊസൈറ്റി റോഡ് പുതുക്കാട് റോഡുമായി ബന്ധിപ്പിക്കുക.
3. അമ്പലനട അമ്പലംകുടം റോഡ് പഞ്ചായത്ത് ഏറ്റെടുക്കുക.
4. മുല്ലശ്ശേരി ഒന്നാം വാർഡിനെ ബന്ധിപ്പിക്കുന്നതിന് KLDC കനാലിനു മീതെ പാലം നിർമിക്കുക.
5. തിരുനെല്ലൂർ കുരിശുപള്ളി തെക്കോട്ടുള്ള റോഡ് കാനകെട്ടി സംരക്ഷിക്കുക.
6. ഹെൽത്ത് സെന്റർ റോഡ് അടിയന്തിരമായി റീ – ടാർ ചെയ്യുക.
7. മുല്ലശ്ശേരി മാടകാക്കൽ കടവ് റോഡ് റീ – ടാർ ചെയ്യുക.

8. ഹരിജൻ കോളനി റോഡ് റീ – ടാർ ചെയ്യുക.

9. AKG റോഡ് സംരക്ഷണപ്പണി നടത്തണം.

10. പൂച്ചക്കുന്ന് – പണ്ടാർക്കാട് റോഡ് അടിയന്തിരമായി സംരക്ഷണപ്പണി നടത്തണം.

11. എലവത്തൂർ മതുക്കര റോഡിൽ കനാലിനു മുകളിൽ സഞ്ചാരയോഗ്യമായ പാലം.

12. എലവത്തൂർ പേനകം റോഡിൽ രണ്ട് കൽവർട്ട്

13. എലവത്തൂർ – പേനകം റോഡ് പേനകം റിങ് റോഡുമായി ബന്ധിപ്പിക്കണം.

14. പേനകം പടിഞ്ഞാറുഭഗത്ത് കനാലിൽ പാലം.

15. ഊരകം എലവത്തൂർ പാലം.

**ഒരു കുറിപ്പ്**

1. മുല്ലശ്ശേരി പഞ്ചായത്തിലെ ഒറ്റപ്പെട്ടു കിടക്കുന്ന മതുക്കര, എലവത്തൂർ, പേനകം, ഊരകം, മുല്ലശ്ശേരി താണവീഥി റോഡിലേക്കും ബസ് റൂട്ടുകൾ അനുവദിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുക.

2. പഞ്ചായത്തിലെ അന്നകര, പെരുവല്ലൂർ, UP, മുല്ലശ്ശേരി ബ്ലോക്ക് സെന്റർ എന്നിവിടങ്ങളിൽ വെയ്റ്റിങ്ങ് ഷെഡുകൾ ഉണ്ടാക്കുക.

പഞ്ചായത്ത് അതിർത്തിയിലുള്ള ഓട്ടോ റിക്ഷ, കാർ മുതലായവക്ക് ഇന്ന് സർക്കാരിൽ അടച്ചുകൊണ്ടിരിക്കുന്ന വാഹന നികുതി പഞ്ചായത്തിലേക്ക് കിട്ടുന്നതിനു വേണ്ട നടപടി സ്വീകരിക്കുക.

ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാന സെന്ററായ മുല്ലശ്ശേരി പെരുവല്ലൂർ സെന്ററിൽ ഓട്ടോ ടാക്സി സ്റ്റാൻഡ് നടപ്പാക്കുന്നതിനുവേണ്ടി അടിയന്തിര നടപടികൾ സ്വീകരിക്കുക.

കണ്ണേങ്ങാത്ത് ബണ്ടിനു സമീപം (പറമ്പന്തള്ളി പാലത്തിന്റെ വശത്ത്) ചെറിയ മരങ്ങൾ വെച്ചുപിടിപ്പിച്ച് മണ്ണൊലിപ്പ് തടഞ്ഞാൽ സഞ്ചാര യോഗ്യമാക്കാൻ കഴിയും.

## പട്ടിക 1

### പഞ്ചായത്തിലെ ടാർ റോഡുകൾ

| റോഡ് | ഉടമസ്ഥത | ദൂരം കിമീ. | വീതി മീറ്റർ | യാത്രാ സൗകര്യം |
|---|---|---|---|---|
| 1 മുല്ലശ്ശേരി ചാൽ – ചീരോഞ്ഞ് പടി | PWD | 2.300 | 8 | ഉണ്ട് |
| 2 മുല്ലശ്ശേരി സെന്റർ – കാരയി തോട് | PWD | 1.300 | 8 | ഉണ്ട് |
| 3 താമരപ്പിള്ളി – കടാംതോട് | PWD | 3.000 | 8 | ഉണ്ട് |
| 4.. കോഴിത്തോട് തിരുനെല്ലൂർ | പഞ്ചായത്ത് | 0..615 | 6 | ഉണ്ട് |
| 5. തിരുനെല്ലൂർ – പാവറട്ടി | പഞ്ചായത്ത് | 0.250 | 8 | ഉണ്ട് |
| 6. തിരുനെല്ലൂർ മദ്രസ റോഡ് | പഞ്ചായത്ത് | 1.090 | 6 | ഉണ്ട് |
| 7 മുല്ലശ്ശേരി ഹെൽത്ത് സെന്റർ | പഞ്ചായത്ത് | 1.300 | 6 | ഉണ്ട് |
| 8. വിദ്യാർത്ഥിറോഡ് | പഞ്ചായത്ത് | 0.300 | 5 | ഉണ്ട് |
| 9. മുല്ലശ്ശേരി – മാടക്കാൽ കടവ് | പഞ്ചായത്ത് | 3.25 | 6 | ഉണ്ട് |
| 10 ഹൈസ്കൂൾ റോഡ് | പഞ്ചായത്ത് | 0.525 | 8 | ഉണ്ട് |
| 11 പറമ്പംതുള്ളി ക്ഷേത്രനട | പഞ്ചായത്ത് | 1.050 | 5 | ഉണ്ട് |
| 12 പറമ്പംതുള്ളി പെരുവല്ലൂർ റോഡ് | പഞ്ചായത്ത് | 0.760 | 6 | ഉണ്ട് |
| 13 ലക്ഷംവീട് മാടകാക്കൽ | പഞ്ചായത്ത് | 0.165 | 8 | ഉണ്ട് |
| 14 പെരുവല്ലൂർ പേനകം | പഞ്ചായത്ത് | 2.000 | 6 | ഉണ്ട് |
| 15 പെരുവല്ലൂർ പണ്ടാർക്കാട് | പഞ്ചായത്ത് | 0.800 | 6 | ഉണ്ട് |
| 16 അന്നകര എലവത്തൂർ | പഞ്ചായത്ത് | 2.000 | 6 | ഉണ്ട് |
| 17 എലവത്തൂർ ഊരകം | പഞ്ചായത്ത് | 1.200 | 6 | ഉണ്ട് |
| 18 ഊരകം റോഡ് | പഞ്ചായത്ത് | 2.200 | 6 | ഉണ്ട് |
| 19 മതുക്കര | പഞ്ചായത്ത് | 1.000 | 5 | ഉണ്ട് |
| 20 പറമ്പംതുള്ളി പെരുവല്ലൂർ | പഞ്ചായത്ത് | 0.325 | 6 | ഉണ്ട് |
| 21 മഹാത്മാ ഹെൽത്ത് സെന്റർ | പഞ്ചായത്ത് | 1.000 | 6 | ഉണ്ട് |
| 22 മാടക്കാക്കൽ സൗത്ത് | പഞ്ചായത്ത് | 0.500 | 6 | ഉണ്ട് |
| 23 ബ്ലോക്ക് ഹരിജൻ കോളനി | പഞ്ചായത്ത് | 1.000 | 6 | ഉണ്ട് |
| 24 മധുക്കര ഹരിജൻ കോളനി | പഞ്ചായത്ത് | 0.150 | 5 | ഉണ്ട് |

## പട്ടിക 2

### പഞ്ചായത്തിൽ മെറ്റൽ ചെയ്ത റോഡുകൾ

| റോഡ് | ദൂരം കി.മീറ്റർ | വീതി മീറ്റർ | യാത്രാ സൌകര്യം |
|---|---|---|---|
| 1 പെരുവല്ലൂർ - കൂത്താട് | 0.900 | 5 | ഉണ്ട് |
| 2 കാരായി | 0.675 | 4 | ഉണ്ട് |
| 3 എലവത്തൂർ - പേനകം | 0.600 | 8 | ഉണ്ട് |
| 4 കിസാൻ | 0.650 | 5 | ഉണ്ട് |
| 5 കൃഷിഭവൻ | 0.150 | 4 | ഉണ്ട് |

## പട്ടിക 3

### പഞ്ചായത്തിലെ ചരൽ റോഡുകൾ

| റോഡ് | ദൂരം | വീതി | യാത്രാസൗകര്യം |
|---|---|---|---|
| 1 തിരുനെല്ലൂർ ക്ഷേത്രം | 0.160 | 6 | ഉണ്ട് |
| 2 തിരുനെല്ലൂർ പെരിങ്ങാട് | 0.150 | 4 | ഉണ്ട് |
| 3 ഗുൽ മുഹമ്മദ് | 1.030 | 5 | ഉണ്ട് |
| 4 ഹെൽത്ത് സെന്റർ - തിരുനെല്ലൂർ | 0.865 | 5 | ഉണ്ട് |
| 5 തിരുവോണം | 1.000 | 6 | ഉണ്ട് |
| 6 മണൽ പുഴ - മുളഞ്ചേരി കുളം | 0.625 | 5 | ഉണ്ട് |
| 7 പുതുക്കാട് | 0.750 | 6 | ഉണ്ട് |
| 8 ഹൈസ്കൂൾ ചിറ | 0.350 | 5 | ഉണ്ട് |

| | | | |
|---|---|---|---|
| 9 ബാലവാടി | 0.200 | 5 | ഉണ്ട് |
| 10 താണവീഥി – മാനന | 0.350 | 5 | ഉണ്ട് |
| 11 താണവീഥി – ഹൈസ്കൂൾ | 0.900 | 5 | ഉണ്ട് |
| 12 ലക്ഷംവീട് – പാറപ്പാടം | 1.675 | 6 | ഉണ്ട് |
| 13 ലക്ഷംവീട് – മാടകാക്കൽ | 0.125 | 4 | ഉണ്ട് |
| 14 പുല്ലൂർ | 1.005 | 5 | ഉണ്ട് |
| 15 പൂച്ചക്കുന്ന് – പണ്ടാർക്കാട് | 0.800 | 5 | ഉണ്ട് |
| 16 പേനകം റിങ്ങ് | 2.000 | 5 | ഉണ്ട് |
| 17 പുല്ലൂർ കോളനി | 0.100 | 3 | ഉണ്ട് |
| 18 താണവീഥി പോലീസ് | 0.250 | 4 | ഉണ്ട് |
| 19 സി അച്ചുതമേനോൻ സ്മാരകം | 0.250 | 6 | ഉണ്ട് |
| 20 എലവത്തൂർ എൽ.പി.സ്കൂൾ | 0.536 | 6 | ഉണ്ട് |
| 21 എലവത്തൂർ സെന്റർ | 0.800 | 6 | ഉണ്ട് |
| 22 വാണിവിലാസം യു.പി. സ്കൂൾ | 0.600 | 6 | ഉണ്ട് |
| 23 അംബേദ്കർ | 0.650 | 3.5 | ഉണ്ട് |
| 24 ആയുർവേദ ആസ്പത്രി | 0.102 | 5 | ഉണ്ട് |
| 25 ഊരകം റിങ്ങ് | 1.000 | 6 | ഉണ്ട് |
| 26 തിരുനെല്ലൂർ പെരിങ്ങാട് | 0.150 | 4 | ഉണ്ട് |
| 27 ആശ്രമം | 0.100 | 2 | ഇല്ല |
| 28 മാടകാക്കൽ സൗത്ത് | 0.500 | 3 | ഉണ്ട് |

പട്ടിക 4
പഞ്ചാത്തിലെ മൺ റോഡുകൾ

| റോഡ് | ദൂരം കി.മീ. | വീതി മീറ്റർ | യാത്രാസൗകര്യം |
|---|---|---|---|
| 1 മദ്രസ്സറോഡ് – പെരിങ്ങാട് കടവ് | 0.150 | 3 | ഉണ്ട് |
| 2 തിരുനെല്ലൂർ ലക്ഷംവീട് | 0.450 | 4 | ഉണ്ട് |
| 3 പാടൂർ തോട് | 0.400 | 3 | ഉണ്ട് |
| 4 വെള്ളാംഗമഠം | 0.150 | 3 | ഉണ്ട് |
| 5 മാവേലി | 0.750 | 3 | ഉണ്ട് |
| 6 കിസാൻ | 0.500 | 5 | ഉണ്ട് |
| 7 ചീരോത്ത് പടി | 0.075 | 3 | ഉണ്ട് |
| 8 ചിററോഡ് | 0.225 | 5 | ഉണ്ട് |
| 9 താണവീഥി നോർത്ത് | 0.150 | 4 | ഉണ്ട് |
| 10 മാടകാക്കൽ അമ്പലം | 0.035 | 4 | ഉണ്ട് |
| 11 നോർത്ത് പറപ്പാടം | 0.155 | 6 | ഉണ്ട് |
| 12 മുല്ലശ്ശേരി – അന്നകര | 0.325 | 5 | ഉണ്ട് |
| 13 കോട്ട റോഡ് | 0.350 | 5 | ഉണ്ട് |
| 14 കോട്ടപ്പാടം | 0.110 | 2 | ഉണ്ട് |
| 15 പൂച്ചക്കുന്ന് റോഡ് | 0.200 | 4 | ഉണ്ട് |
| 16 പെരുവല്ലൂർ കടുക്കുഴി | 0.400 | 4 | ഉണ്ട് |
| 17 പെരുവല്ലൂർ പാടം | 0.470 | 3 | ഉണ്ട് |
| 18 അന്നകര – അമ്പലനട | 0.500 | 3 | ഉണ്ട് |
| 19 ചിറക്കൽ | 1.000 | 5 | ഉണ്ട് |
| 20 അത്താണി – അന്നകര പാടം | 0.500 | 3 | ഉണ്ട് |
| 21 കടാംതോട് റോഡ് | 0.200 | 3 | ഉണ്ട് |
| 22 അന്നകര സ്കൂൾ | 0.200 | 3 | ഉണ്ട് |
| 23 എലവത്തൂർ സൗത്ത് | 0.250 | 4 | ഉണ്ട് |
| 24 മാടകാക്കൽ കടവ് | 0.250 | 4 | ഉണ്ട് |
| 25 എലവത്തൂർ മാടക്കൽ കടവ് | 0.250 | 4 | ഉണ്ട് |
| 26 എലവത്തൂർ സ്കൂൾ | 0.100 | 3 | ഉണ്ട് |
| 27 എലവത്തൂർ നോർത്ത് | 0.150 | 3 | ഉണ്ട് |
| 28 ആശ്രമം – മുട്ടിക്കൽ | 0.150 | 2 | ഉണ്ട് |
| 29 ബാലവാടി റോഡ് | 0.200 | 4 | ഉണ്ട് |
| 30 ബാലവാടി – പാടം | 0.500 | 4 | ഉണ്ട് |
| 31 ഊരകം – പാടം | 0.200 | 4 | ഉണ്ട് |
| 32 കുത്തൂർ റോഡ് | 1.500 | 5 | ഇല്ല |
| 33 എലവത്തൂർ സെന്റർ | 0.200 | 5 | ഉണ്ട് |
| 34 തണ്ണീർകായൽ – പുളിക്കക്കടവ് | 1.500 | 4 | ഉണ്ട് |
| 35 വെള്ളാങ്ങമഠം ലിങ്ക് | 0.800 | 4 | ഉണ്ട് |
| 36 തോരണം കുത്തിയാൽ | 0.100 | 4 | ഇല്ല |



141

# ഊർജ്ജം

പുരോഗതിയുടെ വഴികൾ തേടുമ്പോൾ മനുഷ്യൻ ആദ്യം ഓർക്കുന്നത് വൈദ്യുതിയെക്കുറിച്ചാണ്. എന്നാൽ മുല്ലശ്ശേരിയുടെ ഈ രംഗത്തുള്ള നില അത്രയൊന്നും മെച്ചപ്പെട്ടതല്ല. പല പ്രദേശങ്ങളിലും ഇനിയും വൈദ്യുതി എത്തിച്ചേർന്നിട്ടില്ല. പാവറട്ടി, മുല്ലശ്ശേരി, പറപ്പൂർ എന്നിങ്ങനെ മൂന്ന് സെക്ഷനിൽ നിന്നാണ് പഞ്ചായത്തിനാവശ്യമായ വൈദ്യുതി ലഭിച്ചുവരുന്നത്. ഉപഭോക്താക്കളിൽ ഏറിയ പങ്കും ഗാർഹിക ഉപഭോക്താക്കളാണ്. കാർഷിക ഉപഭോക്താക്കൾ രണ്ടാം സ്ഥാനത്തും വ്യാവസായിക ഉപഭോക്താക്കൾ മൂന്നാം സ്ഥാനത്തും വരും.

ആകെ പന്ത്രണ്ട് ട്രാൻസ്ഫോർമറുകൾ മാത്രമുള്ള ഈ പഞ്ചായത്തിൽ ഉപഭോക്താക്കൾ വോൾട്ടേജ് ക്ഷാമത്തെക്കുറിച്ച് ഏറെ പരാതിയുള്ളവരാണ്. മിക്കവാറും പ്രദേശങ്ങളിൽ വൈകീട്ട് ആറു മണി മുതൽ രാത്രി പത്തുമണി വരെ സമയത്ത് ബൾബുകൾ മിന്നാമിനുങ്ങിന് സമാനമായിത്തീരുന്ന അവസ്ഥയുണ്ട്. അതുകൊണ്ട്തന്നെ ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവലാതികൾ ഏറെയും ട്രാൻസ്ഫോമറുകളെ കുറിച്ചുള്ളതായിരുന്നു. കാലാകലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്താത്തതും വൈദ്യുതലൈനിൽ മരങ്ങളും മറ്റും തൊട്ടുനിൽക്കുന്നതും വൈദ്യുതി പ്രതിസന്ധി കൂടതൽരൂക്ഷമാക്കുന്നു. തിരുനെല്ലൂർ ട്രാൻസ്ഫോമറിൽനിന്ന് പുഴയിൽക്കൂടി പോകുന്ന ലൈനിൽ പ്രത്യേകം സെക്ഷൻ ഫ്യൂസ് സ്ഥാപിക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. എല്ലാ പ്രദേശങ്ങളിലും വൈദ്യുദി എത്തിചേർന്നിട്ടില്ല.
2. അപ്രഖ്യാപിത പവർകട്ട്.
3. വൈദ്യുതി ഓഫീസുകളുമായി ദൂരപരിധി.
4. സ്റ്റെപ് അപ്കളുടെ ഉപയോഗം.
5. സ്ട്രീറ്റ് ലൈറ്റുകളുടെ അപാര്യാപ്തത.
6. സ്ലാബുകളിൽ ഉള്ളതിനേക്കാൾ അധിക വൈദ്യുതി ഉപഭോഗം.
7. ട്രൻസ്ഫോർമറുകളുടെ അപര്യാപ്തത.
8. പാടശേഖരങ്ങളിലൂടെ കടന്നുവരുന്ന ലൈനുകൾ. വർഷകാലങ്ങളിൽ കാലുകൾ വീഴുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ.
9. ഉദ്യോഗസ്ഥ രംഗത്തെ അഴിമതി.

**നിർദ്ദേശങ്ങൾ**

1. അധിക വൈദ്യുതി ഉപയോഗിക്കുന്നതിനെതിരെ ബോധവൽക്കരണം.
2. ലൈനിൽ തൂങ്ങുന്ന വൃക്ഷ ശാഖകൾ മുറിച്ചുമാറ്റുന്നതിന് പ്രാദേശിക സന്നദ്ധസേന രൂപീകരണം.
3. പെരുവല്ലൂർ പ്രദേശത്ത് സബ് എഞ്ചിനീയർ ഓഫീസും, കളക്ഷൻ സെന്ററും സ്ഥാപിക്കുക.
4. കോൾ മേഖല എന്നത് കണക്കിലെടുത്ത് മുല്ലശ്ശേരിയിൽ ഒരു സബ്സ്റ്റേഷൻ സ്ഥാപിക്കുക.
5. വൈദ്യുതി എത്താത്തിടത്ത് വൈദ്യുതി എത്തിക്കുക.
6. ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി വർദ്ധിപ്പിക്കുക.
7. ആവശ്യമായ സ്ഥലത്ത് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുക, പ്രവർത്തനക്ഷമമല്ലാത്തവ പ്രവർത്തനക്ഷമമാക്കുക.
8. ഗുണനിലവാരം ഉള്ള ബൾബുകളും ട്യൂബുകളും ഉപയോഗിക്കുക.
9. പ്രധാന സെന്ററുകളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.

10. വയറിംഗ് കഴിഞ്ഞുകിടക്കുന്ന എല്ലാ ഗുണഭോക്താക്കൾക്കും വൈദ്യുതി എത്തിക്കുക.

11. വൈദ്യുതി വിതരണത്തിനുള്ള ചുമതല പഞ്ചായത്തുകളെ ഏല്പിക്കണം.

ഊർജ്ജമെന്നാൽ വൈദ്യുതി എന്നൊരു ബോധം നമുക്കിടയിൽ ഉണ്ട്. എന്നാൽ നമ്മൾ ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ ഏറിയപങ്കും പാചക ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. നമ്മുടെ പഞ്ചായത്തിലെ ഭൂരിഭാഗം ജനങ്ങളും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. മണ്ണെണ്ണ, വൈദ്യുതി, ഗ്യാസ് എന്നിവ ഉപയോഗിച്ച് പാചകം ചെയ്യുന്നവർ വളരെ കുറവാണ്. പുകയില്ലാത്ത അടുപ്പുകൾ കുറേയുണ്ടെങ്കിലും ചിലപ്രദേശങ്ങളിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നു. ദക്ഷത (EFFICIENCY) യുള്ള അടുപ്പുകളെ കുറിച്ച് ജനങ്ങൾ ബോധവാന്മാരല്ല.

**പ്രശ്നങ്ങൾ**

1. വിറകിന്റെ ലഭ്യത കുറഞ്ഞ് വരുന്നു, വിലവർദ്ധനവ്.

2. മണ്ണെണ്ണയുടെ വില വർദ്ധിക്കുന്നു. ആവശ്യത്തിന് ലഭിക്കുന്നില്ല.

3. LPG ഗ്യാസ് ഏജൻസി ഇല്ല.

4. ദക്ഷത കൂടിയ അടുപ്പിന്റെ ലഭ്യതകുറവ്.

**നിർദ്ദേശങ്ങൾ:**

1. ദക്ഷതകൂടിയ അടുപ്പുകളെ കുറിച്ചുള്ള ബോധവൽക്കരണം.

2. അനർട്ട്, കോസ്റ്റ് ഫോർഡ് ഇവയിൽ ഏതെങ്കിലും ഒന്നിന്റെ ഓഫീസ് പഞ്ചായത്തിന്റെ അതിർത്തിയിൽ സ്ഥാപിക്കുക.

3. ഇന്ധന ക്ഷമതയുള്ള സ്റ്റൗ ഉപയോഗിക്കുക.

4. LPG ഗ്യാസ് ഏജൻസി സ്ഥാപിക്കുക.

5. പെട്ടെന്ന് വളരുന്ന മരങ്ങൾ വെച്ചു പിടിപ്പിക്കുക.

6. ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുക.

ദിനം പ്രതി വിലയേറികൊണ്ടിരിക്കുന്ന വിറക് വേണ്ടരീതിയിൽ ഉപയോഗിച്ചാൽ മാത്രമേ ഊർജ്ജ പ്രതിസന്ധിയെ മറികടക്കാനാകൂ. എന്നതിനാൽ പഞ്ചായത്തിലെ ഓരോ വാർഡുകളിലും പ്രതിവർഷം ചുരുങ്ങിയത് 50 ദക്ഷതയുള്ള അടുപ്പുകൾ എങ്കിലും സ്ഥാപിക്കുവാൻ വേണ്ടത്ര ധന സഹായം നൽകി കൊണ്ട് പഞ്ചായത്ത് മുന്നിട്ടിറങ്ങേണ്ടതാണ്.

**ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം**

ഈ പഞ്ചായത്തിലെ പലതരത്തിൽ വരുന്ന മാലിന്യങ്ങളും വീടുകളിൽനിന്നും കിട്ടുന്ന ചാണകവും ഉപയോഗിച്ച് പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ഈ പ്ലാന്റുകൾ സ്ഥാപിക്കുകയാണെങ്കിൽ ഊർജ്ജത്തിന് ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയും. ഇതിൽ നിന്നും കിട്ടുന്ന ജൈവ അവശിഷ്ടം കാർഷികമേഖലയായ നമ്മുടെ പഞ്ചായത്തിലെ കർഷകർക്ക് ജൈവവളമായി ഉപയോഗിക്കാവുന്നതാണ്. ഖാദി ബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി ഈ പദ്ധതി നടപ്പിൽ വരുത്തുവാൻ സാധിക്കുന്നതാണ്.

**പാരമ്പര്യേതര ഊർജ്ജം**

സൗരോർജ്ജം കൊണ്ട് പ്രവർത്തിപ്പിക്കാവുന്ന പലതരം ഉപകരണങ്ങളും ഇന്ന് നിലവിലുണ്ട്. അനർട്ടിന്റെ സഹായത്തോടുകൂടി ഇത് നമ്മുടെ പഞ്ചായത്തിൽ സുലഭമാക്കാവുന്നതാണ്. ആയതിന് വേണ്ട ബോധവൽക്കരണ ക്ലാസുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**വാർത്താ വിനിമയം**

ഗ്രാമസഭകളിൽ നിന്ന് വാർത്താ വിനിമയത്തെപറ്റി പൊതുവായി വന്ന അഭിപ്രായങ്ങൾ താഴെ ചേർക്കുന്നു.

1. എല്ലാ ഹരിജൻ കോളനികളിലും, ലക്ഷം വീട് കോളനികളിലും ടെലിവിഷൻ സ്ഥാപിക്കണം.

2. വായനശാലകളിൽ റേഡിയോ സ്ഥാപിക്കുക.

3. പഞ്ചായത്തുകളിലെ ഓരോ വാർഡുകളിലും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ സർക്കാരിൽനിന്നും വരുന്ന നിയമങ്ങളും, ആനുകാലികങ്ങളും പരസ്യപ്പെടുത്തുവാൻ വേണ്ട നടപടി സ്വീകരിക്കുക.

**മാർക്കറ്റ്**


ഈ പഞ്ചായത്തിൽ മുല്ലശ്ശേരി - താണവീഥി റോഡിൽ വളരെ കൊല്ലങ്ങൾക്കു മുൻപ് സ്ഥിരമായ ഒരു നിത്യ ചന്ത ഉണ്ടായിരുന്നതാണ്. ക്രമേണ ഈ ചന്ത നിർത്തലാക്കുകയും അവിടെ പുതുതായി കെട്ടിടങ്ങൾ നിർമ്മിക്കുകയും ചെയ്തു. അതോടുകൂടി മേൽ മേൽ പറഞ്ഞ ചന്ത എന്നന്നേക്കുമായി ഇല്ലാതായി.

കാർഷിക മേഖലയായ മുല്ലശ്ശേരി പഞ്ചായത്തിൽ വിവിധ തരം കാർഷികോൽപന്നങ്ങൾ വിപണനം നടത്തുന്നതിനു വേണ്ടി മുല്ലശ്ശേരി സെന്ററിനടുത്തും, പെരുവല്ലൂർ കേന്ദ്രീകരിച്ചും പൊതു മാർക്കറ്റ് സ്ഥാപിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണം. കൂടാതെ പ്രസ്തുത സ്ഥലങ്ങളിൽ നിത്യചന്തകളും തുടങ്ങേണ്ടത് അത്യാവശ്യമാണ്. തിരുനെല്ലൂരും, മുല്ലശ്ശേരിയിലും, പെരുവല്ലൂരും, മത്സ്യ - മാംസ മാർക്കറ്റ് അത്യാവശ്യമാണ്. മുല്ലശ്ശേരി സെന്റർ, പെരുവല്ലൂർ സെന്റർ, മുല്ലശ്ശേരി ബ്ലോക്ക് സെന്റർ എന്നിവിടങ്ങളിൽ ഷോപ്പിങ്ങ് കോംപ്ലക്സും, ടാക്സി സ്റ്റാൻഡും, മാർക്കറ്റും, മാവേലിസ്റ്റോറും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**വൈദ്യുതിയുടെ ഉപഭോഗ വിവരം**

| | |
|---|---|
| മൊത്തം വീടുകളുടെ എണ്ണം | 4488 |
| വൈദ്യുതീകരിച്ച വീടുകൾ | - |
| വൈദ്യുതിലഭിച്ചവരുടെ എണ്ണം | 140 |
| തെരുവുവിളക്കുകൾ | 315 (ബൾബ്) |
| | 39 (ട്യൂബ്) |

**മുല്ലശ്ശേരി പഞ്ചായത്തിലെ റോഡുകളുടെ വളർച്ച**



# വിദ്യാഭ്യാസം

മറ്റു പഞ്ചായത്തുകളിൽനിന്നും വ്യത്യസ്തമായി ഈ പഞ്ചായത്തിൽ അരനൂറ്റാണ്ട് മുൻപുവരെ ഭാഗികമായി ഗുരുകുല വിദ്യാഭ്യാസ സമ്പ്രദായം നിലനിന്നിരുന്നു. അത്യാവശ്യം എഴുത്തും വായനയും അറിവുണ്ടാക്കുക എന്നതായിരുന്നു അതിന്റെ ലക്ഷ്യം. ഈ ലക്ഷ്യം കൈവരിക്കാൻ ഈ സമ്പ്രദായം തീർത്തും മതിയായിരുന്നു. ഗുരുകുല സമ്പ്രദായത്തിൽനിന്നും ഇന്നത്തെ വിദ്യാഭ്യാസ രീതിയിലേക്കുള്ള പരിണാമത്തിലെ ആദ്യത്തെ കാൽവെപ്പായിരുന്നു ഈ പഞ്ചാത്തിൽ 1886 ൽ സ്ഥാപിതമായ ഇന്നത്തെ മുല്ലശ്ശേരി ഹിന്ദു യു.പി.സ്കൂൾ. ഈ സ്ഥാപനം ബാസൽ മിഷൻ പ്രവർത്തകരിൽനിന്നും സേതുമാധവ ശാസ്ത്രികളിലേക്കും അവിടെനിന്ന് ഇന്നത്തെ മാനേജ്മെന്റിനും ലഭിച്ചു. കാലന്തരത്തിൽ ഈ പഞ്ചായത്തിലെ 3 സ്കൂളുകൾ നാമാവശേഷമായെങ്കിലും ഇപ്പോൾ 10 വാർഡിലും കൂടി 10 വിദ്യാഭ്യാസ സ്ഥാപനങ്ങളാണ് നിലവിലുള്ളത്. ഒന്നാം വാർഡിലെ തിരുനെല്ലൂർ ശിവക്ഷേത്രത്തിനു പടിഞ്ഞാറ് ഭാഗത്ത് സ്ഥിതി ചെയ്തിരുന്ന ഡിസ്ട്രിക് ബോർഡ് എലമിന്ററി സ്കൂൾ, മൂന്നാം വാർഡിലെ സെന്റ് ത്രേസ്യാസ് എൽ.പി.സ്കൂൾ എന്നിവയാണ് കുട്ടികളുടെ അഭാവംമൂലം നാമാവശേഷമായവ.

### ഹൈസ്കൂൾ

ഒരേ ഒരു ഹൈസ്കൂൾ മാത്രമാണ് ഈ പഞ്ചായത്തിലുള്ളത്. 5 മുതൽ 10 വരെ ക്ലാസുകളുള്ള ഈ സ്ഥാപനം സ്വാതന്ത്ര്യ ലബ്ധിക്കു മുൻപ് തന്നെ ഉണ്ടായിരുന്നെങ്കിലും ബാലാരിഷ്ടതകൾ തരണം ചെയ്യാൻ കുറച്ചു വർഷങ്ങൾ വേണ്ടിവന്നു. ഈ സ്കൂളിന്റെ ഉടമസ്ഥാവകാശം മാനേജ്മെന്റ് ട്രസ്റ്റിൽനിന്നും ബോർഡിലേക്കും അവിടെനിന്ന് 1956 ൽ ഗവർമെണ്ടിലേക്കും മാറ്റപ്പെട്ടു. മാറ്റത്തിനു ശേഷമുള്ള സ്കൂളിന്റെ നില മെച്ചപ്പെട്ടതായിരുന്നു. അന്ന് ഓരോ ക്ലാസിനും പതിനൊന്നോളം ഡിവിഷനുകളുണ്ടായിരുന്നു. കൂടാതെ കുട്ടികളുടെ ആധിക്യത്താൽ ഷിഫ്റ്റ് സമ്പ്രദായവും ഇവിടെ ഏർപ്പെടുത്തിയിരുന്നു. ജില്ലാ സംസ്ഥാനതല സമ്മാനങ്ങൾ വരെ കരസ്ഥമാക്കാൻ കഴിയും വിധം പരിശീലനം ലഭിച്ച NCC, ACC, സ്കൗട്ട് എന്നീ സന്നദ്ധ സംഘടനകൾ ഇവിടെയുണ്ടായിരുന്നു. എന്നാൽ ഇന്ന് അതെല്ലാം മധുരിക്കുന്ന ഓർമ്മകളായി നിലകൊള്ളുന്നു. ഹൈസ്കൂൾ വിഭാഗത്തിലെ മൂന്ന് ക്ലാസുകളിലും കൂടി 238 കുട്ടികൾ മാത്രമാണ് ഇപ്പോൾ ഇവിടെയുള്ളത്. 1980 കൾ മുതൽക്കാണ് ഇത്തരത്തിലുള്ള മാന്ദ്യം ഹൈസ്കൂളിന് തുടങ്ങിയത്.

### അപ്പർ പ്രൈമറി സ്കൂൾ

ഈ പഞ്ചായത്തിൽ, മൂന്ന് യു.പി.സ്കൂളുകളും ഹൈസ്കൂളിനോട് ബന്ധപ്പെട്ട് ഒരു യു.പി.യും കൂടി നാല് യു.പി.സ്കൂളുകളാണ് ഇന്നുള്ളത്. മൂന്നാം വാർഡിലുള്ള ഹിന്ദു യു.പി.സ്കൂൾ ഏഴാം വാർഡിലുള്ള ഗവ. യു.പി. സ്കൂൾ, പത്താം വാർഡിലുള്ള എയ്ഡ്ഡ് യു.പി. സ്കൂൾ എന്നിവയാണിവ. ആദ്യകാലങ്ങളിൽ നന്നായി പ്രവർത്തിച്ചിരുന്ന ഇവ കുട്ടികളുടെ കുറവുമൂലം പറയത്തക്ക പുരോഗതിയൊന്നും ഇല്ലാതെ നിലകൊള്ളുന്നു. ഈ പഞ്ചായത്തിൽ 907

കുട്ടികളാണ് യു.പി.വിഭാഗത്തിൽ ഇന്നുള്ളത്. കുട്ടികളുടെ കുറവിനു കാരണം 'കൊഴിഞ്ഞു പോകലല്ല', മറിച്ച് സമീപ പ്രദേശങ്ങളിലുള്ള നല്ല സ്കൂളുകൾ തേടി പോകുകയാണ്.

**ലോവർ പ്രൈമറി സ്കൂൾ**

ഈ പ്ഞ്ചായത്തിൽ ആറ് എൽ.പി.സ്കൂളുകളാണ് ഇന്നുള്ളത്. ഇവയിലെല്ലാം കൂടി 1626 കുട്ടികൾ പഠനം നടത്തി വരുന്നു. രണ്ടാം വാർഡിലുള്ള സെന്റ് ജോസഫ് എൽ.പി.സ്കൂൾ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളുകലിൽ എടുത്തു പറയേണ്ട ഒന്നാണ്. രക്ഷാകർതൃ സംഘടന മാതൃസംഗമം എന്നിവയുടെ പൂർണ്ണവും സജീവവും ആയ പ്രവർത്തനങ്ങൾ സ്കൂളിന്റെ പുരോഗതിക്കായി അധികൃതരെ സഹായിച്ചുകൊണ്ടിരിക്കുന്നു.

(പട്ടിക 2 നോക്കുക)

**നിലവാരത്തകർച്ച**

പൊതുവെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് ഇത്. ഭൂരിപക്ഷവും തൊഴിലാളികളും കൂലിപണിക്കാരുമാണ്. അതുകൊണ്ടുതന്നെ പാരമ്പര്യമായി വിദ്യാഭ്യാസം ലഭിക്കാത്തവരാണിവർ.

പിന്നീട് ഉണ്ടായിട്ടുള്ള ബോധവൽക്കരണങ്ങളിലൂടെ വിജ്ഞരായവർ, അവരുടെ കുട്ടികൾക്ക് അറിവ് നൽകാൻ കുറെകൂടി നല്ല സ്ഥാപനങ്ങളെ തേടി അയൽപക്കത്തേക്ക് പോകാൻ തുടങ്ങിയതും ഇവിടത്തെ നിലവാരതകർച്ചക്ക് ഇടയാക്കി. മെച്ചപ്പെട്ട സ്കൂളുകൾ തേടി പോകുന്നതിന് ഗൾഫ് പണത്തിന്റെ സ്വാധീനവും രക്ഷിതാക്കൾക്കള്ള മത്സരബുദ്ധിയും ആക്കം കൂട്ടിയുട്ടുണ്ട്. ഉന്നത വിദ്യഭ്യാസമേഖലയിൽ നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ പഞ്ചായത്തന് കാര്യമായ തോതിൽ പ്രയോജനപെട്ടില്ലെന്നു വേണം പറയാൻ. ടെക്നിക്കൽ സ്കൂളുകളോ സാങ്കേതിക വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടുകളോ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇന്നില്ല. സമാന്തര വിദ്യാഭ്യാസ മേഖലയിൽതന്നെ രണ്ട് പാരലൽ കോളേജുകൾ കൊണ്ട് ഈ പഞ്ചായത്തിന് തൃപ്തിപ്പെടേണ്ടിയിരിക്കുന്നു. നിലവാരത്തകർച്ചക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്കുകൂടി പരാജയപ്പെട്ട കുട്ടികളുടെ കണക്കുകൾ സൂചിപ്പിക്കുന്നു. (ടേബിൾ 1 നോക്കുക)

**ഭൗതിക സാഹചര്യം**

പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും വേണ്ടത്ര സൗകര്യങ്ങളോടുകൂടിയ ക്ലാസ് മുറികളോ കെട്ടിടങ്ങളോ ഉണ്ടെന്ന് പറയാൻ വിഷമമാണ്. പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യക്കുറവുകളും എല്ലായിടത്തും ഏറെക്കുറെയുണ്ട്. കുടിവെള്ള പ്രശ്നവും അതിരൂക്ഷം തന്നെ. അപൂർവം ചില സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർതൃസംഘടനകളുടേയും മറ്റു സന്നദ്ധസംഘടനകളുടേയും ശ്രമംമൂലം കുറേയെല്ലാം പരിഹരിക്കപ്പെട്ടിട്ടുണ്ട്. എല്ലാംകൊണ്ടും ഇല്ലായ്മ മാത്രമുള്ള ഒരു സ്ഥാപനത്തിന് ഉദാഹരണമാണ് ഹിന്ദു എൽ.പി.സ്കൂൾ.

**അക്കാദമിക് നിലവാരം**

കണക്കുകളിലൂടെ കണ്ണോടിക്കുമ്പോൾ കുട്ടികളിൽ 60%പേർ മാത്രമേ 40% ശതമാനത്തിൽ കൂടുതൽ മാർക്ക് മേടിക്കുന്നുള്ളു. 13% പേരാണ് ഒന്നാംക്ലാസ് മാർക്ക് മേടിക്കുന്നത്. പാഠ്യേതര പ്രവർത്തനങ്ങളിൽ 16 പേർക്ക് മാത്രമാണ് കഴിഞ്ഞവർഷം ജില്ലാതലത്തിലുള്ള അവാർഡുകൾ ലഭിച്ചിട്ടുള്ളത്. ഇതിൽ 12 കുട്ടികളും സെന്റ് ജോസഫ് എൽ.പി.സ്കൂളിൽനിന്നുള്ളവരാണ്. മുല്ലശ്ശേരി ഗവൺമെന്റ് ഹൈസ്കൂൾ പ്രവർത്തിപരിചയ മേളയിൽ പങ്കെടുത്ത് സമ്മാനങ്ങൾ നേടിയിട്ടുണ്ട്. കുട നിർമാണത്തിലായിരുന്നു ഇവ നേടിയിരുന്നത്. എന്നാൽ സംസ്ഥാന തലത്തിലോ ദേശീയതലത്തിലോ ഉള്ള അവാർഡുകൾ ഒന്നുതന്നെ കഴിഞ്ഞ വർഷം പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

അക്കാദമിക് സൗകര്യങ്ങളുടെ അപര്യാപ്തതയും അക്കാദമിക് നിലവാരത്തകർച്ചക്ക് ഇടയാക്കിയിട്ടുണ്ട്. ഉദാഹരണത്തിന് റേഡിയോപോലും ഇല്ലാത്ത രണ്ട്



146

സ്കൂളുകൾ ഇന്ന് ഈ പഞ്ചായത്തിലുണ്ട്. അതിലൊന്ന് അപ്പർപ്രൈമറി സ്കൂളാണ് എന്ന എടുത്തു പറയത്തക്കതാണ്.

**പ്രീ പ്രൈമറി വിദ്യാഭ്യാസം**

പത്ത് വാർഡിലുംകൂടി ഇരുപത്തിനാല് അംഗൻവാടികളും ബാലവാടികളും കൂടിയുണ്ട്. അവയുടെയെല്ലാം പ്രവർത്തനം നല്ലനിലയിൽ വാർഡ് മെമ്പർമാരുടെ പ്രത്യേക ശ്രദ്ധയോടുകൂടി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ ഒട്ടുമിക്കവയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത് സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലാണ് എന്ന വസ്തുത എടുത്തുപറയേണ്ടതാണ്.

**പരിഹാര നിർദ്ദേശങ്ങൾ**

1. വിദ്യാഭ്യാസ പുരോഗതിക്ക് ജില്ലാപഞ്ചായത്തിൽ നേതൃത്വത്തിലുള്ള 'വിദ്യാജ്യോതി'യിൽ പ്രീ–ഡിഗ്രിയെങ്കിലും യോഗ്യതയുള്ളവരും സന്നദ്ധരായവരും ആയ വ്യക്തികളെ ഉൾപ്പെടുത്തി ബന്ധപ്പെട്ട അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ കുട്ടികൾക്ക് കാലത്തും വൈകീട്ടും സൗജന്യ ട്യൂഷൻ കൊടുക്കാനുള്ള ഏർപ്പാടുകൾ ഉണ്ടാക്കുക.

2. രക്ഷാകർതൃസംഘടന, മാതൃസംഗമം തുടങ്ങിയ സംഘടകളുടെ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുക.

3. ഉന്നത വിദ്യാഭ്യാസത്തിന് വേണ്ട സൗകര്യങ്ങളൊന്നും ഇന്ന് പഞ്ചായത്തിലില്ല. മുല്ലശ്ശേരി ഹൈസ്കൂളിൽ ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ സൗകര്യപ്പെടുത്തി ഉന്നത വിദ്യാഭ്യാസത്തിനു വേണ്ടി സാങ്കേതികസ്ഥാപനങ്ങൾ സ്ഥാപിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ ആരംഭിക്കുക.

4. സാക്ഷരതാ തുടർവിദ്യാഭ്യാസത്തിനു വേണ്ടി വാർഡുതോറും 'ജനവിദ്യാകേന്ദ്രങ്ങൾ' സ്ഥാപിക്കേണ്ടതാണ്.

5. കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻവേണ്ടി അദ്ധ്യാപക രക്ഷാകർതൃസംഘടന ഊർജ്ജിതമായ പ്രവർത്തനങ്ങൾ നടത്തുക.

നിശ്ചിത ശതമാനം കുട്ടികളെ വിജയിപ്പിക്കുന്ന സമ്പ്രദായം മാറ്റി എല്ലാ ക്ലാസുകളിലും പരീക്ഷ നടത്തി നിശ്ചിത യോഗ്യതയുള്ളവരെ മാത്രം ക്ലാസുകയറ്റം നടത്തുന്ന സമ്പ്രദായം നടപ്പിൽ വരുത്തുക.

7. നിലവിലുള്ള ഗവ. യു.പി. സ്കൂൾ ഹൈസ്കൂളാക്കി ഉയർത്താൻ വേണ്ട പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.

പട്ടിക 1

കുട്ടികളുടെ നിലവാരം*

| മാർക്ക് (%ത്തിൽ) | കുട്ടികൾ | |
|---|---|---|
| | എണ്ണത്തിൽ | %ത്തിൽ |
| 0 – 30 | 373 | 19 |
| 30 – 40 | 390 | 20 |
| 40 – 50 | 436 | 22 |
| 50 – 60 | 340 | 18 |
| 60 –100 | 405 | 21 |
| | 1944 | 100 |

പട്ടിക 2.

സ്കൂളുകളുടെ പൊതുവിവരം

| സ്കൂളിന്റെ പേര് | വാർഡ് | കുട്ടികൾ | അദ്ധ്യാപകർ | അദ്ധ്യയനദിവസം |
|---|---|---|---|---|
| 1 H.U.P.S | III | 655 | 26 | 193 |
| 2 AUPS | X | 460 | 19 | 193 |
| 3 St. J.L.P.S | II | 391 | 9 | 196 |
| 4 G.U.P.S | VII | 367 | 15 | 197 |
| 5 G.H.S.Mly. | IV | 355 | 19 | 172 1/2 |
| 6 G.S.P.C.L.P | III | 197 | 5 | 194 |
| 7 G.L.P.S | VIII | 114 | 4 | 197 |
| 8 G.W.L.P.S | IX | 93 | 3 | 193 |
| 9 H.L.P.S | V | 84 | 4 | 193 |
| 10 A.M.L.P.S | I | 55 | 5 | 185 |

# കുടിവെള്ളവും പൊതുജനാരോഗ്യവും

ശാരീരികവും മാനസികവും സാമൂഹികവും ആയ സമ്പൂർണ്ണ സുസ്ഥിതി എന്നാണ് ലോകാരോഗ്യ സംഘടന, ആരോഗ്യം എന്ന പദത്തിന് നൽകിയിരിക്കുന്ന നിർവ്വചനം.

ഈ സുസ്ഥിരത സാർവ്വത്രികമായി നടപ്പിലാക്കുന്നതിന് വേണ്ടി ശുദ്ധമായ വായുവിന്റേയും ശുദ്ധമായ വെള്ളത്തിന്റേയും ശുചിത്വമുള്ള ജിവിത പരിസ്ഥിതിയുടേയും ലഭ്യത ഉറപ്പ് വരുത്തേണ്ടതുണ്ട്.

**കുടിവെള്ളം**

വളരെ സമ്പുഷ്ടമായ വർഷപാതമുള്ള നമ്മുടെ പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും ഉയർന്ന പ്രദേശങ്ങളുടെ അനുപാത കൂടുതലും ഇവിടെ ലഭ്യമാകുന്ന മഴവെള്ളം ശരിയായ തോതിൽ സംഭരിച്ച് വിനിയോഗിക്കാൻ ബുദ്ധിമുട്ടുണ്ടാകുന്നു. ഇതാണ് ഈ പഞ്ചായത്തിലെ ജലക്ഷാമത്തിന് പ്രധാന കാരണം.

മുല്ലശ്ശേരി ഗ്രമപഞ്ചായത്തിൽ 33 പൊതു കിണറുകളും, ഹാൻസ് പമ്പ് ഘടിപ്പിച്ച 7 പൊതു കുഴൽകിണറുകളും നിലവിലുണ്ട്. 711.57 ഹെക്ടർ വിസ്തൃതിയുള്ള മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ മറ്റ് ശുദ്ധജലപദ്ധതികളൊന്നും നിലവിലില്ല.

**കുടിവെള്ള പ്രശ്നമുള്ള മേഖലകൾ:**

പഞ്ചായത്തിലെ പൊതുവെ താഴ്ന്ന പ്രദേശങ്ങളായ തിരുനെല്ലൂരും, II, III വാർഡുകളുടെ പടിഞ്ഞാറൻ പ്രദേശങ്ങളിലും ഉപ്പ് വെള്ളത്തിന്റെ സാന്നിദ്ധ്യം മൂലം എല്ലായ്പ്പോഴും ശുദ്ധജലം ക്ഷാമം അനുഭവപ്പെടുന്നു.

II-ാം വാർഡിലെ ആശുപത്രി പ്രദേശം IV-ാം വാർഡിലെ പറമ്പന്തള്ളി, അയ്യപ്പൻകുടംക്ഷേത്ര പരിസരം, V-ാം വാർഡിലെ ലക്ഷം വീട്കോളനി, മാനന കുന്ന് പ്രദേശം, VI, VII വാർഡുകളിലെ പൂച്ചകുന്ന്, പെരുവല്ലൂർ അംബേദ്കർ ഗ്രാമം, IX -ാം വാർഡിലെ പേനകം, X-ാം വാർഡിലെ ഊരകം കുന്നിൻ പ്രദേശം എന്നിവിടങ്ങളിലാണ് വേനൽ കാലങ്ങളിൽ ശുദ്ധജല ക്ഷാമം അനുഭവപ്പെടുന്നത്.

ശുദ്ധജലക്ഷാമ പരിഹാര സംബന്ധിയായി ഗ്രാമ സഭകളിൽ നിന്ന് ലഭിച്ച് നിർദ്ദേശങ്ങൾ.

ശുദ്ധജല വിതരണ പദ്ധതികളെ കുറിച്ച് എല്ലാ വാർഡുകളിൽ നിന്നും നിർദ്ദേശങ്ങളുണ്ടെങ്കിലും I, II, VI, VII എന്നീ വാർഡുകളിൽ നിന്നാണ് വ്യക്തമായ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുള്ളത്.

1. I -ാം വാർഡിൽ KLDC കനാലിനോട് അനുബന്ധിച്ച് ഒരു കിണറുണ്ടാക്കി വെള്ളം സംഭരിച്ച് പൈപ്പ് വഴി വിതരണം ചെയ്യേണ്ടതാണ്.

2. II-ാം വാർഡിൽ KLDC കനാലിൽ നിന്നും വെള്ളം ആശുപത്രി പരിസരത്ത് ടാങ്ക് നിർമ്മിച്ച് സംഭരിച്ച് വിതരണം നടത്താവുന്നതാണ്.

3. VI–ാം വാർഡിൽ KLDC കനാലിൽ നിന്നെ കടുക്കുഴിയിൽ നിന്നോ വെള്ളം പമ്പ് ചെയ്ത് സംഭരിച്ച് വിതരണം നടത്താവുന്നതാണ്.

4. VII –ാം വാർഡിൽ നിലവിലുള്ള സ്പെഷൽ കംപോണന്റ് പ്രോഗ്രാം അനുസരിച്ച് പുല്ലൂർ താഴെ KLDC കനാലിന് സമീപം പമ്പ് ഹൗസ് നിർമ്മിച്ച് പൂച്ചക്കുന്ന് അഥവാ, മാണിക്കത്ത് കുന്നിൽ ടാങ്കിൽ സംഭരിച്ച് വിതരണം ചെയ്യാവുന്നതാണ്.

പഞ്ചായത്ത് തലത്തിൽ നടപ്പിലാക്കാവുന്ന പദ്ധതികൾ

1. I, III, വാർഡുകളിലെ ഉപ്പുജല ഭീഷണി ഇടിയൻ ചിറയിൽ റിംഗ്ബണ്ട് നിർമാണത്തിലൂടെ പരിഹരിക്കാവുന്നതാണ്.

2. II, IV, V വാർഡുകളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് വേണ്ടി K.L.D.C. കനാലിലെ കുമ്പിള്ളി പാലത്തിനും മാടക്കാക്കൽ പാലത്തിനും ഇടയിൽ തടയണ നിർമ്മിച്ച് വേനൽകാല റിസർവോയർ ആക്കിമാറ്റി ശുദ്ധീകരിച്ച് മാനനയിൽ ഒവർഹെഡ് ടാങ്കിലേക്ക് വെള്ളം പമ്പ് ചെയ്ത് പൈപ്പുകൾ വഴി വിതരണം ചെയ്യാവുന്നതാണ്. ഈ പദ്ധതിയിലൂടെ I, III വാർഡുകളിലേക്കും ജലവിതരണം നടത്താവുന്നതാണ്.

3. VI, VII, VIII വാർഡുകളിൽ വേനൽകാലത്ത് അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കുന്നതിനായി പെരുവല്ലൂർ കരിങ്കൽ കോറിയിലെ ജലമലിനീകരണം തടഞ്ഞ് ശുദ്ധീകരിച്ച് മാണിക്കത്ത് കുന്നിൽ ഓവർഹെഡ് ടാങ്ക് നിർമ്മിച്ച് ജലം സംഭരിച്ച് വിതരണം നടത്താവുന്നതാണ്.

4. IX, X വാർഡുകളിലെ ജലക്ഷാമം പരിഹരിക്കുവാൻ മാനനയിലെ നിർദ്ധിഷ്ട പദ്ധതി വിപുലീകരിച്ച് നടപ്പിലാക്കാവുന്നതാണ്.

**ജില്ലാതല ശുദ്ധജല പദ്ധതി**

മണലൂർ, വെങ്കിടങ്ങ് പഞ്ചായത്തുകളിലെ 1000 ഹെക്ടർ കോൾ നിലങ്ങൾക്കും 2000 ഹെക്ടറിലെ തെങ്ങ് കൃഷിക്കും ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും പ്രയോജനകരമായ രീതിയിൽ അന്തിക്കാട് കൃഷി ഡയറക്ടർ ആസൂത്രണം ചെയ്ത പദ്ധതിയാണ് കോലുമാട് പദ്ധതി. ഇത്രയും ബൃഹത്തായ ഈ പദ്ധതി നടത്തിപ്പിന് കേവലം 15 ലക്ഷം രൂപയോളമെ ആവശ്യമുള്ളു. ഈ പദ്ധതിയിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിനു കൂടി ഉൾപ്പെടുത്തികൊണ്ട് വിപുലീകരിച്ച് നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിലെ ചെറുകിട ശുദ്ധജല പദ്ധതികൾക്ക് വേണ്ടി വിനിയോഗിക്കേണ്ടിവരുന്ന ഭാരിച്ച ചെലവ് ഒഴിവാക്കി ആ തുക പഞ്ചായത്തിലെ മറ്റു ജനക്ഷേമകരങ്ങളായ പ്രവർത്തനങ്ങൾക്കുവേണ്ടി വിനിയോഗിക്കാവുന്നതാണ്. അതിനാൽ കോലുമാട് പദ്ധിതയിൽ മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തണം.

**കുറിപ്പ്**

K.L.D.Cകനാൽ പദ്ധതി പൂർത്തിയായി ലിഫ്റ്റ് ഇറിഗേഷൻ നടപ്പിലാക്കിയാൽ പഞ്ചായത്തിലെ ഭൂരിഭാഗം കിണറുകളിലും ഇന്ന് അനുഭവപ്പെടുന്ന ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ്. അതിനാൽ ഇന്ന് ഏറ്റവും അടിയന്തിര പ്രാധാന്യമർഹിക്കുന്ന പദ്ധതികൾ മാത്രം മുൻഗണനാ ക്രമത്തിൽ നടപ്പിലാക്കണം.

ജലക്ഷാമത്തിന് വേണ്ടി പ്രാവർത്തികമാക്കാവുന്ന മറ്റ് നിർദ്ദേശങ്ങൾ

1. ഉയർന്ന പ്രദേശങ്ങളിൽ മഴക്കുഴികൾ നിർമ്മിച്ചും തട്ടുകളാക്കി തിരിച്ച് വാർപ്പുകളിട്ടും മഴവെള്ള സംഭരണം വർദ്ധിപ്പിക്കുക.

2. ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

3. നിലവിലുള്ള തോടുകളുടെ ആഴം വർദ്ധിപ്പിച്ച് തടയണകളും അടിയണകളും നിർമ്മിക്കുക.

4. മഴവെള്ള സംഭരണത്തിന് കൽവെട്ട് കുഴികളും പൊട്ടകിണറുകളും ഉപയോഗിക്കുക.

5. പൊതുകുളങ്ങൾ സംരക്ഷിച്ച് ജലസ്രോതസ്സുകളാക്കിമാറ്റുക.

# ആരോഗ്യം

1964 വരെ പഞ്ചായത്തിലെ ആരോഗ്യരംഗത്ത് ഏതാനും പാരമ്പര്യ വൈദ്യ കുടുംബങ്ങളാണ് പ്രധാനമായും പ്രവർത്തിച്ചു വന്നിരുന്നത്. അതോടോപ്പം ചരട് ജപിച്ച് കെട്ടുക, മന്ത്രസേവ നടത്തുക, വഴിപാടുകൾ നേരുക തുടങ്ങിയ അന്ധവിശ്വാസജടിലമായ ചികിത്സാ സാമ്പ്രദായങ്ങളും നിലനിന്നിരുന്നു.

ആധുനിക ശാസ്ത്ര ചികിത്സാരീതികൾ വിപുലമായി ഉപയോഗിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ ഇത്തരം പ്രാകൃത രീതികൾ ചുരുക്കം ചില ആളുകൾ ഇന്നും അനുവർത്തിക്കുന്നുണ്ട്. 1964 ൽ മുല്ലശ്ശേരി ബ്ലോക്ക് ഓഫീസിന് സമീപം സ്ഥാപിതമായ പ്രാഥമിക ആരോഗ്. കേന്ദ്രമാണ് പഞ്ചായത്തിലെ ആധുനിക ചികിത്സാ രംഗത്തെ പ്രഥമ സ്ഥാപനം. 1995 – 96 കാലഘട്ടത്തിൽ ഈ സ്ഥാപനം Community Health Centre ആയി ഉയർത്തപ്പെട്ടു

ഇന്ന് CHCയും അതിന്റെ രണ്ട് സബ്സെന്റുകളും ഒരു ആയുർവേദ ആശുപത്രിയും ഉൾപ്പെടെ നാല് സ്ഥാപനങ്ങൾ ആരോഗ്യ രംഗത്ത് പ്രവർത്തിക്കുന്നു. ഒരു സ്വകാര്യആരോഗ്യ സ്ഥാപനം പോലും ഈ പഞ്ചായത്തിൽ നിലവിലില്ല. ആയുർവേദ മരുന്ന് നിർമ്മാണ രംഗത്ത് വളരെ അധികം പാരമ്പര്യം അവകാശപ്പെടാവുന്ന S.J. Pharmacy ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

ഇത്രയും ആരോഗ്യ സേവന സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിലെ ജനങ്ങളുടെ പൊതു ആരോഗ്യ സ്ഥിതിയിൽ ഗുണപരമായ വ്യതിയാനം ഉണ്ടാകുന്നില്ല എന്ന സ്ഥിതി വിവരകണക്കുകൾ സൂചിപ്പിക്കുന്നു. 1995 – 96 ൽ 607 ത്വക്ക് രോഗങ്ങളും 1034 വാതരോഗങ്ങളും 136 പകർച്ചവ്യാധികളും 655 ജനജന്യ രോഗങ്ങളും 625 വായു ജന്യരോഗങ്ങളും 134 പ്രാണിജന്യ രോഗങ്ങളും 11927 മറ്റു രോഗങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടു കുഷ്ഠരോഗബാധിതരായ നാല് പേർ പഞ്ചായത്തിലുണ്ട്.

1995 – 96ൽ പഞ്ചായത്തിലും ജനനനിരക്ക് 13 ഉം മരണനിരക്ക് 4.53 ഉം ആണ്. ശരാശരി കുടുംബവലിപ്പം 3.10 ആണ്. മുല്ലശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ 30 രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യമുണ്ട്. C.H.Cയിൽ 8 ഡോക്ടർമാരുടെ ഒഴിവുകളിൽ 7 എണ്ണം മാത്രമെ നികത്തപ്പെട്ടിട്ടുള്ളൂ. നിലവിലുള്ള 7 ഡോക്ടർമാരിൽ മൂന്ന് പേർ സ്പെഷലൈസേഷനോടു കൂടിയവരാണ്.

ആശുപത്രിയോടനുവബന്ധിച്ച് ഒരു പ്രതിരോധ കുത്തിവെപ്പ് കേന്ദ്രവും, ലബോറട്ടറിയും, KDS Project ഓഫീസും, സാമൂഹ്യക്ഷേമ ഓഫീസും ആംബുലൻസും സൗകര്യവും നിലവിലുണ്ട്. X Ray യൂണിറ്റ് അനുവദിക്കപെട്ടിട്ടുണ്ടെങ്കിലും കെട്ടിടത്തിന്റെ അപര്യപ്തതമൂലം ഉപകരണങ്ങൾ എത്തിചേർന്നിട്ടില്ല.

വിദഗ്ദ്ധ ചികിത്സക്ക് വേണ്ടി ഇപ്പോഴും മറ്റ് ആരോഗ്യ സ്ഥാപനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയിലാണ് ഇന്നും പഞ്ചായത്ത് നിവാസികൾ. ഗ്രാമസഭകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു സമഗ്ര ആരോഗ്യ പരിപാടി നടപ്പിലാക്കുക വഴി രോഗവിമുക്തവും ആരോഗ്യപൂർണ്ണവുമായ ഒരു മാതൃക പഞ്ചായത്ത് എന്നതാണ് നമ്മുടെ ലക്ഷ്യം.

### സ്ഥാപനങ്ങളും സേവനങ്ങളും

CHCയിൽ മുഴുവൻ സമയവും ഡോക്ടർമാരുടെ സേവനം ലഭ്യമല്ല. സ്വകാര്യ പ്രാക്ടീസിലെ തത്പര്യം സ്ഥിതി കൂടുതൽ ശോചനീയമാക്കുന്നു. ഈ അവസ്ഥ പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ആരോഗ്യ സംരക്ഷണ കാര്യത്തിൽ മരുന്നുകളോളം തന്നെ പ്രാധാന്യം ബോധവൽക്കരണ പ്രവർത്തനങ്ങൾക്കുണ്ട്. എന്നാൽ ഫീൽഡ് വർക്കർമാരിൽ ഭൂരിഭാഗത്തിനും കാണുന്ന നിഷ്ക്രിയത ഈ രംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. പൊതു ആരോഗ്യസ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖതയും എടുത്ത പറയേണ്ടതാണ്. ഇവയെ പരസ്പരം ബന്ധപ്പെടുത്തി ആരോഗ്യരംഗത്ത് ഒരു പുതിയ ജനകീയ അവബോധം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള ഡോക്ടർമാരുടെ എണ്ണത്തിനനുസൃതമായി യോഗ്യതയുള്ള പാരാമെഡിക്കൽ ജീവനക്കാരെ ഇന്ന് ലഭ്യമല്ലാത്തതിനാൽ ഡോക്ടർമാരുടെ കഴിവ് പൂർണ്ണമായി വിനിയോഗിക്കാൻ ഇത് തടസ്സമാകുന്നു.

**കക്കൂസ്**

പൊതുജനാരോഗ്യത്തെ കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം പോലെ തന്നെ പ്രാധാന്യം അർഹിക്കുന്ന കാര്യമാണ് ശുചിത്വം. ഇതിൽ പ്രധാനമായ പരിസര ശുചിത്വം പാലിക്കുവാൻ പ്രഥമമായി വേണ്ട ഒന്നാണ് കക്കൂസ്. പഞ്ചായത്തിലെ എല്ലാവീടുകളിലും കക്കൂസ് നിലവിലില്ല.

ഗ്രാമസഭകളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ കക്കൂസ് നിർമാണത്തിൽ അനുഭവപ്പെചുന്ന പ്രയാസങ്ങളും അവയക്കു പരിഹാരമാർഗ്ഗങ്ങളും താഴെ കാണുന്ന പ്രകാരം സംഗ്രഹിക്കുന്നു.

(പട്ടിക 1 കാണുക)

**പരിസര ശുചിത്വം**

വ്യവസായ വൽക്കരണം വളരെ പരിമിതമായ പ്രദേശമാകയാൽ പരിസര മലിനീകരണം ഗുരുതരമല്ല. എന്നാലും പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിൽ നിന്നും പ്രത്യേകിച്ചും മുല്ലശ്ശേരി സെന്റർ, മുല്ലശ്ശേരി ബ്ലോക്ക് സെൻർ, പെരുവല്ലൂർ സെന്റർ എന്നിവിടങ്ങളിലെ ശുചീകരണത്തിന്റെ അഭാവത്തെ കുറിച്ചുള്ള പരാതികൾ ഗ്രാമസഭകളിൽ ഉയർന്ന് വന്നിട്ടുണ്ട്. പഞ്ചായത്ത് പ്രദേശങ്ങളിലെ ജനസംഖ്യാ വർദ്ധനവും, നഗര വത്ക്കരണ പ്രവണതയും മൂലം ശുചിത്വ പ്രശ്നം കൂടുതൽ രൂക്ഷമാകുന്നു.

പൊതുവായി ശുചീകരണ പ്രവർത്തനത്തിന് പഞ്ചായത്തിൽ രണ്ട് പാർട്ട് ടൈം ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിലും ശുചീകരണ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.

പഞ്ചായത്ത് തലത്തിൽ പ്രാവർത്തികമാക്കാവുന്ന ശുചീകരണ നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ പ്രധാന സെന്ററുകളിൽ വ്യാപാരസ്ഥാനങ്ങളിൽ നിന്നും ഹോട്ടലുകളിൽ നിന്നും നിക്ഷേപിക്കുന്ന മാലിന്യങ്ങൾ മൂലം പരിസര മലിനീകരണം സംഭവിക്കുന്നതിനാൽ അവ നീക്കം ചെയ്യാനുള്ള നടപടികൾ ആവശ്യമാണ്.

പഞ്ചായത്തിൽ പൊതുവെ അറവുശാലകളും മത്സ്യ വിപണനവും തെരുവോരങ്ങളിൽ നടത്തപ്പെടുന്നതിനാൽ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഇതിന്റെ പരിഹാരത്തിനായി പഞ്ചായത്തിന്റെ പ്രധാനമേഖലകളിൽ നിയന്ത്രിത അറവുശാലകളും മാർക്കറ്റുകളും സ്ഥാപിച്ച് അവിടത്തെ മാലിന്യങ്ങൾ ശരിയായ രീതിയിൽ ശേഖരിച്ച് സംസ്കരിക്കുവാനുള്ള നടപടികൾ ആവശ്യമാണ്. പ്രധാന കവലകളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലം ഉണ്ടാകുന്ന ആരോഗ്യകരമായ പ്രത്യാഘാതങ്ങളെക്കുറിച്ച് കച്ചവടക്കാരെ ബോധവൽക്കരിക്കുകയും ശുചിത്വം പാലിക്കാത്തവരിൽ നിന്ന് പിഴ ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

പകർച്ച വ്യാധികൾ പൊതുവെ പടർന്നു പിടിക്കുന്നവർഷക്കാലത്തും വരൾച്ചകാലത്തും കിണറുകളിലെ ക്ലോറിനേഷൻ, ഈച്ച നശീകരണം, കൊതുകുനശീകരണം എന്നീ പ്രവർത്തനങ്ങളിലൂടെ ഇവ തടഞ്ഞുനിർത്താൻ സാധിക്കുന്നതാണ്. അടുക്കളയിലെ അവശിഷ്ടങ്ങളും ചപ്പുചവറുകളും കമ്പോസ്റ്റാക്കി മാറ്റിയാൽ അടുക്കളത്തോട്ടങ്ങളിൽ വളമായി

ഉപയോഗിക്കാമെന്നതോടൊപ്പം ഗൃഹപരിസരം ശുചിയായി സൂക്ഷിക്കാനും സാധിക്കും.

**ആരോഗ്യരംഗത്തെ നിർദ്ദേശം (ഗ്രാമസഭകൾ)**

1. പഞ്ചായത്തിലെ 1,2,3,4,6,7,8,9 വാർഡികളിൽ ഓരോ സബ്സെന്ററുകൾ ആരംഭിക്കുകയും ആവശ്യമായ ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരേയും നിയമിക്കുക.

2. C.H.C യിലെ ഡോക്ടർമാർക്ക് ഷിഫ്റ്റ് ഏർപ്പെടുത്തി 24 മണിക്കൂറും സേവനം ലഭ്യമാക്കുക.

3. ഓരോ വിഭാഗത്തിലെയും ഡോക്ടർമാർ പ്രത്യേകം മുറികളിൽ പരിശോധന നടത്തണം.

4. ആശുപത്രയിൽ 24 മണിക്കൂറും ഒരു ലേഡി ഡോക്ടറുടെയും സ്റ്റഫ്നേഴ്സിന്റെയും, കമ്പോണ്ടറുടെയും സേവനം ലഭ്യമാക്കണം.

5. ആശുപത്രിയിൽ മുഴുവൻ സമയവും വൈദ്യുതി ലഭ്യമാക്കാൻ ജനറേറ്റർ സ്ഥാപിക്കുക.

6. ആശിപത്രിയിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും, ശുചീകരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുക.

7. നിലവിലുള്ള സബ്സെന്ററുകളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുകയും ആവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ചെയ്യുക.

8. അംഗൻ വാടികളിൽ ആഴ്ചയിൽ 2 ദിവസം 2 മണിക്കൂറെങ്കിലും ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക.

9. അലഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.

10. ജനസാന്ദ്രത കൂടിയ പ്രദേശങ്ങളിലും കോളനികളിലും പൊതു കക്കൂസ് നിർമ്മിക്കുക.

**പൊതുനിർദ്ദേശങ്ങൾ:**

മുല്ലശ്ശേരി പഞ്ചായത്തിലെ പ്രത്യേക ഭൂപ്രകൃതിയും കിടപ്പും അനുസരിച്ച് പഞ്ചായത്തിലെ കിഴക്കൻ മേഖലയിലെ ജനങ്ങൾക്ക് CHCയിൽ എത്തിച്ചേരുക എന്നത് തികച്ചും ദുഷ്ക്കരമാണ്. അതിനാൽ കിഴക്കൻ മേഖലകളെ കേന്ദ്രീകരിച്ച് ഒരു പ്രാഥമികാരോഗ്യ കേന്ദ്രം ആരംഭിക്കുന്നത് ആശ്വാസ്യമാണ്. ഗ്രാമസഭകളിൽ നിന്നും വന്ന പരാതികളിൽ ഏറ്റവും പ്രാധാന്യമാർഹിക്കുന്ന വിഷയങ്ങളായ.

1. ഡോക്ടർമാരുടെ സേവനലഭ്യതയുടെ അനുപാതക്കുറവ്
2. ഹെൽത്ത് വിസിറ്റർമാരുടെ പ്രവർത്തനക്ഷമതിയില്ലായ്മ
3. ആവശ്യമായ മരുന്നുകളുടേയും കുടിവെള്ളത്തിന്റേയും ലഭ്യതക്കുറവ്.

എന്നിവ അടിയന്തിരമായി പരിഹരിക്കേണ്ടത് അത്യാവശ്യമാണ്.

**ഹെൽത്ത് കാർഡ്:**

ചികിൽസാരംഗത്ത് വളരെ ഗുണം ചെയ്യുന്ന ഒരു സംവിധാനമാണ് ഹെൽത്ത്കാർഡ്. ചികിൽസക്കായി എത്തുന്നന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെക്കുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കുറ്റമറ്റതുമാക്കുവാൻ സഹായിക്കും. ആരോഗ്യപ്രവർത്തകരേയും സന്നദ്ധപ്രവർത്തകരേയും പങ്കെടുപ്പിച്ച് ഇത് നടപ്പിലാക്കാവുന്നതാണ്. രക്തഗ്രൂപ്പ് കാർഡിൽ രേഖപ്പെടുത്തുകയും ഇതിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

**കാലഹരണപ്പെട്ടനിയമങ്ങൾ**

പ്രയോഗക്ഷമത നഷ്ടപ്പെട്ടതും കാലഹരണപ്പെട്ടതുമായ "മദ്രാസ് പബ്ലിക്ക് ഹെൽത്ത് ആക്ട്, ട്രാവൻകൂർ കൊച്ചിൻ പബ്ലിക്ക് ഹെൽത്ത് ആക്ട്" എന്നീ നിയമാവലികൾ കാലോചിതമായി പുതുക്കി ആരോഗ്യരംഗത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണ കൂടുതൽ ഫലപ്രദമാക്കാനുതകുന്ന നിയമനിർമ്മാണങ്ങൾ നടപ്പാക്കേണ്ടതാണ്.

**ബോധവൽക്കരണം**

പഞ്ചായത്ത്വാസികളുടെ പൊതു ആരോഗ്യസ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന പുകവലി, പുകയില കൂട്ടിയുള്ള മുറുക്കൽ, മദ്യപാനം, മയക്കുമരുന്നുപയോഗം എന്നിവ പ്രചരണബോധവൽക്കരണ പ്രവർത്തനങ്ങൾവഴി നയന്ത്രണ വിധേയമാക്കേണ്ടതുണ്ട്. രക്തദാനത്തക്കുറിച്ച് ജനങ്ങളിൽ നിലവിലുള്ള ഭയാശങ്കകൾ ദൂരീകരുക്കുക, നേത്രദാനത്തിൻരെ മഹത്വം ബോധ്യപ്പെടുത്തുകവഴി ദാതാക്കളുടെ റജിസ്ട്രേഷൻ വ്യാപകമാക്കുകയും ജില്ലാനേത്രബാങ്കുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുക എന്നിവ ബോധവൽക്കരണത്തിലൂടെ നടപ്പിലാക്കാവുന്ന പ്രവർത്തനങ്ങളിൽ അടിയന്തിര പ്രാധാന്യമർഹിക്കുന്നവയാണ്.

**പാരമ്പര്യവൈദ്യമേഖല**

വാമൊഴിയും വരമൊഴിയും തലമുറകളിലൂയെ പകർന്നു കിട്ടുന്ന അറിവുകളുടെ സംഗ്രഹമാണ് പാരമ്പര്യ വൈദ്യം. ധാരാളം കുടുംബങ്ങൾ

ഈ രംഗത്ത് സേവനമനുഷ്ഠിക്കുന്നുണ്ട്. ഇവരുടെ കൂട്ടായ്മയിലൂടെ ചിതറികിടന്ന ലളിതമായ പാരമ്പര്യവൈദ്യവിജ്ഞാനം ഏകോപിപ്പിക്കുവാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഇതോടൊപ്പം ഈ രംഗത്ത് രൂക്ഷമായിവരുന്ന ഔഷധസസ്യങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തുതല ഔഷധസസ്യസൊസൈറ്റികൾ രൂപീകരിച്ച് പഞ്ചായത്തിലെ പൊതു സ്വകാര്യതരിശുഭൂമികളും പുറംപോക്കുസ്ഥലങ്ങളും ഉപയോഗപ്പെടുത്തി ഇതു പരിഹരിക്കാവുന്നതാണ്.

**വയോജന ആരോഗ്യം**

ന്യൂക്ലിയർ കുടുംബ സങ്കൽപത്തിന്റെ ആവിർഭാവത്തോടുകൂടി സമൂഹത്തിലെ ഒരു മുഖ്യ ആശ്രിത വിഭാഗമായി വൃദ്ധജനങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. അവർക്ക് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യകേന്ദ്ര സ്ഥാപിക്കാവുന്നതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും മാനസീകവുമായ ഉയർച്ചക്കാവശ്യമായ പദ്ധതികൾ രൂപീകരിക്കേണ്ടതാണ്.

**യോഗകേന്ദ്രം**

കേരളത്തിന്റെ തനതായ പാരമ്പര്യ ആയോധന മുറയായ കളരിയിൽ നിന്നും ഉൽഭവിച്ചതും ബുദ്ധസന്ന്യസിമാരാൽ വിപുലീകരിക്കപ്പെട്ടതുമായ ഒരു കായീക കലയാണ് യോഗ. ശരിയായ പരിശീലനം നൽകുകവഴി ജനതയുടെ കായീകവും മാനസീകവുമായ ആരോഗ്യം മെച്ചപ്പെടുത്താൻ ഇത് സഹായകമാകും. അതിനു വേണ്ടി പഞ്ചായത്തിന്റെ കീഴിൽ ഠൊരു യോഗ പരിശീലന കേന്ദ്രം സ്ഥാപിക്കാവുന്നതാണ്.

**പ്രകൃതി ചികിത്സ**

നവീന ചികിത്സാ സാമ്പ്രദായങ്ങളുടെ കടന്നുകയറ്റത്തോടു കൂടി രോഗശമനത്തോടൊപ്പം പുതിയ രോഗങ്ങളുടെ ആവിർഭാവവും ഉണ്ടാകുന്നു. ശരീരത്തിന്റെ രോഗശമനയത്തെ മറ്റെല്ലാ ചികിത്സാ ശാസ്ത്രങ്ങളും രോഗമെന്നു വിളിക്കുകയും ഭയപ്പെടുകയും ചെയ്യുമ്പോൾ പ്രകൃതി ചികിത്സ അതിനെ ഭയപ്പെടാതിരിക്കുയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു. ഭൗതീക സാഹചര്യങ്ങൾക്കുവേണ്ടി ചിലവുകളൊന്നുമില്ലാത്തതിനാൽ വളരെയധികം ജനകീയമായ ചികിത്സാരീതിയാണ് പ്രകൃതി ചികിത്സ. അതിനാൽ ഈ ചികിത്സാരീതി പരിപോഷിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കേണ്ടതാണ്.

പഞ്ചായത്തിൽ ലഭ്യമായ സാഹചര്യങ്ങൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളേയും സന്നദ്ധസംഘടനകളേയും കൂട്ടിയിണക്കി 'മലിനീകരണ വിമുക്തവും രോഗവിമുക്തവുമായ ഒരു ഗ്രാമം' എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാറ്റുവാൻ നമുക്കുകഴിയും. അതിനു വേണ്ടിയാകട്ടെ

ഇനിയുള്ള നമ്മുടെ മുഴുവൻ ശ്രമവും.

മുല്ലശ്ശേരി പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതു സ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.

| | |
|---|---|
| C.H.C | – 1 |
| ഉപകേന്ദ്രങ്ങൾ | – 2 |
| ആയുർവേദ ആശുപത്രി | – 1 |

ഇവയിൽ എല്ലാംകൂടി 40 ജീനക്കാരുണ്ട്.

| സ്ഥാപനം | വാർഡ് | സ്ഥാപിച്ച വർഷം | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1. C.H.C | II | 1964 | 37 |
| 2. Sub Centre Oorakam | V | 1995 | |
| 3. Sub Centre Annakara | X | | |
| 4. ഗവ:ആയുർവേദ ആശുപത്രി | II | | 3 |
| ആകെ | | | 40 |

പട്ടിക 1

| തടസ്സം കാരണം | പരിഹാരം |
|---|---|
| 1. സാമ്പത്തീക പരാധീനത | സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങൾ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പത്തിക സമാഹരണം നടത്താവുന്നതാണ്. |
| 2. സ്ഥല പരിമിതി (കോളനികളിലും ജനസാന്ദ്രത കൂടിയ മറ്റ് പ്രദേശങ്ങളിലും) | പൊതുവായി ഒരു സെപ്റ്റി ടാങ്ക് നിർമ്മിച്ച് ഇത് പരിഹരിക്കാവുന്നതാണ്. |
| 3. ആവശ്യകത വേണ്ടത്ര ബോധ്യപ്പെടാതിരിക്കൽ | ആരോഗ്യ ബോധവത്ക്കരണത്തെ യൂണിറ്റിന്റെ പ്രവർത്തനം വിപുലമാക്കു. ആരോഗ്യ പ്രവർത്തകരെ ബന്ധപ്പെടുത്തി നാട്ടുകോളിനികളിൽ ചർച്ച ക്ലാസ്സുകൾ, ഫീൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ സ്ലൈഡ് വീഡിയോ പ്രദർശനങ്ങൾ. |

# സംസ്കാരം

മഹത്തായ ഒരു പാരമ്പര്യവും സമരചരിത്രവും മുല്ലശ്ശേരിക്കുണ്ട്. ആദ്യകാലത്ത് കൊച്ചി രാജവംശത്തിന്റെ കീഴിലായിരുന്നെങ്കിലും, പിന്നീട് സാമൂതിരി ഈ പ്രദേശം കീഴടക്കി. ടിപ്പുവിന്റെ പടയോട്ടത്തിനു ശേഷം, ബ്രിട്ടീഷുകാരുമായയുണ്ടാക്കിയ സന്ധിയുടെ ഫലമായി ഈ പ്രദേശം ബ്രിട്ടീഷുകാരുടെ അധീനതയിലായി. ഫ്യൂഡൽ പാരമ്പര്യമായിരുന്നു ഈ നാടിനെ നയിച്ചിരുന്നത്.

ഈ ഗ്രാമത്തിന്റെ സാംസ്കാരിക വളർച്ചിയിൽ 1885ൽ ബാസൽമിഷൻ സ്ഥാപിച്ച സ്കൂൾ സുപ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സേതുമാധവ ശാസ്ത്രികൾക്ക് വിട്ടുകൊടുത്ത സ്കൂൾ അദ്ദേഹം അന്നത്തെ പൗരപ്രമുഖനായിരുന്ന സി. പാററ് വിട്ടുകൊടുത്തു. എലിമെന്ററി സ്കൂൾ എന്നറിയപ്പെട്ടിരുന്ന ഈ സ്ഥാപനം പിന്നീട് ഹിന്ദു യു.പി.സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടു.

1930കളുടെ അവസാനം സ്ഥാപിക്കപ്പെട്ട ജവഹർലാൽ ക്ലബ്ബായിരുന്നു ആദ്യത്തെ ക്ലബ്ബും വായനശാലയും. 1950കളിൽ കലാസമിതി, ഗ്രാമീണ വായനശാല, പ്രോഗ്രസ്സീവ് യൂത്ത് ക്ലബ്ബ് എന്നിവയും നിലവിൽ വന്നു. ഈ സ്ഥാപനങ്ങൾ ഒന്നും ഇന്ന് നിലവിലില്ല. അമേച്ചർ നാടകസംഘങ്ങളും കായിക സമിതികളും നിലവിലുണ്ടായിരുന്നു.

1980കളുടെ അവസാനത്തിൽ ഐക്യ കലാവേദി എന്ന പേരിൽ സാംസ്കാരിക സംഘടനകൾ ഒന്നിച്ചു ചേർന്ന് പ്രവർത്തനം ആരംഭിച്ചു എങ്കിലും നിർഭാഗ്യവശാൽ പ്രവർത്തനം നിലച്ചുപോയി.

സാംസ്കാരിക രംഗത്ത് ധാരാളം ക്ലബ്ബുകളും വായനശാലകളും ഇന്ന് പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിനനുസരിച്ച് ഗുണപരമായ ഒരു മാറ്റം ഉണ്ടായി എന്ന് പറയാൻ കഴിയില്ല.

ജനസംഖ്യയിൽ ഭൂരിഭാഗവും ഹൈന്ദവരാണ്. രണ്ടാംസ്ഥാനത്ത് ക്രൈസ്തവരും മൂന്നാം സ്ഥാനത്ത് ഇസ്ലാം മതവിശ്വാസികളുമാണ്.

## പ്രധാനക്ഷേത്രങ്ങളും ഉത്സവങ്ങളും

പറമ്പന്തളി ക്ഷേത്രം: കേരളത്തിൽ ഏറ്റവും പുരാതനമായ ക്ഷേത്രങ്ങളിൽ ഒന്ന്. അറിഞ്ഞിടത്തോളം മുകൾത്തട്ടിൽ പ്രതിഷ്ഠയുള്ള കേരളത്തിലെ രണ്ടു ക്ഷേത്രങ്ങളിൽ ഒന്നാണിത്. തുലാമാസത്തിലെ ഷഷ്ഠി ആഘോഷമാണ് ഒരു പ്രധാന ഉത്സവം. മതസൗഹാർദ്ദത്തിലെ ഉത്തമ ഉദാഹരണ

മാണ് ഈ ഉത്സവം. പഞ്ചായത്തിന്റെ ഹൃദയഭാഗത്ത് അഞ്ചാം വാർഡിൽ ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നു.

കോട്ടക്കുറുമ്പ ക്ഷേത്രം: ഈ ക്ഷേത്രം പതിനെട്ടര കാവുകളിൽ ഒന്നാണ്. കുഭ ഭരണിക്ക് ഉത്സവാഘോഷം നടത്തുന്നു. വിവിധ കരകളിൽനിന്നും പൂരങ്ങൾ വന്നുചേരുന്നു. ആറാം വാർഡിൽ സ്ഥിതി ചെയ്യുന്നു.

ചിറക്കൽ ഭഗവതി ക്ഷേത്രം: ജാതിമത ഭേദമെന്യേ ഏവർക്കും പ്രവേശനം നൽകുന്ന ക്ഷേത്രമാണിത്. ഉത്സവം മകരമാസത്തിൽ നടക്കുന്നു. പത്താം വാർഡിൽ സ്ഥിതി ചെയ്യുന്നു.

പതിയാർ കുളങ്ങര ദേവീക്ഷേത്രം: ഐതിഹ്യങ്ങളിൽ ഏറെ നിറഞ്ഞുനിൽക്കുന്ന ക്ഷേത്രങ്ങളിൽ ഒന്നാണിത്. ധനുമാസത്തിൽ ഉത്സവം ആഘോഷിക്കുന്നു.

കോട്ട – വേട്ടയ്ക്കൊരുമകൻ ക്ഷേത്രം, പരപ്പുഴ കാളീക്ഷേത്രം,താണവീഥി അയ്യപ്പസ്വാമി ക്ഷേത്രം, തിരുനെല്ലൂർ ശിവക്ഷേത്രം, അയ്യപ്പക്കുടം ക്ഷേത്രം, വാസുദേവ ക്ഷേത്രം എന്നിവ പ്രധാന ക്ഷേത്രങ്ങളാണ്. ധാരാളം കുടുംബ ക്ഷേത്രങ്ങളും കാവുകളും നിലവിലുണ്ട്.

**ക്രൈസ്തവ ദേവാലയങ്ങൾ**

സെന്റ് മേരീസ് ചർച്ച്, വടക്കൻ പുതുക്കാട്: മുല്ലശ്ശേരിയിലെ ഏറ്റവും പുരാതനമായ ക്രൈസ്തവ ദേവാലയമാണിത്. ജനുവരിയിൽ പെരുന്നാൾ ആഘോഷിക്കുന്നു.

നല്ല ഇടയന്റെ ദേവാലയം മുല്ലശ്ശേരി: 1854ൽ റോമൻ കത്തോലിക്കാ പള്ളിയായിത്തീർന്നു. മുല്ലശ്ശേരിയിലെ ക്രൈസ്തവരിൽ ഏറ്റവും അധികംപേരെ ഉൾക്കൊള്ളുന്ന ഇടവകയാണിത്. വലിയ പെരുന്നാൾ ഏപ്രിലിൽ ആഘോഷിക്കുന്നു.

സെന്റ് ആന്റണീസ് ചർച്ച് പെരുവല്ലൂർ: കഴിഞ്ഞ വർഷം പുതുക്കി പണിത ദേവാലയമാണിത്. ജനുവരിയിൽ പെരുന്നാൾ ആഘോഷിക്കുന്നു.

റീത്താ പുണ്യവാളത്തിയുടെ ദേവാലയം, വേളാങ്കണ്ണി മാതാവിന്റെ പള്ളി, സെന്റ് സെബാസ്റ്റ്യൻ പള്ളി തുടങ്ങിയ കുരിശു പള്ളികളും നിലവിലുണ്ട്.

**ഇസ്ലാം ദേവാലയങ്ങൾ**

തിരുനെല്ലൂർ, പെരുവല്ലൂർ, ബ്ലോക്ക് എന്നിവിടങ്ങളിൽ ജുമാ അത്തുകളും ഊരകം, എലവത്തൂർ, ബ്ലോക്ക്, തിരുനെല്ലൂർ എന്നിവിടങ്ങളിൽ മദ്രസ്സകളുമുണ്ട്.

വായനയുടെ രംഗത്ത് നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതി വളരെ മോശമാണെന്ന് തിരിച്ചറിയേണ്ടിയിരിക്കുന്നു. ഗ്രന്ഥശാലകളും കലാസമിതികളുമായി ബന്ധപ്പെട്ടുകൊണ്ട് നല്ലൊരു നാടകസംസ്കാരം നമ്മുടെ ഗ്രാമത്തിൽ ഉണ്ടായിരുന്നു. 'ആറടി മണ്ണ്', 'ജ്ജ് നല്ല മനുഷ്യനാകാൻ നോക്ക്', 'അളിയൻ വന്നതു നന്നായി' എന്നീ നാടകങ്ങൾ 1960കളിൽ നമ്മുടെ ഗ്രാമത്തിന്റെ സമ്പത്തായി ഉണ്ടായിരുന്നു. നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചില ഗ്രന്ഥശാലകളുടെ സ്ഥിതിയെടുത്ത് പരിശോധിച്ചാൽ സാംസ്കാരിക രംഗത്ത് നാം എവിടെ എത്തി നിൽക്കുന്നു എന്ന് തിരിച്ചറിയാനാവും.

ഞാറ്റുപാട്ട്, കൊയ്ത്തുപാട്ട്, കുറത്തിയാട്ടം, തുയിലുണർത്തുപാട്ട്, നാഗക്കളങ്ങൾ, പുള്ളുവപാട്ട് എന്നിവയിലൂടെ ഒരു പാരമ്പര്യം നമുക്കുണ്ടായിരുന്നു.

**പ്രശ്നങ്ങൾ**

1. സാംസ്കാരിക രംഗത്ത് പ്രവർത്തകർ കുറവാണ്.

2. സാംസ്കാരിക സംഘടനകളുടെ യോജിച്ച പ്രവർത്തനങ്ങളില്ല.

3. ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കുന്നില്ല.

4. ഇലക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം.

5. നാടൻ കലകളുടെ തളർച്ച.

6. യുവാക്കളുടെ നിസ്സംഗാംവസ്ഥ.

7. എല്ലാ വാർഡുകളിലും ലൈബ്രറി ഇല്ല.

8. എണ്ണത്തിൽ കുറഞ്ഞ വനിതാവായനക്കാർ.

9. പുസ്തകങ്ങളുടെ വിലവർദ്ധനവ്.

**പരിഹാരങ്ങൾ**

1. സാംസ്കാരിക പ്രവർത്തകരെ വളർത്തിക്കൊണ്ടു വരാനുള്ള ബോധപൂർവ്വമുള്ള ശ്രമത്തിന്റെ ഫലമായി ഏറ്റവും നല്ല സാംസ്കാരിക സംഘടനക്കും, പ്രവർത്തകനും അവാർഡ് നൽകുക.

2. കലാകായിക സംഘടനകളുടെ ഐക്യനിര കെട്ടിപ്പടുത്ത് പ്രവർത്തനത്തിന് നേതൃത്വം കൊടുക്കുക.

3. ചർച്ചകളും സെമിനാറുകളും സംഘടിപ്പിക്കാൻ പഞ്ചായത്ത് ലൈബ്രറി കമ്മിറ്റി മുന്നോട്ട് ഇറങ്ങുക.

4. വനിതാ വായനക്കാരെ ആകർഷിക്കാൻ പുസ്തകങ്ങൾ വീടുകളിൽ എത്തിക്കാനുള്ള മാർഗ്ഗരേഖ തയ്യാറാക്കുക.

5. ഇലക്ട്രോണിക് മാധ്യമങ്ങൾ ഉയർത്തിവിടുന്ന അസാന്മാർഗ്ഗിക ചിന്തകൾക്കെതിരെ ബോധവൽക്കരണം നടത്തുക.

6. ഏറെ അന്യം നിന്നുപോയ നാടൻ കലകളായ കുറത്തിയാട്ടം, തുയിലുണർത്തു പാട്ട്, പൊറാട്ട് നാടകം, മൂക്കോൻ ചാത്തൻ എന്നിവയെ സംരക്ഷിക്കുക.

7. എല്ലാ വാർഡുകളിലും ഗ്രന്ഥശാലകൾ ഉണ്ടാക്കാൻ വാർഡുതല കമ്മിറ്റികൾ ഉണ്ടാക്കുക.

8. ഓണാഘോഷം, യുവജനോത്സവം എന്നിവ സംഘടിപ്പിച്ച് യുവാക്കളെ കർമ്മോത്സുകരാക്കുക.

9. പഞ്ചായത്ത് തലത്തിലോ, ബ്ലോക്ക് തലത്തിലോ സാഹിത്യ ക്യാംപുകൾ സംഘടിപ്പിക്കുക.

10. അംഗീകൃത ക്ലബ്ബുകൾക്ക് ടി.വി.സെറ്റ് നൽകുക.

11. സംഗീത നാടകാദി കലകളെ പ്രോത്സാഹിപ്പിക്കുക.

**കായികരംഗം**

ഇച്ഛാശക്തിയുള്ള, ആത്മവിശ്വാസമുള്ള ആരോഗ്യദൃഢഗാത്രരായ ഒരു ജനതയെ വാർത്തെടുക്കലാണ് കായിക സംസ്കാരത്തിന്റെ സാമൂഹ്യ കടമ എന്നിരിക്കെ അത്തരമൊരു സ്ഥിതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നു നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

കായികരംഗത്തും നമ്മുടെ നില അത്രയൊന്നും ആശാവഹമല്ല. 1930 കളിൽ നല്ലൊരു വോളീബാൾ ടീം നമുക്കുണ്ടായിരുന്നു. മലബാറിലെതന്നെ ഒന്നാംകിട ടീമുകളിൽ ഒന്നായിരുന്നു ഇത്. ഈ കളി നമ്മുടെ ഗ്രാമത്തിൽനിന്നും അപ്രത്യക്ഷമായ നിലയിലാണ്. 1980 കളിൽ ഇന്ത്യൻ താരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് അമ്പ - മുല്ലശ്ശേരിയുടെ ആഭിമുഖ്യത്തിൽ ഒരു സംസ്ഥാനതല ബോൾ ബാഡ്മിന്റൻ ചാംമ്പ്യൻഷിപ്പ് നടത്തിവന്നിരുന്നു. എന്നാൽ ഇതും നിലച്ചു പോകുകയാണുണ്ടായത്. ജില്ലാതലത്തിൽ ക്രിക്കറ്റ്, ഫുട്ബാൾ, ബാൾബാഡ്മിന്റൻ എന്നീ കളികൾ സംഘടിപ്പിക്കുന്നുണ്ടെങ്കിലും വിന്നേഴ്സ് മുല്ലശ്ശേരി സംഘടിപ്പിക്കുന്ന ബാൾബാഡ്മിന്റൻ മേളയൊഴിച്ച് എല്ലാം സാമ്പത്തിക ലക്ഷ്യം മാത്രം മുൻനിർത്തിയുള്ളതാണ്.

ജില്ലാ - സംസ്ഥാന - യൂണിവേഴ്സിറ്റി തലങ്ങളിൽ കായിക താരങ്ങളെ സംഭാവന ചെയ്യാൻ നമുക്ക് കഴിഞ്ഞത് ബാൾബാഡ്മിന്റൻ രംഗത്ത് മാത്രമാണ്. പുതിയ തലമുറയെ ഗൗരവമായി കായികരംഗത്തേക്ക് ആകർഷിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. സർക്കാർ നടപ്പിലാക്കുന്ന പദ്ധതികൾ പോലും വേണ്ട രീതിയിൽ നടപ്പിലാക്കാൻ കഴിയുന്നില്ല.

നല്ല നിലയിൽ പ്രവർത്തിക്കുന്ന വേദ മാർഷ്യൽ ആർട്സ് അക്കാദമി, ഷാവോലിൻ കുങ് - ഫു

സെന്റർ എന്നീ രണ്ട് മാർഷ്യൽ ആർട്സ് സെന്ററുകളും മുല്ലശ്ശേരിയിൽ ഉണ്ട്.

**പ്രശ്നങ്ങൾ**

1. സ്ക്കൂളുകളിൽ കായികരംഗത്തിന് വേണ്ടത്ര പ്രോത്സാഹനം നൽകുന്നില്ല.

2. എല്ലാ സ്കൂളുകളിലും കളി സ്ഥലങ്ങളില്ല.

3. നല്ല ട്രാക്കുകളുടെയും, കളി സ്ഥലങ്ങളുടെയും അഭാവം.

4. പരിശീലകരുടെ അഭാവം

5. കിഴക്കൻ മേഖലയിൽ കളിസ്ഥലത്തിന്റെ അഭാവം.

6. ക്ലബുകളുടെ പ്രവർത്തനത്തിൽ കൂട്ടായ്മ ഇല്ലായ്മ.

**നിർദ്ദേശങ്ങൾ**

1. സ്കൂളുകളിൽ സ്പോർട്സ് നിർബന്ധ പാഠ്യ വിഷയമാക്കുക.

2. ഓരോ സ്കൂളിൽ നിന്നും 10 കുട്ടികളെയെങ്കിലും കണ്ടെത്തി പരിശീലനത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

3. സ്കൂളുകളുടെ സ്ഥല പരിമിതിക്കകത്തു നിന്നുകൊണ്ട് നിർമ്മിക്കാവുന്ന കളിസ്ഥലങ്ങൾ നിർമ്മിക്കുക.

4. മുല്ലശ്ശേരി ഗവ. ഹൈസ്കൂളിന്റേതായി അറിയപ്പെടുന്ന ഗ്രൗണ്ട് അക്വയർ ചെയ്ത് 200 മീറ്റർ ട്രാക്കും സ്റ്റേഡിയവും നിർമ്മിക്കുക.

5. കിഴക്കൻ മേഖലയിൽ കളിസ്ഥലം നിർമ്മിക്കുക.

6. പഞ്ചായത്ത് കളിസ്ഥലത്ത് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുക.

7. കായികരംഗത്ത് പ്രവർത്തിക്കുവാൻ തയ്യാറുള്ള യുവജനങ്ങളെ വിദഗ്ധപരിശീലകരാക്കി മാറ്റാൻ വേണ്ട സഹായങ്ങൾ ചെയ്യുക.

8. അവധിക്കാലത്ത് പഞ്ചായത്തുതല കോച്ചിങ്ങ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

9. പഞ്ചായത്തുതല കലാ – കായിക മേളകൾ മികച്ച രീതിയിൽ സംഘടിപ്പിക്കുക. ഒരു സ്പോർട്സ് കലണ്ടർ ഉണ്ടാക്കുക.

10. കായിക രംഗത്തെ മൊത്തം മികവിന്റെ അടിസ്ഥാനത്തിൽ ക്ലബുകൾക്ക് അവാർഡു നൽകുക.

11. ഈ രംഗത്ത് കൂടുതൽ തുക കണ്ടെത്താൻ സംസ്ഥാന ഗവ. ലൈബ്രറി സെസ്സ് പിരിക്കുന്നതു പോലെ പഞ്ചായത്തിനും കായിക സെസ്സ് പിരിക്കാവുന്നതാണ്.

12. മൊത്തം വരുമാനത്തിന്റെ 5 % എങ്കിലും കലാ – കായിക – സാംസ്കാരിക പ്രവർത്തനത്തിന് വേണ്ടി മാറ്റിവെക്കേണ്ടതാണ്.

13. നമ്മുടെ പാരമ്പര്യ കായിക വിനോദങ്ങളായ കളരിപ്പയറ്റ് പോലുള്ളവ പുനരുജ്ജീവിപ്പിച്ച് ഒരു പുതിയ കായിക സംസ്കാരം വളർത്തിയെടുക്കണം.

## പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ

| ക്ലബുകൾ | പ്രവർത്തന മേഖല | കെട്ടിടം |
|---|---|---|
| 1. മുഹമ്മദൻസ് തിരുനെല്ലൂർ | കായികരംഗം | വാടക |
| 2. ഗ്രാമീണ വായനശാല | ഗ്രന്ഥശാല | സ്വന്തം |
| 3. HMC ക്ലബ് ബ്ലോക്ക് | കായികരംഗം | വാടക |
| 4. ഗ്രാമിക മുല്ലശ്ശേരി | കലാ കായികം | വാടക |
| 5. നിസരി പറമ്പന്തള്ളി നട | കലാ സാംസ്കാരികം | വാടക |
| 6. CSM ലൈബ്രറി | ഗ്രന്ഥശാല | – |
| 7. സ്റ്റാർസ് ക്ലബ് മുല്ലശ്ശേരി | കലാ കായികം | – |
| 8. പ്രതിഭ ആർട്സ് ക്ലബ് | – | – |
| 9. കോമ്രേഡ്സ് | കലാകായികം | സ്വന്തം |
| 10 വ്യാസ വായനശാല | ഗ്രന്ഥശാല | വാടക |
| 11 ലേബേഴ്സ് പറമ്പന്തള്ളി | കലാകായികം | – |
| 12. കായിക | കലാ, കായികം | വാടക |
| 13. കമാന്റോസ് | കലാ, കായികം | – |
| 14. മുല്ലശ്ശേരി ക്രിക്കറ്റ് ക്ലബ് | ക്രിക്കറ്റ് | – |
| 15. വിന്നേഴ്സ് മുല്ലശ്ശേരി | കലാകായികം | വാടക |
| 16. യൂണീക് ക്ലബ് എലവത്തൂർ | കലാകായികം | – |
| 17. വിദ്യാജ്യോതിപ്രചോദയ അന്നകര | കലാകായികം | – |
| 18 യുവധാര എലവത്തൂർ | കലാകായികം | – |
| 19. സംഗീത മതുക്കര | കലാകായികം | – |
| 20. ഐശ്വര്യ വായനശാല പേനകം | ഗ്രന്ഥശാല | വാടക |

# വനിത

**സമൂഹത്തിൽ സ്ത്രീയുടെ പദവി**

'സമൂഹത്തിൽ സ്ത്രീയുടെ പദവി' എന്ന വിഷയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യമായി ഉരുത്തിരിയുന്ന വസ്തുത ഈ സമൂഹം സ്ത്രീയുടെ സംഖ്യാബലം വർധിക്കുന്നത് തന്നെ ഒരു ശാപമായി കരുതുന്നു എന്നതാണ്. അതിന്റെ വെളിച്ചത്തിൽ നോക്കിയാൽ സ്ത്രീകൾക്ക് മുൻപ് കേരളസമൂഹത്തിൽ ഉന്നത സ്ഥാനം നൽകിയിരുന്നതിനു പകരം ഇന്ന് അവളെ ഒരു ശാപമായി കാണുന്നു. ജനിക്കാൻ പോകുന്ന കുട്ടി പെണ്ണാണ് എന്നറിഞ്ഞാൽ ഭ്രൂണഹത്യക്കൊരുങ്ങുന്നവരും ജനിച്ചു വീഴുന്ന പെൺകുഞ്ഞിനെ കൊന്നു കളയുന്നവരും ഇല്ല എന്നു പറയാൻ നമുക്കു കഴിയുമോ?

എന്തുകൊണ്ട് നാം പെൺകുഞ്ഞ് ഉണ്ടായിക്കാണാൻ ആഗ്രഹിക്കുന്നില്ല. അവളുടെ ഓമനത്തമുള്ള മുഖവും കളിയും ചിരിയും ഇഷ്ടമില്ലാഞ്ഞിട്ടാണോ? അല്ല. എന്തൊക്കെയാണ് ഒരു സ്ത്രീ നേരിടേണ്ടി വരുന്ന പ്രശ്നങ്ങൾ എന്ന് ആലോചിക്കാം.

1. സാമൂഹികമായ സുരക്ഷിതത്വം ലഭിക്കാതെ വരിക.

2. സാമ്പത്തികമായി ഒരു ബാധ്യതയായി കണക്കാക്കുക.

3. വിദ്യാഭ്യാസ മേഖലയിലും തൊഴിൽ മേഖലയിലും അർഹമായ പരിഗണന ലഭിക്കാതെ വരിക.

4. സമൂഹത്തിൽ സ്വതന്ത്രമായ ആശയപ്രകടനത്തിനോ, പ്രവർത്തനത്തിനോ അവസരം ലഭിക്കാതെ വരിക.

സാമൂഹികമായ സുരക്ഷിതത്വം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ഒരു ആൺകുട്ടിയെ വിദ്യാഭ്യാസ മേഖലയിലോ മറ്റു പ്രവർത്തന മേഖലയിലോ സ്വതന്ത്രമായി കടന്നുചെല്ലാൻ അനുവദിക്കുന്നു, എന്നാൽ ഈ മേഖലയിൽ നിലനിൽക്കുന്ന ചൂഷണങ്ങളിൽ നിന്നും പീഢനങ്ങളിൽനിന്നും പെൺകുട്ടികളെ രക്ഷിക്കുക എന്നത് ഒരു ഭാരമേറിയ ചുമതലയാണ്.

വർദ്ധിച്ചുവരുന്ന അക്രമങ്ങളും സ്ത്രീ പീഢനങ്ങളും ഇന്ന് ഭയാശങ്കകളെ വർദ്ധിപ്പിക്കുന്നു. ഇതിന്റെ പുറമെ മാതാപിതാക്കളിൽ നിലനിൽക്കുന്ന അജ്ഞതയും അന്ധവിശ്വാസവും പെൺകുട്ടികളുടെ നില കൂടുതൽ ശോചനീയമാക്കുന്നു. ഇതിന് സാമൂഹികവും സാംസ്കാരിവുമായ ഒരുമാറ്റം അനിവാര്യമാണ്.

**നിർദ്ദേശങ്ങൾ**

1. സ്ത്രീകളുടെമേലുള്ള ആക്രമണം ഇല്ലാതാക്കാൻ കുറ്റവാളികളെ മാതൃകാപരമായി ശിക്ഷിക്കുക.

2. വിദ്യാഭ്യാസ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.

3. സ്ത്രീകൾക്ക് കൂടുതൽ യാത്രാസൗകര്യം ഏർപ്പെടുത്തുക.

4. സ്ത്രീകളിൽ ആരോഗ്യകരമായ പ്രതികരണ ശേഷി വളർത്തിയെടുക്കുക.

സ്ത്രീധന സമ്പ്രദായത്തിലെ പ്രത്യേകതകളാണ് സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങളെ കൂടുതൽ രൂക്ഷമാക്കുന്നത്. സ്ത്രീധനം ആവശ്യപ്പെട്ടുവരുന്ന പുരുഷനെ വിവാഹം ചെയ്യില്ല എന്നു നിർബന്ധം പിടിക്കാൻ സ്ത്രീക്കു കഴിയണം. ഇത്തരമൊരു അവസ്ഥ സംജാതമാവാൻ മൂന്ന് സംഗതികളെങ്കിലും നിർബന്ധമാണ്.

1. സാമൂഹികമായ ഉയർച്ച.

2. സാംസ്കാരികമായ ഉയർച്ച.

3. സാമ്പത്തിക സ്വാതന്ത്ര്യം.

ഇവ നേടിയെടുക്കണമെങ്കിൽ ഉയർന്ന വിദ്യാഭ്യാസം അനിവാര്യമാണ്. സമൂഹത്തിലെ സ്വന്തം സ്ഥാനം മനസ്സിലാക്കാനും, സമൂഹത്തിൽ തനിക്കെതിരായി നിൽക്കുന്ന ശക്തികളെ തിരിച്ചറിയാനും വിദ്യാഭ്യാസംകൊണ്ടേ കഴിയൂ.

സ്തീ പീഢനത്തിനെതിരെ എങ്ങിനെ പ്രതികരിക്കാം?

1. സ്ത്രീ പീഢനവും, സ്ത്രീധന പീഢനവും വനിതാക്ഷേമ സമിതികളുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്.

2. സ്ത്രീ പീഢനത്തിൽ ഉത്തരവാദികളെന്ന് കണ്ടെത്തിയാൽ അവർക്ക് സർക്കാരിൽനിന്ന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നിർത്തിവെക്കുക. സർക്കാർ ഉദ്യോഗത്തിലുള്ളവർക്ക് സ്ഥാനക്കയറ്റവും മറ്റ് ആനുകൂല്യങ്ങളും തടഞ്ഞുവെക്കുക.

### സ്ത്രീകളുടെ ആരോഗ്യം

ഏറ്റവും അത്യാവശ്യമായിട്ടുള്ളത് ബോധവൽക്കരണമാണ്. മഹിളാ സമാജവും അംഗൻ വാടികളും ഇതിന് പ്രത്യേകം ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു. ആരോഗ്യമുള്ള സ്ത്രീക്കുമാത്രമേ സ്വന്തം കുടുംബത്തിൽ ആരോഗ്യപരിപാലനം സാധ്യമാവൂ.

### തൊഴിലെടുക്കുന്ന സ്ത്രീകളുടെ നില

സർക്കാർ മേഖലകൾ ഒഴിച്ചാൽ മറ്റ് എല്ലാ മേഖലകളിലും സ്ത്രീ ചൂഷണത്തിന് വിധേയയാകുന്നു. വീടുപണികൾ ചെയ്യാൻ മാത്രമായി പെൺകുട്ടികളെ വളർത്തിയെടുക്കുന്ന പ്രവണത നിലവിലുണ്ട്. വിവേകമതിയായ ഒരു വീട്ടമ്മ എന്നതിലുപരി സ്വന്തം കഴിവുകളെ വളർത്തിയെടുത്ത് സമൂഹത്തിൽ ഒരു സ്ഥാനം നേടാൻ സ്ത്രീക്ക് കഴിയണം.

തയ്യൽ പരിശീലന കേന്ദ്രങ്ങൾ കൈത്തൊഴിൽ പരിശീലന കേന്ദ്രങ്ങൾ മുതലായവയിലൂടെ പരിശീലനം നേടുന്ന സ്ത്രീകൾക്ക് തൊഴിൽ ചെയ്യാൻ ആവശ്യമായ സാമ്പത്തിക സഹായങ്ങൾ നല്കേണ്ടതുണ്ട്. തൊഴിൽ ചെയ്യുന്നതിനുള്ള സ്ഥലസൗകര്യവും മറ്റ് അനുബന്ധ സൗകര്യങ്ങളും പഞ്ചായത്ത്തലത്തിൽ ലഭ്യമാക്കുക.

### മഹിളാ സമാജങ്ങൾ

ഇന്ന് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള പല മഹിളാ സമാജങ്ങളും പ്രവർത്തനക്ഷമമല്ല. അതിനു കരണങ്ങൾ താഴെ പറയുന്നവയാണ്.

1. പ്രവർത്തകരുടെ താല്പര്യമില്ലായ്മ.

2. അവശ്യമായ സ്ഥലസൗകര്യവും സാമ്പത്തിക സഹായവും ഇല്ലാതെ വരിക.

3. കാര്യക്ഷമമായ നേതൃത്വമില്ലായ്മ.

4. പ്രവർത്തകർക്കിടയിലെ നിസ്സഹകരണം.

5. പൊതു പ്രവർത്തനത്തിൽ ഏർപ്പെടുന്നതിലുള്ള വിമുഖത.

ഇവയെല്ലാം മാറ്റിയെടുത്തുകൊണ്ട് മഹിളാരംഗത്ത് ശക്തമായ ഒരു നേതൃത്വനിര വളർത്തിയെടുക്കാൻ മഹിളാ സമാജങ്ങളുടെ പ്രവർത്തനങ്ങൾകൊണ്ട് കഴിയും എന്ന ബോധത്തോടെ നാം പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

**അംഗൻവാടികൾ**

പഞ്ചായത്തിൽ ഇന്ന് 24 അംഗൻവാടികൾ ഉണ്ട്. ഇവയിൽ അപൂർവം ചിലതിന് സ്വന്തമായ കെട്ടിടമുണ്ട്. വനിതാ ക്ഷേമ സമിതികൾ താല്പര്യമെടുത്തുകൊണ്ട് അംഗൻവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്. ചില നിർദ്ദേശങ്ങൾ

1. കെട്ടിടവും മറ്റു സൗകര്യങ്ങളും ലഭ്യമാക്കുക.

2. കർശനമായ അച്ചടക്കം പ്രവർത്തകരിൽ ഉറപ്പുവരുത്തുക.

3. പ്രവർത്തകർക്ക് കാലാനുസൃതമായ വേതനം ഉറപ്പാക്കുക.

4. പ്രവർത്തകർക്ക് നവീന രീതിയിലുള്ള പരിശീലനം ലഭ്യമാക്കുക.

5. കുട്ടികളുടെ സുരക്ഷയും ഉല്ലാസപ്രദമായ അന്തരീക്ഷവും ഉറപ്പാക്കി അരോഗ്യ പരിരക്ഷയിൽ ഊന്നൽ നൽകുക.

6. രക്ഷിതാക്കൾക്കുവേണ്ടി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

**DWCRA യൂണിറ്റുകൾ**

വളരെ ഉയർന്ന ലക്ഷ്യത്തോടെ ആരംഭിച്ചിട്ടുള്ള ഒരു പദ്ധതിയാണിത്. ഗ്രാമീണ സ്ത്രീകൾക്ക് ആദായകരമായ തൊഴിൽ സാഹചര്യങ്ങൾ ലഭ്യമാക്കുക എന്നൊരു ലക്ഷ്യം മുൻ നിർത്തിക്കൊണ്ടാണ് DWCRA യൂണിറ്റുകൾ പ്രവർത്തിക്കുന്നതെങ്കിലും മിക്കവക്കും ഈ ലക്ഷ്യം സഫലീകരിക്കാനാകുന്നില്ല. പരാജയപ്പെടാനുള്ള കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. യൂണിറ്റുകൾ സ്ഥാപിക്കുമ്പോൾ അവയുടെ കാര്യക്ഷമത ഉറപ്പുവരുത്തുന്നില്ല.

2. ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ യഥാർത്ഥ താല്പര്യം പരിഗണിക്കപ്പെടുന്നില്ല.

3. ഗുണഭോക്താക്കളുടെ ഇടയിൽ ലക്ഷ്യബോധമോ സഹകരണ മനോഭാവമോ പലപ്പോഴും നിലനിൽക്കുന്നില്ല.

4. വിപണന സാധ്യതകൾ പലപ്പോഴും ലഭിക്കാറില്ല.

5. അവശ്യമായ സാമ്പത്തിക സഹായം കാലാകാലങ്ങളിൽ നൽകിവരുന്നില്ല.

**സാധ്യതകൾ**

1. ശക്തവും കാര്യക്ഷമവുമായ നേതൃത്വം ഉറപ്പാക്കുക.

2. DWCRA യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾക്ക് പഞ്ചായത്തുതലത്തിൽ വിപണി കണ്ടെത്തുക.

3. ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉയർത്തുക.

4. പഞ്ചായത്തിനാവശ്യമായ വസ്തുക്കൾ ഇത്തരം യൂണിറ്റുകളിൽ നിന്നുതന്നെ വാങ്ങുന്നു എന്ന് ഉറപ്പാക്കുക.

5. ബോധവൽക്കരണത്തിനുവേണ്ടി സെമിനാറുകളും ചർച്ചാക്ലാസുകളും സംഘടിപ്പിക്കുക.

ഇപ്രകാരം വിവിധ പദ്ധതികളുടെ നടത്തിപ്പിലൂടെ സ്ത്രീകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് ഉയർത്തികൊണ്ടുവരാൻ നമുക്കാകും. പാലിക്കപ്പെടാതെ പോകുന്ന വാഗ്ദാനങ്ങൾക്കു പകരം നടപ്പിലാക്കാൻ കഴിയുന്ന വാഗ്ദാനങ്ങൾ മാത്രം നൽകികൊണ്ട് മൊത്തം സമൂഹത്തെയും സ്ത്രീകളെയും സഹായിക്കാൻ നമുക്കാവും.



163

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

വിവിധ മേഖലകളിൽ താരതമ്യേന മെച്ചപ്പെട്ട പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള മുല്ലശ്ശേരി ഗ്രാമ പഞ്ചായത്തിലെ പട്ടികവിഭാഗക്കാരുടെ ജീവിത നിലവാരവും പുരോഗതി പ്രാപിച്ചു വരുന്നു. ഒരു കാർഷിക ഗ്രാമമായ മുല്ലശ്ശേരിയിലെ കാർഷിക അഭിവൃദ്ധിയിൽ മുഖ്യമായ പങ്കുവഹിച്ചു വരുന്നവരാണ് പഞ്ചായത്തിലെ പട്ടിക വിഭാഗക്കാരായ തൊഴിലാളികൾ. കാലികമായ മാറ്റങ്ങളും കൃഷിഭൂമികൾ കുറഞ്ഞു വരുന്നതും ഇവരുടെ മുഖ്യ തൊഴിൽ മേഖലയായിരുന്ന കൃഷിയിൽ സാധ്യതകൾ കുറച്ചു. മുള കൊണ്ട് ഉപകരണങ്ങൾ നെയ്തുണ്ടാക്കൽ, പായ നെയ്ത്ത്, കൽപ്പണി, വേലികെട്ട്, പുരകെട്ടൽ, തെങ്ങു കയറ്റം മുതലായ പരമ്പരാഗത തൊഴിലുകളിലും സാധ്യതകൾ കുറഞ്ഞു വരുന്നുണ്ടെങ്കിലും പഴമക്കാർ മേൽ പറഞ്ഞ തൊഴിലുകളിലെല്ലാം വ്യാപൃതരാണ്. തെങ്ങുകയറ്റം മാത്രമാണ് ഇതിനൊരു അപവാദമായിട്ടുള്ളത്.

താമസസൗകര്യത്തിന്റെ കാര്യത്തിൽ ഭൂരിഭാഗം പേരും ഓടുമേഞ്ഞവീടുകളിൽ താമസിക്കുന്നു എങ്കിലും ഈ വീടുകൾ താരതമ്യേനെ ഉറപ്പുകുറഞ്ഞവയും വില കുറഞ്ഞവയും ഈടില്ലാത്തതുമായ വസ്തുക്കളാൽ നിർമ്മിച്ചവയുമാണ്. മിക്ക വീടുകളും ധനസഹായത്താൽ നിർമ്മിച്ചവയാണ്. വൈദ്യുതി, കക്കൂസ്, കുടിവെള്ളം എന്നീ സൗകര്യങ്ങൾ ലഭ്യമാകാത്ത ഒട്ടേറെ കുടുംബങ്ങൾ ഉണ്ട്.

കഴിഞ്ഞ ട്രൈസം പദ്ധതി പ്രകാരം പരിശീലനം ലഭിച്ച 58 പേരിൽ ഒരാൾമാത്രമാണ് പഠിച്ചതൊഴിലിൽ സ്വയം തൊഴിൽ കണ്ടെത്തിയത്. പൊതുവെ സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്നവരാണ് പഞ്ചായത്തിലെ പട്ടികജാതിക്കാർ. ഇവർക്ക് വിവിധ ആവശ്യങ്ങൾക്ക് ലഭ്യമാകുന്ന ലോണുകൾ അതത് ആവശ്യങ്ങൾക്കുപയോഗിക്കാതെ സാമ്പത്തിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അടിയന്തിരമായി ഉപയോഗിക്കുകയും തൻമൂലം യഥാസമയം ലോൺ തിരിച്ചടക്കാനാകാതെ കനത്ത പലിശ കൊടുക്കേണ്ടി വരികയൊ ജപ്തി ഭീഷണികൾ നേരിടുകയോ ചെയ്യുന്നു. തൊഴിൽ സഹായങ്ങൾക്ക് സമീപിക്കുമ്പോൾ ബാങ്കുകാരുടെ മർക്കടമുഷ്ടിയും മൂലം അർഹതപ്പട്ടവർക്ക് സഹായങ്ങൾ ലഭ്യമാകുന്നില്ലെന്ന് പരാതിയുണ്ട്. പട്ടികവിഭാഗക്കാർക്ക് നടപ്പിലാക്കുന്ന പദ്ധതികൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭ്യമാകാത്ത വിധത്തിൽ നടപ്പിലാക്കുന്ന രീതി ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. പഞ്ചായത്തിലെ 9 ഹരിജൻ സെറ്റിൽമെന്റ് കോളനികളിൽ ഒന്ന് അംബേദ്കർ കോളനിയായും ഒന്ന് IHDP കോളനിയായും അംഗീകരിച്ചിട്ടുണ്ട്. കൂടതെ മൂന്ന് കോളനികൾ അംഗീകാരത്തിനായി അപേക്ഷിച്ചിരിക്കുന്നു. ശരിയായ വഴിയില്ലായ്മ, ഉള്ള റോഡുകളുടെ പരാധീനതകൾ, കുടിവെള്ളക്ഷാമം, കക്കൂസ്, വൈദ്യുതി എന്നിവ ലഭ്യമാക്കൽ, ടി.വി.സെറ്റുകൾ സ്ഥാപിക്കുക ഇവയാണ് കോളനികൾ അഭിമുഖീകരിക്കുന്ന മുഖ്യ പ്രശ്നങ്ങൾ. കോളനികൾക്കുള്ളിലെ പൊതു സ്ഥലങ്ങളിൽ കയ്യേറി താമസിക്കുന്നവരെ പുനരധിവസിപ്പിക്കു

കയും കുടിവെള്ളക്ഷാമത്തിന് പ്രത്യേക പദ്ധതികൾ കണ്ടെത്തുകയും വേണം. അംബേദ്കർ ഗ്രാമത്തിലും IHDP കോളനിയിലും വൈദ്യുതി അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്.

പഞ്ചായത്തിൽ ഒരു വെൽഫെയർ സ്കൂളും ഒരു പട്ടികജാതി സഹകരണ സംഘവുമുണ്ട്. വെൽഫയർ സ്കൂളിലെ പരിമിതികൾ പരിഹരിക്കുകയും പട്ടിക ജാതി സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും വേണം. സ്വയംതൊഴിൽ കണ്ടെത്താൻ സന്നദ്ധരായ യുവതീയുവാക്കൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകണം. വിദേശത്ത് തൊഴിൽ തേടി പോകുന്ന പട്ടികജാതി വിഭാഗ യുവാക്കൾക്ക് ധനസഹായം നൽകണം. കോളനികളിൽ ലഭ്യമാകുന്ന എല്ലാ സഹായങ്ങളും മറ്റ് പട്ടികജാതി കുടുംബങ്ങൾക്കും മുൻഗണന പരിഗണനവച്ച് ലഭ്യമാക്കണം.

പഞ്ചായത്തിലെ പട്ടികജാതിക്കാരിൽ (പട്ടിക വർഗ്ഗം ഇപ്പോഴില്ല) നിരക്ഷരർ അപൂർവമാണ്. പൊറാട്ടു നാടകം, കോൽക്കളി (വട്ടക്കളി), ചെണ്ട കൊട്ട്, മുതലായ കലാരൂപങ്ങൾ പട്ടിക ജാതിക്കാർക്കിടയിൽ പ്രചാരത്തിലുണ്ടായിരുന്നു. മറ്റു ഉത്സവങ്ങളോടനുബന്ധിച്ച് അമ്പലങ്ങളിലേക്ക് കാളി, മുത്തപ്പൻ, ദാരികൻ മുതലായ രൂപങ്ങൾ ചെണ്ടമേളത്തോടും താളാത്മകമായ ഗാനം, നൃത്തം എന്നിവയോടും കൂടി എഴുന്നള്ളിക്കുന്ന രീതി ഇന്നും നിലവിലുണ്ട്. അമ്പലങ്ങളോടനുബന്ധിച്ച് പട്ടിക ജാതിക്കാരുടെ ഇത്തരം രൂപങ്ങളും, താലങ്ങളും ആരാധനയോടെ സമർപ്പിക്കുന്ന കൽത്തറകൾ ഇന്നും ഉണ്ട്. നാട്ടറിവുകളുടേയും, പഴഞ്ചൊൽ, പഴംപാട്ട് എന്നിവയുടെ അപൂർവ്വ ശേഖരങ്ങളാണ് പട്ടിക ജാതിക്കാരിലെ പഴമക്കാർ.

വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ എൽ.പി, യു.പി. തലങ്ങളിൽ നല്ല നിലവാരത്തോടെ വിദ്യാഭ്യാസം നേടുന്നു എങ്കിലും ഹൈസ്കൂൾ തലത്തിൽ നിലവാരം കുറയുകയും സെക്കന്ററി തലത്തിന് ഉപരിയുള്ള വിദ്യാഭ്യാസത്തിൽ പരാജയപ്പെടുകയും ചെയ്യുന്ന പ്രവണതയാണ്. ഭൂരിഭാഗം വിദ്യാർത്ഥികളും പ്രീ ഡിഗ്രി തലത്തിൽ വിദ്യാഭ്യാസം നിർത്തുകയും പാർപ്പിട നിർമാണ ജോലികളിൽ തൊഴിലാളികളാവുകയും ചെയ്യുന്നു. പെൺകുട്ടികൾ സെക്കന്ററി തലം കഴിയുന്നതോടെ പഠനം നിറുത്തുകയും കുട്ട നെയ്ത്ത്, തയ്യൽ മുതലായ കൈത്തൊഴിലുകൾ പഠിക്കുകയും ചെയ്യുന്നു. ഗൃഹാന്തരീക്ഷത്തിലെ പരാധീനതകളും വിദ്യാഭ്യാസത്തോടുള്ള വീക്ഷണത്തിലെ ലാഘവത്വം, അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ ഇവയെല്ലാമാണ് ഉന്നത പഠനത്തിലെ അപചയത്തിനു കാരണം. എങ്കിലും ബിരുദ ധാരികൾ, കേന്ദ്ര – സംസ്ഥാന ജീവനക്കാർ, നിയമ പഠിതാക്കൾ എന്നിവർ ഈ വിഭാഗത്തിൽനിന്നും ഉണ്ടായിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ മൊത്തം പത്തു ജനപ്രതിനിധികളിൽ ഒരു വനിതയടക്കം രണ്ടുപേർ പട്ടികജാതിക്കാരാണ്. ജാതീയമായ പീഢനങ്ങൾ നിലവിലില്ലെങ്കിലും മാനസികമായി വിവേചിച്ച് കാണുന്ന പ്രവണതകൾ ഇന്നും ഉണ്ട്.

ഗ്രാമസഭാ നിർദ്ദേശങ്ങളും സാദ്ധ്യതകളും

1. പട്ടികജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലുള്ള റോഡുകൾ കാര്യക്ഷമമാക്കണം. (2,10) വാർഡുകളിൽ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ആവശ്യമാണ്.)

2. ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് ഗ്രാന്റ് വർദ്ധിപ്പിക്കണം.

3. കുടിവെള്ളം, കക്കൂസ്, വൈദ്യുതി എന്നിവ ലഭ്യമാകാത്ത പട്ടികജാതി ഭവനങ്ങളിൽ അത് ലഭ്യമാക്കണം.

4. പട്ടികജാതി കോളനികൾക്ക് ടി.വി.സെറ്റ് ലഭ്യമാക്കണം.

5. പട്ടികജാതി കോളനികളിലെ പൊതുസ്ഥലത്തും വഴിയിലും കയ്യേറി താമസിക്കുന്നവരെ പുനരധിവസിപ്പിക്കണം.

6. സ്വയംതൊഴിൽ തെരഞ്ഞെടുക്കാൻ സന്നദ്ധ

രായ പട്ടികജാതി യുവതീയുവാക്കൾക്ക് സഹായ ങ്ങൾ ലഭ്യമാക്കണം.

7. വീടുകൾ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിന് ധന സഹായം നൽകണം.

8. പ്രത്യേക കോളനികൾക്ക് ലഭ്യമാകുന്ന എല്ലാ സഹായങ്ങളും മറ്റ് പട്ടികജാതി കുടുംബാംഗ ങ്ങൾക്കും അവരപേക്ഷിക്കുന്ന മുറക്ക് മുൻഗണന പരിഗണനകൾവച്ച് ലഭ്യമാക്കണം.

9. അംഗീകാരത്തിനയച്ച കോളനികൾ ഉടൻ അംഗീകരിക്കണം.

10. പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെട്ടിരി ക്കുന്ന പട്ടികജാതിക്കാർക്ക് ധനസഹായം നൽകണം.

11. IHDP കോളനി, അംബേദ്കർ കോളനി, ഊരകം പട്ടികജാതി കോളനി, എന്നിവിടങ്ങളിൽ വൈദ്യുതി എത്തിക്കണം.

12. പട്ടികജാതി ക്ഷേമത്തിനായി രൂപീകരിക്കുന്ന കമ്മിറ്റികളിൽ പട്ടികജാതിക്കാരുടെ പ്രാതിനിധ്യം ഉറപ്പു വരുത്തണം.

13. ബാങ്കുകളിൽ സഹായത്തിന് സമീപിക്കുന്ന പട്ടികജാതിക്കാർക്ക് നേരിടുന്ന ബുദ്ധിമുട്ടുകൾ പരി ഹരിക്കണം.

14. അംബേദ്കർ ഗ്രാമത്തിലെ മദ്യഷാപ്പ് നീക്കം ചെയ്യണം

# പാർപ്പിടം
# സാമൂഹ്യക്ഷേമം

ഒരു കാർഷിക ഗ്രാമമായ മുല്ലശ്ശേരി പഞ്ചായത്ത് സാക്ഷരതയിലും സാമൂഹ്യ അവബോധത്തിലും വളരെ ഉയർന്നു നില്ക്കുന്നു. മുല്ലശ്ശേരി അന്നകര എന്നീ രണ്ടു റവന്യൂ വില്ലേജുകൾ ചേർന്നതാണ് മുല്ല ശ്ശേരി ഗ്രാമപഞ്ചായത്ത്. വിദ്യാഭ്യാസ നിലവാരത്തിൽ ഏറെക്കുറെ തുല്യതയിൽ നില്ക്കുന്നു എങ്കിലും തൊഴിൽ രംഗങ്ങളിലും മറ്റു സാമൂഹ്യമേഖലകളിലും സ്ത്രീകളുടെ സാന്നിദ്ധ്യം കുറഞ്ഞ രീതിയിലാണ് കാണുന്നത്.

1.1.1970 മുതൽ കേരളത്തിൽ ഭൂ പരിഷ്കരണ നിയമം നിലവിൽ വന്നു. ഇതിനുമുമ്പ് ഈ പഞ്ചായ ത്തിൽ പല ഭൂവുടമകളും അവരുടെ പുറമ്പോക്കുക ളിൽ ഉൾക്കുടിക്കാരെ താമസിക്കാൻ അനുവദിച്ചി രുന്നു. ഈ നിയമം നടപ്പിലായ ശേഷം യാതൊരാളും ഉൾക്കുടി താമസത്തിന് അനുവദിക്കുന്നില്ല. ആയതി നാൽ ദുർബ്ബല വിഭാഗങ്ങളിൽ പെട്ടവർ പാർപ്പിട സൗകര്യം ഇല്ലാതെ കഷ്ടപ്പെടുന്നു. ഇവർ അവർക്ക് നിയമാനുസൃതം ലഭിച്ച അഞ്ച് സെന്റ്, പത്തു സെന്റ് ഭൂമിയിൽ മൂന്നു നാലു വീടു നിർമിക്കേണ്ടി വരുന്നതു നിമിത്തം പ്രാഥമിക സൗകര്യങ്ങൾക്ക് വഴിയില്ലാതെ പരിസരം മലിനമാക്കുന്നു. ആരോഗ്യസ്ഥിതി മോശ മാകുന്നു. ഇതുകൊണ്ടുതന്നെ പാർപ്പിടസൗകര്യം ദുർഘടമാകുന്നു. ഈ അവസ്ഥ മാറ്റിയെടുക്കുന്നതി നായി സർക്കാർ ലക്ഷംവീട് പദ്ധതിയിലും ഭൂരഹിത കർഷകതൊഴിലാളികൾക്കുള്ള ഭവന നിർമാണ പദ്ധതി പ്രകാരവും വീടു വക്കുന്നതിനുള്ള നാലു സെന്റ് സ്ഥലവിതരണം നടപ്പിൽവരുത്തി. ഈ പദ്ധ തികളെല്ലാംതന്നെ ജനപങ്കാളിത്തത്തോടെ നടപ്പാക്കി യതിനാൽ മേൽ പറഞ്ഞ പദ്ധതികൾ ഒരളവുവരെ വിജയിച്ചു.

അനുദിനം ഭവനരഹിതർ വർദ്ധിച്ചുകൊണ്ടിരി ക്കുന്ന ഈ കാലത്ത് ജനങ്ങളുടെ ക്ഷേമകാര്യങ്ങളിൽ താൽപ്പര്യമുള്ള സർക്കാരുകൾ ജനങ്ങൾക്ക് അത്യ ന്താപേക്ഷിതമായ പാർപ്പിടസൗകര്യം വർദ്ധിപ്പിക്കാൻ വേണ്ട പദ്ധതിവിഹിതം ഉയർത്തുകയും ഗ്രാമപഞ്ചാ യത്തുകൾ വഴി നടപ്പിലാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുകയും വേണം. ഇതിന്നായി അതാതു പഞ്ചായത്തിന് ആവശ്യമായ പദ്ധതിവിഹിതം നീക്കി വെക്കേണ്ടതും ആകുന്നു.

സർക്കാർ തലങ്ങളിൽ പലവിധ പാർപ്പിട പദ്ധതി കളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അതത് പദ്ധതികളുടെ നിയമത്തിന്റെ നൂലാമാലകൾ നിമിത്തം ഭൂരിഭാഗംപേർക്കും ഈ പദ്ധതി ഉപകരി ക്കാതെ വരുന്നു. അതുകൊണ്ടുതന്നെ സാധാരണ ക്കാരന് പാർപ്പിടം ഒരു ദിവാസ്വപ്നമായി മാറുന്നു. ഓരോരുത്തരും ഓരോ പദ്ധതി വരുമ്പോഴും വിവിധ കച്ചേരികൾ കയറിയിറങ്ങി അവരുടെ ശ്രമങ്ങളെല്ലാം വൃഥാവിലാക്കുന്നു.

മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ മുമ്പ് പറഞ്ഞതു പോലെ ഭൂരിഭാഗം ചെറുകിട പരിമിത കർഷകരും കർഷകത്തൊഴിലാളികളും ആയതുകൊണ്ട് ഇട ത്തരം വീടുകളാണ് അധികവും. 2,3,5 വാർഡുകളി ലാണ് ഈ വീടുകൾ ഏറെയും.

അപൂർവം വീടുകൾ ഗൾഫ് പണത്തിന്റെ സഹാ യത്തോടെ ആഡംബരപൂർവ്വം നിർമിച്ചുവരുന്നുണ്ട്. ഈ പഞ്ചായത്തിൽ താമസയോഗ്യമായ വീടുകളുടെ ഒരു കണക്ക് പട്ടിക ഒന്നിൽ കൊടുക്കുന്നു. സാധാര ണക്കാരൻ താമസത്തിന് നട്ടം തിരിയുന്ന ഈ പഞ്ചാ യത്തിൽ വളരെ ആഡംബരപൂർണ്ണമായ സൗധങ്ങൾ നിർമിക്കുന്നതിന് പരിമിതികൾ ഏർപ്പെടുത്തണം. കൂടാതെ കാർഷിക മേഖലയായ ഈ പ്രദേശത്ത് നിലം നികത്തുന്നതും നിയമം മൂലം കർശനമായി തടയേണ്ടതാണ്. ഈ ചുമതല അതതു ഗ്രാമപഞ്ചാ യത്തിനെ ഏല്പിക്കേണ്ടതാണ്.

കേരള സംസ്ഥാന ഭവന നിർമാണ ബോർഡിന്റെ ശാഖ പാവറട്ടിയിലുണ്ടെങ്കിലും ഇതിന്റെ പ്രവർത്തനം ഈ ഗ്രാമപഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് അപ ര്യാപ്തമാണ്. ഈ പദ്ധതിപ്രകാരം വായ്പ ലഭിക്കു ന്നതിന് സാധാരണക്കാരന് പ്രയാസം നേരിടുന്നു.

ആയതിനാൽ എല്ലാ ഭവന നിർമാണ പദ്ധതികളും അത് എല്ലാ ഉപഭോക്താക്കൾക്കും ലഭ്യമാണെന്ന് ഉറപ്പു വരുത്തുന്നതിന്നായി അതത് ഗ്രാമപഞ്ചായ ത്തിന്റെ ചുമതലയിൽ വരേണ്ടതും ആയതിന് വേണ്ട പദ്ധതിവിഹിതം അനുവദിക്കേണ്ടതും ആണ്.

പഞ്ചായത്തതിർത്തിയിൽ നടപ്പാക്കിയിട്ടുള്ള എല്ലാ ഭവന നിർമാണ പദ്ധതികളുടേയും സ്ഥിതിവി വരക്കണക്കുകൾ ലഭ്യമല്ലാത്തതിനാൽ ഇവിടെ പ്രത്യേകം പ്രതിപാദിക്കുന്നില്ല.

വിവിധ സ്കീമുകളിൽ ഇന്നു നടത്തിക്കൊണ്ടിരി ക്കുന്ന പദ്ധതികളിൽ ലഭിക്കുന്ന ധനസഹായം അർഹിക്കുന്ന വിധത്തിൽ നടപ്പിലാക്കുന്നതിന് തീർത്തും അപര്യാപ്തമാണ്. ഈ അവസ്ഥക്കുള്ള ചില കാരണങ്ങൾ താഴെ പറയുന്നു.

1. ഭവന നിർമാണ അസംസ്കൃത വസ്തുക്കളുടെ അമിതമായ വിലവർദ്ധനവ്.

2. നിർമാണതൊഴിലാളികളുടെ ക്രമാതീതമായ കൂലിവർദ്ധന

ഇതിന് ഉദാഹരണം താഴെ കൊടുക്കുന്നു.

1976–77 കാലഘട്ടത്തിൽ വിദഗ്ധതൊഴിലാളിക്ക് 16.കയും അവിദഗ്ധ തൊഴിലാളിക്ക് 12.കയും,80 – 81 കാലഘട്ടത്തിൽ ഇത് 30 – 25 ആയും 91 –92 ൽ 60 –50 ആയും 95 –96 ആകുമ്പോഴേക്ക് 150 –125 ആയും ഉയർന്നിരിക്കുന്നു. എന്നാൽ സ്ത്രീത്തൊഴിലാളിക്ക് ഇതിൽകുറഞ്ഞ കൂലിനിരക്കാണ് ലഭിക്കുന്നത്. സ്ത്രീക്ക് ഇന്ന 70 –75 രൂപയാണ് കൂലി ലഭിക്കുന്നത്. കെട്ടിടനിർമാണത്തിന് ഉപയോഗിക്കുന്ന അസം സ്കൃത പദാർത്ഥങ്ങളായ ഇഷ്ടിക, കല്ല്, കരിങ്കല്ല്, പൂഴി, മര ഉരുപ്പടികൾ എന്നിവയ്ക്കെല്ലാം ഇന്ന് വലിയ വിലവർദ്ധനവ് അനുഭവപ്പെടുന്നു. ഒരു ലോഡ് കരി ങ്കല്ലിന് 900.കയുംപൂഴി 1200.കയും സിമന്റ് ചാക്ക് ഒന്നിന് 178 രൂപയും ശരാശരിവിലയുണ്ട്.

മേൽപറഞ്ഞ കാരണങ്ങളാൽ ഹരിജനങ്ങൾക്കും മറ്റു നിർധനർക്കും അനുവദിക്കുന്ന RLEGP, NREP, JRY എന്നീ ഭവന നിർമാണപദ്ധതികൾ നിഷ്കർഷിച്ച വിധത്തിൽ പൂർത്തീകരിക്കാൻ കഴിയാതെ വരുന്നു. ഈ പദ്ധതികളിൽ കാലോചിതമായ ധനസഹായ വർദ്ധനവ് നൽകേണ്ടതാണ്.

കൂടാതെ ഈ ഗ്രാമപഞ്ചായത്തിൽ വർഷക്കാ ലത്ത് വെള്ളം കെട്ടി നിൽക്കുന്ന പാടശേഖരങ്ങൾ ധാരാളമുള്ളതിനാലും ഇതിന്റെ കരയോരത്ത് താമ സിക്കുന്ന പല കുടുംബങ്ങൾക്കും വർഷക്കാലത്ത് വീടു നഷ്ടപ്പെടുന്നു. ഇതിനിപ്പോൾ റവന്യൂ വകുപ്പ് വഴി നൽകിക്കൊണ്ടിരിക്കുന്ന ധനസഹായം തീരെ മതിയാകില്ല. ആയതിനാൽ ഇവർക്കും വീടുകൾ പൂർത്തീകരിക്കാൻ കഴിയാതെ വീടില്ലാത്തവരുടെ പട്ടി കയിൽ നിൽക്കേണ്ടി വരുന്നു. ആയതുകൊണ്ട് പ്രകൃതിക്ഷോഭംമൂലം ഭവനരഹിതരായവർക്ക് മതി യായ ധനസഹായം അതതു പഞ്ചായത്തുകൾ വഴി

വിതരണം ചെയ്യാനും പദ്ധതിയിൽ ഇതിന് വകയിരുത്തി പഞ്ചായത്തിന് നൽകേണ്ടതാണ്. ഈ പഞ്ചായത്തിൽ കുറഞ്ഞ ചെലവിൽ (നിർമിതി കേന്ദ്രത്തിന്റെ) വീട് പണിതു കാണുന്നില്ല. ഈ പദ്ധതി നടപ്പിലാക്കുന്നതിന് ജനങ്ങളെ ബോധവാന്മാരാക്കേണ്ടതാണ്.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്ത് തലത്തിൽ ഒരു ഭവനനിർമാണ സഹകരണസംഘം സ്ഥാപിക്കുക.

2. നൽകുന്ന വായ്പകൾ ഏറ്റവും ലഘുവായ രീതിയിൽ നൽകുന്നതിനു വേണ്ട നിയമ ഭേദഗതികൾ ഉണ്ടാക്കുക.

3. കെട്ടിട നിർമാണപദാർത്ഥങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുക.

4. പുതിയതായി നിർമിക്കുന്ന വീടുകളുടെ വിസ്തീർണ്ണം നിജപ്പെടുത്തുക.

5. കൂടുതൽ വിസ്താരത്തിൽ പണിയുന്ന വീടുകൾക്ക് പിഴയായി അധിക നികുതി ചുമത്തുക.

6. പഞ്ചായത്തിൽ ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകി നടപ്പിലാക്കുക.

7. വായ്പാ സംഖ്യ കാലോചിതമായി വർദ്ധിപ്പിക്കുക.

8. അതത് ഗ്രാമപഞ്ചായത്ത് പ്രതിനിധികളുടെ മേൽനോട്ടത്തിൽ പദ്ധതി ആവിഷ്കരിക്കുക.

9. കോളനി ഇതര ഭഗങ്ങളിൽ താമസിക്കുന്ന ഹരിജനങ്ങൾക്ക് പദ്ധതി ആനുകൂല്യം ലഭ്യമാക്കുക.

ഭവനരഹിതരെ കുടിയിരുത്തുന്നതിന് ആവശ്യമായ ഭൂമി കണ്ടെത്താലാണ് പ്രാധാന്യമേറിയത്. ഇതിന്നായി പഞ്ചായത്തിൽ വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമില്ലാത്ത പുറംപോക്ക് മിച്ചഭൂമിയോ മറ്റേതെങ്കിലും ഭൂമിയോ ലഭ്യമാണെങ്കിൽ അതും പോരാത്ത ഭൂമി ...പാനുംവിലക്കെടുത്തും നടപ്പിലാക്കേണ്ടതാണ്.

പട്ടിക1

**വാർഡു തലത്തിലുള്ള വീടുകളുടെ എണ്ണവും തരവും**

| വാർഡ് | ഇരുനില | ഒരുനിലയുള്ള കെട്ടിടങ്ങൾ | | | ആകെ |
|---|---|---|---|---|---|
| | | കോൺക്രീറ്റ് | ഓട് | ഓല | |
| 1 | 140 | 200 | 250 | 90 | 680 |
| 2 | 168 | 256 | 302 | 75 | 795 |
| 3 | 210 | 208 | 249 | 192 | 859 |
| 4 | 178 | 196 | 243 | 111 | 728 |
| 5 | 213 | 268 | 332 | 81 | 894 |
| 7 | 176 | 310 | 194 | 27 | 797 |
| 8 | 210 | 214 | 178 | 82 | 684 |
| 9 | 264 | 273 | 156 | 20 | 713 |
| 10 | 50 | 113 | 76 | 101 | 340 |

# സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ പരിപാടിയുടെ ഭാഗമായി ഈ പഞ്ചായത്തിൽ പലവിധ പദ്ധതികളും, കഴിഞ്ഞ പഞ്ചവത്സര പദ്ധതിവഴി നടപ്പിലാക്കിയിരുന്നു. അതിൽ പ്രധാനമായവ താഴെ ചേർക്കുന്നു.

1. ദാരിദ്ര്യ നിർമാർജ്ജനവും, തൊഴിൽദാന പരിപാടിയും

2. ഹരിജനക്ഷേമ പദ്ധതി

3. വനിതാ ക്ഷേമ പരിപാടി

4. സാമൂഹ്യ പെൻഷൻ പദ്ധതികൾ തുടങ്ങിയവ ഇതിൽ പ്രധാനമാണ്. പ്രത്യേകം പ്രത്യേകം വകുപ്പുകളായി കേന്ദ്ര സ്റ്റേറ്റ് ഗവൺമെന്റുകൾ നടപ്പിലാക്കി വരുന്നു.

1. ദാരിദ്ര്യ നിർമാർജ്ജനത്തിനായി വികസന ബ്ലോക്കുകൾവഴി IRDP സർവേ നടത്തിയും ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ബാങ്കുകളുടേയും സഹകരണസംഘങ്ങളുടേയും സഹായത്തോടെ വിവിധ തൊഴിലവസരങ്ങളും മറ്റു ക്ഷേമപ്രവർത്തനങ്ങളും നടത്തിവരുന്നു.

മുല്ലശ്ശേരി പഞ്ചായത്തിൽ IRDP സർവേ പ്രകാരം ദാരിദ്ര്യ രേഖക്കു താഴെയുള്ളവരുടെ വിവരം പട്ടിക 1ൽ കൊടുക്കുന്നു.

ഈ സ്ഥിതിവിവരക്കണക്കിലുള്ളതിലും കൂടുതൽ കുടുംബങ്ങൾ ഇപ്പോഴും യഥാർത്ഥത്തിൽ ദാരിദ്ര്യം അനുഭവിക്കുന്നവരാണ്. സർക്കാർ ഇതിനായി നിശ്ചയിച്ചിട്ടുള്ള വരുമാന പരിധി കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. അപ്പോൾ ദാരിദ്ര്യമനുഭവിക്കുന്നവരെ മുഴുവനും ഇതിൽ ഉൾപ്പെടുത്തേണ്ടതാണ്.

ഈ പഞ്ചായത്തിൽ തൊഴിൽ പരിശീലന പരിപാടിയുടെ ഭാഗമായി ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം പട്ടിക 2ൽ കൊടുക്കുന്നു.

JRY സ്കീമിൽ 69 ഹരിജൻ വീടുകൾ പണിയുന്നതിനും 8 ഹരിജൻ വീടുകൾ ഓടുമേയുന്നതിനും ഉള്ള പണികൾ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. ഇതിന് യഥാക്രമം 75900 രൂപയും 38000 രൂപയും ചിലവഴിച്ചിട്ടുണ്ട്. ഇവരുടെ ഉന്നമനത്തിനായി JRY, NREP, RLEGP, HDP എന്നീ സ്കീമുകൾ പ്രകാരം വികസന പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വനിതാക്ഷേമത്തിനായി ഗ്രാമീണ വനിതാ ശിശുവികസന പരിപാടിയനുസരിച്ച് DWCRA പ്രകാരം ദരിദ്രകുടുംബങ്ങളിൽപ്പെട്ട സ്ത്രീകൾക്ക് കൂട്ടായി പ്രവർത്തിക്കാനും അങ്ങിനെ പ്രവർത്തിക്കുന്ന ഗ്രൂപ്പിന് വായ്പയും സബ്സിഡിയും നൽകി സഹായിക്കുവാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

മേൽപ്പറഞ്ഞ പദ്ധതികളുടെ നടത്തിപ്പ് മുഴുവനായും തൃപ്തികരമെന്നു പറയുക വയ്യ.

ഇതിന്റെ പ്രധാനകാരണം ഗുണഭോക്താക്കളുടെ അജ്ഞതയും ഉദ്യോഗസ്ഥന്മാരുടെ ബോധവൽക്കരണക്കുറവും മൂലമാണ്. കൂടാതെ ദേശസാൽകൃത ബാങ്കുകളിൽനിന്നും വായ്പകൾ അനുവദിക്കുന്നതിൽ ഉള്ളഉദാസീനതയുമാണ്.

### സാമൂഹ്യ പെൻഷനുകൾ

ഈ പഞ്ചായത്തിൽ വില്ലേജ് റവന്യൂ ഉദ്യോഗസ്ഥന്മാരുടെ അന്വേഷണത്തിന്റെ വെളിച്ചത്തിൽ ലഭിക്കുന്ന പല തരത്തിലുള്ള പെൻഷൻ പദ്ധതികളും നിലവിലുണ്ട്.

1. വിധവാ പെൻഷൻ

2. വികലാംഗ പെൻഷൻ

3. കർഷക തൊഴിലാളി പെൻഷൻ

4. വാർദ്ധക്യകാല പെൻഷൻ

5. മത്സ്യതൊഴിലാളി പെൻഷൻ

എന്നിങ്ങനെ പല പെൻഷൻ പദ്ധതികളും നിലവിലുണ്ട്. ഇതിൽ വിധവാ പെൻഷനും വികലാംഗ പെൻഷനും വാർദ്ധക്യ കാല പെൻഷനും റവന്യൂ ഡിപ്പാർട്ട്മെന്റ് നേരിട്ട് നൽകിവരുന്നു.

ഈ പദ്ധതിയിൽ മുല്ലശ്ശേരി പഞ്ചായത്തിൽ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം താഴെ ചേർക്കുന്നു.

| | |
|---|---|
| വിധവാ പെൻഷൻ | – 104 |
| വികലാംഗ പെൻഷൻ | – 78 |
| വാർദ്ധക്യകാല പെൻഷൻ | – 50 |
| ക്ഷയരോഗ പെൻഷൻ | – 3 |
| ക്യാൻസർ രോഗി പെൻഷൻ | – 4 |

വിധവകളുടെ പെൺമക്കളുടെ കല്യാണത്തിനും മിശ്രവിവാഹത്തിനും ധനസഹായം നൽകി വരുന്നുണ്ട്.

സർക്കാർ പല തരത്തിലുള്ള പദ്ധതികളും ആവിഷ്കരിച്ചുവെങ്കിലും അർഹരായവർക്ക് പലതും ലഭിക്കുന്നില്ലെന്ന വസ്തുത വിസ്മരിക്കാനാവില്ല.

കൂടാതെ തൊഴിൽരഹിതർക്ക് തൊഴിലില്ലായ്മാ വേതനവും നൽകി വരുന്നുണ്ട്. അനർഹരായവർ വേതനം പറ്റുന്നതും അർഹതയുള്ളവർക്ക് ലഭിക്കാതിരിക്കുന്നതും ഈ സ്കീമിന്റെ നടത്തിപ്പിന്റെ പോരായ്മകളിൽ ഒന്നാണ്. ആ പഞ്ചയാത്തിൽ തൊഴിലില്ലായ്മാ വേതനം കൈപ്പറ്റുന്നവരുടെ സ്ഥിതിവിവരക്കണക്ക് ലഭ്യമല്ലാത്തതിനാൽ കൂടുതൽ പ്രതിപാദിക്കുന്നില്ല.

സാമൂഹ്യക്ഷേമരംഗത്ത് ശ്ലാഘനീയമായ പ്രവർത്തനം കാഴ്ച വെക്കുന്ന അംഗൻവാടികൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ സുഗമമായ പ്രവർത്തനത്തിനു വേണ്ട കെട്ടിടങ്ങളുടേയും കുട്ടികൾക്ക് വേണ്ട കളിക്കോപ്പുകളുടേയും കാര്യത്തിൽ പരാധീനതകൾ ധാരാളമുണ്ട്. ഇവക്ക് ആവശ്യമായ കെട്ടിടവും സാമഗ്രികളും സർക്കാർ പഞ്ചായത്ത് വഴി ലഭ്യമാക്കേണ്ടതും ഇതിനുള്ള പദ്ധതി വിഹിതം പഞ്ചായത്തിന് അനുവദിക്കേണ്ടതുമാണ്.

കൂടാതെ പല സ്ഥലത്തും ലഭിക്കുന്ന ഭക്ഷണപദാർത്ഥങ്ങൾ ഗുണമേന്മ കുറഞ്ഞതായി കാണുന്നുണ്ട്. ഈ കാര്യത്തിൽ അടിയന്തര ശ്രദ്ധ പതിയേണ്ടതും ഗുണമേന്മയുള്ള സാധനങ്ങൾ വിതരണം ചെയ്യേണ്ടതുമാണ്. അല്ലാത്ത പക്ഷം കുട്ടികളുടെ ആരോഗ്യസ്ഥിതിയിൽ വളരെ മോശമായ അവസ്ഥയുണ്ടാകാൻ ഇടയുള്ളതുകൊണ്ട് അംഗൻവാടികളുടെ പ്രവർത്തനത്തെ ബാധിക്കുന്നതുമാണ്. പ്രൈവറ്റ് മേഖലയിൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകളും നഴ്സറി സ്കൂളുകളും ധാരാളം പ്രവർത്തിക്കുന്നതിനാൽ കുട്ടികളുടെ ദൗർല്ലഭ്യവും അനുഭവപ്പെടുന്നുണ്ട്.

**നിർദ്ദേശങ്ങൾ**

1. ഏതെങ്കിലും സ്കീമിൽ അംഗനവാടികൾക്ക് സ്വന്തമായ കെട്ടിടം നിർമിച്ച് കൊടുക്കുക.

2. കുട്ടികളുടെ എണ്ണത്തിന്റെ പരിധി ചുരുക്കുക.

3. ഗുണമേന്മയുള്ള ഭക്ഷണപദാർത്ഥങ്ങൾ വിതരണം ചെയ്യാൻവേണ്ട ഏർപ്പാടുകൾ ചെയ്യുക.

4. പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

5. അംഗൻവാടി വർക്കർമാരേയും ഹെൽപ്പർമാരേയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.

6. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

അംഗൻവാടി പ്രവർത്തകരുടെ പ്രവർത്തനം കുറ്റമറ്റതാക്കുക കൂടി ചെയ്താൽ ഈ രംഗത്ത് വളരെ പുരോഗതി ഉണ്ടാകും എന്ന് ആശിക്കാം.

**ക്ഷേമനിധികൾ**

1. കയർതൊഴിലാളി ക്ഷേമനിധി
2. കെട്ടിട നിർമാണ തൊഴിലാളി ക്ഷേമനിധി

3. കർഷകതൊഴിലാളി ക്ഷേമനിധി
4. ചെത്ത് തൊഴിലാളി ക്ഷേമനിധി

തയ്യൽ, ബാർബർ, ബീഡി തൊഴിലാളി ക്ഷേമനിധി തുടങ്ങി മറ്റു തൊഴിൽ ചെയ്യുന്നവർക്കും ഏർപ്പെടുത്തേണ്ടതാണ്. ഈ പഞ്ചായത്തിൽനിന്നും ക്ഷേമനിധിയിൽനിന്നും ധനസഹായം ലഭിച്ചവരുടെ വിവരം ലഭിച്ചിട്ടില്ല.

### പൊതുവിതരണം

ഈ പഞ്ചായത്തിൽ ഒമ്പതു വാർഡുകളിൽ റേഷൻ കടകൾ പ്രവർത്തിച്ചു വരുന്നുണ്ട്. റേഷൻഷാപ്പുവഴി പലപ്പോഴും ഗുണനിലവാരം കുറഞ്ഞ അരി വിതരണത്തിനെത്തുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് മൂലം പൊറുതിമുട്ടുന്ന ജനങ്ങൾക്ക് പൊതുവിതരണരംഗത്തെ ഏക ആശ്രയം റേഷൻ ഷാപ്പുകളാണ്. വാർഡ് അടിസ്ഥാനത്തിൽ ഓരോ മാവേലി സ്റ്റോറും കൂടി സ്ഥാപിക്കേണ്ടതും എല്ലാ നിത്യോപയോഗ സാധനങ്ങളും വിതരണം ചെയ്യുകയും വേണം. തന്നിമിത്തം പഞ്ചായത്തിലെ വിലനിലവാരം ഒരു പരിധിവരെ പിടിച്ചുനിർത്താനും ജനങ്ങളുടെ ജീവിതഭാരം കുറക്കാനും കഴിയും. ആറാം വാർഡിൽ ഒരു റേഷൻ ഷാപ്പ് അനുവദിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

പട്ടിക 1.

**IRDP സർവേ പ്രകാരം ദാരിദ്ര്യരേഖക്കു താഴെയുള്ളവരുടെ എണ്ണം**

| വാർഡ് | കുടുംബങ്ങളുടെ എണ്ണം | ഇതിൽ SC/ST |
|---|---|---|
| 1 | 83 | |
| 2 | 101 | 26 |
| 3 | 113 | 26 |
| 4 | 124 | 32 |
| 5 | 224 | 42 |
| 6,7 | 198 | 52 |
| 8 | 70 | 23 |
| 9 | 114 | 24 |
| 10 | 91 | 22 |
| ആകെ | 1118 | 253 |

## പട്ടിക 2

### ട്രൈസം പരിശീലനം നേടിയവരുടെ വിവരങ്ങൾ

| വിഷയം | എണ്ണം | ഇതര തൊഴിൽ ചെയ്യുന്നവർ |
|---|---|---|
| 1 വാച്ച് റിപ്പയറിങ് | 4 | 4 |
| 2 വയറിങ് | 10 | 10 |
| 3 ഓട്ടോ മൊബൈൽ വർക്ഷോപ്പ് | 6 | 6 |
| 4 എഞ്ചിനീയറിങ് വർക്സ് | 1 | 1 |
| 5 ഇലക്ട്രിക്കൽ | 4 | 3 |
| 6 റഫ്രിജറേഷൻ | 2 | 2 |
| 7 പ്ലാസ്റ്റിക് കെയിൻ വർക്സ് | 4 | 4 |
| 8 വെൽഡിങ്ങ് | 3 | 3 |
| 9. പ്രിന്റിങ് കമ്പോസിങ്ങ് | 3 | 3 |
| 10 അപ്ഹോൾസ്റ്ററി | 3 | 3 |
| 11 പ്ലമ്പിങ് കോമ്പോസിങ്ങ് | 3 | 3 |
| 12 കുടനിർമാണം | 17 | 17 |
| ആകെ | 58 | 57 |

## പട്ടിക 3

### DWCRA പ്രകാരം രൂപപ്പെട്ട തൊഴിൽസംരംഭങ്ങളുടെ വിവരം

| വാർഡ് | സംരംഭം | ആരംഭിച്ച വർഷം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 2 | കുടനിർമാണ യൂണിറ്റ് | 1994 – 95 | 7 |
| 7 | ജെല്ലി പ്രോസസിങ് യൂണിറ്റ് | 1993 – 94 | 11 |
| 9 | ജെല്ലി പ്രോസസിങ് യൂണിറ്റ് | 1995 – 96 | NIL |



173

## പട്ടിക4

### IRDP സർവേ പ്രകാരം ഭവനനിർമാണത്തെ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | വീട് | | | | |
|---|---|---|---|---|---|
| | ആവശ്യമുള്ളവർ | ലഭിച്ചവർ | പൂർത്തീകരിച്ചത് | പൂർത്തീകരിക്കാത്തത് | അനുവദിക്കേണ്ടത് |
| 1 | 20 | 8 | 2 | 6 | 12 |
| 2 | 30 | 7 | 1 | 6 | 23 |
| 3 | 35 | 10 | 7 | 3 | 25 |
| 4 | 35 | 14 | 5 | 9 | 21 |
| 5 | 40 | 24 | 19 | 5 | 16 |
| 6 | 32 | 11 | 6 | 5 | 21 |
| 7 | 59 | 30 | 26 | 4 | 29 |
| 8 | 25 | 11 | 18 | 3 | 14 |
| 9 | 25 | 18 | 11 | 7 | 7 |
| 10 | 20 | 4 | 4 | – | 16 |
| ആകെ | 321 | 137 | 89 | 48 | 184 |

## പട്ടിക 5

### JRY ആക്ഷൻ പ്ലാൻ

| പണിയുടെ പേര് | ചെലവാക്കിയ തുക | വീടുകളുടെ എണ്ണം |
|---|---|---|
| ഹരിജൻ ഭവനനിർമാണം | 12,600 രൂപ | 8 |
| ഹരിജൻ വീട് ഓടിടൽ | 20,000 രൂപ | 4 |
| ആകെ | 146,400 രൂപ | 12 |

പട്ടിക6

ഗ്രാമീണ തൊഴിലാളികൾക്ക് ആധുനിക ഉപകരണങ്ങൾ നൽകുന്ന പദ്ധതി (RAP)

| വാർഡ് | തൊഴിലാളികളുടെ എണ്ണം | സഹായം ലഭിച്ചവർ | അർഹതയുള്ളവർ |
|---|---|---|---|
| 1 | 15 | – | 15 |
| 2 | 8 | 1 | 7 |
| 3 | 11 | 6 | 5 |
| 4 | 10 | 2 | 8 |
| 5 | 13 | 3 | 10 |
| 6 | 17 | 2 | 15 |
| 7 | 15 | 2 | 13 |
| 8 | 16 | 3 | 13 |
| 9 | 12 | 2 | 10 |
| 10 | 5 | 3 | 2 |
| ആകെ | 122 | 24 | 98 |

പട്ടിക 7

IRDP സർവേ പ്രകാരം കക്കൂസുകൾ സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | കക്കൂസുകൾ | | | |
|---|---|---|---|---|
| | ഇല്ലാത്ത വീടുകൾ | ലഭിച്ചത് | പൂർത്തീകരിച്ചത് | ആവശ്യമുള്ളത് |
| 1 | 15 | – | – | 15 |
| 2 | 18 | 6 | 5 | 12 |
| 3 | 20 | 3 | 2 | 17 |
| 4 | 22 | 6 | 5 | 16 |
| 5 | 24 | 2 | 2 | 22 |
| 6 | 20 | – | – | 20 |
| 7 | 25 | 11 | 8 | 14 |
| 8 | 10 | 5 | 5 | 5 |
| 9 | 20 | 5 | 4 | 15 |
| 10 | 21 | – | – | 21 |
| ആകെ | 195 | 38 | 31 | 157 |

# സഹകരണ മേഖല

മുല്ലശ്ശേരി ഗ്രാമപഞ്ചായത്തിൽ ഇരുപതാം നൂറ്റാണ്ടിലെ ആരംഭത്തിൽ തന്നെ സഹകരണപ്രസ്ഥാനം ആരംഭിച്ചതാണ്. 1,2,3,4,5 വാർഡുകളുടെ പ്രവർത്തന പരിധിയിൽപെടുന്നതും, മുല്ലശ്ശേരി മൂന്നാം വാർഡ് ആസ്ഥാനമായതും ആയ വിവിധോദ്ദേശ ഐക്യ നാണയസംഘം 1930 മുതൽ പ്രവർത്തിച്ചിരുന്നു. ആയത് പോലെതന്നെ 6,7,8,9,10 വാർഡുകളുടെ പ്രവർത്തനമേഖലയിൽ പെരുവല്ലൂരിൽ 1942ൽതന്നെ ഒരു സംഘം പ്രവർത്തിച്ചിരുന്നു. മേൽപറഞ്ഞ രണ്ട് ക്രെഡിറ്റ് സംഘങ്ങളും ചെറിയ തോതിൽ കാർഷിക വായ്പകളും സഹായങ്ങളും നൽകിയിരുന്നു. പിന്നീട് പുതിയ സഹകരണ നിയമത്തിന്റെ പരിധിയിൽനിന്ന് അന്ന് 1,2,3, 4, 5 വാർഡുകൾ ഉൾക്കൊള്ളുന്ന പ്രദേശത്ത് മുല്ലശ്ശേരി ഐക്യനാണയ സംഘം R.280 എന്ന മുല്ലശ്ശേരി സർവീസ് സഹകരണസംഘമായി 1965ൽ പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ ഈ സംഘത്തിന് 5163 അംഗവും 455,000രൂപ ഓഹരി മൂലധനവും ഉണ്ട്. പൊതുജനങ്ങളിൽനിന്നും മറ്റുമായി 20 ലക്ഷം രൂപയോളം നിക്ഷേപവും 13 ലക്ഷത്തോളം രൂപ പലയിനങ്ങളിലായി വായ്പകളും നൽകിയിട്ടുണ്ട്. കൂടാതെ കാർഷികാവശ്യങ്ങൾക്കുള്ള വളം, കീടനാശിനി, തറികൾ, കൊപ്ര, നെല്ല്, കശുവണ്ടി സംഭരണം എന്നിവയും നടത്താറുണ്ട്. സംഘത്തിന് സ്വന്തമായി 9 സെന്റ് സ്ഥലവും പുതിയ കെട്ടിടവും സേഫ് മുറിയും ഉണ്ട്. നിലവിൽ 4 സ്റ്റാഫും രണ്ട് ലോൺ പിരിവുകാരും ഉണ്ട്. ഓണച്ചന്ത മാവേലി സ്റ്റോർ എന്നിവയും നടത്തുന്നു.

പ്രസ്തുത സംഘം ഇന്ന് 15 ലക്ഷത്തോളം രൂപ നഷ്ടത്തിൽ ആണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കാൻ പ്രധാന കാരണം മെമ്പർമാരിൽനിന്നുള്ള വായ്പാ കുടിശ്ശികയാണ്; കൂടാതെ കുടിശ്ശിക പിരിച്ചെടുക്കാനുള്ള സംവിധാനത്തിന്റെ അപര്യാപ്തതയും. ഭൂരിഭാഗം മെമ്പർമാരും യഥാർത്ഥ ഗുണഭോക്താക്കളല്ല. സംഘത്തിൽ അംഗത്വം തേടുന്നത് പ്രധാനമായും വോട്ടവകാശത്തിന് മാത്രം വേണ്ടിയാണ്. കൂടാതെ സഹകരണ രംഗത്തെ രാഷ്ട്രീയ അതിപ്രസരം സഹകരണ പ്രസ്ഥാനത്തിന്റെ അന്തസ്സിനെ തകർത്തിരിക്കുന്നു. യാതൊരു യോഗ്യതയുമില്ലാത്ത പലരും ഡയരക്ടർ ബോർഡ് അംഗങ്ങളാകുന്നതുകൊണ്ട്. ദീർഘവീക്ഷണം അർപ്പണബോധം കാര്യക്ഷമത അങ്ങിനെ പലതും സംഘത്തിന് നഷ്ടമാകുന്നു. ജില്ലാ ബാങ്കിൽനിന്നുള്ള ധനസഹായം കൊണ്ടും വായ്പ കൊണ്ടുപോലും സംഘത്തിന് കര കയറാൻ കഴിയുന്നില്ല. സംഘത്തിന്റെ പുനരുദ്ധാരണത്തിനുള്ള പ്രതിവിധികൾ

1. സംഘത്തിലെ രാഷ്ട്രീയാതിപ്രസരം ഒരു പരിധിവരെ ജനകീയപങ്കാളിത്തത്തോടെ അവസാനിപ്പിക്കണം.

2. കാര്യക്ഷമതയുള്ളവരും അർപ്പണബോധമുള്ളവരും വിദ്യാ സമ്പന്നരും ജനകീയരുമായ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുത്ത് അവരെ ഉത്തരവാദിത്വം ഏല്പ്പിക്കുക.

3. സംഘത്തിന്റെ പ്രവർത്തന മേഖലയിൽനിന്നും യഥാർത്ഥ ഉപഭോക്താക്കളെ അംഗങ്ങൾ ആക്കി അംഗത്വം വർദ്ധിപ്പിക്കുക.

4. സഹകരണ പ്രസ്ഥാനത്തെക്കുറിച്ചുള്ള സെമിനാറുകളും ബോധവൽക്കരണവും കൊണ്ട് ജനങ്ങളെ ബോധവന്മാരാക്കുക.



176

5. സന്നദ്ധസംഘടനകളുടേയും സമൂഹത്തിലെ ഉന്നത വ്യക്തികളുടേയും നിസ്വാർത്ഥ സേവനം അനുഷ്ഠിക്കാൻ തയ്യാറുള്ളവരുടേയും സഹായ ത്താൽ പ്രവർത്തന മൂലധനം വർദ്ധിപ്പിക്കുക.

6. സംഘത്തിനുവേണ്ടി ലോങ്ങ് ടേം, ഷോർട് ടേം ഡിപ്പോസിറ്റുകൾ സ്വീകരിച്ച് സംഘത്തിന്റെ സ്വന്തം ഫണ്ട് വർദ്ധിപ്പിച്ച് അംഗങ്ങൾക്ക് വായ്പ നൽകുക.

7. സ്വർണ്ണം പണ്ടം പണയം വിപുലീകരിക്കുക.

8. പ്രതിമാസ ഡിപ്പോസിറ്റ് സ്കീം വിപുലപ്പെടുത്തുക.

9. കുടിശ്ശിക പിരിക്കുന്ന സംവിധാനം, ജപ്തി മുതലായവ കുറ്റമറ്റതാക്കുക.

10. കാർഷിക മേഖലയിൽ വളം, വിത്ത്, കീടനാശിനി, ഉപകരണങ്ങൾഎന്നിവ ആവശ്യാനുസരണം കൃഷിക്കാർക്ക് വിതരണം ചെയ്യുക.

പഞ്ചായത്തിലെ 6,7,8,9,10 വാർഡുകളുടെ പ്രവർത്തനപരിധിയിൽ വരുന്ന പഴയ ഐക്യനാണയസംഘം 1960ൽ F-549 എന്ന രജിസ്ട്രേഷനിൽ അന്നകര സർവീസ് സഹകരണസംഘമായി പ്രവർത്തനം ആരംഭിച്ചു. ഇപ്പോൾ 3720 അംഗങ്ങളും 3 ലക്ഷം രൂപ അംഗീകൃത മൂലധനവുമായി പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ സ്ഥിര, ഹ്രസ്വകാല ഡിപ്പോസിറ്റുകൾ ഉണ്ട്. കൂടാതെ വളം, കീടനാശിനി,എന്നിവയുടെ വിതരണവും ഓണച്ചന്ത,മാവേലി സ്റ്റോർ എന്നിവയും പ്രവർത്തിക്കുന്നുണ്ട്. IRDP, ലോൺ എന്നിവയും ഉണ്ട് സ്വന്തമായി കെട്ടിടവും സ്ഥലവും സേഫും ഉണ്ട്.

പ്രസ്തുത സംഘം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കാനുള്ള കാരണങ്ങൾ മുമ്പ് പറഞ്ഞവ തന്നെയാണ്. എങ്കിലും മുല്ലശ്ശേരി സംഘത്തേക്കാൾ മെച്ചപ്പെട്ട രീതിയിലാണ് അന്നകര സംഘത്തിന്റെ പ്രവർത്തനം. മുല്ലശ്ശേരി സംഘത്തിന് രണ്ട് നേഷണലൈസ്ഡ് ബാങ്കുകളോടും ഒട്ടനവധി പണമിടപാട് സ്ഥാപനങ്ങളോടും മത്സരിക്കേണ്ടതുണ്ട്. എന്നാൽ അന്നകര സംഘത്തിന് ബാങ്കുകളോടോ പണമിടപാട് സ്ഥാപനങ്ങളോടെ കാര്യമായി മത്സരിക്കേണ്ടി വരുന്നില്ല എന്ന ഒരു ഗുണം ഉണ്ട്.

### പ്രതിവിധികൾ

ഭൂരിഭാഗം പ്രതിവിധികൾ മുല്ലശ്ശേരി സംഘത്തിന്റേയും അന്നകരസംഘത്തിന്റേയും ഏതാണ്ട് ഒരു പോലെയാണ്. പുതിയ സംവിധാനത്തിന്റെ കാഴ്ചപ്പാടിൽ രണ്ടു സംഘങ്ങൾക്കും ജനകീയാസൂത്രണത്തിന് പറ്റി പ്രതിസന്ധി തരണംചെയ്യാവുന്നതും സഹകാരികൾക്ക് ഉപകാരപ്രദമാകുന്ന വിധത്തിൽ പ്രവർത്തിക്കാവുന്നതുമാണ്. നേരത്തെ പറഞ്ഞ പരിഹാരനിർദ്ദേശങ്ങൾ രണ്ടു ക്രെഡിറ്റ് സംഘങ്ങളും പ്രയോഗത്തിൽ വരുത്തേണ്ടതാണ്. ഭാവിയിൽ രണ്ടു സംഘങ്ങളും ബാങ്കുകളായി ഉയർത്തേണ്ടതും പ്രവർത്തനപരിധിയിൽപ്പെട്ട മേഖലയിൽ ആവശ്യാനുസരണം ബ്രാഞ്ചുകൾ ആരംഭിക്കേണ്ടതുമാണ്. കാർഷികോൽപ്പന്നങ്ങളായ നെല്ല്, കശുവണ്ടി, എന്നിവയുടെ സംഭരണം കുറ്റമറ്റതാക്കണം. നിലവിലുള്ള കൊപ്ര സംഭരണം കൃഷിക്കാരന് ഒരു തരത്തിലും ഗുണം ചെയ്യുന്നതല്ല. കൂടുതലായി അടയ്ക്ക, കുരുമുളക് എന്നിവ സംഭരിക്കേണ്ടതാണ്. സഹകരണാടിസ്ഥാനത്തിൽ നെല്ലും, കൊപ്രയും ,അടയ്ക്കയും സംഭരിച്ച് അരിയും, അവിലും, വെളിച്ചെണ്ണയും മറ്റു ഉൽപ്പന്നങ്ങളുമാക്കി വിപണനം ചെയ്താൽ കൂടുതൽ സ്ത്രീകൾക്കും പുരുഷന്മാർക്കും തൊഴിൽ സാധ്യത ഉണ്ടാകുന്നതാണ്. മുല്ലശ്ശേരി, പെരുവല്ലൂർ സംഘങ്ങളിൽ ഓരോ നീതിസ്റ്റോർ മാർക്കറ്റ് ആരംഭിക്കേണ്ടതാണ്.

### പട്ടികജാതി – പട്ടികവർഗ്ഗ സൊസൈറ്റി

കാർഷികവൃത്തിയിൽ മുഴുകിയിരിക്കുന്ന ഈ പഞ്ചായത്തിലെ മുഴുവൻ ഹരിജനങ്ങളുടെയും ഉന്നമനത്തിനു വേണ്ടി 1977 ൽ പെരുവല്ലൂരിൽ 6-ാം വാർഡിൽ ഒരു ഹരിജൻ സർവീസ് സൊസൈറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സൊസൈറ്റി 1637 അംഗങ്ങളും സ്വന്തമായ സ്ഥലവും കെട്ടിടവും ഉണ്ട്. ഒരു ടൈപ്പ് റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും ഉണ്ട്. മേൽപ്പറഞ്ഞ ക്രെഡിറ്റ് സംഘങ്ങളുടെ പോരായ്മകൾ ഈ സംഘത്തിനും ഉണ്ട്. മേൽപ്പറഞ്ഞ പ്രതിവിധികൾ പ്രയോഗത്തിൽ കൊണ്ട് വന്നാൽ സംഘവും ജനങ്ങളും രക്ഷപ്പെടുന്നതാണ്.

### ക്ഷീരസംഘം.

6,7,8,9 വാർഡുകളുടെ പ്രവർത്തനപരിധിയിൽ 1991ൽ പെരുവല്ലൂരിൽ ഒരു ക്ഷീരോൽപ്പാദക സംഘം



177

ആരംഭിച്ചിട്ടുണ്ട്. ആയതിൽ 150 ലിറ്റർ പാൽ അളക്കുന്നുണ്ട്. സംഘത്തിന് സ്വന്തമായി കെട്ടിടമോ, സ്ഥലമോ ഇല്ല. രണ്ട് വ്യവസായസംഘങ്ങളുടെ നടുവിൽ ആയതുകൊണ്ട് സംഘത്തിന്റെ നിലനിൽപ്പു തന്നെ അപകടത്തിലാണ്.

**പ്രതിവിധികൾ.**

1. മിൽമ പാൽവില വർദ്ധിപ്പിക്കേണ്ടതാണ്.

2. സ്വന്തമായി കാലിത്തീറ്റ ഉൽപ്പാദിപ്പിക്കുകയും കൃഷിക്കാർക്ക് സബ്സീഡി നൽകേണ്ടതുമാണ്.

3. കന്നുകാലി വളർത്തുന്നതിന് വായ്പാ സൗകര്യങ്ങൾ ലഘൂകരിക്കേണ്ടതാണ്.

സംഘത്തിന് സ്വന്തമായി സ്ഥലത്തിനും കെട്ടിടത്തിനും ധനസഹായം കിട്ടാൻ വേണ്ടി അധികാരികളിൽ സമ്മർദ്ദം ചെലുത്തേണ്ടതാണ്. കൂടാതെ പഞ്ചായത്തിലെ മറ്റു വാർഡുകളായ 1, 2,3,4,5,ലും സംഘങ്ങൾക്കുവേണ്ടി രജിസ്ട്രേഷൻ കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതാണ്. ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തിയാൽ ഈ മേഖല നമുക്ക് പുഷ്ടിപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിൽ ഒരു സെറി കൾച്ചർ സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചതാണ്. ഉൽപ്പാദനം ആരംഭിക്കുന്നതിന് മുമ്പ് അകാലമരണം സംഭവിച്ച് പ്രവർത്തനം നിലക്കുകയും ചെയ്തു. പരുനരുദ്ധാരണം സാങ്കേതികമായി വിജയിക്കുന്നതല്ല.

പഞ്ചായത്തിൽ ജനകീയ പങ്കാളിത്തത്തോടുകൂടി ചെറുതും വലുതുമായി വ്യാവസായികാടിസ്ഥാനത്തിൽ വനിതാ സഹകരണസംഘങ്ങൾ ആരംഭിക്കേണ്ടതാണ്. ആയതിനാൽ ഒരു ഇൻഡസ്ട്രിയൽ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചാൽ ആയത് സമൂഹത്തിലെ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ വനിതകൾക്ക് ഒരു ഉപജീവനമാർഗ്ഗം ആകുന്നതാണ്. ഒരു വാർഡിൽ ഒന്ന് എന്ന രീതിയിൽ വനിതാ സഹകരണ സംഘങ്ങൾ ഉയർന്നു വരേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ അസംസ്കൃതവസ്തുക്കളായ കേരോൽപ്പന്നങ്ങൾ നെല്ല്, വൈക്കോൽ, പഴവർഗ്ഗങ്ങൾ എന്നിവ സംസ്ക്കരിച്ച് വിപണനം നടത്തേണ്ടതാണ്. വനിതകൾക്ക് തൊഴിൽ ലഭിക്കുന്ന വിധത്തിൽ ചെറിയതോതിൽ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമ്മിച്ച് സഹകരണാടിസ്ഥാനത്തിൽ മാർക്കറ്റ് കണ്ടെത്തേണ്ടതാണ്. വനിതകൾക്കായി കോഴി, ആട്, എരുമ, എന്നിവ വളർത്താവുന്നതാണ്. കേരളത്തിലെ പ്രത്യേക സാഹചര്യത്തിൽ പലതരം പൂക്കൾക്കു പ്രിയമേറി വരികയാണ്. ആയതുകൊണ്ട് ഫെറി കൾച്ചർ സൊസൈറ്റി ആരംഭിക്കാവുന്നതാണ്.

# വിഭവസമാഹരണം

കാർഷിക ഗ്രാമമാണ് നമ്മുടേതെങ്കിലും കാർഷിക മേഖലയുമായി ബന്ധപ്പെട്ടതോ, മറ്റു വ്യവസായങ്ങളോ നമ്മുടെ പഞ്ചായത്തിലില്ല. പേരിന് ചില ചെറുകിട വ്യവസായങ്ങൾ നിലവിലുണ്ട്. ഈ മേഖലയെ കുറിച്ച് ഒരു ബോധവൽക്കരണം അനിവാര്യമാണ്, ഈ മുന്നേറ്റത്തിലൂടെ മാത്രമെ വിഭവ സമാഹരണത്തിന് പുത്തൻമാതൃകകൾ വെട്ടിതുറക്കാനാകു.

കാർഷിക മേഖലയിൽ കൂട്ടായ്മ ഉയർത്തി കൊണ്ടു വരേണ്ടത് അനിവാര്യമാണ്, രാസവള കീടനാശിനി പ്രയോഗങ്ങൾ സമൂഹത്തിന് വരുത്തുന്ന ദോഷഫലങ്ങൾ മനസ്സിലാക്കി ഇവയുടെ ഉപയോഗം പരിമിതപ്പെടുത്തി ജൈവവളപ്രയോഗത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടി കർഷകരെ വളർത്തിയെടുത്താൽ മാത്രമേ നാം ഉദ്ദേശിക്കുന്ന രീതിലുള്ള വികസനവും വിഭവ സമാഹരണവും ഈ മേഖലയിൽ സാധ്യമാകൂ. ഇപ്പോഴുള്ള കാർഷികോൽപ്പാദനം ഇരട്ടിയാക്കി ഉയർത്താൻ വേണ്ട പദ്ധതികൾ നാം ആവിഷ്ക്കരിക്കണം.

സർക്കാർ ഗ്രാന്റുകളുടെ നീതിപൂർവ്വമായ ഒരു വിതരണ സമ്പ്രദായം ഇന്ന് നിലവിലില്ല. ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽ വച്ചുതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. സ്റ്റാമ്പ് ഡ്യൂട്ടി, വാഹനനികുതി മുതലായവ ഉദാഹരണം.

ഗ്രാന്റുകൾ വിതരണം ചെയ്യുന്ന രീതി ഇന്ന് ശരിയായ രീതിയിലല്ല നടക്കുന്നത്. നീതിപൂർവ്വമായി ഇവയുടെ വിതരണം നടക്കേണ്ടത് അത്യാവശ്യമാണ്. ഇതിന് ജനസാന്ദ്രത, ദാരിദ്രിരേഖക്ക് കീഴെയുള്ള ജനസംഖ്യ, പട്ടികജാതി ജനസംഖ്യ, പഞ്ചായത്തിന്റെ കിടപ്പ് എന്നിവ കൂടി കണക്കിലാക്കേണ്ടിയിരിക്കുന്നു.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിന്റെ നികുതി വരുമാന പട്ടിക ശ്രദ്ധിക്കുക.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ നിലവിലുള്ള നികുതി പിരിവ് കൂടുതൽ കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. നികുതി നൽകേണ്ടത് തങ്ങളുടെ ചുമതലയാണ് എന്നൊരു ബോധം ജനങ്ങൾക്കിടക്ക് ഉയർത്തിക്കൊണ്ടുവരേണ്ടിയിരിക്കുന്നു. വാർഡുമെമ്പർമാരും ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട എല്ലാവരും ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മുഴുവൻ നികുതിയും കൃത്യ സമയത്തുതന്നെ പിരിച്ചെടുത്ത് വിഭവ സമാഹരണത്തിന് കൂടുതൽ ശ്രദ്ധനൽകേണ്ടിയിരിക്കുന്നു.

നികുതി നൽകുകവഴി വികസനത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുവാനുള്ള നിർദ്ദേശങ്ങൾ.

1. തങ്ങൾ നൽകുന്ന നികുതി തങ്ങളുടെ വികസനത്തിനുവേണ്ടി ഉപയോഗിക്കുന്നു എന്ന് ജനങ്ങളെ ബോധ്യപ്പെടുത്തുക.

2. നികുതി പിരിവിന്റെ നേതൃത്വം വാർഡുമെമ്പർമാർ ഏറ്റെടുക്കുക.

3. ഓരോ വർഷത്തെയും വരവും ചെലവും ജനങ്ങൾക്ക് ബോധ്യപ്പെടുത്തികൊടുക്കുവാനുള്ള സംവിധാനം പഞ്ചായത്തിലുണ്ടാവണം.

### തൊഴിൽ നികുതി

സർക്കാർ സ്ഥാപനങ്ങളിലും സ്കൂളുകളിലും മറ്റും തൊഴിലെടുക്കുന്നവരിൽ നിന്നേ ഇന്ന് തൊഴിൽ നികുതി ലഭിക്കുന്നുള്ളു. ചെറുകിടവ്യവസായങ്ങളിലും മറ്റ്അനുബന്ധതൊഴിലുകളിലും ഏർപ്പെടുന്നവരിൽ നിന്നും തൊഴിൽ നികുതി പിരിക്കാനുള്ള സാഹചര്യം ഉണ്ടാകേണ്ടിയിരിക്കുന്നു. തൊഴിലെടുക്കുന്ന മുഴുവൻ പേരെയും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും അവർക്ക് എന്തെങ്കിലും ക്ഷേമ പദ്ധതികൾ ആവിഷ്ക്കരിക്കുയും ചെയ്താൽ എല്ലാവരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുക്കാനാകും.

### കെട്ടിട നികുതി

ഒരു പരിധിവരെ കെട്ടിട നികുതി ചുമത്തുന്നത് ശാസ്ത്രീയരീതിയിലായിട്ടുണ്ടെങ്കിലും, തറവിസ്തൃതി മാത്രം കണക്കിലെടുക്കുന്നതിന് പകരം വീടിന്റെ ആഡംബരം കൂടി കണക്കിലെടുത്ത് നികുതി ചുമത്തേണ്ടതാണ്. വളരെയേറെ തുക ചെലവാക്കി പണിയുന്ന വീടുകൾക്ക് അഡീഷണൽ ടാക്സ് ചുമത്തേണ്ടതാണ്. നികുതി അസെസ്സ്മെന്റിന്റെ രീതി കൂടുതൽ സുതാര്യമാക്കുകയും വേണം. ഇപ്പോൾ റവന്യു ഡിപ്പാർട്ടുമെന്റ് പിരിക്കുന്ന ബിൽഡിംഗ് ടാക്സ് പഞ്ചായത്തിന് നൽകേണ്ടതാണ്.

### മറ്റുധനാഗമ സാധ്യതകൾ

പഞ്ചായത്ത് പ്രദേശത്ത് നിന്ന് കയറ്റിപോകുന്ന ഓരോ ലോഡ് കരിങ്കല്ലിനും പ്രത്യേകനികുതി ഏർപ്പെടുത്തി നല്ലൊരുതുക സമാഹരിക്കാം.

### മത്സ്യം

ഇപ്പോൾ വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും യഥാർത്ഥത്തിൽ ലഭിക്കേണ്ട വരുമാനം മത്സ്യലേലത്തിൽ നിന്നും ലഭിക്കുന്നില്ല. ഓരോ മേഖലകളാക്കി തിരിച്ചുകൊണ്ട് കൂടുതൽ ആദായകരമായ രീതിയിൽ ലേലം സംഘടിപ്പിക്കാൻ കഴിയും.

### ഷോപ്പിംഗ് കോംപ്ലക്സ്

ഇപ്പോൾ പണിപൂർത്തിയായി വരുന്ന കമ്മ്യൂണിറ്റി ഹാളിന് മുൻവശം ഷോപ്പിംഗ് കോംപ്ലക്സും, ഓഫീസ് കോംപ്ലക്സും പണിതീർത്ത് നല്ലൊരുവരുമാനം ഉണ്ടാക്കിയെടുക്കാൻ കഴിയും.

ഓരോ പ്രദേശങ്ങളിലും മത്സ്യമാർക്കറ്റ്, ഗ്രാമചന്തകൾ, പച്ചക്കറിചന്ത, ഒരറവുശാല എന്നിവ നിർമ്മിക്കാനുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭകളിലുണ്ട്. ഇതു പ്രാവർത്തികമാക്കുകയാണെങ്കിൽ നല്ലൊരുതുക സമാഹരിക്കാനാകും. പെരുവല്ലൂരിലും മുല്ലശ്ശേരിയിലും ഇവ ആരംഭിക്കാവുന്നതാണ്.

### ലൈസൻസ്

കച്ചവടസ്ഥാപനങ്ങളുടെയും, ചെറുകിട വ്യവസായങ്ങളുടെയും കൃത്യം കണക്ക് വാർഡുതലത്തിലെടുത്ത് നികുതി പിരിവ് ഊർജ്ജിതമാക്കി നികുതി വെട്ടിപ്പ് തടയേണ്ടതാണ്.

### നാഷണൽസേവിങ്ങ് സ്കീം

ഓരോ പഞ്ചായത്തിൽ നിന്നും പിരിക്കുന്ന ഇന്ദിരാവികാസ്പത്രികയുടെ 15മുതൽ 25%വരെ ആ പഞ്ചായത്തിന് തന്നെ കിട്ടുന്ന വ്യവസ്ഥയുണ്ട്. അതുകൊണ്ട് പഞ്ചായത്തിനകത്ത് പരമാവധി നിക്ഷേപം ഉണ്ടാക്കിയെടുക്കണം.

### ബാങ്ക്

മൂന്ന് സഹകരണസംഘങ്ങളും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നിവയുടെ ഒരു ശാഖയും പഞ്ചായത്തിലുണ്ട്. വിഭവ സമാഹരണവുമായി ബന്ധപ്പെട്ട് സൗത്ത് ഇന്ത്യൻ ബാങ്കിനെ സമീപിച്ചപ്പോൾ വ്യക്തമായ കണക്ക്തരാൻ തയ്യാറാവാത്തതിനാൽ ക്രോഡീകരിച്ച ഒരു റിപ്പോർട്ട് അവതരിപ്പിക്കാൻ കഴിയുന്നില്ല എന്നത് ഖേദപൂർവ്വം അറിയിക്കട്ടെ.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ ബന്ധപ്പെടുത്തി നിക്ഷേപ നിരക്കും ലോൺനിരക്കും പരിശോധിക്കാം മൊത്തം ഡെപ്പോസിറ്റിന്റെ, (5,95,85,000 രൂപയുടെ) 65.30% NREഡെപ്പോസിറ്റാണ്. ഡെപ്പോസിറ്റിന്റെ 21.25%

1,26,64,000 രൂപയാണ് ലോൺനൽകിയിരിക്കുന്നത്. PMRY വ്യവസായ ലോണുകളാണെങ്കിൽ 5,72,672 രൂപയാണ്.

നമ്മുടെ പഞ്ചായത്തിൽ നിന്നും സമാഹരിക്കുന്ന നിക്ഷേപത്തിന്റെ 75%എങ്കിലും പഞ്ചായത്തിൽ തന്നെ വായ്പയായി നൽകേണ്ടതാണ്. പഞ്ചായത്തുകൾക്ക് വായ്പയെടുക്കാൻ പുതിയ പഞ്ചായത്തീരാജ് ആക്ടിലുള്ള സാധ്യത പൂർണ്ണമായും ഉപയോഗപ്പെടുത്തേണ്ടതാണ്. പഞ്ചായത്തുകളോ, ഗ്രാമസഭകളോ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് വായ്പനൽകാൻ ബാങ്കുകളെ ബാധ്യസ്ഥരാക്കുന്ന നിയമം ഈ രംഗത്ത് ഉണ്ടാവേണ്ടത് അനിവാര്യമാണ്.

ലോണുകൾ കുടിശ്ശികയില്ലാതെ തിരിച്ചടയ്ക്കുക എന്ന സ്വഭാവം ഉപഭോക്താക്കൾക്കിടക്ക് വളരെ കുറവാണെന്ന് നാം കാണേണ്ടിയിരിക്കുന്നു. മുല്ലശ്ശേരി സർവ്വീസ് സഹകരണസംഘം നൽകിയ മൊത്തം വായ്പതുകയായ 12,24,030 രൂപയിൽ കാലാവധികഴിഞ്ഞ് തിരിച്ചുകിട്ടേണ്ട വായ്പ തുക 5,77,733രൂപ മൊത്തം വായ്പയുടെ 47.19%വരുമിത്. അന്നകര സഹകരണസംഘം വായ്പനൽകിയ 20,18,161 രൂപയിൽ 5,68,219 രൂപയും കാലാവധികഴിഞ്ഞ് തിരിച്ചുകിട്ടാനുള്ള വായ്പയാണ്. വായ്പയുടെ 28.15%വരുമിത്. പെരുവല്ലൂർ ഹരിജൻ സർവ്വീസ് സഹകരണസംഘം വായപ്പ നൽകിയ 2,99,842 രൂപയിൽ

1,42,672 രൂപ കാലാവധികഴിഞ്ഞിട്ടും തിരിച്ചുകിട്ടാനുള്ളതാണ്. മൊത്തം വായ്പയുടെ 47.58% വരുമിത്.

ഈ ഒരു മനോഭാവം മാറ്റിയെടുത്തേ മതിയാകൂ. എടുത്ത ലോൺ തിരിച്ചടച്ചാൽ മാത്രമേ ആവശ്യക്കാർക്ക് ലോൺ നൽകാൻ കഴിയു എന്നൊരു ബോധം ജനങ്ങൾക്കിടക്ക് ഉയർത്തികൊണ്ടുവരേണ്ടത് അടിയന്തിര കടമയാണ്.

സ്വകാര്യ ഫൈനാൻസുകളുടെ അനിയന്ത്രിതമായ കടന്നുകയറ്റം നമ്മുടെ പഞ്ചായത്തിലും വ്യാപകമായുണ്ട്. കഴുത്തറുപ്പൻ പലിശയാണെങ്കിലും ആവശ്യക്കാർക്ക് പണം നൽകാൻ കഴിയാത്ത അവസ്ഥ ഈ സ്ഥാപനങ്ങളിലും നിലനിൽക്കുന്നുണ്ട്. നമ്മുടെ ബാങ്കിങ്ങ് രംഗത്തിന്റെ പരാജയമാണ് സ്വകാര്യ ഫൈനാൻസുകളുടെ കടന്നുകയറ്റത്തിന് കാരണമെന്ന് നാം തിരിച്ചറിയേണ്ടിയിരിക്കുന്നു.

രണ്ടായിരത്തോളം വരുന്ന വിദേശമലയാളികളുടെ സഹകരണത്തോടെ പഞ്ചായത്ത് ആവിഷ്ക്കരിക്കുന്ന പലപദ്ധതികളും നടപ്പിലാക്കാൻ കഴിയും. നിക്ഷേപിക്കുന്ന തുകക്ക് ഉറപ്പ് നൽകേണ്ടത് അനിവാര്യഘടകമാണെന്നുമാത്രം. മറ്റു സാമൂഹ്യപരിപാടികൾക്ക് നല്ലൊരു സഹായവും ഇവരിൽ നിന്ന് നമുക്ക് പ്രതീക്ഷിക്കാനാകും.

### ചെലവ്

നമ്മുടെ പഞ്ചായത്തിന്റെ ചെലവുകളിൽ ഭൂരിഭാഗവും പ്രത്യല്പ്പാദനപരമായ ആവശ്യങ്ങൾക്കല്ല വിനിയോഗിച്ചു വരുന്നത്. പൊതുമരാത്തിന് 43 ശതമാനവും ഭരണച്ചിലവിന് 42 ശതമാനവും തെരുവു വിളക്കുകൾക്കായി 10 ശതമാനവും നീക്കിവെച്ചിരിക്കുന്നു. വിദ്യാഭ്യാസം സാമൂഹ്യ ക്ഷേമം എന്നിവക്കായി അവശേഷിച്ചത് 3 ശതമാനമായിരുന്നു. പഞ്ചായത്തു റോഡുകളുടെ അറ്റകുറ്റപ്പണിക്കായി നല്ലൊരു ശതമാനം തുക ചെലവാകുന്നുണ്ടെങ്കിലും കാലവർഷം കഴിഞ്ഞാൽ റോഡുകൾ വീണ്ടും പഴയ രീതിയിലായിത്തീരുന്നു. റോഡു സംരക്ഷണത്തെക്കുറിച്ച് ജനങ്ങളെ ബോധവൻമാരാക്കി മാത്രമേ ഈ പ്രശ്നത്തിന് ഒരു പരിഹാരം കാണാൻ കഴിയൂ.

ഭരണചെലവിൽ കാര്യമായ മാറ്റങ്ങളൊന്നും വരുത്താൻ കഴിയില്ല.

### മനുഷ്യ വിഭവശേഷി

ഈ ഗ്രാമത്തിന്റെ ഏറ്റവും വലിയ സമ്പത്ത് മനുഷ്യവിഭവം തന്നെ. ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളിൽ സന്നദ്ധ പ്രവർത്തനത്തിന് തയ്യാറായ ധാരാളംപേരെ കാണാൻ കഴിഞ്ഞു എന്നത് ശുഭോദർക്കമാണ്.

നവംബർ ഒന്നിന് നടന്ന പുനരർപ്പണദിനത്തിൽ പങ്കെടുത്ത സന്നദ്ധസേവകരുടെ അർപ്പണ മനോഭാവം ഭാവിപ്രവർത്തനം കൂടുതൽ ശക്തമായ രീതിയിൽ നമുക്കു സംഘടിപ്പിക്കാനാവുമെന്നതിന്റെ തെളിവാണ്.

ബഹുജന സംഘടനകൾക്ക് ശക്തമായ അടിത്തറയുള്ള പ്രദേശമെന്ന നിലക്ക് ഇവയുടെ സഹകരണവും സഹായങ്ങളും നാം നേടിയെടുക്കേണ്ടതാണ്. മനുഷ്യവിഭവ സഹകരണ സംഘങ്ങൾ (Labour contract society) സ്ഥാപിച്ച് തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്ന മേഖലകളിൽ പരിഹാരം കാണാൻ കഴിയും.



281

പട്ടിക 1.
വരുമാന വ്യതിയാനം

| ഇനം | 1986 – 87 | 1991 – 92 | 1995 – 96 | 92 – 95 വ്യത്യാസം | % |
|---|---|---|---|---|---|
| 1. തനതുവരുമാനം | 2,28,086 | 3,80,451 | 6,91,455 | +3,11,004 | 81% |
| a കെട്ടിട നികുതി | 59,925 | 1,62,449 | 2,68,315 | +1,05,866 | 65% |
| b വിനോദനികുതി | 27,059 | 30,401 | 43,459 | +13,058 | 42% |
| c തൊഴിൽ നികുതി | 19,291 | 55,492 | 1,89,880 | +1,34,388 | 242% |
| 2 ഉപാധിരഹിതനികുതി | – | 1,70,000 | 2,94,700 | +1,24,700 | 73% |
| 3 ഗ്രാന്റുകൾ സംഭാവനകൾ | 3,22,507 | 4,87,029 | 9,62,992 | +4,75,963 | 97% |
| 4 JRY | – | 3,43,347 | 4,78,200 | +1,34,853 | 39% |
| ആകെ വരവ് | 4,72,241 | 12,48,718 | 22,37,546 | +9,88,828 | 79% |
| ചെലവ് (എസ്റ്റാബ്ലിഷ്മെന്റ്) | 1,09,925 | 2,21,936 | 4,99,637 | +2,77,700 | 125% |

**അധികാരം ജനങ്ങൾക്ക്**

**ഒമ്പതാം പദ്ധതി ജനകീയ പദ്ധതി**

## വികസന റിപ്പോർട്ട് തയ്യാറാക്കിയവർ


സണ്ണി.ഇ.ഡി.
പുഷ്കരൻ.കെ.കെ.
ജയൻവി.എം.
നന്ദനൻ.
സന്തോഷ്.കെ.ബി.
പത്യാല മധു
ജേക്കബ്.സി.വി.
ഷീബ.ഒ.ആർ.
ഹംസ.എൻ.എച്ച്.
തോമസ്മാസ്റ്റർ.ടി.ജെ.
രജനിമനോഹരൻ.
അജിത്പ്രസാദ്.എൻ.ആർ.
സുബ്രഹ്മണ്യൻമാസ്റ്റർ.
ജോസ്.വി.എൽ.
സുധീർ.എം.എസ്.
ഗോവിന്ദൻ.എം.
വള്ളിയമ്മു.വി.പി.
ജെന്നിരാജു.
സുരേഷ്.കെ.എസ്.
സുരേഷ്ബാബു.കെ.
കിഷോർകുമാർ.പി.എ.
ക്ലമന്റ് ഫ്രാൻസിസ്.
വാസുദേവൻ.വി.കെ.
കൃഷ്ണകുമാർ. (കൃഷി ഓഫീസർ)
രഞ്ജിജോൺ. (വെറ്റിനറി ഡോക്ടർ)
സത്യവ്രതൻ. (ഡയറി എക്സ്റ്റൻഷൻ ഓഫീസർ)
ഗീതാകുമാരി. (ഡയറി ഇൻസ്പെക്ടർ)
പി.എസ്.കൊച്ചുണ്ണി. (ജൂനിയർ സൂപ്രണ്ട്)
പി.എസ്.ബാലൻ. (പഞ്ചായത്ത് സെക്രട്ടറി)
അശോകൻ.ഒ.എ. (പഞ്ചായത്ത് പ്രസിഡണ്ട്)
മനോജ്.കെ.എൻ. (കൺവീനർ ജനകീയാസൂത്രണസമിതി)

**അധികാരം ജനങ്ങൾക്ക്**
**ഒമ്പതാം പദ്ധതി ജനകീയ പദ്ധതി**
**സമ്പത്തും അധികാരവും ആസൂത്രണവും ജനങ്ങൾക്ക്**

---

*മുദ്രണം : മഡോണ റാണി, പാവറട്ടി* *ടൈപ്പ് സെറ്റിങ് : പേജ്മേക്കർ, പാട്ടുരായ്ക്കൽ, തൃശ്ശൂർ*

## ഒമ്പതാം പദ്ധതി
## ജനകീയ പദ്ധതി



# അധികാരം ജനങ്ങളിലേക്ക്

സമഗ്ര വികസന രേഖ - പാവറട്ടി പഞ്ചായത്ത്

☎ 048791 - 311

# MAXWELL

## TRADERS

**SANITARY ELECTRICALS**

**PAVARATTY - TRICHUR**
**KERALA - 680 507**

# ഗാലക്സിബേക്കറി

**പാവറട്ടി**

'ജോയ് ഐസ്ക്രീം', മിൽമ, എന്നിവയുടെ
അംഗീകൃതവ്യാപാരി


**N.B: ടീപാർട്ടി ഓർഡറുകൾ**
**സ്വീകരിക്കുന്നതാണ്.**

*ആശംസകളോടെ......*

# ഹോട്ടൽ ഷഹർബാൻ

**പാവറട്ടി**

**ഫോൺ : 7879**




# പാവറട്ടി പഞ്ചായത്ത് സമഗ്രവികസന രേഖ

# മുൻപഞ്ചായത്തു പ്രസിഡണ്ടുമാർ

ഇന്നുള്ള പഞ്ചായത്തു് സംവിധാനത്തിന് മുമ്പ് പാവറട്ടി, വെന്മേനാട് എന്നീ രണ്ടു പഞ്ചായത്തു ഭരണസമിതികളും അവയിൽ യഥാക്രമം **പാലപ്പെട്ടി രാമൻനായർ മാസ്റ്റർ, തരകൻ ഗബ്രിയേൽ (ഗൗറി)** എന്നിവർ പ്രസിഡണ്ടുമാരുമായിരുന്നു. പിന്നീട് വെന്മേനാടും പാവറട്ടിയും കൂടിചേർന്ന് ഇന്നു കാണുന്ന പാവറട്ടി പഞ്ചായത്ത് രൂപം പ്രാപിച്ചു. പ്രസിഡണ്ടുമാരുടെ പേരുകൾ ക്രമത്തിൽ താഴെ കൊടുത്തിരിക്കുന്നു.


1. **ശ്രീ. ചെറിയക്കര കൃഷ്ണൻ നമ്പൂതിരി**
2. " **K.M. അബ്ദുസാഹിബ്**
3. " **C.M. വർഗ്ഗീസ്**
4. " **M.K. മുഹമ്മദ് ഹാജി**
5. " **E.T. ജെയ്ക്കബ്**
6. " **A.K. അഹമ്മദ് കുട്ടി**
7. " **A.L. സെബാസ്റ്റ്യൻ**
8. " **C.V. ലൂയീസ്**
9. " **V.C. മമ്മു**
10. " **V.J. തോമസ്**
11. " **P.P. കുമാരൻ**
12. " **P.D. ജോസ്**
13. " **T.K. കുമാരൻ**
14. **ശ്രീമതി. ജാൻസി ആന്റണി**

188

# നിലവിലുള്ള പാവറട്ടി ഗ്രാമപഞ്ചായത്ത് ഭരണസമിതി



ശ്രീമതി ആനി ജോരജ്
പ്രസിഡണ്ട് - (വാർഡ് I)



ശ്രീ.വി.എം.കുഞ്ഞുമുഹമ്മദ്
വൈസ് പ്രസിഡണ്ട് (വാർഡ് V)



ശ്രീ. എൻ.വി.മുഹമ്മദ് ഹാജി
സ്റ്റാൻറിങ്ങ്കമ്മറ്റി ചെയർമാൻവാർഡ് VI)



ശ്രീമതി.പുഷ്പ ജോസ്
ഒലക്കേങ്കിൽ-മെമ്പർ
(വാർഡ് II) പഞ്ചായത്ത്തല
ആസൂത്രണസമിതി കൺവീനർ



ശ്രീമതി ഷീബ സേവ്യർ
ചിറിയങ്കണ്ടത്ത് -( വാർഡ് IX)



ശ്രീമതി ജാൻസി ആൻറണി
മെമ്പർ- (വാർഡ് VIII )




ശ്രീ.വി.ടി.അബ്ദുൾ ഖയ്യൂം
മെമ്പർ- (വാർഡ് III)



ശ്രീ.കെ.വി.രാജു
മെമ്പർ- (വാർഡ് IV)



ശ്രീ. എം.പി.ജയൻ
മെമ്പർ- (വാർഡ് VII )



ശ്രീ.എം.കെ.മുഹമ്മദ് ഹാജി
മെമ്പർ- (വാർഡ് X)

# എഡിറ്റോറിയൽ ബോർഡ്

C. മധുസൂദനൻ

പുഷ്പ ജോസ് ഒലക്കേങ്കിൽ

V.K. അബ്ദുള്ള മോൻ

O.J. ഷാജൻ മാസ്റ്റർ

P.K. ഡേവിഡ്

അബ്ദുൾ ഖാദർ മാസ്റ്റർ

ഫൈസൽ C.K

ഇതൊരു സമഗ്ര റിപ്പോർട്ടാണെന്ന അവകാശവാദമില്ല. ഇതിലുണ്ടായിരിക്കേണ്ട മുഴുവൻ വിവരങ്ങളും ഇതിലുണ്ട് എന്ന് കരുതുന്നില്ല. ഒരുപാട് പാകപ്പിഴകൾ ഉണ്ടായേക്കാം.

പൊറുക്കുക - കുറവുകൾ ചൂണ്ടിക്കാട്ടുക

സഹകരിച്ചവർക്കെല്ലാം നന്ദി

സ്നേഹപൂർവ്വം

എഡിറ്റോറിയൽ ബോർഡ്

# ഉള്ളടക്കം


I പൊതു അവലോകനം

II ആമുഖം

III സാമൂഹിക സാംസ്കാരിക ചരിത്രം

IV ഭൂപ്രകൃതി

V വികസന മേഖലകൾ

1. കൃഷിയും ജലസേചനവും
2. മൃഗ സംരക്ഷണം
3. മത്സ്യബന്ധനമേഖല
4. വ്യവസായം
5. ഊർജ്ജം,ഗതാഗതം,മാർക്കററ്
6. വിദ്യഭ്യാസം
7. ആരോഗ്യം-കുടിവെള്ളം
8. സംസ്കാരം
9. വനിത
10. പട്ടികജാതി-പട്ടിക വർഗ്ഗ ക്ഷേമം
11. പാർപ്പിടവും സാമൂഹ്യക്ഷേമവും
12. സഹകരണ മേഖല
13. വിഭവ സമാഹരണം

# I പൊതു അവലോകനം

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | : | പാവറട്ടി ഗ്രാമപഞ്ചായത്ത് |
| വില്ലേജുകൾ | : | വെന്മെനാട്, പാവറട്ടി |
| ബ്ലോക്ക് പഞ്ചായത്ത് | : | മുല്ലശ്ശേരി |
| താലൂക്ക് | : | ചാവക്കാട് |
| ജില്ല | : | തൃശൂർ |
| അസംബ്ലി മണ്ഡലം | : | മണലൂർ |
| പാർലമെന്റ് മണ്ഡലം | : | തൃശൂർ |
| വിസ്തീർണ്ണം | : | 9.52 ച..കി.മീറ്റർ |
| ജനസംഖ്യ | : | 19726 |
| പുരുഷൻ | : | 9155 |
| സ്ത്രീകൾ | : | 10571 |
| ജനസാന്ദ്രത | : | 2072 |
| സാക്ഷരത | : | 79.18 % (91ലെ കണക്ക്) |
| അതിർത്തി | : | വടക്ക് : തൈക്കാട് പഞ്ചായത്ത്<br>കിഴക്ക് : എളവള്ളി പഞ്ചായത്ത്<br>തെക്ക് : മുല്ലശ്ശേരി പഞ്ചായത്ത്<br>പടിഞ്ഞാറ് :ഒരുമനയൂർപഞ്ചായത്ത്<br>ചക്കകെണ്ടം പുഴ |
| വാർഡുകൾ | : | 10 |
| പ്രസിഡണ്ട് | : | ശ്രീമതി ആനി ജോർജ്ജ് |
| വൈസ് പ്രസിഡണ്ട് | : | ശ്രീ. വി.എം. കുഞ്ഞുമുഹമ്മദ് |
| സ്റ്റാൻഡിങ്ങ് കമ്മറ്റി ചെയർമാൻ | : | ശ്രീ:എൻ.പി. മുഹമ്മദ് ഹാജി |

# II ആമുഖം

സൂര്യൻ അസ്തമിക്കാത്ത രാജ്യങ്ങൾക്ക് ഉടമയായ ബ്രിട്ടീഷ് ഭരണത്തിനെതിരായി സ്വാതന്ത്ര്യസമര വീരേതിഹാസം രചിച്ച് ഇന്ത്യ 1947-ൽ സ്വതന്ത്രയായി. ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ എന്ന സങ്കല്പം അങ്ങനെ സാക്ഷാൽക്കരിക്കപ്പെട്ടു. പക്ഷെ 49 വർഷങ്ങൾ കടന്നുപോയെങ്കിലും അധികാര യന്ത്രങ്ങൾക്ക് ചുക്കാൻ പിടിച്ച കരങ്ങൾ മാറിമാറി വന്നെങ്കിലും ഭരണരംഗത്തും വികസനരംഗത്തും ജനപങ്കാളിത്തം കാര്യക്ഷമമായി നടത്താൻ കഴിഞ്ഞില്ല. ജനാധിപത്യസ്വപ്നം തെരഞ്ഞെടുപ്പ് എന്ന ഔപചാരികപ്രക്രിയയിൽ തളക്കപ്പെട്ടു.

അധികാരവും ആസൂത്രണവും മേലെതട്ടിൽ നിന്നും താഴോട്ട് പ്രവഹിച്ചു. അതോടെ ജനകീയ ആവശ്യങ്ങൾ തകർക്കപ്പെട്ടു. തീരുമാനമെടുക്കാനും പ്രവർത്തി പഥത്തിൽ കൊണ്ടുവരാനും സാധാരണക്കാരന് അവസരം നിഷേധിക്കപ്പെട്ടു. ഇതിന് പരിഹാരമായി നിലവിലുള്ള ആസൂത്രണ സംവിധാനം മാറിയേ തീരൂ. ഈ സന്ദർഭത്തിലാണ് 1992-ലെ പഞ്ചായത്ത് രാജ്- നഗരപാലികാ ബിൽ. ഇതോടുകൂടി ആസൂത്രണവും നിർവ്വഹണവും ഗ്രാമാപഞ്ചായത്തുകളുടെ ഭരണഘടനാപരമായ ബാദ്ധ്യതയായി മാറിയിരിക്കുന്നു. ഏറെക്കാലമായി നാം ആഗ്രഹിക്കുന്ന വികേന്ദ്രീകൃതമായ ആസൂത്രണ പ്രക്രിയക്ക് തുടക്കം കുറിക്കാൻ ഈ പുതിയ അധികാരം നമുക്ക് സഹായകരമായിരിക്കയാണ്.

ഈ സന്ദർഭത്തിലാണ് - കേരള സർക്കാർ 9-ാം പഞ്ചവൽസരപദ്ധതി ജനകീയപദ്ധതിയായി പ്രഖ്യാപിച്ചിരിക്കുന്നത്. ഇത് വികസനചരിത്രത്തിലെ ഒരു നാഴികക്കല്ലാണ്. പദ്ധതിയുടെ 40 ശതമാനം വിഹിതം പഞ്ചായത്തുകൾക്ക് ലഭ്യമാക്കുന്നതിലൂടെ ജനതാൽപര്യം സംരക്ഷിക്കാൻ കഴിയുമെന്ന സ്ഥിതിവിശേഷം സംജാതമായിരിക്കയാണ്. പഞ്ചായത്തുകൾക്കുള്ള പദ്ധതി വിഹിതം 40 ശതമാനം, കേരളസർക്കാരിൻെറ 60 ശതമാനത്തിൽപ്പെട്ട ചില സ്കീമുകൾ, കേന്ദ്രസർക്കാർ ഫണ്ട് , ബാഹ്യഏജൻസികളിൽ നിന്നുള്ള സന്നദ്ധസംഘടനകൾ വഴി ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതിവരുമാനം കൂടാതെ ജനകീയ സംഭാവനകളായ പണം, അദ്ധ്വാനം, വിഭവശേഷി, തുടങ്ങിയ വികസനപ്രവർത്തനങ്ങളെ ത്വരിതപ്പെടുത്തുന്ന ഉറവകൾ പലതാണ്. കേരളവും ഗ്രാമപഞ്ചായത്തുകളും ഇന്ന് അഭിമുഖീകരിക്കുന്ന വികസന പ്രതിസന്ധി ഭാഗികവും തൃപ്തികരവുമായ പരിഹാരം കാണാൻ ഈ പുതിയ ആസൂത്രണത്തിന് കഴിയും. ബഹുജനപങ്കാളിത്തം ഫലപ്രദമാകുമ്പോൾ നിലിവിലുള്ള സ്കീമുകളുടേയും ഏറ്റെടുക്കാൻ പോകുന്ന പ്രവർത്തനങ്ങളുടെയും സ്വാഭാവികമായ നടത്തിപ്പ് ശീഘ്രവും കാര്യക്ഷമവും ആകും.

1996 സെപ്തംബർ 14-ാം തിയ്യതിയിലെ പഞ്ചായത്ത് പരിശീലനത്തോടെയാണ് പഞ്ചായത്തിൽ

ജനകീയാസൂത്രണപ്രസ്ഥാനത്തിന് തുടക്കം കുറിച്ചത്. 113 പേർ പങ്കെടുത്ത ആ പരിശീലനത്തിൽവെച്ച് വിപുലമായ ഗ്രാമസഭകൾ വിളിച്ചുചേർക്കാനും കേരളത്തിൻെറ വികസനപ്രതിസന്ധിയെ മുൻനിർത്തി നമ്മുടെ പഞ്ചായത്തിലെ പ്രശ്നങ്ങളെ പറ്റി ചർച്ചകൾ നടത്തി നിർദ്ദേശങ്ങൾ തേടാനും തീരുമാനിക്കപ്പെട്ടു. ശരാശരി 125 പേർ പങ്കെടുത്ത ഗ്രാമസഭകളിൽ സജീവമായ ചർച്ചകൾ നടന്നു. പ്രാദേശികമായ പ്രശ്നങ്ങളും പ്രശ്നനിർദ്ദാരണത്തിനുള്ള നിർദ്ദേശങ്ങളും ഉയർന്നുവന്ന ഗ്രാമസഭാചർച്ചകൾ പൊതുവെ ഉയർന്ന നിലവാരം പുലർത്തി. മാത്രമല്ല ജനങ്ങൾ വികസനപ്രശ്നങ്ങൾ ഇടപെടാനും സന്നദ്ധപ്രവർത്തനങ്ങൾ ഏറ്റെടുക്കാനും മുന്നോട്ടുവന്നത്. ഗ്രാമസഭകൾ ഉയർത്തിയ ആവേശത്തെ എടുത്തുകാട്ടുന്നു.

നമ്മുടെ ഗ്രാമസഭകൾ ആവേശപൂർവ്വം മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് പഞ്ചായത്തിൻെ സവിശേഷമായ വികസന നിർദ്ദേശങ്ങൾ ഈ ഗ്രാമവികസനരേഖയിലൂടെ അവതരിപ്പിക്കുകായാണ് കേരളത്തിൻെറ പൊതുവായ വികസനപ്രതിസന്ധിക്ക് പരിഹാരം ആകുന്ന രീതിയിലുള്ള കേന്ദ്രീകൃതമായ ഒരു വികസന പരിപ്രേഷ്യമാണ് ഇതിലൂടെ മുന്നോട്ടുവെക്കുന്നത്. ഈ നിർദ്ദേശങ്ങൾ ക്രിയാത്മകചർച്ചകളിലൂടെ പ്രവർത്തനപരിപാടികളായി മാറേണ്ടതാണ്. ജനങ്ങളിലേക്ക് പകർന്നുകിട്ടിയ ഈ അധികാരം പ്രാവർത്തികമാക്കാൻ കൂട്ടായ ഒരു പ്രവർത്തനത്തിന്തുടക്കം കുറിക്കാൻ ഈ സംരംഭത്തിന് സാധിക്കട്ടെ എന്ന് നമുക്ക് ആശിക്കാം.

# III സാമൂഹിക സാംസ്കാരിക ചരിത്രം

ബ്രിട്ടീഷ് മലബാറിൽ പാവറട്ടി, വെൻമെനാട് എന്നീ പഞ്ചായത്തുകളിലായി നിലനിന്നിരുന്ന പ്രദേശങ്ങൾ ഏകീകരിച്ചുകൊണ്ടാണ് 1953 ൽ പാവറട്ടി പഞ്ചായത്ത് രൂപീകൃതമായത്. വെൻമെനാട് വില്ലേജ് വെൻമെനാട് പഞ്ചായത്തും പാവറട്ടി വില്ലേജ്, പാവറട്ടി പഞ്ചായത്തും ആയി നിലനിന്നിരുന്ന ആ കാലത്ത് 50 രൂപ വരെയുള്ള തർക്കപരിഹാരത്തിനും ചെറിയ കുറ്റകൃത്യങ്ങൾ വിചാരണ ചെയ്ത് ശിക്ഷിക്കാനും അധികാരമുണ്ടായിരുന്ന വില്ലേജ് കോടതികൾ നിലനിന്നിരുന്നു.

പാവറട്ടി എന്ന പേരിനു പിറകിൽ നിരവധി കഥകളാണ് പഴമക്കാർ ചൂണ്ടിക്കാണിക്കുന്നത്. പണ്ട് ഇവിടെ നെയ്ത്തുകാർ ധാരാളമായിരുന്നുവത്രെ. അവർ വസ്ത്രങ്ങൾ നെയ്യാൻ പതിവുള്ളതിൻെറ ഇരട്ടിപാവ് ഉപയോഗിച്ചു വന്നിരുന്നതിനാൽ ''പാവിരട്ടിയുള്ള സ്ഥല'' മെന്നു വിളിച്ചു വന്നുവെന്നും അത് കാലാന്തരത്തിൽ പാവറട്ടിയായെന്നും ഒരു കഥപറയുന്നു. പണ്ടിവിടെ റൊട്ടി വിറ്റിരുന്ന ഒരു സ്ത്രീ പാവയുടെ രൂപത്തിലുള്ള റൊട്ടിയുണ്ടാക്കി വിറ്റുവന്നിരുന്നുവെന്നും അങ്ങിനെ ''പാവരൂപത്തിലുള്ള റൊട്ടി വിൽക്കുന്ന സ്ഥലം'' പാവറട്ടിയായെന്നും, വളരെയധികം പാവപ്പെട്ടവർ താമസിച്ചു വന്നിരുന്ന സ്ഥലമായതിനാൽ "Poverty" എന്നതിനോട് സാമ്യമുള്ള പാവറട്ടി, എന്ന പേര് നൽകപ്പെട്ടു എന്നും തുടങ്ങി നിരവധി കഥകൾ പ്രചാരത്തിലുണ്ടെങ്കിലും അവയുടെ ഒന്നും വിശ്വാസ്യത തെളിയിക്കപ്പെട്ടിട്ടില്ല.

ബ്രിട്ടീഷ് മലബാറിൽ ഉൾപ്പെട്ട സ്ഥലമായിരുന്നു ഇന്നത്തെ പഞ്ചായത്ത്. ചാവക്കാടു നിന്ന് ഏനാമാവു വരെ നീളുന്ന പാത കടന്നു പോയിരുന്ന നമ്മുടെ സെൻററിൻെറ സമീപത്തു തന്നെ അന്നു കാലത്ത് ഒരു കാവൽ പുര പ്രവർത്തിച്ചിരുന്നു. അതുകൊണ്ട് പാവറട്ടി സെൻററിനെ അന്ന് 'കാപ്പുര' (കാവൽപുര) എന്നു വിളിച്ചു വന്നിരുന്നു. അന്നത്തെ കാപ്പുരയും അതിനു സമീപത്തെ പ്രദേശങ്ങളും വളർന്നു വികസിച്ചതാണ് ഇന്നത്തെ പാവറട്ടി സെൻറർ.

ദേശീയ പ്രസ്ഥാനചരിത്രത്തിൽ പാവറട്ടിക്കാർ തലയുയർത്തിപിടിച്ചു നിൽക്കുന്നത് നമുക്ക് എക്കാലവും ആവേശം പകരുന്നതു തന്നെ സി.പി. ശങ്കരൻനായർ , വി.എ. കേശവൻ നായർ തുടങ്ങിയ ധീരയോദ്ധാക്കളുടെ പ്രവർത്തനം പാവറട്ടിക്കാരുടെ സ്വാതന്ത്ര്യാഭിവാഞ്ചയെ എടുത്തു കാണിക്കുന്നു. പാവറട്ടി സെൻറ് ജോസഫ്സ് ഹൈസ്കൂൾ അധ്യാപകനായി ജോലി നോക്കിയിട്ടുള്ള ശങ്കരൻനായർ, മൈസൂർ ഗവൺമെൻറിൻെറ സാൻറൽ വുഡ് സോപ്പ് കമ്പനിയുടെ മാനേജരായി ബോംബെയിൽ പ്രവർത്തിക്കുന്ന കാലത്താണ് സ്വാതന്ത്ര്യസമരത്തിലേക്ക് എടുത്തുചാടിയത്. തുടർന്ന് ഒളിവിൽ

പോകേണ്ടി വന്ന ശങ്കരൻനായർ കേരളത്തിലും തൻെറ പ്രവർത്തനം തുടർന്നു. അതേ കാലയളവിൽ തന്നെ ബോംബെ ക്രോണിക്കിൾ എന്ന പത്രത്തിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന വി.എ. കേശവൻനായരും ദേശീയ പ്രസ്ഥാനത്തിലേക്ക് ശ്രീ. മൊറാർജി ദേശായിയാൽ ആകർഷിക്കപ്പെട്ടു. പിന്നീട് മാതൃഭൂമി പത്രത്തിൻെറ ബോംബെ ലേഖകനായ കേശവൻനായർക്കും ഒളിവിൽ പോകേണ്ടിവന്നു. കേരളത്തിൽ വെച്ച്കല്ലച്ചിൽ ''സ്വതന്ത്രഭാരതം'' എന്ന പത്രം അടിച്ചിറക്കി സ്വാതന്ത്ര്യസമരത്തിന് ആവേശം പകർന്ന കേശവൻ നായരുടേയും ശങ്കരൻ നായരുടെയും ഒളിവു ജീവിത കാലത്താണ് അവർ കീഴൂർ ബോംബു കേസിൽ പെട്ടത്. ശങ്കരൻനായർ 4-ാം പ്രതിയും കേശവൻ നായർ 7-ാം പ്രതിയുമായി കേസ് ചാർജ് ചെയ്യപ്പെട്ടു. ബോംബെയിൽ വെച്ച് ഐ.എൻ.എ.യുടെ സമരത്തിൽ പങ്കെടുത്ത വി.വി. ദേവസി വടുക്കൂട്ട്, മണിപ്പാൽ മെഡിക്കൽ കോളേജ് ജീവനക്കാരനായിരുന്ന ടി.കെ.കെ നായർ തേമാത്ത് തുടങ്ങിയവരും സ്വാതന്ത്ര്യസമരത്തിൽ പാവറട്ടിയുടെ പങ്കിനെ ഉജ്ജ്വലമാക്കിയവരാണ്.

മറ്റു പല രംഗത്തും പാവറട്ടിയുടെ പുത്രൻമാർ തലയെടുപ്പോടെ നിന്നിരുന്നു. മദ്രാസ് അസംബ്ലി സ്പീക്കറായിരുന്ന നെടിയേടത്ത് ഗോപാലകുട്ടി മേനോൻ കേരള സർവ്വകലാശാല വൈസ് ചാൻസലർ ആയിരുന്ന ഡോ.എ.അയ്യപ്പൻ, ഹോം ഡിപ്പാർട്ട്മെൻറ് സെക്രട്ടറിയായിരുന്ന സി.പി. അയ്യപ്പൻനായർ, പ്രഗത്ഭ വക്കീലായിരുന്ന എ.പി. കോന്നൻ, കെ.ജെ ജോൺ ഐ.എ.എസ്.തുടങ്ങിയവർ അവരിൽ ചിലരാണ്. സ്വാതന്ത്ര്യാനന്തരം, കായികരംഗത്ത് പാവറട്ടിയുടെ പ്രശസ്തി ദേശീയ അന്തർദേശീയ രംഗത്തേക്ക് എത്തിച്ചവരായ വോളിബോൾ താരം സി.പി. ആൻറണിയും കേരളത്തിൻെറ ആദ്യത്തെ ഏഷ്യൻ ഗെയിംസ് മെഡലിസ്റ്റായ അത്‌ലറ്റ് ഒ.എൽ. തോമസ്സും പാവറട്ടിക്കാരുടെ കായിക സംസ്ക്കാരത്തിൻെറ പ്രതിനിധികളും പാതാക വാഹകരും ആകുന്നു.

1905ൽ സെൻറ് തോമസ് കർമ്മലീത്തസഭ സ്ഥാപിച്ച സെൻറ് ജോസഫ്സ് സ്കൂളും, സംസ്കൃത പ്രണയ ഭാജനം എന്നറിയപ്പെടുന്ന പി.ടി. കുരിയാക്കോസ് മാസ്റ്റർ 1909ൽ സ്ഥാപിച്ച (പിൽകാലത്ത് സംസ്കൃത കോളേജായി മാറിയ) സ്കൂളും 1936ൽ കമ്മലീത്താസന്യാസിനികളുടെ ക്രൈസ്റ്റ് കിങ്ങ് കോൺവൻറ് പെൺകുട്ടകൾക്കായി സ്ഥാപിച്ച സ്കൂളും ആധുനിക പാവറട്ടിയെ ഒരുക്കി യെടുക്കുന്നതിൽ വളരെ വലിയ അളവിൽ തന്നെ സഹായിച്ചിട്ടുണ്ട്.

1964ൽ എം.കെ. മുഹമ്മദ് ഹാജി സ്ഥാപിച്ച് പിന്നീട് പഞ്ചായത്തിലെ മൂന്നാമത്തെ ഹൈസ്കൂൾ ആയി മാറിയ എം.എ.എസ്.എം.യു.പി.സ്കൂളും, മരുതയൂർ സ്ഥാപിക്കപ്പെട്ട സർക്കാർ യു.പി. സ്കൂളും, 11 എയിഡഡ്എൽ.പി.സ്കൂളുകളും 2 അൺ എയിഡഡ്സ്കൂളുകളും നിരവധി പാരലൽ കോളേജുകളും ചേർന്ന് നമ്മുടെ വിദ്യാഭ്യാസ മേഖല പാവറട്ടിക്ക് വിദ്യാസമ്പന്നരുടെ ഒരു വലിയ നിരയെ തന്നെ സംഭാവന ചെയ്തിട്ടുണ്ട്. 1955 ഡിസംബറിൽ അന്നത്തെ ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്രു സെൻറ് ജോസഫ്സ് ഹൈസ്കൂളിൻെറ മൈതാനത്തിൽ ആഗതനായി എന്നത് പാവറട്ടിക്ക് അ ഭിമാനമുളവാക്കുന്നതുതന്നെ.

സെൻറ് ജോസഫ്സ് ഹൈസ്കൂളിൽ 1940 മുതൽ 1959 വരെ തുടർന്നു വന്ന ട്രെയിനിങ്ങ് ക്ലാസുകളും പി.ടി. കുര്യാക്കോസ് മാസ്റ്ററുടെ സ്കൂളിലെ ട്രെയിനിങ്ങ് കോഴ്സുകളും ക്രൈസ്റ്റ് കിങ്ങ് കോൺവെൻറ് 1940 ൽ ആരംഭിച്ച ട്രെയിനിങ്ങ് സ്കൂളും പാവറട്ടിയിൽ വലിയൊരു അ ദ്ധ്യാപകസമൂഹത്തെ സൃഷ്ടിക്കുന്നതിൽ വളരെയധികം സഹായിച്ചിട്ടുണ്ട്. എം.കെ. മുഹമ്മദ് ഹാജി യുടെ എം.എ.എസ്.എം. ഹൈസ്കൂളിനോട് ചേർന്ന് പ്രവർത്തിക്കുന്ന വൊക്കേഷണൽ ഹയർസെക്കൻററിയും സെൻറ് തോമസ് ആശ്രമദേവാലയത്തിനു കീഴിൽ 1990 ആരംഭിച്ച ഓട്ടോമൊബൈൽ ട്രെയിനിങ്ങ് സെൻററും സാൻജോസ് പാരീഷ് ഹോസ്പിറ്റൽ ആരംഭിച്ച നഴ്സിങ്ങ് സ്കൂളും നമ്മുടെ യുവത്വത്തിൻെറ തൊഴിൽ മോഹങ്ങൾക്ക് ചിറക് വെച്ച് കൊടുക്കുന്നവരാണ്.

1958ൽ ആദ്യമായി വൈദ്യുതിയെത്തിയ പാവറട്ടിയുടെ വികസനകാര്യങ്ങളിൽ ഒരു കുതിച്ചുചാട്ടം തന്നെ നടന്നത് കെ.എം. അബ്ദുസാഹിബ് 1964-79 കാലഘട്ടങ്ങളിൽ പ്രസിഡൻറായിരിക്കുമ്പോഴാണ്. 3-ാം ഗ്രേഡ് ആയിരുന്ന പഞ്ചായത്ത് അപ്ഗ്രേഡ് ചെയ്യപ്പെട്ടതും ഓഫീസ് കെട്ടിടം ഷോപ്പിങ്ങ് കോംപ്ലക്സ് ഹെൽത്ത് സെൻറർ, അറവുശാല തുടങ്ങിയവ നിലവിൽ വന്നതും അദ്ദേഹത്തിൻെറ കാലത്തുണ്ടായ നേട്ടങ്ങളിൽ ചിലതുമാത്രമാണ്.

ആതുരസേവനരംഗത്ത് കെ.എം. അബ്ദുസാഹിബ് പ്രസിഡണ്ടായിരുന്ന കാലത്ത് ആരംഭിച്ച പ്രൈമറി ഹെൽത്ത് സെൻറർ പോരായ്മകളുണ്ടെങ്കിലും പാവറട്ടിയുടെ തീരദേശവാർഡുകൾക്ക് ഒരു അനുഗ്രഹം ആയി വർത്തിക്കുന്നു. പ്രസ്തുത ഹെൽത്ത് സെൻററിൽ 10 കിടക്കകളുള്ള ഒരു വാർഡ് പണി പൂർത്തിയായിട്ടുണ്ടെങ്കിലും പൂർണ്ണതോതിലുള്ള പ്രവർത്തനത്തിന് ഇനിയും തടസ്സങ്ങൾ മാറിയിട്ടില്ല. 1948 ൽ പാവറട്ടി സെൻ് ജോസഫ്സ് ദേവാലയത്തിനുകീഴിൽ എളിയ തോതിൽ ആരംഭിച്ച സാൻജോസ് പാരീഷ് ഹോസ്പിറ്റൽ ഇന്ന് 125 കിടക്കകളും 15 ഡോക്ടർമാരുമായി പ്രശസ്തമായ നിലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നു.

ഗൾഫ് പണത്തിൻെറ കുത്തൊഴുക്കിൽ വന്ന ഭീമാകാരങ്ങളായ ബംഗ്ലാവുകവും യാഥാർത്ഥ്യ ബോധത്തിൻെറ ചെലവുകുറഞ്ഞ തരം വീടുകളും ഇടത്തരം വീടുളും കുടിലുകളും പാവറട്ടിയിൽ എവിടെയും കാണുന്നു. നിർദ്ധനർക്കും വീടില്ലാത്തവർക്കും വീടുണ്ടാക്കി കൊടുക്കുന്ന കാര്യത്തിൽ വേണ്ടത്ര പുരോഗതി നേടിയെന്ന് അവകാശപ്പെടാനില്ലെങ്കിലും ആ വഴിക്കുള്ള ചില ശ്രമങ്ങളും പാവറട്ടിയിൽ നടന്നിട്ടുണ്ട്. മരുതയൂരിലെ കോളനിയും പൈങ്കണ്ണിയൂരിലെ കോളനിയും 9-ാം വാർഡിലെ കോളനിയും ആ വഴിയിലെ ചില കാൽവെപ്പുകൾ തന്നെ.

കൊച്ചിയിൽ നിന്നും പൊന്നാനി വരെയുള്ള ജലപാതയുടെ കൈവഴിയായ പെരിങ്ങാട്ട് കടവ്, പാവറട്ടിയുടെ ബാഹ്യലോകത്തേക്കുള്ള ഒരു ജലമാർഗ്ഗമായിരുന്നു. കൊച്ചിയിൽനിന്നും പാവറട്ടിക്കുള്ള ചരക്കുകൾ അതുവഴി വന്നിറങ്ങിയിരുന്നു.

കരമാർഗ്ഗത്തിൻെറ കാര്യത്തിൽ പാവറട്ടിയിൽ ആദ്യമുണ്ടായിരുന്നത് ചാവക്കാടുനിന്ന് ഏനാമാവ് കടവു വരെയുള്ള ഒരു ചെമ്മൺപാത മാത്രമായിരുന്നു. വെള്ളവും ചെളിയും നിറഞ്ഞ ആഴമേറിയ തോടുകളും പന്തലിച്ച കുറ്റിക്കാടുകളും പഴയ പാവറട്ടിയുടെ പ്രധാന പ്രത്യേകതകളായിരുന്നു. ആ അവസ്ഥയിൽ നിന്നും ഉന്നത നിലവാരമുള്ളവയല്ലെങ്കിലും ഇന്ന് 47.95 കിലോമീറ്റർ നീളത്തിലുള്ള റോഡുകൾ പാവറട്ടിയുടെ സ്വന്തമാണ്. പഴയ ചെളി നിറഞ്ഞ തോടുകൾ ഏതാണ്ടെല്ലാം തന്നെ റോഡുകളായി രൂപം മാറിയ ആ മാറ്റത്തിൽ ശ്രമദാനത്തിനും സന്നദ്ധ പ്രവർത്തനത്തിനും വളരെ വലിയൊരു പങ്ക് വഹിക്കാനുണ്ടായിരുന്നു എന്ന വസ്തുത പാവറട്ടിക്കാരുടെ സേവനമനഃസ്ഥിതിക്ക് ഉദാഹരണമായി എടുത്തുകാട്ടാവുന്നതാണ്.

കാർഷികരംഗത്ത് പാവറട്ടിയുടെ ഗതി പിറകോട്ടാണെന്ന് പറയേണ്ടിവരുന്നു. തെങ്ങിൻെറ സ്ഥാനം കഴിഞ്ഞാൽ പാവറട്ടിയിൽ സജീവമായുണ്ടായിരുന്ന നെൽകൃഷി ഇന്ന് ഇല്ലാതായിരിക്കുന്നു. നെൽപാടങ്ങൾ നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതും രാസവള വിലവർദ്ധനയും കാർഷിക പുരോഗതിയെ നേരിട്ടു തന്നെ ബാധിക്കുന്നു. പക്ഷേ കൃഷി ലാഭകരമല്ലാതാവുമ്പോൾ കൃഷിസ്ഥലമുടമസ്ഥരായ കർഷകർ മറ്റു മാർഗ്ഗങ്ങൾ തേടുന്നതിനെ കുറ്റം പറയാനൊക്കുമോ. ?

നമ്മുടെ തീരപ്രദേശത്ത് സൊസൈറ്റികളുടെ നേതൃത്വത്തിലും സ്വകാര്യവ്യക്തി കളുടെ നേതൃത്വത്തിലും നല്ല രീതിയിൽ കയർ ഉൽപ്പാദനം മുമ്പ് നടന്നിരുന്നു. തൊഴിലാളികൾ തൊണ്ടുതല്ലി നാരെടുത്തിരുന്ന സ്ഥാനം യന്ത്രങ്ങൾ ഏറ്റെടുത്ത് മനുഷ്യാധ്വാനം കുറച്ചു എങ്കിലും കയർവ്യവസായം

മെച്ചപ്പെട്ടില്ല. ഇന്ന് വളരെ ചുരുക്കം പേർ മാത്രമേ ക്ഷയിച്ചുകൊണ്ടിരിക്കുന്ന ഈ വ്യവസായത്തിൽ ഏർപ്പെട്ടിട്ടുള്ളൂ. കയർ ഉൽപാദനത്തിൻെറ വളർച്ചക്കുവേണ്ട അനുകൂല സാഹചര്യമെല്ലാമുള്ള തീരദേശമുള്ള പാവറട്ടി എന്തുകൊണ്ട് നല്ലൊരു കയർവ്യവസായകേന്ദ്രമായി മാറിയില്ല എന്നതിൻെറ കാരണങ്ങളെക്കുറിച്ച് ഗൗരവമായി പഠിക്കേണ്ടിയിരിക്കുന്നു.

സഹകരണരംഗത്തെ പാവറട്ടിയുടെ ചരിത്രം ജനങ്ങളുടെ സഹകരണമനോഭാ വത്തെ വിളിച്ചോതുന്നു. സേവനരംഗത്ത് 75 വർഷം പൂർത്തിയാക്കി പ്ലാറ്റിനം ജൂബിലി ആഘോഷിച്ച പാവറട്ടി സർവ്വീസ് സഹകരണ സംഘം, തെളിച്ച പാതയിലൂടെ നിരവധി സംഘങ്ങൾ സഹകരണത്തിൻെറ കാഹളമൂതികൊണ്ട് രൂപമെടുത്തെങ്കിലും ചില സംഘങ്ങൾക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാനായിട്ടില്ല.

സാംസ്ക്കാരികരംഗത്തും വികസനരംഗത്തും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ കേന്ദ്രങ്ങളാണ് 7-ാം വാർഡിലെ വെന്മനാട് കൈരളി വായനശാലയും 2-ാം വാർഡിലെ പാവറട്ടി പബ്ലിക് ലൈബ്രറിയും. ഈ നിരയിലേക്ക് പുതിയതായി 9-ാം വാർഡിലെ സാംസ്ക്കാരിക നിലയവും വായനശാലയും ചേർക്കപ്പെട്ടു. പാവറട്ടി പഞ്ചായത്തിൽ പ്രശസ്തമായ നിലയിൽ നടന്നുവരുന്ന മഹിളാസമാജമാണ് വെന്മനാട് മഹിളാസമാജം.

ഹൈന്ദവ-മുസ്ലീം-ക്രൈസ്തവ സഹോദരങ്ങൾ ഇടതിങ്ങി പാർക്കുന്ന പാവറട്ടിയുടെ മതസൗഹാദ്ദം ശ്രദ്ധിക്കപ്പെടേണ്ടതു തന്നെ. നൂറ്റാണ്ടുകളോളം പഴക്കമുള്ള വെൻമെനാട് അമ്പലവും 100വർഷം പിന്നിട്ട ക്രിസ്ത്യൻപള്ളികളും, 650ൽ പരം വർഷങ്ങൾ പഴക്കമുള്ള വെൻമെനാട് ജുമാമസ്ജിദ് മതസൗഹാർദ്ദത്തിന് മാറ്റുകൂട്ടികൊണ്ട് തലയെടുപ്പോടെ നിൽക്കുന്നു.

വെൻമെനാട് ജുമാമസ്ജിദിൻെറ ദർഡിൻെറ പുരോഗതിക്ക് ഏറ്റവും കൂടുതൽ പ്രയത്നിച്ച മഹാനാണ് ഇബ്രാഹിം മുസ്ലിയാർ. പ്രസിദ്ധമായ ചന്ദ്രത്തിൽ നേർച്ച മർഹൂം അബ്ദുൾഖാദർ മുസ്ലിയാരുടെ ഖബറിസ്ഥാനിലാണ് നടക്കുന്നത്.

1890ൽ ഫാ.വാറുണ്ണി കല്ലൂക്കാരൻെറ മേൽനോട്ടത്തിൽ കർമ്മലീത്ത സഭയുടെ കീഴിൽ ആരംഭിച്ച സെൻറ്തോമസ് ആശ്രമത്തിന് പാവറട്ടിയുടെ പുരോഗതിയൽ നിർണ്ണായകമായൊരു സ്ഥാനമുണ്ട്. നവീന പാവറട്ടിയുടെ നിർമ്മാതാവ് എന്നറിയപ്പെടുന്ന ഫാ. അത്തനേഷ്യസ് ഈ ആശ്രമത്തിൽ 1912 മുത1927 വരെ പ്രവർത്തിച്ചിരുന്നു. അദ്ദേഹം പാവറട്ടിയെ നവീകരിക്കാൻ നടത്തിയ ശ്രമങ്ങൾ വിലപ്പെട്ടതായിരുന്നു.

എ.ഡി.52ൽ പാലയൂരെത്തിയ സെൻറ് തോമസിൻെറ ചരിത്രത്തിൽ വരെ പരാമർശിക്കപ്പെട്ട വെന്മനാട്, പാവറട്ടിയുടെ പഴമക്ക് മാറ്റു കൂട്ടുന്നു. നമ്മുടെ പഞ്ചായത്തിലെ പ്രധാന ഹൈന്ദവ ക്ഷേത്രങ്ങളിലൊന്നായ വെന്മനാട് ക്ഷേത്രത്തിലും ക്ഷേത്രത്തിലുള്ള ശിലാരൂപങ്ങളിലും പൗരാണികത നിറഞ്ഞു നിൽക്കുന്നു. കേരളത്തിലെവിടെയും പാവറട്ടിയെന്നു കേട്ടാൽ പാവറട്ടി പെരുന്നാളിനെ മനസ്സിലെത്തിക്കുന്ന, പ്രസിദ്ധിയാർജ്ജിച്ച വിശുദ്ധ യൗസപ്പേിതാവിൻെറ ദേവാലയ ത്തെക്കുറിച്ച് പരാമർശിക്കാതെ, പാവറട്ടിയുടെ ഈ സാമൂഹിക ചരിത്ര ചിത്രം പൂർണ്ണമാകുകയില്ല. 1879 മാർച്ച് മാസത്തിൽ ഒരു താൽക്കാലിക ഷെഡ്ഡിൽ പ്രവർത്തനമാരംഭിച്ച പള്ളി പിന്നീട് മൂഴിക്കുളം തച്ചൻമാരുടെ കീഴിൽ പുതുക്കി പണിയപ്പെട്ടു. ഈസ്റ്റർ കഴിഞ്ഞ് രണ്ടാം ഞായറിനുശേഷമുള്ള ബുധനാഴ്ചയായിരുന്ന പാവറട്ടി തിരുന്നാൾ പിന്നീട് ഈസ്റ്ററിനുശേഷമുള്ള മൂന്നാമത്തെ ഞായറാഴ്ചയിലേക്ക് മാറ്റി ആഘോഷിച്ചു വരുന്നു. നാനാദേശത്തുമുള്ള ലക്ഷക്കണക്കിന് ആളുകൾ എത്തിച്ചേരുന്ന പ്രസ്തുത തിരുന്നാളും തുടർന്നുള്ള വെടിക്കെട്ടും പാവറട്ടിയുടെ പേരിനെ വിശ്വപ്രസിദ്ധമാക്കുന്നു.

ഇങ്ങനെ സമ്പന്നമായ ചരിത്രമുള്ള പാവറട്ടിയിൽ ഇനിയും വേണ്ടത്ര വികസനം മുഴുവൻ രംഗത്തും എത്തി എന്ന് അവകാശപ്പെടാനായിട്ടില്ല. എങ്കിലും പാവറട്ടിയുടെ ബഹുജന രാഷ്ട്രീയ ബോധത്തിൻെറയും സന്നദ്ധസേവനതൃഷ്ണയുടേയും അടിത്തറയിൽ മുൻകാലസേവകരുടെ സംഭാവനകളിൽനിന്ന് ഊർജ്ജവും പ്രചോദനവും ഉൾകൊണ്ട് ജനകീയാസൂത്രണവും നിർവ്വഹണവും യാഥാർത്ഥ്യമാക്കി ഒരു വികസിത പാവറട്ടിയെ പുനർനിർമ്മിക്കാൻ നമ്മുടെ സമ്പന്നമായ പൈതൃകവും ചരിത്രവും നമ്മെ വെല്ലുവിളിക്കുന്നു.

# IV ഭൂപ്രകൃതി

സമതലപ്രദേശത്തിലുൾപ്പെടുന്ന പ്രദേശമാണ് പാവറട്ടി. പാവറട്ടി, വെന്മേനാട് വില്ലേജുകൾ ഉൾപ്പെടുന്ന പാവറട്ടിയുടെ പടിഞ്ഞാറുഭാഗം കായൽ പ്രദേശമാണ്.

പഞ്ചായത്തിൻെറ കിഴക്കുവശം എളവള്ളി പഞ്ചായത്തും വടക്കുവശത്ത് തൈക്കാട് പഞ്ചായത്തും തെക്ക് വശത്ത് മുല്ലശ്ശേരി പഞ്ചായത്തും പടിഞ്ഞാറ് കായലും അതിനെ തുടർന്ന് ഒരു മനയൂർ പഞ്ചായത്തും ആണ് . പഞ്ചായത്തിൻെറ ആകെ വിസ്തൃതി 9.52 ചതുരശ്രകിലോമീറ്ററാണ്. ഇതിൽ ഏകദേശം 12 ശതമാനത്തോളം കായൽ പ്രദേശമാണ്.

കിഴക്ക്നിന്ന് പടിഞ്ഞാറോട്ട് പോകുന്തോറും ചരിവ് പ്രകടമാണ്. പഞ്ചായത്തിൻെറ കിഴക്കുഭാഗത്തെ സമതലവും കായൽ നിരപ്പിലെ ഭൂപ്രദേശവുമായി ഏതാണ്ട് ഒന്നര മീറ്ററോളം ഉയരവ്യത്യാസമുണ്ട്. പാവറട്ടിയിൽ കാണപ്പെടുന്ന മുഖ്യമൺതരം മണൽ മണ്ണാണ്. പ്രദേശത്തെ പ്രധാന കൃഷി തെങ്ങാണ്. ഇടവിളയായി കൃഷിചെയ്യുന്ന പലതുമുണ്ടെങ്കിലും എടുത്തു പറയാവുന്നത് വാഴകൃഷിയാണ്. കൃഷിഭൂമികൾ എല്ലാംതന്നെ നികത്തി വീടുവയ്ക്കുകയോ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുകയോ ചെയ്യുന്നു. പഞ്ചായത്തിൻെറ ഭൂതല ടൈപ്പ് താഴെ കാണിച്ചിരിക്കുന്നു .

| | | | |
|---|---|---|---|
| സമതലപ്രദേശം | താഴ്ന്നപ്രദേശം | സമതലപ്രദേശം | കായൽനിരപ്പിന് തുല്യമായ പ്രദേശം |

ഭൂമിയുടെ കിടപ്പിനനുസരിച്ച് വിവിധ പ്രദേശങ്ങളിലെ സവിശേഷതകൾ താഴെ കാണുന്നവിധം പ്രതിപാദിക്കാം.

| | | | | |
|---|---|---|---|---|
| മുഖ്യമൺതരം: | മണൽ മണ്ണ് | കളിമണ്ണ് കൂടുതലുള്ള മണൽമണ്ണ് | മണൽ മണ്ണ് | അമ്ലസ്വഭാവുമുള്ള മണൽമണ്ണ് |
| കൃഷി: | തെങ്ങ് | വാഴ - തെങ്ങ് | തെങ്ങ് ഇടവിള - വാഴ | തെങ്ങ് |

ഊർപ്പസംഭരണശേഷി തീരെയില്ലത്ത മണ്ണു തരമാണ് പഞ്ചായത്തിൽ മുഖ്യമായും കണ്ടുവരുന്നത് എന്നതിനാൽ തന്നെ തെങ്ങുകൃഷിക്കാണ് കൂടുതൽ അനുയോജ്യം.

## ജനപ്രകൃതി

1991 ലെ സെൻസസ് കണക്കുകൾ പ്രകാരം പാവറട്ടിയിലെ ജനസംഖ്യ 19726 ആണ്,. ഇതിൽ 9155 പുരുഷന്മാരും 10571 സ്ത്രീകളും ആണ്. പുരുഷന്മാരെ അപേക്ഷിച്ച് 1416 സ്ത്രീകൾ കൂടുതലാണ്. ആകെ വീടുകളുടെ എണ്ണം 3251.അതായത് ശരാശരി വീടൊന്നിന് 6 ആളുകൾ വീതമുണ്ട്. ജനസാന്ദ്രത ചതുരശ്രകി.മീ.ന് 2076 ആണ്. 6 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം 2638 ആണ്. ഇതിൽ 1347 ആൺകുട്ടികളും 1291 പെൺകുട്ടികളും ആണ്,. പട്ടികജാതി ജനസംഖ്യ 2574 ആണ്. അതിൽ 1228 പുരുഷന്മാരും 1346 സ്ത്രീകളുമാണ്. ആകെ ജനങ്ങളിൽ 15621 പേർ സാക്ഷരരാണ്. അതിൽ 7455 പുരുഷന്മാരും 8166 സ്ത്രീകളും ഉൾപ്പെട്ടുന്നു.

1996 ലെ ശരിയായ സ്ഥിതിവിവരകണക്കിനു വേണ്ടിയുള്ള സാമൂഹ്യസാമ്പത്തിക സർവ്വെ നടന്നിട്ടില്ല. വിദ്യാഭ്യാസപരമായി മുന്നിട്ടു നിൽക്കുന്ന പഞ്ചായത്താണ് പാവറട്ടി. എന്നാൽ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ പ്രധാനപ്രശ്നമാണ്.

ജനങ്ങളുടെ പ്രധാന തൊഴിൽമേഖല കെട്ടിട നിർമ്മാണ രംഗവുമായി ബന്ധപ്പെട്ടിരിക്കുന്നു. പരമ്പരാഗത തൊഴിൽ മേഖലയായ കയർ രംഗത്ത് തൊഴിലവസരം കുറഞ്ഞുവരികയാണ്. മൽസ്യബന്ധനമേഖലയും പ്രതിസന്ധിയിലാണ്.

## ജലപ്രകൃതി

വർഷതതിൽ ശരാശരി മഴ ലഭിക്കുന്നുണ്ട്. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും അധികം മഴ ലഭിക്കുന്നത്. പഞ്ചായത്തിൻെറ പടിഞ്ഞാറുഭാഗത്തെ കായലും കിഴക്കുവശത്തുള്ള കോഴിത്തോടുമാണ് പ്രധാന ജലസ്രോതസ്സുകൾ. ധാരാളം വലിയ കുളങ്ങൾ ഉണ്ടായിരുന്ന പഞ്ചായത്തിലെ പല പ്രധാന കുളങ്ങളും നികത്തിയെടുത്തിട്ടുണ്ട്. ബാക്കിയുള്ള കുളങ്ങൾ ഇപ്പോൾ ഉപയോഗശൂന്യമായിക്കിടക്കുകയാണ്. 1, 2, 9, 8 വാർഡുകളിൽ ജലക്ഷാമം രൂക്ഷമല്ലെങ്കിലും 3, 4, 5, 6, 7 വാർഡുകളിൽ ജലക്ഷാമം ഉണ്ട്. കായൽ പുളിവെള്ളം കലർന്നതായതിനാൽ കായലിനോട് ചേർന്ന് പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്.

# V. 1 കൃഷിയും ജലസേചനവും

പാവറട്ടി ഗ്രാമപഞ്ചായത്ത് ഇന്നത്തെ അവസ്ഥയിൽ കൃഷിയെ മാത്രം ആശ്രയിച്ച് കഴിയുന്ന മേഖലയല്ല. മുൻകാലങ്ങളിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് കഴിയുന്നവരായിരുന്നു. സമനിരപ്പോടുകൂടിയ ചെറിയ തോതിൽ തീരപ്രദേശമടങ്ങിയ ഒരു ഭൂപ്രകൃതിയാണ്. ഇവിടുത്തെ ഇപ്പോഴത്തെ മുഖ്യകൃഷി തെങ്ങാണ്. ഇടവിളയായി വാഴ, മരച്ചീനി മുതലായ കൃഷികൾ ചെയ്തിരുന്നു. ഇരുപത് വർഷത്തിനു മുമ്പ് വരെ നെൽകൃഷിയും എള്ള് കൃഷിയും നടത്തിയിരുന്നു. എണ്ണയാട്ടുന്നതും കയർ ഉൽപ്പന്നങ്ങളും ഇവിടുത്തെ ഒരു വിഭാഗം ജനങ്ങളുടെ മുഖ്യഉപജീവനമാർഗ്ഗ മായിരുന്നു.

സമതലമായ ഈ ഭൂപ്രദേശം സമുദ്രനിരപ്പിൽ നിന്നും 1 മീറ്റർ, 2 മീറ്റർ, ഉയരത്തിൻെറ ഇടയിൽ അടിസ്ഥാനപ്പെടുത്തി തരം തിരിക്കാം. പഞ്ചായത്തിൻെറ തെക്കു പടിഞ്ഞാറൻ മേഖലകളിൽ (മരുതയൂർ, കാളാനിപടി, മുനക്കകടവ്, വെൻമേനാട്, പൈങ്കണ്ണിയൂർ, കൂരിക്കാട്, പെരിങ്ങാട് എന്നീ പ്രദേശങ്ങൾ 3, 4, 5, 6, 7 വാർഡുകൾ ) കായലുകളിൽ വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെടുന്നു. സമുദ്രസാമീപ്യമുള്ളതിനാൽ ഉപ്പ് വെള്ളം കയറുന്ന പ്രദേശങ്ങളാണ്. പഞ്ചായത്തിൻെറ മേൽ കാണിച്ച പ്രദേശങ്ങളിൽ ഇത് അനുഭവപ്പെടുന്നു.

പഞ്ചായത്തിലെ ഭൂഉടമസ്ഥരെ പട്ടിക ഒന്നിലെ ഘടനപ്രകാരം തരം തിരിക്കാം.

പട്ടിക - 1

| നമ്പർ | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| 1. | 1 ഹെക്ടറും അതിനുമുകളിലും | 1 |
| 2. | 1 ഏക്കർ | 10 |
| 3. | അര ഏക്കർ താഴെ | 25 |
| 3. | 10 സെൻറ് | 55 |
| 5. | മറ്റുള്ളവർ | 9 |

ആദ്യകാലങ്ങളിൽ ശ്രദ്ധയും പരിചരണങ്ങളും നൽകിയിരുന്നത് നെൽകൃഷിക്കും തെങ്ങുകൃഷിക്കുമായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ച് മാത്രമാണ് കൃഷി നടത്തിയിരുന്നത്. കൂടാതെ തോടുകളിൽ (വാർഡ്, 1, 7 അടങ്ങുന്ന കോഴിത്തോട്) പരസ്പരധാരണയോടുകൂടി ചീപ്പ് നിർമ്മിച്ച് വെള്ളം സംരക്ഷിച്ച് കൃഷിക്ക് വേണ്ടി ഉപയോഗപ്പെടുത്തിയിരുന്നു.

ആകെ ഭൂമിയുടെ 10 ശതമാനം നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. പല സവിശേഷതകളുംകൂടിയ നാടൻവിത്തിനങ്ങളാണ് ഇവിടെ ഉപയോഗിച്ചിരുന്നത്. പുഴയോട് ചേർന്നുള്ള ഭാഗങ്ങളിലും മറ്റുപ്രദേശങ്ങളിലും ഓരു ഉപ്പ് അതിജീവിക്കാൻ കഴിവുള്ള ഓരുപാണ്ഡ്യൻ, കൊടിയൻ, ചീര, തവളക്കണ്ണൻ, തുടങ്ങിയ വിത്തിനങ്ങൾ ജൈവവളം ഉപയോഗിച്ചാണ് കൃഷി ചെയ്തിരുന്നത്. 1969 ന് ശേഷം ഗവേഷണകേന്ദ്രത്തിൽ നിന്ന് കിട്ടുന്ന പുതിയ ഇനം വിത്തുകൾ കർഷകർ ഉപയോഗിക്കുവാൻ തുടങ്ങി. രാസവളങ്ങളുടെ ഉപയോഗവും തുടങ്ങിയത് ഈ കാലഘട്ടത്തിലാണ്.

വയലുകളിൽ ഇടവിളയായി എള്ള്, പച്ചക്കറികൃഷിയും (മത്ത, കമ്പളം, വെള്ളരി, പടവലം, പാവൽ (കയ്പയ്ക്ക, വെണ്ട) കൂട്ടായ്മയോടുകൂടി കൃഷി ചെയ്തിരുന്നു. പഞ്ഞമാസങ്ങളിൽ കരിക്കയുടെ കിഴങ്ങ്, മാങ്ങ അണ്ടിയുടെ കാമ്പ്, ചേമ്പ്, കാച്ചിൽ തുടങ്ങിയവ ആഹാരത്തിന് വേണ്ടി ഉപയോഗിച്ചിരുന്നു.

പട്ടിക - 2

**വിള വിസ്തീർണ്ണവും (അടിസ്ഥാനവിവര രജിസ്റ്റർ കൃഷിഭവൻ ) 95-96**

| നമ്പർ | വിള | വിസ്തീർണ്ണം |
|---|---|---|
| 1 | തെങ്ങ് | 738.6246 ഹെക്ടർ |
| 2 | പച്ചക്കറികൾ | 5 ഏക്കർ |
| 3 | വാഴ | 5 ഏക്കർ |
| 4 | മരച്ചീനി | 1 ഏക്കർ |
| 5 | കുരുമുളക് | അര ഏക്കർ |
| 6 | പ്ലാവ് | 3 ഏക്കർ |
| 7 | കശുമാവ് | 1 ഏക്കർ |
| 8 | മാവ് | 3 ഏക്കർ |
| 9 | കവുങ്ങ് | 4 ഏക്കർ |

ഭൂപരിഷ്ക്കരണം നടപ്പിലായതോടെ സ്വന്തമായി വയലുകൾ ലഭിച്ച കർഷകർ വീട് വെക്കുന്നതിനും വേണ്ടത്ര പരിചരണം ആവശ്യമില്ലാത്ത തെങ്ങ് പോലുള്ള കാർഷികവിളകൾ നടുന്നതിനും വേണ്ടി

നികത്താൻ തുടങ്ങിയതോടെ നേരത്തെ ഉണ്ടായിരുന്ന ഉൽപാദനക്രമങ്ങളിൽ മാറ്റം വരുവാൻ തുടങ്ങി. 1975 കളിൽ ഇത്തരം കർഷകരും പാടങ്ങൾ നികത്തുന്നതിന് തുടക്കം കുറിച്ചു. ഇതു വളരെയധികം വ്യാപകമായതോടെ നീരൊഴുക്കിൻെറ ക്രമം തെറ്റി നീർക്കെട്ടുകൾ രൂപപ്പെടുത്തുന്നതിന് കാരണമായി. ആദ്യകാലങ്ങളിൽ കർഷകർക്ക് സമൂഹത്തിൽ കിട്ടിയിരുന്ന മാന്യത കുറഞ്ഞുവന്നതോടെ അവർ മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിയുന്നതിന് കളമൊരുങ്ങി. ജീവിതവരുമാനം കൃഷിയിൽനിന്ന് മറ്റു മേഖലകളിലേക്ക് തിരിയുവാനും തുടങ്ങി. കൂലിനിലവാരം ഉയർന്ന് വരുന്നതനുസരിച്ച് കൃഷിഭൂമിയിൽചെലുത്തിയിരുന്ന അദ്ധ്വാനത്തിൻെറ അളവ് ക്രമേണകുറഞ്ഞുവന്നു. ഇവയെല്ലാം നെൽവയലുകൾ നികത്തുന്നതിൻെറ ആക്കം വർദ്ധിപ്പിക്കുകയാണുണ്ടായത്.

നെൽകൃഷി ലാഭകരമല്ലാത്തതും ആധുനിക വിദ്യാഭ്യാസം സർവ്വത്രികമായതും കർഷകതൊഴിലാളികളുടെ പിൻതലമുറക്കാരെ ഇതരതൊഴിൽ മേഖലകളിലേക്ക് ആകർഷിച്ചു. ഇത് കർഷകതൊഴിലാളികളുടെ എണ്ണക്കുറവിനും വയലുകൾ തെങ്ങുകൃഷിക്കും ഗൃഹനിർമ്മാണത്തിനും വേണ്ടി നികത്തുക എന്ന പ്രക്രിയയുടെ ഗതിക്കും വേഗം വർദ്ധിപ്പിച്ചു. കാർഷിക വൃത്തിയോട് വന്ന സമീപനത്തിൻെറ ഭാഗമായി പറമ്പിൽ കൃഷിചെയ്തിരുന്ന ഇടവിളകളുടെ ഉൽപ്പാദനത്തിലും ഗണ്യമായ കുറവ് വരാൻ തുടങ്ങി. പുരയിടങ്ങളിലിപ്പോൾ തെങ്ങ് ഒഴികെയുള്ള മറ്റ് കൃഷിയിനങ്ങളെല്ലാം നാമാവശേഷമായി കൊണ്ടിരിക്കുന്നു. ജനസംഖ്യയിലുണ്ടായ വർദ്ധനവും കാർഷികമേഖലയെ തകർക്കുന്നതിന് ചൂണ്ടിക്കാണിക്കാവുന്ന കാരണങ്ങളിലൊന്നാണ്.

നെൽവയലുകൾ മണ്ണിട്ട്നികത്തിയതുമൂലം കാലിവളർത്തുന്നതിന് ഗണ്യമായ കുറവ് സംഭവിച്ചു. തൻമൂലം ജൈവവളത്തെ ആശ്രയിക്കുന്ന കർഷകർ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന വളങ്ങളെ ആശ്രയിക്കുകയാണ് (കോഴികാഷ്ഠം, പോർക്ക് കാഷ്ഠം) ഇവയുടെ ഗുണമേന്മയെക്കുറിച്ച് കർഷകന്യാതൊരു അറിവും ഇല്ല. മുൻകാലങ്ങളിൽ വയലുകളിലും കൃഷിഭൂമിയിലും പരസ്പരധാരണ നിലനിർത്തി കൃഷി ചെയ്ത് പോന്നിരുന്നു. പഞ്ചായത്തിലെ മുൻകാലകർഷകർ ഇടത്തരക്കാരായിരുന്നു.

പഞ്ചായത്തിലെ തലങ്ങും വിലങ്ങും ധാരാളം റോഡുകൾ നിർമ്മിച്ചതിൻെറ പേരിൽ കൃഷിഭൂമിയിൽ വെള്ളം ഒഴുകി പോകുന്നതിന് കാര്യമായ മാറ്റങ്ങൾ സംഭവിക്കുകയും ചെയ്തു. അശാസ്ത്രീയമായ രീതിയിലുള്ള കെട്ടിടനിർമമാണവും കൃഷിയുടെ നിലവിലുള്ള പരിതസ്ഥിതിയെ ബാധിച്ചിട്ടുണ്ട്. പഞ്ചായത്തിലെ മിക്ക റോഡുകളും 30- 40 വർഷങ്ങൾക്ക് മുമ്പ് തോടുകളായിരുന്നു. ചില തോടുകളിൽ 3 ടൺ കേവ് ഭാരമുള്ള വഞ്ചികൾ പോയിരുന്നതും ഇന്ന് റോഡായി മാറിയിരിക്കുന്നു. (ജവഹർ മുന്നണി റോഡും -പുത്തനമ്പല പെരിങ്ങാടുപുഴറോഡും)

ഇപ്പോൾ നെൽകൃഷി ആദായകരമല്ല. വർദ്ധിച്ചുവരുന്ന കൂലിയും മെച്ചപ്പെട്ട ജീവിതസൗകര്യങ്ങളും ( ഗൾഫിൽ നിന്നുള്ള വരുമാനം) വർദ്ധിച്ചുവരുന്ന കൃഷിയോടുള്ള വൈമുഖ്യം ഇവയെല്ലാം പഞ്ചായത്തിലെ കൃഷിയെ ബാധിച്ചിരുന്നവയാണ്. 1987-ൽ കൃഷിഭവൻ പാവറട്ടിയിൽ വരികയും ആ കാലഘട്ടങ്ങളിൽ ധാരാളം സൗകര്യങ്ങളും സൗജന്യങ്ങളും നിരന്തരമായ സമ്പർക്കവും കൃഷിക്ക് ലഭിച്ചിരുന്നു. വാർഡ് തലങ്ങളിൽ നിലനിന്നിരുന്ന കർഷകകമ്മിറ്റികൾ പഞ്ചായത്ത് തലത്തിൽ നാമമാത്രരീതിയിലായി. കൃഷിഭവനിൽ നിന്നുള്ള സഹകരണം ഇതോടെ ഏകദേശം നിലച്ച മട്ടിലായി.

## ഭൂവിനിയോഗം

പഞ്ചായത്തിൻെറ ആകെ വിസ്തീർണ്ണം 9.19 സ്ക്വയർ കി.മീ. സമതലമായ പ്രദേശവും പഞ്ചായത്തിൻെറ ഭാഗമായിപോകുന്ന പുഴയോടുകൂടിയ തീരപ്രദേശവും ചേർന്ന് പഞ്ചായത്തിൻെറ ഭൂപ്രദേശങ്ങളിൽ മണൽ കലർന്ന മണ്ണും പശിമയുള്ള മണ്ണുമാണ് കാണുന്നത്.

പഞ്ചായത്തിൻെറ തെക്കു പടിഞ്ഞാറുഭാഗം ഓരുപുളി പ്രദേശങ്ങളാണ്. ഈ ഭാഗത്ത് കാര്യമായ കൃഷിയൊന്നും ചെയ്യുവാൻ കഴിയാറില്ല. തെക്കുഭാഗത്ത് പുഴയുടെ ഭാഗം വിട്ട് 2 പൂവ്വൽ കൃഷി നടത്തിയിരുന്നു. കാർഷിക കൂലി നിരക്കിൻെറ അമിതമായ വളർച്ചയും കൃഷിയെ കാര്യമായി ബാധിച്ചിരിക്കുന്നു.

ആകെ വിസ്തൃതിയുടെ 80 ശതമാനം പ്രദേശത്ത് തെങ്ങ്കൃഷി നടത്തിവരുന്നുണ്ട്. തെങ്ങുകൃഷിക്ക് ഇടവിളയായി മൾബറി കൃഷി നടത്തി പരീക്ഷിക്കുകയും അത് വിജയിക്കാതെ പോകുകയും ചെയ്തു. സാങ്കേതികമായിട്ടുള്ള അറിവു കുറവും അതിനനുസൃതമായ സ്ഥലദൗർലഭ്യവും മുഖ്യകാരണമാണ്. അപൂർവ്വം ചിലയിടങ്ങളിൽ ജാതിക്കയും ഇടവിളയായി കൃഷി നടത്തിയിരുന്നു. പച്ചക്കറി കൃഷി ജലം ആവശ്യത്തിനു ലഭിക്കുകയാണെങ്കിൽ പഞ്ചായത്തിൻെറ നാനാഭാഗങ്ങളിലും നടത്തി വരാവുന്ന പരിതസ്ഥിതിയാണ്. സൗജന്യമായി വിത്തും പരിശീലനവും മേൽനോട്ടവും കൃഷിഭവനിൽ നിന്ന് ലഭിക്കുകയാണെങ്കിൽ പച്ചക്കറി കൃഷി വികസിക്കുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല.

പട്ടിക - 3

ഭൂമിസംബന്ധിച്ച വിവരങ്ങൾ (അടിസ്ഥാനവിവരരജിസ്റ്റർ കൃഷിഭവൻ)

| നമ്പർ | ഇനം | വിസ്തീർണ്ണം |
|---|---|---|
| 1 | പുരയിടം | 738-6246 |
| 2 | പുറമ്പോക്ക് | 167-7100 |
| 3 | കൃഷിയോഗ്യം | 43.000 |

പട്ടിക- 4

നടീൽ വസ്തു വിതരണം (കൃഷിഭവൻ)

| നമ്പർ | ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|
| 1 | തെങ്ങ് T x D | - | 75 Nos. | |
| 2 | D x T | - | 40 Nos. | 2 |
| 3 | W-C-T | | | 200Nos. |
| 4 | ചാമ്പ | | 50 | |
| 5 | പേര | | 60 | |
| 6 | പപ്പായ | 100 | 50 | |
| 7 | ഒട്ടുമാവ് | 200 | 60 | |
| 8 | കിഴങ്ങുവർഗ്ഗവിത്തുകൾ | 500 Ks. | 5 Kit | |
| 9 | കുമ്പളം വിത്ത് | 500 Ks. | 5 Kit | |
| 10 | വഴുതനവിത്ത് | 500 Ks. | 50 Packet | |
| 11 | ചീരവിത്ത് | 500 Ks. | 50 Packet | |
| 12 | മത്തൻ വിത്ത് | 500 Ks. | 50 Packet | |
| 13 | വെള്ളരിവിത്ത് | 250 Ks. | 50 Packet | |
| 14 | പച്ചക്കറി വിത്ത് | 500 Kit. | 750 Kit | 500 Kit |
| 15 | School | | 880 Kit | |

പട്ടിക - 5

ദുരിതാശ്വാസ വിതരണം - കൃഷിഭവൻ

| വർഷം | വെള്ളപ്പൊക്കം | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|
| 1994-95 | - | 13 | 2100 |
| 1995-96 | - | 6 | 5700 |

## നെൽകൃഷി :

മുൻകാലങ്ങളിൽ ശരാശരി 15 വിളവ് കിട്ടികൊണ്ടിരുന്നു. ഇപ്പോൾ ഉള്ള സ്ഥലങ്ങൾ തരിശായും ബാക്കി തെങ്ങുകൃഷിയും നടത്തുന്നു.

## തെങ്ങുകൃഷി

മുഖ്യവിളയായ തെങ്ങിന് മാസത്തിൽ ശരാശരി 7 നാളികേരം ലഭിക്കുന്നുണ്ട്. കൃഷിയിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ച് ശരിയായ വിധത്തിൽ നനയും ജൈവവള പ്രയോഗവും ഉള്ള ഇടങ്ങളിൽ) കൂടുതൽ ഉൽപ്പന്നം ലഭിക്കുന്നു. വിത്ത് തെര ഞ്ഞെടുക്കുന്നതിൻെറ അപാകത അശാസ്ത്രീയമായ ജലസേചനം, വളപ്രയോഗം തുടങ്ങിയവയൊക്കെ തെങ്ങ്കൃഷിയുടെ പ്രശ്നങ്ങളിൽപ്പെടുന്നു. ശരാശരി ഒരു ഏക്കറിൽ 100- 120 തെങ്ങുകളാണ് നിലവിലുള്ളത്. നെൽകൃഷിയെക്കാൾ ലാഭകരം എന്ന കാഴ്ചപ്പാടോട് കൂടി വയൽ നികത്തി തെങ്ങ് വെച്ച പലയിടങ്ങളിലും നിർക്കെട്ട് പോലുള്ള മറ്റ് കാരണങ്ങളാൽ ഉൽപ്പാദനം കുറഞ്ഞു വരുന്നതായി കാണുന്നു. നേരായ പരിചരണവും ജലസേചനസൗകര്യവും ഉണ്ടെങ്കിൽ തെങ്ങ് കൃഷി നല്ല നിലയിൽ കൊണ്ടു പോകുവാൻ കഴിയും.

## വളം :

സ്വകാര്യമേഖലയിലുള്ള ഒരു വിപണനകേന്ദ്രമാണ് പഞ്ചായത്തിലുള്ളത്. കൃഷിക്ക് ഉപയോഗിക്കുന്നത് 80 ശതമാനവും രാസവളങ്ങളാണ്. ഇത് ശാസ്ത്രീയമായ രീതിയിലല്ല നടന്നു വരുന്നത്. അതുകൊണ്ട് കൃഷി ചിലവിൻെറ അനാവശ്യമായ വർദ്ധനക്ക് കാരണമാകുന്നു. മണ്ണ് പരിശോധന പലയിടത്തും നടന്നുവെങ്കിലും അതിൻെറ ഫലം അറിയുവാൻ കഴിഞ്ഞിട്ടില്ല. അതിനാൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വളപ്രയോഗം നടന്നിട്ടില്ല. ജൈവ വളങ്ങൾ വിരളമായി മാത്രമേ ഉപയോഗക്കുന്നുള്ളൂ. ആവശ്യമായ അളവിൽ ജൈവവളം ലഭ്യമല്ലാത്തതാണ് ഇതിനുള്ള പ്രധാന കാരണം.

## കീടനാശിനികൾ:

വീടുകളിൽ കൃഷി ചെയ്യുന്ന വാഴ, അലങ്കാര ചെടികൾ എന്നിവക്ക് പ്രധാനമായും കീടനാശിനികൾ ഉപയോഗിച്ചുവരുന്നു. കീടനാശിനി തെളിക്കുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളോ ശസ്ത്രീയമായ രീതികളോ പരിഗണിച്ച് കാണാറില്ല. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിന് കാരണമാണ്.

## കൃഷി ഉപകരണങ്ങൾ:

കൃഷിഭവൻ മുഖേന പട്ടികജാതി - സഹകരണസംഘം വഴി വിതരണം ചെയ്തിരുന്ന പവർടില്ലർ ഉപയോഗശൂന്യമായി 7-ാം വാർഡിന്റെ റോഡ് സൈഡിൽ കിടക്കുന്നുണ്ട്. കുറ്റകരമായ അനാസ്ഥയാണ് അതിന് കാരണം. ഇപ്പോൾ കൃഷിഭവനിൽ 5 റോക്ക് സ്പെയർ, 1 തെങ്ങ് കയറ്റയന്ത്രം എന്നീ ഉപകരണങ്ങൾ ഉണ്ട്.

## കൂലിനിരക്ക് :

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞു വരികയാണ്. വിദ്യാഭ്യാസനിലവാരത്തിൽ വന്ന മാറ്റങ്ങൾ, കൃഷിയോടുള്ള അഭിമുഖ്യക്കുറവ് തുടങ്ങിയവയും ഇതിന്റെ കാരണങ്ങളിൽപെടുന്നു. ഭൂരിഭാഗം കർഷകരും തെങ്ങ് കൃഷിയെ ആശ്രയിച്ച് ജീവിക്കുന്ന കർഷകരാണ്, ഇവരുടെ ശരാശരി കൂലിനിരക്ക് പുരുഷന് 125 രൂപയും സ്ത്രീകൾക്ക് 75 രൂപയുമാണ്. തെങ്ങുകയറ്റതൊഴിലാളിക്ക് 100 തെങ്ങിന് 50 നാളികേരവും 20 രൂപയുമാണ് നൽകുന്നത്. ഈ കൂലി നിരക്കിനും ഏകീകൃത സ്വഭാവം ഇല്ല.

## ജലസേചനം :

പ്രധാനമായും മഴയെമാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്തിൽ രണ്ട് ഘട്ടങ്ങളിലായാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും (തെക്ക്കിഴക്കൻ മൺസൂൺ ) സെപ്തംബർ മുതൽ ഒക്ടോബർ വരെ കിട്ടുന്ന തുലാവർഷവും (വടക്ക് പടിഞ്ഞാറൻ മൺസൂൺ) നമുക്ക് കിട്ടുന്നു. ശരാശരി 314.8 സെ.മീ. മഴ ലഭിക്കുന്നുണ്ട്.

പഞ്ചായത്തിലെ തോടായ കോഴിക്കോട് (വാർഡ് 1 - 7 ൽ) കനോലി കനാലിൽ എത്തി ചേരുന്നു.

പട്ടിക - 6

**ജലവുമായി ബന്ധപ്പെട്ട ആസ്തികൾ**

| നമ്പർ | ആസ്തികൾ | വിസ്തീർണ്ണം കി.മീ. | എണ്ണം |
|---|---|---|---|
| 1 | കാനോലി കനാലുമായി ബന്ധപ്പെട്ട ചക്കംക്കണ്ടം പെരിങ്ങാടുപുഴ | 5 കി.മീ. | |
| 2 . | തോട് (കോഴിക്കോട്) | 3 കി.മീ. | |
| 3. | കുളം (സ്വകാര്യകുളമടക്കം) | | 50 |
| 4. | കുഴൽ കിണർ | | 7 |

## കുളങ്ങൾ :

പഞ്ചായത്തിൽ വലുതും ചെറുതുമായ 50 കുളങ്ങൾ ഉണ്ട്. കുളങ്ങളൊന്നും യഥാവിധി സംരക്ഷിക്കുകയോ കാർഷികാവശ്യങ്ങൾക്ക് ഉപയോഗിക്കുകയോ ചെയ്യുന്നില്ല. മുൻകാലങ്ങളിൽ പല കുളങ്ങളും വേനൽകാല പച്ചക്കറികൾക്ക് ഉപയോഗിച്ചിരുന്നു. പ്രധാനപ്പെട്ട കുളങ്ങളുടെ വിവരങ്ങൾ പട്ടിക 7 കൊടുത്തിരിക്കുന്നു.

പട്ടിക 7

കുളങ്ങളെ സംബന്ധിച്ചുള്ള വിവരം

| നമ്പർ | കുളം | വാർഡ് | സ്ഥിതിചെയ്യുന്നത് |
|---|---|---|---|
| 1 | പെരിങ്ങാട് അയ്യപ്പൻകാവ് കുളം | 7 | പെരിങ്ങാട് |
| 2 | ആരാട്ട് കുളം | 7 | ആരാട്ട് തറ |
| 3 | സ്വകാര്യകുളം | 7 | ചൊവ്വല്ലൂർ വർഗ്ഗീസ് |
| 4 | പുത്തനമ്പലകുളം | 7 | പുത്തനമ്പലം |
| 5 | പൊന്നാകുളം | 8 | പൈങ്കണ്ണിയൂർ |
| 6 | വെൻമേനാട് അമ്പലകുളം | 8 | വെൻമേനാട് |
| 7 | തത്തകുളങ്ങര അമ്പലകുളം | 6 | തത്തകുളങ്ങര |
| 8 | മരുതയൂർ അമ്പലകുളം | 3 | മരുതയൂർ |
| 9 | പഞ്ചായത്ത് കുളം | 6 | ചെറുമരുതയൂർ പഞ്ചായത്ത് കുളം |
| 10 | പള്ളികുളം | 8 | പാവറട്ടി |
| 11 | സെൻറ് ജോസഫ് സ്കൂൾ കുളം | 1 | പാവറട്ടി |
| ബാക്കിയുള്ളത് ചെറിയ സ്വകാര്യകുളങ്ങളാണ്. - കടാകുളം തുടങ്ങിയവ | | | |

## നഴ്സറികൾ :

പഞ്ചായത്തിൽ ഒരു സ്വകാര്യനഴ്സറി മാത്രമെ നിലവിലുള്ളൂ.

## കൃഷിഭവൻ:

1987-ലാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. പഞ്ചായത്തിൻെറ വളരെ പ്രതീക്ഷയോടെ ആരംഭിച്ച കൃഷിഭവൻെറ പ്രവർത്തനം പരിമിതമായ പ്രദേശങ്ങളിൽ മാത്രമെ എത്തിയിട്ടുള്ളൂ. ഇതിന് കർഷക ദിനത്തിൽ മിക്ചർ കൃഷി, പച്ചക്കറി കൃഷി, തെങ്ങ്കൃഷി എന്നിവയക്ക് അവാർഡു കൊടുക്കുന്നുണ്ട്. എന്നിരുന്നാലും ചെറിയ ഒരു തോട്ടത്തോടുകൂടിയ കൃഷിഭവൻ ഓഫീസ് ഉണ്ടാവുകയാണെങ്കിൽ വിതരണത്തിന് ആവശ്യമായ തൈകളും മാതൃക തോട്ടവും സംഘടിപ്പിക്കുവാൻ കഴിയും. കൃഷിഭവനിൽ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്ന കാർഷകക്ക് വേണ്ട സംവിധാനങ്ങൾ പട്ടിക 5-ൽ നോക്കുക.

പട്ടിക- 8

കൃഷിഭവനിൽ കൊടുത്തുംകൊണ്ടിരിക്കുന്നവയുംട അടിസ്ഥാനവിവരം (കൃഷിഭവൻ 95-96)

| നമ്പർ | ഇനം | എണ്ണം | കൊടുത്തത് | ആസ്തി |
|---|---|---|---|---|
| 1 | കർഷകർക്ക് കിണർ | 25 | 15 | 30 സെൻറ് സ്ഥലം |
| 2 | ഹരിജനങ്ങൾക്ക് | 1 | 1 | 30 സെൻറ് അല്ലെങ്കിൽ 4.5 വീടിന് കിണർ |
| 3 | പമ്പ് സെറ്റ് (സി.സി.ഡി.പി) | 50 | 20 | 30 സെൻറ് സ്ഥലത്തിൽ |
| 4 | കൃഷിയെ കുറിച്ച് ക്ലാസ് | 2 | - | 1 വാർഡിൽ നിന്ന് 10പേരെ പങ്കെടുപ്പിച്ചുകൊണ്ട് |

## പ്രശ്നങ്ങൾ:

കനോലികനാലിൽനിന്ന് ഉപ്പ് വെള്ളം കയറുന്ന പ്രദേശങ്ങളിൽ ബണ്ടുകളും ഷട്ടറുകളും സ്ഥിരമായി സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. ഉപ്പ്വെള്ളം കയറുന്നത് മൂലം പഞ്ചായത്തിലെ പ്രധാന കൃഷിയായ തെങ്ങിനെ കാര്യമായി ബാധിക്കുന്നു. പഞ്ചായത്തിൻെറ പെരിങ്ങാട്, കൂരിക്കാട്, പൈങ്കണ്ണിയൂർ, വെൻമേനാട്, മുനക്കകടവ്, കാളാനി, മരുതയൂർ , ചെറുകടവ് എന്നീ പുഴയോരപ്രദേശങ്ങളിലാണ് ഉപ്പ് വെള്ളം കയറുന്നത്.

ഉൽപാദന ചിലവിൽ വന്ന വർദ്ധനവ്, കർഷകതൊഴിലാളികളുടെ എണ്ണക്കുറവ്, ഉൽപ്പന്നങ്ങൾക്ക് മതിയായ വില ലഭിക്കാത്തത് കാലവർഷവ്യതിയാനങ്ങൾ, കൃഷി ഉപജീവനമായി സ്വീകരിച്ചവരുടെ എണ്ണക്കുറവ് കാരണം നെൽകൃഷിയെ സംബന്ധിച്ച് പഞ്ചായത്തിൽ നിന്ന് തീരെ ഒഴിവാക്കുവാൻ തന്നെ കാരണമായിട്ടുണ്ട്.

പ്രധാനകൃഷിയായ തെങ്ങാകട്ടെ ചിലഭാഗങ്ങളിൽ മെച്ചപ്പെട്ട ഉൽപാദനം ഉണ്ടെങ്കിലും അനുപാതികമായ വർദ്ധനവ് പലയിടത്തും ഇല്ല. നീർക്കെട്ട് വയലുകൾ നികത്തിയ തെങ്ങിൻ തോപ്പുകളെ ബാധിച്ചിട്ടുണ്ട് ജലസേചനം പരിമിതമായ സ്ഥലങ്ങളിൽ മാത്രമെ ഇപ്പോൾ തെങ്ങ് കൃഷിക്ക് പ്രാധാന്യം നൽകുന്നുള്ളൂ.

കാർഷികവായ്പ ലഭിച്ചിട്ടുള്ളവർ കൃഷിക്ക് ഉപയോഗിക്കാതെ ദുർവിനിയോഗം ചെയ്യുന്നവരാണ് കൂടുതലും, കുറഞ്ഞ പലിശക്ക് കിട്ടുന്ന വായ്പകൾ മറ്റു സ്ഥാപനങ്ങളിൽ കൂടുതൽ പലിശക്ക് നിക്ഷേപിക്കുന്നവരുമുണ്ട്. ഇതിനാൽ അർഹതപ്പെട്ട ഇടത്തരം കർഷകർക്ക് വായ്പ ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്.

മൊത്തം വളപ്രയോഗത്തിൻെറ 90 ശതമാനവും രാസവളപ്രയഗേമാണ്. ഉപയോഗിക്കപ്പെടുന്നു. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടക്കാത്തത് ഉൽപാദനക്ഷമത കുറക്കുന്നതിൻെറ കാരണങ്ങളിലൊന്നാണ്. ജൈവവളത്തിൻെറ ലഭ്യതക്കുറവ് മണ്ണിൻെറ ഘടനയെ പലയിടങ്ങളിലും ബാധിച്ചിട്ടുണ്ട്.

മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ നടത്തേണ്ട വളപ്രയോഗം പലപ്പോഴും അശാസ്ത്രീയമായിട്ടാണ് നടത്തുന്നത്. മുൻവർഷങ്ങളിൽ പരിശോധനക്കായി മണ്ണിൻെറ സാമ്പിളുകൾ എടുത്തുകൊണ്ടു പോയെങ്കിലും റിപ്പോർട്ട് കിട്ടിയിട്ടില്ല.

മുകളിൽ സൂചിപ്പിച്ചതിനെല്ലാം ഉപരിയായി പഞ്ചായത്തിലെ കൃഷിഭവൻെറ പ്രവർത്തനവും പോരായ്മയായി നിലനിക്കുന്നു. ചില വാർഡുകളിലെ ചുരുക്കം പ്രദേശങ്ങളൊഴികെ പഞ്ചായത്തിൻെറ ഭൂരിഭാഗത്തും കൃഷിഭവൻെറ പ്രവർത്തനം എത്തുന്നില്ല.

ആവശ്യമായ സന്ദർഭങ്ങളിൽ വിദ്ഗദ ഉപദേശങ്ങൾ ലഭിക്കാതിരിക്കൽ, സർക്കാരിൽ നിന്നുള്ള ആനുകൂല്യങ്ങളെ പറ്റിയുള്ള അജ്ഞത തുടങ്ങിയവയെല്ലാം പലപ്പോഴും കൃഷിയുടെ പുരഗേതിക്ക് തടസ്സമായി നിലനിൽക്കുന്നു . ശുദ്ധജല മൽസ്യങ്ങ ൾ ചത്തുപൊന്തുന്നത് അമിതമായ കീടനാശിനി പ്രയോഗം മൂലമാണെന്ന് കർഷകരുടെ അഭിപ്രായം.

## നിർദ്ദേശങ്ങൾ:

1. പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ മണ്ണിൻെറ സാമ്പിളുകൾ എടുത്ത് പരിശേധന നടത്തി ആവശ്യമായ വളപ്രയോഗങ്ങളെ പറ്റി കർഷകർക്ക് ധാരണ നൽകുവാൻ കഴിയണം.

2. മുൻകാലങ്ങളിൽ പരിസ്ഥിതിയെ സംരക്ഷിക്കുന്നതിലും നീർക്കെട്ട് ഒഴിവാക്കുന്നതിലും വലിയ പങ്ക് വഹിച്ചിരുന്ന തോടുകളും കുളങ്ങളും കർഷകരുടെ സഹായത്തോടെ സംരക്ഷിക്കണം. നിലവിലുണ്ടായിരുന്ന പല നീർച്ചാലുകളും റോഡുകളായി മാറിക്കഴിഞ്ഞു. നിലിവിലുള്ള തോടുകൾക്ക് നേരത്തെയുണ്ടായിരുന്ന ചീർപ്പുകൾ പല കാരണങ്ങളാലും നശിക്കുകയും ഭാഗികമായി ഇല്ലാത്ത അവസ്ഥയും വന്നിട്ടുണ്ട്. ഇവ നന്നാക്കിയെടുക്കണം.

3. ഒന്നാം വാർഡിൽ നിലനിൽക്കുന്ന കോഴിത്തോട് മുൻകാലങ്ങളിൽ കൃഷിക്കായി ഉപയോഗിക്കുവാൻ വേണ്ട വിധത്തിൽ ചീർപ്പും മറ്റു സംവിധാനങ്ങളും നിലവിലുണ്ട്. ഈ തോട് ഉപയോഗപ്രദമാക്കിയാൽ ഇതിനോട് ബന്ധപ്പെട്ട് കിടക്കുന്ന കൃഷിസ്ഥലങ്ങളിൽ കൃഷി ചെയ്യുവാൻ സാധിക്കും. തോട് ശുദ്ധീകരിച്ച് കനോലി കനാലുമായി ബന്ധപ്പെടുത്തി തോടിൻെറ ഇരുകരയിലെയും കൃഷിക്ക് വേണ്ട ജലം സംഭരിക്കേണ്ടതാണ്.

പറയുന്നു. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ മൽസ്യതൊഴിലാളികൾ വളരെ ബുദ്ധിമുട്ടിലാണ് കഴിയുന്നത്.

ചെമ്മീൻ കൃഷിക്ക് ഏറ്റവും അനുയോജ്യമായ സ്ഥലമാണ് ഈ കായലോരങ്ങൾ, ഈ കായലോരങ്ങൾ ഒന്നും ചെയ്യാൻ കഴിയാത്ത തരത്തിൽ തരിശായി കിടക്കുകയാണ്. വേലിയേറ്റവും വേലിയിറക്കവും അനുഭവപ്പെടുന്നത് കൊണ്ട് മൽസ്യങ്ങൾക്ക് ആ സ്ഥലങ്ങളിൽ വളരുവാൻ സാധിക്കുന്നില്ല.

## പ്രധാനപ്രശ്നങ്ങൾ:

1. കായലോരഭിത്തി കെട്ടി സംരക്ഷിച്ചിട്ടില്ല.
2. മൽസ്യബന്ധനഉപകരണങ്ങൾ എളുപ്പത്തിൽ ലഭിക്കുന്നില്ല.
3. അനുയോജ്യമായ സ്ഥലങ്ങൾ ഉണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ചെമ്മീൻ കൃഷിയും മറ്റു മൽസ്യകൃഷിയും നടത്തുന്നില്ല.
4. ഉൾനാടൻ പ്രദേശങ്ങളിൽ മൽസ്യകൃഷിക്ക് സാധ്യതകൾ ഉണ്ടെങ്കിലും യാതൊരു വിധ പ്രോത്സാഹനവും ലഭ്യമല്ല.
5. മൽസ്യവിപണനത്തിന് ആധുനിക സംവിധാനങ്ങളോ പൊതുസംവിധാനങ്ങളോ ഇല്ല.
6. മൽസ്യതൊഴിലാളികളുടെ പരിസര ശുചീകരണം വളരെ പ്രധാനമാണ്. കക്കൂസുകളുടെ അഭാവമാണ് പ്രധാനമായും മൽസ്യതൊഴിലാളികളുടെ കുടുംബങ്ങളെ അലട്ടുന്നത്.
7. മൽസ്യതൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം വളരെ കുറവാണ്.
8. പുഴയിലും മറ്റു ഉൾനാടൻ ജലാശയങ്ങളിലും വർഷക്കാലത്ത് കണ്ടുവരുന്ന രോഗങ്ങൾ തടയാൻ നടപടി വേണം.
9. പുഴയുടെ ആഴം വർദ്ധിപ്പിക്കുക.
10. ശുചിത്വമുള്ള മാർക്കറ്റുകളുടെ കുറവ്.

## സാധ്യതകൾ:

1. ഉൾനാടൻ ജലാശയങ്ങളിൽ ഉപ്പ് വെള്ളം തടയുന്നതിന് പുഴ സ്ഥലങ്ങൾ നികത്താതിരിക്കുന്നതിന് വേണ്ടി പുഴയോരങ്ങളിൽ ഭിത്തി കെട്ടി സംരക്ഷിക്കുക.
2. പുറമ്പോക്ക് സ്ഥലത്തും സ്വകാര്യവ്യക്തികളുടെ സ്ഥലത്തും ബണ്ടുകൾ നിമ്മിച്ച് ചെമ്മീൻ, ഞണ്ട്, മറ്റുമൽസ്യങ്ങളുടേയും കൃഷി നടപ്പിലാക്കുക.
3. ചെമ്മീൻ കുഞ്ഞുങ്ങളുടെ ഉൽപാദന കേന്ദ്രം ആരംഭിക്കുക.
4. ശുദ്ധജലകൃഷി വികസിപ്പിക്കുന്നതിന് കുളങ്ങൾ നിർമ്മിക്കുകയും നിലവിലുള്ള കുളങ്ങളിൽ മൽസ്യം വളർത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

5.പുഴയുടെ ആഴം വർദ്ധിപ്പിച്ച് മൽസ്യം കൂടുതൽ വളരുന്നതിന് വേണ്ട സൗകര്യം ചെയ്യുക.

6.മൽസ്യകൃഷി ചെയ്യുവാൻ താൽപര്യമുള്ള വ്യക്തികളെ കണ്ടുപിടിച്ച് അവർക്ക് വേണ്ടത്ര പ്രോത്സഹനങ്ങൾ നൽകുകയും മൽസ്യകുഞ്ഞുങ്ങളെ എത്തിച്ചു കൊടുക്കുകുയും ചെയ്യുക.

7.മൽസ്യകൃഷിയെ പറ്റിയും മൽസ്യരോഗങ്ങളെ പറ്റിയും പഠനങ്ങൾ നടത്തുവാൻ നടപടി സ്വീകരിക്കുക.

8.മൽസ്യ വിപണന രംഗത്ത് കോൾഡ് സ്റ്റോറേജുകളും സൗകര്യമുള്ള പൊതുമാർക്കറ്റുകളും സ്ഥാപിക്കുക. (പാവറട്ടി സെൻറർ, കവല ബസാർ, ശാദുലിയ റോഡ് ജംഗ്ഷൻ, ചുക്കുബസാർ)

9.വനിതസഹകരണസംഘങ്ങൾ വഴി ചെമ്മീൻ, അച്ചാറുകൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക.

10.മൽസ്യതൊഴിലാളികൾക്ക് സൗജന്യ ഇൻഷൂറൻസ് നടപ്പിൽ വരുത്തുക.

11.ഗുരുവായൂർ അഴുക്ക് ചാൽ പദ്ധതി നമ്മുടെ കായലോരവുമായി ബന്ധിപ്പിച്ചിരിക്കുന്നത് തടയുക. ഇത് നടപ്പിലായാൽ മൽസ്യസമ്പത്തു വളരെ കുറയുവാൻ സാധ്യതയുണ്ട്.

12.ചെമ്മീൻ കൃഷിക്ക് ആവശ്യമായ തീറ്റ നിമ്മാണയൂണിറ്റ് ഈ പഞ്ചായത്തിൽ സ്ഥാപിക്കുക.

13.മൽസ്യകൃഷി പദ്ധതികൾ തുടങ്ങുന്നതിന് ആവശ്യമായ വായ്പകൾ നല്കുക.

14. ചെമ്മീൻ സംസ്ക്കരണ മേഖലയിൽ സഹകരണാടിസ്ഥാനത്തിൽ ഒരു യൂണിറ്റ് ഉണ്ടാക്കുക.

# V. 4 വ്യവസായം

വ്യവസായികമായി പാവറട്ടി പഞ്ചായത്ത് വളരെ പിന്നോക്കാവസ്ഥയിലാണ്. വർഷങ്ങൾക്ക് മുമ്പ് പഞ്ചായത്തിൻെറ തിരപ്രദേശങ്ങളിൽ ചകിരി വ്യവസായം വളരെ ഊർജിതമായി നടന്നിരുന്നുഗൾഫ് തൊഴിൽ മേഖലകളിലേക്ക് നമ്മുടെ നാട്ടുകാരുടെ പാലാ യനത്തോടുകുടി ചകിരി വ്യവസായ മേഖല തളരുകയും ഇപ്പോൾ നാമാവ ശേഷമാകുകയും ചെയ്തു.

ശരിയായ ആസൂത്രണത്തിലൂടെ പാവറട്ടി പഞ്ചായത്തിൽ ഒരു വ്യവസായിക മുന്നേററം തന്നെ നടത്താൻ സാധിക്കും. പാവറട്ടി പഞ്ചായത്തിൽ പൊതുമേഖലയിലോ വൻകിട വ്യവസായ യൂണിററുകൾ ഇല്ല. വിരലിലെണ്ണാവുന്ന ചെറുകിട മേഖലയിലെ സ്വകാര്യ യൂണിററുകളും നാലു കയർ സഹകരണ സംഘങ്ങളുമാണ്പ്രധാന യൂണിററുകൾ നമ്മുടെ പഞ്ചായത്ത്വ്യവസായിക മേഖലയിൽ90പുരുഷന്മാരും 219 സ്ത്രികളും കൂടി മൊത്തം 309 പേർ തൊഴിൽ ചെയ്യുന്നു. നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവുംപട്ടിക(1)ൽ തൊഴിലാളികളുടെ കൂലി നിരക്ക് പട്ടിക (2)ൽ.

പരമ്പരാഗത മേഖലയിൽ പ്രധാനം കയർ മേഖലയാണ്.അതിൽ ചകിരി പിരിക്കാണ്പ്രാധാന്യം. വളരെ കുറഞ്ഞ കൂലി നിരക്കിൽ തൊഴിലാളികൾ പ്രവർത്തിച്ചിട്ടും കയർ സഹാകരണ സംഘങ്ങൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.വസ്തു നിഷ്ഠമായി പരിശോധിച്ച് പരിഹാരം തേടണം. ഈ മെഖലയിലെ യന്ത്ര വൽക്കരണം പ്രശ്ന പരിഹാരത്തിന് ഉതകുന്നതാണ്.

പാവറട്ടി പഞ്ചായത്തിലെ കയർ വ്യവസായ സഹകരണ സംഘങ്ങൾ പട്ടിക (സ്ക്രിനിൽ ചേർക്കുന്നു.

## പ്രശ്നങ്ങൾ

വ്യവസായികമായി പാവറട്ടി പഞ്ചായത്ത്വളരെ പിന്നോക്കാവസ്ഥയിലാ കുവാനുള്ള പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്

1 വൈദ്യുതിയുടെ ദൗർലഭ്യം: ഗാർഹികാവശ്യത്തിനുപോലും ശരിയായ തോതിൽ വൈദ്യുതി നലകപ്പന്നതിനുപവറട്ടിപഞ്ചായത്തിൽ സാധിക്കുന്നില്ല. 60 വോൾട്ട്മുതൽ 150 വോൾട്ടുവരെയാണ്ഇവിടെ വൈദ്യുതി ലഭിക്കുന്നത്.

2 സ്ഥലത്തിൻെറ ഉയർന്ന തോതിലുള്ള വിലകാരണം വ്യവസായം തുടങ്ങുന്നതിനുവേണ്ട സ്ഥലം ലഭിക്കുന്നതിനു ബുദ്ധിമുട്ട് നേരിടുന്നു.

3 വ്യവസായം തുടങ്ങുന്നതിനുള്ള സാങ്കേതിക പരിജ്ഞാനകുറവ്

4 വ്യവസായങ്ങളെ കുറിച്ചുള്ള അജ്ഞത.

5 മുഖ്യ കാർഷികോൽപന്നമായ നാളികേരം വ്യവസായരംഗത്ത് പ്രയോജനപ്പെടുത്തുന്നില്ല.

6 സഹകരണ മേഖലയിലെ കയർ വ്യവസായം നഷ്ടത്തിലാണ്.

7. ധന സഹായം കിട്ടാനുള്ള സാങ്കേതിക ബുദ്ധിമുട്ട്.

8. വിപണന സാധ്യത കുറവ്.

9. പരമ്പരാഗത വ്യവസായ മേഖലയിലെ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കാൻ സാധ്യതയില്ല.

10. വനിതകൾക്ക് തൊഴിലവസരം പൊതുവെ കുറവ്.

11. സാങ്കേതിക പരിശീലനം ലഭിച്ച തൊഴിലാളികളുടെ കുറവ്

12. സാങ്കേതികപരിജ്ഞാനം ലഭിച്ച തൊഴിൽ രഹിതർക്ക് തന്നെ തൊഴിൽ നല്കാനുള്ള സാധ്യതയില്ല.

13. ഒരു സംരംഭകന് അത്യാവശ്യമായി വേണ്ടുന്ന മാനസികമായ തയ്യാറെടുപ്പിൻെറ ശക്തമായിട്ടുള്ള പ്രേരണകുറവ്

14. വ്യവസായ മേഖലയുമായുള്ള സമ്പർക്ക കുറവ്.

## സാധ്യതകൾ :-

പാവറട്ടി പഞ്ചായത്തിൽ വിദ്യാസമ്പന്നരും അവരേക്കാൾ വിദ്യാഭ്യാസം ലഭിച്ചവരും ആയ യുവതി യുവാക്കൾ തൊഴിലില്ലാതെ വളരെ യധികമുണ്ട്. ഈ യുവജനങ്ങളെ ഉപയോഗപ്പെടുത്തി ഇവിടുത്തെ വ്യവസായം പരിപോഷിപ്പിക്കാവുന്നതാണ്. വ്യവസായ മേഖലകളിലേക്ക് ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്ന പാവറട്ടി പഞ്ചായത്തിലെ ആളുകളുടെ സാമ്പാദ്യം ഉപയോഗപ്പെടുത്താവുന്നതാണ്. ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നത് നാളികേരമാണെങ്കിലും അതുപയോഗിച്ച് പ്രവർത്തിക്കുന്ന വ്യവസായങ്ങളുടെ എണ്ണം വളരെ കുറവാണ്.തെങ്ങ്,തേങ്ങ, ചിരട്ട,ഇളനീർ എന്നിവ ഉപയോഗിച്ചുള്ള വിവിധ ഇനം വ്യവസായങ്ങളെ പററി ബോധവൽക്കരണം നടത്തുകയാണെങ്കിൽ ഈ മേഖലയിലേക്ക് കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കാനും ഒരു നാളികേര കോംപ്ലക്സ് ഈ പഞ്ചായത്തിൽ സ്ഥാപിക്കാനുള്ള സാധ്യതയുണ്ട്.ഖാദി മേഖലയിലേക്ക് സ്ത്രീതൊഴിലാളികളെ ആകർഷിക്കുന്ന പദ്ധതികൾ ഖാദി ബോർഡുമായി സഹകരിച്ച് നടപ്പിലാക്കേണ്ടതാണ്. കോൺക്രീററു കൊണ്ടുള്ള കെട്ടിടനിർമ്മാണ സാമഗ്രികൾ ഉണ്ടാക്കുന്നതിനുള്ള സ്ഥാപനത്തിന് സാധ്യതയുണ്ട്. നമ്മുടെ അടുത്ത കടലോരപ്രദേശങ്ങളിൽ കോടിക്കണക്കിനു രൂപയുടെ നൈലോൺ വല ഉപയോഗിക്കുന്നുണ്ട്. ഈ പ്രദേശത്തെയും അയൽ മേഖലയിലേയും വില്പന സാധ്യത പരിശോധിക്കുമ്പോൾ ഒരു നൈലോൺവല നിർമ്മാണയൂണിററ് തുടങ്ങാവുന്നതാണ്. സഹകരണ മേഖലയിൽ സ്ത്രീതൊഴിലാളികൾ ക്ക് ഏറെ തൊഴിൽ സാധ്യതയുള്ള റെഡിമെയ്ഡു വസ്ത്രയൂണിററ് തുടങ്ങാവുന്നതാണ്. പട്ടുനൂൽപുഴു വളർത്തൽ വ്യപകമായി ഒരു സിൽക്ക് റീലിങ്ങ് യൂണിററ് തുടങ്ങാവുന്നതാണ്. കെൽട്രോണിൻെറയും മററു ഇല്ക്ട്രോണിക് വ്യവസായങ്ങളുടെ അസംബ്ലിങ്ങ് യൂണിററ് തുടങ്ങാവുന്നതാണ്. ചെമ്മീനും മററു മൽസ്യങ്ങളും സുലഭമായി ലഭിക്കുന്ന തിനാൽ അവ അടിസ്ഥാനമാക്കിയുള്ള ഒരു വ്യവസായം തുടങ്ങാവുന്നതാണ്. ഒരു കാലിത്തീററ ഫാക്ടറി

തുടങ്ങാവുന്നതാണ്. ഐസ് ഫാക്ടറി തുടങ്ങാവുന്നതാണ്. കാലിവളർത്തൽ പ്രോത്സാഹിപ്പിച്ച് മിൽക്ക് പൗഡർ ഫാക്ടറി സ്ഥാപിക്കേണ്ടതാണ്. ഇവിടെ ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ച് കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാധ്യതയുള്ള യൂണിററുകൾ പട്ടിക (4)ൽ ചേർക്കുന്നു.

ഇന്ത്യയിൽ 7500 ലധികം വിവിധതരം ഉൽപന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉൽപാദിപ്പിക്കുന്നുണ്ട്.2 ലക്ഷം കോടി വരുന്ന ഉൽപന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉൽപാദിപ്പിക്കുന്നു. അതിൽ ഏകദേശം 80,000 കോടി രൂപയുടെ ഉൽപന്നങ്ങൾ കയററു മതി ചെയ്തു വരുന്നു. അതുപോലെ കേരളത്തിലെ ജനങ്ങൾ ശരാശരി 18 മീററർ തുണി ഉപയോഗിക്കുന്നുവെങ്കിലും വളരെ കുറച്ച് തുണിത്തരങ്ങൾ മാത്രമാണ് കേരളത്തിൽ നിർമ്മിക്കുന്നത്.

പാവറട്ടിയിലേയും അയൽ പ്രദേശങ്ങളിലെയും വിപണികൾ മാത്ര ലഭിച്ചാൽ പോലും വളരുവാൻ സാധ്യതയുള്ള നിത്യോപയോഗ സാധനങ്ങൾ ഉൽപാദിപ്പിക്കുവാൻ മുന്നോട്ടു വരാത്ത നമ്മുടെ യുവജനങ്ങളുടെ ഇടയിൽ പുതിയൊരു വ്യവസായ വികസന ബോധം വളർത്തി യെടുക്ക ാൻആവശ്യമായ സാഹചര്യം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്. ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള വ്യവസായങ്ങൾ പട്ടിക(5)ൽ ചേർക്കുന്നു.

## വൻകിട വ്യവസായം:-

1. പാവറട്ടി പഞ്ചായത്ത് കേന്ദ്രീകരിച്ച് ഒരു കോക്കനട് കോംപ്ലക്സ് സ്ഥാപിക്കുക.
2. കെൽട്രോണിൻെറ സഹായത്തോടെ ഒരു ഇലക്ട്രോണിക് അസംബ്ലിങ്ങ് യൂണിററ് സ്ഥാപിക്കുക
3. സഹകരണ മേഖലയിൽ ആയിരം സ്പിൻറിൽ ഉള്ള ഒരുസ്പിനിങ്ങ്മിൽ സ്ഥാപിക്കുക.
4. വിദേശ മാർക്കററും ഇൻഡ്യൻ മാർക്കററും ലക്ഷ്യമാക്കി ഇളനീർ ഉപയോഗിച്ച് ആധുനുക രീതിയിലുള്ള ശീതള പാനീയ വ്യവസായം തുടങ്ങുക
5. വിദേശ നാണ്യം നേടിത്തരുന്ന ചെമ്മീൻ, മററു മൽസ്യങ്ങൾ, എന്നിവ ഉപയോ ഗപെടുത്തി ഒരു വ്യവസായം തുടങ്ങുക

## ടറിസം വികസനം :-

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. പാവറട്ടിയിലെ ടൂറിസ്ററു സാധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ നല്കാനും പഞ്ചായത്തിനു വരുമാനം വർദ്ധിപ്പിക്കാനുമുള്ള സാധ്യതയുണ്ട്. പാവറട്ടി പഞ്ചായത്തിലെ പടിഞ്ഞാറൻ ഭാഗത്തിലൂടെ കനോലികനാൽ ഒഴുകുന്നു, ഈ പ്രദേശം ടൂറസ്ററുകളെ ആകർഷിക്കത്തക്ക വിധം പ്രകൃതി മനോഹരമാണ്. പുഴ ആഴം വർധിപ്പിക്കുകയും ആ മണ്ണുപയോഗിച്ച് പഞ്ചായത്തിൻെറ തീരദേശത്തുള്ള പുറമ്പോക്ക് നികത്തിയെടുക്കാവുന്നതും ആ ഭൂമി വികസന പ്രവർത്തനങ്ങൾക്കുപയോഗിക്കാവു ന്നതുമാണ്.

## ടൂറിസം വികസനത്തിനുള്ള നിർദ്ദേശങ്ങൾ:-

1. തീര പ്രദേശത്ത് നല്ല ഒരു ഗാർഡൻ ഉണ്ടാക്കുക.
2. കനോലികനാലിലുള്ള തുരുത്തുകൾ ശാസ്ത്രീയ പരിഷ്കാരത്തിലൂടെ ടൂറിസ്ററുകളെ ആകർഷിക്കുന്നതാക്കുക.

3. കനോലികനാലിലുള്ള കണ്ടൽ ക്കാടുകളിൽ അപൂർവ്വങ്ങളായ പക്ഷി സങ്കേതങ്ങളുണ്ട്. അവ സംരക്ഷിച്ച് ടൂറിസ്ററുകളെ ആകർഷിക്കത്തക്കതാക്കുക.
4. കുട്ടനാടൻ മൊഡൽ കെട്ടു വള്ളങ്ങൾ ടൂറിസ്ററുകൾക്ക് ലഭ്യമാക്കുക.
5. ചെറിയ കളിബോട്ടുകൾ ടൂറിസ്ററുകൾക്ക് ലഭ്യമാക്കുക.
6. ടൂറിസ്ററുകൾക്ക് സഞ്ചരിക്കത്തക്ക വിധത്തിൽ തീരദേശത്തുകൂടെ ഒരു റോഡ് നിർമ്മിക്കുക.

## വൈദ്യുതി വിതരണം:-

പഞ്ചായത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് പഞ്ചായത്തിലോ അയൽ പഞ്ചായത്തിലോ ഒരു സബ് സെക്ഷൻ സ്ഥാപിക്കുക. പഞ്ചായത്തിലാവശ്യമായ എല്ലാ സ്ഥലങ്ങളിലും ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

## വൈദ്യുതി സംരക്ഷണം:-

വൈദ്യുതിയുടെ പ്രസരണ നഷ്ടം ഒഴിവാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുക. വൈദ്യുതിയുടെ അമിത ഉപയോഗം കുറക്കുന്നതിനു കെ.എസ്.ഇ.ബി അനർട്ട്, സർക്കാർ എന്നിവയുടെ സഹകരണത്തോടെ വിടുകളിൽ സോളാർ ഉപകരണങ്ങൾ സ്ഥാപിക്കുക. തെരുവു വിളക്കുകളെല്ലാം സോളാർ ലാമ്പുകളാക്കുക.

## സ്പെഷ്യൽ ഗ്രാമസഭാ നിർദ്ദേശങ്ങൾ :-

1. കാലിത്തീററ നിർമ്മാണം:- തേങ്ങാപിണ്ണാക്കു കൊണ്ട് ഒരു കാലിത്തീററ ഫാക്റ്ററി ഉണ്ടാക്കണം. ഇതിനു വേണ്ട സാങ്കേതിക -സാമ്പത്തിക സഹായം ലഭ്യമാക്കണം.
2. ഒരു ഇൻഡസ്ട്രിയൽ എസ്ററയ്ററ് സ്ഥാപിക്കണം.
3. ഹോളോ ബ്രിക്സ് കമ്പനി തുടങ്ങണം.
4. ഓയിൽ മിൽ തുടങ്ങണം.
5. വാച്ചിൻെറ ലെതർ സട്രാപ്പ് നിർമ്മിക്കുന്ന ചെറുകിട ഫാക്ടറി തുടങ്ങണം.
6. റെഡിമെയ്ഡു വസ്ത്രനിർമ്മാണ യുണിററ് തുടങ്ങണം.
7. കോഴി വളർത്തൽ, താറാവു വളർത്തൽ, കന്നുകാലി വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കണം.
8. തൊഴിലവസരം നല്കുന്നതിന് ജനകീയ പങ്കാളിത്തത്തോടു കൂടി കയർ വ്യവസായം പുനരുജ്ജീവിപ്പിക്കണം.
9. കുടിൽ വ്യവസാടങ്ങൾക്കാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നല്കണം.
10. കെൽട്രോണിൻെറയോ മററോ ഒരു ഇലക്ട്രോണിക് അസംബ്ലിങ്ങ് യുണിററ് സ്ഥാപിക്കണം.
11. ചെമ്മീൻ സംസ്കരണ വ്യവസായം തുടങ്ങണം.
12. ഡ്രയർ സിസ്ററത്തിൽ കൊപ്രാഉണക്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.
13. തൊഴിലില്ലായമ പരിഹരിക്കുന്നതിനുവേണ്ടി യുവാക്കൾക്കും യുവതികൾക്കും ചെറുകിട വ്യവസായങ്ങൾതുടങ്ങുന്നതിനുള്ള പദ്ധതികൾ തുടങ്ങണം.
14. പച്ചച്ചകിരിയിൽ നിന്നും നാരെടുത്ത് ഉൽപന്നങ്ങളുണ്ടാക്കുന്നതിനുള്ള സംരംഭം സഹകരണ മേഖലയിൽതുടങ്ങണം.
15. ഖാദി ബോർഡിൻെറ സഹായത്തോടെ ചർക്ക ഉപയോഗിച്ച് ചെറുകിട വ്യവസായം തുടങ്ങണം.

16. സഹകരണ മേഖലയിൽ പ്ലാസ്ററിക് വ്യവസായം തുടങ്ങണം.

17. പി.എം.ആർ.വൈയെ പററി ബോധവൽക്കരണത്തിന് പഞ്ചായത്ത് തലത്തിൽ,വേണ്ടപ്പെട്ടവരെ സംഘടിപ്പിച്ച് ക്ലാസ് നടത്തണം.

18. നാളികേര കോംപ്ലക്സ് സ്ഥാപിക്കണം.

## നിർദ്ദേശങ്ങൾ:-

1. നവീനരീതിയിലുള്ള തൊണ്ടഴുക്കൽ സമ്പ്രദായം നടപ്പിലാക്കി കയർസംഘങ്ങൾക്കാ വശ്യമായ തൊണ്ടിൻെറ ലഭ്യത ഉറപ്പുവരുത്തുകയും പരിസര മലിനീകരണം തടയുകയും ചെയ്യുക (ബന്ധപ്പെടേണ്ട സ്ഥാപനങ്ങൾ,കയർ ബോർഡ്,കയർ പ്രൊജക്ട് ഓഫിസ്)

2. കയർസഹകരണ സംഘങ്ങളിൽകൂടി യന്ത്രവൽകൃത ചൂടി നിർമാണം ആരംഭിക്കണം (കയർസഹകരണ സംഘങ്ങൾ, കയർ പ്രൊജക്ററ് ഓഫിസ്, കയർ വികസന ഡയറകറ്ററേറ് തിരുവനന്തപുരം, കയർ ഫെഡറെഷൻ ആലപ്പുഴ)

3. ചൂടി കൊണ്ടുള്ള മററുൽപന്നങ്ങൾ നിർമ്മിക്കാനുള്ള പരിശീലനവും കൊടുത്ത് നിർമ്മാണം ആരംഭിക്കുക.

4. ഇവിടെ സുലഭമായി ലഭിക്കുന്ന നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധ തരം വ്യവസായങ്ങളെ പററി ബോധവൽക്കരണം നടത്തുന്നതിന് നാളികേര വികസന ബോർഡ്, കേരാ ഫെഡ്, കയർ വികസന ഡയറക്ടർ, റീജ്യണൽ റിസർച്ച് ലാബററ്ററി, തിരുവനന്തപുരം തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഒരു പരിശീലന കോഴ്സ് ആരംഭിക്കുക.

5. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന സംരംഭക്കൾക്ക് പ്രസ്തുത വ്യവസായത്തിലെ നവീനരീതികളെപററി ഇന്ത്യൻ ഇൻസ്ററിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി മദ്രാസ്, എന്ന സ്ഥാപനത്തിൻെറ കീഴിൽ വിദഗ്ദ പരിശീലനം നല്കണം.

6. വ്യവസായം തുടങ്ങാനാഗ്രഹിക്കുന്ന ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായ സംരംഭങ്ങളെ പററിയുള്ള ആശങ്കഅകററുന്നതിനും, വിജയകരമായ രൂപത്തിൽ വ്യവസായം നടത്തികൊണ്ടു പോകുന്ന വ്യവസായങ്ങളുമായി ആശയ വിനിമയം നടത്തുന്നതിന് പര്യാപ്തമായ രീതിയിൽ വ്യവസായങ്ങൾ നേരിൽ കണ്ടു മനസ്സിലാക്കാനും, പഠന യാത്ര സംഘടിപ്പിക്കണം.

7. പാവറട്ടി പഞ്ചായത്തിൽ വ്യവ്യായ വളർച്ചക്കാവശ്യമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുന്ന തിന് തൃശൂർ ജില്ലാ വ്യവസായ കേന്ദ്രം, തൃശൂർ ജില്ലാവ്യവസായ കേന്ദ്രം, തൃശൂർ ചെറുകിട വ്യവസായ അസോസിയേഷൻ മററു പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ പത്തു ദിവസം നീണ്ടു നിൽക്കുന്ന ഒരു വ്യവസായ കാർഷിക പ്രദർശനം സംഘടിപ്പിക്കുക.

8. വ്യവസായ രംഗത്തേക്ക് വരുന്നവർക്ക് വൈദ്യുതി ലൈനുകൾ 3 ഫെയ്സ് ആക്കി മാററുവാൻ വേണ്ട നടപടി സ്വീകരിക്കണം.

9. വ്യവസായങ്ങളെ പററി പ്രതിപാദിക്കുന്ന വ്യവസായ കേരളം പോലെയുള്ള പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിൽ വരുത്തണം.

10. കണ്ടെത്തുന്ന വ്യവസായസംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായങ്ങൾ തുടങ്ങുവാനും പ്രസ്തുത രംഗത്ത് നല്ല നിലയിൽ പ്രവർത്തികാനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുവാൻ ഒരു സ്ഥിരം മോണിററിങ്ങ് കമ്മററി രൂപീകരിക്കുകയും വേണം.

11. പാവറട്ടി പഞ്ചായത്തിലേക്ക് ഗൾഫ് മലയാളികളെ ആകർഷിക്കത്തക്ക രൂപത്തിലുള്ള വീശദികരണങ്ങൾ നല്കി പ്രസിദ്ധികരണങ്ങൾ അച്ചടിച്ച് അവരുടെ ഇടയിൽ വിതണം ചെയ്യണം.

12. വ്യവസായികൾക്കാവശ്യമായ നിർദ്ദേശങ്ങൾ നല്കാൻ പഞ്ചായത്തടിസ്ഥാനമായി ഒരു ഗെയിഡൻസ് ബ്യൂറോ തുടങ്ങണം. അതിൽ ഇൻറർനെററ്പോലുള്ള ആധുനിക സംവിധാനങ്ങളേർപ്പെടുത്തണം.

13. മേൽപ്പറഞ്ഞ നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ അടുത്ത ഏതാനും വർഷങ്ങൾക്കുള്ളിൽ വ്യവസായ രംഗത്തു കാര്യമായ പുരോഗതി ഉണ്ടാക്കാൻ കഴിയും. നമുക്കാവശ്യമായ നിത്യോപയോഗ സാധനങ്ങൾ ഇവിടെ തന്നെ ലഭ്യമാക്കാനും എല്ലാററിനും അന്യാസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന രീതി ഒഴിവാക്കാനും കഴിയും . ഈ പഞ്ചായത്തിലെ കാർഷിക വിളകളെ പ്രോത്സാഹിപ്പിക്കുന്നതോടൊപ്പം നല്ലൊരു ശതമാനം തൊഴിലില്ലായത്തവർക്ക് തൊഴിൽ നല്കാനും കഴിയും. പഞ്ചായത്തിൻെറ മൊത്തത്തിലുള്ള സാമ്പത്തികസ്ഥിതി മെച്ചപ്പെടുകയും നമ്മുടെ ആളോഹരി വരുമാനം വർദ്ധിക്കുകയും ചെയ്യും.ഇത് ജനങ്ങളുടെ സാമൂഹിക-സാമ്പത്തിക സാംസ്കാരിക പുരോഗതിക്ക് ആക്കം കൂട്ടുകയും പുതിയ സാമൂഹിക ജീവിതാനുഭവങ്ങളും വികസന സാക്ഷരതയും വളർന്നുവരാൻ കാരണമാവുകയും ചെയ്യും.

## പട്ടിക (1)

| ക്രമനമ്പർ | വിഭാഗം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പുരു | സ്ത്രി | ആകെ |
| 1 | കയർ സഹകരണ മേഖല | 8 | 180 | 188 |
| 2 | കയർ സ്വകാര്യ മേഖല | 2 | 30 | 32 |
| 3 | മററു വ്യവസായങ്ങൾ (ഒയിൽ മില്ല്, ഐസ് ഫാക്ടറി,ബേക്കറി, ബട്ടൺ കമ്പനി, പ്ലാസ്ററിക് കമ്പനി, വർക്ക് ഷോപ്പ്,അച്ചടി പ്രസ്, പപ്പടം, മററും) | 80 | 9 | 89 |
| | ആകെ | 90 | 219 | 309 |

## പട്ടിക (2)

| ക്രമ നമ്പ്ര് | വ്യവസായങ്ങളുടെ പേര് | കൂലി നിരക്ക് | |
|---|---|---|---|
| | | പുരു | സ്ത്രി |
| 1 | കൊപ്ര സംസ്ക്കരണം | 75 | 45 |
| 2 | കയർ | 70 | 35 |
| 3. | അച്ചടി | 70 | 35 |
| 4. | ബേക്കറി | 65 | |
| 5. | ആയുർവ്വേദം | | 40 |
| 6. | ഓയിൽ മിൽ | 75 | 45 |
| 7. | പപ്പടം | 50 | 35 |
| 8. | പൗണ്ടിങ്ങ് മിൽ | 60 | 35 |
| 9. | പ്ളാസ്ററിക് | 70 | 20 |
| 10 | സോഡ | 70 | |

4. വിളക്കാടുപാടം ഭാഗത്ത് കൃഷിക്ക് വെള്ളം കിട്ടാത്തതിനാൽ കൃഷി പലതും നടക്കുന്നില്ല. കോൾ പടവിലൂടെ വന്നിട്ടുള്ള കെ. എൽ. ഡി.സി. കനാലിൽ നിന്നും വെള്ളം ലഭ്യമാണ്. ഉള്ള തോടുകളും കാനകളും ബന്ധപ്പെടുത്തി ഈ ജലസേചനം നടത്തുകയും വേണ്ട കൃഷികാർക്ക് ഉപയോഗപ്പെടുത്തുകയും ചെയ്യും.

5. കേരകൃഷിക്ക് വേണ്ട വളവും മറ്റു സബ്സിഡികളും കൊടുക്കണം. നാളികേരത്തിന് താങ്ങുവില നിശ്ചയിക്കണം. നാളികേരം ഉൽപ്പന്നമാക്കി വിൽക്കുവാനുള്ള കൂട്ടായ പ്രവർത്തനം ഉണ്ടാകണം. തെങ്ങുകൃഷിക്ക് ഉണ്ടാകുന്ന അസുഖത്തിന് വേണ്ട കീടനാശിനികൾ നൽകണം. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുകയും പകരം നല്ലയിനം തൈകൾ വെക്കുന്നതിനും വേണ്ട സംവിധാനം കൃഷിഭവൻ ഓഫീസുമായി ബന്ധപ്പെട്ട് നടത്തണം. സബ്സിഡിയിൽ നല്ലയിനം തൈകൾ നൽകുക. ശീതളപാനീയമായി ഇളനീരിൻെറ വിൽപനക്ക് പാർലർ നടത്തുവാൻ വേണ്ട സൗകര്യം പഞ്ചായത്ത് തലത്തിൽ നടത്തുക. പ്രധാനകൃഷിയായ തെങ്ങിൻെറ നാളികേരവും ഉൽപ്പന്നങ്ങളും ഉപയോഗിച്ചു തുടങ്ങുന്ന വ്യവസായ സംരംഭങ്ങൾ ഇന്നത്തെ കർഷകന് ആശ്വാസമാകും.

6. തെങ്ങുകൃഷിയിൽ ഇപ്പോൾ സംജാതമായിട്ടുള്ള വലിയ തോതിലുള്ള ഉൽപാദനക്കുറവിൻെറ യാഥാർത്ഥ കാരണം കണ്ടുപിടിച്ച് വേണ്ട പ്രതിവിധികൾ കൃഷിഭവൻ മുഖേന ലഭ്യമാക്കണം. വാർഡുകൾ തോറും കൊപ്ര ഡ്രയറുകൾ സ്ഥാപിക്കണം. വാങ്ങുന്നവർക്ക് സബ്സിഡി കൊടുക്കുകയും ചെയ്യണം.

7. വികസനസമിതിയുടെ നേതൃത്വത്തിൽ സഹകരണ മേഖലയിൽ എക്സ് പെല്ലറിട്ട് ഒരു വെളിച്ചെണ്ണ സംസ്ക്കരണ ശാല നിർമ്മിക്കണം.

കൃഷി അഭിവൃദ്ധിക്കായി ഇപ്പോൾ ഉള്ള സ്ഥലപരിധി 30 സെൻറിൽ നിന്നും പരമാവധി കുറക്കുന്നത് ചെറുകിട നാമമാത്ര കർഷകർക്ക് ആശ്വാസമായിരിക്കും. 25 സെൻറിൽ കൃഷിക്ക് ഉപയോഗിക്കുവാൻ കിണറുകളും പമ്പ് സെറ്റുകളും നൽകണം.

8. തെങ്ങ് കൃഷിക്ക് ഇടവിളയായി കവുങ്ങ്, വാഴ, കുരുമുളക്, ജാതി, പച്ചക്കറി എന്നിവ കൃഷി ചെയ്യുവാൻ സബ്സിഡി നൽകണം. ഡ്രിപ്പ് ഇറിഗേഷൻ സംവിധാനം ഉണ്ടാകണം. അതിനുവേണ്ട ബോധവൽക്കരണം നടത്തുകയും വേണം.

9. നാളികേര ഉൽപ്പന്നങ്ങളുടെ ലഭ്യതക്ക് അനുപാതികമായി തെങ്ങ് കയറ്റകൂലി പഞ്ചായത്ത് തലത്തിലോ സംസ്ഥാനതലത്തിലോ നടപ്പാക്കണം.

10. വിത്തിനങ്ങൾ: നടീൽ വസ്തുക്കൾ ലഭിക്കുന്നതിന് നഴ്സറികളെ പ്രയോജന പ്പെടുത്തണം.

11. ഔഷധസസ്യങ്ങൾ: പഞ്ചായത്തിൽ വ്യാപകമായി കണ്ടുവരുന്ന ഔഷധസസ്യങ്ങൾ കണ്ടെത്തി അത് സംരക്ഷിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനും കഴിയണം. കച്ചോലം,മഞ്ഞൾ, ഇഞ്ചി, മുതലായവയുടെ ഉൽപാദനം വർദ്ധിപ്പിക്കണം.

12. പച്ചക്കറി ഉൽപാദനം: ഗുണമേൻമയുള്ള വിത്തിനങ്ങൾ ശേഖരിച്ച് ജൈവവളത്തിന് മുൻതൂക്കം നൽകി സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വാർഡുകളിൽ വ്യാപിപ്പിക്കുവാൻ കഴിയും. മാതൃക കൃഷി തോട്ടങ്ങൾക്ക് രൂപകൽപന ചെയ്യുകയും നല്ലയിനം വിത്തുകളും വളങ്ങളും നൽകുകയും ചെയ്യുക. ഇതിനുവേണ്ടി പഞ്ചായത്ത് തലത്തിലും വാർഡുതലത്തിലും കമ്മറ്റികൾ ഉണ്ടാകണം. സന്നദ്ധരായ 25 വീടുകൾ വീതം ഓരോ വാർഡിൽനിന്നും തിരഞ്ഞെടുത്ത് അടുക്കള

കൃഷിക്ക് വേണ്ട പ്രോത്സാഹനവും വിത്തുകളും സൗകര്യങ്ങളും ആദ്യകാലങ്ങളിൽ തന്നെ നൽകണം. ഓരോ വാർഡിലും മാസത്തിൽ ഒരു തവണയെങ്കിലും കൃഷിഭവൻ ഓഫീസർ ബന്ധപ്പെടുവാനുള്ള സൗകര്യം ഉണ്ടാകണം. കൃഷിയിൽ നിന്ന് വൈമുഖ്യം കാണിക്കുന്നവരെ ബോധവൽക്കരണം വഴി വീണ്ടും കൃഷിയിലേക്ക് കൊണ്ടുവരണം. കൃഷിക്ക് വേണ്ട സഹായസഹകരണങ്ങൾ കൃഷിഭവനുമായി ബന്ധപ്പെട്ട് നടത്തണം.

14. വളങ്ങൾ: രാസവളവിതരണ സഹകരണ ഡിപ്പോ പഞ്ചായത്തിൽ വേണം. പച്ചില വളത്തിൻെറ കുറവ് നികത്തുന്നതിന് ശീമകൊന്ന, ഡെയ്ഞ്ച എന്നിവ കൂടി വളർത്തി ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കുകയും വേണ്ട സഹായങ്ങൾ നൽകുകയും വേണം.

15. ജലസേചനം: തെങ്ങ്കൃഷിക്ക് ജലസേചന സൗകര്യം വർദ്ധിപ്പിക്കണം. കർഷകക്ക് മുതൽ മുടക്ക് ആവശ്യമായതിനാൽ വേണ്ട ലോണുകളും സബ്സിഡികളും നൽകണം. പഞ്ചായത്തിലെ വേസ്റ്റ് ഉപയോഗപ്പെടുത്തി വളം (പ്ലാൻറ്) നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം.

16. ഇൻഷൂറസ് പദ്ധതി : കൃഷിയെ സംരക്ഷിക്കുന്നതിനും കർഷകർക്ക് ആത്മവിശ്വാസം നൽകുന്നതിനും വിളകൾക്ക് (തെങ്ങ്) ഇൻഷൂറൻസ് സമ്പ്രദായം നടത്തണം.

17. നഴ്സറികൾ: ധാരാളം വിപണന സാദ്ധ്യതയുള്ളതാണ് ഫ്ളോറി കൾച്ചർ. ഓർക്കിഡ് ആന്തൂറിയം ഇവ നഴ്സറികളുടെ സഹായത്തോടെ കൂടുതൽ പ്രദേശങ്ങളിലേക്ക് എത്തിക്കണം. കുറ്റിമുല്ല കൃഷിയും സാദ്ധ്യതകൾ ധാരാളമുള്ള കൃഷിയാണ്. ഒരു വാർഡിൽ നിന്ന് താൽപര്യമുള്ള 10 പേരെ തെരഞ്ഞെടുത്ത് ഈ കൃഷികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാകണം.

വളരെ ചിലവ് കുറഞ്ഞതും ലാഭകരമായി കുറഞ്ഞ സമയപരിധിക്കുള്ളിൽ വിളവെടുക്കാവുന്നതുമായ കൂൺ കൃഷി നടപ്പിലാകണം. തെങ്ങിൽ കുരുമുളക് വെച്ച് പിടിപ്പിക്കുന്നത് ശീലമാക്കി മാറ്റിയെടുക്കണം കർഷകരെ അംഗീകരിക്കുന്ന രീതിയിലുള്ള അ വാർഡുകൾപഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തണം. ഇതിനെല്ലാം പുറമെ കൃഷിഭവൻെറ അ ടിസ്ഥാനസ്വകര്യങ്ങൾ മെച്ചപ്പെടുത്തണം.

പാവറട്ടി പഞ്ചായത്തിൻെറ കാർഷിക പുരോഗതിയിൽ ഗണ്യമായ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്.

ജലസേചനം: കെ.എൽ.ഡി.സി. ചിറയിൽനിന്നും കൃഷിക്ക് ആവശ്യമായ ജലസേചനസൗകര്യം ഏർപ്പെടുത്തണം.

# V. 2 മൃഗസംരക്ഷണം

പാവറട്ടി പഞ്ചായത്തിൽ മൃഗസമ്പത്ത് വളരെ ശുഷ്ക്കിച്ചു പോയ ഒരവസ്ഥയാണ് ഇന്നുള്ളത്. ലാഭകരമല്ലാത്ത ഒരു ഉപതൊഴിൽ എന്ന നിലയിൽ കൃഷിക്കാർ ഈ മേഖലയിൽ നിന്ന് വിട്ടുമാറി നിൽക്കുകയാണ്. ഇതിന് ഒരു വ്യത്യാസം വരുത്തുവാൻ ഗ്രാമസഭകളിലുണ്ടായ ചർച്ചാ നിർദ്ദേശങ്ങൾ പ്രായോഗികതലത്തിൽ കൊണ്ടുവന്ന് നടപ്പിലാക്കുക എന്നതാണ്കാരണീയമായിട്ടുള്ളത്.

മൃഗസമ്പത്ത് വർദ്ധിപ്പിക്കാനും അതിലൂടെ കർഷകരുടെയും ഇതുമായി ബന്ധപ്പെട്ട മറ്റു ജനവിഭാഗങ്ങളുടെയും വരുമാനം വർദ്ധിപ്പിക്കാനും നമുക്കാകവശ്യമായ പാല്, മാംസം, മുട്ട എന്നിവക്ക് നമ്മുടെ ഗ്രാമപഞ്ചായത്തിൽ സ്വയംപര്യാപ്തത ഒരു പരിധിവരെയെങ്കിലും നേടുവാനും ആവശ്യമായ നിർദ്ദേശങ്ങളും ആവശ്യങ്ങളും താഴെ പ്രതിപാദിക്കുന്നു.

## പാവറട്ടി ഗ്രാമപഞ്ചായത്ത്

കാർഷികസമീപനത്തിൻെറ അഭിഭാജ്യഘടകമായി കന്നുകാലി വികസനം പരിഗണിക്കപ്പെടണം - മൃഗസംരക്ഷണമേഖലയിലെ ഉൽപാദനം വർദ്ധിപ്പിക്കണം. ഉദ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അനുയോജ്യമായ സാങ്കേതിക വിദ്യയും മാനേജുമെൻറ് സങ്കേതങ്ങളും പ്രയോഗത്തിൽ വരുത്തുക. അതിനായി നല്ല ജാതി പശുകുട്ടികളെയും കറവപശുക്കളേയും സബ്സിഡി നിരക്കിൽ ഗ്രാമീണർക്ക് ലഭ്യമാകണം. മൃഗസംരക്ഷണത്തിനായി മൃഗാസ്പത്രി 1-ാം വാർഡിൽ മാത്രമേ ഉള്ളൂ. അതിനും പുറമെ 2,6,7 എന്നീ വാർഡുകളിൽ സബ്സെൻറർ തുടങ്ങേണ്ടതിന് ഗ്രാമസഭകളിൽ നിന്ന് ശക്തിയായ നിർദ്ദേശം ഉണ്ട്.

കന്നുകാലികൾക്ക് പ്രതിരോധകുത്തിവെയ്പുകൾ അവലംബം കൂടാതെ നടപ്പിലാക്കുക. അതിനാവശ്യമായ വാക്സിനുകൾ വിതരണം നടത്തുക. മൃഗാസ്പത്രികളിലും സബ്സെൻററുകളിലും മരുന്നുകളും പ്രതിരോധകുത്തിവയ്പിനുള്ള വാക്സിനുകളും സൂക്ഷിക്കുവാൻ ഫ്രിഡ്ജുകൾ വിതരണം ചെയ്യേണ്ടതാണ്. ഈ പഞ്ചായത്തിൽ ആവശ്യമായ സ്ഥലത്ത് ഒരു ക്ഷീരോൽപാദന സഹകരണസംഘം സ്ഥാപിക്കണം.

കന്നുകാലി വളർത്തലിൽ വികസനം ത്വരിതപ്പെടുത്തുന്നതിനുവേണ്ട പ്രത്യേക സാങ്കേതിക പരിശീലനങ്ങളും ക്ലാസുകളും സംഘടിപ്പിക്കണം.

1. കന്നുകാലി കർഷകർക്ക് കുറഞ്ഞ വിലക്ക് കാലി തീറ്റ വിതരണം ചെയ്യുക. 2. കന്നുകാലി കർഷകർക്ക് പുല്ല് ലഭിക്കുന്നതിന് അതിൻെറ വിത്തുകളും വളവും വിതരണം ചെയ്യുക. തീറ്റപുല്ല് കൃഷി വികസിപ്പിക്കുക.

2.1-ാം വാർഡിൽ പഞ്ചായത്തിൻെറ പഴയ അറവുശാല പരിസരത്തേക്ക് മൃഗാസ്പത്രി മാറ്റി സ്ഥാപിക്കണം. കാരണം ചുറ്റുഭാഗം വാഹനഗതാഗതം കൊണ്ട് വരിഞ്ഞുമുറുകി നില്ക്കുന്ന മൃഗാസ്പത്രിയിലേക്ക് മൃഗങ്ങളെ കൊണ്ടുവരുന്നത് സുരക്ഷിതമല്ല.

മൃഗാസ്പത്രിയിലും സബ് സെൻററുകളിലും ആവശ്യമായ മരുന്നുകൾ ക്ഷാമം കൂടാതെ വിതരണം ചെയ്യുക. കന്നുകാലി ഇൻഷുറൻസ് പഞ്ചായത്തുതലത്തിൽ സബ്സിഡി നിരക്കിൽ നടപ്പിലാക്കുക. അതിന് ആവശ്യമായ ഇൻഷുറൻസ് പ്രീമിയത്തിൻെറ പകുതി പഞ്ചായത്തിൽ നിന്നും അടക്കുന്നത് കർഷകർക്ക് പ്രോത്സാഹനമായിരിക്കും.

കന്നുകാലികളുടെ സംരക്ഷണത്തിനാവശ്യമായ തൊഴുത്തുകളും ആടുകൾക്ക് ആട്ടിൻ കൂടുകളും അതുപോലെ തന്നെ കോഴികൾക്കും താറാവുകൾക്കും ആവശ്യമായ കൂടുകളും ഉണ്ടാക്കുന്നതിന് പഞ്ചായത്തിൻെറ സാമ്പത്തിക സഹായം കർഷകർക്ക് ലഭ്യമാക്കുക. ദുർബല വിഭാഗങ്ങൾക്ക് സൗജന്യനിരക്കിൽ വളർത്തുമൃഗങ്ങളെ വിതരണം ചെയ്യുക.

ഗോബർഗ്യാസ് പ്ലാൻറ് ആവശ്യമായ കർഷകർക്കെല്ലാം സൗജന്യനിരക്കിൽ ഗോബർഗ്യാസ് പ്ലാൻറുകൾ പഞ്ചായത്തിൻെറ സാമ്പകത്തിക സഹായത്തോടുകൂടി നടപ്പിലാക്കുക.

അറവുശാലകൾ: ആധുനിക രീതിയിലുള്ള അറവുശാല ഉണ്ടാക്കുക. പഞ്ചയത്തിലെ അറക്കപ്പെടുന്ന മൃഗങ്ങളെ മൃഗഡോക്ടർ പരിശോധിച്ച് സീൽ ചെയ്ത ശേഷം മാത്രമെ അറുക്കുവാൻ പാടുള്ളൂ. എന്നത് നിയമമാക്കുക രോഗം വന്ന കന്നുകാലികളെ അറക്കുന്ന വിവരം ലഭിച്ചാൽ അവർക്കെതിരെ നിയമപരമായി ശക്തമായ നടപടി എടുക്കുക. അറക്കുന്നതിന് ലൈസൻസ് സമ്പ്രദായം കർശനമായി നടപ്പിലാക്കുക. ഇറച്ചി , മൽസ്യം, പച്ചക്കറികൾ മുതലായവ പൊതുവായ മാർക്കറ്റിൽ വെച്ച് വിപണനം നടത്തുവാനുള്ള സംവിധാനം ഉണ്ടാക്കുക.

## ഡയറി യൂണിറ്റുകൾ :

1.ഡയറി യൂണിറ്റുകൾ സ്ഥാപിച്ചുകൊണ്ട് പാലുൽപ്പാദനം ത്വരിതപ്പെടുത്താം. 3 പശുക്കൾ അടങ്ങുന്ന മിനി ഡയറി യൂണിറ്റും, 5 മുതൽ 10 വരെ പശുക്കൾ അടങ്ങുന്ന ഡയറി യൂണിറ്റുകളും സ്ഥാപിക്കുന്നതിലേയും പകുതി ബാങ്ക് വായ്പയും നാലിലൊന്നു ധനസഹായവും ബാക്കി ഗുണഭോക്തവിൻെറ വിഹിതമായും നിശ്ചയിച്ച് ഉൽപ്പാദന മേഖല വിപുലീകരിക്കാം.

2.വനിതാസംരംഭകർക്കുള്ള പശുവളർത്തൽ യൂണിറ്റ്: 15, 20 വനിതകൾ അംഗങ്ങളായ വനിതാ-പശുവളർത്തൽ സംരംഭം ആരംഭിക്കുക. ഗ്രാമവികസനവുമായി ബന്ധപ്പെട്ട് ധനസഹായം ലഭ്യമാക്കുവാൻ ചാരിറ്റബിൾ സൊസൈറ്റി എന്ന പേരിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

3. തുകൽ സംസ്ക്കരണം- അറവുശാല ഉപോൽപ്പന്ന സംസ്ക്കരണം: ഒരു തോൽ സംസ്ക്കരണ- അറവുശാല ഉപോൽപ്പന്ന യൂണിറ്റ് തുടങ്ങി തൊഴിൽ ഇല്ലാത്തവർക്ക് ഒരു തൊഴിൽ സ,ംരംഭം തുടങ്ങുവാൻ ഈ മേഖലയിൽ വളരെ സാധ്യതയുണ്ട്. സാമ്പത്തിക സഹായവും ഇതിന് വേണ്ടി കൊടുക്കണം.

4.സമ്മിശ്രമൃഗപരിപാലനം: മൃഗപരിപാലന തോപ്പും പുൽകൃഷി, മൽസ്യം വളർത്തൽ, പശുവളർത്തൽ, കോഴി താറാവ് വളർത്തൽ, പന്നി വളർത്തൽ എന്നിവ കൂട്ടായ നടത്തിപ്പിൽ വരുത്തുക. 3 പശു, 3 ആട്, 6 പന്നി 250 കോഴി എന്നിവ വളർത്തുകയും പുൽകൃഷി ചെയ്യുകയും ആണ് ഈ രീതി. കോഴിയുടെ അവശിഷ്ടം പന്നിക്കും പന്നിയുടെ കാഷ്ഠം മൽസ്യത്തിനും ഉപകരിക്കുന്ന ഒരു യൂണിറ്റാണ് ഇത്.

## കോഴിവളർത്തൽ

വീട്ടുമുറ്റത്തെ കോഴിവളർത്തൽ: ഈ പരിപാടിയിലൂടെ കുറഞ്ഞ ചിലവിൽ വീട്ടാവശ്യത്തിനുള്ള മുട്ടയും മാംസവും ഉൽപാദിപ്പിക്കാവുന്നതാണ് ഇത് വീട്ടമ്മമാർക്ക് ഒരു വരുമാനമാർഗ്ഗവും ആകുന്നു. ഇപ്പോൾ ഇവിടെ ഉപയോഗിക്കുന്ന മുട്ടയുടെയും മാംസത്തിൻേറയും 50 ശതമാനവും പുറമേ നിന്ന് വരുന്നവയാണ്. ഇത് ഇവിടെ തന്നെ ഉൽപാദിപ്പിക്കുവാൻ സാധിക്കുകയാണെങ്കിൽ ഇവിടത്തെ ജനങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതോടൊപ്പം കുറേ പേർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും.

45 ദിവസം പ്രായമായ മുട്ടക്കും ഇറച്ചിക്കും ഉതകുന്ന (Dual Purpose) 5 കോഴി കുഞ്ഞുങ്ങളെ വീതം സബ്സിഡി നിരക്കിൽ 1000 പേർക്കെങ്കിലും നൽകുക. അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ ആഹാരമായി നൽകാം. ഇതിലേക്ക് ആവശ്യമായ കോഴികുഞ്ഞുങ്ങളെ എഗ്ഗർ നഴ്സറികളിൽ നിന്നോ സർക്കാർ ഫാമുകളിൽ നിന്നോ ലഭ്യമാക്കാം.

കോഴിവസന്ത തുടങ്ങിയ കോഴികൾക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾക്ക് കുത്തിവെയ്പുകൾ വാർഡുകൾ തോറും കർഷകരുടെ വീടുകളിൽ ലഭിക്കത്തക്കവണ്ണമുള്ള സൗകര്യം മാസത്തിലൊരിക്കൽ ഏർപ്പെടുത്തുക.

കോഴികൾക്ക് വിര ഇളക്കാനുള്ള മരുന്നുകളും കാലാകാലങ്ങ ളിൽ വിതരണം ചെയ്യുക.

ഇറച്ചി കോഴികളെ വളർത്തുവാൻനല്ലയിനം കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

താറാവ്: നല്ലയിനം താറാവ് കുഞ്ഞുങ്ങളെ ആവശ്യമുള്ളവർക്ക് വിതരണം ചെയ്യുക.

കാട, ഗിനികോഴി എന്നിവ വളർത്തുന്നതിന് കൃഷിരീതി പഠിപ്പിച്ചുകൊണ്ട് ആവശ്യമായ കുഞ്ഞുങ്ങളെയും വിതരണം ചെയ്യുക .

## പൊതുനിർദ്ദേശങ്ങൾ:

1. പ്രാദേശികമായി ലഭ്യമായി വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റ നിർമ്മാണയുണിറ്റുകൾ തുടങ്ങണം.

2. പഞ്ചായത്തു പുറമ്പോക്കുസ്ഥലങ്ങൾ തീറ്റ-പുൽ കൃഷിക്ക് വേണ്ടി ലേലവ്യവലസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്.

3. പഞ്ചായത്തിൽ ഒരു ക്ഷീരോൽപാദക സഹകരണസംഘം തുടങ്ങേണ്ടതാണ്.

4. ബാങ്കുകൾ കർഷകർക്ക് വായ്പ അനുവദിക്കേണ്ടതാണ്.

5. മൃഗാസ്പത്രി ഒരു സൗകര്യപ്രദമായ കെട്ടിടത്തിലേക്ക്മാറ്റി സ്ഥാപിക്കേണ്ടതാണ്. അവശ്യം മരുന്നുകൾ അവിടെ ലഭ്യമാക്കേണ്ടതാണ്.

6. പഞ്ചായത്ത് തലത്തിൽ പക്ഷി-മൃഗാദികൾക്ക് മാസ്റ്റർ പോളിസി വഴി ഇൻഷുറൻസ് പരിരക്ഷ നൽകേണ്ടതാണ്.

7. രണ്ട് വെറ്ററിനറി സബ് സെൻറർ ആരംഭിക്കേണ്ടതാണ്.

8. ആധുനിക രീതിയിലുള്ള ശാസ്ത്രീയമായ അറവുശാലകൾ പ്രാദേശികമായി സ്ഥാപിക്കുകയും ശുദ്ധമായ മാംസ വിപണന സൗകര്യങ്ങളോടുകൂടിയ ഒരു മാർക്കറ്റ് സ്ഥാപിക്കുകയും വേണം. കശാപ്പിനു മുമ്പും പിമ്പും മൃഗങ്ങളെ വെറ്ററിനറി ഇൻസ്പെക്ഷൻവിധേയമാക്കുവാൻ നിയമനിർമ്മാണം നടത്തേണ്ടതാണ്.

9. മൃഗസംരക്ഷണമേഖല വിപുലീകരിക്കുക.

10. മൃഗാസ്പത്രിയുടെ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുക.

11. ചികിസ്താരംഗം രജിസ്ട്രേഷൻ ഉള്ളവർക്കുമാത്രമായി നിജപ്പെടുത്തുക.

12. മൃഗാസ്പത്രി വികസനസമിതി രൂപീകരിക്കുക.

13. സമഗ്ര പേ വിഷ നിയന്ത്രണ നയം ഉണ്ടാക്കുകയും പഞ്ചായത്തിലെ എല്ലാ വളർത്തുനായകൾക്കും പൂച്ചകൾക്കും പ്രതിരോധകുത്തിവെയ്പ് നൽകുകയും ലൈസൻസിങ്ങ് നിർബന്ധമാക്കുയും അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം.

14. പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ക്യാമ്പ്, ഡിസ്പെൻസറികൾ നടത്തുവാനുള്ള സംവിധാനം ഉണ്ടാക്കുക.

15. എല്ലാ വീടുകളിലും ആദായകരമായി നടത്തിവരുന്ന കോഴിവളർത്തൽ ഇന്ന് ഒരു പരീക്ഷണഘട്ടത്തിലാണ്. ഇതിനുകാരണം പുതിയ അസുഖങ്ങൾക്ക് വേണ്ടതായ ചികിത്സയും മരുന്നും വേണ്ട സമയത്തു കിട്ടുന്നില്ല. ഇതിന് ശാശ്വതമായ ഒരു പദ്ധതി കണ്ടെത്തണം. മാസത്തിൽ ഒരു വാർഡിൻെറ രണ്ട് ഭാഗങ്ങളിലായി മാറി മാറി മുൻകൂട്ടി ഗ്രാമനിവാസികളെ അറിയിച്ചശേഷം രോഗപ്രതിരോധ കുത്തിവെപ്പുകൾ കണിശമായി നടപ്പിൽ വരുത്തുക.

അവയെ വളർത്തുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ക്ലാസുകളും കൊടുക്കണം. ഈ പഞ്ചായത്തിൽ ഇവയെ പറ്റി ബോധവൽക്കരണക്ലാസ് ഏർപ്പെടുത്തണം.

**പേപ്പട്ടി:**

1.അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുത്തിൽ ഒരു പ്രാവശ്യം ജനങ്ങളുടെ പ്രത്യേക സമ്മർദ്ദം ഇല്ലാതെ കാലാകാലങ്ങളിൽ നിർമ്മാർജനം ചെയ്യുക.

2.പേ വിഷബാധ വരാതിരിക്കുവാൻ വളർത്തുനായ്ക്കൾക്ക് നിർബന്ധമായും പ്രതിരോധ കുത്തിവെയ്പുകൾ നടത്തുകയും ലൈൻസിങ്ങ് സമ്പ്രദായം കൊണ്ടുവരികയും വേണം.

പന്നി:

വളരെ ആദായകരമായ ഒരു തൊഴിൽ ആണ് പന്നി വളർത്തൽ ഇതിന് ആവശ്യമായ നല്ല പന്നിക്കുട്ടികളെ ആദായവിലക്ക് വിതരണം ചെയ്യുക. പന്നിവളർത്തൽ പരിശീലനത്തിന് ബോധവൽക്കരണം നത്തുക. പന്നി മാംസത്തിന് വിപണന മാർക്കറ്റിങ്ങ് സൗകര്യം ഉണ്ടാക്കുക.

**മുയൽ:**

നല്ലിയിനം മുയൽകുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. മുയൽ കൂടിനുള്ള സാമ്പത്തിക സൗകര്യം നൽകുക. മുയൽഇറച്ചിക്കും തുകലിനും മാർക്കററിങ്ങ് സൗകര്യം ഉണ്ടാക്കുക.

**Pavartty panchayat - Animal Husbandry Details:**

Population" Cattle - 1046

Goat -1485

Dogs - 685

Poultry -

(Duck & others) 18810

**പഞ്ചായത്തിലെ മൃഗസംരക്ഷണസ്ഥാപനങ്ങൾ:**

പാവറട്ടി മൃഗാസ്പത്രി ഒക്ടോ.28, 1982 മുതൽ പഞ്ചായത്ത് വാടക്ക് എടുത്തുകൊടുത്ത കെട്ടിടത്തിൽ പ്രവ്നമാരംഭിച്ചു. അതിനുശേഷം പഞ്ചായത്തിൻെറ തന്നെ സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു.

| | |
|---|---|
| Vety. Dispensary | - Factual notes: |
| Vety. Dispensary, Pavaratty | - started on 28.10.92 |
| Buildings | - pavaratty Panchayat Builders (rent free) |
| Area of Jurisation | - pavaratty Panhayat |
| Staff Pattern | - Vety. section - |
| | - L.1 - 1 |
| | - Attendant - 1 |
| | - PTS - 1 |

Functions : Improve Animal health & Wealth, Implementation of various AH. Depts Schemes,

Remarks : Insttution started functions as per Govt. order Rt. 783/82 A.D. dt. 20.3.82

പാവറട്ടി മൃഗാസ്പത്രി പ്രവർത്തക്കുന്നത് " പ്രാഥമിക സൗകര്യങ്ങൾ ഒന്നുമില്ലാത്ത ഒരു കെട്ടിടത്തിലാണ്. സൗകര്യമില്ലാത്ത ഒരു സ്ഥലാതതാണം മൃഗാസ്പത്രി നിൽക്കുന്നത്. ആയതിനാൽ പാവറട്ടി പഞ്ചായത്തിൽ മൃഗാസ്പത്രിക്കുവേണ്ടി ഒരു സ്വന്തം ബിൽഡിങ്ങ് എല്ലാ സൗകര്യങ്ങളോടും കൂടി ഉണ്ടാവേണ്ടതാണ്.

വെറ്ററിനറി ഡിസ്പെൻസറിയിൽ റഫ്രിജറേറ്റർ, സ്റ്റെറിലൈസർ ലാബ്, ഫോൺ, വെഹിക്കിൾ, മൈക്രോ സ്കോപ്പ്, ഓപ്പറേഷൻ തിയ്യേറ്റർ എന്നിവ അന്ത്യാപേക്ഷിതമായി ഉണ്ടാകേണ്ടതാണ്.

ഇപ്പോൾ ഈ ആസ്പത്രിയിൽ കൂടി ലഭ്യമാക്കുന്നത് treatment, surgery training, AI, correction of Sterility, Rabies and other vaccinations,Implementation of various AH Schemes മുതലായവയാണ്.

ഈ പഞ്ചായത്തിൽ ഇപ്പോൾ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട് വേറെ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. ഈ പഞ്ചായത്തിൽ ഒരു വെറ്ററിനറി സബ്സെൻറർ തുടങ്ങേണ്ടത് അത്യാവശ്യമാണ്. പാവറട്ടി പഞ്ചായത്തിൽ ഒരു മിൽക്ക് സൊസൈറ്റി തുടങ്ങണം.

Schemes implemented

ഈ പഞ്ചായത്തിൽ കഴിഞ്ഞ പഞ്ചവൽസരപദ്ധതികാലത്ത് Rabies vaccination, FND & Hs vaccination, R.D. , F.P. Vaccinations infertility camps, Goreksha camps, MLPP, Esser nursing, Flood relief മുതലായ പദ്ധതികൾ നടത്തിയിട്ടുണ്ട്.

# V. 3 മൽസ്യബന്ധനമേഖല

പരമ്പരാഗതമായി മൽസ്യബനധനത്തിലും വിപണനത്തിലും സംസ്ക്കരണത്തിലും മുൻപന്തിയിൽ നിന്നിരുന്ന ഒരു ഗ്രാമപ്രദേശമായിരുന്നു പാവറട്ടി പഞ്ചായത്തിലെ തീരപ്രദേശമേഖല കൾ. എന്നാൽ ഇപ്പോഴത്തെ അവസ്ഥ വളരെ ശോചനീയമാണ്. ഇതിന് പ്രധാന കാരണം മൽസ്യബന്ധ നത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ചൂഷണവിധേയരായിരുന്നു. മറ്റൊരു കാരണം അവർക്ക് ആവശ്യമായ സംരക്ഷണവും സാമ്പത്തിക സഹായവും ലഭിച്ചിരുന്നില്ല. കൂടാതെ ജലവിഭവങ്ങൾ വംശനശീകരണത്തിന് വിധേയമായിക്കൊ ണ്ടിരിക്കുന്നു. ഈ അവസ്ഥക്ക് ഒരു മോചനം ഉണ്ടാകുവാൻ ഗ്രാമസഭചർച്ചകളിലൂടെ ഉരുതിരിഞ്ഞവയും മൽസ്യതൊഴിലാളികളുടേയും ഈ രംഗത്ത് പ്രവർത്തിക്കുന്ന മറ്റുള്ളവരുടെയും വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും താഴെപ്രതി പാദിക്കുന്നു.

പാവറട്ടിഗ്രാമപഞ്ചായത്തിൻെറ 3,4,5,6,7 വാർഡുകളിലായി17 കിലോമീറ്ററോളംകായലോരമാണ് 452 ഏക്കറോളം പുഴ സ്ഥലം ഈ ഗ്രമാപഞ്ചായത്തിനുണ്ട്. ചെറുതും വലുതുമായ 17 തോടുകളും ഈ പുഴയിൽ വന്ന് ചേരുന്നു. ചെറുതും വലുതുമായ 122 കുളങ്ങളും ഉണ്ട്. ചേറ്റുവ അഴിമുഖം പാവറട്ടി പഞ്ചായത്തിനോട് തൊട്ടു കിടക്കുന്നു അതുകൊണ്ട് കടലുമായി അടുത്ത് ബന്ധപ്പെടാവുന്ന സ്ഥലമാണ് പാവറട്ടി ഗ്രാമപഞ്ചായത്ത്. പുഴ സ്ഥലം ആഴം കുറവായതിനാൽ ബോട്ടുകൾക്ക് സഞ്ചരിക്കു വാൻ സാധിക്കുന്നില്ല. പുഴയുടെ ആഴം വർദ്ധിപ്പിക്കുന്നപക്ഷം ഇവിടെയുള്ള മൽസ്യതൊഴിലാളികൾക്ക് കടലിൽ പോയി മൽസ്യബന്ധനം നടത്താവുന്നതാണ്. മൽസ്യബന്ധനവുമായി ബന്ധപ്പെട്ട് 250 പേർ പ്രവർത്തിക്കുന്നു. മൽസ്യവിപണനരംഗതത്ത് 155 പേർ പ്രവർത്തിക്കുന്നു. പുഴയിൽ നിന്നും കണമ്പ്, കരിമീൻ, ചെമ്പല്ലി, ഞണ്ട്, ചെമ്മീൻ, കക്ക മറ്റുപല വക മൽസ്യങ്ങളും ലഭിക്കുന്നു. മരത്തിൻെറ ചെറുവള്ളങ്ങളിലാണ് മൽസ്യബനധനത്തിന് പോവുന്നത്.

കായലോര പ്രദേശങ്ങവായ 3, 4, 5, 6, 7, വാർഡുകളിൽ മൽസ്യതൊഴിലാളി കുടംബങ്ങൾ തിങ്ങി പാർക്കുന്നു. അവരുടെ പാർപ്പിടകാര്യങ്ങൾ വളരെ ശോചനീയകമാണ്. വൈദ്യുതി കുടിവെള്ളം കക്കൂസ് എന്നീ പല കാര്യങ്ങളിലും ഈ പ്രദേശം വളരെ വിദ്യാഭ്യാസാ നിലവാരം മോശമാണ്.

മൽസ്യഫെഡ് മുഖാന്തരം ചില ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും ഈ പ്രദേശത്ത് ഇത് കൂടുതൽ പേർക്കും ലഭ്യമല്ല. മൽസ്യതൊഴിലാളികളായി പേർ രജിസ്റ്റർ ചെയ്യാത്തതാണ് കാരണമെന്ന്

## പട്ടിക (3)

| ക്രമ നമ്പ്ര് | പാവറട്ടി പഞ്ചായത്തിലെ കയർ വ്യവസായ സഹകര. .ാ സംഘങ്ങൾ |
|---|---|
| 1. | കാളാനി കയർ വ്യവസായ സഹകരണ സംഘം |
| 2. | പുതുമനശേരി കയർ വ്യവസായ സഹകരണ സംഘം |
| 3. | മുനക്കടവ് കയർ വ്യവസായ സഹകരണ സംഘം. |
| 4. | വെന്മേനാട് കയർ വ്യവസായ സഹകരണ സംഘം |

## പട്ടിക (4)

| കമനമ്പ്ര് | ഇനം |
|---|---|
| 1. | നവീന രീതിയിലുള്ള തൊണ്ടഴുക്കൽ |
| 2. | യന്ത്രമുപയോഗിച്ച് പച്ചച്ചകിരി നാര് നിർമ്മാണം |
| 3. | യന്ത്രവൽകൃത ചൂടി നിർമ്മാണം |
| 4. | ചവിട്ടി, ചൂടിപ്പായ, ചകിരി നാരിൻെറ കിടക്ക, തലയിണ മുതലായവ |
| 5. | ചകിരി ച്ചോറുപയോഗിച്ചുള്ള വളം. |
| 6. | തെങ്ങുകൊണ്ട് കെട്ടിട നിർമ്മാണ സാമഗ്രികളും ഫർണിച്ചറും |
| 7. | ചിരട്ടപ്പൊടി |
| 8. | തേങ്ങാ പൗഡറും ക്രീമും |
| 9. | വെളിച്ചെണ്ണ |
| 10. | കന്നുകാലിതീററ |
| 11. | ഇളനീർ, തേങ്ങാവെള്ളം എന്നിവ ഉപയോഗിച്ചുള്ള ശീതള പാനീയങ്ങൾ |
| 12. | ചാർക്കോൾ (ആക്ടിവേററഡ് കാബൺ). |
| 13. | ചാർക്കോൾ ഓയിൽ. |
| 14. | ചെമ്മീൻ സംസ്ക്കരണം. |

## പട്ടിക (5)

| വിഭാഗം | നമ്പ്ര് | ഇനം |
|---|---|---|
| | 1. | നൈലോൺ വല നിർമ്മാണം |
| ജനറൽ എസ്. എസ്. ഐ | 2. | ശാസ്ത്രീയമായി കോഴി, താറാവ്, കന്നുകാലി വളർത്തൽ |
| | 3. | ആധുനിക രീതിയിലുള്ള ആയുർവ്വേദ മരുന്ന് നിർമ്മാണം |
| | 4. | മരം ഫർണ്ണീച്ചർ |
| | 5. | ബ്ലാക്ക്,മോർഡ്സ്,പ്ലാസ്ററിക് കണ്ടെയനർ |
| | 6. | ഹവായ് ചെരുപ്പ് |
| | 7. | അലുമിനിയം പാത്രങ്ങൾ |
| | 8. | ഫാൻസി ലെതർ ബാഗ് |
| | 9. | സ്കൂൾ ബാഗ് |
| | 10 | പ്ലാസ്ററിക് ബട്ടൻസ് |
| | 11 | അലങ്കാര പണി ചെയ്ത മരം കൊണ്ടുള്ള ഉപകരണങ്ങൾ |
| | 12. | ലിക്വിഡ് ഡിററർജൻറ് |
| | 13. | ക്ലിനിങ്ങ് പൗഡർ. |
| | 14. | ഇനാമൽ പെയിൻറിൻെറ നിർമ്മാണം. |
| | 15. | ഇൻഞ്ചക്ഷൻ മൊഡലുള്ള പ്ലാസ്ററിക് ഉല്പന്നങ്ങൾ |
| | 16. | ഓട്ടോ ഇലക്ട്രിക് ഷോപ്പ്. |
| | 17. | ഇലക്ട്രിക് ജനറൽ വർക്ക് ഷോപ്പ്. |
| | 18. | ജനറൽ എഞ്ചിനിയറിങ്ങ് |
| | 19. | ഇരുചക്ര വാഹനങ്ങളുടെ വർക്ക് ഷോപ്പ്. |
| | 20. | ഇലക്ട്രോണിക് ഫാൻ റെഗുലേററർ |
| | 21 | ഇലക്ട്രോണിക് ചോക്ക് നിർമ്മാണം. |
| | 22. | ഇലക്ട്രോണിക് ഓവർ ലോഡ് കട്ട് ഓഫ് |
| | 23. | എമർജൻസി ലാബ് |
| | 24. | എസ്.ടി.ഡി ലോക്കഘ ബെയറിങ്ങ് സിസ്ററം. |
| | 25. | സ്വിച്ച് ബോർഡ് |
| | 26. | സിന്തററിക് വിനാഗിരി. |
| | 27. | കുട്ടികളുടെ ഷൂ. |
| | 28. | ചെമ്മീൻ സംസക്കരണം. |

# V. 5 ഊർജ്ജം - ഗതാഗതം - മാർക്കറ്റ്

## A - ഊർജ്ജം

### ഊർജരംഗത്ത് പൊതുവെ നിലവിലുള്ള അവസ്ഥ : -

### വൈദ്യുതി :-

പാവറട്ടി പഞ്ചായത്തിൻെറ മൊത്തത്തിലുള്ള നാഡീസ്പന്ദനം വൈദ്യുതിയെ ആശ്രയിച്ചിരിക്കുന്ന ഒരവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. വൈദ്യുതി വിതരണം സ്തംഭിക്കുന്ന ഓരോ നിമിഷങ്ങളിലും ജീവൻെറ അംശം ചോർന്നു പോകുന്ന ഒരു അവസ്ഥ ഭൂരിഭാഗം ജനങ്ങളിലും കാണപ്പെടുന്നു. പഞ്ചായത്തിലെ വൈദ്യുതിയും ഉപഭോഗം നഗരപ്രദേശങ്ങളോട് കിടപിടിക്കുന്ന തരത്തിലാണ്.

പാവറട്ടി പഞ്ചായത്തിൽ ആദ്യമായി വൈദ്യുതി എത്തിയത് 1958-ൽ പാവറട്ടി സെൻറ് ജോസ്ഫ്സ് തീർത്ഥാടനകേന്ദ്രത്തിലാണ്. ചൊവ്വല്ലൂർപടിയിൽ നിന്നും മിനിമം ഗ്യാരണ്ടി വ്യവസ്ഥയിൽ ആണ് ഇവിടെ ആദ്യമായി വൈദ്യുതി എത്തിച്ചത്.

പഞ്ചായത്തിൽ പൊതുവെ 75 ശതമാനത്തോളം പേർ വൈദ്യുതി ഉപഭോക്താക്കളാണ്. ബാക്കിയുള്ളവരിൽ 15 ശതമാനത്തിലേറെ പേർ വിവിധ കാരണങ്ങളാൽ, അപേക്ഷ നൽകിയിട്ടും വൈദ്യുതി ലഭിക്കാത്തവരാണ്. പൊതുവെ വൈദ്യുതി എത്താത്ത മുഴുവൻ പ്രദേശങ്ങൾ പഞ്ചായത്തിൽ നിലവിലില്ല. ഉപഭോക്തക്കളിൽ 90 ശതമാനത്തിലേറെ പേർ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നവരാണ്.

പാവറട്ടി പഞ്ചായത്തിലേക്കും സമീപപ്രദേശത്തിലേക്കുള്ള 3 പഞ്ചായത്തുകളിലേക്ക് ഭാഗികമായും വൈദ്യുതി വിതരണം നടത്തുന്ന ഒരു അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറും അടങ്ങുന്ന വൈദ്യുതി ഓഫീസ് പാവറട്ടി സെൻററിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിൽ ഗുരുവായൂർ സബ് സ്റ്റേഷനിൽ നിന്നും വിതരണം ചെയ്യുന്ന വൈദ്യുതിയാണ് ഉപയോഗിക്കുന്നത്. പഞ്ചായത്തിൽ 13 ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്നുണ്ട്. തെരുവുവിളക്കുകളുടെ ഇനത്തിൽ 255 ബൾബുകളും 65 ട്യൂബ് ലൈറ്റുകളും 10 സോഡിയം പേപ്പർ വിളക്കുകളും ഉപയോഗിക്കുന്നു.

പഞ്ചായത്തിൽ 19.5 KM 11 KV ലൈനും , 69 KM LT 3 PHASE ലൈനും 77KM LT SINGLE PHASE ലൈനുമാണ് നിലവിലുള്ളത്.

ഗാർഹിക ഉപഭോക്തൃ വിഭാഗത്തിൽ പഞ്ചായത്തിലുള്ള മൊത്തം ആറായിരത്തോളം വീടുകളിൽ 75 ശതമാനംവീടുകളിലുംവൈദ്യുതി ഉപയോഗിക്കുന്നു. പഞ്ചായത്തിൽ 500 - 600 കാർഷിക വൈദ്യുതി ഉപഭോക്താക്കളുണ്ട്. വ്യാവസായിക വിഭാഗത്തിൽ 50-ൽ താഴെയും,. വാണിജ്യരംഗത്ത്500-ൽ താഴെയും വൈദ്യുതി ഉപഭോക്താക്കളുണ്ട്.

## കുക്കിംഗ് ഗ്യാസ് (പാചകവാതകം) :-

പഞ്ചായത്തിൽ നിലവിലുള്ള മൊത്തം വീടുകളിൽ 5 ശതമാനത്തോളം കുക്കിംഗ് ഗ്യാസ് ഉപഭോക്താക്കളാണ്.

## സൗരോർജ്ജം :-

പാവർട്ടി പഞ്ചായത്തിൽ സൗരോർജ്ജ ഉപഭോഗം തീരെ നിലവിലില്ല.

## ഗോബർ ഗ്യാസ് ( ബയോഗ്യാസ് ):-

പഞ്ചായത്തിൽ ഗോബർ ഗ്യാസ് ഉപഭോക്താക്കൾ വളരെ പരിമിതാണ്. ഒരു ശതമാനം താഴെ മാത്രം.

## മണ്ണെണ്ണ :-

സാധാരണ കാലങ്ങളിൽ മൊത്തം വീടുകളിൽ 60ശതമാനം പൂർണ്ണമായും 40 ശതമാനം ഭാഗികമായും, ലോഡ്ഷെഡ്ഡിംഗ് കാലങ്ങളിൽ 90 ശതമാനം പൂർണ്ണമായും, 10 ശതമാനം ഭാഗികമായും വെളിച്ചത്തിനും, പാചകത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി മണ്ണെണ്ണ ഉപയോഗിക്കുന്നു.

## ചപ്പ് ചവറുകളിൽ നിന്നുള്ള ഗ്യാസ് :-

ഇത്തരം ഗ്യാസ് ഉപഭോക്താക്കൾ പഞ്ചായത്തിൽ തീരെ നിലവിലില്ലാത്ത അവസ്ഥയാണ്.

## വിറക് : -

പഞ്ചായത്തിൽ 98 ശതമാനം വീടുകളിലും വിറക് ഉപയോഗിക്കുന്നു. ഇതിൽ 4 ശതമാനം വീടുകളിൽ കുക്കിംഗ് ഗ്യാസ് കൂടി ഉപയോഗിക്കുന്നു.

## പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകൾ

| നമ്പർ | സ്ഥിതിചെയ്യുന്ന സ്ഥലം | കപ്പാസിറ്റി |
|---|---|---|
| 1 | അറക്കൽ കോർണർ | 100 KVA |
| 2 | മനപ്പടി | 100 KVA |
| 3 | ചുക്കുബസാർ | 160 KVA |
| 4 | പൈങ്കണ്ണിയൂർ | 100 KVA |
| 5 | മുക്കക്കടവ് | 100 KVA |
| 6 | വെണ്മനാട് (കുളത്തിങ്കൽ പടി) | 100 KVA |
| 7 | വെട്ടിക്കൽ സ്കൂൾ (പുതുമനശ്ശേരി) | 160 KVA |
| 8 | പാവർട്ടി I | 250 KVA |
| 9 | പാവർട്ടി II | 160 KVA |
| 10 | പുളിഞ്ചോരിപ്പടി | 250 KVA |
| 11 | പുതുമനശ്ശേരി | 100 KVA |
| 12 | കാളാനി | 100 KVA |
| 13 | മാമാ ബസാർ (ക്രിസ്റ്റാർ നഗർ) | 100 KVA |

## വൈദ്യുതി ഉപഭോക്താക്കൾ

ഗാർഹികം - 4500 (75 %)

വ്യാവസായികം - 50

കാർഷികം 550

വാണിജ്യം - 500

## മറ്റുവിഭാഗം ഊർജ്ജഉപഭോക്താക്കൾ :-

| വിഭാഗം | ഉപഭോക്താക്കൾ | ശതമാനം |
|---|---|---|
| കുക്കിംഗ് ഗ്യാസ് | 300 | 5 % |
| സൗരോർജ്ജം | ഇല്ല | ഇല്ല |
| ഗോബർ ഗ്യാസ് | 60 | 1 % |
| ചപ്പ് ചവറ് ഗ്യാസ് | ഇല്ല | ഇല്ല |
| വിറക് | 5880 | 98 % |
| വിറക്+കുക്കിംഗ് ഗ്യാസ് | 240 | 4 % |
| മണ്ണെണ്ണ | 6000 | 100 % |
| മണ്ണെണ്ണ + വൈദ്യുതി | 4500 | 75 % |

## പ്രശ്നങ്ങൾ അഥവാ ന്യൂനതകൾ :-

1. പഞ്ചായത്തിലെ ഒരു വാർഡും പൂർണ്ണമായി വൈദ്യുതീകരിച്ചിട്ടില്ല.

2. 90 ശതമാനം ഉപഭോക്താക്കളും രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവിക്കുന്നു.

3. ഉപഭോക്താക്കൾക്കാവശ്യമായി വൈദ്യുതി വിതരണം ചെയ്യുന്നതിന് ഉതകുന്ന ട്രൻസ്ഫോർമറുകളുടെ എണ്ണം ആവശ്യമുള്ളതിൻെറ 60 ശതമാനം മാത്രമേയുള്ളൂ.

4. ഓരോ ട്രാൻസ്ഫോർമറുകളിൽ നിന്നും അതിൻെറ കപ്പാസിററിയേക്കാളും വളരെ കൂടുതൽ ഉപഭോഗമുണ്ടാകുന്നു.

5. ഓരോ ട്രാൻസ്ഫോർമറിലേക്കും അതിൻെറ കപ്പാസിറ്റിയിലുള്ള വൈദ്യുതി ഉത്പാദിപ്പിക്കുവാൻ ആവശ്യമായ മിനിമം KVAപോലും ലഭിക്കുന്നില്ല.

6. പ്രേഷണവിതരണരംഗങ്ങളിലെ ജീവനക്കാരുടെ അശ്രദ്ധമൂലം വിതരണം ചെയ്യുന്ന വൈദ്യുതി ഒരു പരിധിയിലധികം നഷ്ടപ്പെടുന്നു. കൂടാതെ വിതരണം പലപ്പോഴും തടസ്സപ്പെടുന്നു.

7. രാത്രികാലങ്ങളിൽ, വിച്ഛേദിക്കപ്പെടുന്ന വൈദ്യുതി ബന്ധങ്ങൾ പുനഃസ്ഥാപിക്കപ്പെടുകയോ, മറ്റ് അടിയന്തിര ജോലികൾ നടത്തുകയോ ചെയ്യുന്നില്ല.

8. പഞ്ചായത്തിലെ കോളനികളൊന്നും പൂർണ്ണമായും വൈദ്യുതീകരിച്ചിട്ടില്ല.

9. പഞ്ചായത്തിൽ അത്യാവശ്യമായ പല റോഡുകളിലും തെരുവുവിളക്കുകൾ സ്ഥാപിച്ചിട്ടില്ല.

10. ഇലക്ട്രിസിറ്റി ഓഫീസിലെ രേഖകളിൽ കാണുന്നതിനേക്കാൾ വളരെകൂടുതൽ വൈദ്യുതി ഉപയോഗിക്കപ്പെടുന്നു.

11. പഞ്ചായത്തിലെ എല്ലാ ഭാഗങ്ങളിലും കാണപ്പെടുന്ന അനധികൃതസ്വകാര്യസ്റ്റെപ്പ് - അപ്പ് ഉപയോഗം, അതുപയോഗിക്കാത്തവർക്ക് വലിയ തോതിൽ ദോഷം ചെയ്യുന്നു.

12. കായലോരഭാഗങ്ങളിൽ 3 ഓളം ലൈൻ കായലിനു മുകളിലൂടെ പോകുന്നതിനാൽ മഴക്കാലമടക്കം പല സമയങ്ങളിലും ദിവസങ്ങളോളം ചിലപ്പോൾ ആഴ്ചകളോളം വൈദ്യുതി വിതരണം തകരാറിലാകുന്നു.

13. രാത്രികാലസേവനത്തിനായി വൈദ്യുതി ജീവനക്കാരെ നിയമിച്ചിട്ടുണ്ടെങ്കിലും സേവനം ലഭിക്കുന്നില്ല. നിയുക്ത ജീവനക്കാരുടെ എണ്ണം തുലോം കുറവാണ്.

14. ജീവനക്കാരിൽ പലരിലും കാണുന്ന അഴിമതിയും അനാസ്ഥയും പുതിയ കണക്ഷനുകൾ ലഭിക്കുന്നതിനും വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിനും രേഖാമൂലമുള്ള പ്രശ്നവിവരങ്ങൾ ആവശ്യസമയത്ത് ലഭിക്കുന്നതിനും തടസ്സം സൃഷ്ടിക്കുന്നു.

15. കുക്കിംഗ് ഗ്യാസ് വിതരണത്തിലും, പുതിയ കണക്ഷനുകൾ നൽകുന്നതിലും ഉണ്ടാകുന്ന അകാരണമായ കാലതാമസം ഈ രംഗത്ത് ഏറ്റവും വലിയ പ്രശ്നമാണ്. ഈ പഞ്ചായത്തിൽ കുക്കിംഗ് ക്യാസ് കണക്ഷന് ബന്ധപ്പെട്ട ഓഫീസിൽ അപേക്ഷിച്ച് 7 വർഷത്തിലേറെയായിട്ടും കണക്ഷൻ ലഭിക്കാത്തവരുണ്ട്. അംഗീകൃത ഏജൻസിയിലെ ജീവനക്കാരിലും മാനേജ്മെൻറിലും കാണുന്ന അഴിമതി, ബന്ധുമിത്രാദികൾക്ക് നൽകുന്ന ന്യായീകരിക്കാനാവാത്ത മുൻഗണന, അനാവശ്യആനുകൂല്യപദ്ധതികൾ, രാഷ്ട്രീയ സ്വാധീനം എന്നിവ ഗ്യാസ് വിതരണരംഗത്തും പുതിയ കണക്ഷനുകൾ നൽകുന്നതിലും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

16. പഞ്ചായത്തിൽ സൗരോർജ്ജം ഉപയോഗിക്കാവുന്ന മേഖലകൾ ഏറെയുണ്ടെങ്കിലും ബന്ധപ്പെട്ടവർ ആ കാര്യം ശ്രദ്ധിക്കുന്നില്ല.

17. ഗോബർഗ്യാസിൻെറയും ചപ്പ് ചവറ് ഗ്യാസിൻെറയും ഉൽപ്പാദനത്തെക്കുറിച്ചും അതിൻെ ഉപയോഗം തന്മൂലമുണ്ടാകുന്ന ലാഭം എന്നിവയെ കുറിച്ചും ഭൂരിഭാഗം ജനങ്ങളും അറിവില്ലാത്തവരായതിനാൽ ഇത് ഉൽപ്പാദിപ്പിക്കാനുള്ള സാഹചര്യമുള്ളവർ പോലും ആ കാര്യത്തിൽ ശ്രദ്ധചെലുത്തുന്നില്ല. ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്ന കാര്യത്തിലും സാമ്പത്തികമായും മറ്റും സഹായങ്ങൾ നൽകുന്ന കാര്യത്തിലും ബന്ധപ്പെട്ടവർ വേണ്ടത്ര ശ്രദ്ധചെലുത്താത്തത് ഈ രംഗത്ത് ശോചനീയവാസ്ഥ സൃഷ്ടിക്കുന്നു.

18. പഞ്ചായത്തിൽ ഭൂസ്വത്ത് കുറഞ്ഞവർക്ക് രൂക്ഷമായ വിറക് ക്ഷാമം അനുഭവപ്പെടുന്നു. ഇത് പരിഹരിക്കുന്നതിനുള്ള മൊത്തത്തിലുള്ളതോ, ഭാഗികമായിട്ടുള്ളതോ ആയ സംവിധാനം ഉണ്ടാക്കണം.

19. റേഷൻകടകൾ വഴിയും, താലൂക്ക്സപ്ലൈ ഓഫീസ് വഴിയും മണ്ണെണ്ണ വിതരണത്തിലുണ്ടാകുന്ന പോരായ്മയും താലൂക്ക്സപ്ലൈ ഓഫീസിൽ നിന്ന് മണ്ണെണ്ണ പെർമിറ്റ് ലഭിക്കുന്നതിന് ജനങ്ങൾക്ക് ഇടനിലക്കാരെ ആശ്രയിക്കേണ്ടിവരുന്നതിന് കാരണമാകുന്ന ഉദ്യോഗസ്ഥതലത്തിലുള്ള അഴിമതിയും ഈ രംഗത്തെ ഏററവും വലിയ പ്രശ്നങ്ങളാണ്.

## സാധ്യതകളും നിർദ്ദേശങ്ങളും : -

വൈദ്യുതി ഓഫീസിലെ രേഖകളിൽ കാണുന്നതിനേക്കാൾ വളരെ കൂടുതലാണ് പഞ്ചായത്തിലെ വൈദ്യുത ഉപഭോഗം. പഞ്ചായത്തിലെ ഒട്ടുമിക്ക വീടുകളിലും കാണപ്പെടുന്ന നഗരപ്രദേശങ്ങളോടു കിടപിക്കുന്ന തരത്തിലുള്ള വൈദ്യുതോപകരണങ്ങളുടെ അനിയന്ത്രിതമായ വർദ്ധനവും അതിനെക്കുറിച്ച് വൈദ്യുതി വകുപ്പിനുള്ള വ്യക്തമായ ധാരണയില്ലായ്മയും ഇതിനൊരു കാരണമാണ്. ഇതിനെക്കുറിച്ച് പഞ്ചായത്ത് വ്യാപകമായോ, ഓഫീസിൻെറ കീഴിലുള്ള മറ്റ് ഭാഗങ്ങളടക്കമോ ഉള്ള ഒരു വ്യക്തമായ സർവ്വേ നടത്തുന്നത് ഒരു പരിധിവരെ ഈ ന്യൂനത പരിഹരിക്കുവാൻ സഹായിക്കും. പഞ്ചായത്തിൽ മൊത്തത്തിലുള്ള വോൾടേജ് ക്ഷാമത്തിന് മറ്റൊരു കാരണം ഓരോ ട്രാൻസ്ഫോർമറിനും അതിൻെറ കപ്പാസിറ്റിയേക്കാൾ കൂടുതൽ വൈദ്യുതി ഭാരം വഹിക്കേണ്ടിവരുന്നതും ട്രാൻസ്ഫോമറുകൾക്ക് അതിൻെറ കപ്പാസിറ്റിയിലുള്ള വോൾടേജ് വർദ്ധനവിന് ഉതകുന്ന പ്രവത്തനത്തിന് ആവശ്യമായ മിനിമം വോൾടേജ് ലഭിക്കാത്തതുമാണ്. തന്മൂലം വോൾടേജ് വളരെ കുറഞ്ഞ സമയങ്ങളിൽ സ്റ്റെപ്പ് - അപ്പ് ഉപയോഗിക്കാൻ കഴിവുള്ള ഉപഭോക്താക്കൾ അതിന് നിർബന്ധിതരാവുകയും തന്മൂലം അതിന് കഴിയാത്തവരുടെ വോൾടേജ് നില മറ്റുള്ളവരേക്കാൾ ഏറെ ശോചനീയമാവുകയും ചെയ്യുന്നു. ഓരോ ട്രാൻസ്ഫോർമറുകൾക്കും അതിൻെറ നിയുക്തപ്രവർത്തനത്തിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുകയും ഓരോന്നിലും കപ്പാസിറ്റിയിലേറെ വൈദ്യുതഭാരം വരുമ്പോൾ (മാക്സിമം കപ്പാസിറ്റിയിലും വിട്ട് പുതിയ കണക്ഷനുകൾ നകുമ്പോളോ മറ്റോ) പുതിയ ട്രാൻസ്ഫോമറുകൾ, ആവശ്യസ്ഥലങ്ങളിൽ മറ്റ് അനാവശ്യസമ്മർദ്ദങ്ങൾക്ക് വഴങ്ങാതെ സ്ഥാപിച്ച് കൂടുതൽ കണക്ഷനുകൾ അത് വഴി നൽകുവാൻ ശ്രമിച്ചാൽ ഈ രംഗത്ത് നിലവിലുള്ള ശോചനീയാവസ്ഥ ഒരു പരിധിവരെ പരിഹരിക്കാം.

ലൈൻ കൊണ്ടുവരേണ്ട സ്ഥലങ്ങളിലെ ഉടമസ്ഥരുടെ അനുമതി പത്രം ലഭിക്കാത്ത കാരണങ്ങളാൽ കണക്ഷൻ ലഭിക്കാതിരിക്കുന്ന അപേക്ഷകരുടെ പ്രശ്നം കളക്ടറേറ്റ് മുഖേനയും മറ്റും തീർപ്പ് കൽപ്പിക്കുന്നത് ദീർഘമായ കാലതാമസം സൃഷ്ടിക്കുന്നതിനാൽ അതിനുള്ള വ്യാവസ്ഥിക അധികാരം പഞ്ചായത്ത് ബോർഡിന് നൽകുന്നത് ഈ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പെട്ടെന്ന് പരിഹാരം കാണാൻ സഹായിക്കും.

പല സ്ഥലത്തും റോഡുകളിലൂടെ പോകുന്ന ലൈനിന് സമാന്തരമായി തൊട്ടടുത്ത പറമ്പ് പ്രദേശങ്ങളിലൂടെ അതേ ഫേസിലുള്ളതോ, 3 ഫേസിലുള്ളതോ ആയ ലൈനുകൾ പോകുന്നത് കാണപ്പെടുന്നു. ഇത് യോജിപ്പിച്ച് ഒരു വഴിയിലൂടെ കൊണ്ടുപോയാൽ പ്രസരണനഷ്ടം ഒഴിവാക്കാനും വിതരണത്തിനുപയോഗിക്കുന്ന മെറ്റീരിയൽസ് ലാഭിക്കാനും കഴിയും. സമീപപ്രദേശങ്ങളിൽ റോഡുകളുണ്ടെങ്കിൽ തൊട്ടടുത്ത പറമ്പ് പ്രദേശങ്ങളിലൂടെയുള്ള മെയിൻ ലൈനുകൾ പരമാവധി റോഡിലൂടെ കൊണ്ടുപോകുന്നത് ആ റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിനും വൈദ്യുതി ബോർഡ് ജീവനക്കാർക്ക് ലൈനിലെ ജോലികൾ സുഗമമായി നടത്തുന്നതിനും, തെങ്ങോലകൾ , മരച്ചില്ലകൾ മറ്റ് വസ്തുക്കൾ എന്നിവ കാരണം വൈദ്യുതിബന്ധം ഒരു പരിധിവരെ വിച്ഛേദിക്കപ്പെടാതിരിക്കുന്നതിനും സഹായകമായിരിക്കും. സമയാസമയങ്ങളിൽ ലൈനിൽ തൊടുന്നതോ, അതിന് സാധ്യതയുള്ളതോ ആയ മരച്ചില്ലകളും , തെങ്ങോലകളും മറ്റും തടസ്സങ്ങളും

നീക്കുന്നത് പ്രേഷണനഷ്ടം കുറക്കുന്നതിനും വൈദ്യുതി വിതരണത്തിനുപയോഗിക്കുന്ന വസ്തുക്കൾക്ക് നാശം സംഭവിക്കാതിരിക്കുന്നതിനും സഹായകമായിരിക്കും.

പടിഞ്ഞാറൻ വാർഡുകളിൽ 3 KMഓളം കായലിനുമുകൾ വശത്ത് കൂടെ കടന്നുപോകുന്ന 11 KV ലൈൻ കരയിലൂടെ കൊണ്ടുപോകുന്നത് മഴക്കാലത്തും മറ്റും ആ പ്രദേശത്ത് ദിവസങ്ങളോളം വൈദ്യുതിബന്ധം വിച്ഛേദിക്കപ്പെടാതിരിക്കുന്നതിനും ആവശ്യമെങ്കിൽ ആ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിനും സഹായകമായിരിക്കും. ജനങ്ങളെ ഇതിൻെറ ആവശ്യകത പറഞ്ഞ് മനസ്സിലാക്കി അതിനുള്ള സൗകര്യമൊരുക്കാവുന്നതേയുള്ളൂ.

പൊതുജനത്തിന് ലഭ്യമാക്കാവുന്ന മെറ്റീരിയൽസിൻെ അഭാവം മൂലം വൈദ്യുതി കണക്ഷൻ ലഭിക്കാത്ത പല അപേക്ഷകർക്കും കൂട്ടമായോ, തനിച്ചോ ഉള്ള പങ്കാളിത്തത്തോടെ മെറ്റീരിയൽസ് ലഭ്യമാക്കി കണക്ഷൻ നൽകാനുള്ള മാർഗ്ഗം സ്വീകരിക്കാവുന്നതാണ്. അതിന് പലയിടത്തും ജനങ്ങൾ തയ്യാറാണെന്ന് അഭിപ്രായം ഉയർന്നു വന്നിട്ടുണ്ട്. തെരുവുവിളക്കുകളുടെ വിഭാഗത്തിൽ 60 W ബൾബുകൾക്ക് പകരം ഇലക്ട്രോണിക് ചോക്കോടുകൂടിയ 40 W ട്യൂബു ലൈറ്റുകൾ സ്ഥാപിച്ചാൽ വൈദ്യുതി ലാഭിക്കാവുന്നതും തെരുവുകളിൽ കൂടുതൽ വെളിച്ചം ലഭ്യമാക്കാവുന്നതുമാണ്. സോഡിയം വേപ്പർ ലാമ്പുകൾക്ക് പകരവും ഇതുപോലെ ട്യൂബുലൈറ്റുകൾ ഉപയോഗിക്കുന്നത് അതുമൂലം ആ ലൈനിലുണ്ടാകുന്ന വോൾടേജ് ക്ഷാമം പരിഹരിക്കുന്നതിനും ആവശ്യസമയത്ത് വെളിച്ചം ലഭിക്കുന്നതിനും സഹായിക്കും. ഒറ്റട്യൂബുലൈറ്റു കൊണ്ടുള്ള വെളിച്ചം പോരയെങ്കിൽ ഇരട്ടട്യൂബുലൈറ്റുകൾ വെക്കാവുന്നതേയുള്ളൂ. അതുമൂലം കനത്ത ധനലാഭവും കൂടുതൽ സ്ഥലങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കാനും കഴിയുന്നു. ഒരു സോഡിയം വേപ്പർ ലാമ്പിൻെറ വില കൊണ്ട് ഇലക്ട്രോണിക് ചോക്കോടുകൂടിയ അഞ്ചിലേറെ ഇരട്ടട്യൂബു ലൈറ്റുകൾ വാങ്ങാം. ഈ പ്രശ്നങ്ങളിലും വിപുലമായ ജനകീയ പങ്കാളിത്തം ഉറപ്പാക്കാം. പരമാവധി റോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതും അവ പ്രവർത്തനക്ഷമമായി നിലനിർത്തുന്നതും, പൊതുജനത്തിൻെറ സുഗമസഞ്ചാരവും ട്രാഫിക് അപകടങ്ങളിൽ നിന്ന് ഒരു പരിധിവരെ മോചനവും അസന്മാർഗ്ഗിക പ്രവർത്തനങ്ങൾക്ക് ഒരു പരിധി വരെ തടയിടുന്നതിനും ഏറെ സഹായിക്കും. ഓരോ വാർഡിലേയും ഗ്രാമസഭകളിൽ ഇതിൻെ അത്യാവശ്യകത ഏറെ ഊന്നി പറഞ്ഞിട്ടുണ്ട്.

വൈദ്യുതി ബോർഡിൻെറ പ്രവർത്തനം ഗ്രാമസഭകളിലോ, മറ്റ് വേദികളിലോ ജനകീയ പരിശോധനക്ക് വിധേയമാക്കാനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വൈദ്യുതിബോർഡിൻെറ ആവശ്യതലങ്ങളിൽ നിയന്ത്രണാവകാശമുണ്ടാകുന്നതും ബോർഡിൻെറ പ്രവർത്തനം സുഗമവും ജനോപകാരപ്രദവുമാക്കുന്നതിനും ജീവനക്കാരുടെ അഴിമതി ഒരു പരിധി വരെ തടയുന്നതിനും സഹായിക്കും.

കുക്കിംഗ് ഗ്യാസ് വിതരണ രംഗത്തെ അപര്യാപ്തത, പാവറട്ടിയേയും സമീപ പ്രദേശങ്ങളേയും ഉൾപ്പെടുത്തി ഒരു അംഗീകൃത ഗ്യാസ് ഏജൻസി പാവറട്ടിയിൽ സ്ഥാപിക്കുക വഴി ഒരളവോളം പരിഹരിക്കാവുന്നതാണ്. മാനേജ്മെൻറിൻേറയും അതിൻെറ ജീവനക്കാരുടേയും അഴിമതികൾ തടയുന്നതിന് ഉതകുന്ന നടപടികൾ കൈകൊള്ളേണ്ടതാണ്. അനാവശ്യമായ പല മുൻഗണനാവ്യവസ്ഥകളും നൽകി ഗ്യാസ് ഉപയോഗം സമ്പന്നവർഗ്ഗത്തിൻെറയും രാഷ്ട്രീയ സ്വാധീനമുള്ളവരുടേയും കുത്തകയാക്കി മറ്റ് മാർഗ്ഗങ്ങളില്ലാത്ത സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന രീതി അവസാനിപ്പിക്കേണ്ടതാണ്.

സൗരോർജ്ജ ഉപയോഗം പഞ്ചായത്തിൽ നിലവിലില്ല. അതിൻെറ ഉപയോഗവും ഗുണങ്ങളും ഭൂരിഭാഗം ജനങ്ങൾക്കും അജ്ഞാതമായതുകൊണ്ട് വിപുലമായ ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. ജനങ്ങളുടെ വ്യക്തിപരമായ ആവശ്യങ്ങൾക്ക് സർക്കാർ തലത്തിൽ

ആനുകൂല്യങ്ങൾ നടപ്പാക്കുകയും, പൊതു ആവശ്യങ്ങൾക്കായി ജനകീയ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്താൽ ഈ പദ്ധതി ഒരു പരിധിവരെ ഈ പഞ്ചായത്തിൽ വിജയിപ്പിക്കാവുന്നതാണ്. മൊത്തത്തിലുള്ള വൈദ്യുതി ഉപഭോഗം ചെറുപ്രദേശങ്ങളിൽ കേന്ദ്രീകരിക്കുന്ന കോളനികൾ പോലുള്ള സ്ഥലങ്ങളിൽ സൗരോർജ്ജം ഉപയോഗിക്കുക വഴി വൈദ്യുതി ഭാരം ഒരു പരിധി വരെ പഞ്ചായത്തിൽ കുറയ്ക്കാം.

ഗോബർ ഗ്യാസിൻെറയും ചപ്പ് ചവറ് ഗ്യാസിൻെറയും ഉപഭോക്താക്കളെ സൃഷ്ടിക്കുന്നതിനും മേൽ പറഞ്ഞ രൂപത്തിൽ ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ ഒരു ശതമാനത്തിൽ താഴെ മാത്രം ഗോബർഗ്യാസുപഭോക്താക്കളുള്ളപ്പോൾ ചപ്പ് ചവറ് ഗ്യാസ് ഉപഭോക്താക്കൾ തീരെ ഇല്ലാത്ത അവസ്ഥയാണ്. ഇക്കാര്യത്തിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതോടൊപ്പം ഇതിൻെറ പ്രോത്സാഹനത്തിന് ഉതകുന്ന പദ്ധതികളും ആനുകൂല്യങ്ങളും നടപ്പാക്കി അവ കൂടി ജനങ്ങളെ മനസ്സിലാക്കേണ്ടതുണ്ട്. വളരെ ചിലവ് കുറഞ്ഞ ഈ ഊർജ്ജോത്പാദനം അതിന് സാഹചര്യങ്ങളുള്ള പലരും നടപ്പാക്കാത്തത്, അതിനെക്കുറിച്ച് അജ്ഞരായതുകൊണ്ടും തന്മൂലമുണ്ടാകുന്ന ഗുണഗണങ്ങൾ മനസ്സിലാക്കാത്തതുകൊണ്ടുമാണ്.

പാവറട്ടി സെൻററിലേയും മറ്റു സമീപപ്രദേശങ്ങളിലേയും ചപ്പുചവറുകൾ ശേഖരിച്ച് ഗ്യാസ് ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ഒരു പദ്ധതി ആവിഷ്ക്കരിച്ചാൽ പ്ലാൻറിൻെറ സമീപ പ്രദേശങ്ങളിലെ ങ്കിലും ഇന്ധനക്ഷാമം പരിഹരിക്കാവുന്നതും സെൻററും പരിസരവും വൃത്തിയായി സൂക്ഷിക്കാവുന്നതുമാണ്. അന്യസംസ്ഥാനങ്ങളിലെ പലയിടത്തും ഇത്തരം പദ്ധതികൾ പ്രയോജനപ്പെടുത്തിയിട്ടുള്ളതായി വാർത്താമാധ്യമങ്ങൾ വഴി നാം മനസ്സിലാക്കുന്നു.

റേഷൻ കടകളിലും താലൂക്ക് സപ്ലൈസ്റ്റോർ തുടങ്ങിയ ഇടങ്ങളിൽ സമയാസമയങ്ങളിൽ മണ്ണെണ്ണ ലഭ്യത നാം ഉറപ്പുവരുത്തേണ്ടതുണ്ട്. സപ്ലൈ ഓഫീസുകളിൽ മണ്ണെണ്ണ പെർമിറ്റ് രാഷ്ട്രീയ സ്വാധീനത്താലോ, ചില കുത്തക ഇടനിലക്കാർ മുഖേനയോ ലഭ്യമാക്കേണ്ട അവസ്ഥ സാധാരണക്കാരന് ഇതു നിഷേധിക്കുന്നതിന് തുല്യമാകുന്നു. ഉദ്യോഗസ്ഥ വൃന്ദങ്ങളിൽ പൊതുവെ നടമാടുന്ന അഴിമതിയാണ് ഈ അവസ്ഥ സൃഷ്ടിക്കുന്നതിന് മുഖ്യകാരണം. ഇവിടെയും ജനകീയ പരിശോധനക്കുള്ള അവസരങ്ങൾ സൃഷ്ടിക്കുന്നത് ഇതിൻെറ ശരിയായ പ്രവർത്തനത്തിന് സഹായിക്കും. ഇത്തരം പൊതുസ്ഥാപനങ്ങളുടെ പരിധിയിൽപ്പെടുന്ന പഞ്ചായത്തുകളിലെ ജനപ്രതിനിധികളുടെ ഒരു സഭക്ക് ഇതിൻെറ ആവശ്യതലങ്ങളിൽ നിയന്ത്രണാവകാശമുണ്ടായിരിക്കുന്നത് ഏറെ ഉപകാരപ്രദമായിരിക്കും.

# B- ഗതാഗതം

സംഘടിത ജനതയുടെ ശക്തിയാണ് നാടിൻെറ വികസനത്തിൻെറ ഭാഗധേയം നിർണ്ണയിക്കുന്നത്. നാടിൻെറ വികസനത്തിൽ റോഡുകൾ വലിയ പങ്ക് വഹിക്കുന്നു. ഇത് മനസ്സിലാകാത്തതിൻെറ പേരിൽ പണ്ടുകാലത്ത് റോഡ് നിർമ്മാണത്തിൽ തർക്കങ്ങൾ മറ്റും നിലനിന്നിരുന്നു. എന്നാൽ ഇന്ന് ഗതാഗതയോഗ്യമായ റോഡ് അനിവാര്യമാണെന്ന് മനസ്സിലാക്കിയതിൻെറ പേരിൽ പുതിയ റോഡ് നിർമ്മാണത്തിൽ ജനങ്ങൾ തോളോടുതോൾ ചേർന്ന് പ്രവർത്തിക്കുന്നത് നമുക്ക് ഇന്ന് കാണാൻ സാധിയ്ക്കും. ഇത് ശുഭകരമാണ്. ഗതാഗതസൗകര്യം വർദ്ധിക്കും തോറും നമ്മുടെ വികസനവും വർദ്ധിക്കും. ഇന്ന് നമ്മുടെ പഞ്ചായത്തിൽ ആദ്യമായി നിർമ്മിച്ച റോഡ് ഇന്ന് കാണുന്ന പാവറട്ടി-കുണ്ടുകടവ് റോഡാണ്. പഴയകാലത്ത് ആനയുടെ പുറത്ത് പാപ്പാൻ ഇരുന്നാൽ പോലും കാണാത്ത അത്രയും ആഴത്തിലുള്ള തോടായിരുന്നു എന്ന് പറഞ്ഞാൽ പുതിയ തലമുറ വിശ്വസിക്കാൻ പ്രയാസപ്പെടും. നമ്മുടെ പൂർവ്വികരുടെ നിരന്തരപ്രയത്നങ്ങളുടെ ഫലമായിട്ടാണ് ഇന്ന് കാണുന്ന റോഡുകൾ പലതും

നിർമ്മിച്ചിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തി പുഴയാണ്. ആയതിനാൽ സമീപപഞ്ചായത്തുമായി ബന്ധിപ്പിക്കാൻ നമുക്ക് സാധിച്ചിട്ടില്ല . പഴയകാലത്ത് മലബാർ പ്രദേശത്തായിരുന്നു നമ്മുടെ പഞ്ചായത്ത് നിലനിന്നിരുന്നത്. മലബാറിന്റെ ഒരറ്റത്തായിരുന്നതിനാൽ വേണ്ടത്ര റോഡ് വികസനം നേടാൻ കഴിഞ്ഞില്ല. പലപ്പോഴും തോടുകൾ റോഡാക്കി മാറ്റുകയാണ് നാം ചെയ്തത്. ആയതിനാൽ റോഡുകൾക്ക് വേണ്ടത്ര വീതിയുണ്ടായില്ല. പഴയകാലത്ത് വളരെ വിരളമായി മാത്രമേ വാഹനങ്ങൾ ഉണ്ടായിരുന്നുള്ളൂ. എന്നാൽ കാലത്തിന്റെ വേഗതയിൽ റോഡുകളുടെ വീതി മാത്രം കൂടുന്നില്ലയെന്നത് ദുഃഖസത്യമാണ്. ഏറിവരുന്ന ഗതാഗതക്കുരുക്ക് പാവറട്ടിയുടെ തീരാശാപമാണ്. മാറിമാറിവരുന്ന ഭരണകൂടങ്ങൾ അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണം. മാത്രമല്ല ജനങ്ങളുടെ സംഘടിത മുന്നേറ്റങ്ങൾ കൊണ്ടും ആത്മാർത്ഥമായ സഹകരണം കൊണ്ടും മാത്രമേ നമ്മുടെ വികസനത്തിന് തറക്കല്ലിടാൻ നമുക്ക് കഴിയുകയുള്ളൂ. തോടുകൾ റോഡായി മാറ്റിയപ്പോൾ പലപ്പോഴും മലിനജലം ഒഴുകിപ്പോകുന്നതിനു ക്രമീകരണങ്ങൾ നാം ഏർപ്പെടുത്തേണ്ടതാണ്. റോഡുകൾ മിക്കവയും പൊട്ടിപൊളിഞ്ഞും വെള്ളം കെട്ടി നിൽക്കുന്നതുമായി മാറാതെ ഇത് മാറ്റിയെടുക്കുവാൻ നാം ആസൂത്രിതമായി പ്ലാൻ തയ്യാറാക്കണം. ടാർറോഡുകൾ കുണ്ടും കുഴിയുമായി മൺറോഡുകൾ വെള്ളം കെട്ടി നിൽക്കുന്ന കുളമായും മാറിയെന്നത് ഒരു സത്യം മാത്രമാണ്. ഇത് എല്ലാം മാറ്റിയെടുക്കേണ്ട ചുമതല സർക്കാരിനും പഞ്ചായത്തിനുമാണ് എന്ന് ധരിച്ചത് തെറ്റായി എന്നതിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരത്തിൽ പരിശ്രമം നാം തുടങ്ങിവെയ്ക്കുന്നത്. ഓരോ പ്രദേശത്തെ മണ്ണിന്റെ രീതിയും കാലാവസ്ഥയും മനസ്സിലാക്കാതെയുള്ള റോഡ് നിർമ്മാണം നഷ്ടമായി കൊണ്ടിരിക്കുകയാണ്.

നമ്മുടെ പഞ്ചായത്തിൽ ബസ്സ് പാർക്ക് ചെയ്യുന്നതിനായി ഒരു ബസ്സ്റ്റാൻറ് ഇല്ല. ടാക്സിസ്റ്റാൻറ് ഉണ്ട് എങ്കിലും അത് ഇന്ന് വേണ്ടത്ര സൗകര്യമുള്ളതായില്ല. ഓട്ടോറിക്ഷകൾ സ്റ്റാൻറിൽ ഉണ്ട് എങ്കിലും മുഴുവനും പാർക്കു ചെയ്യുന്നതിനുള്ള സൗകര്യം ഇല്ല. ആയതിനാൽ ഭൂരിഭാഗവും റോഡുകളിൽ കറങ്ങിക്കൊണ്ടിരിക്കുന്നു. ഇടുങ്ങിയ റോഡുകളും റോഡുകയ്യേറ്റങ്ങളും വളരെയധികമുണ്ട്. കച്ചവടക്കാർ കച്ചവടക്കാരുടെ സാധനങ്ങൾ റോഡിലേയ്ക്ക് ഇറക്കിവെക്കുന്നതുമൂലം ഗതാഗതതിരക്ക് അനുഭവപ്പെടുന്നു. കച്ചവടക്കാരുടെ കയ്യേറ്റങ്ങൾ അവസാനിപ്പിക്കേണ്ടതുണ്ട്. റോഡിലുള്ള വിൽപ്പന നിർത്താൻ നടപടി സ്വീകരിക്കണം. റോഡിനു ഇരുവശവും പാർക്ക് ചെയ്യുന്ന വാഹനങ്ങൾ ഗതാഗത തടസ്സം സൃഷ്ടിക്കുന്നു. ആയതിനാൽ അവ സൗകര്യമായ സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കേണ്ടതാണ്. പാവറട്ടിയിൽ ഗതാഗതതടസ്സം ഉണ്ടായാൽ അവ പരിഹരിക്കാൻ ബൈപാസ് റോഡ് ഇല്ല എന്ന് എടുത്തുപറയാവുന്നതാണ്. അതിന് പരിഹാരമായി റിങ്ങ്റോഡ് നിർമ്മിയ്ക്കുകയേ വഴിയുള്ളൂ. അതിലൂടെ വാഹനഗതാഗതം തിരിച്ചുവിട്ട് ഗതാഗതകുരുക്ക് ഒഴിവാക്കാൻ നമുക്ക് സാധിക്കും. കടയ്ക്ക് മുമ്പിലും പാർക്ക് ചെയ്യുന്ന വാഹനങ്ങൾക്ക് സ്റ്റാൻറ് നിർമ്മിച്ച് അതിലേയ്ക്ക് മാറ്റിയെടുക്കേണ്ടതായിട്ടുണ്ട്. പഞ്ചായത്ത് ബോർഡ് അതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. അതിൽ സ്റ്റാൻറ് നിർമ്മിച്ച് ബസ്സുകളുടെ റോഡിലുള്ള പാക്കിങ്ങ് മാറ്റിയാൽ നമുക്ക് ഗതാഗതതടസ്സം ഒഴിവാക്കിയെടുക്കാൻ സാധിയ്ക്കും. ഗ്രാമസഭകളിൽ റോഡുകളുടെ ശോചനീയ അവസ്ഥ യെ സംബന്ധിച്ച് പരാതികൾ മാത്രമേ ഉയർന്നു വരുന്നുള്ളൂ അതിനെ പരിഹരിക്കാൻ വേണ്ട നടപടി സ്വീകരിയ്ക്കണം റോഡിൽ ഓട്ടോറിക്ഷകളും മറ്റും പാർക്ക് ചെയ്യുന്നതുമൂലം ഗതാഗതകുരുക്ക് ഉണ്ടാകുന്നു.

## റോഡ് നിർമ്മാണം

ടാർ റോഡുകളുടെ പ്രശ്നങ്ങൾ:- നിലവിലുള്ള റോഡുകളുടെ വീതി കുറവാണ്. പ്രധാനപ്രശ്നം റോഡുകളുടെ ഗുണനിലവാരമില്ലായ്മ - കാലത്തിന് അനുയോജ്യമായി റോഡുകൾ മെച്ചപ്പെടുത്തുക എന്നീ ആവശ്യങ്ങൾ ഉയർന്നുവന്നിരിയ്ക്കുന്നു. റോഡിന്റെ വീതികുറവുമാത്രമല്ല കാൽ നടക്കാർക്ക് നടന്നുപോകുവാൻ സൗകര്യമുണ്ടാക്കേണ്ടത് ആവശ്യമാണ്.

പുതിയ റോഡുകൾ :- കുണ്ടുവകടവ് റോഡിനേയും മഹാത്മാഗാന്ധി റോഡിനേയും ബന്ധിപ്പിക്കുന്ന റോഡ് നിർമ്മിക്കേണ്ടതായുണ്ട്. പീപ്പിൾസ് റോഡും ആശ്രമം റോഡും ബന്ധിപ്പിക്കണം എന്നത് ഗ്രാമസഭകളിൽ ഉയർന്നുവന്ന ആവശ്യങ്ങളാണ്.

മെറ്റൽ റോഡുകളുടേയും മൺറോഡുകളുടേയും ശോചനീയാവസ്ഥ പരിഹരിക്കണമെന്നാണ് ഗ്രാമസഭകളുടെ ആവശ്യം. മൺറോഡുകൾ നിർമ്മിച്ചിട്ടുള്ളത് ഗതാഗതയോഗ്യമാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിൻെറ റിപ്പോർട്ട് ഇതിൽക്കൂടെ വെയ്ക്കുന്നുണ്ട്. റോഡുകൾ മിക്കവയും നിർമ്മിച്ചിട്ടുള്ളത് തോടുകൾ റോഡാക്കിയാണ് ഈയവസരത്തിൽ അവയ്ക്ക് വേണ്ട കാനകൾ നിർമ്മിക്കുന്നില്ല. അതിനാൽ അവിടെ ചെയ്യുന്ന വർക്കുകൾ ഉപകാരപ്രദമല്ലാതാവുന്നു. കുണ്ടുവകടവ് പുഴയിൽ പാലം പണിയണമെന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നത് ശ്രദ്ധിക്കേണ്ടതും പണിയേണ്ടതുമാണ്. കാലാകാലങ്ങളായിട്ടുള്ള ആവശ്യങ്ങളാണ് പാവറട്ടി സെൻററിലുള്ള ഇപ്പോഴത്തെ ബസ്സ് സ്റ്റോപ്പ് പൊളിച്ച് ഒതുക്കി പണിയുക എന്നത്. അത് പരിഗണിക്കേണ്ടതാണ്. ഇപ്പോൾ ചാവക്കാട്ടേയ്ക്ക് ബസ്സ് സ്റ്റോപ്പ് പാലുവായ് റോഡിൻെറ മുൻവശത്ത് ഒഴിഞ്ഞ സ്ഥലത്തേക്ക് മാറ്റണമെന്ന് ആവശ്യപ്പെടുന്നു. ഏനാമാവ് ഭാഗത്തേക്ക് പോകുന്ന ബസ് പ്രിയ റസ്റ്റോറിൻെറ ഭാഗത്ത് കയറ്റി നിർത്താൻ വേണ്ട നടപടി സ്വീകരിക്കണം. പാവറട്ടിയിൽ റിംഗ് റോഡ് സംവിധാനം ഏർപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. പാവറട്ടി സെൻററിൽ കാനറാബാങ്കിന് പിൻവശം റിംഗ് റോഡ് നിർമ്മിച്ച് വൺവേ സമ്പ്രദായം ആരംഭിക്കണം. ഇങ്ങനെയെല്ലാം സംവിധാനം ചെയ്താൽ ഗതാഗത പ്രശ്നത്തിന് പരിഹാരം കണ്ടെത്താൻ സാധിയ്ക്കും. N.H. റോഡുകൾ ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. കേന്ദ്ര ഗവ. പ്ലാൻ അനുസരിച്ചുള്ള മണ്ണുത്തി - തിരുവത്ര രാജപാത പാവറട്ടിയിൽ കൂടെ ആക്കുന്നതിനുള്ള നടപടി സ്വീകരണം.

സെൻററിന് ഏറ്റവും അടുത്ത പഞ്ചായത്ത് റോഡുകൾ ഉപയോഗപ്പെടുത്തി ഒരു റിംഗ് റോഡ് ശൃംഖല ഉണ്ടാക്കിയാൽ ഒരു പരിധിവരെ പാവറട്ടി സെൻററിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനാകും.

മണ്ണുത്തി- തിരുവത്ര രാജപാത പാവറട്ടിയോടടുത്ത പ്രദേശത്ത് കൂടെ കൊണ്ടുപോകുവാൻ പഞ്ചായത്ത് ശക്തിയായി സമ്മർദ്ദം ചെലുത്തേണ്ടതാണ്. ഈ പാത പാവറട്ടിക്കടുത്തു കൂടെ കൊണ്ടുപോയാൽ പാവറട്ടിയുടെ ഭാവി വികസനത്തിന് അത് നല്ലൊരു പങ്ക് വഹിക്കും.

പാവറട്ടി സെൻററിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഓട്ടോറിക്ഷകളെ ഭാഗിച്ച് കുണ്ടുവകടവ് റോഡ് - പാലുവായ് റോഡ് മനപ്പടി ജംഗ്ഷൻ മണ്ണാത്തി കുളം ജംഗ്ഷൻ പുളിഞ്ചേരിപ്പടി റോഡ് എന്നിവിടത്തേക്ക് മാറ്റേണ്ടതാണ്. ഇതോടൊപ്പം ഗ്രാമസഭകളിൽ ആവശ്യപ്പെട്ടതും എത്രയും വേഗം വർക്ക് ചെയ്യേണ്ട റോഡുകളുടെ പേർ താഴെ കൊടുക്കുന്നു.

1. മഹാത്മഗാന്ധി റോഡ് സൈഡ് കെട്ടി ടാറിങ്ങ് നടക്കുക (2-ാം വാർഡ്)
2. ജവഹർ റോഡിൻെറ തുടക്കത്തിൽ കൾവർട്ട് പണിത് കാന ഒരു സൈഡ് തൂർത്ത് ടാർ ചെയ്യുക.
3. സെൻറ് ജോസഫ് റോഡ് ടാറിങ്ങ് നടത്തുക.
4. മനപ്പടി - കാക്രാട്ട്പടി ടാറിങ്ങ് നടത്തുക.
5. അറവുശാല റോഡ്, സെൻറ് തോമസ് റോഡ് ടാർ ചെയ്യുക.
6. 9-ാം വാർഡിലെ ലക്ഷം വീട് കോളനി റോഡ് ടാറിങ്ങ് നടത്തുക.

7. പുതുമനശ്ശേരി - കാശ്മീർ റോഡ് ടാറിങ്ങ് നടത്തുക.
8. ഏ.കെ.ജി റോഡ് ടാർ ചെയ്യുക.
9. ദേശായി റോഡ് - ജനശക്തി റോഡുമായി ബന്ധിക്കുന്ന റോഡിൽ പാലം പണിത് ഗതാഗതയോഗ്യമാക്കുക.
10. മമ്മായിപുരം - കാളമനറോഡ് ടാർ ചെയ്യുക.
11. A.T. മുഹമ്മദാലി റോഡ് ടാറിങ്ങ് ചെയ്യുക
12. R.K. റോഡും - തോപ്പിൽ ഇബ്രാഹിം മുസ്ലിയാർ റോഡും തമ്മിൽ ബന്ധിപ്പിക്കുക.
13. C.H. മുഹമ്മദ്കോയ റോഡ് ടാർ ചെയ്യുക.
14. ചുക്ക്ബസാർ - പെരിങ്ങാട്ടുപുഴ റോഡും പൊന്നാംകുളം പെരിങ്ങാട്ടുപുഴ റോഡും തമ്മിൽ ബന്ധിപ്പിച്ച് സൈഡ് കെട്ടി ഗതാഗതയോഗ്യമാക്കണം.
15. അബേദ്ക്കർ റോഡ് ടാറിങ്ങ് നടത്തുക.
16. കരുവാൻപടി - തോപ്പിൽ ഇബ്രാഹിം മുസ്ല്യാർ റോഡ് ടാർ ചെയ്യുക.
17. V.P.H. ഹാജിറോഡ് സൈഡ് കെട്ടി ടാറിങ്ങ് നടത്തണം.
18. ചുക്ക് ബസാർ - പെരിങ്ങാട്ടുപുഴ റോഡ് കാന പണിയണം.
19. കസ്തൂർബ റോഡ് സൈഡ് കെട്ടി മെറ്റൽ റോഡാക്കി മാറ്റണം.
20. ആസാദ് റോഡ് ടാർ ചെയ്യുക.
21. കല്ലൻതോടു റോഡ് ടാർ ചെയ്യുക.
22. വെട്ടിക്കൽ മരുതയൂർ അമ്പലനട റോഡ് ടാർ ചെയ്യുക
23. പീപ്പിൾസ് റോഡ് ടാർ ചെയ്യുക.
24. ചെമ്പകശ്ശേരി റോഡ് ടാർ ചെയ്യുക.

ടാർ ചെയ്യാത്ത എല്ലാ റോഡുകളും ടാർചെയ്യേണ്ടതാണ്.

## മണൽറോഡുകൾ

| നമ്പർ | റോഡ് | നീളം | വീതി | വാർഡ് |
|---|---|---|---|---|
| 1 | .പാവറട്ടി-കുഞ്ഞൻമാവ് | 600എം | 5എം | 1 |
| 2. | പൊന്നാം കുളം-പെരിങ്ങാടുപ്പുഴ | 600എം | 6എം | 6,7 |
| 3. | ഫ്രാൻസ് റോഡ് | 250എം | 5എം | 8 |
| 4. | കസതുമ്പാ റോഡ് | 600 എം | 5എം | 5,8 |
| 5. | ചെറുപുഷ്പം റോഡ് | 150 എം | 5എം | 1 |
| 6. | കല്ലംതോട് | 600എം | 5എം | 2 |
| 7. | ഊക്കൻസ് റോഡ് | 200എം | 5എം | 2 |
| 8. | ആനേടത്ത് റോഡ് | 600എം | 5എം | 1 |
| 9. | തൗഫിൽ റോഡ് | 150 എം | 6എം | 6 |
| 10. | അറവുശാല റോഡ്. | 250 എം | 5എം | 1 |
| 11. | ആശാൻപ്പടി റോഡ് | 100എം | 5എം | 9 |
| 12. | ആസാദ് റോഡ് | 400എം | 5എം | 4 |
| 13. | കാളമന റോഡ് | 750എം | 5എം | 3 |
| 14. | സെൻറ്. തോമസ് ആശ്രമം റോഡ് | 400എം | 5എം | 1 |
| 15. | സി.എച്ച്.മുഹമ്മദ് കോയ റോഡ് | 400എം | 5എം | 5,8 |
| 16. | മൈത്രി റോഡ് | 400എം | 5എം | 2,8 |
| 17. | നേതാജി റോഡ് | 400എം | 5എം | 1 |
| 18. | പാവറട്ടി-ലക്ഷം വീട് കോളനി | 300എം | 5എം | 1 |
| 19. | പഞ്ചായത്ത് കാർ സ്ററാൻഡ് റോഡ് | 150 എം | 5എം | 3 |
| 20. | ലക്ഷം വീട് കോളനി റോഡ് | 300എം | 5എം | 3 |
| 21. | ലക്ഷം വീട് | 300എം | 5എം | 4 |
| 22. | വി.പി.എച്ച് ഹാജിറോഡ് | 600എം | 5എം | 8,10 |
| 23. | തോപ്പിൽ ഇബ്രാഹിം മുസ്ലിയാർ റോഡ് | 500എം | 5എം | 5,7 |
| 24. | മണ്ണാടി പ്പറമ്പ് റോഡ് | 300എം | 5എം | 7,9 |
| 25. | നെട്ടാണിപ്പറമ്പ് റോഡ് | 1000എം | 5എം | 4 |
| 26. | രാജീവ് റോഡ് | 550 എം | 5എം | 8 |
| 27. | സെൻറ് ജോസഫ്റാഡ് റോഡ് | 300എം | 5എം | 8 |
| 28. | കാടുകുളം -ഫ്രാൻസ് റോഡ് | 150എം | 5എം | 8 |

## മെററൽ ചെയ്ത റോഡ്

| നമ്പർ | പേര് | ഉടമസ്ഥത | കി.മീ | വീതി | വാർഡ് |
|---|---|---|---|---|---|
| 1. | പുളിഞ്ചേരി | പഞ്ചായത്ത് | 350എം | 6എം | 1 |
| 2. | പുതുമനശ്ശേരി-കാശ്മീർ | ,, | 250എം | 6എം | 2 |
| 3. | വെൻമേനാട്-അമ്പലനട അംശകച്ചേരി | ,, | 200എം | 6എം | 8 |
| 4. | ജവഹർ | ,, | 800എം | 6എം | 8 |
| 5. | പുതുമനശ്ശേരി. മരുതയൂർ അമ്പലനട | ,, | 400എം | 6എം | 2-3-4 |
| 6. | തത്തകുളങ്ങര-കറവുപാടം | ,, | 500എം | 6എം | 5-6 |
| 7. | കാകൂട്പടി | ,, | 800എം | 6എം | 9 |
| 8. | പിപ്പിൾസ് റോഡ് | ,, | 300എം | 6എം | 1 |

## പ്രാഥമിക ജോലി നടത്താത്ത റോഡുകൾ

| നമ്പർ | റോഡ് | നീളം | വീതി | വാർഡ് |
|---|---|---|---|---|
| 1 | മഹാൽമാഗാന്ധി റോഡ് | 800എം | 7എം | 2 |
| 2. | എ.കെ.ജി.റോഡ് | 1000എം | 6എം | 2 |
| 3. | ചെമ്പകശ്ശേരി-മുശ്ശാരിപ്പറമ്പ് | 100 എം | 4എം | 7 |
| 4. | കോഴിത്തോട്-ചാപ്പപറമ്പ് | 800എം | 4എം | 7 |
| 5. | മുക്കാല-അമ്പലനട | 1000എം | 6എം | 7 |

## പഞ്ചായത്തിലെ ടാർ ചെയ്ത റോഡുകൾ

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | ദൂരംകീ.മി | വീതി | ബസ് യാത്ര സൗകര്യം | വാർഡ് |
|---|---|---|---|---|---|---|
| 1. | കോലുക്കൽ പാലം | P.W.D | 4 K.M | 8M | ഉണ്ട് | 1.2.7.9 |
| 2. | കുണ്ടുകടവ്-ചിറ്റാട്ടുകര ജനശരി | P.W.D | 3.5 K.M | 6M | ഉണ്ട് | 1.2.4. 8.9.10 |
| | പാവറട്ടി പാലുവായ | P.W.D | 1 K.M | 8M | ഇല്ല | 1,2 |
| 3. | ചെറുവക്കരമന-വെൻന്മാനാട് (മനപ്പടി) | പഞ്ചായത്ത് | 1600എം | 6എം | ഉണ്ട് | 8-9 |
| 4. | ചുക്കബസാർ-പൊന്നകുളം | ,, | 800എം | 6എം | ഉണ്ട് | 7-8 |
| 5. | അംശകച്ചേരി-മുനക്കടവ് | ,, | 1600എം | 6എം | ഉണ്ട് | 5.6.8 |
| 6. | വില്ലേജ് ഓഫിസ് പെരിഞ്ഞാട് ജംഗഷൻ | ,, | 1600എം | 6എം | ഭാഗികം | 7-8 |
| 7. | വെൻമേനാട്-പാവർട്ടി | ,, | 1800എം | 6എം | ഇല്ല | 8 |
| 8. | കൊടുങ്ങൽമച്ചാടിപ്പുറം റോഡ് | ,, | 1300എം | 6എം | ഇല്ല | 4.5.6 |
| 9. | പാവറട്ടി-കാശമിർ | ,, | 600എം | 6എം | ഇല്ല | 2.3 |
| 10 | കണ്ണം തൃക്കോവിൽ | ,, | 800എം | ,, | ,, | 8-9 |
| 11. | പുതുമനശ്ശേരു-കാശ്മീർ | ,, | 500എം | ,, | ,, | 2 |
| 12. | മുഹദ്അബ്ദുൾ റഹിമാൻസാഹിബ് | ,, | 1000എം | ,, | ,, | 3.4 |
| 13. | ചുക്കുബസാർ-പെരിങ്ങാട്ടുപ്പുഴ | ,, | 600എം | ,, | ,, | 7 |
| 14. | രാതുലിയ-കൊടുങ്ങൽ | ,, | 1200എം | ,, | ,, | 6 |
| 15. | പുതുമനശേശേരി-ചെമ്പരത്ത് | ,, | 750 | , | ,, | 3 |
| 16. | പൈങ്കിമ്ണിയൂർ-ഭദ്രിയ | ,, | 4400 | ,, | ,, | 6 |
| 17. | അയ്യപ്പൻകാവ് | ,, | 700 | ,, | ,, | 7 |
| 18. | ജവഹർ മുന്നണി | ,, | 850 | ,, | ,, | 7.9 |
| 19 | പുത്തമ്പലം-പെരിങ്ങാട്ടുപ്പുഴ | പകുതി ഭാഗം | 1300 | ,, | ,, | 7 |
| 20 | പാവറട്ടി, വെളക്കാറുപാടം | ,, | 650 | ,, | ,, | 1 |
| 21. | ചാപ്പവരമ്പ്, ചെമ്പകശ്ശേരി | പഞ്ചായത്ത് | 800എം | ,, | ,, | 7 |
| 22. | പെരിങ്ങാട് ജംഗ്ഷൻ. കോഴിഞ്ഞ് | ,, | 850 | ,, | ,, | 7 |
| 23. | തിരുനെല്ലൂർ പെരിഞ്ഞുപ്പുഴ | ,, | 400 | ,, | ,, | 7 |
| 24. | ചെമ്പറതോട് കാളാനി | ,, | 1600 | 6എം | ,, | 3 |
| 25. | സി.ടി ആൻറണി മെമ്മൊറിയൽ | ,, | 300 | 5എം | ,, | 2.8 |

# C - മാർക്കറ്റ്

സമചതുരത്തിനോട് സാമ്യമുള്ള ആകൃതിയിൽ സ്ഥിതിചെയ്യുന്ന പാവറട്ടി പഞ്ചായത്തിൻെറ മാധ്യഭാഗത്ത് നിന്ന് വടക്ക്-കിഴക്ക് മാറി, പാവറട്ടി സെൻറർ എന്ന പേരിൽ അറിയപ്പെടുന്ന പാവറട്ടി മാർക്കറ്റ് സ്ഥിതി ചെയ്യുന്നു. 'എ' ഗ്രേഡ് പഞ്ചായത്തിനുതകുന്ന തരത്തിലുള്ളതും ഭൂരിഭാഗം ചെറിയ നഗരങ്ങളോടു കിടപിടിക്കത്തക്ക ഒരു 'എ' ഗ്രേഡ് മാർക്കറ്റ് പഞ്ചായത്തിനുണ്ടെങ്കിലും ആധുനിക സൗകര്യങ്ങൾക്ക്ഉതകുന്ന തരത്തിലുള്ള വിപുലീകരണം മാർക്കറ്റിനുണ്ടായിട്ടില്ല. മാർക്കറ്റ് വൃത്തിയായും ഒതുക്കത്തിലും സൂക്ഷിക്കാനുള്ള സൗകര്യങ്ങളില്ലായ്മയും റിംഗ് റോഡ് നിർമ്മിച്ച് മാർക്കറ്റ് സ്പർശിച്ച് പോകേണ്ട ആവശ്യമില്ലാത്തതുമായ വഴികളുടെ അഭാവവും മാർക്കറ്റിനെ ഞെരുക്കുന്നു. വാഹനങ്ങൾ റിംഗ് റോഡുകളിലൂടെ പോകുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും മാർക്കറ്റിനോട് ചേർന്ന് സ്ഥിതിചെയ്യുന്ന ടാക്സി, ഓട്ടോറിക്ഷ സ്റ്റാൻറുകൾക്ക് ആവശ്യമായ സൗകര്യങ്ങളൊരുക്കുകയും തെക്കോട്ടും വടക്കോട്ടും പോകുന്ന ബസ്സുകൾ നിർത്തുന്ന സ്ഥലങ്ങൾ കൂടുതൽ സൗകര്യപ്രദമായ സ്ഥലങ്ങളിലേക്ക്മാറ്റി സ്ഥാപിക്കുകയുംചെയ്യുകവഴി മാർക്കറ്റിൽ കൂടുതൽ സൗകര്യങ്ങൾ ലഭിക്കുകയും നല്ല ഒരളവോളം മാർക്കറ്റ് വിപുലീകരിക്കുപ്പെടുകയും ചെയ്യും. മാർക്കറ്റിലേക്കായി വരുന്ന ജനങ്ങളുടെ വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനായി സൗകര്യപ്രദമായ സ്ഥലം ഒരുക്കുന്നത് മാർക്കറ്റിലെ തിക്കും തിരക്കുംകുറക്കുന്നതിനും മാർക്കറ്റിൽ ജനങ്ങളുടെ സുഗമമായ സഞ്ചാരത്തിനും വഴി തെളിയിക്കുന്നു.

പഞ്ചായത്ത് മാക്കറ്റിൽ സ്ഥിതി ചെയ്യുന്ന റോഡുകളുടെ കാന നിർമ്മാണം 50 ശതമാനത്തോളം നടന്നിട്ടുണ്ടെങ്കിലും ബാക്കിയുള്ള ഭാഗങ്ങളിലെ കാനകൾ കൂടി പെട്ടെന്ന് ശരിയാക്കേണ്ടതാവശ്യമാണ്. അതല്ലെങ്കിൽ മഴക്കാലങ്ങളിൽ മലിനജലം പല ഭാഗങ്ങളിലും തടയപ്പെടുകയും മാർക്കറ്റ് മലിനജലത്തിലും ചപ്പുചവറുകളിലും മുങ്ങുകയും ദുർഗന്ധപൂരിതമാവുകയും ചെയ്യുന്നു. മാർക്കറ്റിലെ പാതകൾ തൂത്തുവാരുന്നതിനുള്ള ഏർപ്പാടുണ്ടാക്കാത്തതും മാർക്കറ്റിലെ പാതയോരങ്ങളിൽ കുപ്പത്തൊട്ടികൾ സ്ഥാപിക്കാത്തതും മൂലം മാർക്കറ്റിലെ അവശിഷ്ടങ്ങളും പാഴ്വസ്തുക്കവും ചീഞ്ഞുനാറുകയും മാർക്കറ്റ് ദുർഗന്ധ പൂരിതവും , രോഗാണു സമ്പുഷ്ടവും ആയിത്തീരുകയും ചെയ്യുന്നു. മാർക്കറ്റിലെ കാന നിർമ്മാണം പൂർത്തിയാക്കി, സമയാസമയങ്ങളിൽ കാനകൾ വൃത്തിയാക്കുകയും കീടനാശിനികൾ ഉപയോഗിക്കുകയും പാതയോരങ്ങളിൽ ഇടവിട്ട് കുപ്പത്തൊട്ടികൾ സ്ഥാപിക്കുകയും സമയാസമയങ്ങളിൽ കുപ്പകൾ നീക്കം ചെയ്യുകയോ, നശിപ്പിക്കുകയോ ചെ്യത് അവിടം വൃത്തിയായി സൂക്ഷിക്കുകയും ചെയ്യുന്നത് മാർക്കറ്റിൽ ദുർഗന്ധമില്ലാത്തതും, ആരോഗ്യപ്രദവുമായ അവസ്ഥ സൃഷ്ടിക്കാൻ ഏറെ സഹായിക്കും.

മൽസ്യമാംസ്യങ്ങൾ വിൽക്കുന്നതിന് ആധുനിക സൗകര്യങ്ങളുള്ള വിപുലമായ ഒരു മാർക്കറ്റ് നിർമ്മിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ലാത്തത് പഞ്ചായത്തിലെ മാർക്കറ്റ് സംവിധാനത്തിൽ സംഭവിച്ചിട്ടുള്ള ഏറ്റവും വലിയ ന്യൂനതയാണ്. സൗകര്യപ്രദമായ മൽസ്യ-മാംസ മാർക്കറ്റ് സ്ഥാപിക്കാനും അതിനോട് ചേർന്ന് മറ്റു പലതിനും വിപണന സൗകര്യങ്ങളൊരുക്കുന്നതിനും മറ്റ് തടസ്സങ്ങളോ സൗകര്യമില്ലായ്മയോ കാണുന്നില്ല.

മെയിൻമാർക്കറ്റ് കൂടാതെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി 10-ൽ താഴെ കൊച്ചുമാർക്കറ്റുകൾ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിൽ മൊത്തം 500 -ൽ താഴെ വാണിജ്യസ്ഥാപനങ്ങളുണ്ട്. അതിൻെ 70 ശതമാനത്തോളം മെയിൻ മാർക്കറ്റിൽ തന്നെ സ്ഥിതി ചെയ്യുന്നു. പൊതുവെ എല്ലാതരത്തിലുള്ള വിപണനവും നടക്കുന്ന പൊതുമാർക്കറ്റൽ, പച്ചക്കറി, ബേക്കറി, മൽസ്യം, ഇംഗ്ലീഷ് മരുന്നുകൾ എന്നീ തരത്തിൽപ്പെട്ട വസ്തുക്കൾക്ക് വിപണിയിൽ മുൻതൂക്കം കാണുന്നു.

മാർക്കറ്റിലെ കടകളിൽ നിരത്തിലേക്കിറക്കി വെച്ച് കച്ചവടം നടത്തുന്നത് മാർക്കറ്റിൻെറ സൗകര്യം നഷ്ട്പ്പെടുത്തുകയും ഗതാഗതകുരുക്കിന് വഴി തെളിയിക്കുകയും ചെയ്യുന്നു.

# V. 6 വിദ്യാഭ്യാസം

ഒരു ഗ്രാമത്തേക്കാളേറെ പട്ടണത്തിൻെറ സവിശേഷമുഖമുദ്രയുള്ള ഒരു പഞ്ചായത്താണ് പാവറട്ടി. ഗ്രാമമുഖത്തിൽ നിന്നും പട്ടണപരിഷ്കാരത്തിലേക്ക് നമ്മുടെ നാടിനെ നയിക്കുന്നതിൽ വിദ്യാഭ്യാസമേഖലക്ക് വളരെ സ്വാധീനമുണ്ട്. സമൃദ്ധമായ ഒരു വിദ്യാഭ്യാസ പാരമ്പര്യത്തിന് അവകാശികളാണ് നാം. പഴയ മലബാർ സംസ്ഥാനത്തിൻെറ ഭാഗമായി ഇവിടെ സ്ഥാപിക്കപ്പെട്ട ബോർഡ് സ്കൂളുകളിൽ നിന്നാംരഭിക്കുന്ന വിദ്യാഭ്യാസ ചരിത്രം പിന്നീട് മിഷനറിമാർ ആണ് പ്രകാശമാനമാക്കുന്നത്.

1890-ൽ സെൻറ് തോമസ് കർമ്മലീത്താശ്രമസഭ സ്ഥാപിച്ച സെൻറ് ജോസഫ്സ് ഹൈസ്കൂളിന് 1905 മെയ് 18 ന് കെട്ടിട നിർമ്മാണം ആരംഭിച്ചു. 1908 മെയ് 6ന് മദ്രാസ് ഗവൺമെൻറിൻെറ അംഗീകാരം കിട്ടി. 1940 ൽ സെക്കൻററി ട്രെയിനിംഗ് ക്ലാസുകളും 1943ൽ ഹയർട്രെയിനിങ്ങ് ക്ലാസുകളും ആരംഭിച്ചു. ഈ വിദ്യാലയത്തിൻെറ 100 വർഷത്തിൻെറ പ്രവർത്തനഫലങ്ങൾ നമ്മുടെ പഞ്ചായത്തിൻെറ സാമൂഹിക സാമ്പത്തിക മേഖലയെ കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. സമീപപഞ്ചായത്തുകളിൽ നിന്നും ധാരാളം വിദ്യാർത്ഥികൾ ഈ സ്ഥാപനത്തെ ആശ്രയിച്ചിരുന്നു. നിരവധി പ്രഗൽഭരായ വ്യക്തികളെ വളർത്തിയെടുത്തിട്ടുള്ള ഒരു പ്രധാനപ്പെട്ട വിദ്യാലയമാണ് ഈ സ്ഥാപനം.

1911ൽ നിലത്തെഴുത്ത് വിദ്യാലയമായി ആരംഭിച്ച് 1934 ൽ ഒരു കോളേജാക്കി ഉയർത്തിയ സംസ്കൃത കോളേജിൻെറ പേരിൽ പാവറട്ടി ഇന്നും പ്രശസ്തമാണ്. ജീവിച്ചിരിപ്പുള്ളവരും മരിച്ചുപോയവരുമായ ഒട്ടുമിക്ക സംസ്കൃതപ്രതിഭകളും ഈ വിദ്യാലയവുമായി ഏതെങ്കിലും രീതിയിൽ ബന്ധപ്പെട്ടവരാണ്. സംസ്കൃതപ്രണയഭാജനം എന്നറിയപ്പെടുന്ന പി.ടി. കുരിയാക്കോസ് മാസ്ററരാണ് ഈ സ്ഥാപനത്തിൻെറ വളർച്ചക്ക് ആശ്രാന്തപരിശ്രമം നടത്തിയത്. പിന്നീട് കേന്ദ്രഗവൺമെൻറിന് വിട്ടുകൊടുത്ത ഈ സ്ഥാപനത്തിൻെറ ഇന്നത്തെ ദുഃസ്ഥിതി ഖേദകരമാണ്.

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി 1936ൽ ആരംഭിക്കപ്പെട്ട ക്രൈസ്റ്റ്കിങ്ങ് കോൺവെൻറ് 1938 ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഈ സ്ഥാപനം ഇന്ന് 1800 ലേറെ വിദ്യാർത്ഥികൾ പഠിക്കുന്ന വലിയൊരു ഹൈസ്കൂളായി തുടരുന്നു.

ഒരു സർക്കാർ യു.പി. സ്കൂളടക്കം 15 വിദ്യാലയങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. 11 എൽ.പി. സ്കൂളുകൾ 1 യു.പി. സ്കൂൾ, 3 ഹൈസ്കൂൾ, വിശദമായ അദ്ധ്യാപക - വിദ്യാർത്ഥി കണക്കുകൾ അനുബന്ധം പട്ടിക (1) ൽ കൊടുത്തിരിക്കുന്നു. ഇതു കൂടാതെ രണ്ട് ഇംഗ്ലീഷ് മീഡിയം സ്കൂളുകളും

# വിദ്യാർത്ഥികൾ-അധ്യാപകർ- വിവര പ്പട്ടിക

| | | വിദ്യാർത്ഥികൾ | | | അധ്യാപകർ | | | യോഗ്യത | |
|---|---|---|---|---|---|---|---|---|---|
| സ്കൂളിൻെറ പേര് | മാനേജ്മെൻറ് | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ടി.ടി,സി | ബിഎഡ് |
| 1.എ.എം. എൽ പി.എസ് മരുതയൂർ | എയ്ഡഡ് | 83 | 93 | 176 | 1 | 6 | 7 | 7 | --- |
| 2. എം.യുഎൽ പി,എസ് പാവറട്ടി | ,, | 74 | 32 | 106 | 2 | 3 | 5 | 3 | 2. |
| 3,എ.എം.എൽ,പി.എസ്.പൈങ്കണ്ണിയൂർ | ,, | 93 | 80 | 173 | - | 6 | 6 | 6 | -- - |
| 4.സെൻറ് ലൂയ്സ് എൽ.പി.എസ് വെൻമേനാട് | ,, | 140 | 115 | 255 | 2 | 7 | 9 | 6 | 3 |
| 5. സെൻറ് മേരിസ് എൽ.പി.എസ്സ് പുതുമനശ്ശേരി | ,, | 89 | 87 | 176 | 2 | 4 | 6 | 3 | 3 |
| 6. സി.കെ.സി.എൽ. പി.എസ്.പാവറട്ടി | ,, | - | 431 | 431 | - | 11 | 11 | 11 | --- |
| 7. എ,എം,എൽ,പി.എസ്.പാവറട്ടി | ,, | 74 | 68 | 142 | 3 | 3 | 6 | 6 | --- |
| 8. എൽ,എഫ്.എൽ.പി.എസ്. പാവറട്ടി | ,, | 142 | - | 142 | 1 | 3 | 4 | 4 | --- |
| 9. എ.എം.എഎൽ. പി.എസ്.വെൻമേനാട് | ,, | 83 | 78 | 161 | 1 | 5 | 6 | 6 | --- |
| 10 സെൻറ് ജോസഫ് എൽ.പി. എസ്. പാവറട്ടി | ,, | 209 | 49 | 258 | 3 | 6 | 9 | 7 | 2 |
| 11 എസ്.ഡി.എൽ.പി.എസ്.പാവറട്ടി | ,, | 54 | 52 | 106 | 1 | 4 | 5 | 5 | --- |
| 12 ജി.യു.പി.എസ് പാവറട്ടി | ഗവൺമെൻറ് | 88 | 84 | 172 | 3 | 8 | 11 | 11 | --- |
| 13. എം.എ.എസ്.എം.എച്ച്.എസ്. വെന്മേനാട് | എയ്ഡഡ് | 292 | 287 | 579 | 9 | 20 | 29 | 9 | 20 |
| 14. സി.കെ സി എച്ച്.എസ്. പാവറട്ടി | ,, | - | 1698 | 1698 | - | 46 | 46 | 32 | 14 |
| 15. സെൻറ്ജോസഫ് എച്ച്.എസ്. പാവറട്ടി | ,, | 1454 | - | 1454 | 53 | 7 | 60 | 14 | 46 |

## എൽ.പി,യു.പി,എച്ച്.എസ് വിഭാഗങ്ങളുടെ പെൺകുട്ടികളുടെ വിവരം(%) പട്ടിക (ഐ.സി)

| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | % | ആൺ | പെൺ | % | ആൾ | പെൺ | % |
|---|---|---|---|---|---|---|---|---|---|
| 6029 | 1041 | 1085 | 51.04% | 811 | 961 | 54.23% | 1023 | 1107 | 51.97% |
| | | | | | | | ആകെ 52.40% | | |

## പട്ടിക ജാതി-പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക് (%)

| എൽപി | | | | യു.പി | | | | എച്ച്.എസ് | | | |
|---|---|---|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | റിമാർക്സ് | ആകെ | SC/ST | % | റിമാർക്സ് | ആകെ | SC/ST | % | റിമാർക്സ് |
| 2126 | 268 | 12.60% | | 172 | 53 | 30.81% | | 3731 | 600 | 16.18% | |

## പഠനം നിർത്തിയവരുടെ കണക്ക്

| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | മൊത്തം |
|---|---|---|---|---|---|---|
| 2 | 13 | 15 | 21 | 28 | 49 | 64 |

പട്ടിക 2.എ. അക്കാഡമിക്ക് സൗകര്യങ്ങളുടെ ലഭ്യത.

| | ലൈബ്രറി | പ്രവർത്തിക്കാത്ത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | ടേപ്പ് റിക്കോർഡർ | ടെലിവിഷൻ | സിനിമാ പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് അവശ്യമുണ്ട് | മാതൃസംഘം സജീവനം | ക്ലാസ് പി.ടി.എ പ്രവർത്തിക്കുന്നത് | റേഡിയോ | സൈഡ് പ്രൊജക്ടർ | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 1 | 0 | 3 | 0 | 3 | 12 | 0 | 2 | 2 | 15 | 15 | 15 | 0 | എല്ലാ പനോപകരണങ്ങളും ആവശ്യത്തിനില്ല |
| ഇല്ലാത്തത് | 14 | 14 | 12 | 12 | 12 | 3 | 15 | 13 | 13 | - | - | - | 15 | |

എസ്.എസ്.എൽ.സി പരീക്ഷ വിജയശതമാനം: പട്ടിക 2 (ബി)

| സ്കൂൾ | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|
| എം.എ.എസ്.എം.എച്ച്.എസ്വെൻമനാട് | 26% | 24% | 23% | 26% | 19% |
| സി.കെ.സി.ജി.എച്ച്.എസ് പാവറട്ടി | 94% | 96% | 91% | 96.3% | 96.3% |
| സെൻററ് ജോസഫ് എച്ച്.എസ്.പാവറട്ടി | 68% | 40% | 57% | 59% | 43% |

ഗവൺമെൻറ് സ്കൂളിലെ അധ്യപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അധ്യാപകർ (പഞ്ചായത്തിൽ) | ഗവ: വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | ഗവ: അധ്യാപകരുടെ % | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെഎണ്ണം | ഗവൺമെൻറ് സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|---|---|
| 220 | 11 | 5% | 6029 | 172 | 2.85 |

## ഭൗതിക സാഹചര്യങ്ങൾ പട്ടിക 2 (ബി)

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്ര പ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| 1. എ. എം. എൽ പി. എപസ്.മരുതയൂർ | 176 | 7 | ഇല്ല | ഇല്ല | ഉണ്ട്-കിണർ | ഇല്ല |
| 2.എം യു.എ.എൽ.പി.എസ്. പാവറട്ടി | 106 | 5 | ഇല്ല | ഇല്ല | ഉണ്ട് -കിണർ | ഇല്ല |
| 3. എ.എം.എൽ.പി.എസ്.പൈങ്കണ്ണിയൂർ | 173 | 6 | 2 | ഇല്ല | ഭാഗികം | ഇല്ല |
| 4. സെൻറ് ലൂയിസ് എൽ.പി.എസ് വെന്മേനാട് | 255 | 9 | 2 | 2 | ഉണ്ട് | ഉണ്ട് |
| 5. സെൻറ് മേരിസ് എൽ.പി.എസ് പുതുമനശ്ശേരി | 176 | 6 | 2 | 1 | ഉണ്ട് | ഉണ്ട് |
| 6. സി.കെ.സി.എൽ.പി.എസ്.പാവറട്ടി | 431 | 11 | 7 | 7 | ഉണ്ട് | ഉണ്ട് |
| 7. എ.എം.എഗ.പി.എസ്.പുതുമനശ്ശേരി | 142 | 6 | 7 | 2 | ഉണ്ട്-കിണർ | ഇല്ല |
| 8. എൽ.എഫ്.എൽ.പി.എസ്.പാവറട്ടി | 142 | 4 | 1 | ഇല്ല | ഉണ്ട് | ഉണ്ട് |
| 9. എ.എം.എൽ.പി.എസ് വെന്മേനാട് | 161 | 6 | 1 | ഇല്ല | ഇല്ല | ഉണ്ട് |
| 10. സെൻറ് ജോസഫ് എൽ.പി.എസ്. പാവറട്ടി | 258 | 9 | 2 | 1 | ഉണ്ട് | ഉണ്ട് |
| 11. എസ്.ഡി.എ.പി.എസ്.പാവറട്ടി | 106 | 5 | 1 | ഇല്ല | ഉണ്ട്-1കിണർ | ഇല്ല |
| 12.ജി.യു.പി.എസ്.പാവറട്ടി | 172 | 11 | 2 | 2 | ഉണ്ട്ഒ1കിണർ | ഇല്ല |
| 13. എം. എ,എസ്.എം.എച്ച്.എസ്. വെമ്മേനാട് | 579 | 29 | 2 | 2 | ഉണ്ട് | ഉണ്ട് |
| 14 സി.കെ.സി.ജി.എച്ച്.എസ്.പാവറട്ടി | 1698 | 46 | 16 | 16 | ഉണ്ട് | ഉണ്ട് |
| 15. സെൻറ് ജോസഫ് എച്ച്..എസ്.പാവറട്ടി | 1454 | 60 | 3 | 4 | ഉണ്ട് | ഉണ്ട് |

പഞ്ചായത്തിലുണ്ട്. മാത്രമല്ല നമ്മുടെ പഞ്ചായത്തിൽ നിന്നും പുറത്തെ അംഗീകൃത ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലും വിദ്യാർത്ഥികൾ പോകുന്നുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് ഒരു വി.എച്ച്.എസ്.സി യും 1 അദ്ധ്യാപകട്രെയിനിങ്ങ് സ്കൂളും 1 ടെക്നിക്കൽസ്കൂളും 3 പാരലൽ കോളേജും ഒരു ഹിന്ദി കോളേജും 4 ടൈപ്പ്റൈറ്റിങ്ങ് പഠനകേന്ദ്രങ്ങളും രണ്ട് കമ്പ്യൂട്ടർ പഠനകേന്ദ്രങ്ങളുമുണ്ട്. പൊതുവെ നമ്മുടെ ജനങ്ങൾക്ക് വിദ്യാഭ്യാസത്തിലുള്ള താൽപര്യം ഈ സ്ഥാപനങ്ങളുടെ ബാഹുല്യത്തിൽ നിന്നു തന്നെ മനസ്സിലാക്കാവുന്നതാണ്.മാത്രവുമല്ല സമീപ പഞ്ചായത്തുകളുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിൽ നമ്മുടെ പഞ്ചായത്തിലെ ഈ സ്ഥാപനങ്ങൾ വലിയൊരളവുവരെ സഹായിക്കുകയും ചെയ്യുന്നു.

മുല്ലശ്ശേരി ബ്ലോക്ക് പ്രദേശത്തിലെ ഏറ്റവും വലിയ വ്യാപാരകേന്ദ്രം കൂടിയാണ് പാവറട്ടി. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ മറ്റു തൊഴിലുകളേക്കാൾ ഏറെ അഭ്യസ്തവിദ്യ തൊഴിലുകളിൽ ഏർപ്പെടുന്നവരാണ് കൂടുതൽ. വിദ്യാഭ്യാസ രംഗത്തെ നീണ്ട ചരിത്രം അഭ്യസ്തവിദ്യരുടെ എണ്ണത്തെ വർദ്ധിപ്പിച്ചിട്ടുണ്ട്. മാത്രമല്ല പാവറട്ടി സംസ്കൃതവിദ്യാപീഠത്തെ ആശ്രയിച്ച് മലയാളം വിദ്വാൻ കോഴ്സ് നിലനിന്നിരുന്നതിനാൽ ഇന്നത്തെ വലിയൊരു ശതമാനം ഭാഷാധ്യാപകർ ഈ പ്രദേശത്തുകാരോ, ഇവിടെ പഠിച്ചവരോ ആണ്. പ്രാഥമിക വിദ്യാഭ്യാസസൗകര്യവും വ്യാപാരകേന്ദ്രമായതിനാൽ ഉണ്ടായ സഞ്ചാരസൗകര്യങ്ങളും കൂടുതൽ പേർക്ക് ഉന്നതവിദ്യാഭ്യാസത്തിന് അവസരമൊരുക്കി. പഞ്ചായത്തിലെ 60 ശതമാനത്തിലേറെ ജനങ്ങളും സർവീസ് മേഖലകളിൽ പണിയെടുക്കുന്നവരാണ്. അതിൽ തന്നെ ഭൂരിഭാഗവും അദ്ധ്യാപകരും. പൊതുവെ ക്രൈസ്തവർക്ക് മുൻതൂക്കമുള്ള പാവറട്ടി സെൻററിനോട് ചേർന്ന പ്രദേശത്ത് മുഴുവൻ കുടുംബങ്ങളും ഇടത്തരക്കാരോ അതിനുമുകളിലൊ കഴിയുന്നവരാണ്. പഞ്ചായത്തിൻെറ പടിഞ്ഞാറൻ മേഖലയിൽ മാത്രമാണ് താരതമ്യേന വിദ്യാഭ്യാസനിലവാരത്തിൽ താഴ്ച കാണുന്നത്. ഈ പിന്നോക്കാവസ്ഥ കണക്കിലെടുത്താണ് ബഹു: വിദ്യാഭ്യാസമന്ത്രി സി.എച്ച്.മുഹമ്മദ്കോയ സാഹിബ് ഒരു ഹൈസ്കൂളിന് ഈ പ്രദേശത്ത് എം.കെ.മുഹമ്മദ്ഹാജിയുടെ പരിശ്രമഫലമായി അനുവദിച്ചത്. ആ ഹൈസ്കൂളിൽ ഒരു സാങ്കേതിക വിദ്യാഭ്യാസകേന്ദ്രവും ആരംഭിച്ചിട്ടുണ്ട്.

എന്നാൽ ഇത്രയേറെ വിദ്യാഭ്യാസ സൗകര്യങ്ങളുള്ള പഞ്ചായത്തിലെ മൊത്തം വിദ്യാലയങ്ങളുടെ അവസ്ഥ പരിശോധിച്ചാൽ രസകരമായ ചില വൈരുദ്ധ്യങ്ങൾ കാണാം. ഭൗതിക സാഹചര്യങ്ങൾ മികച്ചു നിൽക്കുന്ന സ്കൂളുകൾ പോലും അക്കാദമിക നിലവാരത്തിൽ ഉയർച്ച കാണിക്കുന്നില്ല. 11 എൽ.പി. സ്കൂളുകളിൽ മിക്കതിലും ഭൗതിക സാഹചര്യങ്ങൾ മോശമാണ്. (അവസാന പട്ടിക നോക്കുക) നിലവിലുള്ള ഒരു സർക്കാർ വിദ്യാലയമാകട്ടെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവനുഭവപ്പെടുന്ന അവസ്ഥയിലും പൊതുവെ ജനങ്ങൾ വിദ്യാഭ്യാസ കാര്യത്തിൽ ശ്രദ്ധാലുക്കളാണെങ്കിലും വിദ്യാലയങ്ങളിൽ അവർ ശ്രദ്ധിക്കാറില്ല. രക്ഷാകർത്താക്കൾ നേരിട്ട് ഇടപ്പെടുന്ന വിദ്യാലയങ്ങളിൽ അക്കാദമിക നിലാവരം ഉയർന്നുവരുന്നുണ്ട്. എന്നാൽ പലപ്പോഴും അദ്ധ്യാപക വിമർശനത്തിനപ്പുറം പോകാത്ത തരത്തിൽ നമ്മുടെ സ്കൂൾ ഇടപെടലുകൾ അവസാനിക്കുന്നു.

## പ്രധാനപ്രശ്നങ്ങൾ:

വിദ്യാഭ്യാസരംഗത്തെ പ്രശ്നങ്ങളിലേക്ക് കടക്കുമ്പോൾ മൊത്തം സംസ്ഥാന വിദ്യാഭ്യാസത്തിൻെറ ഭാഗമായി ഉയർന്നുവരുന്ന പ്രശ്നങ്ങൾ തന്നെയാണ് ഇവിടെയും. സിലബസിൻെറ വലിപ്പവും അദ്ധ്യാപകരുടെ ഗുണനിലാവരത്തകർച്ചയും വിദ്യാർത്ഥികളുടെ മനോഭാവക്കുറവും നിലവിലുള്ള സാഹചര്യങ്ങളെ പോലും ഉപയോഗിക്കാത്ത അവസ്ഥയും പൊതുവെ പറയാം. എന്നാൽ ഓരോ രക്ഷിതാവും തൻെറ മകൻെറ - മകളുടെ കാര്യത്തിൽ ശ്രദ്ധാലുവാണെങ്കിലും വിദ്യാഭ്യാസ,ഗുണനില വാരം ഉയർത്താൻ സാമൂഹികമായി ഇടപെടാൻ തയ്യാറല്ല. വ്യക്തിപരമായി താനാഗ്രഹിക്കുന്ന നിലവാരത്തിലേക്ക് കുട്ടികളെ പഠിപ്പിച്ചുയുർത്തുക എന്നതിനേക്കാൾ സമൂഹത്തിൻെറ മൊത്തം നിലവാരം ഉയർത്തുന്നതിലൂടെ മാത്രമെ തൻെറ മക്കളുടെയും നിലവാരം ഉയർത്താനാകൂ എന്ന തിരിച്ചറിവിനു സമയമായിരിക്കുന്നു.

എന്തിനുവേണ്ടിയാണ് വിദ്യാഭ്യാസം എന്ന ചോദ്യം ഇന്നും വ്യക്തമായ ഒരുത്തരം നൽകുന്നില്ല. പൊതുവെ യാതൊരു ലക്ഷ്യബോധവുമില്ലാതെ ഉയർന്നുയർന്നു പോകുന്ന ഡിഗ്രികൾ കരസ്ഥമാക്കുന്നതിൽ തല്പരരാണ് ഭൂരിപക്ഷം പേരും. എന്നാൽ ഈ പഞ്ചായത്തിൽ നിലവിലുള്ള ചില താൽപര്യങ്ങൾ അദ്ധ്യാപകവൃത്തിയുമായി ബന്ധപ്പെട്ടതാണ്. ടി.ടി.സി.യോ, ബി.എഡ് ഡിഗ്രിയോ നേടി അദ്ധ്യാപകവൃത്തി സ്വപ്നം കാണുന്നവരുടെ സംഖ്യ കൂടിയിട്ടുണ്ട്. ഒരു പക്ഷേ ഉദ്യോഗസ്ഥരിൽ ഭൂരിഭാഗം വരുന്ന അദ്ധ്യാപകരായതിനാലാവാം ഈ താൽപര്യം.

പാവറട്ടിക്ക് പണ്ടുമുതലുണ്ടായി പ്രശസ്തിസിമൻറ് വർക്കിലാണ്. പണ്ടൊരു കാലത്ത് പാവറട്ടി വർക്ക് എന്നറിയപ്പെട്ടിരുന്ന ഈ സിമൻറ് വർക്കിൽ ഒട്ടേറെ തൊഴിലാളികൾ ഇന്നും ഇവിടെയുണ്ട്. എന്നാൽ ശാസ്ത്രീയമായ രീതിയിൽ ഈ സിമൻറ് വർക്ക് പരിശീലിപ്പിക്കാനോ പുത്തൻ പരീക്ഷണങ്ങൾ നടത്താനോ യാതൊരു ശ്രമവും കാണുന്നില്ല. അഥവാ വിദ്യാഭ്യാസത്തിൽ ഇത്തരം കൈവേലകൾക്ക് പ്രാധാന്യം നൽകാൻ ശ്രദ്ധിക്കുന്നില്ല. ഒരു കാലത്ത് വിദേശത്ത് പോയി വിവിധ മാതൃകകളിലുള്ള സിമൻറ് പണികൾ നോക്കി പഠിച്ച് ഇവിടുത്തുകാരെ അഭ്യസിപ്പിക്കാൻ ശ്രമിച്ച ഫാദർ. അത്തനേഷ്യസിനെ പിന്നീടുള്ള തലമുറക്കാർ അനുകരിക്കാൻ ശ്രമിക്കുന്നില്ല.

അതോടൊപ്പം തന്നെ ഔപചാരിക വിദ്യാഭ്യാസത്തിനൊപ്പം തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ആളുകളിൽ താൽപര്യം കാണുന്നില്ല. നിലവിലുള്ള വി.എച്ച്എസ്സിയിൽ പോലും താൽപര്യപൂർവ്വം ചേർന്നു പഠിക്കാൻ വിദ്യാർത്ഥികളെ ലഭിക്കുന്നില്ല മാത്രവുമല്ല നമ്മുടെ പഞ്ചായത്തിൻെറ സാധ്യതകൾക്ക് അനുസൃതമായി പുതിയ ട്രേഡുകൾ തുടങ്ങാനും ശ്രമിക്കേണ്ടതാണ്.

നിലവിലുള്ള വിദ്യാലയങ്ങളിൽ അധ്യാപക- വിദ്യാർത്ഥി രക്ഷാകർത്തൃ ബന്ധം നല്ലതുപോലെ സംയോജിപ്പിക്കാൻ നമ്മുക്ക് കഴിയുന്നില്ല. ക്ലാസുമുറികളിൽ തളച്ചിടപ്പെടുന്ന വിദ്യാത്ഥിൾക്ക് പഠനം രസകരമായ ഒരു അനുഭവമാക്കാൻ നമ്മുടെ അധ്യാപകർക്ക് കഴിയുന്നില്ല. പഠനത്തിൽ രക്ഷാകർത്താവിനുള്ള സ്ഥാനം ബോധ്യപ്പെടുത്താൻ അധ്യാപകർ ശ്രമിക്കുന്നതിനേക്കാൾ സമൂഹത്തിൽ മുഖം തിരിച്ചു നിൽക്കാനാണ് അധ്യാപകർ ശ്രമിച്ചു കാണുന്നത്.

പുത്തൻ നഗരവൽക്കരണത്തിൻെറ രീതികൾ നമ്മുടെ പഞ്ചായത്തിൽ കൂടുതൽ കൂടുതൽ വേരോടുകയാണ്. ഇലക്ട്രോണിക് മാധ്യമങ്ങളുടെ മായാവലയത്തിൽ നമ്മുടെ വിദ്യാർത്ഥികൾ ആമഗ്നരായിരിക്കുന്നു. ഒപ്പം തന്നെ ഇംഗ്ലീഷ് വിദ്യാഭ്യാസം എന്നത് ജനിക്കുമ്പോൾ മുതൽ തന്നെ മക്കൾ ഇംഗ്ലീഷ് പഠിക്കുണം എന്ന മിഥ്യാബോധം നമ്മുടെയിടിയിൽ എങ്ങിനെയോ കടന്നു വന്നിരിക്കുന്നു. പഠനംഎന്നത് ഓർമ്മിക്കൽ മാത്രമാണെന്നും ഏറ്റവും കൂടുതൽ ഓമ്മിച്ചെഴുതുന്നവൻ നല്ല വിദ്യാർത്ഥിയാണെന്നുമുള്ള അടിസ്ഥാനത്തിൽ നമ്മുടെ വിദ്യാഭ്യാസമൂല്യനിർണ്ണയം എത്തി നിൽക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം പുതിയ വിദ്യാഭ്യാസസ്ഥാപനങ്ങളേക്കാൾ നിലവിലുള്ളവയെ കാലോചിതമായി മാറ്റിയെടുക്കലും ജനങ്ങളുടെ ചിന്താരീതിയിൽ മാറ്റങ്ങൾ വരുത്താവുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കലുമാകണം വിദ്യാഭ്യാസരംഗത്ത് നടത്താനുള്ളത്.

## നിർദ്ദേശങ്ങൾ:

നിലവിലുള്ള വിദ്യാലയങ്ങളിലെ പഠനനിലവാരത്തെപ്പറ്റി ഒരു സർവ്വെ നടത്തി നിലവാരപിരശോധനയുടെ അടിസ്ഥാനത്തിൽ സ്കൂളുകളെ തരം തിരിക്കുക.

പഞ്ചായത്ത് അടിസ്ഥാനത്തിൽ സ്കൂൾ കോംപ്ലക്സ് സ്ഥാപിച്ച് അധ്യാപക പുനപരിശീലനവും പുത്തൻ ബോധനസമ്പ്രദായങ്ങളും നടപ്പിലാക്കുക.

പഞ്ചായത്തിൽ ഒരു വിദ്യാഭ്യാസ സമിതി ഉണ്ടാക്കി അക്കാദമിക്ക് നിലവാരം മോണിററിംഗ് നടത്തി വേണ്ട രീതിയിൽ ഇടപെടുന്നതിന് അവസരം സൃഷ്ടിക്കുക.

ചിലവുകുറഞ്ഞ പഠനോപകരണങ്ങൾ നിർമ്മിച്ച് അതുപയോഗിച്ച് പഠിപ്പിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുന്നതിനും കഴിയുന്ന രീതിയിൽ പഞ്ചായത്ത് തലത്തിൽ ഒരു സെൻറർ സ്ഥാപിക്കുക. ഏതെങ്കിലും സ്കൂളിനെ കേന്ദ്രീകരിച്ചാവാം ഇത്.

ഹൈസ്കൂളിലെ ലാബറട്ടറി, ലൈബ്രറി സൗകര്യങ്ങൾ പരിഷ്കരിച്ച് അതുപയോഗപ്പെടുത്തി പഠനം നടത്തുന്നു എന്നുറപ്പ് വരുത്തുന്നതിന് പഞ്ചായത്ത് വിദ്യാഭ്യാസ സമിതിയെ ചുമതലപ്പെടുത്തുക.

വി.എച്ച്. എസ്.സി. യിൽ നിലവിലുള്ള കോഴ്സുകളുടെ ഗുണനിലവാരം പിരശോധിച്ച് കൂടുതൽ കോഴ്സുകൾ തുടങ്ങുന്നതിനും ഉള്ള വയിലെ അപര്യാപ്തതകൾ പരിഹരിച്ച് നില മെച്ചപ്പെടുത്തുകയും ചെയ്യുക.

വിദ്യാർത്ഥികളുടെ കലാ-കായിക രംഗങ്ങളിൽ ഇന്നുള്ള വിദ്യാഭ്യാസജില്ലാ- ഉപജില്ലാതല മൽസരങ്ങൾ നിറുത്തി പകരം പഞ്ചായത്ത് തലത്തിൽ കലാ-കായിക ഉൽസവങ്ങൾ സംഘടിപ്പിക്കുക. അനാരോഗ്യകരമായ മൽസരങ്ങൾ ഒഴിവാക്കുക.

1 മുതൽ 7 വരെ ക്ലാസുകളിലെങ്കിലും നിലവിലുള്ള പരീക്ഷാ രീതി മാറ്റി ഓരോ വിദ്യാർത്ഥിയും ഓരോ ക്ലാസിലും പഠിച്ചു എന്ന് ഉറപ് വരുത്തേണ്ട മിനിമം ലെവൽ നിശ്ചയിച്ച് അതളക്കാനുതകുന്ന കുട്ടികളുടെ വികസനം ഉറപ്പ് വരുത്തുന്ന പരീക്ഷാസമ്പ്രദായം പഞ്ചായത് തലത്തിൽ നടപ്പാക്കുക.

പഞ്ചായത്തിൽ 200 വീടുകൾക്ക് ഒരു അംഗൻവാടി എന്ന രീതിയിൽ അംഗൻവാടികൾ സംഘടിപ്പിക്കുക.

നിലവിലുള്ള സാങ്കേതിക വിദ്യാഭ്യാസസ്ഥാപനങ്ങൾക്കുപുറമേ കൂടുതൽ സാങ്കേതികവിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുക. അതിൽതന്നെ പാവറട്ടിയുടെ സവിശേഷമായ സിമൻറ് പണി സാങ്കേതിക തികവോടെ അഭ്യസിപ്പിക്കാൻ സൗകര്യം ഉണ്ടാക്കുക.

# V. 7 ആരോഗ്യം - കുടിവെള്ളം

ഇരുപതിനായിരത്തോളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ പുരുഷന്മാരുടേയും സ്ത്രീകളുടേയും എണ്ണം ഏകദേശം ഒപ്പത്തിനൊപ്പം നിൽക്കുന്നു. ആരോഗ്യപരിപാലന രംഗത്ത് പബ്ലിക് ഹെൽത്ത് സെൻററിൻെറ പ്രവർത്തനങ്ങൾ ഏറെ പ്രശംസനീയമല്ലെങ്കിലും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അത് പ്രവർത്തി ക്കുന്നു. പഞ്ചായത്തിലെ ആരോഗ്യപരിപാലനരംഗത്തേക്ക് വിരൽ ചൂണ്ടുന്ന ഏതാനും വസ്തുതകൾ താഴെ ചേർക്കുന്നു.

## ജനസംഖ്യ

| | | |
|---|---|---|
| പഞ്ചായത്തിലെ ആംക ജനസംഖ്യ | - | 19,726 |
| പുരുഷന്മാരുടെ എണ്ണം | - | 9155 |
| സ്ത്രീകളുടെ എണ്ണം | - | 10,571 |
| പട്ടികജാതിക്കാരുംട എണ്ണം | - | 2574 |
| പട്ടികവർഗ്ഗകാരുടെ എണ്ണം | - | 11 |
| ഒരു വയസ്സിനുതാഴെയുള്ള കുട്ടികളുടെ എണ്ണം | - | 296 |
| 1-5 ഇടയിലുള്ള കുട്ടികളുടെ എണ്ണം | - | 1199 |

## രോഗാതുരത - വൈകല്യനിരക്ക്

രോഗബാധിതരുടെ എണ്ണം ദിനംപ്രതി കൂടികൊണ്ടിരിക്കുകയും ഉള്ള രോഗികൾ തന്നെ ജില്ലയിലെ വിവധ ആശുപത്രികളിലെ ചികിത്സയിലായതുകൊണ്ടും കണക്കുകൾ പൂർണ്ണമല്ല എങ്കിലും പബ്ലിക്

ഹെൽത്ത് സെൻററിലെ 25-10-96-ലെ കണക്കനുസരിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വൈകല്യനിരക്ക് | | | രോഗബാധിതർ |
|---|---|---|---|
| അംഗവൈകല്യം | | മന്ദബുദ്ധികൾ | രക്തസമ്മർദ്ദം 950 |
| അന്ധർ - | 10 | 0 - 5 വയസ്സ് - 4 | പ്രമേഹം - 550 |
| ബധിരർ - | 30 | 6 - 10 വയസ്സ് - 10 | കാൻസർ - 19 |
| മൂകർ - | 22 | 11 - 15 വയസ്സ് - 3 | കുഷ്ഠം - 7 |
| ബധിര-മൂകർ - | 32 | 16 ന് മേൽ - 54 | ക്ഷയം - 6 |
| ചലനവൈകല്യം - | 68 | | ഹൃദ്രോഗം - 100 |
| | 168 | | |

പബ്ലിക് ഹെൽത്ത് സെൻററിലെ കഴിഞ്ഞ നാലുവർഷത്തെ രോഗവിവരങ്ങളെപ്പറ്റിയുള്ള കണക്കുകൾ താഴെ ചേർക്കുന്നു.

| വർഷം O.P. | തൊക്ക് രോഗം | വാതം | പകർച്ച | മറ്റുള്ളവ |
|---|---|---|---|---|
| 92 - 93 9235 | 12 | 100 | 75 | 9048 |
| 93 - 94 8358 | 2 | 95 | 62 | 8199 |
| 94 - 95 8148 | 12 | 92 | 58 | 7986 |
| 95 - 96 6795 | 7 | 83 | 55 | 6653 |

പഞ്ചായത്തിലെ മൊത്തം പകർച്ചവ്യാധിരോഗികളുടെ എണ്ണം ഓരോ വർഷം കഴിയുംതോറും കുറയുന്നുണ്ടെന്നുള്ളത് ആശാവഹമാണ്.

**പകർച്ചവ്യാധി**

| വർഷം ജലജന്യം | വായു | പ്രാണി | മറ്റുള്ളവ |
|---|---|---|---|
| 93 - 94 225 | 200 | 75 | 8760 |
| 94 - 95 212 | 125 | 62 | 7979 |
| 95 - 96 150 | 95 | 55 | 6499 |

ജനനമരണനിരക്കിൽ പോയ വർഷങ്ങളിൽ കാര്യമായ വ്യതിയാനം സംഭവിച്ചിരിക്കുന്നു. ജനന നിരക്കിൽ കുറവ് അനുഭവപ്പെടുന്നുണ്ടെങ്കിലും മരണനിരക്ക് വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

പകർച്ചവ്യാധി

| വർഷം ജനനം | മരണം | ചാപിള്ള |
|---|---|---|
| 93 - 94 295 | 11 | 7 |
| 94 - 95 225 | 15 | 4 |
| 95 - 96 212 | 25 | 3 |

## കുട്ടികളുടെ പോഷണനിലവാരം

നല്ലതരം പോഷകാഹാരങ്ങൾ ലഭിക്കുന്ന കുട്ടികളുടെ എണ്ണം പൊതുവെ കൂടുതലായി കാണപ്പെടുന്നുണ്ടെങ്കിലും ചെറിയൊരു ശതമാനം കുട്ടികൾ വളരെ മോശമായ അവസ്ഥയിലാണ്.

## സ്ഥാപനങ്ങൾ

ആരോഗ്യപരിപാലനരംഗത്ത്പാവറട്ടിയിലെ ജനങ്ങൾക്ക്ആശ്വാസം പകരുന്ന ഒരു സ്ഥാപനമാണ് സാൻജോസ് പാരിഷ് ഹോസ്പിറ്റൽ. ഹോസ്പിറ്റലിനോടനുബന്ധിച്ച് ഒരു നഴ്സിങ്ങ് കോളേജും നടത്തുന്നുണ്ട്. ഹോസ്പിറ്റലിൽ ഏകദേശം 10 ഡോക്ടർമാരുടേയും 15 സ്റ്റാഫ് നഴ്സുമാരുടേയും സേവനം ലഭ്യമാണ്. കൂടാതെ എക്സ്റേ, ലാബ്, ഫാർമസി സൗകര്യവും ഇവിടെയുണ്ട്. 125 പേരെ കിടത്തി ചികിത്സിക്കാവുന്ന സൗകര്യം ഈ ആസ്പത്രിയിലുണ്ട്.

പാവറട്ടിപഞ്ചായത്തിന്റെ കീഴിലുള്ള പബ്ലിക് ഹെൽത്ത് സെൻററിൽ ഒരു മെഡിക്കൽ ഓഫീസറും ഒരു സ്റ്റാഫ് നഴ്സും പന്ത്രണ്ടോളം ജോലിക്കാരുമാണുള്ളത്.

## ആരോഗ്യരക്ഷാചിലവ്

സ്റ്റേറ്റ് ഗവൺമെൻറിൻേറയും കേന്ദ്രഗവൺമെൻറിൻേറയും കുടുംബാസൂത്രണപരിപാടിയുടേയും ഫണ്ടുകളാണ് പ്രധാനമായും പബ്ലിക് ഹെൽത്ത് സെൻററിന്റെ നട്ടെല്ല്.

പ്രൈമറി ഹെൽത്ത് സെൻററിന്റെ സബ് സെൻററുകൾ :

പുതുമനശ്ശേരി - സ്വന്തമായി കെട്ടിടം ഉണ്ട്.

| | | | |
|---|---|---|---|
| പാവറട്ടി - | ,, | ,, | ഇല്ല |
| വെന്മേനാട് | ,, | ,, | ,, |
| പൈങ്കണ്ണിയൂർ | ,, | ,, | ,, |

## ചികിത്സാരീതികൾ

പ്രധാനമായും 2 സ്ഥാപനങ്ങളിലെ അലോപതി ചികിത്സയോടൊപ്പം ആയുർവ്വേദചികിത്സാരീതിയും പഞ്ചായത്തിൽ പർടന്നു പന്തലിച്ചു നിൽക്കുന്നു. പത്തോളം ആയുർവ്വേദ ഡോക്ടമാരുടെ സേവനം ശരിക്കും ഉപയോഗപ്പെടുന്നു പഞ്ചായത്തിൽ ആയുർവ്വേദ വൈദ്യശാലകളും പ്രവർത്തിക്കുന്നുണ്ട്. ഹോമിയോ ചികിത്സയും പഞ്ചായത്തിൽ ഫലപ്രദമായി നടത്തിവരുന്നു.

## സന്നദ്ധസംഘടനകൾ:

രക്തദാന- നേത്രദാന പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന ചെറിയ സംഘടനകളും ക്ലബ്ബുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ക്രിസ്ത്യൻ പള്ളിയോട് ചേന്നു പ്രവർത്തിക്കുന്ന സംഘടനകളായ സി.എൽ.സി., വിൻസെൻറ്ഡിപോൾ എന്നിവയും ഏതാനും ക്ലബ്ബുകളും സജീവമായി ഈ രംഗത്തുണ്ട്. നേത്രദാനക്ലാസുകൾ, നേത്രബാങ്കിലേക്കുള്ള കണ്ണ്ദാനം എന്നീ നിലകളിൽ ഇവർ വളരെ മുന്നോട്ട് പോയിരിക്കുന്നു. കൂടാതെ രക്താദാന രംഗത്തും ബ്ലഡ് ഡോണേഴ്സ് ഫോറം രൂപീകരിക്കുന്നതിനും ഇവരുടെ പങ്ക് എടുത്തു പറയത്തക്കതാണ്. ത്വക് പരിശോധനാ രംഗത്ത് ഇവർ നടത്തികൊണ്ടിരിക്കുന്ന പരിശോധന ക്യാമ്പുകളും വളരെയധികം ജനങ്ങളെ ബോധവാന്മാരാക്കുവാനും ഉപകരിക്കുന്നു.

## വിസർജ്ജ്യ- മാലിന്യസംസ്ക്കരണ നിമ്മാർജ്ജന സൗകര്യം:

പഞ്ചായത്തിലെ ആകെയുള്ള 3217 വീടുകളിൽ 2690 എണ്ണവും കക്കൂസ് ഉള്ളവയാണ്. ബാക്കിയുള്ളതിൽ കൂടി കക്കൂസ് പണിതുകൊടുക്കുകയെന്നത് ഈ പഞ്ചവൽസരപദ്ധതിയിലെ വലിയൊരു വെല്ലുവിളിയാണ്. 1652 വീടുകളിലെ കക്കൂസുകൾക്ക് സെപ്റ്റിക് ടാങ്ക് ഉള്ളവയും 674 എണ്ണം ഇ.എസ്.പി.യും ആണ്.

## മാലിന്യങ്ങൾ

മാലിന്യങ്ങൾ കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനങ്ങളൊന്നുമില്ലെങ്കിലും കുന്നുകൂടി കിടക്കുന്ന മാലിന്യങ്ങൾ പഞ്ചായത്തിൽ കുറവാണ്. കമ്പോസ്റ്റ്കുഴികളുള്ള വീടുകളുടെ എണ്ണം തുലോം കുറവാണ്. പഞ്ചായത്തിൽ മൊത്തം 200 വീടുകൾക്ക് മാത്രമേ കമ്പോസ്റ്റ് കുഴിയുള്ളൂ. പഞ്ചായത്തിൽ തൊഴുത്തുകളുള്ള 235 വീടുകളിൽ 78 എണ്ണത്തിൽ തൊഴുത്ത് വീടിനോട് ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. ഇത് മാലിന്യങ്ങൾ ഉണ്ടാകാൻ ഇടയാക്കുന്നു.

## പ്രശ്നങ്ങൾ

1. പബ്ലിക് ഹെൽത്ത് സെൻററിലെ പ്രവർത്തനം തീർത്തും അപര്യാപ്തമാണ്.
2. രോഗികളെ പരിശോധിക്കുന്നതിനും 21 അംഗൻവാടികൾ സന്ദർശിക്കു ന്നതിനും ഒരു ഡോക്ടർ മാത്രമേ ഉള്ളൂ.
3. പ്രസവവാർഡ്, ക്വാർട്ടേഴ്സ് തുടങ്ങിയ സൗകര്യങ്ങൾ പി.എച്ച്സി യ്ക്ക് ഇല്ല.
4. സബ്സെൻററുകൾക്ക് സ്വന്തമായി കെട്ടിടം ഇല്ല.

5. റോഡുകളിൽ പ്രത്യേകിച്ച് പാവറട്ടി സെൻററിലെ ഓടകളിൽ മലിനജലം കെട്ടി കിടക്കുന്നുണ്ട്.

6. വർഷകാലങ്ങളിൽ പകർച്ചവ്യാധികൾ തടയാനുള്ള സംവിധാനങ്ങൾ ഇല്ല.

7. ലക്ഷംവീട് കോളനിയിൽ മലമൂത്രവിസർജ്ജനത്തിനുള്ള സൗകര്യം കുറവാണ്.

8. അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഇല്ല.

9. അംഗൻവാടികളിൽ വൈദ്യപരിശോധന നടക്കുന്നില്ല.

10. പൈങ്കണ്ണിയൂരും ചുക്കുബസാറും ഉൾപ്പെടുന്ന പ്രദേശങ്ങളിൽ വൈദ്യസഹായസൗകര്യം കുറവാണ്.

## നിർദ്ദേശങ്ങൾ:

പബ്ലിക്ഹെൽത്ത്സെൻററിൻെറ പ്രവർത്തനം തീർത്തും നിരാശാജനകമാണെന്നാണ്പൊതുവെ അഭിപ്രായം. പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ നിർദ്ദേശങ്ങളും വെച്ചിട്ടുണ്ട്. പ്രസവവാർഡ്, ക്വാർട്ടേഴ്സ്, എന്നിവ സ്ഥാപിക്കണമെന്നും ഉപകരണങ്ങളും മരുന്നുകളും വർദ്ധിപ്പിക്കണമെന്നും അഭിപ്രായമുണ്ട്. രോഗികളെ പരിശോധിക്കുന്നതിനും 22 അംഗൻവാടികളുടെ സന്ദർശനത്തിനും രോഗികളെ കിടത്തി ചികിസ്തിക്കുന്നതിനും ഒരു ഡോക്ടർ മാത്രമാണ് ഉള്ളത്. ഗൈനക്കോളജിസ്റ്റ് അടക്കമുള്ള ഡോക്ടർമാരുടെ സൗകര്യം ലഭ്യമാക്കണമെന്നും നിദ്ദേശമുണ്ട്. ഒരു ലേഡി ഡോക്ടറടേയും സ്റ്റാഫ് നഴ്സിൻേറയും സേവനം ലഭ്യമാക്കണമെന്നും നിദ്ദേശമുണ്ട്. 10 കിടക്കകൾ ഉള്ള ഈ ആരോഗ്യസ്ഥാപനം ഇതുവരേയും തുറന്നിട്ടില്ല.

കൊതുകുനിർമ്മാർജ്ജനത്തിൻ ഭാഗമായി റോഡുകളിൽ കാന നിമ്മിച്ച് മലിനജലം ഒഴുക്കി കളയണം. പ്രത്യേകിച്ച് പാവറട്ടി സെൻററിലെ റോഡുകളിലെ കാനകളിൽനിന്ന് മലിനജലം ഒഴുക്കിക്കളയണം. വർഷക്കാലത്ത്പൊതുജനത്തിന്അസുഖങ്ങൾക്കുള്ളപ്രതിരോധ്കുത്തിവെയ്പുകൾ അടക്കമുള്ള പ്രവർത്തനങ്ങൾനടത്തണം. ലക്ഷംവീട് കോളനിയിലും ദുർബ്ബലവിഭാഗക്കാർക്കും കക്കൂസ് നിർമ്മിച്ച് കൊടുക്കണം.

അംഗൻവാടികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമമാക്കാൻ പ്രാഥമികസൗകര്യങ്ങൾ ഏർപ്പെടുത്തണം. സ്വന്തമായി കെട്ടിടങ്ങളും നിർമ്മിക്കണം. അംഗൻവാടികളിലൂടെ പോഷകാഹാരം ലഭ്യമാക്കാൻ പ്രത്യേകിച്ച് പോഷകാഹാരക്കുറവുള്ള അംഗൻവാടികളിലെത്തുന്ന കുട്ടികൾക്കും ഗർഭിണികൾക്കും ഡോക്ടറുടെ സേവനം ലഭ്യമാക്കണം.

ഈ സ്ഥാപനത്തിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ ഒരു പോസ്റ്റ് ഒഴിഞ്ഞു കിടക്കുകയാണ്. അത് ഉടൻതന്നെ നികത്തണമെന്നും അദ്ദേഹത്തിൻെറ മേൽനോട്ടത്തിൽ ശുചീകരണപ്രവർത്തനങ്ങൾ സജീവമാക്കണമെന്നും നിർദ്ദേശമുണ്ട്. ആസ്പത്രിയിലേക്കുള്ള മരുന്നുവിതരണം വളരെ പരിമിതമാണ്. മുറിവിൽ വയ്ക്കാനുള്ള മരുന്നുളൊന്നും സാധാരണ ലഭ്യമല്ല. അതുപോലെ തന്നെയാണ് ആൻറിബയോട്ടിക്കുകളും. ഈ വർഷം (1995- 96) 4 രോഗികളെ മാത്രമേ ഇവിടെ കിടത്തി ചികിത്സിച്ചുള്ളൂ എന്നത് വളരെ ശ്രദ്ധേയമാണ്.

ആരോഗ്യരംഗത്ത്വളരെപിന്നോക്കംനില്ക്കുന്നഭാഗങ്ങളാണ്പൈങ്കണ്ണിയൂരും ചുക്കുബസാറും ഉൾപ്പെടുന്ന പ്രദേശങ്ങൾ ഈ ഭാഗത്തുള്ളവർക്ക് വൈലദ്യസഹായം ലഭിക്കുന്നതിന് 3-4 കി.മീറ്റർ ദൂരം

യാത്ര ചെയ്യേണ്ടിവരുന്നു. അതിന് പരിഹാരം കാണാൻ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറിയോ ആയുർവ്വേദ ആസ്പത്രിയോ സ്ഥാപിക്കണം. അത് ഈ പ്രദേശത്ത് ആയാൽ നന്ന്.

പബ്ലിക്ഹെൽത്ത്സെൻററിൻെറ പ്രവർത്തനം കൂടുതൽ വ്യാപകമാക്കാൻ പഞ്ചായത്തിൽ കൂടുതൽ സബ് സെൻററുകൾ സ്ഥാപിക്കേണ്ടതാണ്. ആരോഗ്യപ്രവർത്തനത്തിൻെറ ജീവനാഡിയായ ഫേമിലി വെൽഫെയർ സെൻററുകളിൽ സ്വന്തമായി കെട്ടിടം ഉള്ളത് പുതുമനശ്ശേരി സബ് സെൻററിന് മാത്രമാണ് ബാക്കിയുള്ള സബ് സെൻററുകൾക്ക് കെട്ടിടം നിർമ്മിക്കേണ്ടതാണ്.

## കുടിവെള്ളം

കാനോലി കനാലിൻെറ തീരപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന വാർഡുകളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. പഞ്ചായത്തിലെ മൊത്തം കുടിവെള്ള സ്രോതസ്സുകളെ ക്കുറിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| | | |
|---|---|---|
| സാനിറ്ററി വെൽ | - | 1549 |
| സാധാ കിണർ | - | 599 |
| കുളം | - | 33 |
| നദി | - | 3 |
| പൈപ്പ് | - | 214 |
| പൊതുവിതരണം | - | 58 |

മരുതയൂരിൽ സ്ഥാപിച്ചിരിക്കുന്ന വാട്ടർടാങ്ക് കുറെയധികം പ്രദേശത്ത് കുടിവെള്ളം എത്തിക്കാൻ കഴിയുന്നുണ്ട്. എങ്കിലും അത് തികച്ചും അപര്യാപ്തമാണ്. ഇപ്പോൾ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പൊതുനിരത്തുകളിൽ 30- ഓളം പൈപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനായി പ്രതിമാസം 2300 രൂപ ചിലവാകുന്നുണ്ട്. കുടിവെള്ള സ്രോതസ്സായി പഞ്ചായത്തിൽ കനാലുകളോ കുളങ്ങളോ ഇല്ല.

## നിർദ്ദേശങ്ങൾ:

3, 4, 5, 6, 7 വാർഡുകളിൽ നേരിടുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹാരം കാണുന്നതിന് ഗ്രാമസഭകളിൽ നിന്ന് ഒരുപാട് നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

3 പഞ്ചായത്ത് കിണറുകൾ സ്ഥാപിക്കാൻ നിർദ്ദേശം ഉണ്ട്. അതിലൊന്ന് ജി.യു.പി. സ്കൂൾ കോമ്പൗണ്ടിലും മറ്റൊന്ന് പബ്ലിക്ഹെൽത്ത്സെൻററിൻെറ കോമ്പൗണ്ടിലും (ശുദ്ധജല ലഭ്യതയനുസരിച്ച്) സ്ഥാപിക്കണമെന്നും പൈപ്പ്ലൈൻ വഴി വിതരണം ചെയ്യണമെന്നും ആവശ്യപ്പെട്ടിരിക്കുന്നു. എല്ലാ റോഡുകളിലും പൈപ്പ് ലൈൻ വഴി ജലവിതരണത്തിൽ സൗകര്യമേർപ്പെടുത്തണം.

തകർന്ന് കിടക്കുന്ന പഞ്ചായത്ത് കിണറുകൾ വൃത്തിയാക്കി ഉപയോഗപ്രദമാക്കേണ്ടതാണ്. കൈപമ്പുകൾ ഉപകാരപ്രദമായ സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കുകയും വേണം. കിണറുകൾ കുറവായ ലക്ഷംവീട് കോളനിയിൽ കിണറുകൾക്ക് പ്രാധാന്യം നൽകണം. പുളിവെള്ളം കിണറുകളിൽ എത്തുന്നത് തടയുന്നതിനായി ചീപ്പുകൾ പ്രവർത്തനക്ഷമമാക്കണം.

വളരെമുമ്പെതന്നെ പറഞ്ഞുകൊണ്ടിരിക്കുന്ന 'ചാലിശ്ശേരി' പദ്ധതി ഉടൻ നടപ്പിലാക്കുകയും വേണം.

## പരിസരശുചിത്വം :

ഇരുപതിനായിരത്തോളം ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പഞ്ചായത്തിൽ പരിസരശുചിത്വത്തിന് പ്രത്യേക സംവിധാനങ്ങളൊന്നുമില്ല. ഹെത്ത് ഇൻസ്പെക്ടർമാരുംട നിയമനം നടത്തണമെന്നും അ ദ്ദേഹത്തിൻെറ കീഴിൽ പ്രവർത്തിക്കാവുന്ന തരത്തിലുള്ള ഒരു സെൽ രൂപീകരിക്കണമെന്നും ആവശ്യം ഉയർന്നിട്ടുണ്ട്.

പല വീടുകളിലും തൊഴുത്ത്വീടിനോട്ചേർന്നതായതുകൊണ്ട്(78 വീടുകളിൽ) ശുചിത്വത്തിൽ മതിയായ ശ്രദ്ധപതിപ്പിക്കാൻ കഴിയുന്നില്ല. മാലിന്യങ്ങൾ കൃത്യമായി കൊണ്ടുചെന്ന് കളയാനുള്ള കമ്പോസ്റ്റ് കുഴികളുടെ എണ്ണവും കുറവ് തന്നെ.

പാവറട്ടിയിലെ അറവ്ശാല പ്രശ്നം പരിസരശുചിത്വത്തിലെ ഏറ്റവും വലിയ ഭീഷണിയായി ഇന്നും നിലനിൽക്കുന്നു. വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന ഒരുസ്ഥാപനമാണ് അറവ്ശാല. പലപ്പോഴും പൊതുസ്ഥലങ്ങളിലും പാടശേഖരങ്ങളിലും വെച്ചാണ് അറവ് നടത്തുന്നത്. ഇത് ആ പ്രദേശങ്ങളിലെ പരിസരമലിനീകരണത്തിന് കാരണമാകുന്നു.

## നിർദ്ദേശം

അറവ്ശാല പ്രശ്നത്തിൽ പരിഹാരം കാണാൻ ബ്ലോക്ക് തലത്തിൽ ഒരു അറവ്ശാലാകേന്ദ്രം സ്ഥാപിക്കണമെന്നും അതിൻെര ഉപയോഗം ബ്ലോക്കിലെ എല്ലാ പഞ്ചായത്തുകളിലും ലഭ്യമാക്കുകയും വേണം. റോഡിലെ കാനകളിൽ കൊതുകുനിർമ്മാർജ്ജനത്തിനായി വേണ്ട മരുന്നുകൾ തളിക്കേണ്ടതാണ്. കക്കൂസുകളുടെ ക്ഷാമം അനുഭവപ്പെടുന്ന ലക്ഷം വീട്കോളനിയിൽ കക്കൂസുകൾ പണിത്കൊടുക്കണം.

പഞ്ചായത്തിൽ കൂടുതൽ അഴുക്കുജലം ഒഴുകുന്ന പ്രധാനപ്പെട്ട റോഡുകളിൽ കാനകൾ നിർമ്മിക്കുന്നതിന് സംവിധാനം ഉണ്ടാകണം. പ്രത്യേകിച്ച് ടൗണിന് പ്രാധാന്യം നൽകണം.

# V. 8 സംസ്ക്കാരം

മുല്ലശ്ശേരി ബ്ലോക്കിലെ ഇതരപഞ്ചായത്തുകളെ അപേക്ഷിച്ച് പാവറട്ടി ക്രിസ്ത്യൻ മതവിശ്വാസികൾ കൂടുതലുള്ള ഒരു പഞ്ചായത്താണ്. പൊതുവെ ഹിന്ദു, മുസ്ലീം, ക്രസ്ത്യൻ മതവിഭാഗക്കാർ ഒരുമയോടെ വർത്തിക്കുന്ന വിഭാഗീയ ചിന്തകൾക്ക് ഇടം നൽകാത്ത ഒരു ഗ്രാമീണ മനസ്സിൻെറ ഉടമകാളാണ് നമ്മുടെ ജനത. ദേശീയപ്രസ്ഥാനകാലഘട്ടം മുതൽ നിരവധി സമുന്നതരായ നേതാക്കളുടെയും വ്യക്തികളുടേയും സംഭാവനകൾ ഈ പ്രദേശത്തിൻെറ സാംസ്ക്കാരിക തനിമയുടെ അന്തഃസത്തയിലുണ്ട്. പൊതുവെ ഉച്ചനീചത്വങ്ങൾക്ക് സ്ഥാനമില്ലാത്ത ഏകോദര സഹോദര്യത്തോടെ പൊതുരംഗത്ത് പ്രവർത്തിക്കുന്ന ഒരു ജനതയെ നാം ഇവിടെ കാണുന്നു.

വിദ്യാഭ്യാസത്തിൻെറ സ്വാധീനം എങ്ങിനെ ജനതയുടെ സാംസ്ക്കാരിക നിലവാരത്തിന് മുതൽകൂട്ടാവുമെന്നതിനുള്ള പ്രത്യക്ഷ ഉദാഹരണമാണ് ഈ പഞ്ചായത്ത്. ഈ നൂറ്റാണ്ടിൻെറ ആദ്യദശകത്തിൽ തന്നെ ആരംഭിച്ച സെൻറ് ജോസഫ്സ് ഹൈസ്കൂളും സംസ്കൃതവിദ്യാപീഠവും മുപ്പതുകളിൽ ആരംഭിച്ച ക്രൈസ്റ്റ് കിങ്ങ് കോൺവെൻറ് സ്കൂളും പഞ്ചായത്തിൻെറ വിദ്യാഭ്യാസ തൊഴിൽ മേഖലകളേക്കാൾ ആഴത്തിൽ സ്വാധീനം ചെലുത്തിയത് മാനസികമായ വികാസത്തിലും സാംസ്ക്കാരികമായ ഉന്നമനത്തിലുമാണ്. ഇതിൻെറ പ്രതിഫലനമാണ് നമ്മുടെ ജീവിത നിലവാരത്തിലും സാമ്പത്തികസാമൂഹിക സ്ഥിതിയിലും കാണുന്ന ഉയർന്ന അവസ്ഥകൾ. പഞ്ചായത്തിലെ ഏകദേശം 500 ഓളം വീടുകളിൽ ചാനൽ ടെലിവിഷൻ എത്തുന്നു എന്നതും 3000ത്തിലധികം പത്രങ്ങൾ പഞ്ചായത്തിൽ ചിലവാകുന്നുവെന്നതും ശരാശരി 10 വീടുകളിൽ 6 എണ്ണത്തിലും ടെലിവിഷൻ സെറ്റുകൾ ഉണ്ട് എന്നതും നമ്മുടെ സാംസ്കാരിക അവസ്ഥയുടെ സൂചനകൾ തന്നെയാണ്.

## മതസ്ഥാപനങ്ങൾ:

നമ്മുടെ പഞ്ചായത്തിലെ പ്രധാനഹൈന്ദവ ദേവാലയം വെന്മനാട് ക്ഷേത്രമാണ്. വളരെ അപൂർവ്വമായി കാണുന്ന വാമന പ്രതിഷ്ഠയാണ് ഇവിടെയുള്ളത്. പൗരാണികത്വം വിളിച്ചോതുന്ന ഈ ക്ഷേത്രത്തിലെ പഴയ കൊത്തു പണികളും ശിലാലിഖിതങ്ങളും ഇതിൻെറ ചരിത്രസ്വാധീനത്തിലുള്ള പ്രമാണങ്ങളാണ്. പല രേഖകവും ഇന്നും വായിച്ചെടുക്കാൻ നമുക്കായിട്ടില്ല എന്നതും ശ്രദ്ധേയമാണ് ക്ഷേത്രത്തിലെ വാമനപ്രതിഷ്ഠയുമായി ബന്ധപ്പെട്ടാണത്രേ വാമനൻെറ നാട് - വെൻമനാട് എന്ന പേർ സിദ്ധിച്ചത്.

പൗരാണികത്വവും പ്രാമാണികത്വവും അവകാശപ്പെടുന്ന മറ്റൊരു ദേവാലയങ്ങളാണ് പാവറട്ടി ഇടവകപള്ളിയും ഗോവേന്തപള്ളിയും. 1876 ൽ ആണ് ആദ്യമായി പാവറട്ടിയിൽ ഒരു പള്ളി സ്ഥാപിക്കപ്പെടുന്നത്. 1890ൽ ഇന്നുള്ള ഗോവേന്തയുടെ ശിലാസ്ഥാപനവും നടന്നു. പാവറട്ടി യൗസേപ്പിതാവിന്റെ ദേവാലയം അഖിലേന്ത്യാ പ്രശസ്തമാണ്. ഈസ്റ്ററിനുശേഷം വരുന്നമൂന്നാം ഞായറാഴ്ചയാണ് പ്രശസ്തമായ പാവറട്ടി തിരുന്നാൾ മതസൗഹാർദ്ദത്തിന്റെ മകുടോദാഹരണമാണ് പാവറട്ടിയിലെ ഈ ഉത്സവം. ജാതിമതഭേദമെന്യേപാവറട്ടിയിലെ മുഴുവൻ ആളുകളും ഈ ഉത്സവത്തെ ഒരു ദേശീയഘോഷമാക്കി മാറ്റുന്നു. കേരളത്തിൽ നിന്നു പുറത്തുനിന്നു പോലും ഭക്തർ എത്തുന്ന ഈ ഉത്സവം പാവറട്ടിയെ ഉത്സവലഹരിയിൽ ആറാടിക്കുന്നു.

ഏതാണ്ട് 650 വർഷത്തെ പഴക്കം അവകാശപ്പെടുന്ന വെണ്മനാട് ജൂമാ മസ്ജിദ് ആണ് പാവറട്ടിയിലെ പൗരാണികത്വമുള്ള മുസ്ലീം ദേവാലയം. നമ്മുടെ മുസ്ലീം സഹോദരൻമാരുടെ മതപഠനവുമായി ബന്ധപ്പെട്ട് ഈ സ്ഥാപനം നടത്തുന്ന സേവനം ഒരു മാതൃക തന്നെയാണ്. പ്രശസ്തമായ ചന്ദ്രത്തിൽ നേർച്ചയും മതസൗഹാർദ്ദത്തിന്റെ ഉത്തമ ഉദാഹരണമാണ്.

പാവറട്ടി പഞ്ചായത്തിൽ ഇതു കൂടാതെ നിരവധിആരാധനാലയങ്ങൾ വേറെയുമുണ്ട്. എല്ലാത്തിന്റെയും പേരെടുത്ത് ഇവിടെ പരാമർശിക്കുന്നില്ല. എങ്കിലും പൊതുവെ മതാഭിമുഖ്യമുള്ള ഒരു ജനത തന്നെയാണ് നമ്മുടെ പഞ്ചായത്തിന് ഭൂരിഭാഗവും എന്നാൽ മതാന്ധതയോ അസഹിഷ്ണതയോ നമ്മുടെ ജനങ്ങളിൽ കാണുന്നില്ല എന്നതും ശ്രദ്ധേയമാണ്.

പാവറട്ടിയുടെ സാംസ്ക്കാരിക വളർച്ചയിൽ നാഴികക്കല്ലെന്നു പറയാവുന്നത് പാവറട്ടി സംസ്കൃത വിദ്യാപീഠത്തിന്റെ പ്രവർത്തനമാണ്. സർവ്വശ്രീ. കെ.പി.നാരായണപിഷാരടി, യശഃശരീരനായ പി.സി.വാസുദേവൻ, ഇളയത്, ശ്രീ കൃഷ്ണശർമ്മ, ചെറുകാട്, എം.പി. ശങ്കുണ്ണി നായർ, എന്നീ പ്രതിഭകളുടെ പ്രവർത്തനകേന്ദ്രമായിരുന്നു ഈ വിദ്യാലയം. പാവറട്ടിയുടെ സാംസ്ക്കാരിക പ്രവർത്തനത്തിന്റെ ചുക്കാൻ പിടിച്ച ഈ സ്ഥാപനം ഇന്ന് തികഞ്ഞ അവഗണനയിലും അനാസ്ഥയിലും ജീർണ്ണിച്ചുകൊണ്ടിരിക്കുന്നു എന്നത് നമ്മുടെ സാംസ്ക്കാരിക രംഗത്തിനു സംഭവിച്ച മാറ്റത്തിന്റെ ദൃഷ്ടാന്തം തന്നെയാണ്.

1958 ൽ ആരംഭിച്ച പബ്ലിക് ലൈബ്രറി മുതൽ ധാരാളം സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും ഈ പ്രദേശം ജന്മം നൽകുകയും വളർത്തുകയും ചെയ്തിട്ടുണ്ട്. പ്രമുഖ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ എല്ലാം പ്രവർത്തകരും കമ്മറ്റികളും ഈ പഞ്ചായത്തിൽ നിലവിലുണ്ട് . ലയൺസ് ക്ലബ്ബു മുതൽ യുക്തിവാദി സംഘം വരെ നീളുന്നതാണ് ഇവിടുത്തെ ക്ലബ്ബുകളുടെ പട്ടിക. ദേശീയ ശാസ്ത്രവേദിയും ശാസ്ത്രസാഹിത്യ പരിഷത്തും പുരോഗമന കലാസാഹിത്യസംഘവും ജമായത്തെ ഇസ്ലാമിയും തപസ്യയും സി.എൽ.സിയും ഏറിയും കുറഞ്ഞും ഇവിടെ പ്രവർത്തിക്കുന്നു. ജ്യോതി കലാക്ഷേത്രത്തിന്റെ നാടകങ്ങളിലൂടെയും കലാപ്രവർത്തനങ്ങളിൽ കൂടിയും വളർന്നുവന്ന പാവറട്ടിയിൽ ഇന്ന് കരേളത്തിലെ പ്രമുഖ നാടക-ഗാനമേള സംഘങ്ങൾ എല്ലാം പരിപാടികൾ അവതരിപ്പിക്കുന്നതിനായി വിവിധ ക്ലബുകളെ പ്രതിനിധീകരിച്ച് എത്തുന്ന കാഴ്ചയാണ് കാണുന്നത്. നമ്മുടെ മനോഭാവത്തിൽ വന്ന ഉപഭോഗസംസ്ക്കാരത്തിന്റെ സ്വാധീനങ്ങൾ പാവറട്ടിയുടെ കലാസാംസ്ക്കാരിക പ്രവർത്തനങ്ങളിൽ നിഴലിക്കുന്നു.

സന്നദ്ധ സംഘടനകളുടെ പ്രവർത്തനം പോലും കച്ചവടലക്ഷ്യത്തെ മുൻനിർത്തിയുള്ളതായി മാറിയിരിക്കുന്ന കാഴ്ച നിഷ്പക്ഷതയോടെ ഈ രംഗത്തെ വീക്ഷിക്കുന്നവർക്ക് കാണാൻ കഴിയും. മാത്രവുമല്ല സ്വന്തം കുടംബത്തിന്റെ നാലു ചുവരുകൾക്കുള്ളിൽ ലോകത്തെ ബന്ധിച്ചു നിർത്താനുള്ള പ്രവണത നമ്മുടെ പ്രദേശത്തിന്റെ നഗരവൽക്കരണ സ്വഭാവത്തിന്റെ ഗതിവേഗം കൂട്ടുന്നു. അ

തോടൊപ്പം തന്നെ വളർന്നു വരുന്ന തലമുറയിൽ പോലും എന്തിനെയും കച്ചവടക്കണ്ണുകളിലൂടെ മാത്രം നോക്കി കാണുന്ന ഒരു പ്രവണതയും ഉണ്ട്. ഇത് നമ്മുടെ സംഘടിത ബോധത്തിനെയും കൂട്ടായയത്നങ്ങളെയും വെല്ലുവിളിക്കുന്നതാണ്.

## നിർദ്ദേശങ്ങൾ :

1.പാവറട്ടിയിലെ ക്ലബുകളുടെ ഒരു പഞ്ചായത്ത്തല രജിസ്ട്രേഷൻ നടത്തി പ്രവർത്തനനരീതിയനുസരിച്ച് അവയെ തരം തിരിക്കുക.

2.സന്നദ്ധപ്രവർത്തനസംഘടനകളുടെ പ്രവർത്തനത്തെ ഏകോപിപ്പിച്ച് തകർന്നു കൊണ്ടിരിക്കുന്ന കൂട്ടായ്മയുടെ സന്ദേശം ഉണർത്തുന്ന രീതിയിൽ സന്നദ്ധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

3.കേരളോത്സവത്തിൻെറ നടത്തിപ്പ് കേവലം യാന്ത്രികമായി നടത്തുന്നതിനു പകരം നമ്മുടെ പഴയ കലാരൂപങ്ങൾക്ക് പ്രാമുഖ്യം നൽകാനുള്ള വേദിയാക്കി മാറ്റുക.

4.അന്യം നിന്നു പോകുന്ന മാപ്പിള കലകൾ, മാർഗ്ഗം കളി, തിരുവാതിരകളി, ഓണകളി, എന്നിവ പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമുള്ള കേന്ദ്രങ്ങ ൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഉണ്ടാക്കുക.

5.പാവറട്ടി പബ്ലിക് ലൈബ്രറി, പഞ്ചായത്ത് ലൈബ്രറി, കൈരളി വായനശാല എന്നിവയുടെ പ്രവർത്തനം മെച്ചപ്പെട്ടതാക്കാൻ മാർഗ്ഗനിർദ്ദേശക രേഖയുണ്ടാക്കി പ്രവർത്തന പദ്ധതി രൂപവൽക്കരിക്കുക. നിലവിലുള്ള അവയുടെ പോരായ്മകൾ പരിഹരിക്കുക.

6.ടെലിവിഷൻ പരിപാടികളിലൂടെ നമ്മുടെ നാട്ടിൽ പടർന്നു പിടിക്കുന്ന പടിഞ്ഞാറൻ സാംസ്ക്കാരിക ജീർണ്ണതകൾക്കെതിരെ ബോധവൽക്കരണം നടത്തുക.

## കായികരംഗം :

കായികരംഗത്ത് പ്രഗൽഭരായ ഒട്ടേറെ വ്യക്തികൾക്കു ജന്മം നൽകിയ നമ്മുടെ പഞ്ചായത്തിന് പിന്നീടുള്ള കാലത്തിൽ ആ നേട്ടങ്ങൾ നിലനിർത്താനായിട്ടില്ല. ഒ രു കാലത്ത് കേരളത്തിലെ വോളിബോൾ രംഗത്തും ഫുട്ബോൾ രംഗത്തും പാവറട്ടിയിലെ പ്രതിഭകൾ നിറഞ്ഞുനിന്ന കാലമുണ്ടായിരുന്നു. പാവറട്ടി വോളിബോൾ ക്ലബ്, ബ്രദേഴ്സ് ക്ലബ്, പാവറട്ടി ക്രിക്കറ്റ് ക്ലബ്, ബി.ബി.സി. പാവറട്ടി എന്നിവ കായികരംഗത്ത് എടുത്തു പറയാവുന്ന സംഭാവനകൾ നൽകിയ ക്ലബ്ബുകളാണ്.

പാവറട്ടിയുടെ കായിക വളർച്ചയുടെ നേട്ടങ്ങൾക്കു മുഴുവൻ അവകാശിയായി നിൽക്കുന്നത് സെൻറ് ജോസഫ്സ് ഹൈസ്കൂളിൻെറ പരിമിതമായ സൗകര്യങ്ങളുള്ള സ്കൂൾ ഗൗണ്ടാണെന്നത് നാം ഓർക്കണം. ഇന്നുവരെ പഞ്ചായത്തിൻെതായി ഒരു പൊതുകളിസ്ഥലം നമുക്ക് ഉണ്ടാക്കാൻ ആയിട്ടില്ല. നമമുടെ കുട്ടികളെ കായികരംഗത്ത് പിടിച്ചു നിറുത്തണമെങ്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരുകളിസ്ഥലം കൂടിയേ തീരൂ. കായികരംഗത്തെ പ്രവർത്തനങ്ങൾ പറയുമ്പോൾ ഒരു കാലത്ത് ഭാരദ്വഹന മൽസരത്തിലും ബോക്സിങ്ങിലും വരെ നമ്മുടെ പഞ്ചായത്തിൽ നിന്ന് സംസ്ഥാനതലത്തിൽ വിജയം നേടിയ വ്യക്തികളെ നാം ഓർക്കണം. അവരുടെ പരിശ്രമഫലമായി തുടങ്ങി വെച്ച ഒരു ജിംനേഷ്യം പിന്നീട് അനാഥമായി തകർന്നു പോകയാണുണ്ടായത് കാലസാംസ്ക്കാരിക രംഗത്ത് വന്ന അ പചയത്തിൻെറ കാരണങ്ങൾ തന്നെയാണ് കായികരംഗത്തും നമ്മെ പിടികൂടിയിട്ടുള്ളത്. വ്യക്തിഗത നേട്ടങ്ങളിൽ മാത്രം ശ്രദ്ധിക്കുന്ന ഒരു മനോഭാവം ഒരിക്കലും സംഘടിതമായ കായിക വളർച്ചയെ സഹായിക്കയില്ല. ഇതിന് ഒരു മാറ്റം വന്നേ മതിയാവൂ. ആരോഗ്യമുള്ള ഒരു ശരീരത്തിനകത്തേ ശക്തിയുള്ള ഒരു ഹൃദയമുണ്ടാകൂ എന്നത് നമ്മളോ

## നിർദ്ദേശങ്ങൾ:

1.പഞ്ചായത്തിലെ കായിക രംഗത്തിൻെറ വികസനത്തിനുതകുന്ന രീതിയിൽ ആധുനീക സൗകര്യങ്ങളോടുകൂടി ഒരു കളിസ്ഥലം പാവറട്ടിയുടെ ഹൃദയഭാഗകത്തിന് അടുത്തായി ഉണ്ടാക്കണം.

2.പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ സന്നദ്ധസംഘടനകളുടെ സഹായത്തോടെ ഒരു ജിംനേഷ്യം സ്ഥാപിക്കുക.

3.പഞ്ചായത്തിൽ നിന്ന് സംസ്ഥാനകല കായികമൽസരങ്ങളിൽ പങ്കെടുക്കുന്നവരെ പഞ്ചായതത്ത് സ്പോൺസർ ചെയ്യുക.

4.നമ്മുടെ പാരമ്പര്യ ആയോധനകലയായ കളരിപയറ്റ് ശാസ്ത്രീയമായി പഠിപ്പിക്കുന്ന ഒരു കേന്ദ്രം ആരംഭിക്കുക.

5.വനിതകളുടെ കായികരംഗത്തുള്ള മുന്നേറ്റിത്തിനായി ക്രൈസ്റ്റ്കിങ്ങ് കോൺവെൻറ സ്കൂളിൽ ഒരു വനിതാകായിക പരിശീലന കേന്ദ്രം ആരംഭിക്കുക.

6.പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ വേനൽകാലഅവധികളിൽ വിവിധ കായികഇനങ്ങളിൽ കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുക.

വായനശാലകളുടെ വിവരം

| പേര് | സ്ഥാപന വർഷം | അംഗത്വം | ഗ്രേഡ് | പുസ്തകങ്ങളുടെ എണ്ണം | ശരാശരി പ്രതിമാസ വിതരണം | ആനുകൂലികങ്ങൾ | റിമാർക്സ് |
|---|---|---|---|---|---|---|---|
| പാവറട്ടിപബ്ലിക് ലൈബ്രറി | 1958 | 408 | ഡി. | 4423 | 600 | 6 | |
| കൈരളി വായനശാല | 1959 | 109 | ഇ. | 3266 | 400 | 1 | |
| പഞ്ചായത്ത് വായനശാല | 1994 | 11 | ഇല്ല | 550 | 50 | 1 | ലൈബ്രറി ഇനത്തിൽ അംഗമല്ല. |

# V. 9 വനിത

ഇന്ന് എവിടേയും മുഴങ്ങികേൾക്കുന്ന മുദ്രാവാക്യങ്ങളാണ് സ്ത്രീസമത്വം, വനിതാസംവരണം എന്നിവ. പാവറട്ടിയിൽ വനിതകളുടെ സ്ഥാനം ഗണനീയമാണ്. പാവറട്ടി പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 52.85 ശതമാനം സ്ത്രീകളാണ്. പട്ടിക ജാതി പട്ടികവർഗ്ഗക്കാരിലും പുരുഷന്മാരേ അ പേക്ഷിച്ച് സ് ത്രീകൾ കൂടുതലായി കാണുന്നു. സാക്ഷരതയിലും പുരുഷന്മാരെക്കാൾ മുന്നിൽ സ്ത്രീകളാണ്. എന്നിരുന്നാലും പൊതുപ്രവർത്തനത്തിൻെറ വിവധ മേഖലകളിൽ സ്ത്രീ പങ്കാളിത്തം വളരെ കുറവായി കാണപ്പെടുന്നു.

പഞ്ചായത്ത് മെമ്പർമാരിൽ ആകെയുള്ള 10 പേരിൽ 4 സ്ത്രീകളാണ്. ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും അദ്ധ്യാപനരംഗത്ത് പുരുഷന്മാരേക്കാളും സ്ത്രീകൾ മുൻപന്തിയിലാണ്.

ഡി.ഡബ്ലിയു.സി.ആർ.എ യൂണിറ്റ്പാവറട്ടിയിൽ ഒന്നുമാത്രമാണുള്ളത്. കാര്യക്ഷമമായ രീതിയിൽ തന്നെ അതിൻെറ പ്രവർത്തനം മുന്നോട്ടു പോകുന്നുണ്ട്. ഇനിയും കൂടുതൽ വനിതകളെ ഉൾപ്പെടുത്തി ഡി.ഡബ്ലിയു.സിയആർ.എ. യൂണിറ്റുകൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ആരംഭിക്കുന്നതിനും അവ കാര്യക്ഷമമായി മുന്നോട്ട് നയിക്കുന്ന തിനും ഉള്ള സത്വരനടപടികൾ പഞ്ചായത്ത് ഭാഗത്ത് നിന്ന് ഉടനടി ഉണ്ടാകണം.

തയ്യൽ പരിശീനലകേന്ദ്രങ്ങൾ പാവറട്ടി പഞ്ചായത്തിൽ അഞ്ചെണ്ണം ഉണ്ടെങ്കിലും അവയെല്ലാം സ്വകാര്യഉടമസ്ഥതയിൽ ആണ്

അതിനാൽ പാവറട്ടി പഞ്ചായത്തിൻെറ ഉടമസ്ഥതയിലും മേൽനോട്ടത്തിലും ഒരു തയ്യൽ പരിശീലനകേന്ദ്രം സ്ഥാപിക്കുകയും അതിൽ നിർദ്ദനരായ യുവതികൾക്ക് സൗജന്യപരിശീലനം നല്കുകയുംചെയ്യണം. പരിശീലനം ലഭിച്ചു കഴിഞ്ഞവർക്ക് സ്വന്തമായി തൊഴിൽ ഉപകരണങ്ങൾ വളരെ ലഘുവായ വായ്പ നിരക്കിൽ ലഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തണം.

നമ്മുടെ പഞ്ചായത്തിൽ മൊത്തം 21 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ മിക്കവയ്ക്കും സ്വന്തമായി സ്ഥലമില്ല. തന്മൂലം ഓരോ വർഷവും അംഗനവാടികളുടെ പുനർനിർമ്മാണ ത്തിനും മറ്റുമായി ഒരു നല്ല സംഖ്യ ചിലവാകുന്നു. ഈ അനാവശ്യചിലവു ഇല്ലാതാക്കാനായി അം ഗനവാടികൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും അനുവദിക്കണം.

അതുപോലെ തന്നെ ഇന്നത്തെ അംഗനവാടികൾ പലതും ശോചനീയ അവസ്ഥയിലാണ്. തന്മൂലം മാതാപിതാക്കൾ തങ്ങളുടെ കുഞ്ഞുങ്ങളെ അവിടേയ്ക്ക് അയക്കുവാൻ വിസമ്മതിക്കുന്നു.

അതുകൊണ്ട് അംഗനവാടികളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയും കുഞ്ഞുങ്ങൾക്ക് അത്യാവശ്യം കളിക്കാനുള്ള ഉപകരണങ്ങൾ നൽകുകയും ചെയ്യണം. കുഞ്ഞുങ്ങളുടെ ശാരീരികവും മാനസികവുമായ വളർച്ചക്ക് ആവശ്യമായവ അംഗനവാടികളിൽ ലഭിക്കുമാറാക്കണം.

അംഗനവാടികളിലൂടെ കുഞ്ഞുങ്ങൾക്ക് പോഷകാഹാരവും വിറ്റാമിൻ ഗുളികകളും മറ്റും വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണം.

പാവറട്ടി പഞ്ചായത്തിൽ പല മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ പ്രവർത്തനവും നിർജീവമാണ്.

മഹിളാസമാജങ്ങളുടെ പ്രവത്തനങ്ങൾ സുസജ്ജമാകുന്നതിനായി വനിതകൾക്ക് തൊഴിൽ സംരംഭങ്ങളും മറ്റും നല്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം പഞ്ചായത്ത് തലത്തിൽ നിന്നും ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിൽ 101 ഗർഭിണികളും 117 മുലയൂട്ടുന്ന അമ്മമാരും ഉണ്ട്. അംഗനവാടികളിലൂടെ ഇവർക്ക് ആവശ്യമായ പോഷകാംശ ആഹാരങ്ങളും മരുന്നുകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ എടുക്കണം.

പഞ്ചായത്തിൽ 44 വിധവകൾക്ക് വിധവാപെൻഷൻ ലഭിക്കുന്നുണ്ട്. എന്നാൽ അർഹരായ 200 ഓളം പേർക്ക് പെൻഷൻ ലഭിക്കുന്നില്ല. അതുകൊണ്ട് വിധവ പെൻഷൻ അനുവദിക്കുന്നതിനുള്ള ഭാഗിക തടസങ്ങൾ നീക്കി വിധവകളായ എല്ലാവർക്കും വിധവാ പെൻഷൻ ലഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കണം.

സ്ത്രീകളെ സ്വന്തം കാലിൽ നിൽക്കുന്നതിന് പ്രാപ്തരാക്കുന്നതിനായി പഞ്ചായത്ത് തലത്തിൽ തൊഴിൽ പരിശീലനകേന്ദ്രങ്ങളും തൊഴിൽ കേന്ദ്രങ്ങളും ആരംഭിക്കണം.

സംഘടിതരായി പ്രവർത്തിക്കുന്ന വനിതാസഹകരണസംഘങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ സാമ്പത്തിക സഹായം നൽകുക. സ്വന്തം ഭവനങ്ങളിൽ തന്നെ ഇരുന്നുകൊണ്ട് ചെയ്യാവുന്ന തൊഴിലുകളെ കുറിച്ച് വനിതകളെ ബോധവാന്മാരാക്കുകയും അവർക്ക് അതിനുള്ള വിദഗ്ദപരിശീലനം നൽകുകയും കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും വേണം. പഞ്ചായത്തിലെ സ്ത്രീതൊഴിലാളികളുടെ കൂലിനിരക്ക് പുരുഷന്മാരെ അപേക്ഷിച്ച് പകുതിയിൽ കുറവാണ്. ഈ സ്ഥിതവിശേഷം മാറ്റി പുരുഷന്മാരുടെ കൂലിക്ക് സമാനമായി സ്ത്രീകൾക്കും കൂലി ലഭിക്കേണ്ട സാഹചര്യം ഉണ്ടാക്കണം. നിർദ്ധനരായ സ്ത്രീൾക്ക് ചെറുകിടവ്യവസായങ്ങൾ ആരംഭിക്കുന്നതിന് ധനസഹായം ലഭിക്കുവാൻ അവസരമുണ്ടാക്കണം. വീട്ടമ്മമാക്ക് അടുക്കള കൃഷിതോട്ടം, പൂകൃഷി (ഉദാ: കുറ്റിമുല്ല, ഓർക്കിഡ്, ആന്തൂറിയം) എന്നിവ ചെയ്യുന്നതിന് സാമ്പത്തിക സഹായം അനുവദിക്കണം. കോഴി വളർത്തൽ, ആടുവളർത്തൽ , പശു , എരുമ വളർത്തൽ, റെഡിമെയ്ഡ് വസ്ത്രനിർമ്മാണം എന്നിവയിൽ സ്ത്രീകൾക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകി അവരെ പുനരുദ്ധീകരിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. പഞ്ചായത്തിൽ സ്ത്രീ തൊഴിലാളികൾ ജോലിക്ക് പോകുമ്പോൾ അവരുടെ കുട്ടികളെ നോക്കുന്നതിനായി ക്രഷുകൾ ആരംഭിക്കുവാൻ നടപടി എടുക്കണം. നമ്മുടെ പഞ്ചായത്തിലെ തീരദേശപ്രദേശങ്ങളിൽ ചകിരി കൊണ്ടുള്ള ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിൽ

കൂടുതലും സ്ത്രീകളാണ് ഉള്ളത്. അവർക്ക് വാണിജ്യാടിസ്ഥാനത്തിൽ ഉള്ള ചവിട്ടി, കയറ്റുപായ്എന്നിവ ഉണ്ടാക്കുന്നതിന് സാമ്പത്തിക സഹായം കിട്ടേണ്ടതായ ഒരു അവസ്ഥ ഉണ്ടാക്കണം.

പാവറട്ടി പഞ്ചായത്തിലെ നല്ലൊരു ശതമാനം വീട്ടമ്മമാരും ഉദ്യോഗസ്ഥകളാണ്. അതിൽതന്നെ വിലയൊരുവിഭാഗം അദ്ധ്യാപികമാരാണ്. നാടിൻെറ പുരോഗതിക്ക് അവർ ചെയ്യുന്ന സേവനം എടുത്തു പറയത്തക്കതാണ്. മാത്രമല്ല ജീവിതനിലവാരം മെച്ചപ്പെടുത്താനും പഞ്ചായത്തിന് നല്ലൊരു വരുമാനമാർഗ്ഗമായും ഇതു കണക്കാക്കാം. അതുപോലെ നമ്മുടെ വനിതകൾ ബാങ്കുകളിലും സ്വകാര്യസ്ഥാപനങ്ങളിലും ജോലി ചെയ്ത് കുടംബത്തിന് തണലേകുന്നു. സ്ത്രീകൾ തന്നെ കുടംബം പുലർത്തുന്ന വീടുകളുമുണ്ട്. സമയലഭ്യതയനുസരിച്ച് ഇവരെയെല്ലാം ഉൾക്കൊള്ളിച്ചുകെണ്ട് അടുക്കളതോട്ടവും പൂന്തോട്ടവും നല്ലരീതിയിൽ നിർമ്മിക്കാൻ പരിശീലിപ്പിച്ചാൽ അത് പഞ്ചായത്തിൻെറ നിലമെച്ചപ്പെടുത്തും.

സക്കൂൾ വിദ്യാത്ഥികളിൽ എണ്ണത്തിലും പഠനപരിശീലനത്തിലും പെൺകുട്ടികളാണ് മുൻപന്തിയിൽ. പ്രീ ഡിഗ്രി തലം വരെ ഈ നില തുടരുന്നു. എന്നാൽ ഉന്നത വിദ്യാഭ്യാസരംഗത്ത് ആൺകുട്ടികളെ അപേക്ഷിച്ച് പെൺകുട്ടികൾ കുറവായി കാണുന്നു. ഉള്ളവരുടെ വിദ്യാഭ്യാസം B.Ed. വരെ മാത്രമാണ്.

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ അവർക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. സ്ത്രീകളുടെ ഇടയിലുള്ള തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും സഹകരണ സംരംഭങ്ങളും തുടങ്ങണം. അംഗനവാടികളിലെ അദ്ധ്യാപികമാർക്ക് ന്യായമായ കൂലി ലഭിക്കുന്നില്ല. അവർക്ക് അർഹമായ കൂലി ലഭിക്കുന്നതിന് ഉള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഉന്നതവിദ്യാഭ്യാസരംഗത്ത് പെൺകുട്ടികളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാൻ ആവശ്യമായ സഹായം ചെയ്യണം.

കൃഷിഭൂമികളും പാടങ്ങളും വഴിമാറി പുതിയ പുരയിടങ്ങൾ രൂപം കൊണ്ടിപ്പോൾ തൊഴിൽ സാധ്യതകൾ കുറഞ്ഞുവരുന്നു. പഴയകാലത്ത് സ്ത്രീകൾ ചെയ്തുവന്ന തഴപായ് നെയ്ത്ത്, ഓല മുടയൽ, കുട്ടനെയ്ത്ത്, തുടങ്ങിയ ചില്ലറ പണികൾ ഇന്ന് ആരും ചെയ്യുന്നില്ല. പരമ്പരാഗത തൊഴിലാളികൾ മറ്റു ഉദ്യോഗങ്ങൾ തേടി പോയതും ഈ തൊഴിലുകളുടെ അനാകർഷകയും തൊഴിലിനു വേണ്ട അസംസ്ക്കൃത പദാർത്ഥങ്ങളുടെ ലഭ്യതയും ഇതിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ ഓരേ തൊഴിൽ ചെയ്യുന്ന പുരുഷനും സ്ത്രീക്കും തുല്യവേതനം കിട്ടുന്നില്ല. പകലിൻെറ അധ്വാനഭാരത്തിനും പുറമെ വീട്ടുജോലികളും കുഞ്ഞുങ്ങളുടെ സംരക്ഷണവും സ്ത്രീകളെ തളർത്തുന്നുണ്ട്. കായിക ശേഷി യിൽ പുരുഷനോടൊപ്പമല്ലാത്ത ഇവർ ബുദ്ധിശക്തിയിൽ ഒട്ടും മോശക്കാരല്ല. ഇതിനെ കൂടി കണക്കിലെടുത്തുകൊണ്ടായിരിക്കണം പുതിയ പദ്ധതികൾ നടപ്പിലാക്കേണ്ടത്. അതുപോലെ ശുചിത്വവും പോഷകാഹാരവും ആരോഗ്യവും കൈകാര്യം ചെയ്യേണ്ടതിൽ മുഖ്യപങ്കുവഹിക്കുന്ന സ്ത്രീജനങ്ങളെ ഇതിനെക്കുറിച്ച് ബോധവാന്മാരാക്കേണ്ടതുണ്ട്. കുടുംബാരോഗ്യകാര്യത്തിൽ ഇവർക്ക് വളരെ ചെയ്തു തീർക്കാനുണ്ട്.

# V. 10 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പട്ടികജാതി ആകെ ജനസംഖ്യയുടെ 10.04 പട്ടികജാതി വിഭാഗമാണ് പഞ്ചായത്തിൽ ആകെ 2574 പട്ടികജാതി അംഗങ്ങളും 11 പട്ടികവർഗ്ഗ അംഗങ്ങളുമുണ്ട് ഇവരിൽ 1242 പുരുഷന്മാരും 1332 സ്ത്രീകളുമാണ്. വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഓട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ ഈ വിഭാഗങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വിവിധ സർക്കാരുകൾ നടപ്പിലാക്കി വരുന്ന പല പദ്ധതികളെ കുറിച്ചും വേണ്ടത്ര അറിവില്ലാത്തതുകൊണ്ട് ഇത്തരം പദ്ധതികൾ ഉപയോഗപ്പെടുത്തി വേണ്ടത്ര പുരോഗതി കൈവരിക്കുന്ന തിന് ഈ വിഭാഗത്തിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൽ 23 ഹരിജൻ കോളനികൾ ഉണ്ട്.കോളനികളുടെ വിവരം 2-ാം പട്ടികയിൽ ചേർക്കുന്നു.

കോളനികളില്ലാത്ത ഈ വിഭാഗത്തിൽ പെടുന്ന ഭൂരിഭാഗവും പത്ത് സെൻറ് നാലോ അഞ്ചോ ഭാഗങ്ങളാക്കി തിങ്ങി കൂടി ജീവിക്കുന്ന ഒരു അവസ്ഥയാണ് പഞ്ചായത്തിൽ നിലനിൽക്കുന്നത്. ഇങ്ങനെ ജീവിക്കുന്നവർക്ക് മിച്ച ഭൂമിക്ക് അപേക്ഷിക്കുന്നതിനൊ, ഭവന നിർമ്മാണത്തിനോ, വേണ്ടപ്പെട്ട രേഖകൾ ഹാജരാക്കുവാൻ കഴിയാതെ പോകുന്നു. ഈ വിഭാഗത്തിൽ പ്പെടുന്ന ഉന്നത വിദ്യാഭ്യാസം നേടിയവർക്ക് മാറിവരുന്ന വിവിധ സർക്കാരുകളുടെ പദ്ധതികൾ സർക്കാറിൻെറ പ്രയാസമേറിയ നിബന്നകദൾ കൊണ്ട് ഫലപ്രദമായി ഉപയോഗപ്പെടുത്തിയിട്ടുള്ളത് ഈ വിഭാഗത്തിൽ പ്പെടുന്ന സാമ്പത്തികമായി മുന്നോക്കം നിഗക്കുന്നവരാണ്. പഞ്ചായിലുള്ള കലാകാരന്മാരിൽ ഭൂരിഭാഗവും ഈ വിഭാഗത്തിൽ നിന്നുള്ളവരാണ്.കോളനികളിൽ താമസിക്കുന്നവർക്കായി പൊതുശ്മാശാനം വളരെ അത്യാവശ്യമാണ്. പലവിധ സാമൂഹ്യപ്രശ്നങ്ങളും ഇതുമൂലം ഒഴിവാക്കാവുന്നതാണ്.

## വിദ്യാഭ്യാസം

മററു പഞ്ചായത്തുകളെക്കാൾ വിദ്യാഭ്യാസപരമായി ഉയർന്ന നിലവാരം പുലർത്തുന്നുണ്ടെങ്കിലും സ്ത്രീകളുടെ സാക്ഷരതാ ശതമാനം കുറവാണ്. എസ്.എസ്.എൽ.സി ക്കുശേഷം തുടർന്നു പഠിക്കുന്നതിന് സ്ത്രീകളിൽ താൽപര്യം കാണുന്നില്ല. രക്ഷിതാക്കൾ ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. ഇവരിൽ തന്നെ ഉന്നതവിദ്യാഭ്യാസമുള്ള പുരുഷന്മാർക്ക് ജോലി കണ്ടെത്താനും കഴിയുന്നില്ല. വിവിധ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മയും, ഔദ്യോഗിക സംവിധാനത്തിലുള്ള തകരാറുകളും കാര്യങ്ങളെ സംങ്കീർണ്ണമാക്കുന്നു. ഈ അധ്യായന വർഷം പഠനം നടത്തുന്ന ഈ വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പങ്കാളിത്തം പട്ടിക (1)-ൽ ചേർക്കുന്നു.

വിദ്യാഭ്യാസത്തിൻെറ ആവശ്യകത ബോദ്ധ്യപ്പെടുത്തുന്നതിനായി ബോധവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്തേക്ക് നിരിയുന്ന ഈ വിഭാഗത്തിലെ കുട്ടികൾക്ക് ശരിയായ രീതിയുലുള്ള നിർദ്ദേശങ്ങൾ നൽകുന്നതിനായി ഒരു സമിതി രൂപികരിക്കേണ്ടതാണ്. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി പ്രത്യേകം ശ്രദ്ധ കൊടുക്കേണ്ടതാണ്. പെൺകുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടി കാര്യക്ഷമമായ പദ്ധതികൾ ഉണ്ടാകേണ്ടതാണ്. അതിനായി പെൺകുട്ടികൾക്ക് സൗജന്യമായി പുസ്തകങ്ങളും വസ്ത്രങ്ങളും സാമ്പത്തിക സഹായങ്ങളും നൽകേണ്ടതാണ്. ഉയന്ന മാർക്കോടുകൂടി പാസാകുന്ന സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോർഡിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതാണ്.

### പട്ടിക ഒന്ന്

| പഠന ക്ലാസ്സ് | ആകെ വിദ്യാർത്ഥികൾ | എസ്. സി, എസ്. ടി വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|
| 1-4 | 2126 | 268 | 12.60% |
| 5-10 | 3903 | 653 | 16.73% |

## തൊഴിൽ

പട്ടിക ജാതി കുടുംബങ്ങളിൽ ഭൂരിപക്ഷവും കാർഷിക മേഖലകളിൽ തൊഴിലെടുത്ത് ജിവിക്കുന്നവരാണ്. കാർഷിക മേഖലയിലെ തകർച്ച മററു മേഖലകളിലേക്ക് തൊഴിലന്വേഷിച്ച് പോകുന്നതിന് നിബന്ധരാക്കുന്നു. ഇതിൽ ഭൂരിഭാഗവും നിർമ്മാണ രംഗത്താണ് എത്തിച്ചേരുന്നത്.നിർമ്മാണരംഗത്തെ തൊഴിൽ മാന്ദ്യം ഇവരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഈ വിഭാഗത്തിന് തൊഴിൽ ഉറപ്പു വരുത്തുന്ന പുതിയ സംരംഭങ്ങൾ ആരംഭിക്കേണ്ടതുണ്ട്. കൈതൊഴിലുകൾ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള ചെറുകിട വ്യവസായയൂണിററുകൾആരംഭിക്കേണ്ടതുണ്ട്. എസ്. എസ്. എൽ. സി മുകളിൽ പഠന നിലവാരമുള്ള 158 പേരും ഈ പഞ്ചായത്തിൽ ഉണ്ട്. 24 ഗവൺമെൻറ് ജോലിക്കാരും ഈ വിഭാഗത്തിലുണ്ട്. എന്നാൽ സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം 4 മാത്രമാണ്. ട്രൈസം തൊഴിൽ പരിശീലന പദ്ധതിയനുസരിച്ച് 33 പേർക്ക് പരിശീലനം ലഭിച്ചിട്ടുണ്ട്.

## പാർപ്പിടം

പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് ഒരു പരിധിവരെ സർക്കാർ ഏജൻസികൾ നടപ്പിലാക്കിവരുന്ന പദ്ധതികൾ പ്രയോജനകരമായിട്ടുണ്ട്. 60% ത്തോളം കുടുംബങ്ങൾ ചെററകുടിലുകളിൽ നിന്നും മോചനം നേടിയിട്ടുണ്ട് എങ്കിലും, അർഹതപ്പെട്ട പലർക്കും സർക്കാർ നടപ്പാക്കുന്ന പദ്ധതികളുടെ സഹായം ലഭിക്കുന്നില്ല ഒരുവീടിന് 2 പോയിൻറ് എന്ന നിരക്കിൽ വീടുകൾ വൈദ്യുതീകരിക്കുന്നതിന് നൂറിൽ പരം അപേക്ഷകൾ പഞ്ചായത്തിൽ എത്തിയിട്ടുണ്ടെങ്കിലും അവ കാര്യക്ഷമമായി പരിഹരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ പട്ടികജാതി കുടുംബങ്ങളിൽ പകുതിയും കോളനികളിലായി വ്യാപിച്ചുകിടക്കുന്നു.

തീരദേശ കോളനികളിൽ കുടിവെള്ള ക്ഷാമവും പാർപ്പിടപ്രശ്നവും വളരെ സങ്കീർണ്ണമായികൊണ്ടിരിക്കുന്നു. തടയപ്പറമ്പ്, കളാനി-കളമന മരുതയൂർ, വെന്മേനാട്, മുനക്കടവ്, പടവരമ്പ്, പൈങ്കണ്ണിയൂർ,കുരിക്കാട് എന്നീ പ്രദേശങ്ങളിലെ ജനങ്ങളാണ് കുടിവെള്ളക്ഷാമം കൊണ്ട് കൂടുതലും

വലയുന്നത്. ഈ വിഭാഗത്തിൽപ്പെട്ടവർക്ക് മിച്ചഭൂമി അനുവദിക്കുന്നതിനുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. ഹരിജൻ കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി തീവ്രയത്ന പരിപാടികൾ ഉണ്ടാക്കേണ്ടതാണ്. പഞ്ചായത്തിൽ പൂർണ്ണമായ ഒരു ഹരിജൻ കോളനിയാണ് ഉള്ളതെങ്കിലും, എല്ലാ കോളനികളിലും ഈ വിഭാഗത്തിൽപ്പെട്ടവർ താമസിക്കുന്നുണ്ട്.

## പട്ടിക-2

| കോളനിയുടെ പേര് | വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം | പുരുഷന്മാർ | സ്ത്രീകൾ | വൈദ്യുതികരിച്ച വീടുകൾ |
|---|---|---|---|---|---|
| ഹരിജൻ കോളനി | 2 | 4 | 15 | 17 | 0 |
| ച്ചേന്നാട്ട് പറമ്പ് | 4 | 10 | 35 | 27 | 0 |
| ചിററാട്ടുകര | 5 | 1 | 4 | 7 | 0 |
| കാക്കരാട്ടുപറമ്പ് | 9 | 11 | 36 | 29 | 3 |
| കാളാനി | 3 | 25 | 70 | 62 | 5 |
| കോലുക്കൽ പാലം | 1 | 6 | 14 | 13 | 1 |
| കോന്നൻ ബസാർ | 5 | 8 | 34 | 32 | 3 |
| കൊട്ടുക്കൽ പറമ്പ് | 2 | 7 | 24 | 24 | 1 |
| കുന്നത്തുപറമ്പ് | 2 | 14 | 46 | 39 | 4 |
| മനപ്പടി | 1 | 6 | 21 | 21 | 3 |
| മരുതയൂർ | 4 | 39 | 126 | 126 | 8 |
| ഞട്ടാണിപ്പറമ്പ് | 4 | 55 | 176 | 203 | 9 |
| വെന്മോട് എച്ച്.എസ്-പരിസരം | 2 | 11 | 36 | 39 | 3 |
| ഒ. എൽ. എച്ച് | 9 | 10 | 23 | 29 | 8 |
| പൈങ്കണ്ണിയൂർ | 6 | 8 | 16 | 22 | 6 |
| പാവറട്ടി | 9 | 8 | 15 | 25 | 7 |
| പുതുമനശ്ശേരി വടക്ക് | 3 | 17 | 56 | 61 | 8 |
| പുതുമനശ്ശേരിപടിഞ്ഞാറ് | 2 | 14 | 52 | 49 | 7 |
| തത്തകുളങ്ങര | 6 | 12 | 31 | 31 | 9 |
| മണ്ണാത്തികുളം | 1 | 15 | 37 | 53 | 9 |
| വെൻമോനാട് വാർഡ്8 | 8 | 31 | 81 | 98 | 15 |
| വെളക്കാട്ടുപാടം | 1 | 16 | 63 | 65 | 8 |

ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം 345 എസ്.സി.എസ്.ടി കുടംബങ്ങളാണ് ദാരിദ്ര്യ രേഖക്കുതാഴെയുള്ളവരായി കണ്ടെത്തിയിരിക്കുന്നത്. ഇതിൽ 198 കുടുംബങ്ങൾക്ക് സഹായമെത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. വീടുനിർമ്മാണത്തിന് അനുവദിക്കുന്ന ധനസഹായം ലഭിക്കാൻ വേണ്ടതായ സ്ഥലം

# (പ്രതീയത്)
# പാവറട്ടി ഗ്രാമപഞ്ചായത്ത്
# പട്ടികജാതി സങ്കേതങ്ങളും എണ്ണവും

| ക്രമനമ്പർ | കോളനിയുടെ പേര് | വാർഡ് നമ്പർ | കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | കുന്നത്തൂർ 15കോളനി | II | 15 |
| 2 | കാളമന കോളനി | III | 13 |
| 3 | കുണ്ടുവകടവ് ഹരിജൻ കോളനി | IV | 14 |
| 4 | മുനക്കകടവ് കോളനി | V | 23 |
| 5 | വലിയ പറമ്പ് കോളനി | VI | 15 |
| 6 | അയ്യപ്പൻകാവ് കോളനി | VII | 16 |
| 7 | നട്ടാണി പറമ്പ് കോളനി | X | 14 |
| 8 | മരുതയൂർ ഹരിജൻ കോളനി | IV | 16 |

കൈവശമില്ലാത്തവർക്ക് ഭൂമി വാങ്ങിച്ചു കൊടുക്കാനുള്ള പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. ഭവന നിർമ്മാണത്തിനനുവദിക്കുന്ന തുക പാഴാ യിപോകാതെ ചിലവുകുറഞ്ഞ രീതിയിൽ വീടുവെക്കു ന്നതിനുവേണ്ട സാമ്പത്തി കബോധവൽക്കരണം നടത്തേണ്ടതാണ്.

പല കോളനികളിലും കക്കുസ് നിലവിലില്ല. ഐ.ആർ.ഡി.പി സർവ്വെ പ്രകാരം കക്കുസ് വേണ്ട കുടുംബങ്ങളുടെ എണ്ണം 320 ആണ്. സി.ആർ.എസ്.പി പദ്ധതി പ്രകാരമുള്ള കക്കുസുകൾപൂർണ്ണമായ തോതിൽ ലഭ്യമാക്കുകയും പഞ്ചായത്തുതലത്തിൽ പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യേണ്ടതാണ്. എല്ലാ കോളനികളിലും എല്ലാ വീടുകൾക്കും നിർബന്ധമായും കകുസ് സൗകര്യങ്ങൾ ഏർപ്പെടു ത്തേണ്ടതാണ്. ഇതിനുവേണ്ടി വിശദമായ സർവ്വെ ഉടനടിനടത്തുകയും പ്രവർത്തന പദ്ധതികൾ ആവിഷകരിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിൽ ഒരു പട്ടികജാതി സർവീസ് സഹകരണസംഘം വെന്േമ നാട്പ്രവത്തിക്കുന്നുണ്ട്. 1963 ൽ പ്രവർത്തനം ആരംഭിച്ച സർവ്വീസ് സഹകരണ സംഘത്തിന് കാര്യമായ പ്രവർത്തനമില്ല. പാവറട്ടി പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഈ സഹകരണ സംഘത്തിൻെറപ്രവർത്തനം വിപുലമാക്കേണ്ടതാണ്. ഇപ്പോൾ സംഘത്തിൽ ആകെ 438 അംഗങ്ങൾ ഉണ്ട്. ആകെ പിരിഞ്ഞ ഓഹരി മൂലധനം7665.75ആണ്. പ്രധാന പ്രവർത്തനം ലോൺ നൽകലാണ്. അനുവദിച്ച ലോൺ തിരിച്ചടക്കാത്തതും പ്രവർത്തന മാന്ദ്യത്തിന് കാരണമാകുന്നു.

## പ്രശ്നങ്ങൾ

1. സ്ത്രികളിൽ സാക്ഷരത കുറഞ്ഞുവരുന്നു. കോളനികളിൽ നിരക്ഷരത നിലനിൽക്കുന്നു.
2. തൊഴിൽ സാധ്യത കുറഞ്ഞുവരുന്നു.
3. എല്ലാവർക്കും സ്വന്തമായി വീടില്ല. സ്ഥലമില്ല.
4. കോളനികളിൽ കുടിവെള്ളക്ഷാമം വർദ്ധിച്ചുവരുന്നു. വൈദ്യുതീകരണം കുറവാണ്.
5. പൊതുശ്മാശാനമില്ല.
6. ഐ. ആർ.ഡി.പി പദ്ധതികളും മററു പദ്ധതികളും ഫലപ്രദമായി ഉപയോഗപെടുത്തുന്നില്ല.
7. പട്ടികജാതി വികസന കോർപ്പറേഷനും ഹരിജനക്ഷേമവകുപ്പും നടത്തുന്ന പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ.
8. എല്ലാവർക്കും അടിസ്ഥാനസൗകര്യങ്ങൾ ഇല്ല.
9. സർക്കാർ പദ്ധതികളെ കുറിച്ച് അറിയുന്നതിനുള്ള അവസരങ്ങൾ കുറവാണ്.
10. പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹത്തിന് ധനസഹായം വേണ്ടത് പോലെ ലഭിക്കുന്നില്ല.
11. പൊതുശ്മാശാനം ഇല്ല. പുറമ്പോക്ക് ഭൂമി ഉപയോഗപെടുത്തിയൊ,ഭൂമി കണ്ടെത്തിയോ ഇതിനുള്ള സ്ഥലം കണ്ടുപിടിക്കേണ്ടതായിടുണ്ട്. ഇലക്ട്രിക് ശ്മാശനവും ആലോചിക്കാവുന്നതാണ്.

## സാദ്ധ്യതകൾ :-

പട്ടികജാതി വകുപ്പ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ പരിപാടികൾ ഉപയോ ഗപ്പെടുത്തുന്നതിനുവേണ്ടി വേണ്ടത്ര ബോധവൽക്കരണം നടത്തുകയും പദ്ധതിയിൽ ഉൾപ്പെടുത്താവുന്നവരെ കണ്ടെത്തി സഹായം ലഭ്യമാക്കുകയും വേണം. സഹായം ലഭിക്കേണ്ടവരുടെ ഒരു ലിസ്ററ് ഗ്രാമ സഭ വിളിച്ചുകൂട്ടി തയ്യാറാക്കാവു ന്നതാണ്.

പലിശ രഹിത വ്യവസായ വായ്പ ലഭിക്കേണ്ടവരുടെയും ഒരു ലിസ്ററ് തയ്യാറാക്കണം ഭൂരഹിതഭവന രഹിത പുനരധിവാസ പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നതിനും വീടുവെക്കുന്നതിനും അർഹരായവരെ കണ്ടെത്തുക. സാധുക്കളായ പട്ടികജാതി പെൺകുട്ടികളുടെ വിവാഹധനസഹായം 50000 രൂപയായി ഉയർത്താവുന്നതാണ്.

# V. 11 പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം:-

വിദ്യാഭ്യാസപരമായും സാമ്പത്തികമായും മുൻപന്തിയിൽ നിൽക്കുന്ന പാവറട്ടി പഞ്ചായത്തിൽ 2 വില്ലേജുകൾ ഉൾപ്പെടുന്നു. പഞ്ചായത്തിൻെറ ഹൃദയഭാഗമടങ്ങുന്ന പാവറട്ടി വില്ലേജും ചരിത്രമുറങ്ങുന്ന വെൻമേനാട് വില്ലേജും.

അദ്ധ്യാപകരും കച്ചവടക്കാരും നിർമ്മാണ തൊഴിലാളികളും കൂടുതലായുള്ള ഈ പഞ്ചായത്തിൽ ഗൾഫ് പണത്തിൻെറ സ്വാധീനം തീരെ ചെറുതല്ല. എന്നാൽ ഈ സാമ്പത്തിക വളർച്ചക്കനുസരിച്ചുള്ള സാംസ്ക്കാരിക ഔന്നത്യവും ദൃശ്യമല്ല. കോൺക്രീറ്റ് സൗധങ്ങൾക്കായി നീക്കി വയ്ക്കുന്ന പണം മറ്റു മേഖലകളിലേക്ക് തിരിച്ചു വിടേണ്ടതിൻെറ ആവശ്യകത കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകുന്നതാണ്.

ഇടത്തരം വരുമാനക്കാർ കൂടുതലുള്ളതിനാൽ ടെറസ് വീടുകളും ഓടിട്ട വീടുകളുമാണ് പഞ്ചായത്തിൽ ഭൂരിപക്ഷവും. പഞ്ചായത്തിലെ 3217 വീടുകളിൽ 1349 വീടുകൾ ടെറസ് വീടുകവും 1405 വീടുകൾ ഓടുമേഞ്ഞവയും ബാക്കി 318 വീടുകൾ ഓല മേഞ്ഞവയുമാണ്. ഇതിൽ ഓല മേഞ്ഞ വീടുകൾ കൂടതലും കോളനികളിൽ വ്യാപിച്ചുകിടക്കുന്നു.

ഭൂരിപക്ഷം വീടുകളും സിമൻറ്, ഇഷ്ടിക എന്നിവ കൊണ്ട് തീർത്തവയാണ്. പഞ്ചായത്തിൽ ഈ വർഷം 233 വീടുൾക്ക് പുര കെട്ടിമേയാനുള്ള ധനസഹായം നല്കിയിട്ടുണ്ട്. വാർഡു തിരിച്ച് വീടുകളുടെ കണക്ക് താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

പട്ടിക (1)

| വാർഡ് | ഓട് | ടെറസ് | ഓല | രണ്ടുനില ഓട് | രണ്ടുനില ടെറസ് | കുടിൽ | ഓലയും ഓട് | ടെറസ് ഓട് |
|---|---|---|---|---|---|---|---|---|
| I | 148 | 108 | 7 | 44 | 22 | 49 | 4 | 21 |
| II | 135 | 132 | 10 | 41 | 24 | 64 | - | 7 |
| III | 93 | 67 | 6 | 2 | 4 | 58 | - | 5 |
| IV | 158 | 110 | 48 | 17 | 39 | 136 | | 2 |
| V | 119 | 105 | 14 | 22 | 10 | 93 | | 2 |
| VI | | | | | | | | |
| VII | | | | | | | | |
| VIII | 160 | 178 | 5 | 52 | 21 | 58 | 3 | 10 |
| IX | | | | | | | | |
| X | | | | | | | | |

പുതിയതായി നിർമ്മിക്കപ്പെട്ടതും, നിർമ്മാണത്തിലിരിക്കുന്നതുമായ വീടുകളിൽ 95 ശതമാനത്തോളം വീടുകൾ കോൺക്രീറ്റ് സൗധങ്ങൾ തന്നെയാണ്. പഞ്ചായത്തതിർത്തിയിലെ ഭൂരിപക്ഷം കൃഷിവയലുകളും നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുക യാണ്. 1-ാം വാർഡിൽ ഈ പ്രവണത വളരെ കൂടുതലായുണ്ട്. പി.ഡബ്ല്യു.ഡി. റോഡിന് ഇരുവശവും അതിനോടു ചേർന്ന സ്ഥലങ്ങളിലും കെട്ടിട നിർമ്മാണത്തിനോ, വീടിനോ ആവശ്യമുള്ള സ്ഥലങ്ങൾ കിടാനില്ലാത്തതിനാൽ ഭൂമിയുടെ മാർക്കറ്റ് വില വളരെയധികം ഉയർന്നിട്ടുണ്ട്. പഞ്ചായത്തിലെ പാവറട്ടി വില്ലേജിൽ ഉൾപ്പെടുന്ന വാർഡുകളിലെ വീടുകളുടെ എണ്ണം സൂചിപ്പിക്കുന്നതു തന്നെ വർദ്ധിച്ചു വരുന്ന ജനസാന്ദ്രതയെയാണ്.

ചിലവേറിയതും ആർഭാടപൂർണ്ണവുമായ കോൺക്രീറ്റ് സൗധങ്ങൾ വളരെയധികം കാണപ്പെടുന്ന ഒരു പഞ്ചായത്താണ് പാവറട്ടി. ഗൾഫ് പണത്തിൻെറ സ്വാധീനവും നിർമ്മാണ രംഗത്ത് വളരെയധികം പ്രതിഫലിച്ചു കാണുന്ന പ്രദേശമാണ് പാവറട്ടി. നിർമ്മാണ രംഗത്തെ വൈദഗ്ദ്യമുള്ള തൊഴിലാളികളുടെ കേന്ദ്രം കൂടിയാണ് പാവറട്ടി പഞ്ചായത്ത്. സിമൻറ് തൊഴിലാളികളും പെയിൻറ് തൊഴിലാളികളും മൊസൈക്ക് , കടപ്പ തൊഴിലാളികളും ധാരാളമുള്ള പഞ്ചായത്ത് ഇക്കാര്യത്തിൽ സമ്പന്നമാണ്. വിദഗ്ദതൊഴിലാളികൾക്ക് 150 രൂപ വരെ കൂലിനിരക്കുള്ള പഞ്ചായത്തിലെ വേതനനിരക്ക് 120 മുതൽ 150 വരെയാണ്. ഗൾഫ് മേഖലയിലെ സാമ്പത്തിക തകർച്ച വളരെ വേഗം പ്രതിഫലിക്കുന്ന ഒരു ഗ്രാമമാണ് പാവറട്ടി. തൊഴിലാളികളിൽ ഭൂരിഭാഗവും നിർമ്മാണതൊഴിലാളികളായതിനാൽ തുടർന്നുണ്ടാകുന്ന നിർമ്മാണ രംഗത്തെ മാന്ദ്യവും പഞ്ചായത്തിലെ പൊതുജീവിതത്തെ ബാധിക്കുകയും ചെയ്യുന്നു.

പഞ്ചായത്തിലെ നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ഏകദേശ വിവരം പട്ടികയിൽ നിന്നും മനസ്സിലാക്കാം.

പട്ടിക (2)

| | ആൺ | പെൺ |
|---|---|---|
| സിമൻറ് വർക്കേഴ്സ് | 2000 | 500 |
| പെയിൻറ് പണിക്കാർ | 500 | - |
| ആശാരിമാർ | 300 | - |

ഭവനനിമ്മാണ സഹകരണസംഘവും ഹൗസിങ്ങ് ബോർഡും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സാധാരണക്കാരന് വായ്പ ലഭിക്കുന്നതിന് പലിശനിരക്കും സങ്കീർണ്ണതയും കീറാമുട്ടികളായി നിൽക്കുന്നു. കേരള സ്റ്റേറ്റ് ഫിനാൽഷ്യൽ എൻറർപ്രൈസസും ഭവന നിർമ്മാണ വായ്പകൾ നൽകുന്ന സ്ഥാപനമായി വർത്തിക്കുന്നു.

ചാവക്കാട് താലൂക്ക് റൂറൽ കോ- ഓപറേറ്റീവ് ഹൗസിങ്ങ് സൊസൈറ്റി രൂപീകൃതമായത് 1973ൽ ആണ്. ഭവനനിർമ്മാണത്തിന് വായ്പ അനുവദിക്കുന്ന സ്ഥാപനമാണ് ഇത്. 1121 ഷെയറുകളുള്ള ഈ സ്ഥാപനത്തിൽ 15.1 മുതൽ 22 ശതമാനം വരെ പലിശയിനത്തിൽ ഭവനവായ്പകൾ അനുവദിക്കുന്നു. ഭവനനിർമ്മാണ രംഗത്ത് കൂടുതൽ വായ്പാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി ഭവനനിർമ്മാണ ബോർഡും പാവറട്ടിയിൽ പ്രവർത്തിക്കുന്നുണ്ട്.

കൂലി നിരക്കിലെ വർദ്ധനയും അതിനെക്കാൾ കൂടിയ സാമഗ്രികളുടെ വിലക്കയറ്റവും കാരണം വീടിന് സർക്കാർ പദ്ധതികളിലും അനുവദിക്കുന്ന ധനസഹായം ഒന്നിനും തികയാതെ വരുന്ന അവസ്ഥയുണ്ട്. അതിനാൽ ഇത്തരം ധനസഹായങ്ങളുടെ തുക വർദ്ധിപ്പിക്കേണ്ടതായുണ്ട്. ഇത്തരം വായ്പകൾ ശരിയായ വിധത്തിൽ ഉപയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തകയും വേണം. ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കായി നടപ്പാക്കി കൊണ്ടിരിക്കുന്ന വിവിധ പദ്ധതികളുടെ അവലോകനം താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

| വാർഡ് | IRDP സർവ്വെ പ്രകാരം വീട് ആവശ്യമുള്ളത് | വിവിധ പദ്ധതി കളിൽ അനുവദി ച്ചത് | പൂർത്തിയാ ക്കിയവ | അനുവദിച്ചതിൽ ഇനി പൂർത്തിയാ യാക്കാനുള്ളവ | ഇനിയും അനുവദിക്കേ ണ്ട വീടുകൾ |
|---|---|---|---|---|---|
| I | 20 | 11 | 9 | 2 | 9 |
| II | 24 | 14 | 10 | 4 | 10 |
| III | 20 | 7 | 6 | 1 | 13 |
| IV | 22 | 14 | 9 | 5 | 8 |
| V | 24 | 9 | 4 | 5 | 15 |
| VI | 20 | 10 | 6 | 4 | 10 |
| VII | 23 | 8 | 6 | 2 | 15 |
| VIII | 27 | 17 | 13 | 4 | 10 |
| IX | 15 | 5 | 4 | 1 | 10 |
| ആകെ | 195 | 95 | 67 | 28 | 100 |

അനുവദിച്ച വീടുകൾ പൂർത്തിയാകാതിരിക്കുന്ന അവസ്ഥകളെ അവലോകനം ചെയ്യേണ്ടതുണ്ട്. പ്രശ്നങ്ങളെ കണ്ടെത്തുകയും അവ പരിഹരിച്ച് മുന്നോട്ടുപോവുകയും വേണം. അർഹതയുടെ അടിസ്ഥാനത്തിലല്ല വീടുകൾ അനുവദിക്കപ്പെടുന്നത് എന്ന പരാതി ഗ്രാമസഭകളിൽ ഉയന്നിട്ടുണ്ട്. അതിനാൽ ശരിയായ മാനദണ്ഡം നിശ്ചയിക്കപ്പെടേണ്ടതുണ്ട്.

പഞ്ചായത്തിലെ 145 കുടിലുകളും മാറ്റിയെടുക്കേണ്ടതിലേക്കായി സർക്കാർഎജൻസികൾ നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾക്ക് പുറമേ പഞ്ചായത്തിന്റെ തനതായ രീതിയിൽ പദ്ധതികൾ കണ്ടെത്തേണ്ടതായിട്ടുണ്ട്. വിവധ സാമൂഹിക സാമ്പത്തിക സംഘടനകൾ ഈ രംഗത്ത് ഇപ്പോൾ തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. വാർഡുതലത്തിൽ സമഗ്രമായ സർവ്വെ നടത്തി വീട് ആവശ്യമുള്ളവരെ കണ്ടെത്തുകയാണ് ആദ്യപടിയായി ചെയ്യേണ്ട പ്രവർത്തനം. അതിനുശേഷം ഗ്രാമസഭകൾ വിളിച്ചു ചേർത്ത് വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിച്ച് ആവശ്യക്കാരുടെ ഒരു മുൻഗണനാപ്രകാരമുള്ള ലിസ്റ്റ് തയ്യാറാക്കി പഞ്ചായത്തിൽ സൂക്ഷിക്കുകയും അതിൽനിന്നും പഞ്ചായത്ത്തലത്തിൽ മുൻഗണനാലിസ്റ്റ് രൂപീകരിക്കുകയും ചെയ്യേണ്ടതാണ്. സർക്കാർ ഏജൻസികൾ വഴി നടപ്പാക്കുന്ന പദ്ധതികൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താൻ ഈ സംവിധാനത്തിന് സാധിക്കും എന്ന് കരുതപ്പെടുന്നു. മുൻഗണനാ ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഗ്രാമസഭകൾ വഴി പരസ്യപ്പെടുത്തുകയും വേണ്ടതാണ്.

പഞ്ചായത്ത്തലത്തിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിക്കുന്ന സന്നദ്ധസംഘടനകളെ ഏകോപിച്ച് വാർഡുതലത്തിൽ ഗുണഭോക്താക്കളുടെ യോഗങ്ങൾ വിളിച്ചു ചേർക്കണം സർക്കാർ ഏജൻസികൾ വഴി നടപ്പാക്കുന്ന ഭവനനിർമ്മാണത്തിന് പുറമെ വിഭവസമാഹരണവും മനുഷ്യഅദ്ധ്വാനശേഷിയും സമാഹരിച്ച്പാർപ്പിടപ്രശ്നത്തിന്വലിയ ഒരളവിൽ പരിഹാരം കണ്ടെത്ത..ൻ സാധിക്കും. ഇപ്പോൾ തന്നെ ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘടനകൾക്ക് ഇത് വലിയ പ്രചോദനവും ആയിരിക്കും.

വിവധ പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ചുള്ള അജ്ഞത മറ്റെല്ലാ രംഗത്തെയും പോലെ തന്നെ ഭവനപദ്ധതികളുടെ കാര്യത്തിലും വ്യക്തമാണ്. അതിനാൽ ഗ്രാമസഭകളിലൂടെയുള്ള ബോധവൽക്കരണ പരിപാടികൾ പഞ്ചായത്തുതലത്തിൽ എത്രയും വേഗം സംഘടിപ്പിക്കാവുന്നതാണ്.

പാർപ്പിടരംഗത്തെ പ്രശ്നങ്ങളെ പരിഹരിക്കുന്നതിനായി താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവനനിർമ്മാണ സഹായത്തിനായി ഒരു സമിതി രൂപീകരിക്കുക, എഞ്ചിനീയർമാർ മുതൽ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട എല്ലാ തൊഴിലാളികളേയും വിദഗ്ദരേയും ഉൾകൊള്ളിച്ചുകൊണ്ട് രൂപീകരിക്കുന്ന സമിതിയിൽ സന്നദ്ധസംഘടനകളെ കൂടി ഉൾപ്പെടുത്തി അടുത്ത 5 വർഷക്കാലം കൊണ്ട് പൂർണ്ണമായി ഭവനരഹിതരെ ഇല്ലാതാക്കാവുന്ന പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടതാണ്.

2. കെട്ടിട സാമഗ്രികളുടെ വിതരണത്തിൽ സഹകരണസംഘടനകൾ വഴി ഇടപ്പെടുകയും വില നിയന്ത്രണം ഉറപ്പുവരുത്തുകയും ചെയ്യുക.

3. ചിലവ് കുറഞ്ഞ വീടുകൾ നിർമ്മിക്കാനാവശ്യമായ സാങ്കേതിക പരിജ്ഞാനം നല്കുക. ചിലവുകുറഞ്ഞ ഭവനനിർമ്മാണം പ്രചരിപ്പിക്കുക.

4. പഞ്ചായത്ത് ഭവന-കെട്ടിട നികുതി പുനർനിർണ്ണയം നടത്തുക.

5. ആഡംബരമായ രീതിയിൽ പണി തീർക്കുന്ന വീടുകൾക്ക് നികുതി വർദ്ധിപ്പിക്കുകയും ഒരു നിശ്ചിത തുകക്കുമേൽ ചിലവു ചെയ്ത് നിർമ്മിക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി ഈടാക്കുകയും ആ തുക ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് ഉള്ള ഭവന നിർമ്മണഫണ്ടായി മാറ്റുകയും ചെയ്യുക.

6. സർക്കാർ ലഭ്യമാക്കുന്ന ഭവനനിർമ്മാണ വായ്പകളുടെ സംഖ്യവർദ്ധിപ്പിക്കുക.

7. ഭവനരഹിതപ്രശ്നം പൂർണ്ണമായ തോതിൽ പരിഹരിക്കണമെങ്കിൽ അവർക്ക് പ്രാഥമികമായി ഭൂമി നൽകേണ്ടതുണ്ട്. പഞ്ചായത്തിനെ വിവിധ ഭാഗങ്ങളിലായി ഉപയോഗശൂന്യമായ തരിശായി കിടക്കുന്ന ഭൂമിയുടെ ശരിയായ വിവദ ശേഖരിക്കുകയും അവ ഭൂരഹിതർക്ക് സൗജന്യമായി നൽകുകയും ചെയ്യാവുന്നതാണ്. വീട് നിമ്മാണത്തിൽ നിർമ്മിതികേന്ദ്രം, കോസ്റ്റ് ഫ്രാർഡ് തുടങ്ങിയ ഓജൻസികളെ ഇടപെടുത്തുകയും ചെലവുകുറഞ്ഞ ഭവനനിർമ്മാണം ഉറപ്പു വരുത്തുകയും ചെയ്യണം.

ഭവനനിർമ്മാണത്തിന് ആവശ്യമായ ഭൂമി ലഭ്യമല്ലാത്ത അവസ്ഥയിൽ ഫ്ലാറ്റ് സംവിധാനത്തിൽ മെച്ചപ്പെ് വീടുകൾ നിമ്മിച്ച് നല്കുന്ന കാര്യവും പരിഗാണിക്കാവുന്നതാണ്.

അടുത്ത 5 വർഷക്കാലം കൊണ്ട് പൂർണ്ണമായ തോതിൽ കഴിഞ്ഞില്ലെങ്കിലും പരമാവധി പാർപ്പിടപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നമുക്കു കഴിയും എന്ന ആത്മവിശ്വാസത്തോടെ നമുക്ക് ഒത്തൊരുമിച്ച് മുന്നോട്ട് നീങ്ങാം.

## സാമൂഹ്യക്ഷേമം

കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ ദാരിദ്ര്യനിർമ്മാർജനപ്രവർത്തനങ്ങളും വിവിധ ക്ഷേമബോർഡുകളുടെ പ്രവർത്തനങ്ങവുമാണ് ഈ രംഗത്ത് കാര്യമായി പ്രവർത്തിക്കുന്നത്. കൂടാതെ പട്ടികജാതി വികസനകോർപ്പറേഷനും പ്രവത്തനങ്ങളുമായി രംഗത്തുണ്ട്.

പ്രധാനമായും ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ക്ഷേമബോർഡുകളുടെ പ്രവർത്തനം ചുരുക്കം ചില മേഖലകളിൽ കാര്യക്ഷമമാണെങ്കിലും പല വിഭാഗം തൊഴിലാളികളും ഇക്കാര്യത്തിൽ വേണ്ടത്ര ബോധവർക്കരിക്കപ്പെട്ടിട്ടില്ല. കെട്ടിടനിർമ്മാണതൊഴിലാളിയും ബീഡിതൊഴിലാളികൾ, തെങ്ങുകയറ്റതൊഴിലാളികൾ, കർഷകതൊഴിലാളികൾ തുടങ്ങിയവരിൽ പലരും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല. പല വിഭാഗം തൊഴിലാളികൾക്കും ക്ഷേമനിധികൾ തന്നെ പ്രാവർത്തികമായിട്ടില്ല.

പട്ടികജാതിവികസന കോർപ്പറേഷൻ സ്ഥിതി ചെയ്യുന്നത് ചാവക്കാടായതിനാലും വേണ്ടത്ര അറിവില്ലാത്തതിനാലും ക്ഷേമപദ്ധതികൾ വേണ്ടത്ര ഫലപ്രദമാകുന്നില്ല.

സമൂഹരംഗത്തെ കാര്യക്ഷമമായ പ്രവർത്തനം നടത്തുന്ന ബ്ലോക്ക് ഡവലപ്പ്മെൻറ് ഓഫീസിന് താഴെയുള്ള വി.ഇ.ഒ. സർക്കിളുകളിലെ പ്രവർത്തനം വിലയിരുത്താം. പാവറട്ടി പഞ്ചായത്തിൽ മൂന്ന് വി.ഇ.ഒ. സർക്കിളുകളാണ് പ്രവത്തിച്ചുവരുന്നത്. പാവറട്ടി, മരുതയൂർ, വെൺമേനാട് എന്നിവയാണ് മൂന്ന്സർക്കിളുകൾ. പാവറട്ടിസർക്കിളിൽ ഉൾപ്പെടുന്നവാഡുകൾ I, II, IX എന്നിവയാണ്. വെൻമെനാട് സർക്കിളിൽ VI, VII, VIII, എന്നീ വാർഡുകളും മരുതയൂർ സർക്കിളിൽ III, IV, V, X എന്നീ വാർഡുകളും ഉൾപ്പെടുന്നു. ഈ ഓഫീസ് വഴി 1995 - 96 വർഷത്തിൽ ലഭ്യമാക്കിയ സഹായ പദ്ധിതികളെക്കുറിച്ചുള്ള വിവരം പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്നു.

| വി.ഇ.ഒ. സർക്കിളുകൾ | വായ്പകളുടെ എണ്ണം | സബ്സിഡി | വായ്പ |
|---|---|---|---|
| പാവറട്ടി | 10 | 39,000 | 1,46,366 |
| വെൻമനാട് | 7 | 31,500 | 81,716 |
| മരാരയൂർ | 19 | 84,010 | 2,08,940 |
| ആകെ | 36 | 154510 | 4,37,022 |

പാവറട്ടി പഞ്ചായത്തിൽ IRDP സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെ തന്നെ 1480 കുടംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളത് ഇതിൽ 345 SC/ST കുടുംബങ്ങൾ ഉണ്ട്. നാളിതുവരെ സഹായം ലഭിച്ച ആകെ കുടംബങ്ങൾ 426 ആണ്. ഇതിൽ 198 SC/ST കുടംബങ്ങളും ഉൾപ്പെടുന്നു. എന്നാൽ സഹായം ലഭിച്ചതു വഴി ദജാരിദ്ര്യരേഖക്ക് മുകളിലെത്താൻ കഴിഞ്ഞത് ആകെ 212 കുടംബങ്ങൾക്ക്മാത്രമാണ്. ലഭ്യമായ സഹായധനം ശരിയായ രീതിയിൽ ഉപയോഗിക്കപ്പെടുന്നില്ല എന്ന്

കണക്കുകൾ സൂചിപ്പിക്കുന്നു. ഇനിയും സഹായം ലഭിക്കേണ്ടതായി 1258 കുടുംബങ്ങൾ കൂടിയുണ്ട് എന്നത് ഗൗരവപൂർവ്വം പരിഗണിക്കേണ്ട കാര്യമാണ്.

ദേശസാൽകൃതബാങ്കുകൾ ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ വേണ്ടത്ര സഹകരിക്കുന്നില്ല. സാങ്കേതികമായ നൂലാമാലകൾ സൃഷ്ടിച്ച് വായ്പ നിഷേധിക്കുന്നതിൽ തൽപരരാണ് അവർ. വായ്പകൾ കാര്യമായി തിരിച്ചടക്കുന്നില്ല എന്നതാണ് പ്രധാന പ്രശ്നം. അതിനാൽ പഞ്ചായത്ത് തലത്തിൽ വാർഡുകൾ തോറും ഓരോ കോ- ഓർഡിനേഷൻ കമ്മറ്റികൾ പഞ്ചായത്ത് പ്രസിഡണ്ടിൻേറയും വാർഡുമെമ്പർമാരുടേയും നേതൃത്വത്തിൽ രൂപീകരിക്കുകയും വായ്പ ഉപയുക്തമാക്കുന്നതിൻെറ മോണിറ്ററിങ്ങ് നടത്തുകയും വായ്പ തിരിച്ചടക്കുന്നതിൽ കാലതാമസം ഉണ്ടാകുകയാണെങ്കിൽ പ്രശ്നങ്ങൾ പരിഹരിച്ച് ഗുണഭോക്താക്കളെ വായ്പ തിരിച്ചടക്കാൻ നിർബ്ബന്ധിതരാക്കുകയും ചെയ്യേണ്ടതാണ്.

## DWCRA സഹായലഭ്യത

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിന് വേണ്ടി പത്തോളത്തിലധികമോ സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭമാണ് ഡി.ഡബ്ലിയു.സി.ആർ.എ. യൂണിറ്റുകൾ. പാവറട്ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക ഡി.ഡബ്ലിയു. സി.ആർ.എ. യൂണിറ്റ് 1995- 96 ൽ ആരംഭിച്ച സൗഭാഗ്യ കയർ യൂണിറ്റാണ്. ഇതിൽ പ്രവർത്തിക്കുന്ന അംഗങ്ങൾ 14 ആണ്.

തമിഴ്നാട്ടിൽ നിയന്ത്രിക്കപ്പെടുന്ന വീടുവീടാന്തരം കയറിയിറങ്ങുന്ന രീതിയിലുള്ള ബ്ലേഡ് കമ്പനികൾ പഞ്ചായത്തിലെ ഗ്രാമീണ സ്ത്രീകളെ കടക്കെണിയിൽപെടുത്തി കൊണ്ടിരിക്കുകയാണ്. ഇത്തരം ബ്ലേഡുകമ്പനികൾക്കുപുറമെയാണ് നാട്ടിലെ ബ്ലേഡു കമ്പനികൾ. അമിതപലിശ ഈടാക്കുന്ന ഇത്തരം സ്ഥാപനങ്ങളിൽ നിന്നും ഗ്രാമീണ സ്ത്രീകളെ രക്ഷിക്കേണ്ടതിലേക്കായി ഡി.ഡബ്ലിയു.സി. ആർ.എ. യൂണിറ്റുകൾ ഉപയോഗപ്പെടുത്തേണ്ടതാണ്. ഡി.ഡബ്ലിയു. സി.ആർ.എ. യൂണിറ്റുകൾ തുടങ്ങുന്നതിൻെറ ആദ്യപടിയായി വാർഡുതോറും സ്ത്രീകളുടേതായ ചെറുസംഘങ്ങൾ രൂപീകരിക്കുകയും ആഴ്ചതോറും മാസംതോറും ഒരു ചെറിയ സംഖ്യ വരിസംഖ്യയായി രൂപീകരിച്ച് ഒരു ഫണ്ട് ഉണ്ടാക്കേണ്ടതുമാണ്. ഈതുക അംഗങ്ങൾക്ക് തന്നെ വായ്പയായി നല്കുകുകയും ചെറിയ പലിശ (2ശതമാനം മുതൽ 5 ശതമാനം വരെ) ഈടാക്കുകയും ചെയ്യാം. ഇത്തരം ഫണ്ടുകൾ ഒരു വർഷത്തിനുശേഷം ഡി.ഡബ്ലിയു.സി.ആർ.എ. യൂണിറ്റുകളുടെ മുടക്കുമുതലായി മാറ്റാവുന്നതാണ്. ഈ കാലഘട്ടത്തിൽ ഇത്തരം ചെറുസംഘങ്ങൾക്ക് തുടങ്ങാവുന്ന ചെറുകിട സംരംഭങ്ങളെ കുറിച്ച് വേണ്ടത്ര സാങ്കേതിക പരിശീലനം നല്കാനും കഴിയും. ഒപ്പംതന്നെ ഡി.ഡബ്ലിയു.സി.ആർ.എ.കൾ വിജയിപ്പിക്കാൻ വേണ്ട ആത്മവിശ്വാസവും ഉണ്ടാക്കിയെടുക്കുന്നതിനായുള്ള ബോധവൽക്കരണവും നടത്താവുന്നതാണ്. അച്ചപ്പം- കുഴലപ്പം യൂണിറ്റുകൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ഇലക്ട്രോണിക് വ്യവസായം, പപ്പടനിർമ്മാണം, കുടനിർമ്മാണം തുടങ്ങി അനവധി ചെറുകിട വ്യവസായങ്ങൾക്ക് സാധ്യതകൾ ഏറെയുള്ള പഞ്ചായത്താണ് പാവറട്ടി. ഇത്തരം യൂണിറ്റുകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന വസ്തുക്കളുടെ വിപണനത്തിനായി പഞ്ചായത്ത് തലത്തിൽ വിപണനകേന്ദ്രം പ്രവർത്തിപ്പിക്കാനും കഴിയും. നാല് വനിതാ മെമ്പർമാരടങ്ങുന്ന പഞ്ചായത്ത് കമ്മറ്റിക്ക് ഇത്തരം പ്രവർത്തനങ്ങളിൽ മുൻകൈ എടുക്കാൻ സാധിക്കും എന്നു തന്നെ കരുതുന്നു.

### ട്രൈസം

18 മുതൽ 35 വരെ വയസ്സുള്ള യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായിക്കുന്ന തൊഴിൽ പരിശീലനം നൽകുന്നതനാണ് ട്രൈസം പദ്ധതി, ട്രൈസം പരിപാടിയുടെ പരിശീലനം

നേടിയവർക്ക് അതേ തൊഴിലിൽ തന്നെ വ്യവസായം തുടങ്ങാനുള്ള വായ്പയും ലഭ്യമാണ്.

പാവറട്ടി പഞ്ചായത്തിലെ ട്രൈസം പദ്ധതിയുടെ പ്രവർത്തനക്ഷമത നമുക്ക് പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

| തൊഴിൽ പരിശീലനത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതര തൊഴിലിൽ ഏർപ്പെട്ടവർ | അവശേഷി ക്കുന്നവർ |
|---|---|---|---|---|
| വയറിങ്ങ് | 1 | 1 | 0 | 0 |
| ഇലക്ട്രീഷ്യൻ | 2 | 2 | 0 | 0 |
| ഡമമണ്ട് പോളിഷിങ്ങ് | 1 | 1 | 0 | 0 |
| ബുക്ക് ബൈൻഡിങ്ങ് | 1 | 1 | 0 | 0 |
| മോട്ടോർ വൈൻഡിംഗ് | 1 | 1 | 0 | 0 |
| എംബ്രോയഡറി | 4 | 4 | 0 | 0 |
| ഡയമണ്ട് കട്ടിങ്ങ് | 3 | 3 | 0 | 0 |
| ഫോട്ടോഗ്രാഫി | 1 | 1 | 0 | 0 |
| ഫിറ്റിങ്ങ് വെൽഡിങ്ങ് | 2 | 2 | 0 | 0 |
| ബിഡി നിർമ്മാണം | 5 | 5 | - | - |
| ബേക്കറി നിർമ്മാണം | 8 | - | 8 | - |
| പ്ലംബിങ്ങ് | 1 | 1 | - | - |
| പ്ലാസ്റ്റിക് വർക്കസ് | 2 | 2 | - | - |
| ഖാദി വീവിങ്ങ് | 3 | 3 | - | - |
| ആകെ | 35 | 27 | 8 | - |

അഞ്ചാം വാർഡിൽനിന്നും ആരും തന്നെ ട്രൈസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ല. 1,3 വാർഡുകളിൽ നിന്നും ഒരാൾ വീതമാണ് പദ്ധതിയിൽ പരിശീലനം നേടിയിട്ടുള്ളത്. തൊഴിൽ പരിശീലനത്തിൻെറ

കാര്യത്തിൽ വൈവിധ്യം ഉണ്ടെങ്കിലും കൂട്ടായ സംരംഭത്തോടെ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ സാധിക്കുന്ന വിധത്തിലുള്ള പ്രവർത്തനം കാണുന്നില്ല. വനിതകൾക്കും പെൺകുട്ടികൾക്കും പ്രാതിനിധ്യം കുറവാണ് എന്ന് തൊഴിലുകൾ തന്നെ സൂചിപ്പിക്കുന്നു. വനിതകൾക്ക് പ്രാധാന്യമുള്ള തൊഴിൽ പരിശീലന പദ്ധതി ഊന്നൽ നൽകണം.

ഈ പഞ്ചായത്തിൽ ആകെ 35 പേർക്കാണ് ട്രൈസം പദ്ധതിയുടെ പരിശീലനം നൽകാൻ കഴിഞ്ഞിട്ടുള്ളൂ എന്നുള്ളത് ശ്രദ്ധേയമാണ്. ട്രൈസം തൊഴിൽ പരിശീലന പദ്ധതി സെൽഫ് എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുമായി ബന്ധിപ്പിച്ച് നടപ്പിലാക്കാവുന്നതാണ്. യുവജനസംഘടനകളുടെ സഹകരണവും ഇക്കാര്യത്തിൽ സഹായകരമായിരിക്കും.

## ടൂൾ കിറ്റ്

ഗ്രാമീണകൈത്തൊഴിലുകൾക്ക് നവീന തൊഴിലുപകരണങ്ങൾ നല്കുന്ന പദ്ധതിയാണ് ടൂൾ കിറ്റ്. IRDP സർവ്വെ പ്രകാരം പഞ്ചായത്തിൽ ആകെ 60 ഗ്രാമീണ കൈതൊഴിലുകാരെയാണ് കണ്ടെത്താനായിട്ടുള്ളത്. അതിൽ 3 പേർക്ക് മാത്രമാണ് സഹായം നല്കാൻ കഴിഞ്ഞിട്ടുള്ളത്. ഇനി 57 പേർക്കെങ്കിലും സഹായം എത്തിക്കേണ്ടതായിട്ടുണ്ട് . പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് സഹായം ആവശ്യപ്പെടുന്നവരുടെ സംഖ്യ കുറക്കുന്നത്. അതിനാൽ നല്ല രീതിയിലുള്ള ബോധവൽക്കരണം ആവശ്യമാണ്. ആവശ്യക്കാരന് ടൂൾകിറ്റുകൾ വിതരണം ചെയ്യപ്പെടുന്നില്ല എന്ന പരാതി നിലനിൽക്കുന്നു. ടൂൾ കിറ്റ് വിതരണം കാര്യക്ഷമമാക്കുന്നതിന് ഗ്രാമസഭകൾ മുൻഗണന നകേണ്ടതാണ്.

ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് കക്കൂസ് നിമ്മിക്കുന്നതിന് സഹായം നൽകുന്ന പദ്ധതിയാണ് സി.ആർ.എസ്.പി. ഐ.ആർ.ഡി.പി. സർവ്വെ പ്രകാരം വിവിധ പദ്ധതികളിലായി ഇതുവരെ 28 സാനിറ്ററി കക്കൂസുകളാണ് അനുവദിച്ചിട്ടുള്ളത് സർവ്വെ പ്രകാരം ദാരിദ്ര്യരേഖക്ക് താഴെയുള്ളവരിൽ 439 വീടുകളിലാണ് കക്കൂസുകൾ ഇല്ലാത്തത്. അടിയന്തിരമായി കക്കൂസുകൾ ആവശ്യമുള്ളത് 320 കുടുംബങ്ങളിലാണ്. ആരോഗ്യരംഗത്ത് വലിയ പ്രാധാന്യമുള്ള കക്കൂസുകളുടെ നിർമ്മാണം ഒരു കർമ്മപദ്ധതിയായി തന്നെ ആവിഷ്ക്കരിക്കേണ്ടതാണ്. ഓരോ വാർഡിലും ഇനിയും കക്കൂസുകൾ ആവശ്യമായ വീടുകളുടെ എണ്ണ് സർവ്വെ നടത്തി കണ്ടെത്തുകയും അതിൽ സ്വന്തമായി നിർമ്മിക്കാൻ സാധ്യതയുള്ളവരെ അതിന് പ്രേരിപ്പിക്കുകയും മറ്റുള്ളവർക്ക് നിർമ്മാണ സാമഗ്രികൾ വിതരണം ചെയ്ത് കക്കൂസ് നിർമ്മാണം നിഥന്ദമായി തീർക്കുകയും ചെയ്യേണ്ടതാണ്. ഇതിനുവേണ്ട പ്രാരംഭപ്രവർത്തനങ്ങൾ ഉടൻ തന്നെ തുടങ്ങാവുന്നതാണ്. അടുത്ത ഒന്നോ, രണ്ടോ വർഷത്തിനുള്ളിൽ പഞ്ചായത്തിലെ എല്ലാ വീടുകൾക്കും കക്കൂസുകൾ നിമ്മിക്കാവുന്ന ഒരു പദ്ധതിക്ക് രൂപം കൊടുക്കാൻ സാധിക്കും.

കുടിർജ്യോതി പദ്ധതിയിൽ ഉൾപ്പെടുത്തി 1000 ത്തോളം വീടുകൾക്ക് വൈദ്യുത കണക്ഷൻ ആവശ്യമായിട്ടുണ്ട്. ഇക്കാര്യത്തിൽ കാര്യക്ഷമമായ പ്രവർത്തനം നടത്തേണ്ടതുണ്ട്.

## അംഗൻവാടികൾ

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവെക്കുന് അം ഗൻവാടികൾ 21 എണ്ണം നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പല അങ്കൻവാടികളും വേണ്ടത്ര സൗകര്യം ഇല്ലാത്ത അവസ്ഥയിലാണ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. വളരെയധികം ക്ലേശം സഹിച്ച് പ്രവർത്തനം നടത്തുന്ന ജീവനക്കാരുടെ വേതനം തുച്ഛമാണ്. മിക്ക അംഗൻവാടികൾക്കും സ്വന്തമായി സ്ഥലം ഇല്ലാത്തതും. കെട്ടിടമില്ലാത്തതുമായ അവസ്ഥയാണ് ഇന്നുള്ളത്. കളിപ്പാട്ടങ്ങളുടെ കുറവും എടുത്തുപറയേണ്ടതാണ്.

അംഗൻവാടികളുടെ മെച്ചപ്പെട്ട പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി ഓരോ അംഗൻവാടികളേയും ചേർത്ത് ജനകീയ സംരക്ഷണസമിതികൾ രൂപീകരിക്കേണ്ടതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1.അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിനും അറ്റകുറ്റപണികൾ നടത്തുന്നതിനും ഉള്ള ഫണ്ട് പഞ്ചായത്തിൽ നിന്നും അനുവദിക്കണം.

2.ജി.യു.പി. സ്കൂളിലെ ഒരു മുറി അംഗൻവാടി പ്രവർത്തനത്തിന് അനുവദിക്കണം.

3. എല്ലാ വാർഡുകളിലേയും അംഗൻവാടി പ്രവർത്തനം നന്നായി നടക്കേണ്ടതിലേക്കായി സ്വന്തമായ സ്ഥലവും കെട്ടിടവും അനുവദിക്കണം.

## റേഷൻഷാപ്പ് (പൊതുവിതരണകേന്ദ്രം)

പാവറട്ടി പഞ്ചായത്തിൽ പ്രർത്തിക്കുന്ന റേഷൻ ഷാപ്പുകളുടെ പ്രവർത്തനം. പൊതുവിതരണകേന്ദ്രമായിട്ടും അവതാളത്തിലാണ്. വിലനിയന്ത്രണം നടപ്പിലാക്കാനുദ്ദേശിച്ചുള്ള മാവേലിസ്റ്റോറിൻെറ പ്രവർത്തനം തീർത്തും നിരാശാജനകമാണ്. കച്ചവടസ്ഥാപനങ്ങൾ ധാരാളമായുള്ള പാവറട്ടിയിൽ ഉപഭോക്തൃ സംരക്ഷണസമിതിയും പ്രവർത്തനം തീരെ കാര്യക്ഷമമല്ല. ഉപഭോക്തൃ സമിതിയും വാർഡുതലത്തിൽ പുനഃസംഘടിപ്പിക്കുകയും മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച വെക്കുകയും വേണം. പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗത്ത് മാവേലി സ്റ്റോർ സ്ഥാപിക്കണം.

## വില്ലേജ് ആപ്പീസുകൾ വഴിയുള്ള ക്ഷേമപദ്ധതികൾ

സാമൂഹ്യക്ഷേമരംഗത്ത് റവന്യൂ വകുപ്പ് നൽകുന്ന സഹായധനങ്ങൾ , വിധവാപെൻഷൻ, വികലാംഗപെൻഷൻ, വാർദ്ധകൃപെൻഷൻ തുടങ്ങിയവയാണ്.

പാവറട്ടി, വെൻമേനാട് വില്ലേജുകൾ ഉൾപ്പെടുന്ന പാവറട്ടി പഞ്ചായത്തിൽ ഇതുവരെയായി വിതരണം ചെയ്തിട്ടുള്ള പെൻഷനുകളുടെ എണ്ണം പട്ടികയിൽ കാണിച്ചിരിക്കുന്നു.

| പെൻഷൻെറ പേര് | എണ്ണം |
|---|---|
| വിധവാ പെൻഷൻ | 44 |
| വികലാംഗ പെൻഷൻ | 56 |
| വാർദ്ധക്യപെൻഷൻ | 51 |
| കുഷ്ഠരോഗി പെൻഷൻ | 1 |
| കാൻസർ രോഗി പെൻഷൻ | 3 |

പഞ്ചായത്തിലെ 44 പേർക്കാണ് തൊഴിലില്ലായ്മ വേതനം ലഭിച്ചു കൊണ്ടിരിക്കുന്നത്. പ്രതിമാസം

3080 രൂപ സഹായധനമായി ലഭിക്കുന്നുണ്ട്.

പെൻഷനുകൾ പൊതുവെ അനർഹരായവർക്കാണ് ലഭിക്കുനന്നത് എന്ന പരാതി നിലനിൽക്കുന്നുണ്ട്. പെൻഷൻ അപേക്ഷകൾ ഗ്രാമസഭകൾ വഴി സ്വീകരിച് മുൻഗണനാ ലിസ്റ്റ് ഉണ്ടാക്കുകയും ചെയ്യണം.

## ക്ഷേമനിധികൾ

പാവറട്ടിപഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് ക്ഷേമനിധികളെക്കുറിച്ചുള്ള വിവരണശേഖരണം മാത്രമേ നടന്നിട്ടുള്ള അവ താഴെ പറയുന്ന പ്രകാരമാണ്.

| ക്ഷേമനിധിയുടെ പേര് | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| കർഷകതൊഴിലാളിക്ഷേമനിധി | 128 | 181 |
| നിമ്മാണ തൊഴിലാളി ക്ഷേമനിധി | 400 | - |

മിക്ക തൊഴിൽ മേഖലയിലും ക്ഷേമനിധികൾ തുടങ്ങാനായിട്ടില്ല. അതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടതായിട്ടുണ്ട്. ചില മേഖലയിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നുമുണ്ട്.

## പൊതുനിർദ്ദേശങ്ങൾ :

1.ഭവനനിർമ്മാണ രംഗത്ത് ദുർബ്ബലവിഭാഗത്തിന് 800 വീടുകൾ എങ്കിലും ഇനിയും ആവശ്യമായുണ്ട്. ഇതിനുവേണ്ട പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കണം.

2.കക്കൂസ് നിമ്മാണം ത്വരിതപ്പെടുത്തണം.

3.ട്രൈസം പദ്ധതി, ഡി.ഡബ്ല്യിയുസിആർഎ യൂണിറ്റുകൾ, ടൂൾ കിറ്റ് വിതരണം തുടങ്ങിയ പ്രവത്തനങ്ങൾ കാര്യക്ഷമമാക്കണം.

4. കുടിർജ്യോതി പദ്ധതി വ്യാപകമാക്കണം.

5.പൊതു ശ്മശാനം നിർമ്മിക്കണം.

പ്രധാനപ്രശ്നങ്ങളായ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരും ഭവനനിമ്മാണവും ദാരിദ്ര്യനിർമ്മാർജന പദ്ധതിയും കാര്യക്ഷമമാക്കുകയും അംഗൻവാടികളുടേയും ക്ഷേമപദ്ധതികളുടേയും പ്രവർത്തനം ഏകോപിക്കുകയും വേണം.

# V. 12 സഹകരണ മേഖല

കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി 1904ലെ സഹകരണ നിയമത്തിൻെറ അടിസ്ഥാനത്തിൽ രൂപികൃതമായ കാർഷിക വായ്പ സംഘങ്ങളുടെആവിർഭാവത്തോടെയാണ് ഭാരതത്തിൽ സഹകരണ പ്രസ്ഥാനം തുടക്കം കുറിച്ചത്.

പാവറട്ടി ഗ്രാമ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് വളരെ വിജയ സാധ്യതയുള്ള സ്ഥലമാണ് . 1919-ൽ അതിനോട് ബന്ധപ്പെട്ട് 9 സഹകരണ സംഘങ്ങളാണ് ഇപ്പോൾ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. അവയുടെ പൂർണ്ണമായ വിവരം പട്ടിക 1-ൽ ചേർക്കുന്നു.

## സഹകരണ സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ:-

ഇതിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നത് 9ാം വാർഡിൽ പാവറട്ടിയുടെ ഹൃദയഭാഗത്ത് സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർവ്വിസ് സഹകരണ സംഘവും, വാർഡ് 9-ൽ കോൺവെൻറ് റോഡിൽ സ്ഥിതിചെയ്യുന്ന എണ്ണയാട് സർവ്വീസ് സഹകരണ സംഘവുമാണ്.

ഇതിൽ പാവറട്ടി സർവ്വിസ് സഹകരണ സംഘത്തിലെ ലോൺ കൊടുത്തത് തിരിച്ച് പിടിച്ച് നല്ല നിലയിൽ പ്രവർത്തനം നടത്തുകയാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ മുഴുവൻ വികസനത്തിന് ഈ സംഘത്തിൽ നിന്നും എല്ലാ സഹായവും ലഭ്യമാണ്.

വായ്പാ സഹകരണ സംഘങ്ങളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന പാവറട്ടി സർവ്വീസ് സഹകരണ കോ- ഓപ്പറേറ്റീവ് ബാങ്കിൻെറ പ്രവർത്തന മേഖല പാവറട്ടി പഞ്ചായത്താണ്. സംഘത്തിൽ നിന്ന് മെമ്പർ മാർക്ക് എം. ടി. ലോൺ, ബി ലോൺ, കാർഷിക ലോൺ എന്നിവ കൊടുത്തു വരുന്നു. സഹകരണ സംഘത്തെ സംബന്ധിച്ച വിവരങ്ങൾ പട്ടിക 2-ൽ ചേർത്തിരിക്കുന്നു.

## പട്ടിക -1

| നമ്പർ പേര് | മെമ്പർ മാരുടെ എണ്ണം | ജോലിക്കാരുടെ എണ്ണം | ഓഹരി മൂലധനം | ആരംഭം വർഷം | ലാഭം നഷ്ടം |
|---|---|---|---|---|---|
| 1. പാവറട്ടി സർവ്വീസ് സഹകരണ ബാങ്ക് | 10109 | 18 | 20ലക്ഷം | 1919 | നഷ്ടം |
| 2. പാവറട്ടി ഖാദി ഗ്രാമ വ്യവസായ ഹൗസിങ്ങ് | 200 | 2 | 52000 | 1958 | ലാഭം |
| 3. ചാവക്കാട് ഫർക്കാ റൂറൽ ഹൗസിങ്ങ് സൊസൈററി | റി ക്കാ ർ ഡു ക ൾ ല ഭ്യ മ ല്ല | | | - | - |
| 4. വെൻമേനാട് പട്ടിക ജാതി സർവ്വിസ് സഹകരണ സംഘം | 438 | 01 | 300000 | 30-2-1963 | നഷ്ടം |
| 5. കാളാനി കയർ വ്യവസായ സഹകരണ സംഘം | 188 | 01 | 200000 | 18-1-1966 | നഷ്ടം |
| 6. പുതുമനശ്ശേരി കയർ വ്യവസായ സഹകരണ സംഘം | 257 | 01 | 200000 | 1977 | നഷ്ടം |
| 7. മുനക്കടവ് കയർ വ്യവസായ സഹകരണ സംഘം | 205 | 01 | 18687 | 1968 | നഷ്ടം |
| 8. ഏ.കെ.ജി മെമ്മോറിയൽ വനിതാ വ്യവസായസംഘം | 61 | 01 | 16000 | 1988 | നഷടം |
| 9. വെൻന്മനാട് കയർ വ്യവസായ സഹകരണ സംഘം | 285 | 01 | 200000 | 1958 | നഷ്ടം |
| 10.മൽസ്യ സഹകരണ സംഘം | | റിക്കാർഡുകൾ ലഭ്യമല്ല.---- ----- -- | | | |
| 11.എണ്ണയാട്ട് സർവ്വിസ് സഹകരണ സംഘം - | | റിക്കാർഡുകൾ ലഭ്യമല്ല. | | | |

നമ്പർ:1

## പട്ടിക .2. എ

| | | |
|---|---|---|
| 1. | പേര് | പാവറട്ടി സഹകരണ ബാങ്ക് എൽ.ടി.ഡി 3918 |
| 2. | പ്രവർത്തന പരിധി | പാവറട്ടി പഞ്ചായത്ത് |
| 3. | ക്രെഡിററ് | ക്രെഡിററ് |
| 4. | വർഷം | 1919 |
| 5. | ആകെ അംഗങ്ങൾ | 10109 |
| 6. | 1 ഓഹരി വില | 10രൂപ |
| 7. | അംഗികൃത ഓഹരി മൂലധനം | 20 ലക്ഷം |
| 8. | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 1556000രൂപ |
| 9. | സർക്കാർ ഓഹരി | ഇല്ല. |
| 10. | പരമാവധി കടം എടുക്കാവുന്നതുക | 50000രൂപ |

## പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

നമ്പർ:2 **പട്ടിക .2. ബി**

| | |
|---|---|
| സ്ഥിരം | 28119700 |
| ഹ്രസ്വകാലം | 3289700 |

## നൽകിയിട്ടുള്ള വായ്പകൾ

നമ്പർ:3 **പട്ടിക -2-ൽ സി**

| നമ്പർ | കാർഷിക വായ്പകൾ | മററ് വായ്പകൾ | പ്രത്യേക വായ്പകൾ | തുക |
|---|---|---|---|---|
| 1. | എ. എസ്. ടി. ലോൺ | | | 54317 |
| 2. | | ബിസ്സിനസ് ലോൺ | | 941100 |
| 3. | | ബിസ്സിനസ്സ് ഒ-ഡി | | 39670 |
| 4. | | ഐ. ആർ.ഡി.പി. ലോൺ | | 335800 |
| 5. | | ഗോൾഡ് ലോൺ | | 7540000 |
| 6. | | എം.ടി.ലോൺ | | 10103100 |
| 7. | | എസ്.ടി. ലോൺ | | 2301800 |
| 8. | | | ബയോഗ്യാസ് | 4350 |
| 9. | | | Tiled Ruffing term | 3645 |
| 10. | | | Well Loan | 21818 |

## നമ്പർ : 4 സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിക്കച്ച വായ്പകൾ പട്ടിക -2-ൽ ഡി

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| T-D-C BANK | I.R.D.P LOAN | 106077 |

## നമ്പർ : 5 നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ പട്ടിക -2-ൽ ഇ

| | | |
|---|---|---|
| 1. | S.T. LOAN | 1564349 |
| 2. | M.T. LOAN | 1081032 |
| 3. | I.R.D.P LOAN | 185225 |
| 4. | A.S.T LOAN | 54317 |
| 5. | BUSINESS LOAN | 814090 |

## നമ്പർ : 6 സ്ഥാപനത്തിൻെറ ചിലവുകൾ

| | | |
|---|---|---|
| 1. | Establishments Charges | 1347862-35 |
| 2. | Contingenies | 305599-60 |

## നമ്പർ :7 വായ്പ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ പട്ടിക -2-ൽ എഫ്

| | | | |
|---|---|---|---|
| 1. | മെഡിക്കൽ സ്ററാർ | 4 | പച്ചക്കറി കച്ചവടം |
| 2. | ഓണ ക്കാലത്ത് നേന്ത്രക്കായ കച്ചവടം | 5 | തുണിക്കച്ചവടം |
| 3. | മാവേലി സ്േററാർ | | |

പഞ്ചായത്തിൻെറ 2,3,4,5,10 എന്നീ വാർഡുകൾ ഉൾപ്പെടുന്ന മുരുതയൂർ കവല പ്രദേശത്ത് സഹകരണ സംഘത്തിൻെറ ഒരു ബ്രാഞ്ച് ആരംഭിച്ചിട്ടുണ്ട്. വായ്പ തിരിച്ചടക്കാത്തതുമൂലം ബങ്ക് ഇപ്പോൾ സാമ്പത്തിക നഷ്ടം അനുഭവ പ്പെടുന്നതായി മനസിലാക്കുന്നു. (അവലംബം 1995 -ലെ ഓഡിററ് റിപ്പോർട്ട് ) മെഡിക്കൽ രംഗത്തെ വിലനിലവാരത്തെ പിടിച്ചു നിർത്തുവാനുള്ള ഉദ്ദേശത്തോടെ തുടങ്ങിയ മെഡിക്കൽ ഷോപ്പും ഓണക്കാലത്ത് ഓണ ചന്തയും സംഘം നടത്തുന്നു.

ഭവന നിർമ്മാണത്തിന് വായ്പ നൽക്കുന്ന ചാവക്കാട് ഫർക്കാ റൂറൽ ഹൗസിങ്ങ് സൊസൈററിയാണ്. മറെറാരു വായ്പ സഹകരണ സംഘം. മുല്ലശ്ശേരി, ചാവക്കാട്ബേ്ളാക്ക്, ചാവക്കാട് ,ഗുരുവായൂർ മുനിസിപ്പാലിററിയും അടങ്ങുന്ന പ്രദേശമാണ് പ്രവർത്തന പരിധി, ഈ സൊസൈററി വളരെ നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. കേരള ഭവന നിർമ്മാണ ബോർഡിൻെറ കീഴിൽ ഒരു ബ്രാഞ്ചും ഭവന നിർമ്മാണത്തിന് വായ്പ നൽക്കുന്നതിന് പാവറട്ടിയിൽ പ്രവർത്തിക്കുന്നുണ്ട്.

## കയർവ്യവസായ സഹകരണ സംഘം

പഞ്ചായത്തിൻെറ അതിർത്തിയിൽ 4 കയർ വ്യവസായ സഹകരണ സംഘങ്ങളാണ് പ്രവർത്തിച്ചു വരുന്നത്. ഈ സംഘങ്ങൾ ഇപ്പോൾ നാമമാത്രമായി കിടക്കുകയാണ്. കയർ ഉൽപ്പന്നങ്ങളുടെ കുറവ് ഈ സംഘത്തെ കാര്യമായി ബാധിച്ചുവരുന്നു. മുൻകാലങ്ങളിൽ നടന്നിരുന്ന ചകിരി സംസ്കരണം നല്ല നിലയിൽ നടന്നിരുന്നു. ഇന്ന് ചകിരിയുടെ അഭാവത്തിൽ ചകിരി സംസ്കരണ രംഗത്ത് തീരെ പ്രവർത്തനം തുടരുന്നില്ല. ഇന്ന് ചകിരി വീട്ടാവശ്യത്തിനുവേണ്ടിയാണ് അധികവും ഉപയോഗിക്കുന്നത്. സംഘങ്ങൾ ചകിരിയും കയറും കിട്ടാതെ വളരെ മോശമായ പ്രവർത്തനമാണ് നടത്തുന്നത്. ആദ്യകാലങ്ങളിൽ സ്വകാര്യവ്യക്തികളുടെ വക ചകിരി തല്ല് മിഷ്യൻ ഉണ്ടായിരുന്നു. ഇന്ന് ചിലയിടങ്ങളിൽ മാത്രമാണ് ചകിരി തല്ല് നടത്തുന്നത്.

## മുനക്കടവ് കയർ വ്യവസായ സഹകരണ സംഘം:-

1968-ൽസ്ഥാപിച്ച മുനക്കടവ് സഹകരണ സംഘം മുൻകാലങ്ങളിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്നു. ഇതിൻെറ പ്രവർത്തന മേഖല പഞ്ചായത്തിലെ 5-6, എന്നീ വാർഡുകളെ മാത്രം ആശ്രയിക്കുന്നു. ആദ്യകാലത്ത് സ്വകാര്യ വ്യക്തികളുടെ രണ്ട് ചകിരി തല്ല് മിഷ്യൻ പ്രവർത്തിച്ചുവന്നിരുന്നു. ആ കാലങ്ങളിൽ സംഘത്തിന് ഇവിടെ നല്ല ലാഭവും കിട്ടിയിരുന്നു.

ഇന്ന് ഈ സംഘം ചകിരിയും മററു ം കിട്ടാതെ വളരെ മോശമായ പ്രവർത്തനമാണ് നടത്തുന്നത്. ഇവിടെ ഈ സംഘത്തിന് ഒരു യന്ത്രവൽകൃരണം നടത്തി മീഷ്യൻ സ്ഥാപിട്ട് ഈ മോശമായ പ്രവർത്തനം നന്നാക്കുവാൻസാധിക്കും. കിട്ടുന്ന ചകിരി സംസ്കരിക്കുവാൻ വേണ്ട സംവിധാനം പഞ്ചായത്ത്തലത്തിൽ തുടങ്ങിയാൽ ഈ സംരംഭം വിജയപ്രദമാക്കുവാൻ കഴിയും.

**1 മുനക്കൽ കടവ് കയർ വ്യവസായ സഹകരണ സംഘത്തെ സംബന്ധിച്ച വിവിരങ്ങൾ. പട്ടിക. 3-ൽ കാണുക**

**നമ്പർ** **പട്ടിക .3**

| | | |
|---|---|---|
| 1. | പേര് | മുനക്കടവ്കയർവ്യവസായ സഹകരണ സംഘം518 |
| 2. | പ്രവർത്തന പരിധി | മുനക്കൽ കടവ് |
| 3. | ക്രെഡിററ്-ലോൺ ക്രെഡിററ് | ക്രെഡിററ് |
| 4. | ആരെംഭിച്ച വർഷം | 1968 |
| 5. | ആകെ അംഗങ്ങൾ | 205 |
| 6. | ഒരു ഓഹരി വില | 10രുപ |
| 7. | അംഗികൃത ഓഹരി മൂലധനം | 15689 |
| 8. | പിരിഞ്ഞ് കിട്ടിയ മൂലധനം | 73040 |
| 9. | സർക്കാർ ഓഹരിയുണ്ടോ | ഉണ്ട് |
| 10. | ,, ലഭിച്ച തുക | 72000 |
| 11. | പരമാവധി കടം എടുക്കാവുന്നതുക | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനത്തിൻെറയും കരുതൽ ധനത്തിൻെറയും ഇരുപത്തിയഞ്ച് ഇരട്ടി. |

**2. സ്ഥാപനങ്ങളിൽനിന്ന്സ്വികരിച്ച വായ്പ്പകൾ.**

**പട്ടിക 3-ൽ എ**

| സ്ഥാപനം | സ്വാഭാവം | തുക |
|---|---|---|
| തൃശൂർ ജില്ലാ സഹകരണ ബാങ്ക് | കേഷ് ക്രെഡിററ് | 72000 |

**കാളാനി കയർ വ്യവസായ സഹകരണ സംഘവും പുതുമനശേശരി കയർ സഹകരണ സംഘവും വെൻ മനാട് കയർ വ്യവസായ സഹകരണ സംഘവും.:-**

മുനക്കൽ കടവ് സഹകരണ സംഘത്തെക്കാൾ നല്ല നിലയിൽ കാളാനി കയർ സഹകരണ സംഘവും പുതുമനശ്ശേരി കയർ സഹകരണ സംഘവും പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ 4ാം വാർഡ് അതിർത്തിയാണ്കാളാനി കയർ സഹകരണ സംഘം . 3ാം വാർഡിൽ ഒതുങ്ങി നിൽക്കുന്നതാണ് പുതുമനശ്ശേരി കയർ സഹകരണ സംഘം.

വെൻമനാട് കയർ സംഘം 7ാം വാർഡിലാണ്. അവിടെ ഒരു സ്വകാര്യ വ്യക്തിയുടെ ചകിരി തല്ല് മിഷ്യൻ ഉള്ളത് കൊണ്ട് നല്ല നിലയിൽ പ്രവർത്തിച്ചുവരുന്നു. ചകിരി സംസ്കരണം കുറ ഞ്ഞുവരികയാണ്.

**ഈ മൂന്ന് സംഘങ്ങളുടെയും സംബന്ധിച്ച വിവരകണക്ക് പട്ടിക 4-5-6-ൽ കാണുക**

### പട്ടിക 4. എ

| 1 കാളാനി കയർ വ്യവസായ സഹകരണ സംഘം നമ്പർ 499. | | |
|---|---|---|
| 1. | പേര് | കാളാനി കയർ വ്യവസായ സഹകരണ സംഘം 499 |
| 2. | പ്രവർത്തന പരിധി | കാളാനി ദേശം |
| 3. | ക്രെഡിററ്- നോൺ ക്രെഡിററ് | നോൺ ക്രെഡിററ് |
| 4. | ആരംഭിച്ച വർഷം | 18-11-1966 |
| 5. | ആകെ അംഗങ്ങൾ | 188 |
| 6. | ഒരു ഓഹരിയുടെ വില | 10രൂപ |
| 7. | അംഗീകൃത ഓഹരി മൂലധനം | 20000 |
| 8. | സർക്കാർ ഓഹരി | ഉണ്ട് |
| 9. | ലഭിച്ച തുക | 104320 |
| 10. | പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം | 9484 |
| 11. | പരമാവധി കടം എടുക്കാലുന്ന തുക | 258263 |

### പട്ടിക 4. സി

### 2. സ്ഥാപനങ്ങളിൽനിന്ന് സ്വീകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| T.D.C BANK | CASH CREDIT | 40,000 |

### പട്ടിക 4-ൽ സി

### 3.സ്ഥാപനത്തിൻെറ ചിലവുകൾ

| | |
|---|---|
| Establishments | 14274 /- |
| Contingennies | 6041-10/- |

## പട്ടിക 4-ൽ ഡി

## 4. വായ്പ സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. പച്ച തൊണ്ട് വാങ്ങി മൂടുക
2. ചകിരിനാര് ഉൽപാദിപ്പിച്ച് വിൽക്കുക

## പുതുമനശ്ശേരി കയർ വ്യവസായ സഹകരണ സംഘത്തെ സംബന്ധിച്ച് വിവിരങ്ങൾ

## പട്ടിക -5-ൽ എ

| | | |
|---|---|---|
| 1. | പേര് | പുതുമനലേശ്ശരി കയർ വ്യവസായ സഹകരണ സംഘം 588 |
| 2. | പ്രവർത്തന പരിധി | പഞ്ചായത്തിലെ 2-3- വാർഡിൽ. |
| 3. | ക്രെഡിററ്- നോൺ ക്രെഡിററ് | നോൺ ക്രെഡിററ് |
| 4. | ആരംഭിച്ച വർഷം | 1977 |
| 5. | ആകെ അംഗങ്ങൾ | 257 |
| 6. | ഒരു ഓഹരിയുടെ വില | 10രൂപ |
| 7. | അംഗികൃത ഓഹരി മൂലധനം | 200000 |
| 8. | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 11556 |
| 9. | സർക്കാർ ഓഹരി ഉണ്ടോ | ഉണ്ട് |
| 10. | ലഭിച്ച തുക | 91360 |
| 11. | പരമാവധി കടം എടുക്കാവുന്നതുക | 309755 |

## പട്ടിക -5-ൽ ബി. സ്ഥാപനങ്ങളിൽ നിന്ന് സ്വകരിച്ച വായ്പകൾ

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| T.D.C.BANK | Cash credit | 100000 |

## പട്ടിക -5-ൽ സി. സ്ഥാപനത്തിൻെറ ചിലവുകൾ

| | |
|---|---|
| Establish ments charges-27556 | contingennies- 1614370 |

## നടത്തുന്ന പ്രവർത്തനങ്ങൾ പട്ടിക 5-ൽഡി

പച്ചച്ചകിരി വാങ്ങി മൂടുക

നാര് ഉൽപ്പാദിപ്പിച്ച് വിൽക്കുക

## വെൽമേനാട് കയർ സഹകരണ സംഘം പട്ടിക 6-ൽ എ

| | | |
|---|---|---|
| 1. | പേര് | വെൻമെനാട് കയർവ്യവസായ സഹകരണ സംഘം-272 |
| 2. | പ്രവർത്തന പരിധി | പൈങ്കിണ്ണിയൂർ, വെൻമെനാട്, തിരുനെല്ലൂർ |
| 3. | ക്രെഡിററ്- നോൺ ക്രെഡിററ് | നോൺ ക്രെഡിററ് |
| 4. | ആരംഭിച്ച വർഷം | 1958 |
| 5. | ആകെ അംഗങ്ങൾ | 285 |
| 6. | ഒരു ഓഹരിയുടെ വില | 10രൂപ |
| 7. | അംഗികൃത ഓഹര് മൂലധനം | 200000 |
| 8. | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 134796 |
| 9. | സർക്കാർ ഓഹരി ഉണ്ടോ | ഉണ്ട് |
| 10. | ലഭിച്ച തുക | 95760 |
| 11. | പരമാവധി കടം എടുക്കാവുന്നതുക | പിരിഞ്ഞ് കിട്ടിയ ഓഹരിയും മൂലധനത്തിൻെറയും കരുതൽ ധനത്തിൻെറയും ഇരുപത്തി ഒന്ന് ഇരട്ടി |

## സ്വികരിച്ച വായ്പകൾ പട്ടിക 6-ൽ ബി

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| തൃ,ശൂർ ജില്ലാ സഹകരണ ബാങ്ക് | കേഷ് ക്രെഡിററ് | 14529-93 |

## ചിലവുകൾ പട്ടിക 6-ൽ സി

| | |
|---|---|
| Establishments charges | 44417 |
| ontingennies | 33727 |

## ഹൗസിങ്ങ് സൊസൈററി

ചാവക്കാട് ഫാർക്കാറൂറൽ ഹൗസിങ്ങ് സൊസൈററി മുല്ലശ്ശേരി,ചവക്കാട്, ചാവക്കാട്ബേ്ളാക്ക്, ഗുരുവായൂർ എന്നി ഏരിയകളാണ് ഈ സ്ഥാപനത്തിൻെറ പ്രവർത്തനപരിധി. പാർപ്പിട ആവശ്യത്തിനായി 2.5 സെൻറ് ഭൂമി സ്വന്തമായി ഉള്ളവർക്ക് ഒരു ലക്ഷം രുപ വരെ ലോൺ അനുവദിച്ചു കൊടുക്കുന്നു.

കേരള ഭവന നിർമ്മാണ ബോർഡിൻെറ കീഴിൽ ഒരു ബ്രാഞ്ചും ഭവന നിർമ്മാണത്തിന് വായ്പ കൊടുക്കുന്നതിന് പാവറട്ടിയിൽ പ്രവർത്തിക്കുന്നുണ്ട്.

## മത്സ്യ സഹകരണസംഘം

പഞ്ചായത്തിലെ 7ാം വാർഡിലാണ് മത്സ്യ സഹകരണ സംഘം നിലവിലുള്ളത്. ഇന്ന് സംഘത്തിൻെറ പ്രവർത്തനം നിർധനാവസ്ഥയിലാമ്.മത്സ്യതൊഴിലാളികളെ ബോധവൽക്കരണം നടത്തി ഈ സംഘത്തിൻെര ഇന്നത്തെ നിർഭൂവാവസ്ഥയായ മാററാനും തൊഴിലാളികൾക്ക് കീടേണ്ട സർക്കാർ അ നുകൂല്യങ്ങൾ കിട്ടുവാനും പഞ്ചായത്ത് തലത്തിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

## വനിതാ സഹകരണ സംഘം

എ.കെ.ജി മെമോറിയൽ വനിതാ സഹകരണ സംഘം എന്ന പേരിൽ പഞ്ചായത്തിൽ ഒരു വനിതാ വ്യവസായ സംഘം പ്രവർത്തിച്ചുവരുന്നത്. പഞ്ചായത്ത് അതിർത്തിയൽ അച്ചടി ശാല (സ്വകാര്യ വ്യക്തികളുടെ) കൂടുതൽ ഉള ളതുകൊണ്ട് ഈ വ്യവസായ ശാലയിൽ പ്രവർത്തനം വളരെ കുറവു മാത്രമാണ് നടക്കുന്നത്. കൂടാതെ സർക്കാരിൽനിന്ന് ലഭിക്കേണ്ടതായ ഇൻററ്സബ്സിഡി ലഭിക്കാതെ വരികയും മുഴുവൻ സബ്സിഡി സംഘത്തിന് കൊടുക്കുവാൻ കഴിയാത്തതു കൊണ്ടും വളരെ നഷ്ടത്തിലാണ് നടത്തി വരുന്നത്. ഇതിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ കൂടുതൽ വനിതകളെ സംഘടിപ്പിച്ച് ബോധവൽക്കരണം നടത്തിയും ഈ സംഘത്തിൻെറ പ്രവർത്തനത്തിനു വേണ്ടി പരിശീലനക്ലാസുൾനടത്തി യും ശ്രമിക്കേണ്ടതാണ്.ഈ വനിതാ സഹകരണ സംഘത്തിന് പഞ്ചായത്ത് കാര്യമായ മുൻഗണന നൽകി സംരക്ഷിണ്ടേതുമാണ് ഈ സഹകരണ സംഘത്തെ സംബന്ധിച്ച് പട്ടിക7-ൽ കാണുക

### പട്ടിക7 എ

### എ.കെ. ജി മെത്രാരിയൻ സഹകരണ സംഘത്തെ സംബന്ധിച്ച വിവരങ്ങൾ

| | | |
|---|---|---|
| 1. | പേര് | എ. കെ. ജി മെമോറിയൽ വനിത വ്യവസായ സഹകരണ സംഘം |
| 2. | പ്രവർത്തന പരിധി | പാവറട്ടി ഗ്രാമപഞ്ചായത്ത് |
| 3. | ക്രെഡിററ്- നോൺ ക്രെഡിററ് | ------------ |
| 4. | ആരംഭിച്ച വർഷം | 1988 |
| 5. | ആകെ അംഗങ്ങൾ | 61 |
| 6. | ഒരു ഓഹരിയുടെ വില | 25രൂപ |
| 7. | അംഗികൃത ഓഹര് മൂലധനം | 16000 |
| 8. | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 16000 |
| 9. | സർക്കാർ ഓഹരി ഉണ്ടോ | -------- |
| 10. | ലഭിച്ച തുക | ------- |
| 11. | പരമാവധി കടം എടുക്കാവുന്നതുക | 5ലക്ഷം |

## പട്ടിക 7-ൽ ബി
## സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച തുക

| സ്ഥാപനം | സ്വഭാവം | തുക |
|---|---|---|
| ടി.ഡി.സി ബാങ്ക് | പ്രിൻറിങ്ങ്,പ്രസ്സ് | 113000 |

## പട്ടിക 7-ൽ സി

## വായ്പകൾ കാലാവുധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പാ സ്വഭാവം | തുക |
|---|---|
| 1. പ്രസ്സ്, ബുക്ക് ബൈൻഡിംഗ് | 6000 |

## വെൻമേനാട് പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം:-

ഈ സഹകരണ സംഘത്തിന് സ്വന്തമായ കെട്ടിടം ഇല്ല. തൃശൂർ സഹകരണ സംഘത്തിൻെറ 1-3-90-ലെ എച്ച്.എം 89-8/89 നമ്പർ ഉത്തരവ് പ്രകാരം 40400 രൂപ ലഭിച്ചിട്ടുണ്ട് സംഘത്തിന് സ്വന്തമായ കെട്ടിടം ഇല്ലാത്തതിനാൽ ഈ ഗ്രാൻറ കൊണ്ട് സംഘം ഉദ്ദേശിക്കുന്ന ടൈപ്പ് റൈറ്റിംഗ് ഷോർട്ട് ഹാൻഡ് ഇൻസ്ററിററ്യൂട്ട് ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ സംഘം നിലനിൽക്കുന്ന കെട്ടിടത്തിൽ സൗകര്യം ഇല്ലാത്തതിനാൽ സംഘം സ്വന്തമായി ഭൂമി വാങ്ങിക്കുകയും അതിൽ കെട്ടിടം പണിത് ഈ സംരംഭം വിജയപ്രദമാകുവാമണ് ഉദ്ദേശിക്കുന്നത്. ഈ സംഘത്തെ കുറിച്ച് പട്ടിക 8-ൽ വിവരമം നൽകിയിരിക്കുന്നു.

## പട്ടിക 8-ൽ എ

| | | |
|---|---|---|
| 1. | പേര് | വെൻമനാട് പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം 57 |
| 2. | പ്രവർത്തന പരിധി | പാവറട്ടി ഗ്രാമപഞ്ചായത്ത് |
| 3. | ക്രെഡിററ്- നോൺ ക്രെഡിററ് | ക്രെഡിററ് |
| 4. | ആരംഭിച്ച വർഷം | 30-12-1963 |
| 5. | ആകെ അംഗങ്ങൾ | 438 |
| 6. | ഒരു ഓഹരിയുടെ വില | 10രൂപ |
| 7. | അംഗീകൃത ഓഹര് മൂലധനം | 300000 |
| 8. | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 7665-75 |
| 9. | സർക്കാർ ഓഹരി ഉണ്ടോ | ഉണ്ട് |
| 10. | ലഭിച്ച തുക | 20000 |
| 11. | പരമാവധി കടം എടുക്കാവുന്നതുക | 5000 |

## വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ
## പട്ടിക -8-ൽബി

| വായ്പ സ്വഭാവം | തുക |
|---|---|
| എസ്.ടി.ലോൺ | 2928 |
| ഐ.ആർ.ഡി.പി.ലോൺ | 5042 |
| എം.ടി.ലോൺ | 27361 |

## ചെലവുകൾ
## പട്ടിക 8-ൽ സി

| | |
|---|---|
| Establishments charges | 9944 |
| ontingennies | 3172.60 |

## പട്ടിക 8-ൽ ബി

| | | |
|---|---|---|
| സ്ഥിരം | 17 മെമ്പർമാരിൽ നിന്ന് ലഭിച്ച നിക്ഷേപം | 922.85 |
| | 19 നോൺ മെമ്പർമാരിൽനിന്ന് | 994 |
| | ആകെ | 1916.85 |
| ഹ്രസ്വകാലം | 272 ത്ര ഡി പ്പോസിററ് | 1974 |

## ദി പാവറട്ടി ഖാദി ഗ്രാമ വ്യവസായ സഹകരണ സംഘം:-

ഈ സഹകരണ സംഘത്തിൻെറ പ്രവർത്തന പരിധി ചാവക്കാട്, പാവറട്ടി,ബ്രഹ്മക്കുളം, എളവള്ളി,അന്നക്കര, മുല്ലശ്ശേരി കുണ്ടഴിയൂർ എന്നി ഭാഗങ്ങളിലാണ്. ഇതിൽ മൊത്തം ജീവനക്കാരുടെ എണ്ണം 2ആണ്. ഈ സഹകരണ സംഘമാണ് പാവറട്ടിയാൽ ലാഭകരമായി പ്രവർത്തിക്കുന്നത് എന്നത് ഒരു പ്രധാന വസ്തുതയാണ്. ഇതിൻെറ വാർഷിക ടേൺ ഓവർ 500000 രൂപയാണ്. ഇതിൻെറ പുതിയ സ്കീമുകൾ ഒന്നും ഇപ്പോൾ നിലവിലില്ല. ഈ നല്ല നിലയിൽ പ്രവർത്തിക്കുന്ന പാവറട്ടിയുടെ സുപ്രധാന സഹകരണ സംഘം ഗ്രാമത്തിൻെറ തനിമ നിലനിർത്താനും ഗ്രാമീണ ജനതയ്ക്ക് തൊഴിലിൽ സ്വയപര്യപ്തത കൈ വരിക്കാനാവശ്യമായ മരചാക്ക് ,കൈത്തറി തുടങ്ങിയ ചെറുകിട വ്യവസായങ്ങൾ നടത്തുവാൻ ഈ സംഗം പ്രോത്സാഹിപ്പിക്കുന്നു.ഖാദി ഉൽപ്പന്നങ്ങളുടെ ഒരു മാർക്കററീംഗ്ഷോപ്പും സംഘം നടത്തുന്നുണ്ട് പട്ടിക 9-ൽ നോക്കുക

## പട്ടിക 9- എ

| | | |
|---|---|---|
| 1. | പേര് | ദി പാവറട്ടി ഗ്രാമ വ്യവസായ സഹകണ സംഘം |
| 2. | പ്രവർത്തന പരിധി | ചാവക്കാട്, പാവറട്ട,ബ്രഹ്മക്കുളം,എളവള്ളി, അന്നക്കര മുല്ലശ്ശേരി,കുണ്ടഴിയൂർ |
| 3. | ക്രെഡിററ്- നോൺ ക്രെഡിററ് | നോൺ ക്രെഡിററ് |
| 4. | ആരംഭിച്ച വർഷം | 1958 |
| 5. | ആകെ അംഗങ്ങൾ | 200 |
| 6. | ഒരു ഓഹരിയുടെ വില | എ.ക്ലാസ് 100രൂപ ബി ക്ലാസ് 5 രൂപ |
| 7. | അംഗികൃത ഓഹര് മൂലധനം | 52000 |
| 8. | പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം | 13644 |
| 9. | സർക്കാർ ഓഹരി ഉണ്ടോ | -------- |
| 10. | ലഭിച്ച തുക | ------- |
| 11. | പരമാവധി കടം എടുക്കാവുന്നതുക | 136440 |

## പട്ടിക -9-ബി- പൊതുജനങ്ങളിൽ നിന്ന് സ്വികരിച്ച നിക്ഷേപങ്ങൾ

| | |
|---|---|
| സ്ഥിരം | 2500 |
| പട്ടിക 9- സി പ്രത്യേക വായ്പകൾ<br>എണ്ണ വിത്തുകൾ വാങ്ങുവാൻ | 13000 |

## പട്ടിക 9-ൽ സി- സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

| | സ്ഥാപനം | സ്വഭാവം | തുക |
|---|---|---|---|
| 1 | ഖാദി ബോർഡ് | സി.ഇ. ലോൺ | 2500 |
| 2 | | ഡബ്ളിയു സി ലോൺ | 55000 |

## പട്ടിക 9-ൽ ഡി കാലാവുധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

| വായ്പ സ്വഭാവം | തുക |
|---|---|
| എണ്ണ വിത്തുകൾ വാങ്ങുവാൻ | 5000 |

## പട്ടിക എഫ്. ചെലവുകൾ

Establisshments charges 75000

# പ്രശ്നങ്ങൾ

## പാവറട്ടി സർവ്വീസഹകരണ ബാങ്ക്:-

മുൻകാലങ്ങളിൽ നല്ല നിലയിലുള്ള പ്രവർത്തനമാണ് ബാങ്ക് കാഴ്ച വെച്ചത് ജില്ലയിലെ ഏറ്റവും നല്ല ബാങ്ക്എന്ന പേരും പെരുമയും എടുത്തിരുന്നു ഈ ബാങ്കിൻെറ ഇന്നത്തെ അവസ്ഥ ഒന്ന് നോക്കേണ്ടതാണ്. ഏറ്റവും നല്ല ബാങ്കിന് കിട്ടിയ പ്രോത്സാഹന സമ്മാനം ഒരുകാർ ആയിരുന്നു. അത് അന്നത്തെ ബോർഡ് അംഗങ്ങൾ അതിൻെറ വില (കാർ മറിച്ച് വിററ്) ബാങ്കിൽ നിക്ഷേപിച്ച് ബാങ്കിൻെറ വരുമാനം കൂടുകയും ചെയതു. ഇന്ന് ഈ ബാങ്ക് എല്ലാ കൊല്ലവും നഷ്ടത്തിലാണ് കലാശിക്കുന്നത്. ബാങ്കിൽ കടമെടുത്ത സംഖ്യ തിരിച്ചടക്കേണ്ട കടക്കാരെ കണ്ട് യാഥാർത്ഥ്യബോധവൽക്കരണം നടത്തി അടച്ചു തീർക്കേണ്ട സംഖ്യ തിരിച്ചടപ്പിക്കണം . മാറിവരുന്ന സർക്കാരുകളുടെ ഭരണപരിഷ്ക്കാരങ്ങൾ മൂലം കടമെടുത്ത സംഖ്യ തിരച്ചടക്കേണ്ടതില്ല. എന്ന ഒരു ധാരണ നിലനിൽക്കുന്നുണ്ട്.;അത് മാറ്റിയെടുത്താൽ മാത്രമെ ബാങ്കിന് നിലനിൽപ്പുള്ളൂ.

സഹകരണ ബാങ്ക് നടത്തുന്ന മററു സ്ഥാപനങ്ങൾക്ക് നല്ല ജനപങ്കാളിത്തമല്ല. ഇന്ന് ലഭിക്കുന്നത്. സത്യത്തിൽ ഇതൊക്കെ ജനങ്ങളിൽ അടിച്ച് ഏൽപ്പിക്കുന്ന പ്രഹസനങ്ങളായിട്ടാണ് കരുതേണ്ടത്. ഈ ഓണച്ചന്തയും പച്ചക്കറി കച്ചവടവും, സംഘം നടത്തുന്ന മാവേലി സ്റേറാറും നിർദ്ധന കുടുംബങ്ങൾക്ക് എന്ത് നേട്ടമാണ് നൽകുന്നത് എന്ന് പരിശോധിക്കണം. അങ്ങനെ ഉന്നതമല്ലാത്ത നിലവാരം പുലർത്തുന്ന ഈ ബാങ്കിനെ നല്ല നിലയിൽ ഉയർത്തേണ്ടത് പാവറട്ടിയുടെ പേരിനും പെരുമയ്ക്കും ആവശ്യമാണ്.

## കയർ വ്യവസായ സഹകരണ സംഘങ്ങൾ:-

നമ്മുടെ പഞ്ചായത്തിൽ നാല് കയർ സഹകരണ സംഘങ്ങൾ ഉണ്ടെങ്കിലും എല്ലാം നഷ്ടത്തിലാണ് നടത്തിപോകുന്നത്. സർക്കാർ ഗ്രാൻറ് ഇതിന് കിട്ടുന്നുമുണ്ട്. ഇവിടെ ജോലിയെടുക്കുന്ന തൊഴിലാളികളുടെ എണ്ണകുറവ്, ഇവിടെ സംസ്ക്കരണം നടത്തുന്ന ഉൽപ്പന്നത്തിൻെറ കുറവും, ഈ സംഘങ്ങളെ സംബന്ധിച്ച് കാര്യമായി ബാധിക്കുന്നു. മുൻകാലങ്ങളിൽ ലഭിച്ചിരുന്ന പച്ചച്ചകിരി ഇന്ന് വേണ്ടത്ര ലഭിക്കുന്നില്ല. മറ്റൊരു പ്രധാന കാരണം ഇന്നത്തെ മെച്ചപ്പെട്ട ജിവിത സൗകര്യങ്ങളാണ്. തൊഴിലിനോടുള്ള വൈരാഗ്യവും ഒരു കാരണമായി കാണുന്നു.

ഉൽപ്പാദിപ്പിക്കുന്ന സാധനങ്ങളുടെ വിററ് വരവ് കുറവ്. ഇവിടെ ഉൽപ്പാദിപ്പിക്കുന്നതിനെക്കാൾ കുറഞ്ഞവിലയ്ക്ക് പൊതുമാർക്കററിൽ നിന്നും യന്ത്രത്താൽ നിർമ്മിച്ച സാധനങ്ങൾ ലഭ്യമാണ്.

ഈ സംഘങ്ങൾക്ക് സ്വന്തമായ ഗോഡൗണും പുതിയ യന്ത്രസാമഗ്രികളും ഇല്ല . ഇന്ന് തൊഴിലാളികൾ സമയ ലാഭമാണ് നോക്കുന്നത്. മുൻകാലങ്ങളിൽ ഇരുന്ന് ചിരി തല്ലുന്നത് ഇന്നി നടക്കുമെന്ന് കരുതേണ്ട. ഈ ൊഴിലാളികൾക്ക് വേണ്ടുന്ന സർക്കാർ ആനുകൂല്യങ്ങൾ വേണ്ട നേരത്ത് കിട്ടാതെ വരിക, ഈ വ്യവസായത്തിൻെറ ഗുണ നിലവാരത്തെ പ്പററി അറിവ് കിട്ടാതെ വരിക. തൊഴിലാളികളുടെ കൂലിപ്രശ്നം ഇതൊക്കെ ഈ സ്ഥാപനങ്ങളുടെനിലനിൽപ്പിനെ ബാധിക്കുന്നവയാണ്.

## മൽസ്യസഹകരണ സംഘം:-

മൽസ്യമേഖലയിൽ ലഭിക്കുന്ന മൽസ്യം വേണ്ട രീതിയിൽ സംസ്ക്കരണം നടത്തുവാൻ കഴിയാറില്ല. നമുക്ക് ഇന്ന് സ്വകാര്യഐസ് ഫാക്ടറികളാണ് ഉള്ളത്. അവിടെയാണെങ്കിൽ കൂൾ ബാർക്കാരുടെ നിണ്ട ക്യൂവാണ്. അതുകൊണ്ട് ഇത് സഹകരണ സംഘത്തിൻെറ കിഴിൽ ആക്കേണ്ടതാണ്. ഒരു ഐസ് പ്ലാൻറ് ആവശ്യമാണ്. മൽസ്യകൃഷി നടത്തുവാൻ വേണ്ട സഹായം ലഭിക്കാറില്ല. അതിന് വേണ്ട സംവിധാനങ്ങൾ

ഇല്ലാത്ത അവസ്ഥ , അശാസ്ത്രിയ രീതിയിലുള്ള സംസ്ക്കരണം. മെച്ചപ്പെട്ട ജിവിത സൗകര്യങ്ങൾ, (ഗൾഫിൽ നിന്നുള്ള വരുമാനം) ഇതൊക്കെ ഇന്ന് മൽസ്യ സഹകരണ രംഗത്തെ ബാധിക്കുന്നു.

## വനിതാ സഹകരണ സംഘം:-

ഈ സംഘത്തിൻെറ കീഴിൽ നടത്തുന്ന അച്ചടി ശാല പ്രവത്തനം ഇന്ന് മോശമായ നിലയിലാണ്. സ്വകാര്യ വ്യക്തികളുടെ തള്ളിക്കയററം, വിലവർദ്ധനവ്, ഈ രംഗത്തെ പരിജ്ഞാനകുറവ് സഹായികളുടെ കുറവ്, എന്നിവ ഇതിനെ ബാധിക്കുന്നു. പഞ്ചായത്ത് പോലും അവിടത്തെ ആവശ്യത്തിന്നു വേണ്ട സാധനങ്ങൾക്ക് സ്വകാര്യവ്യക്തികളെയാണ് ഇന്ന് കാണുന്നത്. ഒരുതരത്തിൽ പറഞ്ഞാൽ നമ്മൾതമ്മെയാണ് ഈ സ്ഥാപനത്തെ വഴിയാധാരമാക്കുന്നത്. ഇതിൻെറ പ്രവർത്തനം കാര്യക്ഷമമാകുവാൻ പഞ്ചായത്തിൻെറ ഒരു ശ്രദ്ധ ഇതിൽ കേന്ദ്രികരിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട് സർക്കാരിൽനിന്ന് കിട്ടേണ്ട സഹായധനം ലഭിക്കാതെ പോകുന്നു. അതുമൂലം മുഴുവൻ സബസിഡിയും സംഘത്തിന് കൊടുക്കുവാൻ കഴിയാത്ത അവസ്ഥ വരികയും തൻമൂലം സംഘം നഷ്ടത്തിൽ നിലനിൽക്കുകയുംചെയ്യുന്നു.

## പട്ടിക ജാതി സഹകരണ സംഘം:-

പട്ടിക ജാതി പട്ടിക വർഗ്ഗത്തിൻെറ ക്ഷേമത്തിനു വേണ്ടി ഉടലെടുത്ത സഹകരണ സംഘം ഇന്ന് സ്വന്തമായി സ്ഥലം ഉണ്ടെങ്കിലും അത് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇവർക്ക് ലഭിക്കേണ്ട ഗ്രാൻറ് കാലകാലങ്ങളിൽ ലഭിക്കുന്നുമുണ്ട്. അതുകൊണ്ട് പ്രവർത്തനം നടത്തുവാനും പോകുന്ന സാമഗ്രികൾ സംരക്ഷിക്കുവാനും വേണ്ട ഉറപ്പായ കെട്ടിടമാണ് ഇല്ലാത്തത്. സഹകരണ സംഘമെമ്പർമാർ ഒരു പുതിയ ഗ്രാൻറ് (സർക്കാരിൽ നിന്നോ മററു സ്ഥാപനങ്ങളിൽ നിന്നോ) വാങ്ങിച്ച് കെട്ടിടം പണിയേണ്ടതാണ്. അല്ലാത്ത പക്ഷം നടത്തേണ്ട പദ്ധതികൾക്ക് പകരം തുക ഇതിന് വിനിയോഗിക്കുവാൻ വേണ്ട നടപ്പടികൾക്ക് ആസൂത്രണം നൽകണം.

## ഖാദി വ്യവസാസ സഹകരണ സംഘം:-

പഞ്ചായത്തിൽ നഷ്ടത്തിൽ വരാതെ നടത്തുന്ന സ്ഥാപനം എന്ന കീർത്തി മുദ്ര ഈ സഹകരണ സംഘത്തിനാണ്. ഈ സ്ഥാപനം ചെറുകിട വ്യവസായത്തിന് വേണ്ട സഹായ സഹകരണങ്ങൾ ചകിരി ഉൽപ്പന്ന രംഗത്ത് കാര്യമായ ഊന്നൽ നൽകി അവരുടെ സംസ്ക്കരണ വസ്തുക്കൾക്കും വേണ്ട നിലയിൽ പരിചരണം നടത്തി ഈ മേഖലയിലെ തൊഴിലാളികളെ കൂടുതൽ കാര്യപ്രാപ്തി വരുത്തേണ്ടതുമാണ്.

## നിർദ്ദേശങ്ങൾ:-

1. ക്ഷീര സഹകരണ സംഘം ഉണ്ടാക്കുക

2. കോഴിവളർത്തൽ സഹകരണ സംഘം ഉണ്ടാക്കുക.

3. ചെറുകിട വ്യവസായ യൂണിററ് ആരംഭിക്കുക.

4. കേര കാർഷിക ഉൽപ്പനങ്ങൾ ശേഖരിക്കുവാനും അതിൻെറ വിപണനത്തിനും വേണ്ടി കേരോൽപ്പന്ന വ്യവസായയൂണിററും സ്റ്റോറും തുടങ്ങുക.

5. മൽസ്യബന്ധനത്തിന് വഞ്ചി, വല സൗകര്യങ്ങൾക്ക് സ്വയം തൊഴിൽ വായ്പകൾ നൽകുകയും മൽസ്യതൊഴിലാളിസഹകരണ സംഘപ്രവർത്തനം വിപുലികരിക്കുകയും അർഹതപ്പെട്ട തൊഴിലാളികൾക്ക്

സർക്കാർ ധന സഹായ ംനൽകുകയും അവരെ ഈ രംഗത്ത് പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

6. സ്റ്റേറ്റ് ബാങ്കിൻെറ ഒരു ബ്രാഞ്ച് പാവറട്ടിയിൽ തുടങ്ങുക.

7. പാവറട്ടിയിൽ സഹകരണ ബാങ്കിൻെറ സായാഹ്ന കൗണ്ടർ ആരംഭിക്കുക.

8. പട്ടിക ജാതി പട്ടിക വർഗ്ഗ സൊസൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക

9. പാചക വാതക സംരംഭം സഹകരണ സംഘം വഴി സൗകര്യം ചെയ്യുക.

10 പെരിങ്ങാട്ട് പുഴ തീരത്ത് വിനോദ സഞ്ചാരത്തിന് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുക.

11. പാവറട്ടി സഹകരണ സംഘത്തിൻെറ ഒരു ബ്രാഞ്ച് ചുക്കുബസാറിലുള്ള സ്വന്തം സ്ഥലത്ത് തുടങ്ങേണ്ടതാണ്. ഇതുമൂലം 7,8,6 എന്നീ വാർഡുകളിലെ ജനങ്ങൾക്ക് പാവറട്ടിയിൽ ചെന്നു നിൽക്കേണ്ട ഗതികേട് ഒഴിവാക്കാൻ കഴിയും. കാല കാലങ്ങളിൽ അർഹത പ്പെട്ട മെമ്പർമാർക്ക് വായ്പ നൽക്കണം. ഈ സഹകരണ സംഘം ജനകീയ പ്രസ്ഥാനമാണെങ്കിലും ഇതിലെ കടക്കാരെ കണ്ടെത്തി ബോധവൽക്കരണം നടത്തേണ്ടതുമാണ്. ചിലവ്കുറഞ്ഞ നടപടികളാണ് ഇവരുടെ മേൽ അടിച്ചേൽപ്പിക്കേണ്ടത്. അല്ലാത്തപക്ഷം കൂനിൽമേൽ കുരു പോലെ അത് വലുതാകുകയും ചെയ്യും. കൊല്ലങ്ങൾ വിഴ്ച വരുത്തുന്നവർക്ക് (പശ്ചാത്തലം മനസ്സിലാക്കി) വേണ്ട ഇളവുകൾ നൽകുകയും വേണം.

ഓണച്ചന്തകൾ നടത്തുനാൻ വെറും പ്രഹസനമായി മാത്രം നടത്തരുത്. ഇത് പഞ്ചായത്തിലെ ഒരോ സെൻററുകൾ കേന്ദ്രീകരിച്ച് നടത്തുവാൻ വേണ്ട നടപ്പടികൾ സ്വീകരിക്കണം. സർക്കർ നിരക്കോടു കൂടിയ മാവേലിസ്റ്റോർ സെൻററുകൾ വീതം നടപ്പിലാക്കണം.

12. ലേബർ കോൺട്രാക്ട് സഹകരണ സംഘം പഞ്ചായത്തിൽ സ്ഥാപിക്കണം. അസംഘടിത തൊഴിൽ മേഖലകളിൽ തൊഴിൽ ചെയ്യുന്ന ധാരാളം തൊഴിലാളികൾ ഉള്ള പാവറട്ടി പഞ്ചായത്തിൽ ഒരു 'ലേബർ കോൺട്രാക്ട് സഹകരണ സംഘം രൂപികരിച്ച് പഞ്ചായത്ത്നേരിട്ട് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഈ സംഘം മുഖേന നടത്താവുന്നതും കൂടാതെ പഞ്ചായത്തിലെ മററു നിർമ്മാണ പ്രവർത്തനങ്ങൾ ഇ സംഘത്തിന് ഏറ്റെടുത്ത് നടത്താവുന്നതുമാണ്.

13. കയർ മേഖലയിൽ പരമ്പരാഗത തൊഴിൽ പരിപ്പോഷിപ്പിക്കുന്നതിന് വേണ്ടി കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം ഈ സംഘങ്ങൾക്ക് നൽകേണ്ടതാണ്. ഉൽപ്പന്നങ്ങൾ സൂക്ഷിക്കുവാൻ ഒരു ഗോഡൗൺ നിർമ്മിക്കേണ്ടതാണ്. യന്ത്രവൽകൃത കയർ പിരി സംഘങ്ങൾക്ക് പച്ചതൊണ്ട് പാകം ചെയ്യുന്നതിന് കയർ റാട്ട് , ടാങ്ക് നിർമ്മിക്കുവാനുള്ള സഹായം ലഭ്യമാക്കേണ്ടതാണ്.

# V. 13 വിഭവസമാഹരണം

നമ്മുടെ ഗ്രാമം ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യവസായിക മേഖലയിലെ നിശ്ചലതയാണ്. കാര്യമായ ഒരു വലിയ വ്യവസായ സ്ഥാപനവും പാവറട്ടി ഗ്രാമ പഞ്ചായത്തിലില്ല. ചെറുകിട വ്യവസായങ്ങൾ വളരെ ദുർലഭമേയുള്ളു. ഈ രണ്ടു രംഗത്തും മുന്നേററം നടത്തിക്കൊണ്ട്, വിഭവ സമാഹരണത്തിന് പുതിയ മാർഗ്ഗങ്ങൾ വെട്ടിതുറക്കാനാകണം.

പുതിയ വ്യവസായങ്ങൾ തുടങ്ങാൻ ബാങ്കുകൾ ലോൺ കൊടുക്കാൻ തയ്യാറാണെങ്കിലും, വൈദ്യുതി കണക്ഷൻ കിട്ടാനും വിഷമം ഉണ്ടെന്ന തിരിച്ചറിവ്, വ്യവസായികളെ ഈ രംഗത്ത് നിന്ന് നിഷ്ക്രമിക്കനാണ് പേരിപ്പിക്കുന്നത്. വൈദ്യുതി ക്ഷാമമാണ് വ്യവസായരംഗത്തെ പ്രധാന പ്രതിസന്ധി. ഇത് പരിഹരിക്കാതെ ഈ രംഗത്ത് നിന്ന് പുതിയ വിഭവസമാഹരണത്തിനുവവ സാദ്ധ്യത വളരെ കുറവാണ്.

കാർഷിക രംഗം ഇന്ന് മുരടിക്കുകയാണ്. കൃഷി നിലങ്ങൾ താമസപറമ്പുകളായി അനുദിനം മാറുകയാണ്. ഉല്പാദനക്ഷമത അനുദിനം ഇടിയുന്നു. കർഷകർ കാർഷിക ത്തൊഴിലാളികളായി മാറുന്നു. രാസവള ഉപയോഗം ഉണ്ടാക്കുന്ന ദോഷഫലങ്ങൾ ഒഴിവാക്കി ജൈവ വളപ്രയോഗത്തിന് പ്രാധാന്യം നൽക്കണം. അതിനുള്ള മനോഭാവം കൃഷിക്കാരിൽ വളർത്തിയെടുക്കണം. ഈ പ്രശ്നങ്ങൾ പരിഹരിക്കാതെ ഈ രംഗത്ത് നിന്ന് വിഭവസമാഹരണം വർദ്ധിപ്പിക്കാനാവില്ല.

ഈ രണ്ട് മണ്ഡലങ്ങളിലും ഫലപ്രദമായി ഇടപെടാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൾക്ക് നൽകിയാൽ, ഗുണഫലങ്ങൾ താമസമെന്യേ നേടാനാവും.

സർക്കാർ ഗ്രാൻറുകൾക്ക് ഭരണാധികാരികളെ സ്വാധീനിക്കേണ്ട നില ഇന്നും മാറിയിട്ടില്ല. ഒരു തരത്തിലുള്ളവിവേചനവും നില നിർത്താതെ, ഗ്രാൻറുകൾ, പിരിക്കുന്ന മേഖലയിൽ വെച്ച് തന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമ നിർമ്മാണം നടത്തണം. സ്ററാമ്പ് ഡ്യൂട്ടി ഗ്രാൻറുകൾ, വെഹിക്കിൾടാക്സ് തുടങ്ങിയവ ഉദാഹരണത്തിന് എടുക്കാവുന്നതാണ്. ഒന്നുരണ്ടു വർഷം കഴിഞ്ഞാണ് ഈ ഗ്രാൻറുകൾ പഞ്ചായത്തലെത്തുന്നത്. ഇത് ഫണ്ടിൻെറ ദുരുപയോഗത്തിനുംകാരണമാകുന്നു. ജനസംഖ്യാനുപാതികമായി മാത്രമേ ഗ്രാൻറുകൾ വിതരണം ചെയ്യാൻ പാടുകയുള്ളു. ഗ്രാൻറുകളുടെ നീതിപൂർവ്വകമായ വിതരണത്തിന് ഇതാവശ്യമാണ്. കഴിഞ്ഞ വർഷത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാൻറുകളുടെ കണക്ക്:-

| | | |
|---|---|---|
| V.R.M. | | 7759 രൂപ |
| M.L.J | | 1572 രൂപ |
| V.T.C | | 111852 രൂപ |
| S.P.L ഗ്രാൻറ് | | 10000രൂപ |
| J.R.Y | | 325331 രൂപ |
| അൺടൈയ്ഡ് | | 246600 രൂപ |
| വ.കെ.നി.ഗ്രാൻറ് | (25%) | 150000രൂപ |
| വസ്തു കൈമാററ നികുതി ഗ്രാൻറ് | (75%) | 165463 രൂപ |
| മൊത്തം | | 1018517 രൂപ |

ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരുടെ സർവ്വെ എടുക്കാൻ കഴിഞ്ഞിട്ടില്ല. എന്നിരിക്കിലും ആകെയുള്ള ജനസംഖ്യയുടെ 15ൽ ഒരുഭാഗം ഗൾഫ് മേഖലയിൽ ജോലി ചെയ്യുന്നവരാണ്.

നമ്മുടെ പഞ്ചായത്തിൽ കച്ചവടസ്ഥാപനങ്ങളുടെ ലൈസൻസ് ഫീസായി 9531 രൂപ വസൂലാക്കിയിട്ടുണ്ട്. പക്ഷേ മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവരാക്കാൻ കഴിഞ്ഞിട്ടില്ല. ലോൺ വാങ്ങേണ്ട ആവശ്യമുള്ളപ്പോഴൊ, എന്തെങ്കിലും ആവശ്യങ്ങൾക്കായി പഞ്ചായത്തിൽ വരുമ്പോഴൊ , നികുതി കൊടുക്കുന്ന ഒരു സമ്പ്രദാ യമാണി പ്പോഴുള്ളത്.

കാർഷികവും അല്ലാത്തതുമായ കൂലിപ്പണികളിൽ ഏർപ്പെടുന്നവരാണ് നമ്മുടെ ജനങ്ങളിൽ മറെറാരു വിഭാഗം.

നിലവിലുള്ള നികുതികൾ യുക്തിസഹമാക്കുകയും, പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവഹിക്കലാണ് നികുതി കൊടുക്കൽ വഴി ചെയ്യുന്നതെന്ന "ജനങ്ങൽ മനസ്സിലാക്കുകയും ചെയ്താൽ പഞ്ചായത്തിൽ നിലവിൽ വന്നിരുക്കുന്ന വാർഡ് വികസന സമിതിയും, വാർഡ്പ്രതിനിധിയുംം കൂട്ടായി പരിശ്ര മിച്ചുകൊണ്ട് നികുതി കൊടുക്കേണ്ടവരെല്ലാം നികുതി കൊടുക്കുന്ന ആദ്യത്തെ പഞ്ചായത്താകാൻ പാവറട്ടിക്ക് കഴിഞ്ഞാൽ നമ്മുടെ വികസന പ്രവർത്തനങ്ങൾ വളരെ മെച്ചപ്പെട്ട രീതിയിൽ മുന്നേറും.

ഇങ്ങനെ നികുതി യായി തങ്ങളുടെ വരുമാനത്തിൻെറ ഒരു ചെറിയ ഭാഗം പാഞ്ചായത്തിന്നുകൊടുക്കാൻ സാദ്ധ്യമാക്കുന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

1. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം

2. നികുതി കൊടുക്കുന്നതുവഴി, തങ്ങളും പഞ്ചായത്തിൻെറ വികസന പ്രവർ ത്തനങ്ങളിൽ പങ്കുചേരുകയാണ് എന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം.

## കെട്ടിടനികുതി

ഇപ്പോൾ കെട്ടിടനികുതി കണക്കാക്കുന്നത് ശാസ്ത്രിയമല്ല നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം മാത്രമല്ലാ ആഢംബരവും, വിലക്കൂടുതലുള്ള സാമഗ്രികളുടെ ഉപയോഗവും മാനദണ്ഡമാക്കണം. സ്ഥിരമായ ചുമരുകളുള്ള എല്ലാ കെട്ടിടങ്ങൾക്കും നികുതി എർപെടുത്തണം.

വീട്നിർമാണത്തിലെ അനാവശ്യ ധൂർത്ത് ഒഴിവാക്കാൻ നികുതി എർപ്പെടുത്തുമ്പോൾ സ്ലാബ് സമ്പ്രദായം അവിഷ്കരിക്കാവുന്നതാണ്. ഒരേ വാർഡുകളിലെ അടുത്തടുത്ത കെട്ടിടങ്ങൾ തമ്മിൽ നികുതിയിൽ വലിയ അന്തരങ്ങൾ കാണുന്നു. ഇത് ജനങ്ങളിൽ ഭിന്നതകൾക്ക് ഇടയാക്കുന്നു. അഴിമതി കുറക്കാൻ അസ്സസ്സ്മെൻറ കമ്മിറ്റി ഉചിതമായിരിക്കും. കാലപ്പഴക്കത്തിൻെറ അടിസ്ഥാനത്തിൽ നിക തി കുറക്കണമെന്ന നിർദ്ദേശം വരുമാനത്തേ കുറക്കുമെന്നതിനാൽ ഇപ്പോൾ പ്രയോഗികമല്ല.

വീടുകൾ അല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി ചുമത്തേണ്ടതാണ്.

നികുതി പിരിച്ചെടുക്കാനുള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്. ഇനിയും ഏകദേശം 50,000 രൂപയോളം കെട്ടിട നികുതി പിരിഞ്ഞുകിട്ടാനുണ്ട്. ഒരോ വാർഡിലും നികുതി പിരിക്കുന്ന ദിവസവും സ്ഥലവും, സമയവും,മുൻകൂട്ടി അവിടെയുള്ള അയൽക്കൂട്ട സമിതികളെ അറിയിക്കുക. അവരുടെ ഇടപെടലോടെയും സഹകരണത്തോടെയും നികുതി പിരിച്ചെടുക്കുന്നത് കുടിശിക ഇല്ലാതാക്കാൻ സഹായിക്കുന്നതിനാൽ വാർഡ് വികസന സമിതി രൂപികരിക്കേണ്ടത് ആത്യാവശ്യമാണ്.

## തൊഴിൽ നികുതി

പഞ്ചായത്തിൽ തൊഴിൽ നികുതി 163370 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. പഞ്ചായത്തിലെ സർക്കാർസ്ഥാപനങ്ങളുംഎയിഡഡ്സ്കൂളിലേയുംജിവനക്കാരും ചുരുക്കം ചില കടകളിലെ ജീവനക്കാരും മാത്രമെ തൊഴിൽ കരം നൽകുന്നുള്ളു. ലൈസൻസ്സ് എടുക്കാത്ത കടകൾ കണ്ടുപിടിച്ച് ലൈസൻസ്സ് എടുപ്പിക്കുകയും അവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ വേണ്ട സംവിധാനവും ചെയ്യേണ്ടതാണ്.

## വിനോദനികുതി

സ്പെഷൽ ഗ്രേഡ് പഞ്ചായത്തായ പാവറട്ടിയിൽ ഒരു സിനിമ തിയ്യററർ മാത്രമേ ഇപ്പോൾ നിലവിലുള്ളു. വിനോദ നികുതിയായി 39483.55 രൂപ വസൂലാക്കിയിട്ടുണ്ട്. ആധുനിക രീതിയിലുള്ള ഒരു സിനിമ തിയ്യററർ പാവറട്ടി സെൻററിൽ സ്ഥാപിക്കാൻ ശ്രമം നടത്തുകയും അതിനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

## മററു ധനാഗമ മാർഗ്ഗങ്ങൾ

നമ്മുടെപഞ്ചായത്തിൽ പുഴ പുറമ്പോക്കായി ധാരാളം ഭൂമിയുമുണ്ട്. അത് അളന്ന് തിട്ടപ്പെടുത്താനുള്ള പ്രവർത്തി അടിയന്തിരമായി നടത്തണം. അതിനുശേഷം ബണ്ട് കെട്ടി ചെമ്മീൻ വളർത്തലിന് ഉപയുക്തമാക്കണം. ഇതു വഴി പഞ്ചായത്തിന് നല്ലൊരു വരുമാനം ലഭിക്കും.പഞ്ചായത്തിൽ ഒരു ബസ്സ് സ്ററാൻറ് പോലുമില്ല.ബസ്സ് സ്ററാൻറ് നിർമ്മാ ണംമൂലംപഞ്ചായത്തിന് വാഹനങ്ങളുടെ പാർക്കിങ്ങ് ഫിസായി 100000 രൂപ പ്രതീക്ഷിക്കാവുന്നതാണ്. അതുപോലെ തന്നെ പുതിയ ഷോപ്പിങ്ങ് കോംപ്ലക്സ് പണിയാൻ ഗ്രാമ സഭ റിപ്പോർർട്ടുകളിലുണ്ട്. അത് യഥാർത്ഥ മാക്കേണ്ടതാണ്. അങ്ങനെയാണെങ്കിൽ പഞ്ചായത്തിന് വരുമാനത്തിന് ഒരു പുതിയ മാർഗ്ഗം കണ്ടെത്തലാകും. ഒരു നല്ല മത്സ്യമാർക്കററോ മാംസ മാർക്കററോ ഇന്ന് പാവറട്ടി പഞ്ചായത്തിൽ ഇല്ല. കെട്ടിടമില്ലാത്ത മത്സ്യമാർ ക്കററിലാണ് ഇപ്പോൾ മത്സ്യം വിൽക്കുന്നത്. അവിടെ ആധുനിക രീയിലുള്ള മത്സ്യമാർക്കററ് വേണമെന്ന് എല്ലാ ഗ്രാമസഭകളിൽ നിന്നും ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. ആധുനിക മാർക്കററ് വന്നാൽ പഞ്ചായത്തിന് നല്ല വരുമാനമാകും ചുക്കുബസാറിലും, മരുതയൂർ കവലയിലും ,കോന്നൽ ബസാറിലും മാർക്കററ് വേണമെന്ന് ഗ്രാമസഭ റിപ്പോർട്ടുകളിലുണ്ട്. പാവറട്ടിയിലുള്ള കേരള സ്റെറയ്ററ് ഹൗസിങ്ങ് ബോർഡ്, റൂറൽ ഹൗസിങ്ങ് സൊസൈററി തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച്, വീടുകൾ, ഫ്ളാററുകൾ, തുടങ്ങിയവ

പഞ്ചായത്തിൻെറ നേതൃത്വത്തിൽ നിർമ്മി ക്കുകയും ആയത് വില്പന നടത്തി നല്ലൊരു വരുമാനം പഞ്ചായത്തിന് നേടാവുന്നതാണ്. പഞ്ചായ ത്തിൻെറ കീഴിൽ അനുയോജ്യമായ സ്ഥലത്ത് നിരവധി പേർക്ക് തൊഴിൽ ലഭിക്കുന്ന തരത്തിൽ ഒന്നോ രണ്ടോ സൂപ്പർ മാർക്കററുകൾ നടത്തുവാനും അതുവഴി പഞ്ചായത്തിൻെറ വരുമാനം വർദ്ധിപ്പിക്കാനും കഴിയുന്നതാണ്.

പഞ്ചായത്തിൽ സ്ഥാപിക്കുന്ന പരസ്യബോർഡുകൾ, ബാനറുകൾ, പതിക്കുന്ന പോസ്ററുകൾ എന്നിവ യിൻമേൽ മുൻസിപ്പാലിററി ഏരിയകളിലുള്ളതുപോലെ നികുതി ഏർപ്പെടുത്താവുന്നതാണ്.

ഇരുചക്ര, മീന്നു ചക്ര വാഹനങ്ങളുടെ രജിസ്ട്രേ ഷൻ ഫീസും, ടാക്സും പഞ്ചായത്തിൽ ഒടുക്കാൻവേണ്ട നിയമ നിർമ്മാണ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചാൽ ആ രംഗത്തെ അഴിമതികൾ തടയുന്നതിനും, പഞ്ചായത്തിൻെറ വരുമാനം ഗണ്യമായി വർദ്ധിപ്പിക്കാനും കഴിയുന്നതാണ്. പഞ്ചായത്തിലെ പ്രധാന വരുമാനങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| കെട്ടിട നികുതി | 444146.00 |
| തൊഴിൽ നികുതി | 163370.00 |
| വിനോദ നികുതി | 24629.55 |
| അഡി: വി. നികുതി | 14854.90 |
| പ്രദർശന നികുതി | 2362.00 |
| ചന്ത വരവ് | 925.00 |
| ലൈസൻസ് ഫീസ് | 9531.00 |
| മൊത്തം | 659818.45 |

## ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ നാല് വയ്പാ സഹകരണ ബാങ്കുകളും, കനറാബാങ്കു, കാത്തലിക്ക്സെറിയൻ ബാങ്ക്, നെടുങ്ങാടി ബാങ്ക്, കേരളാ സൈററയിററ് ഫിനാഷ്യൽ എൻററർ പ്രൈസ്സ്, ജില്ലാ സഹകരണ ബാങ്ക് എന്നിവയുടെ ഒരോ ശാഖകളും ഉണ്ട്. ഇവയിൽ എല്ലാം കൂടി നല്ല ഒരു തുകനിക്ഷേപം ഉണ്ട്. നിക്ഷേപങ്ങളെ അപേക്ഷിച്ച്നോക്കുമ്പോൾ വായ്പകൾ വളരെ കുറവാണ്. നമ്മുടെ പഞ്ചായത്തിൽ നിന്ന് സമാഹരിക്കുന്ന നിക്ഷേപങ്ങളുടെ 80-90 % മാത്രമെങ്കിലും പഞ്ചായത്തിൽ വായ്പയായി കൊടുക്കേ ണ്ടതാണ്. പഞ്ചായത്തുകൾക്ക്വായ്പ എടുക്കാനുള്ള സാധ്യത പുതിയ പഞ്ചായത്ത്രാജ് ആക്ടിലുണ്ട്. ഗ്രാമ സഭകളോ, പഞ്ചായത്തോ അംഗീകരിക്കുന്ന പദ്ധതികൾക്ക് വായ്പാ കൊടുക്കുവാൻ ബാങ്കുകൾ ബാധ്യസ്ഥരാവുന്ന നിയമം ഈ രംഗത്ത് ഉണ്ടാവേ ണ്ടിയിരിക്കുന്നു. ബാങ്കുകളിൽ ഇപ്പോഴുള്ള നിക്ഷേപങ്ങളുടെ കണക്ക് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| കനറാബാങ്ക് | 1650000.00 | രൂപ |
| കാത്തലിക് സെറിയൻ ബാങ്ക് | 900000.00 | ,, |
| നെടുങ്ങാടി ബാങ്ക് | 429000.00 | ,, |
| പാവർട്ടി സാർവ്വിസ് സഹകരണബാങ്ക് | 281197.00 | ,, |
| ജില്ലാ സഹകരണ ബാങ്ക് | 4031557 | ,, |
| മൊത്തം | 330051257 | രൂപ |

ബാങ്കുകൾക്ക്പുറമെ 25ൽ പരം സ്വകാര്യ സ്ഥാപനങ്ങളും ഇന്ന് പാവറട്ടിയിൽ പ്രവർത്തിക്കുന്നുണ്ട്. സഹകരണ കുറവു മൂലം ഈ സ്ഥാപനങ്ങളിലുള്ള നിക്ഷേപ ങ്ങളുടെ കണക്ക് വ്യക്തമായി എടുക്കാൻ സാധിച്ചിട്ടില്ല. പകുതിയിൽ കൂടുതൽ സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിന്ന് ലൈസൻസ് എടുത്തിട്ടുപോലുമില്ല. എല്ലാ സ്ഥാപനങ്ങളിൽ നിന്നു നികുതി വാങ്ങുവാൻ വേണ്ട സത്വര നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്

## സേവിങ്ങ്സ് സ്കീം:-

ഒരോ പഞ്ചായത്തിൽ നിന്ന് പിരിച്ചെടുക്കുന്ന ഇന്ദിരാവികാസ് പത്രികയുടെ 15 മുതൽ 25% വരെ ആ പഞ്ചായത്തിനു തന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ഭരണ സമിതിയും ഗ്രാമ സഭയും ഇടപെട്ടു കൊണ്ട് പഞ്ചായത്തിൽ നിന്ന് പരമാവധി സമ്പാദ്യനിക്ഷേപം (മഹിളാ പ്രധാന ഏജൻെറ് മുഖേന) ഉണ്ടാക്കിയാൽ പഞ്ചായത്തിന് ഒരു വരുമാനമായി.

## ചെലവുകൾ

പഞ്ചായത്ത് ഫണ്ട് പ്രധാനമായും ചെലവഴിക്കുന്നത് പൊതുമരാമത്ത് പണികൾക്കാണ്. റോഡുകളുടെ വികസനത്തിന് വേണ്ടി ചിലവഴിക്കുന്ന സംഖ്യ യഥാർത്ഥത്തിൽ അവിടെ എത്തുന്നുണ്ടോയെന്ന് പരിശോധിക്കാൻ ജന പങ്കാളിത്തം ഉള്ള കമ്മിറ്റി റിവ്യു നടത്തേണ്ടതാണ്. കഴിവതും റോഡുവികസനപണികൾ ജന പങ്കാളി ത്തോടുകൂടി നടത്തുവാൻ വേണ്ടിന്ന ഇപ്പോൾ നിലവിലുള്ള ചട്ടപ്പത്തിയിൽ മാറ്റം വരുത്തേണ്ടതാണ്.



ശ്രീ.പി.കെ.ബാലൻ
സെക്രട്ടറി
പാവറട്ടി പഞ്ചായത്ത്

# റിപ്പോർട്ട് തയ്യാറാക്കിയ കോർ ഗ്രൂപ്പുകൾ

1. ആമുഖം: ചരിത്രപശ്ചാത്തലം
ശ്രീ അബ്ദുൾഖാദർ മാസ്റ്റർ
'' അമ്പാടി ജയരാമൻ
'' എൻ.പി. മുഹമ്മദ് ഹാജി DRP മെമ്പർ
'' ഒ.ജെ.ഷാജൻ മാസ്റ്റർ

2.ഭൂപ്രകൃതി
'' സി. ഷൺമുഖൻ DRP
'' വാസുദേവൻ മാസ്റ്റർ

3.കൃഷി, ജലസേചനം
'' എ.എൽ. കുരിയാക്കോസ്
'' സതീശൻ പി.എസ്. DRP

4.മൃഗസംരക്ഷണം, മൽസ്യമേഖല
'' എൻ.കെ.വർഗ്ഗീസ്
'' ഒ.കെ.ജോസ് പാവറട്ടി DRP
ശ്രീമതി മാർഗ്രറ്റ് ജോസ്
'' തങ്കമ്മ ജെയ്ക്കബ്

5.വിദ്യാഭ്യാസം
ശ്രീമതി പുഷ്പ ജോസ് DRP
ശ്രീ വി.എം.കഞ്ഞുമുഹമ്മദ് DRD
'' മധുസൂദനൻ KRP

6.ആരോഗ്യം,കുടിവെള്ളം , പരിസരശുചിത്വം
ശ്രീ. ജോഷി ലൂയീസ്
'' ജോൺ വിക്ടർ എൻ.വി.
ശ്രീമതി മാലതി JHI -DRP

7. വ്യവസായം
ശ്രീ ഡേവീസ് പി.കെ. DRP
'' ജോൺസൺ ജോസഫ്
'' വി.യു. ദാസൻ മാസ്റ്റർ
'' അബ്ദുൾ ഫത്താഹ് DRP

8.ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
ശ്രീ ഫൈസൽ സി.കെ.
'' ജയൻ എം.പി. - മെമ്പർ
'' ആൽബർട്ട് തരകൻ
'' ഫ്രാൻസീസ് സേവ്യർ DRP
'' യോഗേഷ് കുമാർ പി.

9.ഭവനനിർമ്മാണം സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ
'' ഷൺമുഖൻ സി.
'' നന്ദൻ വി.കെ.

10.സംസ്ക്കാരം
'' ഡൊമിനിക് സാവിയോ
'' സതീഷ് കുമാർ
ശ്രീമതി മാർഗ്രറ്റ് ജോസ്
'' തങ്കമ്മ ജെയ്ക്കബ്

11.വനിത
ശ്രീമതി ഷീബ സേവ്യർ (മെമ്പർ)
'' ജാൻസി ആൻറണി (മെമ്പർ)
'' മേരി കെ.ഡി.

12.സഹകരണം
ശ്രീ. കെ.കെ. തങ്കമ്മു
'' വി.കെ. ജോർജ്ജ്
'' എം.എസ്. ദാമോദരൻ

13പട്ടികജാതി- പട്ടികവർഗ്ഗക്ഷേമം
'' കെ.വി.രാജു - (മെമ്പർ)
'' പി.വി.കുട്ടപ്പൻ
'' എം.എസ്. ദാമോദരൻ

14. വിഭവസമാഹരണം
ശ്രീമതി ആനി ജോർജ് DRP (പ്രസിഡണ്ട്)
ശ്രീ വി.ടി.അബ്ദുൾ ഖയ്യൂം - (മെമ്പർ)
'' എം.കെ.മുഹമ്മദ് ഹാജി - (മെമ്പർ)

15.ട്രാൻസാക്ട് വോക്ക്
ശ്രീ. ഷൺമുഖൻ സി.
'' ഒ.കെ.ജോസ് പാവറട്ടി
''ജോഷി ലൂയീസ്
''വാസുദേവൻമാസ്റ്റർ
ശ്രീ ഫൈസൽ സി.കെ.

DTP & LAYOUT : MICRO PROCESS, TCR.
COVER: JAYA ARTS, PAVARATTY
PRINTING: ARCHANA OFFSET PRINTERS, TCR

ൃശംസകളോടെ......

# ആശ ഫുട്ട്‌വെയർ

## പാവറട്ടി

ചെരുപ്പുകൾ, ബാഗുകൾ, ലേഡീസ് ബാഗുകൾ, ബെൽറ്റുകൾ മുതലായവക്ക് സമീപിക്കുക.

B: പോപ്പികുടകളുടെ പാവറട്ടിയിലെ അംഗീകൃത ഏജൻസി

BATA, ACTION SHOES STOCKIST

ആശംസകളോടെ...

# പോൾസൺ ബേക്കറി

## പാവറട്ടി

Phone: Shop: 257
Resi: 257 Ext.

ജോയ് ഐസ്ക്രീം' അംഗീകൃതവ്യാപാരി

N.B: ടീപാർട്ടി ഓർഡറുകൾ ഉത്തരവാദിത്വത്തോടെ സ്വീകരിക്കുന്നു.

ആശംസകളോടെ...

# ബുർഹാൻ ബേക്കറി

## പാവറട്ടി

N.B: ടീപാർട്ടി ഓർഡറുകൾ സ്വീകരിക്കുന്നതാണ്.

ആശംസകളോടെ...

# സെൻട്രൽ മെഡിക്കൽസ്

## പാവറട്ടി

SHEETHAL COLLECTIONS

SAREES & READYMADES

SAREES & READYMADES

# അറക്കൽ

ഫേബ്രിക്സ്

SHEETHAL COLLECTIONS

(AIR CONDITIONED)

പാവറട്ടി 680 507 ✆ 631

പൂവ്വത്തൂർ 680 508 ✆ 7736 PVR

# വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണ പദ്ധതി




## വികസന റിപ്പോർട്ട്

### ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

**1996**

ആശംസകളോടെ............



# കണ്ണാത്ത് ജ്വല്ലറി

## തനിമ ജ്വല്ലറി

## ഫാഷൻ ഗിഫ്റ്റ് പാലസ്


## ഫാഷൻ ബെഡ്സ് എംപോറിയം

## ഫാഷൻ ഫർണിച്ചർ


## കണ്ണാത്ത് സ്റ്റോഴ്സ്

**വെങ്കിടങ്ങ്**

# ഉള്ളടക്കം




1. പഞ്ചായത്തിൻെറ പൊതുസ്വഭാവം
2. ആമുഖം
3. സാമൂഹ്യ സാംസ്കാരികചരിത്രം
4. കൃഷിയും ജലസേചനവും
5. മൃഗസംരക്ഷണം
6. മത്സ്യബന്ധനം
7. കുടിവെള്ളവും പൊതുജനാരോഗ്യവും
8. സഹകരണ മേഖല
9. പാർപ്പിടം
10. വനിത
11. വിദ്യാഭ്യാസം
12. വ്യവസായം
13. ഗതാഗതം
14. ഊർജ്ജം
15. സംസ്ക്കാരം
16. പട്ടികജാതി വികസനം
17. വിഭവസമാഹരണം
18. പൊതുവിതരണം
19. **സാമൂഹിക ക്ഷേമം**
20. ഉപസംഹാരം

# ആമുഖം

ഇരുപതാം നൂറ്റാണ്ടിൻെറ അന്തിചുമപ്പിലും സമൃദ്ധിയുടെ തീരങ്ങൾ തേടിയുള്ളയാത്രയിലാണ് ഭാരതം. അരനൂറ്റാണ്ടുകാലത്തെ സ്വാതന്ത്ര്യം പൂർണ്ണമായും തനതായൊരു വികസനതലം തുറന്നിട്ടില്ല. ആർഷഭാരതത്തിൻെറ സമ്പന്നമായ സാംസ്ക്കാരിക പാരമ്പര്യത്തോടൊപ്പം നമുക്കു സ്വന്തമായ വിഭവ സ്രോതസ്സുകൾ ഇനിയും ഉപയുക്തമാക്കാൻ കഴിഞ്ഞില്ലെന്നതാണ് സത്യം. മാനവശേഷിയിലും വൈവിധ്യമാർന്ന ഭൂവിഭവങ്ങളിലും ഭാരതം ഒട്ടും പിന്നിലല്ല. എന്നിട്ടും കഴിഞ്ഞ പഞ്ചവത്സര പദ്ധതികളിലൂടെ നമുക്കൊരു മോചനം ലഭിക്കാതെ പോയതെന്തുകൊണ്ടെന്ന ചോദ്യം പ്രസക്തമാണ്. അഞ്ച് പതിറ്റാണ്ടിനിടയിൽ ഭാരതം കൈവരിച്ച നേട്ടങ്ങളൊന്നും വിസ്മരിക്കാതെ തന്നെ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൻെറ സ്വപ്ന സാഫല്യത്തിനായി പുതിയൊരു ആസൂത്രണ ചരിത്രത്തിന് കേരളം മാതൃകയാകുകയാണ്.

ജനങ്ങൾ തൊട്ടറിഞ്ഞ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സ്വരൂപിക്കുക മാത്രമല്ല, വികസന സാധ്യതകളുടെ ഓരോ കണികയും ഉൾക്കൊണ്ട് പഞ്ചവത്സര പദ്ധതിക്കു രൂപം നൽകുകയാണ് ജനകീയാസൂത്രണമെന്ന ബൃഹത്തായ പദ്ധതിയുടെ ലക്ഷ്യം. ഓരോ പ്രദേശത്തിൻേറയും നാഡിമിടിപ്പുകൾ അടുത്തറിയുന്നവർ വികസനത്തിൻെറ നാനാ മുഖങ്ങളും കണ്ടറിഞ്ഞ് ചർച്ചചെയ്തു ഉരുത്തിരിയുന്ന പദ്ധതികളാണ് ഒമ്പതാം പഞ്ചവത്സരപദ്ധതിയിലൂടെ നടപ്പാക്കുക. ഇതിനായി 35% - 40% വിഹിതം ഗ്രാമസഭകൾ മുന്നോട്ടുവെച്ച പദ്ധതികൾക്കും പ്രശ്ന പരിഹാരത്തിനുമായി നീക്കി വെക്കുന്നു.

കേരള സംസ്ഥാനമാകെ ജനകീയാസൂത്രണമെന്ന നവോത്ഥാന പ്രസ്ഥാനത്തിൻെറ പ്രസക്തി അനുഭവവേദ്യമാകുന്ന ഈ അവസരത്തിൽ വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് ഇതിൽ പങ്കുചേരുന്നു. ഒമ്പതാം പദ്ധതിയുടെ ജനകീയാസൂത്രണ വിളംബരവുമായി ഏറെ പ്രവർത്തനങ്ങൾ പഞ്ചായത്ത് അതൃത്തിക്കുള്ളിൽ നടന്നു.

പഞ്ചായത്തിൻെറ ഗ്രാമസഭകൾ 22-9-96 മുതൽ ആരംഭിച്ച് 3-10-96ന് അവസാനിച്ചു. 11 വാർഡുകളിലായി 498 സ്ത്രീകളും 1057 പുരുഷന്മാരുമടക്കം മൊത്തം 1555 പേർ പങ്കെടുത്തു. ഉദ്യോഗസ്ഥൻമാരായി 35 പേരും പങ്കെടുത്തിരുന്നു.

**യോഗം ചേർന്നതിൻെറ ഗ്രാമസഭാ വിവരങ്ങൾ**

**തിയ്യതികൾ, സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു**

| വാർഡ് | തിയ്യതി | സ്ഥലം |
|---|---|---|
| VII | 22-9-96 | St. Mary's L.P.S. Enamakkel |
| V | 22-9-96 | A.M.L.P.S. ഇരിമ്പ്രനെല്ലൂർ |
| III | 27-9-96 | A.M.L.P.S. കോടമുക്ക് |
| I | 28-9-96 | A.I.H.S. പാടൂർ |
| II | 28-9-96 | A.L.P.S. തൊയക്കാവ് വെസ്റ്റ് |
| XI | 2-10-96 | A.I.H.S. പാടൂർ |
| X | 2-10-96 | G.M.L.P.S. കണ്ണോത്ത് |
| IV | 5-10-96 | R.C.U.P.S. തൊയക്കാവ് |
| VIII | 6-10-96 | G.M.L.P. വെങ്കിടങ്ങ് |
| IX | 13-10-96 | S.N.A.L.P.S. വെങ്കിടങ്ങ് |
| VI | 3-10-96 | St. Mary's L.P.S. Enamakkel |

# വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് വികസന റിപ്പോർട്ട് 1996

## പഞ്ചായത്തിൻെറ പൊതുവിവരം

| | | | |
|---|---|---|---|
| 1. | പഞ്ചായത്തിൻെറ പേര് | - | വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് |
| 2. | ഉൾപ്പെടുന്ന വില്ലേജുകൾ | - | വെങ്കിടങ്ങ്, ഇരിമ്പ്രനെല്ലൂർ, കുണ്ടഴിയൂർ |
| 3. | ബ്ലോക്ക് പഞ്ചായത്ത് | - | മുല്ലശ്ശേരി |
| 4. | താലൂക്ക് | - | ചാവക്കാട് |
| 5. | ജില്ല, ഡിവിഷൻ | - | മുല്ലശ്ശേരി |
| 6. | അസംബ്ലിമണ്ഡലം | - | മണലൂർ |
| 7. | ലോകസഭാമണ്ഡലം | - | തൃശൂർ |
| 8. | വിസ്തീർണ്ണം | - | 20.47 ച.കി.മി |
| 9. | അതിരുകൾ | | |
| | കിഴക്ക് | - | കോൾനിലങ്ങൾ |
| | പടിഞ്ഞാറ് | - | കാനോലികനാൽ |
| | തെക്ക് | - | ഏനാമാവ്പുഴ, മണലൂർ പഞ്ചായത്ത് |
| | വടക്ക് | - | ഇടിയഞ്ചിറയും മുല്ലശ്ശേരി പഞ്ചായത്തും |
| 10. | ജനസംഖ്യ | - | 25222 (1991 സെൻസസ്) |
| 11. | ഇപ്പോഴത്തെ ജനസംഖ്യ | - | 27889 (96 സെപ്തംബർ 30 വരെ) |
| 12. | പുരുഷന്മാർ | - | 11883 (1991 സെൻസസ്) |
| 13. | സ്ത്രീകൾ | - | 13339 ,, |
| 14. | പുരുഷന്മാർ | - | 13694 (30.9.96) |
| 15. | സ്ത്രീകൾ | - | 14195 ,, |
| 16. | ജനസാന്ദ്രത | - | 1232/ച.കി.മീ |
| 17. | സാക്ഷരത | - | 19758 (സെൻസസ് 91) |
| 18. | വാർഡുകൾ | - | 11 |
| 19. | പ്രസിഡണ്ട് | - | ശ്രീമതി. കെ.എ. കോമളം |
| 20. | വൈസ് പ്രസിഡണ്ട് | - | ശ്രീ. എ.എസ്.എം. അസ്ഗർ അലി തങ്ങൾ) |
| 21. | സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | - | ശ്രീ. വേണുഗോപാൽ വെങ്കിടങ്ങ് |
| 22. | ഫോൺ | - | 0487 - 680349 |


# വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൻെറ ഭരണ സാരഥികൾ



ശ്രീമതി. കെ.എ. കോമളം
പ്രസിഡണ്ട്
(വാർഡ് 2)



ശ്രീ. എ.എസ്.എം.
അസ്ഗർ അലി തങ്ങൾ
വൈസ്പ്രസിഡണ്ട്
(വാർഡ് 1)





ശ്രീ. വേണുഗോപാൽ
വെങ്കിടങ്ങ് സ്റ്റാൻറിംഗ്
കമ്മറ്റി ചെയർമാൻ
(വാർഡ് 8)



ശ്രീമതി. നബീസ കാസിം
(വാർഡ് 3)



ശ്രീമതി.എം.എം.
സൗദാമിനി
(വാർഡ് 4)



ശ്രീ. പി.കെ. സിദ്ധിക്
(വാർഡ് 5)



ശ്രീ. ജോയ് ഏനാമാവ
(വാർഡ് 6)



ശ്രീ. പി.സി. ജോണി
(വാർഡ് 7)



ശ്രീ. ഇ.പി. ജേക്കബ്
(വാർഡ് 9)



ശ്രീ. രവീന്ദ്രൻ കണ്ണോത്ത്
(വാർഡ് 10)



ശ്രീമതി. ആമിനക്കുട്ടി
യൂസഫ്
(വാർഡ് 11)

# സാമൂഹ്യസാംസ്കാരിക ചരിത്രം

വ്യത്യസ്ഥ സാമൂഹ്യചരിത്ര പശ്ചാത്തലവും പഴമയുടെ ചൈതന്യവും സൗന്ദര്യവും ഉൾക്കൊണ്ട ഇരിമ്പ്രനെല്ലൂർ, വെങ്കിടങ്ങ്, കുണ്ടഴിയൂർ വില്ലേജുകൾ ചേർന്നതാണ് ഇന്നത്തെ വെങ്കിടങ്ങ് പഞ്ചായത്ത്. പഴമയുടെ ചെപ്പുതുറക്കുമ്പോൾ ദൃശ്യമാകുന്ന ചരിത്രസത്യങ്ങളിലേക്ക് നമുക്കൊരു എത്തിനോട്ടം നടത്താം.

വയലേലകളുടെ സംഗീതവും, വടക്കുകിഴക്കൻ കുന്നോരങ്ങളെ തഴുകിയെത്തുന്ന മാരുതസ്പർശമേൽക്കുന്ന പ്രദേശമാണ് വെങ്കിടങ്ങ് പഞ്ചായത്ത്.

വടക്ക് മുല്ലശ്ശേരി പഞ്ചായത്തും, തെക്ക് ഏനാമാവ് പുഴയും പടിഞ്ഞാറ് കാനോലികനാലും കിഴക്ക് പാടശേഖരങ്ങളുമാണ് വെങ്കിടങ്ങിന്റെ അതിർത്തികൾ. തിങ്ങിനിറഞ്ഞ കേരവൃക്ഷങ്ങളും പച്ചപുതച്ച നെൽവയലുകളും ഈ പ്രദേശത്തെ സമ്പന്നമാക്കുന്നു. കാർഷിക വൃത്തിയാണ് ഈ പ്രദേശത്തെ മുഖ്യ ജീവിതോപാധി.

സവർണ്ണ സ്ത്രീകളും സജീവമായി കാർഷിക വൃത്തിയിൽ പങ്കുചേർന്നിരുന്നതായി വില്ല്യം ലോഗൻ 1906ൽ രചിച്ച രേഖകളിൽ സാക്ഷ്യപ്പെടുത്തുന്നുണ്ട്. കൃഷിയോട് ഇവിടത്തെ ആളുകൾക്കുണ്ടായിരുന്ന ആഭിമുഖ്യം ഇതിൽ നിന്നും വ്യക്തമാണ്.

തൃശൂർ ജില്ലയിൽ ആദ്യമായി ആവിയന്ത്രം ഉപയോഗിച്ച് പമ്പ് പ്രവർത്തിപ്പിച്ചതും ഇവിടെയായിരുന്നെന്ന് 1863ൽ ഫ്രാൻസീസ്ഡേ എഴുതിയ 'Land of Perumals' എന്ന രേഖയിൽ കാണുന്നു.

ഏനാമാവ് കടവു മുതൽ ഗുരുവായൂർ വരെ ദൈർഘ്യമുള്ള റോഡ് 1917ൽ നിർമ്മിച്ചതായി ചരിത്ര രേഖകളിൽ കാണുന്നു. ഇത് ജില്ലയിലെ ആദ്യകാല റോഡുകളിൽ ഒന്നാണ്.

18-ാം ശതകത്തിന്റെ പ്രാരംഭദശയിൽ കോൾ നിലങ്ങളിലേക്ക് ഉപ്പുവെള്ളം കയറാതിരിക്കാൻ 200 അടി നീളത്തിലുള്ള ബണ്ട് നിർമ്മിച്ചിരുന്നു.

പുതിയ പുലരിയുടെ നാന്ദി കുറിച്ചുകൊണ്ട് ഈ പ്രദേശത്ത് വിദ്യാഭ്യാസം, 18-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കടന്നുവന്നു.

കൊല്ലവർഷം 4-ാം ശതകത്തിൽ രചിച്ചതെന്ന് വിശ്വസിക്കുന്ന കോകസന്ദേശത്തിൽ വെങ്കിടങ്ങിനെ പരാമർശിക്കുന്ന കവിതാശകലം ഈ പ്രദേശത്തിന്റെ ചരിത്രപശ്ചാത്തലത്തിലേക്ക് വിരൽ ചൂണ്ടുന്നതാണ്.

"വമ്മേനാട്ടെപ്പുഥി പുനരതിക്രമ്യ പോവോരു നേരം
മമ്മാ!കാണാമതികുടിലധി സങ്കടം വെങ്കിടങ്ങ്
തമ്മിൽ കാണാതെയുമൊരിരിപായിന്റ നാട്ടാർക്കു കേട്ടാ-
ലുണ്ണെരതാൻറും പരിചുമറയോർ കാളയാടാകുമേടം".

വെങ്കിടങ്ങിന്റെ സ്ഥലനാമ പുരാണം രണ്ടുവിധത്തിലാണ് അറിയപ്പെടുന്നത്. ഒന്ന്-ഇവിടെ വനമായിരുന്നത് കാട്ടുതീ പടർന്ന് വെന്തടങ്ങിയ ശേഷം വെങ്കിടങ്ങായി തീർന്നതാണെന്നും, രണ്ട് ആ പ്രദേശത്തിന്റെ ഹൃദയഭാഗത്ത് വൻകിടങ്ങുണ്ടായിരുന്നെന്നും കാലാന്തരത്തിൽ ഇതുലോപിച്ച് വൻകിടങ്ങ്, വെങ്കിടങ്ങായതാണെന്നും പറയപ്പെടുന്നു.

പഞ്ചായത്തിന്റെ കിഴക്കു തെക്ക് ഇരിമ്പ്രനെല്ലൂർ വില്ലേജു മുതൽ തൃശൂർ താലൂക്കിലെ പുള്ളഴി വരെ 10 കിലോമീറ്റർ നീണ്ടുകിടക്കുന്ന വിശാലമായ പാടശേഖരങ്ങളാണ്. ഇവിടെ കുട്ടനാടൻ സമ്പ്രദായത്തിൽ കൃഷി ചെയ്യുന്നു. ഇന്നത്തെ പാടശേഖരങ്ങൾ

'ആതമംഗലം കായൽ' എന്നാണ് അറിയപ്പെട്ടിരുന്ന തത്രെ. ഇതിൽതന്നെ കണ്ണാത, കൈനാത, കൊറ്റാത, കരുണാത എന്ന പേരുകളിൽ ഉള്ള പടവുകൾ ഇപ്പോഴുമുണ്ട്.

ചേര രാജാക്കന്മാരുടെ സ്ഥാനപ്പേരായിരുന്നു 'ആതൻ'. ചേരലാതന്മാർ എന്നും ഇവരെ അറിയപ്പെട്ടിരുന്നു. ഇരിമ്പ്രനെല്ലൂർ എന്നതിൽ നിന്നാണ് ഇരിമ്പ്രനെല്ലൂർ എന്ന സ്ഥലനാമത്തിന് ആധാരം.

പഴയകാല ചരിത്ര സ്മാരകമായി ഇന്ന് വെങ്കിടങ്ങിൽ അവശേഷിക്കുന്നത് ശങ്കരനാരായണ ക്ഷേത്രവും, വലിയ കുളവും ശാർക്കര കോവിലകം എന്നു പറയുന്ന ഒരു പുരയും പറമ്പും മാത്രമാണ്. (ഇത് അന്യാധീനപ്പെട്ടത് ഈ അടുത്ത കാലതത്താണ്). ലഭ്യമായ ഭൂരേഖകളിൽ നിന്നും വെങ്കിടങ്ങിലെ മിക്ക ഭൂമിയും ശാർക്കര കോവിലകത്തിൻെറ ജന്മമാണെന്നു കാണുന്നു.

അയിരൂർ ഭരിച്ചിരുന്ന കോവിലന്മാർ കൊല്ല വർഷം 582 (എ.ഡി.1407)ൽ തിരുവല്ലയിൽ നിന്നും വടക്ക് ഭാഗത്തേക്ക് പാലായനം ചെയ്ത് വേണാട് രാജവംശത്തിൽപ്പെട്ട ആദിത്യവർമ്മയുടെ കീഴിലെത്തിയെന്നും ഇവരാണ് ശാർക്കര കോവിലന്മാർ എന്നും ചരിത്രത്തിൽ പ്രതിപാദിക്കുന്നു. പൂഞ്ഞാർ രാജവംശത്തിന് സന്തതിനാശം വന്നപ്പോൾ അയിരൂരിൻെറ താവഴിക്കാരായ ശാർക്കര കോവിലകക്കാരെ ദേശാധിപത്യം ഏൽപ്പിച്ചതായും 18-ാം നൂറ്റാണ്ടിൽ കൊച്ചി ഗവർണ്ണരായിരുന്ന ഗൊല്ലനസ്സ് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇന്ന് നിലവിലുള്ള പഞ്ചായത്തുകൾക്ക് രൂപം നൽകുന്നതിനു മുൻപേ വില്ലേജ് അടിസ്ഥാനത്തിൽ സ്ഥാപിതമായിരുന്ന കുണ്ടഴിയൂർ, തൊയക്കാവ്, പാടൂർ എന്നീ കരകൾക്കുള്ള ചരിത്ര പ്രാധാന്യം കുറവല്ല. പാടങ്ങളുടെ ഊരായ പാടൂരും, തോയവും കാവുകളും നിറഞ്ഞ തോയംകാവ്, തൊയക്കാവായും മാറിയതായി സ്ഥലനാമ ചരിത്രകാരന്മാർ കുറിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ഉയർന്ന പ്രദേശമാണ് കണ്ണോത്ത്. ഇവിടത്തെ നാട്ടുകൽ കുന്ന് അതിപുരാതന കാലത്ത് മറ്റു പ്രദേശങ്ങൾ കായലിൻെറ ഭാഗമായിരുന്നപ്പോൾ ജലയാത്രികർക്ക് ഇടത്താവളമായി ഉപയോഗിച്ചിരുന്നു.

കരുവന്തല ക്ഷേത്രം, പാടൂർ ജുമാ മസ്ജിത്, എ.ഡി. 500-ാം മാണ്ടിൽ സ്ഥാപിച്ച ഏനാമാവ് പള്ളി എന്നിവ പുരാതന ആരാധനാലയങ്ങളാണ്.

ഇരിമ്പ്രനെല്ലൂർ കാർത്ത്യായനി ക്ഷേത്രം കെട്ടുങ്ങലിലുള്ള ഏനാമാക്കൽ ജുമാ മസ്ജിത്, കോഞ്ചിറ പോംപെ മാതാവിൻെറ തീർത്ഥ കേന്ദ്രവും പുരാതന ആരാധനാലയങ്ങളിൽ പ്രധാനപ്പെട്ടവയാണ്

സ്വാതന്ത്ര്യ സമരവും സാംസ്കാരിക നവോത്ഥാന പ്രസ്ഥാനങ്ങളും കേരളത്തിലാകമാനം അലയടിച്ചപ്പോൾ വെങ്കിടങ്ങിലും ഇതിൻെറ പ്രതിഫലനങ്ങളുണ്ടായി. ഗാന്ധിജി നേതൃത്വം നൽകിയ ഉപ്പു സത്യാഗ്രഹത്തെ തുടർന്ന് പാടൂരിലെ ശ്രീ. കുഞ്ഞിക്കോയകുട്ടി തങ്ങളുടെ നേതൃത്വത്തിൽ ഇടിയഞ്ചിറയിൽ ഉപ്പു കുറുക്കുകയും നാട്ടിൽ വിതരണം നടത്തുകയും ഉണ്ടായി. 1920 കളിൽ പാടൂർ കിഴക്കേ വീട്ടിൽ തറവാട്ടിൽ കോൺഗ്രസ് കമ്മിറ്റി ഓഫീസിൽ ശ്രീ. കെ.കേളപ്പൻ, ശ്രീ. കെ.പി. കേശവമേനോൻ, ശ്രീ.ഇ. മൊയ്തു മൗലവി എന്നീ ദേശീയ നേതാക്കൾ സന്ദർശനം നടത്തിയിട്ടുണ്ട്.

ശ്രീ. കുഞ്ഞികോയകുട്ടി തങ്ങൾ, ശ്രീ. വി.ബി. പണിക്കർ, ശ്രീ. കൊല്ലാറ രാഘവൻ മാസ്റ്റർ, ശ്രീ.കെ.എൻ.ഡി. ഭട്ടിത്തിരിപ്പാട്, ശ്രീ.ചാപ്പ പണിക്കർ, ശ്രീ.വി.എം. കുട്ടികൃഷ്ണമേനോൻ, ശ്രീ.മാന്തട്ട് വിഷ്ണു നമ്പൂതിരി, ശ്രീ.കെ. സി. ഗോപാല കൃഷ്ണൻനായർ എന്നിവർ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നേരിട്ട് പങ്കാളികളായിരുന്നെന്നത് വെങ്കിടങ്ങുകാർക്ക് അഭിമാനിക്കാൻ വക നൽകുന്നു. ശ്രീ.ആചാര്യ കൃപലാനി, ശ്രീ.നീലം സഞ്ജീവറെഢി, ശ്രീ.വി.വി. ഗിരി എന്നിവരുടെ പാദ സ്പർശത്താൽ ധന്യയാണ് ഈ പ്രദേശം

കേരള സംസ്ഥാനം നിലവിൽ വന്നശേഷം വെങ്കിടങ്ങ് പഞ്ചായത്തിൻെറ ഫ്രഥമ പ്രസിഡണ്ടാ

യിരുന്ന ശ്രീ.കെ.കെ. മുഹമ്മദാലി പാടൂർ നിവാസിയാണ്. 1965ൽ ശ്രീ.കെ.സി.ഗോപാലകൃഷ്ണൻ നായർ പ്രസിഡണ്ടും ഒക്ടോബറിൽ സ്ഥാനമേറ്റ ഭരണ സമിതിയുടെ അദ്ധ്യക്ഷൻ കെ.ഒ. കുരുയാക്കോസും ഉപാധ്യക്ഷൻമാരായി ആദ്യപകുതിയിൽ ശ്രീ.എം.എസ്.ഐപ്പുവും പിന്നീട് ശ്രീ.വി.വി. ബാലനും സേവനം ചെയ്തു. 1988 മുതൽ 1995 സെപ്തംബർ 30 വരെ ശ്രീ.കെ.ഒ.കുരിയാക്കോസ് പ്രസിഡണ്ടും ശ്രീമതി. ഫാത്തിമ റഹിമാൻ (പാടൂർ) വൈസ് പ്രസിഡണ്ടുമായി.

1996 ഒക്ടോബർ 2ന് ശ്രീമതി. കെ.എ. കോമളത്തിൻെറ നേതൃത്വത്തിൽ സ്ഥാനമേറ്റ ഭരണ സമിതിയിലെ അംഗങ്ങൾ:

| | |
|---|---|
| വാർഡ് 1 | : ശ്രീ.എ.എസ്.എം.അസ്കർ അലിതങ്ങൾ (വൈസ് പ്രസിഡണ്ട്) |
| വാർഡ് 2 | : ശ്രീമതി. കെ.എ. കോമളം (പ്രസിഡണ്ട്) |
| വാർഡ് 3 | : ശ്രീമതി. നബീസ കാസിം |
| വാർഡ് 4 | : ,, എം.എം.സൗദാമിനി ടീച്ചർ |
| വാർഡ് 5 | : ശ്രീ. പി. കെ. സിദ്ധിഖ് |
| വാർഡ് 6 | : ശ്രീ. ജോയ് എനാമാവ് |
| വാർഡ് 7 | : ശ്രീ. പി.സി. ജോണി |
| വാർഡ് 8 | : ശ്രീ. വേണു ഗോപാൽ വെങ്കിടങ്ങ് (സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ) |
| വാർഡ് 9 | : ശ്രീ. ഇ.പി.ജേക്കബ് |
| വാർഡ് 10 | : ശ്രീ. രവീന്ദ്രൻ കണ്ണോത്ത് |
| വാർഡ് 11 | : ശ്രീമതി. ആമിനക്കുട്ടി യൂസഫ് |

പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നതിനായി പുതിയ ഇരുനില കെട്ടിടത്തിൻെറ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

## സന്നദ്ധപ്രവർത്തനമേഖല

സാമൂഹ്യ കലാ സാംസ്ക്കാരിക പ്രവർത്തകർ ഒത്തുചേർന്ന് നാടിൻെറ വികസനത്തിന് പങ്കാളിത്തം വഹിച്ച ചരിത്രം വെങ്കിടങ്ങിനുണ്ട്. ഈ പ്രദേശത്തെ ഒട്ടുമുക്കാൽ റോഡുകളും ശ്രമദാനത്തിലൂടെ നിർമ്മിക്കപ്പെട്ടതാണ്. സന്നദ്ധ പ്രവർത്തനങ്ങളിലൂടെ നാടിൻെറ മുഖഛായ മാറ്റാൻ മുന്നോട്ടുവന്ന ഒരു സുവർണ്ണ കാലമുണ്ടായിരുന്നു. 1973ൽ പഞ്ചായത്തിന് അനുവദിച്ച പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന് ഒരേക്കർ ഭൂമി സംഭാവന ചെയ്തത് പാടൂർ ജൂമാ അത്ത് കമ്മറ്റിയാണ്.

കേരള രാഷ്ട്രീയത്തിലേക്കും വെങ്കിടങ്ങ് തനതായ സംഭാവന നൽകിയിട്ടുണ്ട്. ഒരു കാലത്ത് കേരള രാഷ്ട്രീയത്തിൽ നിറഞ്ഞു നിന്നിരുന്ന ഫാദർ വടക്കൻ, 20 വർഷം ഗുരുവായൂർ, അണ്ടതോട് നിയോജകമണ്ഡലങ്ങളെ പ്രതിനിധീകരിച്ച ശ്രീ. ബി. വി.സീതി തങ്ങൾ Ex. എം.എൽ.എ.(പാടൂർ), ഗുരുവായൂരിനെതന്നെ പ്രതിനിധീകരിച്ച ശ്രീ. വർക്കി വടക്കൻ Ex. എം.എൽ.എ. എന്നിവർ നമ്മുടെ അഭിമാന സ്തംഭങ്ങളാണ്.

വികസനത്തിൻെറ മുഖ്യ വിഭവമായ മനുഷ്യശേഷി പഞ്ചായത്തിൽ വേണ്ടത്രയുണ്ട്. വികസനത്തിൻെറ വാതായനങ്ങൾ തുറന്ന് ഗ്രാമീണ ജനതയെ പുരോഗതിയിലേക്ക് ആനയിക്കുന്ന മഹായജ്ഞത്തിലേക്ക് യുവതലമുറയോടൊപ്പം അനുഭവസമ്പത്തും വൈദഗ്ദ്ധ്യവുമുള്ള നിരവധി പേരുടെ മുന്നേറ്റമാണ് നമുക്കിന്ന് ആവശ്യം.

പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്വത്തോടെ മുൻഗണനാക്രമത്തിൽ നടപ്പിലാക്കാനും വിഭവശേഷിയും ഇഛാശക്തിയും നേടി കർമ്മ നിരതരാക്കുകയെന്നത് വരും തലമുറയോട് നാം ചെയ്യുന്ന നീതിയായിരിക്കും. ഇതിനായി നമുക്ക് ഒത്തുചേരാം, പ്രവർത്തിക്കാം, നാളെയുടെ സ്വപ്നസാക്ഷാത്കാരത്തിനായ്.

# കൃഷിയും ജലസേചനവും

# കാർഷിക ചരിത്രം

കാർഷിക മേഖലയായ വെങ്കിടങ്ങ് പഞ്ചായത്തിൽ 75% കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. 1930 ലെ സെറ്റിൽമെൻറ് രേഖകൾ പ്രകാരം ഏകദേശം 133.91 ഹെക്ടർ പുറമ്പോക്കു ഭൂമികളായിരുന്നു. ഇതിൽ തന്നെ റവന്യൂ പുറംമ്പോക്കും ചതുപ്പു നിലങ്ങളുമായിരുന്നു. ഈ കാലഘട്ടത്തിൽ കൃഷിക്ക് ആവശ്യമായ പരിഗണന ലഭിച്ചില്ലെങ്കിൽ പോലും കർഷകരുടെ കഠിനാദ്ധ്വാനത്താൽ വിളവിൻെറ കാര്യത്തിൽ കുറഞ്ഞൊരു അഭിവൃദ്ധി ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വെള്ളക്കെട്ട് പ്രദേശങ്ങൾ ഒഴികെയുള്ള സ്ഥലങ്ങളിലാണ് നെൽകൃഷി ചെയ്തിരുന്നത്. ഏകദേശം 1114.5 ഹെക്ടർ കൃഷിസ്ഥലം ഉണ്ടായിരുന്നു. താഴ്ന്ന പ്രദേശമായ ഈ സ്ഥലങ്ങളിൽ വെള്ളപൊക്കക്കെടുതികൾ മുന്നിൽ കണ്ടുകൊണ്ട് ഇവിടുത്തെ കർഷകർ വെള്ളപൊക്കാളി, കുട്ടാടൻ എന്നീ നെല്ലിനങ്ങളാണ് കൃഷി ചെയ്തിരുന്നത്. ഈ കൃഷിയിടങ്ങളെല്ലാം ദേവസ്വം ഉടമസ്ഥതയിലായിരുന്നു. അതുകൊണ്ട് തന്നെ പാട്ടം മിച്ചവാരം വ്യവസ്ഥിതി നിലനിന്നിരുന്നു. ഈ വ്യവസ്ഥിതി കർഷക പ്രസ്ഥാനങ്ങളുടെ വരവോടെ കൃഷി ഭൂമികൾ കർഷകൻെറ സ്വന്തമാവുകയും, കർഷകൻെറ കൂട്ടായ്മയിൽ കൂടുതൽ ഇല്പാദനത്തിന് ആവശ്യമായ പ്രവർത്തനങ്ങൾ ആരംഭിക്കുകയും, അതിലൂടെ. കർഷകന് നേട്ടങ്ങൾ ഉണ്ടാക്കുവാനും തന്മൂലം കഴിഞ്ഞു. ആയിരത്തിത്തൊള്ളായിരത്തി അറുപത്തി ഒമ്പതോടുകൂടി ഈ പ്രദേശങ്ങളിൽ നിന്ന് തൊഴിലവസരങ്ങൾ തേടി ഗൾഫ് മേഖലയിലേക്കുള്ള പ്രയാണം തുടങ്ങി. കേന്ദ്രസർക്കാരിൻെറ ഉദാരവൽക്കരണത്തിൻെറ ഫലമായി ഉൽപാദനശേഷിയുള്ള വിത്തിനങ്ങൾക്കും, വളം, കീടനാശിനികൾക്കും അമിതമായ വില വർദ്ധനവ് ഉണ്ടാകുകുയും, നെൽകൃഷിയോട് താല്പര്യം കുറയുകയും, കൃഷിപ്പണിക്ക് കർഷക തൊഴിലാളികളെ ആശ്രയിക്കേണ്ടി വരികയും ചെയ്തു. തൊഴിലാളികളെ മാത്രം ആശ്രയിക്കുകയും, കർഷകർ കൃഷിയിടങ്ങളിൽ പോയി കൃഷിയെ പരിചരിക്കുന്നതിൽ അല്പമൊരു വീഴ്ച വരുത്തുകയും ചെയ്തതിൻെറ ഫലമായി കൃഷി ലാഭകരമല്ലാത്ത ഒരവസ്ഥയിൽ എത്തിച്ചേർന്നു.

1971ലെ ഭൂപരിഷ്കരണം കുറെ ചെറുകിട ഭൂവുടമകളെ സൃഷ്ടിച്ചു. കൂടാതെ നെല്ലുല്പാദനം ലാഭകരമല്ലാത്തതായിത്തീർന്നപ്പോൾ പാടം നികത്തി തെങ്ങ് കൃഷി വ്യാപകമാകുകയും, നെൽകൃഷി ഭൂമിക്ക് 35% കുറവ് ഉണ്ടാവുകയും ചെയ്തു. നിലം നികത്തി വീടുനിർമ്മിക്കുന്ന പ്രവണതയും കാണുന്നുണ്ട്. പുത്തൻ തലമുറക്ക് ലഭിച്ച ആധുനിക വിദ്യാഭ്യാസം കാർഷിക വൃത്തിയോടുള്ള താല്പര്യം കുറയുവാൻ ഇടയാക്കി.

നെൽകൃഷി വിളവെടുപ്പിനു ശേഷം ഇടവിളയായി ചെയ്തിരുന്ന എള്ള് കൃഷി പൂർണ്ണമായും വേരറ്റു പോയിരിക്കയാണ്.

നെൽകൃഷിക്കു ഉപയുക്തമാകത്തക്ക രീതിയിൽ ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിൽ ഏനാമാവിനേയും മണലൂരിനേയും ബന്ധിപ്പിച്ച് ഏനാമാക്കൽ പുഴക്ക് കുറുകെ ബണ്ട് നിർമ്മിച്ചിരുന്നു. പിന്നീട് 1957-58 കാലഘട്ടത്തിൽ ഏനാമാക്കൽ റഗുലേറ്റർ ശിലാസ്ഥാപനം അന്നത്തെ ആഭ്യന്തരമന്ത്രിയായ ശ്രീ. സി. അച്ചുതമേനോൻ നിർവ്വഹിക്കുകയും 1964-65 കാലഘട്ടത്തിൽ പണി പൂർത്തീകരിക്കുകയും ചെയ്തു. എന്നിരുന്നാലും ഉദ്ദേശിച്ച പുരോഗതി കൃഷിക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഗതാഗതത്തിൻെറ കാരര്യത്തിൽ നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞു. റഗുലേറ്ററിൻെറ കിഴക്കുഭാഗത്ത് താല്ക്കാലിക ബണ്ട് നിർമ്മിച്ചാണ് നെൽകൃഷിയെ ഉപ്പുവെള്ളത്തിൽ നിന്നും രക്ഷിച്ചുപോരുന്നത്.

| ഭൂപരിതി | കുടുംബങ്ങളുടെ എണ്ണം | വിസ്തീർണ്ണം ഹെക്ടറിൽ |
|---|---|---|
| ഒരു ഹെക്ടറിൽ താഴെ | 4518 | 1821.3181 |
| 1-2ഹെക്ടറി നിടയിൽ | 8 | 11.4012 |
| 2 ഹെക്ടറിനു മുകളിൽ | 6 | 17.0283 |

കൃഷിഭവൻ പ്രവർത്തിച്ചു തുടങ്ങിയതോടുകൂടി കൃഷിക്കാർക്ക് ചില നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. കേരവികസനസമിതികൾ, പാടശേഖര കമ്മിറ്റികൾ എന്നിയുടെ പ്രവർത്തനത്തിൻെറ സദ്ഫലങ്ങൾ കൃഷി രംഗത്ത് കാണാൻ കഴിഞ്ഞു എന്നിരുന്നാലും കർഷകരിലും, കൃഷി വകുപ്പ് ഉദ്യോഗസ്ഥരിലും കാർഷികമായ ഒരു മുന്നേറ്റത്തിന് വേണ്ടി മനോഭാവങ്ങളിലും, പ്രവർത്തനങ്ങളിലും കാര്യമായ പരിണാമം ഉണ്ടാക്കേണ്ടിയിരിക്കുന്നു.

### വിള ചേരുവ

ഈ പഞ്ചായത്തിൽ 1610.22 ഹെക്ടർ സ്ഥലത്ത് കൃഷിചെയ്യുന്നു. ഓരോ വിളകളെ സംബന്ധിച്ച കണക്കുകൾ താഴെ ചേർക്കുന്നു.

### ഉല്പാദനക്ഷമത

ഓരോ വിളയുടേയും ഉല്പാദന ക്ഷമത വളരെ കുറവാണ്. അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ അഭാവവും, ജൈവരാസവളകീടനാശിനികളുടെ വർദ്ധിച്ച വിലയും, ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തതയും കർഷകരുടെ സാമ്പത്തിക ഭദ്രത ഇല്ലായ്മയും, ശാസ്ത്രീയ കൃഷിരീതികളെ കുറിച്ചുള്ള അറിവിൻെറ അഭാവവും ഉല്പാദനക്ഷമതയെ കാര്യമായി ബാധിക്കുന്നു. ഓരോ വിളയുടേയും ഉല്പാദനവും, ഉല്പാദനക്ഷമതയും താഴെ ചേർക്കുന്നു.

| വിള | വിസ്തീർണ്ണം | ഉത്പ്പാദന ക്ഷമത | ഉത്പ്പാദനം |
|---|---|---|---|
| തെങ്ങ് | 800ഹെ | 40/1 | 2560000 |
| നെല്ല് | 803.72ഹെ | 4000kg/ഹെ | 3214880 kg |
| വാഴ | 1.5 ഹെ | 50,000/ഹെ | 75000 |
| കമുക് | 3.5ഹെ | 10000/ഹെ | 35000 |
| കശുമാവ് | 1.5ഹെ | 5000/ഹെ | 7500 |

## കൃഷിപണികളുടെ കലണ്ടർ

### നെല്ല്

കോൾ നിലങ്ങളിൽ നവംബർ മാസത്തിൽ കൃഷിയിറക്കി ഫെബ്രുവരി മാസത്തിൽ കൊയ്തെടുക്കുന്നു.

### തെങ്ങും ഇടവിളകളും

ഏപ്രിൽ-മെയ് മാസങ്ങളിൽ ലഭിക്കുന്ന മഴയോടുകൂടി ചുരുക്കം പേർ പറമ്പുകളിൽ രാസവളങ്ങളും ആദ്യഗഡുവും ജൈവവളങ്ങളുടെ മുഴുവൻ ഗഡുവും ഉപഗോഗിക്കുന്നു. ഒക്ടോബർ-നവംബർ മാസങ്ങളിൽ പറമ്പുകളിൽ കിള,കൂനകൂട്ടൽ, രാസവളങ്ങളുടെ രണ്ടാം ഗഡു പ്രയോഗം എന്നിവ നടത്തുന്നു. ഡിസംബർ-ജനുവരി മാസങ്ങളിൽ കൂനകൾ തട്ടി നിരത്തുകയും ജലസേചന സൗകര്യമുള്ളവർ തടമെടുക്കുകയും ചെയ്യുന്നു.

## പ്രശ്നങ്ങൾ

### ജലസേചനം

ജലസേചനം നടത്തുന്ന കൃഷിക്കാർ വളരെ കുറവാണ്. സാമ്പത്തിക പരാധീനതയും ജലലഭ്യതാകുറവും ജലസേചനത്തെ കാര്യമായി ബാധിക്കുന്നു.

### വെള്ളക്കെട്ട്

ജനസംഖ്യ വർദ്ധനവിൻെറ അടിസ്ഥാനത്തിൽ ഭൂമികൾ തുണ്ടുതുണ്ടായി വിഭജിക്കപ്പെടുന്നു. കെട്ടിട നിർമ്മാണങ്ങൾക്ക് ഈ പഞ്ചായത്തിലെ നെല്പാടങ്ങളും മറ്റു താഴ്ന്ന പ്രദേശങ്ങളും നികത്തുന്നതുകൊണ്ട് പലസ്ഥലങ്ങളും വെള്ളം ഒഴിഞ്ഞു പോകാതെ കെട്ടികിടക്കുന്ന 25 ഹെക്ടർ സ്ഥലമുണ്ട്.

### രോഗങ്ങൾ

ബ്ലാസ്റ്റ്, ബ്ലൈറ്റ്, ഷീത്രോട്ട്, ബാക്ടീരിയൽ ലീഫ് ബ്ലൈറ്റ്, തണ്ടുതുരപ്പൻ പുഴു, ഇലതീനിപുഴു, ചെമ്പൻ ചെല്ലി, കോമ്പൻ ചെല്ലി, കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, തഞ്ചാവൂർവാട്ടം എന്നീ കീടരോഗങ്ങൾ ഇവിടെ വ്യാപകമാണ്. ഇവയെ ശാസ്ത്രീയമായി നിർമ്മാർജ്ജനം ചെയ്യുന്നതിന് കൃഷിക്കാർക്കുള്ള അജ്ഞതയും കാണുന്നു.

### വിപണനസൗകര്യങ്ങൾ

നെൽകൃഷിക്കാരുടെ ഉല്പന്നം ന്യായവിലക്ക് ശെഖരിക്കാനും, അരിയുല്പാദിപ്പിക്കാനും ഉള്ള സൗകര്യം ഈ പഞ്ചായത്തിൽ ഇല്ല. നാളികേരത്തിനും മറ്റുൽപന്നങ്ങൾക്കും മിതമായ വിലപോലും ലഭിക്കുന്നില്ല. ഈ രംഗത്ത് ഇടത്തട്ടുകാരായ കച്ചവടക്കാരുടെ ചൂഷണം നിലനിന്നിരുന്നു. എന്നാൽ രണ്ട് വർഷമായി ഗവ: സഹായത്തോടെ അത്തണിയിൽ പ്രവർത്തിക്കുന്ന റൈസ്മില്ലിൽ പ്രതിദിനം 100 ടൺ നെല്ല് അരിയാക്കാനുള്ള സംവിധാനം ഉണ്ടാക്കിക്കൊടുക്കുകയും ചെയ്തതിനാൽ ഒരു പരിധിവരെ കൃഷിക്കാർ സ്വകാര്യ കച്ചവടക്കാരുടെ ചൂഷണങ്ങളിൽ നിന്ന് മോചിതരായിട്ടുണ്ട്.

### വായ്പാസൗകര്യം

സാമ്പത്തിക ഭദ്രത ഇല്ലായ്മയാണ് ഈ പഞ്ചായത്തിലെ കൃഷിക്കാരെ അലട്ടുന്ന മുഖ്യ പ്രശ്നം. കമേഴ്സ്യൽ ബാങ്കുകൾ, കാർഷിക വായ്പാവിതരണം ചെയ്യാൻ വിമുഖതകാട്ടുന്നു. മാത്രമല്ല ഉയർന്ന പലിശനിരക്കും, കാലതാമസവും സാങ്കേതികത്വവും കൃഷിക്കാരെ ബുദ്ധിമുട്ടിക്കുന്നു. ഒരു പരിധിവരെ സഹകരണസംഘങ്ങളിൽനിന്ന് ലഭിക്കുന്ന വായ്പയാണ് കർഷകർക്ക് ഏക ആശ്വാസം.

### വളപ്രയോഗം.

ശാസ്ത്രീയമായ വളപ്രയോഗരീതികൾ പൊതുവെ ഉപയോഗിക്കുന്നതിൽ വിമുഖരാണ് കർഷകർ. പൊതുവെ ഉയർന്ന രാസവള വിലകൾ ആണ് ഇതിനു കാരണം. മാത്രവുമല്ല അശാസ്ത്രീയമായ രാസവള-കീടനാശിനി പ്രയോഗങ്ങൾ ഉപയോഗത്തേക്കാളേറെ ഉപദ്രവമുണ്ടാക്കുന്നു.

### വിത്ത്

അത്യുല്പാദനശേഷിയുള്ള നല്ലയിനം വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും ലഭ്യതാക്കുറവ് കൃഷിക്കാരുടെ ഉല്പാദനത്തെ കാര്യമായി ബാധിക്കുന്നുണ്ട്.

### സബ്സിഡികൾ

രാസവള കീടനാശിനികളുടെ വില കൂടുതലും, തൊഴിലാളികളുടെ കൂലി കൂടുതലും മറ്റെല്ലാം കൂടി ഓരോ വിളയുടെയും ഉല്പാദനചെലവ് വളരെ കൂടുതലാണ്. മാത്രമല്ല കൃഷി നഷ്ടത്തിലാവുകയും ചെയ്യുന്നു. കൃഷിക്കാരനെ സംബന്ധിച്ചേടത്തോളം സർക്കാരിൽ നിന്നും, മറ്റ് ഇതര ഏജൻസികളിൽനിന്നും സബ്സിഡികൾ യഥാസമയം ലഭിക്കുകയില്ലെന്ന് മാത്രമല്ല അതിനുള്ള നിബന്ധനകളും മറ്റും പ്രശ്നങ്ങളുളവാക്കുന്നതാണ്.

### സംഘടനാമേഖലകൾ

ഈ പഞ്ചായത്തിലെ നെൽകൃഷി വികസനത്തിനും വേണ്ടി 6 പാടശേഖരസമിതികൾ റജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. സർക്കാരിൻെറ അതാതു സമയങ്ങളിലുളള ആവശ്യമായ സഹായങ്ങൾ യഥാസമയം ലഭിക്കുന്നില്ല എന്നത് വസ്തുയാണ്.

ഈ പഞ്ചായത്തിൽ റജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന കേര വികസന സമിതിയുടെ പ്രവർത്തനം പ്രതീക്ഷക്കനുസരിച്ച് ഉയർന്ന നിലവാരം പുലർത്തുന്നില്ല. അവർക്കം പ്രവർത്തിക്കാനുളള മേഖലയും കൃഷിക്കാരെ ആകർഷിക്കനുളള സംവിധാനവും ഒട്ടും തന്നെയില്ല.

### നിർദ്ദേശങ്ങൾ

മേൽപറഞ്ഞ പ്രശ്നങ്ങളും പരാധീനതകളും പരിഹരിക്കുന്നതിനും പഞ്ചായത്തിൻെറ സമഗ്രമായ കാർഷികോന്നമനത്തിനും, വികസനത്തിനും ഉൽപ്പാദന വർദ്ധനവിനും താഴെ പറയുന്ന പദ്ധതികൾ സമർപ്പിച്ചു കോളളുന്നു

## I പച്ചക്കറി കൃഷി വികസനം

### 1. അടുക്കളതോട്ടം

ഒരു വാർഡിൽ ഒരു വർഷം 100 വീടുകൾക്ക് ചുരുങ്ങിയത് ഒരു സെൻറ് സ്ഥലത്ത് കൃഷി ചെയ്യുവാനുളള നല്ലയിനം പച്ചക്കറി വിത്തുകൾ സൗജന്യമായി വിതരണം ചെയ്യേണ്ടതാണ്. കൂടാതെ കൃഷി ചെയ്ത് ഒരു മാസം പ്രയമാകുമ്പോൾ ഒരു വീടിന് 50 രൂപ സബ്സിഡി അനുവദിക്കേണ്ടതാണ്.

2. പത്ത് സെൻറിൽ കൂടുതൽ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്ന ഏറ്റവും നല്ല പച്ചക്കറി കൃഷിക്കാരന് ഒരു വാർഡിൽ ഒരാൾക്ക് എന്ന തോതിൽ 1000 രൂപ സമ്മാനം നൽകേണ്ടതാണ്.

3. വ്യവസായികാടിസ്ഥാനത്തിൽ രണ്ടോ മൂന്നോ ഏക്കർ പറമ്പിലോ, പാടത്തോ, പച്ചക്കറി കൃഷി ചെയ്യാൻ കൃഷിക്കാരിൽനിന്ന് ഓഹരികൾ ശേഖ

രിച്ച് കൃഷി നടത്തുവാനുള്ള സാഹചര്യമൊരുക്കുകയും ഉല്പന്നങ്ങൾ ചുരുങ്ങിയ വിലക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കാവിന്നതാണ്. ഈ പദ്ധതിയുടെ ചെലവിന്റെ 25% അല്ലെങ്കിൽ 25000 രൂപ ഏതാണോ കുറവ് ആയത് ഗ്രാൻറായി നൽകേണ്ടതാണ്.

4. വാർഡിൽ നൂറ് വീടിന് 15 നേന്ത്രവാഴ കന്നുകൾ സൗജന്യമായി നൽകേണ്ടതാണ്.

## II ജൈവ വളം

ജൈവ വളത്തിന്റേ അഭാവം കൃഷിയെ കാര്യമായി ബാധിക്കുന്നു. മണ്ണിന്റേ ഫലഭൂയിഷ്ടത നില നിർത്താനും ഇതിനു വേണ്ടി കർഷകരെ പ്രോത്സാഹിപ്പിക്കുവാനും താഴെ പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു.

### 1. കബോസ്റ്റ് വള നിർമ്മാണം.

1. കബോസ്റ്റ് ഉല്പാദിപ്പിക്കുന്നവർക്ക് ഇന്ന് നൽകി വരുന്ന ഒരു കുഴിക്ക് 25 രൂപ സബ്സിഡി എന്നത് 100 രൂപയായി ഇയർത്തുകയും ഒരു വാർഡിന് 100 കുഴി എന്ന തോതിൽ അനുവദിക്കുകയും ചെയ്യുക.

2. സയിസ്, ചണബ് എനടനീ പച്ചില വളചെടികളുടെ വിത്തുകൾ പകുതി വിലക്ക് വിതരണം ചെയ്യുകയും ഒരി വാർഡിന് ഒരി വർഷം 10 ഹെക്ടർ എന്ന തോതിൽ വ്യാപിപ്പിക്കുകയും ചെയ്യുക.

## III ജലസേചനം

വെങ്കിടങ്ങ് പഞ്ചായത്തിൽ ഉൾപ്പെട്ട കോൾനിലങ്ങളിൽ ജലസേചന പദ്ധതികളുടെ അപര്യാപ്തത കാണുന്നില്ല. പക്ഷേ പറമ്പു കൃഷിയെ സംബന്ധിച്ചും ഇവിടത്തെ ഇടനിലങ്ങളിൽ ജലദൗർലഭ്യം ഇപ്പോഴും പ്രകടമാണ്. പഞ്ചായത്തിൽ നിരവധി തോടുകളും കുളങ്ങളും ഉണ്ടായിരുന്നു. ജന സാന്ദ്രത വർദ്ധിച്ചതിന്റേയും ആധുനിക ജീവിത സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതുന്റേയും ഭാഗമായി പല തോടുകളും റോഡുകളായി. കുളങ്ങൾ തൂർന്ന് പുരയിടമാക്കിയതിന്റേയും കുളങ്ങൾ നേരാം വണ്ണം സംരക്ഷിക്കാത്തതിന്റേയും ഫലമായി കുളങ്ങളുടെ എണ്ണവും വിസ്ത്യതിയും ഈ പഞ്ചായത്തിൽ വളരെ കുറഞ്ഞു.

**സാദ്ധ്യതകൾ.**

കനോലി കനാലിന്റെ തീരങ്ങളിലുള്ള കൃഷി ഭൂമികൾ ഉപ്പു വെള്ളം കയറുന്നതുകൊണ്ടും ശുദ്ധ ജല ദൗർലഭ്യംകൊണ്ടും കൃഷിക്ക് ഉപയുക്തമാക്കാൻ പറ്റാത്ത അവസ്ഥയാണ്. അതു പോലെ തന്നെ തണ്ണീർ കായലിൽ ഏക്കറോളം ഭൂമി ക്രഷി യുക്തമല്ലാത്ത തരിശായി കിടക്കുകയാണ്. തണ്ണീർ കായലിനന്റെ സമീപം ഇടിയൻ ചിറ വരെ കനാൽ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്. ഇവിടെനിന്ന് ജലം സുലഭമാക്കി ചെറു തോടുകൾ വഴി കൃഷിയിടങ്ങളിലേക്ക് എത്തിക്കുകയാണെങ്കിൽ ഒരു പരിധിവരെ ഈ പഞ്ചായത്തിലെ കൃഷി ഭൂമികൾ ഉപയുക്തമാക്കാൻ കഴിയും. K.L.D.C നിർമ്മിച്ച കനാലിൽനിന്ന് പാടൂർവഴി തെക്കോട്ട തൊയക്കാവ് പ്രദേശത്തേക്ക് ഒരു കനാൽ നിർമിച്ചാൽ ഇവിടത്തെ ജല ഭൗർലഭ്യം മാറ്റാൻ കഴിയുന്നതാണ്.

* ചിമ്മിനി-മുപ്ളിയം പദ്ധതിയിൽ നിന്നും ലഭിക്കുന്ന ജലം ഉപയോഗിച്ച് ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് രൂപം നൽകേണ്ടതാണ്. ഇപ്രകാരം പഞ്ചായത്തിലെ 5,6,7 വർഡുകളിലെ (ഏനാമാവ് ഭാഗം) പറമ്പ് കൃഷിക്ക് ഉപയുക്തമാക്കാൻ കഴിയും.
* കുരുവാൻ പാടത്ത് പ്രവർത്തിക്കാതെകിടക്കുന്ന block ന്റെ പ്രത്യേക ജലസേചന പദ്ധതിയനുസരിച്ചുള്ള 10Hമോട്ടോർ ഉപയോഗപ്പെടുത്തുക.
* ഏനാംകുളം വേണ്ട വിധത്തിൽ ശുദ്ധീകരിച്ച് പൊതുജനങ്ങൾക്ക് ഉപയോഗപ്പെടുത്തുക.
* തെക്കേ കോഞ്ചിറ, വടക്കേ കോഞ്ചിറ, ഏലമുന, കണ്ണോത്ത്, പടിഞ്ഞാറെ കരിമ്പാടം, കിഴക്കേ കരിമ്പാടം എന്നീ പടവുകൾക്ക് സ്ഥിരം ബണ്ട് ആവശ്യത്തിനുതകും വിധം ഉയർത്തി ശക്തമാക്കുക.
* നാശോൻ മുഖമായി കൊണ്ടിരിക്കുന്ന കുളങ്ങൾ വൃത്തിയാക്കി സംരക്ഷിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

വെങ്കിടങ്ങ് പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നെൽകൃഷിയിടങ്ങളായ കോൾപടവുകളിൽ കൃഷിക്ക് ആവശ്യമായ വെള്ളം സംഭരിച്ച് നിർത്തുന്നത് കൃഷിയിടങ്ങളുടെ നടുവിലൂടെ ഒഴുകുന്ന വലിയ ചാലുകളിലാണ്. ഈ ചാലുകൾ ആഴംകൂട്ടുകയും

ചാലിൻെറ ഇരുപുറവും ഉയർത്തുകയും വേണം. പിന്നീട് ഈ ചാലുകൾ ഏകദേശം ഒരു കിലോമീറ്റർ നീളത്തിലെങ്കിലും തടയണകെട്ടി ഒഴുകി പോകുന്ന ജലത്തെ കെട്ടി നിർത്തണം. അതുപോലെ കാലവർഷക്കെടുതികളിൽ മുങ്ങി പോകുന്നത് രക്ഷിക്കാൻ പടവുകളിൽ നിന്ന് ചാലുകളിലേക്ക് വെള്ളം പമ്പ് ചെയ്യുന്നതിന് ഇന്ന് കൃഷിക്ക് ഉപയോഗിച്ചുകൊണ്ടിരിക്കുന്ന മോട്ടോറുകൾ (50 H.P) 3 എണ്ണമെങ്കിലും സ്ഥിരമായി നിലനിർത്തണം. കൃഷി ഇറക്കി കഴിയുമ്പോൾ കാലവർഷകെടുതികൊണ്ട് കൃഷി മുങ്ങി നാശം സംഭവിക്കാതിരിക്കാൻ ഇത് കൂടിയേ തീരൂ.

## 2. പറമ്പ് കൃഷി

### (എ). കണിക ജലസേചനം

ജല ലഭ്യതാ കുറവും കൂലി കൂടുതലും കാരണം ജലസേചനം കാര്യക്ഷമമായി നടക്കുന്നില്ല. ഒരു വാർഡിൽ 5 ഹെക്ടർ എന്ന തോതിൽ ഓരോ വർഷവും ഈ പദ്ധതി നടപ്പിലാക്കുകയും ഇതിന് ഇന്ന് നൽകി വരുന്ന സബ്സിഡി 50% എന്നത് ഉയർത്തി 100% ആക്കുകയും സ്പ്രിംഗ്ളറിന് ഇതേ സബ്സിഡി അനുവദിക്കുകയും ചെയ്യുക.

### (ബി). കിണറും പമ്പ് സെറ്റും

നിലവിലുള്ള 2500/- രൂപ സബ്സിഡി 5000 രൂപയാക്കുകയും ചുരുങ്ങിയ ഭൂപരിധി 10 സെൻറായി ചുരുക്കുകയും ഒരു വാർഡിന് 5 എന്ന തോതിൽ ഓരോ വർഷവും നടപ്പിലാക്കുകയും ചെയ്യുക.

## IV നെൽകൃഷി

പാടശേഖര സമിതികളിലൂടെ നെൽകൃഷിയുടെ ഉന്നമനത്തിന് താഴെ പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു.

(എ). രാസവളത്തിനും, കീടനാശിനികൾക്കും 50% സബ്സിഡി.

(ബി). പഞ്ചായത്ത് തലത്തിൽ കുമ്മായ ചൂള സ്ഥാപിച്ച് മിതമായ വിലക്ക് കുമ്മായ വിതരണം ചെയ്യണം.

(സി). ഓരോ സമിതികൾക്കും ആവശ്യാനുസരണം സ്പ്രേയറുകൾ വിതരണം ചെയ്യുക.

(ഡി). സമിതികൾക്ക് ട്രാക്ടർ, പവർ ടില്ലർ, എന്നിവ സൗജന്യമായി നൽകുക.

(ഇ). മോട്ടോർ, മോട്ടോർ ഷെഡ്, പെട്ടി, പറ എന്നിവ സൗജന്യമായി കൊടുക്കുക.

(എഫ്). നല്ലയിനം വിത്തുകൾക്ക് 50% സബ്സിഡി അനുവദിക്കുക.

(ജി). നടീൽയന്ത്രം, മെതിയന്ത്രം, കൊയ്ത്ത് യന്ത്രം, മെതിക്കാനുള്ള കളം എന്നിവ സൗജന്യമായി കൊടുക്കുക.

(എച്ച്). കൂട്ടായ മരുന്നു തളി നടപ്പിലാക്കുക.

## V തെങ്ങ് കൃഷി

പഞ്ചായത്ത് തലത്തിൽ റജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കേരവികസന സമിതി മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുക.

(എ) കേരവികസന സമിതിക്ക് ഒരു ആസ്ഥാനം നിർമ്മിക്കുകയും കാർഷിക പരിശീലനത്തിനുള്ള ഹാൾ നിർമ്മിക്കുകയും ചെയ്യുക.

(ബി) എല്ലാ നടീൽ വസ്തുക്കളുടേയും ശേഖരണവും വിതരണവും കേരവികസന സമിതികളിലൂടെ നടത്തുക.

(സി) സമിതിക്ക് 5 പവർ ടില്ലർ, സൗജന്യമായി നൽകുക.

(ഡി) 20 റോക്കർ സ്പ്രേയറുകൾ സൗജന്യമായി നൽകുക.

(ഇ) വളം, കീടനാശിനി, ജൈവവളപച്ചിലച്ചെടിവിത്തുകൾ എന്നിവയുടെ വില്പനശാല സമിതി മുഖേന ആരംഭിക്കുക.

(എഫ്) തെങ്ങിന് ചേറ് കുത്തുന്നതിന് 50% സബ്സിഡി അനുവദിക്കുക.

(ജി) മണ്ണ് സാമ്പിളുകൾ ശേഖരിച്ച് കൃഷി ഭവനിലൂടെ പരിശോധന നടത്തി ഫലം കൃഷിക്കാർക്ക് ലഭ്യമാക്കുക.

(എച്ച്) പഞ്ചായത്തിലെ ഏറ്റവും നല്ല കേരകർഷകന് ഒന്നാം സമ്മാനം 1000 കയും രണ്ടാം സമ്മാനം

750 രൂപയും മൂന്നാം സമ്മാനം 250 രൂപയും നൽകുക.

(ഐ) ഒരു വർഷം ഒരു വാർഡിൽ 5000 തെങ്ങ് എന്ന തോതിൽ ബോഡോ മിശ്രിതം തളിക്കുക.

## VI നൂതന കൃഷി

**1. ഓർക്കിഡ്, ആന്തൂറിയം, കുറ്റിമുല്ല എന്നിവ**

ഓരോന്നിൻേറയും ഓരോ യൂണിറ്റ് (ഒരു യൂണിറ്റിൽ 100 പെട്ടി) ഒരു വാർഡിൽ 5 പേർക്ക് വിതരണം ചെയ്യുക. കൃഷിക്ക് വേണ്ട ധനസഹായവും ഉറപ്പുവരുത്തണം.

**2. കൂൺകൃഷി**

ഒരു വാർഡിൽ 25 എന്ന തോതിൽ കൃഷിക്കാരന് സ്പോൺ സൗജന്യമായി വിതരണം ചെയ്യുക.

**3. തേനീച്ച വളർത്തൽ**

ഒരു വാർഡിൽ അഞ്ച് കർഷകന് എന്ന തോതിൽ 5 പെട്ടിവീതം പ്രാണികളോടുകൂടി ഓരോ വർഷവും സൗജന്യമായി നൽകുക.

## VII ഇടവിളകൾ

(എ) വാഴ

(ബി) ജാതി / കരയാമ്പൂ

(സി) കുരുമുളക് വള്ളി

(ഡി) കമുകിൻ തൈ

(ഇ) പച്ചക്കറി വിത്തുകൾ

(എഫ്) കൂർക്ക

(ജി) ബഡ് ചെയ്ത കശുമാവ് (നാടൻ ഇനങ്ങൾ വെട്ടി മാറ്റണം)

ഒരു വാർഡിൽ ഒരു വർഷം 75 കൃഷിക്കാർക്ക് സൗജന്യമായി കേരവികസന സമിതികളിലൂടെ വിതരണം.

## VIII ബയോഗ്യാസ്

ഒരു വാർഡിൽ അഞ്ച് എന്ന തോതിൽ ഓരോ വർഷവും ഈ പദ്ധതി നടപ്പിലാക്കേണ്ടതും നിലവിലുള്ള സബ്സിഡി ചെലവിൻെറ അമ്പതുശതമാനമായും ഉയർത്തേണ്ടതുമാണ്.

## IX വായ്പ

(1) വായ്പയുടെ പരിധി നോക്കാതെ പലിശ നിരക്ക് പന്ത്രണ്ട് ശതമാനമാക്കുക.

(2) യാഥാർത്ഥ ആവശ്യത്തിനുപയോഗിച്ച് സമയത്തിന് തിരിച്ചടക്കുന്നവർക്ക് പലിശയുടെ രണ്ടുശതമാനം ഇവ അനുവദിക്കുക.

## X പട്ടികജാതി, പട്ടികവർഗ്ഗ വികസനവും കൃഷിയും (മുഴുവൻ സൗജന്യം)

(1) പത്തു സെൻറിൽ കുറവുള്ള മൂന്ന് കൃഷിക്കാർക്ക് ഗ്രൂപ്പായി ജലസേചനം നടത്താൻ കിണറും പമ്പ് സെറ്റും ഒരു വാർഡിൽ 5 വീതം ഓരോവർഷവും.

(2) പത്തുസെൻറും അതിൽ കൂടുതലുമുള്ള കൃഷിക്കാരന് ഒരു വാർഡിൽ ഒരു വർഷം അഞ്ച് വീതം കിണറും പമ്പുസെറ്റും.

(3) രാസവളങ്ങളും കീടനാശിനികളും വിത്തുകളും എല്ലാവർക്കും

(4) പണിയായുധങ്ങൾ എല്ലാവർക്കും

(5) തെങ്ങ് കയറ്റയന്ത്രങ്ങൾ ആവശ്യമുള്ളവർക്ക്

(6) ബയോ-ഗ്യാസ് പ്ലാൻറ് ആവശ്യമുള്ളവർക്ക്

## XI മാർക്കറ്റിംഗ്

(a) നെല്ല് സംഭരിച്ച് അരിയാക്കി വിപണിയിലിറക്കുന്നതിന് ഒരു മില്ലും വാഹനവും പഞ്ചായത്ത് തലത്തിൽ ഉണ്ടാകണം.

(b) തേങ്ങ സംഭരിച്ച് കൊപ്രയാക്കി വെളിച്ചണ്ണയുണ്ടാക്കി വിൽക്കുന്നതിനുള്ള വെങ്കിടങ്ങ് ഫാർമേഴ്സ് ബാങ്കിൻെറ കോക്കനട്ട് കോംപ്ലക്സിൽ സാമ്പത്തിക സഹായം നൽകുക.

(c) പച്ചക്കറികൃഷിക്കാരിൽ നിന്ന് പച്ചക്കറികൾ വാങ്ങി വിൽക്കുന്നതിന് സഹകരണ സംഘം രൂപീകരിക്കുക.

## XII പരിശീലനം

(a) വാർഡ് തലത്തിൽ മൂന്നുമാസത്തിൽ ഒന്നുവീതം


(b) പഞ്ചായത്ത് തലത്തിൽ വർഷത്തിൽ രണ്ടുവീതം.

കണ്ണോത്ത് പടവിൽപ്പെട്ട ചിരിടിമ്പ് നിലത്തിലെ കടുംകൃഷി മെച്ചപ്പെടുത്തുന്നതിന് 1½ K.M. നീളം വരുന്ന മങ്ങാട്ടുതോട് ഇരുപുറവും കരിങ്കല്ലുകൊണ്ട് കെട്ടി ആഴം കൂട്ടി സംരക്ഷിക്കേണ്ട താണ്. ഈ തോട്ടിലൂടെ ഒഴുകി പോകുന്ന വെള്ളം കണ്ണോത്ത് പടവിലേയും, ഏലമുത പടവിൻെറയും നടുവിലുള്ള വലിയ ചാലിലേക്ക് ബന്ധിപ്പിച്ചാൽ കടുംകൃഷി മുങ്ങിപോകു ന്നതിൽ നിന്ന് രക്ഷപ്പെടുത്തുവാൻ ഒരുപരിധിവരെ സഹായിക്കും.

ആയതിൻെറ സ്കെച്ച് താഴെ കൊടുക്കുന്നു.



# മണൽപ്പുഴ - കല്ലൂരാത്ത് - കോൾപടവ്



# മൃഗസംരക്ഷണം

ഭാരതത്തിന്റെ മൊത്തം കാർഷിക വരുമാനത്തിന്റെ 25% സംഭാവന ചെയ്യുന്നത് മൃഗസംരക്ഷണ മേഖലയാണ്. ചുരുങ്ങിയ സമയത്തിനുള്ളിൽ കൂടുതൽ ആദായം ലഭിക്കുന്ന അപൂർവ്വം ചില തൊഴിൽ മേഖലകളിൽ ഒന്നാണ് മൃഗസംരക്ഷണം. ഈ മേഖലയിലെ ഉൽപ്പന്നങ്ങൾ നമ്മുടെ സംസ്ഥാനത്ത് തന്നെ ഉപയോഗിക്കുന്നതിനാൽ അന്താരാഷ്ട്ര വിപണിയിലെ മൂല്യത്തകർച്ചയോ,വിലയിടിവോ അല്ലെങ്കിൽ മാറി വരുന്ന സർക്കാരുകളുടെ ഇറക്കുമതി-കയറ്റുമതി നയങ്ങളോ ഒന്നും തന്നെ ഈ മേഖലയെ സാരമായി ബാധിക്കുന്നില്ല എന്നു തന്നെ പറയാം. ജന്തുക്കളിൽ നിന്ന് മനുഷ്യനിലേക്ക് പകരുന്ന പേവിഷബാധ, അടപ്പൻ, ലെപ്റ്റോസ്പൈറോസിസ്, തുടങ്ങിയവയുടെ നിർമ്മാർജ്ജനവും നിയന്ത്രണവും, മാംസ പരിശോധനയിലൂടെ സംശുദ്ധമായ മാംസോൽപ്പാദനം തുടങ്ങിയവ ഈ മേഖല നൽകുന്ന പൊതുജനാരോഗ്യ സേവനങ്ങളാണ്.

**മൃഗസംരക്ഷണ രംഗം : 1991-1997**

| പാലുല്പാദനം | | | മുട്ട ഉല്പാദനം | | മാംസോല്പാദനം | |
|---|---|---|---|---|---|---|
| വർഷം | ലക്ഷം മെ.ടൺ | മൂല്യം കോടി | എണ്ണം കോടി | മൂല്യം കോടി | ആയിരം മെ.ടൺ | മൂല്യം കോടി |
| 91-92 | 18 | 900 | 160 | 112 | 120.6 | 252.7 |
| 92-93 | 18.89 | 1417 | 177.4 | 169 | 125 | 306.6 |
| 93-94 | .20.1 | 1600 | 184.4 | 193 | 129.2 | 365.02 |
| 94-95 | 21.19 | 1809 | 191.6 | 220.4 | 135.55 | 445.5 |
| 95-96 | 22.46 | 2021 | 199.6 | 248.9 | 137.92 | 517.91 |
| 96-97 | 23.79 | 2616 | 206.9 | 258.62 | 142.48 | |

അറുപതുകളുടെ മദ്ധ്യത്തിൽ രാജ്യത്തെ മൊത്തം പാലുൽപ്പാദനം ഏതാണ്ട് രണ്ട് ലക്ഷം ടൺ ആയിരുന്നു. ഇന്ന് അത് 22.46 ലക്ഷം ടണ്ണിൽ എത്തി നിൽക്കുന്നു. രണ്ടായിരമാണ്ടോടെ കേരളത്തിന്റെ മൊത്തം പാലുൽപ്പാദനം38 ലക്ഷം ടൺ ആകണം എന്നാണ്ലക്ഷ്യമിട്ടിരിക്കുന്നത്. പക്ഷേ മൃഗസംരക്ഷണ മേഖലയിലെ നേട്ടങ്ങൾ പ്രധാനമായും പാലുൽപ്പാദനത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു. മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദന രംഗത്ത് നമുക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. കേരളത്തിലെ മാംസോൽപ്പാദനത്തിനുള്ള മൃഗങ്ങളിൽ 85-90% അന്യസംസ്ഥാനങ്ങളുൽ നിന്ന് കൊണ്ടുവരുന്നവയാണ്.

**മൃഗസംരക്ഷണ മേഖല - 1995 - 96 ലെ ഉൽപ്പാദനം : തൃശൂർ ജില്ല**

| ഉൽപ്പന്നം | ഉൽപ്പാദനം മെ. ടൺ | മൂല്യം (കോടി) രൂപ |
|---|---|---|
| പാൽ | 1.8 ലക്ഷം | 16.28 |
| മുട്ട | 19.9 കോടി | 23.7 |
| മാംസം | 13800 | 51.75 |

മൃഗസംരക്ഷണ മേഖലയുടെ വികസനം മുട്ട, പാൽ, മാംസം എന്നീ ഉൽപ്പന്നങ്ങളുടെ വർദ്ധനവ്, പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ, വെറ്ററിനറി സർവ്വീസിന്റെ വികസനവും ആധുനികവൽക്കരണവും എന്നീ വസ്തുതകളെ ആധാരമാക്കിയിട്ടുള്ളതാണ്.

തത്യളരണ്ടായിരാമാണ്ടോടെ കേരളത്തിലെ മൊത്തം പാലുൽപ്പാദനം 38 ലക്ഷം ടൺ ആക്കി ഉയർത്താനാണ് നമ്മൾ ലക്ഷ്യമിട്ടിരിക്കുന്നത് എന്ന് നേരത്തെ പറഞ്ഞുവല്ലോ. പ്രസ്തുത ലക്ഷ്യം കൈവരി

ക്കണമെങ്കിൽ തൃശ്ശൂർ ജില്ലയിൽ പാലുൽപ്പാദനം ഏകദേശം 3 ലക്ഷം മെട്രിക് ടൺ ആയി ഉയർത്തേണ്ടിയിരിക്കുന്നു. 1987 ലെ കന്നുകാലി സെൻസ് അനുസരിച്ചുള്ള വിവരങ്ങൾ താഴെക്കൊടുക്കുന്നു.

| മൃഗങ്ങൾ | കേരളം | തൃശൂർ | വെങ്കിടങ്ങ് |
|---|---|---|---|
| നാടൻ പശുക്കൾ | 13.9 ദ. ലക്ഷം | 61552 | 750 |
| സങ്കരയിനം പശുക്കൾ | 17.02 " | 65834 | 845 |
| എരുമ | 3.69 " | 17680 | 346 |
| ആട് | 15.81 " | 104786 | 909 |
| പന്നി | 1.37 " | 3987 | 12 |
| കോഴി | 170.91 " | 2683726 | 15392 |
| താറാവ് | 8.46 " | 41233 | 673 |

## മൃഗസംരക്ഷണരംഗം: വെങ്കിടങ്ങ് പഞ്ചായത്ത്-ഒരു അവലോകനം

വെങ്കിടങ്ങ് പഞ്ചായത്തിൽ ഉദ്ദേശം ആയിരത്തി ഒരുന്നൂറോളം ഹെക്ടർ സ്ഥലത്ത് കോൾ കൃഷി നടത്തിവരുന്നു. അതുകൊണ്ട് തന്നെ കൃഷിയോടനുബന്ധിച്ച് മൃഗസംരക്ഷണ മേഖലയും വളർന്നുവന്നു. നിലങ്ങൾ ഉഴുന്നതിനും, വണ്ടികൾ വലിക്കുന്നതുനും പാൽ ഉൽപാദിപ്പിക്കുന്നതിനും, മൃഗങ്ങളെ ഉപയോഗിച്ചുവന്നു. കൂടാതെ വലർത്തുമൃഗങ്ങളുടെ ചാണകവും മൂത്രവും ജൈവവളമായി കൃഷിനിലങ്ങളിൽ ഉപയോഗിച്ചിരുന്നു. ഇപ്പോഴും ജൈവവളങ്ങളുടെ മുഖ്യ ഉറവിടം ക്ന്നുകാലികൾ തന്നെയാണ്.

പശു, എരുമ, ആട്, പോത്ത്, കാള എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വലർത്തുമൃഗങ്ങൾ. വളർത്തു പക്ഷികൾ പ്രധാനമായും കോഴിയും, താറാവും തന്നെ. ഇപ്പോഴുള്ള കന്നുകാലികളിൽ നല്ല ഒരു ശതമാനം സങ്കരവർഗ്ഗത്തിൽപ്പെട്ട അത്യുൽപ്പാദനക്ഷമതയുള്ള കന്നുകാലികളാണ്. കാർഷിക മേഖലയിൽ യന്ത്രവൽകൃത സംവിധാനം വർദ്ധിച്ചതുമൂലം ആ മേഖലയിൽ മൃഗങ്ങളുടെ ഉപയോഗം പൊതുവെ കുറഞ്ഞു വന്നിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിൻെറ കീഴിൽ 1983-മുതൽ ഒരു വെറ്ററനറി ഡിസ്പെൻസറി തൊയക്കാവിൽ ഒരു വിധം തൃപ്തികരമായി പ്രവർത്തിച്ചു വരുന്നു. വെറ്ററിനറി ഡിസ്പെൻസറി ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. സ്വന്തമായി നിർമ്മിച്ച ഒരു കെട്ടിടത്തിലേക്ക് ഡിസ്പെൻസറി മാറ്റേണ്ടത് അത്യാവശ്യമാണ്. ക്ഷീര വ്യവസായ രംഗത്ത്, ഏനാമാക്കൽ എന്ന സ്ഥലത്ത് ഒരു ക്ഷീര വ്യവസായ സഹകരണ സംഘം 1977 മുതൽ പ്രവർത്തിച്ചുവരുന്നു. സംഘം ഇന്ന് ഏകദേശം 250 ലിറ്ററോളം പാൽ മാത്രമേ ശേഖരിക്കുന്നുള്ളൂ. അതിൽ ഒരു 100 ലിറ്ററോളം പാൽ പഞ്ചായത്തിൽത്തന്നെ വിപണനം ചെയ്യുന്നു. ഉൽപ്പാദകരെ സംബന്ധിച്ചിടത്തോളം പാലിനു ന്യായമായ വില ലഭിക്കുന്നില്ല എന്ന പരാതി പൊതുവെ ഉയർന്നു വന്നിട്ടുണ്ട്. വർഷങ്ങളായി സംഘം ഒരു വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. ക്ഷീര വ്യവസായ സംഘം, സ്വന്തമായി നിർമ്മിച്ച ഒരു കെട്ടിടത്തിലേക്ക് മാറ്റേണ്ടതും അതിൻെറ പ്രവർത്തനങ്ങൾ ഒന്നു കൂടി ഊർജ്ജിതപ്പെടുത്തേണ്ടതും അത്യാവശ്യമാണ്. നെൽകൃഷിയിൽ പൊതുവെ വന്നിട്ടുള്ള മാന്ദ്യം പഞ്ചായത്തിലെ വൈക്കോലിൻെറ ലഭ്യത കുറച്ചു. ജില്ലയുടെ പുറത്തുനിന്നും, തൃശ്ശൂർ ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും വൻതോതിൽ വൈക്കോൽ കൊണ്ടുവന്നാണ് കർഷകർ വൈക്കോലിൻെറ ആവശ്യം നിറവേറ്റുന്നത്. സമീകൃത കാലിത്തീറ്റയിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വർദ്ധനവ് സാധാരണ കൃഷിക്കാരൻെറ കന്നുകാലി വളർത്തലിലുള്ള താൽപര്യത്തെ ക്ഷയിപ്പിക്കുന്നു.

കാലികളിൽ അകിടുവീക്കം, കുളമ്പുരോഗം, ദഹനസംബന്ധിയായ രോഗങ്ങൾ. എഫിമറൽ പനി, പരാദരോഗങ്ങൾ എന്നിയാണ് പ്രധാനമായും കണ്ടുവരുന്ന അസുഖങ്ങൾ. ശുചിത്വത്തെക്കുറിച്ചും, രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചുമുള്ള കർഷകരുടെ അറിവില്ലായ്മയും ചില അന്ധവിശ്വാ

സങ്ങളും രോഗങ്ങൾ തുടക്കത്തിലേ ചികിൽസിച്ചു മാറ്റുന്നതിൽ തടസ്സമാകാറുണ്ട്.

മാംസോൽപ്പാദനരംഗത്താണെങ്കിൽ പഞ്ചായത്തിന് ഇന്ന് സ്വന്തമായി ഒരു അറവുശാലയും, മത്സ്യം വിപണനം ചെയ്യുവാൻ ഒരു മാർക്കറ്റും ഇല്ല. ഇതുമൂലം മാംസവിൽപ്പന പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും പൊതുസ്ഥലങ്ങളിൽ വച്ചാണ് നടത്തപ്പെടുന്നത്. ഇത് ഒരുപാട് പാരിസ്ഥിതിക പ്രശ്നങ്ങൾക്കും പൊതുജനാരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകാൻ സാദ്ധ്യതയുണ്ട്.

തെരുവുനായ്ക്കളുടെ ശല്ല്യം പഞ്ചായത്തിലെ മിക്ക വാർഡുകളിലും അനുഭവപ്പെട്ടുവരുന്നു. വളർത്തുനായ്ക്കൾക്ക് ലൈസൻസിങ്ങ് സമ്പ്രദായം ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

### പ്രധാന പ്രശ്നങ്ങൾ

1. സമീകൃത കാലിത്തീറ്റയുടെ വിലവർദ്ധനവ്
2. നല്ലയിനം തീറ്റപ്പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.
3. ക്ഷീര വിപണനത്തിനുള്ള സൗകര്യങ്ങളുടെ കുറവും പാലിന്റെ വിലക്കുറവും
4. രോഗങ്ങളെക്കുറിച്ചും, രോഗപ്രതിരോധനടപടികളെക്കുറിച്ചുമുള്ള കർഷകരുടെ അറിവിന്റെ പോരായ്മ.
5. നല്ലയിനം വളർത്തുമൃഗങ്ങളുടെ ലഭ്യതക്കുറവും, അവയെ വളർത്തുന്നതിന് സാമ്പത്തിക സഹായം നൽകുന്നതിൽ ധനകാര്യ വായ്പാസ്ഥാപനങ്ങളുടെ താൽപ്പര്യമില്ലായ്മയും.
6. മൃഗചികിൽസാ സൗകര്യങ്ങളുടെ അപര്യാപ്തത.
7. വൃത്തിയുള്ള ഒരു അറവുശാലയുടെയും, മാർക്കറ്റിന്റെയും അഭാവം.
8. അലഞ്ഞു നടക്കുന്ന തെരുവു നായ്ക്കളുടെ ശല്ല്യം.

### നടപ്പുപദ്ധതികൾ, പോരായ്മകൾ, വേണ്ടമാറ്റങ്ങൾ

#### 1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

ഇപ്പോൾ മൃഗസംരക്ഷണ വകുപ്പു മുഖേന നടപ്പിലാക്കി വരുന്ന ഈ പദ്ധതിയുടെ ലക്ഷ്യം മേൽത്തരം സങ്കരവർഗ്ഗകിടാരികളുടെ ഗർഭകാല സംരക്ഷണം ഉറപ്പാക്കുകയാണ്. ഈ പദ്ധതിയിൽ പഞ്ചായത്തിലെ എല്ലാ സങ്കരയിനം പശുക്കുട്ടികളെയും എരുമക്കുട്ടികളെയും ഉൾപ്പെടുത്തണം. കാലിത്തീറ്റ വില വർദ്ധനവ് അനുസരിച്ച് സബ്സിഡി സഹായം വർദ്ധിപ്പിക്കണം.

#### 2. പേവിഷ നിയന്ത്രണ പദ്ധതി

പ്രതിരോധ കുത്തിവെയ്പ് ഇപ്പോൾ നിർബന്ധമല്ല. പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കളെയും നിർബന്ധമായും പ്രതിരോധ കുത്തിവെയ്പിന് വിധേയമാക്കുകയും വേണം. ലൈസൻസ് ഇല്ലാത്ത അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുക. ആവശ്യാനുസരണമുള്ള വാക്സിൻ പകുതി വിലയ്ക്കോ സൗജന്യമായോ ലഭ്യമാക്കണം.

#### 3. കാലിരോഗനിയന്ത്രണ പദ്ധതി

പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ എല്ലാ കർഷകരും പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നില്ല. ഒരുപ്രദേശത്തെ എല്ലാ കന്നുകാലികളെയും യഥാസമയം പ്രതിരോധ കുത്തിവെയ്പ്പിന് വിധേയമാക്കണം.

#### 4. ഊർജ്ജിത പന്നി വളർത്തൽ പദ്ധതി

പന്നിക്കുഞ്ഞുങ്ങളുടെ ദൗർലഭ്യമാണ് പ്രധാന പ്രശ്നം. സർക്കാർ ഫാമുകളെ മാത്രം ആശ്രയിക്കാതെ ഇവ ലഭ്യമാക്കുന്നതിന് സ്വകാര്യമേഖലയിലും പന്നി വളർത്തൽ പ്രോൽസാഹിപ്പിക്കണം.

#### 5. ആടുവളർത്തൽ പദ്ധതി

നല്ലയിനം ആട്ടിൻകുഞ്ഞുങ്ങൾ ലഭ്യമല്ല. പച്ചിലത്തീറ്റയുടെ ദൗർലഭ്യവും മറ്റൊരു പോരായ്മയാണ്. പച്ചപ്പുൽകൃഷി, പ്ലാവ്, ജൈവവേലി മുതലായവ കൂടുതൽ പ്രചരിപ്പിക്കുകയും വേണം.

#### 6. ഇറച്ചിക്കോഴി വളർത്തൽ പദ്ധതി

ഈ മേഖലയിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായിട്ടില്ല. കോഴിക്കുഞ്ഞുങ്ങളുടെ അമിത വിലയും, ഇടത്തട്ടുകാരുടെ ചൂഷണവും ആണ് ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. കോഴിക്കുഞ്ഞുങ്ങളും തീറ്റയും കുറഞ്ഞ വിലയ്ക്ക് ലഭ്യമായാൽ ഈ മേഖല കുറച്ചു കൂടി ലാഭകരമാകും.

### 7. എഗ്ഗർ നേഴ്സറി

കേരളത്തിൽ ഇന്ന് ഒരിടത്തും കാര്യമായി മുട്ട യുൽപാദനം നടക്കുന്നില്ല. ലഭ്യമായ കണക്കുകൾ അനുസരിച്ച് നമ്മൾ ഇന്ന് വൻതോതിൽ മുട്ട അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ്. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യ മല്ലാത്തതും കോഴിത്തീറ്റയുടെ വിലയും ആണ് ഈ രംഗത്തെ കർഷകർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. ആവശ്യക്കാർക്ക് നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ സഹായനിരക്കിൽ ലഭ്യമാക്കേണ്ടതും കോഴി ത്തീറ്റയ്ക്കു സബ്സിഡി നൽകേണ്ടതുമാണ്.

### 8. അടുക്കളമുറ്റത്തെ കോഴിവളർത്തൽ

സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും പദ്ധ തിയുടെ പ്രയോജനം ലഭിക്കുന്നില്ല. ആവശ്യക്കാർക്ക് എല്ലാവർക്കും ഇപ്പോൾ നൽകുന്ന സബ്സിഡി നിര ക്കിൽതന്നെ കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കണം.

## പുതിയ പദ്ധതിനിർദ്ദേശം

### 1. സങ്കരവർഗ്ഗപ്പശുക്കൾക്ക്കാലിത്തീറ്റ സബ്സിഡി

സങ്കരവർഗ്ഗപ്പശുക്കളെ വളർത്തി വരുന്ന ചെറു കിട നാമമാത്ര കർഷകർക്ക്, അവർ ഉത്പാദി പ്പിക്കുന്ന പാലിൻെറ അളവിന് ആനുപാതി കമായി കാലിത്തീറ്റ സബ്സിഡി നിരക്കിൽ ലഭ്യ മാക്കുകയാണ് ഈ പദ്ധതിയുടെ നിർദ്ദേശം.

### 2. തീറ്റപ്പുൽകൃഷി പ്രചരണ പദ്ധതി

പാലുൽപ്പാദനത്തിൻെറ ഒരു പ്രധാന ഘട കമാണ് ഗുണനിലവാരമുള്ള തീറ്റപ്പുല്ലിൻെറ ലഭ്യത. തരിശായി ഇട്ടിരിക്കുന്ന നെൽപ്പാടങ്ങളിലും, സർക്കാർ പുറമ്പോക്കുകളിലും തീറ്റപ്പുൽ കൃഷി നടത്താവുന്ന താണ്. ക്ഷീര സംഘങ്ങൾക്ക് ഇതിൽ ഒരു പ്രധാന പങ്കു വഹിക്കാനാകും. ക്ഷീരസംഘങ്ങൾക്ക് സ്വന്തം കൃഷി ഭൂമി ഇല്ലെങ്കിൽ കുറച്ചു സ്ഥലം പാട്ടത്തിനെടുത്ത് തീറ്റപ്പുൽകൃഷി നടത്തി സംഘത്തിലെ കർഷകർക്ക് മേൽത്തരം തീറ്റപ്പുല്ല് സബ്സിഡി നിരക്കിൽ ലഭ്യ മാകും.

### 3. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധ തിയുടെ വിപുലീകരണം.

ഇപ്പോൾ മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്ന ഈ പദ്ധതി അനുസരിച്ച് സങ്കരവർഗ്ഗ ത്തിൽപ്പെട്ട പശുകിടാങ്ങളെ മാത്രമേ ഉൾപ്പെടുന്നുള്ളു. എരുമക്കുട്ടികളെയും ഉൾപ്പെടുത്തി ഈ പദ്ധതി വിപു ലീകരിക്കാവുന്നതാണ്.

### 4. ധാതു ലവണ മിശ്രിതം വിതരണ പദ്ധതി

അത്യുൽപ്പാദനശേഷിയുള്ള സങ്കരവർഗ്ഗം പശു ക്കൾക്ക് സൗജന്യമായി ധാതുലവണം വിതരണം ചെയ്യുകയാണ് പദ്ധതിയുടെ ലക്ഷ്യം.

### 5. അകിടുവീക്ക രോഗനിയന്ത്രണ പരിപാടി

കറവിനുശേഷം മുലക്കാമ്പുകൾ അണുനാശക ലായിനികൾ കൊണ്ട് തുടയ്ക്കുകയാണെങ്കിൽ അകി ടുവീക്കം ഒരു പരിധി വരെ നമുക്ക് തടയാം. ഇതിനായി അണുനാശക ലായിനികൾ അടങ്ങിയ കിറ്റ് സബ്സിഡി നിരക്കിൽ കർഷകന് നൽകുന്ന പദ്ധതി യാണിത്.

### 6. ആടു വളർത്തൽ പദ്ധതി

കർഷകകുടുംബങ്ങൾക്ക് അവരുടെ വരുമാനം മാനദണ്ഡമാക്കി മൂന്ന് ആട്ടിൻകുഞ്ഞുങ്ങളെ വിത രണം ചെയ്യാവുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട കുടുംബ ങ്ങളിൽ മാത്രം മുട്ടനാടുകളെ സബ്സിഡി നിരക്കിൽ നൽകി പ്രജനന യൂണിറ്റുകൾ സ്ഥാപിക്കാം.

### 7. ഊർജ്ജിത പന്നി വളർത്തൽ പദ്ധതി

5 പെൺപന്നികളും ഒരു ആൺപന്നിയും അട ങ്ങിയ ബ്രീഡിങ്ങ് യൂണിറ്റോ അല്ലെങ്കിൽ ഒരു ആൺപ ന്നിക്കുഞ്ഞും ഒരു പെൺപന്നിക്കുഞ്ഞും അടങ്ങിയ യൂണിറ്റോ പഞ്ചായത്തിലെ കർഷകർക്ക് വിതരണം ചെയ്യാവുന്നതാണ്.

### 8. അടുക്കള മുറ്റത്തെ കൊഴി വളർത്തൽ

ഏറ്റവും കുറഞ്ഞ ചിലവിൽ മുട്ട ഉത്പാദ നത്തിന് പറ്റിയ ഒരു പദ്ധതിയാണ്. വീട്ടമ്മമാർക്ക് ഒരു ചെറിയ വരുമാനവും, കുട്ടികൾക്കും വീട്ടിലെ മറ്റംഗ ങ്ങൾക്കും ഒരു നല്ല ശുദ്ധമായ മാംസ്യാഹാരം നൽ കുകയും ചെയ്യുന്നു. 45 ദിവസം പ്രായമായ 5 മുട്ട ക്കോഴിക്കുഞ്ഞുങ്ങളെ സമൂഹത്തിലെ എല്ലാ വിഭാഗ ങ്ങൾക്കും വരുമാന പരിധികൂടാതെ നൽകുന്ന പദ്ധതി

### 9. എഗ്ഗർ, ലെയർ നഴ്സറികൾ

അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതിക്ക് വേണ്ടി വരുന്ന കോഴിക്കുഞ്ഞുങ്ങളെ അതാതു പഞ്ചാ യത്തുകളിൽ തന്നെ വളർത്തിയെടുക്കുന്നതിനു വേണ്ടി

യുള്ള ഒരു പദ്ധതിയാണിത്. ഒരു നഴ്സറിയിൽ ഏക ദേശം 500 കോഴിക്കുഞ്ഞുങ്ങളെ വളർത്തിയെടു ക്കാനുള്ള സംവിധാനം ഉണ്ടായിരിക്കണം. ഇത്തര ത്തിലുള്ള ഒന്നോ രണ്ടോ നഴ്സറികൾ ഒരു പഞ്ചാ യത്തിൽ സ്ഥാപിക്കാവുന്നതാണ്.

### 10. താറാവു വളർത്തൽ യൂണിറ്റുകൾ

ഒരു കർഷകന് ഒരു മാസം പ്രയമുള്ള 20 താറാവുകളെ വിതരണം ചെയ്യാവുന്നതാണ്.

### 11. ഇറച്ചിക്കോഴി വളർത്തൽ യൂണീറ്റുകൾ

ഇറച്ചിക്കോഴികുഞ്ഞുങ്ങളെ ശേഖരിച്ച് വളർത്തി ഇടത്തട്ടുകാരെ ഒഴിവാക്കി വിപണനം നടത്തി വളരെ യധികം സാമ്പത്തിക നേട്ടം ഉണ്ടാക്കാവുന്ന ഒരു മേഖലയാണിത്.

### 12. ചെറുകിട കാലിത്തീറ്റാ യൂണീറ്റുകൾ

സഹകരണാടിസ്ഥാനത്തിൽ ചെറിയ കാലി ത്തീറ്റ , നിർമ്മാണ യൂണിറ്റുകൾ സ്ഥാപിച്ച് സൊസൈറ്റികൾ മുഖേന വിപണനം ചെയ്യാവുന്ന താണ്. ഏനാമ്മാവിലുള്ള ക്ഷീരവ്യവസായ സഹകര ണസംഘം മുഖേന കന്നുകാലിത്തീറ്റ, കോഴിത്തീറ്റ, പുൽവിത്തുകൾ മുതലായവ വിതരണം ചെയ്യാനും പ്രസ്തുത സഹകരണസംഘത്തിന്റെ പ്രവർത്തനപ രിധിവ്യാപിപ്പിക്കുകയും വേണം.

### 13. അറവുശാല സ്ഥാപിക്കൽ

ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഒട്ടാകെ മാംസം ഉൽപാദിപ്പിക്കുന്നതും വിപണം ചെയ്യുന്നതും ഏറ്റവും അശാസ്ത്രീയവും വൃത്തിഹീനവുമായ ചുറ്റുപാടിലു മാണ്. അതിനാൽ നമ്മുടെ പഞ്ചായത്തിന് സ്വന്തമായി ശാസ്ത്രീയമായ രീതിയിലുള്ള ഒരറവുശാല സ്ഥാപിച്ച് മാംസം വൃത്തിയായ രീതിയിൽ വിപണനം ചെയ്യുന്ന ഒരു സംവിധാനം നടപ്പിലാക്കേണ്ടതാണ്.

### 14. സമ്പൂർണ്ണ പേവിഷബാധ നിയന്ത്രണ തീവ്രയത്നപരിപാടി

പ്രസ്തുത പരിപാടിയിലൂടെ അലഞ്ഞുനടക്കുന്ന തെരുവുനായ്ക്കളെ നശിപ്പിക്കുകയും, വളർത്തുനാ യ്ക്കൾക്ക് ലൈസൻസിങ്ങ് സമ്പ്രദായം ഏർപ്പെടു ത്തുകയും വേണം. കൂടാതെ പഞ്ചായത്തുതലത്തിൽ തന്നെ പ്രതിരോധകുത്തിവെയ്പ് സൗജന്യനിരക്കിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനവും വേണം.

### 15. മൃഗാശുപത്രിയുടെ നവീകരണം

മൃഗാശുപത്രിയിൽ മൈക്രോസ്കോപ്പ് മറ്റ് ലാബറട്ടറി പരിശോധനകൾക്കുള്ള സംവിധാനം ഫർ ണീച്ചറുകൾ എന്നിവയ്ക്കുള്ള തുക വകയിരുത്തേണ്ട താണ്. കൂടാതെ മൃഗാശുപത്രിയെ വാടകക്കെട്ടിട ത്തിൽനിന്ന് മാറ്റി പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്തു തന്നെ എല്ലാ കർഷകർക്കും ഉപയുക്ത മാകുന്ന രീതിയിൽ സ്ഥാപിക്കേണ്ടതാണ്.

### 16. ഗോരക്ഷാ ക്യാമ്പുകൾ/വന്ധ്യതാ നിവാ രണ ക്യാമ്പുകൾ

കൂടുതൽ വിപുലമായ രീതിയിൽ ഗോരക്ഷാ ക്യാമ്പുകളും വന്ധ്യതാ നിവാരണ ക്യാമ്പുകളും നട ത്തേണ്ടുന്നതിലേക്ക് കൂടുതൽ തുക വകയിരുത്തേണ്ട താണ്.

### 17. സമഗ്ര കന്നുകാലി ഇൻഷൂറൻസ് പദ്ധതി

പഞ്ചായത്തിലെ കർഷകരുടെ വളർത്തുമൃ ഗങ്ങളെ എല്ലാം ഇൻഷൂറൻസ് സംരക്ഷണത്തിൽ കൊണ്ടുവരുന്ന ഒരു പദ്ധതിയാണിത്. രോഗം മൂലമോ അപകടം മൂലമോ ഇൻഷൂർ ചെയ്ത മൃഗങ്ങൾക്ക് എന്തെങ്കിലും സംഭവിച്ചുപോയാൽ കർഷകന് നഷ്ടപ രിഹാരം ലഭിക്കുന്നു. ഇൻഷൂർ പദ്ധതികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കണം.

### 18. ഗ്രീൻകാർഡ് സമ്പ്രദായം

പഞ്ചായത്തിലെ പശു, ആട്, എരുമ, പട്ടി, മുതലായ വളർത്തു മൃഗങ്ങളെ പരിപാലിക്കുന്ന ഓരോ കുടുംബത്തിനും മൃഗങ്ങളുടെ വിശദവിവ രങ്ങൾ അടങ്ങിയ ഒരു കാർഡ് നൽകുന്ന പദ്ധതി. പ്രാരംഭ സർവ്വെ നടത്തി മൃഗങ്ങളുടെ പ്രതിരോധ കുത്തിവെയ്പിനെക്കുറിച്ചുള്ള വിവരങ്ങൾ, ധനസഹാ യങ്ങൾ ലഭിച്ചത് എന്നിവ രേഖപ്പെടുത്തി വയ്ക്കണം.

### 19. പഞ്ചായത്തുതല മൃഗസംരക്ഷണമേള

വർഷം തോറും കന്നുകാലി പ്രദർശനം, കർ ഷക സംഗമം എന്നിവ അടങ്ങുന്ന ഒരു പരിപാടി. ഇതിനായി ഒരോ വർഷത്തേയ്ക്കും ഒരു തുക വകയി രുത്തേണ്ടതാണ്.

### 20. മാതൃകാ കർഷകനുള്ള അവാർഡ്

പഞ്ചായത്തുതലത്തിൽ മികച്ച രീതിയിൽ മൃഗങ്ങളെ സംരക്ഷിക്കുന്ന കർഷകനെ കണ്ടെത്തി 2500 ക. യിൽ കുറയാത്ത ഒരു ക്യാഷ് അവാർഡും പ്രശസ്തിപത്രവും നൽകി ആദരിക്കുന്ന ഒരു പരിപാടി.

# മത്സ്യബന്ധനം

മത്സ്യസമ്പത്ത് കൊണ്ട് അനുഗ്രഹീതമായ പഞ്ചായത്തുകളിൽ ഒന്നാണ് വെങ്കിടങ്ങ്. പഞ്ചായത്തിനെ തഴുകിയൊഴുകുന്ന ഏനാമാവ് പുഴ തെക്ക് ഭാഗത്തും, കനോലി കനാൽ അഥവാ കൊച്ചിപുഴ പടിഞ്ഞാറുഭാഗത്തും, ഇടിയൻ ചിറപുഴ വടക്കു ഭാഗത്തും ആയിട്ടാണ് സ്ഥിതിചെയ്യുന്നത്. പുഴകളിലെ മത്സ്യസമ്പത്ത് പഞ്ചായത്തിന് എന്നും മുതൽ കൂട്ടാണ്. ഇവ ഏകദേശം പത്തുകിലോമീറ്ററോളം വരും. മാത്രമല്ല, പുഴയിലേക്ക് എത്തിചേരുന്ന നിരവധി തോടുകളുണ്ട്. ഈ തോടുകൾ കോൾനിലങ്ങളിൽ നിന്നും നെൽപാടങ്ങളിൽ നിന്നും ഒഴുകിയെത്തുന്നതുകൊണ്ട് ശുദ്ധജല മത്സ്യങ്ങൾ സമൃദ്ധമാണ്. ഇവയ്ക്ക് പുറമെ പഞ്ചായത്തിൽ ഉള്ള ധാരാളം കുളങ്ങളിൽ നാലെണ്ണം പഞ്ചായത്തിൻേറതാണ്. ഇവയിൽ ശുദ്ധജല മത്സ്യങ്ങൾ വളരുന്നുണ്ട്.

പഞ്ചായത്തിലെ ഏറ്റവും വലിയ തൊഴിൽ മേഖല മത്സ്യബന്ധനമല്ലെങ്കിലും, ഈ മേഖലയിൽ ധാരാളം പേർ തൊഴിലെടുത്ത് ഉപജീവനം കഴിക്കുന്നുണ്ട്. പഞ്ചായത്തിൻേറ പുഴയോരത്തോട് ചേർന്ന് കിടക്കുന്ന വാർഡുകളിലാണ് (1-ാം വാർഡ്, 2-ാം വാർഡ്, 3-ാം വാർഡ്, 4-ാം വാർഡ്, 5-ാം വാർഡ്, 7-ാം വാർഡ്) ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും ഉള്ളത്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് മുന്നൂറ് തൊഴിലാളികൾ നേരിട്ടും, സംസ്ക്കരണം വിപണനം, എന്നീ മേഖലയുമായി പ്രത്യക്ഷമായും, പരോക്ഷമായും ബന്ധപ്പെട്ടിരിക്കുന്നവർ ഏകദേശം നാനൂറംപേരുമാണ്.

പ്രധാനമായും, കണമ്പ്, പ്രായി, കരിമീൻ, ഒറവാൻ, പൂവാൻ, പൂമീൻ, മുള്ളൻ, ചെമ്മീൻ, കോലാൻ, ചെമ്പല്ലി, കോര, പട്ടത്തിമാന്തൾ, ഏട്ട, പലവക മീനുകളും ലഭിച്ചു വരുന്നു. ചില സന്ദർഭങ്ങളിൽ സ്രാവും മറ്റു ചില കടൽ മത്സ്യങ്ങളും ലഭിക്കുന്നുണ്ട്. വിപണന സാദ്ധ്യത വളരെ കൂടുതൽ ഉള്ളതും, വിദേശത്തേക്ക് കയറ്റി അയക്കുന്നതുമായ കൊഞ്ച്. ചെമ്മീൻ, വലിയ ഞണ്ട് (മഡ് എന്ന് പറയപ്പെടുന്നു) എന്നിവ കനോലി കനാലിൽ ധാരാളം കണ്ടുവരുന്നുണ്ട്. വേനൽക്കാലത്ത് ഞണ്ടുകളും ലഭ്യമാണ്. ശുദ്ധജല മത്സ്യങ്ങളായ വരാൽ, ആരൽ, കല്ലുത്തി, മലിഞ്ഞിൻ (ഈൽ), തൊണ്ണിവാള, മുശി, കടു, പോട്ട, പരൽ, വാലാത്തൻ എന്നിവ കനാലുകളിൽ നിന്നും, തോടുകളിൽ നിന്നും, കുളങ്ങളിൽ നിന്നും വളരെയധികം ലഭിച്ചുവരുന്നുണ്ട്. കടലിനോട് അടുത്തല്ലെങ്കിലും കടൽ മത്സ്യങ്ങൾ ഇവിടെ സംസ്ക്കരിച്ചെടുക്കുന്ന തൊഴിലാളികൾ കുറവല്ല. ശുദ്ധജല മത്സ്യങ്ങൾ സാധാരണ എല്ലാകാലങ്ങളിലും ലഭിക്കുന്നുണ്ടെങ്കിലും കടുത്ത വേനൽകാലങ്ങളിൽ ഇവയുടെ ദൗർലഭ്യം അനുഭവപ്പെടാറുണ്ട്.

മത്സ്യബന്ധന തൊഴിലാളികൾ

| പ്രവർത്തിക്കുന്ന മേഖല | തൊഴിലാളികളുടെ എണ്ണം |
|---|---|
| കായൽ മത്സ്യബന്ധനം | 270 |
| മറ്റു മത്സ്യ ബന്ധനം | 30 |
| മത്സ്യസംസ്കരണം | 340 |
| മത്സ്യവിപണനം | 60 |
| ആകെ | 700 |

ഓരോകാലത്തും കിട്ടുന്ന മീനുകൾ

| മാസം | ഇനം |
|---|---|
| ജൂൺ മുതൽ ഒക്ടോബർ വരെ | കണമ്പ്,പൂവാൻ,മുള്ളൻ ചെമ്പല്ലി, ചെമ്മീൻ ഏട്ട |
| എല്ലാമാസവും ലഭിക്കുന്നവ | കണമ്പ്,പ്രായി,കോര, കോലാൻ,മറ്റുള്ളവ |
| ഡിസംബർ-മേയ് | കല്ലുത്തി,മുശി,കടു,ഞണ്ട്, കൊഞ്ച്,വരാൽ |

കനോലികനാലിൽ നിന്ന് ധാരാളം കക്ക ലഭിച്ചുവരുന്നുണ്ട്. ഇത് ഭക്ഷ്യവസ്തുവായി ഉപയോഗപ്പെടുത്തുന്നു. കക്കത്തോട് ഒരു വ്യവസായിക അസംസ്കൃത പദാർത്ഥമാണ്. കക്ക നീറ്റി ചുണ്ണാമ്പെടുക്കുന്നവർ ഈ പഞ്ചായത്തിലുണ്ട്. പൂർണ്ണവളർച്ചയെത്തുന്നതിനു മുമ്പ് കക്ക വാരി കൊണ്ടുപോകുന്നതിനാൽ മുൻകാലങ്ങളെ അപേക്ഷിച്ച് വളരെ കുറഞ്ഞ തോതിലാണ് ഇപ്പോൾ ലഭിക്കുന്നത്. ഇവിടെ വ്യവസായികാടിസ്ഥാനത്തിൽ കക്ക കൾച്ചർ ചെയ്യുകയാണെങ്കിൽ, കക്കയുടെ ദൗർബല്യം ഒഴിവാക്കുകയും ഇതുമായി ബന്ധപ്പെട്ട തൊഴിൽ സാദ്ധ്യത വർദ്ധിക്കുകയും ചെയ്യും. പഞ്ചായത്തിൻെറ കിഴക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന കോൾ നിലങ്ങളിൽ ധാരാളം ശുദ്ധജല മത്സ്യങ്ങളും, ഞവിഞ്ഞി (പൈല) ലഭിക്കുന്നുണ്ട്.

പഞ്ചായത്തിൽ മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളൊന്നും നിലവിലില്ല. അതുകൊണ്ട് തന്നെ മത്സ്യത്തൊഴിലാളികളുടെ ദുരിതങ്ങൾ പരിഹരിക്കാൻ ഒരു വേദിയില്ലാത്ത അവസ്ഥയുണ്ട്. മത്സ്യത്തൊഴിലാലി ക്ഷേമനിധികളിൽ പോലും അംഗങ്ങളായിട്ടുള്ളവർ വളരെ കുറച്ചുപേർ മാത്രമേയുള്ളൂ. പഞ്ചായത്തിൽ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി മത്സ്യവിപണന മാർക്കറ്റുകളൊന്നും ഇല്ല. വഞ്ചി അടുക്കുന്ന സ്ഥലത്ത് വെച്ച് കമ്മച്ച വിലക്ക് വില്ക്കുന്ന ഏർപ്പാടാണ് ഇവിടെ നിലവിലുള്ളത്. നല്ല വിലകിട്ടുന്ന നാരൻ ചെമ്മീനുകളും മറ്റും, വിദൂര സ്ഥലത്തേക്ക് കയറ്റുമതി ചെയ്യുന്നതുകൊണ്ട് ഇവിടത്തെ തൊഴിലാളികൾ ദിവസവും ലഭ്യതയ്ക്കനുസരിച്ച് എത്തിച്ചുകൊടുക്കുന്നു. മത്സ്യം സൂക്ഷിച്ചുവെയ്ക്കാൻ ശീതീകരണികളോ, വൻ തോതിൽ ഐസ് ഉൽപാദിപ്പിക്കുന്ന ഐസ്ഫാക്ടറികളോ നിലവിൽ ഇല്ല. സ്വകാര്യ മേഖലയിൽ ഒരു ഐസ്പ്ലാൻറ് ഏകദേശം പണി പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും അതിൻെറ പ്രവർത്തനം ഇതുവരെ ആരംഭിച്ചിട്ടില്ല.

പഞ്ചായത്തിലെ മത്സ്യബന്ധന മേഖലയിലെ തൊഴിലാളികളിൽ ഭൂരിഭാഗം പേർക്കും വഞ്ചിയും, വലയും മറ്റു ഉപകരണങ്ങളും സ്വന്തമായി ഇല്ലാത്തവരാണ് എന്ന സത്യം ഇവിടെ സ്മരിക്കാതിരിക്കാൻ വയ്യ. ദിവസക്കൂലിയ്ക്ക് വഞ്ചിയെടുത്ത് മത്സ്യബന്ധനം നടത്തുകയാൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് വളരെയധികം ബുദ്ധിമുട്ടുകളും, നഷ്ടങ്ങലും അനുഭവിക്കുന്നുണ്ട്. കൊട്ടിൽവഞ്ചികളും, കൊതുമ്പുവള്ളങ്ങളും, രണ്ടുപേർക്കിരിക്കാവുന്ന ചെറിയ വഞ്ചികളുമാണ് സാധാരണയായി ഉപയോഗിച്ചുവരുന്നത്. പഞ്ചായത്തിലെ പുഴകളിൽ ബോട്ടുപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നില്ല. യനത്രവൽകൃത ബോട്ടുകൾ ഉപയോഗിച്ചാൽ മത്സ്യങ്ങൾ ഒരു സ്ഥലത്തുനിന്ന് മറ്റുസ്ഥലങ്ങളിലേക്ക് പാലായനം ചെയ്യും എന്നതാണ് പ്രധാന കാരണം. മത്സ്യബന്ധനത്തിനായി വലകളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. കണ്ടാടി വലകൾ, സാധാരണ വലകൾ മുതലായവയും, ഞണ്ട് പിടിക്കുന്നതിന് സൈക്കിൾ റിമ്മുകളും ഉപയോഗിച്ചുവരുന്നു. പഞ്ചായത്തിലെ ഏകദേശം നാല്പത്തി ഒന്നോലം കുളങ്ങളിൽ അധികവും ക്ഷേത്രകുളങ്ങളും, സ്വകാര്യകുളങ്ങലും ആയിതിനാൽ വ്യവസായികാടിസ്ഥാനത്തിൽ മത്സ്യകൃഷി നടത്തുക അപ്രായോഗികമാണ്. കോൾനിലങ്ങളിലും, തോടുകളിലും, കാനകളിലും നിന്ന് മീൻ പിടിക്കുന്നതിന് മുളകൊണ്ടുള്ള കുരുത്തികളും, ഒറ്റിലുകളും, തടകളും മറ്റും ഉപയോഗിച്ചിരുന്നു. എന്നാൽ ഈ മത്സ്യബന്ധന രീതി ഇന്ന് അന്യം നിന്നുകൊണ്ടിരിക്കുകയാണ്. മറ്റു ജില്ലകളിൽ കാണുന്നപോലെ മത്സ്യബന്ധനത്തിന് ഫൈബർ ബോട്ടുകൾ പഞ്ചായത്തിൽ പ്രാബല്യത്തിൽ വന്നിട്ടില്ല. മത്സ്യത്തൊഴിലാളികളിൽ ഭൂരിഭാഗവും സാമ്പത്തികപിന്നോക്കാവസ്ഥ അനുഭവിക്കുന്നവരും ദാരിദ്ര്യരേഖയ്ക്ക് താഴെ കിടക്കുന്നവരുമാണ്. പഞ്ചായത്തിലെ മത്സ്യത്തൊഴിലാളികൾ സാംസ്ക്കാരികമായും, കായികമായും മുൻപന്തിയിൽ നില്ക്കുന്നവരുണ്ട്. ഇവർ ജില്ല അടിസ്ഥാനത്തിൽ നടത്തി വരാറുള്ള വള്ളംകളി മത്സരങ്ങളിലും മറ്റും പങ്കെടുക്കാറുണ്ട്. സാധാരണ ചുരുളൻ വള്ളങ്ങളാണ് ഇവർ ഇതിനായി ഉപയോഗിക്കുന്നത്. പലപ്പോഴും വർക്ക് പാരിതോഷികങ്ങൾ ലഭിച്ചിട്ടുണ്ട്.

വെങ്കിടങ്ങ് പഞ്ചായത്തിൽ ഏഴ് മത്സ്യ വിപണന കേന്ദ്രങ്ങളാണുള്ളത്. ഇവയിൽ മൂന്നെണ്ണം ഒഴിച്ച് ബാക്കിയെല്ലാം റോഡിൻെറ പാർശ്വങ്ങളിലായിട്ടാണ് സ്ഥിതിചെയ്യുന്നത്. മൂന്നെണ്ണം സ്വകാര്യസ്ഥലത്താണ്. പൊതുമാർക്കറ്റ് എവിടെയുമില്ല. റോഡിൽ

ഉടനീളമുള്ള വിപണനമാണ് ഇന്ന് കൂടുതലായി കണ്ടു വരുന്നത്. മാർക്കറ്റ് കേന്ദ്രമാക്കിയുള്ള വിപണനം കുറ ഞ്ഞുവരുന്നതായി കാണുന്നു.

കേരളത്തിൻെറ തീരങ്ങളിലുനീളം ആരംഭിച്ചുതു ടങ്ങിയിട്ടുള്ളതും, വളരെയേറെ സാദ്ധ്യകളുള്ളതുമായ ശുദ്ധജല മത്സ്യകൃഷി, ഓരുജല ചെമ്മീൻ കൃഷി കാര്യമായ മുന്നേറ്റം കാവ്ചവെക്കാൻ നിർഭാഗ്യ വശാൽ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. തൃശ്ശൂരിലെ കാർഷിക സർവ്വകലാശാലയിൽ നിന്നും, അതു പോലെ പല സ്വകാര്യവ്യക്തികളിൽ നിന്നും, ഫാമു കളിൽ നിന്നും മത്സ്യകൃഷിക്കാവശ്യമായ കുഞ്ഞു ങ്ങലെ വിപണനം ചെയ്തുവരുന്നുണ്ടെങ്കിലും പഞ്ചാ യത്തിൽ വളരെ ചെറിയ തോതിൽ മാത്രമേ ഈ സേവനം ഉപയോഗപ്പെടുത്തുന്നുള്ളു. സമീപജി ല്ലയായ എറണാകുളത്തും, തൃശ്ശൂർ ജില്ലയുടെ തെക്ക് പടിഞ്ഞാറൻ മേഖലയിലും, മത്സ്യകൃഷി വളരെ വ്യാപകവും ലാഭകരവുമാണെങ്കിലും, പഞ്ചായത്തിൽ ഈ കൃഷി രീതി അനുകരിക്കാനോ, നടപ്പാക്കാനോ കഴിയാതെ പോയി. മത്സ്യകൃഷി ലാഭകരമായി ചെയ്യാൻ കഴിയുന്ന പ്രദേശങ്ങള8 നമുക്ക് വേണ്ടത്ര യുണ്ട്.

പഞ്ചായത്തിലെ ഇടിയൻചിറ, പരപ്പ്, പണ്ടാര മാട്, പാണ്ടിനിലങ്ങൾ എന്നീ പ്രദേശങ്ങൾ ചെമ്മീൻ വളർത്തുന്നതിന് വളരെ അനുയോജ്യമായ പ്രദേശങ്ങ ളാണ്. ഈ പ്രദേശങ്ങൾ എല്ലാം കൂടി ഏകദേശം ഇരുന്നൂറേക്കറോളം വരുമെന്നാണ് കണക്ക്. പ്രസ്തുത സ്ഥലങ്ങളിൽ ചെറിയ തോതിൽ ചെമ്മീൻ കൃഷി ആരംഭിച്ചിട്ടുണ്ടെങ്കിലും അതിനെ വികസിപ്പിച്ചെടുക്കേ ണ്ടതാണ്. ഇത് പഞ്ചായത്തിൻെറ മത്സ്യസമ്പ ത്തിലേക്ക് ഒരു മുതൽക്കൂട്ടാകും. എന്നാൽ വ്യവസ്ഥാ പിത രീതിയിൽ കൃഷിചെയ്യാൻ സാമ്പത്തിക ഭദ്രത ഇല്ലാത്തവരാണ് കർഷകരിൽ അധികവും, പുഴയിൽ നിന്ന് ചെമ്മീൻ കുഞ്ഞുങ്ങളെ വൻകിട കർഷകർക്ക് കരിഞ്ചന്തയിൽ വില്ക്കുന്ന രീതി ചിലതൊഴിലാളിക ളെങ്കിലും അനുവർത്തിച്ചു പോരുന്നുണ്ട്. ഇത് മത്സ്യസമ്പത്തിനെ സാരമായി ബാധിക്കുന്ന പ്രശ്ണമാ യതുകൊണ്ട് നിയന്ത്രിക്കേണ്ടതുണ്ട്.

ഈ പ്രദേശങ്ങൾ പിന്നോക്കപ്രദേശങ്ങളിൽ മുൻനിരയിൽ നില്ക്കുന്നു. കാരണം ഇവിടെ ശുദ്ധജ ലക്ഷാമം മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് രൂക്ഷമാണ്. ശുദ്ധജലത്തിനായി ഇവർ പലപ്പോഴും പുഴ മുറിച്ച് കടന്ന് അപ്പുറത്തുള്ള ഏങ്ങണ്ടിയൂർ പഞ്ചായത്തിനെ ആശ്രയിക്കുന്നു. ഇത്തരം പ്രശ്ണങ്ങൾ ഇവരുടെ തൊഴി ലിനെ പ്രതികൂലമായി ബാധിക്കുന്നു.

കിട്ടുന്ന മീനുകൾ ഇനംതിരിച്ചുള്ള കണക്കുകൾ

| ക്രമനമ്പർ | ഇനം | അളവ് |
|---|---|---|
| 1 | കണമ്പ് | 98.60 |
| 2 | കോലാൻ | 36.50 |
| 3 | ചെമ്പല്ലി | 73 |
| 4 | ഞണ്ട് | 87.90 |
| 5 | ചെമ്മീൻ | 108 |
| 6 | കരിമീൻ | 56.65 |
| 7 | വരാൽ | 65 |
| 8 | മറ്റുള്ളവ | 784.85 |
| | ആകെ | 1310.50 |

തൊഴിലാളികളിൽ മൊത്തം ആളുകളും, മത്സ്യഫെഡു വഴിയോ മറ്റോ തൊഴിൽ സാമഗ്രികൾ വാങ്ങിക്കുകയോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ലാ ത്തവരാണ്. എന്നാൽ ചില സാമ്പത്തിക പദ്ധതികളി ലൂടെയും, ലോണുകളിലൂടെയും ആയി സാമഗ്രികൾ വാങ്ങിയവർ ചുരുക്കം പേരുണ്ട്. സാധാരണ വലകളും അതിനൊടനുബന്ധിച്ച വസ്തുക്കളും തൊഴിലാളികൾ സ്വയം ഉണ്ടാക്കിയെടുക്കുന്നവയാണ്. എന്നാൽ പല പ്പോഴും വഞ്ചി നിർമ്മിക്കുന്നതിൽ ഒരുപാട് കാലം ഇവർ കാത്തിരിക്കേണ്ടതായി വരുന്നു. കാരണം ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ വളരെ തുച്ഛമാണെന്നു മാത്രമല്ല മറ്റു ജില്ലകളിൽ നിന്ന് വന്ന് പണിയെടുക്കുന്നവരാണ്. വഞ്ചി നിർമ്മാ ണത്തൊഴിലാളികൾ ഇല്ലാത്തതുകൊണ്ട് തൊഴിലാ ളികൾ ചോദിച്ച കൂലി കൊടുക്കേണ്ടതായി വരുന്നു. അതുകൊണ്ട് വഞ്ചി നിർമ്മാണം വളരെ ബുദ്ധിമു ട്ടുള്ളതും മുതൽ മുടക്കുള്ളതുമായ സംഗതിയായി മാറി.

| 1വർഷം | കക്കയുടെ ഉപയോഗം | വരുമാനം |
|---|---|---|
| 6മാസം കക്ക യെടുക്കുന്നു | 126 ടണ്ണിൽ കൂടുതൽ | 2-5 ലക്ഷം വരെ |

കക്കയുടെ കണക്ക്

ആധുനിക ഉപകരണങ്ങളുടെ ഉപയോഗം പഞ്ചായത്തിലെ മത്സ്യതൊഴിലാളികൾക്ക് ലഭ്യമായിട്ടില്ല. പരമ്പരാഗത രീതി അവലംബിച്ച് മത്സ്യം പിടിക്കുന്നവരാണ് അധികം തൊഴിലാളികളും. നല്ലൊരു ശതമാനം തൊഴിലാളികളും വഞ്ചി വാടകയ്ക്കെടുത്താണ് മത്സ്യബന്ധനം നടത്തുന്നത്. ഒന്നോ, രണ്ടോ, മൂന്നോ പേർ ഒരുമിച്ചു ചേർന്നാണ് പുഴയിൽ മത്സ്യബന്ധനത്തിനു പോകുന്നത്. ഇവർ സഹകരിച്ച് വലനെയ്യലും, മീൻ പിടിക്കലും വിപണനവുമെല്ലാം നടത്തും. ഇതുമൂലം ഒരു പരിധിവരെ ഇവർ ചൂഷണങ്ങളിൽ നിന്ന് രക്ഷപ്പെട്ടിരിക്കുന്നു. എന്നിരുന്നാലും മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം വളരെ താഴ്ന്നതാണ്. എല്ലാമാസങ്ങളിലും പുഴയിൽ മത്സ്യബന്ധനം അനുയോജ്യമാണ്.

### പ്രധാനപ്രശ്നങ്ങൾ

1. ഭൂരിഭാഗം പുഴയോരവും കണ്ടൽ ചെടി വെച്ചുപിടിപ്പിച്ച് പ്രത്യേകിച്ചും കനോലികനാലിൻെറ ഇരുകരകളും കയ്യേറ്റം തടയുക.
2. വിപണനമാർക്കറ്റും ഇല്ല.
3. ആധുനിക മത്സ്യബന്ധന രീതിയും ഉപകരണങ്ങളും ഉപയോഗിക്കുന്നില്ല.
4. അനുയോജ്യമായ സ്ഥലങ്ങൾ ധാരാളമുണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ ചെമ്മീൻ കൃഷിയും മത്സ്യകൃഷിയും നടത്തുന്നില്ല.
5. ഉൾനാടൻ മത്സ്യകൃഷിക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല.
6. വിപണന സംവിധാനം ഇല്ല.
7. മത്സ്യത്തൊഴിലാളികൾ 'തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ വൈദ്യുതി, ശുദ്ധജലം, പാർപ്പിടം ഇല്ല.
8. മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരം ഇല്ല. ഇതിനുവേണ്ട നടപടികൾ ചെയ്യേണ്ടതാണ്.
9. മത്സ്യരോഗം ശുദ്ധജല മത്സ്യങ്ങളെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതുമൂലം വരാൽ മുതലായ മത്സ്യങ്ങൾ വംശനാശത്തിൻെറ വക്കിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. മത്സ്യരോഗം തടയാനുള്ള പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.
10. കണ്ടൽ ചെടി വെച്ചു പിടിപ്പിക്കാത്തതുകൊണ്ട് കനോലികനാലിൻെറ വീതി കുറഞ്ഞു വരുന്നു.
11. ആധുനിക കൃഷി സമ്പ്രദായങ്ങളെക്കുറിച്ചുള്ള അറിവ് നൽകാനുള്ള വേദി ഒരുക്കികൊടുക്കണം.

### സാദ്ധ്യതകൾ-നിർദ്ദേശങ്ങൾ

1. മൽസ്യതൊഴിലാളി സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
2. ദേശീയ മൽസ്യത്തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ഗ്രാൻറ് പഞ്ചായത്തിലെ തൊഴിലാളികൾക്കിടയിൽ നടപ്പാക്കുക.
3. കുളങ്ങളിൽ മത്സ്യകൃഷിക്ക് സാങ്കേതിക സഹായങ്ങളും, മീൻകുഞ്ഞുങ്ങളും ലഭിക്കേണ്ടതാണ്.
4. കായൽപ്രദേശത്ത് പുളിവെള്ളം കയറാതിരിക്കാൻ സ്ഥിരമായ സംവിധാനം വേണം.
5. മത്സ്യബന്ധനം നടത്തിയാൽ അതിൻെറ വിപണനത്തിനായി പണ്ടാരമാട്-പരപ്പ് റോഡ് നിർമ്മിക്കണം.
6. K.L.D.C പുഴതാഴ്ത്തിഎടുക്കുന്ന മണ്ണ് പ്രസ്തുത പണ്ടാരമാട് ഇടിയൻചിറ റോഡിനായി ഉപയോഗിക്കേണ്ടതാണ്.
8. മത്സ്യമാർക്കറ്റും, കോൾഡ് സ്റ്റോറേജും, പഞ്ചായത്തിൽ സ്ഥാപിക്കണം.
9. ചെമ്മീൻ കുഞ്ഞുൽപ്പാദന കേന്ദ്രം സ്ഥാപിക്കണം.
10. ഒരു വല നിർമ്മാണ യൂണിറ്റ് സ്ഥാപിക്കുക.

11. മൽസ്യരോഗങ്ങൾ സംബന്ധിച്ച് കൂടുതൽ കാര്യ മായ പഠനങ്ങൾ നടത്തുക. രോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുക.

12. മൽസ്യതൊഴിലാളികളുടെ വീടുകളുടെ ശോച്യാ വസ്ഥ പരിഹരിക്കുന്നതിനാവശ്യമായ നടപ ടികൾ സ്വീകരിക്കുക.

13. ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമ ത്തിന് പദ്ധതിയുണ്ടാക്കുക.

14. പുഴകളിൽ നിന്ന് ചെമ്മീൻ കുഞ്ഞുങ്ങളെ കടത്തി വിൽക്കുന്നത് തടയുക.



# കുടിവെള്ളവും പൊതുജനാരോഗ്യവും

വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പ്രശ്നം വളരെ രൂക്ഷമാണ്. പഞ്ചായത്തിലെ ആകെയുള്ള 11 വാർഡുകളിൽ ഉപ്പുവെള്ള ഭീഷണി നിലനില്ക്കുന്ന തീരദേശ വാർഡുകളായ 1,2,3,4,5,7,11 എന്നീ വാർഡുകളിൽ ശുദ്ധജലമെത്തിക്കുന്നതിന് പൈപ്പ് ലൈൻ നീട്ടുക മാത്രമാണ് പോംവഴി. കുഴൽ കിണറുകൾ ഈ ഭാഗങ്ങളിൽ പ്രായോഗികമല്ല. ആഴത്തിൽ പോകുന്ന കുഴൽ കിണറുകളിൽ നിന്ന് ഉപ്പുവെള്ളമായിരിക്കും ലഭിക്കുക. എങ്കിലും വിവിധ ഭാഗങ്ങളിൽ 19 കുഴൽ കിണറുകൾ ഉള്ളതായി കാണുന്നു. 60%ലേറെ കുടുംബങ്ങൾക്ക് കിണറുകൾ ഉണ്ടെങ്കിലും തീരദേശവാർഡുകളിലെ കിണറുകളിൽ ജനുവരി മാസം മുതൽ ഉപ്പുവെള്ളമായിരിക്കും ലഭിക്കുക. 43 പൊതുടാപ്പുകൾ ഉണ്ടെങ്കിലും 12 എണ്ണം പ്രവർത്തനക്ഷമമല്ല. 20 കുടുംബങ്ങൾക്ക് ഹൗസ് കണക്ഷൻ കൊടുത്തിട്ടുണ്ട്.

തീരദേശ വാർഡുകളിലെ ജനങ്ങളിൽ പലരും കനോലി കനാൽ കടന്ന് മണലൂർ, വാടാനപ്പള്ളി, ഏങ്ങണ്ടിയൂർ എന്നീ പഞ്ചായത്തുകളുടെ ടാപ്പുകളിൽ നിന്ന് വള്ളത്തിൽ പോയി വെള്ളം കൊണ്ടുവരുന്നു.

**പഞ്ചായത്തിലെ ശുദ്ധജല സ്രോതസ്സുകളുടെ വിവരം താഴെ ചേർക്കുന്നു.**

**പ്രശ്നങ്ങൾ**

1. തീരദേശ വാർഡുകളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.
2. ഈ ഭാഗത്ത് കുഴൽ കിണർ പ്രായോഗികമല്ല. കുഴൽ കിണർ ആഴത്തിൽ പോകുന്നതുകൊണ്ട് ഉപ്പുവെള്ളമാണ് ലഭിക്കുന്നത്.
3. തീരദേശ വാർഡുകളിൽ നിലവിലുള്ള കിണറുകളിൽ ജനുവരി മാസം മുതൽ ഉപ്പുവെള്ളമായിരിക്കും ലഭിക്കുക.
4. കേരള വാട്ടർ അതോറിറ്റി മുഖേന സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകളിൽ ആവശ്യമായ വെള്ളം ലഭിക്കുന്നില്ല.
5. പൊതുടാപ്പിലേയ്ക്ക് വെള്ളമെത്തിക്കുന്ന പൈപ്പുകൾ കാലപഴക്കമുള്ളതാണ്.
6. നിലവിൽ ഉള്ള വാട്ടർ ടാങ്കുകൾ (4 എണ്ണം) ആവശ്യമായ രീതിയിൽ ഉപയോഗിക്കുന്നില്ല.
7. പൊതു ടാപ്പുകളുടെ അറ്റകുറ്റപണി യഥാസമയം നടത്തുന്നില്ല.

| കിണറുകൾ | | | | ഭാഗികമായി ഉപയോഗിക്കുന്നവ | കുഴൽ കിണറുകൾ | മൊത്തം കിണറുകൾ |
|---|---|---|---|---|---|---|
| പൊതുകിണറുകൾ | | സ്വകാര്യ കിണറുകൾ | | | | |
| ഉപയോഗിക്കുന്നവ | ഉപയോഗിക്കാത്തവ | ഉപയോഗിക്കുന്നവ | ഉപയോഗിക്കാത്തവ | | | |
| 27 | 8 | 1731 | 63 | 348 | 19 | 2196 |

## സാദ്ധ്യതകൾ

1. ഇടിയഞ്ചിറ റഗുലേറ്ററിൻെറ പണി ഉടനെ പൂർത്തീകരിക്കുകയും, ഉപ്പുവെള്ളം കയറുന്നത് തടയുകയും ചെയ്താൽ സമീപ പ്രദേശങ്ങളിലെ കിണറുകളിലും കുളങ്ങളിലും ശുദ്ധജലം ലഭിക്കുന്നതായിരിക്കും.

2. ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി പ്രകാരം 10-ാം വാർഡിലെ നാട്ടുകല്ലിൽ സ്ഥാപിക്കുന്നതിന് തയ്യാറാക്കിയ 4 കോടി 30 ലക്ഷം രൂപയുടെ നിർദ്ദിഷ്ട പദ്ധതി പൂർത്തീകരിച്ചാൽ എല്ലാ വാർഡുകളിലേയും, ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുന്നതിന് കഴിയും. മേൽ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുകയാണെങ്കിൽ താഴെ പറയുന്ന ചെറുകിട പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

(എ) ഒന്നാം വാർഡിൽ ശുദ്ധജലം ലഭിക്കുവാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ പൊതുകിണറുകൾ കുഴിക്കുകയും ടാങ്ക് നിർമ്മിച്ച് പൈപ്പ് വഴി ശുദ്ധജലം പണ്ടാരമാടിലേയ്ക്ക് എത്തിക്കുകയും ചെയ്യുക.

(ബി) പള്ളികടവ് മുതൽ പുളിക്കക്കടവ് വരെയുള്ള തീരപ്രദേശത്ത് ശുദ്ധജലം ലഭിക്കുന്നതിന് പൈപ്പ് നീട്ടുക.

(സി) ആന്തൂരമാട് പ്രദേശത്തേയ്ക്ക് പ്രധാന കരയിൽ നിന്നും പൈപ്പ് ലൈൻ നീട്ടി ശുദ്ധജലം എത്തിക്കുക.

(ഡി) മൂന്നാം വാർഡിലെ കൊട്ടാരം പറമ്പിനടുത്ത് നിലവിലുള്ള പൈപ്പ് ലൈൻ നീട്ടുകയും കൂടുതൽ ടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.

(ഇ) നാലാം വാർഡിലെ കാളിയമാക്കൽ ഭാഗത്തേയ്ക്ക് ഏനാമാവ് കെട്ടിൻെറ അടുത്തുള്ള പൈപ്പ് ലൈൻ നീട്ടുക.

(എഫ്) അഞ്ചാം വാർഡിലെ മേനാട്ടുകുളം (പഞ്ചായത്ത് കുളം) പരിസരത്ത് ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി വെള്ളം വിതരണം നടത്തുക.

(ജി) ഏനാമാവ് കടവ് ഭാഗത്ത് സ്ഥിതിചെയ്യുന്ന ടാങ്കിലേയ്ക്ക് വെള്ളം നിറക്കുന്നതിന് മോട്ടോർ സൗകര്യം ഏർപ്പെടുത്തുക.

(എച്ച്) 6-ാം വാർഡിലെ ചിരട്ട കടവിലെ കിണർ പരിസരത്തുള്ള തോട്ടിലേയ്ക്ക്, വടക്കേ കോഞ്ചിറയിൽ നിന്നും വെള്ളം കയറ്റി നിർത്തിയാൽ ആ പരിസരത്തുള്ള കിണറുകളിലും കുളങ്ങളിലും ശുദ്ധജലം ലഭിക്കുന്നതാണ്.

(ഐ) ആറാം വാർഡിലെ ഏനാകുളത്തിനടുത്ത് സ്ഥിതിചെയ്യുന്ന ടാങ്കിൻെറ അറ്റകുറ്റ പണികൾ നടത്തി കുളത്തിലെ ജലം ശുദ്ധീകരിച്ച് ടാങ്കിൽ നിറച്ച് പൈപ്പ് ലൈൻ വഴി വിതരണം നടത്തുക.

(ജെ) എല്ലാ പൊതുകിണറുകളുടേയും കേടുപാടുകൾ തീർത്ത് ആഴം കൂട്ടുക.

(കെ) സാധ്യമായ സ്ഥലങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

(എൽ) കോൾ നിലങ്ങളിൽ ലഭ്യമാകുന്ന അധികജലം താഴ്ന്ന ഭാഗങ്ങളിലേയ്ക്ക് തോടുകൾ വഴി തിരിച്ചുവിട്ടാൽ താഴ്ന്ന പ്രദേശങ്ങളിലെ നീർവാഴ്ച നിലനിർത്താനും, കിണറുകളിലും കുളങ്ങളിലും ജല ലഭ്യത നില നിർത്താനും കഴിയും.

(എം) എട്ടാം വാർഡിലെ കണ്ണംകുളങ്ങര സെറ്റിൽമെൻറ് കോളനി, നാല് സെൻറ് കോളനി എന്നീ സ്ഥലങ്ങളിലേയ്ക്ക് നാട്ടുകല്ലിൽ നിലവിലുള്ള ടാങ്കിൽ നിന്ന് പൈപ്പ് ലൈൻ നീട്ടി വെള്ളമെത്തിക്കുക.

# ആരോഗ്യം

1973 ഒക്ടോബർ 11 - വരെ പഞ്ചായത്തിലെ ആരോഗ്യരംഗം ബ്ലോക്ക് കമ്മ്യൂണിറ്റിസെൻററിനേയും, പാരമ്പര്യ ആയൂർവേദ വൈദ്യങ്ങളേയും നാടോടി ചികിത്സാ രീതികളേയും ആശ്രയിച്ചായിരുന്നു. ഇവയ്ക്കു പുറമെ അന്ധവിശ്വാസങ്ങളുടെയും അനാചാര രീതികളുടെയും അനുയോജ്യമല്ലാത്ത വൈദ്യങ്ങളും നിലവിലുണ്ടായിരുന്നു. ആധുനിക ശാസ്ത്രവും ചികിത്സാരീതികളും വളരെ പുരോഗമിച്ച ഈ ഘട്ടത്തിലും പലരും അന്ധവിശ്വാസങ്ങൾക്കും, അനാചാര ചികിത്സാ രീതികൾക്കും പ്രാധാന്യം കൊടുത്തുവരുന്നുണ്ട്.

1973 ഒക്ടോബർ പതിനൊന്നിന് പഞ്ചായത്ത് വകുപ്പുമന്ത്രി ശ്രീ. കെ. അവുകാദർ കുട്ടി നഹ പഞ്ചായത്തിൻെറ പ്രാഥമിക ആരോഗ്യകേന്ദ്രം പാടൂരിൽ ജനങ്ങൾക്ക് തുറന്നുകൊടുത്തു. ഇതിനു പുറമെ പഞ്ചായത്തിൽ ഒരു ഹോമിയോ ഡിസ്പെൻസറിയും, ഒരു ആയൂർവേദ ഡിസ്പെൻസറിയും നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്നു. ഇവിടെ ഏകദേശം ആറ് ജീവനക്കാർ സേവനമനുഷ്ഠിച്ചുവരുന്നു. ഇവ രണ്ടിനും സ്വന്തമായി കെട്ടിടങ്ങൾ ഇല്ല.

സർക്കാർ ആരോഗ്യസ്ഥാപനങ്ങൾക്കുപുറമെ, ഇവിടെ മൂന്ന് അലോപതി ഡിസ്പെൻസറികൾ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. തൊയക്കാവിൽ രണ്ടാംവാർഡിൽ പ്രവർത്തിക്കുന്ന സെൻറ്വിൻസെൻറ് ഡിപോൾ ഡിസ്പെൻസറി, വെങ്കിടങ്ങിൽ കണ്ണോത്തുള്ള പ്രൈമറി ഹെൽത്ത്സെൻറർ, ഏനാമാക്കലുള്ള ശാന്തി നേഴ്സിംഗ് ഹോം എന്നിവയാണ്. ഇവയിൽ ഡോക്ടർമാരടക്കം ഒമ്പതോളം ജീവനക്കാരുണ്ട്. ഇതിൽ കണ്ണോത്തുള്ള പ്രൈമറി ഹെൽത്ത് സെൻററിൽ സൗജന്യ ചികിത്സാ രീതിയാണ് ഇപ്പോഴുള്ളത്. ഇവക്കു പുറമെ രണ്ടു ഡെൻറൽ ക്ലിനിക്കുകളും, രണ്ട് ലബോറട്ടറികളും പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിൽ ഏകദേശം പതിമൂന്നോളം വിവിധ ഡോക്ടർമാർ സേവനമനുഷ്ഠിച്ചു പോരുന്നുണ്ട്. മൊത്തം ജനസംഖ്യയുടെ 3486 ജനങ്ങൾക്ക് ഒരു അലോപതി ഡോക്ടറും 13945 പേർക്ക് ഒരു ദന്തഡോക്ടറും, 27889 പേർക്ക് ഒരു ഹോമിയോ ഡോക്ടറും, 9296 പേർക്ക് ഒരു ആയൂർവേദ ഡോക്ടറും ഉണ്ട് എന്നതാണ് കണക്ക്. എങ്കിലും ആരോഗ്യ സേവന രംഗത്ത് എല്ലാ ജനവിഭാഗങ്ങളും കൈകോർത്തു പ്രവർത്തിക്കുന്നത് പഞ്ചായത്തിൻെറ വിജയമാണ്.

### പട്ടിക - 1

ആരോഗ്യമുള്ള ജനത രാജ്യത്തിൻെറ സമ്പത്താണ്. പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം തൊണ്ണൂറ് ശതമാനത്തിനുമുകളിൽ ആരോഗ്യ സൂചിക എത്തിനിൽക്കുന്നു. പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 27889 ആണ്. (96- Sept.) രാജ്യത്തിൻെറ ജനനമരണനിരക്കുകളാണ് ആരോഗ്യം കണക്കാക്കപ്പെടുന്നതിനുള്ള മാനദണ്ഡം - പോയ വർഷത്തിൽ ആകെ മരണങ്ങൾ 124 ആണ്. പഞ്ചായത്തിൻെറ മരണ നിരക്ക് 4.45 ആണെന്ന് ഇതിൽ നിന്ന് കണക്കാക്കാവുന്നതാണ്. കേരളത്തിൻെറ മരണനിരക്ക് 5.9 ആണ്. പഞ്ചായത്തിൻെറ മരണനിരക്ക് സംസ്ഥാനത്തിൻെറ മരണ നിരക്കിനേക്കാൾ 1.45 കുറവായാണ് രേഖപ്പെടുത്തുന്നത്. അതുപോലെ തന്നെ കഴിഞ്ഞ വർഷം രേഖപ്പെടുത്തിയ ശിശുമരണം രണ്ട് മാത്രമാണ്. അതായത് പഞ്ചായത്തിൻെറ ശിശുമരണ നിരക്ക് 5.98 ആണ്. സംസ്ഥാനത്തിൻെറ ശിശുമരണ നിരക്ക് 16 ആകുമ്പോൾ പഞ്ചായത്തും സംസ്ഥാനവും തമ്മിലുള്ള അന്തരം 10.02 ആണ്. കേരളത്തിൻെറ മാതൃമരണനിരക്ക് 1000-ത്തിൽ ഒന്ന് എന്ന് രേഖപ്പെടുത്തുമ്പോൾ പഞ്ചായത്തിൽ മാതൃ മരണങ്ങളൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

പഞ്ചായത്തിൽ കഴിഞ്ഞവർഷം ആകെ ജനനങ്ങൾ 254 ആണ്. ഇതിൽ ഒന്ന് ചാപ്പിള്ള ജനനമായിരുന്നു. സംസ്ഥാന ജനനനിരക്ക് 17 ആകുമ്പോൾ പഞ്ചായത്തിൻേറത് വെറും 9.07 ആണ്. പഞ്ചായത്തിൻെറ വികസനത്തിനുതകുന്ന ആരോഗ്യനിലവാരമാണ് ഇന്ന് നിലവിലുള്ളത്. ഇത് നൂറ് ശതമാനത്തിലേക്ക് ഉയർത്ത തക്കവണ്ണമുള്ള പ്രവർത്തനങ്ങൾ ആവശ്യമാണ്.

പഞ്ചായത്തിലെ ശിശുമരണ നിരക്കും, ജനന നിരക്കും വളരെ കുറവാണെന്ന് പറഞ്ഞല്ലോ. പഞ്ചായത്തിൽ മൊത്തം കുട്ടികളിൽ ഒരു വയസ്സിന് താഴെയുള്ളവർ 334ഉം, 1-2 വയസ്സുള്ളവർ 308ഉം, 2-3 വയസ്സുവരെയുള്ളവർ 309ഉം, 3-5 വരെയുള്ളവർ 664 ആണ്. ഇതിൽ ബി.സി.ജി. കുത്തിവെപ്പ് നടത്തിയവർ 318 പേരും, ഢിപിറ്റി. കുത്തിവെപ്പ് നടത്തിയവർ 400 പേരും, ഡിറ്റി. കുത്തിവെപ്പ് നടത്തിയവർ 37ഉം. മീസൽസ് 174 പേരും ചെയ്തതായി അംഗൻവാടി റിപ്പോർട്ടുകൾ പറയുന്നു. അറുപത് വയസ്സിനുമുകളിലുള്ളവരുടെ ജനസംഖ്യ പഞ്ചായത്തിൽ കൂടുതലാണ്. മരണ നിരക്ക് കുറഞ്ഞുപോയതുകൊണ്ട് ആരോഗ്യപരിപാലന രംഗത്ത് വൃദ്ധജനങ്ങൾക്ക് വ്യക്തമായ സ്ഥാനം നൽകുന്നുണ്ടെന്ന വസ്തുത അംഗീകരിച്ചേ പറ്റൂ.

## പട്ടിക - 2 - 3- 4

കുടുംബക്ഷേമ പ്രവർത്തനങ്ങൾ പഞ്ചായത്തിൽ കാര്യമായി നടന്നുപോരുന്നുണ്ടെങ്കിലും, പ്രവേഗം വളരെ കുറവാണെന്നു തന്നെ പറയാം. 3540 ദമ്പതിമാരുള്ളതിൽ കുടുംബാസൂത്രണ പ്രവർത്തനങ്ങളിൽ പങ്കുചേർന്നിട്ടുള്ളവർ 2301 ആണെന്ന് പ്രാഥമിക ആരോഗ്യ കേന്ദ്രം റിപ്പോർട്ട് ചെയ്യുന്നു. ഇതിൽ വാസക്ടാി നടത്തിയവർ 47 പേരും, ട്യൂബക്ടമി നടത്തിയവർ 1615പേരും, ഇൻട്രായൂട്ടറിൻ ഡിവൈസസ് ഉപയോഗിക്കുന്നവർ 151 പേരും, കോൺട്രസെപ്റ്റീവ്സ് ഉപയോഗിക്കുന്നവർ 318 പേരും, ഗർഭ നിരോധന ഗുളികകൾ ഉപയോഗിക്കുന്നവർ 170 പേരും ആണ്. കുടുംബാസൂത്രണ പ്രവർത്തനങ്ങളിൽ ഭാഗികമായി മാത്രമേ 1239 പേർ ബന്ധപ്പെടുന്നുള്ളൂ. ദമ്പതികൾക്ക് ഇനിയും ബോധവൽക്കരണ ക്ലാസ്സുകൾ ആവശ്യമായിട്ടുണ്ട്. പ്രാഥമിക ആരോഗ്യകേന്ദ്രം വഴി കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി സൗജന്യമായി വിതരണം ചെയ്തുവരുന്ന സേവനസാമഗ്രികൾ ജനങ്ങൾ ഉപകാരപ്രദമായി വിനിയോഗിക്കാതിരിക്കുകയോ അല്ലെങ്കിൽ അവരിൽ എത്താതിരിക്കുകയോ ആയ പ്രവണത നിലവിലുണ്ട്.

## പട്ടിക - 5 - 6 - 7

രോഗനിവാരണ മാർഗ്ഗങ്ങൾ സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പ്രാഥമിക ആരോഗ്യകേന്ദ്രം ചെയ്തുവരുന്നുണ്ടെങ്കിലും അതിന്റെ പരിപൂർണ്ണതയിലെത്താൻ കഴിഞ്ഞിട്ടില്ല. കാരണം പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ പത്തുകിടക്കകളുള്ള വാർഡിന്റെ പ്രവർത്തനം നിലച്ചമട്ടിലാണ്. മാത്രമല്ല ഡോക്ടർമാർക്കും, നഴ്സുമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കുമുള്ള, ക്വാർട്ടേഴ്സുകളോ, മറ്റു സൗകര്യങ്ങളോ ഇല്ലാത്തതുകൊണ്ടും വേണ്ടത്ര ജീവനക്കാരില്ലാത്തതുകൊണ്ടും, രാത്രി കാല ശുശ്രൂഷ കിടത്തി ചികിത്സിക്കുന്ന രോഗികൾക്ക് ഇതുകൊണ്ടുതന്നെ കിട്ടാതെ പോകുന്നുണ്ട്.

പരിസരജന്യരോഗങ്ങളായ ചുമ പഞ്ചായതതിലെ പല ഭാഗങ്ങളിൽ നിന്നും റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. ജലജന്യരോഗങ്ങളായ വയറിളക്കവും, അതിസാരവും, അമീബിയാസിസ് മുതലായവയും കണ്ടുവരുന്നു. ദാരിദ്ര്യജന്യ രോഗങ്ങളൊന്നും ഇതുവരെ റിപ്പോർട്ട് ചെയ്തതായിട്ടില്ല. തൊഴിൽജന്യരോഗങ്ങളായ ശ്വാസകോശരോഗങ്ങൾ, ചൊറി, വളംകടി മുതലായവയും മറ്റും സാധാരണമാണ്. പൊതുവായി കാണുന്ന രോഗങ്ങളിൽ പ്രമേഹം ഒന്നാം സ്ഥാനത്തുണ്ട്. കാൻസർ രോഗികൾ പഞ്ചായത്തിൽ അങ്ങിങ്ങായി ഉണ്ടെങ്കിലും കൃത്യമായ കണക്കുകൾ ലഭ്യമല്ല. പഞ്ചായത്തിൽ ശ്വാസകോശ രോഗികളുടെ എണ്ണം അനുദിനം വർദ്ധിച്ചുവരുന്നുണ്ട്.

8627 രോഗികൾ ശ്വാസകോശ രോഗങ്ങളുമായി ബുദ്ധിമുട്ടുന്നുണ്ട്. ദന്തരോഗികളുടെ എണ്ണവും തീരെകുറവല്ല. 3550 ദന്തരോഗികളെ പ്രാഥമിക ആരോഗ്യകേന്ദ്രം ചൂണ്ടികാട്ടിതന്നിട്ടുണ്ട്. ഇതിൽ കൂടുതൽ രോഗികൾ പഞ്ചായത്തിലുണ്ടെന്ന് വേണം കരുതാൻ. ത്വക്ക് രോഗം ബാധിച്ചിട്ടുള്ളവർ 3405 ആണ്. വില്ലൻചുമ, മീസെൽസ്സ്, സബ്ക്യൂട്ടേനിയസ്, എന്നീ രോഗങ്ങൾ പഞ്ചായത്തിൽ കണ്ടുവരുന്നില്ല. അമീബിയാസിസ്, ട്യൂബർകുലോസിസ്, മലേറിയ, ന്യൂമോണിയ, തിമിരം, ചെങ്കണ്ണ് , ഓട്ടിട്ടീസ് മീഡിയ, റുമാറ്റിക് ഫീവർ, ടോൺസിലൈറ്റിസ് എന്നിവയും പഞ്ചായത്തിൽ കണ്ടുവരുന്ന രോഗങ്ങളാണ്. മൂന്ന് കുഷ്ഠരോഗികളും പഞ്ചായത്തിലുണ്ടെന്ന വസ്തുത മനസ്സിലാക്കേണ്ടതുണ്ട്.

## പട്ടിക - 8

പഞ്ചായത്തിലെ ആയുർദൈർഘ്യം ശരാശരി 60-70 വയസ്സുവരെയാണ്. തൊണ്ണൂറു വയസ്സിനു മുകളിലുള്ള വൃദ്ധജനങ്ങൾ കുറച്ചൊക്കെ പഞ്ചായത്തിലുണ്ട് എന്ന വസ്തുത വെളിപ്പെടുത്തട്ടെ. ജനന നിരക്ക് കൂടുതലും മരണനിരക്ക് കുറവുമായ

തുകൊണ്ട് ആയുർദൈർഘ്യം ഊഹിച്ചെടുക്കാവുന്നതാണ്. അംഗവൈകല്യം ബാധിച്ചവർ വെറും .07% മാത്രമാണ്. ഇവരിൽ മുഴുവൻപേരും ജന്മം കൊണ്ട് അംഗവൈകല്യം ഉള്ളവരല്ല. പോളിയോ പോലുള്ള അസുഖം പിടിച്ചവർ ഇതിൽ ഉൾപ്പെടുന്നു. ആരോഗ്യ പോഷണ നിലവാരം ഒന്നും മോശമല്ല. പ്രാഥമിക ആരോഗ്യകേന്ദ്രം അംഗൻവാടികൾ, കുടുംബക്ഷേമ കേന്ദ്രം വഴിയും ഇതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഏകദേശം 25 - ഓളം ഗർഭിണികൾ ആരോഗ്യകേന്ദ്രം വഴി പരിചരണം ലഭിച്ചുവരുമ്പോൾ 200-ഓളം ഗർഭിണികൾക്ക് സബ്സെൻറർ വഴിയും, അംഗൻവാടികൾ വഴിയും പരിചരണം ലഭിച്ചുവരുന്നു. ഇരുമ്പിൻെറ അംശം കുറഞ്ഞുപോകാതിരിക്കാൻ അയേൺ ഗുളികകളും ഗർഭിണികൾക്ക് നൽകിവരുന്നു.

പഞ്ചായത്തിലെ ആരോഗ്യരക്ഷാചെലവ് വളരെ കുറവാണെന്നാണ് നിഗമനം. വ്യക്തമായ കണക്കുകൾ ലഭ്യമല്ലെങ്കിലും, മൊത്തം ആരോഗ്യ പ്രവർത്തനം വിലയിരുത്തുമ്പോൾ പലകാര്യങ്ങളിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടന്നുപോരുന്നില്ല. ഹൃദ്രോഗികൾക്കും മറ്റും സേവനം നൽകാനുള്ള സാധന സാമഗ്രികൾ കുറവാണ്.

പഞ്ചായത്തിൻെറ പതിനൊന്നാം വാർഡിൽ സ്ഥിതിചെയ്യുന്ന പ്രൈമറി ഹെൽത്ത് സെൻററാണ് ആരോഗ്യരംഗത്തെ പ്രധാനസ്ഥാപനം ഒരേക്കർ സ്ഥലത്ത് നില്ക്കുന്ന ഈ സ്ഥാപനത്തിന് രണ്ട് കെട്ടിടങ്ങളും, പത്ത് ബെഡും ഉണ്ട്. ഇതിനോടനുബന്ധിച്ച് അഞ്ച് സബ്സെൻററുകൾ പ്രവർത്തിച്ചുവരുന്നു. റോഡുകളുടെ ശോചനീയാവസ്ഥ രോഗികളെ ഇവിടെ എത്താൻ തടസ്സം നില്ക്കുന്നു. രാത്രികാലങ്ങളിൽ വാഹനങ്ങളുടെ ലഭ്യതയുടെ അഭാവം രോഗികളെ ബുദ്ധിമുട്ടിക്കുന്നുണ്ട്. ഹോസ്പിറ്റലിൽ ഒരു ഡോക്ടറും ഇതര 18 ജീവനക്കാരും സേവനം അനുഷ്ഠിക്കുന്നു. ഡോക്ടറുടെ സേവനം ഏകദേശം മൂന്നോ-നാലോ മണിക്കൂർ മാത്രം. ഈ സ്ഥിതി മാറേണ്ടതുണ്ട്. ഒരു ലേഡിഡോക്ടറുടെ സേവനം അത്യാവശ്യമായി ലഭ്യമാക്കേണ്ടതുണ്ട്. ഗർഭിണികളുടെ പരിചരണം നടന്നുവരുന്നുണ്ടെങ്കിലും ലേബർ റൂമോ, പ്രസവത്തിനുള്ള മറ്റു സംവിധാനങ്ങളോ ഇല്ലാത്തതുകൊണ്ട് രോഗികൾ സ്വകാര്യ സ്ഥാപനങ്ങളെയോ ദൂരത്തുള്ള സർക്കാർ സ്ഥാപനങ്ങളെയോ ആശ്രയിക്കേണ്ടിവരുന്നു. ഇപ്പോൾ പത്തുബെഡ്ഡുള്ള വാർഡിൻെറ പ്രവർത്തനം വളരെ കുറഞ്ഞുവന്നിരിക്കുന്നു. രോഗികൾ കിടന്നു ചികിത്സിക്കാൻ തയ്യാറാവുന്നില്ല എന്നതാണ് സത്യം. മറ്റു ജീവനക്കാരുടെ കുറവും എടുത്ത് പറയേണ്ടതുണ്ട്. ജീവനക്കാർക്ക് സദാ സേവനമനുഷ്ഠിക്കുന്നതിനാവശ്യമായ കോർട്ടേഴ്സ്കളോ, മറ്റു സംവിധാനങ്ങളോ ഇല്ലാത്തതുകൊണ്ട് പ്രവർത്തനങ്ങൾ മന്ദീഭവിച്ചുപോകുന്നു. മറ്റു സ്വകാര്യ സ്ഥാപനങ്ങളെല്ലാം ഒരു വിധം നല്ല നിലയിൽ പ്രവർത്തിച്ചുപോരുന്നുണ്ട്.

പരമ്പരാഗത വൈദ്യരംഗം പിൻതലമുറക്കാരില്ലാതെ അന്യം നിന്നുകൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ പാരമ്പര്യ വൈദ്യൻമാരായി പത്തിൽ കൂടുതൽ ആളുകളുണ്ട്. ഇവരുടെ പ്രവർത്തന മണ്ഡലം ചുരുങ്ങി വരുന്നതുകൊണ്ടോ, അലോപതി വൈദ്യത്തിൻെറ കടന്നുകയറ്റം കൊണ്ടോ വൈദ്യരംഗം പിന്നോട്ടുപോയിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിൽ ഒരു പരമ്പരാഗത വിഷചികിത്സാ കേന്ദ്രമുണ്ട്.

തലമുറകളായി കൈമാറി വന്നിട്ടുള്ള ഈ രംഗം സജീവമായി ഇപ്പോഴും പ്രവർത്തിക്കുന്നു എന്നുള്ളത് ആശ്വാസം പകരുന്നു. ഏകദേശം 126 പേരോളം കഴിഞ്ഞവർഷം സർപ്പവിഷ ചികിത്സ നടത്തിയതായി പറയുന്നു. മറ്റുചികിത്സാ രീതികളൊന്നും നിലവിലില്ലെങ്കിലും അന്ധവിശ്വാസങ്ങളുടേയും, അനാചാരങ്ങളുടേയും പിന്നാലെ പോകുന്ന ജനങ്ങൾ ഇന്നും നിലനില്ക്കുന്നു. പുരോഗമന പാതയിലെ വിലങ്ങുതടികളും ഇവരായിരിക്കും എന്നതിന് തർക്കമില്ല.

### പട്ടിക 9 - 10- 11

**പ്രശ്നങ്ങൾ**

- പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ നിന്നും 24 മണിക്കൂർ സേവനം ലഭ്യമാക്കണം.
- പ്രസവവാർഡ് ഇല്ല
- കക്കൂസുകളുടെ അഭാവം പരിസര ശുചിത്വത്തിന് തടസ്സം നിൽക്കുന്നു. പാവപ്പെട്ടവർക്കും, ദുർബല വിഭാഗങ്ങൾക്കും കക്കൂസുകളില്ല. ചിരട്ടക്കടവ്, കോഞ്ചിറ, ഏനാകുളം പ്രദേശത്ത് പൊതുകക്കൂസ് ഇല്ല.
- വെള്ളം കെട്ടി നിൽക്കുന്നതുകൊണ്ട് പരിസര ശുചിത്വകുറവിനും രോഗങ്ങൾക്കും കാരണമാകുന്നു.
- കൊതുകുകൾ പെരുകുന്നതുകൊണ്ടട് പകർച്ച വ്യാധികൾക്ക് കാരണമാകുന്നു.

* പ്രാഥമിക ആരോഗ്യകേന്ദ്രത്തിലേക്കുള്ള ഗതാഗത സൗകര്യം മോശമാണ്.
* പ്രഥമികാരോഗ്യകേന്ദ്രത്തിൽ ലേഡിഡോക്ടർ ഇല്ല.
* ജീവനക്കാർക്ക് കോർട്ടേഴ്സുകളും മറ്റു സൗകര്യങ്ങളും ഇല്ല.
* മൂന്നാം വാർഡിലെ സബ്സെൻറർ കെട്ടിടം ശോചനീയാവസ്ഥയിലാണ്.
* സബ്സെൻററുകളിൽ ഡോക്ടർമാരുടെ സേവനം കൃത്യമായി ലഭിക്കുന്നില്ല.
* കോളനികളിലെ കുടിയേറ്റക്കാർ പരിതഃസ്ഥിതിയ്ക്കനുകൂലമായ നിലപാടെടുക്കുന്നില്ല.
* സ്ത്രീകൾക്കും, കുട്ടികൾക്കും പോഷകാഹാരങ്ങൾ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
* പനി, ചെങ്കണ്ണ്. മഞ്ഞപിത്തം എന്നീ രോഗങ്ങൾക്ക് സ്ഥിരമായ പരിഹാരമാർഗ്ഗം കണ്ടെത്തുക.
* അലഞ്ഞ് തിരിഞ്ഞ് നടക്കുന്ന പട്ടികളുടെ ശല്യം ഇല്ലാതാക്കുന്നതിന് സത്വര നടപടികൾ ഉണ്ടാകണം.
* പഞ്ചായത്തിലെ പ്രധാന കവലകളിലെല്ലാം കുപ്പതൊട്ടികൾ സ്ഥാപിക്കുക.
* ആരോഗ്യ സംരക്ഷണ ക്ലാസ്സുകൾ നടത്തുക.
* അമ്മമാരെ ബോധവാൻമാരാക്കുന്നതിന് ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക.
* അഞ്ചാംപനി, പോളിയോ, ക്ഷയരോഗ വാക്സിനുകൾ എന്നിവ കാര്യക്ഷമമായി നൽകുന്നില്ല.
* വിറ്റാമിൻ 'എ' യുടെ കുറവുമൂലമുണ്ടാകുന്ന രോഗങ്ങൾ പഞ്ചായത്തിൽ വർദ്ധിക്കുന്നു.
* ബ്ലീച്ചിംഗ് പൗഡർ വിതരണം കാര്യക്ഷമമല്ല.
* ആയൂർവ്വേദ, ഹോമിയോ സെൻററുകളെക്കുറിച്ച് കൂടുതൽ ജനങ്ങളെ ബോധവാൻമാരാക്കുകു.

**സാധ്യതകൾ**

* പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ അധികം ജീവനക്കാരെ നിയമിക്കുന്നതുമൂലം 24 മണിക്കൂർ സേവനം ലഭ്യമാക്കാൻ കഴിയും. ഒരു ഗൈനക്കോളജിസ്റ്റിനെ കൂടി നിയമിക്കുകയാണെങ്കിൽ സ്ത്രീകളുടെ പ്രശ്നങ്ങളും ഒരുപരിധിവരെ പരിഹരിക്കപ്പെടും.
* ബെഡ്ഡിൻെറ എണ്ണം വർദ്ധിപ്പിക്കു. ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ നിർമ്മിച്ചുനൽകുക. എങ്കിൽ രോഗികൾക്ക് കൂടുതൽ സൗകര്യപ്പെടും.
* ആശുപത്രിയോട് ചേർന്ന് കിടക്കുന്ന എല്ലാ റോഡുകളും വാഹനയോഗ്യമാക്കുകയാണെങ്കിൽ സുഗമമായി രോഗികൾക്ക് എത്താൻ കഴിയും. ജനകീയ പ്രസ്ഥാനങ്ങളും, സന്നദ്ധ സംഘടനകളും ഇതിനുവേണ്ടി മുന്നോട്ടിറങ്ങണം.
* ഓരോ വാർഡിലും, സബ്സെൻററുകളുടെ കീഴിൽ ആരോഗ്യ സക്വാഡുകൾ രൂപീകരിക്കുകയാണെങ്കിൽ കൃത്യമായ രോഗവിവരങ്ങൾ ശേഖരിക്കാനും പരിഹരിക്കപ്പെടാനും കഴിയും.
* കക്കൂസ് ഇല്ലാത്ത പട്ടികജാതിക്കാർക്കും മറ്റു ദുർബല വിഭാഗങ്ങൾക്കും കക്കൂസുകൾ നിർമ്മിച്ചുകൊടുക്കുന്നതിനായി സർക്കാർ ധനസഹായം കൂടുതൽ നൽകുക. ആവശ്യമെങ്കിൽ പൊതുകക്കൂസുകൾ നിർമ്മിച്ചു കൊടുക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
* പൊതു സ്ഥലങ്ങളിൽ വെള്ളം കെട്ടിനിൽക്കുന്നിടത്ത് മരുന്നുകൾ തെളിച്ച് കൊതുകുകൾ പെരുകുന്നത് തടയുക.
* കോളനികളിൽ കുടിയേറിപാർത്തിരിക്കുന്നവരെ ഒഴിപ്പിച്ച് പുനരധിവസിപ്പിക്കണം.
* ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ, കുടംബക്ഷേമക്ലാസ്സുകളും, പ്രായപൂർത്തിയായ എല്ലാ ജനങ്ങൾക്കും നൽകാനുള്ള സംവിധാനങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. ഇതിനായി ബ്ലോക്ക് ഡെവലപ്പ്മെൻറ് ഓഫീസർ, മറ്റുസ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തേണ്ടതാണ്.
* ആയൂർവേദ ഡിസ്പെൻസറിയുടേയും ഹോമിയോ ഡിസ്പെൻസറിയുടേയും പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് വാർഡ്തോറും ചികിത്സാ സൗകര്യം മാസത്തിലൊരിക്കലെങ്കിലും ലഭ്യമാക്കേണ്ടതാണ്

## ആശുപത്രിയെ സംബന്ധിച്ച വിവരങ്ങൾ

| ചികിത്സാ രീതി | ആശുപത്രി | | ഡിസ്പെൻസറി | | മാതൃശിശുസംരക്ഷണ കേന്ദ്രങ്ങൾ | | മൊത്തം ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|---|---|---|
| | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | സർക്കാർ | സ്വകാര്യം | |
| അലോപതി | പ്രൈമറി ഹെൽത്ത് സെൻറർ വെങ്കിടങ്ങ് പാടൂർ. പി.ഒ | — | | | സബ്സെൻറർ<br>1. വെങ്കിടങ്ങ്<br>2. പാടൂർ<br>3. തൊയക്കാവ്<br>4. കുണ്ടഴിയൂർ<br>5. ഏനാമാക്കൽ | — | 19-ജീവനക്കാർ ഇതിൽ 5 എണ്ണം ഒഴിഞ്ഞു കിടക്കുന്നു. |
| | | | | | 23. അങ്കൻ വാടികളും സബ്സെൻററുകളും | — | 46 അംഗൻവാടി ജീവനക്കാർ പ്രൈമറി ഹെൽത്ത് സെൻറർ ജീവനക്കാരും |
| ഹോമിയോ | — | — | ഹോമിയോ ഡിസ്പെൻസറി,വെങ്കിടങ്ങ് | — | — | – | 3-ജീവനക്കാർ |
| ആയുർവേദം | — | — | ആയുർവേദ ഡിസ്പെൻസറി,വെങ്കിടങ്ങ് | — | — | – | 4-ജീവനക്കാർ |
| അലോപതി | — | — | — | 1. പ്രൈമറി ഹെൽത്ത് ക്ലിനിക്, കണ്ണോത്ത്<br>2. ശാന്തി ക്ലിനിക്, ഏനാമാക്കൽ<br>3. സെൻറ് വിൻസെൻറ് ഡിപോൾ ഡിസ്പെൻസറി, തൊയക്കാവ്<br>4. സെൻറ് വിൻസെൻറ് ഡിപോൾ ഡിസ്പെൻസറി, ഏനാമാക്കൽ | | –<br>–<br>–<br>– | 4-ജീവനക്കാർ<br>4-ജീവനക്കാർ<br>2-ജീവനക്കാർ<br>2-ജീവനക്കാർ |
| ദന്തവിഭാഗം | — | — | — | 1. ഡെൻറൽ ക്ലിനിക്ക് വെങ്കിടങ്ങ്<br>2. സ്റ്റാൻലി, ഡെൻറൽ ക്ലിനിക്ക് വെങ്കിടങ്ങ് | | | 2-ജീവനക്കാർ<br>2-ജീവനക്കാർ |

പട്ടിക - 1

## പട്ടിക - 2

### കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | 1-ാം ഗ്രേഡ് | | 2-ാം ഗ്രേഡ് | | 3-ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 129 | 107 | 63 | 58 | 4 | 2 | - | - |
| 1- 3 വയസ്സ് | 185 | 141 | 132 | 96 | 3 | 5 | - | - |
| 3- 6 വയസ്സ് | 244 | 212 | 96 | 99 | 7 | 10 | - | - |

(അവലോകനം അംഗൻ വാടികൾ)

## പട്ടിക - 3

### കുട്ടികളുടെ പ്രതിരോധ കുത്തിവെയ്പ്

| കുട്ടികൾ | ബി.സി.ജി. | ഡി.പി.റ്റി | | | | പോളിയോ | | | | ഡി.റ്റി | | | | മീഡൽസ് |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | 1D | 2D | 3D | BD | 1D | 2D | 3D | BD | 1D | 2D | 3D | BD | |
| 1 വയസ്സിൽ താഴെ | 294 | 246 | 224 | 185 | - | 246 | 224 | 185 | - | - | - | - | - | 174 |
| 1-6 വയസ്സ് | 24 | 121 | 100 | 70 | 151 | 121 | 100 | 77 | 151 | 37 | - | - | - | |

## പട്ടിക - 4

### ടെറ്റനസ് ടോക്സോയിസ് (TT)

| ഗർഭിണികൾ | 1D | 2D | BD |
|---|---|---|---|
| | 189 | 181 | 18 |

വിവിധ കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച ദമ്പതിമാരും അവരുടെ ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ

DISTRIBUTION OF COUPLES USING DIFFERENT F.R. METHODS BY TOTAL NUMBER OF LIVING CHILDREN AS ON 31-5-96 PHC VENKITANGU

| ജീവിച്ചിരിക്കുന്ന കുട്ടികൾ | ദമ്പതിമാരുടെ എണ്ണം | വാസക്ടോമി | ട്യൂബക്ടോമി | ഇൻട്രായൂട്ടറിൻ ഡിവൈസസ് | കോൺട്രസെപ്റ്റിവ്സ് | ഓററൽപിൽസ് | ഉപയോഗിക്കുന്നവർ | ഉപയോഗിക്കാത്തവർ |
|---|---|---|---|---|---|---|---|---|
| 0 | 350 | Nil | Nil | Nil | 39 | 20 | 59 | 291 |
| 1 | 676 | Nil | 4 | 65 | 138 | 53 | 260 | 416 |
| 2 | 1125 | 14 | 687 | 56 | 73 | 60 | 890 | 235 |
| 3 | 831 | 20 | 563 | 24 | 40 | 29 | 676 | 165 |
| 4 | 363 | 10 | 247 | 5 | 17 | 4 | 283 | 80 |
| 5+ | 185 | 3 | 114 | 1 | 11 | 4 | 133 | 52 |
| മൊത്തം | 3540 | 47 | 1615 | 151 | 318 | 170 | 2301 | 1239 |

അവലംബം പി.എച്ച്.സി. വെങ്കിടങ്ങ്

പട്ടിക - 5

പഞ്ചായത്തിലെ ദമ്പതിമാരും കുട്ടികളും 31 - 5 - 96 വരെ

കുട്ടികൾ - വയസ്സിൻെറ അടിസ്ഥാനത്തിൽ

| ദമ്പതിമാരുടെ വയസ്സ് | 0 | 1 | 2 | 3 | 4 | 5 | മൊത്തം |
|---|---|---|---|---|---|---|---|
| 15 - 19 | 128 | 77 | 7 | Nil | Nil | Nil | 212 |
| 20 - 24 | 96 | 261 | 358 | 54 | Nil | Nil | 759 |
| 25 - 29 | 57 | 189 | 373 | 228 | 52 | 4 | 903 |
| 30 - 34 | 31 | 65 | 186 | 276 | 107 | 46 | 711 |
| 35 - 39 | 22 | 63 | 149 | 151 | 119 | 74 | 578 |
| 40 - 44 | 16 | 21 | 52 | 132 | 85 | 61 | 367 |
| മൊത്തം | 350 | 676 | 1125 | 831 | 363 | 185 | 3540 |

അവലംബം പി.എച്ച്.സി. വെങ്കിടങ്ങ്

പട്ടിക - 6

**31-5-96 വരെ വിവിധ കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച ദമ്പതിമാർ**

**(വയസ്സിൻെറ അടിസ്ഥാനത്തിൽ)**

| വയസ്സ് | വാസക് ടോമി | ട്യൂബക് ടോമി | ഇൻട്രോ യൂട്ടറിൻ ഡിവൈസസ് | കോൺട്ര സെവ്ഡ് | ഓർൽ പിൽസ് | ഉപയോഗി ക്കുന്നവർ | ഉപയോഗി ക്കാത്തവർ | മൊത്തം ദമ്പതിമാർ |
|---|---|---|---|---|---|---|---|---|
| 15 - 19 | Nil | Nil | 11 | 27 | 16 | 54 | 158 | 212 |
| 20 - 24 | Nil | 224 | 51 | 77 | 43 | 395 | 374 | 769 |
| 25 - 29 | 9 | 387 | 55 | 109 | 52 | 612 | 291 | 903 |
| 30 - 34 | 14 | 438 | 26 | 58 | 39 | 575 | 136 | 711 |
| 35 - 39 | 15 | 373 | 8 | 35 | 18 | 149 | 129 | 578 |
| 40 - 44 | 9 | 193 | | 12 | 2 | 216 | 151 | 367 |
| മൊത്തം | 47 | 1615 | 151 | 318 | 170 | 2301 | 1239 | 3540 |

**അവലംബം PHC വെങ്കിടങ്ങ്**

**പട്ടിക - 7**

| | | | | |
|---|---|---|---|---|
| **1995ൽ പരിശോധിച്ച വിവിധരോഗികളുടെ എണ്ണം (അവലംബം പി.എച്ച്.സി)** | | | | |
| നമ്പർ | അസുഖങ്ങൾ തരം തിരിച്ച് | രോഗികളുടെ എണ്ണം | | മൊത്തം |
| | | പുറം രോഗികൾ | കിടത്തി ചികിത്സിച്ച രോഗികൾ | |
| 1 | അമീബിയാസിസ് | 55 | | 55 |
| 2 | പൾമിനറി ട്യൂബർ കുലോസിസ് | 15 | 12 | 27 |
| 3 | വില്ലൻ ചുമ | – | | – |
| 4 | മീസ്സൽസ് | – | | – |
| 5 | മലേറിയ | 11 | | 11 |
| 6 | കുഷ്ഠം | 3 | | 3 |
| 7 | ഗ്ലാക്കോമ | – | | – |
| 8 | ന്യുമോണിയ | 30 | | 30 |
| 9 | കാറ്ററാക്ട് (തിമിരം) | 15 | | 15 |
| 10 | കൺജംക് ടി വൈറ്റിസ് (ചെങ്കണ്ണ്) | 230 | | 230 |
| 11 | ഓട്ടിട്ടിസ് മീഡിയ | 15 | | 15 |
| 12 | അക്യൂട്ട് റുമാറ്റിക് ഫീവർ | 9 | 10 | 19 |
| 13 | ടോൺസിലൈറ്റിസ് | 77 | | 77 |
| 14 | ശ്വാസകോശ രോഗങ്ങൾ | 8485 | 142 | 8627 |
| 15 | ഇൻഫ്ലുവൻസ | 72 | | 72 |
| 16 | ദന്തരോഗങ്ങൾ | 3542 | 8 | 3550 |
| 17 | അൾസറും, ഉദരരോഗങ്ങളും | 82 | | 82 |
| 18 | ത്വക്ക് രോഗങ്ങൾ | 3405 | | 3405 |
| 19 | സബ്ക്യൂട്ടേനിയസ് രോഗങ്ങൾ | – | | – |
| 20 | ഒടിവ്, ചതവ്, കശേരുരോഗങ്ങൾ | 95 | | 95 |
| 21 | തീ പൊള്ളലുകൾ | 22 | 6 | 28 |
| 22 | ക്യൂട്ട് ബ്രാൻകൈറിസ് | 899 | 28 | 927 |
| 23 | നിർണ്ണയിക്കാൻ കഴിയാത്ത രോഗങ്ങൾ | 4411 | 12 | 4423 |
| 24 | എല്ല് പൊട്ടൽ | 28 | | 28 |
| | മൊത്തം | 21501 | 218 | 21719 |

അവലംഹം പി.എച്ച്.സി. വെങ്കിടങ്ങ്

പട്ടിക - 8

## ഹോമിയോ ആശുപത്രിയുടെ വിവരങ്ങൾ

### വെങ്കിടങ്ങ് ഗവ. ഹോമിയോ ആശുപത്രിക്ക് 95 - 96ൽ മരുന്നുകൾ ലഭിച്ച വിവരം

| | മരുന്ന് വിതരണം ചെയ്ത സ്ഥാപനം | ദിവസം | സംഖ്യ |
|---|---|---|---|
| 1 | കോ-ഓപ്പറേറ്റീവ് ഫാർമസി, ആലപ്പുഴ | 12-3-96 | 5305/- |
| 2 | ഗവ. ഹോമിയോ ഡിസ്പെൻസറി, അന്തിക്കാട് | 16-3-96 | 1075.58 |
| 3 | ഗവ. ഹോമിയോ ഡിസ്പെൻസറി, തൃശ്ശൂർ | 21-3-96 | 990.00 |
| 4 | " " | 26-3-96 | 349.24 |
| | ആകെ | | 7719.82 |

പട്ടിക - 9

### മാർച്ച് 16 മുതൽ ആഗസ്റ്റ് 31 വരെ ചികിത്സിച്ച രോഗികളുടെ കണക്ക്

1996

| നമ്പർ | മാസം | ആകെ രോഗികൾ | ദിവസം ശരാശരി |
|---|---|---|---|
| 1 | 16/6 - 31/6 | 475 | 30 |
| 2 | ഏപ്രിൽ - 96 | 1980 | 66 |
| 3 | മെയ് - 96 | 1881 | 61 |
| 4 | ജൂൺ - 96 | 1580 | 53 |
| 5 | ജൂലായ് - 96 | 1822 | 59 |
| 6 | ആഗസ്റ്റ് - 96 | 1583 | 51 |
| | ആകെ | 9321 | 53.33 |

പട്ടിക - 10

### വെങ്കിടങ്ങ് പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ ശുശ്രൂഷിച്ചവരുടെ എണ്ണം

| കിടക്കകളുടെ എണ്ണം | കിടത്തി ചികിത്സിച്ചവർ | | | | | | പുറം രോഗികൾ | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | പു | സ്ത്രീ | കുട്ടികൾ | മരണം | ആകെ | ശരാശരി | പു | സ്ത്രീ | കുട്ടികൾ | ആകെ | ശരാശരി |
| 10 | 88 | 74 | 22 | 1 | 184 | 5 | 8760 | 13140 | 4380 | 26280 | 72 |

## പട്ടിക - 11

### വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രിയെ സംബന്ധിച്ച വിവരങ്ങൾ

| സ്ഥാപനത്തിൻെറ പേര് | കെട്ടിടം സ്വന്തം വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപനപരമായ പ്രശ്നങ്ങൾ | രോഗങ്ങളെ സംബന്ധിച്ചും രോഗികളെ സംബന്ധിച്ചും ലഭിച്ചിട്ടുള്ള എണ്ണം (പ്രതിവർഷം) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | വർഷം | ഇൻപേഷ്യൻറ് | ഔട്ട് പേഷ്യൻറ് | ഔട്ട്പേഷ്യൻറ് | പുരുഷന്മാർ | സ്ത്രീകൾ | കുട്ടികൾ | ത്വക്ക് രോഗം | വാത രോഗം (എല്ലാ വിഭാഗവും) | പകർച്ച വ്യാധികൾ |
| ഗവൺമെൻറ് ആയുർവേദ ഡിസ്പെൻസറി വെങ്കിടങ്ങ് | വാടക | 4 | കെട്ടിടം ചികിത്സക്ക് അപര്യാപ്തമാണ്. സൗകര്യങ്ങൾ നന്നേ കുറവാണ് | 1993-94 | ആരുമില്ല | 3860 | 5380 | 3285 | 3618 | 4721 | 1215 | 2971 | 12525 |
| | | | | 1994-95 | ,, | 3439 | 6954 | 2641 | 3841 | 4856 | 1231 | 3106 | 13034 |
| | | | | 1995-96 | ,, | 2523 | 9264 | 1757 | 4231 | 4959 | 1309 | 1309 | 13544 |

# സഹകരണ മേഖല

1932-ലെ VI-ാം നമ്പർ മദ്രാസ് സഹകരണ നിയമം അനുസരിച്ച്, വെങ്കിടങ്ങ് പഞ്ചായത്തിലെ പഴയ മൂന്ന് വില്ലേജുകളായ ഇരിമ്പ്രനെല്ലൂർ, കുണ്ടഴിയൂർ, വെങ്കിടങ്ങ് എന്നിവടങ്ങളിൽ ഐക്യനാണയസംഘങ്ങൾ പ്രവർത്തിച്ചിരുന്നു. ഗ്രാമീണ വ്യവസായങ്ങളിലധിഷ്ഠിതമായ 'ചക്കരച്ചെത്ത്' തൊഴിലാളി സഹകരണസംഘം, ചകിരിവ്യവസായ സഹകരണസംഘം, ബീഡിത്തൊഴിലാളി സഹകരണസംഘം എന്നിവയും അക്കാലത്ത് പ്രവർത്തിച്ചിരുന്നു ഇന്ന് നിലവിലുള്ള സഹകരണസംഘങ്ങളിൽ 1960 നവംബർ 1-ാം തിയതി രജിസ്റ്റർ ചെയ്ത R-187 മുല്ലശ്ശേരി ബ്ലോക്ക് കർഷക സഹകരണ സംഘമാണ് ഈ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ള സ്ഥാപനം. ക്രെഡിറ്റ് മേഖലയിൽ ശ്രദ്ധകേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ഈ സ്ഥാപനം 7-6-1961 -ൽ മുല്ലശ്ശേരി സർവീസ് സഹകരണ സംഘമായും 23-9-1966ൽ വെങ്കിടങ്ങ് സർവ്വീസ് സഹകരണ ബാങ്കായും, 3-12-1982-ൽ വെങ്കിടങ്ങ് ഫാർമേഴ്സ് സഹകരണ ബാങ്കായും, പേരിലും, പ്രവർത്തനത്തിലും വിപുലത കൈവരിച്ചു കാർഷിക മേഖലയിലെ മൂലധന ശ്രോതസ്സായിട്ടാണ് ഈ സ്ഥാപനത്തെ അക്കാലത്തെ കൃഷിക്കാർ വളർത്തിയതും ഉയർത്തിയതും നെല്ലിൻെറ വിലയറിഞ്ഞ കൃഷിക്കാരുടെ ശക്തിയായി സംഘം ഫാർമേഴ്സ് ബാങ്കായി വളർന്നു. സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ബാങ്കായി വളർന്നു. സഹകരണ വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ ഒരു കേവല പരിപാടിയായിട്ടല്ല സംഘം നിലവിൽ വന്നത്.

വെങ്കിടങ്ങ് ഫാർമേഴ്സ് സഹകരണ ബാങ്കിന് പുറമെ ഈ പഞ്ചായത്തിൽ രൂപീകൃതമായ മറ്റു സംഘങ്ങൾ1958-ൽ രജിസ്റ്റർ ചെയ്ത വെങ്കിടങ്ങ് കളിമൺ വ്യവസായ സഹകരണ സംഘം No. C-IND. R-40, 1960-ൽ രജിസ്റ്റർ ചെയ്ത വെങ്കിടങ്ങ് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 337, 1977-ൽ രജിസ്റ്റർ ചെയ്ത ഏനാമാക്കൽ ക്ഷീര വ്യവസായ സഹകരണ സംഘം 1R-65-D, 1983-ൽ രജിസ്റ്റർ ചെയ്ത വെങ്കിടങ്ങ് പഞ്ചായത്ത് പട്ടിക സഹകരണ സംഘം No. R-79 എന്നിവയാണ്. ഇവയിൽ കളിമൺ വ്യവസായസഹകരണ സംഘത്തിൻെറ പ്രവർത്തനം 1987-ൽ പൂർണ്ണമായും മന്ദീഭവിച്ചു. ശേഷിക്കുന്ന സംഘങ്ങളിൽ വെങ്കിടങ്ങ് ഫാർമേഴ്സ് സഹകരണബാങ്ക്, വെങ്കിടങ്ങ് പഞ്ചായത്ത് പട്ടിക ജാതി സഹകരണ സംഘം എന്നിവ ക്രെഡിറ്റ് മേഖലയിലും വെങ്കിടങ്ങ് കയർവ്യവസായ സഹകരണസംഘം ഏനാമാക്കൽ ക്ഷീരവ്യവസായ സഹകരണ സംഘം എന്നിവ മാത്രമാണ്. നബാർഡ് നിലവിലുള്ള കാർഷിക വായ്പ നോൺക്രഡിറ്റ് മേഖലയിലും പ്രവർത്തനം തുടർന്നുകൊണ്ടിരിക്കുന്നു.

| സ്ഥാപിച്ച വർഷം | അംഗ സംഖ്യ | ജീവനക്കാരുടെ എണ്ണം | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭമോ നഷ്ടമോ |
|---|---|---|---|---|---|
| R-187VFB 1960 | 8415 | 26 | 1220456 | 30.16 ലക്ഷം | 676878 നഷ്ടം |
| R729 HSS 1983 | 1335 | 1 | 117785 | 1.50 ലക്ഷം | നഷ്ടം |

ക്രഡിറ്റ് മേഖല

### വെങ്കിടങ്ങ് ഫാർമേഴ്സ് സഹകരണ ബാങ്ക്-R-187

ഈ പഞ്ചായത്തിലെ ക്രെഡിറ്റ് മേഖലയിലെ മുഖ്യ സഹകരണ സ്ഥാപനമാണ് ഇത്. 4000ത്തോളം കർഷക കുടുംബങ്ങൾ ഉള്ള ഒരു പഞ്ചായത്താണ് വെങ്കിടങ്ങ്. എന്നാൽ എല്ലാ കർഷകരും ഈ ബാങ്കിലെ അംഗങ്ങളല്ല. 2,45,19,032 രൂപ ലോൺ നല്കിയിട്ടുള്ളതിൽ കാർഷിക വായ്പാ 1150515 രൂപ വിതരണ സംവിധാനത്തിൽ മാറ്റം വരുത്തിയെങ്കിൽ മാത്രമെ വായ്പാവിതരണം സജീവമാക്കുവാൻ സാധിക്കുകയുള്ളൂ. ബാങ്കിന് എടുത്ത് പറയ

ത്തക്ക ആസ്ഥിയുണ്ട്. മേച്ചേരിപ്പടിയിലെ ഹെഡാഫീസിന് പുറമെ വെങ്കിടങ്ങ്, പാടൂർ, തൊയ്ക്കാവ് എന്നീ ബ്രാഞ്ചുകൾ ഉണ്ട്. ഇതിൽ തൊയക്കാവ് ബ്രാഞ്ച് മാത്രമാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. ബ്രാഞ്ചുകളോട് ചേർന്ന് 4 സഹകരണ സ്റ്റോറുകളും സിമൻറ് വില്പനയും കോൾ നിലങ്ങളുടെ സമീപ പ്രദേശങ്ങളായ കോഞ്ചിറ, കണ്ണോത്ത് എന്നിവിടങ്ങളിൽ വളം, കീടനാശിനി വില്പനയും നടത്തുന്നു. നാളികേര സംസ്ക്കരണാർത്ഥം കണ്ണോത്ത് 'കോക്കനട്ട്' കോംപ്ലക്സിലെ ഗോഡൗൺ പണി പൂർത്തിയായിട്ടുണ്ട്. പച്ചനാളികേരം കൊപ്രയാക്കി മാറ്റുന്നതിനുള്ള ആധുനിക ഡ്രയർ സ്ഥാപിക്കുന്ന ജോലി പുരോഗമിച്ചു വരുന്നു. 24 മണിക്കൂർകൊണ്ട് 8000 നാളികേരം കൊപ്രയാക്കി മാറ്റുകയാണ് പദ്ധതിയുടെ ഉദ്ദേശം.

### വെങ്കിടങ്ങ് പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം.

പട്ടികജാതിക്കാർക്കു വായ്പ നല്കുന്ന പഞ്ചായത്ത് മുഴുവൻ പ്രവർത്തനപരിധിയിലുള്ള സംഘമാണിത്. നിക്ഷേപ-വായ്പ പ്രവർത്തനങ്ങൾക്ക് പുറമെ സംഘം, വളം കീടനാശിനി വില്പന, ടെയ്ലറിംഗ് ക്ലാസ്, ഗാർമെൻറ് നിർമ്മാണം എന്നിവയും നടത്തുന്നു. ഈ സംഘത്തിന് ഇതുവരെ 4,03,133 രൂപ സർക്കാർ ധനസഹായം ലഭിച്ചിട്ടുണ്ട്. ഈ തുക ഉപയോഗപ്പെടുത്തി സംഘം ഭൂമി, കെട്ടിടം, പവർടില്ലർ എന്നിവ സ്വന്തമാക്കിയിട്ടുണ്ട്. സംഘത്തിന് ഫർണിച്ചർ യൂണിറ്റ് ആരംഭിക്കുന്നതിന് ഈയിടെയായി 96,250 രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്.

### ക്രെഡിറ്റ് മേഖലയിലെ പ്രശ്നങ്ങൾ

1. അമിതമായ വായ്പാ കുടിശ്ശിഖ
2. ശാസ്ത്രീയ മാനേജ്മെൻറിൻെറ അഭാവം
3. ജനകീയ പങ്കാളിത്തത്തിൻെറ അഭാവം
4. വനിതകളുടെ പ്രാതിനിധ്യം ഇല്ലായ്മ
5. പുതിയ പ്രവർത്തന മേഖലയുടെ അഭാവം
6. പ്രാദേശിക പ്രത്യേകതകൾ അവഗണിക്കൽ

### നിർദ്ദേശങ്ങൾ - സാധ്യതകൾ

1. ക്രെഡിറ്റ് സഹകരണ സംഘങ്ങളിലെ വായ്പാ കുടിശ്ശിഖ കുറക്കുന്നതിനായി ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടി ചിട്ടയോടെ നടത്താനുള്ള സംവിധാനം ഉറപ്പ് വരുത്തണം. ഇതിനായി സഹ. സ്ഥാപനങ്ങളിൽ ഒരു ഉദ്യോഗസ്ഥനെ പ്രത്യേകമായി ഈ ചുമതല ഏല്പിക്കണം. കൂടാതെ വിധി നടത്തിപ്പിനായി ഒരു ഗ്രൂപ്പ് സെയിൽ ആപ്പീസറുടെ സേവനം ഉപയോഗപ്പെടുത്തണം. സഹ. വകുപ്പിൻെറ വിധി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കപ്പെടണം.

2. വൈവിധ്യമാർന്ന പ്രവർത്തനം നടത്തുന്ന സ്ഥാപനത്തിൽ കുറ്റമറ്റ രീതിയിലും, ക്രിയാത്മകമായ രീതിയിലും കർത്തവ്യ നിർവ്വഹണം സാദ്ധ്യമാകണമെങ്കിൽ ശാസ്ത്രീയ മാനേജ്മെൻറ് പഠനം അനിവാര്യമാണ്. അതിനായി നിലവിലുള്ള ജീവനക്കാരിൽ യോഗ്യരായവർക്ക് പരിശീലനം നല്കുകയോ, പരിശീലനം ലഭിച്ചവരുടെ സേവനം ഉപയോഗപ്പെടുത്തുകയോ വേണം. സംഘം പ്രവർത്തനം സുഗമമാക്കാനും, നൂതന പ്രോജക്ടുകൾ ആരംഭിക്കാനും ഇത്തരം സേവനം അത്യന്താപേക്ഷിതമാണ്.

3. സംഘം പ്രവർത്തനം കൂടുതൽ ജനകീയമാക്കണം. സംഘം പ്രവർത്തനത്തിലെ അപാകതകളും, പരാതികളും കേൾക്കാൻ ഭരണസമിതി വേദിയൊരുക്കിക്കൊടുത്താൽ സംഘം ജീവനക്കാരും, സംഘം മെമ്പർമാരും തമ്മിൽ നല്ലബന്ധം സ്ഥാപിച്ചെടുക്കൽ, ഭരണസമിതി വാർഡ് അടിസ്ഥാനത്തിൽ സംഘം നടത്തുന്ന പ്രവർത്തനങ്ങൾ പ്രസ്തുത വാർഡിൽ എത്രഫലം ചെയ്തു എന്ന് നേരിട്ട് മനസ്സിലാക്കൽ, അനുവദിക്കുന്ന സഹായം ആയതിനു തന്നെയാണോ വിനിയോഗം നടത്തുന്നതെന്ന് പരിശോധിക്കൽ എന്നിവ ഉൾപ്പെടുന്നു.

4. വനിതകളുടെ സഹകരണ സ്ഥാപനങ്ങൾ പഞ്ചായത്തിൽ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. മാത്രമല്ല നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തന അനുഭവം പറ്റുന്നവരിൽ വനിതകളുടെ ശതമാനം തുലോം തുച്ഛമാണ്. സംഘം വനിതകൾക്ക് മാത്രമായി പുതിയ സ്കീമുകൾ നടപ്പിലാക്കണം. സാങ്കേതിക വിദ്യകളിൽ പരിശീലനം നേടിയ

വർക്ക് സ്വന്തമായി യൂണിറ്റുകൾ സ്ഥാപിക്കാനുള്ള ധനസഹായം നല്കുക. വായ്പത്തുകയിൽ ഒരു നിശ്ചിത ശതമാനം വനിതകൾക്കായി മാറ്റിവെക്കുക എന്നിവ ചെയ്യാവുന്നതാണ്.

5. വനിതാ സഹകരണ സംഘങ്ങൾ പഞ്ചായത്തിൽ പുതുതായി ആരംഭിക്കണം. അതിനായി ഗ്രാമപഞ്ചായത്ത് വനിത മെമ്പർമാരുടെ നേതൃത്വത്തിൽ വനിതകളെ സംഘടിപ്പിച്ച് വേണ്ട നിർദ്ദേശങ്ങൾ നല്കണം.

6. സഹകരണ വകുപ്പിൻെറ ആഡിറ്റ്, എക്സിക്യൂഷൻ എന്നിവയിലുണ്ടാകുന്ന കാലതാമസം സംഘത്തിൻെറ ഊർജ്ജ്വസലത ഒരു പരിധിവരെ ക്ഷയിപ്പിക്കാൻ കാരണമാകുന്നു. തനത് വർഷത്തെ കണക്കുകൾ പരിശോധിക്കുന്ന അവസ്ഥയിലേക്ക് സംഘങ്ങളുടെ ആഡിറ്റ് ത്വരിതപ്പെടുത്തണം. അതിൻെറ ഗുണമേന്മ ഉറപ്പുവരുത്തുകയും വേണം. ജപ്തി നടപടികളുടെ കാലതാമസം സംഘത്തിന് ഫണ്ടുകളുടെ കമ്മി ഉണ്ടാക്കുന്നതിനൊപ്പം കടംവാങ്ങിയ അംഗത്തിന് തിരിച്ചടക്കാൻ കഴിയാത്ത വിധത്തിലുള്ള സാമ്പത്തിക ഭാരം വർദ്ധിപ്പിക്കുന്നു.

7. കർഷകരുടെ ആവശ്യങ്ങൾ മനസ്സിലാക്കി അതിനനുസൃതമായ രീതിയിൽ സഹായങ്ങൾ നല്കുന്നതിൽ സംഘങ്ങൾ ബന്ധ ശ്രദ്ധരായിരിക്കണം. ഒരു വീട്ടിലെ പല അംഗങ്ങൾക്കും പണം നല്കുന്നത് ആരോഗ്യകരമല്ല. അതുപോലെ തിരിച്ചടവിൻെറ കാര്യത്തിൽ വ്യക്തി ബന്ധങ്ങളുടെയും, മറ്റ് താത്പര്യങ്ങളുടെയും അടിസ്ഥാനത്തിൽ അയഞ്ഞ മനോഭാവം സംഘത്തിൻെറ കുടിശ്ശിഖതോത് വർദ്ധിപ്പിക്കും.

8. സംഘത്തിൻെ ഉത്തമ താത്പര്യത്തിന് വിപരീതമായി പ്രവർത്തിച്ച് സ്വാർത്ഥ ലാഭമുണ്ടാക്കുകയും, സംഘത്തിന് അപകീർത്തിയും നഷ്ടവും വരുത്തുന്നവരിൽ നിന്നും സാമ്പത്തികമായി പണം വസൂൽ ചെയ്യുന്നതിന് സഹ. വകുപ്പ് അനുശാസിക്കുന്ന സർചാർജ്ജ് നടപടികൾ ഡിപ്പാർട്ട്മെൻറ് കർശനമാക്കേണ്ടതും സംഘം ഭരണസിതി അതിനായി പ്രവർത്തിക്കേണ്ടതുമാണ്.

9. വെങ്കിടങ്ങ് പട്ടികജാതി സഹകരണ സംഘത്തിലെ ഗാർമൻറ് യൂണിറ്റിൽ വിദഗ്ധയായ ഒരു തയ്യൽ ജോലിക്കാരിയെ നിയമിക്കുകയാണെങ്കിൽ ആധുനിക രീതിയിൽ മാർക്കറ്റ് ലഭിക്കുന്ന ഇനം ഗാർമെൻറ് നിർമ്മിച്ച് കമ്മീഷൻ വ്യവസ്ഥയിൽ വിപണനം വർദ്ധിപ്പിക്കാനും സാധിക്കും.

10. നിർദ്ദിഷ്ട ഫർണിച്ചർ യൂണിറ്റ് കാലവിളംബം കൂടാതെ സ്ഥാപിക്കുകയും ഫർണിച്ചറിൻെറ വിവിധ ഘട്ടങ്ങളിലെ ജോലികൾ യന്ത്രസഹായം കൊണ്ട് ചെയ്ത് കൊടുക്കുകയാണെങ്കിൽ സംഘത്തിന് അത് ഒരു വരുമാന മാർഗ്ഗവും 2 പേർക്ക് പ്രത്യക്ഷമായി ജോലി ലഭിക്കുകയും ചെയ്യും.

11. ഫാർമേഴ്സ് സഹകരണ ബാങ്ക് നേതൃത്വമെടുത്ത് ഗ്രൂപ്പ് ഫാമിംഗ് നടത്തുകയും, ആധുനിക കൃഷി സമ്പ്രദായം കുറെക്കൂടി ചിലവ് കുറഞ്ഞ രീതിയിൽ നടത്തുകയും ചെയ്യാം.

12. സംഘം ഭരണസമിതി അംഗങ്ങൾക്ക് സംഘത്തിൻെറ പ്രവർത്തനത്തെപ്പറ്റി മതിയായ പഠന സൗകര്യം നല്കുക.

13. ഫാർമേഴ്സ് ബാങ്കിൽ നിയമാനുസൃതം ഉണ്ടായിരിക്കേണ്ട കൃഷി ഓഫീസറുടെ സേവനം നിർബന്ധമാക്കുക അതിനു വേണ്ട നടപടി ഉടനെ നടത്തുക.

14. പഞ്ചായത്തിലെ 5,6,7 വാർഡുകളിലെ ഗ്രാമസഭ നിർദ്ദേശം കണക്കിലെടുത്ത് ഫാർമേഴ്സ് ബാങ്കിൻെറ ബ്രാഞ്ച് ഈ വാർഡുകൾക്ക് സൗകര്യപ്രദമായ സ്ഥലത്ത് സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുക.

15. കർഷകരുടെ ആവശ്യത്തിനായി ജൈവവളം, ജീവാണുവളം എന്നിവ പ്രാദേശികമായി ഉല്പാദിപ്പിക്കാൻ സഹകരണ ബാങ്ക് നേതൃത്വം നല്കണം. കൂടാതെ നെല്ല് സംസ്ക്കരണ യൂണിറ്റ് കർഷകരുടെ ചിരകാല ആഗ്രഹമാണ്.

16. സഹകരണ ബാങ്കിൻെറ കൺസ്യൂമർ സ്റ്റോറുകളുടെയും മാവേലി സ്റ്റോറിൻെറയും പ്രവർത്തനം കേരളമാർക്കറ്റിംഗ് ഫെഡറേഷൻെറ സഹായത്തോടെ സജീവമാക്കുകയും വിപുലീകരിക്കുകയും അതുവഴി ആവശ്യവസ്തുക്കളുടെ വില

നിലവാരം പൊതുമാർക്കറ്റിൽ വർദ്ധിക്കാതെ നോക്കാനും സാധിക്കും.

17. പട്ടികജാതി സഹകരണ സംഘത്തിന് ലെറ്റർ പ്രസ്സ്, വാദ്യോപകരണങ്ങൾ വാങ്ങൽ തുടങ്ങിയവക്ക് സർക്കാർ സഹായം ലഭ്യമാണ്. ഇതുവഴി 2 പേർക്കെങ്കിലും പരോക്ഷമായി തൊഴിൽ നല്കാൻ കഴിയും. അതിനുള്ള നടപടികൾ ആരംഭിക്കണം.

**നോൺ - ക്രെഡിറ്റ് മേഖല**

വളരെ ദുർലഭമായ നോൺ ക്രെഡിറ്റ് മേഖലയാണ് വെങ്കിടങ്ങ് പഞ്ചായത്തിലുള്ളത്. സംഘങ്ങളുടെ എണ്ണത്തിലും, ഗുണമേന്മയിലും വളരെ താഴ്ന്ന അവസ്ഥയാണുള്ളത്.

ക്ഷീര വ്യവസായ സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധി പഞ്ചായത്തിൽ 5,6ഉം വാർഡിൽ പരിമിതമാണ്. സംഘാംഗങ്ങളിൽ വെറും രണ്ടുപേർ മാത്രമാണ് പാൽ അളക്കുന്നത്. അംഗീകൃത ഓഹരി മൂലധനം തന്നെ ഇന്നത്തെ അവസ്ഥയിൽ കുറവാണ് എന്നാൽ ആ തുകക്കുള്ള അംഗങ്ങളെപോലും സംഘത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. സംഘം പ്രതിദിനം 300 ലിറ്റർ പാൽ സംഭരിക്കുന്നു. എന്നാൽ ഇത്രയും പാൽ സംഭരണം സാദ്ധ്യമാകുന്നത് മറ്റ് വാർഡുകളിൽ നിന്നുള്ള അംഗങ്ങളല്ലാത്തവരുടെ സഹകരണം കൊണ്ടാണ് സംഘത്തിന്റെ ഓഫീസും മറ്റും പ്രവർത്തനക്ഷമതക്ക് വിഘാതമായ അവസ്ഥയിലാണ്. സംഘത്തിന്റെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നു.

| സ്ഥാപിച്ച വർഷം | അംഗ സംഖ്യ | ജീവനക്കാർ | ഓഹരി മൂലധനം | വാർഷിക ടേണോവർ | ലാഭം നഷ്ടം |
|---|---|---|---|---|---|
| ക്ഷീരവ്യവസായം 1979 | 218 | 4 | 2212 | 06.16 ലക്ഷം | നഷ്ടം |
| കയർ വ്യവസായം 1961 | 380 | 1 | 182080 | 03.50 ലക്ഷം | നഷ്ടം |

വെങ്കിടങ്ങ് പഞ്ചായത്ത് മുഴുവൻ പ്രവർത്തന പരിധിയുള്ള നോൺ - ക്രെഡിറ്റ് സഹകരണ സംഘമാണ് വെങ്കിടങ്ങ് കയർ വ്യവസായം. ചകിരി ചീച്ച് തല്ലി നാരാക്കി നാര് വില്പന നടത്തുകയാണ് സംഘം ഇപ്പോൾ ചെയ്യുന്ന പ്രവർത്തനം. 380 അംഗങ്ങളുണ്ടെങ്കിലും അതിൽ നാമമാത്രമായ ആളുകൾ മാത്രമെ സംഘത്തിൽ ജോലി ചെയ്യുന്നുള്ളു. കുറഞ്ഞ വേതന നിരക്കും, മറ്റ് ആനുകൂല്യങ്ങളുടെ അഭാവവും തൊഴിലാളികളെ അകറ്റുന്ന ഘടകങ്ങളാണ്.

**നോൺ ക്രെഡിറ്റ് മേഖലയിലെ പ്രശ്നങ്ങൾ**

1. സാങ്കേതി നവീകരണത്തിന്റെ അഭാവം
2. പൊതുധനങ്ങളുടെ താത്പര്യക്കുറവ്
3. സംഘങ്ങളുടെ അപര്യാപ്തത
4. സഹകരണ വിദ്യാഭ്യാസത്തിന്റെ കുറവ്

**നിർദ്ദേശങ്ങൾ - സാധ്യതകൾ**

1. നിലവിലുള്ള സംഘങ്ങളുടെ പ്രവർത്തനം ആധുനിക സാങ്കേതിക വിദ്യയും, ആവശ്യമായ മൂലധനവും ഉപയോഗിച്ച് നവീകരിക്കാം. ക്ഷീര വ്യവസായ രംഗത്ത് പാൽ സംസ്ക്കരണ യൂണിറ്റിനു പുറമെ പാൽ ഉല്പന്നങ്ങളും വാണിജ്യ അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കണം. ഇതിനായി ഏകദേശം 1.5 ലക്ഷം രൂപ മുതൽ മുടക്ക് ആവശ്യംവരും. അതുവഴി 5 പേർക്ക് പ്രത്യക്ഷമായും 20 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും. കയർ വ്യവസായ സംഘത്തിൽ തൊണ്ട് തല്ലുന്നതിന് യന്ത്രങ്ങൾ ഉപയോഗപ്പെടുത്തണം. ഗുണമേന്മയുള്ള നാരും, അധിക ഉല്പാദനവും, തൊഴിൽ സാദ്ധ്യതയും ഇതിന്റെ മേന്മകളാണ്. രണ്ട് ലക്ഷം രൂപയാണ് ഇതിന് പ്രതീക്ഷിക്കുന്ന ചെലവ്. യനത്രം സ്ഥാപിക്കപ്പെടുകയാണെങ്കിൽ 4 പേർക്ക് പ്രത്യക്ഷമായും 25 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കും.
2. നോൺ ക്രിഡിറ്റ് മേഖലയിൽ സ്ഥാപിക്കാവുന്ന വിവിധതരം സഹകരണ സംഘങ്ങളെക്കുറിച്ചും അത്തരം സംഘങ്ങൾക്ക് സർക്കാർ നല്കുന്ന ധന സഹായത്തെക്കുറിച്ചും ജനങ്ങൾക്ക് അറിവില്ല. പ്രാദേശിക വിഭവങ്ങളുടെ ലഭ്യതയും, ജനങ്ങളുടെ സന്നദ്ധതയും പുതിയ സംഘങ്ങൾ ആരംഭിക്കാനുള്ള സാദ്ധ്യതകളാണ്. ഇത്തരത്തിൽ പുതിയതായി ആരംഭിക്കാവുന്ന സംഘങ്ങൾ വനിത വ്യവസായ സഹകരണസംഘം, ഉപഭോക്തൃസഹകരണ സംഘം, ലേബർ കോൺട്രാക്റ്റ് സഹകര

ണസംഘം, മത്സ്യസഹകരണ സംഘം എന്നിവയാണ്.

വനിത വ്യവസായ സഹകരണ സംഘത്തിൻെറ കീഴിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, നോട്ട് ബുക്ക് നിർമ്മാണ്, അച്ചാർ, കറി പൗഡർ, വിവിധതരം പലഹാരപ്പൊടികൾ എന്നിവയുടെ നിർമ്മാണം ആരംഭിക്കേണ്ടതാണ്.

ഉപഭോക്തൃ സഹകരണസംഘം രൂപീകരിക്കുക വഴി പഞ്ചായത്ത് തലത്തിൽ ഉപഭോക്തൃ സാധനങ്ങൾ എല്ലാം തന്നെ മിതമായ നിരക്കിൽ വില്ക്കാനും അതുവഴി 10 പേർക്ക് തൊഴിൽ നല്കാനും സാധിക്കും.ലേബർ കോൺട്രാക്റ്റ് സഹകരണസംഘം വഴി വിവിധ മേഖലകളിലുള്ള തൊഴിലാളികളുടെ സംയോജിപ്പും, അവർക്കാവശ്യമായ പണി ആയുധങ്ങളുടെ വിതരണവും, ആവശ്യമായ തൊഴിൽ നിർദ്ദേശങ്ങളും സഹായങ്ങളും ലഭ്യമാക്കാം.

മത്സ്യസഹകരണ സംഘം വഴി കായലോര പ്രദേശത്തെ മുഴുവൻ മത്സ്യത്തൊഴിലാളികളെയും സഹ. മേഖലയിൽ കൊണ്ടുവരാനും മത്സ്യോത്പാദനം ഗണ്യമായി വർദ്ധിപ്പിക്കാനും അവരുടെ ജീവിതനിലവാരം ഉയർത്തിക്കൊണ്ടുവരാനും സാധിക്കും.

1987-ൽ പ്രവർത്തനം നിലച്ച വെങ്കിടങ്ങ് കളിമൺ വ്യവസായ സഹകരണ സംഘത്തിൻെറ നിലവിലുള്ള ആസ്തികൾ ഉപയോഗിച്ച് കേരത്തടിയും ഭാഗങ്ങളും ഉപയോഗിച്ചുകൊണ്ടുള്ള കൗതുക വസ്തുക്കൾ, അലങ്കാര ദീപങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റാക്കി മാറ്റാനുള്ള നടപടികൾ സ്വീകരിക്കാം. അതുപോലെ തന്നെ ക്ഷീരവ്യവസായ സഹകരണ സംഘത്തിൻെറ പ്രവർത്തന വ്യാപ്തി വെങ്കിടങ്ങ് പഞ്ചായത്ത് മുഴുവൻ ആയി വർദ്ധിപ്പിക്കുക. 7,8,1,10 വാർഡുകളിലെ ഗ്രാമസഭ നിർദ്ദേശങ്ങൾ പരിഗണിച്ച് അവിടങ്ങളിൽ പാൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുകയും വേണം. കൃഷിവകുപ്പുമായി സഹകരിച്ച് മേൽത്തരം തീറ്റപുൽ വിത്ത്, മൃഗസംരക്ഷണവകുപ്പുമായി സഹകരിച്ച്സങ്കരയിനം കിടാരികൾ എന്നിവയുടെ ലഭ്യതക്കായി പഞ്ചായത്ത് സമിതി വഴി നടപിടി സ്വീകരിക്കണം.

വെങ്കിടങ്ങ് കയർ വ്യവസായ സഹകരണസംഘത്തിൻെറ പ്രവർത്തന പരിധിയിൽ ഉൾപ്പെടുന്ന 1,2 വാർഡുകളിൽ ഗ്രാമസഭ നിർദ്ദേശം പരിഗണിച്ച് പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുകയും അതുവഴി ആ പ്രദേശങ്ങളിലെ ചകിരിത്തൊഴിലാളികളെ കൂടി സഹകരണ രംഗത്തേക്ക് കൊണ്ടുവരാനും സാധിക്കും.

മത്സ്യത്തൊഴിലാളി സഹകരണസംഘം പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കുകയും 1,2,3,4,5,11 വാർഡുകളിലേക്ക് അതിൻെറ പ്രവർത്തനം വർദ്ധിപ്പിക്കുകയും വേണം.

3. നിലവിലുള്ള സംഘം ഭരണസമിതി അംഗങ്ങൾക്ക് സംഘം പ്രവർത്തനങ്ങളെ സംബന്ധിച്ചും, കാര്യക്ഷമത വർദ്ധിപ്പിക്കുന്നത് സംബന്ധിച്ചും പരിശീലനം നല്കണം.

4. വിവിധ വകുപ്പുകൾ സഹകരണ സംഘങ്ങളോട് കാണിക്കുന്ന നിസ്സംഗത ജനകീയ പങ്കാളിത്തതോടെ ലഘൂകരിക്കുകയും, സഹകാരികൾക്ക് അവരുടെ അവകാശങ്ങളെയും, ചുമതലകളെയും കുറിച്ച് അവശ്യം വേണ്ട സഹകരണ വിദ്യാഭ്യാസം നല്കേണ്ടതുമാണ്.

5. സഹകരണ രംഗത്തെ വളർച്ചക്കായി പഞ്ചായത്തിലെ സഹകാരികളെയും, വിവിധ വകുപ്പിലെ ഉദ്യോഗസ്ഥരെയും ഉൾക്കൊള്ളിച്ച് പഞ്ചായത്തിൻെറ നേതൃത്വത്തിൽ ഒരു സഹകരണ സെൽ രൂപീകരിക്കാവുന്നതും സഹകരണ സംഘങ്ങൾക്ക് ആവശ്യമായി ഉപദേശങ്ങൾ നല്കാവുന്നതും സംഘം പ്രവർത്തനങ്ങൾ അവലോകനം ചെയ്യാവുന്നതാണ്.

6. സ്ക്കൂൾ സഹകരണ സംഘങ്ങളോടനുബന്ധിച്ച് കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോറം, ബാങ്ക് തുടങ്ങിയവ മൊത്തമായി വാങ്ങി വില്ക്കാവുന്ന കൺസ്യൂമർ സ്റ്റോറുകൾ എല്ലാ സ്ക്കൂൾ സഹകരണ സംഘത്തിലും ആരംഭിക്കേണ്ടതാണ്.

സഹകരണംജനപങ്കാളിത്തത്തിൻെറയും ആസൂത്രണത്തിൻെറയും ആണിക്കല്ലാണെന്നുള്ള ബോധം പൗരന്മാരിൽ വളരട്ടെ. അതുവഴി കുടുംബങ്ങൾക്ക് അഭിവൃദ്ധിയും, നാടിന് ഐശ്വര്യവും കൈവരട്ടെ!

# പാർപ്പിടം

ഭവന നിർമ്മാണ മേഖലയിൽ പല ആധുനിക പരീക്ഷണങ്ങളും പ്രയോഗിച്ചു കാണുന്നത് സ്വാഗതാർഹമാണ്. പ്രദേശത്തിന്റെ ഭൂപ്രകൃതിയും പരിസ്ഥിതിയും വിഭവഘടകങ്ങളും കണക്കിലെടുത്ത് ചെലവു കുറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങളാണ് പ്രോത്സാഹിപ്പിക്കേണ്ടത്. പ്രത്യേകിച്ച് ഈ പഞ്ചായത്തിൽ ഭവനരഹിതർ ഏറെയുള്ളതിനാൽ ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തിന്റെ സാങ്കേതിക വൈദഗ്ധ്യം ലഭ്യമാക്കാൻ വേണ്ട നടപടികൾ അത്യാവശ്യമാണ്.

ഗൾഫ് നാടുകളിൽ ജോലി ചെയ്യുന്നവർ ഭവന നിർമ്മാണത്തിൽ ഭീമമായതുകകൾ ചെലവഴിക്കുന്നത് പ്രകടമാണ്. വിദേശപണം കോൺക്രീറ്റ് സൗധങ്ങൾക്കായി വിനിയോഗിക്കാതെ പ്രത്യുല്പാദനപരമായി വ്യയം ചെയ്യാൻ അതുമായി ബന്ധപ്പെട്ട കുടുംബങ്ങളെ ബോധവൽക്കരണം നടത്തേണ്ടത് അനിവാര്യമായിരിക്കുന്നു.

നിർമ്മാണ പ്രവർത്തനമേഖലയുമായി ബന്ധപ്പെട്ട് ധാരാളംപേർ ജോലി ചെയ്യുന്നുണ്ടെങ്കിലും ആധുനിക സാങ്കേതിക വിദ്യകളൊന്നും ഈ രംഗത്തേക്ക് അധികം കടന്നുവന്നിട്ടില്ല. തൊഴിലിൽ നൈപുണ്യമോ പരിശീലനമോ വ്യക്തമാക്കുന്ന രേഖകൾ കൈവശമുള്ള നിർമ്മാണതൊഴിലാളികൾ വിരളമാണ്. ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പരിശീലനം നൽകുന്നതിനുള്ള കേന്ദ്രങ്ങളില്ല. യന്ത്രവല്കരണം ഈ മേഖലയിൽ വെറും 2% മാത്രമാണ്. പുത്തൻ സാങ്കേതിക വിദ്യകളും വിദഗ്ദരുടെ പങ്കാളിത്തവും ഉറപ്പു വരുത്തി ഈ മേഖലയെ കൂടുതൽ പരിപോഷിപ്പിക്കേണ്ടതുണ്ട്.

മുള, മരം, മണ്ണ്, തുടങ്ങിയവ അസംസ്കൃത വസ്തുക്കളാണ് ഭവന നിർമ്മാണത്തിനായി ഭൂരിഭാഗവും ഉപയോഗിച്ചു കാണുന്നത്. നിർമ്മാണരംഗത്ത് നൂതന രീതികൾ കടന്നുവന്നപ്പോൾ കോൺക്രീറ്റു വീടുകളും ധാരാളമുണ്ടായി. മരത്തിന്റെ ലഭ്യത കുറഞ്ഞു വന്നതോടെ കോൺക്രീറ്റ് വൻ സ്വാധീനം ചെലുത്തുന്നതായു കാണാം. എങ്കിലും ചിലവു കുറഞ്ഞ നിർമ്മാണത്തിന് ഊന്നൽ നല്കുന്നതിൽ പലരിലും താല്പര്യം ജനിച്ചിട്ടുണ്ട്. ഈ വസ്തുത ശ്രദ്ധിക്കപ്പെടേണ്ടതും പ്രോൽസാഹിപ്പിക്കേണ്ടതും ബോധവല്ക്കരിക്കേണ്ടതുമാണ്.

വാസ്തു ശില്പ പരമായി ശ്രദ്ധേയങ്ങളായ മുന്നേറ്റങ്ങൾ നിർമ്മാണ മേഖലയിൽ കാണുന്നു. പഴമയുടെ പ്രൗഢിയും ശില്പമേന്മയുമുള്ള ആധുനിക ഭവനങ്ങൾ ഇതിന് തെളിവായി വേണ്ടത്രയുണ്ട്.

വ്യാപകമായി പുതിയ വീടുകൾ ഉയർന്നു വരുന്നത് ഭൂരിഭാഗവും ഗൾഫിൽ ജോലി നോക്കുന്നവരുടേതാണെന്ന് സ്ഥിതി വിവര കണക്കുകൾ കാണിക്കുന്നു. സാധാരണക്കാർ സർക്കാർ സഹായം പ്രതീക്ഷിച്ചുകൊണ്ട് വീടെന്ന സ്വപ്നം സാക്ഷാൽകരിക്കാൻ കാത്തിരിക്കയാണ്. കുടിലുകളിൽ താമസിക്കുന്ന 419 കുടുംബങ്ങളിൽ പകുതിയിലധികം പേർക്കും സ്വന്തമായി സ്ഥലമില്ല. സർക്കാർ പുറംപോക്ക് സ്ഥലങ്ങളിൽ കുടിൽ കെട്ടിയാണ് ഇവർ താമസിക്കുന്നത്. മുൻഗണനാക്രമത്തിൽ ഇവർക്ക് വീടു നിർമ്മിക്കുന്നതിനുള്ള സഹായ സഹകരണങ്ങൾ നൽകണം. ലക്ഷം വീടു കോളനികളുടെ സ്ഥിതി വളരെ ശോചനീയമാണ്. അറ്റകുറ്റ പണികൾക്കും പരിസരശുചീകരണത്തിനും വേണ്ട സാമ്പത്തിക സഹായം ഉടനെ നല്കേണ്ടതുണ്ട്.

പഞ്ചായത്ത് അതൃത്തിക്കുള്ളിൽ സ്ഥിതി ചെയ്യുന്ന മൊത്തം 5842 വീടുകളിൽ 1783 വീടുകൾ സാമാന്യം ഭേദപ്പെട്ടതും 2196 വീടുകൾ ഇടത്തരവും ബാക്കിയുള്ളവ ഓലമേഞ്ഞതോ കുടിലുകളോ ആണ്.

**വീടുകളുടെ തരം തിരിച്ച് പട്ടിക വാർഡുതലത്തിൽ**

| വാർഡ് | കോൺക്രീറ്റ് മേൽക്കൂരയുള്ളവ | ഓട് മേഞ്ഞവ | ഓല മേഞ്ഞവ | കുടിൽ |
|---|---|---|---|---|
| 1 | 272 | 158 | 317 | 3 |
| 2 | 200 | 130 | 239 | 50 |
| 3 | 143 | 175 | 167 | 136 |
| 4 | 128 | 205 | 78 | 18 |
| 5 | 106 | 229 | 60 | 9 |
| 6 | 130 | 167 | 225 | 50 |
| 7 | 251 | 261 | 123 | 59 |
| 8 | 156 | 241 | 58 | 45 |
| 9 | 75 | 354 | 36 | 15 |
| 10 | 118 | 91 | 35 | 13 |
| 11 | 204 | 165 | 96 | 51 |
| ആകെ | 1783 | 2176 | 1434 | 449 |

1991-1996 കാലഘട്ടത്തിൽ പഞ്ചായത്തിലെ 11 വാർഡുകളിലും ഭവനനിർമ്മാണം തകൃതിയായി നടന്നു. ഇവയിൽ കോൺക്രീറ്റ് വീടുകളാണ് അധികവും. സർക്കാർ ഏജൻസികൾ മുഖാന്തിരം പഞ്ചായത്തിൽ ലഭ്യമായ വീടുകളുടെ എണ്ണം വിരളമാണ്. ഭവന നിർമ്മാണ വായ്പകളെ കുറിച്ച് സാധാരണക്കാർക്കുള്ള അറിവ് പരിമിതം. മാത്രമല്ല, വായ്പകൾ കൃത്യസമയത്ത് ലഭ്യമാകാതെയിരിക്കുക-ലഭ്യമായാൽ തന്നെ അവയിൽ നല്ലൊരു സംഖ്യ ഉദ്യോഗസ്ഥന്മാർക്ക് കൈക്കൂലിയായി നല്കേണ്ടി വരിക. ആയതുകൊണ്ട് സ്വന്തമായൊരുവീട് എന്ന സാധാരണക്കാരന്റെ സ്വപ്നം സഫലീകൃതമാകാതെ പോകുന്നു.

ഭവന നിർമ്മാണ രംഗത്തെ പ്രതികൂലമായി ബാധിക്കുന്ന രണ്ട് ഘടകങ്ങൾ 1. അടിക്കടിയുണ്ടാകുന്ന നിർമ്മാണ വസ്തുക്കളുടെ വിലർദ്ധന. 2. കൂലിയിലുണ്ടാകുന്ന ഭീമമായ വർദ്ധനവ്.

**ഗ്രാമസഭകളിൽ നിന്ന്**

വെങ്കിടങ്ങ് പഞ്ചായത്തിൽ 300ഓളം ഭവനരഹിതരുണ്ട്. അതിൽ 250ൽ ഏറെ കുടുംബങ്ങൾക്ക് സ്വന്തമായി ഭൂമിയില്ലാത്തവരാണ്. ഗവർമെൻറ് മിച്ചഭൂമി പതിച്ചു നല്കി വീടു നിർമ്മാണത്തിന്നവശ്യമായ സഹായ സഹകരണങ്ങൾ ഇവർക്ക് നല്കുക. ഇതിനായി ഗുണഭോക്താക്കളുടെയും സന്നദ്ധ സംഘടനകളുടെയും പങ്കാളിത്തം പ്രയോജനപ്പെടുത്തുകയും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള അധികാരം ഗ്രാമ സഭകൾക്ക് നല്കുകയും ചെയ്യുക. പുറംപോക്കുകളിൽ താമസിക്കുന്നവരെ പുനഃരധിവസിപ്പിക്കുന്നതിന് പദ്ധതി താമസം വിനാ തയ്യാറാകണം. ചെറ്റ പുരകളിൽ വസിക്കുന്നവർക്കും വിധവകൾക്കും പ്രത്യേക പരിഗണന നൽകണം. 650ൽ പരം ഓല പുരകളാണ് പഞ്ചായത്തിലെ വിവിധ വാർഡുകളിലുള്ളത്. ഇവ ഓട് മേഞ്ഞ് നവീകരിക്കുന്നതിനുള്ള പ്രത്യേക പദ്ധതി തയ്യാറാകണം. താഴ്ന്ന വരുമാനക്കാർക്കും പട്ടികജാതികാർക്കും പൊതു മാനദണ്ഡം ഉറപ്പാക്കണം. പ്രതിവർഷം 50 വീടുകൾ എന്ന തോതിലെങ്കിലെങ്ഖിലും നിർമ്മാണ പ്രവർത്തനങ്ങൾ പഞ്ചായത്ത് ഏറ്റെടുത്ത് പൊതുജന പങ്കാളിത്തം ഉറപ്പുവരുത്തിയുള്ള പദ്ധതികൾക്ക് രൂപം നല്കണം. താഴ്ന്ന വരുമാനക്കാർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും വീട് വൈദ്യുതീകരിക്കുന്നതിന് സഹായം നൽകണം.

# വനിത

ഒരു നാടിന്റെ വികസനത്തിൽ വനിതകൾക്കുള്ള പങ്ക് നിർണ്ണായകമാണ്. ഭൂരിപക്ഷം വരുന്ന വനിതകളുടെ പങ്ക് അവഗണിച്ചുകൊണ്ട് അധഃപതിനത്തിന്റെ നീർക്കയത്തിൽ മുങ്ങി തുടിക്കണമോ അതോ നാടിന്റെ വികസനപ്രക്രിയയിലെ മുഖ്യധാരയിലേക്ക് കൊണ്ടുവന്ന് ഐശ്വര്യപൂർണ്ണമായ നല്ലൊരു നാളെയുടെ വെളിച്ചമാകണമോ എന്ന് ചിന്തിക്കാനുള്ള അവസരം ആസന്നമായിരിക്കുയാണ്.

ഇല്ലാത്ത സ്വന്തം ദൗർബ്ബല്യങ്ങളുടെ മേലങ്കിയണിഞ്ഞ് അബലകളായി

അടുക്കളയിൽ അടിങ്ങിയൊതുങ്ങി, വരവും ചെലവും പൊരുത്തപ്പെടുത്താൻ കഴിയാതെ വിഷമിക്കുന്ന സ്ത്രീകളുടെ സ്ഥിതി മാറ്റിയെടുക്കുന്നതിന് കൂട്ടായ ഒരു പ്രവർത്തനം ആവശ്യമായി വന്നരിക്കുന്നു.

പഞ്ചായത്ത്രാജ് നിയമം വന്നതോടു കുടി വനിതാ ജനപ്രതിനിധികളുടെ എണ്ണം വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും പൊതുപ്രവർത്തന രംഗത്തേയക്ക് വരുന്നവരുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല.

ഇന്ത്യൻ ഭരണഘടനയുടെ 14-ാം വകുപ്പ് എല്ലാ രംഗങ്ങളിലും സ്ത്രീ പുരുഷ സമത്വം ഉറപ്പു വരുത്തണമെന്ന് അനുശാസിക്കുന്നുണ്ട്. ഭരണഘടനാപരമായി ലഭിച്ച അവകാശം സംരക്ഷിക്കുന്നതിന് സ്ത്രീകൾ മുന്നോട്ടു വരുമ്പോൾ അവരെ സഹായിക്കേണ്ടത് സമൂഹത്തിന്റെ കടമയണ്.

വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ 1991ലെ സെൻസസ് അനുസരിച്ച് 11883 പുരുഷൻമാരും 13339 സ്ത്രീകളും അധിവസിക്കുന്നു. ഇതിൽ സാക്ഷരത കൈവരിച്ച സ്ത്രീകളുടെ എണ്ണം 10130ഉം പുരുഷൻമാരുടെ എണ്ണം 9628 ഉം ആകുന്നു. സ്ത്രീകളുടെ സാക്ഷരതാ നിരക്ക് കുറവാണ്. ഇന്ന് കൂടുതൽ പെൺകുട്ടികൾ വിദ്യാഭ്യാസം നേടി പുറത്തുവരുന്നുണ്ടെങ്കിലും രാഷ്ടീയ, സാമൂഹ്യ സാംസ്കാരിക രംഗത്തേയ്ക്ക് വരുന്നവരുടെ എണ്ണം വളരെ പരിമിതമാണ്. ആരോഗ്യ രംഗത്ത് പുരുഷൻമാരെ അപേക്ഷിച്ച് സ്ത്രീകളുടെ നില മെച്ചമാണെന്ന് കാണാം. വിദ്യാഭ്യാസ രംഗത്ത് അദ്ധ്യാപകരേക്കാൾ കൂടുതൽ അദ്ധ്യാപികമാരുണ്ടെങ്കിലും കഷകതൊഴിലാളി രംഗത്തും, ബീഡി തൊഴിലാളി രംഗത്തും ചകിരിതൊഴിലാളി രംഗത്തും കെട്ടിടനിർമ്മാണ രംഗത്തും സ്ത്രീകളുടെ എണ്ണം കുറഞ്ഞു വരുന്ന പ്രവണത കാണുന്നു. DWCRA പദ്ധതി പ്രകാരമുള്ള ഒരു യൂണിറ്റ് (തൊയക്കാവ്) മാത്രമെ പ്രവർത്തിക്കുന്നുള്ളൂ. തൊഴിലില്ലാത്ത യുവതികളുടെ എണ്ണം വർദ്ധിക്കുന്നതായി മനസ്സിലാക്കുന്നു. തൊഴിലെടുക്കുന്ന സ്ത്രീകളുടെ നിലയാണെങ്കിൽ വളരെ പരിതാപകരവുമാണ്. വീട്ടിലെ എല്ലാം ജോലികളും നിർവ്വഹിച്ച് ജോലിക്കു പോകുന്നവരുടെ ബദ്ധിമുട്ട് നിർവ്വചിക്കാനാവില്ല.

കർഷകതൊഴിലാളികൾക്കും മറ്റു ഇതര പാവപ്പെട്ടവർക്കും ജീവിക്കാനാവശ്യമായ തൊഴിൽ ലഭിക്കുന്നില്ലെന്ന് മാത്രമല്ല, ലഭിക്കുന്ന കൂലി ഉപയോഗിച്ച് ജീവിക്കാനാവശ്യമായ സാധനങ്ങൾ വിലവർദ്ധനവ് മൂലം വാങ്ങിക്കാനും കഴിയുന്നില്ല. അതുകൊണ്ട് ദാരിദ്ര്യം അനുഭവിക്കേണ്ടിവരുന്നതും കൂടുതൽ സ്ത്രീകൾക്കാണ്.

മാതൃ ശിശു സംരക്ഷണ കേന്ദ്രങ്ങളും, അംഗനവാടികളും, മഹിളാസമാജങ്ങളും, രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ പോഷക വനിത സംഘടനകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. സ്ത്രീകളുടെ നിലമെച്ചപ്പെടുത്തുന്നതിലും, സ്ത്രീപുരുഷസമത്വം ഉറപ്പുവരുത്തുന്നതിലും ഉള്ള പുത്തൻ തന്ത്രങ്ങൾക്ക് രൂപം നൽകാനും, പ്രവർത്തിക്കാനും കൂട്ടായ പരിശ്രമം ആവശ്യമാണ്.

## പ്രശ്നങ്ങൾ

1. ആവശ്യം അറിഞ്ഞിരിക്കേണ്ട അറിവുകൾ നേടിയെടുക്കുന്നതിന് സ്ത്രീകൾ മുന്നോട്ട് വരുന്നില്ല.
2. കലാ കായിക സാംകസ്ക്കാരിക രാഷ്ട്രീയ രംഗത്തേയ്ക്ക് വരുന്നതിന് സ്ത്രീകൾ വിമുഖത കാട്ടുന്നു.
3. സ്ത്രീകളോടുള്ള വിവേചനം സ്ത്രീധന സംമ്പ്രദായം മുതലായ തിൻമകൾക്കെതിരെ പോരാടുവാൻ സ്ത്രീകൾ മുന്നോട്ടു വരുന്നില്ല.
4. ആഭരണഭ്രമം വർദ്ധിച്ചു വരുന്നു.
5. ആധുനിക/വിദേശ വസ്ത്രങ്ങളോടും, സൗന്ദര്യ വർദ്ധക വസ്തുക്കളോടും ഉള്ള അമിതമായ താത്പര്യം
6. സ്വയം തൊഴിൽ സംരംഭങ്ങളിൽ താത്പര്യം കുറയുന്നു.
7. ബോധവൽക്കരണ പരിപാടികളോടുള്ള വിമുഖത കാണുന്നു.
8. സർക്കാർ പദ്ധതികൾ മുഖേന ലഭിക്കേണ്ട സാമ്പത്തിക സഹായം ആവശ്യമായ സമയത്ത് വഭിക്കുന്നില്ല.
9. വനിതകളുടെ സംരഭങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല.

## സാദ്ധ്യതകൾ


1. നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കുക.
2. സ്ത്രീകൾക്ക് അനുയോജ്യമായ സമയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും, സ്ത്രീകളെ പ്രസ്തുത ക്ലാസ്സുകളിൽ പങ്കെടുപ്പിക്കന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുക.
3. സ്വയം തൊഴിൽ സംരംഭങ്ങളുമായി മുന്നോട്ടു വരുന്നവർക്ക് പരിശീലനം നൽകുകയും സഹായധനം നൽകുന്നതിനുള്ള നടപടികൾ ഉദാരമാക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
4. തുല്യ ജോലിക്ക് തുല്യ വേതനം ഉറപ്പു വരുത്തുക.
5. അർഹരായ എല്ലാ വിധവകൾക്കും പെൻഷൻ അനുവദിക്കുക
6. അംഗൻവാടികൾക്ക് സ്വന്തം സ്ഥലവും കെട്ടിടവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.
7. സ്ത്രീകളുടെ സ്വന്തം കുടുംബ ജോലി ഭാരം കുറക്കുന്നതിന് ആവശ്യമായ ദക്ഷത കൂടിയ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് പ്രേരിപ്പിക്കുക.

*ആശംസകളോടെ!!!*

**ഐഡിയൽ ബിൽഡേഴ്സ് & കൺസൾട്ടൻസി**

**വെങ്കിടങ്ങ്**

## പഞ്ചായത്തും വാർഡുകളും



# വിദ്യാഭ്യാസം

കേരളത്തിൻെറ സാംസ്കാരിക തലസ്ഥാനമായ തൃശൂർ നഗരത്തിൽ നിന്ന് ഏകദേശം ഇരുപത്തി മൂന്നു കിലോ മീറ്റർ വടക്കുപടിഞ്ഞാറുമാറി സ്ഥിതി ചെയ്യുന്ന പഞ്ചായത്താണ് വെങ്കിടങ്ങ്. സാംസ്കാരിക തലസ്ഥാനവുമായി നിരന്തര ബന്ധങ്ങളുണ്ടെങ്കിലും വിദ്യാഭ്യാസ കാര്യത്തിൽ പഞ്ചായത്ത് അത്രയോന്നും മികവ് പ്രകടിപ്പിച്ചിട്ടില്ല. നൂറ്റാണ്ടുകൾക്കപ്പുറത്ത് വിദ്യാഭ്യാസ പ്രവർത്തനങ്ങൾ സർക്കാർ തലത്തിൽ നടന്നതായുള്ള ചരിത്ര രേഖകളുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ സൗകര്യങ്ങളൊന്നും പഞ്ചായത്തിലൊ, അയൽപഞ്ചായത്തുകളിലോ ഇല്ല. കൊല്ലവർഷം 993 മേടം 31 ന് വിദ്യാലയം ആരംഭിക്കാൻ കൊച്ചി രാജാവ് ഈ പ്രദേശത്തുകാരിലൊരാൾക്ക് നൽകിയ തീട്ടൂരം ഇന്നും എറണാകുളം റീജിയനൽ ആർകേവ്സിൻെറ ശേഖരത്തിലുണ്ട്. വിദ്യാഭ്യാസ മേഖലയിൽ ഇവിടത്തുകാർക്കുള്ള താൽപര്യത്തിൻെറ ദൃഷ്ടാന്തമായി ഇതിനെ ചൂണ്ടിക്കാട്ടുന്നു. പഞ്ചായത്തിൽ ആദ്യം സ്ഥാപിതമായത് ആർ.സി. യു.പി. സ്കൂളാണ്-1909ൽ

### പട്ടിക - 1 A

മൊത്തം പന്ത്രണ്ട് സ്ക്കൂളുകൾ പഞ്ചായത്തിലുണ്ട് മൂന്ന് സർക്കാർ സ്ക്കൂളുകളും ഒൻപത് സ്വകാര്യ സ്ക്കൂളുകളുമാണിവ. ഏഴ് എൽ.പി. സ്ക്കൂളുകളും എൽ.പിയും യു.പിയും കൂടി ചേർന്ന് മൂന്ന് സ്ക്കൂളുകളും എൽ.പിയും യു.പിയും ഹൈസ്ക്കൂളും കൂടിയ ഒരു ഹൈസ്ക്കൂളും ആണ് നിലവിലുള്ളത്. ഇതിന് പുറമെ പഞ്ചായത്തിൽ 23 അംഗൻ വാടികളും, അഞ്ച് പ്രീ-പ്രൈമറി സ്ക്കൂളുകളും ഒരു പാരലൽ കോളേജും പ്രവർത്തിക്കുന്നു. ആദ്യകാല പഠന കേന്ദ്രങ്ങൾ പാടൂർ ജി.എം.യു.പി സ്ക്കൂളും തൊയക്കാവ് ആർ.സി. യു.പി. സക്കൂളുമാണ്. ഏനാമാവ് സെൻറ് ജോസഫ്സ് ഹൈസ്ക്കൂളുമാണ് സെക്കണ്ടറി വിദ്യാഭ്യാസത്തിനായി തുറന്ന പ്രഥമ ഹൈസ്ക്കൂൾ. ഭൂരിഭാഗം പേർക്കും സെക്കണ്ടറി വിദ്യാഭ്യാസത്തിന് വേണ്ടി അയൽ പഞ്ചായത്തുകളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. സെക്കൻററി വിദ്യാഭ്യാസത്തിനായി രണ്ടാമത് തുറന്ന് കിട്ടിയത്, പാടൂർ അലിമുൽ ഇസ്ലാം ഹൈസ്ക്കൂളാണ്.

ഈ രണ്ട് സ്ഥാപനങ്ങളും വിദ്യാഭ്യാസകാര്യങ്ങളിൽ ഉന്നത നിലവാരം പുലർത്തുന്നു, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് പ്രൈമറി, സെക്കൻററി വിദ്യാഭ്യാസ ആവശ്യത്തിനായി വേണ്ടത്ര സൗകര്യങ്ങൾ നിലവിലുണ്ടെന്നത് അഭിമാനിക്കാൻ വകനൽകുന്നു. തൊഴിലധിഷ്ഠത കോഴ്സുകൾ നടത്തുന്നതിനോ പ്രൊഫഷനൻ വിദ്യാഭ്യാസ സൗകര്യങ്ങളോ പഞ്ചായത്തിലില്ല. നഗരങ്ങളിലും മറ്റുപഞ്ചായത്തുകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്നവർ ധാരാളമായി ഈ പഞ്ചായത്തിലുണ്ട്. പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യങ്ങൾ ഏറെ ഉണ്ടായിട്ടും അംഗീകാരമില്ലാത്ത സ്വകാര്യസ്ഥാപനങ്ങളെ ആശ്രയിക്കുന്നവരുടെ എണ്ണം പെരുകുന്നു. പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളുടെ എണ്ണം 5530 ആണ്. ഇത് പഞ്ചായത്തിലെ മൊത്തം ജനസംഖ്യയുടെ 23% ന് മുകളിൽ വരും അംഗൻവാടികളും പ്രീ-പ്രൈമറി ക്ലാസുളും പാരലൽ കോളേജുകളും ഇതിന് പുറമേയാണ്. പഞ്ചായത്തിലെ സ്ക്കൂളുകളിലെ വിദ്യാർത്ഥികളിൽ 2450 ആൺ കുട്ടികളും 2580 പെൺകുട്ടികളുമാണ് റജിസ്റ്ററുകളിലെ കണക്കനുസരിച്ചുള്ളത്. 1158 വിദ്യാത്ഥികൾ പട്ടികജാതിക്കാരാണ്.

### പട്ടിക - 1 B, 1 C

പട്ടികജാതിക്കാരുടെ വിദ്യാധ്യാസനിലവാരം മോശമല്ലെന്നാണ് രേഖകൾ വ്യക്തമാക്കുന്നത്. പഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങളായ പാടൂർ ജി.എം. യു.പി., ഫിഷറീസ് എൽ.പി. കുണ്ടഴിയൂർ, കണ്ണോത്ത് ജി.എം.എൽ.പി എന്നീ സ്ക്കൂളുകളുൽ 499% വിദ്യാർത്ഥികളാണ് പഠിക്കുന്നത്. രണ്ടാം വാർഡിൽ സ്ഥിതി

ചെയ്യുന്ന ഫിഷറീസ് എൽ.പി.സ്ക്കൂളിന്റെ അവസ്ഥ പരിതാപകരമാണ്. നല്ല കെട്ടിടമുള്ള ഈ സ്ക്കൂളിൽ ആകെ കുട്ടികളുടെ എണ്ണം 5 മാത്രമാണ്.പഞ്ചായത്തിലെ മൊത്തം വിദ്യാർത്ഥികളുടെ 9%ത്തോളം മാത്രമെ സർക്കാർ സ്ക്കൂളുകളെ ആശ്രയിക്കുന്നുള്ളൂ.

സാമ്പത്തിക സാമൂഹിക ആരോഗ്യസാഹചര്യങ്ങളുടെ സമ്മർദ്ദത്താൽ ചെറിയൊരു ശതമാനം വിദ്യാർത്ഥികൾ ഇടക്കുവെച്ച് പഠനം നിർത്തുന്നുണ്ട്. ഈ കൊഴിഞ്ഞുപോക്ക് തടയാൻ ശക്തമായ നടപടികൾ ഉണ്ടാകേണ്ടതാണ്. ഭാവി തലമുറയെ കരുപിടിപ്പിക്കുവാൻ ഒരു പരിധി വരെ ഇത് കൂടിയേ കഴിയൂ. 1995-96 അധ്യയന വർഷത്തിൽ കൊഴിഞ്ഞു പോയവരുടെ പട്ടിക 1 (D) കൊടുത്തിരിക്കുന്നു.

### പട്ടിക 1 (D)

പഞ്ചായത്തിൽ ഇപ്പോഴുള്ള വിദ്യാർത്ഥികളിൽ വൈദ്യശാസ്ത്രരംഗത്ത് 20, എൻജിനീയറിംഗ് രംഗത്ത് 24, കമ്പ്യൂട്ടർ മേഖലയിൽ 150, പ്രീഡിഗ്രി, ഡിഗ്രി തലത്തിൽ 300-(മുന്നൂറോളം) പേരുമാണ് പരിശീലനം നേടുന്നത്. ഹൈസ്ക്കൂളുകളിലെ ശരാശരി വിജയശതമാനം 65 ആണ്. ടൈപ്പ് റൈറ്റിംഗ് പരിശീലന കേന്ദ്രങ്ങൾ നാലോ അഞ്ചോ ഉണ്ടായിരുന്നതിൽ നിന്ന് ഒന്നായിചുരുങ്ങി. അമ്പതോളം പേർ ഇവിടെ പരിശീലനം നേടുന്നുണ്ട്. ഷോർട്ട് ഹാൻറ് പരിശീലനം മുൻപത്തേതിൽ നിന്നും കുറഞ്ഞുവരുന്നതായി കാണുന്നു. സിറോക്സിൻേറയും ഇലക്ട്രോണിക് ടൈപ്പ് റൈററുകളുടേയും കമ്പ്യൂട്ടറുകളുടേയും നുഴഞ്ഞു കയറ്റം ഈ മേഖലയെ സ്തംഭനത്തിലാക്കി. കമ്പ്യൂട്ടർ ട്രെയിനിംങ്ങിനായി ഒരു സ്വകാര്യ സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. അംഗൻ വാടികളുടേയും ശിശു സംരക്ഷണ കേന്ദ്രങ്ങളുടെയും എണ്ണം പഞ്ചായത്തിൽ കുറവാണ്. 1000 പേർക്ക് ഒരു അംഗൻവാടി എന്ന കണക്ക് ഇപ്പോഴും പാലിക്കപ്പെട്ടിട്ടില്ല. ഒന്നാം പാദ പരീക്ഷയുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനനിലവാരം (ശതമാനത്തിൽ) പട്ടിക 1(F)കൊടുത്തിരിക്കുന്നു.

### പട്ടിക 1(F)

സ്ക്കുളുകളുടെ ഭൗതിക സാഹചര്യങ്ങൾ മോശമാണെന്ന് പറയേണ്ടിയിരിക്കുന്നു. 3 സ്ക്കുളുകളിൽ ഒരു പരിധി വരെ സൗകര്യങ്ങളുണ്ടെങ്കിലും ചില സ്വകാര്യ സ്ക്കുളുകളിൽ പോലും അടിസ്ഥാനസൗകര്യങ്ങൾ പരിമിതമാണ്. വിദ്യാലയങ്ങളുടെ മൊത്തം കെട്ടിടങ്ങളുടെ എണ്ണം 33. ആകെ 152 ഡിവിഷനുകളുണ്ട്. 36 കുട്ടികൾക്ക് ഒരു ഡിവിഷൻ എന്ന അനുപാതം. മൂത്രപുരകളില്ലാത്ത 2 സ്ക്കൂളുകളും കക്കൂസുകളില്ലാത്ത 5 സ്ക്കൂളുകളും, കുടിവെള്ള സൗകര്യമില്ലാത്ത 3 സ്ക്കൂളുകളും, വൈദ്യുതി എത്താത്ത 7 സ്ക്കൂളുകളും ഉണ്ട്. സർക്കാർ വിദ്യാലയങ്ങളിൽ വൈദ്യുതി ഒഴിച്ചുള്ള മറ്റു സൗകര്യങ്ങൾ ഉണ്ട്. പട്ടിക 1(F). നിലവിലുള്ള മൂത്രപുരകളുടെ മൊത്തം എണ്ണം 14. സ്ക്കൂളുകളുടെ എണ്ണം നോക്കുമ്പോൾ രണ്ടെണ്ണം കൂടുതൽ. എന്നാൽ 325 കുട്ടികൾക്ക് ഒരു മൂത്രപുര എന്ന കണക്കിന് ആവശ്യമുള്ള മൂത്രപുരകളുടെ എണ്ണം 15. നിലവിലുള്ള കക്കൂസുകളുടെ എണ്ണം 11. 460 കുട്ടികൾക്ക് 1 കക്കൂസ് എന്ന നിരക്കിൽ. എല്ലാ സ്ക്കൂളുകൾക്കും കൂടി 217 ഡസ്ക്കുകളും 235 ബഞ്ചുകളും 36 മേശകളും 67 കസേരകളും ആവശ്യമായിട്ടുണ്ട്. ഓഫീസ് ഉപകരണങ്ങളും വേണ്ടത്രയില്ല.

### പട്ടിക 1(H)

### പട്ടിക 1(G)

### പട്ടിക 1(J)

അക്കാദമിക് സൗകര്യങ്ങളുടെ കാര്യത്തിൽ വിദ്യാലയങ്ങൾ പ്രതീക്ഷക്കൊത്ത് ഉയർന്നിട്ടില്ല. ലൈബ്രറികളുള്ള സ്ക്കൂളുകൾ എട്ടെണ്ണമുണ്ട്. ഇതിൽ ഏഴെണ്ണം മാത്രമേ പ്രവർത്തിക്കുള്ളൂ. പ്രവർത്തിക്കുന്നവ കാര്യക്ഷമമല്ല. പട്ടിക I(G) I(J) കാണുക. പോയവർഷത്തിൽ ലൈബ്രറികൾക്ക് വേണ്ടി പണം ചിലവഴിച്ചത് 3 സ്ക്കൂളുകൾ മാത്രമാണ്. ഇതും വളരെ തുച്ഛമായ സംഖ്യമാത്രം, ഒരു വിദ്യാർത്ഥിക്ക് 127 പൈസ എന്ന നിരക്കിൽ. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നെടുംതൂണാകേണ്ടിയിരുന്ന ലൈബ്രറികൾ ഇത്രയും മോശപ്പെടുന്നത് സാക്ഷരകേരളത്തിന് നാണക്കേടായി തോന്നിയേക്കാം. ലാബോറട്ടറികളുടെ പ്രവർത്തനവും മറിച്ചല്ല. നിലവിലുള്ള ഏഴെണ്ണത്തിൽ ആറെണ്ണം പ്രവർത്തിക്കുന്നു. പഠനോപകരണങ്ങൾ

വേണ്ടത്ര ഉള്ളത് ആറും വേണ്ടത്ര ഇല്ലാത്തത് മൂന്നും തീരെയില്ലാത്തത് 3ഉം റേഡിയോ ഉള്ള സ്കൂളുകൾ നാലും മാത്രമാണ്. ഉവ ശരിയായി പ്രവർത്തിക്കുന്നില്ല. ടേപ്പ് റിക്കാർഡുകൾ ഉള്ള സ്കൂളുകൾ നാല്. ടി.വി. ഒരു സ്കൂളിലും ഇല്ല എന്ന വസ്തുത എടുത്ത് പറയേണ്ടതുണ്ട്. സിനിമാ പ്രൊജക്ടർ ഉള്ള ഒരു സ്കൂളും സ്ലൈഡ് പ്രോജക്ടറുള്ള ഒരു സ്കൂളും പഞ്ചായത്തിലുണ്ട്. എല്ലാ സ്കൂളുകളിലും കൂടി 82 ബ്ലാക്ക് ബോർഡുകൾ ഇനിയും ആവശ്യമുണ്ട്.

സ്ക്കുളുകളിൽ എട്ടെണ്ണത്തിൽ പി.ടി.എകൾ സജീവമാണ്. ഉന്നമന പ്രവർത്തനങ്ങളിൽ പി.ടി.എ. കാര്യമായ സ്വാധീനം ചെലുത്തുന്നുണ്ടെങ്കിലും, പ്രവർത്തനശൈലികളിലുള്ള വൈകല്യം ശ്രദ്ധേയമാണ്. ഉച്ചക്കഞ്ഞി വിതരണത്തിലും മറ്റു പ്രവർത്തനങ്ങളിലും പി.ടി,എ.കാര്യമായി സഹായിക്കുന്നുണ്ട്. ചില സ്ക്കുളുകളുടെ സാമ്പത്തിക പ്രശ്നങ്ങൾക്ക് പി. ടി.എ.കളേയും പി.ടി.എയിൽ ഉൾപ്പെടാത്ത വിദേശത്തുള്ള നാട്ടുകാരെയും ആശ്രയിക്കുന്നുണ്ട്. മാതൃസംഘം സജീവമായുള്ള സ്കൂളുകൾ ഏഴാണ്.

ഇരുപത്തൊൻപത് കുട്ടികൾക്ക് മെറിറ്റ് സ്ക്കോളർഷിപ്പുകളും മറ്റു സ്ക്കോളർഷിപ്പുകളും ലഭിച്ചുവരുന്നു. ഭൂരിഭാഗം സ്ക്കുളുകൾ കലാമേളകളിലും, സയൻസ് എക്സിബിഷനുകളിലും, ഗണിതശാസ്ത്രമേളകളിലും പങ്കെടുക്കാറുണ്ട്. കലാ-കായിക രംഗങ്ങളിൽ ജില്ലാ-സംസ്ഥാന മൽസരങ്ങളിൽ നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾ ശോഭിച്ചിട്ടുണ്ട് എന്നത് അഭിമാനത്തിന് വക നൽകുന്നു. 7 വിദ്യാർത്ഥികൾ ദേശീയ തലത്തിലുള്ള പരിപാടികളിൽ പങ്കാളികളായിരുന്നു. 'യൂറിക്ക' പോലുള്ള മൽസരപരീക്ഷകളിലും പങ്കെടുത്ത് സ്ക്കോളർഷിപ്പുകൾ നേടുന്നവരുണ്ട്.

ലംസം ഗ്രാൻറ് ലഭിക്കുന്ന 1158 പട്ടികജാതി വിദ്യാർത്ഥികൾ പഞ്ചായത്തിലുണ്ട്. ഇതിനു പുറമെ മെറിറ്റ് സ്ക്കോളർഷിപ്പ് ലഭിച്ച കുട്ടികളുടെ എണ്ണം 29 ഉം മുസ്ലീം പെൺകുട്ടികൾക്കുള്ള സ്ക്കോളർഷിപ്പ് 205ഉം വികലാംഗസ്ക്കോളർഷിപ്പ് 32ഉം ബീഡി തൊഴിലാളികളുടെ മക്കൾക്കുള്ള സ്ക്കോളർഷിപ്പ് 33ഉം മൽസ്യതൊഴിലാളികളുടെ മക്കൾക്ക് 41ഉം എന്നിങ്ങനെയാണ് സ്ക്കോളർഷിപ്പുകൾ ലഭിക്കുന്നവരുടെ കണക്ക്. ഇത് ഏകദേശം 28.71% വരും. പട്ടിക 1K കാണുക.

### പട്ടിക 1K

പഞ്ചായത്തിൽ പാരലൽ കോളേജ് ഒന്ന് മാത്രമാണുള്ളത്. ഇതിൽ വളരെ കുറച്ച് കുട്ടികൾക്ക് മാത്രമെ അധ്യയനസൗകര്യമുള്ളൂ. മറ്റ് സമാന്തര വിദ്യാലയങ്ങൾ ഒന്നും പ്രവർത്തിക്കുന്നില്ല. മുസ്ലീം പഠനകേന്ദ്രങ്ങളായ ഏഴ് മദ്രസകൾ പ്രവർത്തിച്ചുവരുന്നു. അനൗപചാരിക വിദ്യാഭ്യാസരംഗങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളതിൽ ഏറ്റവും മുൻപന്തിയിൽ നിന്നിട്ടുള്ളത് സാക്ഷരതാ പ്രസ്ഥാനം തന്നെയാണ്. മുൻകാലങ്ങളിൽ വായനശാലകൾ ഒരു പരിധിവരെ അനൗപചാരിക വിദ്യാഭ്യാസത്തെ സഹായിച്ചിട്ടുണ്ട്. ദേശീയ പ്രസ്ഥാനങ്ങളോ, നവോത്ഥാന പ്രസ്ഥാനങ്ങളോ അനൗപചാരിക വിദ്യാഭ്യാസമേഖലയിൽ കാര്യമായി പ്രവർത്തിച്ചതായി കാണുന്നില്ല. അനേകം വിദ്യാസമ്പന്നർ നമുക്കുണ്ടെങ്കിലും പഞ്ചായത്തിലെ എല്ലാ വാർഡിലും നിരക്ഷരരായ അനേകം സഹോദരങ്ങളെ കാണാനാകും. 90ലെ സാക്ഷരതാ യജ്ഞത്തിൻെറ ആവേശം നിലനിർത്താൻ കഴിയാതെ പോയതുകൊണ്ട്, നവ സാക്ഷരർ വീണ്ടും നിരക്ഷരതയുടെ വക്കത്തേക്കു നീങ്ങുകയാണ്.

വിദ്യാഭ്യാസരംഗത്ത് ഗ്രാമപഞ്ചായത്തു് രംഗപ്രവേശം ചെയ്യാൻ തീരുമാനിച്ചതിൻെറ അടിസ്ഥാനത്തിൽ 1996 വർഷത്തിൽ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളേയും സംയോജിപ്പിച്ച് ഒരു വിദ്യാഭ്യാസ കോംപ്ലക്സ്പ്രവർത്തനം ആരംഭിച്ചു. നിരക്ഷരതാ നിർമ്മാർജ്ജനം, വിദ്യാഭ്യാസപ്രവർത്തനങ്ങൾ ഏകീകരിച്ച് ചിട്ടപ്പെടുത്തുക, എസ്.എസ്.എൽ.സി. വിജയശതമാനവും പൊതു പഠനിലവാരവും ഉയർത്തുക എന്നിവയാണ് പഞ്ചായത്ത് കോംപ്ലക്സിൻെറ ലക്ഷ്യങ്ങൾ. ഇതിൻെറ പ്രവർത്തനങ്ങൾ പൂർണ്ണമായിട്ടില്ല. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യാപകരെ മെറിറ്റടിസ്ഥാനത്തിൽ നിയമിക്കാത്തതുകൊണ്ട് വിദ്യാലയങ്ങളിൽ വിദ്യാഭ്യാസ നിലവാരം കുറഞ്ഞുപോകുന്നുണ്ട്. മിടുക്കരായ വിദ്യാർത്ഥികൾക്ക് പ്രോൽസാഹനം നൽകാൻ ശ്രമിക്കേണ്ടതുണ്ട്. സ്ക്കൂൾ പി.ടി.എകൾ ഒരു പരുധിവരെ ഇത് നിയന്ത്രിക്കുന്നുണ്ടെങ്കിലും പ്രൈമറിതലത്തിൽ ഇത് പ്രകട


മല്ല. പഞ്ചായത്തടിസ്ഥാനത്തിൽ ചില സാംസ്ക്കാരിക സംഘടനകൾ ഇതിന് മുന്നോട്ട് വന്നിട്ടുണ്ട്. മാത്രമല്ല, പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പുസ്തകങ്ങൾ, വസ്ത്രങ്ങൾ മുതലായവ നല്കി നല്ല തോതിൽ പ്രോൽസാഹനം നൽകുന്നുണ്ട്.

**നിർദ്ദേശങ്ങൾ**

സ്ക്കൂളുകളില്ലാത്ത വാർഡുകളിൽ നിന്ന് സ്ക്കൂളുകൾ ആവശ്യപ്പെട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ പൊന്തിവന്നിട്ടുണ്ട്. സാമൂഹിക സാംസ്കാരിക നിലയവും ലൈബ്രറിയും സ്ഥാപിക്കുക, ടൈപ്പ് റൈറ്റിങ്ങ് സെൻററുകളുടെ എണ്ണം വർദ്ധിപ്പിക്കുക, പയ്യൂർ മാട്ടിൻ നിന്നുള്ള വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഉറപ്പാക്കുക, പയ്യൂർമാട്ടിലും ആന്തുരമാട്ടിലും ഓരോ അംഗൻവാടികൾ സ്ഥാപിക്കുക, മിക്കവാറും സ്ക്കൂളുകൾക്കും റേഡിയോ ഇല്ല. ഇതോടൊപ്പം ഓരോ ടി.വി,സെറ്റും നൽകുക. ലാബറട്ടറി സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുക. ദാരിദ്രരേഖക്ക് താഴെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യമായി പഠനോപകരണങ്ങൾ നൽകുക, അർഹരായ വിദ്യാർത്ഥികൾക്ക് മാത്രം ക്ലാസ്സ് കയറ്റം നൽകുക. നിരക്ഷരരായവരെ വീണ്ടും സാക്ഷരരാക്കുക. പി..ടി.എ.യുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക, പ്രാഥമിക സൗകര്യങ്ങൾ ഏർപ്പാടാക്കുക, നിലവിലുള്ള U.P. സ്ക്കൂളുകൾ V.H.S.Cയോടുകൂടിയ ഹൈസ്ക്കൂളാക്കുക. കണ്ണോത്ത് സ്ഥിതിചെയ്യുന്ന ജി.എം.എൽ.പി.സ്ക്കൂൾ യു.പി. സ്ക്കൂളായി ഉയർത്തുക.

**സാദ്ധ്യതകൾ**

- ഗവൺമെൻറ് സ്ക്കൂളുകളിലെ അദ്ധ്യാപക കുറവുകൾ പരിഹരിച്ച്, ജനങ്ങളുടെ പങ്കാളിത്തം ഉറപ്പുവരുത്തി നിലവാരം ഉയർത്തുക.
- പി.ടി.എകൾ, മാതൃസംഘങ്ങൾ എന്നിവ പ്രാദേശികമായി സ്ക്കൂളുകളുടെ പ്രവർത്തനത്തിൽ കൂടുതൽ ഇടപെടണം.
- GFLPS, കുണ്ടഴിയൂരിൻെറ ഇന്നത്തെ അവസ്ഥ മാറ്റിയെടുക്കാൻ ജനങ്ങളുടെ ഒരു സമിതി ഉണ്ടാക്കാവുന്നതാണ്.
- വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ജനപങ്കാളിത്തം ഉറപ്പുവരുത്താവുന്നതാണ്.
- സ്വകാര്യമേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നത് തടയുക. പ്രത്യേകിച്ച് ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകൾ.



# പട്ടിക 1 A

## വിദ്യാർത്ഥികൾ, അധ്യാപകർ

| ക്രമ നമ്പർ | സ്ക്കൂൾ | മാനേജ് മെൻറ് | വിദ്യാർത്ഥികൾ | | | അധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | പുരു | സ്ത്രീ | ആകെ |
| 1 | ഫിഷറീസ് എൽ.പി.എസ്. കുണ്ടഴിയൂർ | സർക്കാർ | 1 | 4 | 5 | 0 | 1 | 1 |
| 2 | എ.എൽ.പി.എസ്. തൊയക്കാവ് | സ്വകാര്യം | 73 | 53 | 126 | 1 | 5 | 6 |
| 3 | ജി.എം.യു.പി.എസ്. പാടൂർ | സർക്കാർ | 200 | 168 | 368 | 1 | 12 | 13 |
| 4 | എ.എം.എൽ.പി.എസ്. കോടമുക്ക് | സ്വകാര്യം | 76 | 66 | 142 | 3 | 2 | 5 |
| 5 | ആർ.ഇസി.യു.പി.എസ്. തൊയക്കാവ് | " | 280 | 276 | 556 | 3 | 19 | 22 |
| 6 | എ.എം.എൽ.പി.എസ്. ഇരുമ്പ്രനെല്ലൂർ | " | 27 | 35 | 62 | 1 | 4 | 5 |
| 7 | എസ്.ജെ.എച്ച്.എസ്. ഏനാമാക്കൽ | " | 880 | 560 | 1440 | 12 | 39 | 51 |
| 8 | ജി .എം.എൽ.പി.എസ്. കണ്ണോത്ത് | സർക്കാർ | 62 | 64 | 126 | 1 | 4 | 5 |
| 9 | എസ്.എൻ,എ എൽ.പി. എസ്, വെങ്കിടങ്ങ് | സ്വകാര്യം | 55 | 68 | 123 | 1 | 4 | 5 |
| 10 | എ .എ ം .എൽ.പി. എസ്. ഏനാമാക്കൽ | സ്വകാര്യം | – | 247 | 247 | 2 | 7 | 9 |
| 11 | വി.വി.യു.പി.എസ്. പാടൂർ | സ്വകാര്യം | 620 | 520 | 1140 | 7 | 29 | 36 |
| 12 | എ.ഐ.എച്ച്.എസ്. പാടൂർ | സ്വകാര്യം | 676 | 519 | 1195 | 7 | 40 | 47 |
| | ആകെ | | 2950 | 2580 | 5530 | 39 | 166 | 205 |

360

## 1 B

### എൽ.പി, യു.പി., എച്ച്.എസ് വിഭാഗങ്ങളിലെ കുട്ടികളുടെ വിവരം

| ആകെ വിദ്യാർത്ഥികൾ | എൽ.പി. | | | യു.പി. | | | എച്ച്.എസ്. | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | % | ആൺ | പെൺ | % | ആൺ | പെൺ | % |
| 5530 | 1387 | 1059 | 43.3 | 674 | 565 | 45.6 | 1002 | 843 | 45.7 |
| | | | | | | | | ആകെ | 44.86 |

## 1 B

### പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

| എൽ.പി | | | യു.പി. | | | എച്ച്.എസ് | | |
|---|---|---|---|---|---|---|---|---|
| ആകെ | SC/ST | % | ആകെ | SC/ST | % | ആകെ | SC/ST | % |
| 2446 | 345 | 14.39 | 1239 | 351 | 28.32 | 1845 | 212 | 19.49 |
| | | | | | | | ആകെ | 18.25 |

## 1 D

### പഠനം നിർത്തിയവരുടെ കണക്ക്

| എസ്. സി/ എസ്. ടി. | | | മറ്റുള്ളവർ | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | |
| 40 | 31 | 71 | 85 | 33 | 118 |
| | | | | | 189 |

## 1 D

### ഗവൺമെൻറ് സ്ക്കൂളിലെ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

| ആകെ അധ്യാപകർ | മൂന്ന് ഗവൺമെൻറ് വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം | ഗവ. അധ്യാപകരുടെ എണ്ണം | പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം | ഗവ. സ്ക്കൂളിലെ വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|---|---|---|
| 262 | 19 | 8.35 | 5530 | 499 | 9 |

## കാൽപാദ പരീക്ഷ

## പട്ടിക 1 F

| ക്ലാസ്സുകൾ | 30% താഴെ മാർക്ക് ലഭിച്ചവർ | 30%നും 40%നും ഇടയിൽ മാർക്ക് ലഭിച്ചവർ | 40% - 50% മാർക്ക് നേടിയവർ | 50 - 60% മാർക്ക് നേടിയവർ | 60% മുകളിൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| III | 48 | 169 | 198 | 180 | 165 |
| IV | 84 | 189 | 164 | 188 | 58 |
| V | 89 | 169 | 184 | 190 | 143 |
| VI | 87 | 186 | 196 | 175 | 82 |
| VII | 88 | 187 | 193 | 190 | 90 |
| VIII | 228 | 122 | 150 | 107 | 103 |
| IX | 210 | 107 | 117 | 100 | 90 |
| X | 124 | 80 | 92 | 105 | 103 |
| ആകെ | 958 | 1209 | 1294 | 1235 | 834 |
| % | 17.32% | 21.86% | 23.40% | 22.34% | 15.08 |

## 1 (E)

## പഞ്ചായത്തിലെ ഹൈസ്ക്കൂളുകളുടെ അഞ്ചുവർഷത്തെ വിജയശതമാനം

| സ്ക്കൂൾ | 91 - 92 | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
|---|---|---|---|---|---|
| എച്ച്.ജെ.എച്ച്.എസ്. ഏനാമാവ് | 67% | 55% | 50% | 64% | 54% |
| എ.ഐ.എച്ച്.എസ്. പാടൂർ | 81% | 83% | 84% | 71% | 72% |

## പട്ടിക 1 G

## അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

| | ലൈബ്രറി | പ്രവർത്തിക്കാത്തത് | ലാബ് | പ്രവർത്തിക്കാത്തത് | പഠനോപകരണങ്ങൾ | റേഡിയോ | ടേപ്പ് റിക്കാർഡർ | ടെലിവിഷൻ | സിനിമാപ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | മാതൃസംഘം സജീവം | ക്ലാസ് പി.ടി.എ. പ്രവർത്തിക്കുന്നവ |
|---|---|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 8 | 7 | 7 | 1 | 6 + 3 | 4 | 4 | – | 1 | 1 | 82 | 7 | 8 |
| ഇല്ലാത്ത് | 4 | 1 | 5 | 4 | 3 | 8 | 8 | 12 | 11 | 11 | – | 5 | 4 |

## ഭൗതീക സാഹചര്യങ്ങൾ

## പട്ടിക 1 H

| | സ്ക്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|
| 1 | ഫിഷറീസ് എൽ.പി. കുണ്ടഴിയൂർ | 5 | 1 | 1 | 1 | ഉണ്ട് കിണർ | ഇല്ല |
| 2 | എ.എൽയപി.എസ്. തൊയക്കാവ് | 126 | 6 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 3 | ജി.എ.യു.പി.എസ്. പാടൂർ | 368 | 13 | 1 | 1 | ഉണ്ട് കിണർ-മോട്ടോർ | ഭാഗികമായി ഉണ്ട് |
| 4 | എ.എം.എൽ.പി.എസ്. കോടമുക്ക് | 142 | 5 | 1 | ഇല്ല | ഇല്ല | ഇല്ല |
| 5 | ആർ.സി.യു.പി. എസ്. തൊയക്കാവ് | 556 | 22 | 2 | 1 | ഉണ്ട് കിണർ | ഇല്ല |
| 6 | എ.എം.എൽ.പി.എസ് ഇരിമ്പ്രനെല്ലൂർ | 62 | 5 | 1 | ഇല്ല | ഉണ്ട് പൈപപ് | ഇല്ല |
| 7 | എസ്.എം.എൽ.പി.എസ് ഏനാമാക്കൽ | 247 | 9 | 1 | ഇല്ല | ഉണ്ട് കിണർ | ഇല്ല |
| 8 | എസ്.ജെ.എച്ച്.എസ്. ഏനാമാക്കൽ | 1440 | 51 | 4 | 4 | ഉണ്ട് കിണർ-പൈപ്പ് | ഉണ്ട് |
| 9 | ജി.എം.എൽ.പി.എസ്. കണ്ണോത്ത് | 126 | 5 | 1 | 1 | ഉണ്ട് കിണർ | ഉണ്ട് |
| 10 | എസ്.എൻ.എൽ.പി.എസ്. വെങ്കിടങ്ങ് | 123 | 5 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| 11 | വി.വി.യു.പി.എസ്. പാടൂർ | 1140 | 36 | 2 | 1 | ഉണ്ട് കിണർ-പൈപ്പ് | ഉണ്ട് |
| 12 | എ.ഐ.എച്ച്.എസ്. പാടൂർ | 1195 | 47 | 2 | 2 | ഉണ്ട് കിണർ-പൈപ്പ് | ഉണ്ട് |
| | | 5530 | 205 | 17 | 12 | 9 / 3 | 7 / 5 |

# പട്ടിക 1 (J)

## ചെലവ് സംബന്ധിച്ച വിവരം

| | ചെലവ് | | | | | | | | | വരവ് - എ | | | വരവ് - ബി | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| സ്ക്കൂൾ കോഡ് | കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ | ഉപകരണങ്ങൾ / ഫർണിച്ചറുകൾ അറ്റകുറ്റപണിക്ക് | ഉപകരണങ്ങൾ, രാസവസ്തുക്കൾ, ഉപയോഗത്തിനുള്ള സാധനങ്ങൾ | സ്പോർട്സ് | കലാ - വിനോദങ്ങൾ | ലൈബ്രറികൾക്ക് | ഉച്ചക്കഞ്ഞി | മറ്റിനങ്ങൾ | സർക്കാർ | തദ്ദേശ സ്ഥാപനങ്ങൾ | ആകെ | ഫീസിനത്തിൽ | എൻഡോവ്മെന്റ് | പി.ടി.എ | മറ്റു വരവുകൾ | ആകെ വരവ് |
| 1 | – | – | – | – | – | – | – | – | – | – | – | – | – | – | – | – |
| 2 | 2600 | 900 | – | 250 | – | – | 3500 | – | 800 | 600 | 1400 | – | – | 600 | – | 2000 |
| 3 | – | ലഭ്യമല്ല | | PWD Work | | – | – | – | – | – | – | – | – | – | – | – |
| 4 | 754 | 168 | 65 | 261 | 500 | – | 2700 | – | 1005 | 638 | 1643 | – | – | – | – | 1643 |
| 5 | 3000 | 1000 | 500 | 2000 | 1000 | 1000 | 2000 | 500 | 1100 | 1100 | 2200 | – | – | 500 | – | 500 |
| 6 | 1350 | 250 | – | – | – | – | 1500 | – | – | 543.40 | 543.40 | – | – | – | – | 543.40 |
| 7 | 18000 | 20000 | 7000 | 7500 | 6000 | 5000 | 15000 | 10000 | 15000 | 10000 | 25000 | 10000 | – | 1500 | 5000 | 41500 |
| 8 | – | വാടക 24000 | – | – | – | – | 1500 | | 24000 വാടക | – | 24000 | – | – | – | – | – |
| 9 | 1500 | 500 | 250 | 150 | 150 | – | 2052 | – | 519 | 520 | 1039 | – | – | 800 | – | 1839 |
| 10 | | | ലഭ്യമല്ല | | | | | | | | | – | – | | | |
| 11 | | | ലഭ്യമല്ല | | | | | | | | | – | – | | | |
| 12 | 4500 | 2000 | – | 1500 | 4700 | 1000 | – | – | – | – | – | – | – | 5680 | – | 5680 |

സ്ക്കൂൾ പട്ടിക 1 A യിലെ ക്രമപ്രകാരം

## പട്ടിക 1 (K)

## സാമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

| സ്ക്കൂളുകളുടെ പേര് | മെറിറ്റ് സ്കോളർ ഷിപ്പ് | ലംസം ഗ്രാൻറ് | മുസ്ലീം പെൺകുട്ടിക ളുടെ സ്കോളർ ഷിപ്പ് | വികലാംഗ രുടെ സ്കോളർ ഷിപ്പ് | ജവാൻമാ രുടെ മക്കൾക്കുള്ള സ്കോളർ ഷിപ്പ് | ബീഡിതൊ ഴിലാളി സ്കോളർ ഷിപ്പ് | മത്സ്യതൊ ഴിലാളി സ്കോളർ ഷിപ്പ് | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|
| ഫിഷറീസ് ലോവർ പ്രൈമറി സ്ക്കൂൾ | – | 3 | – | – | – | – | – | – |
| എ.എൽ.പി.എസ്. തൊയക്കാവ് | – | 43 | – | – | – | – | – | – |
| ജി.എം.യു.പി.എസ്. പാടൂർ | – | 82 | 36 | 2 | – | – | – | – |
| എ.എം.എൽ.പി.എസ്. കോടമുക്ക് | – | 33 | – | – | – | – | – | – |
| ആർ.സി.യു.പി.എസ്. തൊയക്കാവ് | 1 | 181 | 15 | 9 | – | 5 | – | – |
| എ.എം.എൽ.പി.എസ്. ഇരുമ്പ്രനെല്ലൂർ | – | 1 | – | – | – | – | 4 | – |
| എസ്.എം.എൽ.പി.എസ്. എനാമാക്കൽ | – | 43 | – | – | – | – | – | – |
| എസ്.ജെ.എച്ച്.എസ്. എനാമാക്കൽ | 17 | 348 | 14 | – | – | 15 | 15 | – |
| ജി.എം.എൽ.പി.എസ്. കണ്ണോത്ത് | – | 32 | – | – | – | 2 | – | – |
| എസ്.എൻ.എൽ.പി.എസ്. വെങ്കിടങ്ങ് | – | 24 | – | 1 | – | – | 2 | – |
| വി.വി.യു.പി.എസ്. പാടൂർ | 7 | 156 | 35 | 2 | – | – | 6 | – |
| എ.ഐ.എച്ച്.എസ്. പാടൂർ | 4 | 212 | 105 | 18 | – | 11 | 14 | – |
| ആകെ | 29 | 1158 | 205 | 32 | – | 33 | 41 | – |

# വ്യവസായം

പാരമ്പര്യവ്യവസായങ്ങൾ സജീവമായിരുന്ന ഒരു ഗതകാല ചരിത്രം വെങ്കിടങ്ങ് ഗ്രാമ പഞ്ചായത്തിനുണ്ട്. വ്യവസായിക മേഖലയിൽ സുവർണ്ണ കാലഘട്ടം ഉണ്ടായിരുന്നു. സംഘടിത കയർ മേഖലയും, ബീഡിതെറുപ്പും ചെത്തുതൊഴിലാളി പ്രസ്ഥാനവും ഈ പ്രദേശത്തെ ജനങ്ങളെ സ്വാധീനിച്ച വ്യവസായിക മേഖലകളാണ്. വിദേശ രാജ്യങ്ങളിൽ പോലും ഈ പ്രദേശത്തെ കയറുൽപ്പന്നങ്ങൾക്ക് പ്രിയമുണ്ടായിരുന്ന ഒരു കാലഘട്ടം ഉണ്ടായിരുന്നു. പാരമ്പര്യവ്യവസായങ്ങൾ ഇന്ന് നാശത്തിൻെറ വക്കിലാണ്. മാറ്റങ്ങൾ ഉൾക്കൊണ്ട് പുത്തൻ സാങ്കേതിക ഉല്പാദക രീതികൾ ഉപയോഗപ്പെടുത്തി ഈ മേഖലയെ പുനഃ ഈ മേഖലയെ പുനസംഘടിപ്പിക്കേണ്ടതുണ്ട്. നെല്ലും തെങ്ങും ഉൾനാടൻ മത്സ്യബന്ധനവും നിറഞ്ഞു നിൽക്കുന്ന ഗ്രാമത്തിൻെറ കാർഷിക പ്രാധാന്യം തള്ളിക്കളയാവുന്നതല്ല. കാർഷികാടിത്തറയിലൊരു വ്യവസായ സംസ്ക്കാരം ഉരുത്തിരിയേണ്ടതാണ്. ചെറുകിട മേഖലയിലെ കയർ സഹകരണ സംഘവും, കളിമൺ വ്യവസായ സഹകരണ സംഘവും (ഇപ്പോൾ ഇത് നിശ്ചലാവസ്ഥയിൽ) ബീഡി തെറുപ്പ് കേന്ദ്രവുമാണ് വ്യവസായമെന്ന് പറയാവുന്നവ. വിവിധ മേഖലകളിലായി ആകെ 5091 പേർ (20.2%) ജോലിചെയ്യുന്നു. വ്യവസായമേഖലയിൽ പുരുഷന്മാർ 526, സ്ത്രീകൾ 798. ഇതിൽ 600 പേർ കയർ മേഖലയിലും 486 പേർ ബീഡി മേഖലയിലുമായി ബന്ധപ്പെടുന്നു.

താഴ്ന്ന കൂലി നിരക്കാണെങ്കിലും കയർ സഹകരണസംഘം നഷ്ട്ത്തിൽ പ്രവർത്തിക്കുന്നതിനെപ്പററി വസ്തുനിഷ്ഠമായൊരു അന്വേഷണം നടത്തി പരിഹാരം മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതാണ്. 1960 കളിലും 70കളിലും ഉണ്ടായിരുന്ന ചകിരി മൂടൽ കേന്ദ്രങ്ങൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു.

പരമ്പരാഗത കുടിൽ വ്യവസായങ്ങളിൽ പ്രധാനം മൺപാത്രനിർമ്മാണം, മുള ഉപയോഗിച്ചുള്ള കൊട്ടനെയ്ത്ത് തഴപ്പായനെയ്ത്ത്, മെഴുകുതിരി, ചന്ദനത്തിരി, സോപ്പ് നിർമ്മാണവുമാണ്. ഇവയൊക്കെ ഇന്ന് അപചയത്തിൻെറ വക്കിലാണ്.

1959 മുതൽ 86വരെ കളിമൺ വ്യവസായം നിലനിന്നിരുന്നതായി കാണാം. ഇതിനുവേണ്ടി വെങ്കിടങ്ങ് കളിമൺ വ്യവസായ സഹകരണസംഘം നിലവിലുണ്ടായിരുന്നു. ഈ മേഖലയിൽനിന്ന് 10 തൊഴിലാളികൾക്ക് നേരിട്ടും 21 കുടുംബങ്ങൾക്ക് ഭാഗികമായും തൊഴിൽ ലഭിച്ചിരുന്നു. 18.5 സെൻറ് സ്ഥലം (മേച്ചേരിപ്പടിമനയ്ക്കകടവ് റോഡിനരികെ) സഹകരണസംഘത്തിൻെറ വകയായി ഇപ്പോഴുമുണ്ട്.

മുളകൊണ്ടുള്ള കൊട്ടനെയ്ത്ത് തഴപ്പായ നിർമ്മാണവും 25 കുടുംബങ്ങളുടെ ഉപജീവനമാർഗ്ഗമായിരുന്നത്. ഇന്ന് നാമമാത്രമായി ഒതുങ്ങി.

**(സ്ഥാപനങ്ങളുടേയും തൊഴിലാളികളുടേയും എണ്ണം 1-ാം പട്ടികയിൽ ചേർത്തിരിക്കുന്നു.)**

(അവലംബം, സെക്കൻററി ഡാറ്റ, ഗ്രാമപഞ്ചായത്ത് രേഖ)

ഇത്തൾ നീററൽ ശാലകൾ പരമ്പരാഗത വ്യവസായമേഖലയുടെ അവിഭാജ്യഘടകമായിരുന്നു. തെക്കും, വടക്കുപടിഞ്ഞാറുമായി ഒഴുകുന്ന കാനോലി കനാലിൽനിന്നും സുലഭമായി കക്ക ലഭ്യമാണ്.

ചെത്ത് വ്യവസായം പരമ്പരാഗത മേഖലയിലെ സുപ്രധാന വരുമാന മാർഗ്ഗമാണ്. 308 കുടുംബങ്ങളാണ് ഇതുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നത്.

നാല് തടിവ്യവസായയൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയും പ്രതിസന്ധിനേരിടുന്നു.

38 ധാന്യം പൊടിക്കുന്ന മില്ലുകളും, 3 കൊപ്ര മില്ലുകളും 3 അച്ചടിശാലകളും 10 റിപ്പയർഷോപ്പുകളും 3 ഓട്ടോമൊബൈൽ വർക്ക് ഷോപ്പുകളും 2

ഭക്ഷ്യസംസ്ക്കരണ യൂണിറ്റുകളും ഒരു കല്ലൊരയൂണിറ്റുമാണ് ഇപ്പോൾ പ്രവർത്തന രംഗത്തുള്ളത്.

(അവലംബം, സെക്കൻററി ഡാറ്റ, ഗ്രാമസഭ, ചർച്ച & CES)

തൊഴിൽ ശേഷിയിൽ പുരുഷന്മാരുടെ സ്വാധീനം കാണാമെങ്കിലും പരമ്പരാഗത വ്യവസായ തൊഴിലാളിക

ളിൽ അധികവും സ്ത്രീകളാണ്. കയർ, ബീഡി തെറുപ്പ്, കളിമൺ പാത്രനിർമ്മാണം എന്നിവയിൽ വനിതകൾക്കാണ് മുൻതൂക്കം.

**പ്രശ്നങ്ങൾ**

വ്യവസായിക വികസനത്തിന് അവശ്യം ആവശ്യമായ വൈദ്യുതി, ഗതാഗതം, വാർത്താവിനിമയം, ജലസേചനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം വ്യവസായിക വളർച്ചയെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളാണ്.

ഉപഭോഗ വസ്തുക്കളുടെ നല്ലൊരു വിപണിയായിട്ടും പഞ്ചായത്തിൽ ഇതിൻെറ ഉല്പാദനവുമായി വ്യവസായ യൂണിറ്റുകളൊന്നും ഉയർന്നുവരാത്തതു ഗൗരവമായി പഠിക്കേണ്ട വിഷയമാണ്.

**വ്യവസായിക സഹകരണസംഘങ്ങൾ. പട്ടിക 1III**

ഉയർന്ന സാക്ഷരതയും ഗൾഫിൽ നിന്നുള്ള വരുമാനവും ജീവിതനിലവാരം ഉയർത്തിയത് ചെറിയൊരു ശതമാനത്തെ മാത്രമാണ്. എന്നാൽ വേണ്ട തോതിൽ വ്യവസായിക വളർച്ച കൈവരിക്കാൻ കഴിയാത്തത് പ്രധാനമായും താഴെ പറയുന്ന കാരണങ്ങൾ കൊണ്ടാണെന്ന് ചൂണ്ടികാട്ടുന്നു.

1. കൂലി നിരക്ക് മറ്റു മേഖലയെ അപേക്ഷിച്ച് പരമ്പരാഗത മേഖലയിൽ കുറവാണ്.
2. മുഖ്യകാർഷികോല്പന്നമായ നെല്ലും, നാളികേരവും വ്യവസായരംഗത്ത് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.
3. ചകിരിവ്യവസായമേഖലയിൽ ചകിരി മൂടൽ കുറഞ്ഞു വരികയും പകരമായി ചകിരിവിറകായി ഉപയോഗിക്കുന്ന പ്രവണതയും കണ്ടുവരുന്നു. ഇത് നിരുത്സാഹപ്പെടുത്തണം.
4. ചകിരി മേഖലയിൽ യന്ത്രവൽക്കരണം നടത്തണം.
5. കളിമണ്ണ് വ്യവസായത്തെ നേരിടുന്ന പ്രധാന പ്രശ്നം അസംസ്കൃത വസ്തുവിൻെറ അഭാവമാണ്.
6. പരമ്പരാഗതമേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വിപണികുറഞ്ഞുവരുന്നു.
7. സഹകരണ മേഖലയിലെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കണം.
8. ഉയർന്ന വോൾട്ടേജുള്ള വൈദ്യുതി ലൈനുകളുടെ അഭാവം
9. സാങ്കേതിക പരിജ്ഞാന കുറവ്.
10. ധനസഹായം കിട്ടുവാനുള്ള സാങ്കേതികമായ ബുദ്ധിമുട്ടുകൾ
11. വ്യവസായ സംരംഭകർക്ക് ലൈസൻസു ലഭിക്കുവാൻ താമസം നേരിടുന്നു.
12. പരമ്പരാഗത വ്യവസായ മേഖലകളിലെ തൊഴിലാളികൾക്ക് പരിശീലനം ലഭിക്കാൻ സാധ്യതകൾ കുറയുന്നു.
13. വനിതകൾക്ക് തൊഴിലവസരം കുറവ്.

**പട്ടിക V**

**വിവിധ മേഖലകളിലെ കൂലി നിരക്ക്**

| ക്രമ. ന. | ഇനം | കൂലിനിരക്ക് | |
|---|---|---|---|
| | | പു. | സ്ത്രീ |
| 1. | കയർ | 80.00 | 50.00 |
| 2. | ബീഡിതെറുപ്പ് | - | - |
| 3. | തടിവ്യവസായം | 125 | - |
| 4. | അച്ചടി 33.00 | 25.00 | – |
| 5. | ബേക്കറി | 75.00 | - |
| 6. | ഓയിൽ മിൽ | 70.00 | - |
| 7. | ധാന്യം പൊടിക്കൽ | 85-00 | 45.00 |
| 8. | പായനെയ്ത്ത് | 45.00 | 32.00 |

| | | | |
|---|---|---|---|
| 9. | വർക്ക്ഷാപ്പ് | 100.00 | - |
| 10. | കൽപ്പണി | 110.00 | 65.00 |
| 11. | ആശാരിപണി | 120.00 | - |
| 12. | കാർഷികമേഖല | 90.00 | 50.00 |

അവലംബം-ഗ്രാമസഭാറിപ്പോർട്ട് സെക്കൻററി ഡാറ്റ

14. വ്യവസായങ്ങൾ സ്ഥാപിക്കുവാൻ പറ്റിയ സ്ഥല സൗകര്യം കണ്ടെത്തണം.

15. സാങ്കേതിക പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നൽകാനുള്ള സാധ്യതതുലോം കുറവ്.

16. വികസനവുമായി ബന്ധപ്പെട്ട് ശാസ്ത്രീയബോധ വൽക്കരണകുറവ്.

17. സ്ത്രീകളുടെയും പുരുഷന്മാരുടെയും കൂലി കേരളത്തിൻെറ ഇതരഭാഗങ്ങളെ അപേക്ഷിച്ച് വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ വളരെ ഉയർന്നതാണ്. ഇതും വ്യവസായസംരംഭകരെ അകറ്റുന്നു.

**സാധ്യതകൾ**

വിദ്യാസമ്പന്നരായ യുവതീയുവാക്കൾ ധാരാളമുളള നമ്മുടെ പഞ്ചായത്തിൽ നല്ലശതമാനം ആളുകളും മറ്റുപഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന ആയിരത്തി എട്ട് പേർ കേരളത്തിന് പുറത്തും ആയിരത്തി ഇരുന്നൂറ്റി അറുപത്തി ഒന്ന് പേർ വിദേശത്തും ജോലി ചെയ്യുന്നു.

ചകിരി മേഖലയിൽ സ്വകാര്യഉടമസ്ഥതയിലുളള രണ്ട് യൂണിറ്റുകൾ ഉണ്ട്. ഇവിടെ ചകിരിനാരുക്കുന്ന പ്രവർത്തനം മാത്രമാണ് നടക്കുന്നത് 100 കുടുംബങ്ങളിലായി വ്യാപിച്ച് കിടക്കുന്ന റാട്ട് ഉപയോഗിച്ച് കയർനിർമ്മാണം നടക്കുന്നത്. കാജകമ്പനി പോലുള്ള കമ്പനികൾ (എസ്റ്റാബ്ലിഷ് ഫോ) ചുക്കാൻ പിടിക്കുന്ന ബീഡി തെറുപ്പ് സ്ഥാപനങ്ങളും വനിതകൾക്ക് തൊഴിൽ പ്രധാനം ചെയ്യുന്നു. പൊതുവെ കൂലികുറഞ്ഞ മേഖലയായതിനാൽ കൂടുതൽ പേർ ഈ രംഗത്തേക്ക് ആകർഷിക്കുന്നില്ല.

സുലഭമായി ലഭിക്കുന്ന നാളികേരം ഉപയോഗിച്ചുളള വ്യവസായങ്ങൾ കുറവാണ്. വെങ്കിടങ്ങ് ഫാർമേഴ്സ് സഹകരണസംഘത്തിൻെറ വകയായി നാളികേരകോംപ്ലക്സ് പ്രാരംഘട്ടത്തിലാണ് ഉൾനാടൻ മത്സ്യബന്ധനമേഖലും വൻസാധ്യതയുളള മേഖലയാണ്. മത്സ്യവളർത്തലിനും സംസ്ക്കരണത്തിനും സാധ്യതകൾ ഉണ്ട്. നൈലോൺ വലയും മറ്റു മത്സ്യബന്ധനത്തിനാവശ്യമായ സാമഗ്രികളും ഓരോ വർഷവും ഏകദേശം 45 ലക്ഷം രൂപ ഉപയോഘിക്കുന്നതായി കണക്കാക്കുന്നു. സാധ്യത പരിശോധിക്കുമ്പോൾ ഒരു നൈലോൺ വല നിർമ്മാണയൂണിറ്റ് തുടങ്ങാവുന്നതാണ്.

ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗിച്ച് കുറഞ്ഞചിലവിൽ ആരംഭിക്കുവാൻ സാധ്യതയുളള യൂണിറ്റുകൾ.

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| വനിത SSI | 1 | തെങ്ങ്, ചിരട്ട എന്നിവ ഉപയോഗിച്ച് കരകൗശലവസ്തുക്കൾ: കയിൽ, ചട്ടകം, സ്പൂൺ തുടങ്ങിയ ഗൃഹോപകരണങ്ങൾ-ഐസ്ക്രീം-കപ്പ്, കപ്പും സോസറും, ഹെയർപിൻ, ക്ലിപ്പ് തുടങ്ങിയവ ഉണ്ടാക്കുന്ന യൂണിറ്റ്. |
| | 2. | അവിൽ വ്യവസായം |
| | 3. | പഴം, ജാമുകൾ (കൈതച്ചക്ക, നേന്ത്രപ്പഴം, ചക്ക, മാങ്ങ) |
| | 4. | ഫാൻമസിഫൈബർ,വാഴനാര്, കൈതനാര് |

അവലംബം PMRY Prifiles

ധാരാളം യുവജനങ്ങൾ സ്വയം തൊഴിലെന്ന നിലയിൽ വ്യവസായയൂണിറ്റുകൾ തുടങ്ങാൻ ആഗ്രഹിക്കുന്നവരാണ്. പഞ്ചായത്തിലെ മാത്രം വിപണി സാധ്യതകൾ ചൂഷണം ചെയ്താൽ ഇതൊക്കെ വിജയിക്കുകയും ചെയ്യും. നമ്മുടെ യുവജനങ്ങൾക്കിടയിൽ പുതിയൊരു വ്യവസായവികസന ബോധം വളർത്തിയെടുക്കാൻ സാഹചര്യം ഉണ്ടാക്കിയെടുക്കേണ്ടതുണ്ട്.

## ടൂറിസം വികസനം

ടൂറിസം ഒരു വ്യവസായമായി അംഗീകരിച്ച നിലയ്ക്ക് വെങ്കിടങ്ങ് പഞ്ചായത്തിൽ ഇതിനു സാധ്യ

തയുള്ള പ്രദേശങ്ങൾ വികസിപ്പിച്ചാൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സഹായകരമാകും.

1. 5-ാം വാർഡിൽപ്പെട്ട ഏനാമാക്കൽ ബണ്ടുംപരിസരപ്രഗേശങ്ങളും വികസിപ്പിച്ചെടുത്ത് ബോട്ട് യാത്ര സൗകര്യങ്ങളോടുകൂടിയ ഒരു വിനോദ കേന്ദ്രമാക്കി മാറ്റുക.
2. പണ്ടാരമാട്, പയ്യൂർമാട്, ആന്തൂരമാട്, വള്ളിയന്റെ മാട് തുടങ്ങി തുരുത്തുകളെ ബന്ധിപ്പിച്ച് ബോട്ട് യാത്ര സൗകര്യങ്ങൾ ഏർപ്പെടുത്തുകയും തുരുത്തുകളിൽ ഉദ്യാനങ്ങൾ നിർമ്മിക്കുകയും ചെയ്താൽ ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ പര്യപ്തമായിരിക്കും ഉൾനാടൻ വിനോദ സഞ്ചാരത്തിന് സാധ്യതയും കുറവല്ല.

## മിനിവ്യവസായ എസ്റ്റേറ്റ്

സമീപഭാവിയിൽ സ്ഥലത്തിന്റെ ലഭ്യത കുറയുവാൻ സാദ്ധ്യതയുള്ളതിനാൽ ചുരുങ്ങിയത് 4 ഏക്കർ സ്ഥലമെങ്കിലും പഞ്ചായത്ത് ഏറ്റെടുത്ത് ഒരു വ്യവസായ എസ്റ്റേറ്റാക്കി (industrial Estate) വ്യവസായ സംരംഭകർക്ക് വാടകക്ക് കൊടുക്കുന്ന പദ്ധതി നടപ്പാക്കണം.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. കമ്പ്യൂട്ടർ സോഫ്റ്റ് വെയർയൂണിറ്റ്
2. ഇലക്ട്രോണിക് വ്യവസായ യൂണിറ്റ്
3. ബിസ്കറ്റ്, മിഠായി മിർമ്മാണ യൂണിറ്റ്
4. ഓട്ടോമൊബൈൽ (work shop) യൂണിറ്റ്
5. പേപ്പർ കവർ, കാർഡ് ബോർഡ് പെട്ടി നിർമ്മാണ യൂണിറ്റ്
6. തേൻ ഉല്പാദനയൂണിറ്റ് (തേനീച്ച വളർത്തലിലൂടെ)
7. റെഡിമെയ്ഡ് യൂണിറ്റ്
8. പാൽ ഉത്പ്പാദന യൂണിറ്റ്
9. ഐസ് പ്ലാൻറ് യൂണിറ്റ്
10 കുറ്റിമുല്ല
11. ബൾബ് നിർമ്മാണ യൂണിറ്റ്
12. നാളികേര സംസ്ക്കരണ യൂണിറ്റ്
13. കര കൗശല നിർമ്മാണയൂണിറ്റ്
14. സോപ്പ് നിർമ്മാണ യൂണിറ്റ്
15. പ്ലാസ്റ്റിക് വ്യവസായം

## നിർദ്ദേശങ്ങൾ

1. നിലവിലുള്ള കയർ സഹകരണ സംഘം കൂടുതൽ യന്ത്രവൽക്കരണത്തിലൂടെ വിപുലീകരിക്കണം
2. ചൂടിക്കൊണ്ടുള്ള മറ്റുൽപ്പന്നങ്ങൾ നിർമ്മിക്കുവാനുള്ള പരിശീലനവും നിർമ്മാണവും ആരംഭിക്കുക.
3. നവീന രീതികൾ ഉൾക്കൊണ്ട് കയർ സംഘംങ്ങൾക്ക് ആവശ്യമായ തൊണ്ടിന്റെ ലഭ്യത ഉറപ്പുവരുത്തുകയും പരിസര മലീനീകരണം തടയുകയും ചെയ്യുക.
4. വ്യവസായം തുടങ്ങുന്നതിന് താൽപര്യമുള്ളവരുടെ ഒരുപട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പ്രചാരണം നൽകുകയും യാഥാർത്ഥ വ്യവസായ സംരംഭകരെ കണ്ടെത്തി പരിശീലനം നൽകണം. പരിശീലനം നൽകുന്നതിന് താഴെ പറയുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഒരു സ്ഥിരം പരിശീലന കേന്ദ്രം ജില്ലാ തലത്തിൽ തുടങ്ങകയും വേണം.

a. District Industrial centre, Thrissur

b. Small Industries service institute, Thrissur

c. National Samll Industries Corporation, Thrissur

d. Kerala state Industrial and techenology Consultancy Organisation, Ernakulam

e. Regional Engineering College, Kozhikide

f. National Institute for Enterprennership and Samll bussiness Development, New Delhi

g. Enterprennership Development Institue of India, Ahamadabad.

5. കരകൗശല രംഗത്ത് വിദഗ്ദമായ പരിശീലനം നൽകുന്നതിന് Deputy Commissioner, Ministry of handloom and textiles, Thrissur മായി ബന്ധപ്പെട്ട് ഒരു Craft Development Centre സ്ഥാപിക്കാനാവശ്യമായ നടപടികൾ വേണം.

6. നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള വിവിധ തരം വ്യവസായങ്ങളെ പറ്റി ബോധവൽക്കരണം നടത്തുന്നതിന് നാളികേരവികസനബോർഡ്, കേരഫെഡ് കയർ വികസന ഡയറക്ടർ, റീജണൽ റിസർച്ച് ലബോറട്ടറി തിരുവനന്തപുരം തുടങ്ങിയ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ഒരു പരിശീലനം സംഘടിപ്പിക്കുക

7. നെല്ലുൽപാദനങ്ങളെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ കുറിച്ച് ബോധവൽക്കരണത്തിനായി കേരള കാർഷിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട് ബോധവൽക്കരണം നടത്തുക.

8. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യുണിറ്റുകൾ തുടങ്ങാനാഗ്രഹിക്കുന്നവർക്ക് നവീന രീതികളെ പറ്റിയും അതിൻെറ വിപണന സാദ്ധ്യതകളെ പറ്റിയും Indian Institute of Fashion Techenology, MadraS എന്ന സ്ഥാപനത്തിൻെ കീഴിൽ വിദഗ്ദ്ധ പരിശീലനം നൽകണം.

9. വൈദ്യുതി ലഭ്യത ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള വൈദ്യുതി ലൈനുകൾ 3phase ആക്കി മാറ്റണം.

10. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്ഥിരം മോണിറ്ററിംഗ് കമ്മിറ്റി രൂപികരിക്കുക

11. കാർഷികോൽപ്പാദന പ്രദർശനങ്ങളും, പഠനയാത്രകളും സംഘടിപ്പിച്ചു സംരംഭകരിൽ വ്യവസായത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.

12. വ്യവസായ കേരളം, industrial Today തുടങ്ങിയ പ്രസിദ്ധീകരണങ്ങൾ പഞ്ചായത്തിൽ വരുത്തുക.

13. ശാസത്രീയ കോഴിവളർത്തൽ

14. ലൈലോൺ വല നിർമ്മാണം

15. ആയുർവേദ മരുന്നു നിർമ്മാണം

16. സ്റ്റീൽ, മരംഫർണീച്ചർ വ്യവസായം

17 പ്ലാസ്റ്റിക് വ്യവസായം

18. ചെരുപ്പ്, ലെതർഗുഡ്സ്, സ്ക്കൂൾബാഗ് നിർമ്മാണം

19. പ്ലാസ്റ്റിക് ബട്ടനുകൾ, ബ്യൂട്ടി സ്ലേയ്ഡുകൾ

20. ഇനാമൽ പെയ്ൻറ് നിർമ്മാണം

21. സിന്തറ്റിക് വിനാഗിരി നിർമ്മണം

22. കറിപൗഡർ, അച്ചാർ നിർമ്മാണം

23. കുട, നോട്ട് ബുക്ക്, ചന്ദനത്തിരി, മെഴുകുതിരി യൂണിറ്റ്

24. സോളാർ ലൈറ്റുകൾക്കുള്ള പ്ലേറ്റും അനുബന്ധ ഉപകരണങ്ങളും.

25. സിമൻറ് കൊണ്ടുള്ള ജനാല, കട്ടള, ഇഷ്ടിക നിർമ്മാണം

26. കൂൺ കൃഷി

### വൻകിട വ്യവസായം

1. കോൾ നില സമ്പന്നമായ ഈ പ്രദേശത്ത് നെല്ല് ഉൽപാദനത്തെ അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾക്കാണ് സാധ്യതകൾ ഏറേയും കല്ലില്ലാത്ത അരി, തവിടിൽ നിന്ന് എണ്ണ എടുക്കൽ, കാലിതീറ്റ നിർമ്മാണം, വൈദ്യുതി ഉൽപാദനം, നാടൻവളം)

2. ചകിരിനാരും, ചകിര ചോറും ഉപയോഗിച്ചും, മറ്റു അസംസകൃത പദാർത്ഥങ്ങളും ഉപയോഗിച്ചുള്ള കിടക്കനിർമ്മാണം.

മേൽ കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമത്തിലൂടെ നടപ്പാക്കാൻ ശ്രമിച്ചാൽ പഞ്ചായത്തിന് രാണ്ടായിരമാണ്ടോടുകൂടി ശക്തമായ വ്യവസായിക അടിത്തറ സ്ഥാപിച്ചെടുക്കാൻ കഴിയുമെന്നാണ് വിവക്ഷിക്കുന്നത്.

### ടൂറിസം

സാംസാകാരിക തലസ്ഥാലത്തിൻെറ ടൂറിസം വികസന സാധ്യയുള്ള പഞ്ചായത്തുകളുടെ കൂട്ട

ത്തിലേക്ക് വെങ്കിടങ്ങിനേയും ഉൾപ്പെടുത്താതിരിക്കാൻ കഴിയില്ല. പഞ്ചായത്തിൻെറ കസവുകരപോലെ ആയിരം നക്ഷത്രങ്ങളെ ജ്വലിപ്പിച്ചുകൊണ്ട് ശാന്തമായൊഴുകുന്ന കനോലികനാൽ പഞ്ചായത്തിനെ ഏങ്ങണ്ടിയൂർ പഞ്ചായത്തിൽ നിന്നും, വാടാനപ്പള്ളി പഞ്ചായത്തിൽ നിന്നും വേർതിരിക്കുന്നു. പഞ്ചായത്തിൻെറ തെക്കുഭാഗത്തു കൂടി കിഴക്കുനിന്ന് കുതിച്ചൊഴുകിയെത്തുന്ന ഏനാമാവ് പുഴ പഞ്ചായത്തിനെ മണലൂർ പഞ്ചായത്തിൽ നിന്നും വേർതിരിക്കുന്നു. കിഴക്ക് വിശാലമായ പാഠശേഖരങ്ങൾ കേരളത്തിന് കേരത്തനിമ വാരി വിതറുന്നു. കനോലികനാലിൽ പഞ്ചായത്തിൻേറതായ ആതൂരമാട്, പയൂർമാട്, വറ്റിയൻമാട് എന്നീ മൂന്നു പച്ച തുരുത്തുകളുണ്ട്, ഇവയെല്ലാം പഞ്ചായത്തിൻെറ ടൂറിസവികസന സാധ്യതകളെ ഒറ്റ നോട്ടത്തിൽ ചൂണ്ടിക്കാട്ടുന്നു.

കനോലി കനാലിലെ ജലോത്സവങ്ങളാണ് പ്രധാനമായും പഞ്ചാത്തിനുവേണ്ടി സംഘടിപ്പിച്ചെടുക്കേണ്ട ഇനം കുട്ടനാടൻ മാതൃകയിലുള്ള വള്ളംകളികൾക്ക് കലോലികലാൽ പലയിടത്തും സാക്ഷ്യം വഹിക്കുന്നുണ്ടെങ്കിലും പഞ്ചായത്തു തലത്തിൽ വേണ്ടത്ര പ്രോത്സാഹനം ലഭിച്ചുപോരുന്നില്ല. ചുണ്ടൻവള്ളങ്ങളും ചുരുളൻവള്ളങ്ങളും ഓടിവള്ളങ്ങളും നാടൻ വള്ളങ്ങളും ഉപയോഗിച്ചുള്ള മത്സരങ്ങൾ പഞ്ചായത്ത് ടൂറിസം വികസന പരിപാടിയിൽ ഉൾപ്പെടുത്തി ഈ മേഖലയെ പരിപോഷിപ്പിക്കേണ്ടതുണ്ട്. ഈ മേഖലയിൽ പ്രവർത്തിക്കുന്ന രണ്ടു ബോട്ടുക്ലബ്ബുകൾ നിലവിലുണ്ട്, പലമൽസരങ്ങളിലും ഇവർ ട്രോഫികൾ കരസ്ഥമാക്കിയിട്ടുണ്ട്. നശിച്ചുകൊണ്ടിരിക്കുന്ന നാടൻ കായിക രംഗംകൂടിയായതുകൊണ്ട് വള്ളംകളിയെ ടൂറിസത്തിൽ ഉൾപ്പെടുത്തി പുനരുദ്ധീകരിക്കാനുള്ള ശ്രമം നടത്തേണ്ടതുണ്ട്. കൊച്ചിമുതൽ പൊന്നാനിവരെ നീണ്ടുകിടക്കന്ന കായിലിൽ ബോട്ടുസവാരി ഏർപ്പെടുത്തുകയും അതിനായി ടൂറിസം പ്രമോഷൻ കൗൺസിൽ വക ബോട്ട്ക്ലബ്ബ് സ്ഥാപിക്കുന്നതും വികസനത്തിന് കുറച്ചൊക്കെ സഹായിക്കും.

പഞ്ചായത്തിൽ പക്ഷിസങ്കേതങ്ങളോ, വന്യജീവി സംരക്ഷണത്തിനുതകുന്ന ,ചുറ്റുപാടുകളോ ഇല്ല. എന്നാൽ ചില കാലങ്ങളിൽ നീർനായകൾ പുഴയോരത്തേക്കും, തുരുത്തുകളിലേക്കും കുചിയേറിപാർക്കാരറുണ്ട്. ഇവയ്ക്ക് കിടിയേറി പാർക്കാനുള്ള സാധ്യതകൾ ഉണ്ടാക്കികൊടുക്കുകയും, മനുഷ്യൻെറ ഉപദ്രവം കുറക്കുകയാണെങ്കിൽ നയനാന്ദകരമായ കാഴ്ചയായിരിക്കും ഇത്. പഞ്ചായത്തിലെ മൂന്നു തുരുത്തുകൾ വളരെയേറെ സാധ്യകൾ ഉള്ള ഒന്നാണ്. പക്ഷികൾക്ക് ചേക്കേറാൻ തക്കവണ്ണം തെരഞ്ഞെടുത്ത മരങ്ങളും, കുറ്റിക്കാടുകളും, ജനങ്ങളെ ആകർഷിക്കത്തക്ക രീതിയിൽ ഉദ്യാനങ്ങളും നിർമ്മിക്കുന്നതും തുരുത്തുകൾക്ക് മുതൽകൂട്ടായിരിക്കും .

കേരളക്കരയിലെ ഓണത്തിനും, വിഷവിനും ശേഷം ഏറ്റവും പ്രധാന്യം ലഭിക്കുന്നത് ഉത്സവങ്ങൾക്കാണ്. എ്ല്ലാ മതവിഭാഗങ്ങളും ഒരുമിച്ച് കൈകോർത്ത് നിലകൊള്ളുന്ന പഞ്ചായത്തിൽ എടുത്തുപറയത്തക്ക ഉത്സവം ഒന്നേയുള്ളൂ. ഈ ഉത്സവത്തിന് എല്ലാ ജനവിഭാഗങ്ങളും കൈ മേയ് മറന്ന് ആഹ്ലാദിക്കാറുണ്ട്. കുംഭമാസത്തിലെ ഭരണിനാളിൽ ആഘോഷിച്ചു പോരുന്ന കരുവന്തല പൂരം, തൃശിവപേരൂർ പൂരത്തിനു ശേഷമുള്ള രണ്ടാംനിര ഉത്സവങ്ങളിൽപ്പെടുന്നു. പഞ്ചായത്തിലെ മാത്രമല്ല മൊത്തം താലൂക്കിലെ ജനങ്ങളും ഈ ഉത്സവത്തിൻെറ ഭാഗമാവാറുണ്ട്. പഞ്ചാവാദ്യവും ചെണ്ടമേളവും, തായമ്പകയും, വെടിക്കെട്ടും, അണിഞ്ഞൊരുങ്ങി നിൽക്കുന്ന കൊമ്പൻമാരും ഒരുപാട് ജനങ്ങളെ ഉത്സവത്തിലേക്ക് ആകർഷിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് പരമ്പരാഗത കലാരൂപങ്ങളായ കാളകളിയും, ഐവർകളിയും ,പൂതംകളിയും അരങ്ങേറാറുണ്ട്. എന്നാൽ ഈ ഉത്സവത്തിന് വിനോദ സഞ്ചാരമേഖലയിലേക്ക് ഉയർന്നു ചെല്ലാനോ ഉയർത്തിയെടുക്കാനോ പഞ്ചായത്തിന് കഴിയാതെ പോയി. വേണ്ടത്രപ്രചാരം ലഭിക്കുകയാണെങ്കിൽ വിനോദ സഞ്ചാരികളെ കൂടുതൽ ആകർഷിക്കത്തക്ക ഉത്സവവുമാണ് ഇത്.

### സാധ്യതകൾ

ഏനാമാവ് റെഗുലേറ്റർ കം ബ്രിഡ്ജിനോടനുബന്ധിച്ച് ഇറിഗേഷൻ വകുപ്പിൻെറ കീഴിലുള്ള സ്ഥലത്ത് പൂന്തോട്ടങ്ങളും മറ്റും നട്ടുവളർത്തി ടൂറിസ്റ്റുകളെ ആകർഷിക്കാവുന്ന സംവിധാനങ്ങളും ഏർപ്പടുത്തുക. ഇതിനോടൊപ്പം ബോട്ടുക്ലബ്ബും സ്ഥാപിക്കേണ്ടതുണ്ട്.

1-ാം പട്ടിക  അവലംബം സെക്കൻററി ഡാറ്റ ഗ്രാമപഞ്ചായത്ത് രേഖ

| വിഭാഗങ്ങൾ | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|
| | പു. | സ്ത്രീ. | ആകെ |
| കയർ സഹകരണ മേഖല | 190 | 210 | 400 |
| കയർ സ്വകാര്യമേഖല | 55 | 145 | 200 |
| ബീഡി തെരുപ്പ് | 86 | 400 | 486 |
| പരമ്പരാഗത കുടിൽ വ്യവസായം<br>1.കളിമൺ പാത്രനിർമ്മാണം<br>2. തഴപ്പായ<br>3. മുളം കുട്ട | 3<br>3<br>2 | 7<br>8<br>10 | 10<br>11<br>12 |
| ചെറുകിട വ്യവസായങ്ങൾ | 80 | 4 | 84 |
| ഭക്ഷ്യസംസ്കരണം | - | 2 | 2 |
| മറ്റുവ്യവസായങ്ങൾ | 100 | 10 | 110 |
| ആകെ | 519 | 796 | 1315 |

| ഇനം | ആകെവ്യവസായം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു. | സ്ത്രീ. | ആകെ |
| കയർ | 2 | 188 | 412 | 600 |
| കളിമൺ | 1 | 3 | 7 | 10 |
| തടിവ്യവസായം | 4 | 8 | 0 | 8 |
| നാളികേരം | 3 | 3 | 1 | 4 |
| ആട്ടോമൊബൈൽ | 3 | 24 | 0 | 24 |
| അച്ചടി | 3 | 4 | 15 | 19 |
| ഭക്ഷ്യസംസ്കരണം | 2 | 1 | 3 | 4 |
| കല്ലോര | 1 | 4 | 8 | 12 |
| മറ്റുള്ളവ | 10 | 10 | 3 | 13 |

അവലംബം സെക്കൻററി ഡാറ്റ ഗ്രാമസഭ ചർച്ച, സിഇഎസ്

പട്ടിക 3 വ്യവസായിക സഹകരണസംഘങ്ങൾ

| ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|
| | പു. | സ്ത്രീ | ആകെ |
| എനാമാവ് കയർ സഹകരണ സംഘം | 190 | 210 | 400 |
| കളിമൺ | 2 | 8 | 10 |
| ആകെ | 192 | 218 | 410 |

പട്ടിക 4 പരമ്പരാഗത കുടിൽ വ്യവസായം

| | | | |
|---|---|---|---|
| തഴപ്പായ | 17 | 8 | 25 |
| മുളംകുട്ട | 10 | 2 | 12 |
| ബീഡിതെറുപ്പ് | 400 | 86 | 486 |
| ആകെ | 427 | 96 | 523 |



# ഗതാഗതം

നാടിൻെറ ഭാവി കരുപ്പിടിപ്പിക്കുന്നതിൽ നിതാന്ത ജാഗ്രതയോടെ പ്രവർത്തിക്കേണ്ടത് അവിടത്തെ ജനതതിയാണ്. ഇപ്പോഴത്തെ പഞ്ചായത്തിൻെറ കെട്ടുംമട്ടും കിടപ്പും വേർതിരിച്ചറിയാൻ പഞ്ചായത്തിലുൾപ്പെടുന്ന "പഴയ" പ്രദേശങ്ങളെ നിരീക്ഷിച്ചാൽ മതി. മുൻകാലങ്ങളിൽ ഏനാമാവ് കടവ് - മുല്ലശ്ശേരി റോഡ് മാത്രമാണ് ടാർചെയ്ത റോഡുണ്ടായിരുന്നത്. അന്ന് റോഡ് ഏനാമാവ് കടവിൽ അവസാനിക്കുമ്പോൾ അനുബന്ധയാത്രക്ക് പുഴകടക്കേണ്ടിയിരുന്നു. പിന്നീട് ഏനാമാവിൽ ഒരു ഇറിഗേഷൻ ഷട്ടറോടുകൂടിയ പാലം നിലവിൽ വന്നു. ഈ ബണ്ടിൻെറ ആവിർഭാവം ഗ്രാമീണർക്ക് ഗതാഗത സൗദ്ധ്യതകൾ തുറന്നു. അടുത്ത കാലത്താണ് പഞ്ചായത്തിൻെറ ഒട്ടുമിക്ക റോഡുകളും ടാർ ചെയ്തത്. മുൻകാലങ്ങളിൽ ജലഗതാഗതം സജീവമായിരുന്നു. പ്രധാന ജലപാതയായ കനോലി കനാൽ എറണാകുളം കൊച്ചി ഭാഗത്തേക്കും പൊന്നാനി ഭാഗത്തേക്കും ഉള്ള ജലയാത്രകൾക്ക് സൗകര്യപ്രദമായിരുന്നു. എന്നാൽ ഈ രീതിയിലുള്ള ഗതാഗത സമ്പ്രദായം ഇന്ന് നിലവിലില്ല. ആദ്യകാലങ്ങളിൽ ശ്രമദാനത്തോടെ നിർമ്മിച്ചെടുത്ത റോഡുകൾ വേണ്ടത്രയുണ്ട്. ഈ ശ്രമദാനബോധം പഞ്ചായത്തിലെ ജനങ്ങളെ പുതിയ വികസന മാർഗ്ഗത്തിലേക്ക് നയിക്കട്ടെ!

1964ൽ പഞ്ചായത്ത് രൂപീകൃതമായപ്പോൾ ഏനാമാവ് കടവ് - ഗുരുവായൂർ റോഡ് മാത്രമാണ് നിലവിലുണ്ടായിരുന്നത്. ഏനാമാവ് കടവ് മുതൽ മുല്ലശ്ശേരി പഞ്ചായത്തിൻെറ അതിർത്തി വരെയുള്ള മൂന്നുകിലോമീറ്റർ ടാർ ചെയ്തതായിരുന്നു. ബാക്കിയുള്ള റോഡുകളെല്ലാം ഇതിനുശേഷം നിർമ്മിച്ചവയാണ്. പഞ്ചായത്തിൻെറ ഉൾപ്രദേശങ്ങളിലുണ്ടായിരുന്ന നടവഴികളും, തോടുകളും, വരമ്പുകളുമാണ് പിന്നീട് റോഡുകളായി മാറിയത്. വെങ്കിടങ്ങ് തൊയക്കാവ് റോഡ്, വെങ്കിടങ്ങ് - കണ്ണോത്ത് റോഡ്, കരുവന്തല - കോടമുക്ക് റോഡ്, മേച്ചേരിപ്പടി - തൊയക്കാവ് റോഡ്, ഏനാമാവ് ബണ്ട് റോഡ് എന്നിവ പഞ്ചായത്തിൻെറ വികസനത്തിൻെറ ജീവനാഡിയായി നിലകൊള്ളുന്നു. വെങ്കിടങ്ങ് എന്നത് 'വൻകിടങ്ങു' കളുടെ സംഭാവനയായതുകൊണ്ട് ഈ കിടങ്ങുകളെല്ലാം റോഡുകളോ വഴികളോ മറ്റോ ആയി മാറിയെന്നാണ് പറയുന്നത്.

ജല സാമീപ്യം കൊണ്ട് ധന്യമാണ് വെങ്കിടങ്ങ് പഞ്ചായത്ത്. ദേശീയ ജലപാതയായ കനോലികനാൽ പഞ്ചായത്തിലൂടെ കടന്നുപോകുന്നു. പയ്യൂർമാട് മുതൽ പണ്ടാരമാട് വരെയുള്ള അഞ്ചുകിലോമീറ്റർ ദൂരത്തിൽ കനോലി കനാൽ നടന്നുപോകുന്നു. കനോലി എന്ന സായ്പ്പിൻെറ വരദാനമാണ് കനോലി കനാൽ. സുഗമമായ ഗതാഗതത്തിനും, വ്യവസായങ്ങൾക്കും, ചരക്കുനീക്കങ്ങൾക്കുമായി നിർമ്മിച്ചതാണ് കനോലി കനാൽ. പാടശേഖരങ്ങളിൽ നിന്ന് കറ്റ വീട്ടുമുറ്റത്തെത്തിയിരുന്നതും, ഈ പ്രദേശത്തെ വലിയ മാർക്കറ്റുകളിലൊന്നായ കണ്ടശ്ശാംകടവിൽ നിന്ന് ചരക്ക് എത്തിച്ചിരുന്നതും, കൊടുങ്ങല്ലൂർ ഭരണി, തൃപ്രയാർ ഏകാദശി എന്നീ ഉത്സവങ്ങൾക്കും നിത്യേനയുള്ള യാത്രകൾക്കും കനോലികനാൽ ഉപയോഗപ്പെടുത്തി. പഞ്ചായത്തിലെ പ്രധാന ഉൽപന്നമായ കയർ കൊച്ചിയിലെ വിപണിയിലേയ്ക്ക് എത്തിച്ചിരുന്നത് ഈ ജലമാർഗ്ഗത്തിലൂടെയാണ്. സാധാരണ കെട്ടുവള്ളങ്ങളും ചുരുളൻ വള്ളങ്ങളും, ഒറ്റവള്ളങ്ങളും, കൊതുമ്പുവള്ളങ്ങളും ഇതിനായി ഉപയോഗിച്ചിരുന്നു.

പഞ്ചായത്തിൽ വാഹനഗതാഗതയോഗ്യമായ മൊത്തം റോഡുകളുടെ നീളം 61കി.മി. ആണ്. ഒരു ച.കി.മീ. വിസ്തീർണ്ണത്തിൽ ശരാശരി 2.98 കി.മി. അനുപാതത്തിൽ റോഡുണ്ട് ഇത് സംസ്ഥന ശരാശരിയേക്കാൾ വളരെ കുറവാണ്. മൊത്തം റോഡുകളുള്ളതിൽ 26.45 കി.മീ. മാത്രമാണ് ടാർ ചെയ്തിട്ടുള്ളത്. പഞ്ചായത്തിന് കീഴിലുള്ള വിവിധ റോഡുകളുടെ നീളം 54.95 കി.മീ ആണ്. ബാക്കി പൊതുമാരാമത്ത്

വകുപ്പിൻെറ കീഴിലുള്ളതാണ്. ഇതിൽ 20.45 കി.മീ. ടാർ ചെയ്ത റോഡുകളും 25.8 കി. മീ. ചെമ്മണ്ണിട്ട റോഡുകളും 8.7 കി.മീ മൺറോഡുകളുമാണ്. പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർറോഡും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് ഒരു മീറ്റർ റോഡ് എന്ന ശരാശരി ലഭിക്കുന്നു. ഇത് വളരെ കുറഞ്ഞ ശരാശരിയായി കണക്കാക്കാൻ കഴിയും 24.7ച.കി.മി. വിസ്തീർണ്ണമുളള പഞ്ചായത്തിൽ ഒരു ച.കി.മിറ്ററിൽ 1.08 കിലോമീറ്റർ ടാർ റോഡാണ് നിലവിലുളളത്. ടാർ റോഡുകൾ ഭൂരിഭാഗവും ഇന്ന് ശോചനീയാവസ്ഥയിലാണ്. ടാർ റോഡുകളുടെ അവസ്ഥ ഊഹിക്കാവുന്നതാണ്.

ഗതാഗത സൗകര്യത്തിൻെറ കാര്യത്തിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് വെങ്കിടങ്ങ് പിന്നിലാണെന്നത് എടുത്തു പറയണം. ചാവക്കാട്, ഗുരുവായൂർ റൂട്ടിൽ മുപ്പത്തഞ്ചോളം പ്രൈവറ്റ് ബസ്സുകളും ഒരു സർക്കാർ ബസ്സും സർവ്വീസ് നടത്തുന്നുണ്ട്. പഞ്ചായത്തിൽ ബസ്സ് സ്റ്റാൻറുകളോ ഇടത്താവളങ്ങഴോ ഇല്ല. തൃശ്ശൂരിൽനിന്ന് തൊയക്കാവിലേക്കും,പാടൂരിലേക്കും സർവ്വീസ് നടത്തുന്ന നാലോളം ബസ്സുകളുണ്ട്. കാർ പാർക്കിംങ്ങ് സൗകര്യം പഞ്ചായത്തിലില്ലെങ്കിലും മൂന്ന് കാർ പാർക്കിംഗ് സൗകര്യങ്ങൾ റോഡിൻെറ പാർശ്വങ്ങളിൽ നിലവിലുണ്ട്. ഓട്ടോ പാർക്കിംഗിന്നായി മൂന്നിടത്ത് സൗകര്യമുണ്ട്.

പഞ്ചായത്തിലെ ടാർ റോഡുകൾ- പട്ടിക 1

പഞ്ചായത്തിൽ നിലവിലുളള ടാർ റോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാ സൗകര്യങ്ങൾ എന്നിവ പട്ടിക ഒന്നിൽ കാണിച്ചിരിക്കുന്നു.

റോഡ് ശൃംഖല സാമാന്യം മെച്ചപ്പെട്ടതാണെങ്കിലും, റോഡുകളുടെ അവസ്ഥ ശോചനീയമാണ്. അറ്റകുറ്റപ്പണികൾ യഥാസമയം നടക്കുന്നില്ലെന്നു മാത്രമല്ല ചെയ്യുന്ന പണി വൃത്തിയായും, കൃത്യനിഷ്ഠയോടും ചെയ്യുന്നില്ല. വർഷക്കാലത്ത് റോഡുകളെല്ലാം തോടുകൾക്ക് സമാനമാണ്. ഓവുച്ചാലുകളുടേയും കലുങ്കുകളുടേയും അഭാവമാണ് ഇതിനു കാരണം. റോഡരുകളിലെ കാനകൾ യഥാസമയം അറ്റകുറ്റപ്പണിനടത്തുന്നുമില്ല. ടാർ ചെയ്ത റോഡുകൾ വിവിധ സ്കീമുകൾ മുഖേന ഗ്രാമ വികസന ഏജൻസി ഏറ്റെടുത്ത് നന്നാക്കിയതാണ് റോഡുകളുടെ അറ്റകുറ്റപണികൾ നടത്താൻ ഗ്രാമവികസന ഏജൻസിക്ക് പദ്ധതികളൊന്നും ഇല്ലാത്തതുകൊണ്ടും പഞ്ചായത്തിൻെറ സാമ്പത്തികസ്ഥിതി മോശമായതുകൊണ്ടും. അറ്റകുറ്റ പണികൾ കാര്യക്ഷമമായി നടക്കുന്നില്ല.

പ്രശ്നങ്ങൾ

നിലവിലുളള റോഡുകൾ അപര്യാപ്തമാണെന്നതാണ് പഞ്ചായത്തിൻെറ പ്രധാന പ്രശ്നങ്ങളിലൊന്ന്. റോഡുകളുടെ ഗുണനിലവാരം പൊതുവേ മോശമാണ്. മാത്രമല്ല നടക്കാൻ പോലും അനുയോജ്യമല്ലാത്തവയാണ്. റോഡെല്ലാം അപകടങ്ങൾ പതിയിരിക്കുന്ന കുണ്ടുംകുഴിയും നിറഞ്ഞതാണ്. വീതികുറവ്, പാർശ്വങ്ങളിൽ നടപ്പാത ഇല്ലായ്ക, കാനകളുടെ അഭാവം, കലുങ്കുകൾ ഇല്ലാത്തത് എന്നീ പ്രധാന പ്രശ്നങ്ങൾ പരിഗണിക്കേണ്ടതുണ്ട്.

വാർഡുകളിൽ നിന്നും പുതിയ റോഡുകൾക്കുളള നിർദ്ദേശങ്ങൾ പൊന്തി വന്നിട്ടുണ്ട്. ഏകദേശം മുപ്പത് റോഡുകളാണ് ഇതു പ്രകാരം പഞ്ചായത്തിന് ആവശ്യമായിട്ടുള്ളത്. ഈ റോഡുകൾ അവശ്യറോഡുകളായി ഏറ്റെടുത്ത് എത്രയും പെട്ടെന്ന് നിർമ്മിക്കേണ്ടതാണ്.

കരുവന്തല-കോടമുക്ക്, തോയക്കാവ്-പാടൂർ, ഇടിയൻചിറ, കരുവന്തല പതിയംകടവ് എന്നീ റോഡുകൾ അടിയന്തിര ശ്രദ്ധ അർഹിക്കുന്നു. വർഷക്കാലങ്ങളിൽ ഈ റോഡിലൂടെ വാഹനഗതാഗതം അസാദ്ധ്യമാണ്. കണ്ണോത്ത്-വെങ്കിടങ്ങ് റോഡ്, മേച്ചേരിപ്പടി-കണ്ണംകുളങ്ങര റോഡ്, മേച്ചേരിപ്പടി-തൊയക്കാവ് റോഡ്, മുതലായവയുടെ സ്ഥിതിയും മറിച്ചല്ല,പൊട്ടിപൊളിഞ്ഞ് താറുമാറായിക്കിടക്കുന്ന എല്ലാ മെറ്റൽ റോഡുകളും ഉയർത്തുകയും, വീണ്ടും മെറ്റൽ ചെയ്യുകയും, ടാർ ചെയ്യുകയും വേണം. പഞ്ചായത്തിലെ നിലവിലുളള റോഡുകളുടെ സ്ഥിതി അത്യന്തം ശോചനീയമാണ്. ചളിയും വെള്ളവും കെട്ടിനിൽക്കുക, പാർശ്യങ്ങളിൽ ചാലുകളുടെ അഭാവം, മണ്ണൊലിപ്പ്, റോഡ് ജല നിരപ്പിൽ നിന്നം താഴ്ന്ന സ്ഥിതി, മുതലായവയാണ് പ്രധാനപ്രശ്നങ്ങൾ. ലോറി, ട്രാക്ടർ എന്നിവയുടെ അമിതഗതാഗതം ഈ റോഡുകളെ പൂർണ്ണമായും നാശോന്മുഖമാക്കിയിട്ടുണ്ട്.

റോഡു നിർമ്മാണം പഞ്ചായത്തിന്റെ പരിസ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. മിക്ക റോഡുകളും തോടുകളായിരുന്നതുകൊണ്ട് വെള്ളം ഒഴിഞ്ഞു പോകാത്ത അവസ്ഥയുണ്ടായി. പാടങ്ങൾ തൂർത്ത് റോഡുകൾ നിർമ്മിച്ചതുമൂലം കൃഷിക്കനുയോജ്യമല്ലാതായി. റോഡുകൾക്ക് കലുങ്കകളോ, കാനകളോ ഇല്ലാത്തതുകൊണ്ട് വെള്ളം ഒരു കാലത്തും ഒഴിഞ്ഞു പോകാത്ത സ്ഥിതി വന്നു. ഒരു പാട് മരങ്ങളും മറ്റും നശിപ്പിക്കപ്പെട്ടു.

**സാദ്ധ്യതകൾ**

നിലവിലുള്ള റോഡുകൾക്കു പുറമേ ഇനിയും റോഡുകൾ ആവശ്യമാണെന്ന് ഗ്രാമസഭകൾ ഊന്നി പറഞ്ഞിട്ടുണ്ട്. 30 പുതിയ റോഡുകൾ പഞ്ചാത്തിന് ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അമ്പത്തിനാലു റോഡുകൾ ഇപ്പോൾ നിലവിലുണ്ട്. നിലവിലുള്ള റോഡുകൾ അപര്യാപ്തമാണെന്ന് എടുത്തു പറയുന്നതോടൊപ്പം ഇവയുടെ അറ്റകുറ്റ പണികൾ തൃപ്തികരമല്ലെന്ന് കൂടി പറയുമ്പോൾ ഗതാഗത പ്രശ്നം വളരെ സങ്കീർണ്ണമാണ് എന്നത് വ്യക്തമാണ്.

ഗ്രാമസഭകളിൽനിന്ന്

പുളിയ്ക്കക്കടവ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയെന്നത് ഗ്രാമസഭയിൽ ഉയർന്നു വന്ന ഒരാവശ്യമാണ്. പാലത്തിന്റെ നിർമ്മാണം പഞ്ചായത്തിന്റെ തന്നെ വികസന പ്രവർത്തങ്ങൾക്ക് ആക്കം കൂട്ടാൻ സഹായകമാകും.

പുളിയ്ക്കക്കടവിൽ നിന്നാരംഭിച്ച് കോടമുക്ക് കടവിൽ അവസാനിക്കുന്ന തീരദേശപാത നിർമ്മിക്കുക, കരുവന്തല നടയിൽ നിന്നുള്ള പതിയരങ്കര റോഡ് പൂർണ്ണമായും കാർഷിക പ്രാധാന്യമുള്ളതിനാൽ മണ്ണിട്ടുയർത്തി മെറ്റലിംഗും ,ടാറിംങ്ങും നടത്തുക. ഇതു വഴി കർഷകരുടേയും ഈ പ്രദേശത്തുകാരുടേയും യാത്രാ ക്ലേശത്തിനു പരിഹാരമുണ്ടാകും

പതിയങ്കടവിൽ നിന്നും ലിഫ്റ്റ് ഇറേഷനു വേണ്ടി നിർമ്മിച്ചിട്ടുള്ള ബണ്ട് നന്നാക്കി കൃഷിയാവശ്യത്തിനും ഗതാഗതത്തിനും ഉപയുക്തമാക്കണം

വാപ്പുകുളം-മണലുപ്പള്ളി, കാര്യട്ട് കോളനി, പൂഴിക്കുന്ന്, മുനമ്പം,പുതിയേടത്ത് കോളനികൾ, ഉള്ളന്നൂർ മനപ്പടി-ചിരട്ടക്കടവ്, പത്യാലപീടിക, പുതുക്കാവ് അമ്പലം, പാടൂർ കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിലേക്ക് റോഡുകൾ നിർമ്മിക്കണമെന്ന് ഗ്രാമസഭകളുടെ നിർദ്ദേശമുണ്ട്. കൂടാതെ മഹാത്മഗാന്ധി-മേച്ചേരിപ്പടി,പണ്ടാരമാട്-പുതുക്കാവ്, കോഞ്ചിറ- ചിരട്ടക്കടവ്,പതിയങ്കര-ചിരട്ടക്കടവ് എന്നീ ലിങ്ക് റോഡ് നിർമ്മാണത്തിന്റെ ആവശ്യകതകളും ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്.

പുളിയ്ക്കക്കടവിൽ ചങ്ങാട ബോട്ട് ഉപയോഗിക്കുക,കണ്ണാടം തോടിനു കുറുകേ നടപ്പാതയ്ക്കുതകുന്ന രണ്ട് ചെറുപാലങ്ങൾ നിർമ്മിക്കുക, പഞ്ചായത്തിലെ റോഡുകളിൽ ഗതാഗതയോഗ്യമാക്കാനും വീതികൂട്ടാനും നടപടി വേണം.

ടാർ ചെയ്യേണ്ട റോഡുകൾ പട്ടിക-2

പട്ടികയിൽ കൊടുത്തിരിക്കുന്ന റോഡുകൾ ടാർ ചെയ്യുന്നതിന് അടിയന്തിര പ്രാധാന്യം കൊടുക്കേണ്ടതാണ്.


ലഭ്യമായ ഫണ്ടിൻെറ ഭൂരിഭാഗം ചെലവഴിക്കപ്പെടുകയും, വിവാദങ്ങൾക്ക് വിഷയമായിത്തീരുകയും ചെയ്യാറുണ്ടെങ്കിലും, റോഡുകളെ സംബന്ധിച്ച ധാരണകൾ പലപ്പോഴും വസ്തുനിഷ്ഠമല്ല. ചുരുങ്ങിയത് പത്തടി വീതിയെങ്കിലുമുള്ള വഴികളെ റോഡുകൾ എന്നു വിളിക്കാം. മിക്ക പദ്ധതികളും റോഡുകൾക്ക് പണമനുവദിക്കുന്നത് അവയുടെ വീതിയോടു കൂടി കണക്കിലെടുത്തിട്ടാണെന്നതിനാൽ റോഡുകളെ വീതിയുടെ അടിസ്ഥാനത്തിൽ തരം തിരിച്ച് കാണുന്നത് നന്നായിരിക്കും. ഈ റിപ്പോർട്ടിൽ റോഡുകളെ സംബന്ധിച്ചുള്ള പട്ടികകളിൽ വീതികൂടി കാണിച്ചിരിക്കുന്നത് ഈ ലക്ഷ്യം മുൻ നിർത്തിയാണ്.

പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്റർ അശാസ്ത്രീയമായഘടനയാലും, കാര്യക്ഷമമായി സൂക്ഷിക്കാതിരുന്നതിനാലും റോഡുകളുടെ വികസന പ്രവർത്തനത്തിന് ഇത് അടിസ്ഥാനമാക്കി പരിഗണിച്ചുകൂടാ. നിലവിലുള്ള എല്ലാ റോഡുകളുടെയും പട്ടിക സൂക്ഷിക്കേണ്ടതാണ്. പട്ടികകൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു.

റോഡുകൾ നിർമ്മിക്കുമ്പോൾ പരിസ്ഥിതിയെക്കുറിച്ച് വിസ്മരിക്കാറാണ് പതിവ്. ഈ വിസ്മൃതി ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾക്കിടയാക്കുമെന്ന

തിൻെറ സൂചനകൾ പഞ്ചായത്തിൻെറ പല ഭാഗങ്ങളിലുമുണ്ട്. നെൽവയലിലൂടെ പോകുന്ന നടവരമ്പുകൾ റോഡുകളായി മാറുമ്പോൾ അതിൻെറ ചുറ്റുപാടുകളെക്കുറിച്ച് ബോധവാൻമാരാകേണ്ടതുണ്ട്. കാരണം വരമ്പുകൾക്ക് കുറുകേ പലപ്പോഴും വെള്ളം കടത്തിവിടുന്നതിന് ഓവുകളോ ചാലുകളോ ഉണ്ടായിരിക്കും. ഇത് മൂടപ്പെടുമ്പോൾ കൃഷിയെയും ജലമൊഴുക്കിനെയും അത് സാരമായി ബാധിക്കുന്നു. റോഡുകളുടെ പാർശ്വങ്ങളിൽ തണൽ മരങ്ങൾ നടുന്നത് മണ്ണൊലിപ്പ് തടയുന്നതിനും റോഡിൻെറ ഉറപ്പിനും നന്നായിരിക്കും. മിക്കവാറും മൺറോഡുകളുടെ പിന്നിൽ ജനകീയ സമിതികൾ ഉണ്ട് എന്നതിനാൽ ഇത്തരമൊരു നിഷ്കർഷ ഗുണകരമായിരിക്കും. മണ്ണൊലിപ്പിനും നീർകെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും, പാർശ്വസംരക്ഷണ ഭിത്തികളും നിർമ്മിക്കേണ്ടതാണ്. ഇവ സംരക്ഷിക്കപ്പെടുന്നതിനു വേണ്ടി അതാതു പ്രദേശത്തെ ജനകീയ സമിതികൾ ഉണ്ടായിരിക്കണം. സമതലങ്ങളിൽ റോഡ് നിർമ്മിക്കുമ്പോൾ കരിങ്കൽ ഫലകങ്ങൾ കൊണ്ട് അടിത്തറ പാകി വേണം നിർമ്മിക്കാൻ. ഇത് പാരിസ്ഥിതിക പ്രശ്നങ്ങൾ ഒരു പരിധി വരെ ഒഴിവാക്കാൻ സഹായിക്കും.

റോഡുകളുടെ വികസനത്തിൽ നമുക്ക് കൈമുതലായുള്ളത് ജനശക്തിയാണ്. ശ്രമദാനം വഴി റോഡുകളുടെ നിർമ്മാണം നടത്താൻ കഴിയണം. പഞ്ചായത്തിൻെറ പരിമിതമായ ധനശേഷിയും, ഭീമമായ ഫണ്ടിൻെറ ആവശ്യകതയും സുലഭമായ ആൾബലവും ഒരുമിച്ചു പരിഗണിക്കുമ്പോൾ നമ്മുടെ മാർഗ്ഗം വ്യക്തമാണ്. ആകെ വരുന്ന ചിലവിൻെറ 1/8 ഭാഗമെങ്കിലും ശ്രമദാനത്തിലൂടെയും പൊതു സംഭാവനയും ചേർന്നതാകണം. കഴിഞ്ഞ ഒരു വർഷത്തിൽ പൊതുഫണ്ടിൽ നിന്ന് 2,50,779 രൂപ ചെലവഴിച്ചപ്പോൾ പൊതുജനങ്ങളിൽ നിന്ന് മേൽ പറഞ്ഞ വിധം സമാഹരിക്കപ്പെട്ടത് 7000 രൂപ മാത്രമാണ്



## നിലവിലുള്ള റോഡുകൾ

| വാർഡ് നമ്പർ | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി മീ. | കഴിഞ്ഞവർഷത്തിൽ ചെലവ ഷീട്ട് ഹെഡ് | മെറ്റൽ | | ഓട | | കലുങ്ക് | |
|---|---|---|---|---|---|---|---|---|---|---|
| | | | | | ചെയ്തത് | ചെയ്യാത്തത് | ഉള്ളത് | വേണ്ടത് | ഉള്ളത് | വേണ്ടത് |
| - | മുല്ലശ്ശേരി ബണ്ട് റോഡ് | 3 | 8 | PWD | | | | | | |
| - | വെങ്കിടങ്ങ് - തൊയക്കാവ് | 2.5 | 8 | -- | | | | | | |
| - | വെങ്കിടങ്ങ് - കണ്ണോത്ത് | 1.6 | 6 | | | | | | | |
| - | മേച്ചേരിപ്പടി - തൊയക്കാവ് | 1.5 | 8 | 4839 | | | | | | |
| - | കരുവന്തല - കോടമുക്ക് - ഇടിയൻചിറ | 6 | 6 | 4841 | | | | | | |
| X | ചീരോത്ത് പടി - കണ്ണോത്ത് | 2.4 | 6 | -- | | | | | | |
| VIII | മേച്ചേരിപ്പടി - കണ്ണംകുളങ്ങര | 3 | 6 | 4845 | | | | | | |
| VI | ഏനാമാവ് പള്ളിക്കടവ് | 0.2 | 6 | -- | | | | | | |
| VI | ചിരിട്ടക്കടവ് | 1.4 | 6 | -- | | | | | | |
| - | ചാക്യാത്ത് പടി - മനയ്ക്കക്കടവ് | 1 | 6 | -- | | | | | | |
| IV | തൊയക്കാവ് - ചന്തപടി - കാളിമാക്കൻ | 10.85 | 6 | -- | | | | | | |
| IX | വെണ്ണേങ്കോട്ട് | 1.7 | 6 | -- | | | | | | |
| II | ചാപ്പൻമേനോൻ കമ്മ്യൂണിറ്റിഹാൾ | 2.0 | 6 | 4845 | | | | | | |
| II | പള്ളിക്കടവ് | 0.5 | 4 | -- | | | | | | |
| | ബി.എസ്.എസ് | 0.8 | 3.5 | 4996 | | | | | | |
| IV | മസ്ജിദ് റോഡ് | 0.5 | 3 | 4841 | | | | | | |
| VIII | ശാസ്ത്രി മെമ്മോറിയൽ | 0.5 | 3 | 4841 | | | | | | |
| VIII | ചിരട്ടക്കടവ് - പതിയംകടവ് | 0.5 | 3 | -- | | | | | | |
| VI | വെങ്കിടങ്ങ് ഹെൽത്ത് സെൻറർ | 0.2 | 3 | 4841 | | | | | | |
| VIII | ഫാത്തിമ | 0.3 | 3 | -- | | | | | | |
| | പായിക്കര അമ്പലനട | 0.5 | 3.5 | -- | | | | | | |
| XI | പാടൂർ പുതുക്കാവ് | 0.45 | 3 | 4841 | | | | | | |
| XI | കുന്നത്തുള്ളി ചീരോത്ത്പടി | 0.35 | 6 | -- | | | | | | |
| X | കുഴുപ്പുള്ളി | 0.5 | 3 | -- | | | | | | |
| X | പ്രിയദർശിനി | 0.415 | 3.15 | 4845 | | | | | | |
| | നടുവത്ത് - മണൽപുഴ | 1.0 | 4 | -- | | | | | | |
| X | ചെന്നാസ്മനപടി | 1.0 | 3 | -- | | | | | | |

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| VIII | ചാക്യാത്ത്പടി | 0.5 | 3 | -- | | | | | | |
| VII | പതിയം കടവ് | 2.0 | 3.5 | 91506 | | | | | | |
| V | കോഞ്ചിറ റോഡ് | 2.0 | 5.3 | 4785 | | | | | | |
| V | കോഞ്ചിറ ബണ്ട് റോഡ് | 0.5 | 3 | 4841 | | | | | | |
| III | വേട്ടയ്ക്കൊരുമകൻ കടവ് | 1.0 | 4 | -- | | | | | | |
| XI | വിദ്യാർത്ഥി റോഡ് | 2.0 | 6 | 4845 | | | | | | |
| IV | കാളിമാക്കൽ | 0.5 | 4 | -- | | | | | | |
| I | ഇടിയൻചിറ | 3.0 | 8 | -- | | | | | | |
| XI | പാടൂർ സെൻറർ - ഇടിയൻ ചിറ റോഡ് | 1.200 | 4 | -- | | | | | | |
| XI | തൊയക്കാവ് - പാടൂർ സെൻറർ | 1.00 | 4 | 4840 | | | | | | |
| XI | കാരാപാടം റോഡ് | 1.000 | 4 | -- | | | | | | |
| IX | വെണ്ണേങ്കോട്ട് റോഡ് | 2.1 | 4.5 | -- | | | | | | |
| VII | കരുവന്തല താഴം | 1.0 | 3 | -- | | | | | | |
| IV | മഹാത്മ | 1.0 | 4.5 | 4841 | | | | | | |
| X | കോർളി പാടം | 0.5 | 3 | 4841 | | | | | | |
| XI | ചുനാമനപടി | 0.5 | 4 | -- | | | | | | |
| X | കുന്നത്തുള്ളി വെങ്കിടങ്ങ് | 1.5 | 6 | -- | | | | | | |
| IX | കല്ലട്ടി റോഡ് | 0.5 | 4 | 4841 | | | | | | |
| I | പുളിക്കക്കടവ് - പണ്ടാരമാട് | 2.5 | 5 | -- | | | | | | |
| VII | തണ്ടഴിപ്പാടം | 1.0 | 4 | 4790 | | | | | | |
| | ജവഹർ റോഡ് | 0.6 | 4 | -- | | | | | | |
| IX | വെണ്ണെങ്കോട്ട് മേച്ചേരിപ്പടി ലിങ്ക് | 0.405 | 6 | -- | | | | | | |
| I | ടിപ്പുസുൽത്താൻ | 0.850 | 6 | -- | | | | | | |
| | മഹാത്മാഗാന്ധി | 1.0 | 6 | 4845 | | | | | | |
| X | ചീരോത്ത്പടി ലിങ്ക് | 0.3 | 6 | -- | | | | | | |
| XI | കിസാൻ റോഡ് | | – | 62387 | | | | | | |
| VII | ശ്മശാനം റോഡ് | 0.7 | 4 | 4842 | | | | | | |

പഞ്ചായത്തിലെ ടാർ റോഡുകൾ പട്ടിക-1

| റോഡ് | ഉടമസ്ഥത | ദൂരം കി.മീ | വീതി മീ. | ബസ്സ് മറ്റു യാത്രാസൗകര്യം |
|---|---|---|---|---|
| വെങ്കിടങ്ങ് സെൻറർ-തൊയ്ക്കാവ് റോഡ് | പഞ്ചായത്ത് | 2.5 | 8 | ഉണ്ട് |
| മേച്ചേരിപ്പടി-തൊയക്കാവ് റോഡ് | " | 8 | " | |
| വെങ്കിടങ്ങ് സെൻറർ- കണ്ണോത്ത് റോഡ് | " | 6 | " | |
| കരുവന്തല-കോടമുക്ക്-ഇടിയൻചിറ | " | 6 | " | |
| പീരോത്തുപ്പടി-കണ്ണോത്ത് റോഡ് | " | 6 | " | |
| മേച്ചരിപ്പടി-കണ്ണംകുളങ്ങര റോഡ് | " | 6 | " | |
| ഏനാമാവ്-പള്ളിക്കടവ് റോഡ് | " | 6 | " | |
| ചിരട്ടക്കടവ് റോഡ് | " | 6 | " | |
| ചാക്യാത്തുപ്പടി-മനയ്ക്കൽക്കടവ് റോഡ് | " | 6 | " | |
| തൊയക്കാവ്-ചന്തപ്പടി-കാളിമാക്കൽ | " | 6 | " | |
| വെണ്ണേങ്കോട്ട് ലിങ്ക് റോഡ് | " | 6 | " | |
| മുല്ലശ്ശേരി-കോഞ്ചിറ റോഡ് | PWD | 3.00 | 18 | " |
| മുല്ലശ്ശേരി-പുളിക്കടവ് റോഡ് | PWD | 2.00 | 8 | " |


പട്ടിക-2 ടാർ ചെയ്യേണ്ട റോഡുകൾ

| കോഡ് | വാർഡ് | റോഡിൻെറ പേര് | ദൂരം | വീതി |
|---|---|---|---|---|
| 0101 | 1 | പുതുകാവ്-മാട് റോഡ് | 1.000 | 4.5 |
| 0102 | 1 | ടിപ്പുസുൽത്താൻ റോഡ് | 1.500 | 4 |
| 0201 | 2 | തൊയക്കാവ് കുരിശുപ്പള്ളി-പാടൂർ റോഡ് | 0.300 | 6 |
| 0202 | 2 | ചാപ്പൻ മേനോൻ റോഡ് | 1.000 | 4.5 |
| 0203 | 2 | പള്ളിക്കടവ് റോഡ് | 0.500 | 4 |
| 1101 | 2-11 | തൊയക്കാവ് ചുനാമന-പാടൂർ സെൻറർ റോഡ് | 1.000 | 4 |
| 0401 | 4 | മഹിളാസമാജം കാളിമാക്കൽ റോഡ് | 0.500 | 4 |
| 0501 | 5 | കെട്ടുങ്ങൽ കോഞ്ചിറ റോഡ് | 2.000 | 5.3 |
| 0601 | 6 | പതിയങ്കയവ്-ചിരട്ടക്കടവ് റോഡ് | 0.500 | 3 |
| 0701 | 7 | കരുവന്തല-പതിയങ്കടവ് റോഡ് | 1.500 | 4 |
| 0801 | 8 | ശാസ്ത്രി മെമ്മോറിയൽ റോഡ് | 0.500 | 3 |
| 0602 | 6 | കോഞ്ചിറ ബണ്ട് റോഡ് | 0.75 | 4 |
| 0901 | 9 | വെണ്ണേങ്കോട്ട് റോഡ് | 0.750 | 4 |
| 1003 | 10 | കോറളിപ്പാടം റോഡ് | 0.500 | 3 |
| 1001 | 10 | വെങ്കിടങ്ങ് കുന്നത്തുള്ളി ക്ഷേത്രം റോഡ് | 1.750 | 4 |
| 0702 | 7 | ശ്മശാനം റോഡ് | 1.000 | 4 |
| 1002 | 10 | വെങ്കിടങ്ങ്-ആൽത്തറ റോഡ് | 0.500 | 5 |
| 1104 | 11 | വാണിവിലാസം സ്കൂൾ റോഡ് | 0.500 | 6 |
| 1102 | 11 | പാടൂർ സെൻറർ-ഇടിയംചിറ റോഡ് | 1.000 | 4 |
| 1103 | 11 | ചുനാമന റോഡ് | 0.500 | 4 |

പട്ടിക-3

| വാഡ് | നിർദ്ദേശിക്കുന്ന റോഡ് | കോഡ് | ദൂരം കി.മീ. |
|---|---|---|---|
| 1 | വാപ്പുകുളം-മണലൂർപള്ളി റോഡ് ആസെയ്ക് ഇബ്രാഹിംതങ്ങൾ റോഡ് | | |
| " | മാട്-ഇടിയൻചിറആഡോ. അംബേദ്ക്കർ റോഡ്ഇ | | |
| " | അംബേദ്ക്കർ-ടിപ്പുസുൽത്താൻ-പുതുക്കാവ് ലിംഗ് റോഡ് | | |
| 2 | കാര്യാട്ട് കോളനി റോഡ് | | |
| 4 | പുതിയേടത്ത് കോളനി റോഡ് | | |
| " | കാളിമാക്കൽ കോളനി റോഡ് | | |
| " | ബിഎസ്എസ്-മണ്ണാന്തറ ലിംഗ് റോഡ് | | |
| " | മേച്ചേരിപ്പടി-മഹാത്മഗാന്ധി ലിംഗ് റോഡ് | | |
| 5 | പൂഴിക്കുന്ന് റോഡ് | | |
| 6 | പതിയം കടവ്-ചിരട്ടക്കടവ് ലിംഗ് റോഡ് | | |
| " | കോഞ്ചിറ-ചിരട്ടക്കടവ് ലിംഗ റോഡ് | | |
| 7 | പതിയംകടവ്-വടക്കേകോഞ്ചിറ റോഡ് | | |
| " | ഉള്ളന്നൂർ മനപ്പടി ചിരട്ടക്കടവ് റോഡ് | | |
| " | ശ്മശാനം-മേച്ചേരിപ്പടി റോഡ് | | |
| " | മുപ്പട്ടിത്തറ-ശ്മശാനം റോഡ് | | |
| 8 | പട്ടികജാതി കോളനി റോഡ് | | |
| " | ലക്ഷം വീട് കോളനി റോഡ് | | |
| 10 | മധുക്കര റോഡ് | | |
| 11 | പത്യാലപീടിക-പുതുക്കാവ് അമ്പലം റോഡ് | | |
| " | കമ്മ്യൂനിറ്റി ഹാൾ ഹൈസ്ക്കൂൾ റോഡ് | | |
| " | വൈദ്യർറോഡ്-വാണിവിലാസം ലിംഗ് റോഡ് | | |
| " | കോലോത്ത് പറമ്പ് റോഡ് | | |
| " | കളയംക്കോട്ട് റോഡ് | | |
| " | പായിക്കര അമ്പലം- ചൂനാമന ലിംഗ് റോഡ് | | |
| " | കാലടിറോഡ് | | |
| 1 | ജമാലിയമസ്ജിദ് റോഡ് | | |
| 2 | എ.എൽ.പി സ്ക്കൂൾ-ചാപ്പൻ മേനോൻ ലിംഗ് റോഡ് | | |
| " | പുളിക്കക്കടവ് - കോടമുക്ക് തീരദേശ റോഡ് | | |
| 8 | ജി.എം.എൽ.പി സ്ക്കൂൾ റോഡ് കണ്ണോത്ത് | | |
| 6 | താണിക്കൽ റോഡ് | | |

# പഞ്ചായത്തു റോഡുകൾ



# വൈദ്യുതി

ആധുനിക ജീവിതത്തിൻെറ അന്തർ ധാരയാണ് വൈദ്യുതിയും ഊർജ്ജവും. അശാസ്ത്രീയമായ ഉല്പാദന ഉപഭോഗങ്ങളുടെ സംസ്ക്കാരത്തിലേയ്ക്ക് നാം അറിയാതെ അടിതെറ്റി വീഴുന്ന പശ്ചാത്തലത്തിലാണ്. വൈദ്യുതി ഇല്ലാത്ത ഒരു ലോകത്തെ കുറിച്ച് ചിന്തിക്കാൻ പോലും കഴിയാത്ത സാഹചര്യത്തിലാണ്.

വെങ്കിടങ്ങ് പഞ്ചായത്തിൽ 1963 മെയ് മാസത്തിൽ ആദ്യമായി വൈദ്യുതി എത്തിചേർന്നു. ഇപ്പോൾ വെങ്കിടങ്ങ് പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി ലഭിക്കുന്നത് കണ്ടശ്ശാംകടവ് 66കെ.വി. സബ്സ്റ്റേഷനിൽ നിന്നും, ഗുരുവായൂർ 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നും, നിന്നുമാണ്. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും പരിശോധിച്ചാൽ കുറച്ച് ട്രാൻസ്ഫോർമറുകൾ മാത്രമെ അധികഭാരം വഹിക്കുന്നതായി കാണുന്നുള്ളു. ട്രാൻസ്ഫോർമറുകളുടെ ശേഷിയും ഉപഭോക്താക്കളുടെ എണ്ണവും താഴെ ചേർക്കുന്നു.

| ക്രമമ്പർ | കപ്പാസിറ്റി | പേർ | ഉപഭോക്താക്കളുടെ എണ്ണം |
|---|---|---|---|
| 1. | 160 KVA | കോഞ്ചിറ | 655 |
| 2. | 100 „ | ഏലമുത | 67 |
| 3. | 100 „ | കണ്ണംകുളങ്ങര | 188 |
| 4. | 100 „ | മേച്ചേരിപടി | 164 |
| 5. | 160 „ | വെങ്കിടങ്ങ് | 475 |
| 6. | 160 „ | തൊയക്കാവ് No.1 | 455 |
| 7. | 100 „ | „ No.2 | 485 |
| 8. | 100 „ | കരുവന്തല | 307 |
| 9. | 160 „ | മുപ്പട്ടിതറ | 155 |
| 10. | 160 „ | കോടമുക്ക് | 355 |
| 11. | 100 „ | ചുനാമന | 135 |
| 12. | 100 „ | പാടൂർ | 450 |
| 13. | 160 | ഇടിയൻചിറ | 455 |
| 14. | 63 „ | പണ്ടാരമാട് | 166 |
| 15. | 100 „ | കണ്ണോത്ത് | 420 |

വൈദ്യുതി ഉപയോഗത്തിൻെറ സിഹഭാഗവും ഗാർഹിക മേഖലയിലാണ്. കാർഷിക മേഖലയിൽ കോൾകൃഷി നടത്തുന്നതിന് കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നു. വൻകിട വ്യവസായങ്ങളൊന്നുംതന്നെ യില്ല. എൽ.ടി. വ്യവസായ ഉപഭോക്താക്കൾ 74 എണ്ണമാണ് ഉള്ളത്.

**ഉപഭോക്താക്കളുടെ എണ്ണം താഴെ കൊടുക്കുന്നു.**

| | |
|---|---|
| ഗാർഹികം | 3618 |
| കമേഴ്സ്യൽ | 703 |
| ചെറുകിട വ്യവസായം | 74 |
| കാർഷികം | 344 |
| തെരുവ് വിളക്ക് | 434 |
| ആകെ | 5373 |

ഈ പഞ്ചായത്തിൽ ഒരു കെ.എസ്.ഇ.ബിയുടെ സബ് എഞ്ചിനീയർ ഓഫീസ് മാത്രമെ പ്രവർത്തിക്കുന്നുള്ളു. ഈ ഓഫീസിൻെറ പ്രവർത്തന പരിധിയിൽ മുല്ലശ്ശേരി പഞ്ചായത്തും ഉൾപ്പെടുന്നു. ഈ ഓഫീസിൻെറ പ്രവർത്തനപരിധിയിൽ മൊത്തം 7000ൽ പരം ഉപഭോക്താക്കൾ ഉണ്ട്.

ഈ പഞ്ചായത്തിലെ ട്രാൻസ്ഫോർമറിലേയ്ക്ക് വരുന്ന വൈദ്യുതി 11 കെ.വി. മുല്ലശ്ശേരി ഫീഡർ, 11 കെ.വി. ചേറ്റുവ ഫീഡർ എന്നിവ കണ്ട

ശ്ശാംകടവ് സബ്സ്റ്റേഷനിൽ നിന്നും, 11.കെ.വി. പാവറട്ടി ഫീഡർ ഗുരുവായൂർ സബ് സ്റ്റേഷനിൽ നിന്നുമാണ്. മുല്ലശ്ശേരി ചേറ്റുവ ഫീഡറുകൾ വരുന്നത് കായലിൽകൂടിയും പുഴയിൽ കൂടിയും ആകുന്നു. പഴകിയ കമ്പിയും, ദ്രവിച്ച പോസ്റ്റുകളും ആയതുകൊണ്ട് വർഷക്കാലങ്ങളിൽ പോസ്റ്ററുകൾ മറിഞ്ഞുവീഴാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ വൈദ്യുതി പ്രവാഹം ശരിയാക്കുന്നതിന് ദിവസങ്ങളോളം എടുക്കാറുണ്ട്.

സബ് സ്റ്റേഷനുകളിൽ നിന്ന്ലഭിക്കുന്ന വൈദ്യുതി 11 കെ.വി. ക്കുപകരം 7 കെ.വി.യോ, 8.കെ.വി.യോ ആയി മാത്രമെ ലഭിക്കാറുള്ളു.കൂടാതെ കോൾ മേഖലയിൽ പ്രവർത്തിക്കുന്ന 50 HP മോട്ടോറുകൾ ഒന്നിച്ച് പ്രവർത്തിപ്പിക്കേണ്ടി വരുമ്പോഴും വോൾട്ടേജ് കമ്മി അനുഭവപ്പെടുന്നു. ഭൂരിപക്ഷം ലൈനുകളും വൃക്ഷങ്ങളുടെ ഇടയിലൂടെ പോകുന്നതുകൊണ്ട് ശാഖകൾ വീണും, തട്ടിയും ഊർജ്ജം നഷ്ടപ്പെടുന്നു. ഇത് അപകടങ്ങൾക്കും കാരണമാണ്. ഇത്തരം ലൈനുകള ഇൻസുലേറ്റഡ് ആക്കുന്നത് ഉപകാരപ്രദമാണ്.

അടുത്ത കാലത്തായി ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിച്ചതിൻെറ ഫലമായ വോൾട്ടേജ് കമ്മി ഒരു പരിധിവരെ പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ചിരട്ടകടവ്, നാട്ടുകല്ല്, കണ്ണോത്ത് എന്നിവിടങ്ങളിൽ 11 കെ.വി. ലൈൻ വലിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കാനുള്ള അനുവാദം ലഭിച്ചിട്ടുണ്ട്. സാധന സാമഗ്രികളുടെ ലഭ്യത അനുസരിച്ച് പുതിയ ട്രാൻസ്ഫോമറിൻെറ പ്രവർത്തനങ്ങൾ തുടങ്ങാനാകും എന്ന് കരുതുന്നു.

വൈദ്യുത ഉപഭോക്താക്കളുടെ 25% മീറ്ററുകളും ശരിയായി പ്രവർത്തിക്കുന്നവയല്ല. അവ ശരിയാക്കാനോ, പുതിയവ സ്ഥാപിക്കാനോ നടപടിയുണ്ടാകുകയും, നിലവിലുള്ള സ്ലാബ് സമ്പ്രദായവും, ആറു മാസത്തിലൊരിക്കൽ മീറ്റർ റീഡിംഗ് എടുക്കുന്നതും കാലോചിതമായി പരിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. പട്ടികജാതി കോളനികളിൽ 9 എണ്ണത്തിൽ വൈദ്യുതി എത്തിയിട്ടില്ല. ആന്തുരമാടിൽ വൈദ്യുതി എത്തിയിട്ടില്ല. ഈ ദ്വീപിൽ 16 വീടുകൾ ഉണ്ട്. തെരുവ് വിളക്കുകൾ പൂർണ്ണമായും യഥാസമയം കത്തിക്കാനുള്ള സംവിധാനവും ഉണ്ടാകേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. പ്രേഷണ - വിതരണ രംഗങ്ങളിലെ ചോർച്ച, പ്രത്യേകിച്ചും മരച്ചില്ലകളും മറ്റും കാലാകാലങ്ങളിൽ മുറിക്കാതിരിക്കുന്നത്.
2. വൈദ്യുതി ലഭിക്കുന്നതിനുവേണ്ടി വയറിംഗ് പ്രവൃത്തി പൂർത്തീകരിച്ച് വൈദ്യുതി ലഭിക്കാതിരിക്കുന്നത്.
3. ഒരു വാർഡിന് ശരാശരി 38 എന്ന നിലയിലാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്. ചില റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.
4. അശാസ്ത്രീയമായ വോൾട്ടേജ് സ്റ്റെബിലൈസർ ഉപയോഗം.
5. വൈദ്യുതി എത്തിക്കുന്ന പഴയ കമ്പികളും, കാലുകളും വൈദ്യുതി പ്രവാഹത്തിന് തടസ്സം സൃഷ്ടിക്കുന്നു.
6. 15 കിലോമീറ്റർ പഞ്ചായത്ത് റോഡുകളിൽ വൈദ്യുത ലൈൻ ഇല്ല.

**സാദ്ധ്യതകൾ**

1. ജനകീയ പങ്കാളിത്തത്തോടെ വൈദ്യുതി ലൈൻ പോകുന്ന വഴികളിലുള്ള വൃക്ഷങ്ങളുടെ ചില്ലകൾ മുറിച്ചു നീക്കി വൈദ്യുതി നഷ്ടം ഒഴിവാക്കുക.
2. വൈദ്യുതി ലാഭിക്കാൻ കഴിയുന്ന വൈദ്യുത ദീപങ്ങളും ഉപകരണങ്ങളും പ്രചരിപ്പിക്കൽ.
3. കാറ്റ്, സൗരോർജ്ജം, ബയോഗ്യാസ് എന്നിവ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ ഉപയോഗിക്കുന്നത് പ്രോത്സാഹിപ്പിക്കൽ.
4. ആഡംബരങ്ങൾക്കും, ആഘോഷങ്ങൾക്കും വൈദ്യുതി ഉപയോഗിക്കുന്നത് നിരുത്സാഹപ്പെടുത്തൽ.
5. കോൾ കർഷകരുടെ ജില്ലാതല യോഗത്തിൽ വെച്ച് കോൾമേഖലയിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് മുല്ലശ്ശേരി പഞ്ചായത്തിലെ മാനിലകുന്നിൽ ഒരു സബ്സ്റ്റേഷൻ നിർമ്മിക്കുന്നതിന് തീരുമാനമെടുത്ത് നടപ്പിലാക്കുക.

6. പഞ്ചായത്തിലെ വിവിധ ഭാഗങ്ങളിലെ വോൾട്ടേജ് കമ്മി പരിഹരിക്കുന്നതിന് താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുക.

എ) ഒന്നാം വാർഡിൽ ഇടിയഞ്ചിറ ഭാഗത്ത്

ബി) മൂന്നാംവാർഡിൽ പള്ളിക്കടവ് ഭാഗത്ത്

സി) നാലാംവാർഡിൽ തൊയക്കാവ് സെൻററിനടുത്ത് കാളിമാക്കൽ ഭാഗം

ഡി) അഞ്ചാം വാർഡിൽ കെട്ടുങ്ങൽ ഭാഗത്ത്

ഇ) രണ്ടാം വാർഡിൽ തൊയക്കാവ് ഭാഗത്ത്

എഫ്) ഒമ്പതാം വാർഡിൽ വെങ്കിടങ്ങ് സെൻറിൻെറ പടിഞ്ഞാറു ഭാഗത്തും, മേച്ചേരി പടി പടിഞ്ഞാറു ഭാഗ ത്തും.

ജി) പത്താംവാർഡിൽ കണ്ണോത്ത് നാട്ടുകൽ ഭാഗത്ത്

എച്ച്) പതിനൊന്നാം വാർഡിൽ ചുനാമന ഭാഗത്ത്

ഐ) ആറാം വാർഡിൽ ചിരട്ടകടവ് ഭാഗത്ത്

**ഊർജ്ജം**


പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിനായി വിറക് ഉപയോഗിക്കുന്നു. തെങ്ങിൻെറ മടലും, ചകിരിയും, മറ്റു നാടൻ പാഴ്മരങ്ങളും ഉപയോഗിക്കുന്നു. പുകയില്ലാത്ത അടുപ്പുകളുടെ ഉപയോഗം കുറവാണ്. എൽ.പി.ജി. ഗ്യാസ് (പ്രൈവറ്റ് അടക്കം) 296 വീടുകളിൽ പാചകത്തിന് ഉപയോഗിക്കുന്നു. മണ്ണെണ്ണ പാചക ഇന്ധനമായി ഉപയോഗിക്കുന്നവർ 652 കുടുംബങ്ങളാണ്.

**പ്രശ്നങ്ങൾ**

1. വിറകിൻെറ ലഭ്യത കുറയുന്നു.
2. ഇന്ധനങ്ങളുടെ വില കുതിച്ചുയരുന്നു.

**സാദ്ധ്യതകൾ**

1. വിറകിൻെറ ആവശ്യത്തിന് ഉതകുന്ന മരങ്ങൾ വെച്ചുപിടിപ്പിക്കുക
2. ദക്ഷത കൂടിയ ആധുനിക ഗൃഹോപകരണങ്ങൾ ഉപയോഗിക്കുക.
3. കാര്യക്ഷമതയുള്ള വിറകടുപ്പുകൾപ്രചരിപ്പിക്കുക.
4. ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുക
5. വൈദ്യുതി വിതരണം പഞ്ചായത്തിനെ ഏല്പിക്കുക.



# സംസ്ക്കാരം

സമ്പന്നമായ സാംസ്ക്കാരിക സരണിയിലൂടെ സമന്വയത്തിൻേറയും സമഭാവനയുടെയും സമവാക്യങ്ങൾ ശിരസ്സിലേറ്റി 21-ാം നൂറ്റാണ്ടിൻെറ പൊൻപുലരിക്ക് നാം കാതോർക്കുകയാണ്. സവർണ്ണ സമ്പന്ന നാടുവാഴികളും, ധാരാളം ഇല്ലങ്ങളും നിലനിന്നിരുന്ന വെങ്കിടങ്ങിൻെറ പഴംപുരാണങ്ങൾ തലമുറകളിലൂടെ വായ്മൊഴികളായി നിലനിൽക്കുന്നു. തൊട്ടുകൂടായ്മയും തീണ്ടികൂടായ്മയും · കാരണവന്മാരുടെ ഓർമ്മകളായി അവശേഷിക്കുന്നു.

പുരാതനവും പ്രശസ്തവുമായ 5 ക്ഷേത്രങ്ങളും, 3 ക്രിസ്ത്യൻ ദേവാലയങ്ങളും 4 മുസ്ലീം പള്ളികളും ഈ പഞ്ചായത്തിൽ ഉണ്ട്. പഴയ കാലത്തെ ആചാരങ്ങളിൽ നിലനിന്നിരുന്ന കരുവന്തല ക്ഷേത്രത്തിലെ "കോഴിവെട്ടൽ" ഇല്ലാതായി. ഓരോ മതവിഭാഗത്തിൻേറയും ആചാരാനുഷ്ഠാനങ്ങളോടുകൂടിയ ഉത്സവങ്ങൾ നടക്കാറുണ്ട്. എല്ലാ മതവിഭാഗങ്ങളും ഒന്നിച്ചാഘോഷിക്കുന്ന കരുവന്തല ക്ഷേത്രോത്സവം മറ്റു പഞ്ചായത്തിലെ ജനങ്ങളെ പോലും ആകർഷിക്കുന്ന ഒന്നാണ്. കോഞ്ചിറ പള്ളി തിരുനാളും പ്രസിദ്ധമാണ്.

തൃശൂർ ജില്ലയുടെ നെല്ലറയെന്ന് വിശേഷിപ്പിക്കുന്ന കോൾനിലങ്ങളെ തഴുകിയെത്തുന്ന കാറ്റിൻെറ താളലയങ്ങൾക്കൊപ്പം എത്തുന്ന കൊയ്ത്തുപാട്ടിൻെ ഈരടികൾ ഇന്നും അലയടിക്കുന്നു. പുള്ളുവൻപാട്ടും, തിരുവാതിരക്കളിയും, മാർഗ്ഗംകളിയും, അറവനമുട്ടും, ദഫ്മുട്ടും, പരിചമുട്ടും, ചവിട്ടു നാടകവും ഇവിടെ അരങ്ങിനെ കൊഴുപ്പിച്ചിരുന്നു. ധനു മാസത്തിലെ തിരുവാതിര നാളുകളിൽ ഇല്ലങ്ങളുടെ അകത്തളങ്ങളിൽ അരങ്ങേറിയിരുന്ന തിരുവാതിരക്കളിയുടെ ഈരടികൾ ഇന്ന് കേൾക്കുന്നില്ല. അന്നത്തെ ഊഞ്ഞാലാട്ടവും ഉമ്പിതുള്ളലും അപൂർവ്വമായി. പരിചമുട്ടും അറവനമുട്ടും, ദഫ്മുട്ടും പാടൂരിലും, പഴമയുടെ സ്മൃതികളുണർത്തുന്ന കുതിരകളിയും പൂതം കളിയും ഉത്സവത്തോടനുബന്ധിച്ച് കരുവന്തലയിലും കാണാം.

ഹിന്ദുക്കളും, ക്രിസ്ത്യാനികളും, മുസ്ലീമുകളും മതസൗഹാർദ്ദത്തോടെ ഇവിടെ താമസിക്കുന്നു. രാഷ്ട്രീയ സംഘട്ടനങ്ങളും ഇല്ല.

കലാകായിക രംഗത്ത് പ്രവർത്തിക്കുന്ന നിരവധി സംഘടനകൾ ഉണ്ട്. സമൂഹത്തിൻെറ വികസന പ്രക്രിയയിൽ സംഭാവനകളർപ്പിക്കുന്ന പ്രവർത്തന പാതയിലേയ്ക്ക് കലാകായിക സംഘടനകൾ കുറെ കൂടി മുന്നോട്ടുവരേണ്ടിയിരിക്കുന്നു. സന്നദ്ധപ്രവർത്തനങ്ങളിലൂടെ വികസന സ്വപ്നങ്ങൾ യഥാർത്ഥ്യമാക്കാൻ കലാകായിക സംഘടനകൾ മുന്നോട്ടുവരുന്നുണ്ട് എന്നത് ശുഭസൂചകമായി കാണുന്നു.

- കണ്ണോത്ത് കോളനിയിൽ പ്രവർത്തിക്കുന്ന യുവരശ്മി ആർട്ടസ് ക്ലബ്ബ്
- നാട്ടുകല്ല് കോളനിയിൽ പ്രവർത്തിക്കുന്ന യുവശക്തി ആർട്ടസ് ആൻറ് സ്പോർട്ടസ് ക്ലബ്ബ്
- ഫ്ലൈയിംഗ് ആർട്ടസ് ക്ലബ്ബ്
- ആൽത്തറയിലുള്ള യംഗ് സ്റ്റേഴ്സ് ആർട്ടസ് ആൻറ് സ്പോർട്ടസ് ക്ലബ്ബ്
- കോർളിയിലെ കെൻ സരോവിവകലാ സാംസ്ക്കാരിക വേദി
- നാറ്റീവ് കൗൺസിൽ
- യൂത്ത് വേവ്
- സമസ്ത്ര സാംസ്ക്കാരിക കലാവേദി
- ഗ്രാമിക ഗ്രാമീണ വേദി
- മാസ് റിക്രിയേഷൻ ക്ലബ്ബ്
- കോഞ്ചിറയിലുള്ള ഹരിശ്രീ ക്ലബ്ബ്

സെൻറ് സെബാസ്റ്റ്യൻ ക്ലബ്ബ്, ഫ്രൻസ് കലാവേദി കെട്ടുങ്ങൽ, കരുവന്തലയിലുള്ള മഹാത്മ, പാടൂരിലെ ഓപ്പൻസ് ക്ലബ്ബ്, യുവജന കലാസമിതി ബോട്ട് ക്ലബ്ബ്, ഇടിയഞ്ചിറയിലുള്ള നാട്ടുകൂട്ടം ക്ലബ്ബ്, സ്റ്റാർ ലൈൻസ് റെവലൂഷ്യനറി, ടാസ്ക്, രജനി, വിവേകാനന്ദ, സഫ്ദർ ഹാഷ്മി ഗ്രാമീണ വേദി, വർക്കി വടക്കൻ മെമ്മോറിയൽ വായനശാല, ഷഹീം മെമ്മോറിയൽ വായനശാല എന്നിവ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കലാകായിക സാംസ്ക്കാരിക രംഗത്തെ ചില സംഘടനകളാണ്.

നല്ലൊരു ഗ്രന്ഥശാലയ്ക്കും വായനശാലയ്ക്ക് രൂപം കൊടുക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ഗ്രന്ഥശാല - വായനശാല - തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കായിക രംഗത്ത് നമുക്ക് അഭിമാനിക്കുവാൻ വക നൽകുന്ന ഒട്ടേറെ പ്രതിഭകൾ ഉണ്ട്. 1978 മാർച്ചിൽ കൊല്ലത്ത് നടന്ന ദേശീയ അത്‌ലറ്റിക് മീറ്റിൽ ബീഹാറിനെ പ്രതിനിധീകരിച്ച് മാരത്തോൺ മത്സരത്തിൽ ഇന്ത്യയിൽ ഒന്നാം സ്ഥാനം നേടിയ ശ്രീ. ടി.ടി. ജോൺ തൊയക്കാവ് സ്വദേശിയാണ്. ശ്രീലങ്കയിൽ നടന്ന കോമൺ വെൽത്ത് ഗയിംസിൽ മത്സരിക്കുവാനും ഇദ്ദേഹത്തിന് അവസരമുണ്ടായി. ഫുട്ബോൾ, വോളിബോൾ രംഗത്ത് നിരവധി പ്രതിഭകളെ സംഭാവന ചെയ്ത നാടാണ് വെങ്കിടങ്ങ്. അലിഗഡ് സർവ്വകലാശാല ഗോൾകീപ്പറായിരുന്ന ശ്രീ. ഏ.കെ. മെഹബൂബ് പാടൂർ സ്വദേശിയാണ്. ദഫ്മുട്ട്, പിരചമുട്ട്, അറവനമുട്ട് എന്നിവ ഇന്നും പാടൂരിലെ ശ്രീ. പരീത് കുരിക്കൾ ശ്രീ. ഹമീദ് കുരിക്കൾ എന്നിവരുടെ ശിക്ഷണത്തിൽ കുട്ടികൾ പഠിക്കുകയും, സംസ്ഥാന സ്ക്കൂൾ യുവജനോത്സവത്തിൽ സമ്മാനാർഹരാകുകയും ചെയ്തിട്ടുണ്ട്.

വെങ്കിടങ്ങ് പഞ്ചായത്തിലെ ജനങ്ങൾ മാതൃഭൂമി, മലയാള മനോരമ, ദേശാഭിമാനി, ചന്ദ്രിക, എക്സ്പ്രസ്സ്, മാധ്യമം, മംഗളം എന്നീ ദിനപത്രങ്ങൾ വായിക്കുന്നവരാണ്. 20% വീടുകളിൽ ടെലിവിഷനും 85% വീടുകളിൽ റേഡിയോ ഉണ്ടെന്നും കണക്കാക്കുന്നു.

ജനങ്ങളുടെ കൂട്ടായ്മയിലൂടെ വിവരണാതീതമായ നിലയിൽ പ്രവർത്തനം കാഴ്ചവെച്ച സാക്ഷരതാ യജ്ഞത്തിൻെറ ഒന്നാം ഘട്ട വിജയം സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്ക് ജനങ്ങൾ എങ്ങിനെ പ്രതികരിക്കുന്നു എന്നതിന് ഉത്തമ ഉദാഹരണമാണ്.

### സാംസ്കാരിക പ്രശ്നങ്ങൾ

1. സാക്ഷരതായജ്ഞത്തിൻെ ഭാഗമായി രൂപം കൊടുത്ത ജനവിദ്യ കേന്ദ്രങ്ങൾ സജീവമല്ല.
2. കായിക രംഗത്തെ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹനം കൊടുക്കുന്നില്ല.
3. നമ്മുടെ സാംസ്ക്കാരിക പൈതൃകത്തിൻെറ കണ്ണാടിയാണ് നാടൻകലകൾ. അവയെ പ്രോത്സാഹിപ്പിക്കുന്നില്ല.
4. സർഗ്ഗത്മക കഴിവുള്ളവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നില്ല.

### സാദ്ധ്യതകൾ

1. പഞ്ചായത്തിൽ വിവ ര ശേഖരണ വിതരണകേന്ദ്രം ആരംഭിക്കുക
2. ജനവിദ്യാകേന്ദ്രങ്ങൾ സജീവമാക്കുക
3. കലാകായിക സംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുക
4. പഞ്ചായത്തിൽ ഒരു സാംസ്കാരിക കേന്ദ്രം തുറക്കുക
5. പ്രധാനപ്പെട്ട സ്ഥലങ്ങളിലും കോളനികളിലും ടെലിവിഷൻ/റേഡിയോ എന്നിവ സ്ഥാപിക്കുക
6. പഞ്ചായത്തിൽ ഒരു പൊതുകളിസ്ഥലം നിർമ്മിക്കുക
7. കാർഷിക വിജ്ഞാനം വ്യാപിപ്പിക്കുന്നതിന് കർഷക ഗ്രന്ഥാലയത്തിന് രൂപം നൽകുക
8. നാടൻ കലകൾക്കു പ്രോത്സാഹനം നൽകുക
9. സർഗ്ഗാത്മക പ്രതിഭകളെ വളർത്തിയെടുക്കുന്നതിന് പരിശീലനവും പ്രോത്സാഹനവും നൽകുക

# പട്ടികജാതി-പട്ടിക്വർഗ്ഗക്ഷേമം

പഞ്ചായത്തിൽ ആകെ ജനസംഖ്യയുടെ 20.5% പട്ടികജാതിവിഭാഗമാണ്. 1991 ലെ കണക്കുകൾ പ്രകാരം മൊത്തം ജനസംഖ്യയിൽ 5171 പേർ പട്ടികജാതിയിൽപ്പെടുന്നു.

| പഞ്ചായത്തിലെ ആകെ പട്ടികജാതിക്കാരുടെ ജനസംഖ്യ | | | |
|---|---|---|---|
| | സ്ത്രീ | പുരുഷൻ | ആകെ |
| 1991ലെ സെൻസസ് | 2655 | 2516 | 5171 |

പഞ്ചായത്തിലെ 11 (പതിനൊന്ന്) വാർഡുകളിലായി 16 (പതിനാറ്) പട്ടികജാതികോളനികൾ സ്ഥിതിചെയ്യുന്നു. ഇതിൽ സർക്കാർ അംഗീകരിച്ച IHDPകോളനികൾ 3 (മൂന്ന്) ആകുന്നു. (ഒന്ന്) പണ്ടാരമാട്, (രണ്ട്) രാജീവ്കോളനി, (മൂന്ന്) നാട്ടുകല്ല് കോളനി. ഈ കോളനികളിൽ പഞ്ചായത്ത് അംഗീകാരത്തോടുകൂടി 176 കുടുംബങ്ങൾ താമസിച്ചുവരുന്നു. എന്നാൽ ഇന്നും വേണ്ടത്ര പ്രാഥമിക സൗകര്യങ്ങൾ ഈ കോളനികളിലെ നിവാസികൾക്ക് ലഭിച്ചിട്ടില്ല. അതിൽ ശുദ്ധജലം, വൈദ്യുതി, മറ്റു പ്രാഥമിക ആവശ്യങ്ങളും ഉൾപ്പെടും. സ്വന്തമായി വീട് ഇല്ലാത്തവരും വിരളമല്ല. ശുചീകരണത്തിന്റെ കാര്യത്തിൽ തീരെ ശ്രദ്ധിക്കാൻ കഴിയാത്തതിനാൽ പലപ്പോഴും ഇവിടുത്തെ ജനങ്ങൾക്ക് അസുഖങ്ങൾ പിടിപെടാറുണ്ട്. മുൻ പറഞ്ഞ 16 (പതിനാറ്) കോളനികളിൽ 03 എണ്ണത്തിലും (1HDP) തീവ്രസങ്കേതവികസനപദ്ധതിപ്രകാരമുള്ള വികസനപദ്ധതികൾ ത്വരിതഗതിയിലല്ലാത്തതിനാൽ ഈ കോളനികളിലെ കുടുംബങ്ങൾ അസ്വസ്ഥരാണ്. ഇതിനുപുറമെ പ്രസിഡണ്ടുപദം പട്ടികജാതിക്കു വേണ്ടി സംവരണം ചെയ്ത വെങ്കിടങ്ങ് ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ 5 കോളനികളെ അംഗീകരിക്കാൻ ആവശ്യമായ നടപടികൾ നടന്നുകഴിഞ്ഞിട്ടുണ്ട്. (1. കാര്യാട്ട്കോളനി 2. കുണ്ടഴിയൂർ കോളനി 3. കുഴുപ്പള്ളികോളനി പൂഴിക്കുന്ന് കോളനി ഇടിയംഞ്ചിറ കോളനി എന്നിവ) ആയതിന്റെ സർക്കാർ അംഗീകാരത്തിനുവേണ്ടി കാത്തിരിക്കുന്നു.

ഇതിൽ സെറ്റിൽമെന്റ് കോളനികളുടെ കണ്ണോത്ത്, കണ്ണംകുളങ്ങര എന്നീ പ്രദേശങ്ങളിൽ കണ്ണോത്ത് സെറ്റിൽമെന്റ് കോളനിയിൽ 34 കുടുംബങ്ങളിലായി 260 അംഗങ്ങളും കണ്ണംകുളങ്ങരയിൽ 49 കുടുംബങ്ങളിൽ 322 അംഗങ്ങളും താമസിക്കുന്നു. സെറ്റിൽമെന്റ് കോളനിയായി അംഗീകരിച്ചാൽ തന്നെ ഇവിടുത്തെ നിവാസികൾക്ക് കുടിവെള്ളപ്രശ്നവും, പാർപ്പിട പ്രശ്നങ്ങളും ഇന്നും ഒരു തീരാശാപമായി നിലനിൽക്കുന്നു. ഇതുപോലെതന്നെ ഈ 16 കോളനികളിലും പ്രാഥമിക ആവശ്യങ്ങളോ, പാർപ്പിട സൗകര്യങ്ങളോ, കുടിവെള്ള പ്രശ്നമോ പരിഹരിക്കുന്നതിന് നടപടിളൊന്നും ആയിട്ടില്ല. ആയതുകൊണ്ട് തന്നെ ഒരു ചേരി നിവാസികൾക്ക് ഉണ്ടാകാവുന്ന ആരോഗ്യപ്രശ്നങ്ങളും ഇത്തരക്കാർക്ക് ഉണ്ടാകാറുണ്ട്.

ഏറ്റവും അധികം പട്ടികജാതിക്കാർ തിങ്ങി പാർക്കുന്ന 10-ാം വാർഡിലും 2-ാം വാർഡിലും ആവശ്യമായത്ര ഗതാഗതസൗകര്യങ്ങളോ, പാർപ്പിട സൗകര്യമോ, കുടിവെള്ള പ്രശ്നങ്ങളോ, വൈദ്യുതി പ്രശ്നമോ, ആരോഗ്യപരിപാലനമോ, പരിഹരിക്കുന്നതിന് നാളിതുവരെയായി മാറി വരുന്ന സർക്കാരുകൾക്ക് പൂർണ്ണതോതിൽ കഴിഞ്ഞിട്ടില്ല. തൊഴിൽപരമായും, സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ഇത്തരം കുടുംബങ്ങളെ മറ്റു മുന്നോക്ക വിഭാഗങ്ങളോടൊപ്പം തോൾ ചേർത്ത് ഉയർന്നു നില്ക്കുന്നതിന് ആവശ്യമായ കുടുംബപശ്ചാത്തലം ഒരുക്കുന്നതിന് അല്ലറ ചില്ലറ പദ്ധതികൾ ആവിഷ്കരിച്ചെങ്കിൽ പോലും ഇത്തരം പദ്ധതികൾ ഗുണഭോക്താക്കളിൽ എത്താത്ത അവസ്ഥ നിലനിൽക്കുന്നു. അതുപോലെ തന്നെ ഗ്രാമ ഗ്രാമാന്തരങ്ങളിൽ കയറി ആരോഗ്യബോധവൽക്കരണ പ്രവർത്തനങ്ങൾ സജീവമല്ല.

പട്ടിജാതി വികസന കോർപ്പറേഷൻ, താലൂക്ക് പട്ടികജാതി വികസന ഓഫീസ്, കൃഷിഭവൻ മറ്റു സർക്കാർ ഏജൻസികൾ എന്നിവയിൽകൂടി പട്ടികജാതികാർക്ക് സ്വയം തൊഴിൽ കാണുന്നതിനായിട്ടുള്ള പദ്ധതികൾ വാർത്താ മാദ്ധ്യമങ്ങളിൽകൂടിയും ആകാശവാണിയിൽ കൂടിയും പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നുണ്ടെങ്കിൽ പോലും ഇത്തരം സ്ഥാപനങ്ങളിൽ അന്വേഷിച്ചുചെല്ലുന്ന അവശവിഭാഗങ്ങൾക്ക് ബാങ്കിംഗ് മേഖല ഒരു കീറാമുട്ടിയായി അനുഭവപ്പെടുന്നു. തിരിച്ചടവിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അറിഞ്ഞാൽപോലും ബാങ്കിംഗ് ഉദ്യോഗസ്ഥന്മാർ ഈ പദ്ധതികളെ ലാഭകരമല്ല എന്ന പ്രഖ്യാപനത്തോടെ മടക്കി അയക്കുന്ന പ്രവണതയും നില്ക്കുന്നു. മൊത്തം ഇവിടത്തെ ബാങ്കിംഗ് മേഖലയിൽ എത്തുന്ന ഡപ്പോസിറ്റിൽ നിന്നും പത്തു ശതമാനം പോലും ഗ്രാമങ്ങളുടെ അഭിവൃദ്ധിക്ക് ചിലവഴിക്കാതെ ഉത്തരേന്ത്യൻ പ്രദേശങ്ങളിലേക്ക് തിരിച്ചുവിട്ട് ലാഭം കൊയ്യുന്ന ഒരു ബ്ലേഡ് കമ്പനിയുടെ · രൂപത്തിൽ പ്രവർത്തിക്കുന്ന പ്രവണതയും നിലനിൽക്കുന്നു. പട്ടികജാതിക്കാർക്ക് കൃഷിഭൂമി വാങ്ങിക്കൽ, സ്ഥലം വാങ്ങി വീട് നിർമ്മിക്കൽ എന്നിവക്ക് ഒരുപാട് സ്കീമുകൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും ആ പ്രഖ്യാപനങ്ങൾ ഒരു ജലരേഖയായി തീർന്നിരിക്കുന്നു.

## വിദ്യാഭ്യാസം

പട്ടികജാതിക്കാരുടെ വിദ്യാഭ്യാസ ഉന്നമനത്തിനുവേണ്ടി സർക്കാർ ഒരുപാട് സംഖ്യ ചിലവഴിക്കുന്നുണ്ട്. പഠന സഹായങ്ങളെ മാത്രം ആസ്പദമാക്കി മുന്നോട്ട് പോകാൻ കഴിയാത്ത പരിതസ്ഥിതിയിൽ ശൈശവ കാലഘട്ടത്തിൽ തന്നെ കുടുംബഭദ്രത നിലനിർത്താൻ തൊഴിൽ മേഖലയിലേക്ക് പോകേണ്ടിവരുന്നതുകൊണ്ട് പഠനം പൂർത്തീകരിക്കുന്നതിന് കഴിയാറില്ല. ഇടയ്ക്കുവെച്ച് പഠനം നിറുത്തുന്നവരെ കണ്ടെത്തി പഠനസൗകര്യം വർദ്ധിപ്പിക്കുകയും തൊഴിൽ സംരംഭങ്ങളിൽ വേണ്ടത്ര പരിഗണനയും നൽകണം. പട്ടികജാതിക്കാർക്കുവേണ്ടി P.S.C യോ, മറ്റു ഇതര സ്ഥാപനങ്ങളോ പ്രഖ്യാപിക്കുന്ന തൊഴിലവസരങ്ങൾ സമ്പന്നവിഭാഗം ഉദ്യാഗസ്ഥവൃന്ദങ്ങളുടെ ഒത്താശയോടെ നേടിയെടുക്കുന്നത് ഖേദകരമാണ്. ആയതുകൊണ്ട് ഇത്തരക്കാരെ കണ്ടെത്തി മാതൃകാപരമായ ശിക്ഷണ നടപടികൾ സർക്കാർ നൽകി കഴിഞ്ഞാൽ പട്ടികജാതിക്കാർക്ക് അതാത് കാലഘട്ടത്തിൽ പ്രഖ്യപിക്കുന്ന ആനുകൂല്യങ്ങൾ എത്തിക്കുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടു പോകാനും ഒരു പരിധി വരെ ഇന്നു കാണുന്ന അവസ്ഥ ഇല്ലാതാക്കുന്നതിനും കഴിയും.

## തൊഴിൽ മേഖല

ഈ പഞ്ചായത്തിലെ പട്ടികജാതികുടുബങ്ങളിൽ ഭൂരിഭാഗവും 390 ഹെക്ടർ കൃഷിഭൂമിയിൽ കാർഷികപ്രവൃത്തിചെയ്ത് ഉപജീവനം നയിക്കുന്നവരാണ്. കുറഞ്ഞൊരു കാലമായി കൃഷി പണി കർഷകന് ലാഭകരമല്ല എന്ന കാഴ്ചപ്പാടിൽ കൃഷിഭൂമിയിൽ വിളവ് ഇറക്കാത്ത പരിതസ്ഥിതി നിലനിന്നിരുന്ന ഘട്ടത്തിൽ മറ്റു തൊഴിലുകൾ തേടി (മുഖ്യമായും കെട്ടിടം പണി) സഞ്ചരിക്കേണ്ടി വന്നിട്ടുണ്ട്. കൃഷിപ്പണിയിൽ നിന്നും ജീവിതസുരക്ഷിതത്വത്തിന് ആവശ്യ.മായ കൂലി ലഭിക്കാതെയും അദ്ധ്വാനഭാരകൂടുതൽ മൂലവും കാർഷികപ്രവൃത്തിയിൽ നിന്ന് വിട്ടുനിന്നവരും വിരളമല്ല. എന്നാൽ ഈ പ്രദേശങ്ങളിൽ ഗൾഫ് മേഖലയിൽ നിന്നുള്ള വരുമാനം ഭവനനിർമ്മാണങ്ങളിൽ വമ്പിച്ച പുരോഗതി ഉണ്ടാക്കിയെടുക്കാൻ കഴിയുമെന്ന പ്രത്യാശയും പുത്തൻ തലമുറക്കാർക്ക് ശുഭപ്രതീക്ഷയേകി. കാർഷികമേഖയിലെ കുറഞ്ഞകൂലിനിരക്ക് കുടുംബജീവിതത്തിന് അപര്യാപ്തമാണെന്നതും ജീവിതസൂചിക കുതിച്ചുയർന്നതുമൂലവും കാർഷികപ്രവൃത്തിയിൽ നിന്ന് വിട്ടുനിൽക്കാൻ ഈ ജനവിഭാഗങ്ങളെ പ്രേരിപ്പിച്ചു. എന്നാൽ ഇന്നത്തെ പരിതസ്ഥിതി ഈ തൊഴിൽ മേഖയും തളർത്തികൊണ്ടിരിക്കുകയാണ്. ആയതിന് പരിഹാരമെന്നോണം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞില്ലെങ്കിൽ ഏതു വിഭാഗത്തിന്റെ അഭിവൃദ്ധി ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്നുവോ. ആ വിഭാഗത്തെ ഉദ്ദേശിച്ച അഭിവൃദ്ധിയിലേക്ക് നയിക്കുന്നതിന് കഴിയാതെ വരും. ഈ പരിതസ്ഥിതി മാറ്റി എടുക്കുന്നതിനുവേണ്ടി പുത്തൻ തലമുറക്കാരെ ബോധവൽക്കരണം നടത്തി പുതിയ പുതിയ തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ പ്രവർത്തനത്തിൽ സർക്കാരിന്റെ ശ്രദ്ധകേന്ദ്രീ

കരിക്കുകയും, ബാങ്കിംഗ് മേഖലയിലെ ഈ ജനവിഭാങ്ങളോടുള്ള സമീപനത്തിൽ ക്രിയാത്മകമായ മാറ്റവും അനിവാര്യമായിരിക്കുന്നു. ചൂഷണത്തിനുവിധേയമായികൊണ്ടിരിക്കുന്ന നിരക്ഷരരെ കണ്ടെത്തി വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ നടപടി കൈകൊള്ളുകയും പുതിയ തൊഴിൽ പഠനകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യേണ്ടതാണ്. ഇടനിലക്കാരുടെ ഇടപെടൽ മൂലം യഥാർത്ഥ ഗുണഭോക്താക്കൾക്ക് സർക്കാരിൻറ പദ്ധതികളിലെ ആനുകൂല്യങ്ങൾ ലഭിക്കാതെ വരുന്നു. സർക്കാർ നടപ്പിലാക്കുന്ന ധന സഹായ പദ്ധതികളെക്കുറിച്ച് വ്യക്തമായവിവരങ്ങൾ പഞ്ചായത്ത് പരസ്യപ്പടുത്തുകയും സാമൂഹ്യ പ്രവത്തകർ വഴി അതാതു വാർഡുകളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കാനും യഥാർത്ഥ ഗുണഭോക്താക്കൾക്ക് അതാത് ആനുകൂല്യങ്ങൾ ലഭ്യമാക്കുവാനും കഴിയും. ലഭിച്ച ആനുകൂല്യങ്ങൾ അതാത് ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്ന് ഒരു നിരീക്ഷണ സംഘത്തെ (സർക്കാർ ഉദ്യാഗസ്ഥൻ) നിയോഗിക്കുകയും ചെയ്താൽ സർക്കാർ സഹായപദ്ധതികളെ കാര്യക്ഷമമാക്കാൻ കഴിയുന്നതാണ്.

### പാർപ്പിടം

ഈ പഞ്ചായത്തിലെ പട്ടിക ജാതിക്കാരുടെ പാർപ്പിട പ്രശ്നം രൂക്ഷമാണ്. കുടുംബങ്ങൾ വർദ്ധിക്കുന്നതോടൊപ്പം പുതിയ പാപ്പിടങ്ങൾ കണ്ടെത്താൻ സ്ഥലം ലഭിക്കാത്തതുകൊണ്ട് ഇവരുടെ ജീവിതം ദുസ്സഹമായികൊണ്ടിരിക്കുന്നു. ഇടുങ്ങിയ മുറികളിലെ നിറഞ്ഞ അംഗങ്ങളെകൊണ്ട് ഈ ഭവനങ്ങളിലെ വിദ്യർത്ഥികൾക്ക് ശാന്തമായ പഠനാന്തരീക്ഷം ലഭ്യമല്ലാതെ വരുന്നു. നിരക്ഷരത ഒരുപരിധിവരെ ഇവിടങ്ങളിൽ തളം കെട്ടി നിൽക്കുന്നു. പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാൻ പോലും അപര്യാപ്തമായ ഇവിടങ്ങളിലെ ആരോഗ്യസ്ഥിതിയും ശുചീകരണ മാർഗ്ഗങ്ങളും ശോചനീയാവസ്ഥയിലാണ്. താമസിക്കാൻ സ്ഥലം ലഭിക്കാത്തവർ കോളനികളിൽ അഭയം പ്രാപിക്കുന്ന സ്ഥിതിയും ഇവിടെ വിരളമല്ല. വിദ്യർത്ഥികളുള്ള ഈ കുടുംബങ്ങളിൽ വൈദ്യുതിയുടെ അഭാവം മൂലം കഷ്ടപ്പെടുന്നവരും ധാരാളം ഉണ്ട്.

### നിർദ്ദേശങ്ങൾ

1. പഞ്ചായത്തിൻെറ പരിധിയിൽപ്പെട്ട പുറംപോക്ക് സ്ഥലങ്ങളിൽ കുറെ പേരെ പുനരധിവസിപ്പിക്കുന്നതിന്നുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക.
2. പഞ്ചായത്തിലെ മുഴുവൻ പട്ടികജാതി കുടുംബങ്ങളിലും വൈദ്യുതീകരണം നടത്തുക. പട്ടികജാതി കോളനികളിൽ വഴിവിളക്കുകളും സ്ഥാപിക്കുക.
3. ശുചീകരണപ്രവർത്തങ്ങൾ കാര്യക്ഷമമാക്കുന്നതിൻെറ ഭാഗമായി എല്ലാവീടുകൾക്കും കക്കൂസ്, കുളിമുറികൾ എന്നിവ ലഭ്യമാക്കുക.
4. അഴുക്ക് ചാലുകൾ യഥാസമയം സംരക്ഷിക്കുക.
5. നിശാപാഠശാലകൾ സ്ഥാപിക്കുകയും നിരക്ഷരരായവരെ സാക്ഷരരാക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.
6. രണ്ട് മാസത്തിലൊരിക്കലെങ്കിലും ആരോഗ്യ തൊഴിൽ മേഖലയിലെ പ്രശ്നങ്ങളും പ്രതിവിധികളേയും കുറിച്ചുള്ള ക്ലാസ്സുകൾ ബന്ധപ്പെട്ട ഉദ്യാഗസ്ഥർ പങ്കെടുത്ത് നടത്തുക.
7. അധികം മുതൽ മുടക്ക് ഇല്ലാത്ത പച്ചക്കറി (അടുക്കളത്തോട്ടങ്ങൾ) കോഴി വളർത്തൽ ആടുകൃഷി എന്നിവ പ്രോൽസാഹിപ്പിച്ച് നടപ്പിലാക്കുകയും ഏറ്റവും കൂടുതൽ പച്ചക്കറി ഉൽപ്പാദിപ്പിക്കുന്ന പട്ടികജാതിക്കാരന് പഞ്ചായത്തുതലത്തിൽ ക്യാഷ് അവാർഡുകളും മറ്റു പ്രോൽസാഹന സമ്മാനങ്ങളും ലഭ്യമാക്കുക. അതുപോലെ തന്നെ ഏറ്റവും കൂടുതൽ മാർക്ക് നേടിയ പട്ടികജാതിയിലെ 10 വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡും ഉപരി പഠനത്തിനുള്ള പുസ്തകങ്ങളും മറ്റു പഠന സാമഗ്രികളും ലഭ്യമാക്കുക.
8. മുഴുവൻ പട്ടിക ജാതി കുടുംബങ്ങളിലേക്കും ശുദ്ധജലം എത്തിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും,പുകയില്ലാത്ത ദക്ഷതകൂടിയ അടുപ്പുകൾ നിർമ്മിച്ച് ഇന്ധന ക്ഷാമം പരിഹരിക്കാൻ സത്വര നടപടികൾ സ്വീകരിക്കുക. വിറക് ക്ഷാമം പരിഹരിക്കുന്നതിൻെറ

ഭാഗമായി വേഗത്തിൽവളരുന്ന പാഴ് മരങ്ങൾ കനാൽ തീരങ്ങളിലും, പുറംമ്പോക്ക് സ്ഥല ങ്ങളിലും നട്ടുവളർത്താൻ സംവിധാനമുണ്ടാക്കുക.

9. കോളനി റോഡുകളിൽ നിശ്ചിത വീതിയുടെ പരിതി ഇല്ലെങ്കിലും ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുക.

10. വീട് പുതുക്കി പണിയുന്നതിനും, അറ്റകുറ്റ പണികൾ നടത്തുന്നതിനും പലിശരഹിതമായ വായപകൾ ലളിതമായ വ്യവസ്ഥയിൽ നൽകുക.

11.ഓരോ കോളനിയിലും ഓരോ T.V.സെറ്റ് നൽകുക.

12. നിർദ്ദനരായ എസി.സി /എസ്-ടി ക്കാർക്ക് ചികിൽസക്കും, പെൺകുട്ടികളുടെ വിവാഹത്തിനും ഇപ്പോൾ കൊടുക്കുന്ന സഹായധനം ഇരട്ടിയായി വർദ്ധിപ്പിക്കണം.

13. പഞ്ചായത്ത് അടിസ്ഥാനമാക്കി ഒരു തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിക്കുകയും, മരപ്പണി, വയറിംഗ്, പ്ലംബിംഗ്, കൊട്ടനെയ്ത്, ഡ്രൈവിംഗ്, കുട നിർമ്മാണം, വെൽഡിംഗ് മുതലായവ പഠിപ്പിക്കണം. പരിശീലനത്തിന് വരുന്നവർക്ക് സ്റ്റൈപ്പൻറ് നൽകുക.

14. കോളനികളെ തെരഞ്ഞെടുക്കാനുള്ള അധികാരം ജില്ലാ പഞ്ചായത്തിനു നൽകണം.

15. വനിതകൾക്കുവേണ്ടി തൊഴിൽ യൂണിറ്റ് അടിയന്തിരമായി സ്ഥാപിക്കണം.

16.കന്നുകാലികളെ വളർത്തുന്നതിനും തൊഴുത്ത് ഉണ്ടാക്കുന്നതിനും വേണ്ട ധനസഹായം നൽകണം. ആവശ്യമുള്ളവർക്ക് ബയോഗ്യാസ് നിർമ്മാണത്തിനു വേണ്ട ധനസഹായവും നൽകണം.

17. ആകസ്മികമായി സംഭവിക്കുന്ന അപകടങ്ങൾ,രോഗങ്ങൾ, ആസ്പത്രിയിൽ വച്ച് മരിച്ചവരെ വീട്ടിൽ കൊണ്ടുപോകാൻ വേണ്ട വാഹനവാടക,രോഗികൾക്ക് മരുന്ന് വാങ്ങുന്നതിനുവേണ്ടി വരുന്നതും രോഗപരിശോധനകൾക്കായിവരുന്നതുമായ ചെലവ് എന്നിവക്ക് പഞ്ചായത്തിൽ നിന്ന് സഹായം ലഭിക്കണം. ശവം മറവുചെയ്യാൻ വേണ്ട ധനസഹായം കൊടുക്കണം.

18. പട്ടികജാതി-പട്ടികവർഗ്ഗക്കാരായ അപേക്ഷകർക്ക് പി.എസ്സ്.സി. ബാങ്ക് ടെസ്റ്റ് പോലുള്ള പരീക്ഷകളിൽ പങ്കെടുക്കുന്നതിനുള്ള പരിശീലന കോഴ്സുകൾ അടിയന്തിരമായി നടത്തണം. പരീക്ഷകൾക്കും കൂടികാഴ്ചക്കും പോകുന്നവർക്ക് പെൺ കുട്ടികളാണെങ്കിൽ അവർക്കും എസ്കോർട്ടുപോകുന്നവർക്കും യാത്രാപ്പടി നൽകണം

19. വിദ്യാഭ്യാസം പൂർത്തിയാക്കിയവർക്ക് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കണം. എസ്. സി. / എസ്.ടി ക്കാരുടെ തൊഴിൽ രഹിത വേതനം പ്രതിമാസം 250രൂപയാക്കി വർദ്ധിപ്പിക്കണം.

20. വീട് പണിയക്കും സ്ഥലം വാങ്ങിക്കുന്നതിലും ഇന്ന് നല്കികൊണ്ടിരിക്കുന്ന 25000 രൂപയിൽ നിന്ന് വർദ്ധിപ്പിക്കണം.

21. പട്ടികജാതിക്കാരുടെ വീടുകൾ ഓടുമേയുന്നതിനുള്ള സഹായം, കക്കൂസ്,വയറിംഗ് നടത്തൽ എന്നിവക്ക് ഇന്ന് നല്കിവരുന്ന ധനസഹായം ഇരട്ടിയായി പർദ്ധിപ്പിക്കണം.

പട്ടിക - ബി

| വാർഡ് നമ്പർ | നിലവിലുള്ള കോളനികളുടെ പേര് | വീടുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | പണ്ടാരമാട് കോളനി | 40 | 200 |
| 2 | കോഴിപ്പറമ്പ് കോളനി | 25 | 261 |
| 3 | തൊയക്കാവ് കോളനി | 25 | 150 |
| 4 | പുതിയേടത്ത് കോളനി | 28 | 250 |
| 4 | കാളിയക്കൽ കോളനി | 28 | 175 |
| 5 | കെട്ടുങ്ങൽ കടവുകോളനി( പൂഴിക്കുന്ന്) | 25 | 200 |
| 6 | ലക്ഷംവീടുകോളനി | 19 | 191 |
| 6 | ഏനാമാക്കൽ കോളനി | 30 | 175 |
| 7 | മുപ്പട്ടിത്തറ കോളനി | 22 | 200 |
| 7 | രാജീവ് കോളനി | 28 | 215 |
| 8 | കണ്ണംകുളങ്ങരസെറ്റിൽമെൻറ് കോളനി | 49 | 322 |
| 8 | ലക്ഷം വീടുകോളനി | 18 | 96 |
| 9 | ഇല്ല | - | - |
| 10 | കണ്ണോത്ത് സെറ്റിൽമെൻറ് കോളനി | 34 | 260 |
| 10 | നാട്ടുകല്ല് കോളനി | 55 | 375 |
| 10 | പന്നിശ്ശേരി ലക്ഷം വീടുകോളനി | 32 | 212 |

പട്ടിക സി. പട്ടികജാതി സഹകരണ സംഘങ്ങൾ

| സംഘത്തിന്റെപേര് | പ്രവർത്തനം ആരംഭിച്ച വർഷം | പ്രവർത്തന പരിധി | വ്യക്തി അംഗങ്ങൾ എണ്ണം | ഓഹരി മൂലധനം | ജീവനക്കാർ | ലാഭത്തിലാണോ ആണെങ്കിൽ ലാഭസംഖ്യ | നഷ്ടത്തിലാണോ നഷ്ടപ്പെടുന്ന തുക |
|---|---|---|---|---|---|---|---|
| വെങ്കിടങ്ങ് പട്ടികജാതി സർവ്വീസ് സഹകരണ സംഘം | 1983 | വെങ്കിടങ്ങ് പഞ്ചായത്ത് | 1335 | 300000 | 4 | ലാഭത്തിലാണ് 9311 | അല്ല |

പട്ടിക ഡി

പട്ടികജാതി സഹകരണ സംഘങ്ങൾ വായ്പകൾ കൊടുത്ത വിവരങ്ങൾ

| 83-84 | 84-85 | 85-86 | 86-87 | 87-88 | 88-89 | 89-90 | 90-91 | 91-92 | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|---|---|---|---|---|---|---|---|
| - | - | 53 | 13 | 32 | 13 | 6 | 17 | 9 | 41 | 46 | 12 | 62 |

## പട്ടിക - ഇ

| ക്രമ നമ്പർ | കോളനിയുടെ പേര് | റോഡുകൾ | | വൈദ്യുതി | | കുടിവെള്ളം | | |
|---|---|---|---|---|---|---|---|---|
| | | ഗതാഗത യോഗ്യമായത് | ഗതാഗതയോഗ്യ മല്ലാത്തത് | ഇല്ലാത്തവ | തുടങ്ങിയിട്ടുള്ളവ | കിണർ | പൈപ്പ് | പൊതു കക്കൂസ് |
| 1 | J.H.D.P. കോളനി (നാട്ടുകല്ല്) | 1 | 1 | 10 | NIL | 5 | 10 | NIL |
| 2 | സെറ്റിൽ മെൻറ് കോളനി കണ്ണോത്ത് | 1 | 1 | 4 | NIL | 1 | NIL | NIL |
| 3 | പന്നിശ്ശേരി കോളനി | 1 | 1 | 14 | NIL | 1 | NIL | NIL |
| 4 | കണ്ണംകുളങ്ങര കോളനി | 1 | 2 | 5 | NIL | 3 | NIL | NIL |
| 5 | ലക്ഷ്വീട് കോളനികൾ | 1 | 1 | 16 | NIL | 1 | NIL | NIL |

പട്ടിക - എഫ്

| താലൂക്ക് പട്ടികജാതി വികസന ഓഫീസിൽ നിന്ന് ലഭിക്കുന്ന പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങൾ | | |
|---|---|---|
| 1. | പുരകെട്ടിമേച്ചിൽ അപേക്ഷ കൊടുക്കുന്ന തിയ്യതി ഏപ്രിൽ മാസം | 500 |
| 2. | വരുമാനം 4000 രൂപ<br>യാത്രകൾ ഇൻറർവ്യൂ ദൂരം കണക്കാക്കി | |
| 3. | ചികിൽസ നീണ്ടകാലയളവ് വാർഷിക വരുമാനം 8000 രൂപ രോഗങ്ങൾ ക്ഷയം, കുഷ്ഠം, കാൻസർ,എയ്ഡ്സ്,ത്വക്ക് രോഗം മുതലായവ | 1000 |
| 4. | ഭൂരഹിത ഭവനനിർമ്മാണത്തിന്( പദ്ധതിയുണ്ട് പ്രവർത്തനം ആരംഭിച്ചിട്ടില്ല.) | 25000 |
| 5. | ഓടുമേച്ചിൽ | 3000 |
| 6. | വിവാഹ ധനസഹായം | 2000 |
| 7. | മിശ്രവിവാഹം | 2000 |
| 8. | എസ്.എസ്.എൽ.സി തോറ്റവർക്ക് തുടർവിദ്യാഭ്യാസത്തിന് ധനസഹായം കൊടുക്കുന്നു. | |
| 9. | ലൈറ്റ് മോട്ടോർ ഡ്രൈവിങ്പരിശീലനത്തിന്തെരഞ്ഞെടുക്കുന്നവർക്ക് ധനസഹായം കൊടുക്കുന്നു. മിനിമം വിദ്യാഭ്യാസയോഗ്യത - എസ്.എസ്.എൽ.സി പാസ്സ്. | |



# വിഭവ സമാഹരണം

ആധുനിക വ്യവസായങ്ങളൊന്നും വെങ്കിടങ്ങ് പഞ്ചായത്തിലില്ല. നാമമാത്രമായ ചെറുകിട വ്യവസായങ്ങൾ ഉണ്ട്. കാർഷിക മേഖലയുടെ അനുബന്ധ വ്യവസായങ്ങളും കുറവാണ്. കാർഷിക വ്യവസായ രംഗത്ത് ഒരു മുന്നേറ്റത്തിനുള്ള പതിയ പാതകൾ കണ്ടെത്തേണ്ടിയിരിക്കുന്നു. വിഭവ സമാഹരണത്തിന് ഈ പഞ്ചായത്തിനെ സംബന്ധിച്ചേടത്തോളം പുതിയ സമവാക്യങ്ങൾ സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൻെറ വരുമാന മാർഗ്ഗം പ്രധാനമായും കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, വിനോദ നികുതി എന്നിവയിൽ നിന്നാണ്. സർക്കാർ ഗ്രാൻറുകളും, ജെ.ആർ.വൈ അൺടൈഡ് ഫണ്ട് എന്നീ സ്കീമുകൾ മുഖേന ലഭിക്കുന്ന സംഖ്യയും ഉപയോഗിച്ചാണ് വികസന പ്രവർത്തനങ്ങൾ നടത്തുന്നത്. യഥാസമയം ഗ്രാൻറുകൾ ലഭിക്കാതിരിക്കുന്നതും പ്രശ്നമാണ്. വ്യക്തമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗ്രാൻറുകൾ നീതുപൂർവ്വമായി വിതരണം നടത്തുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടത് ആവശ്യമാണ്.

**പഞ്ചായത്തിൻെറ 95-96ലെ**

**വരുമാനം താഴെ ചേർക്കുന്നു.**

| ക്രമനമ്പർ | ഇനം | ശതമാനം |
|---|---|---|
| 1 | കെട്ടിട നികുതി | 53.14% |
| 2 | തൊഴിൽ നികുതി | 23.11% |
| 3 | വിനോദ നികുതി | 8.58% |
| 4 | വസ്തു കൈമാറ്റ ഡ്യൂട്ടി | 10.77% |
| 5 | നിക്ഷേപങ്ങൾ | 2.49% |
| 6 | ലേലം | 1.82% |
| 7 | ചന്ത വരവ് | 0.09% |

ഇതിന് പുറമേ ജവഹർ തൊഴിൽദാന പദ്ധതി വിഹിതമായി 5,9,4,200.00 രൂപയും ഉപാധി രഹിത ഫണ്ട് ഇനത്തിൽ 3,27,800 രൂപയും ലഭിക്കുകയുണ്ടായി. ഇതെല്ലാം ചേർന്ന് പഞ്ചായത്തിൻെറ മൊത്തം വരുമാനം 1709641.55 രൂപയായിരുന്നു.

മേൽ സാമ്പത്തീക വർഷത്തിൽ പഞ്ചായത്തിൻെറ ചെലവ് 1596439.50 രൂപയായിരുന്നു.

**ചെലവിൻെറ പട്ടിക താഴെ ചേർക്കുന്നു.**

| ക്രമനമ്പർ | ഇനം | ശതമാനം |
|---|---|---|
| 1 | ഭരണ ചെലവുകൾ | 33.24% |
| 2 | മരാമത്ത് പണികൾ | 16.61% |
| 3 | വിദ്യാഭ്യാസം (ഉച്ചകഞ്ഞി, ക്യാഷ് അവാർഡ്, യൂണിഫോം) | 1.98% |
| 4 | വെള്ളം, പൊതുജനാരോഗ്യം | 3.42% |
| 5 | തെരുവ് വിളക്കുകൾ | 3.17% |
| 6 | മറ്റു ചിലവുകൾ IV P, Untied, എന്നിവ അടക്കം ) | 41.58% |

**പഞ്ചായത്തിൻെറ പ്രധാന വരുമാന മാർഗ്ഗമായ കെട്ടിട നികുതി സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.**

| ക്രമമ്പർ | വർഷം | കെട്ടിട നികുതി പിരിച്ച സംഖ്യ |
|---|---|---|
| 1 | 85-86 | 80,462.00 |
| 2 | 86-81 | 97,536.00 |
| 3 | 88-89 | 2,26,122.00 |
| 4 | 89-90 | 1,93,279.00 |
| 5 | 90-91 | 2,09,621.00 |
| 6 | 91-92 | 2,21,347.00 |
| 7 | 92-93 | പിരിച്ചിട്ടില്ല |
| 8 | 93-94 | 5,78,938.00 |
| 9 | 94-95 | 3,53,149.00 |
| 10 | 95-96 | 3,33,651.00 |

പഞ്ചായത്തിൻെറ മറ്റൊരു വരുമാന മാർ ഗ്ഗമായ തൊഴിൽ നികുതി 95-96 ൽ, 1,45,095.00 രൂപയാണ്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 12.36% വർധ്ധനവ് രേഖപ്പെടുത്തുന്നു.

പഞ്ചായത്തിൻെറ പ്രധാന ചെലവുകളി ലൊന്നായ ഭരണ ചിലവ് 95-96 ൽ 5,30,626.00 രൂപയാണ്. ഇത് മുൻ വർഷത്തെ അപേക്ഷിച്ച് 21.86% വർദ്ധനവ് കാണിക്കുന്നു.

വരുമാനം വർദ്ധിപ്പിക്കുവാനുള്ള ശ്രമത്തിൻെറ ഭാഗമായി കമ്മ്യൂണിറ്റി ഹാളും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുന്നതിന് 53.84 സെൻറ് സ്ഥലം പഞ്ചാ യത്ത് വാങ്ങിയിട്ടുണ്ട്.

**പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വാണിജ്യ ബാങ്കുകൾ താഴെ പറയുന്നവയാണ്.**

1. ഭാരതീയ സ്റ്റേറ്റ് ബാങ്ക്.
2. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
3. സൗത്ത് ഇന്ത്യൻ ബാങ്ക്
4. കനറാ ബാങ്ക്
5. കാത്തലിക്ക് സിറിയൻ ബാങ്ക്.

മേൽ പറഞ്ഞ ബാങ്ക് ശാഖകളിൽ ഒരു വർഷം ശരാശരി 360 ലക്ഷം രൂപ നിക്ഷേപമായി ലഭിക്കു ന്നതായി മനസ്സിലാക്കുന്നു. ഈ ബാങ്കുകളിൽ 100 ലക്ഷം രൂപയോളം വിദേശ ഇന്ത്യക്കാരുടെ നിക്ഷേപ മാണ്. 92-93 വർഷത്തെ ആസ്പദമാക്കി 93-94 ൽ 22% നിക്ഷേപ വർദ്ധനവ് ഉണ്ടായതായി കാണുന്നു. എന്നാൽ 95-96 ആകുമ്പോഴേക്കും നിക്ഷേപ വർ ദ്ധനവ് 11% ആയി. ഈ ബാങ്കുകളിലെ നിക്ഷേപ/വായ്പ അനുപാതം 19% മുതൽ 37% വരെയാണ്.

സഹകരണ മേഖലയിൽ പ്രവർത്തിക്കുന്ന വെങ്കിടങ്ങ് ഫാർമേഴ്സ് സഹകരണ ബങ്ക്, 6 സ്വകാര്യ ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഇവിടെ ഉണ്ട്. ഫാർമേഴ്സ് സഹകരണ ബാങ്കിലാണെങ്കിൽ നിക്ഷേപ/വായ്പ അനുപാതം 94% ആണ്. ഈ ധന കാര്യ സ്ഥാപനങ്ങളിൽനിന്ന് പ്രധാനമായും വായ്പ എടുക്കുന്നത് കാർഷികാവശ്യത്തിനും, ചെറുകിട വ്യവ സായങ്ങൾക്കുമാണ്.

ഈ പഞ്ചായത്തലെ 5% ജനങ്ങൾ ഗൾഫ് രാജ്യങ്ങളിൽ പണിയെടുക്കുന്നു. ഗൾഫ് രാജ്യങ്ങ ളിൽനിന്ന് വരുന്ന പണം മുഖ്യമായും ഭൂമി വാങ്ങുന്ന തിനും, കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, കെട്ടിടങ്ങൾ മോടിപിടിക്കുന്നതിനും ഉപയോഗിക്കുന്നു. പലർക്കും കാര്യമായ സമ്പാദ്യം ഇല്ലെന്നത് ദൗർഭാഗ്യകരമാണ്.

**പ്രശ്നങ്ങൾ.**

1. കാർഷിക വ്യവസായിക മേഖലകളിൽനിന്ന് വരു മാനം വർദ്ധിപ്പിക്കുവാനുള്ള ഇച്ഛാശക്തി കാണു ന്നില്ല.
2. പഞ്ചായത്തിൻെറ തനതു വരുമാന മാർഗ്ഗങ്ങൾ കുറവാണ്.
3. സന്നദ്ധ പ്രവർത്തനങ്ങളിലൂടെ പുതിയൊരു വിക സന സംസ്ക്കാരം സൃഷ്ടിക്കപ്പെടുന്നതിൻെറ പ്രസക്തി വേണ്ട പോലെ ബോധ്യപ്പെടുന്നില്ല. ഈ മേഖലയിൽ ബോധൽക്കരണം അനിവാര്യമാണ്.

**സാദ്ധ്യതകൾ**

1. സർക്കാരിൽനിന്ന് ഗ്രൻറായോ, ധനകാര്യ സ്ഥാപ നങ്ങളിൽനിന്ന് ലോൺ എടുത്തോ, പുതിയ കമ്മ്യൂ ണിറ്റി ഹാളും, ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് വാടകക്ക് കൊടുക്കുക.
2. പഞ്ചായത്ത് രാജ് നിയമം അനുശാസിക്കുന്ന നികു തികളും ഫീസ്സുകളും ശാസ്ത്രീയമായി പുനർ നിർ ണ്ണയിച്ച് പിരിച്ചെടുക്കുക.
3. പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളവും മെമ്പർ മാരുടെ അലവൻസും സർക്കാർ നേരിട്ടു കൊടു ക്കുകയാണെങ്കിൽ ഇന്ന് ഇവർക്ക് കൊടുക്കുന്ന സംഖ്യ ഉപയോഗിച്ചുകൊണ്ട് പല വികസന പ്രവർത്തനങ്ങളും പഞ്ചായത്തിൽ നടത്തുവാൻ സാധിക്കും.
4. കാർ, ഓട്ടോ റിക്ഷ, മോട്ടോർ സൈക്കിൾ, സ്ക്കൂട്ടർ എന്നീ വാഹനങ്ങളുടെ രജിസ്ട്രേഷനും, നികുതി പിരിക്കാനുമുള്ള അധികാരം പഞ്ചായത്തിന് നൽകുക.
5. പഞ്ചായത്ത് അതൃത്തിക്കുള്ളിൽ നിർമ്മിക്കുന്ന എല്ലാ നിർമ്മാണ പ്രവർത്തനങ്ങൾക്കും പഞ്ചാ യത്തിൽ നിന്ന് അനുവാദം വാങ്ങുകയും 200 ച.

മീറ്ററോ അതിൽ കൂടുതലോ, വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്നവരിൽനിന്ന് നിശ്ചിത സംഖ്യ ഫീസ്സായി ചുമത്തുകയും ചെയ്യുക.

6. ദേശീയ സമ്പാദ്യ പദ്ധതിയിലേയ്ക്ക് കൂടുതൽ കൂടുതൽ നിക്ഷേപകരെ കണ്ടെത്തുകയും പ്രസ്തുത നിക്ഷേപത്തിന്റെ 15% മുതൽ 25%വരെ പഞ്ചായത്തിന് നൽകുകയും ചെയ്യുക.

7. സ്വന്തം നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് സ്വന്തം അദ്ധ്വാനം സംഭാവന നൽകുക എന്ന മഹത്തായ ആശയം പ്രചരിപ്പിക്കുകയും യാഥാർത്ഥ്യമാക്കുകയും ചെയ്യുക.

8. പ്രതിവർഷം 100 ലക്ഷം രൂപക്കു തുല്യമായ വിദേശ നാണ്യം എത്തുന്നത് കാർഷിക, വ്യവസായിക വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

**വെങ്കിടങ്ങ് പഞ്ചായത്ത്**

**പഞ്ചായത്തിന്റെ വരവുചിലവുകൾ**

| വർഷം | 1991-92 | | 1992-93 | | 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|---|---|---|---|
| വരവ് | 1115343 | 80 | 1025502 | 12 | 1843219 | 49 | 2718396 | 95 | 1709641 | 55 |
| ചെലവ് | 738317 | 89 | 1108911 | 53 | 1268344 | 70 | 3133179 | 15 | 1596439 | 50 |

# പൊതുവിതരണ കേന്ദ്രം

1960 കളിൽ തന്നെ വെങ്കിടങ്ങു പഞ്ചായത്തിൽ സാമാന്യം നല്ല രീതിയിൽ റേഷൻ വ്യാപാരം നടന്നു വന്നിരുന്നു. അന്ന് കടകൾ നടത്തിയിരുന്നത് സ്വകാര്യ വ്യക്തികൾ ആയിരുന്നില്ല. വെങ്കിടങ്ങ് സഹകരണ സൊസൈറ്റിയും ചാവക്കാട് ഫർക്ക റൂറൽ ബാങ്കു മാണ് പ്രസ്തുത ചുമതലകൾ നിർവ്വഹിച്ചിരുന്നത്. അക്കാലത്ത് അരിക്കും, മറ്റു സാധനങ്ങൾക്കും വലിയ ക്ഷാമമമായിരുന്നു. എന്നാൽ പോലും വിതരണം ജന ങ്ങൾക്ക് പൊതുവേ തൃപ്തികരമായിരുന്നു. എന്നാൽ പൊതുവിതരണകേന്ദ്രത്തിൻെറ നടത്തിപ്പിൽ നിന്നും സഹകരണസംഘങ്ങൾ പിൻമാറിയത് എന്തുകൊണ്ട് ? സർക്കാർ ഇപ്പോൾനൽകുന്ന കമ്മീഷൻ വ്യവസ്ഥയ നുസരിച്ച് വിതരണം നടത്തിയാൽ പ്രസ്തുത സ്ഥാപന ങ്ങൾക്ക് നഷ്ടം വരുന്നു എന്നതാണ് അവരുടെ പിൻ മാറ്റത്തിന് കാരണം. സ്വകാര്യസംരംഭങ്ങൾ നഷ്ടം വരുത്താതെ എങ്ങിനെയെങ്കിലും കൊണ്ടുപോകുന്നു. ചുരുക്കത്തിൽ ഉപഭോക്താവിന് നഷ്ടം വരു ന്നുണ്ടാകും എന്നാലും വ്യാപാരിക്ക് അവൻ എടു ക്കുന്ന ജോലിക്കുള്ള പ്രതിഫലം ലഭിക്കിന്നില്ല എന്നാണ് കണക്കുകൾ കാണിക്കുന്നത്.

ഇപ്പോൾ ഈ പഞ്ചായത്തിൽ 12 കടകളിലായി 4795 കാർഡുടമകളാണ് ഉള്ളത് ശരാശരി ഒരുകടയിൽ 400 കാർഡുകൾ വരും. 21723 മുതിർന്നവരും 4247 കുട്ടികളുംമായി ആകെ 25970 പേർക്കണ് റേഷൻ ലഭിക്കുന്നത് (പുതുക്കിയ കാർഡ് അനുസരിച്ച് ) പലസാങ്കേതിക കാരണങ്ങളാലും റേഷൻകാഡിൽ ചേർക്കാൻ കഴിയാത്തവർ ഇനിയും ധാരാളമുണ്ട്. ഒരാ ഴ്ചയിൽ 477.93 കിൻറൽ അരിയും 477.93 കിൻറൽ ഗോതമ്പുമാണ് ഈ പഞ്ചായത്തിനുള്ള വിഹിതം. എന്നാൽ അരി 50-55%വും ഗോതമ്പ് 50%വും മാത്ര മാണ് ഒരാഴ്ചയിൽ ചെലവാകുന്നത്. സാധാരണക്കാർ താമസിക്കുന്ന പഞ്ചായത്താണെങ്കിലും സർക്കാർ പല ഘട്ടങ്ങളിലായി വിലവർദ്ധിപ്പിച്ചതിനാലും, അരിയുടെ ഗുണനിലവാരം കുറവുവന്നതിനാലുമാണ് ചെലവു കുറക്കാൻ ഇടവന്നത്. ഈ കാര്യത്തിലൊന്നും ഇട പെടാൻ കഴിയുന്നതല്ല. വിലിനിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരുമാണ്.

വെങ്കിടങ്ങ് പഞ്ചായത്തിൽ ഒരു മാസത്തിൽ 103.88 കിൻറൽ പഞ്ചസാര റേഷൻവിഹിതമായികൊ ടുക്കുന്നു. ഇതെല്ലാവരും വാങ്ങിക്കുന്നുണ്ട്. ഈ മാസ വിഹിതം ഒരാഴ്ചത്തെ ഉപയോഗത്തിനുപോലും തിക യില്ല. അതിനാൽ പഞ്ചസാര ഒരാൾക്ക് 400ഗ്രാം എന്നതു മാറ്റി ഒരാൾക്ക് ഒരു കിലോ എങ്കിലും ഒരു മാസത്തിൽ കൊടുക്കാൻ കഴിഞ്ഞാൽ വളരെ നന്നാ യിരുന്നു.

മണ്ണെണ്ണ റേഷൻ കാർഡ് പ്രകാരം 14210 ലി. പാചക ആവശ്യത്തിന് 7325ലി. വീതം ഒരു മാസ ത്തിൽ ഈ പഞ്ചായത്തിൽ വിതരണം ചെയ്തുവരു ന്നുണ്ട്. ആയത് മുഴുവൻ ജനങ്ങളും വാങ്ങിക്കുന്നു. 652 കുടുംബങ്ങൾക്കു മാത്രമേ പാചക മണ്ണെണ്ണക്ക് പെർമിറ്റ് അനുവദിച്ചിട്ടുള്ളു. വിറകിൻെറ വിലകൂടു തലും, ദൗർലഭ്യവും മൂലം പലരും മണ്ണെണ്ണ സ്റ്റൗവ്വി നെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തുതലത്തിൽ മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ച് അർഹരായവർക്ക് പെർമിറ്റ് കിട്ടാനുള്ള സൗകര്യം ഉണ്ടായാൽ സാധാരണ ജനങ്ങൾക്ക് അതൊരാശ്വാസമാകും.

മൈദ, റവ തുടങ്ങിയവ ആവശ്യത്തിന് കടക ളിൽ വരുന്നല്ല. വരുന്നതുമുഴുവൻ ജനങ്ങൾ വാങ്ങി ക്കുന്നുണ്ട്. ഇപ്പോൾ ലഭിക്കുന്ന അളവുകൾ ആവശ്യം നിറവേറ്റുന്നതിന് തികച്ചും അപര്യാപ്തമാണ്.

ചില കടകളിൽ കാർഡുകളുടെ ബാഹുല്യം മൂലം ഉപഭോക്താക്കൾക്ക് വളരെയധികം ബുദ്ധിമുട്ട നുഭവപ്പെടുന്നതായി കാണുന്നു. ആയതുകൊണ്ട് കുറവ് കാർഡുകളുള്ള കടകളിലേക്കും, സൗകര്യപ്ര ദമായ സ്ഥലത്തേക്കും കാർഡുകൾ മാറ്റുന്നതിനുള്ള

അധികാരം പഞ്ചായത്തിന് ലഭിച്ചാൽ ആയത് ജനങ്ങൾക്ക് ഏറെ സഹായകമാകും

ഈ പഞ്ചായത്തിലെ പടിഞ്ഞാറെ തീരപ്രദേശമായ തൊയക്കാവിൽ ഒരു മാവേലിസ്റ്റോർ നടന്നിരുന്നു. എന്നാൽ ലാഭകരമല്ലാത്തതിനാൽ ആയത് നിർത്തലാക്കിയിരിക്കുകയാണ്. മാവേലി സ്റ്റോറിൽ എത്തണമെങ്കൽ വളരെയധികം ദൂരം നടക്കേണ്ട അവസ്ഥയായിരുന്നു. അന്നുണ്ടായിരുന്നത്. ബസ്സ് സർവ്വീസും മറ്റും വളരെ കുറഞ്ഞ ഉൾഭാഗത്താണ് ആയത് സ്ഥിതിചെയതിരുന്നത്. അതുകൊണ്ടാണ് ആ സ്ഥാപനം നഷ്ടത്തിലാകാൻ ഒരു പ്രധാന കാരണം. എന്നാൽ പഞ്ചായത്തിൻെറ മേൽനോട്ടത്തിലോ, സൗകര്യ പ്രദമായ സ്ഥലത്തോ(വെങ്കിടങ്ങ് സെൻററിന് സമീപം) ഒരു മാവേലി സ്റ്റോർ ആനുവദിച്ച് ആവശ്യ സാധനങ്ങൾ ന്യായവിലക്ക് ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കേണ്ടതാണ്,

ഉപഭോക്ത മേഖലയെ കാര്യക്ഷമമാക്കുനും കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവൽക്കരിക്കാനും ഒരു ഉപഭോക്ക്യസംരക്ഷണ സമിതി രൂപികരിക്കുകയും ആയതിന് പഞ്ചായത്ത് നേതൃത്വം നൽകുകയും വേണം.

റേഷൻ കാഡ് സംബന്ധമായ അപേക്ഷകൾ തീർപ്പു കല്പിക്കുന്നതിന് താലൂക്ക് സപ്ലൈ ആഫീസ്സർ മാസത്തിലോരിക്കൽപഞ്ചായത്തിൽ ക്യാമ്പ് നടത്തി അപേക്ഷകൾ സ്വകരിച്ച് ആയതിനുള്ള പരിഹാരം ഉണ്ടാക്കേണ്ടതാണ്. ഇത് ജനങ്ങൾക്ക് ഏറെ ഉപകാര പ്രദമായ നടപടിയാണ്.

വാടകയ്ക്ക് താമസിക്കുന്ന കുടുംബങ്ങൾക്ക് കാർഡു ലഭിക്കുന്നതിനുള്ള നടപടികൾ ഉദാരവൽക്കരിക്കേണ്ടതാണ്.

## മുൻകാല ഭരണ സമിതികൾ

### കുണ്ടഴിയൂർ

**1948 മെയ് 17 to 31.1.53.**

M.K.കുഞ്ഞിബാപ്പുസാഹിബ്. (പ്രസിഡണ്ട്)

B.V.സീതി തങ്ങൾ. (വൈസ് പ്രസിഡണ്ട്)

K.M.സെയ്തുസാഹിബ്ബ്.

T.K.ബാപ്പുട്ടി സാഹിബ്ബ്.

A.M.കൊച്ചഹമ്മദ് സാഹിബ്ബ്.

M.A.കുട്ടപ്പൻ അവർകൾ.

K.A.കിട്ടുണ്ണി അവർകൾ.

N.S.കറപ്പകുട്ടി അവർകൾ

## ഇരിമ്പ്രനെല്ലൂർ

K.V.P ഔസേപ്പ് (പ്രസിഡണ്ട്)

R.K അഹമ്മു

K.P. ചാക്കു

M.K. മമ്മുഹാജി

N.V. രാമക്കുട്ടി

## കുണ്ടഴിയൂർ

M.M. അബ്ദുൾഖാദർഹാജി (പ്രസിഡണ്ട്)

S.M. മുസ്സൽ കാസിം തങ്ങൾ (വൈ.പ്ര)

R.P. ബാവു

P.K. കുഞ്ഞിബാപ്പു

K.A. കാതർ

O.K. മാധവൻ

K.K. കണ്ടുണ്ണി

E.A. പൈലി

C.V. അയ്യപ്പൻ

## വെങ്കിടങ്ങ്

V.M. കുട്ടികൃഷ്ണമേനോൻ B.A(പ്രസി.)

M.J. വൈദ്യർ

K. ശങ്കരൻനായർ

U.V. നാരായണപണിക്കർ

M.V. വിഷ്ണുനമ്പൂതിരി.

V.K. കറപ്പൻ

വീരാത്തൻ

T.S. പരമേശ്വരഅയ്യർ

ഹമീദ്

**1963 Dec.20-ാം തിയ്യതി - വാർഡ്**

| | | |
|---|---|---|
| (1) | T.J. സൈമൺ. | 6 |
| (2) | K.K. മുഹമ്മദാലി | 8 |
| (3) | K. കണ്ടാരൻ | 3 (റിസർവ്വേഷൻ) |
| (4) | P.V. കൃഷ്ണൻ | 2 |
| (5) | S.M. സൈസുൽ അബ്ദ്ദീൻ തങ്ങൾ | 1 |
| (6) | K.I. ആൻറണി | 5 |
| (7) | P.K. കാദർഹാജി | 4 |
| (8) | K.C. ഗോപാലകൃഷ്ണൻനായർ | 7 |
| (9) | M.S. ഐപ്പു | 3 |
| (10) | V.S. വിജയലക്ഷ്മി | (വനിതാ പ്രതിനിധി) |

(പ്രസിഡണ്ട് K.K. മുഹമ്മദാലി) (20.12.63 മുതൽ 7.4.65 വരെ)

8.4.65 മുതൽ K.C. ഗോപാലകൃഷ്ണൻനായർ. 6.8.79 ഈ ബോർഡിൻെറ കാലാവധി കഴിഞ്ഞു. 20.12.63 മുതൽ കെ.ഐ.ആൻറണി വൈസ് പ്രസിഡണ്ട്. 31.7.65 വരെ.

T.J.സൈമൺ, (വാർഡ് 6) K.I. ആൻറണി (വാർഡ് 5) 31.7.65 ന് പഞ്ചായത്തിൽ നിന്ന് രാജിവെച്ച് ഒഴിവായി. M.S.ഐപ്പു (വാർഡ് 3) 13.9.65ൽ വൈസ് പ്രസിഡണ്ടായി സ്ഥാനം ഏറ്റെടുത്തു. 6.8.79ൽ ബോർഡിൻെറ കാലാവധി കഴിഞ്ഞു.

24.12.66ൽ 5-ാം വാർഡ് മെമ്പറായി K.O. കുരിയാക്കോസ് എന്നിവരെയും 6-ാം വാർഡ് മെമ്പറായി P.C. ജോണി എന്നിവരും സത്യ പ്രതിജ്ഞ ചെയ്തു. ഈ ബോർഡിൻെറ കാലാവധി 6.8.79 ൽ അവസാനിച്ചു.

## സത്യപ്രതിജ്ഞ

29.9.70 ൽ ശ്രീ.K.O. കുരിയാക്കോസ് പ്രസിഡണ്ടായും V.V.ബാലൻ വൈസ് പ്രസിഡണ്ടായും വെങ്കിടങ്ങ് പഞ്ചായത്ത് ബോർഡ് അധികാരത്തിൽ വന്നു. 1.10.1979 ൽ പഞ്ചായത്തിൻെറ ചാർജ്ജേറ്റെടുത്തു ഭരണം തുടങ്ങി. 30.9.1984ന് ബോർഡിൻെറ കാലാവുധി പൂർത്തിയായി.

വാർഡ്

1. K.കെബിഷാബി
2. V.V.ബാലൻ
3. A.V. ദാമോദരൻ
4. M.S.അയ്യപ്പൻ
5. P.K.അബ്ബു
6. K.O.കുരുയാക്കോസ്
7. M.M.കുഞ്ഞിമോൻ
8. M.K.മുഹമ്മദ്
9. V.K.ബാലൻ
10. V.A.ശങ്കുരു

പ്രസിഡണ്ടായി ശ്രീ.K.O. കുരിയാക്കോസ് എന്നിവരെയും, വൈസ് പ്രസിഡണ്ടായിആ ശ്രീമതി. ഫാത്തിമ റഹ്മാൻ എന്നിവരെയും തെരഞ്ഞെടുക്കുകയും 10.2.88ന് പ്ഞ്ചായത്തിൻെറ ഭരണം ഏറ്റെടുക്കുകയും, ചെയ്തു. ടി.ബോർഡിൻെറ കാലാവുധി 30.9.95ൽ പൂർത്തീകരിച്ചു.

വാർഡ്

1. ശ്രീമതി. ഫാത്തിമാ റഹ്മാൻ
2. കെ.എ. സത്യൻ
3. കെ.കെ. ദാമോദരൻ
4. പി.എം. വേലായുധൻ
5. പി.കെ. അബ്ബു
6. കെ.ഒ. കുരിയാക്കോസ്
7. പി.സി. ജോണി
8. എ. കാരത്ത്യായനി അമ്മ
9. വി.കെ. സോമശേഖരൻ
10. സി.കെ. ശങ്കരൻ
11. വി.വി. ബാലൻ

# സാമൂഹ്യ ക്ഷേമം

പാവപ്പെട്ടവരും, കർഷകതൊഴിലാളികളും അധിവസിക്കുന്ന് വെങ്കിടങ്ങ് ഗ്രാമപഞ്ചായത്തിൽ സാമൂഹ്യക്ഷേമ പ്രവർത്തങ്ങൾ കുടുതൽ വ്യാപിക്കേണ്ടിയിരിക്കുന്നു. ദാരിദ്ര്യ നിർമ്മാജ്ജന പദ്ധതികളും, വിവിധ പെൻഷൻ പദ്ധതികളും അവശവിഭാഗങ്ങൾക്ക് സഹായകമാണ്.

1. സംയോജിത ഗ്രാമവികസന പദ്ധതിയുടെ ഭാഗമായി 1992-93 ൽ നടത്തിയ സർവ്വെ പ്രകാരം 1046 കുടുബംഗങ്ങൾ ദാരിദ്ര്യ നിർമ്മാജന പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. മേൽ കുടുബാംഗങ്ങളിൽ നിന്ന് ഏറ്റവും താഴ്ന്ന വരുമാനക്കാർക്ക് ഫണ്ട് ലഭ്യതയനുസരിച്ച് നടപ്പിലാക്കുന്നു. ഈ സ്കീം അനുസരിച്ച് 6000-രൂപ പട്ടികജാതിക്കാർക്കും, മറ്റു വിഭാഗങ്ങൾക്ക് 4000- രൂപയും സബ്സിഡിയായി വിതരണം ചെയ്യുന്നു. ഈ പഞ്ചായത്തിൽ മൂന്ന് നാഷ്ണലൈസ്ഡ് ബാങ്കുകളും, രണ്ട് ഷെഡ്യൂൾഡ് ബാങ്കും, ഒരു സഹകരണ ബാങ്കും ഈ പദ്ധതിപ്രകാരമുള്ള സംഖ്യ വിതരണം ചെയ്യുന്നത്. 1980 മുതൽ ആരംഭിച്ച IRDP (സംയോജിത ഗ്രാമ വികസന പരിപാടി.) പ്രവർത്തനം ദാരിദ്ര്യരേഖക്കു താഴെയുള്ള 60% കുടുബംങ്ങൾക്ക് പ്രയോജന പ്രദമായിരുന്നു എന്ന് കാണുന്നു. ഓരോ വർഷവും സാമ്പത്തിക സഹായം നൽകിയ IRDP ഗുണഭോക്താക്കളുടെ എണ്ണം താഴെ ചേർക്കുന്നു.

| വിഭാഗം | സാമ്പത്തിക സഹായം നൽകിവരുന്നവരുടെ എണ്ണം | | | |
|---|---|---|---|---|
| | 1992-93 | 1993-94 | 1994-95 | 1995-96 |
| പട്ടികജാതി | 16 | 26 | 23 | 27 |
| മറ്റുവിഭാഗം | 30 | 30 | 25 | 28 |
| അംഗവൈകല്യമുള്ളവർ | 1 | 2 | 3 | 1 |

ട്രൈസം-2

ട്രൈസം പദ്ധതിപ്രകാരം സാങ്കേതിക തൊഴിൽ അഭ്യസിച്ചിട്ടില്ലാത്ത അഭ്യസ്ഥവിദ്യർക്ക് അവരുടെ അഭിരുചിക്കനുസരിച്ച് ഓരോ വർഷവും തിരഞ്ഞെടുത്ത 18 വയസ്സിനും 35 വയസ്സിനും ഇടയിലുള്ള ഗുണഭോക്താക്കൾക്ക് സ്റ്റൈപ്പന്റോടുകൂടി പരിശീലനം നൽകി തൊഴിൽസംരഭകരാക്കുന്നു. പരിശീലനത്തിനു ശേഷം സ്വയം തൊഴിൽ കണ്ടെത്തുന്നവർക്ക് ലോണും, സബ്സിഡിയും കൊടുത്ത് തൊഴിലും ജോലി സ്ഥിരതയും ഉറപ്പു വരുത്തുന്നു. ഈ സ്കീം പ്രകാരം സാങ്കേതിക തൊഴിലുകളിൽ നൈപുണ്യം നേടാനും അഭ്യസ്ഥവിദ്യരായ യുവതീ യുവാക്കൾക്ക് സാധിക്കുന്നു എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു.

ട്രൈസം പദ്ധതിപ്രകാരം പരിശീലനം നേടിയവരുടെ എണ്ണം താഴെ ചേർക്കുന്നു.

| വിഭാഗം | വർഷം | | | |
|---|---|---|---|---|
| | 1992-93 | 1993-94 | 1994-95 | 1995-96 |
| പട്ടികജാതി | 6 | 5 | 8 | 4 |
| മറ്റുള്ളവർ | 15 | 13 | 12 | 11 |

3. DWCRA (ഗ്രാമീണ വനിതാ ശിശുവികസന പരിപാടി ) ഐ.ആർ.ഡി.പി. യുടെ അനുബന്ധ പദ്ധതിയായ ഗ്രാമീണ വനിതാ ശിശു വികസന പരിപാടി 83-84 തുടങ്ങുകയും ഇപ്പോൾ എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്തു. വനിതകളുടെ സ്വാശ്രയത്വം നിലനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ കൂട്ടായ സംരഭങ്ങൾക്ക് വായ്പയും, ധനസഹായവും നൽകിവരുന്നു. ഈ പദ്ധതിയിൽ10 മുതൽ 15 വരെയുള്ള വനിതാ ഗ്രൂപ്പുകൾക്കാണ് ധനസഹായം നൽകുക. യൂനിസെഫിന്റെ സഹായത്തോടു കൂടി നടത്തുന്ന ഈ പദ്ധതിയിൽ ഗ്രൂപ്പ് അംഗങ്ങളുടെ വായ്പ കൂട്ടായി ലഭിക്കുന്നതുകൊണ്ട് മെച്ചപ്പെട്ട തൊഴിൽ സംരംഭങ്ങൾ ഏറ്റെടു

ക്കുവാൻ കഴിയും. വനിതകളുടെ സാമ്പത്തികോന്നമനത്തിനും സാമൂഹ്യവളർച്ചക്കും ഇത് മൂലം സാധിക്കുന്നു. കേന്ദ്ര സംസ്ഥാന സർക്കാരുളും യൂനിസെഫും തുല്യമായി പങ്കു വഹിച്ച് 25000രൂപ റിവോൾവിംഗ് ഫണ്ടായി ഈ സ്കീം പ്രകാരം നൽകുന്നു. അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിനും, വിപണനത്തിനും ഈ ഫണ്ട് ഉപയോഗപ്പെടുത്താം

വെങ്കിടങ്ങ് പഞ്ചായത്തിൽ തൊയക്കാവ് മഹിളാസമാജം കെട്ടിടത്തിൽ 10 സ്ത്രീകൾ അടങ്ങുന്ന ഒരു ഗ്രൂപ്പ് ഈ പദ്ധതി പ്രകാരം പലഹാരം ഉണ്ടാക്കി വിൽക്കുന്ന ഒരു യൂണിറ്റ് സ്ഥാപിച്ചിട്ടുണ്ട്. ഈ യൂണിറ്റ് ഇന്ന് ലാഭകരമായി പ്രവർത്തിക്കുന്നു.

കൈതൊഴിൽ ഉപകരണ വിതരണ പരിപാടിയുടെ ഭാഗമായി ഗ്രാമീണ കൈതൊഴിൽ ചെയ്യുന്നവർക്ക്, അവരുടെ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും, വരുമാനം വർദ്ധിപ്പിക്കുന്നതിനും നവീന തൊഴിൽ ഉപകരണങ്ങൾ നൽകുന്നു. വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിപ്പിക്കുന്ന ഉപകരണങ്ങൾഖ്ഖ് 4500 രൂപ സബ്സിഡിയോടെ വിതരണം ചെയ്യുന്നു. വെങ്കിടങ്ങ് പഞ്ചായത്തിൽ 94-95, 95-96 എന്നീ രണ്ട് വർഷങ്ങളിൽ അഞ്ച് പേർക്ക് ഈ സഹായം നൽകിയിട്ടുണ്ട്.

ഐ.ആർ.ഡി.പി. യുടെ ഭാഗമായ സി.ആർ.പി. (കേന്ദ്ര ശുചിത്വ പരിപാടി) പദ്ധതി പ്രകാരം കക്കൂസ് നിർമ്മിക്കനുളള ധനസഹായം നൽകുന്നു. 93-94 മുതൽ 95-96 വരെയുളള 3 വർഷം കൊണ്ട് 26 പേർക്ക് ഈ പദ്ധതി പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്

ദശലക്ഷകിണർ പദ്ധതി പ്രകാരം 11 വീടുകൾ ഇതു വരെ നിർമ്മിച്ചു കൊടുത്തു. 96-97 മുതൽ പട്ടികജാതിക്കാർക്ക് കിണർ കുഴിക്കുന്നതിനുമാത്രമേ ഈ പദ്ധതി പ്രകാരം ധനസഹായം ലഭിക്കുകയുളളൂ.

വാർദ്ധക്യ കാല പെൻഷൻ, വികലാംഗ പെൻഷൻ, വിധവാ പെൻഷൻ, തൊഴിതില്ലായ്മ വേതനം, കർഷക തൊഴിലാളി പെൻഷൻ എന്നിവയുടെ ഗുണഭോക്താക്കാളും ഈ പഞ്ചായത്തിലുണ്ട്.

പ്രശ്നങ്ങൾ

1. ഐ.ആർ.ഡി.പി. വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ വായ്പയുടെ ഉദ്ദേശ്യ ലക്ഷ്യത്തിൽ എത്തുന്നില്ല.

2. ലഭിക്കുന്ന വായ്പ കുടുംബത്തിൻെറ താൽക്കാലിക ആവശ്യത്തിന് ഉപയോഗിക്കുന്നു.

3. വായ്പ കൃത്യമായി തിരിച്ചടക്കാത്തതുകൊണ്ട് സർക്കാർ സ്പോൺസർ ചെയ്യുന്ന പദ്ധതികൾക്ക് ബാങ്കുകൾ വായ്പ നൽകുന്നതിന് വിസമ്മതിക്കുന്നു.

4.വായ്പ ലഭിച്ചവർ തങ്ങളുടെ യൂണിറ്റ് പ്രവർത്തിപ്പിക്കുകയും വരുമാനമുണ്ടാക്കുകയും ചെയ്താൽ തന്നെ 'കടങ്ങളെല്ലാം എഴുതിതളളും' എന്ന മുൻവിധിയിൽ ബാങ്ക് വായ്പ തിരിടക്കുന്നില്ല.

5.ഐ.ആർ.ഡി.പി. ഗുണഭോക്താക്കൾ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ശേഖരിച്ച് വിൽക്കുന്നതിനുളള സംവിധാനം ഇല്ല.

6.മാർക്കറ്റിൽ അനുഭവപ്പെടുന്ന മത്സരത്തെ മറികടക്കാൻ ഐ.ആർ.ഡി.പി. യൂണിറ്റുകൾക്ക് പ്രയാസം അനുഭവപ്പെടുന്നു.

സാദ്ധ്യതകൾ

1. ഐ.ആർ.ഡി.പി. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് ഇപ്പോൾ നിശ്ചയിച്ചിട്ടുളള വരുമാന പരിധി ഉയർത്തേണ്ടതാണ്.

2. ഐ.ആർ.ഡി.പി. സഹായധനം ലഭിക്കുന്നതിന് ജനകീയ ഇടപെടലുകൾ ആവശ്യമാണ്.

3.ഐ.ആർ.ഡി.പി. ധനസഹായം ലഭിക്കുന്നതിന് ബാങ്കുകൾ ഉദാരമായ ഒരു സമീപനം സ്വീകരിക്കുക

4. ഐ.ആർ.ഡി.പി ഉല്പന്നങ്ങൾ വിൽക്കുന്നതിന് ബ്ലോക്ക്തലത്തിൽ ഒരു വികസന കേന്ദ്രം തുറക്കുക

5. വിവിധ പെൻഷൻ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലും അവരുടെ പെൻഷൻ സംഖ്യ വിതരണം ചെയ്യുന്നതിനും പഞ്ചായത്തിനെ ഏല്പിക്കുക.

6. ഐ.ആർ.ഡിയരി ഗുണഭോക്താക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ നടത്തുക.

# ഉപസംഹാരം


ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി രൂപം കൊള്ളുന്ന ചരിത്രമുഹൂർത്തത്തിന് നാം സാക്ഷികളാകാൻ പോകുന്നു. വികസന ധാരണകൾ തിരുത്തി കുറിക്കുന്ന ഈ സമീപനം വികസന സ്വപ്നങ്ങളെ സാക്ഷാത്കരിക്കും റോഡും പാലവും മാത്രമല്ല, അതോടൊപ്പം വെള്ളവും, വെളിച്ചവും കാർഷിക വ്യവസായിക ഉല്പാദന മേഖലയുടെ വളർച്ചയും മറ്റും ഉണ്ടായാൽ മാത്രമേ യഥാർത്ഥമായ വികസനം നേടിയെടുക്കാനാകു. ഈ ദിശയിലുള്ള ആദ്യ ചുവടു വെപ്പിൻെറ ഈരടികളാണ് ഈ വികസന റിപ്പോർട്ടിലൂടെ അനാവരണം ചെയ്യുന്നത്. ഒരു വികസന റിപ്പോർട്ട് നാം ഇതിനു മുൻമ്പ് എഴുതിയിട്ടില്ല. നമ്മുടെ മുന്നിലേയ്ക്ക് വെല്ലുവിളികളായി രൂപം കൊള്ളുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനുള്ള നിർദ്ദേശങ്ങൾ-ഗ്രാമസഭാനിർദ്ദേശങ്ങൾ-ശാസ്ത്രീയമായി അപഗ്രഥിക്കാനും ക്രോഡീകരിക്കവാനും ശ്രമിച്ചിട്ടുണ്ട്

ഒരു ജനകീയ മുന്നേറ്റത്തിലൂടെ നേടിയ ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തന വിജയം ഒരു മാതൃകയായി നമ്മുടെ മുന്നിൽ നിലകൊള്ളുന്നുണ്ട്.

ഗ്രാമസഭാമിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കോടി കണക്കിന് രൂപ ആവശ്യമാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നൽകുന്ന സംഖ്യയും പഞ്ചായത്തിൻെറ തനതായ ഫണ്ടും നമ്മുടെ ജനങ്ങളുടെ സന്നദ്ധ പ്രർത്തനവും സമന്വയിപ്പിച്ച് നാടിൻെറ നല്ലൊരു നാളെയിലേയക്കുള്ള പ്രയാണത്തിൻെറ പ്രവേഗം വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

എല്ലാപ്രവർത്തനവും നമ്മുടെ കൂട്ടായ്മയിലൂടെ സാങ്കേതികത്വത്തിൻെറ മുഖം മൂടിയില്ലാത്ത സുതാര്യമായ ഭരണ നടപടിക്രമങ്ങളിലൂടെ കാലമേൽപ്പിച്ച നിസംഗതയുടെ കൂരിരുളിൽ നിന്നും സമഗ്രമായ വികസനത്തിൻെറ വെളിച്ചത്തിലേയക്ക് നമുക്ക് മുന്നേറാം.

ഈ വികസന റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് കക്ഷി രാഷ്ട്രീയ ജാതി, മത ചിന്തകൾക്കും, മറ്റു വിഭാഗീയ പ്രവണതകൾക്കും അതീതമായി എല്ലാവരേയും അണിനിരത്താൻ എല്ലാവരും പരിശ്രമിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ വികസന റിപ്പോർട്ട് സജീവമായ,ചർച്ചകൾക്കും, നിർദ്ദേശങ്ങൾക്കുമായി സമർപ്പിച്ചുകൊള്ളുന്നു.



406

# മഹാസുദർശനം കോർപ്പറേഷൻ

## ചിറ്റ്സ് & ഫൈനാൻസ്

**ഹെഡ് ഓഫീസ്: ഗുരുവായൂർ** **റജി. നമ്പർ: 2950/90** **സെൻട്രൽ ഓഫീസ്: ചാവക്കാട്**

0487 - 556505 (Under Indian Partnership Act 1932) 0487 - 507099

0487 - 509109 0487 - 509755

**ജമ്മുകാശ്മീർ ബ്രാഞ്ചിൽ നിന്നും ഉടൻ ആരംഭിക്കുന്ന വി.വി.എം. ചിട്ടികൾ**

| ദിവസം | മാസം | തവണ | | സല | കമ്മീഷൻ |
|---|---|---|---|---|---|
| 10 | 300 | 30 | (മാസം) | 9,000 | 8% |
| 20 | 600 | 30 | " | 18,000 | " |
| 25 | 750 | 30 | " | 22,500 | " |
| 50 | 1500 | 30 | " | 45,000 | " |
| 100 | 3000 | 30 | " | 90,000 | " |
| 150 | 4500 | 30 | " | 1,35000 | 9% |
| 500 | 15000 | 30 | " | 5,40,000 | 11% |

9,000 മുതൽ 5,40,000 രൂപ വരെ സലയുള്ള ഹ്രസ്വകാല വി.വി.എം. ചിട്ടികളിലെ അംഗങ്ങൾക്ക് സലയുടെ 30% കഴിച്ച് ബാക്കിസംഖ്യ അതാതു ഡിവിഷനുകളിലെ മുഴുവൻ അംഗങ്ങൾക്കും, 6-ാം തവണയിലും, (30 മാസം) 7-ാം തവണയിലും, (36 മാസം) നൽകുന്നു. ശേഷിക്കുന്ന കാലാവധിയിൽ സ്ഥിരമായ ലാഭം ലഭിക്കുന്നു എന്നതാണ് പ്രത്യേകത. കാലാവധിക്കുശേഷം മാത്രം സംഖ്യ കൈപ്പറ്റുന്ന അംഗത്തിന് ചിട്ടി സലയിൽ നിന്ന് കമ്പനി കമ്മീഷൻ കഴിച്ച് ബാക്കി മുഴുവൻ സംഖ്യയും നൽകുന്നു. കുറഞ്ഞ കമ്മീഷനും, കുറഞ്ഞ കാലാവധിയും, കൂടിയ ലാഭവും, മിതമായ ജാമ്യവും പ്രദാനം ചെയ്യുന്ന വി.വി.എം. ചിട്ടികളിലേക്ക് സ്വാഗതം

വി.വി.എം. ചിട്ടികൾക്ക് ഇൻഷൂറൻസ് ആനുകൂല്യം ലഭിക്കുന്നതല്ല.

സ്വാമി സുബ്രഹ്മണ്യ അനന്ദ

മാനേജിങ്ങ് പാർട്ട്ണർ

................സേവന നിരതരായി എന്നും മുൻപന്തിയിൽ................

ആശംസകളോടെ!



പെണ്ണിൻ മനമറിയും പൊന്നിൻ നാമം

ജ്വല്ലേഴ്സ്

വാടാനപ്പിള്ളി

ഫോൺ : 632181
633181


Printed at : UDAYA OFFSET PRINTERS - CHOONDAL, KUNNAMKULAM

408